# കേരള
# പെന്തെക്കോസ്തു ചരിത്രം


## സാജു



ഗുഡ്ന്യൂസ് പബ്ലിക്കേഷൻസ്

കഞ്ഞിക്കുഴി, കോട്ടയം 686 004

Kerala Penthekosthu Charithram
കേരള പെന്തെക്കോസ്തു ചരിത്രം

By Saju

Rights reserved

| | | |
|---|---|---|
| First published | : | January 1994 |
| Second published | : | January 2007 |
| Published by | : | Good News Publications<br>Kanjikuzhi, Kottayam<br>Kerala - 686 004<br>Ph : 0481 2571388 |
| Printed by | : | Graphic Systems & Co.<br>Mallappally West Post<br>Kerala - 689 585, India<br>Tel: 0469-2785522, 2782260<br>www.printersfirm.com |
| Outside Kerala<br>Distribution | : | Margam Books<br>Post Box No. 3, Bilaspur,<br>Chhattisgarh - 495 001<br>Phone : 07752 - 244040 |
| Price | : | Rs.180/- |

This book is published online at www.GodsOwnLanguage.com with permission from the author. More free resources are available in the website. For more details about Saju John Mathew, please visit his official website www.sjmathew.com.

## പ്രസാധകക്കുറിപ്പ്

ഒരു ജനസമൂഹത്തെ അറിയുന്നത് അവരുടെ ചരിത്രത്തിലൂടെയാണ്. എന്നാൽ കേരളത്തിലെ പെന്തെക്കോസ്തു സമൂഹം മുക്കാൽ നൂറ്റാണ്ട് പിന്നിട്ടെങ്കിലും അതിന്റെ വ്യക്തമായ ഒരു ചരിത്രം ഇതുവരെ രചിക്കപ്പെട്ടിട്ടില്ല. ചില കർത്തൃദാസന്മാരെക്കുറിച്ചും സംഘടനകളെക്കുറിച്ചുമുള്ള പുസ്തകങ്ങൾ ഉണ്ടെന്നുള്ളതു മറക്കുന്നില്ല. കേരളത്തിലെ പെന്തെക്കോസ്തു പ്രവർത്തനങ്ങളെക്കുറിച്ച് ഒരു സമൂഹം എന്ന നിലയിലുള്ള ചരിത്രത്തെക്കുറിച്ചാണ് ഇവിടെ സൂചന.

അതിനുവേണ്ടിയുള്ള പ്രാരംഭ ശ്രമമായിരുന്നു 1993 ജനുവരിയിൽ ഗുഡ്ന്യൂസ് പ്രസിദ്ധീകരിച്ച വിശേഷാൽ പതിപ്പ്. അതിലൂടെ ചരിത്രത്തിന്റെ ഒരു രൂപരേഖ അവതരിപ്പിച്ചുകൊണ്ട് എല്ലാവരുടെയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങൾ ക്ഷണിച്ചു. തെറ്റുകൾ ചൂണ്ടിക്കാണിക്കുവാൻ ആവശ്യപ്പെടുകയും കൂടുതൽ വിവരങ്ങൾ നൽകുവാൻ അഭ്യർത്ഥിക്കുകയും ചെയ്തു. ലേഖനം തയ്യാറാക്കിയ സാജു തന്നെ വിപുലമായ ചരിത്രം തയ്യാറാക്കുന്നതിനുള്ള ഉത്തരവാദിത്വം ഏറ്റെടുത്തു.

പിന്നീട് കഴിവുള്ളിടത്തോളം പ്രസ്ഥാനങ്ങളോടും വ്യക്തികളോടും വിവരങ്ങൾ ആവശ്യപ്പെട്ടു. മുൻകാല പ്രസിദ്ധീകരണങ്ങളിൽ നിന്നും മറ്റു രേഖകളിൽ നിന്നും വസ്തുതകൾ ശേഖരിച്ചു. ഒരു വർഷത്തിലേറെയുള്ള നിരന്തരമായ പരിശ്രമം കൊണ്ടാണ് സാജു അവയൊക്കെയും ചേർത്ത് ഈ ഗ്രന്ഥം ചമച്ചത്. വിശ്രമരഹിതമായ അദ്ദേഹത്തിന്റെ പരിശ്രമം ശ്ലാഘനീയമാണ്, അഭിനന്ദാർഹമാണ്.

വിവിധ സ്ഥലങ്ങളിൽ ചിതറിക്കിടന്ന ചരിത്രാംശങ്ങൾ ഒന്നിച്ച് ചേർത്ത് ഒരു സമൂഹത്തിന്റെ ചരിത്രമാക്കി ബഹുജനസമക്ഷം അവതരിപ്പിക്കുവാൻ കഴിഞ്ഞതിൽ ഞങ്ങൾക്ക് ചാരിതാർത്ഥ്യമുണ്ട്. എല്ലാ മഹത്വവും നമ്മുടെ കർത്താവായയേശുക്രിസ്തുവിന് ആയിരിക്കട്ടെ.

ഗുഡ്ന്യൂസ് പബ്ലിക്കേഷൻസ്
കഞ്ഞിക്കുഴി, കോട്ടയം - 686 004

10-1-1994

## രണ്ടാം പതിപ്പ്

1994-ൽ പുറത്തിറങ്ങിയ പെന്തെക്കോസ്ത് ചരിത്രത്തിന്റെ ആദ്യപതിപ്പ് ചില മാസങ്ങൾകൊണ്ടു തന്നെ തീർന്നുപോയി. പിന്നീട് 12 വർഷങ്ങൾ ആളുകൾ നിരന്തരമായി പുസ്തകം ആവശ്യപ്പെട്ടുക്കൊണ്ടിരുന്നു. ആവശ്യക്കാരായ നൂറുകണക്കിനാളുകളുടെ നിരന്തര സമ്മർദ്ദമാണ് ഇപ്പോൾ ഈ രണ്ടാം പതിപ്പ് പുറത്തിറക്കാൻ ഞങ്ങൾക്ക് നിർബന്ധമായത്. വ്യത്യാസങ്ങളൊന്നും കൂടാതെയാണ് ഈ രണ്ടാം പതിപ്പ്. നിങ്ങളുടെ സഹകരണത്തിനു നന്ദി.

# തലക്കുറി

**ആ**ദ്യ നൂറ്റാണ്ടിൽ ക്രിസ്ത്യാനിത്വം അതിന്റെ പ്രാരംഭദശയിൽ എന്നതുപോലെ, ഈ നൂറ്റാണ്ടാദ്യം പെന്തെക്കോസ്തു പ്രസ്ഥാനവും, ദുരിതങ്ങളിലൂടെയും പീഡന ങ്ങളിലൂടെയുമാണ് അതിന്റെ ചരിത്രമാരംഭിക്കുന്നത്. എന്നിട്ടും ഒരു നൂറ്റാണ്ടു പിന്നിടുന്നതിനു മുമ്പ് നവ പെന്തെക്കോസ്ത് ലോകത്തെയാകെ ഇളക്കിമറിച്ചിരിക്കുന്നു.

കേരളത്തിലും പെന്തെക്കോസ്തിന്റെ വളർച്ച മറ്റേതൊരു പ്രസ്ഥാനത്തിന്റെയും വളർച്ചയെ അതിശയിക്കുന്നതായിരുന്നു. ഇന്നിപ്പോൾ അവഗണിക്കപ്പെടാൻ കഴിയാത്തൊരു ശക്തിയായി പെന്തെക്കോസ്ത് അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഒരു നൂറ്റാണ്ടുപോലും പ്രായമായിട്ടില്ലാത്ത ഒരു പ്രസ്ഥാനത്തിന്റെ ചരിത്രംകുറിക്കാൻ നേരമായോ എന്നു സംശയിക്കുന്നവരുണ്ടാകാം. എന്നാൽ പെന്തെക്കോസ്തു പ്രസ്ഥാനത്തിന്റെ ഉത്ഭവപരിണാമങ്ങളെപ്പറ്റി നിഷ്പക്ഷ ഗവേഷണം നടത്തുന്ന ഏതൊരു വ്യക്തിക്കും, ഈ മഹാ പ്രസ്ഥാനത്തിന്റെ ചരിത്രമെഴുതാൻ കാലം തികഞ്ഞോ എന്നല്ല, കാലം കഴിഞ്ഞോ എന്നാണു സംശയം തോന്നുക!

അംഗബലത്തിലുണ്ടായ അമിത വളർച്ചയാകാം പുറംലോകത്ത് പെന്തെക്കോസ്തിന് അംഗീകാരം നേടിക്കൊടുത്തത്. എന്നാൽ അംഗബലംകൊണ്ടല്ല, അന്തഃസത്ത കൊണ്ടാവണം ഒരു ആത്മീയ പ്രസ്ഥാനം അംഗീകരിക്കപ്പെടേണ്ടത്. അതിനർത്ഥം അംഗസംഖ്യ അവഗണനീയമെന്നല്ല. എന്നാലത് ഒരു രണ്ടാം കാര്യം മാത്രമാണ്.

കേരളത്തിലെ പെന്തെക്കോസ്തു പ്രവർത്തനത്തിന്റെ ഒരു ഏകദേശ ചിത്രമാണ് ഈ പുസ്തകത്തിൽ. അതിന്റെ ഉത്ഭവവും വളർച്ചയും കഴിയുന്നത്ര വിശദമായി പ്രതിപാദിച്ചിരിക്കുന്നു. കേരള പെന്തെക്കോസ്തു സഭകളെപ്പറ്റി ചില ലഘു പുസ്തകങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും, വിശദവും വിശാലവുമായി ഒരു ചരിത്രപുസ്തകം മലയാളത്തിലാദ്യമാണ്. എങ്കിലും ചരിത്രത്തിലെ ഓരോ സംഭവങ്ങളും രേഖപ്പെടുത്തി, അതിന്റെ വിശദാംശങ്ങളെപ്പോലും വിവരിച്ച് ഒരു പുസ്തകമിറക്കുകയെന്നത് സുസാദ്ധ്യമല്ലല്ലോ. അതുകൊണ്ട് നിങ്ങൾ പ്രതീക്ഷിക്കുന്ന ഒന്നോ രണ്ടോ ആളുകളുടെ ചരിത്രം ഇതിൽ കണ്ടില്ലെന്നിരിക്കാം. അല്ലെങ്കിൽ ഒരു സംഭവത്തെപ്പറ്റി നിങ്ങൾ പ്രതീക്ഷിക്കുന്നത്ര വിവരണം ഇതിലില്ലായിരിക്കാം. കേരള ത്തിന്റെ മൊത്തം ചരിത്രം വിവരിക്കുന്ന ഒരു പുസ്തകമായതിനാൽ പ്രാദേശിക പ്രാധാന്യം മാത്രമുള്ള ചില സംഭവങ്ങൾ ഇതിൽ കണ്ടില്ലെന്നും വരാം. അതിൽ പരിഭവിക്കുന്നതിൽ അർത്ഥമില്ലല്ലോ. എന്നാൽ, നിങ്ങളറിയേണ്ടിയിരുന്ന...എന്നിട്ടും അറി ഞ്ഞിട്ടില്ലാത്ത.. ചിലരെയെങ്കിലും നിങ്ങൾ ഈ ചരിത്രപുസ്തകത്തിൽ പരിചയപ്പെടും. ചരിത്രപ്രാധാന്യമുണ്ടായിരുന്നിട്ടും പുറംലോകം അറിഞ്ഞിട്ടില്ലാത്ത പല സംഭവങ്ങളും ഇതിന്റെ പേജുകളിൽ നിങ്ങൾ കണ്ടെത്തും. അതിൽ ഈ പുസ്തകത്തിന്റെ പിന്നിലദ്ധ്വാനിച്ചവർക്ക് തീർച്ചയായും കൃതാർത്ഥതയുണ്ട്.

"ചരിത്രമെന്നാൽ, അത് സത്യസന്ധവും ജീവസുറ്റതുമായിരിക്കണം" എന്നാണ് വിശ്രുത ചരിത്രകാരനായ അലൻ നെവിൻസ് പറഞ്ഞിരിക്കുന്നത്. (Allen Nevins, Introduction to The World History 1954 P. vii). ഈ ചരിത്രരചന സത്യസന്ധമാക്കാൻ കഴിയുന്നത്ര പരിശ്രമം നടത്തിയിട്ടുണ്ട്.

വിവരങ്ങൾ ശേഖരിക്കാൻ ഇതിന്റെ പ്രവർത്തകർ കേരളത്തിന്റെ ഓരോ ജില്ലകളും

കയറിയിറങ്ങി. വിവരങ്ങളാരാഞ്ഞ് നൂറുകണക്കിനാളുകൾക്ക് കത്തെഴുതി; വിവരങ്ങൾ ശേഖരിച്ചു തരാൻ ആനുകാലികങ്ങളിലൂടെ അഭ്യർത്ഥിച്ചു. ചരിത്രത്തിന്റെ സാക്ഷികളിൽ നിന്ന് വിവരങ്ങൾ ശേഖരിച്ചെടുക്കുക എന്നതുപോലെ തന്നെ പ്രയാസമേറിയതായിരുന്നു രേഖപ്പെടുത്തപ്പെട്ട ചരിത്രം ചികഞ്ഞെടുക്കുകയെന്നതും. ചരിത്രകാലയളവിലെ ആനുകാലികങ്ങൾ കണ്ടെത്തുക, അതിൽ നിന്നു ചരിത്രബന്ധിയായ കാര്യങ്ങൾ അടർത്തിയെടുക്കുക, അതിലെ തന്നെ വൈവിദ്ധ്യാംശങ്ങളെ വിവേചിച്ചു സമന്വയിപ്പിക്കുക, വാമൊഴിയായി വളർന്ന ചരിത്രജ്ഞാനവുമായി അതിനെ കോർത്തിണക്കുക തുടങ്ങിയവയും ശ്രമകരമായിരുന്നു. 1925 മുതലുള്ള പെന്തെക്കോസ്തു കാഹളം, 1927 മുതലുള്ള സുവിശേഷ പ്രഭാഷകൻ, സീയോൻ കാഹളം യഥാവസരലേഖ മുതൽ പ്രതിമാസികങ്ങൾ വരെ, സുവിശേഷദ്ധ്വനി, സുവിശേഷനാദം, എ.ജി. ദൂതൻ, പെന്തെക്കോസ്ത്... അങ്ങനെ എന്തെന്ത് ആനുകാലികങ്ങൾ .... പിന്നെ ആത്മകഥകളും ജീവചരിത്രക്കുറിപ്പുംപോലുള്ള പുസ്തകങ്ങൾ!!

ഇത്രയേറെ ശ്രമപ്പെട്ട് ചരിത്രം ശേഖരിച്ചാലും അതിന്റെ രചന സത്യസന്ധമാകണമെന്ന് നിർബന്ധമില്ല എന്ന വാസ്തവം നിലനിൽക്കുന്നു. നിക്ഷിപ്ത താൽപര്യങ്ങൾ പുസ്തകത്തെ വികലപ്പെടുത്താനിടയുണ്ട്. ഇവിടെ രചയിതാവിന്റെ വാക്കുകൾ വിശ്വസിക്കുകയേ തരമുള്ളു. മനഃസാക്ഷിയുടെ ഉള്ളിൽ നിന്നു രചയിതാവ് ഉറപ്പു പറയുന്നു... ചരിത്ര രചനയിൽ നിക്ഷിപ്ത താൽപര്യങ്ങൾ കടന്നു കൂടാതെയിരിക്കാൻ പരമാവധി പരിശ്രമിച്ചിട്ടുണ്ട്. ഒരു സഭാവിഭാഗത്തിന്റെയും നേരിട്ടുള്ള നിയന്ത്രണത്തിൻ കീഴിലല്ല, പ്രസാധകരായ ഗുഡ്ന്യൂസ് പബ്ലിക്കേഷൻസ് എന്നതും കേരള പെന്തെക്കോസ്തു ചരിത്രത്തിന്റെ നിഷ്പക്ഷതയെ കൂടുതൽ ഉറപ്പിക്കുന്നു.

ചരിത്രം ജീവസുറ്റതാണെങ്കിൽ അതിൽ ജീവനുള്ള അനുഭവങ്ങൾ വേണം. അതുകൊണ്ടാണ് ഈ പുസ്തകത്തിലുടനീളം പെന്തെക്കോസ്തിന്റെ വളർച്ചയ്ക്ക് ജീവൻ കൊടുത്ത ദൈവദാസന്മാരുടെ ജീവിതാനുഭവങ്ങൾ കോറിയിട്ടിരിക്കുന്നത്. ആദ്യകാല പ്രവർത്തകരുടെ ജീവചരിത്രക്കുറിപ്പുകൾക്കാണ് പ്രാധാന്യം കൊടുത്തിട്ടുള്ളതെങ്കിലും, അങ്ങനെയുള്ള എല്ലാവരെയും ഉൾക്കൊള്ളിക്കുവാൻ കഴിഞ്ഞിട്ടില്ല. വിവരങ്ങളുടെ ദൗർലഭ്യം തന്നെ പ്രധാന കാരണം. മനഃപൂർവ്വമായി ആരെയും ഒഴിവാക്കിയിട്ടില്ല. ഈ പുസ്തകത്തിന്റെ താളുകളിൽ ജീവചരിത്രം പ്രത്യക്ഷപ്പെട്ടിട്ടില്ലാത്ത പ്രഗത്ഭരായ നൂറുകണക്കിനാളുകൾ വേറെയുമുണ്ട്.

കഴിവതും കാലാനുക്രമമായാണ് ചരിത്രം വിവരിച്ചിരിക്കുന്നത്. എന്നാൽ, മുഖ്യ ചരിത്രത്തിനിടയ്ക്ക് പ്രത്യക്ഷപ്പെടുന്ന 'ബോക്സ് ആർട്ടിക്കിൾസ്', ജീവചരിത്രക്കുറിപ്പുകൾ ഇവയ്ക്ക് രൂപകല്പനയുടെ സൗകര്യമനുസരിച്ച് സ്ഥാനം കൊടുത്തിരിക്കുന്നു. ഈ പുസ്തകം അക്കാദമികമാക്കാൻ പരിശ്രമിച്ചിട്ടില്ലെന്നു തന്നെ പറയാം. വായനക്കാർ സാധാരണക്കാരായ വിശ്വാസികളാവാനാണിടയെന്നു കണ്ട് രചന എത്രയും ലളിതമാക്കാൻ ആവതു പരിശ്രമിച്ചിട്ടുണ്ട്. എന്നാൽ ചരിത്രത്തിന്റെ വിശകലനത്തിനു പരിശ്രമിക്കാതിരുന്നിട്ടുമില്ല. പ്രഗത്ഭരായ പലരുമായിച്ചേർന്ന് അവലോകനമൊരുക്കണമെന്നായിരുന്നു എന്റെ ആദ്യ താൽപര്യം. പല കാരണങ്ങളാൽ അതു കഴിഞ്ഞില്ല.

**നന്ദി......**

ഈ പുസ്തകരചനയിൽ എന്നെ സഹായിച്ച പലരുണ്ട്. നന്ദി പ്രതീക്ഷിച്ചല്ല

അവരാരും ഇതു ചെയ്തത് എന്നെനിക്കറിയാം. ശ്രുശ്രൂഷയുടെ ഭാഗമായിക്കണ്ട് ഈ അദ്ധ്വാനത്തെ ഏറ്റെടുത്ത ഏവർക്കും സ്നേഹോപഹാരങ്ങളർപ്പിച്ചോട്ടെ.

ചരിത്ര രചനയുടെ അസംസ്കൃത വസ്തുവായ വിവരങ്ങൾ ശേഖരിച്ചുതന്നവർ നൂറുകണക്കിനാണ്. പേരെടുത്തു പറയുന്നതിലെ ബുദ്ധിമുട്ട് മനസ്സിലാക്കാമല്ലോ. ജില്ല തിരിച്ച് വിവരങ്ങളെത്തിച്ചവർ പലരുണ്ട്. അതിനായി അവർക്ക് പല നാളുകൾ അദ്ധ്വാനിക്കുകയും ഏറെ യാത്ര ചെയ്യുകയും വേണ്ടി വന്നിട്ടുണ്ട്. ചിലരുടെ പേര് എടുത്ത് പറയുന്നത് മറ്റുള്ളവർ ക്ഷമിക്കുക. പാസ്റ്റർ മോഹൻ പി. ഡേവിഡ് (കാസർഗോഡ്), പാസ്റ്റർ വി.റ്റി. ഏബ്രഹാം (കണ്ണൂർ) നോബിൾ പി. തോമസ് (കോഴിക്കോട്, വയനാട്), പാസ്റ്റർ എം.ഒ. അനിയൻ, ജോർജ് ഫിലിപ്പ്, ഡോ. വി.ജെ. സാമുവൽ (പാലക്കാട്), സാംകുട്ടി ചാക്കോ (മലപ്പുറം), പാസ്റ്റർ പി.എം. ജോയി (തൃശ്ശൂർ), ബിജു പി. എക്സ് (എറണാകുളം), കെ.എൻ. റസ്സൽ, ഷാജി ഇടുക്കി (ഇടുക്കി), ഷാജു സി. ജോസഫ് (കുട്ടനാട്), സേവ്യർ ജയിംസ്, ബാബു (ആലപ്പുഴ), ജയിംസ് ജോൺ (റാന്നി) ജോജി, മൻജു (പുനലൂർ), തോമസ് തോന്നയ്ക്കൽ (തിരുവനന്തപുരം), എൽ. സാം (തെക്കൻ തിരുവിതാംകൂർ) തുടങ്ങി പലരും ഇക്കൂട്ടത്തിൽ പെടുന്നു. തോമസ് തോന്നയ്ക്കൽ, ബിജു പി. എക്സ്, ജയിംസ് ജോൺ, കുര്യാക്കോസ് തോട്ടത്തിൽ, വിജോയ് സക്കറിയ എന്നിവർ പല നാളുകൾ എന്നോടൊപ്പം താമസിച്ചു പ്രവർത്തനത്തിൽ സഹകരിച്ചവരാണ്. ഞാൻ ചരിത്രമെഴുതുന്നുവെന്നറിഞ്ഞപ്പോൾ മുതൽ കുറിയന്നൂരിലെ വിശ്വാസികളും പാസ്റ്റർ സാംകുട്ടിയും അവരുടെ പ്രാർത്ഥനയിൽ നിരന്തരമായി എന്നെയോർത്തു എന്നു ഞാനറിയുന്നു. അതാണ് ചരിത്രരചനയിൽ എനിക്കു ബലമായി ഭവിച്ചത്. ചരിത്രത്തിന്റെ ഫെയർകോപ്പി തയ്യാറാക്കിയത് ജെസ്സിയാണ്. ഞാനും ജെസ്സിയും ഒന്നുപോലെ പ്രവർത്തനനിരതരായിരുന്നപ്പോൾ മൂന്നു വയസ്സുള്ള ഞങ്ങളുടെ മകൾ ശ്രുതിക്കു നഷ്ടപ്പെട്ടത് അമ്മയപ്പൻമാരുടെ ലാളനയാണ്. ചരിത്രരചനയുടെ ഗൗരവം മനസ്സിലാക്കാനുള്ള പ്രായമില്ലെങ്കിലും അത് അവൾ ഉൾക്കൊണ്ടുവെന്നതോർത്തും ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

ചരിത്രം പുസ്തകമാക്കുന്നതിൽ ഏറെ അദ്ധ്വാനിച്ച മറ്റു രണ്ടു പേരാണ് പുസ്തകം കംപ്യൂട്ടറിലാക്കിയ ഫിന്നിയും (ഗുഡ്ന്യൂസ് ലേസർ പ്രിന്റ്സ്) രൂപകല്പന ചെയ്ത സണ്ണിയും (ഗ്രാഫിക്സ് ഇന്നൊവേഷൻസ്). അത് ജോലിയുടെ ഭാഗമായല്ല, ശുശ്രൂഷയായിത്തന്നെയാണ് അവർ കരുതിയത്. പ്രൂഫ് നോക്കിത്തന്ന അപ്പക്കോട്ടെ പ്രിയ അപ്പച്ചനും (ശ്രീ. എ. എം. മാത്യു) ഏറെ അദ്ധ്വാനിച്ചു.

ഇത്രയേറെ ചെലവുവരുന്ന ഒരു പുസ്തകത്തിന്റെ പ്രസാധനം ഏറ്റെടുത്ത ഗുഡ്ന്യൂസ് പബ്ലിക്കേഷൻസിനും വി.എം. മാത്യു സാറിനും പ്രത്യേക നന്ദി..........

ജനുവരി, 1994

സ്നേഹാദരങ്ങളോടെ,



സാജു


വലിയവട്ടപ്പാറ വീട്
കുറിയന്നൂർ പോസ്റ്റ്
തിരുവല്ല, കേരളം – 689 550
Phone : 0469 2672310, Mob : 9447172310
E-mail : jesusmission@rediffmail.com

# ചരിത്രത്താളുകളിലൂടെ....


**പെന്തെക്കോസ്ത് നൂറ്റാണ്ടുകളിലൂടെ** 14
**ആദ്യകാല ഉണർവ്വുകളിലെ ആത്മവര പ്രകടനങ്ങൾ** 26
**പെന്തെക്കോസ്ത് ഇന്ത്യയിൽ** 32
**കേരളത്തിന്റെ ആത്മിക ഉണർവ്വു ചരിത്രം** 36
**പെന്തെക്കോസ്തു പ്രവർത്തനം കേരളത്തിലാരംഭിക്കുന്നു** 44
*ജോർജ് ബർഗ്ഗ്* 44
*കേരളസഭ ബർഗ്ഗ് സായ്പിന്റെ അഭാവത്തിൽ* 48
*തുവയൂർ സഭ* 49
പാസ്റ്റർ കുക്കിന്റെ ആഗമനം 49
*ഒന്നാം ലോകമഹായുദ്ധം* 55
*ഉണർവ്വ് വ്യാപിക്കുന്നു* 55
*ചാലിയേക്കര* 59
*വീണ്ടും തുവയൂരിൽ* 59
*ആദ്യത്തെ സഭാഹാൾ* 60
*റവ. കുക്ക് കുടുംബമായി തിരുവിതാംകൂർ സന്ദർശിക്കുന്നു* 62
*പുനലൂർ* 63
*കൊട്ടാരക്കര* 63
*കുക്ക് സായ്പ്*
*കൊട്ടാരക്കരയിൽ താമസമാക്കുന്നു* 64
*ദരിദ്രർക്കു സുവിശേഷം* 67
*വെള്ളിക്കര* 69
*കുമ്പനാട്* 70
*എഴുമറ്റൂർ* 70

*പെരുമ്പെട്ടി* 70
*റാന്നി* 71
*പൊയ്കയിൽ യോഹന്നാൻ ഉപദേശി* 72
*മാവേലിക്കര* 72
*മലങ്കരസഭയുടെ ആദ്യവാർഷിക കൺവൻഷൻ* 73
മേരി ചാപ്മാൻ എ.ജി.യുടെ ആദ്യമിഷനറി 78
പാസ്റ്റർ കെ.ഇ. എബ്രഹാം 90
*വെട്ടിയാർ* 92
*പന്തളം* 92
*ഇലന്തൂർ* 93
*കടമ്പനാട്* 93
*മിഷനറിമാരുമായി ബന്ധപ്പെടുന്നു* 93
*പൊയ്കയിൽ യോഹന്നാൻ ഉപദേശിയുടെ ആസ്ഥാനത്ത്* 94

വിയോജിത നേതാക്കൾ പെന്തെക്കോസ്തു
വിശ്വാസം സ്വീകരിക്കുന്നു 94
*എ.ജെ. ജോൺ* 95
*കെ.സി. ചെറിയാൻ* 96
*കെ.സി. ഉമ്മൻ* 96
*എ.സി. സാമുവൽ* 98
*പി.വി. ജോൺ* 98
*പി.റ്റി. ചാക്കോ* 99
മദ്ധ്യതിരുവിതാംകൂറിൽ സഭകൾ വർദ്ധിക്കുന്നു 99
*മേക്കൊഴൂർ* 100
*റാന്നി* 100
*കുമ്പനാട്* 100
*കങ്ങഴ* 101
*വളർച്ചയോടൊപ്പം പ്രതികൂലങ്ങളും* 104
*ഉത്തരതിരുവിതാംകൂറിലേക്ക് വേല വ്യാപിക്കുന്നു* 105
*തെന്നിന്ത്യാ പെന്തെക്കോസ്തു*
*ദൈവസഭയും വിദേശമിഷനറിമാരും* 106
*മലങ്കര പെന്തെക്കോസ്തു ദൈവസഭ* 106
*അസംബ്ലീസ് ഓഫ് ഗോഡും വളരുന്നു* 107
*കായംകുളം* 108
*പത്തനാപുരം* 109
*സംയോജിത സഭയുടെ വളർച്ച* 111
*സീയോൻകുന്ന്* 111
*സുവിശേഷപ്രഭാഷകൻ* 114
*സീയോൻകുന്ന് ബൈബിൾ സ്കൂൾ* 114
*ആഞ്ഞലിത്താനം* 115
*കുറുമ്പനാടം* 117
*കണിച്ചുകുളം* 117
*പിറവം* 118
പൂവത്തൂർ ഉണർവ്വ് 119
*പൂവത്തൂരിലെ സ്വതന്ത്രവിയോജിതർ*
*പെന്തെക്കോസ്തിലേക്ക്* 119
*എ.ആർ.റ്റി. അതിശയം* 121
*സീയോൻകുന്നിലെ ഉണർവ്വ്* 125
*പാസ്റ്റർ റ്റി.എം. വർഗീസ്* 128
*കെ.പി. ഫിലിപ്പ് എൽ.റ്റി.എച്ച്* 129
*ജോൺ ഐപ്പ്* 130
*എ.എം. ഡാനിയൽ* 130
*കങ്ങഴ* 131
*ഉത്തരതിരുവിതാംകൂർ* 131

| | |
|---|---|
| *തടിയൂർ* | 134 |
| *കായംകുളം ഞക്കനാൽ* | 137 |
| *വാര്യാപുരം* | 137 |
| *പി.എം. സാമുവൽ* | 140 |
| *റ്റി.ജി. ഉമ്മൻ* | 143 |
| *പൂവൻമല ഉണർവ്വ്* | 146 |
| *ആറാമട കൊച്ചുകുഞ്ഞു സന്യാസി* | 146 |
| കുക്ക് സായ്പ് എ.ജി.യുമായുള്ള ബന്ധം വിടുന്നു | 149 |
| *പാസ്റ്റർ പോൾ കേരളത്തിൽ എത്തുന്നു* | 153 |
| *അപ്പൊസ്തലിക വിശ്വാസജീവിതവുമായി പാസ്റ്റർ പോൾ* | 159 |
| സംയോജിതസഭ വഴിപിരിയുന്നു | 160 |
| *പി.എം. സാമുവൽ തെന്നിന്ത്യാ പെന്തെക്കോസ്തു സഭയിൽ* | 164 |
| *ആറാമട സഭ തെന്നിന്ത്യാ സഭയോടു ചേരുന്നു* | 164 |
| *കെ.ഇ. ഏബ്രഹാമിന് ഓർഡിനേഷൻ* | 166 |
| *കെ.ഇ. ഏബ്രഹാം കുമ്പനാട്ട് താമസമാക്കുന്നു* | 166 |
| *തെന്നിന്ത്യാ നേതാക്കളുടെ സിലോൺ സന്ദർശനം* | 167 |
| *ഹെബ്രോൻ ബൈബിൾ സ്കൂൾ* | 167 |
| **ഒരു പ്രവാഹം മൂന്നു കൈവഴികൾ** | 171 |
| *പുതിയ സഭകളുടെ വളർച്ച* | 173 |
| *സ്വത്തുക്കൾ വിറ്റ് സുവിശേഷവേലയ്ക്ക് ഇറങ്ങിയവർ* | 173 |
| *തെന്നിന്ത്യാ സഭ സി.പി.എം. ബന്ധം വിടുന്നു* | 174 |
| സഭകൾ വ്യവസ്ഥാപിതരൂപം പ്രാപിക്കുന്നു | 175 |
| *അസംബ്ലീസ് ഓഫ് ഗോഡ്* | 175 |
| *ഐ.പി.സി. രജിസ്ട്രേഷൻ* | 176 |
| *കുക്ക് സായ്പ് ചർച്ച് ഓഫ് ഗോഡുമായി യോജിക്കുന്നു* | 177 |
| *സഭാവളർച്ച ത്വരിതപ്പെടുന്നു* | 179 |
| *കോഴിക്കോട്* | 180 |
| *തൃശ്ശൂർ* | 187 |
| *തൃശ്ശൂർ പട്ടണത്തിലെ വേല* | 189 |
| *എറണാകുളം* | 191 |
| *എറണാകുളം പട്ടണം* | 192 |
| *വൈപ്പിൻകര* | 198 |
| *കോട്ടയം* | 199 |
| *കോട്ടയം പട്ടണത്തിലെ പ്രവർത്തനങ്ങൾ* | 199 |
| *തലപ്പാടി* | 200 |
| *കെ.എം. സഖറിയ കോട്ടയത്ത് എത്തുന്നു* | 201 |
| *പാസ്റ്റർ പി.എം. ഫിലിപ്പ് കോട്ടയത്ത് എത്തുന്നു* | 201 |

| | |
|---|---|
| *കുട്ടനാട്* | 204 |
| *മേല്പാടം* | 204 |
| *കുക്ക് സായ്പിന്റെ പ്രവർത്തനം* | 205 |
| *സിലോൺ പെന്തെക്കോസ്തു മിഷൻ* | 208 |
| *പാസ്റ്റർ ടി.ജി. ഉമ്മൻ മേല്പാടത്ത്* | 209 |
| *ആലപ്പുഴ* | 216 |
| *കാർത്തികപ്പള്ളി* | 218 |
| *പായിപ്പാട്* | 219 |
| *ഓതറ, കല്ലിശ്ശേരി* | 219 |
| *റാന്നി* | 221 |
| *കൊട്ടാരക്കര* | 222 |
| *വേങ്ങൂർ* | 223 |
| *ആനയം* | 224 |
| *തുവയൂർ, കടമ്പനാട്* | 225 |
| *പത്തനാപുരം* | 226 |
| *പുനലൂർ* | 226 |
| *കൊല്ലം* | 228 |
| *കൊല്ലം ജില്ലയിലെ സി.പി.എം. പ്രവർത്തനങ്ങൾ* | 231 |
| *കൊല്ലം പട്ടണത്തിലെ പ്രവർത്തനങ്ങൾ* | 232 |
| *തിരുവനന്തപുരം* | 233 |
| *സി.പി.എം. തിരുവനന്തപുരം ജില്ലയിൽ* | 233 |
| *ഐ.പി.സി. പ്രവർത്തനങ്ങൾ* | 238 |
| *വെമ്പായം* | 240 |
| *സേനയ്യൻ വാദ്ധ്യാരും മേല്പുറം സഭയും* | 240 |
| *ഐ.പി.സി. ക്ക് വിദേശബന്ധങ്ങൾ* | 242 |
| *ചർച്ച് ഓഫ് ഗോഡ്* | |
| *വിദേശസഹായത്തിന്റെ തണലിൽ* | 248 |
| *കുക്ക് സായ്പ് ഇന്ത്യ വിടേണ്ടിവരുന്നു* | 248 |
| *എ.ജി. നേതാക്കൾ അമേരിക്ക സന്ദർശിക്കുന്നു* | 251 |
| *ഐ.പി.സി. വിഭജനത്തിന്റെ മുറിപ്പാടുകൾ* | 253 |
| **മലയാളികൾ പെന്തെക്കോസ്തു ദൂതുമായി ബാഹ്യകേരളത്തിലേക്ക്** | 260 |
| *കുക്ക് സായ്പിന്റെ പ്രവർത്തനം* | 261 |
| *അന്ധ്രയിലേക്ക്* | 262 |
| *കർണ്ണാടകയിലേക്ക്* | 263 |
| *ഉത്തരേന്ത്യയിലേക്ക്* | 263 |
| *ബാഹ്യകേരളം രണ്ടാം ഘട്ടം* | 264 |
| *മറുനാടൻ മലയാളികളുടെ ഇടയിലേക്ക്* | 265 |
| *ഉത്തരേന്ത്യൻ പെന്തെക്കോസ്തു പ്രവർത്തനം* | |
| *വ്യവസ്ഥാപിത സഭകൾക്ക് പുറത്ത്* | 266 |
| *പാസ്റ്റർ എം.കെ. ചാക്കോ* | 268 |

പാസ്റ്റർ പി.റ്റി. ചാക്കോ 269
പാസ്റ്റർ വി.ജെ. ഏബ്രഹാം 269
പാസ്റ്റർ ഫിലിപ്പ് ഏബ്രഹാം 270
പാസ്റ്റർ റ്റി.കെ. തോമസ് 270
പാസ്റ്റർ എ.എൻ. മാത്യു 270
പാസ്റ്റർ കെ.കെ. കുരുവിള 271
തോമസ് പരദേശി 271
പാസ്റ്റർ കെ.ജെ. ഫിലിപ്പ് 271
പാസ്റ്റർ കെ.ജെ. സാമുവൽ 272
ഡോ. കുര്യൻ തോമസ് 272
പാസ്റ്റർ പി.എസ്. സാമുവൽ 273
പാസ്റ്റർ എം. എസ്. ജോസഫ് 273
പാസ്റ്റർ കെ.റ്റി. തോമസ് 274
ഡോ. തോമസ് മാത്യൂസ് 274
പാസ്റ്റർ കെ. വൈ. ഗീവർഗീസ് 274
പാസ്റ്റർ ഇ.എം. സഖറിയ 275
പാസ്റ്റർ കെ. ജോയി 275
പാസ്റ്റർ കെ.വി. ഏബ്രഹാം ഉദയപ്പൂർ 276
പാസ്റ്റർ കെ.വി. ഏബ്രഹാം ബോംബെ 276
പാസ്റ്റർ എസക്കിയേൽ ജോഷ്വാ 276
പാസ്റ്റർ പി.ഐ. ജോൺ ഡൽഹി 277
പാസ്റ്റർ എൻ.റ്റി. കുരുവിള 277
പാസ്റ്റർ ഏബ്രഹാം സാമുവൽ 277
പാസ്റ്റർ പി.ജി. വർഗീസ് 278
പാസ്റ്റർ എം. ഇ. ഈപ്പൻ 278
ഡോ. കെ.വി. പോൾപിള്ള 279
പാസ്റ്റർ പി.ജെ. ടൈറ്റസ് 279
ഡോ. എ.സി. ജോർജ് 279
ഡോ. ജോൺ താന്നിക്കൽ 280
പാസ്റ്റർ മാമ്മൻ ജോസഫ് 280
പാസ്റ്റർ സി.എം. മാമ്മൻ 281
പാസ്റ്റർ കെ.എം. തങ്കച്ചൻ 281
പാസ്റ്റർ എം. തോമസ് 281
പാസ്റ്റർ കെ.സി. കൊച്ചുണ്ണി 282
പാസ്റ്റർ ഒ. ബഞ്ചമിൻ 282
റവ. പി.എം. തോമസ് 282
പാസ്റ്റർ എൻ. എം. ജോൺ 283
പാസ്റ്റർ പി.റ്റി. സാമുവൽ 283
പാസ്റ്റർ എൻ.സി. ജോസഫ് 284
സിസ്റ്റർ റോസമ്മ ജോൺ 284

*പാസ്റ്റർ എ.ജെ. മാത്യു* 284
*പാസ്റ്റർ വൈ. ജോസഫ്* 285
**പുതിയ സഭകളുടെ ആവിർഭാവം** 288
*ശാരോൻ ഫെലോഷിപ്പ് ചർച്ച്* 289
*വേൾഡ് മിഷനറി ഇവാഞ്ചലിസം ഫെലോഷിപ്പ്* 294
*ദൈവസഭ(കലയപുരം)* 296
*പെന്തെക്കോസ്തു ദൈവസഭ* 299
*ന്യൂ ഇന്ത്യ ചർച്ച് ഓഫ് ഗോഡ്* 299
*ന്യൂ ഇന്ത്യ ബൈബിൾ ചർച്ച്* 300
*ഫ്രീ പെന്തെക്കോസ്ത് ദൈവസഭ* 305
*ചർച്ച് ഓഫ് ഗോഡ് കല്ലുമല* 305
*ദി പെന്തെക്കോസ്തൽ ഗോസ്പൽ ചർച്ച്* 306
*മണ്ണാംവിള ദൈവസഭ* 306
*ചർച്ച് ഓഫ് ഗോഡ് (സായാഹ്നദീപം)* 308
*ചർച്ചസ് ഓഫ് ഗോഡ് ഇൻ ഇന്ത്യാ ട്രസ്റ്റ്* 308
*ഇന്ത്യാ ചർച്ച് ഓഫ് ഗോഡ്* 308
*ഇന്ത്യാ ക്രിസ്ത്യൻ ഫെലോഷിപ്പ്* 310
*ബെഥേൽ ഗോസ്പൽ അസംബ്ലി* 310
*ദി ന്യൂ ടെസ്റ്റമെന്റ് ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യാ* 310
*ഇന്ത്യൻ അപ്പൊസ്തലിക് ചർച്ച് ഓഫ് ഗോഡ്* 311
*ഫുൾ ഗോസ്പൽ പെന്തെക്കോസ്തൽ ചർച്ച്* 311
*ദ സൗത്ത് ഇന്ത്യാ അപ്പൊസ്തലിക് ചർച്ച് ഓഫ് ഗോഡ്* 311
*ഫെലോഷിപ്പ് ഓഫ് ഇൻഡിപെൻഡന്റ്*
*ഫുൾ ഗോസ്പൽ ചർച്ച് ഓഫ് ഇന്ത്യ* 311
*മൗണ്ട് സീനായി ഹോളി ചർച്ച് ഓഫ് ഇന്ത്യ* 311
*അറ്റ് എനി കോസ്റ്റ് ജീസസ് മൂവ്മെന്റ് ഇന്ത്യ* 312
*മലങ്കര ക്രിസ്ത്യൻ ചർച്ച്* 312
*സത്യ ദൈവസഭ* 312
*അപ്പൊസ്തലിക പെന്തെക്കോസ്തു ചർച്ച്* 312
*പുന്നമൂട് ദൈവസഭ* 313
*ചർച്ച് ഓഫ് ഗോഡ്, മുളവന* 313
*സീയോൻ സംഘം* 316
*ഫിലദെൽഫിയ ദൈവസഭ* 316
*ഫുൾ ഗോസ്പൽ അസംബ്ലി* 316
*ഇന്ത്യാ ഗോസ്പൽ ഇൻഡിപെൻഡന്റ് ചർച്ച് ഓഫ് ഗോഡ്* 316
*ഇൻഡിപെൻഡന്റ്*
*അസംബ്ലീസ് ഓഫ് ഗോഡ് ഇന്റർനാഷണൽ* 316
*പൂർണ്ണസുവിശേഷ പെന്തെക്കോസ്തുസഭ* 317
**പെന്തെക്കോസ്തും സ്ത്രീകളും** 320
*പുരുഷന്റെ വിജയത്തിന്റെ പിന്നിലെ ആ സ്ത്രീ* 326

*സങ്കേതങ്ങൾ* 330
*സോദരീസമാജം പ്രവർത്തനങ്ങൾ* 332
*ദി പെന്തെക്കോസ്തു മിഷനും സ്ത്രീകളുടെ പ്രവർത്തനവും* 333
*സ്ത്രീകളും ഭാരത സുവിശേഷീകരണവും* 333
**മലബാർ 1950–നുശേഷം** 336
*മലബാറിലെ കുടിയേറ്റക്കാർ* 339
*സമീപകാലത്തെ സുവിശേഷീകരണ ശ്രമങ്ങൾ* 340
*കാസർഗോഡ് ജില്ല* 342
*കണ്ണൂർ ജില്ല* 344
*കണ്ണൂർ ജില്ലയിലെ കുടിയേറ്റ ഗ്രാമങ്ങൾ* 346
*കോഴിക്കോട് ജില്ല* 348
*വയനാട് ജില്ല* 351
*നിലമ്പൂർ* 352
*പാലക്കാട് ജില്ല* 356
*അട്ടപ്പാടിയിലെ പ്രവർത്തനം* 358
*ഇടുക്കി ജില്ല* 359
**നമ്മുടെ യുവജന സംഘടനകൾ** 364
*പി.വൈ.പി.എ.* 365
*വൈ.പി.ഇ* 366
*സി.എ.* 366
*സി.ഇ.എം.* 366
**ഗായകർ, ഗാനരചയിതാക്കൾ** 370
*ഗായകസംഘങ്ങളുടെ ആവിർഭാവം* 375
*പാസ്റ്റർ എം. കെ. വർഗീസ്* 378
*പാസ്റ്റർ പി.പി. മാത്യു* 379
*പാസ്റ്റർ ഏണസ്റ്റ് സൈമൺ* 379
*പാസ്റ്റർ ഇ.വി. വർഗീസ്* 380
*പാസ്റ്റർ ടി.സി. ജോഷ്വാ* 380
*ജെ.വി.പീറ്റർ* 381
*ഭക്തവത്സലൻ* 381
**ചർച്ച് ഓഫ് ഗോഡ് വിഭജിക്കപ്പെടുന്നു** 382
**ബൈബിൾ സ്കൂൾ, ബൈബിൾ സ്കൂൾ** 390
**സ്ഥലം സഭകളുടെ നഷ്ടമാകുന്ന സ്വാതന്ത്ര്യം** 399
**കൺവൻഷനുകൾ, കൺവൻഷനുകൾ** 407
**പെന്തെക്കോസ്തുകാരനും അച്ചുക്കൂടവും** 410
**മലയാളി പെന്തെക്കോസ്തർ വിദേശത്ത്** 415
**പെന്തെക്കോസ്തു പ്രസ്ഥാനം ഇന്ന്** 422

(ബോക്സ് ആർട്ടിക്കളുകളുടെയും ജീവചരിത്രകുറിപ്പുകളുടെയും ഫോട്ടോകളുടെയും ലിസ്റ്റ് 433–436 പേജുകളിൽ കാണുക)

# 1

# പെന്തെക്കോസ്ത് നൂറ്റാണ്ടുകളിലൂടെ

പരിശുദ്ധാത്മസ്നാനവും അതിനെത്തുടർന്നുള്ള അന്യഭാഷാഭാഷണവും പെന്തെക്കോസ്ത്നാളിനുശേഷം പ്രത്യക്ഷമാകുന്നത് ഇരുപതാം നൂറ്റാണ്ടിലാണ് എന്നൊരു ധാരണ ലളിതമനസ്കരായ ചില വിശ്വാസികൾക്കെങ്കിലുമുണ്ട്. എന്നാൽ പരിശുദ്ധാത്മവരങ്ങളുടെ പ്രതിഫലനങ്ങൾ ഒന്നാം നൂറ്റാണ്ടു മുതലിങ്ങോട്ടുള്ള എല്ലാ കാലങ്ങളിലും സഭയിൽ പ്രതിഫലിച്ചിരുന്നു എന്നതാണ് വാസ്തവം. അന്യഭാഷയെക്കുറിച്ച് എൻസൈക്ലോപീഡിയാ ബ്രിട്ടാനിക്ക രേഖപ്പെടുത്തുന്നത്, ഓരോ കാലത്തുമുണ്ടായിട്ടുള്ള ക്രിസ്തീയ ഉൺർവ്വുകളിലൊക്കെ 'ഗ്ലോസോലാലിയ' (അന്യഭാഷ) പ്രത്യക്ഷമായിരുന്നു എന്നാണ്. (എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക, Vol XXII, Page 253)

നാലാം നൂറ്റാണ്ടിൽ സഭ പുറം ലോകത്ത് മാനിക്കപ്പെടുകയും രാഷ്ട്രീയ സ്വാധീനം സ്വായത്തമാവുകയും ചെയ്തപ്പോൾ മുതൽ പലപ്പോഴും അത് മയക്കത്തിൽ വീണുപോയെങ്കിലും, ഇടയ്ക്കിടെ ദൈവമതിനെ തട്ടിയുണർത്തുകയും പല കാലങ്ങളിലായി ഉണ്ടായ ആത്മീയ ഉണർവ്വു സമയങ്ങളിൽ വ്യവസ്ഥാപിത സഭ പരിത്യജിച്ച ആത്മവരങ്ങളുടെ പ്രകടനങ്ങൾ ന്യൂനപക്ഷത്തിന്റെ ഇടയിലെങ്കിലും പ്രദർശിതമാവുകയും ചെയ്തിരുന്നുവെന്നതാണു വാസ്തവം.

രണ്ടാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ, എന്തോ, ആദ്യകാലത്തെന്നപോലെ സഭയിൽ ആത്മവരങ്ങൾ പ്രകടിപ്പിക്കപ്പെട്ടില്ല. ദൈവം സഭയ്ക്കു നൽകിയ ആത്മവരങ്ങളുടെ പ്രദർശനങ്ങൾ അവസാനത്തെ അപ്പൊസ്തലന്റെ മരണത്തോടെ അവസാനിച്ചുവെന്നുപോലും ചിലർ ധരിച്ചു. ഇതിനർത്ഥം രണ്ടാം


നൂറ്റാണ്ടോടെ ആത്മവരങ്ങളും അന്യ ഭാഷാഭാഷണവും സഭയിൽ നിന്ന് അപ്ര ത്യക്ഷമായി എന്നല്ല. അങ്ങനെ സംശ യിച്ച തന്റെ സമകാലീകരോട് ജസ്റ്റിൻ മാർട്ടിയർ, (AD 130-200) "ദൈവാത്മാ വിന്റെ വരങ്ങൾ പ്രാപിച്ചിട്ടുള്ള പല സ്ത്രീകളെയും പുരുഷന്മാരെയും നമ്മുടെ ഇടയിൽ കാണാൻ കഴിയും" എന്നു വ്യക്തമായി പ്രസ്താവിക്കുന്നു ണ്ട്. (R.G Gromacki; The Modern Tongues Movements, 1967, Page 12).

യോഹന്നാൻ അപ്പൊസ്തലന്റെ ശിഷ്യനായിരുന്ന പോളീകാർപ്പിന്റെ കീഴിൽ അഭ്യസിച്ച ബിഷപ്പ് ഐറേനി യസ് (115-202) ഇങ്ങനെ പ്രസ്താവി ക്കുന്നു: "അതുപോലെ, നമ്മുടെ സഭ യിലെ പല സഹോദരങ്ങളും പ്രവചന വരം ഉള്ളവരാണ്. അവർ അത്മാവിൽ പല ഭാഷകൾ സംസാരിക്കുന്നവരുമാണ്."

എന്നാൽ രണ്ടാം നൂറ്റാണ്ടിന്റെ ഒടു വിൽ "അപ്പൊസ്തലിക കാലത്തെന്ന പോലെ എക്കാലത്തും പരിശുദ്ധാത്മ പ്രവർത്തനത്തിന്റെ പ്രത്യക്ഷ പ്രതി ഫലനം ദൃശ്യമാകും" എന്നു വാദിച്ചു കൊണ്ട് മൊണ്ടാനിസ്റ്റുകൾ ക്രൈസ്തവ സഭയിൽ കടന്നുവന്നു. ആത്മവരങ്ങ ളുടെ നിർവിഘ്ന പ്രദർശനത്തെ പ്രോ ത്സാഹിപ്പിച്ച മൊണ്ടാനസ്സിനു ധാരാളം അനുയായികളുണ്ടായി. അവർ തങ്ങളെ ത്തന്നെ 'ആത്മബാധിതർ' (Pneumatics) എന്നാണ് വിളിച്ചുകൊണ്ടിരുന്നത്. അന്യഭാഷകൾ സംസാരിക്കുന്നവരും പ്രവചിക്കുന്നവരും ഈ സംഘത്തിൽ ധാരാളമുണ്ടായിരുന്നു.

വ്യവസ്ഥാപിത സഭ മൊണ്ടാനസ്സി നെ ദുരുപദേശം ചുമത്തി പുറത്താക്കി. അദ്ദേഹത്തിന്റെ അനുയായികളെ അവർ വേട്ടയാടി ഉപദ്രവിച്ചു. പീഡനങ്ങൾ കൊലപാതകങ്ങൾവരെയെത്തി. അനേകം മൊണ്ടാനിസ്റ്റുകൾ രക്തസാക്ഷികളായി ത്തീർന്നു. "കട്ടിലിൽ കിടന്നു മരിക്കാൻ ആഗ്രഹിക്കേണ്ടാ, രക്തസാക്ഷിത്വം കാംക്ഷിച്ചു കൊൾവീൻ" എന്നു മൊണ്ടാ നസ് തന്റെ അനുയായികളെ ഉപദേശിച്ചു.

18



***റ്റോപ്പിക്കയിലെ ബൈബിൾ സ്കൂൾ***

*ചാൾസ് പർഹാം 1900-ൽ ബൈബിൾ സ്കൂളിനായി ഉപയോഗിച്ച കെട്ടിടം. ഈ കെട്ടിടത്തിൽ വച്ചാണ് ആഗ്നസ് ഓസ്മാൻ അന്യഭാഷകളിൽ സംസാരിച്ചത്.*

# ക്വയ്ക്കേഴ്സ്



ജോർജ്ജ് ഫോക്സ്

പതിനേഴാം നൂറ്റാണ്ടിലെ ക്വയ്ക്കർ സമൂഹത്തിന്റെ നായകനായിരുന്ന ജോർജ്ജ് ഫോക്സ്,. ക്വയ്ക്കർ യോഗങ്ങളിൽ അന്യഭാഷയുൾപ്പെടെയുള്ള ആത്മവരങ്ങൾ പ്രകാശിപ്പിക്കപ്പെട്ടിരുന്നുവത്രേ.

*ക*ത്തീഡ്രൽ ആശയങ്ങളിൽനിന്നുള്ള പിൻമാറ്റവും വ്യവസ്ഥാപിത സഭയോടുള്ള ബോധപൂർവ്വമായ നിഷേധവും ഈ നൂറ്റാണ്ടിലെ പെന്തെക്കോസ്ത് പ്രസ്ഥാനത്തിന്റെ മുഖമുദ്രയായി അംഗീകരിക്കപ്പെട്ടി ട്ടുണ്ടെങ്കിൽ നമ്മുടെ പൂർവ്വപിതാക്കളെപ്പറ്റിയുള്ള പഠനത്തിൽ ജോർജ് ഫോക്സിനെയും അദ്ദേഹത്തിന്റെ അനുയായികളായ 'ക്വയ്ക്കേഴ്സി'നേയും മാറ്റിനിർത്താനാവില്ല.

പതിനേഴാം നൂറ്റാണ്ടിൽ യുക്തിയുടെ ചങ്ങലയ്ക്കുള്ളിൽ വിശ്വാസത്തെ തളച്ചിടുവാനുള്ള അവിരാമമായ ശ്രമം നടക്കുന്ന കാലത്തായിരുന്നു ജോർജ് ഫോക്സിന്റെ രംഗപ്രവേശം. ഫ്രഞ്ച് തത്വശാസ്ത്രജ്ഞനായ റെനെ, സംശയിക്കാൻ സാധ്യതയുള്ള ഏതൊന്നിനേയും സംശയത്തോടെ വീക്ഷിക്കണം എന്ന പുതുതത്വവുമായി, "ഞാൻ ചിന്തിക്കുന്നു, അതുകൊണ്ട് ഞാൻ ജീവിക്കുന്നു" എന്ന പ്രഖ്യാപനവുമായി, തണുത്തുറഞ്ഞ ദൈവശാസ്ത്രപ്രജ്ഞയ്ക്ക് തീ പിടിപ്പിച്ചിരുന്ന കാലമായിരുന്നു അത്. അപ്പോഴാണ് ജോർജ് ഫോക്സ് 'ആത്മാവിന്റെ ഉൾവെളിച്ചമാവണം വിശ്വാസിയെ നയിക്കേണ്ടത്' എന്ന പുതുധാരണയുമായി പ്രേഷിത ലോകത്തേക്കിറങ്ങിയത്.

ജോർജ് ഫോക്സ്, 'യേശുക്രിസ്തു തന്റെ രക്ഷിതാവാണെന്നും, അവൻ തന്റെ പാപങ്ങളെല്ലാം മോചിച്ചുതന്നെന്നും' പ്രഖ്യാപിച്ചു. ക്രിസ്ത്യാനിയാണെന്നോ ക്രിസ്തീയ രാജ്യമാണെന്നോ ഉള്ള അഭിമാനത്തിൽ കഴമ്പൊന്നുമില്ലെന്നും യഥാർത്ഥത്തിൽ അവനെ അനുഗമിക്കുകയാണ് ആവശ്യമെന്നും ഇംഗ്ലണ്ടിലെ ജനങ്ങളോട് അദ്ദേഹം ഉപദേശിച്ചു.

അതുകേട്ട അധികാരിവർഗ്ഗം അടങ്ങിയിരുന്നില്ല. 1650-ൽ ഇംഗ്ലണ്ടിലെ ന്യായാധിപൻ ഫോക്സിന് 6 മാസത്തെ ജയിൽശിക്ഷ വിധിച്ചു. എന്നാൽ ന്യായാധിപനായ ബെന്നറ്റിനോടു "താങ്കൾ ദൈവത്തെ ഭയത്തോടും വിറയലോടും അനുഗമിക്കണം" (tremble in the fear of God) എന്ന് കോടതിയിൽവെച്ചുതന്നെ ഫോക്സ് ഉപദേശിച്ചു.

"നിങ്ങളാണ് വിറകൊള്ളുന്നവർ, നിങ്ങൾ വിറയന്മാരാണ്" (you folk are the tremblers, you are the quakers) എന്നു പറഞ്ഞു ജഡ്ജി ഫോക്സിന്റെ ഉപദേശം ചിരിച്ചുതള്ളി. ഫോക്സും അനുയായികളും അവരുടെ യോഗങ്ങളിൽ ചിലപ്പോഴൊക്കെ വികാരാവേശത്താൽ വിറകൊള്ളുന്ന വിവരം ജഡ്ജിക്ക് അറിവുള്ളതായിരുന്നു.

"അങ്ങനെ അന്ത്യോക്യയിൽവച്ച് യേശുവിന്റെ ശിഷ്യന്മാർക്ക് ക്രിസ്ത്യാനികൾ എന്ന പേരുണ്ടായതുപോലെ'' ഇംഗ്ലണ്ടിലെ ഡാർബിയിൽവച്ച് ജോർജ്

ഫോക്സിന്റെ അനുയായികൾക്ക് 'ക്വയ്ക്കേഴ്സ്' എന്നു പേരുണ്ടായി.

ഇതൊക്കെയാണെങ്കിലും ക്വയ്ക്കേഴ്സ് അവരെത്തന്നെ വിളിച്ചിരുന്നത് 'സ്നേഹിതരുടെ സമൂഹം' എന്നാണ് (Society of friends) . "എന്റെ കല്പനകളനുസരിച്ചാൽ നിങ്ങളെന്റെ സ്നേഹിതന്മാരാകും" എന്ന കർത്താവിന്റെ വാക്കുകൾക്കനുസൃതമായാണ് അവരീപേരു സ്വീകരിച്ചത്.

ഇംഗ്ലണ്ടിന്റെ തെരുവീഥിയിൽ ആയിരങ്ങൾ തടിച്ചുകൂടിയ പരസ്യ യോഗങ്ങളിൽ ജോർജ് ഫോക്സ് പ്രസംഗിച്ചു. "ക്രിസ്തു ഇതാ ഇത്രയും നാൾ കുർബ്ബാന ക്രമങ്ങളിലോ, പരസ്യാരാധന പുസ്തകങ്ങളിലോ ബന്ധനസ്ഥനായി കിടന്നിരുന്നു. ഇനിയിപ്പോൾ അവിടുന്നു നിങ്ങളുടെ പ്രവാചകനും പുരോഹിതനും രാജാവുമായിത്തീരട്ടെ. അവനെ അനുസരിക്കുക"

'ആത്മാവിന്റെ ഉൾപ്രകാശ'ത്തിനു ക്വയ്ക്കർ സമൂഹം കൊടുത്ത അമിത പ്രാധാന്യം അവരെ പല കുഴപ്പത്തിലേക്കും കൊണ്ടുചാടിച്ചിട്ടുമുണ്ട്. 1656-ൽ ഇംഗ്ലണ്ടിലെ ക്വയ്ക്കർ സമൂഹത്തിന്റെ നായകനായിരുന്ന ജയിംസ് നെയ്ലർ (James Naylor) ഉൾപ്രേരണയാൽ ബ്രിസ്റ്റളിലേക്ക് ഒരു വിജയജാഥ നയിച്ചു. ആ ജാഥ ഹോശന്നാ വിളികൾകൊണ്ട് മുഖരിതമായിരുന്നു. നെയ്ലറിന്റെ ഈ 'ഇതിഹാസയാത്ര' ആത്മാവിന്റെ നടത്തിപ്പിനെ അല്പം കൂടെ ജാഗ്രതയോടെ വീക്ഷിക്കുവാൻ ക്വയ്ക്കർ സമൂഹത്തെ പ്രേരിപ്പിച്ചു. പിന്നീട് ആത്മാവിന്റെ നടത്തിപ്പും ദൈവവചനത്തിനനു സൃതമായിരിക്കണം എന്ന ഉയർന്ന ദൈവശാസ്ത്ര ധാരണയിലേക്ക് ക്വയ്ക്കർ സമൂഹം നടത്തപ്പെട്ടു.

വ്യവസ്ഥാപിതമായ മതസംഘത്തിൽ നിന്ന് ക്വയ്ക്കർ നിരന്തരമായി പീഢനം ഏൽക്കേണ്ടിവന്നപ്പോൾ അന്ന് ഇംഗ്ലണ്ടിന്റെ ഭരണാധികാരിയായിരുന്ന ഒലിവർ ക്രോംവെല്ലിനെ കണ്ട് ജോർജ് ഫോക്സ് മതസ്വാതന്ത്ര്യത്തിനായി അപേക്ഷിച്ചു. ക്രോംവെൽ കാര്യമായി അതിനോടു പ്രതികരിച്ചില്ലെങ്കിലും അവരെപ്പറ്റി അദ്ദേഹം നൽകിയ പരാമർശം ക്വയ്ക്കേഴ്സിനെ തീർച്ചയായും സന്തോഷിപ്പിക്കേണ്ടതാണ്. "സമ്മാനങ്ങളാലോ പദവികളാലോ പ്രശസ്തി പത്രങ്ങളാലോ ഒരിക്കലും സ്വാധീനിക്കുവാൻ കഴിയാത്ത സമൂഹം" എന്നാണ് ക്വയ്ക്കേഴ്സിനെപ്പറ്റി ക്രോംവെൽ സാക്ഷ്യപ്പെടുത്തിയത്.

വിശുദ്ധിക്കും വേർപാടിനും വേണ്ടി നിലകൊണ്ടവരാണെങ്കിൽകൂടെ സമൂഹത്തിൽ നിന്ന് ഒറ്റപ്പെട്ടു ജീവിക്കുന്നതിനു ക്വയ്ക്കേഴ്സ് തയ്യാറായില്ല. ഇംഗ്ലണ്ടിലെ എല്ലാ വ്യവസ്ഥാപിത സംവിധാനങ്ങളോടും വിടപറഞ്ഞ് ഒരു ശുദ്ധക്രിസ്തീയ സമൂഹം കെട്ടിപ്പടുക്കുന്നതിനു തയ്യാറെടുത്ത പ്യൂരിറ്റൻസിനോട് (Puritans) അവരുടെ മത മൗലിക വാദത്തിന്റെ പേരിൽ ക്വയ്ക്കേഴ്സ് എതിർത്തു നിന്നു. നവപെന്തെക്കോസ്ത് പ്രസ്ഥാനവും പ്യൂരിറ്റൻസിന്റെ മതമൗലികവാദത്തെക്കാൾ, ക്വയ്ക്കേഴ്സിന്റെ 'സമൂഹത്തോടൊന്നിച്ചുള്ള ജീവിത'ത്തിനാണ് പ്രാധാന്യം നൽകുന്നത്.

സാമൂഹ്യതിന്മകളോടും ക്വയ്ക്കേഴ്സ് സന്ധിയില്ലാസമരം പ്രഖ്യാപിച്ചു. അമേരിക്കയിലെ ഒരു പ്രധാനപ്പെട്ട ക്വയ്ക്കർ ആയിരുന്ന ജോൺ വൂൾമാൻ (John Woolman) അടിമവ്യാപാരത്തിനെതിരെ ശക്തമായി ശബ്ദമുയർത്തി. ദിവസം ആറുമണിക്കൂറിൽ കൂടുതൽ ഒരു തൊഴിലാളിയെക്കൊണ്ട് പണിയെടുപ്പിക്കാൻ പാടില്ല എന്ന അഭിപ്രായക്കാരനായിരുന്നു വൂൾമാൻ. നീണ്ട മണിക്കൂറുകളിലെ കഠിനാദ്ധ്വാനം പലപ്പോഴും തൊഴിലാളികളെ മദ്യപാനത്തിനു പ്രേരിപ്പിക്കുന്നു എന്ന് അദ്ദേഹം വാദിച്ചു. 6 മണിക്കൂർ ജോലി ചെയ്താൽ കുടുംബസന്ധാരണത്തിനാവശ്യമായത് തൊഴിലാളിക്ക് ലഭ്യമാകുന്ന സംവിധാനമുണ്ടാകണം. തൊഴിൽ സമയം നിജപ്പെടുത്തിയാൽ തൊഴിലില്ലായ്മയുടെ പ്രശ്നങ്ങളും പരിഹരിക്കാനാകുമെന്ന് വൂൾമാൻ വാദിച്ചു. ചുരുക്കത്തിൽ മനുഷ്യന്റെ ആത്മീകവും സാമൂഹ്യവുമായ പ്രശ്നങ്ങളെക്കുറിച്ച് തികച്ചും ബോധമുള്ളവരായിരുന്നു ക്വയ്ക്കേഴ്സ്.

15-൨൦ പേജിൽ നിന്നും...

മൊണ്ടാനിസ്റ്റുകളുടെ ഉപദേശത്തിൽ പാളിച്ചകൾ ഉണ്ടായിരുന്നു എന്നതു നേരു തന്നെ. പ്രവചനങ്ങൾക്ക് തിരുവചനത്തോടു തുല്യമായ ദൈവനിശ്വാസ്യതയുണ്ടെന്ന വിശ്വാസമാണ് അവരെ മുഖ്യധാരയിൽ നിന്നും അകറ്റിനിർത്താൻ ഒരു പ്രധാന കാരണം. എന്നാൽ എല്ലാ മൊണ്ടാനിസ്റ്റുകളും അങ്ങനെ വിശ്വസിച്ചിരുന്നില്ല.

കാർത്തേജിലെ ബിഷപ്പായിരുന്ന തെർത്തുല്യൻ പ്രഗത്ഭനായ ഒരു മൊണ്ടാനിസ്റ്റായിരുന്നു. സഭാചരിത്രകാരനായ ഡേവിഡ് എഫ്. റൈറ്റ് പറയുന്നത്, 'മൊണ്ടാനിസ്റ്റുകളെ മത തീവ്രവാദികൾ എന്നുവരെയൊക്കെ വിളിക്കാമെങ്കിലും ദുരുപദേശക്കാർ എന്നു വിളിക്കാനാവില്ല' എന്നാണ്. അവരെ പുറത്താക്കുക വഴി സഭയ്ക്ക് അതിന്റെ ആത്മിക മുന്നേറ്റത്തിൽ വളരെ നഷ്ടങ്ങൾ ഭവിച്ചു എന്നും അദ്ദേഹത്തിന് അഭിപ്രായമുണ്ട്.

മൊണ്ടാനിസത്തിനെതിരെ ദൈവശാസ്ത്രപരമായ അക്രമങ്ങൾ നടത്തിയവരിൽ അഗ്രഗണനീയൻ അഗസ്റ്റിൻ തന്നെ. അദ്ദേഹത്തിന്റെ 'വിരാമ വാദം' (Cessation Theory) പരിശുദ്ധാത്മവരങ്ങൾക്കു നേരെ സഭ വാതിൽ കൊട്ടിയടയ്ക്കുന്നതിനു കാരണമായി ഭവിച്ചു. ഒന്നാം നൂറ്റാണ്ടോടെ സഭയിൽ പരിശുദ്ധാത്മവരങ്ങളുടെ പ്രതിഫലനം അസ്തമിച്ചു എന്നതാണ് വിരാമവാദത്തിന്റെ പൊരുൾ. പിൽക്കാലത്തെ ദൈവശാസ്ത്രജ്ഞരും ബൈബിൾ വ്യാഖ്യാതാക്കളും അഗസ്റ്റിന്റെയും ക്രിസോസ്റ്റത്തിന്റെയും വാദങ്ങൾ മത്സരിച്ചുദ്ധരിച്ചു.

നൂറ്റാണ്ടുകൾ കഴിഞ്ഞപ്പോൾ ആത്മവരങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ കൂടുതൽ അപകടകരമായ ഒരു സ്ഥിതിയിലേക്കു നീങ്ങി. വിരാമവാദത്തേയും കടത്തിവെട്ടുക്കൊണ്ട് പത്താം നൂറ്റാണ്ടിലുണ്ടായ റോമൻ റിച്വൽ (Ritual Romanum) അന്യഭാഷയെ ഭൂതബാധയുടെ പ്രഥമ അടയാളമായി വ്യാഖ്യാനിച്ചു. പ്രത്യക്ഷ നിലയിൽ പരിശുദ്ധാത്മവരങ്ങൾ പ്രദർശിപ്പിക്കുവാൻ അതോടെ സഭാംഗങ്ങൾ മടിച്ചുതുടങ്ങി.

ഇതിനിടയിലും ആത്മവരങ്ങൾ പ്രദർശിപ്പിച്ചിരുന്ന ചില ചെറിയ ഗ്രൂപ്പുകൾ ഉണ്ടായിരുന്നിരിക്കണം. മദ്ധ്യകാലഘട്ടത്തിലെ അങ്ങനെയുള്ളൊരു ഉണർവ്വ് സംഘമായിരുന്നു ലൊല്ലാർട്സ് (Lollards). ജോൺ വിക്ലിഫിന്റെ അനുയായികൾ ആയിരുന്ന ഇക്കൂട്ടർ ആ പേരിൽ അറിയപ്പെടാൻ കാരണം, മറ്റുള്ളവർക്ക് കേൾക്കാനും തിരിച്ചറിയാനും കഴിയാത്ത ശബ്ദങ്ങൾ അവർ നിരന്തരം പുറപ്പെടുവിച്ചിരുന്നുവെന്നതാണ്. (ലൊല്ലാർട്സ് എന്നാൽ പുലമ്പുന്നവർ എന്നാണ് അർത്ഥം).

നവീകരണകാലം വന്നപ്പോൾ മാർട്ടിൻ ലൂഥറും ജോൺ കാൽവിനും മറ്റും പരിശുദ്ധാത്മവരങ്ങളുടെ പുനഃസ്ഥാപനത്തിനായി വാദിച്ചുവെന്നാണ് പലരുടേയും ധാരണ. ലൂഥർ അന്യഭാഷകളിൽ സംസാരിച്ചുവെന്നുപോലും സോവ്വർ (Sauer) രേഖപ്പെടുത്തിയിട്ടുണ്ട്. (അതിന് അദ്ദേഹത്തിനു തെളിവുകളൊന്നും നിരത്താനില്ലായിരുന്നു.) എന്നാൽ പരിശുദ്ധാത്മവരങ്ങൾ പ്രകടമാകേണ്ടതിന്റെ ആവശ്യകതയെ നവീകരണ നേതാക്കൾ പലപ്പോഴും തള്ളിപ്പറഞ്ഞുവെന്നതാണ് വാസ്തവം.

പതിനാറാം നൂറ്റാണ്ടിൽ ഫ്രാൻസിലെ കാമിസാർട്സ് (Camisards) എന്ന ഉണർവ്വ് സംഘാംഗങ്ങൾക്കിടയിൽ ഗ്ലോസോലാലിയ ഉൾപ്പെടെയുള്ള ആത്മവരങ്ങൾ പ്രദർശിക്കപ്പെട്ടതായി ചരിത്രമുണ്ട്. ചരിത്രകാരനായ ഹെൻറി എം. ബേർഡ് ഇക്കാര്യത്തെക്കുറിച്ച് പറയുന്നതു ഇങ്ങനെയാണ്.

"ബാലവൃദ്ധ സ്ത്രീപുരുഷ വ്യത്യാസം കൂടാതെ ഈ സംഘത്തിൽപ്പെട്ട പല

രിലും ആത്മവിവശത പടർന്നുപിടിച്ചിരുന്നു. ഏറ്റവും ചെറിയ കുട്ടികൾ പോലും അസാധാരണമായ നിലയിൽ പരിശുദ്ധാത്മവരങ്ങൾ പ്രദർശിപ്പിച്ചു. ശിശുത്വം വിടാത്ത കുട്ടികൾ ആത്മവിവശതയിലായപ്പോൾ തിരുവചനം ഏറ്റവും ശുദ്ധമായ ഭാഷയിൽ ഉരുവിടുകയും ദീർഘമായി പ്രഭാഷിക്കുകയും ചെയ്തു. ബോധത്തോടെ ഒരിക്കലും ഇക്കാര്യങ്ങൾ അവർക്കു ചെയ്യാൻ കഴിയുമായിരുന്നില്ല" (Steve Durasoff Bright Wind of the Spirit, 1972, Page 38).

പതിനേഴാം നൂറ്റാണ്ടിൽ ക്വയ്ക്കർ സമൂഹത്തിന്റെ നായകനായിരുന്ന ജോർജ് ഫോക്സ് നയിച്ച 'കാത്തിരിപ്പ് യോഗങ്ങ'ളിൽ (Waiting meetings) അന്യഭാഷയും പ്രവചനങ്ങളുമൊക്കെ ദൃശ്യമായിരുന്നുവത്രേ! സൗമ്യതയോടെ യഹോവയെ കാത്തിരുന്ന ക്വയ്ക്കർ സമൂഹാംഗങ്ങളുടെ മേൽ പലപ്പോഴും പരിശുദ്ധാത്മാവ് വന്നിറങ്ങി. അതിനെക്കുറിച്ച് അവർ രേഖപ്പെടുത്തിയിരിക്കുന്നത്, "ഞങ്ങളുടെ നാവുകൾ കെട്ടഴിഞ്ഞ്, ഞങ്ങൾ വായ് തുറന്നു ആത്മാവ് ഉച്ചരിപ്പാൻ നൽകിയതുപോലെ പുതുഭാഷകളിൽ സംസാരിച്ചു" എന്നാണ്.

പതിനെട്ടാം നൂറ്റാണ്ടിൽ മെഥഡിസ്റ്റ് സഭയുടെ സ്ഥാപകനായ ജോൺ വെസ്ലിയുടെ യോഗങ്ങളിലും ആത്മവരങ്ങൾ പ്രദർശിപ്പിക്കപ്പെട്ടിരുന്നു. ഒരു മെഥഡിസ്റ്റ് പ്രസംഗകനായിരുന്ന തോമസ് വാൽഷ് തന്റെ ഡയറിയിൽ ഒരു ദിവസം ഇങ്ങനെ കുറിച്ചു: "ഇന്നു രാവിലെ എനിക്കറിവില്ലാത്ത ഒരു ഭാഷ കർത്താവ് എനിക്കു നൽകി. അത് ഉച്ചരിക്കുമ്പോൾ എന്റെ ആത്മാവ് ദൈവസന്നിധിയിലേക്കു ഉയർത്തപ്പെടുന്നതുപോലെ എനിക്കു തോന്നുന്നു" (Steve Durasoff, Bright Wind of the Spirit 1972, Page 39).

### ഫ്രഞ്ച് വിപ്ലവം ഒരു പുതിയ അദ്ധ്യായം

പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യത്തിലാണ് ആഗോളസഭയ്ക്ക് ആത്മവരങ്ങളുടെ കാര്യത്തിൽ ഒരു വീണ്ടുവിചാരമുണ്ടാകുന്നത്. അതിനു കാരണമായിത്തീർന്നതാകട്ടെ, ഫ്രഞ്ച് വിപ്ലവവും.

1798-ൽ ജനറൽ ബാർത്തിയറിന്റെ നേതൃത്വത്തിൽ ഫ്രഞ്ചു പട്ടാളം റോമിലേക്കു മാർച്ചു ചെയ്യുകയും പോപ്പിനെ നാടുകടത്തുകയും ചെയ്തപ്പോൾ 'അന്ത്യകാലമായി' എന്ന തോന്നൽ ദൈവശാസ്ത്രജ്ഞന്മാരുടെയിടയിൽ ശക്തമായി. അങ്ങനെയെങ്കിൽ 'അന്ത്യകാലത്ത് സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും' എന്ന ദൈവിക വാഗ്ദത്തം നിറവേറുവാൻ സമയമായി എന്ന ഉൾബോദ്ധ്യവും അവർക്കിടയിലുണ്ടായി. 'അന്ത്യകാലമായി' എന്ന തോന്നൽ വേദപുസ്തകത്തിന്റെ വികലമായ വ്യാഖ്യാനത്തിലേക്ക് അനേകരെ നയിച്ചുവെങ്കിലും (ആ വ്യാഖ്യാനങ്ങളിൽ മിക്കതും ഇന്നും നമ്മുടെയിടയിൽ വ്യാപരിക്കുന്നുണ്ട്) ആത്മാവിന്റെ മഹാപകർച്ചയെപ്പറ്റിയുള്ള അഭിവാഞ്ഛ വളർത്തുന്നതിന് ഈ ഉൾക്കാഴ്ച കാരണമായി ഭവിച്ചു.

### കാത്തിരിപ്പ്

അന്ത്യകാലമായി എന്ന ധാരണയോടെ വേദപുസ്തക വ്യാഖ്യാനത്തിലേർപ്പെട്ടവരിൽ പ്രമുഖർ ബ്രിട്ടീഷുകാരായ ലൂയിസ് വേ, ജോൺ നെൽസൺ ഡാർബി, എഡ്വേർഡ് ഇർവിങ്ങ് എന്നിവരും, അമേരിക്കക്കാരായ ജെ.എ. സീസ്, ചാൾസ് ഹോഡ്ജ്, ബഞ്ചമിൻ വാർഫീൽഡ് എന്നിവരുമായിരുന്നു. ഇവരിൽ അമേരിക്കക്കാർ 'അന്ത്യകാല സംഭവങ്ങൾ' കണ്ടെത്തി യുഗാന്ത്യ ശാസ്ത്രപഠനത്തിൽ മുഴുകിയപ്പോൾ ബ്രിട്ടീഷുകാർ പരിശുദ്ധാത്മവരങ്ങളുടെ ഒരു പുനഃപ്രകാശനത്തിനായി കാത്തിരുന്നു.

1830–ൽ ചില ബ്രിട്ടീഷ് പ്രസംഗകർക്ക്, സ്കോട്ട്ലന്റിലെ പോർട്ട് ഗ്ലാസ്ക്കോ എന്ന ചെറിയ പട്ടണത്തിലെ ഒരു സ്വതന്ത്ര സഭയിൽ നടന്ന അന്യഭാഷാഭാഷണത്തിന്റെയും അത്ഭുതങ്ങളുടെയും അനുഭവങ്ങളെപ്പറ്റി വിശദമായ പഠനങ്ങൾ നടത്തിയതിന്റെ ഫലമായി, തങ്ങളുടെ അനുഭവങ്ങൾ യാഥാർഥ്യമാണെന്ന് ബോദ്ധ്യമായി. എന്നാൽ, തങ്ങൾ കാത്തിരിക്കുന്ന പെന്തെക്കോസ്തിന്റെ പൊട്ടിയൊഴുക്കായി അതിനെ കണക്കാക്കാൻ അവർ തയ്യാറായില്ല. ചുരുക്കത്തിൽ കാത്തിരിപ്പ് നീണ്ടുപോയി.

1831–ൽ റീഗന്റ് സ്ക്വയറിലെ ഇർവിങ്ങ് വാലസിന്റെ സഭയിൽ പരിശുദ്ധാത്മാവിന്റെ ഒരു പകർച്ചയുണ്ടായി. 'മേരി കാംബ് ബെൽ' എന്ന സ്ത്രീ ആത്മാവിൽ നിറഞ്ഞ് അന്യഭാഷകളിൽ സംസാരിച്ചു. ഈ അന്യഭാഷാഭാഷണം ചില മാസങ്ങളിലേക്ക് നീണ്ടുനിന്നുവെങ്കിലും ഇർവിംഗ് വാലസിനെ ദുഃഖിപ്പിച്ച ഒരു വസ്തുത, തനിക്ക് അന്യഭാഷാ വരം ലഭിച്ചില്ല എന്നതാണ്. അപ്പോൾത്തന്നെ, അതിനായി അദ്ദേഹം പ്രാർത്ഥിക്കുകയും സഭയെ ആത്മിക അനുഭവങ്ങളിലൂടെ നടത്തുകയും ചെയ്തു. പക്ഷേ പെട്ടെന്നായിരുന്നു എല്ലാം കുഴഞ്ഞുമറിഞ്ഞത്. ലണ്ടനിലെ സഭാ പ്രസ്ബിറ്ററി, ദുരുപദേശമാരോപിച്ച് പാസ്റ്റർ ഇർവിംഗിനെ പുറത്താക്കി. ക്രിസ്തു വിജ്ഞാനീയത്തിലെ ചില വിഷയങ്ങൾവെച്ചാണ് ദുരുപദേശ ആരോപണമുണ്ടായതെങ്കിലും, കരുതിക്കൂട്ടിയുള്ള ഒരു ശിക്ഷണ നടപടിയായിരുന്നു അതെന്ന് അദ്ദേഹത്തിന്റെ സമകാലീകർക്കു ബോദ്ധ്യമായി.

പ്രസ്ബിറ്റേറിയൻ സഭ വിട്ട് പാസ്റ്റർ ഇർവിംഗ്'കാത്തലിക് അപ്പൊസ്തലിക സഭ' എന്ന ഒരു പുതിയ പ്രസ്ഥാനം ആരംഭിച്ചു. 'അപ്പൊസ്തലിക കാലത്തെ എല്ലാ കൃപാവരങ്ങളും പുനഃസ്ഥാപിക്കപ്പെട്ടിരിക്കുന്നു' എന്നതായിരുന്നു അവരുടെ പ്രധാന ഉപദേശം.

### കാത്തിരിപ്പ്: രണ്ടാം ഘട്ടം

ഇർവിംഗിനുണ്ടായ അസുഖകരമായ അനുഭവം, പരിശുദ്ധാത്മാവിന്റെ ഒരു പുതുമഴയ്ക്കായി കാത്തിരിക്കുന്നവരുടെ പ്രതീക്ഷയ്ക്ക് മങ്ങലേല്പിച്ചില്ല. സുവിശേഷ വിഹിത ബ്രിട്ടീഷ് സമൂഹത്തിൽ വരാൻ പോകുന്ന ആ പരിശുദ്ധാത്മ പകർച്ചയെപ്പറ്റി കൂടുതൽ ഉദാത്തമായ പ്രസംഗങ്ങൾ നടക്കുകയും, കൂടുതൽ ശക്തമായ ലേഖനങ്ങൾ പ്രത്യക്ഷപ്പെടുകയും ചെയ്തു. 1857–ലെ, ചാൾസ് സ്പർജന്റെ 'പരിശുദ്ധാത്മശക്തി' (The Power of the Holy Spirit) എന്ന പ്രസംഗം, വില്യം ആർതറിന്റെ 'അഗ്നിനാവുകൾ' (The Tongue of Fire) എന്ന പുസ്തകം, ഇവ പരിശുദ്ധാത്മനിറവിനെ ഒരു 'രണ്ടാം അനുഭവ'മായി വിശദീകരിച്ചു.

### അമേരിക്കയിൽ

ബ്രിട്ടനിൽനിന്ന് ഈ പ്രത്യാശ അമേരിക്കയിലേക്ക് പടർന്നു പിടിക്കാൻ സമയമെടുത്തില്ല. ഒരു പക്ഷേ ഇംഗ്ലണ്ടിലേതിനേക്കാൾ ശക്തമായിരുന്നു അമേരിക്കയിലെ പെന്തെക്കോസ്തിന്റെ പ്രതീക്ഷ. വരാൻ പോകുന്ന ആ അനുഭവത്തെ ജോൺ വെസ്ലി 'സമ്പൂർണ്ണ വിശുദ്ധീകരണം' എന്നു വിളിച്ചപ്പോൾ വെസ്ലിയുടെ സഹചരനായ ജോൺ ഫ്ളെച്ചർ ഉൾപ്പെടെയുള്ളവർ അതിനെ 'പരിശുദ്ധാത്മസ്നാനം' എന്നുതന്നെ വിളിച്ചു.

### ഹോളിനെസ് പ്രസ്ഥാനം


പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം യുക്തിചിന്തകൾ മതവിശ്വാസത്തിന്റെ അടിത്തറയിളക്കാൻ കച്ചകെട്ടിയിറങ്ങിയ കാലമായിരുന്നു. പ്രോട്ടസ്റ്റന്റ് ദൈവശാസ്ത്രജ്ഞരിൽ പലരും വിശ്വാസത്തെ ഉപേക്ഷിച്ച് യുക്തിയെ തെരഞ്ഞെടുത്തു കഴിഞ്ഞിരുന്നു. എന്നാൽ ഇതേ കാല

പിറ്റേ വർഷം മുതൽ ഉന്നതമായ ആത്മീയ ജീവിതം നയിക്കുവാനാഗ്രഹിക്കുന്നവർക്കുവേണ്ടി മൂഡി പ്രത്യേക യോഗങ്ങൾ സംഘടിപ്പിക്കുവാൻ തുടങ്ങി. മസാച്ചുസെറ്റ്സിലെ നോർത്ത് ഫീൽഡിൽവച്ച് നടന്ന ഈ സമ്മേളനങ്ങളിൽ പങ്കെടുത്ത പലരും വ്യക്തിപരമായി 'പെന്തെക്കോസ്ത'നുഭവത്തിനുടമകളായി. (പിന്നീട് അദ്ദേഹം വേദപഠനത്തിലേക്ക് ശ്രദ്ധതിരിച്ചു. 1889 -ൽ മൂഡി ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചതിന്റെ പ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്നുവെങ്കിലും 1899- ൽ തന്റെ മരണശേഷവും പരിശുദ്ധാത്മ സ്നാനത്തെപ്പറ്റിയുള്ള ക്ലാസ്സുകൾ 'മൂഡി ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടി'ൽ നടന്നുവന്നിരുന്നു).

1867-ൽ പ്രൊട്ടസ്റ്റന്റു സഭകളുടെ വിശ്വാസത്യാഗത്തിൽ മനംമടുത്ത ന്യൂയോർക്കിലെ പതിമൂന്നു മെഥഡിസ്റ്റ് ശുശ്രൂഷകർ വിശ്വാസത്തിനും വിശുദ്ധിക്കുംവേണ്ടി നിലകൊള്ളുവാൻ ആഗ്രഹിക്കുന്ന എല്ലാവരേയും ക്ഷണിച്ചുകൊണ്ട് ഒരു 'ക്യാമ്പ് മീറ്റിംഗ്' സംഘടിപ്പിച്ചു. അഭിനവ ഹോളിനെസ്സ് സംഘങ്ങളുടെയും അത് ജന്മം നൽകിയ പെന്തെക്കോസ്ത് പ്രസ്ഥാനത്തിന്റെയും ആരംഭമായിരുന്നു ആ 'ക്യാമ്പ് മീറ്റിംഗ്'. ഇരുപതു വർഷങ്ങൾ ഇങ്ങനെയുള്ള മീറ്റിംഗുകൾ തുടർച്ചയായിയളവിൽ ദൈവവചനത്തിന്റെ ആധികാരികതയും പരിശുദ്ധാത്മാവിന്റെ ശക്തിയും പ്രചരിപ്പിച്ച ചാൾസ് ഫിന്നി, ഡി.എൽ. മൂഡി തുടങ്ങിയ ദൈവദാസൻമാരുടെ നേതൃത്വത്തിൽ ആംഗലേയ ലോകത്ത് ആത്മീയ ഉണർവ്വുകൾ പൊട്ടിപ്പുറപ്പെട്ടു.

മൂഡി പ്രഗത്ഭനായ ഒരു പ്രസംഗകനായിരുന്നുവെങ്കിലും ആദ്യകാലത്ത് 'പരിശുദ്ധാത്മനിറവ്' പ്രാപിച്ചിരുന്നില്ല എന്ന് അദ്ദേഹം തന്നെ പറയുന്നു. മൂഡി പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ട് ആഴമേറിയ ആത്മീയ അനുഭവങ്ങളിലേക്ക് നടത്തപ്പെടുന്നതിനായി ചിക്കാഗോ ചർച്ചിലെ രണ്ട് സ്ത്രീകൾ പ്രാർത്ഥിച്ചുകൊണ്ടേയിരുന്നു. ആദ്യമൊക്കെ ഈ പുതിയ അനുഭവത്തോട് വിമുഖത കാട്ടിയെങ്കിലും പിന്നെപ്പിന്നെ തനിക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ഫ്രീ മെഥഡിസ്റ്റ് സഭാംഗങ്ങളായിരുന്ന ഈ സ്ത്രീകളോട് അദ്ദേഹം തന്നെ ആവശ്യപ്പെട്ടു. തികച്ചും യാദൃഛികമായി 1871-ൽ ഒരു പ്രാർത്ഥനായോഗത്തിൽവെച്ച് അദ്ദേഹം പരിശുദ്ധാത്മാവിനാൽ നിറഞ്ഞു. ആ സമയത്ത് താൻ തറയിൽ വീഴുകയും ദിവ്യമായ അനുഭൂതിയിൽ മുഴുകുകയും, ആ മുറി ദൈവിക തേജസ്സിനാൽ പ്രകാശിതമായിത്തീരുകയും ചെയ്തതായി അദ്ദേഹം തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

***ഇവാൻ റോബർട്ട്സ്***



*1905ലെ വെയിൽസ് ഉണർവ്വിനു നായകനായിരുന്നത് ഇദ്ദേഹമാണ്. ചരിത്രകാരന്മാർ ആ ഉണർവ്വിനെ ഒരു പെന്തെക്കോസ്തുണർവ്വായി കണക്കാക്കുന്നില്ലെങ്കിലും, പെന്തെക്കോസ്തു പ്രസ്ഥാനത്തെ അതുല്യമായി സ്വാധീനിച്ച ഒരു ഉണർവ്വായിരുന്നു വെയിൽസിലെ ഉണർവ്വ്*

നടന്നു. വ്യവസ്ഥാപിത സഭകളോടു വേർ പെട്ട നിരവധി ഹോളിനെസ് സംഘങ്ങൾ ഉടലെടുക്കുവാൻ ഇത് മുഖാന്തരമായി.

പെന്തെക്കോസ്ത് എന്ന വാക്ക് ഹോളിനെസ്സ് യോഗങ്ങളിൽ ധാരാളമായി ഉപയോഗിച്ചിരുന്നു. ഒരിക്കൽ 'ചർച്ച് ഓഫ് നാസ്സറിൻ' അവരുടെ ഔദ്യോഗികനാമ ത്തിൽ 'പെന്തെക്കോസ്ത്' എന്ന് കൂടി ചേർത്തിരുന്നു. (എന്നാൽ പിന്നീട് പെന്തെ ക്കോസ്ത് പ്രസ്ഥാനം ശക്തി പ്രാപിച്ച പ്പോൾ നാസ്സറിൻ ഗ്രൂപ്പ് അതിനെതിരാ യാണ് നിലകൊണ്ടത്.)

ഹോളിനസ്സ് പ്രസ്ഥാനക്കാർ, രക്ഷിക്ക പ്പെട്ടതിനുശേഷം കൃപയുടെ ഒരു രണ്ടാം അനുഭവമായി വിശുദ്ധീകരണത്തെ മന സ്സിലാക്കി. അവരുടെ യോഗങ്ങളിൽ ചില പ്പോഴൊക്കെ രോഗശാന്തിയും അന്യഭാഷാ ഭാഷണവുംപോലുള്ള പരിശുദ്ധാത്മവര ങ്ങളുടെ പ്രദർശനം ദൃശ്യമായി. എങ്കിലും രക്ഷിക്കപ്പെട്ടതിനുശേഷമുള്ള വിശുദ്ധീ കരണാനുഭവത്തിന്റെ പ്രത്യക്ഷ ലക്ഷണ മായോ മറ്റോ അതിനെ കണക്കാക്കാൻ അ വർ പരിശ്രമിച്ചില്ല. (പരിശുദ്ധാത്മസ്നാ നുഭവത്തെയും ഉയരത്തിൽനിന്നുള്ള ശക്തിയേയും ബന്ധപ്പെടുത്തി ഒരു ഉപ ദേശം സ്ഥാപിച്ചത് മൂഡി ചർച്ചിലെ ഒരു ശുശ്രൂഷകൻ ആയിരുന്ന ഇവാൻജലിസ്റ്റ് ആർ.എ.റ്റോറിയാണ്).

പത്തൊൻപതാം നൂറ്റാണ്ടിന്റെ അവ സാന ദശകത്തിൽ പെന്തെക്കോസ്ത് ആത്മവരങ്ങൾ ഹോളിനസ്സ് യോഗങ്ങളി ലാകെ വ്യാപകമായ നിലയിൽ പ്രദർശി ക്കപ്പെട്ടു. 1896-ൽ നോർത്ത് കരോലീനാ യിലെ ഷിയറർ സ്കൂൾ ഹൗസിൽവച്ച് നടന്ന ഒരു ഉണർവ്വുയോഗത്തിൽ പലരും പരിശുദ്ധാത്മസ്നാനം പ്രാപിക്കുകയും അന്യഭാഷകളിൽ സംസാരിക്കുകയും ചെയ്തിരുന്നു. 1900-ൽ ടെന്നസിയിൽ നടന്ന ഒരു മീറ്റിംഗിൽ നാല്പതു പേർ ആത്മസ്നാനം പ്രാപിച്ച് അന്യഭാഷക ളിൽ സംസാരിച്ചു. (Stanley H. Frodsham, With Signs Following, 1946, Page 9,10,16,17)

### ഇരുപതാം നൂറ്റാണ്ട്

ഇരുപതാം നൂറ്റാണ്ട് ആരംഭിക്കുന്ന തിനു മുമ്പുതന്നെ ഈ നൂറ്റാണ്ടിലെ പെന്തെക്കോസ്ത് പ്രവർത്തനത്തിനു പാതയൊരുക്കപ്പെട്ടിരുന്നുവെന്നു മനസ്സി ലായല്ലോ. 'ഗ്രേറ്റ് അവേയ്ക്കനിംഗ്' തുടർന്നിങ്ങോട്ടുള്ള ഉണർവ്വുകളിലൊ ക്കെ പരിശുദ്ധാത്മവരങ്ങൾ പ്രദർശിപ്പിക്ക പ്പെട്ടിരുന്നുവെങ്കിലും നവ പെന്തെക്കോ സ്ത് പ്രസ്ഥാനത്തിനു വഴിമരുന്നിട്ട മൂന്നു സവിശേഷ ശക്തികൾ കഴിഞ്ഞ നൂറ്റാ ണ്ടിന്റെ ഉത്തരാർദ്ധത്തിലാണ് ഉടലെടു ത്തത്.

24



***ചാൾസ് പർഹാം***

*1901-ൽ നവപെന്തെക്കോസ്തിനു ആരംഭം കുറിച്ച റ്റോപ്പിക്ക ബൈബിൾ സ്കൂളിന്റെ സ്ഥാപകനും പ്രിൻസിപ്പലുമായിരുന്ന ചാൾസ് ഫോക്സ് പർഹാം (1873-1929)*



*അസൂസാ ഉണർവ്വിന്റെ നായകനായിരുന്ന വില്യം ജോസഫ് സെയ്മൂർ 1906–ൽ അസൂസാ തെരുവിൽ ആരംഭിച്ച ഉണർവ്വുയോഗങ്ങൾ മൂന്നു വർഷം നീണ്ടുനിന്നു.*

***വില്യം ജെ. സെയ്മൂർ***

22-ാം പേജിൽ നിന്നും...

*ഒന്ന് :* അന്ത്യകാലമായി എന്ന ധാരണ പുലർത്തി ആത്മവരങ്ങൾക്കായി കാത്തിരിക്കാൻ ജനങ്ങളെ പ്രബോധിപ്പിച്ച യാഥാസ്ഥിതിക നേതൃത്വം.

*രണ്ട്:* കെസ്‌വിക്ക് കൺവൻഷന്റെ പശ്ചാത്തലത്തിലുണ്ടായ ഉന്നത വിശ്വാസ ജീവിതത്തിനായുള്ള അഭിവാഞ്ഛ. (അമേരിക്കയിൽ മൂഡിയും ഫിന്നിയും ഈ അഭിവാഞ്ഛയ്ക്ക് തീ പിടിപ്പിച്ചു).

*മൂന്ന് :* വിശുദ്ധീകരണത്തെ രണ്ടാം അനുഗ്രഹമായി വ്യാഖ്യാനിച്ച ഹോളിനസ് മൂവ്മെന്റ്

**ആണ്ടറുതി യോഗത്തിൽ സംഭവിച്ച ആത്മപകർച്ച**

ഇരുപതാം നൂറ്റാണ്ടിലെ പെന്തെക്കോസ്ത് പ്രവർത്തനങ്ങളെക്കുറിച്ചുള്ള പഠനങ്ങളൊക്കെ 1901 ജനുവരി ഒന്നിനു കൻസാസ് സിറ്റിയിലെ റ്റോപ്പിക്കയിൽ ചാൾസ് പർഹാം നടത്തിയ ബഥേൽ ബൈബിൾ കോളെജിലെ വിദ്യാർത്ഥിനിയായ ആഗ്നസ് ഓസ്മാൻ അന്യഭാഷ പറയുന്ന സംഭവത്തോടുകൂടിയാണ് ആരംഭിക്കുന്നത്. ആ വർഷം (1900-ൽ) അവരുടെ കോളേജിലെ വിദ്യാർത്ഥികൾ പരിശുദ്ധാത്മാവിനെപ്പറ്റി നടത്തിയ ഒരു പഠനത്തിൽ അന്യഭാഷാഭാഷണം പരിശുദ്ധാത്മ സ്നാനത്തിന്റെ പ്രത്യക്ഷ അടയാളമാണെന്ന നിഗമനത്തിൽ അവർ എത്തിച്ചേർന്നിരുന്നു. ആണ്ടറുതി യോഗത്തിൽ പതിനെട്ടു വയസ്സുള്ള ആഗ്നസ് അവളുടെ അദ്ധ്യാപകനോടും സഹവിദ്യാർത്ഥികളോടും "ഞാൻ അന്യഭാഷയിൽ സംസാരിച്ചുകൊണ്ട് പരിശുദ്ധാത്മ സ്നാനം പ്രാപിക്കേണ്ടതിന് എന്റെ തലയിൽ കൈവയ്ക്കുക" എന്ന് ആവശ്യപ്പെട്ടു. അവർ ആഗ്നസിന്റെ തലയിൽ കൈവച്ചു പ്രാർത്ഥിച്ചു. പെട്ടെന്നുതന്നെ അവൾ അന്യഭാഷയിൽ സംസാരിച്ചു തുടങ്ങി.

ആദ്യദിവസം ആഗ്നസ് ചൈനീസ് ഭാഷയാണ് സംസാരിച്ചത്. ഇംഗ്ലീഷ് അവളുടെ നാവിൽ വന്നതേയില്ല. എന്താണു നിന്റെ അനുഭവം എന്നു സഹപാഠികൾ അവളോടു ചോദിച്ചു. അതിനവൾ മറുപടി പറഞ്ഞതും ചൈനീസിൽ തന്നെ. ഇംഗ്ലീഷ് മാത്രമറിയാവുന്ന പെൺകുട്ടിയായിരുന്നു ആഗ്നസ്. കാര്യങ്ങൾ എഴുതി കാണിക്കാൻ സഹപാഠികൾ അവളോടാവശ്യപ്പെട്ടു. അവിടെ അത്ഭുതം വീണ്ടും ആവർത്തിക്കപ്പെട്ടു. ചൈനീസ് ഭാഷയിലാണ് അവൾ എഴുതിയതും. (അന്നു പത്രങ്ങൾ ആഗ്നസ് ഓസ്മാന്റെ 'ചൈനീസ് എഴുത്തുകൾ' ബ്ലോക്കെടുത്തു പ്രസിദ്ധീകരിച്ചിരുന്നു).


രണ്ടാം ദിവസം മിസ്സ് ഓസ്മാൻ ബൊഹീമിയൽ ഭാഷ സംസാരിച്ചു തുടങ്ങി. ക്രമേണ ഓരോ ദിവസവും കഴിഞ്ഞപ്പോൾ അവളുടെ സഹപാഠികളോരോരുത്തരായി അന്യഭാഷകളിൽ സംസാരിച്ചുതുടങ്ങി. ഭാഷകൾക്ക് വ്യാഖ്യാനമുണ്ടായി (എന്നാൽ മറ്റുള്ളവർ അന്യഭാഷകളിൽ സംസാരിക്കുന്നതു കണ്ട് മിസ്സ് ഓസ്മാൻ അത്ഭുതപ്പെട്ടു. കാരണം അവൾ ചിന്തിച്ചത് ഈ വരം അവൾക്കു മാത്രം നൽകപ്പെട്ടതാണെന്നാണ്)

**അസൂസാ തെരുവ്**

റ്റോപ്പീക്കയിലെ ബൈബിൾ സ്കൂളിൽ ചാൾസ് പർഹാമിന്റെ നേതൃത്വത്തിൽ ആരംഭിച്ച ഉണർവ്വ് മറ്റിടങ്ങളിലേക്കും വ്യാപിക്കുവാൻ അദ്ദേഹം ചില യോഗങ്ങൾ നടത്തി. അപ്പൊസ്തലിക് ഫെയ്ത്ത് മൂവ്മെന്റ് എന്നായിരുന്നു അദ്ദേഹത്തിന്റെ പ്രസ്ഥാനത്തിന്റെ പേര്. എന്നാൽ ഒരു വലിയ മുന്നേറ്റമായി അത് വളർന്നത് ബ്ലാക്ക് ഹോളിനസ്സ് ഗ്രൂപ്പിൽപ്പെട്ട ഒരു യുവ പ്രഭാഷകനായിരുന്ന വില്യം ജെ. സെയ്മൂർ, പർഹാമിന്റെ ബൈബിൾ സ്കൂളിൽ പഠിക്കാനെത്തിയതോടെയാണ്.

സെയ്മൂറിന്റെ രംഗപ്രവേശം ഒരു പുതുപെന്തെക്കോസ്തു ചരിത്രത്തിനു നാന്ദിയായി. പരിശുദ്ധാത്മസ്നാനം പ്രാപിച്ച സെയ്മൂർ 1906-ൽ ലോസ് ആഞ്ചലസിലെ ഒരു ബ്ലാക്ക് ഹോളിനസ്സ് സഭയിൽ പ്രസംഗിക്കാനെത്തി. വലിയ ഒരു ഉണർവ്വിന്റെ തുടക്കമായിരുന്നു അത്. ആ യോഗങ്ങളെ തുടർന്ന് സെയ്മൂർ അസൂസാ സ്ട്രീറ്റിലാരംഭിച്ച പ്രത്യേക ഉണർവ്വ് സമ്മേളനങ്ങൾ മൂന്നു വർഷം നീണ്ടു നിന്നു. പരിശുദ്ധാത്മാവിന്റെ പിൻമഴ അവിടെ തിമിർത്തു പെയ്തു. പതിനായിരക്കണക്കിനു ജനങ്ങൾ അസൂസാ സ്ട്രീറ്റിലേക്കൊഴുകി. സെയ്മൂർ എന്ന കറുത്ത പ്രസംഗകൻ ജനസമുദ്രത്തിനു തന്നെ മാർഗ്ഗദർശിയായി.

ഇംഗ്ലണ്ടിലെ പണ്ഡിതനും കുലീനനും ദൈവശാസ്ത്രജ്ഞനുമായ പാസ്റ്റർ ഇർവിംഗ് വാലസിനു കഴിയാഞ്ഞത് അമേരിക്കയിലെ നീഗ്രോ വംശജനായ ഒരു സാധരണക്കാരൻ വില്യം സെയ്മൂർ ദൈവകൃപയാൽ നേടിയെടുത്തു. ഒരു പരിധിവരെ ആ കറുത്ത യുവപ്രസംഗകനാണ് ആധുനിക പെന്തെക്കോസ്ത് പ്രസ്ഥാനത്തിന്റെ തലതൊട്ടപ്പൻ.



*1906-ൽ വില്യം ജെ. സെയ്മൂറിന്റെ യോഗങ്ങൾ മുഖാന്തരം ഉണർവ്വ് ആരംഭിച്ച ലോസ്ഏഞ്ചലസിലെ 312 അസൂസാ സ്ട്രീറ്റ് കെട്ടിടം. പാസ്റ്റർ സെയ്മൂർ ആണ് കെട്ടിടത്തിന്റെ പോർച്ചിൽ നിൽക്കുന്നത്*

***312, അസൂസാ തെരുവ്***



***ആഗ്നസ് ഓസ്മാൻ***

*1901-ൽ ചാൾസ് പർഹാമിന്റെ ബൈബിൾ സ്കൂളിൽ ആദ്യമായി അന്യഭാഷകളിൽ സംസാരിച്ചുകൊണ്ട് നവപെന്തെക്കോസ്തു ചരിത്രത്തിന്റെ ഒന്നാം താളിലേക്ക് കയറിക്കൂടിയ ആഗ്നസ് ഓസ്മാൻ. 1870-ൽ ജനിച്ച്, 1937-ൽ മരിച്ച ഓസ്മാന്റെ ഈ ചിത്രം അവരുടെ മരണത്തിനു അല്പനാളുകൾക്കു മുമ്പെടുത്തതാണ്.*

2

# ആദ്യകാല ഉണർവ്വുകളിലെ ആത്മവരപ്രകടനങ്ങൾ

**ക്രി**സ്തുവർഷത്തിന്റെ എല്ലാ നൂറ്റാണ്ടുകളിലും സഭയ്ക്കുള്ളിൽ ഉണർവ്വിന്റെ കാറ്റു വീശിയിട്ടുണ്ട്. എന്നാൽ അതൊക്കെ മിക്കപ്പോഴും വ്യക്തികളിലോ ചെറിയ സമൂഹങ്ങളിലൊക്കെയായി ഒതുങ്ങിപ്പോയി. പ്രത്യേകിച്ചും മദ്ധ്യകാലഘട്ടത്തിലെ ഉണർവ്വുകളൊക്കെ അകാലത്തിൽ അടിച്ചമർത്തപ്പെട്ടു. പ്രണേതാക്കളുടെ ഓർമ്മപോലും ചരിത്രപുസ്തകത്തിൽ നിന്ന് മായിക്കപ്പെട്ടുപോയി. ജോൺ വിക്ലിഫ് (ഏകദേശം 1329–84) മുതലുള്ള നവീകരണ വീരൻമാരെപ്പറ്റിയേ നമുക്ക് ചരിത്രമുള്ളു. (ഇദ്ദേഹമാണ് ലാറ്റിൻ ഭാഷയിൽനിന്നും ഇംഗ്ലീഷിലേക്ക് ബൈബിൾ തർജ്ജമ ചെയ്തത്). പതിനെട്ടാം നൂറ്റാണ്ടിൽ ജോനാഥാൻ എഡ്‌വേർഡ്സിലൂടെ ആരംഭിച്ച 'ഗ്രേറ്റ് അവേയ്ക്കനിംഗ്' അന്നത്തെ യൂറോ-അമേരിക്കൻ ക്രൈസ്തവലോകത്തെ ഇളക്കിമറിക്കുക തന്നെ ചെയ്തു. അമേരിക്കയിലെ മസാച്ചുസെറ്റ് സ്റ്റേറ്റിൽ നോർത്താംപ്ടൺ പട്ടണത്തിൽ 1735ലെ വേനൽക്കാലത്ത് ആരംഭിച്ച ആ ഉണർവ്വ് ഒരു ദശകത്തിനകം വെള്ളക്കാരുടെ ലോകത്തെല്ലാം പടർന്നിരുന്നു.

ഗ്രേയ്റ്റ് അവേയ്ക്കനിംഗിനുശേഷം ബഹുപുരുഷാരത്തെ തൊട്ടുണർത്തുന്ന വലിയ ഉണർവ്വുകൾ ധാരാളമുണ്ടായി. 18-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ ദൃശ്യമായ 'സെക്കന്റ് അവേയ്ക്കനിംഗ്' 1800 – 1801 വർഷങ്ങളിലുണ്ടായ 'ഗ്രേയ്റ്റ് റിവൈവൽ', 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധമാരംഭിക്കുമ്പോൾ ആംഗലേയ ലോകത്തെയും കടന്ന് ഏഷ്യൻ രാജ്യങ്ങളിലേക്കുകൂടെ വ്യാപിച്ച 1860കളിലെ ഉണർവ്വ്, ഫിന്നി, മൂഡി തുടങ്ങിയ പ്രഗത്ഭ സുവിശേഷകരുടെ യോഗങ്ങളോടനുബന്ധമായി 19-ാം നൂറ്റാണ്ടൊടുവിൽ നടന്ന വലിയ ഉണർവ്വ്, വെയിത്സിലെ ഉണർവ്വ്.... അങ്ങനെ രണ്ടു നൂറ്റാണ്ടിനിടയ്ക്ക് പേരെടുത്തുപറയാവുന്ന വലിയ ഉണർവ്വുകൾ പലതുണ്ടായി.



***ജോൺ വെസ്‌ളി – പെന്തെക്കോസ്തലിസത്തിന്റെ മുതുമുത്തച്ഛൻ***
*വിശുദ്ധീകരണത്തെ നീതികരണത്തിനുശേഷമുള്ള രണ്ടാം അനുഭവമായി ചിത്രീകരിച്ച ജോൺ വെസ്‌ളി, പെന്തെക്കോസ്തലിസത്തിന്റെ മുതുമുത്തച്ഛനാണെന്നാണ് ചരിത്രകാരനായ ജെയിംസ് ഡൺ പ്രസ്താവിച്ചിരിക്കുന്നത്. തന്റെ ഹൃദയം യുക്ത്യതീതമായി ഉത്തേജിപ്പിക്കപ്പെടാറുണ്ടെന്ന് വെസ്‌ളി പറയുമായിരുന്നു. ദൈവീക പ്രവർത്തനങ്ങൾക്ക് പരിധിവയ്ക്കുവാൻ പാടില്ലെന്നും അവിടുത്തേക്ക് ഇഷ്ടമുള്ള രീതിയിൽ പ്രവർത്തിക്കാൻ നാം അനുവദിക്കണമെന്നും വെസ്‌ളി പറഞ്ഞു.*

ഈ ഉണർവ്വുകാലങ്ങളിലൊക്കെ ആത്മാവിന്റെ വരങ്ങൾ പ്രകടനാത്മകമായ നിലയിൽ പ്രദർശിപ്പിക്കപ്പെട്ടിട്ടുണ്ടെന്നത് ഒരു ചരിത്രയാഥാർത്ഥ്യമാണ്. പ്രത്യക്ഷത്തിലല്ലെങ്കിൽത്തന്നെ ഉണർവ്വിന്റെ രചിക്കപ്പെട്ട ചരിത്രം അതിനു സൂചനകൾ നൽകുന്നുണ്ട്.

ഗ്രേയ്റ്റ് അവേയ്ക്കനിംഗിന്റെ ചരിത്രം പഠിച്ചാൽ അത് വ്യാപിച്ചിടത്തൊക്കെ ബുദ്ധിയിലൊതുക്കുവാൻ കഴിയാത്ത ആത്മവരപ്രകടനങ്ങൾ ഉണ്ടായിട്ടുണ്ടെന്നു കാണാം. ആത്മവരങ്ങളുടെ ഈ പ്രകടനാത്മകതയെപ്പറ്റി 18–ാം നൂറ്റാണ്ടിലെ ഉണർവ്വിന്റെ നായകരായ ജോൺ വെസ്ലിയും ജോർജ് വൈറ്റ്ഫീൽഡും തമ്മിൽ നടന്ന ഒരു സംഭാഷണം ജോൺ വെസ്ലിയുടെ ജേർണലിലുണ്ട്.

**1739 ജൂലൈ 6, വെള്ളി**

"ഇന്ന് ഉച്ചതിരിഞ്ഞ് മി. വൈറ്റ്ഫീൽഡ് ലണ്ടനിൽ നിന്നു വന്നു. ഞങ്ങളോടൊരുമിച്ച് ബാപ്റ്റിസ്റ്റ് മിൽസിലേക്കുപോയി. അവിടെ 'വിശ്വസിക്കുന്നവരൊക്കെയും പരിശുദ്ധാത്മാവിനെ പ്രാപിക്കണം' എന്ന വിഷയത്തെപ്പറ്റി വൈറ്റ്ഫീൽഡ് പ്രസംഗിച്ചു. ശ്രോതാക്കൾ നല്ല വിശ്വാസികളും സുവിശേഷ താൽപര്യമുള്ളവരുമായിരുന്നിട്ടുകൂടെ അവരിൽ അതുവരെ പരിശുദ്ധാത്മാവ് ഇല്ലായിരുന്നു എന്ന മട്ടിലാണ് അദ്ദേഹം പ്രസംഗിച്ചത്.

**ജൂലൈ 7, ശനി**

ദൈവാത്മ പ്രവർത്തനം ഉള്ളിൽ ഉണ്ടാകുന്നവരിൽ ചിലരുടെ ശാരീരിക പ്രകടനങ്ങളെപ്പറ്റി വൈറ്റ്ഫീൽഡുമായി സംസാരിക്കുവാൻ ഇന്ന് എനിക്ക് അവസരം ലഭിച്ചു. അതിനദ്ദേഹത്തിനു യുക്തിപര

മായ ഒരു വിശദീകരണം നൽകാനായി ല്ലെങ്കിലും അന്നു വൈകിട്ടത്തെ യോഗ ത്തിൽ ആത്മപകർച്ചയുണ്ടായപ്പോൾ ചില വിശ്വാസികളിൽ ദൃശ്യമായ ശാരീരിക പ്രകടനങ്ങൾ കാണുവാൻ എനിക്കു കഴിഞ്ഞു. ഒരാൾ വല്ലാതെ വിറയ്ക്കുന്നു ണ്ടായിരുന്നു. മറ്റ് രണ്ടു പേർ സ്വശരീര ങ്ങളെ നിയന്ത്രിക്കുവാനാവാതെ ചലിച്ചു കൊണ്ടിരുന്നു. അടുത്തൊരാളാകട്ടെ, ഉച്ചത്തിൽ കരയുകയും ഉച്ചരിക്കാനാ കാത്ത ദീനശബ്ദങ്ങൾ പുറപ്പെടുവിക്കു കയും ചെയ്തു. ആ സമയം മുതൽ ദൈവിക പ്രവർത്തനങ്ങൾക്ക് പരിധിവയ് ക്കുവാൻ പാടില്ലെന്നും അവിടുത്തേക്ക് ഇഷ്ടമുള്ള രീതിയിൽ പ്രവർത്തിക്കു വാൻ നാം അനുവദിക്കണമെന്നും എനി ക്കു മനസ്സിലായി." (The Journal of John Wesley P. 76).

വെസ്ലിയുടെ യോഗങ്ങളിലൊക്കെ പിൽക്കാലങ്ങളിൽ ശക്തമായ ആത്മ പകർച്ചയുണ്ടായി. അത് പ്രകടനാത്മക മായിരുന്നുതാനും.


പെന്തെക്കോസ്തലിസത്തിന്റെ കഴി ഞ്ഞ നൂറ്റാണ്ടുകളിലെ വക്താവായാണ് ജോൺ വെസ്ലിയെ ചരിത്രകാരനായ ജയിംസ് ഡൺ വിശേഷിപ്പിക്കുന്നത്. ''തന്റെ ഹൃദയം യുക്ത്യതീതമായി ഉത്തേജിപ്പിക്കപ്പെടാറുണ്ടെന്ന് വെസ്ലി പറ യുമായിരുന്നു. വിശ്വാസികളോട് ആത്മാ വിന്റെ അന്തർസാക്ഷ്യത്തിനായി കാത്തി രിക്കാൻ അദ്ദേഹം ആവശ്യപ്പെട്ടു. വിശു ദ്ധീകരണത്തെ 'നീതീകരണത്തിനുശേഷ മുള്ള കൃപയുടെ രണ്ടാമനുഭവമായി' ചിത്രീകരിച്ചതും വെസ്ലിയാണ്. (പെന്തെ ക്കോസ്തർ പരിശുദ്ധാത്മാവിനെ രണ്ടാമ നുഭവമായി ചിത്രീകരിക്കുംപോലെ) ജോൺ വെസ്ലിയെ പെന്തെക്കോസ്ത ലിസത്തിന്റെ മുതുമുത്തച്ഛനായി ചിത്രീ കരിക്കുന്നതിൽ ഒരു അപാകതയുമില്ല..." (James Dun, The Pentecostals- History of Christianity P. 618)

നോർത്താംപ്ടണിലെ ഉണർവ്വ് അനു ഭവങ്ങളിലും ആത്മവരങ്ങൾ പ്രദർശിപ്പി ക്കപ്പെട്ടിരുന്നുവെന്ന് ജോനാഥാൻ എഡ്വേ ർഡ്സിന്റെ "ട്രീറ്റീസ് ഓൺ ദി റിലിജി യസ് അഫക്ഷൻസ്" വ്യക്തമാക്കുന്നുണ്ട്. ഹോളണ്ടിൽ നടന്ന ഒരു ഉണർവ്വുയോഗ ത്തെപ്പറ്റി 1749-ൽ വന്ന റിപ്പോർട്ട് പറ യുന്നത്, 'ആ സംഭവങ്ങൾ വിവരിച്ചാൽ അത് അപ്പൊസ്തലപ്രവൃത്തി 2-ാം അദ്ധ്യായത്തിന്റെ തനിയാവർത്തനമാ യിരിക്കു'മെന്നാണ്. (John Gillies, Historical Collections-1845).

19-ാം നൂറ്റാണ്ടിലെ ഉണർവ്വുകൾക്ക് നടുനായകത്വം വഹിച്ച ഡി. എൽ. മൂഡിയും ചാൾസ് ഫിന്നിയും മറ്റും പരി ശുദ്ധാത്മവരങ്ങളുടെ ശക്തിയറിഞ്ഞവരാ യിരുന്നു. ഫിന്നി ദൈവാത്മശക്തിയിൽ നിറയപ്പെടുന്ന അനുഭവത്തെപ്പറ്റി പറ ഞ്ഞത്, "താൻ വൈദ്യുത തരംഗങ്ങളാൽ ത്രസിപ്പിക്കപ്പെടുന്നതുപോലെ തോന്നു ന്നു"വെന്നാണ്. പലപ്പോഴും ആത്മശക്തി യുടെ ഈ പ്രവാഹത്തെ താങ്ങുവാൻ കഴിയാഞ്ഞിട്ട് "ദൈവമേ അല്പസമയ ത്തേക്ക് അങ്ങയുടെ ശക്തമായ കരങ്ങൾ എന്നിൽ നിന്നും പിൻവലിക്കേണമേ. അല്ലെങ്കിൽ ഞാൻ മരിച്ചു പോകും" എന്ന ദ്ദേഹം വിലപിച്ചിട്ടുണ്ടത്രേ. (Steve Durasoff, Bright Wind of the Spirit, Page 50)

മൂഡിയുടെ യോഗങ്ങളിലും ആത്മ വരങ്ങളുടെ ശക്തമായ പ്രദർശനം ഉണ്ടാ യതായി പെന്തെക്കോസ്ത് ചരിത്രകാര നായ സ്റ്റാൻലി ഫ്രോഡ് ഷാം പ്രസ്താവി ച്ചിട്ടുണ്ട്. 1873-ൽ ഗ്രേയ്റ്റ് ബ്രിട്ടണിലെ വൈ. എം. സി. എ.യിൽ സംഘടിപ്പിക്ക പ്പെട്ട ഒരു യോഗത്തിൽ മൂഡിയുടെ പ്രസംഗം കഴിഞ്ഞപ്പോൾ ശ്രോതാക്കളായ

***ജോർജ് വൈറ്റ്ഫീൽഡ്***



*ഇംഗ്ലണ്ടിലെ ഉണർവ്വിന്റെ നായകനായിരുന്ന ജോർജ് വൈറ്റ്ഫീൽഡ് ആത്മവരങ്ങൾ പ്രകടമായിരിക്കു മെന്ന് വിശ്വസിച്ച വ്യക്തിയാണ്. അദ്ദേഹം തന്നെ ആത്മവരങ്ങൾ പ്രകടിപ്പിച്ചിരുന്ന ആളുമാണ്. ഒരിക്കൽ, സ്വന്ത പട്ടണത്തിൽ വൈറ്റ്ഫീൽഡ് നടത്തിയ പ്രസംഗം 15 പേരെ ഭ്രാന്തൻമാരാക്കിയെന്ന് ഇടവകക്കാർ ബിഷപ്പിനോടു പരാതിബോധിപ്പിച്ചു. പ്രസംഗവേളകളിൽ 'ഓ !!! എന്ന ശബ്ദത്തോടെ അദ്ദേഹം പ്രകടിപ്പിച്ച ആത്മാഹ്ലാദം തന്റെ ശ്രോതാക്കളെ സ്വർഗ്ഗീയാനുഭൂതികളിലേക്ക് നയിക്കാൻ പര്യാപ്തമായിരുന്നു. അന്നത്തെ പ്രസിദ്ധ നടനായിരുന്ന ഡേവിഡ് ഗാരിക്ക് ഒരിക്കൽ ഇങ്ങനെ പറഞ്ഞു, "മിസ്റ്റർ വൈറ്റ്ഫീൽഡിനെപ്പോലെ 'ഓ ! ! !' എന്നു പറയാൻ എനിക്കു കഴിഞ്ഞിരുന്നെങ്കിൽ നൂറു സ്വർണ്ണനാണയങ്ങളെങ്കിലും അതിനു പ്രതിഫലം കിട്ടിയേനെ."*

---


യുവാക്കൾ അന്യഭാഷകളിൽ സംസാരിക്കുകയും പ്രവചിക്കുകയും ചെയ്തിരുന്നുവെന്ന് അദ്ദേഹം പറയുന്നു. അതേ വർഷം ന്യൂ ഇംഗ്ലണ്ടിൽ നടന്ന ഉണർവ്വു യോഗങ്ങളിലും അന്യഭാഷാഭാഷണം ഉൾപ്പെടെയുള്ള ആത്മവരപ്രകടനങ്ങൾ സാധാരണമായിരുന്നുവെന്നും ഫ്രോഡ്ഷാം പ്രസ്താവിച്ചിട്ടുണ്ട്. (Stanly H. Frodsham, With Signs Following, Page 9,10).

പതിനെട്ടാം നൂറ്റാണ്ടിൽ ആംഗലേയ ലോകത്തിൽ ആരംഭിച്ച ഉണർവ്വ് ഏഷ്യൻ രാജ്യങ്ങളിലേക്കും വ്യാപിച്ചിരുന്നു. അന്നത്തെ ഉണർവ്വു യോഗങ്ങളിൽ, ആംഗലേയ ലോകത്ത് ഉണ്ടായതിനെക്കാൾ വ്യാപകമായി മറ്റ് രാജ്യങ്ങളിൽ പരിശുദ്ധാത്മവരങ്ങൾ പ്രകടമായി എന്നതാണ് വാസ്തവം. ഇന്ത്യയിൽത്തന്നെ, 1860-ൽ തിരുനെൽവേലിയിലും, 1870 കളിൽ മദ്ധ്യതിരുവിതാംകൂറിലും അരുളപ്പന്റെ നേതൃത്വത്തിൽ നടന്ന ഉണർവ്വുയോഗങ്ങൾ, പത്തു വർഷങ്ങൾക്കുശേഷം ഡേവിഡ് ഫെൻ, കൂടാരപ്പള്ളിൽ തൊമ്മൻ, വിദ്വാൻകുട്ടി എന്നിവരുടെ നേതൃത്വത്തിൽ മദ്ധ്യതിരുവിതാംകൂറിൽത്തന്നെ നടന്ന യോഗങ്ങൾ, അതേ വർഷങ്ങളിൽതന്നെ ലുധിയാനയിലും മറ്റ് ചില ഉത്തരേന്ത്യൻ നഗരങ്ങളിലും നടന്ന ഉണർവ്വുയോഗങ്ങൾ ഇവിടെയൊക്കെ പെന്തെക്കോസ്ത് വ്യാപാരമുണ്ടായതായി രേഖകൾ ഉണ്ട്.

വെൽഷ് ഉണർവ്വിനെ ഒരു പെന്തെക്കോസ്ത് ഉണർവ്വായി കണക്കാക്കാൻ പെന്തെക്കോസ്തു വിരോധം പുലർത്തുന്ന സുവിശേഷവിഹിതർക്കും, കടുത്ത യാഥാസ്ഥിതികരും അമേരിക്കൻ പക്ഷവാദികളുമായ പെന്തെക്കോസ്ത് ചരിത്രകാരൻമാർക്കും ബുദ്ധിമുട്ടുണ്ട്. വെയിൽസിൽ ഉണർത്തപ്പെട്ട ജനത അന്യഭാഷാഭാഷണത്തിനു പ്രാധാന്യം കൊടുത്തില്ല എന്നതാണ് അതിനു കാരണമായി രണ്ടു കൂട്ടരും പറയുന്നത്.

എന്നാൽ അന്യഭാഷാഭാഷണം പ്രകടമല്ലായിരുന്നുവെങ്കിൽക്കൂടെ, വെൽഷ് ഉണർവ്വിനു ഒരു പെന്തെക്കോസ്ത് മാനം ഉണ്ടായിരുന്നുവെന്നതാണ് സത്യം.

### *ജോനാഥാൻ എഡ്വേർഡ്സ്*



*തത്വചിന്തകനും ദൈവശാസ്ത്രജ്ഞനുമായിരുന്ന ജോനാഥാൻ എഡ്വേർഡ്സ് 1735-ൽ അമേരിക്കയിലെ മസാച്ചുസെറ്റസ് സ്റ്റേറ്റിൽ, നോർത്താംപ്റ്റൺ പട്ട ണത്തിൽ നടത്തിയ ഒരു പ്രസംഗത്തിലാണ് 'ഗ്രേറ്റ് അവേക്കനിംഗ്' എന്ന പേരിൽ അറിയപ്പെടുന്ന ഉണർവ്വ് പൊട്ടിപ്പുറപ്പെടുന്നത്. ഉണർവ്വ് എന്നത് കൃപയുടെ തനതായ ഒരു പ്രവർത്തനമാണെന്നും അതിൽ മാനസീകവും ശാരീരകവുമായ വികാരോ ത്തജനത്തിന്റെ പ്രദർശനമുണ്ടായിരിക്കുമെന്നും വിശ്വസിച്ച ആളായിരുന്നു എഡ്വേർഡ്സ്.*

വെയിൽസിൽ ഉണർവ്വുകാലത്ത് കരിസ് മാറ്റിക് പ്രതിഭാസം ദൃശ്യമായിരുന്നു വെന്നു തന്നെയാണ് പെന്തെക്കോസ്തി തര ഉണർവ്വുചരിത്രകാരനായ എഡ്വിൻ ഓർ പറയുന്നത്. “വെളിപ്പാടും ആത്മ വിവശതയും ദർശനവും തുടങ്ങി ആത്മ വരങ്ങളൊക്കെത്തന്നെ വെയിൽസ് ഉണർ വ്വിൽ പ്രദർശിപ്പിക്കപ്പെട്ടിരുന്നു. എന്നാൽ അന്യഭാഷാഭാഷണം (ഗ്ലോസ്സോ ലാലിയ) റിപ്പോർട്ടു ചെയ്യപ്പെട്ടിരുന്നില്ല. (J. Edwin Orr, The flaming Tongue, ch. 24, The Pentecostal Aftermath).

ഇപ്പറഞ്ഞതുകൊണ്ട് വെൽഷ് ഉണർ വ്വ് പെന്തെക്കോസ്ത് വിരുദ്ധമായിരുന്നു വെന്നല്ല അർത്ഥം. വാസ്തവത്തിൽ വെയിൽസിലും യൂറോപ്പിലും ലോകത്തി ലാകമാനവുമായി പടർന്നു പിടിച്ച ഈ മഹാ ഉണർവ്വുതന്നെയാണ് പെന്തെക്കോ സ്തുണർവ്വിനോട് ഏറ്റവും അടുത്തു നിൽക്കുന്നത്. വെൽഷ് ഉണർവ്വിന്റെ പശ്ചാത്തലത്തിൽ ഒരു ആത്മീയ ഉണർച്ച യിൽ നിന്നുകൊണ്ട് പശ്ചിമ യൂറോപ്യൻ ജനതയ്ക്ക് പെന്തെക്കോസ്ത് സന്ദേശ ത്തെ ഉൾക്കൊള്ളുവാൻ പ്രയാസമുണ്ടാ യില്ല. ചില യൂറോപ്യൻ രാജ്യങ്ങളിലാ വട്ടെ ജനറൽ അവേയ്ക്കനിംഗിനെ പെന്തെക്കോസ്തുണർവ്വു വിഴുങ്ങുക തന്നെ ചെയ്തു.

വെയിൽസിലെ ആത്മീയ ഉണർവ്വു മുഖാന്തരം പാരമ്പര്യ സഭകളിലെ അംഗ സംഖ്യയ്ക്ക് എന്തുകൊണ്ട് പിൽക്കാല ങ്ങളിൽ (എണ്ണത്തിൽ) വളർച്ചയുണ്ടായില്ല എന്ന ചോദ്യത്തിനു എഡ്വിൻ ഓറിന്റെ മറുപടി ‘‘പുതുതായി രൂപംകൊണ്ട പെന്തെക്കോസ്ത് പ്രതിഭാസത്തിലേക്ക് ജനങ്ങൾ ചോർന്നുപോയി” എന്നാണ്. (Edwin Orr, Evangelical Awakenings in India, Page 55).

പറഞ്ഞുവന്നത് ഒന്നാം നൂറ്റാണ്ടിനു ശേഷം ക്രൈസ്തവസഭയിലുണ്ടായ ഏറ്റവും വലിയ ഉണർവ്വായ 'ഗ്രേയ്റ്റ് അവെയ്ക്കനിംഗ്' മുതൽ ഇങ്ങോട്ടുള്ള എല്ലാ ഉണർവ്വു സംഭവങ്ങളിലും പരി ശുദ്ധാത്മവരങ്ങൾ പ്രത്യക്ഷമായ നില യിൽ പ്രകടമായിരുന്നുവെന്നാണ്. അതു കൊണ്ടു തന്നെ ആ ഉണർവ്വുകൾ ഇരു പതാം നൂറ്റാണ്ടിലെ ശക്തമായ പെന്തെ ക്കോസ്ത് പ്രവാഹത്തിനു മുന്നോടി യായി പരിഗണിക്കേണ്ടതാണ്. ഉണർവ്വു ചരിത്രരചനയിൽ പെന്തെക്കോസ്ത് വിഭാ ഗത്തിൽ തന്നെ പലരും ഇക്കാര്യം വ്യക്ത മാക്കിയിട്ടില്ല.

ഒരു നവ പെന്തെക്കോസ്ത് ഉണർവ്വി നായുള്ള ഒരുക്കം 1901 ലെ ആദ്യ അന്യ ഭാഷാ ശ്രവണത്തിന്റെ ചരിത്രത്തിനു നൂറ്റാണ്ടുകൾക്കു മുൻപു തുടങ്ങിയ

താണ്. മദ്ധ്യകാലഘട്ടത്തിലെ ഒറ്റപ്പെട്ട ഉണർവ്വുസംഘങ്ങളിലൂടെ, നവീകരണ ത്തിലൂടെ, പ്യൂരിറ്റൻ - സെപ്പറേഷനിസ്റ്റ് ചിന്താഗതികളിലൂടെ, ഒരു രണ്ടാമനുഭ വമായി വിശുദ്ധീകരണത്തെ ചിത്രീകരിച്ച വെസ്ലിയിലൂടെ, ഗ്രെയ്റ്റ് അവെയ്ക്കനിംഗ്, സെക്കന്റ് അവേയ്ക്കനിംഗ്, ഗ്രേയ്റ്റ് റിവൈവൽ തുടങ്ങിയ ഉണർവ്വു സംഭവ ങ്ങളിലൂടെ, ഭക്തി പ്രസ്ഥാനത്തിലൂടെ, ചാൾസ് ഫിന്നിയിലൂടെ, ഡി. എൽ. മൂഡി യിലൂടെ, കെസ്വിക് കൺവൻഷനുകളി ലൂടെ, ഹോളിനസ്സ് പ്രസ്ഥാനത്തിലൂടെ ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിലെ ജനറൽ അവെയ്ക്കനിംഗിലൂടെ ചവിട്ടു പടികൾ കയറി അതു പ്രത്യക്ഷമാകുവാൻ കാല മെടുത്തുവെന്നേയുള്ളൂ. എന്നാൽ ഈ കാലങ്ങളിലൊക്കെ, പ്രത്യേകിച്ച് കഴിഞ്ഞകാല ഉണർവ്വു സംഭവങ്ങളിലൊ ക്കെ ആത്മവരങ്ങളുടെ പ്രദർശനം ദൃശ്യ മായിട്ടുണ്ട് എന്നത് ഒരു യാഥാർത്ഥ്യമാണ്. പലപ്പോഴും അന്യഭാഷാഭാഷണം നടന്നി ട്ടുമുണ്ട്. എന്നാൽ അത് പ്രസ്ഥാനവൽ ക്കരിക്കപ്പെട്ടില്ലെന്നേയുള്ളൂ.

3

# പെന്തെക്കോസ്ത് ഇന്ത്യയിൽ

പരിശുദ്ധാത്മവരങ്ങളുടെ പ്രകടനം പല ഉണർവ്വുയോഗങ്ങളിലും പ്രദർശിതമായിരുന്നുവെങ്കിലും ഈ നൂറ്റാണ്ടിലെ പെന്തെക്കോസ്തുണർവ്വിന്റെ ആരംഭമായി പരിഗണിക്കപ്പെടുന്നത് 1901 ജനുവരി ഒന്നിനു റ്റൊപ്പീക്കയിൽ ചാൾസ് പർഹാമിന്റെ ബെഥേൽ ബൈബിൾ സ്കൂളിൽവച്ച് ആഗ്നസ് ഓസ്മാനാൽ അനുഭവമായ അന്യഭാഷാഭാഷണത്തെയാണ്. അതുപോലെ കഴിഞ്ഞ നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലും ഈ നൂറ്റാണ്ടിന്റെ ആദ്യവർഷങ്ങളിലും ഇന്ത്യയിൽ നടന്ന ഉണർവ്വുയോഗങ്ങളിൽ ആത്മവരങ്ങളുടെ പ്രകടമായ പ്രദർശനം പലയിടങ്ങളിലുമുണ്ടായി എങ്കിലും ഇന്ത്യയിലെ പെന്തെക്കോസ്തുണർവ്വിന്റെ ആരംഭമായി കണക്കാക്കപ്പെടുന്നത് 1905-ൽ മുക്തിമിഷനിൽ ഉണ്ടായ പരിശുദ്ധാത്മപകർച്ചയെയാണ്.

ഉണർവ്വുകാലങ്ങളിലെ ആത്മവരപ്രകടനങ്ങൾ ഒറ്റപ്പെട്ടവയായിരുന്നു. അവ പുറംലോകം ശ്രദ്ധിക്കത്തക്ക നിലയിൽ ശക്തിയേറിയതല്ലായിരുന്നതിനാലും സംഘടിതരൂപം കൈവരിക്കത്തക്കനിലയിൽ ദീർഘമായി നിലനിൽക്കാഞ്ഞതിനാലുമാണ് 'മുക്തിയിലെ ഉണർവ്വ്' നവപെന്തെക്കോസ്ത് ചരിത്രത്തിന്റെ പ്രാരംഭപുറങ്ങളിൽ കയറിക്കൂടിയത്

മുക്തിമിഷനിലെ പരിശുദ്ധാത്മ ഉണർവ്വിന്റെ പ്രത്യേകത അതിന്റെ ഭാരതീയ അടിസ്ഥാനമാണ്. അസൂസാ സ്ട്രീറ്റിലെ പെന്തെക്കോസ്തുണർവ്വ് ആരംഭിക്കുന്നതിനു മുമ്പാണ് മുക്തിമിഷനിൽ പെന്തെക്കോസ്തുണർവ്വു പൊട്ടിപുറപ്പെട്ടത്. 1905 ജൂൺ 29നു പുലർച്ചെ മൂന്നരയ്ക്ക് മിഷൻഹൗസിലെ ഒരു സീനിയർ പെൺകുട്ടിയിലാണ് ഉണർവ്വിന്റെ ആരംഭം. പിറ്റേന്ന് രാവിലെ രമാഭായി യോഹന്നാന്റെ സുവിശേഷം എട്ടാം അദ്ധ്യായം ആസ്പദമാക്കി വേദപാഠ ക്ലാസ്സുകൾ നടത്തുമ്പോൾ കേൾവിക്കാരിലേക്ക് ഉണർവ്വു വ്യാപിച്ചിരുന്നു. പെൺകുട്ടികളുടെ ഉച്ചത്തിലുള്ള കരച്ചിലിനും പ്രാർത്ഥനയ്ക്കുമിടയിൽ രാമാഭായിയുടെ വേദപാഠക്ലാസ്സുകൾ മുങ്ങിപ്പോയി.

***പണ്ഡിത രമാഭായി***



*പണ്ഡിത രമാഭായി നയിച്ച മുക്തി മിഷനിലെ ഉണർവ്വു യോഗത്തിൽ വച്ചാണ് 1905-ൽ ഇന്ത്യയിലെ പെന്തെക്കോസ്തുണർവ്വു പൊട്ടിപ്പുറപ്പെടുന്നത്.*



***എ.ജി. ഗാർ***

അന്യഭാഷാഭാഷണം ഉൾപ്പെടെയുള്ള എല്ലാ ആത്മവരങ്ങളുടെയും പ്രദർശനം മുക്തി ഉണർവ്വുയോഗങ്ങളിൽ ഉണ്ടായിരുന്നു.

ആംഗ്ലിക്കൻ മനസ്സുള്ള രമാഭായി ഈ അന്യഭാഷയെയും ബഹളത്തെയും എങ്ങനെയാണ് നോക്കികണ്ടത്? “ഞാനാദ്യം അതിനെപ്പറ്റി വളരെ ബോധവതിയായിരുന്നു. എന്നാൽ ദൈവത്തിന്റെ പ്രവർത്തനത്തിൽ ഏതെങ്കിലും നിലയിൽ കൈകടത്താൻ ഞാൻ ആഗ്രഹിച്ചില്ല.” (Panditha Ramabai H.S. Dyer, P II).


മുക്തി ഉണർവ്വിൽ ഭാഗഭാക്കായവർ മദ്ധ്യഇന്ത്യയിലും ഉത്തരഇന്ത്യയിലും ഉണർവ്വ് വാഹകരായി സഞ്ചരിച്ചു. എന്നാൽ, പിൽക്കാലത്തെ പെന്തെക്കോസ്ത്വ്യാപനത്തിന് അവരുടെ പ്രവർത്തനം സഹായമായെങ്കിൽക്കൂടെ, മുക്തിയിലെ ആളുകൾ തങ്ങളെത്തന്നെ പെന്തെക്കോസ്തരായി കരുതുകയോ സംഘടിത നിലയിൽ പെന്തെക്കോസ്തിന്റെ വളർച്ചയ്ക്ക് ഉപകരണങ്ങളാവുകയോ ചെയ്തില്ല.

ഇന്ത്യയിൽ പെന്തെക്കോസ്തിന് ഒരു സംഘടിതഭാവം നൽകുന്നത് വിദേശമിഷനറിമാർ തന്നെയാണ്. അസൂസാ സ്ട്രീറ്റിലെ ഉണർവ്വുയോഗങ്ങളിൽ ആത്മസ്നാനം പ്രാപിച്ച പലരും പെന്തെക്കോസ്ത് മിഷനറിമാരായി ഇന്ത്യയിലേക്കു പോന്നിരുന്നു. ഭാരതത്തിലെ സംഘടിത പെന്തെക്കോസ്ത് പ്രസ്ഥാനങ്ങൾക്ക് ഏറെ കടപ്പാടുള്ളത് തീർച്ചയായും ആ മിഷനറിമാരോടാണ്.

പണ്ഡിത രമാഭായിയുടെ മുക്തി മിഷനിൽവച്ച് 1905-ൽ പരിശുദ്ധാത്മസ്നാനം പ്രാപിച്ച അമേരിക്കൻ മിഷനറി വനിത മിന്നി അംബ്രാംസിനെ ഒഴിച്ചു നിർത്തിയാൽ പെന്തെക്കോസ്തിന്റെ സന്ദേശവുമായി ഇന്ത്യയിലേക്ക് ആദ്യമെത്തിയ മിഷനറി എ.ജി. ഗാർ ആണെന്നു തോന്നുന്നു. 1906 ജൂൺ പതിനാറിനു ഗാർ ആത്മസ്നാനം പ്രാപിച്ചു. അസൂസാ സ്ട്രീറ്റിലെ ഉണർവ്വുനായകനായിരുന്ന വില്യം ജെ. സെയ്മൂർ എന്ന കറുത്ത വർഗ്ഗക്കാരനായ പാസ്റ്ററുടെ യോഗങ്ങളിൽ പങ്കെടുത്ത് പരിശുദ്ധാത്മസ്നാനം പ്രാപിക്കുന്ന ആദ്യത്തെ വെള്ളക്കാരൻ പാസ്റ്റർ ആയിരുന്നു എ.ജി. ഗാർ.



***ക്രിസ്ത്യൻ ഷൂൺമേക്കർ***



***തോമസ് ബാരറ്റ്***

അസൂസാ തെരുവിൽവച്ചുതന്നെ ഇന്ത്യയിലേക്ക് മിഷനറിയായി പോകാൻ ഗാർ തീരുമാനമെടുത്തു. 1907-ൽ അദ്ദേഹം കൽക്കത്തയിലെത്തി. അവിടെ മിഷനറിമാരുടെ ഒരു കൺവൻഷനിൽ പരിശുദ്ധാത്മസ്നാനത്തെക്കുറിച്ച് പ്രസംഗിച്ചശേഷം പണ്ഡിത രമാഭായിയുടെ മുക്തിമിഷനിലേക്കും പിന്നെ ബോംബെയിലേക്കും യാത്ര ചെയ്ത് പെന്തെക്കോസ്തിന്റെ പ്രചാരകനായി 1912-നു മുമ്പ് ഗാർ പെന്തെക്കോസ്ത് ദൂതുമായി മിക്ക ഏഷ്യൻ രാജ്യങ്ങളും സന്ദർശിച്ചിരുന്നു.

അസൂസാ സ്ട്രീറ്റിൽനിന്നും തെക്കെ ഇന്ത്യയിൽ എത്തിയ ആദ്യ മിഷനറി തോമസ് ബാരറ്റ് (നോർവ്വെ) ആണെന്നാണ് രേഖകൾ. യൂറോപ്പിന്റെ പെന്തെക്കോസ്ത് അപ്പൊസ്തലൻ എന്നറിയപ്പെടുന്ന ബാരറ്റ് സ്വീഡനിലും, ഇംഗ്ലണ്ടിലും, ജർമ്മനിയിലുമെല്ലാം ആദ്യമായി പെന്തെക്കോസ്ത് സന്ദേശമെത്തിച്ച മഹത്വ്യക്തിയാണ്. 1907-ൽ അദ്ദേഹം മറ്റ് രാജ്യങ്ങളിലെന്നപോലെ ഇന്ത്യയിലും എത്തി. മദ്രാസ് പ്രവിശ്യയിലെ കുനൂരിൽ മിഷനറിമാർക്കായി പെന്തെക്കോസ്ത് ഉണർവ്വുയോഗങ്ങൾ നടത്തിയ ബാരറ്റിന് ഏറെ ആളുകളെ ശിഷ്യരാക്കുവാൻ കഴിഞ്ഞു. ഈ യോഗങ്ങളിൽ പരിശുദ്ധാത്മസ്നാനം പ്രാപിച്ച മിസ് ബൗൺസിൽ, ആൾഡ് വിങ്കിൾ എന്നീ ബ്രദറൺ മിഷനറിമാരാണ് പിന്നീട് തെക്കൻ തിരുവിതാംകൂറിൽ പെന്തെക്കോസ്തിന്റെ സന്ദേശവുമായി എത്തിയത്.

ഇതിനോടടുത്ത കാലത്താണ് ജർമ്മൻ വംശജനായ ജോർജ് ബർഗ് അമേരിക്കയിൽനിന്നു പെന്തെക്കോസ്ത് സന്ദേശവുമായി ബാംഗ്ലൂരിലെത്തുന്നത്. തനിക്കു മുമ്പു വന്ന മിഷനറിമാർ പാശ്ചാത്യ മിഷനറിമാരുടെ ഇടയിലോ, ആംഗലേയ ഭാഷ കൈവശമായവരുടെയിടയിലോ, തങ്ങളുടെ പ്രവർത്തനം ഒതുക്കിനിർത്തിയപ്പോൾ ബർഗ് സ്വദേശീയരായ ജനങ്ങളുടെ ഇടയിലേക്കു പെന്തെക്കോസ്ത് സന്ദേശവുമായി യാത്ര ചെയ്തു. നാട്ടുകാർക്കിടയിൽ പെന്തെക്കോസ്ത് കൂടിവരവുകൾ ആരംഭിക്കുവാൻ കഴിഞ്ഞയാൾ എന്ന സവിശേഷതയും ബർഗ്ഗിനുണ്ട്.

1907-ൽ ഇന്ത്യയിലെത്തിയ മറ്റൊരു അമേരിക്കൻ മിഷനറിയായിരുന്നു ക്രിസ്റ്റ്യൻ ഷൂൺമേക്കർ. ക്രിസ്റ്റ്യൻ ആൻഡ് മിഷനറി അലൈൻസ് (CMA) സംഘത്തിന്റെ മിഷനറിയായാണ് അദ്ദേഹം ഇന്ത്യയിൽ വന്നത്. പരിശുദ്ധാത്മസ്നാനത്തിനായി കാത്തിരിക്കേണ്ടത് അത്യാവ

ശ്യമാണെന്ന് അദ്ദേഹം ജനങ്ങളോടു ശക്തിയായി പ്രബോധിപ്പിച്ചു. എന്നാൽ അന്ന് അദ്ദേഹം പരിശുദ്ധാത്മസ്നാനം പ്രാപിച്ചിരുന്നില്ല. 1908-ൽ അദ്ദേഹം പരിശുദ്ധാത്മാവിനാൽ നിറയുകയും രോഗശാന്തിയുൾപ്പെടെ പല ആത്മവരങ്ങളോടെ തന്റെ ശുശ്രൂഷ തുടരുകയും ചെയ്തു. പിന്നീട് അസംബ്ലീസ് ഓഫ് ഗോഡിൽ ചേർന്ന ഷൂൺമേക്കർ 1917-ൽ എ.ജി. മിഷനറിയായി വീണ്ടും ഇന്ത്യയിലെത്തി. 1918-ൽ സഹാരൻപൂരിൽ ഇന്ത്യൻ അസംബ്ലീസ് ഓഫ് ഗോഡ് സംഘടിത രൂപം പ്രാപിച്ചപ്പോൾ ഷൂൺമേയ്ക്കർ ആയിരുന്നു അതിന്റെ ചെയർമാൻ.

മിന്നി അംബ്രാസിനെപ്പോലെ ഇന്ത്യയിൽ മിഷനറിയായി വസിക്കും കാലം ആത്മസ്നാനം പ്രാപിച്ച ഇംഗ്ലീഷുകാരിയാണ് ആലീസ് ഈവ്‌ലിൻ ലൂസ്. 1896-ൽ ആണ് സി.എം.എസ്. മിഷനറിയായി അവർ ഇന്ത്യയിലെത്തുന്നത്. അസീംഗാറിൽ പ്രേഷിതവൃത്തിയിലിരിക്കുമ്പോൾ പരിശുദ്ധാത്മസ്നാനത്തെക്കുറിച്ച് വായിച്ചറിഞ്ഞ ആലീസ് അതിനായി കാത്തിരിക്കുകയും 1910-ൽ അത് പ്രാപിക്കുകയും ചെയ്തു. പിന്നീട് രണ്ടു വർഷങ്ങൾ തന്റെ പ്രേഷിത വയൽ പ്രദേശങ്ങളിൽ ആലീസ് പെന്തെക്കോസ്ത് പ്രചാരകയായി ജീവിച്ചു. എന്നാൽ അസുഖബാധിതയായതിനെത്തുടർന്ന് സി. എം. എസ്. നേതൃത്വം അവരെ തിരികെ വിളിച്ചു. 1914-ൽ ആലീസ് സി. എം. എസ്. വിട്ട് അസംബ്ലീസ് ഓഫ് ഗോഡിൽ ചേർന്നു.

1915-ൽ എ.ജി. ആലീസിനു ഓർഡിനേഷൻ നൽകിയെങ്കിലും ആരോഗ്യപരമായ കാരണങ്ങളാൽ അവർക്കു ഇന്ത്യയിൽ മടങ്ങിവരാനായില്ല.


1910-നുശേഷം ഇന്ത്യയിൽ പെന്തെക്കോസ്ത് മിഷനറിമാരുടെ ഒരു പ്രവാഹം തന്നെ ഉണ്ടായി. എന്നുതന്നെയല്ല സ്വദേശികളായ പലരും പെന്തെക്കോസ്ത് ശുശ്രൂഷയ്ക്ക് പ്രാപ്തരായി എഴുന്നേൽക്കുകയും ചെയ്തു.

***മിന്നി എഫ്. അബ്രാംസ്***



*1887-ൽ ഇന്ത്യയിലെത്തിയ അമേരിക്കൻ മിഷനറിയായിരുന്ന മിന്നി അബ്രാംസ് 1905-ൽ മുക്തി മിഷനിലെ ഉണർവ്വു യോഗത്തിൽ വച്ച് ആത്മസ്നാനം പ്രാപിച്ചു.*

***ആലീസ് ഈവ്‌ലിൻ ലൂസ്***



*1896-ൽ സി.എം.എസ്. മിഷനറിയായി ഇന്ത്യയിലെത്തിയ ആലീസ് 1910 ലാണ് ആത്മസ്നാനം പ്രാപിക്കുന്നത്.*

4

# കേരളത്തിന്റെ ആത്മിക ഉണർവ്വു ചരിത്രം

യേശുക്രിസ്തുവിന്റെ ശിഷ്യനായിരുന്ന തോമസ് അപ്പൊസ്തലൻ എ.ഡി. 52-ൽ കേരളം സന്ദർശിച്ച് ക്രൈസ്തവ സഭ സ്ഥാപിച്ചുവെന്നാണ് ഏറെ പ്രചാരം ലഭിച്ചിട്ടുള്ള ഐതിഹ്യം. ചരിത്രപരമായി ഇത് തെളിയിക്കപ്പെടുകയോ നിഷേധിക്കപ്പെടുകയോ ചെയ്തിട്ടില്ല. എന്നാൽ ആറാം നൂറ്റാണ്ടോടെ കേരളത്തിൽ വ്യവസ്ഥാപിതമായ രീതിയിൽ ക്രിസ്ത്യാനിത്വം വളർന്നിരുന്നുവെന്ന് അക്കാലത്ത് ഇന്ത്യ സന്ദർശിച്ച ഈജിപ്റ്റുകാരനായ 'കോസ്മോസ്' രചിച്ച 'ക്രിസ്ത്യൻ റ്റോപ്പോഗ്രാഫി' (Christian Topography) എന്ന ഗ്രന്ഥത്തിൽ നിന്നും മനസ്സിലാകുന്നു. താപ്രോബെയിൻ (സിലോൺ), മലബാർ, കല്യാൺ (കൊല്ലം) എന്നീ സ്ഥലങ്ങളിൽ ക്രൈസ്തവ സഭകളെ ദർശിച്ചിരുന്നതായി ഈ ഗ്രന്ഥത്തിൽ അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്.

ഇക്കാലത്ത് തെക്കെ ഇന്ത്യയിലെ സഭ വ്യാപ്തിയിലും സമുദായ നിലയിലും വളരെ പുരോഗമിച്ചിരുന്നു. (കെ.കെ. കുരുവിള, ഭാരതത്തിലെ ക്രൈസ്തവ സഭകൾ, പേജ് 7) എന്നാൽ കേരള സഭയിൽ ഉണർവ്വിന്റെ ചരിത്രം തിരയാൻ അത്ര ആഴത്തിലേക്ക് മുങ്ങിയിറങ്ങിയിട്ടും കാര്യമില്ല. 19-ാം നൂറ്റാണ്ടുവരെ, കൃത്യമായി പറഞ്ഞാൽ 1850-കൾ വരെ മലങ്കര സഭയിൽ ഒരു ഉണർവ്വുചരിത്രമില്ല.

സഭയുടെ ആദിമകാലയവിൽ സുവിശേഷ കാര്യങ്ങളിൽ അത് വളരെ ശ്രദ്ധ പതിപ്പിച്ചിരുന്നിരിക്കണം. അല്ലെങ്കിൽ ക്രൈസ്തവ സഭയ്ക്ക് ഏഴാം നൂറ്റാണ്ടോടെ ഇത്ര വലിയ പ്രചാരമുണ്ടാകയില്ലായിരുന്നു. എന്നാൽ പതിനാലാം നൂറ്റാണ്ടിൽ പോർട്ടുഗീസുകാർ ഇന്ത്യയിൽ വന്നപ്പോൾ സഭകളുടെ സ്ഥിതി പ്രായേണ ക്ഷയോൻമുഖമായിരുന്നു. ഇതിനു രണ്ടു കാരണങ്ങൾ ചരിത്രകാരനായ കെ.കെ. കുരുവിള ചൂണ്ടിക്കാണിക്കുന്നുണ്ട്.

‘‘അന്ന് ഇന്ത്യയിലെ സഭകൾക്ക് പേർഷ്യൻ (നെസ്തോറിയൻ) സഭകളുമായാണ് ബന്ധമുണ്ടായിരുന്നത്.... ആറാം നൂറ്റാണ്ടിൽ ഉത്ഭവിച്ച് അടുത്ത കാലത്തിനുള്ളിൽ വളരെ ശക്തി പ്രാപിച്ച മുസൽമാൻ സാമ്രാജ്യം മദ്ധ്യഏഷ്യയിലുള്ള ക്രൈസ്തവ രാജ്യങ്ങളെ പിടിച്ചടക്കിയതിന്റെ ഫലമായി ഇന്ത്യയ്ക്ക് പലസ്തീൻ സിറിയ മുതലായ രാജ്യങ്ങളുമായുണ്ടായിരുന്ന ബന്ധം മുറിഞ്ഞുപോയി..... പരസ്പരമുള്ള ക്രിസ്തീയ കൂട്ടായ്മയും പ്രോത്സാഹനവും ആശയവിനിമയ സൗകര്യവും ഇല്ലെങ്കിൽ അത് സംയുക്ത ക്രിസ്തീയ വികാസത്തെ ശിഥിലീകരിക്കുന്ന ഒരു പ്രതിബന്ധമായി പരിണമിക്കാവുന്നതാണ്. കേരള ക്രൈസ്തവ സഭയുടെ ചരിത്രത്തിൽ ഈ പരമാർത്ഥം പ്രസ്പഷ്ടമായി കാണുന്നു.

മലങ്കര സഭകളുടെ ആത്മിയ അധഃപതനത്തിനു മറ്റൊരു കാരണവും ഉണ്ട്. ഏഴാം നൂറ്റാണ്ടോടുകൂടെ കേരളത്തിൽ നാടുവാണിരുന്ന രാജാക്കന്മാർ ക്രിസ്ത്യാനികൾക്കു ചില സ്ഥാനമാനങ്ങളും പദവികളും കല്പിച്ചു നൽകിയതായി പറയപ്പെടുന്നു. രാജദത്തമായ ഈ സ്ഥാനമാനാദികൾ അന്നത്തെ ക്രൈസ്തവ സമുദായത്തിൽ ഒരു ജാതീയബോധത്തെ ഉദ്ദീഭവിപ്പിച്ചു. തങ്ങൾ സവർണ്ണ ഹിന്ദുക്കളെപ്പോലെ ഒരു പ്രത്യേക ജാതിയാണെന്ന് അവരിൽ ചിലർ ഭാവിച്ചു. ക്രിസ്ത്യാനികളിൽ ചിലർ അക്രൈസ്തവരെപ്പോലെ ജാതിവ്യത്യാസംപോലും അനുഷ്ഠിച്ചു തുടങ്ങി. മനുഷ്യനും മനുഷ്യനും തമ്മിൽ ഇങ്ങനെയുള്ള ജാതിവ്യത്യാസങ്ങൾ അനുഷ്ഠിക്കുന്ന ഒരു ക്രൈസ്തവ സഭയിൽ ക്രൈസ്തവാദർശം അനുസരിച്ചുള്ള ജീവിതരീതികൾ പ്രയോഗത്തിൽ വരുത്തുക സാദ്ധ്യമല്ലല്ലോ.’’ (കെ.കെ. കുരുവിള, കേരളത്തിലെ ആത്മീയ ഉണർവ്വ്, പേജ് 31—33).

ക്രിസ്ത്യാനിത്വത്തിന്റെ സത്തയായ സാഹോദര്യത്തെ പരിത്യജിച്ച മലങ്കരസഭ അത് സുറിയാനിക്കാരാകട്ടെ, കത്തോലിക്കരാകട്ടെ ഒരു ‘ജാതി’ എന്ന നിലയിലാണ് തങ്ങളെത്തന്നെ കണ്ടിരുന്നത്. ദൈവത്തിന്റെ പരിശുദ്ധാത്മാവിനു പ്രവർത്തനവേദി ഒരുക്കാൻ ഇങ്ങനെയൊരു വ്യവസ്ഥാപിത സംഘത്തിനു കഴിയാതിരുന്നതിൽ അതിശയമില്ലല്ലോ. ആചാരങ്ങളും എഴുന്നള്ളത്തും പെരുന്നാളുകളും മാത്രമായിരുന്നു അവരുടെ മതപ്രദർശനം. ക്രിസ്ത്യാനിത്വത്തിന്റെ അന്തഃസത്തയറിയാൻ അവർക്കു തിരുവചനത്തിന്റെ സാന്നിദ്ധ്യവുമില്ലായിരുന്നു.

പതിനഞ്ചും പതിനാറും നൂറ്റാണ്ടുകളിൽ വേദപുസ്തക സാമീപ്യം സൃഷ്ടിച്ച വിപ്ലവത്തിൽ യൂറോപ്പിലാകെ നവീകരണം തിളച്ചുപൊങ്ങിയപ്പോഴും പതിനെട്ടാം നൂറ്റാണ്ടിലെ ‘ഗ്രേയ്റ്റ് അവേയ്ക്കനിംഗ്’ ആംഗലേയ ലോകത്തെ കീഴടക്കിയപ്പോഴും ഇതൊന്നുമറിയാതെ മലങ്കര സഭ തങ്ങളുടെ ‘വരേണ്യപദവി’യുടെ വ്യാജസംതൃപ്തിയിൽ മുഴുകി ഉറങ്ങുകയായിരുന്നു.

### ഉണർവ്വും തിരുവചനവും

ഏതുണർവ്വും വേദപുസ്തകത്തിന്റെ വിശദമായ പഠനത്തിലൂടെ മാത്രമേ സംഭവ്യമാകുന്നുള്ളു. ഉണർവ്വു ചരിത്രകാരനായ എഡ്വിൻ ഓർ പറയുന്നത്, ഒരു ആത്മിക ഉണർവ്വ്, പരിശുദ്ധാത്മാവ് ക്രിസ്തുവിന്റെ സഭയെ പുതിയനിയമ ക്രിസ്ത്യാനിത്വത്തിന്റെ സമാനാനുഭവങ്ങളിലേക്ക് നയിക്കുന്ന പ്രതിഭാസമാണെന്നാണ്. (Edwin Orr, Evangelical Awakenings, Page1). പുതിയനിയമ ക്രി സ്ത്യാനിത്വത്തിന്റെ പ്രത്യേകതകളറിയാൻ തിരുവചനത്തിന്റെ വെളിച്ചം കൂടിയേ തീരൂ.

എന്നാൽ സുറിയാനി സഭകളുടെ

ഏറ്റവും വലിയ പ്രശ്നം, 19-ാം നൂറ്റാണ്ടുവരെ അതിനു വേദപുസ്തകവുമായി വലിയ ബന്ധമൊന്നുമില്ലായിരുന്നുവെന്നതാണ്. മാതൃഭാഷയിൽ ഒരു വേദപുസ്തക തർജ്ജമപോലും അന്നുവരെ നടന്നിട്ടില്ലായിരുന്നു. വൈദികഭാഷയായ സുറിയാനിയിൽ വേദപുസ്തകം വായിച്ചറിയുവാൻ കഴിവുണ്ടായിരുന്നത് പട്ടക്കാരുടെ ഒരു ന്യൂനപക്ഷത്തിനു മാത്രമായിരുന്നു. അന്ധകാരയുഗത്തിൽ യൂറോപ്യൻ സഭയ്ക്കുണ്ടായിരുന്ന അതേ ദുര്യോഗം!! എന്നാൽ, പട്ടക്കാർക്കു മാത്രം വായിക്കാനാവുന്ന സുറിയാനി വേദപുസ്തകം പോലും അന്ന് മലങ്കര സഭയിൽ സുലഭമല്ലായിരുന്നുവെന്നതാണ് ഏറ്റവും വലിയ ദുരന്തമായി ഭവിച്ചത്.

1806-ൽ ക്ലോഡിയസ് ബുക്കാനൻ (Claudius Buchanan) എന്ന പ്രോട്ടസ്റ്റന്റ് മിഷനറി തിരുവിതാംകൂർ സന്ദർശിച്ചപ്പോൾ അന്നത്തെ മാർ ദീവന്നാസ്യോസ് ഒന്നാമൻ തന്റെ കൈവശമുണ്ടായിരുന്ന സുറിയാനി വേദപുസ്തകം അദ്ദേഹത്തെ ഏൽപ്പിച്ചു. ബുക്കാനൻ അതിന്റെ നൂറ് കോപ്പികൾ ഇംഗ്ലണ്ടിൽ അച്ചടിപ്പിച്ച് തിരുവിതാംകൂറിലേക്കയച്ചു കൊടുത്തു. 1818-ൽ പുതിയനിയമം മാത്രമായി സുറിയാനിയിൽ അച്ചടിപ്പിച്ച് അയച്ചുകൊടുത്തു. എന്നാൽ ഇതൊക്കെ സുറിയാനിയിലായിരുന്നതിനാൽ സാധാരണക്കാർക്ക് അതുകൊണ്ടുള്ള പ്രയോജനം ലഭിച്ചില്ല.

ഇതിനിടയിൽ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ നാലു സുവിശേഷങ്ങൾ സുറിയാനിയിൽനിന്നു പരിഭാഷപ്പെടുത്തി ബുക്കാനൻ സായ്പ്പിനെ ഏൽപ്പിച്ചു. അത് സായിപ്പ് ബോംബെയിൽ കൊണ്ടുപോയി അച്ചടിപ്പിച്ച് മലങ്കര സഭയ്ക്കു നൽകി. വലിയ നിലവാരം പുലർത്തുന്നതല്ലെങ്കിൽപ്പോലും മലങ്കര സഭയ്ക്കു കിട്ടുന്ന ആദ്യത്തെ മലയാള വേദപുസ്തകമായിരുന്നു അത്. ബെയ്ലിയുടെ പുതിയനിയമ പരിഭാഷ പുറത്തിറങ്ങുന്നത് 1829ലാണ്. മുഴുവേദപുസ്തകം 1841ലും. മലങ്കരസഭയിൽ നവീകരണത്തിന്റെ വിത്തുപാകിയത് ഈ വേദപുസ്തക തർജ്ജമകളാണെന്നു പറയുന്നതിൽ അതിശയമില്ല. പിന്നീട് ഗുണ്ടർട്ടിന്റെ മലയാള വേദപുസ്തകം പ്രസിദ്ധീകൃതമായെങ്കിലും മദ്ധ്യതിരുവിതാംകൂറുകാരനെ ഏറെ സ്വാധീനിച്ചത് ബെയ്ലിയുടെ വേദപുസ്തക തർജ്ജമതന്നെയായിരുന്നു.

വേദപുസ്തക പഠനത്തിന്റെയും മിഷനറിമാരിൽനിന്നു ലഭിച്ച അഭ്യസനത്തിന്റെയും ഫലമായി സുറിയാനി സഭയിൽ വലിയ നവീകരണം സംജാതമായി. സഭയുടെ ഉപദേശം വേദപുസ്തകത്തിലടിസ്ഥാനപ്പെടുത്തിയുള്ളതായിരിക്കണമെന്നതായിരുന്നു ഈ നവീകരണത്തിന്റെ സർവ്വ പ്രധാനമായ തത്വം. അബ്രഹാം മല്പാനും മാത്യൂസ് മാർ അത്തനേഷ്യസ് മെത്രാപ്പോലീത്തയും വേദപുസ്തകാനുസൃതങ്ങളായ ഉപദേശങ്ങൾ സഭയിൽ പ്രചരിപ്പിച്ചു.

### മലങ്കരയിൽ ഉണർവ്വു വ്യാപിക്കുന്നു

മലങ്കരയിൽ ഉണർവ്വ് പരത്തുന്നതിനു മാത്യൂസ് മാർ അത്തനേഷ്യസ് വഹിച്ച പങ്ക് നിസ്സീമമാണ്. ഞായറാഴ്ച ദിവസങ്ങളിൽ പള്ളിയാരാധനക്കുശേഷം പ്രാർത്ഥനായോഗങ്ങൾ കൂടുന്നതിനും വേദപാഠങ്ങൾ, പ്രസംഗങ്ങൾ, ഇവ നടത്തുന്നതിനും മെത്രാപ്പോലീത്താ കല്പനകൾ മൂലം ഇടവകക്കാരെ പ്രോത്സാഹിപ്പിച്ചുപോന്നു. അതുകൂടാതെ തമിഴ്നാട്ടിൽ നിന്നും മറ്റും സുവിശേഷ പ്രവർത്തകരെ കേരളത്തിലേക്ക് ക്ഷണിച്ച് യോഗങ്ങൾ നടത്തുന്നതിനു അദ്ദേഹം അവരെ പ്രോത്സാഹിപ്പിച്ചു. തിരുവനന്തപുരത്ത് ലണ്ടൻ മിഷൻ സഭയിലെ മോശവത്സലം ശാസ്ത്രിയാരെ മദ്ധ്യതിരുവിതാംകൂറിൽ പലയിടത്തും താമസിപ്പിച്ച് ക്രൈസ്തവ

സംഗീതരീതികൾ സഭാജനങ്ങളെ അഭ്യസിപ്പിക്കുന്നതിന് ഏർപ്പാടു ചെയ്തത് മെത്രാപ്പോലീത്താ തന്നെയായിരുന്നു.

19-ാം നൂറ്റാണ്ടിൽ തിരുവിതാംകൂറിലെ ആത്മിയ ഉണർവ്വുകൾക്ക് നടുനായകത്വം വഹിച്ചവരിൽ മിക്ക പേരും തമിഴ്നാട്ടിൽ നിന്നും കുടിയേറിയവരാണെന്നത് വിചിത്രമായി തോന്നാം. 1864-ൽ തഞ്ചാവൂരിൽ നിന്നെത്തി മലങ്കരസഭകളിൽ സഞ്ചരിച്ച്, കഥാഗാനങ്ങളിലൂടെയും, പ്രസംഗങ്ങളിലൂടെയും, സുവിശേഷയോഗങ്ങൾ നടത്തിയ അമ്മാൾ വേദനായകവും കൂട്ടരും ജനങ്ങളിൽ സുവിശേഷത്തോടു താൽപര്യം വളർത്തിയ ഒരു പ്രേക്ഷിതസംഘമായിരുന്നു. 1870-കളിൽ തമിഴ്നാട്ടിൽ നിന്നുള്ള വേദാദ്ധ്യാപകനായ ജോൺ ക്രിസ്ത്യൻ അരുളപ്പനാണ് മലങ്കരസഭയെ വ്യാപകമായ നിലയിൽ ഉണർവ്വിലേക്കു നയിച്ച മറ്റൊരു തമിഴ്നാട്ടുകാരൻ. പിൽക്കാല ഉണർവ്വുനായകൻമാരായ വിദ്വാൻകുട്ടിയച്ചൻ, ഡേവിഡ് തുടങ്ങിയവരും തമിഴ്നാട്ടിൽ നിന്നുതന്നെ ഉള്ളവരായിരുന്നു. (1930-ൽ പൂവത്തൂരിൽ നടന്ന പെന്തെക്കോസ്തുണർവ്വിനു നേതൃത്വം വഹിച്ച തങ്കയ്യാ അതിശയവും തമിഴ്നാട്ടുകാരൻ തന്നെയായിരുന്നു.)

1859-ൽ അമേരിക്കയിലും ബ്രിട്ടനിലും നടന്ന ഉണർവ്വുചരിത്രം വായിച്ചറിഞ്ഞ അരുളപ്പൻ ആ രീതിയിൽ തന്റെ നാടിനേയും ഉണർത്തണമേ എന്നു പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു. എന്നാൽ ആ ഉണർവ്വ് തന്നിലൂടെതന്നെ പ്രസരിപ്പിക്കുവാനാണ് ദൈവത്തിനു പ്രസാദം തോന്നിയത്. 1860 മാർച്ച് നാലിനു അരുളപ്പന്റെ സ്ഥലമായ തിരുനെൽവേലിയിലെ ക്രിസ്ത്യൻപേട്ടയിൽ ഉണർവ്വു പൊട്ടിപുറപ്പെട്ടു.

‘‘ഉണർവ്വ് പ്രതീക്ഷിച്ചിരുന്ന ഒരു ജനതയുടെ ഇടയിലോ, അവർക്കായി സുവിശേഷം കൊണ്ടുവന്ന മിഷനറിമാരുടെ സാന്നിദ്ധ്യത്തിലോ ആയിരുന്നില്ല ഇത്തവണ അതു പൊട്ടിപുറപ്പെട്ടത് എന്നതാണ് പ്രാധാന്യമേറുന്ന വസ്തുത. ഈ ഉണർവ്വ് യോഗങ്ങളിൽ ആദ്യനൂറ്റാണ്ടിലെപ്പോലെ അന്യഭാഷയും ദർശനങ്ങളും പ്രവചനങ്ങളും എല്ലാം ഉണ്ട്.” (Indian Watch Man, October 1860, Quoted from, Evangelical Awakenings in India, J. Edwin Orr, Page 33).

ഏറെത്താമസിയാതെ അരുളപ്പൻ ഉണർവ്വ് സന്ദേശവുമായി തിരുവിതാംകൂറിലെത്തി. അരുളപ്പനും, സി.എം.എസ്. പ്രവർത്തകനായിരുന്ന ഡേവിഡ് ഫെന്നും മദ്ധ്യതിരുവിതാംകൂറിൽ നടത്തിയ യോഗങ്ങൾ പല വർഷങ്ങൾ നീണ്ട ഉണർവ്വ് പ്രതിഭാസത്തിനു നാന്ദിയായി.

ഒരു ദിവസം ചെങ്ങന്നൂർ മാർത്തോമ്മാ പള്ളിയിലെത്തിയ ഡേവിഡ് ഫെൻ കണ്ടത്, ഇരുനൂറോളം വരുന്ന വിശ്വാസികൾ മുട്ടിൻമേൽ നിന്നു പ്രാർത്ഥിക്കുന്നതും ആത്മവിവശരായി ആനന്ദിക്കുന്നതുമാണ്. മിക്ക യോഗങ്ങളിലും ആളുകൾ തങ്ങളുടെ പാപങ്ങളെയോർത്ത് വളരെ വന്യമായ നിലയിൽ പൊട്ടിക്കരഞ്ഞു. കൂട്ടായ കരച്ചിലും പ്രാർത്ഥനകളും ഈ യോഗങ്ങളുടെ പ്രത്യേകതകളായിരുന്നു.

അരുളപ്പന്റെ യോഗങ്ങളിലുണ്ടായ ഉണർവ്വ് മദ്ധ്യതിരുവിതാംകൂർ ഉടനീളം പടർന്നുപിടിച്ചു. അന്നത്തെ പ്രധാനപ്പെട്ടൊരു ഉണർവ്വുകേന്ദ്രമായിരുന്നു പൂവത്തൂർ. ജെ.എം. സ്പീച്ച്ലിയായിരുന്നു അവിടെ ഉണർവ്വുയോഗങ്ങൾ നയിച്ചത്. മറ്റൊരുണർവ്വ് കേന്ദ്രമായിരുന്ന കോട്ടയത്ത്, സി.എം.എസ്. മിഷനറി ഹെൻട്രി ബേക്കർ നടത്തിയ യോഗങ്ങളുടെ ഫലമായി 1875 ജനുവരിയിൽ ഒരു

ദിവസം തന്നെ അഞ്ഞൂറ്റിഎൺപത്തി ഒൻപതു പേർ സ്നാനപ്പെട്ട് സഭയോടു ചേർന്നു.

ഏറെക്കഴിയും മുമ്പ് സി.എം.എസ്, പട്ടക്കാരനായിരുന്ന വിദ്വാൻകുട്ടിയച്ചൻ (യൂസ്തൂസ് യോസഫ്) മലങ്കര സഭയിലെ ഈ ഉണർവ്വിന്റെ നായകത്വം കൈയിലെടുത്തു. ഒരു തമിഴ് ബ്രാഹ്മണകുടുംബത്തിൽനിന്നും ക്രിസ്തുമതം സ്വീകരിച്ച് ഉണർവ്വുപ്രസംഗകനായിത്തീർന്ന വിദ്വാൻകുട്ടിയുടെ യോഗങ്ങളിൽ അനിതരസാധാരണമായ നിലയിൽ ആത്മവരങ്ങൾ പ്രദർശിപ്പിക്കപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ സഹപ്രവർത്തകനായിരുന്ന കൂടാരപ്പള്ളിൽ തൊമ്മൻ, 1875 മെയ്മാസം 15 മുതൽ, ആറു വർഷത്തിനുമുമ്പ് യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവുണ്ടാകുമെന്നു പ്രവചിച്ചു.

ആയിരക്കണക്കിന് അനുയായികൾ വിദ്വാൻകുട്ടിക്കുണ്ടായി. ദർശനങ്ങളെയും വെളിപ്പാടുകളെയും വേദപുസ്തക വെളിച്ചത്തിൽ വിലയിരുത്താനുള്ള വിവേചനാബോധം അവർക്കില്ലാതെ പോയി. ആംഗ്ലിക്കൻ സഭ ഈ ദുരുപദേശത്തോടു എതിർത്തു നിന്നപ്പോൾ വിദ്വാൻകുട്ടി 'കന്നീറ്റ് ഉണർവ്വുസഭ' എന്ന പേരിൽ സ്വന്തമായ ഒരു പ്രസ്ഥാനം ആരംഭിച്ചു. തൊമ്മന്റെ പ്രവചനം വ്യർത്ഥമായതോടെ ആ സഭ അധഃപതനത്തിൽ ചെന്നെത്തി.

ഇതൊക്കെയാണെങ്കിലും വേദപുസ്തക പഠനത്തിനുള്ള അഭൂതപൂർവ്വമായ ആഗ്രഹം സഭാ ജനങ്ങൾക്കിടയിൽ ഈ ഉണർവ്വുകാലത്തുണ്ടായി. 1874-ൽ മാത്രം തിരുവചനത്തിന്റെ വില്പനയിൽ എഴുപതു ശതമാനം വർദ്ധനവുണ്ടായി. ദൈവവചനം സാധാരണ ജനങ്ങൾക്കിടയിൽ ഇറങ്ങിച്ചെന്നത് പിൽക്കാലത്തെ ഉണർവ്വുകളെ അർത്ഥവത്താക്കി എന്നതിനു സംശയമില്ല. പിന്നീടുണ്ടായ ഉണർവ്വുകളിൽ ഭാഗഭാക്കുകളായവർ തിരുവചന സത്യങ്ങളോട് കൂടുതൽ ധനാത്മകമായി പ്രതികരിക്കുവാനും ദൈവവചനത്തിലെ ഉപദേശങ്ങൾ ജീവിതത്തിൽ ഏറ്റെടുക്കുവാനും തയ്യാറായത് ഈ തിരുവചന സാമീപ്യം മൂലമാണ്.

1888-ൽ തിരുവിതാംകൂറിലെ മാർത്തോമ്മാ സഭക്കാർക്കിടയിൽ എരിവേറിയ ഉണർവ്വുയോഗങ്ങൾ നടത്തിയ വ്യക്തിയാണ് ലക്ഷ്ണരായർ എന്നയാൾ. ഇതേ കാലയളവിൽ ബാറിംഗ് ഗൗൾഡ് (Baringold) കാർണി (Kearney) എന്നീ മിഷനറിമാരും തിരുവിതാംകൂറിൽ വന്ന് ഉണർവ്വുയോഗങ്ങൾ നടത്തിയതായി ചരിത്രമുണ്ട്. 1892-ൽ വോക്കർ സായ്പ് തിരുവിതാംകൂറിൽവന്നു. സി.എം. എസ്. മിഷനറിമാരായിരുന്ന ജെ. എച്ച്. ബിഷോപ്പ്, ആർച്ച് ഡീക്കൻ ജോൺ കെയ്ലി എന്നിവരുടെ ക്ഷണമനുസരിച്ചാണ് വോക്കർ സായ്പ് എത്തിയത്. സായ്പിന്റെ യോഗങ്ങളിൽ വികാരപ്രകടനങ്ങൾ ഏറെ പ്രോത്സാഹിപ്പിക്കപ്പെട്ടില്ലായെങ്കിലും പിറ്റേ വർഷം ആരംഭിച്ച മലങ്കരയിലെ പ്രധാനപ്പെട്ട ഒരു ഉണർവ്വിന് ആ യോഗങ്ങൾ വഴിയൊരുക്കി.

അരുളപ്പന്റെയും വിദ്വാൻകുട്ടിയുടെയും ഉണർവ്വുകൾക്കുശേഷം മലങ്കരയിൽ ശക്തമായ ഒരു ഉണർവ്വുണ്ടാകുന്നത് തമിഴ്നാട്ടിൽ നിന്നുള്ള വി. ഡി. ഡേവിഡ് (തമിഴ് ഡേവിഡ് എന്നാണ് ഇദ്ദേഹം അറിയപ്പെട്ടിരുന്നത്) എൽ.എം. വേഡ്സ് വർത്ത് എന്നീ ദൈവഭൃത്യൻമാരിലൂടെയാണ്. റവ. ജോർജ് ഗ്രഫ് എന്ന മിഷനറിയോടൊപ്പം സിലോൺ, ഓസ്ട്രേലിയ, ബ്രിട്ടൻ തുടങ്ങിയ സ്ഥലങ്ങളിൽ സഞ്ചരിച്ച് പ്രവർത്തിച്ചിട്ടുള്ള ഡേവിഡ് ഒരിക്കൽ കെസ്വിക്ക് കൺവൻഷനിലും പ്രസംഗകനായിരുന്നു. (ഉണർവ്വിനെപ്പറ്റി തമിഴ് ഡേവിഡ് രചിച്ച ഒരു ലഘുലേഖ ഉഗാണ്ടയിൽ മിഷനറിയായിരുന്ന ജി.എൽ.

പിൽകിംഗ്ടണ് ലഭിച്ചു. അതിൽനിന്നും ഉണർവ്വുപ്രാപിച്ച ആ മിഷനറിയാണ് 1895 മുതൽ 1897 വരെ ഉഗാണ്ടയിൽ അതിശക്തമായ ഉണർവ്വ് നയിച്ചത്. 1897-ൽ അദ്ദേഹം വധിക്കപ്പെട്ടു.)

ആർച്ച് ഡീക്കൻ ഉമ്മൻ മാമ്മന്റെയും ഇഞ്ചയ്ക്കൽ സി. ചാക്കോയുടെയും ക്ഷണമനുസരിച്ചാണ് ഡേവിഡും വേഡ്സ്വർത്തും തിരുവിതാംകൂറിൽ വന്നത്. മദ്ധ്യതിരുവിതാംകൂറിലുടനീളം അവർ നടത്തിയ യോഗങ്ങൾ പിന്നീട് നടന്ന പെന്തെക്കോസ്ത് ഉണർവ്വുയോഗങ്ങളെപ്പോലും അതിശയിക്കുന്നതായിരുന്നു.

"പാപങ്ങൾ പരസ്യമായി ഏറ്റുപറയുക, തമ്മിൽ തമ്മിൽ മാപ്പു ചോദിക്കുക, തന്നെത്താൻ നെഞ്ചത്തടിച്ച് ഉച്ചത്തിൽ കരഞ്ഞു പ്രാർത്ഥിക്കുക എന്നീ സമ്പ്രദായങ്ങളും അതോടൊപ്പം സാക്ഷിപറച്ചിലും ഈ യോഗങ്ങളിൽ സാധാരണമായി. ഇവർ ഇടവകകൾതോറും സഞ്ചരിച്ച് ഉണർവ്വുയോഗങ്ങൾ നടത്തിയതിന്റെ ഫലമായി ഏറ്റവും ചെറിയ കുട്ടികൾ മുതൽ പ്രായം ചെന്നവർ വരെ ആത്മരക്ഷയെപ്പറ്റി ചി ന്തിച്ചുതുടങ്ങി. ഇക്കാലത്ത് തല്ക്കാല രക്ഷ, പരിശുദ്ധാത്മസ്നാനം എന്നീ രണ്ടു വിഷയങ്ങളെപ്പറ്റി ജനസാമാന്യം കാര്യമായി ആലോചിപ്പാനും അതിൽനിന്നും പല വാദപ്രതിവാദങ്ങൾ ഉത്ഭവിപ്പാനും ഇടയായി... ഇന്നു ലോകപ്രസിദ്ധമായിത്തീർന്നിരിക്കുന്ന മാരാമൺ കൺവൻഷൻ ഡേവിഡിന്റെയും വേർഡ്സ്വർത്തിന്റെയും ഉത്സാഹത്താൽ അവരുടെ കാലത്ത് ആരംഭിക്കപ്പെട്ടിട്ടുള്ളതാണെന്നുള്ള വസ്തുത ഈ അവസരത്തിൽ പ്രത്യേകം സ്മരണീയമാണ്. സി.പി. ഫീലിപ്പോസ് കശീശായായിരുന്നു ഈ കൺവൻഷന്റെ മുഖ്യ സംഘാടകൻ."

(കെ.കെ. കുരുവിള, കേരളത്തിലെ ആത്മീയ ഉണർവ്വ്, പേജ് 49, 50).

**ബ്രദറൺ പ്രസ്ഥാനം ആരംഭിക്കുന്നു**

തമിഴ് ഡേവിഡിന്റെ യോഗങ്ങൾ സുറിയാനി സഭയെ ഏറ്റവും സമ്പുഷ്ടമാക്കി എന്നതുപോലെതന്നെ, വേദപുസ്തകത്തിൽ ജനത്തിനു പുതിയ താൽപര്യവും അറിവും നൽകുകയും ചെയ്തു. അത് മാർത്തോമ്മാ സഭയുടെ പാരമ്പര്യ വിശ്വാസങ്ങളെ വേദപുസ്തക വെളിച്ചത്തിൽ വിശകലനം ചെയ്യുന്നതിന് അവരെ പ്രേരിപ്പിച്ചു. ഇതുമൂലം മാർത്തോമ്മാ. സി.എം.എസ്. സഭാവിഭാഗങ്ങളിൽ നിന്നും അനേകർ വേർപാട് വിശ്വാസികളായി മാറി.

മാർത്തോമ്മാക്കാരായ പലരും വേർപാടു വിശ്വാസത്തിലേക്കാകർഷിക്കപ്പെടാനുള്ള മറ്റൊരു പ്രധാന മുഖാന്തരം കെസ്വിക്ക് സമൂഹത്തിന്റെ മിഷനറിയായി തിരുവിതാംകൂറിലെത്തിയ ഗ്രെഗ്സൺ സായ്പിന്റെ പ്രസംഗ പര്യടനങ്ങളാണ്. 1897-ൽ അദ്ദേഹം മാരാമൺ കൺവൻഷൻ പ്രസംഗകനായിരുന്നു. മെത്രാപ്പോലീത്തായുടെയും മാർത്തോമ്മാ സഭാജനങ്ങളുടെയും സ്നേഹാദരങ്ങൾക്കു പാത്രീഭൂതനായ സായ്പ് പിറ്റേവർഷം മലങ്കരസഭകളിലെല്ലാം പ്രസംഗയോഗങ്ങൾ സംഘടിപ്പിച്ചു.

കാര്യങ്ങൾ തിരിഞ്ഞുമറിഞ്ഞത് വളരെ പെട്ടെന്നായിരുന്നു. തിരുവിതാംകൂറിൽ പ്രവർത്തിക്കുന്ന സമയം കുന്നംകുളത്ത് ബ്രദറൺ മിഷനറിയായിരുന്ന വി. നാഗൽ സായ്പുമായി ഗ്രെഗ്സൺ പരിചയപ്പെട്ടു. (നാഗൽ ബാസൽ മിഷനറിയായാണ് ആദ്യം കേരളത്തിലെത്തുന്നത്. പിന്നീട് വേർപാടു വിശ്വാസം സ്വീകരിച്ച് ബാസൽ മിഷൻ വിട്ടു) വേർപാട് ഉപദേശങ്ങളിൽ ആകൃഷ്ടനായ ഗ്രെഗ്സൺ തിരുവിതാംകൂറിൽ തിരികെ വന്ന് പല സ്ഥലങ്ങളിലും ഈ പുതിയ ഉപദേശം പ്രചരിപ്പിച്ചു.

വിശ്വാസ സ്നാനത്തെപ്പറ്റിയുള്ള ബോദ്ധ്യം വെളിപ്പെടുത്തിയതിനാൽ ഗ്രെഗ് സന് കെസ്‌വിക്ക് സംഘവുമായുള്ള ബന്ധം വിഛേദിക്കേണ്ടിവന്നു. തന്റെ ബൈബിൾ ക്ലാസ്സുകളിൽ പങ്കെടുത്ത കുമ്പനാട് പുത്തൻപുരയ്ക്കൽ മാമ്മൻ കശ്ശീശാ കുന്നംകുളത്തുപോയി ഹാൻഡ്‌ലി ബേർഡ് സായ്പിന്റെ കീഴിൽ സ്നാനമേറ്റതോടെ ഗ്രെഗ്സനു മാർത്തോമ്മാ സഭയിലേക്കുള്ള വാതിലും കൊട്ടിയടയ്ക്കപ്പെട്ടു. എന്നാൽ ഇത് പുതിയൊരദ്ധ്യായത്തിനു തുടക്കമായിരുന്നു. കേരളത്തിൽ ബ്രദറൺ പ്രസ്ഥാനം ശക്തി പ്രാപിക്കുവാൻ അത് കാരണമായി.

ഗ്രെഗ്സൺ സായ്പ് പുതിയ വിശ്വാസം പിൻപറ്റിയത് മാർത്തോമ്മാ സഭയ്ക്ക് വലിയൊരാഘാതമായിരുന്നു. കൂടാതെ ശ്ലൈഹിക പാരമ്പര്യത്തെപ്പറ്റിയും മറ്റും സുറിയാനി സഭയുമായി നടന്ന കേസ്സിൽ മാർത്തോമ്മാ സഭ പരായജപ്പെട്ടതു മൂലം ഭൗതികമായും പല പ്രതിസന്ധികൾ സഭയ്ക്ക് നേരിടേണ്ടിവന്നു. ഭൗതിക നഷ്ടം ക്ഷീണംവരുത്തിയ സഭയെ ആത്മിയമായെങ്കിലും പിടിച്ചു നിർത്തേണ്ടത് സഭാനേതൃത്വത്തിന്റെ ചുമതലയായി. ഇത്തരുണത്തിലാണ് മാർത്തോമ്മാ മെത്രാപ്പോലീത്താ സുറിയാനി സഭയുടെ യോഗങ്ങളിൽ പ്രസംഗിക്കാൻ തിരുനെൽവേലിയിൽനിന്നും വോക്കർ സായ്പിനെ വരുത്തുന്നത്. (നേരത്തെ സി.എം.എസ്.കാരാണ് അദ്ദേഹത്തെ കേരളത്തിൽ കൊണ്ടുവന്നത്.)

വളരെ പ്രഗത്ഭനായ ഒരു പ്രസംഗകനായിരുന്നു വോക്കർ സായ്പ്. മാർത്തോമ്മാ സഭയോടു വിഘടിച്ച് അനേകം 'വിശുദ്ധസംഘ'ങ്ങൾ വികാര പ്രാധാന്യമുള്ള ഉണർവ്വുയോഗങ്ങൾ നടത്തിയിരുന്ന അക്കാലത്ത്, തന്റെ യോഗങ്ങളിൽ കേൾവിക്കാരുടെ വികാര പ്രകടനങ്ങൾ അതിരു കവിയാതെ നിയന്ത്രിക്കുവാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. എങ്കിലും പരിശുദ്ധത്മാവിന്റെ പ്രവർത്തനത്തെ തടഞ്ഞുനിർത്തുവാൻ അദ്ദേഹം പരിശ്രമിച്ചില്ല.

മാരാമൺ കൺവൻഷന്റെ ഒരു ദിവസത്തെ പ്രസംഗസമയം അദ്ദേഹത്തിനുണ്ടായ അനുഭവം സഹപ്രവർത്തകനായ എ.റ്റി. ആർച്ചിബാൾഡിനു വോക്കർ സായ്പ് ഇപ്രകാരമെഴുതുന്നു: "ഞാൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ പതിനേഴായിരം വരുന്ന ശ്രോതാക്കൾ പെട്ടെന്ന് ഒരുമിച്ച് ഉച്ചത്തിൽ പ്രാർത്ഥിക്കാൻ തുടങ്ങി. ഓരോ നിമിഷം കഴിയുന്തോറും ശബ്ദം ഉയരുകയാണ്. എന്തു ചെയ്യണമെന്നു ഞാൻ അവിടുത്തോട് ആലോചന ചോദിച്ചു. ഇത് ഇങ്ങനെ തന്നെ തുടരട്ടെ, താമസിയാതെ അവർ നിശബ്ദരാകുമെന്നു അവിടുന്നു മറുപടി പറഞ്ഞു" (Amy Carmichael, A.W. Walker of Tinnelvelly, age 391. Quoted from Evangelical Awakenings in India, Page 100).

ഇരുപതാം നൂറ്റാണ്ടു തുടങ്ങുമ്പോൾ തന്നെ അരുളപ്പന്റെയും തമിഴ് ഡേവിഡിന്റെയും ഒക്കെ നിലയിൽ പരിശുദ്ധാത്മ വ്യാപാരത്തിനു പ്രാധാന്യം നൽകുന്ന ഒരു ഉണർവ്വ് നയിക്കാൻ ദൈവം പുഞ്ചമണ്ണിൽ മാമ്മൻ ഉപദേശിയെ തെരഞ്ഞെടുത്തു. 1905-ൽ ആയിരുന്നു ഈ ഉണർവ്വിന്റെ ആരംഭം. ഉപദേശി ആദ്യയോഗം നടത്തുന്നത് കവിയൂരുനടുത്ത് കിഴക്കൻ മുത്തൂരിലാണ്. അതിനെത്തുടർന്ന് വെൺമണിയിൽ നടന്ന യോഗത്തിൽ പരിശുദ്ധാത്മവരങ്ങളുടെ വ്യക്തമായ പ്രദർശനങ്ങളും ഉണ്ടായി.

"പ്രസ്തുത യോഗത്തിൽവെച്ച് പലരും അത്ഭുതകരമായ കാഴ്ചകൾ കണ്ടു. അവർക്കുണ്ടായ ആത്മസന്തോഷം കൊണ്ട് നൃത്തം ചെയ്യുകയും തുടർച്ച

യായി യോഗം പത്തൊൻപത് ദിവസം ദീർഘിച്ചു നിൽക്കുകയും ചെയ്തു." (കേരളത്തിലെ ആത്മീയ ഉണർവ്വ്, പേജ് 58).

പിന്നീട് കേരളത്തിലെ സുറിയാനി സഭയുടെ ഇടയിൽ നടന്ന പ്രശസ്തമായ ഉണർവ്വ് ഇരുപതുകളുടെ ആരംഭത്തിൽ മുത്താംപാക്കൽ സാധു കൊച്ചുകുഞ്ഞുപദേശി നയിച്ചതാണ്. എന്നാൽ അപ്പോഴേയ്ക്കും പെന്തെക്കോസ്ത് ഉണർവ്വു യോഗങ്ങൾ കേരളത്തിൽ പലയിടത്തും വ്യാപകമായിരുന്നു. കൊച്ചുകുഞ്ഞുപദേശിയുടെ യോഗത്തിൽ പങ്കെടുത്ത പലരും പിന്നീട് പെന്തെക്കോസ്ത് വിശ്വാസികളായിത്തീർന്നു.

5

# പെന്തെക്കോസ്ത് പ്രവർത്തനം കേരളത്തിലാരംഭിക്കുന്നു

ഏ.ജി. ഗാർ, തോമസ് ബാരറ്റ് തുടങ്ങി പല പെന്തെക്കോസ്തു മിഷനറിമാർ ഈ നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽത്തന്നെ ഇന്ത്യയിലെത്തിയിരുന്നുവെങ്കിലും അവരിൽ ജോർജ് ബർഗ് മാത്രമാണ് കേരളത്തിൽ പെന്തെക്കോസ്ത് സന്ദേശവുമായി വന്നത്. 1909-ൽ കൊട്ടാരക്കര തൃക്കണ്ണമംഗൽ നടന്ന ബ്രദറൺ കൺവൻഷനിൽ (1085 ധനു 5-12) പ്രസംഗകനായാണ് അദ്ദേഹം ആദ്യം കേരളത്തിലെത്തിയത്. അക്കാലത്ത് പെന്തെക്കോസ്ത് ഒരു വ്യവസ്ഥാപിത സംഘമായി രൂപപ്പെട്ടിട്ടില്ലാതിരുന്നതിനാലും ബർഗ് സംഘടനകളുടെ പിൻബലമില്ലാത്ത ഒരു സ്വതന്ത്ര മിഷനറിയായിരുന്നതിനാലും ബ്രദറൺ നേതാക്കൾക്ക് അദ്ദേഹത്തെ അവരുടെ യോഗങ്ങൾക്കു ക്ഷണിക്കുന്നതിൽ ബുദ്ധിമുട്ടുണ്ടായില്ല.

അന്ന് ജോർജ് ബർഗിനോടൊപ്പം ബേർഡ്, ലാംഗ്, മെയ്നാർഡ്, മുസാബായി, ആർതർ, ഡേവിഡ് എന്നീ മിഷനറിമാരും പ്രസംഗകരായി ക്ഷണിക്കപ്പെട്ടിരുന്നു. എന്നാൽ അവരിൽ ബർഗ് മാത്രമായിരുന്നു പരിശുദ്ധാത്മസ്നാനം പ്രാപിച്ചിരുന്ന വ്യക്തി. പരിശുദ്ധാത്മസ്നാനാനുഭവത്തെപ്പറ്റി അദ്ദേഹം അവിടെ പ്രസംഗിച്ചെങ്കിലും ഒരു വിരുദ്ധോപദേശം എന്ന നിലയിൽ ബ്രദറൺകാർ അതിനെ കണക്കാക്കിയില്ല.

അടുത്ത വർഷം ബർഗ് തൃക്കണ്ണമംഗൽ കൺവൻഷന് പ്രസംഗകനായെത്തി. (1086 വൃശ്ചികം 26 മുതൽ ധനു 3 വരെ). എന്നാൽ ഇത്തവണ അദ്ദേഹത്തിന്റെ പെന്തെക്കോസ്ത് ഉപദേശങ്ങളെ സഹിക്കാൻ ബ്രദറൺകാർ തയ്യാറായിരുന്നില്ല. അക്കൊല്ലം കൂട്ടുപ്രസംഗകരായിരുന്ന നോയൽ, ഗ്രാന്റർ, ഡേവിഡ്, ആർതർ എന്നീ മിഷനറിമാർ ബർഗ്ഗിന്റെ

അന്യഭാഷ ഉപദേശത്തെ ശക്തമായെ തിർത്തു.

ജോർജ് ബർഗ് ബ്രദറൺ മണ്ഡലം വിട്ട് സ്വതന്ത്രമായി യോഗങ്ങൾ സംഘടിപ്പിച്ചു. കൊട്ടാരക്കര, അടൂർ തുടങ്ങിയ സ്ഥലങ്ങളിൽ നടന്ന ആ യോഗങ്ങളാണ് കേരളത്തിലെ ആദ്യത്തെ സ്വതന്ത്ര പെന്തെക്കോസ്ത് സമ്മേളനങ്ങൾ.

കൊട്ടാരക്കരയിൽ ബർഗ്ഗിനു വളരെ യേറെ പ്രതികൂലങ്ങൾ സഹിക്കേണ്ടി വന്നു. എന്നാൽ യോഗങ്ങൾ കഴിഞ്ഞപ്പോൾ എതിരാളികളിൽത്തന്നെ ചിലർ പെന്തെക്കോസ്ത് സത്യങ്ങളെ ആലിംഗനം ചെയ്തു. തുടർന്ന് സമീപ ഗ്രാമങ്ങളിൽ അദ്ദേഹം ചില ബൈബിൾ ക്ലാസ്സുകൾ സംഘടിപ്പിച്ചു. എബ്രായ ലേഖനം അടിസ്ഥാനപ്പെടുത്തി നടത്തിയ ആ ക്ലാസ്സുകളിൽ അനേകർ ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചു.

1911-ൽ ബർഗ് വീണ്ടും തിരുവിതാംകൂറിലെത്തി. അദ്ദേഹത്തിന്റെ പ്രവർത്തനത്താൽ ബാംഗ്ലൂരിൽവച്ച് പെന്തെക്കോസ്ത് വിശ്വാസത്തിലേക്കാകർഷിക്കപ്പെട്ട കോളാർ സ്വദേശിയായ ചാൾസ് കമ്മിൻസ് എന്ന ആംഗ്ലോ ഇന്ത്യൻ സുവിശേഷകനും 1908-ൽ കുനൂരിൽ നടന്ന തോമസ് ബാരറ്റിന്റെ ഉണർവ്വുയോഗങ്ങളിൽ പരിശുദ്ധാത്മസ്നാനം പ്രാപിച്ച മിസ് ആൽഡ്വിങ്കിൾ, മിസ് ബൗൺസിൽ എന്നീ ഇംഗ്ലീഷ് മിഷനറിമാരും ഇത്തവണ ബർഗിനെ അനുഗമിച്ചിരുന്നു.

ഇവരിൽ ഇംഗ്ലീഷ് മിഷനറിമാർ തെക്കൻ തിരുവിതാംകൂറിലെ പരണിയം, പളുഗൽ, മേൽപ്പുറം, വല്ലറയ്ക്കാവിള, ഐരേണിപുരം, പ്ലാന്തോപ്പ്, കുളച്ചൽ തുടങ്ങിയ സ്ഥലങ്ങളിൽ സഞ്ചരിച്ച് പെന്തെക്കോസ്ത് ദൂതറിയിച്ചു. (മിസ് ബൗൺസിൽ രോഗശാന്തി വരപ്രാപ്തയായ ഒരു വനിതയായിരുന്നു). അതേ സമയം ബർഗ്ഗ് മദ്ധ്യതിരുവിതാംകൂറിൽ തന്നെ പല സ്ഥലങ്ങളിൽ യോഗങ്ങൾ നടത്തി. റവ. കമ്മിൻസ് അദ്ദേഹത്തിനു കൂട്ടാളിയായിരുന്നു.

അടൂരിനടുത്ത് തുവയൂരിൽ ബർഗ് നടത്തിയ യോഗത്തിന്റെ ഫലമായി അന്ന് തുവയൂരിലുണ്ടായിരുന്ന ഒരു സ്വതന്ത്ര കൂട്ടായ്മ മൊത്തമായി പെന്തെക്കോസ്തു മാർഗ്ഗം സ്വീകരിച്ചു. പരുത്തുപ്പാറ ഉമ്മച്ചൻ എന്നൊരാളായിരുന്നു ആ പ്രാർത്ഥനാ സംഘത്തിന്റെ നായകൻ.

ജോർജ് ബർഗും കമ്മിൻസും മദ്ധ്യ തിരുവിതാംകൂറിലെ പുന്തല, കിടങ്ങന്നൂർ, വെട്ടിയാർ, വെൺമണി, ഇലന്തൂർ എന്നീ സ്ഥലങ്ങളിലും ചില യോഗങ്ങൾ നടത്തി. പെന്തെക്കോസ്ത് പ്രചരണം ലക്ഷ്യമാക്കി മിഷനറിമാർ 'അർദ്ധരാത്രിയിലെ ആർപ്പുവിളി', 'അർദ്ധരാത്രി ശബ്ദം', 'പിൻമഴ' എന്നിങ്ങനെ ചില ലഘുലേഖകൾ പ്രസിദ്ധീകരിച്ചിരുന്നു. അഭ്യസ്തവിദ്യരായ ആളുകളെപ്പോലും പെന്തെക്കോസ്തു മാർഗ്ഗത്തിലേക്ക് ആനയിക്കാൻ ഈ ലഘുപത്രികകൾ മുഖാന്തരമായി.

അന്ന് മാർത്തോമ്മാ സഭയിലെ ഒരു യുവസുവിശേഷകനായിരുന്ന പന്തളം മത്തായി ഉപദേശി, സി.എം.എസ്. സഭയിലെ പ്രശസ്ത പ്രവർത്തകനായിരുന്ന ഡോക്ടർ ഉമ്മൻ മാമ്മൻ (ഇദ്ദേഹം സി.എം.എസ്. സഭയിലെ ആർച്ച് ഡീക്കൻ ഉമ്മൻ പാതിരിയുടെ പുത്രനായിരുന്നു) എന്നിവർ ജോർജ് ബർഗ്ഗിന്റെ പ്രസംഗത്തിൽ ആകൃഷ്ടരായി. ആ പ്രാവശ്യം ബർഗ് ബാംഗ്ലൂരിലേക്കു തിരിച്ചുപോയപ്പോൾ മത്തായിച്ചനേയും ഉമ്മൻ മാമ്മനെയും മറ്റു ചിലരെയും തന്നോടുകൂടെ കൊണ്ടുപോയി. ബർഗ് സായ്പിന്റെ വേദപഠന ക്ലാസ്സുകളിൽ കൂടി വിശ്വാസസ്നാനം, പരിശുദ്ധാത്മസ്നാ

48

# പന്തളം മത്തായി ഉപദേശി : കേരള പെന്തെക്കോസ്തിന്റെ തലതൊട്ടപ്പൻ

*ആജാനുബാഹുവായ ആ ധീര മനുഷ്യന്റെ രൂപം പെന്തെക്കോസ്തു പദേശിമാരെപ്പറ്റിയുള്ള ഇന്നത്തെ സങ്കല്പത്തിനു യോജിക്കുന്നതാവാൻ തരമില്ല. അന്ന് മാന്യതയുടെ അടയാളമായിരുന്ന കോട്ടും തലപ്പാവുമായിരുന്നു അദ്ദേഹത്തിന്റെ വേഷം. ആരെയും കൂസാക്കാത്ത പ്രകൃതം. മുഖത്ത് കട്ടിയുള്ള കൊമ്പൻ മീശ. എന്നാൽ ഒരിക്കലും ഒരു സ്ഥലത്ത് ഒതുങ്ങിയിരിക്കാതെ, എപ്പോഴും വേദപുസ്തകവും കയ്യിലേന്തി സുവിശേഷവുമായി നാട്ടിലുടനീളം സഞ്ചരിച്ച് ആയിരക്കണക്കിനാളുകളെ ക്രിസ്തുവിനുവേണ്ടി നേടിയ സാക്ഷാൽ സുവിശേഷ കനായിരുന്നു അദ്ദേഹം. കാപട്യമില്ലാതിരുന്ന പെന്തെക്കോസ്തുകാരൻ. സത്യം ആരുടേയും മുഖത്തുനോക്കി പറയാൻ മടിക്കാത്ത ധീരൻ. റവ. റോബർട്ട് കുക്ക് പന്തളം മത്തായി ഉപദേശിയെ വിളിച്ചിരുന്നത് 'പടക്കുതിര' എന്നാണ്.*

*പെന്തെക്കോസ്തിലെ പലതിന്റെയും പ്രാരംഭകൻ പന്തളം മത്തായി ഉപദേശി ആയിരുന്നു.*

*പാസ്റ്റർ കെ.ഇ. ഏബ്രഹാമിനെ പെന്തെക്കോസ്തു സത്യങ്ങളിലേക്കു വഴി നടത്തുന്നത് പന്തളം മത്തായിച്ചനാണ്. ഇക്കാര്യം പാസ്റ്റർ ഏബ്രഹാം തന്റെ ആത്മ കഥയിൽ അനുസ്മരിക്കുന്നുണ്ട്. 1912-ൽ ജോർജ് ബർഗ്ഗിന്റെ ശുശ്രൂഷയിൽ ആത്മ സ്നാനം പ്രാപിച്ച വ്യക്തിയായിരുന്നു അദ്ദേഹം. തെക്കൻ തിരുവിതാംകൂറിലേക്കും, കേരള സംസ്ഥാനത്തിനു പുറത്തേക്കും സുവിശേഷവുമായി യാത്രചെയ്ത ആദ്യ പെന്തെക്കോസ്തു മിഷനറിയും മത്തായിച്ചൻ തന്നെയാണ്. "അന്ത്യനാളു വന്നുപോയി, പെന്തെക്കോസ്തിൻ ആവി വന്നു..." എന്ന ഗാനം രചിച്ചുകൊണ്ട് ആദ്യത്തെ പെന്തെക്കോസ്തു ഗാനരചയിതാവുമായി അദ്ദേഹം. 1914-ൽ സഹപ്രവർത്തകയായിരുന്ന ബൗൺസിൽ മദാമ്മ തഞ്ചാവൂരിൽവച്ച് മരണ മടഞ്ഞപ്പോൾ അവരെ സംസ്ക്കരിച്ചതും മത്തായിച്ചനാണ്. ഒരുപക്ഷേ പെന്തെക്കോസ്തിലെ ആദ്യ ശവസംസ്ക്കാര ശുശ്രൂഷയും!!*

*1877 മാർച്ചിൽ കുളനട ആലുനിൽക്കുംമണ്ണിൽ ചെറിയാന്റെയും മറിയാമ്മയു ടെയും ഇളയ മകനായി ജനിച്ച മത്തായിച്ചൻ 1888-ൽ പതിനൊന്നാം വയസ്സിൽ രക്ഷിക്കപ്പെട്ടു. വീട്ടുകാരുടെ എതിർപ്പിനെ വകയ്ക്കാതെ 18-ാം വയസ്സിൽ സുവിശേഷ പ്രവർത്തനത്തിനു വീടു വിട്ടിറങ്ങി. അന്ന് അദ്ദേഹം മാർത്തോമ്മാ സഭാംഗമായിരുന്നു. 1900-ൽ സുപ്രസിദ്ധ പാട്ടുകാരനായ ജോൺ ഈശോയോടൊന്നിച്ച് സുവിശേഷ ഘോഷണാർത്ഥം സിലോണിലേക്കു യാത്രയായി. ഒരു വർഷം അവിടെ തോട്ടം തൊഴിലാളികളുടെയിടയിൽ പ്രവർത്തിച്ചു. തോട്ടമുടമയായ ക്ലമന്റ് സായ്പ് തോട്ടത്തിൽ ജോലി വാഗ്ദാനം ചെയ്തു. ജോലിയോടൊപ്പം സുവിശേഷ പ്രവർത്തനവും നടത്തിക്കൊൾവാൻ അനുവാദവും കൊടുത്തു. എന്നാൽ "കലപ്പയ്ക്ക് കൈവച്ചശേഷം പുറകോട്ടു*


*പോകുന്നവനാരും ദൈവരാജ്യത്തിനു കൊള്ളാവുന്നവനല്ല" എന്നു പറഞ്ഞ് മത്തായിച്ചൻ ക്ലമന്റ് സായ്പിന്റെ ജോലി വാഗ്ദാനം നിരസിച്ചു.*

*മടങ്ങി നാട്ടിലെത്തിയ മത്തായി ഉപദേശിയെ മാർത്തോമ്മാ സഭ സഞ്ചാര പ്രസംഗകനായി നിയമിച്ചു. മെത്രാപ്പോലിത്തായുടെ ഏറ്റവും പ്രിയപ്പെട്ട സുവിശേഷകനായിരുന്നു മത്തായിച്ചൻ. അങ്ങനെയിരിക്കെയാണ് അദ്ദേഹം ബർഗ്ഗ് സായ്പിനെ കണ്ടുമുട്ടുന്നതും പെന്തെക്കോസ്തു വിശ്വാസിയായിത്തീരുന്നതും.*

*വേദപുസ്തകത്തിൽ അഗാധ പാണ്ഡിത്യമുണ്ടായിരുന്ന മത്തായി ഉപദേശിയെ ശത്രുക്കളും മിത്രങ്ങളും ഒരുപോലെ ആദരിച്ചു. തളരാതെ നിർത്താതെ, പെന്തെക്കോസ്തു സത്യങ്ങൾ പ്രചരിപ്പിച്ച, മത്തായിച്ചന്റെ പ്രവർത്തനങ്ങൾ മുഖാന്തിരം അനേകായിരങ്ങൾ പെന്തെക്കോസ്തു വിശ്വാസം സ്വീകരിച്ചിട്ടുണ്ട്. ഭീഷണികൾക്കോ, പ്രലോഭനങ്ങൾക്കോ അദ്ദേഹത്തെ സത്യത്തിൽനിന്നു പിൻതിരിപ്പിക്കാൻ കഴിഞ്ഞില്ല. മലയാളം, തമിഴ്, ഇംഗ്ലീഷ് എന്നീ ഭാഷകൾ അദ്ദേഹത്തിനു വശമായിരുന്നു.*

*ആദ്യകാലത്ത് അസംബ്ലീസ് ഓഫ് ഗോഡ് മിഷനറിമാരോടും പിന്നീട് കുക്ക് സായ്പിനോടും കെ. ഇ. ഏബ്രഹാമിനോടുമൊക്കെ സഹകരിച്ചു പ്രവർത്തിച്ചിട്ടുണ്ടെങ്കിലും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ എന്നും സ്വതന്ത്രവും സ്വദേശീയവുമായിരുന്നു. മിഷനറിമാരോട് ചേർന്നു പ്രവർത്തിച്ചിരുന്നപ്പോഴും അദ്ദേഹം അവരുടെ ശമ്പളക്കാരനായിരുന്നില്ല.*

*1940 ജനുവരി 21-നു മത്തായി ഉപദേശി താൻ പ്രിയംവച്ച കർത്താവിന്റെ സന്നിധിയിൽ ചേർക്കപ്പെട്ടു.*



**ആണ്ടു പിറന്നപ്പോഴത്തെ സമർപ്പണവാചകം,**

**മത്തായിച്ചന്റെ സ്വന്തം കൈപ്പടയിൽ**

"1916-1-1 മധുരാശിയിൽ പെന്തിക്കോസ്തു മീറ്റിംഗിൽവച്ചു എന്നെ യെശുവിനും യെശുവിനെ ഇനിക്കുമായി ഈ ആണ്ടിൽ ഉപയോഗപ്പെടുത്തുന്നതിനായി എന്നെ ഒഴിഞ്ഞു കൊടുത്തു. യെശുവിൻ ദാസൻ എഴെ ദാസൻ എ.സി. മത്തായി; ദിവസത്തിന്റെ ആരംഭസമയമെ കർത്താവിനു കൊടുത്തിരിക്കുന്നു.

A.C. Mathai (ഒപ്പ്)

45-൧൦ പേജിൽ നിന്നും...

നം, വേർപാട് മുതലായ സുവിശേഷ സത്യങ്ങൾ ഗ്രഹിക്കുവാൻ ബാംഗ്ലൂരിലേക്കു പോയ ഈ യുവാക്കൾക്കു കഴിഞ്ഞു. അവർ അവിടെവച്ച് ബർഗ് സായ്പിന്റെ കൈക്കീഴിൽ സ്നാനമേറ്റു. മിക്കവരും പരിശുദ്ധാത്മസ്നാനം പ്രാപിക്കുകയും ചെയ്തു.

### കേരളസഭ ബർഗ് സായ്പിന്റെ അഭാവത്തിൽ

1912-ൽ ഒന്നാമത്തെ അഖിലലോക പെന്തെക്കോസ്ത് ക്യാമ്പ് മീറ്റിംഗിൽ (First World-wide Camp Meeting) പങ്കെടുക്കാനായി ബർഗ് സായ്പ് അമേരിക്കയിലേക്കുപോയി. ബാംഗ്ലൂരിൽവച്ച് പരിശുദ്ധാത്മസ്നാനം പ്രാപിച്ച മദ്ധ്യതിരുവിതാംകൂറുകാരായ യുവാക്കൾ തിരികെ കേരളത്തിലേക്കു പോന്നു. അതിൽ ഉമ്മൻ മാമ്മൻ പുനലൂർ കേന്ദ്രമാക്കി പെന്തെക്കോസ്ത് പ്രവർത്തനം നടത്തിയപ്പോൾ, പന്തളം മത്തായി ഉപദേശി തെക്കൻതിരുവിതാംകൂറിൽ പെന്തെക്കോസ്ത് പ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്ന മിസ് ബൗൺസിൽ, മിസ് ആൾഡ്‌വിങ്കിൾ എന്നിവരോടു ചേർന്ന് തന്റെ പ്രവർത്തനം ആരംഭിച്ചു.

തെക്കൻ തിരുവിതാംകൂറിന്റെ എല്ലാ ഭാഗങ്ങളിലും സഞ്ചരിച്ചതു കൂടാതെ മത്തായി ഉപദേശി തമിഴ്നാട്ടിൽ അംബാസമുദ്രം, കുടയനെല്ലൂർ, പാപനാശം തുടങ്ങിയ സ്ഥലങ്ങളിലും സുവിശേഷ സത്യങ്ങളുമായി യാത്ര ചെയ്തു. തന്റെ ഉറ്റ സുഹൃത്തായ റവ. കമ്മിൻസിന്റെ പ്രേരണയാൽ അദ്ദേഹം പണ്ഡിത രമാഭായിയുടെ ആശ്രമവും സന്ദർശിക്കുകയുണ്ടായി. തുടർന്ന് പോണ്ടിച്ചേരി, തൃശ്ശ്നാപ്പള്ളി, തഞ്ചാവൂർ, മംഗലാപുരം, കുന്നംകുളം തുടങ്ങിയ സ്ഥലങ്ങളിലും സുവിശേഷ ദൂതുമായി യാത്രചെയ്തു.

ഇതേസമയത്ത് ഡോ. ഉമ്മൻ മാമ്മൻ കുടുംബമൊന്നിച്ച് (മിസിസ് മാമ്മനും മൂന്നു പുത്രന്മാരും) മദ്ധ്യതിരുവിതാംകൂറിലുടനീളം നടത്തിയ പരസ്യയോഗങ്ങൾ അനേകരെ പെന്തെക്കോസ്ത് സത്യങ്ങളിലേക്കു വഴിനടത്തി. വളരെ ചേതോഹരങ്ങളായിരുന്നു അവർ നടത്തിയ യോഗങ്ങൾ. പുരുഷൻമാർ മാർവ്വിലും പുറത്തും വേദവാക്യങ്ങൾ എഴുതിയ വസ്ത്രം ധരിച്ചിരുന്നു. കൂടാതെ വേദവാക്യങ്ങൾ എഴുതിയ കൊടികൾ അവർ കൈകളിലേന്തിയിരുന്നു. ഈ വ്യത്യസ്തശൈലി വലിയ ജനക്കൂട്ടത്തെ അവരുടെ യോഗങ്ങളിലേക്കാകർഷിച്ചു. മിക്ക യോഗങ്ങളിലും മിസ്സിസ്സ് മാമ്മനും ഡോ. മാമ്മനും പ്രസംഗിച്ചു. പരസ്യയോഗത്തിലെ പ്രാർത്ഥനാവസരങ്ങളിൽ അന്യഭാഷാഭാഷണം നിരന്തര അനുഭവമായിരുന്നു.

പന്തളം മത്തായി ഉപദേശിയുടെ പ്രവർത്തനങ്ങൾ പ്രധാനമായും തെക്കൻതിരുവിതാംകൂറിൽ ആയിരുന്നതിനാൽ മദ്ധ്യതിരുവിതാംകൂറിൽ ഒരു പ്രാദേശിക സഭ രൂപീകരിക്കുന്നതിനും വളർത്തുന്നതിനും അദ്ദേഹത്തിനു കഴിഞ്ഞില്ല. ബർഗ് സായ്പിന്റെ പ്രസംഗത്തിൽ ആകൃഷ്ടരായ പലരും പന്തളം, പുന്തല ഭാഗങ്ങളിലുണ്ടായിരുന്നെങ്കിലും ഒരു സഭാകൂടിവരവിന്റെ വളർച്ചയിലേക്ക് ആ കൂട്ടായ്മകൾക്ക് എത്തിപ്പെടാനായില്ല. ഡോ. ഉമ്മൻ മാമ്മനും മദ്ധ്യതിരുവിതാംകൂറിലെ പല സ്ഥലങ്ങളിലും പ്രസംഗകനായി യാത്ര ചെയ്തെങ്കിലും സഭാകൂടിവരവുകൾ സ്ഥാപിക്കാൻ കഴിഞ്ഞു എന്നതിനു തെളിവുകളില്ല. എന്നാൽ ഇതേസമയം മദ്ധ്യതിരുവിതാംകൂറിലെ തുവയൂരിൽ പരുത്തുപ്പാറ ഉമ്മച്ചന്റെ നേതൃത്വത്തിലുണ്ടായിരുന്ന സഭാകൂടിവരവ് ബർഗ് സായ്പിന്റെ ആഗമനത്തോടെ പെന്തെക്കോസ്തിനെ പുൽകുകയും ആ സഭ പെന്തെക്കോസ്ത് സത്യങ്ങളിൽ തന്നെ നില നിൽക്കുകയും ചെയ്തിരുന്നു.

### തുവയൂർ സഭ

തുവയൂർ സഭയുടെ പശ്ചാത്തലം ഇതാണ്. അടൂരിനടുത്ത് പരുത്തുപ്പാറ സ്വദേശി ഉമ്മച്ചൻ എന്നൊരാൾ ഒരു ദിവസം പറക്കോട്ട് ചന്തയിൽ വച്ച് സി.എം. എസ്സിലെ നൈനാൻ അച്ചന്റെ പ്രസംഗം കേട്ട് മാനസാന്തരപ്പെടുകയും സുവിശേഷ വേലയ്ക്കായി സമർപ്പിക്കുകയും ചെയ്തു. അങ്ങനെയിരിക്കെ "നീ തുവയൂരിലേക്കു പോയി സുവിശേഷമറിയിക്കുക" എന്നു കർത്താവ് ദർശനത്തിൽ അദ്ദേഹത്തോടു പറഞ്ഞു. തനിക്കുണ്ടായിരുന്ന 25 സെന്റ് സ്ഥലം വിറ്റ് അദ്ദേഹം കുടുംബസമേതം തുവയൂരെത്തി.

ഉമ്മച്ചന്റെ പ്രസംഗം ശ്രവിച്ച് വള്ളിവിളയിൽ ഗീവർഗീസ് തോമസ്, കോശി മത്തായി എന്നിവർ സത്യ സുവിശേഷം അംഗീകരിച്ചു. ഈ മൂന്നുപേരും ഒരുമിച്ച് വള്ളിവിള ഭവനത്തിൽ ഒരു പ്രാർത്ഥനാക്കൂട്ടം ആരംഭിച്ചു. വിയോജിത പ്രസ്ഥാനങ്ങളോടു കൂറു പുലർത്തിയിരുന്നുവെങ്കിലും അവർ സ്വതന്ത്രരായാണ് നിലകൊണ്ടത്. 1911 വരെ ഈ നില തുടർന്നു.

ഈ കാലത്തായിരുന്നു ജോർജ് ബർഗ് മദ്ധ്യതിരുവിതാംകൂറിലെ പല സ്ഥലങ്ങളിലായി പെന്തെക്കോസ്ത് യോഗങ്ങൾ സംഘടിപ്പിച്ചത് . റവ. കമ്മിൻസും അന്ന് അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. തുവയൂരെ സ്വതന്ത്ര കൂട്ടായ്മയുടെ സഹകരണത്തോടെ അവർ ആ നാട്ടിലും യോഗങ്ങൾ നടത്തി. അതോടെ പരുത്തുപ്പാറ ഉമ്മച്ചന്റെ സ്വതന്ത്ര കൂട്ടായ്മ പെന്തെക്കോസ്തു മാർഗ്ഗം സ്വീകരിച്ചു.

അന്ന് വളരെ ചുരുക്കം അംഗങ്ങൾ മാത്രമേ തുവയൂർ സഭയിലുണ്ടായിരുന്നുള്ളു. എന്നാൽ ബർഗ്ഗിന്റെ സുവിശേഷ യോഗങ്ങൾ മൂലം വിവിധ ജാതിമതസ്ഥരായ അനേകർ തുവയൂർ സ്വതന്ത്രസഭയോട് ചേർന്നു. 1912-ൽ ബർഗ് മടങ്ങിപോയെങ്കിലും തുവയൂർ വിശ്വാസികൾ അവരറിഞ്ഞ സത്യത്തിൽ തന്നേ നിലകൊണ്ടു എന്നുതന്നെയല്ല, ആ സത്യം അയൽ ഗ്രാമങ്ങളിലേക്കെത്തിക്കുവാനും അവർ മറന്നില്ല. മണ്ണടി, ഐവർകാല, കുന്നത്തൂർ, പോരുവഴി, ശൂരനാട്, കടമ്പനാട് തുടങ്ങിയ സ്ഥലങ്ങളിലേക്ക് തുവയൂരിലെ വിശ്വാസികൾ സുവിശേഷവുമായി സഞ്ചരിച്ചു.

കൂടുതൽ ആളുകൾ സുവിശേഷ സത്യം ഗ്രഹിച്ച് പ്രവർത്തനം വ്യാപിച്ചപ്പോൾ ഗീവർഗീസ് തോമസ് തന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന ഒരേക്കറിലേറെ വരുന്ന കോളൂർക്കുഴി പുരയിടം സഭയ്ക്ക് ദാനം ചെയ്തു. സഭാശുശ്രൂഷകനായിരുന്ന പരുത്തുപ്പാറ ഉമ്മച്ചൻ അവിടേക്ക് താമസം മാറ്റി. ആ സ്ഥലത്ത് ഒരു ഷെഡുണ്ടാക്കി വള്ളിവിള ഭവനത്തിലെ കൂട്ടായ്മ അവിടേക്കു മാറ്റുകയും ചെയ്തു.

### പാസ്റ്റർ കുക്കിന്റെ ആഗമനം

1912-ലെ വസന്തകാലത്ത് കാലിഫോർണിയായിലെ ലോസ്ആഞ്ചലസിൽ നടന്ന ഒന്നാമതു അഖിലലോക പെന്തെക്കോസ്ത് ക്യാമ്പ് മീറ്റിംഗിൽവെച്ചാണ് റോബർട്ട് എഫ്. കുക്ക് ഇന്ത്യയിലേക്കു മിഷനറിയായി പോകുവാനുള്ള തന്റെ തീരുമാനമുറപ്പിക്കുന്നത്. നേരത്തെ കേരളത്തിൽ പ്രവർത്തിച്ചിരുന്ന ജോർജ് ബർഗ് ഈ ക്യാമ്പിൽ പങ്കെടുത്ത് ഇന്ത്യയെപ്പറ്റി - അതിന്റെ പ്രേഷിതസാധ്യതകളെപ്പറ്റി വിശദമായി വിവരിച്ചത് കുക്ക് ദമ്പതികളെ തങ്ങളുടെ ദൗത്യത്തിനായി ഇറങ്ങിത്തിരിക്കാൻ കൂടുതൽ പ്രേരിപ്പിച്ചു. അങ്ങനെ 1913 ഒക്ടോബറിൽ ജോർജ് ബർഗിനോടൊപ്പം കുക്ക് കുടുംബം ഇന്ത്യയിലെത്തി.


കുറെ ആഴ്ചകൾക്കുശേഷം - 1914 ജനുവരിയിൽ തന്നെ - റോബർട്ട് കുക്ക് പെന്തെക്കോസ്ത് സന്ദേശവുമായി കേരളത്തിന്റെ മണ്ണിലെത്തി. ബർഗിന്റെ കേരള

സന്ദർശന വേളകളിൽ അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന ആംഗ്ലോ ഇന്ത്യൻ മിഷനറി റവ. കമ്മിൻസും പ്രഥമ കേരള സന്ദർശനത്തിൽ പാസ്റ്റർ കുക്കിനെ അനുഗമിച്ചിരുന്നു. കൊട്ടാരക്കര, അടൂർ, തുവയൂർ എന്നീ സ്ഥലങ്ങളൊക്കെ റവ. കമ്മിൻസിനു പരിചിതമായിരുന്നതിനാൽ ആ സ്ഥലങ്ങൾ തന്നെ സന്ദർശിക്കുവാനാണ് കുക്ക് സായ്പ് തീരുമാനിച്ചത്.

ആദ്യമായി കേരളത്തിലെത്തിയ സന്ദർഭം കുക്ക് സായ്പ് വിവരിക്കുന്നതിങ്ങനെയാണ്:

"തമിഴ്നാടിന്റെ തരിശുനിലങ്ങളെ വിട്ട് തിരുവിതാംകൂറിന്റെ മലമടക്കുകളിലൂടെ ആറു മണിക്കൂർ തീവണ്ടി നിരങ്ങി നീങ്ങി. കൊട്ടാരക്കര എത്തിയപ്പോൾ സന്ധ്യമയങ്ങിയിരുന്നു. ഞങ്ങളുടെ ലക്ഷ്യസ്ഥാനത്ത് എത്തണമെങ്കിൽ ഇനിയും നേരം വെളുക്കുവോളം യാത്ര ചെയ്യണം. അത്താഴം കഴിക്കുന്നതാണ് നല്ലത്. പക്ഷേ എവിടെ നിന്ന്?

യാദൃശ്ചികമെന്നോണം എന്നോടൊപ്പമുണ്ടായിരുന്ന ആഗ്ലോ ഇന്ത്യൻ മിഷനറി കമ്മിൻസ് അദ്ദേഹത്തിന്റെ പഴയ സുഹൃത്തായ ഒരു സാൽവേഷൻ ആർമി ഓഫീസറെ കണ്ടുമുട്ടി. ചില മൈലുകൾ ദൂരെയുള്ള തന്റെ ഭവനത്തിലേക്ക് അദ്ദേഹം ഞങ്ങളെ ക്ഷണിച്ചു. അദ്ദേഹത്തിന്റെ ഭാര്യ ഞങ്ങൾക്ക് ചോറും കറിയും വച്ചു തന്നു. അപ്പോഴും മറ്റൊരു പ്രശ്നം അവശേഷിച്ചു. ഭക്ഷണം കഴിക്കുവാൻ ആ വീട്ടിൽ പ്ലേറ്റുകൾ ഒന്നും ഇല്ലായിരുന്നു. സാധാരണ അവർ ഇലകളിലാണ് ഭക്ഷിച്ചിരുന്നത്. ഏറെ നേരത്തെ തിരച്ചിലിനു ശേഷം എങ്ങനെയോ, വീടിന്റെ മൂലയിലെവിടെയോ, ഉപേക്ഷിക്കപ്പെട്ടു കിടന്ന തുരുമ്പെടുത്ത ഒരു ഇനാമൽ പ്ലേറ്റ് അവർ കണ്ടെത്തി. സത്യം പറയട്ടെ, ഇത്തരത്തിലൊരു പ്ലേറ്റിൽ നിന്ന് ഇത്ര രുചികരമായി ഭക്ഷണം കഴിക്കാനാവുമെന്ന് ഞാൻ ഒരിക്കലും മനസ്സിലാക്കിയിരുന്നില്ല. ഒരു പക്ഷേ ഞാൻ അത്രയേറെ വിശപ്പുള്ളവ



***ആദ്യ പരസ്യയോഗം***

*1914-ൽ കുക്ക് സായ്പ് ആദ്യം കേരളത്തിൽ വന്നപ്പോൾ അടൂരിൽ നടത്തിയ പരസ്യയോഗം*



***ആദ്യസ്നാനം***

*1914-ൽ കുക്ക് സായ്പ് തുവയൂരിൽ നടത്തിയ സ്നാനം. 63 പേരാണ് അന്ന് സ്നാനപ്പെട്ടത്*

---

നായിരുന്നതുകൊണ്ടായിരിക്കാം അങ്ങനെ അനുഭവപ്പെട്ടത്." (Divine Leadings in South India, Page 28).


പിറ്റേന്ന് രാവിലെ ഒരു കാളവണ്ടിയിൽ കുക്ക് സായ്പും കമ്മിൻസും തുവയൂരിലെത്തി. വിശ്വാസികൾ ഹാർദ്ദവമായി അവരെ സ്വാഗതം ചെയ്തു. കാളവണ്ടിക്കു ചെന്നെത്താവുന്നിടത്തുനിന്നും മൂന്നു കിലോമീറ്ററിലേറെ ദൂരെയായിരുന്നു യോഗങ്ങൾ സംഘടിപ്പിച്ചിരുന്നത്. സഭാവിശ്വാസികൾ മിഷനറിമാരുടെ ബാഗേജ് തലയിൽ ചുമന്നുകൊണ്ട് മുന്നിൽ നടന്നു. കാടും കയ്യാലയും നെൽപ്പാടങ്ങളും തെങ്ങിൻതോപ്പുകളുമൊക്കെ താണ്ടി മിഷനറിമാർ അവർക്കു പിറകെ നടന്നു.

നാലു ദിവസങ്ങളിലേക്കായിരുന്നു അവിടുത്തെ യോഗങ്ങൾ. സുറിയാനി ക്രിസ്ത്യാനികളായിരുന്നു ഭൂരിഭാഗം കേൾവിക്കാരും. കുക്ക് സായ്പിന്റെ പ്രസംഗം, പിശാചിന്റെയും സ്വയത്തിന്റെയും ബന്ധനത്തിൽനിന്ന് എങ്ങനെ വിമോചനം പ്രാപിക്കാം എന്നതിനെപ്പറ്റിയായിരുന്നു. ആദ്യദിവസം യോഗം തീർന്നപ്പോൾ ഭൂതബാധിതയായ ഒരു സ്ത്രീയെ അവിടെ പ്രാർത്ഥനയ്ക്കായി കൊണ്ടുവന്നു. അവർ തല നിലത്തിട്ടടിച്ച് കണ്ണുകൾ തുറിച്ച് പല്ലുകടിച്ച് ഭീകരശബ്ദം ഉണ്ടാക്കിക്കൊണ്ടിരുന്നു.

പ്രസംഗം തെളിയിക്കപ്പെടേണ്ട സന്ദർഭം! എല്ലാ ശക്തിയോടും കൃപയോടും കൂടെ മിഷനറിമാർ ആ സ്ത്രീയുടെ തലയിൽ കൈവച്ച് യേശുവിന്റെ നാമത്തിൽ ഭൂതത്തോട് വിട്ടുപോകുവാൻ കൽപിച്ചു. നോക്കിനിൽക്കെ അവർ ശാന്തയായി എഴുന്നേറ്റിരുന്ന് കണ്ണു തുടയ്ക്കുകയും കൈകളുയർത്തി ദൈവത്തെ സ്തുതിക്കുകയും ചെയ്തു.

കാഴ്ചക്കാരായി ഓടിക്കൂടിയവർ പോലും ഈ കാഴ്ച കണ്ട് കണ്ണുനീർ പൊഴിച്ചു. പെന്തെക്കോസ്ത് മിഷനറിമാരുടെ ഈ നവദൂത് വാക്കുകളിലൊതുങ്ങുന്നതല്ലെന്നും ആത്മാവിന്റെയും ശക്തിയുടെ

# ദരിദ്രരോടു സുവിശേഷമറിയിക്കാൻ അഭിഷിക്തൻ



*__1879__–ൽ ഒരു ബാപ്റ്റിസ്റ്റ് പ്രസംഗകന്റെ മകനായി ജനിച്ച റോബർട്ട് എഫ്. കുക്ക് 1908–ലാണ് 'അന്യഭാഷക്കാരെ'പ്പറ്റി ആദ്യമായി കേൾക്കുന്നത്. ഒരു വൈകുന്നേരം പിതാവ് അദ്ദേഹത്തോടു പറഞ്ഞു, "വരൂ, റോബർട്ട് ഒന്നാം നൂറ്റാണ്ടിലെപ്പോലെ അന്യഭാഷകളിൽ സംസാരിക്കുന്ന ഒരു സംഘത്തിലേക്ക് നമുക്ക് പോകാം. അവിടെ ചെന്നപ്പോഴൊക്കെ വളരെ അത്ഭുതകരമായ അനുഭവങ്ങളായിരുന്നു എനിക്കുണ്ടായത്. വളരെ അനുഗ്രഹവും പ്രാപിച്ചു."*

*റോബർട്ടും ഭാര്യ അന്നയും ലോസ്ആഞ്ചലസിലെ ആ ഉണർവ്വുയോഗത്തിൽ വളരെ ജിജ്ഞാസയോടെയാണ് പങ്കെടുത്തത്. ഈ അലൗകിക അനുഭവം പ്രാപിക്കണമെന്ന് റോബർട്ടിനും ആഗ്രഹമുണ്ടായി. അദ്ദേഹം നിരന്തരം അതിനായി പ്രാർത്ഥിക്കുകയും തുടർച്ചയായി ലോസ്ആഞ്ചലസ് ഉണർവ്വുയോഗങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.*

*ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ, ഒരു ദിവസം പ്രഭാതത്തിൽ റോബർട്ടിന്റെ ഭാര്യ അദ്ദേഹത്തെ വിളിച്ചുണർത്തി. തനിക്ക് നല്ല സുഖം തോന്നുന്നില്ലെന്നും പ്രാർത്ഥിക്കണമെന്നുമായിരുന്നു ആവശ്യം. റോബർട്ട് പ്രാർത്ഥിക്കുവാൻ തുടങ്ങി. "യേശുവിന്റെ രക്തത്താൽ ജയം" എന്ന് നിരന്തരമായി പറഞ്ഞുകൊണ്ടിരുന്നു. അങ്ങനെ തുടരുമ്പോൾ, ഒരു അർദ്ധബോധനിലയിൽ റോബർട്ട് താൻ അന്യഭാഷകളിൽ സംസാരിക്കുകയാണെന്ന് മനസ്സിലാക്കി. ഭാര്യയുടെ അസുഖവും അതോടെ ഭേദമായി.*

*പിറ്റേന്ന് ഭാര്യ റോബർട്ടിനോടു ചോദിച്ചു "ഈ പ്രഭാതത്തിലെ പ്രാർത്ഥനാവേളയിൽ എന്താണു സംഭവിച്ചതെന്ന് അങ്ങേയ്ക്ക് ഓർമ്മയുണ്ടോ?"*

*"ഉണ്ട്; ഞാൻ അന്യഭാഷകളിൽ സംസാരിച്ചു." "അതിലും കൂടുതൽ സംഭവിച്ചു." അന്ന പറഞ്ഞു "അന്യഭാഷകളിൽ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ അങ്ങയുടെ പിന്നിൽ ഒരു ദൈവദൂതൻ നിൽക്കുന്നതു ഞാൻ കണ്ടു. ദൂതൻ അങ്ങേയ്ക്ക് വായിക്കുവാൻ ഒരു പുസ്തകം തന്നു. അങ്ങത് വായിച്ചുകൊണ്ടിരുന്നു."*

അന്ന ഇതു പറഞ്ഞുകഴിഞ്ഞതും റോബർട്ട് വീണ്ടും ആത്മാവിൽ നിറഞ്ഞ് അന്യഭാഷയിൽ പ്രവചിക്കുവാൻ തുടങ്ങി. അത്ഭുതം എന്നേ പറയേണ്ടൂ, അന്ന അതിങ്ങനെ വ്യാഖ്യാനിച്ചു-

"ദരിദ്രരോടു സുവിശേഷമറിയിക്കാൻ കർത്താവ് എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. ബദ്ധരായവർക്ക് വിടുതലും കുരുടർക്ക് കാഴ്ചയും പ്രസംഗിക്കാനും പീഡിതരെ വിടുവിച്ചയക്കാനും എന്നെ അയച്ചിരിക്കുന്നു." (ലൂക്കോസ് 4:18)

അതൊരു ഞായറാഴ്ച രാവിലെയായിരുന്നു. അന്ന് സഭാരാധനയ്ക്ക് റോബർട്ട് അത്യധികമായ ആഹ്ലാദത്തോടെയാണ് വന്നെത്തിയത്. സഭാഹോളിൽ പ്രവേശിച്ചതും, അന്നത്തെ പ്രധാന പ്രസംഗകനെ കണ്ട് റോബർട്ട് അറിയിച്ചു, "ബ്രദർ ടിങ്കിൾ, ഞാൻ പരിശുദ്ധാത്മസ്നാനം പ്രാപിച്ചു."

ഇതുകേട്ടതും, ടിങ്കിളിന്റെമേൽ ദൈവത്തിന്റെ ആത്മാവ് വന്നു. അദ്ദേഹം റോബർട്ടിനോടു പ്രവചിച്ചു പറഞ്ഞു. "ദരിദ്രരോട് സുവിശേഷം അറിയിക്കാൻ ദൈവത്തിന്റെ ആത്മാവ്....." (ലൂക്കോസ് 4:18).

തന്റെ ദൗത്യനിർവ്വഹണത്തെക്കുറിച്ച് ഈ സുപ്രധാനവാക്യത്തിലൂടെ ദൈവം റോബർട്ട് കുക്കിനെ ബോധ്യപ്പെടുത്തുകയായിരുന്നു.

1912-ൽ കുക്ക് ജോലി രാജിവച്ചു. അതേവർഷം കാലിഫോർണിയായിലെ ലോസ് ആഞ്ചലസിൽ ആഗോളനിലയിൽ നടത്തപ്പെട്ട ഒരു പെന്തെക്കോസ്ത് ക്യാമ്പിൽ വച്ച്, ദൈവം ഇന്ത്യയിലെ പ്രവർത്തനത്തിനുവേണ്ടിയാണ് തന്നെയും കുടുംബത്തെയും വിളിച്ചിരിക്കുന്നതെന്ന് കുക്കിനു ബോധ്യമായി.

കേരളത്തിലെ ആദ്യത്തെ പെന്തെക്കോസ്ത് പ്രവർത്തകനായിരുന്ന ജോർജ് ബർഗ്ഗും ഇതേ ക്യാമ്പിൽ പങ്കെടുത്തിരുന്നു. വിശാലമായ ഭാരതഭൂമിയെപ്പറ്റിയും അവിടെ സുവിശേഷത്തിന്റെ അനന്തസാദ്ധ്യതകളെപ്പറ്റിയും അദ്ദേഹം നടത്തിയ പ്രഭാഷണങ്ങൾ കുക്ക് ദമ്പതികളെ വളരെയേറെ സ്വാധീനിച്ചു. ജോർജ് ബർഗ്ഗിനോടൊപ്പം ഇന്ത്യയിലേക്ക് പോകുവാൻ തന്നെ അവർ തീരുമാനിച്ചു.

ക്യാമ്പ് മീറ്റിംഗിൽ വച്ച് മറ്റൊന്നുകൂടി സംഭവിച്ചു. റോബർട്ട് കുക്ക് അവിടെ നടന്ന ഒരു രോഗ സൗഖ്യ ക്യാമ്പയ്നിൽ പങ്കെടുക്കുകയായിരുന്നു. സിസ്റ്റർ എറ്റർ എന്ന ഒരു സ്ത്രീക്കായിരുന്നു ആ ക്യാമ്പയ്ന്റെ ചുമതല. സ്റ്റേജിനു താഴെ ശുശ്രൂഷകന്മാരുടെ നിരയിൽ ഇരുന്ന റോബർട്ടിനെ നോക്കി അവർ വിളിച്ചുപറഞ്ഞു "ബ്രദർ നിങ്ങൾക്കൊരു ശുശ്രൂഷ ഉണ്ടെന്ന് ഞാനറിയുന്നു. കയറിവന്ന് രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതിൽ എന്നെ സഹായിക്കുക."

യോഗം തീർന്നപ്പോൾ താൻ ഇന്ത്യയിലേക്ക് പോകുവാൻ നിശ്ചയിച്ചുറച്ചിരിക്കുകയാണെന്ന് റോബർട്ട് സിസ്റ്റർ എറ്ററിനോടു പറഞ്ഞു. "ഇത് വളരെ ആശ്ചര്യകരമായിരിക്കുന്നുവല്ലോ", അവർ പ്രതിവചിച്ചു. പിന്നെ കൂടിനിന്ന ശുശ്രൂഷകരെ വിളിച്ച് അവർ കുക്കിന്റെ തലയിൽ കൈവച്ച് ഇന്ത്യയിലെ പ്രവർത്തനങ്ങൾക്കായി അദ്ദേഹത്തെ വേർതിരിച്ചു പ്രാർത്ഥിച്ചു. അത്ഭുതമെന്നു പറയട്ടെ, അവരുടെ പ്രാർത്ഥനാവാചകങ്ങളിൽ ലൂക്കോസ് 4:18 അന്തർലീനമായിരുന്നു.

**ഇന്ത്യയിലെത്തുന്നു**

1913 ഒക്ടോബറിലാണ് കുക്ക് കുടുംബം ഇന്ത്യയിലെത്തുന്നത്. ചില ദിവസങ്ങൾ ബർഗ്ഗിനോടൊപ്പം തെക്കെ ഇന്ത്യയിലെ സുഖവാസ കേന്ദ്രമായ ഊട്ടിയിൽ ചെലവഴിച്ചശേഷം അവർ ബാംഗ്ലൂരിലേക്കു യാത്രയായി. അവിടെ അദ്ദേഹം,

ബർഗ്ഗിന്റെ സഹായിയും, പല ഭാഷകളിൽ ജ്ഞാനമുള്ള ഒരു ആംഗ്ലോ ഇന്ത്യൻ സുവിശേഷകനുമായ ബ്രദർ കമ്മിൻസിനെ പരിചയപ്പെട്ടു.

1913 ഡിസംബറിൽ കമ്മിൻസുമൊത്ത് റോബർട്ട് കുക്ക് തെക്കെ ഇന്ത്യയിലെ തന്റെ സുവിശേഷ പര്യടനം ആരംഭിച്ചു. തമിഴ്നാട്ടിലെ തിരുനെൽവേലി ജില്ലയിലേ ക്കാണ് അവർ ആദ്യം പോയത്. ഒരു മാസത്തിനുശേഷം, 1914 ജനുവരിയിൽ തിരുനെൽവേലിയിലെത്തി. വീണ്ടും പലപ്പോഴും മറ്റ് തെന്നിന്ത്യൻ സംസ്ഥാനങ്ങളിൽ പ്രവർത്തിച്ചിരുന്നുവെങ്കിലും തിരുവിതാംകൂർ തന്നെയായിരുന്നു പിന്നെയുള്ള 37 വർഷങ്ങൾ റവ. കുക്കിന്റെ പ്രധാന പ്രവർത്തന സ്ഥലം.

ഒന്നാം ലോകമഹായുദ്ധം ആരംഭിച്ചപ്പോൾ വിദേശികളായ മിഷനറിമാരുടെ പ്രവർത്തനങ്ങൾക്ക് പല വിലക്കുകളും ഉണ്ടായി. ജോർജ് ബർഗ്ഗിനും മറ്റും (അദ്ദേഹം ജർമ്മൻ വംശജനായിരുന്നതിനാൽ) യുദ്ധത്തിന്റെ ആരംഭ ദിനങ്ങളിൽ തന്നെ ഇന്ത്യ വിടേണ്ടിവന്നു. (അദ്ദേഹം അമേരിക്കയിൽ വച്ച് മരിച്ചു). റവ. കുക്ക് തിരുവിതാംകൂർ വിട്ട് ബാംഗ്ലൂരിലേക്ക് മടങ്ങിപ്പോയി. ബാംഗ്ലൂർ ബ്രിട്ടീഷ് ഇന്ത്യയുടെ ഒരു വലിയ സൈനിക സ്ഥാനമായിരുന്നതിനാൽ വിദേശികൾക്ക് അവിടെ ആവശ്യമായ സംരക്ഷണം ലഭിച്ചിരുന്നു.

കുക്ക് അവിടേയും വെറുതെയിരുന്നില്ല. ഫ്രെയ്സൺ ടൗണിൽ ഇംഗ്ലീഷ് ഭാഷ അറിയാവുന്നവരുടെ ഇടയിൽ അദ്ദേഹം പ്രവർത്തനം ആരംഭിച്ചു. അത്ഭുതകരമായി ചില രോഗസൗഖ്യങ്ങൾ ഉണ്ടായത് പ്രവർത്തനം കൂടുതൽ സുഗമമാക്കി. 1914–ൽ തന്നെ പാസ്റ്റർ കുക്ക് ഫ്രെയ്സൺ ടൗണിൽ ഒരു ഇംഗ്ലീഷ് ആരാധന ആരംഭിച്ചു.

1917 ആഗസ്റ്റ് 31–നു റോബർട്ടിന്റെ ഭാര്യ അന്ന അപ്രതീക്ഷിത സാഹചര്യത്തിൽ മരണമടഞ്ഞു. അങ്ങനെ പാസ്റ്റർ കുക്ക് ബ്ലോസം, ഡറോത്തി എന്നീ തന്റെ മക്കളോടൊത്ത് തനിച്ചായി.

എല്ലാ പ്രതിബന്ധങ്ങളിലും പ്രതികൂലങ്ങളിലും കുക്കിനോടൊപ്പം നിന്ന ധീരയായ പ്രവർത്തകയായിരുന്നു സിസ്റ്റർ അന്ന. ഓട്ടം തികച്ച് സുവിശേഷരണാങ്കണത്തിൽ അവരുടെ ജീവനൊടുങ്ങിയപ്പോൾ മക്കളെ പരിപാലിക്കുക എന്നതു തന്നെ റവ. കുക്കിനു വലിയ ഒരു ജോലിയായി. ഒരു തുണ കൂടാതെ തെന്നിന്ത്യയുടെ സുവിശേഷ വയലുകളിൽ രാപ്പകൽ അദ്ധ്വാനിക്കുക ദുഃസാദ്ധ്യമെന്ന് കുക്കിനു ബോധ്യമായി. അന്നയെപ്പോലെ സമർപ്പണമുള്ള ഒരു യുവതിയെ തനിക്ക് തുണയായി നൽകണമെന്ന് അദ്ദേഹം ദൈവത്തോടു പ്രാർത്ഥിച്ചു.

വിധവകൾക്കും അനാഥർക്കുമായി ബാംഗ്ലൂരിനടുത്തുള്ള ഒരു ഗ്രാമത്തിൽ 'ഹെപ്സീബാ ഹോം' എന്ന സ്ഥാപനം നടത്തിക്കൊണ്ടിരുന്ന മിസ്സ് ബർത്താഫോക്സ് എന്ന യുവതിയെയായിരുന്നു ദൈവം പാസ്റ്റർ കുക്കിനു വേണ്ടി കരുതിയിരുന്നത്. (മിസ്സ് ഫോക്സ്, പണ്ഡിത രമാഭായിയുടെ മുക്തിമിഷനുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചിരുന്ന മേരിഭായി അയ്മൻ എന്ന വനിതയുമൊന്നിച്ചായിരുന്നു അനാഥശാല നടത്തിയിരുന്നത്) റവ. കുക്കും മിസ്സ് ഫോക്സും തമ്മിലുള്ള വിവാഹം 1918 ജൂണിൽ ഡോഡ്ബലാപൂരിലെ മിഷൻഹൗസിൽ വച്ചുനടന്നു.

1921–ൽ പാസ്റ്റർ കുക്ക് കുടുംബസമേതം തിരുവിതാംകൂറിൽ താമസമാക്കി. 1950 വരെയും അദ്ദേഹത്തിന്റെ വയൽപ്രദേശമായിരുന്ന തിരുവിതാംകൂറിൽ സ്വദേശീയനായ ഏതൊരു സുവിശേഷകനെയുംപോലെ അദ്ദേഹവും കഷ്ടതകളനുഭവിച്ചു. ബർത്താ ഈ പ്രവർത്തനങ്ങളിലെല്ലാം അദ്ദേഹത്തിനു പങ്കാളിയായിരുന്നു. 1950–ൽ അവർ ഇന്ത്യ വിട്ടുമടങ്ങിപ്പോയി. 1958 ജനുവരി 12നു 79–ാമത്തെ വയസ്സിൽ ടെന്നസ്സിയിലെ ക്ലീവ്ലാന്റിൽ വച്ച് റവ. കുക്ക് നിത്യതയിൽ ചേർക്കപ്പെട്ടു.

51-൦൦ പേജിൽ നിന്നും...

യും പ്രദർശനമാണതെന്നും (1 കൊരിന്ത്യർ 2:5) നാട്ടുകാർക്ക് മനസ്സിലായി. നാലു ദിവസത്തെ യോഗങ്ങൾക്കൊടുവിൽ തുവയൂരിൽ അറുപത്തിമൂന്നു പേരെ സ്നാനപ്പെടുത്തിയിട്ടാണ് കുക്ക് സായിപ്പ് ഗ്രാമം വിടുന്നത്. തിരുവിതാംകൂറിൽ അദ്ദേഹം നടത്തിയ ആദ്യ സ്നാനശുശ്രൂഷയായിരുന്നു അത്.

ആ പ്രാവശ്യത്തെ സന്ദർശനവേളയിൽ തുവയൂർ കൂടാതെ മറ്റു പലയിടങ്ങളിലും കുക്ക് സായിപ്പ് യോഗങ്ങൾ നടത്തുകയുണ്ടായി. എന്നാൽ സഭാകൂടിവരവുകളുടെ നിലയിലേക്ക് അവയൊന്നും വളർന്നില്ല. കോഴഞ്ചേരിയിൽ അന്ന് കുക്ക് നടത്തിയ യോഗത്തെപ്പറ്റി ഡിവൈൻ ലീഡിംഗ്സിൽ പറയുന്നുണ്ട്. സായ്പ്പിന്റെ പ്രവർത്തനഫലമായി ക്രിസ്തുമതാവലംബിയായിത്തീർന്ന ഒരു യുവാവ്, കോഴഞ്ചേരി പട്ടണത്തിൽ ശക്തമായ നിലയിൽ തന്റെ സാക്ഷ്യം പ്രസ്താവിച്ചു. എന്നാൽ ബന്ധുക്കൾ അവനെ വലിച്ചിഴച്ചു പീഡിപ്പിച്ചു നിർബന്ധമായി ഹൈന്ദവാചാരങ്ങളിൽ പങ്കെടുപ്പിച്ചു.

**ഒന്നാം ലോകമഹായുദ്ധം**

മിഷനറിമാരുടെ സുഗമമായ പ്രവർത്തനത്തിനു വിഘാതം സൃഷ്ടിക്കുന്നതായിരുന്നു 1914-ൽ ആരംഭിച്ച ഒന്നാം ലോകമഹായുദ്ധം. ജോർജ് ബർഗ് അമേരിക്കയിലേക്കു മടങ്ങിപ്പോയി. (അദ്ദേഹം അമേരിക്കയിൽവെച്ചു മരിച്ചു.) യുദ്ധം മുറുകിയതനുസരിച്ച് റവ. കുക്കിനും മിസ് ആൾഡ്വിങ്കിളിനും മിസ് ബ്രൗൺസിലിനുമെല്ലാം തങ്ങളുടെ പ്രവർത്തനസ്ഥലത്തുനിന്നു പിൻമാറേണ്ടിവന്നു. കുക്ക് ഈ സമയത്ത് ബാംഗ്ലൂരിലുള്ള തന്റെ വസതിയിലായിരുന്നു. ബാംഗ്ലൂർ ബ്രിട്ടീഷ് ഇന്ത്യയുടെ ഒരു ഭരണകേന്ദ്രമായതിനാൽ വിദേശികൾ അവിടെ കുറെക്കൂടി സുരക്ഷിതരായിരുന്നു. ആൾഡ്വിങ്കിളും മിസ് ബ്രൗൺസിലും ഈ സമയത്ത് തഞ്ചാവൂരിലായിരുന്നു. അവിടെ വെച്ചാണ് മിസ് ബ്രൗൺസിൽ മരിച്ചതെന്ന് പന്തളം മത്തായി ഉപദേശിയുടെ ഓർമ്മക്കുറിപ്പുകളിൽ കാണുന്നു. മത്തായി ഉപദേശിയാണത്രേ അവരെ സംസ്ക്കരിച്ചത്.


**ഉണർവ്വു വ്യാപിക്കുന്നു**

1914-ൽ കുക്ക് സായ്പിന്റെ സന്ദർശനത്തോടെ തുവയൂർ സഭയിലുണ്ടായ ഉണർവ്വ് അവിടെ മാത്രം ഒതുങ്ങിനിന്നില്ല. പുതുതായി രക്ഷിക്കപ്പെട്ട പലരും സുവിശേഷ പ്രവർത്തനം തങ്ങളുടെ ജീവിതചര്യയായി തെരഞ്ഞെടുത്തു. പുനലൂർ ഇടമണ്ണിനടുത്ത് ചാലിയേക്കര ആയിടെ വനം വെട്ടിത്തെളിച്ചുണ്ടാക്കിയ റബ്ബർ, തേയിലത്തോട്ടങ്ങളിലേക്ക് തുവയൂരെ പുതുവിശ്വാസികളിൽ ചിലർ കുടിയേറിയത് പുനലൂർ പ്രദേശത്തേക്കും പെന്തെക്കോസ്തിന്റെ അഗ്നി വ്യാപിക്കുന്നതിനു കാരണമായിത്തീർന്നു. തൊഴിലാളികൾ പൊതുവെ സുവിശേഷത്തോട് ആഭിമുഖ്യം പുലർത്തുന്നവരായിരുന്നു. "കഴിവതും വേഗം തങ്ങളുടെ പുതിയ വാസസ്ഥലത്തെത്തി പൂർണ്ണസുവിശേഷ സത്യങ്ങൾ പ്രഘോഷിക്കണ"മെന്ന് ചാലിയേക്കര എസ്റ്റേറ്റിലെ വിശ്വാസികൾ ബാംഗ്ലൂരിൽ താമസിച്ചിരുന്ന കുക്കിനോട് അപേക്ഷിച്ചു.

1917-ൽ യുദ്ധം അവസാനിച്ചപ്പോൾ കുക്ക് സായ്പ് വീണ്ടും കേരളത്തിലെത്തി. ഇത്തവണ നേരെ അദ്ദേഹം പുനലൂരിനാണു പോയത്. അന്ന് ചാലിയേക്കര ചെല്ലണമെങ്കിൽ ഇടമൺ റെയിൽവേ സ്റ്റേഷനിൽ നിന്നും വനത്തിലൂടെ ചില മണിക്കൂറുകൾ യാത്ര ചെയ്യണമായിരുന്നു. ട്രെയിൻ ഇടമണ്ണിലെത്തിയപ്പോൾ നേരം വൈകിയതിനാൽ അടുത്തുള്ള വലിയ സ്റ്റേഷനായ പുനലൂരിലാണ് കുക്ക് സായ്പ്പും ചാൾസ് കമ്മിൻസും ഇറങ്ങിയത്.

59

# പാസ്റ്റർ കെ.ഇ. ഏബ്രഹാം



*"മഹാൻമാരിൽ*
*വീരനും വീരന്മാരിൽ മഹാനും"*

*പാസ്റ്റർ കെ.ഇ. ഏബ്രഹാമിനെക്കുറിച്ച് ശാരോൻ ഫെലോഷിപ്പ് ചർച്ച് പ്രസിഡണ്ട് പാസ്റ്റർ പി.ജെ. തോമസിന്റെ പ്രസ്താവനയാണ് 'മഹാന്മാരിൽ വീരനും വീരന്മാരിൽ മഹാനും' എന്നത്. കേരളത്തിലെ പെന്തെക്കോസ്ത് പ്രസ്ഥാനത്തെ പ്രധാനമായും പുറംലോകമറിഞ്ഞതു പാസ്റ്റർ കെ.ഇ. ഏബ്രഹാമിലൂടെയായിരുന്നു. തന്റെ പ്രസ്ഥാനത്തെക്കുറിച്ച് വ്യക്തമായ ദർശനമുണ്ടായിരുന്ന വ്യക്തിയായിരുന്നു അദ്ദേഹം. കാര്യങ്ങൾ എങ്ങനെയായിരിക്കണമെന്ന് എപ്പോഴും അദ്ദേഹം കണക്കുകൂട്ടി. അദ്ദേഹത്തിന്റെ പല കണക്കുകൂട്ടലുകൾ സാധാരണനിലയിൽ പിഴയ്ക്കുന്നവയല്ലായിരുന്നു.*

*പ്രഗൽഭനും പ്രശസ്തനുമായ ഒരു പ്രസംഗകനും സുവിശേഷകനും ഭരണതന്ത്രജ്ഞനുമായിരുന്നു പാസ്റ്റർ ഏബ്രഹാം. അതുകൊണ്ടാണ് ഐ.പി.സി.ക്ക് മറ്റു പെന്തെക്കോസ്തു സഭാകളെക്കാൾ വ്യവസ്ഥാപിതമായ നിലയിൽ വളരാനൊത്തത്.*

*1899 മാർച്ച് 1 നു പുത്തൻകാവ് തെക്കെപറമ്പിൽ വീട്ടിൽ യാക്കോബായ മാതാപിതാക്കളുടെ മകനായി ജനിച്ച കെ.ഇ. ഏബ്രഹാം, മാർത്തോമ്മാ സന്നദ്ധസുവിശേഷ സംഘത്തിന്റെ സഞ്ചാരസുവിശേകനായിരുന്ന ചെത്തിക്കാട്ട് വർഗ്ഗീസ് വാദ്ധ്യാരുടെ പ്രസംഗത്തിലാണ് 1912 ഡിസം.1 നു രക്ഷാനിർണ്ണയം പ്രാപിക്കുന്നത്. 1914–ൽ മൂത്താംപാക്കൽ കൊച്ചുകുഞ്ഞുപദേശിയുടെ യോഗത്തിൽവച്ച് സുവിശേഷവേലയ്ക്ക് തീരുമാനമെടുത്തു. 1916–ൽ കെവി. സൈമന്റെ കീഴിൽ സ്നാനമേറ്റ് വേർപാട് വിശ്വാസിയായിത്തീർന്നു.*

*പന്തളം മത്തായി ഉപദേശിയിൽ നിന്നും പെന്തെക്കോസ്തുപദേശങ്ങൾ ഗ്രഹിച്ച കെ.ഇ. ഏബ്രഹാം 1923–ൽ പരിശുദ്ധാത്മസ്നാനം പ്രാപിച്ചു. നേരത്തെതന്നെ വേർപാട് സംഘങ്ങളിൽ അറിയപ്പെട്ടിരുന്ന ഒരു സുവിശേഷകനായിരുന്നതിനാൽ ഏബ്രഹാമിനു മദ്ധ്യതിരുവിതാംകൂറിന്റെ പല സ്ഥലങ്ങളിലേക്കും പെന്തെക്കോസ്തു ദൂതുമായി സഞ്ചരിക്കുവാനും പെന്തെക്കോസ്തു കൂടിവരവുകൾ ആരംഭിക്കുവാനും കഴിഞ്ഞു.*

*കെ.ഇ. ഏബ്രഹാമിന്റെ കാലം മുതലാണ് സുറിയാനി ക്രിസ്ത്യാനികളുടെയിടയിൽ പെന്തെക്കോസ്തു ഒരു ശക്തിയായിത്തുടങ്ങിയത്. പിന്നീട് പ്രശസ്തരായിത്തീർന്ന പാസ്റ്റർ കെ.സി. ചെറിയാൻ, പി.റ്റി.ചാക്കോ, കെ.സി. ഉമ്മൻ തുടങ്ങി പലരേയും ആത്മസ്നാനനുഭവത്തിലേക്കു നയിച്ചത് പാസ്റ്റർ ഏബ്രഹാമാണ്. ശുശ്രൂഷയുടെ ആദ്യകാലങ്ങളിൽ കെ.ഇ. ഏബ്രഹാമും അദ്ദേഹത്തിന്റെ കൂട്ടുപ്രവർത്തകരും പാസ്റ്റർ കുക്കിനോട് സഹകരിച്ചു പ്രവർത്തിച്ചു. പിന്നീട് സ്വതന്ത്രമായി ഐ.പി.സി. എന്ന സ്വദേശീയ പ്രസ്ഥാനത്തിനു അദ്ദേഹം നേതൃത്വം കൊടുത്തു.*

*പുറംലോകത്തുപോലും പെന്തെക്കോസ്തിനെ ആദരവുള്ള ഒരു സംഘമാക്കി മാറ്റിയത് പാസ്റ്റർ ഏബ്രഹാമിന്റെ 'മാന്യമായ' ഇടപെടലാണ്. പ്രതിപക്ഷ ബഹുമാനത്തോടെ സംസാരിക്കുവാനും, നയതന്ത്രജ്ഞതയോടെ ഇടപെടുവാനും കെ.ഇ. ഏബ്രഹാമിനെപ്പോലെ കഴിവുള്ള നേതാക്കൾ കേരള പെന്തക്കോസ്ത് ലോകത്ത് ചുരുക്കമായിരുന്നു.*

*ഇന്ത്യയ്ക്കു പുറത്തും പാസ്റ്റർ ഏബ്രഹാം ഭാരത പെന്തെക്കോ*

സ്തിന്റെ വക്താവായി. പല പ്രാവശ്യം ലോകമൊക്കെ സഞ്ചരിച്ച് അദ്ദേഹം പെന്തെക്കോസ്തു സന്ദേശം പ്രചരിപ്പിച്ചു.

ഇന്ത്യ പെന്തെക്കോസ്തു ദൈവസഭയ്ക്ക് ഉണങ്ങാത്ത മുറിവുസമ്മാനിച്ച വിഭജനകാലയളവ് പാസ്റ്റർ ഏബ്രഹാമിന്റെ ഏറ്റം വലിയ പരീക്ഷണ ഘട്ടമായിരുന്നു. പ്രസ്ഥാനം വിട്ടുപോകുവാൻ പോലും താൻ തീരുമാനമെടുത്തതായി അദ്ദേഹം ആത്മകഥയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പെന്തെക്കോസ്തു ലോകം തന്നെ അംഗീകരിക്കുമെന്ന് അദ്ദേഹത്തിനുറപ്പുണ്ടായിരുന്നു. എന്നാൽ രണ്ടായി, രണ്ടു പ്രാവശ്യം പിളർന്ന ഐ.പി.സി. ഇന്നും സംഘടനാ തലത്തിലെങ്കിലും യോജിച്ചു നിൽക്കുന്നതു കെ.ഇ. ഏബ്രഹാമിന്റെ നയപരമായ ഇടപെടൽകൊണ്ടാണ്.

പ്രശസ്തനായ ഒരു ഗ്രന്ഥരചയിതാവുകൂടെയായിരുന്നു പാസ്റ്റർ കെ. ഇ. ഏബ്രഹാം. ആത്മസ്നാനം പ്രാപിച്ച വർഷം തന്നെ ആദ്ദേഹമെഴുതിയ 'പരിശുദ്ധാത്മസ്നാനം' എന്ന പുസ്തകമാണ് യാഥാസ്ഥിതിക പെന്തെക്കോസ്തരെ സംബന്ധിച്ചിടത്തോളം ആത്മസ്നാനത്തെപ്പറ്റിയുള്ള ആധികാരികലിഖിതം. ആ പുസ്തകം വായിച്ച് നൂറുകണക്കിനാളുകൾ പരിശുദ്ധാത്മ സ്നാനാനുഭവത്തിലേക്കു നയിക്കപ്പെട്ടിട്ടുണ്ട്. 1929-ൽ പ്രസിദ്ധീകരിക്കപ്പെട്ട മഹതിയാം ബാബിലോൺ എന്ന ഗ്രന്ഥമാണ് പുറംലോകത്ത് ഏറെ ശ്രദ്ധിക്കപ്പെട്ട കെ.ഇ. ഏബ്രഹാമിന്റെ ഗ്രന്ഥം. കത്തോലിക്കാ സഭയെ വെളിപ്പാടു പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്ന മഹതിയാം ബാബിലോണായി ചിത്രീകരിച്ചുകൊണ്ടുള്ള ആ ഗ്രന്ഥം അക്കാലത്ത് ഏറെ കോളിളക്കങ്ങളുണ്ടാക്കി. വേദപുസ്തക പ്രവചനങ്ങളെ ആനുകാലിക സംഭവങ്ങളുമായി ബന്ധപ്പെടുത്തി പ്രവചനപുസ്തകങ്ങളുടെ ഒരു പരമ്പര തന്നെ കെ.ഇ. ഏബ്രഹാം രചിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ പുസ്തകങ്ങൾ പലതിനും ഇംഗ്ലീഷിലും സ്വീഡിഷ് ഭാഷയിലും വിവർത്തനങ്ങളുണ്ടായി.

ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭയുടെ പ്രസിഡണ്ടായി ഏറ്റവും കൂടുതൽ പ്രാവശ്യം തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത് പാസ്റ്റർ കെ.ഇ. ഏബ്രഹാം ആയിരുന്നു. സ്വന്തം ആരോഗ്യത്തെയോ, സൗകര്യങ്ങളെയോ കരുതാതെ അദ്ദേഹം പ്രസ്ഥാനത്തിനുവേണ്ടി അഹോരാത്രം പണിയെടുത്തു. കേരളാ പെന്തെക്കോസ്തു ലോകത്തെ അതികായനായ ഈ നേതാവ് 1974 ഡിസംബർ 9 നു കർത്തൃസന്നിധിയിലേക്കു ചേർക്കപ്പെട്ടു.

55-ാം പേജിൽ നിന്നും...

പിറ്റേന്ന് ഞായറാഴ്ചയായിരുന്നു. പൂർണ്ണസുവിശേഷസത്യങ്ങളിൽ നേരത്തെതന്നെ ആകൃഷ്ടരായ ചില ആളുകൾ പുനലൂരിൽ കുക്ക് സായ്പിനെ എതിരേറ്റു. (ഡോ. ഉമ്മൻ മാമ്മന്റേയും മറ്റും പ്രവർത്തനസ്ഥലമായിരുന്നു പുനലൂർ എന്ന് സ്മരിക്കുക). ആ ഞായറാഴ്ച അവരോടൊന്നിച്ച് കൂട്ടായ്മയാചരിച്ച് തിങ്കളാഴ്ചയാണ് സായ്പ് ചാലിയേക്കരക്കു പോയത്.

**ചാലിയേക്കര**

ഇടമൺ റെയിൽവേ സ്റ്റേഷനിൽ, ചാലിയേക്കര വിശ്വാസികളൊക്കെ കുക്ക് സായ്പിനെ കാത്തുനിന്നിരുന്നു. മിഷനറിമാരുടെ ലഗ്ഗേജുകൾ തലച്ചുമടായെടുത്ത് അവർ വനത്തിനുള്ളിലൂടെ വഴി കാട്ടി നടന്നു. മൂന്നു മണിക്കൂർ നേരത്തെ നിരന്തരമായ വനയാത്രയ്ക്കുശേഷമാണ് അവർ എസ്റ്റേറ്റിലെത്തിയത്. എന്നാൽ വൈകുന്നേരങ്ങളിലെ അനുഗ്രഹകരമായ യോഗങ്ങൾ മിഷനറിമാരുടെ എല്ലാ ക്ഷീണവുമകറ്റി.

പത്തു കിലോമീറ്റർ ദൂരെയുള്ള തോളിക്കാട് എസ്റ്റേറ്റിൽ നിന്നുപോലും ആളുകൾ യോഗത്തിനെത്തിയിരുന്നു. രാത്രിയിൽ പത്തു കിലോമീറ്റർ വനത്തിലൂടെ യാത്ര ചെയ്ത് മടങ്ങിപ്പോകുന്നത് സാദ്ധ്യമല്ലല്ലോ. അതുകൊണ്ട് യോഗം കഴിഞ്ഞ് നേരം പുലരുംവരെ അവർ പന്തലിൽ കിടന്നുറങ്ങും. നേരം വെളുക്കുമ്പോൾ നേരെ തോട്ടത്തിലേക്ക് – അവരുടെ പണിസ്ഥലത്തേക്ക് – യാത്രയാകും, ഇതായിരുന്നു പതിവ്.

പന്തലിനടുത്തുതന്നെയുള്ള ഒരു ചെറിയ കുടിലിലായിരുന്നു മിഷനറിമാരുടെ താമസം. വന്യമൃഗങ്ങളെ ഓടിക്കുവാനായി തൊഴിലാളികൾ രാത്രിയിൽ ആഴികൂട്ടി. ഉയർത്തിക്കെട്ടിയ മാടങ്ങളിലും മറ്റും രാത്രി മുഴുവൻ കാവൽക്കാർ ഉറങ്ങാതെ കാത്തിരുന്നു. മിഷനറിമാർക്ക് ഈ കാഴ്ചയൊക്കെ പുത്തനനുഭവമായിരുന്നു.

“നട്ടെല്ലിനെ മരവിപ്പിക്കുന്ന ഭീതി വിതച്ചുകൊണ്ട് ചില ശബ്ദങ്ങൾ രാത്രിയുടെ നിശബ്ദതയെ ഭേദിച്ചു. വന്യമൃഗങ്ങളെ പേടിപ്പിച്ചകറ്റുക എന്ന ലക്ഷ്യത്തോടെ ഓരോ ഇടവേളകളിലും കാവൽക്കാർ മുഴങ്കുഴലുകളിലൂടെ ഊതിയുണർത്തിയ നാദമായിരുന്നു അത്. അതിനു പകരമെന്നോണം ചില നേരങ്ങളിൽ ചില കാവൽക്കാർ തങ്ങളുടെ മുളങ്കുഴലുകൾ ഒതുക്കിവെച്ച് ഏറുമാടത്തിലിരുന്ന് രാത്രി യോഗത്തിൽ പാടിയ പാട്ടുകൾ ഉച്ചത്തിൽ ആലപിച്ചുകൊണ്ടിരുന്നു. മറ്റു ചിലരാകട്ടെ രാത്രിയേറെ ചെന്നപ്പോഴും നേരം പുലരും മുമ്പും ഉച്ചത്തിൽ പ്രാർത്ഥിക്കുകയും സ്തുതി സ്തോത്രങ്ങളർപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഒരുപക്ഷേ അവരുടെ മുളങ്കുഴലുകളെക്കാൾ ഫലപ്രദമായി വന്യമൃഗങ്ങളെ ആട്ടിപ്പായിക്കാനുതകിയത് പ്രാർത്ഥനയുടെയും സ്തുതി സ്തോത്രത്തിന്റെയും ശബ്ദമായിരുന്നിരിക്കണം.” (Divine Leadings in South India, Page 39)

**വീണ്ടും തുവയൂരിൽ**

ചാലിയേക്കര യോഗങ്ങൾക്കുശേഷം കുക്ക് സായ്പ് കമ്മിൻസുമൊത്ത് തുവയൂരെത്തി. ഇത്തവണയും നാലു ദിവസത്തെ തുടർച്ചയായ യോഗങ്ങളാണ് തുവയൂരിൽ സംഘടിപ്പിക്കപ്പെട്ടിരുന്നത്. സഭ വളരെയേറെ വിപുലപ്പെട്ടിരുന്നു. ഇരുന്നൂറിലേറെ വിശ്വാസികൾ അന്ന് തുവയൂർ സഭയിലുണ്ടായിരുന്നു. നാലു ദിവസത്തെ യോഗങ്ങൾക്കൊടുവിൽ മുപ്പത്തിയാറു പേരെ കുക്ക് സായ്പ് സ്നാനപ്പെടുത്തി.

കുക്ക് സായ്പിന്റെ അഭാവത്തിൽ തുവയൂർ സഭ ശൂരനാട്ട് ഒരു ഔട്ട് സ്റ്റേഷൻ തുടങ്ങിയിരുന്നു. കോളൂർക്കുഴി

ഉമ്മൻ, ഗീവർഗീസ് തോമസ്, തെക്കെ വീട്ടിൽ റ്റി.കെ. വർഗീസ് എന്നിവർ സ്ഥിരമായി അവിടം സന്ദർശിച്ച് യോഗങ്ങൾ നടത്തിക്കൊണ്ടിരുന്നു. അതു കൂടാതെ തുവയൂരിൽ നിന്നും ചില കുടുംബങ്ങൾ ശൂരനാട്ടേക്ക് കുടിയേറിയത് പ്രവർത്തനം കൂടുതൽ എളുപ്പമാക്കി. തുവയൂരിലെ യോഗങ്ങൾക്കുശേഷം കുക്ക് സായ്പ് ശൂരനാട്ടും ചില യോഗങ്ങൾ നടത്തി. അവിടെ എൺപത്തിയാറുപേർ സ്നാനപ്പെട്ടു.

ചില ദിവസങ്ങൾക്കുശേഷം കുക്ക് സായ്പ് ബാംഗ്ലൂരിനു മടങ്ങിപ്പോയി. സായ്പിന്റെ അഭാവത്തിൽ വലിയൊരു ദുരന്തം ശൂരനാട് സഭയ്ക്ക് നേരിട്ടു. ദേശമാകെ പടർന്നുപിടിച്ച കോളറാ വിഷബാധയിൽ വിശ്വാസികളായ പലരും മരണമടഞ്ഞു. പലരും, മരിച്ച തങ്ങളുടെ ബന്ധുക്കളെ അടക്കുവാൻപോലും തയ്യാറാകാതെ അന്യദേശങ്ങളിലേക്കോടിപോയി. എന്നാൽ ശൂരനാട്ടെ പെന്തെക്കോസ്ത്പ്രവർത്തകർ അസുഖബാധിതർക്ക് ധൈര്യത്തോടെ വേണ്ട ശുശ്രൂഷകൾ ചെയ്തു.

**ആദ്യത്തെ സഭാഹാൾ**

കുക്ക് സായ്പ് മടങ്ങിപ്പോയിട്ടും തുവയൂർ സഭയിൽ ഉണർവ്വ് വർദ്ധിച്ചതേയുള്ളു. പരുത്തുപ്പാറ ഉമ്മച്ചനായിരുന്നു സഭ നടത്തിക്കൊണ്ടിരുന്നത്. ശക്തമായ പരിശുദ്ധാത്മ പകർച്ചയിൽ ഇരുപത്തിയഞ്ചു പേർ ആത്മസ്നാനം പ്രാപിച്ചു. ഇതറിഞ്ഞ് അടുത്ത വർഷം (1918) ജനുവരിയിൽ തിരുവിതാംകൂർ സന്ദർശിക്കാനിരുന്ന കുക്ക് സായ്പ് ആ വർഷം തന്നെ ബാംഗ്ലൂരിൽനിന്നു മടങ്ങിയെത്തി. 1917 ലെ രണ്ടാം സന്ദർശനമായിരുന്നു അത്.

തുവയൂരിൽ ഉണർവ്വുയോഗങ്ങൾ തുടർന്നുകൊണ്ടേയിരുന്നു. പുറത്ത് നിർത്താത്ത മഴ, അകത്തു പക്ഷേ ആത്മമാരി അതിലും ശക്തമായി പെയ്തുകൊണ്ടിരുന്നു.

“ശക്തിയുടെ പ്രവാഹം
മഹത്വത്തിന്റെ വേലിയേറ്റം
സമ്പൂർണ്ണ സ്നേഹത്തിന്റെ
പരിശുദ്ധമായ തിരത്തള്ളൽ
സംതൃപ്തിയുടെ കവിഞ്ഞൊഴുക്ക്
എല്ലാം ഉയരത്തിൽ
നിന്നൊഴുകിയെത്തിയത്”

യോഗങ്ങളുടെയൊടുവിൽ ഞായറാഴ്ച ആരാധനയ്ക്ക് അയൽഗ്രാമങ്ങളിൽ നിന്നുപോലും ആളുകളെത്തി. ശനി മുഴുവനും ഞായറാഴ്ച രാവിലെവരെയും തോരാത്ത മഴയായിരുന്നു. എന്നിട്ടും സഭായോഗത്തിനു ആളുകുറഞ്ഞില്ല. ആരാധന നടന്ന ഓലഷെഡ്ഢിന്റെ തട്ടികളെല്ലാം എടുത്തുമാറ്റിയിട്ടേ വിശ്വാസികൾക്ക് ഇരിപ്പിടം കണ്ടെത്താനായുള്ളു. അന്യഭാഷയും വ്യാഖ്യാനവരവും മറ്റ് പല കൃപാവരങ്ങളും ആ യോഗത്തിൽ പ്രദർശിക്കപ്പെട്ടു. തുവയൂരിൽ പതിനൊന്നു പേരെ കുക്ക് ആ പ്രാവശ്യം സ്നാനപ്പെടുത്തി.

വിശ്വാസികൾ വർദ്ധിച്ചതോടെ ആരാധന നടത്താൻ കോളൂർക്കുഴി പുരയിടത്തിലെ ഷെഡ്ഢ് അപര്യാപ്തമായിത്തീർന്നു. എന്നുതന്നെയല്ല, സമുദായസംഘടനകളിൽ നിന്നും അക്രൈസ്തവരിൽ നിന്നും തുടർമാനമായി ആളുകൾ രക്ഷിക്കപ്പെട്ടു വന്നപ്പോൾ മാതൃസംഘടനകളിൽ നിന്നും അനല്പമായ പ്രതികൂലങ്ങൾ അവർക്ക് നേരിടേണ്ടിവന്നു. ഈ സാഹചര്യങ്ങളിൽ സ്വന്തമായ ഒരു ആരാധനാലയം തുവയൂർ സഭയ്ക്ക് അനിവാര്യമാണെന്ന് കുക്ക് സായ്പിനു ബോധ്യമായി.

പിറ്റേ വർഷം വള്ളിവിള ചാക്കോച്ചൻ എന്ന വ്യക്തിയിൽ നിന്നും പാസ്റ്റർ കുക്ക്

62

# പ്രാണരക്ഷാർത്ഥം ഒരു പലായനം



***വിളക്കുടി മത്തായിച്ചൻ***

*__പെന്തെക്കോസ്ത്__ വിശ്വാസം സ്വീകരിച്ചതിനാൽ ജീവരക്ഷക്കുവേണ്ടി നാടുവിട്ട് ഓടിപ്പോകേണ്ടിവന്ന ഒരു ആദ്യകാല വിശ്വാസിയാണ് വിളക്കുടി മത്തായിച്ചൻ (സി.കെ. മത്തായി). ഈ നൂറ്റാണ്ട് തുടങ്ങുമ്പോൾ തുവയൂരിൽ വിളയിൽ കിഴക്കേതിൽ കൊച്ചു കുഞ്ഞിന്റെ മകനായി ജനിച്ച മത്തായിച്ചൻ 16 -ാംവയസ്സിലാണ് രക്ഷിക്കപ്പെടുന്നത്. കോളൂർക്കുഴി ഉമ്മച്ചന്റെ കൈക്കീഴിൽ കല്ലടയാറ്റിൽ സ്നാനമേറ്റു. തിരികെ വീട്ടിലെത്തിയ മത്തായിച്ചനെ പിതാവിന്റെ താഢനമായിരുന്നു എതിരേറ്റത്. മുഖമടച്ച് അടി കിട്ടിയപ്പോൾ മത്തായിച്ചന്റെ വായിലൂടെയും മൂക്കിലൂടെയും രക്തമൊഴുകി. എന്നാൽ അദ്ദേഹം പിൻമാറാൻ തയ്യാറായിരുന്നില്ല.*

*പെന്തെക്കോസ്തുകാരനായ മകനെ കൊന്നുകളയാൻ തന്നെ ആ പിതാവു തീരുമാനിച്ചു. കൃഷിസ്ഥലത്ത് പണിയെടുത്തുകൊണ്ടിരിക്കുമ്പോൾ പിതാവ് മത്തായിച്ചന്റെ നേരെ വെട്ടു ക്കത്തിയുമായി ഓടിച്ചെന്നു. കൂട്ടുസഹോദരനായ താനന്ദക്കുഴിയിൽ ഗീവർഗ്ഗീസിന്റെ വീട്ടിൽക്കയറി ഒളിച്ചിരുന്നതുകൊണ്ട് മാത്രമാണ് അന്നദ്ദേഹം രക്ഷപ്പെട്ടത്.*

*നാട്ടിൽ തുടർന്നു താമസിച്ചാൽ ജീവൻ നഷ്ടപ്പെടുമെന്നു ബോദ്ധ്യമായ മത്തായിച്ചൻ പ്രാണരക്ഷാർത്ഥം പുനലൂർ ചാലിയേക്കര എസ്റ്റേറ്റിലേക്കു പലായനം ചെയ്തു. എന്നാൽ, 'സ്തേഫാനോസിന്റെ രക്തസാക്ഷിത്വത്തോടനുബന്ധിച്ച് വിശ്വാസികൾ പലയിടങ്ങളിലേക്കു ചിതറിയപ്പോൾ അവിടെയൊക്കെ സുവിശേഷം വ്യാപിച്ചു' എന്ന പോലെ ചാലിയേക്കര എസ്റ്റേറ്റിലും പെന്തെക്കോസ്തുണർവ്വ് പകരപ്പെടുന്നതിനു മത്തായിച്ചന്റെ ഈ ഓടിപ്പോക്ക് കാരണമായി.*

*പുനലൂരിനടുത്തുള്ള പ്ലാച്ചേരിയിൽ ജെ.ഡി. കിയർ എന്നയാളിന്റെ ഗുഡ്ഹോപ്പ് എസ്റ്റേ റ്റിൽ സൂപ്രണ്ടായിരുന്ന വി.കെ. കുരുവിള എന്നയാളിനെ പരിചയപ്പെടാനായത് മത്തായിച്ചന്റെ പുനലൂരെ താമസത്തിന് ഏറെ സഹായകരമായി. ഇടമൺ പുളിമൂട്ടിൽ കുഞ്ചാണ്ടി, നൈനാൻ സാർ (പാസ്റ്റർ ഇടിച്ചാണ്ടി), എം.ഐ. ഏബ്രഹാം (മനോരമ പ്രതിനിധി) തുടങ്ങിയവരും ഇക്കാലത്ത് പെന്തെക്കോസ്ത് വിശ്വാസത്തിലേക്കു നയിക്കപ്പെട്ടു.*

*1935-ൽ മത്തായിച്ചൻ വിളക്കുടിയിൽ കുടുംബസമേതം താമസമാക്കി. ഇതാണ് അദ്ദേഹം 'വിളക്കുടി മത്തായിച്ചൻ' എന്ന പേരിൽ അറിയപ്പെടാൻ കാരണം.*

*1945-ൽ മത്തായിച്ചൻ പുനലൂർ വിട്ട് നീലഗിരിയിലെ കുന്നൂർ എന്ന സ്ഥലത്തേക്ക് താമസം മാറി. അവിടുന്ന് മദ്രാസിലെ ആവഡിയിലേക്കു പോയി. പിന്നീട് ഏറെ വർഷങ്ങൾ അദ്ദേഹം ആവഡിയിലായിരുന്നു.*

*ജീവിതാന്ത്യം വരെ സുവിശേഷ പ്രവർത്തനത്തിൽ ഉത്സുകനായിരുന്ന മത്തായിച്ചൻ 1993 സെപ്റ്റംബർ 3-ാം തീയതി നിത്യവിശ്രമത്തിലേക്കു ചേർക്കപ്പെട്ടു.*



പരുത്തുപ്പാറ ഉമ്മച്ചൻ

*തിരുവിതാംകൂറിലെ ആദ്യത്തെ സംഘടിത പെന്തെക്കോസ്ത് സഭയായ തുവയൂരെ പ്രാരംഭകാല പ്രവർത്തകനായിരുന്നു പറക്കോടിനടുത്ത് പരുത്തുപ്പാറ സ്വദേശിയായിരുന്ന തോമസ് ഉമ്മൻ (പരുത്തുപ്പാറ ഉമ്മച്ചൻ). ഒരു പ്രത്യേക ദർശനത്തോടെ 1911-ൽ തുവയൂരെത്തി. അദ്ദേഹം വേർപെട്ടൊരു കൂടിവരവ് ആരംഭിച്ചു. അതേ വർഷം ബർഗ് സായ്പിന്റെ പ്രസംഗം കേട്ട് ഉമ്മച്ചൻ പെന്തെക്കോസ്ത് സത്യങ്ങളിലേക്ക് ആകർഷിക്കപ്പെട്ടു. 1931 വരെ തുവയൂർ സഭയുടെ ശുശ്രൂഷകനായിരുന്നു. പിന്നീട് പുനലൂരിലേക്ക് സ്ഥലം മാറിപ്പോയി. 1957-ൽ മരിച്ചു. പുനലൂർ ഐ.പി.സി. സെമിത്തേരിയിൽ സംസ്ക്കരിച്ചു.*

60-ാം പേജിൽ നിന്നും...

കുറെ സ്ഥലം വാങ്ങി അവിടെ ഒരു ഹാൾ പണി ആരംഭിച്ചു. എന്നാൽ തുടർമാന മായ മഴ മുഖാന്തിരം സായ്പ് ബാംഗ്ലൂരിലേക്കു മടങ്ങിപ്പോയി. റവ. കമ്മിൻസ് അന്ന് തുവയൂർ തന്നെ താമസിച്ച് ഉണർവ്വുയോഗങ്ങൾ നടത്തുകയും ചാപ്പലിന്റെ പണി നർവഹിക്കുകയും ചെയ്തു. 1919 ഫെബ്രുവരിയിൽ 40' + 20' വലിപ്പമുള്ള ഒരു ഹോൾ നിർമ്മിക്കപ്പെടുകയും, ആരാധന അവിടേയ്ക്കു മാറ്റുകയും ചെയ്തു. കേരളത്തിലെ ആദ്യത്തെ പെന്തെക്കോസ്തു സഭാ കെട്ടിടമായിരുന്നു അത്.

### റവ. കുക്ക് കുടുംബമായി തിരുവിതാംകൂർ സന്ദർശിക്കുന്നു

റവ. കുക്ക് 1914 മുതൽ പല പ്രാവശ്യം തിരുവിതാംകൂർ സന്ദർശിച്ചിരുന്നു എങ്കിലും അപ്പോഴൊക്കെ അദ്ദേഹത്തിന്റെ കുടുംബം ഡോഡ്ബല്ലാപ്പൂരിൽ തന്നെയായിരുന്നു. ഇതിനിടെ കുക്കിന്റെ ആദ്യഭാര്യ അന്ന മരിക്കുകയും ഒരു വർഷത്തിനു ശേഷം ഇന്ത്യയിൽ മിഷനറി വേല ചെയ്തിരുന്ന ബർത്താ ഫോക്സ് എന്ന യുവതിയെ അദ്ദേഹം വിവാഹം കഴിക്കുകയും ചെയ്തു. 1921 ജനുവരിയിൽ കുക്ക് തന്റെ ഭാര്യ ബർത്തായോടൊപ്പം ആദ്യമായി കേരളം സന്ദർശിച്ചു. അന്ന് കൈക്കുഞ്ഞായിരുന്ന ജോർജ് കുക്കും അവരോടൊപ്പമുണ്ടായിരുന്നു.

തുവയൂരും മറ്റു ചില സ്ഥലങ്ങളിലും കുക്ക് കുടുംബം യോഗങ്ങൾ നടത്തി. അടൂരിൽ നടന്ന യോഗത്തിൽ സുറിയാനിക്കാരിൽനിന്നും ചില ഏതിർപ്പുകളുണ്ടായി. പലപ്പോഴും പ്രസംഗം നടക്കുമ്പോൾ തന്നെ ശ്രോതാക്കൾ ചോദ്യങ്ങൾകൊണ്ട് പ്രസംഗകരെ ബുദ്ധിമുട്ടിക്കാൻ പരിശ്രമിച്ചു. എന്നാൽ ദൈവശക്തിയുടെ പ്രതിഫലനം രോഗശാന്തിയിലൂടെയും ഭൂതശാന്തിയിലൂടെയും വെളിവായതോടെ പലരും സുവിശേഷത്തിനു തലകുനിച്ചു.

അതേ വർഷംതന്നെ പന്തളത്ത് മത്തായി ഉപദേശി കുക്ക് സായ്പിനെ വിളിച്ച് യോഗങ്ങൾ നടത്തിയിരുന്നു. വിളക്കുടി, മണ്ണടി, അടൂർ, പുനലൂർ തുടങ്ങിയ സ്ഥലങ്ങളിലും ഈ കാലങ്ങളിൽ കുക്ക് സായ്പ് യോഗങ്ങൾ നടത്തി.

1921-ൽ തന്നെ രണ്ടാമതൊരിക്കൽ കൂടെ കുക്ക് കുടുംബം തിരുവിതാംകൂർ സന്ദർശിച്ചു. ഈ പ്രാവശ്യം ആദ്യയോഗം തുലയൂരിൽതന്നെയായിരുന്നു. പുതുതായി പണികഴിപ്പിച്ച സഭാഹോളിൽ കുക്ക് കുടുംബസമേതം താമസിച്ചു.

ഇത്തവണ, പ്രവർത്തകർക്കുവേണ്ടി ചില ദിവസങ്ങൾ തുടർച്ചയായി ബൈബിൾ ക്ലാസ്സ് നടത്തുകയായിരുന്നു കുക്കിന്റെ ശുശ്രൂഷ. ഒക്ടോബർ പതിനാറിനു യോഗങ്ങളവസാനിച്ചു. 38 പേർ അന്നു സ്നാനപ്പെട്ടു.

മണ്ണടി, അടൂർ എന്നീ സ്ഥലങ്ങളിലും ഇതിനിടെ സഭ വളർച്ച പ്രാപിച്ചിരുന്നു. കുക്ക് സായ്പും കുടുംബവും രണ്ടിടത്തും സന്ദർശനം നടത്തി. അടൂരിൽ 28 ദിവസത്തെ യോഗങ്ങളാണ് നടന്നത്. 28 പേർ സ്നാനപ്പെട്ടു. ഒരു പാലത്തിന്റെ കീഴിലായിരുന്നു സ്നാനശുശ്രൂഷ. ആറിന്റെ കരയിലും പാലത്തിനു മുകളിലുമായി നൂറുകണക്കിനാളുകൾ ആ ശുശ്രൂഷയ്ക്ക് സാക്ഷികളായി.

**പുനലൂർ**

ആ വർഷം തന്നെ പുനലൂരിൽ നടന്ന യോഗങ്ങളിൽ അത്ഭുതകരമായ പല രോഗസൗഖ്യങ്ങളുമുണ്ടായത് നൂറുകണക്കിനാളുകളെ സുവിശേഷയോഗങ്ങളിലേക്കാകർഷിക്കുന്നതിനു കാരണമായി. മറ്റിടങ്ങളിൽനിന്നു വ്യത്യസ്തമായി, മുസ്ലീങ്ങളായിരുന്നു പുനലൂരിലെ ശ്രോതാക്കളിൽ ഭൂരിഭാഗവും.

പട്ടണത്തിലെ ഒരു മുസ്ലീം പുരോഹിതൻ സായ്പിന്റെ പ്രസംഗം നടക്കുന്ന പന്തലിനു സമീപം വന്നുനിന്ന് സുവിശേഷം ശ്രവിക്കുന്നതിൽനിന്നും തന്റെ അനുയായികളെ പിന്തിരിപ്പിക്കുവാൻ ശ്രമിച്ചു. എന്നിട്ടും ആളുകൾ കൂട്ടാക്കാതെ യോഗത്തിനു കയറുന്നു എന്നു കണ്ട്, “അന്ത്യകാലത്ത് അത്ഭുതം പ്രവർത്തിച്ചുകൊണ്ട് പല ചതിയൻമാരും വരുമെന്ന് ഇവരുടെ വേദത്തിൽ തന്നെ പറഞ്ഞിട്ടുണ്ട്” എന്ന് ശ്രോതാക്കളോട് വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു. രോഗികളായ പലരും യോഗങ്ങളിൽ സൗഖ്യം പ്രാപിച്ചതിനെ വിലകുറച്ചു കാട്ടുകയായിരുന്നു അയാൾ.

പാസ്റ്റർ കുക്കിനെയും സുഹൃത്തുക്കളെയും അത്ഭുത സിദ്ധികളുള്ള ആളുകളായാണ് അന്ന് പുനലൂരിൽ പല മുസ്ലീം ഭവനങ്ങളിലും പരാമർശിച്ചിരുന്നത്. കുക്ക് സായ്പും കൂട്ടരും വഴിയിലൂടെ നടന്നു പോകുമ്പോൾ “ദേ മലക്കുകൾ (മാലാഖമാർ) വരുന്നു” എന്നു പറഞ്ഞു മുസ്ലീം കുട്ടികൾ ഓടിക്കൂടുമായിരുന്നു. 25 പേർ അവിടെ സ്നാനമേറ്റു. അങ്ങനെ 1921-ൽ പുനലൂരിൽ സഭാരാധനയും ആരംഭിച്ചു.

**കൊട്ടാരക്കര**

തിരുവിതാംകൂറിൽ കുക്ക് സായ്പ് വന്നിറങ്ങിയത് ആദ്യം കൊട്ടാരക്കരയിലായിരുന്നെങ്കിലും അവിടെ സംഘടിതമായ നിലയിൽ എന്തെങ്കിലും ഒരു പ്രവർത്തനം ചെയ്യുന്നതിന് അദ്ദേഹത്തിനു കഴിഞ്ഞിരുന്നില്ല. കൊട്ടാരക്കരയിൽ ഒരു പ്രവർത്തനം ആരംഭിക്കാനായി കുക്ക് സായ്പ് ഒരു ചെറിയ വീട് വാടകയ്ക്കെടുത്തു. ടൗണിൽ മാർക്കറ്റിനടുത്ത് 500 പേർക്കിരിക്കാവുന്ന ഒരു പന്തൽ തീർത്ത് യോഗങ്ങൾക്കുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. ആളുകൾ കൂടുന്നിടത്തൊക്കെ യോഗം വിളംബരം ചെയ്യുവാൻ ഒരു സംഘത്തെതന്നെ അയച്ചു. “കൊട്ടാരക്കര ദേശമേ, കൊട്ടാരക്കര ദേശമേ, ഇതാ വീണ്ടും അനുഗ്രഹിക്കപ്പെട്ട സുവിശേഷസന്ദേശം ശ്രവിക്കുവാൻ നിങ്ങൾക്കൊരവസരം ലഭിച്ചിരിക്കുന്നു!' എന്നതായിരുന്നു അന്നത്തെ വിളംബര വാചകം.

ആദ്യദിവസങ്ങളിൽ ശ്രോതാക്കൾ വളരെ കുറച്ചേ എത്തിയുള്ളൂ. എന്നാൽ ദിവസം കഴിയുന്തോറും ശ്രോതാക്കളുടെ എണ്ണം കൂടിക്കൊണ്ടിരുന്നു. ഓരോ ദിവസവും ചിലരെങ്കിലും കർത്താവിനായി ഹൃദയം കൊടുത്തു. ഒടുവിലത്തെ ദിവസം 700 പേരായിരുന്നു ശ്രോതാക്കൾ. അന്ന് 40 പേർ യേശുവിനെ പിൻപറ്റുവാൻ തീരുമാനമെടുത്തു.

**അന്നയുടെ ഓർമ്മയ്ക്ക്**



*അന്ന 'സമാധാനപുരി' എന്ന ഗ്രാമത്തിൽ*

*1917 ആഗസ്റ്റ് 31-നാണ് ആർ. എഫ്. കുക്കിന്റെ ആദ്യഭാര്യ അന്ന നിര്യാതയാവുന്നത്. അതിനു കൃത്യം ഒരാഴ്ച മുമ്പ്, ഞായറാഴ്ച ഫ്രെയ്സർ ടൗണിലെ ഇംഗ്ലീഷ് ആരാധനായോഗത്തിൽ, റവ. കുക്കും ഭാര്യയും ചേർന്ന് "ഓ! സ്വീറ്റ് റസ്റ്റ് ..." എന്ന ഗാനം ആലപിച്ചപ്പോൾ സാന്ദർഭികമായി അദ്ദേഹം സദസ്സിനോടു പറഞ്ഞു: "ഇന്ത്യയിലെ ഹിൽ സ്റ്റേഷനുകളിലൊന്നിൽ മിഷനറിയായി വന്ന സിസ്റ്റർ ഗാർ അവരുടെ മരണത്തിനു ഒരാഴ്ച മുമ്പ് ലോസ് ആഞ്ചലസിൽവച്ച് പാടിയ പാട്ടാണിത്." അന്നയുടെയും മരണത്തിന് ഒരാഴ്ച മുമ്പുള്ള പാട്ടാണതെന്ന് അപ്പോൾ കുക്ക് ഓർത്തിരുന്നില്ല.*

*രണ്ടു പെൺമക്കളെ കുക്കിന്റെ കരങ്ങളിൽ ഏൽപ്പിച്ച് അന്ന നിത്യതയുടെ തീരമണഞ്ഞു. വേദനയ്ക്കിടയിലും പ്രത്യാശ ഉൾക്കൊണ്ടു കൊണ്ട്, അന്നയെ ഓർത്ത് റവ. കുക്ക് അന്നെഴുതിയ കവിത അദ്ദേഹത്തിന്റെ 'ഡിവൈൻ ലീഡിംഗ്സി'ൽ ചേർത്തിട്ടുണ്ട്.*

കൊട്ടാരക്കരയിലെ യോഗങ്ങൾ കഴിഞ്ഞപ്പോൾ കുക്ക് സായ്പ് ഒരു കാര്യത്തിൽ തീരുമാനമെടുത്തു. ബാംഗ്ലൂരിൽ താമസിച്ച് ഇടയ്ക്കിടെ തിരുവിതാംകൂറിലെത്തുന്ന പദ്ധതി വേണ്ട. തന്റെ പ്രവർത്തന സ്ഥലം തിരുവിതാംകൂറാണ്. ഇവിടെ താമസിക്കുകതന്നെ.

ചുരുങ്ങിയ നാളേക്ക് വാടകയ്ക്ക് എടുത്ത ചെറിയ വീട് അഞ്ചു വർഷത്തേക്ക് അദ്ദേഹം നീട്ടിയെടുത്തു. ഒരു കുടുംബത്തിനു വേണ്ടത്ര താമസയോഗ്യത ആ വീടിനില്ലായിരുന്നു. അതിനാൽ അത്യാവശ്യം വേണ്ട അറ്റകുറ്റപ്പണികൾ തീർത്തുവയ്ക്കാൻ ഉടമസ്ഥനെ ചുമതലപ്പെടുത്തി, അദ്ദേഹം ഡോഡ്ബല്ലാപ്പൂരിനു മടങ്ങിപ്പോയി - മടങ്ങിവന്ന് ഒരായുസ്സു മുഴുവൻ തിരുവിതാംകൂറിൽ താമസിക്കുവാനുള്ള തീരുമാനത്തോടെ!.

**കുക്ക് സായ്പ് കൊട്ടാരക്കരയിൽ താമസമാക്കുന്നു**

1922 ആഗസ്റ്റിൽ കുക്ക് സായ്പ് കൊട്ടാരക്കരയിൽ വാടകയ്ക്കെടുത്ത വീട്ടിൽ

*ഒടുവിൽ*
*പ്രതിബന്ധങ്ങളേയും കഷ്ടങ്ങളെയും*
*അവൾ ഭൂതകാലത്തിനു വിട്ടുകൊടുത്തു.*

*തിരകളിലും കൊടുങ്കാറ്റിലും*
*ആടിയുലഞ്ഞ ആ വഞ്ചി ഒടുവിൽ*
*സുവർണ്ണതീരമണഞ്ഞു.*

*പരിശോധനകളൊഴിഞ്ഞ്,*
*യുദ്ധം തീർന്നിരിക്കുന്നു.*
*പോരാട്ടമവസാനിച്ചിരിക്കുന്നു.*

*ഒടുവിൽ,*
*അവൾ യേശുവിൽ വിജയം*
*കണ്ടെത്തിയിരിക്കുന്നു.*

*ഒടുവിൽ,*
*അതേ ഒടുവിൽ*
*എല്ലാ അദ്ധ്വാനത്തിന്റേയും*
*അവസാനത്തിൽ*
*അഭികാമ്യമായ വിശ്രമവേള വന്നെത്തിയിരിക്കുന്നു.*
*വിമ്മിട്ടങ്ങൾക്കന്ത്യമായിരിക്കുന്നു.*

*അവന്റെ മഹത്വം എത്തിപ്പിടിക്കുവാൻ*
*അവൾക്കു കഴിഞ്ഞിരിക്കുന്നു.*

*ഒരിക്കൽ,*
*അതേ, എന്നെങ്കിലുമൊരുദിനം*
*സംഭവിക്കാനുള്ള ഉൽപ്രാപണത്തിനായി*
*കാത്തിരിക്കുകയാണ് നാമും.*
*കാഹളം ധ്വനിക്കും അന്ത്യശത്രുവും പരാജിതനാകും*
*ഒരു മഹത്വകിരീടംകൊണ്ട്*
*അവൻ നമ്മുടെ അദ്ധ്വാനത്തിനു മറുപടി പറയും.* *(Devine Leadings Page 46)*

താമസമാക്കി. ഒരു വിദേശി കുടുംബത്തിനു സാധാരണ നിലയിൽ അങ്ങനെയൊരു വീട്ടിൽ ജീവിക്കുന്നതിനെപ്പറ്റി ആലോചിക്കുവാനേ കഴിയുമായിരുന്നില്ല. ആയിടെ കുക്കിനെ സന്ദർശിച്ച സിറിൾ ചേയ്സ് എന്നൊരു മിഷനറിയുടെ വാക്കുകളിൽ നമുക്ക് ആ വീടിന്റെ പരിതാപകരമായ അവസ്ഥ അറിയാനാകും. കുക്ക് പ്രസിദ്ധീകരിച്ചിരുന്ന 'എക്കോസ് ഫ്രം സൗത്ത് ഇന്ത്യ' എന്ന ന്യൂസ് ലെറ്റർ വായിച്ചാണ് ചെയ്സ് കേരളത്തിലെ പ്രവർത്തനത്തെക്കുറിച്ച് മനസ്സിലാക്കിയത്.

"പുലർച്ചെ രണ്ടു മണിക്ക് ഞാൻ കൊട്ടാരക്കര റെയിൽവേ സ്റ്റേഷനിലെത്തിചേർന്നു. നേരം വെളുത്ത് രണ്ട് കൂലികളെയും കൂട്ടി ഞാൻ റോബർട്ട് കുക്കിന്റെ ഭവനത്തിലേക്ക് യാത്രതിരിച്ചു. മെയിൻ റോഡിലൂടെ കുറെ ദൂരം നടന്നശേഷം കൂലികൾ എന്നെ ഒരു ഇടവഴിയിലേക്ക് നയിച്ചു. ഇരുവശത്തും നാലടി ഉയരത്തിൽ മണ്ണുകൊണ്ടു മാത്രം കെട്ടിപ്പൊ


ക്കിയ മതിലുകൾ. ഒരാൾക്കു മാത്രം കടന്നു പോകുവാൻ വീതിയുള്ള നടപ്പാത.

ഇതാണോ മിഷനറി കുക്കിന്റെ വാസസ്ഥലത്തേക്കുള്ള വഴി? കൂലികൾക്കു പിഴവുപറ്റി എന്നുതന്നെ ഞാൻ വിശ്വസിച്ചു. പക്ഷേ ഇല്ല. എന്റെ ആഥിതേയന്റെ വീടിന്റെ മുമ്പിൽ തന്നെയാണവർ ചെന്നുനിന്നത്. പക്ഷേ അതിനെ വീടെന്നു വിളിക്കാമോ? തീർച്ചയായും അതൊരു കുടിൽ മാത്രമായിരുന്നു. മണ്ണുകൊണ്ട് കെട്ടിയുയർത്തിയ ഭിത്തികൾ. ഓലമേഞ്ഞ് ഉയരം കുറഞ്ഞ മേൽക്കൂര. രണ്ടിഞ്ചുകലത്തിൽ മരയഴികളുള്ള, വെളിച്ചം കടക്കാത്ത ജനാലകൾ.

ഇതൊക്കെ കണ്ട് ഞാനന്തംവിട്ടു നിന്നപ്പോൾ വാതിൽക്കൽ സിസ്റ്റർ കുക്ക് പ്രത്യക്ഷപ്പെട്ട് ഹാർദ്ദവമായി എനിക്കു സ്വാഗതമോതി. അസുഖകരമായ ഈ 'കുടിൽ ദർശനം' എന്നെ വല്ലാതെ ദുഃഖിപ്പിച്ചിരുന്നു. എന്നാൽ അവരുടെ മുഖത്തു പ്രതിഫലിച്ച ആ ആത്മീയ സന്തോഷം എനിക്ക് അതിശയമാണു നൽകിയത്. ഞാൻ കുടിലിനകത്തു കയറി. അതിനെനിക്ക് എന്റെ തലയെ വളരെയേറെ കുനിയിക്കേണ്ടിവന്നു.

കുടിലിനുള്ളിലും സന്തോഷം നൽകേണ്ടതൊന്നും ഞാൻ കണ്ടില്ല. തറയിൽ പരവതാനികൾക്കു പകരം മണ്ണ് മെഴുകിയിരുന്നു. അകത്ത് ഭിത്തികൾ കുമ്മായം പൂശിയിരുന്നുവെന്നത് ശരിതന്നെ. എന്നാൽ ഒരു ചിത്രമോ ഒരു വോൾടെക്സ്റ്റോ ഭിത്തിയിൽ കാണാഞ്ഞത്, ആണിയടിച്ചാൽ ഭിത്തിയിളകിപ്പോകും എന്ന പേടികൊണ്ടുതന്നെയായിരിക്കണം.

ഞാൻ കയറിച്ചെന്ന മുറി തന്നെയായിരുന്നു അവരുടെ സ്വീകരണമുറിയും തീൻമുറിയുമെല്ലാം. അതിന്റെ മൂലയിൽ പാചകം ചെയ്ത ഭക്ഷണം ഉറിയിൽ തൂക്കിയിട്ടിരിക്കുന്നതു കണ്ടു. അടുത്തൊരു പെട്ടിയിൽ പലവ്യഞ്ജനങ്ങളും. കുക്ക് ദമ്പതികൾക്ക് പ്രത്യേകമായി ഒരു പാചകമുറിയില്ലെന്ന് ഞാൻ പെട്ടെന്നുതന്നെ മനസ്സിലാക്കി. എനിക്ക് കുളിക്കണമെന്നു പറഞ്ഞപ്പോൾ എന്റെ ആഥിതേയർ തുറസ്സായ ഒരു സ്ഥലം കാട്ടിത്തന്നതോടെ ബാക്കിയുള്ള കാര്യങ്ങളിൽ എനിക്കുണ്ടായിരുന്ന അത്ഭുതം മാഞ്ഞുപോയി. ഇതെല്ലാം കുക്ക് കുടുംബം സന്തോഷത്തോടെ സഹിക്കുന്നത് ഓർത്തോർത്തു ഞാൻ ദൈവത്തെ സ്തുതിച്ചു." (Cyril Chase Quoted from Devine Leadings)



*തുവയൂരിൽ കുക്ക് സായ്പ് പണി കഴിപ്പിച്ച ആദ്യത്തെ സഭാഹോൾ. 1919-ലാണ് ഇതിന്റെ നിർമ്മാണം പൂർത്തിയായത്*



*കുക്ക് സായ്പ്,*
*ആദ്യഭാര്യയായ അന്ന,*
*മക്കൾ ബ്ലോസം,*
*ഡൊറോത്തി എന്നിവരോടൊപ്പം*

**ദരിദ്രർക്കു സുവിശേഷം**

കുക്ക് കുടുംബം കൊട്ടാരക്കരയിൽ താമസമാക്കിയതു മുതൽ രണ്ടുപേർ അവരുടെ സന്തതസഹചാരികളായി ത്തീർന്നു. ഒരാൾ പാസ്റ്റർ കുക്കിന്റെ പരിഭാഷകനായി പ്രവർത്തിച്ച എ.കെ. വർഗീസ്, രണ്ടാമത്തെയാൾ കുക്ക് കുടും ബത്തിന്റെ കാര്യസ്ഥനും സഹായിയു മായിരുന്ന കെ.സി. ഉമ്മൻ. ഇരുവരും ഇംഗ്ലീഷിൽ നല്ല പ്രാഗത്ഭ്യം ഉള്ളവരും രക്ഷിക്കപ്പെട്ട ദൈവമക്കളുമായിരുന്നു. (എന്നാൽ ഇരുവരും പെന്തെക്കോസ്ത് വിശ്വാസികളായിത്തീരുന്നത് കുക്ക് സായ്പിനോടുകൂടെ ചേർന്നതിനുശേഷം മാത്രമാണ്.)

ഒരു ദിവസം അടൂരിൽ യോഗങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോൾ എ.കെ. വർഗീസിനെ കാണാൻ ഒരു യുവാവെത്തി. അവനോട് സുവിശേഷം പറയണമെന്ന ആത്മപ്രേരണ ഉണ്ടായിട്ട് കുക്ക് സായ്പ് യേശുക്രിസ്തുവിലൂടെയുള്ള രക്ഷയെ കുറിച്ച് സംസാരിച്ചു. വളരെ താൽപര്യ ത്തോടെ അവൻ എല്ലാം കേട്ടു. ദുഷ്ടത കളിൽനിന്നു പിൻതിരിയുവാനും, യേശു വിനെ സേവിക്കുവാനും തയ്യാറാണെന്നു പറഞ്ഞാണ് ആ യുവാവ് അന്നു മടങ്ങി പോയത്.

ഈ യുവാവിനെപ്പോലെ സുവിശേഷ ത്തിനുവേണ്ടി ദാഹത്തോടെ കാത്തിരി ക്കുന്ന ആയിരക്കണക്കിനാളുകൾ ഏതാ ണ്ടു മുപ്പതു കിലോ മീറ്റർ ദൂരെയുണ്ടെന്ന് വർഗീസ് സായ്പിനോടു പറഞ്ഞു. പിന്നോക്കക്കാരായ ആ ജനങ്ങളുടെ നേതാവായ ചോതി എന്നയാൾ അടുത്ത കാലംവരെ ഒരു ക്രിസ്ത്യാനിയും ഒരു പരിധിവരെ സുവിശേഷപ്രവർത്തകനു മായിരുന്നത്രേ. 'മത്തായി' എന്ന പേരിൽ സുവിശേഷ പ്രവർത്തനം നടത്തിക്കൊ ണ്ടിരുന്ന അദ്ദേഹം ക്രിസ്ത്യാനി മേലാള ന്മാരുടെ പ്രവർത്തനങ്ങളിൽ മനം മടുത്ത് പ്രത്യക്ഷ പ്രവർത്തനങ്ങളിൽനിന്നു പിൻ മാറിയിരിക്കുകയായിരുന്നു. എങ്കിലും യേശുക്രിസ്തുവിനോടുള്ള സ്നേഹവും ക്രിസ്തീയ അനുഭവവും ചോതിയിൽ കെട്ടടങ്ങിയിരുന്നില്ല.

മറ്റുള്ളവരുടെ ദൃഷ്ടിയിൽ അയിത്ത



*കുക്ക് സായ്പ്, ആദ്യകാലത്ത് സുവിശേഷ പ്രവർത്തനത്തിനായി ഉപയോഗിച്ചിരുന്ന കാളവണ്ടി*

ക്കാരായി കണക്കാക്കപ്പെട്ടിരുന്ന ഈ ജനതയുടെ മദ്ധ്യേ സുവിശേഷവുമായി പോകണമെന്ന് കുക്കിന് അതിയായ ആഗ്രഹമുണ്ടായി. അവരുടെ നേതാവായ ചോതിയെ പരിചയപ്പെടുവാൻ അദ്ദേഹം താൽപര്യപ്പെട്ടു.

അസ്പർശ്യത കൽപിക്കപ്പെട്ടിരുന്ന ഈ ജനതയോട് തനിക്ക് കൂടുതൽ കടപ്പാടുണ്ടെന്ന് കുക്ക് സായ്പിനു തോന്നി. ദരിദ്രരോടു സുവിശേഷമറിയിക്കുവാൻ കർത്താവ് തന്നെ അഭിഷേകം ചെയ്തിരിക്കുന്നുവെന്ന ബോദ്ധ്യത്തോടെയാണല്ലോ അദ്ദേഹം അമേരിക്ക വിടുന്നത്.

പലപ്പോഴും ഈ ജനത പീഡിപ്പിക്കപ്പെടുന്നത് കുക്ക് സായ്പ് തന്റെ കൺമുമ്പിൽ കണ്ടു. എന്നാൽ സുവിശേഷത്തോടും ആത്മീയതയോടും കൂടുതൽ ആഭിമുഖ്യം കാട്ടിയവർ അവരായിരുന്നു. വിശ്വാസികളായിത്തീർന്ന സുറിയാനി ക്രിസ്ത്യാനികളിൽതന്നെ പലരും പിന്നോക്കക്കാരെ തുല്യരായി കണക്കാക്കാൻ തയ്യാറായില്ല എന്നത് അദ്ദേഹത്തെ കൂടുതൽ ദുഃഖിപ്പിച്ചു.

“പലപ്പോഴും അവർ അവഗണിക്കപ്പെടുന്നതുകണ്ട് ഞാൻ വേദനിച്ചു. ഒരു സന്ദർഭത്തിൽ യോഗം നടന്നുകൊണ്ടിരിക്കേത്തന്നെ വലിയ ആരവത്തോടെ മഴ പെയ്തു. ചോരുന്ന പന്തലിൽനിന്നും ആളുകളെല്ലാം സുരക്ഷിതസ്ഥലം നോക്കിയോടി. സുറിയാനി ക്രിസ്ത്യാനികൾ അടുത്തുള്ള വീട്ടിൽ അഭയം കണ്ടെത്തി. പിന്നോക്കക്കാരായ വിശ്വാസികൾ അൽപം ദൂരെയുള്ള ഒരു കന്നുകാലിക്കൂട്ടിലേക്കാണ് ഓടിക്കയറിയത്. ഒരു നിമിഷം ഞാനാലോചിച്ചു. എനിക്കെവിടെയാണ് സ്ഥാനം? സുറിയാനിക്കാരോട് ഏകീഭവിച്ച് ഭവനത്തിന്റെ സുരക്ഷിതത്വത്തിൽ എത്തണമോ അതോ പിന്നോക്കക്കാരായ ഈ പാവം വിശ്വാസികളോടൊത്ത് കാലിത്തൊഴുത്ത് പങ്കിടണമോ? ഒടുവിൽ ഞാൻ മഴയിൽ നിന്നു രക്ഷപ്പെടാനായി കാലിത്തൊഴുത്തിലേക്കോടിക്കയറി.” (R.F. Cook, Divine Leadings, Page 98,99)

കുക്ക് സായ്പിന്റെ പ്രാർത്ഥനയ്ക്കുത്തരമെന്നോണം ഒരു ദിവസം എ.കെ. വർഗീസ് ചോതിയുമൊന്നിച്ച് കൊട്ടാരക്കരയിലെത്തി. അയാളുടെ അനുയായികളോട് സുവിശേഷം പ്രസംഗിക്കുവാനുള്ള തന്റെ അഭിവാഞ്ഛ കുക്ക് ചോതിയോടറിയിച്ചു. എന്നാൽ മിഷനറിമാരെ പെട്ടെന്നു വിശ്വസിക്കുവാനും അവരോട് സഖ്യത ഉണ്ടാക്കുവാനും ചോതി തയ്യാറായിരുന്നില്ല. അതുകൊണ്ട് സായ്പിന്റെ പ്രതീക്ഷ നിർവ്വഹിക്കാമെന്ന് വാക്കുകൊടുക്കാതെ ചോതി അന്ന് യാത്ര പറഞ്ഞു.

ഇതൊക്കെയാണെങ്കിലും കുക്ക് സായ്പ് പ്രതീക്ഷ കൈവിട്ടില്ല. അദ്ദേഹം ചോതിക്കുവേണ്ടിയും അയാളുടെ അനുയായികളായ പിന്നോക്കക്കാരുടെയിടയിൽ

സുവിശേഷത്തിന്റെ വാതിൽ തുറന്നു കിട്ടേണ്ടതിനുവേണ്ടിയും നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

ഏതാണ്ട് ഒരു വർഷം കഴിഞ്ഞ് ഒരു ദിവസം സായ്പിനെ അത്ഭുതപ്പെടുത്തിക്കൊണ്ട് ചോതി വീണ്ടും അദ്ദേഹത്തെ സന്ദർശിച്ചു. ഒരു വർഷമായി താനൊരു രോഗിയാണെന്നും ചികിത്സ തേടി തിരുവനന്തപുരത്തു പോകുകയാണെന്നും ചോതി സായ്പിനോടു പറഞ്ഞു. അവർ ഒരുമിച്ചിരുന്ന് അല്പനേരം പ്രാർത്ഥിച്ചു.

തന്റെ രോഗം മാരകമാണെന്നും ഓപ്പറേഷൻ അത്യന്താപേക്ഷിതമാണെന്നും തിരുവനന്തപുരത്തെ ഡോക്ടർമാർ ചോതിയോടു പറഞ്ഞു. മടങ്ങിപ്പോരും വഴി അദ്ദേഹം വീണ്ടും കൊട്ടാരക്കരയിലിറങ്ങി കുക്ക് സായ്പിനെ കണ്ടു പരമ വൈദ്യനെ പരിചയപ്പെടുത്തുവാനുള്ള ഒരു അസുലഭ അവസരമായി സായ്പ് ഈ സന്ദർഭം കണ്ടെത്തി. ചോതി തന്റെ പിൻമാറ്റത്തിൽനിന്നും മടങ്ങി വരുവാൻ തയ്യാറായിരുന്നു. പാപങ്ങൾ ഏറ്റുപറഞ്ഞ് അയാൾ പ്രാർത്ഥിച്ചു. കുക്ക് സായ്പ് അദ്ദേഹത്തിന്റെ മേൽ എണ്ണപൂശി രോഗസൗഖ്യത്തിനായി പ്രാർത്ഥിച്ചു. അത്ഭുത നിലയിൽ ചോതി സൗഖ്യം പ്രാപിച്ചു.

ദിവസങ്ങൾപോലും കഴിഞ്ഞില്ല, കുമ്പനാട്ടെ പിന്നോക്കക്കാരായ ജനങ്ങളോടു പ്രസംഗിക്കുവാനുള്ള ക്ഷണം ചോതിയിൽനിന്നു കുക്ക് സായ്പിനു ലഭിച്ചു. തന്റെ ദൗത്യ നിർവഹണത്തിനു ഒരു പുതിയമാനം ലഭിച്ചതായി, തന്റെ നിയോഗത്തിനു പൂർണ്ണത ലഭിച്ചതായി, സായ്പിനു തോന്നി.

**വെള്ളിക്കര**

1922 ഒടുവിൽ ചോതിയുടെ ക്ഷണമനുസരിച്ച് കുക്ക് സായ്പ് കുമ്പനാട്ടെത്തി. വെള്ളിക്കരയിലായിരുന്നു ആദ്യ യോഗങ്ങൾ സംഘടിപ്പിച്ചിരുന്നത്. ഒരു സന്ധ്യയ്ക്ക് അദ്ദേഹമവിടെ ചാണകം മെഴുകിയ തറയിൽ വിരിച്ചൊരുക്കിയ കിടക്കയിൽ ഉറങ്ങാൻ കിടന്നു. അവിടുത്തെ അനുഭവങ്ങളെപ്പറ്റി അദ്ദേഹം തന്നെ പറയുന്നതിപ്രകാരമാണ്.

"നേരം വെളുത്തപ്പോൾ പുതുതായെത്തിയ മിഷനറിയെ കാണാൻ ചുറ്റുംകൂടിയിരിക്കുന്ന ജനങ്ങളുടെ ആരവം കേട്ടാണ് ഞാനുണർന്നത്. ഞങ്ങളുടെ പ്രവർത്തകരിലൊരാളെ ഞാൻ നീട്ടിവിളിച്ചു. ദയവായി ഈ മനുഷ്യരെ അൽപസമയത്തേക്ക് പുറത്തിറക്കി നിർത്തണമെന്നപേക്ഷിച്ചു. എനിക്ക് കിടക്കയിൽ നിന്നെഴുന്നേറ്റ് വസ്ത്രം ധരിക്കണമല്ലോ. പക്ഷേ എന്തു പറയാൻ? അവരാരും പോകുവാൻ കൂട്ടാക്കിയില്ല. ഒടുവിൽ വലിയ ഒരു പരമ്പുകൊണ്ടുവന്ന് മറ സൃഷ്ടിച്ചാണ് ഞാൻ വസ്ത്രം മാറിയത്. മൃഗശാലയിൽ കൂട്ടിലടയ്ക്കപ്പെട്ട ഒരു ജന്തുവിനെ എന്നപോലെ ആളുകൾ എന്നെ തുറിച്ചു നോക്കിക്കൊണ്ടിരുന്നു." (R.F. Cook, Divine Leadings. P. 103)

ഒൻപതു മണിക്ക് യോഗം ആരംഭിക്കാറായി എന്നറിയിക്കുന്ന മണി മുഴങ്ങി. അരമണിക്കൂറിനുള്ളിൽ യോഗസ്ഥലത്തേക്ക് ആളുകൾ ഇരച്ചെത്തി. മുന്നുറു മുതൽ എണ്ണൂറുവരെ ആളുകൾ ആ ദിവസത്തെ യോഗങ്ങളിൽ പങ്കെടുത്തിരുന്നു. വെള്ളിക്കരയിൽ, കുക്ക് സായ്പ് നടത്തിയ യോഗങ്ങളുടെ ഫലമായി 22 പേർ സ്നാനപ്പെട്ടു.

ചോതി ഞായറാഴ്ച ഉച്ചയ്ക്ക് കുമ്പനാട്ട് ഒരു പരസ്യയോഗം സംഘടിപ്പിച്ചിരുന്നു. ആയിരത്തിലേറെപ്പേരാണ് ആ യോഗത്തിൽ പങ്കെടുത്തത്. കഴിഞ്ഞ ദിവസത്തെ യോഗങ്ങളിൽ രോഗസൗഖ്യം പ്രാപിച്ച പലരും പരസ്യയോഗത്തിൽ അത് പൊതുജനങ്ങളുടെ മദ്ധ്യ സാക്ഷിച്ചു.

### കുമ്പനാട്

കൊടുന്തറ ഉമ്മച്ചന്റെ പ്രേരണയാൽ കുമ്പനാട്ടും കുക്ക് സായ്പ് ചില യോഗങ്ങൾ സംഘടിപ്പിച്ചു. സുറിയാനിക്കാരായിരുന്നു ശ്രോതാക്കളിൽ ഭൂരിഭാഗം. ഞായറാഴ്ച ഉച്ചനേരം ഭൂതബാധിതയായ ഒരു പെൺകുട്ടിയുമായി അവളുടെ പിതാവ് കുക്ക് സായ്പിന്റെ അരികിലെത്തി. പ്രാർത്ഥനയിൽ ഭൂതം അവളെ വിട്ടുപോയി. തൽക്കാലം യോഗത്തിനു വരേണ്ടെന്നും വേദപുസ്തകം വായിച്ചുകൊണ്ടിരിക്കുവാനും പറഞ്ഞ് സായ്പ് അവളെ തന്റെ ഭവനത്തിലാക്കിയശേഷം പിതാവിനോടൊപ്പം യോഗത്തിനുപോയി.

ശുശ്രൂഷ നടക്കുമ്പോൾ ആ പെൺകുട്ടിയുടെ പിതാവ് മകൾക്കുണ്ടായ ഭൂതശാന്തിയെപ്പറ്റി പൊതുജനമദ്ധ്യേ സാക്ഷ്യം പറഞ്ഞു. ഇതു കേട്ടിരുന്ന അവിശ്വാസിയായ ഒരു ഹിന്ദു (അയാൾക്ക് ഈ പെൺകുട്ടിയെയും കുടുംബത്തെയും നല്ല പരിചയമുള്ള വ്യക്തിയായിരുന്നു) പിതാവിന്റെ സാക്ഷ്യം വിശ്വാസയോഗ്യമല്ലെന്നും വാസ്തവത്തിൽ അവൾക്ക് ഭൂതശാന്തി ലഭിച്ചിട്ടുണ്ടെങ്കിൽ അവൾ തന്നേ അത് സ്റ്റേജിൽ പ്രസ്താവിക്കണമെന്നും ആവശ്യപ്പെട്ടു. പിതാവ് പോയി തന്റെ മകളെ കൂട്ടിക്കൊണ്ടുവന്നു. അവൾ വളരെ ധൈര്യത്തോടെ തന്റെ വിടുതലിനെപ്പറ്റി പൊതുജനമദ്ധ്യേ സാക്ഷിച്ചു. അന്നേദിവസം കുമ്പനാട്ട് 16 പേരെ കുക്ക് സായ്പ് സ്നാനപ്പെടുത്തി.

കുമ്പനാട് യോഗത്തെപ്പറ്റി എ.കെ. വർഗീസിന്റെ പ്രസ്താവന ഡിവൈൻ ലീഡിംഗ്സിൽ കാണുന്നുണ്ട്. "നേരത്തെ വേണ്ടത്ര പരസ്യം കൊടുക്കാതെയാണ് യോഗങ്ങൾ ആരംഭിച്ചത്. എന്നാൽ ഞങ്ങളെപ്പോലും അത്ഭുതപ്പെടുത്തിക്കൊണ്ട് നാനാജാതി മതസ്ഥരായ നൂറുകണക്കിനാളുകൾ പ്രസംഗം കേൾക്കാൻ ഓടിക്കൂടി. കഴിഞ്ഞ രണ്ടു വർഷമായി ഞാൻ പാസ്റ്റർ കുക്കിനോടൊപ്പം പ്രവർത്തിക്കുവാൻ തുടങ്ങിയിട്ട്. ഇതിനിടയിൽ കുക്ക് നടത്തിയ മിക്കവാറും എല്ലാ യോഗങ്ങളിലും ഞാൻ പങ്കെടുത്തിട്ടുണ്ട്. എന്നാൽ ഇത്ര ശക്തമായി ഇതുവരെയും കുക്ക് പ്രസംഗിക്കുന്നത് ഞാൻ കേട്ടിട്ടില്ല. സുവിശേഷം അതിന്റെ ആദിമ വിശുദ്ധിയിലും തനിമയിലും ശ്രവിക്കാൻ പറ്റിയതിൽ ജനങ്ങൾ സന്തുഷ്ടരായിരുന്നു." (R.F. Cook, Divine Leadings, PP 116-117)

### എഴുമറ്റൂർ

കുമ്പനാടിനുശേഷം കുക്ക് സായ്പ് നേരെ പോയത് എഴുമറ്റൂർ ഗ്രാമത്തിലേക്കായിരുന്നു. അവിടെയും ശ്രോതാക്കൾ വളരെയധികമായിരുന്നു. ഭൂതാവിഷ്ടയായി വളരെ ചേഷ്ടകൾ കാട്ടിക്കൊണ്ടിരുന്ന ഒരു സുറിയാനി സ്ത്രീയെ ബന്ധുക്കൾ വലിച്ചിഴച്ചുകൊണ്ട് കുക്ക് താമസിച്ചിരുന്ന വീടിനടുത്തെത്തിയപ്പോൾ "സായ്പിന്റെ മുമ്പിൽ ഞങ്ങൾ ശബ്ദമുണ്ടാക്കുകയില്ലേ" എന്നു പറഞ്ഞു കരഞ്ഞതായി കഥയുണ്ട്. ഭൂതം പറഞ്ഞതു പോലെ തന്നെ ചെയ്തു. ദേഹമെല്ലാം ഉലച്ചുകൊണ്ട് ആ സ്ത്രീ തുള്ളിയുറഞ്ഞുവെങ്കിലും ഭൂതം സായ്പിനു മുമ്പിൽ ശബ്ദമുണ്ടാക്കിയതേയില്ല. റവ. കുക്ക് പ്രാർത്ഥിച്ചപ്പോൾ ഭൂതം അവളെ വിട്ടുപോയി. ഒരു നിമിഷത്തെ ബോധക്ഷയത്തിനുശേഷം കണ്ണുകൾ തുറന്ന് സാഹചര്യബോധത്തോടെ അവൾ ദൈവത്തിനു സ്തോത്രം ചെയ്തു കൊണ്ടെഴുന്നേറ്റു. കണ്ടുനിന്നവർക്കൊക്കെ വിശ്വാസമേകുന്നതായിരുന്നു ആ സംഭവം. എഴുമറ്റൂരിലെ യോഗങ്ങൾ കഴിഞ്ഞപ്പോൾ 26 പേരെ കുക്ക് സായ്പ് സ്നാനപ്പെടുത്തി.

### പെരുമ്പെട്ടി

എഴുമറ്റൂരിൽ നിന്നു പെരുമ്പെട്ടിയിലേക്കാണ് കുക്ക് യാത്രയായത്. ഈ പ്രദേ

ശങ്ങളിലൊക്കെ അദ്ദേഹം സഞ്ചരിച്ചിരുന്നത് ഒരു സൈക്കിളിലായിരുന്നു. എന്നാൽ എഴുമറ്റൂർ, പെരുമ്പെട്ടി വഴിയിൽ പലപ്പോഴും സൈക്കിൾയാത്ര ദുഷ്ക്കരമായിരുന്നു. അതുകൊണ്ട് സൈക്കിളുപേക്ഷിച്ച് ഇടവഴികളിലൂടെ കയറിയിറങ്ങി, പലപ്പോഴും നീർച്ചാലുകൾ ചാടിക്കടന്ന് അനുചരൻമാരുമൊത്ത് കുക്ക് സായ്പ് പെരുമ്പെട്ടിയിലേക്ക് നടന്നുപോയി. ചിലയിടങ്ങളിൽ നീർച്ചാലുകൾക്ക് വീതികൂടിയിടത്ത് രണ്ടുപേർ സായ്പിനെ എടുത്ത് അക്കരെകയറ്റി. ഒരു പ്രാവശ്യം തന്നെ വഹിച്ചിരുന്ന വ്യക്തികളുടെ കയ്യിൽ നിന്നും സായ്പ് താഴെ വീണുപോയി. നിറഞ്ഞ ചെളിക്കുണ്ടിലേക്കാണ് അദ്ദേഹം വീണത്. പിന്നെ ചെളി പുരണ്ട ആ വസ്ത്രങ്ങളുമായാണ് സായ്പ് പെരുമ്പെട്ടിയിലെത്തിയത്.

അവിടെയും ഭൂതബാധിതയായ ഒരു സ്ത്രീയെ കുക്ക് സായ്പിനു നേരിടേണ്ടി വന്നു. അദ്ദേഹം സംസാരിച്ചുകൊണ്ട് നിന്നപ്പോൾ അവർ ഒരു പാമ്പിനെപ്പോലെ നൃത്തം ചെയ്തു. എന്നാൽ യേശുവിന്റെ നാമത്തിലുള്ള ശാസനത്തെ എതിർത്തു നിൽക്കാൻ ഭൂതത്തിനു കഴിഞ്ഞില്ല. പെരുമ്പെട്ടിയിൽ പരിശുദ്ധാത്മ പ്രവർത്തനത്തിനു ആരംഭം കുറിച്ചു. രണ്ടാഴ്ച കഴിഞ്ഞും വീണ്ടുമൊരിക്കൽകൂടെ സായ്പ് പെരുമ്പെട്ടി മാർക്കറ്റിൽ പ്രസംഗിച്ചു. രണ്ടായിരമാളുകൾ ആ യോഗങ്ങളിൽ പങ്കെടുത്തു.

പെരുമ്പെട്ടിയിൽ ഒരു മുസ്ലീം കുട്ടിക്ക് മലേറിയയിൽ നിന്നുണ്ടായ അത്ഭുത രോഗസൗഖ്യവും സഭയുടെ സ്ഥാപനത്തിനു ഏറെ സഹായകമായി. സായ്പിന്റെ യോഗങ്ങളിൽ രോഗികൾ സൗഖ്യമാകുന്നത് കേട്ടറിഞ്ഞു കുട്ടിയുടെ പിതാവ് തന്റെ മകനുവേണ്ടിയും പ്രാർത്ഥിക്കണമെന്ന് കുക്കിനോടാവശ്യപ്പെട്ടു. “യേശുക്രിസ്തു ദൈവപുത്രനാണെന്നും വ്യക്തിപരമായി നിങ്ങളുടെ രക്ഷിതാവാണെന്നും വിശ്വസിക്കുന്നുണ്ടോ?” എന്നായിരുന്നു സായ്പിന്റെ ചോദ്യം. യേശു ഒരു പ്രവാചകനാണെന്ന് വിശ്വസിക്കുവാൻ തയ്യാറാണെന്ന് കുട്ടിയുടെ പിതാവ് പറഞ്ഞു. “അങ്ങനെയെങ്കിൽ എനിക്ക് നിങ്ങളുടെ മകനുവേണ്ടി പ്രാർത്ഥിക്കുവാൻ കഴിയുകയില്ല” എന്നായിരുന്നു സായ്പിന്റെ മറുപടി.

എങ്കിലും പിറ്റേന്ന് സായ്പ് ആ കുട്ടിയുടെ വീട്ടിലെത്തി. യേശുവിനെ രക്ഷകനായി സ്വീകരിക്കുവാൻ തയ്യാറാണോ എന്ന് കുട്ടിയോട് ചോദിച്ചു. തയ്യാറാണെന്നായിരുന്നു കുട്ടിയുടെ ഉത്തരം. ഇതുകേട്ട് കുട്ടിയുടെ പിതാവ് സായ്പിനെ ശപിക്കുകയും അലമുറയിട്ട് നിലവിളിക്കുകയും ചെയ്തു. എന്നാൽ ദൈവം ആ കുട്ടിക്ക് സൗഖ്യം നൽകി.

**റാന്നി**

ഇതേവർഷം തന്നെ കുക്ക് സായ്പ് റാന്നിയിലും ചില യോഗങ്ങൾ നടത്തി. വിയോജിതപ്രസ്ഥാനക്കാർക്ക് വളരെ സ്വാധീനമുള്ള സ്ഥലമായിരുന്നു റാന്നി. അവരിൽ തന്നെ, കെ.വി. സൈമണോടു യോജിക്കാതെ നിന്നിരുന്ന ചില സ്വതന്ത്ര വിയോജിത ഗ്രൂപ്പുകളായിരുന്നു സായ്പിനെ റാന്നിയിലേക്കു ക്ഷണിച്ചത്. 1923 ജനുവരി മാസത്തിലായിരുന്നു അത്.

റാന്നി പഴവങ്ങാടിക്കരയിൽ നടന്ന കുക്ക് സായ്പിന്റെ യോഗങ്ങളിൽ ആയിരക്കണക്കിനാളുകൾ തടിച്ചുകൂടി. നാല്പതുപേർ സ്നാനപ്പെടുവാൻ തീരുമാനമെടുത്തു. സ്നാന ശുശ്രൂഷ കാണാൻ ആറ്റുതീരത്തും അടുത്തുള്ള പറമ്പിലുമായി അനേകർ കാത്തുനിന്നിരുന്നു, പെരുമ്പുഴയിലും ഒരു യോഗം നടത്തണമെന്ന് അവർ ഒറ്റക്കെട്ടായി സായ്പിനോടാവശ്യപ്പെട്ടു. അതുകൊണ്ട്, ബുധനാഴ്ചയിലെ

യോഗം പെരുമ്പുഴയിലേക്ക് മാറ്റി. കടവിന്റെ വടക്കെക്കരയിലുണ്ടായിരുന്ന ഒരു വലിയ കെട്ടിടത്തിന്റെ മുൻവശത്തായിരുന്നു യോഗം സംഘടിപ്പിക്കപ്പെട്ടിരുന്നത്. (ആ കെട്ടിടം 99ലെ വെള്ളപ്പൊക്കത്തിൽ (1924) ഒലിച്ചുപോയി).

നാട്ടുകാരുടെ ആത്മാർത്ഥമായ സഹകരണം ഈ യോഗത്തിൽ ദൃശ്യമായിരുന്നു. യോഗത്തിന്റെ പ്രചരണത്തിനായി കൺവൻഷന്റെ വിളംബര നോട്ടീസ് ചന്തയിലും മറ്റു ഭാഗങ്ങളിലും നാട്ടുകാർ തന്നെ പതിച്ചിരുന്നു. പെന്തെക്കോസ്തിന്റെ ശക്തിയായ ദൂത് റാന്നിയിൽ അന്നു പ്രഘോഷിക്കപ്പെട്ടു. പതിനഞ്ചുപേർകൂടെ അന്നു സ്നാനപ്പെട്ടു. (അങ്ങനെ ആകെ അൻപത്തിയഞ്ചുപേർ)

കുക്ക് സായ്പിന്റെ യോഗത്തിൽ പങ്കെടുത്ത പല വിയോജിതരും പെന്തെക്കോസ്തു മാർഗ്ഗത്തിലേക്കു തിരിഞ്ഞു. അതുകൊണ്ട് ആ വർഷമൊടുവിൽ (നവംബറിൽ) ഒരിക്കൽകൂടെ സായ്പ് റാന്നിയിൽ സുവിശേഷ യോഗങ്ങൾ നടത്തി. അന്ന്, റവ. കമ്മിൻസ്, ആയിടെ മിസിസ് ചാപ്മാനോടുകൂടെ വന്നു താമസിച്ച മെയ് സായ്പ് എന്നിവരും പ്രസംഗകരായി എത്തിയിരുന്നു. പെന്തെക്കോസ്ത് വിശ്വാസത്തിലേക്കു വന്നവർ ആദ്യം വീടു കളിലും പിറ്റെ വർഷം പഴവങ്ങാടിക്കരയിൽ ഒരു പ്രാർത്ഥനാ ഷെഡ്ഡുണ്ടാക്കി അവിടെയും സഭായോഗം കൂടിപ്പോന്നു.

## പൊയ്കയിൽ യോഹന്നാനുപദേശി

ചോതിയെക്കാൾ വളരെയേറെ ജനസമ്മതിയും വളരെക്കൂടുതൽ അനുയായികളുമുണ്ടായിരുന്ന ഒരു അധഃസ്ഥിത നേതാവായിരുന്നു പൊയ്കയിൽ യോഹന്നാനുപദേശി. വെള്ളിക്കരയിൽ ചോതിയുടെ അനുയായികൾക്കിടയിൽ കുക്ക് സായ്പ് നടത്തിയ യോഗങ്ങളെപ്പറ്റി കേട്ടറിഞ്ഞ അദ്ദേഹം സായ്പിനെ തന്റെ ആസ്ഥാനത്ത് (ഇരവിപേരൂർ) യോഗങ്ങൾ നടത്താൻ ക്ഷണിച്ചു.

തിരുവിതാംകൂറിന്റെ പല ഭാഗത്തുനിന്നും യോഹന്നാൻ ഉപദേശിയുടെ അനുയായികൾ ഇരവിപേരൂരെത്തി. വേർപാടു വിശ്വാസത്തോടു കൂറു പുലർത്തിയിരുന്ന സ്വതന്ത്ര ചിന്തകനായിരുന്ന ഉപദേശി കുക്ക് സായ്പിന്റെ പെന്തെക്കോസ്ത് ആശയങ്ങളെ പിൻതാങ്ങി സംസാരിച്ചു. കുക്ക് സായ്പിന്റെ ശ്രോതാക്കളായെത്തിയ ആയിരക്കണക്കിനാളുകൾ അന്ന് പെന്തെക്കോസ്ത് വിശ്വാസത്തോട് ആഭിമുഖ്യമുള്ളവരായിത്തീർന്നു. തുടർമാനമായി അവരോടു സംവാദിച്ചിരുന്നെങ്കിൽ ആ സംഘമാകെ പെന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ചേനെ. എന്നാൽ കാലക്രമേണ ആ ജനത പെന്തെക്കോസ്തിൽ നിന്നല്ല, ക്രിസ്ത്യാനിത്വത്തിൽനിന്നു തന്നെ പിൻമാറുകയായിരുന്നു.

(പിന്നോക്ക ജനത എന്തുകൊണ്ടു പെന്തെക്കോസ്തിനോടു വിമുഖരായി എന്ന കുറിപ്പു കാണുക)

## മാവേലിക്കര

1918 മുതൽ മാവേലിക്കരയിൽ മറ്റം ഭാഗത്ത് അദ്ധ്യാപകനായ എ.ജെ. ജോണിന്റെ നേതൃത്വത്തിൽ ഒരു വിയോജിത സംഘം പ്രവർത്തിച്ചിരുന്നു. കുക്ക് സായ് പിന്റെ പ്രവർത്തനങ്ങളെപ്പറ്റി കേട്ടറിഞ്ഞ ജോൺ അദ്ദേഹത്തെ മാവേലിക്കരയിലേക്കു ക്ഷണിച്ചു.

1 കൊരിന്ത്യർ 12-ാം അദ്ധ്യായം അടിസ്ഥാനമാക്കി ആത്മികവരങ്ങളെപ്പറ്റിയായിരുന്നു കുക്ക് സായ്പ് മാവേലിക്കരയിൽ പ്രസംഗിച്ചത്. സുവിശേഷം വൈദ്യന്മാരുടെയും മരുന്നിന്റെയും മറ്റും അകമ്പടിയോടെയല്ല, ദൈവത്തിന്റെ ശക്തിയോടെയാണ് (മർക്കോസ് 16:15-18) പ്രഘോഷിക്കപ്പെടേണ്ടതെന്ന് സായ്പ്

പ്രസംഗിച്ചത്, ശ്രോതാക്കളിൽ ചില ഡോക്ടർമാർക്ക് ഇഷ്ടപ്പെട്ടില്ല. അതിനെ ച്ചൊല്ലി വാഗ്വാദവും ബഹളവും വർദ്ധിച്ചു. ചിലർ ചരലും പൂഴിയും വാരി സ്റ്റേജിലേക്കെറിഞ്ഞു.

കാര്യങ്ങൾ പന്തിയായല്ല പോകുന്ന തെന്നു കണ്ട് എ.ജെ. ജോണും സുഹൃത്തുക്കളും സായ്പിനെ അടുത്തൊരു സ്കൂളദ്ധ്യാപകന്റെ ഭവനത്തിലൊളിപ്പിച്ചു. പിന്നെ ഒരു കുതിരവണ്ടി വാടകയ്ക്കെടുത്ത് പുറം വാതിലിലൂടെ അദ്ദേഹത്തെ യാത്രയയച്ചു.

എന്നാൽ ഈ ഉപദ്രവങ്ങൾ പെന്തെക്കോസ്ത് പ്രസ്ഥാനം മാവേലിക്കരയിൽ വളരുന്നതിനു തടസ്സമായില്ല. പിന്നീട് എ. ജെ. ജോണിന്റെ നേതൃത്വത്തിൽ മാവേലിക്കര വിയോജിതസഭ പെന്തെക്കോസ്തിനെ പുൽകുകയുണ്ടായി.

### മലങ്കരസഭയുടെ ആദ്യ വാർഷിക കൺവൻഷൻ

1923 ഒടുവായപ്പോഴേക്കും കുക്കു സായ്പിന്റെ പ്രവർത്തനങ്ങൾ മദ്ധ്യതിരുവിതാംകൂറുടനീളം വ്യാപിച്ചു. എല്ലാ സ്ഥലത്തേയും വിശ്വാസികൾക്ക് ഒരുമിച്ചു കൂടാൻ ഒരു അവസരമുണ്ടാക്കുന്നതു നല്ലതാണെന്ന് സായ്പിനു തോന്നി. അതിന്റെ വെളിച്ചത്തിൽ ആറാട്ടുപുഴ മണൽപ്പുറത്ത് ഡിസംബർ മാസത്തിൽ ഒരു വാർഷിക കൺവൻഷൻ നടത്താൻ അദ്ദേഹം തീരുമാനിച്ചു.

77

***പാസ്റ്റർ സി. കെ. ഉമ്മൻ***
***(1897–1977)***



*മുപ്പതു വർഷം തുവയൂർ ഇന്ത്യാ ദൈവസഭാ ശുശ്രൂഷ കനായിരുന്ന പാസ്റ്റർ സി. കെ. ഉമ്മൻ 1919 ലാണ് രക്ഷിക്കപ്പെടുന്നത്. ആ വർഷം തന്നെ കല്ലടയാറ്റിൽ റവ. കുക്കിന്റെ കൈക്കീഴിൽ സ്നാനമേറ്റു. സ്നാനമേറ്റതിന്റെ നാലാം ദിവസം അന്യഭാഷാഭാഷണത്തോടെ പരിശുദ്ധാത്മ ശക്തി പ്രാപിച്ചു. ആദ്യകാലത്ത് ഉമ്മന് വിശ്വാസ ത്തിന്റെ പേരിൽ വളരെ പീഢനങ്ങൾ സഹിക്കേണ്ടി വന്നിട്ടുണ്ട്. വിശ്വാസരോഗശാന്തിയിൽ ഉറച്ചുനിന്നയാളായിരുന്നു അദ്ദേഹം. ഒന്നിലേറെ തവണ അദ്ദേഹത്തിനു സർപ്പദംശനമേറ്റിട്ടുണ്ട്. പിന്നീടൊരിക്കൽ കവിളിൽ കാൻസർ ബാധിച്ച് വൃണം ഒരു ദ്വാരമായിത്തീരുകയും കുടിക്കുന്ന വെള്ളം വൃണത്തിലൂടെ പുറത്തേക്കൊഴുകുകയും ചെയ്യുന്നത്ര ഗുരുതരാവസ്ഥയിലെത്തുകയും ചെയ്തു. അപ്പോഴൊക്കെ അദ്ദേഹം ദൈവീകരോഗശാന്തിയിൽ ഉറച്ചുനിന്നു സൗഖ്യം പ്രാപിച്ചു. 1919-20 കാലയളവിൽ നാടിനെ നടുക്കിയ കോളറ വിഷപ്പകർച്ചയിൽ ഭയം കൂടാതെ രോഗ ബാധിതരെ ശുശ്രൂഷിക്കുവാൻ ഉമ്മൻ തയ്യാറായിരുന്നു. 1928-ൽ മുളക്കുഴ സീയോൻ ബൈബിൾ സ്കൂൾ സ്ഥാപിക്കപ്പെട്ടപ്പോൾ ആദ്യബാച്ചിൽ അവിടെ വിദ്യാർത്ഥിയായിച്ചേർന്നു. 1931-ൽ പാസ്റ്റർ കുക്ക് അദ്ദേഹത്തെ തുവയൂർ സഭയുടെ ശുശ്രൂഷകനായി നിയമിച്ചു. 61 വരെ അവിടെ ശുശ്രൂഷിച്ചു.*

# പിന്നോക്ക ജനത എന്തുകൊണ്ട് പെന്തെക്കോസ്തിനോടു വിമുഖരായി?

*സവർണ്ണരുടെ അടിമകളായി സ്വയം കരുതുകയും സ്വന്തം അസ്തിത്വ ത്തെക്കുറിച്ച് സ്വതന്ത്രമായി ചിന്തിക്കുവാൻ കഴിയാതിരിക്കുകയും ചെയ്ത ഒരു ജനതയായിരുന്നു പത്തൊൻപതാം നൂറ്റാണ്ടിൽ കേരളത്തിലെ പിന്നോ ക്ക ജനത. എന്നാൽ ഈ നൂറ്റാണ്ട് ആദ്യദശകത്തിൽ അയ്യങ്കാളി നയിച്ച പിന്നോക്കവർഗ്ഗക്കാരുടെ സാമൂഹിക മുന്നേറ്റം അവരെ ഒരു സ്വയാവബോധ ത്തിലേക്കും സ്വാഭിമാനത്തിലേക്കും നയിച്ചു. ഇന്ത്യൻ സ്വാതന്ത്ര്യ സമര ത്തിനു നേതൃത്വം കൊടുത്ത സവർണ്ണരായ നേതാക്കൾപോലും പിന്നോക്ക വർഗ്ഗക്കാരുടെ മോചനത്തിലൂടെയേ സ്വാതന്ത്ര്യം സാക്ഷാത്താകുകയുള്ളു എന്ന ധാരണ പുലർത്തിയവരായിരുന്നു.*

*രാഷ്ട്രീയരംഗത്ത് പ്രഗത്ഭരായ പല നേതാക്കളും പിന്നോക്കവർഗ്ഗ ക്കാർക്കുണ്ടായി. അവരിൽ പ്രമുഖൻ അയ്യങ്കാളി തന്നെ. 1914ലും 1915ലും കേരളത്തിലുടനീളം നടന്ന നായർ – പുലയ സംഘട്ടനങ്ങളിൽ പുലയരെ നയിച്ചതും അവരുടെ വക്താവായി വർത്തിച്ചതും അയ്യങ്കാളിയായിരുന്നു.*

*(J.W. Gladstone, Protestant Christianity and People Movement in Kerala. Page 284-289)*

*പിന്നോക്കവർഗ്ഗത്തിൽപ്പെട്ട പലരും ക്രിസ്തുമതത്തിലേക്ക് പരിവർ ത്തനം ചെയ്യപ്പെട്ട കാലയളവിലായിരുന്നു അയ്യങ്കാളിയുടെ രംഗപ്രവേശം. ഈ പരിവർത്തനം നടന്നതാകട്ടെ, മിക്കവാറും വിദേശമിഷനറിമാരുടെ പ്രവർ ത്തനം മൂലമായിരുന്നു. ക്രിസ്ത്യാനിത്വത്തിലേക്ക് പ്രവേശിച്ചു കഴിഞ്ഞാൽ പിന്നോക്കവർഗ്ഗക്കാർക്ക് സവർണ്ണരുമായി സാമൂഹ്യസമത്വം നേടാമെന്ന ധാര ണയാണ് പലരേയും പുതിയ മതത്തിലേക്കാകർഷിച്ചത്. പല കാര്യത്തിലും നിയമം അതിനനുകൂലവുമായിരുന്നു. എന്നാൽ പുതിയമതം പിന്നോക്ക ജാതിക്കാർക്ക് പ്രത്യേകിച്ച് മാറ്റങ്ങളൊന്നും വരുത്തുന്നില്ലെന്നും, സാമൂഹിക സമത്വം വളരെ കാതങ്ങൾ ദൂരെയാണെന്നും അയ്യങ്കാളിയും മറ്റും മനസ്സി ലാക്കി. പുതിയൊരു മതത്തിന്റെ പിൻബലമില്ലാതെതന്നെ പിന്നോക്കക്കാർ സമൂഹിക സമത്വത്തിനുവേണ്ടി പോരാടണമെന്നതായിരുന്നു അയ്യങ്കാ ളിയുടെ പക്ഷം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, തന്റെ വർഗ്ഗക്കാർ ഹിന്ദു മതത്തിനുള്ളിൽനിന്നുകൊണ്ടുതന്നെ പോരാട്ടം തുടരണമെന്നതായിരുന്നു അദ്ദേഹത്തിന്റെ താൽപര്യം.*

*ഹിന്ദുമതം വിട്ടുകളയാതെയുള്ള ഈ പോരാട്ടത്തിന്, ക്രിസ്തുമതത്തി ലേക്കുള്ള പിന്നോക്കവർഗ്ഗക്കാരുടെ പ്രയാണത്തിൽ വിസ്മയിച്ചു കഴിഞ്ഞി രുന്ന ചില സവർണ്ണനേതാക്കളും പ്രോൽസാഹനം നൽകി. ക്രിസ്തീയ മിഷ നറിമാർക്കെതിരെയുള്ള പ്രചരണങ്ങളിലൂടെ പിന്നോക്കജാതിക്കാർക്ക് ക്രിസ് ത്യാനിത്വത്തോട് വിദ്വേഷം വളർത്തുവാനും ഹിന്ദുവർഗ്ഗീയ വാദികൾ ഇത്ത*

രുണത്തിൽ പരിശ്രമിച്ചു. കുറെ വർഷങ്ങൾ മിഷൻ പ്രവർത്തകരോടുകൂടെ സുവിശേഷപ്രവർത്തനത്തിലേർപ്പെട്ടിരുന്ന പിന്നോക്കവർഗ്ഗക്കാരുടെ നേതാവ് ചോതിയും മറ്റും ക്രിസ്ത്യാനിത്വത്തെ തള്ളിപ്പറയുകയും മിഷനറി വിരുദ്ധ നിലപാട് സ്വീകരിക്കുകയും ചെയ്തതിനു കാരണം മറ്റൊന്നുമല്ല. പിന്നോക്കവർഗ്ഗക്കാർ ക്രിസ്തുമതം സ്വീകരിച്ചാൽ അവർക്ക് നിയമത്തിന്റെ മുമ്പിൽ ലഭിക്കുന്ന പദവികൾപോലും യഥാർത്ഥ ജീവിതത്തിൽ സവർണ്ണ ക്രിസ്ത്യാനികൾ കാറ്റിൽ പറത്തിക്കളഞ്ഞത് ചോതിയേയും മറ്റും ക്രിസ്തുമാർഗ്ഗത്തിൽനിന്ന് പിന്തിരിപ്പിക്കുവാൻ കാരണമായി.

സ്വയാവബോധവും സ്വാഭിമാനവും വളർന്ന പിന്നോക്കവർഗ്ഗക്കാരുടെ അനിഷേധ്യനായ മറ്റൊരു നേതാവായിരുന്നു പൊയ്കയിൽ യോഹന്നാൻ ഉപദേശി. അയ്യങ്കാളിയുടെ ക്രിസ്തീയ വിരുദ്ധതരംഗത്തിൽ മുങ്ങിപ്പോകാതെ പിടിച്ചു നിന്ന യോഹന്നാനുപദേശി, വേർപാടു വിശ്വാസത്തോടു കൂറുപുലർത്തിയിരുന്ന ഒരു സ്വതന്ത്ര പ്രവർത്തകനായിരുന്നു. ഇരുപതുകളുടെ ആരംഭത്തിൽത്തന്നെ തിരുവിതാംകൂറിൽ ഉടനീളമായി അദ്ദേഹത്തിന് അയ്യായിരത്തിലേറെ അനുയായികളുണ്ടായിരുന്നു. വെള്ളിക്കരയിൽ ചോതി നടത്തിയ കുക്ക് സായ്പിന്റെ യോഗങ്ങളെക്കുറിച്ചറിഞ്ഞ് യോഹന്നാനുപദേശി ഇരവിപേരൂരുള്ള തന്റെ ആസ്ഥാനത്തേക്ക് സായ്പിനെ ക്ഷണിച്ചു.

കുക്ക് സായ്പ് പ്രസംഗത്തിനെത്തുമ്പോൾ പൊയ്കയിൽ രണ്ടായിരം പേർ തടിച്ചുകൂടിയിരുന്നു. വൈകുന്നേരത്തെ പൊതുയോഗത്തിൽ മത്തായി 7:21–23 വരെയുള്ള വാക്യങ്ങൾ ആസ്പദമാക്കി സായ്പ് പ്രസംഗിച്ച് ഇരുന്നപ്പോൾ അതിനെ പിൻതാങ്ങികൊണ്ട് യോഹന്നാൻ ഉപദേശി ചില വാക്കുകൾ സഭാമദ്ധ്യേ പറഞ്ഞു. "സായ്പ് പറയന്നതിൽ സത്യമുണ്ട്. നാം പെന്തെക്കോസ്തിന്റെ അനുഭവത്തിലേക്ക് മടങ്ങിപ്പോവുകയും പരിശുദ്ധാത്മാവിനെ പ്രാപിക്കുകയുംവേണം."

'തങ്ങൾ രക്ഷിക്കപ്പെട്ടവരാണെന്ന് ബോദ്ധ്യമുള്ളവർ എഴുന്നേറ്റുനിൽക്കാം' എന്ന യോഹന്നാനുപദേശിയുടെ ആഹ്വാനം കേട്ട് മിക്കവാറും ശ്രോതാക്കൾ – രണ്ടായിരത്തോളമാളുകൾ എഴുന്നേറ്റുനിന്നു.

എല്ലാവരും ഇരുന്നശേഷം വീണ്ടും യോഹന്നാൻ ഉപദേശി ചോദിച്ചു. "ഒന്നാം നൂറ്റാണ്ടിൽ പെന്തെക്കോസ്ത്നാളിൽ നൂറ്റിയിരുപതു പേർ പരിശുദ്ധാത്മാവിനെ പ്രാപിച്ചതുപോലെ പരിശുദ്ധാത്മസ്നാനം പ്രാപിക്കുവാനാഗ്രഹിക്കുന്നവർ എഴുന്നേറ്റു നിൽക്കാം." ശ്രോതാക്കളിൽ ഏറെപ്പേരും വീണ്ടും എഴുന്നേറ്റുനിന്നു. (Divine Leadings, Page 124)

അവിടംകൊണ്ട് കാര്യങ്ങളവസാനിച്ചില്ല. അന്ന് യോഗത്തിൽ പങ്കെടുത്ത പലരും പിന്നീട് കുക്ക് സായ്പിനെ തിരുവിതാംകൂറിന്റെ പല സ്ഥലങ്ങളിൽ വിളിച്ച് യോഗങ്ങൾ നടത്തിയിട്ടുണ്ട്. പിന്നോക്കവർഗ്ഗക്കാരുടെ ഇടയിൽ അവിടെവെച്ച് പൂർണ്ണസുവിശേഷത്തിനു വാതിൽ തുറന്നുകിട്ടിയെന്നു തന്നെ പറയാം.

ഇതു പറയുമ്പോഴും കുമ്പനാട്ടും വെള്ളിക്കരയിലും നടന്ന കുക്ക് സായ്പിന്റെ പ്രവർത്തന വിജയം ശരിയായ അളവിൽ നിലനിന്നില്ലായെന്ന ചരിത്ര സത്യത്തിനു നേരെ നാം കണ്ണടച്ചു കൂടാ. ചില ദിവസങ്ങൾക്കൊണ്ട് കുക്ക് സായ്പിന് ആയിരമായിരങ്ങളോട് പ്രസംഗിക്കുവാൻ പറ്റിയെങ്കിൽ – അവരിൽ തന്നെ ആയിരങ്ങൾ പെന്തെക്കോസ്തിനോടു ആഭിമുഖ്യം കാട്ടിയെങ്കിൽ – എന്തുകൊണ്ട് ഈ പ്രദേശങ്ങളിൽ പിന്നോക്കജനതയുടെയിടയിൽ പെന്തെക്കോസ്ത് ഒരു ശക്തിയായി പരിണമിച്ചില്ല? എന്തുകൊണ്ട് ചോതിയോ പൊയ്കയിൽ യോഹന്നാനുപദേശിയോ പെന്തെക്കോസ്തിന്റെ വക്താക്കളായിത്തീർന്നില്ല?

വിപരീതനിലയിൽ കാര്യങ്ങൾ നടന്നതായാണ് ചരിത്രം നമ്മെ പഠിപ്പിക്കുന്നത്. പൊയ്കയിൽ യോഹന്നാൻ പിന്നീട് പെന്തെക്കോസ്തിനെയെന്നല്ല, ക്രിസ്ത്യാനിത്വത്തെതന്നെ വിട്ടുകളയുകയും 'പിന്നോക്കവർഗ്ഗക്കാരുടെ രക്ഷകനായ ദൈവത്തിന്റെ അവതാരമാണ് താനെ'ന്ന് സ്വയപ്രഖ്യാപനം നടത്തുകയും ചെയ്തു. ഇന്ന് പ്രത്യക്ഷ രക്ഷാ ദൈവസഭ (പി.ആർ.ഡി.എസ്.) എന്ന പേരിൽ അദ്ദേഹത്തിന്റെ അനുയായികൾ ഒരു പ്രത്യേക സംഘമായിത്തീരുകയും തങ്ങൾ ക്രിസ്ത്യാനികളല്ല, ഹിന്ദുക്കളാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു. പൊയ്കയിൽ യോഹന്നാനുപദേശി ഇന്നവർക്ക് ശ്രീ. കുമാരഗുരുദേവനാണ്.

എന്തുകൊണ്ട് പെന്തെക്കോസ്തർക്ക് പൊയ്കയിൽ യോഹന്നാന്റെ അനുയായികളെ തങ്ങളുടെകൂടെ നിർത്തുവാൻ കഴിഞ്ഞില്ല? "ദൈവം വിളിച്ചവർ മാത്രമെ അവിടുത്തോടുകൂടെ ചേരുന്നുള്ളു" എന്നു നാം ന്യായം പറഞ്ഞേക്കാം. മറ്റു ചിലർ പറയുന്നതു യോഹന്നാൻ ഉപദേശി വേദപുസ്തകത്തെ തെറ്റായി വ്യാഖ്യാനിച്ചുവെന്നാണ്. എന്നാൽ തിരുവചനത്തിന്റെ വികലവ്യാഖ്യാനത്തിലൂടെ പൊയ്കയിൽ ഗ്രൂപ്പ് ഒരു ദുരുപദേശ സംഘമായതിനും കാരണങ്ങളുണ്ട്. ഇവിടെയാണ് നമ്മുടെ അനാസ്ഥയ്ക്കു നേരെ വിരൽചൂണ്ടുന്ന പ്രത്യക്ഷമായ മറ്റു പല കാരണങ്ങളും ഉയർന്നുവരുന്നത്.

1923-ലായിരുന്നു കുക്ക് സായ്പ് ചോതിയുമായും പൊയ്കയിൽ യോഹന്നാനുപദേശിയുമായും ബന്ധപ്പെടുന്നത്. 1924-ൽ അദ്ദേഹം അമേരിക്കയിൽ പോയി; സായ്പ് മടങ്ങിയെത്തിയപ്പോഴേക്കും മദ്ധ്യതിരുവിതാംകൂറിലെ പല സുറിയാനി ക്രിസ്തീയ പ്രവർത്തകരും പെന്തെക്കോസ്ത് നേതാക്കളായിത്തീർന്നിരുന്നു. പിന്നീടുള്ള കാലത്ത് തിരുവിതാംകൂർ പ്രവർത്തനങ്ങളുടെ ചുക്കാൻ പിടിച്ചത് ഒരു പരിധിവരെ ഈ സുറിയാനി നേതാക്കളായിരുന്നു.

പെന്തക്കോസ്ത് തങ്ങൾക്ക് ലഭ്യമാക്കുമെന്ന് പിന്നോക്കക്കാർ ചിന്തിച്ച സാമൂഹിക സമത്വം ഈ പുതിയ നേതാക്കന്മാരുടെ കീഴിൽ ഒരു മരീചികയായി അവശേഷിച്ചത് അവരെ കടുത്ത നിരാശയിലേക്കു നയിച്ചു. കഴിഞ്ഞകാലത്ത് മിഷനറിമാരുടെ വാഗ്ദാനങ്ങൾ കേട്ട് നാമധേയ ക്രിസ്തുമതസംഘടനകളിലേക്ക് കുടിയേറിയവർക്ക് നേരിടേണ്ടിവന്ന അതേ സാഹചര്യംതന്നെയാണ് അല്പം വ്യത്യസ്തമെങ്കിൽ പോലും സുറിയാനി പെന്തെക്കോസ്തരിൽ നിന്ന് പിന്നോക്കവർഗ്ഗക്കാർക്ക് അനുഭവിക്കേണ്ടിവന്നത്.

വിദേശമിഷനറിയായിരുന്ന കുക്ക് സായ്പ് പിന്നോക്കവർഗ്ഗക്കാരോട് ഏകീഭവിക്കുവാൻ തയ്യാറായി. അവരോടൊന്നിച്ച് ഭക്ഷണം കഴിച്ചു, അവരുടെ കുടിലുകളിൽ അന്തിയുറങ്ങി. എന്നാൽ തുടർന്നുവന്ന സുറിയാനി പെന്തെക്കോസ്ത് പ്രവർത്തകർ അതിനു തയ്യാറാകാതെ മേലാളൻ പദവി നിലനിർത്തി.

സഹോദരസ്നേഹത്തെപ്പറ്റി വലിയവായിൽ പ്രസംഗിച്ചവരും 'ക്രിസ്തുവിൽ നാം ഒന്ന്' എന്നു പ്രഖ്യാപിച്ചവരും പ്രയോഗത്തിൽ തങ്ങളെ വഞ്ചിക്കുകയാണെന്നും 'ഏട്ടിലെ പശു പുല്ലു തിന്നുന്നത് ഒരിക്കലും യാഥാർത്ഥ്യമാകാത്ത ഒരു മധുരസ്വപ്നം മാത്രമാണെന്നുമുള്ള അറിവല്ലേ, തിരുവചനത്തിന്റെ വികലവ്യാഖ്യാനത്തിലേക്ക് പൊയ്കയിൽ യോഹന്നാനെ നയിച്ചത്? അധഃസ്ഥിതരോടു സമത്വം സൂക്ഷിച്ചു സാത്വികരായ ചില നേതാക്കളെ ചൂണ്ടിക്കാണിക്കാനുണ്ടാകാം. എന്നാൽ ഒരു ന്യൂനപക്ഷമാണവർ. 1920 കളുടെ ആരംഭത്തിൽ പിന്നോക്കക്കാരുടെയിടയിൽ പെന്തെക്കോസ്ത് നൽകിയ ആവേശം ക്രമേണ ആറിത്തണുക്കാൻ പ്രധാന കാരണം സുറിയാനി നേതാക്കളുടെ ഈ വിവേചനാനയം തന്നെ.

73-ാം പേജിൽ നിന്നും...

ഇംഗ്ലണ്ടിൽനിന്നും വെയ്ൽസ് സ്വദേശികളായ മെയ്സായ്പും ഭാര്യയും ഈ കൺവൻഷനിൽ പ്രസംഗകരായിരുന്നു. ആദ്യദിവസങ്ങളിൽ ശ്രോതാക്കൾ കുറവായിരുന്നുവെങ്കിലും കടശ്ശിദിനങ്ങളോടടുത്തപ്പോൾ വലിയൊരുണർവ്വ് അവിടെ പൊട്ടിപ്പുറപ്പെട്ടു. ആ മീറ്റിംഗുകളിൽ പങ്കെടുത്തിട്ട് മെയ് സായ്പു പറഞ്ഞത്: "ഇത് 1906-ലെ വെയിൽസ് ഉണർവ്വുപോലെ തന്നെയുണ്ട്'' എന്നാണ്. (Divine Leadings, Page 129).

ആറാട്ടുപുഴ കൺവൻഷനിൽ വിവിധ ജാതിമതസ്ഥരായ പലരും പങ്കെടുത്തിരുന്നു. അവരിൽ നല്ലൊരു ശതമാനം വിമർശന ബുദ്ധിയോടെയാണ് യോഗത്തിനിരുന്നത്. പലരുടെയും സംശയങ്ങൾ അന്യഭാഷയുമായി ബന്ധപ്പെട്ടുള്ളതായിരുന്നു. യുക്തിക്കു നിരക്കാത്ത ഇത്തരം കാര്യങ്ങൾ കഴമ്പില്ലാത്തവയും ശ്രോതാക്കളെ വിഡ്ഢികളാക്കാൻ മാത്രം ഉതകുന്നവയുമെന്നായിരുന്നു പലരുടെയും ചിന്ത. എന്നാൽ അന്യഭാഷയെപ്പറ്റി ഇങ്ങനെയുള്ള ആരോപണങ്ങൾക്ക് അറുതി വരുത്തിയ ഒരു സംഭവം ആറാട്ടുപുഴ കൺവൻഷനിലുണ്ടായി.

കൺവൻഷനു തലേമാസം - 1923 നവംബറിൽ - റാന്നിയിൽ നടന്ന യോഗങ്ങളിൽ പങ്കെടുത്ത ഒരാൾ കുക്ക് സായ്പിനോട് "എബ്രായ ഭാഷ വശമുണ്ടോ" എന്നു ചോദിച്ചിരുന്നു. സാധാരണനിലയിൽ എബ്രായഭാഷ വശമില്ലാത്തവർക്കു വിശദീകരിക്കുവാൻ ബുദ്ധിമുട്ടുള്ള വേദഭാഗങ്ങൾ സായ്പ് തന്റെ പ്രസംഗത്തിൽ അനായാസമായി കൈകാര്യം ചെയ്യുന്നതു കേട്ടിട്ടാണ്, വടക്കെ ഇന്ത്യയിലെ ഒരു തിയോളജിക്കൽ സെമിനാരിയിൽനിന്നു ബിരുദം നേടിയിട്ടുള്ള ആ വ്യക്തി ഇപ്രകാരം ചോദിച്ചത്. തനിക്ക് എബ്രായ - ഗ്രീക്കു ഭാഷകൾ വശമില്ലെന്നും, പരിശുദ്ധാത്മാവ് വെളിപ്പെടുത്തിത്തരുന്നതുകൊണ്ടു മാത്രമാണ് വേദപുസ്തക മർമ്മങ്ങൾ വിശദമായി അറിയാൻ കഴിയുന്നതെന്നുമായിരുന്നു കുക്ക് സായ്പിന്റെ മറുപടി.

ആറാട്ടുപുഴ കൺവൻഷൻ നടക്കുന്ന സമയം പ്രസംഗത്തിനിടെ മെയ്സായ്പ് ആത്മാവിൽ നിറഞ്ഞ് അന്യഭാഷകളിൽ സംസാരിച്ചു. കുക്ക് സായ്പ് അതിനു വ്യാഖ്യാനം നൽകി. യോഗം തീർന്നപ്പോൾ, കഴിഞ്ഞ മാസം റാന്നിയിലെ യോഗത്തിനുണ്ടായിരുന്ന ആ വേദാദ്ധ്യാപകൻ വീണ്ടും സായ്പിന്റെ അരികിലെത്തി ചോദിച്ചു:

"എബ്രായഭാഷ അറിയില്ലെന്നല്ലേ കഴിഞ്ഞ പ്രാവശ്യം നാം തമ്മിൽ കണ്ടപ്പോൾ പറഞ്ഞത്. എന്നാൽ ഇന്ന് എബ്രായഭാഷ താങ്കൾ സമർത്ഥമായി തർജ്ജമ ചെയ്തതോ?"

എപ്പോഴാണ് താൻ എബ്രായഭാഷ തർജ്ജമ ചെയ്തതെന്നായിരുന്നു സായ്പിന്റെ മറുചോദ്യം. മെയ്സായ്പ് അന്യഭാഷകളിൽ സംസാരിച്ചത് എബ്രായഭാഷയിലായിരുന്നുവെന്നും കുക്ക് സായ്പ് യാതൊരു തെറ്റുകളും കൂടാതെ അതു തർജ്ജമ ചെയ്തുവെന്നും അദ്ദേഹം പറഞ്ഞു.

കുക്ക് സായ്പിന്റെ അഭ്യർത്ഥനയെ മാനിച്ച പണ്ഡിതനായ ആ മനുഷ്യൻ മെയ്സായ്പിന്റെ പ്രസംഗത്തിനൊടുവിൽ 'അന്യഭാഷാസംഭവം' ശ്രോതാക്കളോടു വിശദീകരിച്ചു. അന്യഭാഷയെന്നത് യുക്തിഹീനമാണെന്നും പെന്തെക്കോസ്ത് മിഷനറിമാർ ശ്രോതാക്കളുടെ അജ്ഞതയെ മുതലെടുക്കുകയാണെന്നും ധരിച്ചിരുന്ന പലർക്കും മറിച്ചു ചിന്തിക്കാൻ ഈ പണ്ഡിതന്റെ സാക്ഷ്യം കാരണമായി തീർന്നു. വിമർശകരുടെ പലരുടെയും നാവടയുകയും ചെയ്തു.

*പാസ്റ്റർ റ്റി.കെ. വർഗീസ്*



*1892 മെയ് 5നു തുവയൂർ തെക്കെവീട്ടിൽ യാക്കോബായ കുടുംബത്തിൽ ജനിച്ച റ്റി.കെ. വർഗീസ് (തുവയൂർ കീവർച്ചൻ) പരുത്തുപ്പാറ ഉമ്മച്ചന്റെയും മറ്റും പ്രവർത്തനഫലമായി 1914-ൽ തന്നെ പെന്തെക്കോസ്തു വിശ്വാസിയായിത്തീർന്നു. 22-ാം വയസ്സിൽ തുവയൂർ ശൂരനാട് ഔട്ട്സ്റ്റേഷൻ പ്രവർത്തനം തുടങ്ങിയപ്പോൾ പാസ്റ്റർ വർഗീസ് അവിടെ പ്രവർത്തനത്തിനായിപ്പോയി. കോളറ, വസൂരി തുടങ്ങിയ സാംക്രമികരോഗങ്ങൾ ശൂരനാട്ട് മരണം വിതറിയപ്പോഴും ധീരതയോടെ ആ സ്ഥലത്ത് പ്രവർത്തിച്ചിരുന്ന വ്യക്തിയായിരുന്നു അദ്ദേഹം. ചുരുങ്ങിയ നാൾകൊണ്ട് വലിയൊരു സഭ ശൂരനാട്ട് സ്ഥാപിതമായി. പിൽക്കാലത്ത് ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭയുടെ കടമ്പനാട് സഭയുടെ ശുശ്രൂഷകനായും പ്രവർത്തിച്ചിട്ടുണ്ട്. 1959 ജൂലൈ 21 നു നിര്യാതനായി. ഖാലേബ് ജി. വർഗീസ്, ഡോ. ഹാബേൽ ജി. വർഗീസ്, പാസ്റ്റർ ബഞ്ചമിൻ വർഗീസ്, റ്റി.ജി. ജോൺ എന്നിവർ മക്കളാണ്.*

---

1924-ൽ കുക്ക് സായ്പും കുടുംബവും രണ്ടു വർഷത്തെ അവധിയിൽ അമേരിക്കയിലേക്കു പോയി. അന്ന് സഭാപ്രവർത്തനങ്ങൾ നോക്കി നടത്താൻ എ.ജി. മിഷനറിയായ മെയ് സായ്പ് തിരുവിതാംകൂറിലുണ്ടായിരുന്നു. അതു കൂടാതെ, പ്രവർത്തനങ്ങൾക്ക് ശക്തമായ നേതൃത്വം കൊടുക്കാൻ പ്രാപ്തരായ പല സ്വദേശീയരും പെന്തെക്കോസ്ത് സത്യത്തിലേക്ക് ആകർഷിക്കപ്പെട്ടിരുന്നു.

## മേരി ചാപ്മാൻ എ.ജി. യുടെ ആദ്യ മിഷനറി

പെന്തെക്കോസ്ത് ഉണർവ്വിനാൽ, പ്രത്യേകിച്ചും അസൂസാ സ്ട്രീറ്റ് യോഗങ്ങളാൽ ഉത്തേജിതരായ പലരും പെന്തെക്കോസ്തിന്റെ സന്ദേശവാഹകരായി വിദേശ രാജ്യങ്ങളിലേക്കു മിഷനറിമാരായി പുറപ്പെടാൻ തുടങ്ങി. സ്ഥിരമായ ഒരു വരുമാന വാഗ്ദാനം കൂടാതെയാണ് പലരും ദൈവം കാണിച്ച രാജ്യങ്ങളിലേക്ക് യാത്രയായത്. അങ്ങനെ പെന്തെക്കോസ്ത് സന്ദേശം പ്രചരിപ്പിക്കുവാൻ വിദേശങ്ങളിലേക്ക് പോയ മിഷനറിമാർക്ക് ഒരു സംഘടിതസംഘത്തിന്റെ പിൻബലമില്ലാത്തത് പലപ്പോഴും അവരെ അരക്ഷിതാവസ്ഥയിൽ കൊണ്ടെത്തിച്ചു. ഇതു കൂടാതെ വ്യവസ്ഥാപിത സഭകളുടെ മിഷനറിമാരായി വിദേശരാജ്യങ്ങളിൽ പ്രവർത്തിച്ചിരുന്ന പലരും ഈ നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ പെന്തെക്കോസ്ത് അനുഭവം പ്രാപിക്കുകയും തങ്ങളുടെ പ്രവർത്തനസ്ഥലങ്ങളിൽ പെന്തെക്കോസ്തിന്റെ പ്രചാരകരായിത്തീരുകയും ചെയ്തിരുന്നു. അങ്ങനെയുള്ള മിഷനറിമാർക്ക് അവരുടെ മാതൃസംഘങ്ങൾ നൽകിയിരുന്ന സഹായങ്ങൾ പിൻവലിച്ചിരുന്നതിനാൽ അവരുടെയും ജീവിതം അരക്ഷിതാവസ്ഥയിലായിരുന്നു.

ഈ രണ്ടു നിലയിലുള്ള മിഷനറിമാരെയും സഹായിക്കേണ്ടതിനും, പെന്തെക്കോസ്തുപദേശം വിദേശരാജ്യങ്ങളിൽ വ്യാപിക്കേണ്ടതിനും കൂടുതൽ മിഷനറിമാരെ അയയ്ക്കേണ്ടതിനും സഭകളുടെ സംഘടിതമായ ഉദ്യമം ആവശ്യമാണെന്ന


ചിന്ത അമേരിക്കയിലെ പെന്തെക്കോസ്ത് സംഘങ്ങളുടെയിടയിൽ സംജാതമായി. എന്നുമാത്രമല്ല, പെന്തെക്കോസ്ത് ഒരു അനുഭവത്തിന്റെമേൽ മാത്രം പടുത്തുയർത്തപ്പെട്ട പ്രസ്ഥാനമായിരുന്നതിനാൽ ആ ലേബലിൽ ഉള്ള സംഘങ്ങൾക്ക് ആദ്യകാലങ്ങളിൽ ഒരു പൊതു ഉപദേശമോ പൊതുധാരണയോ ഇല്ലായിരുന്നു. ഇതും, പെന്തെക്കോസ്ത് സംഘങ്ങളുടെ കൂട്ടായ്മയും സംഘടിതമായ ഒരു നേതൃത്വവും അത്യാവശ്യമാണെന്ന ചിന്തയിലേക്ക് ആദ്യകാല നേതാക്കളെ നയിച്ചു. ഈ ധാരണയുടെ അടിസ്ഥാനത്തിലാണ് 1914-ൽ വിവിധ സ്വതന്ത്ര പെന്തക്കോസ്ത് കൂട്ടായ്മകൾ ഒരുമിച്ചുചേർന്ന് അമേരിക്കയിൽ, 'അസംബ്ലീസ് ഓഫ് ഗോഡ്' രൂപീകരിക്കുന്നത്.

വിദേശരാജ്യങ്ങളിൽ നിലവിലുള്ള മിഷനറിമാർക്ക് ആവശ്യമെങ്കിൽ സഹായം അയച്ചുകൊടുക്കാനും പെന്തെക്കോസ്തിന്റെ പ്രചരണത്തിനായി കൂടുതൽ മിഷനറിമാരെ വിദേശങ്ങളിലേക്ക് അയയ്ക്കുവാനും അസംബ്ലീസ് ഓഫ് ഗോഡിന്റെ ജനറൽ കൗൺസിൽ തീരുമാനിച്ചു. അക്കൂട്ടത്തിൽ തെക്കെ ഇന്ത്യയിലേക്ക് അയയ്ക്കപ്പെട്ട മിഷനറിയാണ് മിസിസ് മേരി ചാപ്മാൻ.

ചാപ്മാൻ അവരുടെ പരിശുദ്ധാത്മ സ്നാനാനുഭവം പെന്തെക്കോസ്ത് കാഹളത്തിന്റെ ഒന്നാം വാല്യം ഒന്നാം ലക്കത്തിൽ (1101 തുലാം - 1925 ഒക്ടോബർ) വിവരിക്കുന്നുണ്ട്.

"ഞാൻ വേലസ്ഥലത്ത് തനിയെ നിന്ന് ദൈവത്തിന്റെ കൃപയുടെ സുവിശേഷത്തെ മറ്റുള്ളവരോട് പ്രസംഗിക്കുമളവിൽ എന്റെ ഹൃദയത്തിൽതന്നെ എനിക്ക് അപ്പോഴുള്ളതിൽ കൂടുതലായി ഏതോ ഒരനുഭവം ഉണ്ടാകേണ്ടിയിരിക്കുന്നു എന്ന ഒരു വിചാരം കടന്നുവന്നു.

ഞാൻ വാസ്തവത്തിൽ രക്ഷിക്കപ്പെട്ടവളും വിശുദ്ധീകരണം ആദിയായ പല വിശുദ്ധാനുഭവങ്ങളിലേക്ക് പ്രവേശിച്ചവളും ആയിരുന്നു. എന്റെ രോഗത്തിനുവേണ്ടി ഡോക്ടർമാർക്ക് ഒന്നും ചെയ്യുവാൻ കഴിയാതിരുന്നപ്പോഴും ദിവ്യരോഗശാന്തി വിശ്വാസത്താൽ എനിക്കു ലഭിച്ചി



*ആറാട്ടുപുഴ മണൽപുറത്തു നടന്ന വാർഷിക സമ്മേളനത്തിന്റെ ദൃശ്യം (1927-ലെ ചിത്രം)*



*ശൂരനാട്ട് സഭാഹാളും സഭാംഗങ്ങളും*

ട്ടുണ്ടായിരുന്നു. ഇങ്ങനെയൊക്കെയായിരുന്നുവെങ്കിലും എനിക്ക് ദൈവത്തെ കൂടുതലായി വേണമെന്നുള്ള ആവശ്യബോധം ഉണ്ടായിത്തുടങ്ങി.

ഇപ്പോൾ ഭൂലോകമെങ്ങും വ്യാപരിച്ചുകൊണ്ടിരിക്കുന്ന പിൻമഴയുടെ പകർച്ച ഈ വിധത്തിൽ ആരംഭിച്ചത് 1907-ൽ ആയിരുന്നതിനാൽ അന്ന് യാതൊരു പെന്തെക്കോസ്ത് പത്രങ്ങളോ അനുഭവസാക്ഷ്യപ്രസ്താവനകളോ ഉണ്ടായിരുന്നില്ല. അതിനാൽ അന്യഭാഷാഭാഷണത്തെക്കുറിച്ച് യാതൊരു വിവരവും ഇല്ലായിരുന്നു. എന്നാൽ വേദപാരായണത്തിൽനിന്നും എനിക്ക് പെന്തെക്കോസ്ത് ദിവസത്തിലെപ്പോലെയുള്ള പരിശുദ്ധാത്മസ്നാനം ലഭ്യമായിട്ടില്ലെന്നുള്ള ബോധം എന്നിൽ അഗാധമായി പതിഞ്ഞു. തൻനിമിത്തം ആത്മസ്നാനത്തിനുവേണ്ടി കാത്തിരിക്കുന്നതിനു ഞാൻ തീരുമാനിച്ചു. എല്ലാ വേലയും നിറുത്തിവച്ചിട്ടു ഞാൻ പ്രാർത്ഥനയ്ക്കും ഉപവാസത്തിനുമായിട്ടു സമയം വേർതിരിച്ചു. ഞാൻ എത്രമാത്രം പ്രാർത്ഥിച്ചുവോ അത്രമാത്രം എനിക്കു അതിനായുള്ള ആഗ്രഹം വർദ്ധിച്ചു തുടങ്ങി. എനിക്ക് ഏറ്റവും പ്രിയപ്പെട്ട പലതിൽനിന്നുമുള്ള ഒരു വേർപാട് ആവശ്യം എന്ന് ദൈവം എന്നെ കാണിച്ചു. എന്റെ ഹൃദയം ദൈവത്തെക്കുറിച്ചു കൂടുതൽ വിശപ്പുള്ളതായിത്തീരുന്നതിനാൽ മറ്റൊന്നുംതന്നെ യാതൊരു വിലയുമുള്ളതായി എനിക്കു തോന്നിയില്ല. എന്റെ ഏകനിലവിളി "നിന്റെ ശിഷ്യന്മാർക്ക് പരിശുദ്ധാത്മസ്നാനം കൊടുത്ത വിധത്തിൽ എനിക്കും തരേണമേ" എന്നുള്ളതു മാത്രമായിരുന്നു. ഒരു ദിവസം ഞാൻ എന്റെ മുറിയിൽ മുട്ടിൻമേൽ പ്രാർത്ഥനയിൽ തനിയെ ആയിരുന്നപ്പോൾ പരിശുദ്ധാത്മാവ് തന്റെ വല്ലഭത്വശക്തിയോടെ എന്റെമേൽ വന്നു. ഒന്നാമതു ശാന്തമായി എന്റെ അകമേ ഒരു നിറവ് ആരംഭിക്കുകയും അനന്തരം അത് ആത്മാവിന്റെ ഒരു ഒഴുക്കെന്നതുപോലെ ആയിത്തീരുകയും ചെയ്തു. ഹാ! പിന്നത്തെ സംഭവം ഞാനോർക്കുന്നു. ഞാൻ എന്റെ മുറിയിൽ ആനന്ദത്തോടും വിസ്മയത്തോടും കൂടെ അങ്ങോട്ടും ഇങ്ങോട്ടും നടന്ന് ദൈവത്തെ മഹത്വപ്പെടുത്തി. ഞാൻ ദൈവത്തെ വീണ്ടും അന്വേ

ഷിച്ചു. പരിശുദ്ധാത്മാവ് എന്റെ ഹൃദയത്തിലേക്കു വന്ന് യേശുവിനെ ജീവിക്കുന്നവനായും ആളത്വമുള്ളവനായും എന്റെ ഉള്ളിൽ സിംഹാസനാരൂഢനാക്കി തീർത്തു.

ഞാൻ ആനന്ദപാരവശ്യത്താൽ മുഴുകുകയാൽ എന്റെ കവിൾത്തടങ്ങളിൽക്കൂടെ കണ്ണുനീർത്തുള്ളികൾ ഒഴുകിയതു ഞാൻ ഇപ്പോഴും ഓർക്കുന്നു. ഓ! യേശുവേ, പ്രിയ യേശുവേ! നീ ഇപ്പോൾ വന്നിരിക്കുന്നു, നീ ഇനി ഒരിക്കലും എന്നെ വിട്ടുപോകരുതേ എന്നു ഞാൻ യാചിച്ചു. (21 കൊല്ലങ്ങൾക്കു മുമ്പ് 1904-ൽ ആയിരുന്നു അത്.)

അന്നെനിക്ക് അന്യഭാഷാഭാഷണത്തെ കുറിച്ച് ഒന്നും അറിഞ്ഞു കൂടായിരുന്നു. അതിനാൽ പെന്തെക്കോസ്ത് ദിവസത്തെപ്പോലെ തന്നെ പൂർണ്ണതയിൽ അത് എനിക്ക് ലഭിച്ചു എന്ന് ഞാൻ കരുതിപ്പോയി. എന്നാൽ അപ്പോൾ എന്നിലുണ്ടായ അനുഭവം ആദ്യമാതൃകപ്രകാരം പൂർണ്ണമായില്ലെന്ന് പരിശുദ്ധാത്മാവിന് അറിയാമായിരുന്നു. ഒന്നോ രണ്ടോ ദിവസങ്ങൾ കഴിഞ്ഞപ്പോൾ ആത്മാവ് ശക്തിയോടെ എന്റെ നാവിനെ സ്വാധീനിക്കുകയും ഞാൻ പഠിച്ചിട്ടില്ലാത്ത ഭാഷയിൽ പ്രാർത്ഥിക്കുകയും ചെയ്യുന്നതായി കാണപ്പെട്ടു. അതെന്താണെന്ന് മനസ്സിലായില്ലെങ്കിലും അപ്പോൾ ഞാൻ സ്വർഗ്ഗോന്നതങ്ങളിലേക്ക് ഉയർത്തപ്പെടുന്നതായി തോന്നിപ്പോയി. പരിശുദ്ധാത്മസ്നാനത്തോടുകൂടി മറുഭാഷ ഉണ്ടാകയെന്നുള്ളത് അങ്ങനെ തിരുവചനത്തിൽനിന്നും എനിക്ക് മനസ്സിലായി." (പെന്തെക്കോസ്ത് കാഹളം, വാല്യം 1, ലക്കം 1)

1915-ൽ ആണ് മിസിസ് ചാപ്മാൻ ഇന്ത്യയിൽ എത്തുന്നത്. ആദ്യ സമയത്ത് അവർ മദ്രാസിൽ താമസിച്ചുകൊണ്ട് തമിഴ്നാട്ടിലും തെക്കൻതിരുവിതാംകൂറിലും പ്രസംഗപര്യടനങ്ങൾ നടത്തി. അന്നു തെക്കൻതിരുവിതാംകൂറിൽ പെന്തെക്കോസ്ത് വളരെ ശക്തമായിരുന്നു. 1911 മുതൽ മിസ് ബൗൺസിൽ, മിസ് ആൽഡ്വിങ്കിൾ എന്നീ പെന്തെക്കോസ്ത് മിഷനറിമാർ പന്തളം മത്തായി ഉപദേശിയോടൊപ്പം അവിടെ പ്രവർത്തിക്കുന്നുണ്ടായിരുന്നു. (1915-ൽ മിസ് ബൗൺസിൽ തഞ്ചാവൂരിൽവച്ച് മരണമടഞ്ഞു.) അവരുടെ പ്രവർത്തനഫലമായി പരണിയം, പളുഗൽ, കുളച്ചൽ, വല്ലറയ്ക്കാവിള, ഐരേണിപുരം, പ്ലാന്തോപ്പ്, മേല്പുറം എന്നീ സ്ഥലങ്ങളിലൊക്കെ ചെറിയ പെന്തെക്കോസ്ത് കൂട്ടായ്മകൾ ഉടലെടുത്തു. ഈ സ്ഥലങ്ങളിൽനിന്നും പരിശുദ്ധാത്മ സ്നാനാനുഭവം പ്രാപിച്ച പലരും പെന്തെക്കോസ്ത് സന്ദേശവുമായി മറ്റിടങ്ങളിലേക്കും പോയിരുന്നു. മേരി ചാപ്മാൻ ഈ സ്ഥലങ്ങളൊക്കെ സന്ദർശിച്ച് പെന്തെക്കോസ്ത് സന്ദേശം പ്രചരിപ്പിച്ചു.

ഈ കാലയളവിൽ മിഷനറിമാരുടെ പ്രവർത്തനം മുഖാന്തരം പെന്തെക്കോസ്ത് സത്യത്തിലേക്ക് ആകർഷിക്കപ്പെട്ട ചില പ്രഗത്ഭരായ സുവിശേഷകരായിരുന്നു പരണീയം മനാശ്ശെ പ്രസംഗിയാർ, പളുഗൽ ഗബ്രിയേൽ ഉപദേശി, ചെങ്കോട്ടയ്ക്കടുത്ത് പുളിയറ എസ്. ജപരത്നം എന്നിവർ. ഇവരിൽ തെക്കൻതിരുവിതാംകൂറിലെ പ്രവർത്തനങ്ങൾക്ക് പിന്നീട് ശക്തിയായി ഉപയോഗിക്കപ്പെട്ട ദൈവദാസനാണ് മനാശ്ശെ പ്രസംഗിയാർ.

എൽ.എം.എസ്. സഭയിലെ അംഗീകൃത സുവിശേഷകനായിരുന്ന മനാശ്ശെ ചില പെന്തെക്കോസ്തുകാരുടെ യോഗങ്ങളിൽ പങ്കെടുത്തതിനാൽ വേദപുസ്തകം വ്യത്യസ്തമായി പഠിക്കുവാൻ പ്രേരിതനായി. പെന്തെക്കോസ്ത് കാഹളത്തിന്റെ മൂന്നാം വാല്യത്തിൽ പല ലക്കങ്ങളായി

## ഇംഗ്ലീഷിൽ അന്യഭാഷ

*കുക്ക് സായ്പിനോടൊപ്പം സിറിൾ ചേയ്സ് എന്ന മിഷനറി തിരുവിതാംകൂറിലെ പല മിഷൻ കേന്ദ്രങ്ങളും സന്ദർശിച്ചു. കൂട്ടത്തിൽ തുവയൂരെത്തിയപ്പോൾ കുഷ്ഠരോഗിയായിരുന്ന ഒരു സഹോദരൻ മനോഹരമായ ഇംഗ്ലീഷിൽ അന്യഭാഷകളിൽ സംസാരിച്ചതു ചേയ്സിനെ അത്ഭുതപ്പെടുത്തി. അദ്ദേഹത്തിന്റെതന്നെ വാക്കുകൾ.*

*"യോഗത്തിലുടനീളം ആത്മാവിന്റെ വലിയ സ്വാതന്ത്ര്യം ദൃശ്യമായിരുന്നു. ഭാഷാവരവും വ്യാഖ്യാനവും പ്രവചനവും എല്ലാം സഭയിൽ പ്രദർശിപ്പിക്കപ്പെട്ടു. പെന്തെക്കോസ്തിനെപ്പറ്റി സംശയാലുക്കളായ ചില വെള്ളക്കാരായ എന്റെ സുഹൃത്തുക്കൾ ഈ യോഗത്തിലുണ്ടായിരുന്നുവെങ്കിൽ എന്ന് ഞാൻ ആത്മാർത്ഥമായി ആഗ്രഹിച്ചുപോയി. കുഷ്ഠരോഗം സൗഖ്യമായ മാത്യു എന്നൊരു സഹോദരൻ പരിശുദ്ധാത്മാവിൽ നിറഞ്ഞ് വ്യക്തവും മനോഹരവുമായ ഇംഗ്ലീഷിൽ സംസാരിച്ചത് അവർ കേട്ടിരുന്നുവെങ്കിൽ എത്ര നന്നായിരുന്നേനെ. തീർച്ചയായും അത് അവിശ്വാസികൾക്കുള്ള ഒരു അടയാളം തന്നെയായിരുന്നു. ഇങ്ങനെ ഒരസുലഭ സാഹചര്യത്തിൽ പങ്കാളിയായി പെന്തെക്കോസ്തിന്റെ സത്യത്തിനു സാക്ഷ്യം വഹിക്കുവാൻ കഴിഞ്ഞതിൽ ഞാൻ പുളകംകൊണ്ടു.*

*എന്നാൽ സാത്താൻ പെട്ടെന്നു തന്നെ ഒരു പരീക്ഷ എന്റെ മനസ്സിലേക്ക് കൊണ്ടുവന്നു. മാത്യു എന്ന കുഷ്ഠരോഗി ഒരു പക്ഷെ ഇംഗ്ലീഷ് ഭാഷാ ജ്ഞാനമുള്ള ആളാണെങ്കിലോ? യോഗം കഴിഞ്ഞയുടനെ ഞാൻ അയാളെ തിരഞ്ഞുപിടിച്ചു. അയാളോട് ഇംഗ്ലീഷിൽ സംസാരിക്കാൻ ആവതു പരിശ്രമിച്ചു. എന്നാൽ എന്റെ സംശയ പിശാചിനെ തോൽപിച്ചുകൊണ്ട്, എനിക്കുതന്നെ അത്യാനന്ദം നൽകികൊണ്ട് ഞാനാ സത്യം ഉറപ്പിച്ചു. മാത്യുവിന് ഒരക്ഷരം പോലും ഇംഗ്ലീഷ് അറിഞ്ഞു കൂടാ. ആകെയറിയാവുന്നത് മലയാളവും പിന്നെ അൽപം തമിഴുമാണ്."*

കൊടുത്തിരിക്കുന്ന മനാശ്ശെയുടെ സാക്ഷ്യമാണ് അദ്ദേഹത്തിന്റെ ജീവിതത്തിലേക്ക് വെളിച്ചം വീശുന്ന ചരിത്രരേഖ. അതിലെ പ്രസക്തഭാഗങ്ങൾ ശ്രദ്ധിക്കുക:

"ഞാൻ ഒരു ഹിന്ദു കുടുംബത്തിൽ ജനിച്ചവനും ദൈവത്തെയും ആത്മികരക്ഷയെയുംപറ്റി അറിയാത്തവനുമായിരുന്നു. എന്റെ പിതാവിന്റെ പ്രധാന ജോലി വൈദ്യവും മന്ത്രവാദവുമായിരുന്നു. ഞാനും അത് പഠിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ താൽപര്യം. അതിനാൽ ചിലപ്പോഴൊക്കെ മന്ത്രവാദസ്ഥലങ്ങളിൽ എന്നെക്കൂടെ കൊണ്ടുപോകുക പതിവായിരുന്നു. "മന്ത്രവാദത്താൽ രോഗശാന്തി ഉണ്ടാകുമോ" എന്ന് ഞാൻ പിതാവിനോടു ചോദിക്കുമ്പോൾ രോഗശമനം ഉണ്ടാക്കുന്നത് ദൈവമാണെന്നും എന്നാൽ ഇത് മനുഷ്യരുടെ സംശയനിവാരണത്തിനായി മാത്രം ചെയ്യുന്നതാണെന്നും നമുക്കു കുറെ ആദായം ലഭിക്കുമെന്നും മറ്റും സമാധാനം പറഞ്ഞിട്ടുണ്ട്. അത് നിഷ്ഫലക്രിയ എന്ന് എനിക്കു മനസ്സിലായപ്പോൾ മുതൽ അതു പഠിക്കുന്നതി

ലുള്ള താൽപര്യം കുറയുകയും തൻനിമിത്തം ആ പഠിത്തം ഉപേക്ഷിക്കുകയും ചെയ്തു.

താൻ താമസിച്ചിരുന്ന ഭവനത്തിനു സമീപം ഒരു ലണ്ടൻ മിഷൻ പള്ളിയുണ്ട്. എന്റെ പതിനേഴാമത്തെ വയസ്സിൽ (1896) എന്റെ സഹോദരനോടു കൂടെ ആ പള്ളിയിൽ പോയി വേദപുസ്തകം പഠിക്കുവാനാരംഭിച്ചു. ആ പള്ളിയിലെ സുവിശേഷകനും ജനങ്ങളും എന്നെ അത്യന്തം സ്നേഹിക്കുകയും, പഠിക്കുന്നതിന് ഒരു വേദപുസ്തകം സമ്മാനിക്കുകയും ചെയ്തു... ഒരു ദുഃഖവെള്ളിയാഴ്ച ദിവസം ഞാൻ ആ വേദപുസ്തകം തുറന്ന് ക്രിസ്തുവിന്റെ കഷ്ടാനുഭവത്തെ കുറിച്ച് വായിച്ച് ധ്യാനിക്കുകയും എന്റെ പാപത്തിനായിട്ട് യേശു കഷ്ടപ്പെട്ടുമരിച്ചുവെന്ന് വിശ്വസിക്കുകയും പാപത്തെ ഏറ്റു പറഞ്ഞ് പാപത്തിൽനിന്നും എന്നെ വിടുവിക്കണമേ എന്നു കണ്ണുനീരോടു കൂടെ പ്രാർത്ഥിക്കുകയും ചെയ്തു. അപ്പോൾ തന്നെ ദൈവം എന്റെ പാപത്തെ ക്ഷമിച്ചു തന്നു.'' (പെന്തെക്കോസ്ത് കാഹളം, വാല്യം 3, ലക്കം 6, 1928 ഏപ്രിൽ. പേജ് 152-157)

ഹിന്ദുവായിരുന്ന മനാശ്ശെ പള്ളിക്കാര്യത്തിൽ താൽപര്യമുള്ളവനായിത്തീരുന്നതിനും ഒരു പശ്ചാത്തലമുണ്ട്. മനാശ്ശെയുടെ പിതാവ് ചൊടലമാടൻ നാടാർ മൂന്നു കുടുംബക്ഷേത്രങ്ങൾ സ്വന്തമായുണ്ടായിരുന്ന ഒരു മന്ത്രവാദിയായിരുന്നു. അങ്ങനെ പ്രതാപിയായിക്കഴിയുമ്പോൾ ദേശത്ത് ഉൻമൂലനാശം വിതച്ച് വീശിയടിച്ച കോളറാ, ചൊടലമാടന്റെ രണ്ടു പുത്രൻമാരെയും അപഹരിച്ചു. തന്റെ മന്ത്രതന്ത്രങ്ങൾക്കൊന്നും ഈ മഹാമാരിയുടെ

***പാസ്റ്റർ കെ.ഒ.ഉമ്മൻ (അഷ്ടമുടി ഉമ്മച്ചൻ)***



*അഷ്ടമുടിയിൽ മണപ്പുറത്ത് പടിഞ്ഞാറ്റേതിൽ കോരുതാശാന്റെ രണ്ടാമത്തെ മകനായി 1884-ൽ ജനിച്ചു. വിദ്യാഭ്യാസത്തോടുള്ള ബന്ധത്തിൽ കോഴിക്കോട്ടായിരിക്കുമ്പോൾ രക്ഷിക്കപ്പെട്ടു. തുടർന്ന് താരപ്പന്റെ നേതൃത്വത്തിലുള്ള ചർച്ച് ഓഫ് ക്രൈസ്റ്റുമായി ചേർന്നുപോയി. സ്വതന്ത്ര സുവിശേഷകനായി നാട്ടിലെത്തിച്ചേർന്നു. 1920 കളുടെ ഒടുവിൽ ഉമ്മച്ചൻ പെന്തെക്കോസ്ത് വിശ്വാസിയായിത്തീർന്നു. പിന്നീട് ഏറെ വർഷങ്ങൾ കേരളത്തിലുടനീളം ഉണർവ്വുയോഗങ്ങൾ നടത്തി. എ. ആർ. റ്റി. അതിശയം, പേരിശ്ശേരി മത്തായിച്ചൻ, മണിയാറ്റു കുഞ്ഞോമ്മാച്ചൻ, കലയപുരം മത്തായിച്ചൻ, ഹാനോക് സാർ എന്നിവരൊന്നിച്ച് വ്യവസ്ഥാപിതരൂപം കൈകൊള്ളാത്ത 'ദൈവസഭ' എന്ന ദർശനത്തിൽ ഉറച്ചുനിന്നുകൊണ്ട് അന്യോന്യം സഹകരിച്ച് പ്രവർത്തിച്ചുപോന്നു. എന്നാൽ ആ പ്രസ്ഥാനത്തിലും അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകയാൽ ദൈവസഭാ നേതാക്കൾ പലരും മറ്റു വ്യവസ്ഥാപിത സംഘങ്ങളോടു യോജിച്ച കൂട്ടത്തിൽ കുഞ്ഞോമ്മാച്ചനോടൊപ്പം ഐ.പി.സി.യിൽ ചേർന്നു. അഞ്ചു വർഷങ്ങൾ മാത്രമേ ഈ ബന്ധം നീണ്ടുനിന്നുള്ളു. വീണ്ടുമദ്ദേഹം സ്വതന്ത്രനായി പ്രവർത്തിച്ചു. 1962 മെയ് 16നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.*

ക്രൗര്യം കെടുത്താനായില്ല എന്നു മാത്ര മല്ല, ചൊടലമാടനെയും അത് ആക്രമിച്ചു കീഴടക്കി. തനിക്കും പുത്രൻമാർക്കും രോഗവിമുക്തി നൽകാൻ ഇഷ്ടദേ വൻമാർക്ക് കഴിയാതിരുന്നത് ചൊടലമാ ടനെ ദുഃഖിതനും നിരാശനുമാക്കി. മറ്റു പലരുടെയും രോഗവിമുക്തിക്കുവേണ്ടി മന്ത്രതന്ത്രപൂജകർമ്മാദികൾ നിർവ്വഹിച്ചി ട്ടുള്ളയാളാണല്ലോ അദ്ദേഹം. രോഗം മൂർച്ഛിച്ചപ്പോൾ തന്നെയെടുത്ത് മൂന്നു കുടുംബക്ഷേത്രങ്ങളിലും കൊണ്ടു കിട ത്തുവാൻ അദ്ദേഹം ബന്ധുക്കളോട് ആവ ശ്യപ്പെട്ടു. വിസർജ്ജ്യങ്ങൾകൊണ്ട് ദേവ സന്നിധാനം അശുദ്ധമാക്കിയതിനുശേഷം പ്രാണൻ പോകുന്നതിനു മുമ്പ് ആ വൃദ്ധൻ ഇപ്രകാരം പറഞ്ഞു. "ഇനി ഇവിടെ പൂജയും കൊടയും കൊടുതിയും തേവാരവും ഒന്നും വേണ്ടാ - എല്ലാരും പള്ളിയിൽ പൊയ്ക്കൊള്ളണം." മനാ ശ്ശെയ്ക്കും സഹോദരനും പള്ളിയാഭി മുഖ്യം തോന്നാൻ ഇതാണത്രേ കാരണം.

1900-ൽ സാധു കൊച്ചുകുഞ്ഞുപദേ ശിയുടെ യോഗങ്ങളിൽ പങ്കെടുത്ത മനാശ്ശെ സുവിശേഷപ്രവർത്തനങ്ങളിൽ വളരെയേറെ ശുഷ്കാന്തിയുള്ളവനായി ത്തീർന്നു. മനാശ്ശെയിൽ താൽപര്യം തോന്നിയ പള്ളിയധികാരികൾ അദ്ദേ ഹത്തെ പൂവാർപള്ളിയുടെ സ്വമേധാവേ ലക്കാരനായി (ഉപദേശി) നിയോഗിച്ചു. അങ്ങനെ എൽ.എം.എസ്. സുവിശേഷ പ്രവർത്തനങ്ങളിൽ വ്യാപൃതനായികഴി യുമ്പോൾ, ദൈവത്തെ വേണ്ട രീതിയിൽ താൻ പ്രസാദിപ്പിക്കുന്നില്ല എന്ന ചിന്ത അദ്ദേഹത്തെ വളരെയേറെ വിഷമിപ്പിച്ചു. അതേപ്പറ്റി മനാശ്ശെയുടെ തന്നെ വാക്കു കൾ ശ്രദ്ധിക്കുക:

"മൂന്നു വർഷം വിശുദ്ധജീവിതം ചെയ്തുവരവെ അതിന്റെ അവസാന ത്തിൽ എനിക്ക് രഹസ്യപ്രാർത്ഥന കുറ യുകയും വേദപുസ്തക വായന, സുവി ശേഷവേല എന്നിവ നാമമാത്രമായിത്തീ രുകയും ചെയ്തു. ജയത്തിനായി ചെയ്ത ശ്രമമെല്ലാം വിഫലമാകുകയും പോരാ ട്ടവും തോൽവിയും വർദ്ധിച്ചുവരികയും ചെയ്തു. പത്തു വർഷം അങ്ങനെ നാമ മാത്ര ഉപദേശിയായി ഞാൻ കഴിഞ്ഞു.


അങ്ങനെയിരിക്കെ പരിശുദ്ധാത്മാഭി ഷേകം പ്രാപിച്ചവരായ കുറെ വിദേശ മിഷനറിമാർ (മിസ് ആൾഡ്വിങ്കിളും, മിസ് ബൗൺസിലും) എന്റെ വാസസ്ഥലത്തിനു സമീപത്തുവന്ന് ആത്മീയ ഉണർവ്വു യോഗങ്ങൾ നടത്തി. അവിടെ നടന്ന പ്രസംഗങ്ങളിലധികവും യേശുവിന്റെ വിലയേറിയ രക്തത്തെക്കുറിച്ചും ആ രക്തത്താൽ പാപത്തിൻമേൽ ജയം ലഭിക്കും എന്നതിനെപ്പറ്റിയുമായിരുന്നു. ഈ വിഷയം എന്റെ ഹൃദയത്തിൽ ഗാഢ മായിപ്പതിഞ്ഞു. അതിനുശേഷം പാപ ഇമ്പങ്ങളാൽ സാത്താൻ ഹൃദയത്തെ ആകർഷിക്കുമ്പോഴൊക്കെ യേശുവിന്റെ രക്തത്തിൽ ആശ്രയിച്ച് ഞാൻ ജയം നേടി തുടങ്ങി. പഴയപാമ്പിന്റെ പാപവിഷം നീക്കാൻ യേശുക്രിസ്തുവിന്റെ രക്തമ ല്ലാതെ മറ്റൊന്നും ശക്തിയുള്ളതല്ല എന്നു ഞാൻ കണ്ടു." (പെന്തെക്കോസ്ത് കാഹളം, വാല്യം 3, ലക്കം 7,8, 1928 മെയ് - ജൂൺ, പേജ് 177-180)

ഒരു തയ്യൽ അദ്ധ്യാപികയായിരുന്ന മനാശ്ശെയുടെ ഭാര്യ ശീലാൾ, ഉപദേശിയെ പ്പോലെതന്നെ വേദപുസ്തക പഠനത്തിനു പ്രാധാന്യം കൊടുത്തിരുന്നു. മുഴുകൽ സ്നാനവും പരിശുദ്ധാത്മാനുഭവവും വേദപുസ്തക യാഥാർത്ഥ്യങ്ങളാണെന്ന് അവർ ഗ്രഹിച്ചു.

ആയിടെ എൽ.എം.എസ്. ഉപദേശി മാരുടെയും അച്ചൻമാരുടെയും ഒരു സർക്കിൾ യോഗത്തിൽ പ്രവൃത്തികളുടെ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതു

86

# മനാശ്ശെ പ്രസംഗിയാർ: തെക്കൻ തിരുവിതാംകൂറിന്റെ സുവിശേഷ പ്രതിഭ



തെക്കൻ തിരുവിതാംകൂറുകാരനായ ആദ്യത്തെ പെന്തെക്കോസ്ത് ശുശ്രൂഷകൻ പാസ്റ്റർ മനാശ്ശെയാണ്. 1878-ൽ ഒരു ഹിന്ദു കുടുംബത്തിൽ ജനിച്ച മനാശ്ശെ 1896-ൽ രക്ഷിക്കപ്പെടുകയും 1900-ൽ സുവിശേഷവേലയ്ക്കുവേണ്ടി സമർപ്പിക്കുകയും ചെയ്തു. 1921-ൽ പരിശുദ്ധാത്മസ്നാനം പ്രാപിച്ചു. തെക്കൻ തിരുവിതാംകൂറിൽ പല പ്രാദേശിക സഭകൾക്ക് അദ്ദേഹം ജന്മം നൽകിയിട്ടുണ്ട്.

സ്വന്തസ്ഥലമായ പരണിയം ആയിരുന്നു ആദ്യം അദ്ദേഹത്തിന്റെ പ്രവർത്തന മേഖല. 1925 മുതൽ കുഴിത്തുറയ്ക്ക് സമീപം മേല്പുറം എന്ന സ്ഥലത്തേക്ക് മാറിത്താമസിച്ചുകൊണ്ട് കളിയിക്കാവിള, മാർത്താണ്ഡം, കുളച്ചൽ തുടങ്ങിയ സ്ഥലങ്ങളിൽ പെന്തെക്കോസ്ത് വേല വ്യാപിപ്പിച്ചു. ഒരു ജൗളിക്കച്ചവടക്കാരന്റെ കാളവണ്ടി വാടകയ്ക്കെടുത്താണ് അദ്ദേഹം ഈ സ്ഥലങ്ങളിൽ യാത്ര ചെയ്തുകൊണ്ടിരുന്നത്. ജൗളിക്കച്ചവടക്കാരന്റെ സ്നേഹിതരായ പലരും മനാശ്ശെ മുഖാന്തരം നടക്കുന്ന ശക്തിയേറിയ ശുശ്രൂഷകളെക്കുറിച്ച് അറിയുവാനിടയായി. അവരൊക്കെ അദ്ദേഹത്തെ ക്ഷണിച്ചുകൊണ്ടുപോയി യോഗങ്ങൾ നടത്തുകയും രോഗികൾക്കുവേണ്ടി പ്രാർത്ഥിപ്പിക്കുകയും ചെയ്തുപോന്നു.

മനാശ്ശെയുടെ ഭാര്യ ശീലാൾ വാത്തിച്ചി (അദ്ധ്യാപിക എന്നതിന്റെ തമിഴ്ഭാഷ്യം) നല്ലൊരു സൂതികർമ്മിണിയായിരുന്നു. ജാതിമതവ്യത്യാസമെന്യേ എല്ലാ ഭവനങ്ങളിലും പോയി അവർ സൗജന്യമായി സൂതികർമ്മം നിർവ്വഹിച്ചുകൊടുത്തിട്ടുണ്ട്. ഇതും ആ സ്ഥലങ്ങളിൽ സുവിശേഷപ്രവർത്തനത്തിനു സാഹചര്യം ഒരുക്കുന്നതിൽ ഒരു വലിയ പങ്കു വഹിച്ചു.

1932-ൽ പാസ്റ്റർ എ.സി. സാമുവൽ തിരുവനന്തപുരത്തെത്തിയപ്പോൾ മുതൽ അവർ ഒന്നിച്ച് അവിടെ എ.ജി. പ്രവർത്തനങ്ങൾ വിപുലമാക്കി. 1938-ൽ പാസ്റ്റർ മനാശ്ശെ കർത്താവിൽ നിദ്രപ്രാപിച്ചു.

84-൨൦ || പേജിൽ നിന്നും...

പോലെയുള്ള ആരാധനയല്ല നാം നട ത്തുന്നത്, വേദപുസ്തക പ്രകാരമുള്ള ആരാധന നടത്തണം, എന്നിങ്ങനെ മനാശ്ശെ ഉപദേശി ആവശ്യപ്പെട്ടു. എന്നാൽ സർക്കിൾ അംഗങ്ങളും പള്ളി ക്കാരും മനാശ്ശെയുടെ വാദമുഖങ്ങൾ അംഗീകരിച്ചില്ല ഒടുവിൽ ചാണി പള്ളി യിൽവച്ച് ജോൺ പ്രസീദം അച്ചൻ (അന്നത്തെ സർക്കിൾ ചെയർമാൻ) മനാ ശ്ശെയെ വിസ്തരിക്കുകയും ഉപദേശിവേ ലയിൽ നിന്നും പിരിച്ചുവിടുകയും ചെയ്തു.

ഈ സമയത്ത് ആൾഡ്‌വിങ്കിൾ തഞ്ചാ വൂരിൽ താമസിക്കുകയായിരുന്നു. വിശ്വാസം നിമിത്തം പീഡിപ്പിക്കപ്പെട്ട് ദുഃഖിതനായിക്കഴിയുന്ന മനാശ്ശെയെക്കു റിച്ച് അവർക്ക് ഒരു ദർശനം ലഭിച്ചു. ആൾഡ്‌വിങ്കിൾ നേരത്തെ പരണിയത്ത് പ്രവർത്തിച്ചിരുന്നുവെങ്കിലും അന്ന് അവർ തമ്മിൽ നേരിട്ട് പരിചയമുണ്ടായിരുന്നില്ല. 'മനാശ്ശെ, പരണീയം, തെക്കൻ തിരുവി താംകൂർ' - ഇത്രയും മാത്രമെ മിഷനറിക്ക് ദർശനത്തിൽ വിവരം ലഭിച്ചുള്ളൂ. അവർ തിരുവനന്തപുരത്തെത്തി കുതിരവണ്ടി പിടിച്ച് പരണിയത്തുചെന്ന് മനാശ്ശെയെ കണ്ടു പിടിച്ച് വിശ്വാസത്തിൽ നില നിൽക്കുവാൻ ധൈര്യപ്പെടുത്തി.

മനാശ്ശെയും ഭാര്യ ശീലാളും പൂവാർ നദിയിൽ വിശ്വാസസ്നാനം സ്വീകരിച്ചു. സ്നാനശുശ്രൂഷ നടക്കുമ്പോൾ അവി ടുത്തെ മുസ്ലീങ്ങൾ പാട്ടകൊട്ടി പരിഹസി ക്കുകയും ശല്യപ്പെടുത്തുകയും ചെയ്ത തായി പിന്നീട് ശീലാൾ സാക്ഷ്യം പറഞ്ഞി ട്ടുണ്ട്.

ദൈവവചനം കൂടുതൽ വ്യക്തമായി പഠിക്കുന്നതിനും പരിശുദ്ധാത്മസ്നാനം പ്രാപിക്കുന്നതിനുമുള്ള അഭിവാഞ്ഛ യോടെ മനാശ്ശെ മദ്രാസിലെ റോയപ്പേട്ട യിൽ ജോൺ വാസു എന്ന കർത്തൃദാ സന്റെ ഭവനത്തിലേക്കു പോയി. ('മദ്രാസ് പെന്തെക്കോസ്തൽ അസംബ്ലി' എന്ന സഭാസംഘത്തിന്റെ സ്ഥാപക നേതാ വാണ് ജോൺ വാസു). പല ദിവസങ്ങൾ അദ്ദേഹം അവിടെ ചെലവഴിച്ചു. പിന്നെ ചെങ്കോട്ടയ്ക്കു സമീപം പുളിയറയിൽ പാസ്റ്ററായിരുന്ന എസ്. ജപരത്നത്തിന്റെ ഭവനത്തിൽ പോയി ഒരാഴ്ചയോളം പരി ശുദ്ധാത്മസ്നാനാനുഭവത്തിനായി കാത്തി രുന്നു. എന്നാൽ ഇതിനെല്ലാം ശേഷം സ്വന്തമുറിയിൽ സാധാരണപോലെ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോഴാണ് അദ്ദേഹം ആത്മസ്നാനം പ്രാപിക്കുന്നത്. അതിനെപ്പറ്റി മനാശ്ശെ പെന്തെക്കോസ്തു കാഹളത്തിൽ വിവരിക്കുന്നതു ശ്രദ്ധി ക്കുക:

"ഞാൻ സംബന്ധിച്ചിട്ടുള്ള യോഗങ്ങ ളിൽ പലരും അപ്പൊസ്തല കാലത്തെ പ്പോലെ പരിശുദ്ധാത്മാവ് പ്രാപിച്ച് അന്യ ഭാഷകളിൽ സംസാരിക്കുന്നത് കണ്ടിട്ടുണ്ട്. പരിശുദ്ധാത്മാവ് പ്രാപിച്ചവരുടെ സന്തോ ഷങ്ങളും അനുഭവസാക്ഷ്യപ്രസ്താവനക ളും, എന്റെ വിശ്വാസവും ദാഹവും ഏറ്റവും വർദ്ധിപ്പാൻ കാരണമായി... ഒരു യോഗത്തിൽവെച്ച് എന്റെ ഭാര്യ പരിശു ദ്ധാത്മാവു പ്രാപിച്ചതും എന്നെ അധികം സ്ഥിരപ്പെടുത്തുവാൻ ഇടയായിത്തീർന്നു.

ഞാൻ പൂർണ്ണഹൃദയത്തോടുകൂടെ, രാത്രിയും പകലും യാത്രകളിലും ജോലി സ്ഥലങ്ങളിലും എന്നുവേണ്ടാ, എല്ലാ യ്പ്പോഴും, പരിശുദ്ധാത്മാവിനാൽ നിറയ പ്പെടേണമെന്നുള്ളതായിരുന്നു എന്റെ പ്രാർത്ഥന. സ്വർഗ്ഗത്തിലിരിക്കുന്ന നല്ല പിതാവ് എന്റെ പ്രാർത്ഥനയ്ക്കുത്തരമരു ളി. ഹല്ലേലുയ്യാ!

1097 ചിങ്ങം 16 (1921) പ്രഭാതകാലം ഉദ്ദേശം മൂന്നരമണിക്ക് എന്റെ മുറിയിൽ ഞാൻ പതിവുപോലെ പ്രാർത്ഥിച്ചുകൊ ണ്ടിരിക്കുമ്പോൾ പരിശുദ്ധാത്മാവ് എന്റെ കൈകാലുകൾ ഇളക്കിത്തുടങ്ങി. ക്രമേണ

ആത്മാവിന്റെ ശക്തി എന്നിൽ വ്യാപിക്കുകയും ശരീരം മുഴുവൻ ഉജ്ജ്വലിച്ചുകൊണ്ടിരിക്കുകയും ചെയ്തു. ഇങ്ങനെ പന്ത്രണ്ടു ദിവസത്തോളം ഉണ്ടായിക്കൊണ്ടിരുന്നു. ഈ ദിവസങ്ങൾ മുഴുവൻ ഞാൻ പ്രാർത്ഥനയിൽ കാത്തിരിക്ക തന്നെയായിരുന്നു. പിന്നീട് ആത്മാവ് എന്റെ നാവിനെ തൊട്ടു. നാവ് താനേതന്നെ തിരിവാൻ തുടങ്ങി. അനന്തരം ഞാൻ സന്തോഷത്താൽ നിറയുകയും ഉച്ചത്തിൽ അട്ടഹസിക്കുകയും ചെയ്തു. അതോടുകൂടെ തിരുവചനത്തിൽ പറയപ്പെട്ടിരിക്കുന്ന പ്രകാരം പരിശുദ്ധാത്മാവ് എന്റെ നാവെടുത്ത് അധികനേരം അന്യഭാഷയിൽ സംസാരിച്ചുകൊണ്ടിരുന്നു. ഇത് ചിങ്ങം 28-ാം തീയതി ഉദ്ദേശം 12 മണിക്കായിരുന്നു. അന്നു മുതൽ വാഴ്ത്തപ്പെട്ട പരിശുദ്ധാത്മാവ് എന്നിൽ വസിച്ചുകൊണ്ട് എന്നെ സകല സത്യത്തിലും വഴി നടത്തുകയും സന്തോഷംകൊണ്ടും സ്തുതികൊണ്ടും നിറയ്ക്കുകയും ചെയ്യുന്നു." (പെന്തെക്കോസ്ത് കാഹളം, വാല്യം 3, ലക്കം 10, 1928 ആഗസ്റ്റ്. പേജ് 246-248)

മുൻപരിചയത്തിന്റെ പേരിൽ ചില എൽ.എം.എസ്. പള്ളികളിൽ പ്രസംഗിക്കുവാൻ മനാശ്ശെയ്ക്ക് ആദ്യമൊക്കെ അവസരം ലഭിച്ചു. അങ്ങനെയുള്ള പ്രസംഗ മേഖലകളിൽ പലയിടങ്ങളിലും രോഗശാന്തിയും ഭൂതശാന്തിയും ദൃശ്യമായി. പിന്നീട് അദ്ദേഹം പൂർണ്ണസമയ പെന്തെക്കോസ്ത് പ്രവർത്തകനായിത്തീർന്നു.

ഇക്കാലത്ത് മിസിസ് ചാപ്മാൻ മദ്രാസിൽ താമസിച്ചുകൊണ്ട് തിരുവിതാംകൂറിലും തമിഴ്നാട്ടിലുമായി പ്രവർത്തിച്ചുകൊണ്ടിരിക്കയായിരുന്നു. തമിഴ്നാട്ടിൽ വിവിധ സ്ഥലങ്ങളിൽ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനേക്കാൾ തിരുവിതാംകൂറിൽ പ്രവർത്തനം കേന്ദ്രീകരിക്കുന്നതാണ് നല്ലതെന്ന് അവർക്കു തോന്നി. മദ്രാസിൽ താമസിച്ചുകൊണ്ട് തിരുവിതാംകൂർ പ്രവർത്തനങ്ങളിൽ ശ്രദ്ധിക്കുന്നത് ബുദ്ധിമുട്ടായതിനാൽ 1921-ൽ തിരുവനന്തപുരത്തേക്ക് അവർ താമസം മാറ്റി. അപ്പോഴവർക്ക് 64 വയസ്സ് പ്രായമുണ്ടായിരുന്നു. പ്രായാധിക്യം വകവയ്ക്കാതെ ചാപ്മാൻ തിരുവിതാംകൂർ ഉടനീളം സഞ്ചരിച്ചു.

മിസിസ് ചാപ്മാന്റെ പ്രേരണയാൽ സ്വതന്ത്ര പ്രവർത്തകയായിരുന്ന ആൾഡ്വിങ്കിൾ അസംബ്ലീസ് ഓഫ് ഗോഡ് പ്രസ്ഥാനത്തോട് ചേരുവാൻ തീരുമാനിച്ചു. (അതുവരെ അവരുടെ പ്രവർത്തനഫലമായി തെക്കൻ തിരുവിതാംകൂറിലുണ്ടായ സഭകൾ സ്വതന്ത്രകൂട്ടായ്മകളായി നിൽക്കുകയായിരുന്നു.) എന്നാൽ സ്ഥലം സഭകളുടെ സ്വാതന്ത്ര്യത്തിലും സ്വദേശീയ പ്രസ്ഥാനങ്ങളുടെ സ്വതന്ത്രമായ നിലനിൽപിലും വിശ്വസിച്ചിരുന്ന പന്തളം മത്തായി ഉപദേശിക്ക്, വിദേശത്ത് ആസ്ഥാനമുള്ള അസംബ്ലീസ് ഓഫ് ഗോഡിനോടു സംഘടനാപരമായി ചേരുന്നതിൽ അത്രയേറെ സന്തോഷമുണ്ടായിരുന്നില്ല. എങ്കിലും കെട്ടുറപ്പുള്ള ഒരു ആഗോളസംഘവുമായി സഹകരണബന്ധം പുലർത്തുന്നതിൽ അദ്ദേഹത്തിനു സന്തോഷമേ ഉണ്ടായിരുന്നുള്ളു.

തിരുവനന്തപുരത്ത് താമസമാക്കിയ ചാപ്മാൻ അന്ന് കൊട്ടാരക്കരയിൽ പ്രവർത്തിച്ചിരുന്ന പാസ്റ്റർ കുക്കുമായി നല്ല ബന്ധം നിലനിർത്തിയിരുന്നു. പാസ്റ്റർ കുക്ക് മദ്ധ്യതിരുവിതാംകൂറിലും ചാപ്മാനും ആൾഡ്വിങ്കിളും തെക്കൻ തിരുവിതാംകൂറിലും എന്ന ധാരണയിലാണ് അവർ പ്രവർത്തിച്ചുകൊണ്ടിരുന്നത്.

1923-ൽ വെൽഷ് മിഷനറിയായ സ്പെൻസർ മേയ്, ചാപ്മാനോടൊത്ത് പ്രവർത്തിക്കാൻ തിരുവിതാംകൂറിലെത്തി. കുക്ക് നടത്തിയ ചില യോഗങ്ങളിലും മേയ് സായ്പ് പ്രസംഗകനായിരുന്നു.

90

# മേരി ചാപ്മാൻ
## (1857 – 1927)

*തെക്കെ ഇന്ത്യയിലെ വിവിധ സ്ഥലങ്ങളിൽ പെന്തെക്കോസ്തിന്റെ സന്ദേശം ആദ്യമായി എത്തിച്ച മിഷനറി രത്നമായിരുന്നു മിസ്സിസ് മേരി ചാപ്മാൻ. മരിക്കുമ്പോൾ എഴുപതു വയസ്സുണ്ടായിരുന്ന ആ വൃദ്ധ, ഇന്ത്യയെ വളരെയേറെ സ്നേഹിച്ച ഒരു സ്ത്രീയായിരുന്നു. 1915-ൽ ഇന്ത്യയിലെത്തിയതു മുതൽ വിശ്രമം കൂടാതെ അവർ തന്റെ പ്രവൃത്തി തുടർന്നു. ഇടയ്ക്ക് 1921-ൽ അവർ അമേരിക്ക സന്ദർശിച്ചിരുന്നു. ഒരു വർഷം കഴിഞ്ഞ് വീണ്ടും ഇന്ത്യയിലേക്കു മടങ്ങിപ്പോകുവാൻ ഉദ്യമിച്ചപ്പോൾ പലരും അവരെ സ്നേഹപൂർവ്വം തടയാൻ ശ്രമിച്ചു. പ്രായാധിക്യം കണക്കിലെടുത്ത് ഇനി അമേരിക്കയിൽ വിശ്രമിക്കണമെന്ന് സുഹൃത്തുക്കൾ അവരെ ഉപദേശിച്ചു. എന്നാൽ "യുവാക്കൾക്ക് പോകാൻ കഴിയാതിരിക്കുന്നെങ്കിൽ വയോധികരെങ്കിലും പോയി ഇന്ത്യയ്ക്ക് സുവിശേഷം എത്തിക്കേണ്ടിയിരിക്കുന്നു" എന്നായിരുന്നു അവരുടെ മറുപടി.*

*മിസ്സിസ് ചാപ്മാൻ തിരുവനന്തപുരത്ത് താമസിക്കുന്ന സമയം, പരേതയായ മിസിസ് റൂസ്‌വർത്തിന്റെ 'ദൈവിക രോഗശാന്തി' എന്ന പുസ്തകം അവർ തമിഴിൽ ഭാഷാന്തരം ചെയ്യിച്ച് പ്രചരിപ്പിച്ചു. അതിൽ ചാപ്മാൻ സ്വന്ത അനുഭവസാക്ഷ്യംകൂടി പ്രസ്താവിച്ചിട്ടുണ്ട്.*

*"ഇരുപത്തിനാലു കൊല്ലങ്ങൾക്കു മുമ്പ് ദീർഘകാലങ്ങളോളം ഞാൻ ആരോഗ്യമില്ലാത്തവളായി വൈദ്യന്മാരാൽ കൈവിടപ്പെട്ടിരുന്നു. ശസ്ത്രക്രിയമൂലം അല്പം സ്വസ്ഥത ലഭിച്ചേക്കാമെന്നും എങ്കിലും അതിനായിട്ടുതന്നെയും ശരീരസ്ഥിതി അനുവദിക്കുന്നില്ലെന്നും അവർക്ക് അഭിപ്രായമുണ്ടായിരുന്നു. തൽസമയം, ദൈവികരോഗാന്തിയെക്കുറിച്ച് കുറെയൊക്കെ അറിഞ്ഞിരുന്നതുകൊണ്ട് എന്റെ കാര്യം ഞാൻ ദൈവത്തെ ഭരമേല്പിച്ചു. ഒരു ദിവസത്തെ ഉപവാസവും പ്രാർത്ഥനയും കഴിയും മുമ്പേ തന്നെ കർത്താവ് ഒരു ദർശനത്തിൽ പ്രത്യക്ഷപ്പെട്ടു. അവന്റെ ദിവ്യശക്തി എന്നെ തട്ടി, അത് എന്നിൽ വ്യാപരിച്ചു. താമസംവിനാ യഥാസ്ഥിതിയിൽ ഞാനെത്തി. നല്ല ആരോഗ്യത്തോടുകൂടി ഞാൻ ഇന്ത്യയിൽ എത്തുകയും ചെയ്തു. അന്നു മുതൽ അവൻ എന്റെ പരമവൈദ്യൻ. വിശ്വാസത്തോടുകൂടിയ പ്രാർത്ഥന രോഗിയെ സൗഖ്യമാക്കും. ഇന്നും നമുക്ക് അതിനായി കർത്താവിനെ പ്രത്യാശിക്കാം."*

*തിരുവിതാംകൂറിലുടനീളം അനേകം കഷ്ടതകളിലൂടെയും പ്രയാസങ്ങളിലൂടെയും പെന്തെക്കോസ്ത് സന്ദേശം പ്രചരിപ്പിച്ച ആ മിഷനറി വനിത 1927-ൽ ഭാരതമണ്ണിൽ തന്നെ തന്റെ ജീവൻ ഹോമിച്ചു. മിസ്സിസ് മേരി ചാപ്മാന്റെ മരണവിവരം പെന്തെക്കോസ്ത് കാഹളത്തിന്റെ മൂന്നാം വാല്യം രണ്ടാം ലക്കത്തിൽ കൊടുത്തിരിക്കുന്നത് ശ്രദ്ധിക്കുക.*

*"The LATE MISSIONARY*
*Mrs. MARY CHAPMAN*
*പരേതയായ മിഷനറി*
*മിസ്സിസ് മേരി ചാപ്മാൻ*
*(1857–1927)*

*സുവിശേഷപ്രചാരണാർത്ഥം അമേരിക്കയെ വിട്ട് ഇന്ത്യയിൽ പല സ്ഥലങ്ങളിലായി നിരന്തര പരിശ്രമം ചെയ്തുകൊണ്ടിരുന്ന ഈ മഹിള തന്റെ എഴുപതാമത്തെ വയസ്സിൽ 1927 നവംബർ മാസം 27-ാം തീയതി ഞായറാഴ്ച രാത്രി 8 മണിക്ക് താൻ പ്രിയപ്പെട്ടിരുന്ന കർത്താവിലുള്ള സമാധാനസമൃദ്ധിയിലും, പരിപൂർണ്ണ വിശ്വാസത്തിലും മാവേലിക്കര ഹെഡ്ക്വാർട്ടേഴ്സിൽവച്ച് നിര്യാതയായിരിക്കുന്ന വിവരം വ്യസനസമേതം അറിയിച്ചുകൊള്ളുന്നു.*

*ശവസംസ്ക്കാര ശുശ്രൂഷ 28-ാം തീയതി രാവിലെ ആറരമണിക്ക് സ്ഥലം സഭാമന്ദിരത്തിൽവച്ച്, വിവിധ ക്രിസ്തീയ വകുപ്പിൽപ്പെട്ട പ്രതിപുരുഷന്മാർ, പൗരപ്രമാണികൾ മുതലായ ഒട്ടുവളരെ ജനങ്ങൾ എന്നിവരുടെ ദിവ്യസാന്നിധ്യത്തിൽ ഭക്തിപുരസ്സരം റവ. ജെ.എച്ച്. ബർജ്ജസ് മിഷനറിയാൽ നടത്തപ്പെടുകയും എട്ടരമണിക്ക് മൃതശരീരം സഭാശ്മശാനഭൂമിയിൽ സംസ്ക്കരിക്കുകയും ചെയ്തു. ബുദ്ധികൂർമ്മതയും, ദീർഘദൃഷ്ടിയും ആത്മീയ പരിജ്ഞാനവും പഴക്കവും ദൈവഭക്തിയും സഹോദരപ്രീതിയും ഉണ്ടായിരുന്ന ഈ മഹതിയുടെ വേർപാട് തെക്കെ ഇന്ത്യയിലെ മിഷനറി പ്രവർത്തനത്തിനും മിഷനറിമാർക്കും ഒരു അപരിഹാര്യമായ നഷ്ടമാണെന്നുള്ളതിനു പക്ഷാന്തരമില്ല.*

*"കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ. അവർ തങ്ങളുടെ പ്രയത്നങ്ങളിൽ നിന്നും വിശ്രമിക്കേണ്ടതാകുന്നു."*

*(1103 വൃശ്ചികം, വാല്യം 3. ലക്കം 2)*

*മിസ്സിസ് ചാപ്മാൻ മരിക്കുമ്പോൾ മേല്പുറം സഭയുടെ ശുശ്രൂഷകനായിരുന്ന സി. മനാശ്ശെ മാവേലിക്കര ഹെഡ്ക്വാർട്ടേഴ്സിലേക്കെഴുതി:*

*"........കർത്താവിൽ നമ്മുടെ പ്രിയ അമ്മ നമ്മെ വിട്ട് വേർപിരിയുവാൻ ഇടയായതിൽ വളരെ ദുഃഖവും മനോവിചാരവും ഉണ്ട്. എരിഞ്ഞുകൊണ്ടിരിക്കുന്ന വിളക്ക് പെട്ടെന്ന് അണഞ്ഞുപോയല്ലോ...."*

*അന്ന് പുനലൂരിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന പാസ്റ്റർ കെ.സി. ചെറിയാൻ എഴുതി : "...അവർ പുത്രവാത്സല്യത്തിൽ എന്നെ മനഃപൂർവ്വം സ്നേഹിച്ചിരുന്നു. ഞാനും സ്നേഹബഹുമാനത്താൽ വളരെ ഹാർദ്ദവമായി ആ മാതാവിനെ എന്റെ ഉള്ളിൽ വഹിച്ചിരുന്നു."*

87-ാം പേജിൽ നിന്നും...

1924-ൽ കുക്ക് സായ്പും കുടുംബവും ഫർലോയിൽ, അമേരിക്കയിലേക്കുപോയ പ്പോൾ മദ്ധ്യതിരുവിതാംകൂറിലെ പ്രവർത്തനങ്ങൾ നോക്കിനടത്താൻ എ.ജി. മിഷനറിയായെത്തിയ സ്പെൻസർ മെയ് ചെങ്ങന്നൂരിലേക്ക് താമസം മാറ്റി. കുക്ക് സായ്പിന്റെ വിശ്വസ്ത അനുയായിയായിരുന്ന റവ. ചാൾസ് കമ്മിൻസ് കൊട്ടാരക്കരയിലും താമസിച്ചു പ്രവർത്തിച്ചുപോന്നു.

### പാസ്റ്റർ കെ.ഇ. ഏബ്രഹാം

ജോർജ് ബർഗ്, ചാൾസ് കമ്മിൻസ്, മിസ് ബൗൺസിൽ, ആൾഡ്‌വിങ്കിൾ റോബർട്ട് കുക്ക്, മേരി ചാപ്മാൻ തുടങ്ങിയ വിദേശമിഷനറിമാരുടെ പ്രവർത്തനഫലമായി 1911 മുതൽ പെന്തെക്കോസ്തുപദേശം കേരളത്തിലുടനീളം വ്യാപിക്കയും പല സ്ഥലങ്ങളിലും പെന്തെക്കോസ്ത് കൂട്ടായ്മകൾ ആരംഭിക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ കാലഘട്ടത്തിൽ പന്തളം മത്തായിച്ചൻ ഒഴികെ ശക്തനായ ഒരു സ്വദേശീയ നേതാവ് പെന്തെക്കോസ്തർക്കുണ്ടായിരുന്നില്ല. അദ്ദേഹം തന്നെ, സംഘടനാതലത്തിൽ എന്തെങ്കിലും നേതൃത്വം ഏറ്റെടുക്കാൻ തയ്യാറാകാതെ ഒരു സഞ്ചാരസുവിശേഷകനായി മാത്രം പ്രവർത്തിക്കുകയായിരുന്നു. എന്നുതന്നെയല്ല, മത്തായി ഉപദേശിയുടെ പ്രവർത്തനമണ്ഡലം മുഖ്യമായും തെക്കൻ തിരുവിതാംകൂർ ആയിരുന്നു താനും.

സ്വദേശീയ നേതൃത്വത്തിന്റെ അഭാവം കേരളാ പെന്തെക്കോസ്ത് പ്രവർത്തനത്തിന്റെ ഒരു വലിയ ന്യൂനതയായിരുന്നു. അങ്ങനെയിരിക്കുമ്പോഴാണ് 1923-ൽ പരിശുദ്ധാത്മസ്നാനം പ്രാപിച്ച് കെ.ഇ. ഏബ്രഹാം പെന്തെക്കോസ്ത് വിശ്വാസിയായിത്തീരുന്നത്.

ഒരു സ്കൂൾ അദ്ധ്യാപകനായിരുന്ന കെ. ഇ. ഏബ്രഹാം യാക്കോബായസഭ വിട്ട് കെ.വി. സൈമൺ സാറിന്റെ കീഴിൽ സ്നാനം ഏൽക്കുകയും അദ്ദേഹത്തോടൊപ്പം വിയോജിതപ്രവർത്തകനായി കഴിയുകയുമായിരുന്നു. എന്നാൽ, പിന്നീട് കെ.വി. സൈമൺ 1918-ൽ 'മലങ്കര വിയോജിതസഭ' രൂപീകരിച്ചപ്പോൾ കെ. ഇ. ഏബ്രഹാമും അദ്ദേഹത്തോടൊപ്പം നിന്ന മുളക്കുഴ, ബുധന്നൂർ സഭകളും അവരോടു യോജിക്കാതെ 'സ്വതന്ത്രവിയോജിതസഭ'കളായിത്തീർന്നു. ഈ സഭകൾ എ.ഡി.ഖാൻ നേതൃത്വം വഹിച്ച 'ചർച്ച് ഓഫ് ഗോഡ്' (ആൻഡേഴ്സൺ ചർച്ച് ഓഫ് ഗോഡ്) സമൂഹവുമായാണ് സഹകരണബന്ധം പുലർത്തിയിരുന്നത്. (ഈ 'ചർച്ച് ഓഫ് ഗോഡ്' ഇന്നത്തെ 'പൂർണ്ണസുവിശേഷ ദൈവസഭ'യല്ല ഇവർക്ക് പെന്തെക്കോസ്ത് ഉപദേശങ്ങളെക്കാൾ ബാപ്റ്റിസ്റ്റ്, വേർപാട് ഉപദേശങ്ങളോടാണ് സാമ്യതയുള്ളത്. കേരളത്തിൽ ഇവരുടെ നേതാവ് ആത്മബോധിനി പത്രാധിപരായിരുന്ന റവ. പി.ജെ.ഫിലിപ്പ് ആയിരുന്നു. ഇന്നും 'ചർച്ച് ഓഫ് ഗോഡ് ഇൻ സൗത്ത് ഇന്ത്യാ'എന്ന പേരിൽ ഈ സംഘം കേരളത്തിൽ പ്രവർത്തിക്കുന്നു).

കെ.ഇ. ഏബ്രഹാമിന്റെ വിവാഹം നടത്തിയതും ആൻഡേഴ്സൺ ചർച്ച് ഓഫ് ഗോഡിലെ എ.ഡി. ഖാൻ ആയിരുന്നു. ഇതേപ്പറ്റി അദ്ദേഹം തന്റെ ആത്മകഥയിൽ പറയുന്നു:

''മുളക്കുഴ സഭയും ബുധന്നൂർ സഭയും അക്കാലത്ത് ചർച്ച് ഓഫ് ഗോഡിലുള്ള ദൈവജനങ്ങളുമായി കൂടുതൽ സമ്പർക്കം പുലർത്തിവന്നിരുന്നു. ആകയാൽ ആറാട്ടുപുഴ ചർച്ച് ഓഫ് ഗോഡ് കൺവൻഷനിൽ പ്രസംഗകനായി സന്നിഹിതനായിരുന്ന പണ്ഡിതനും സാത്വികനുമായിരുന്ന റവ.ജോൺ എ.ഡി. ഖാൻ എന്ന ഇന്ത്യൻ മിഷനറി എന്റെ വിവാഹ ശുശ്രൂഷ സദയം നടത്തിത്തരണമെന്നു

ഞാൻ ആവശ്യപ്പെടുകയും അദ്ദേഹമത് സസന്തോഷം സമ്മതിക്കുകയും ചെയ്തു. അങ്ങനെ ആറാട്ടുപുഴ കൺവൻഷൻ അവസാനിച്ചതിന്റെ പിറ്റേദിവസം അദ്ദേഹം വന്ന് ആ ശുശ്രൂഷ നടത്തി" (കെ. ഇ. ഏബ്രഹാം, യേശുക്രിസ്തുവിന്റെ എളിയദാസൻ, പേജ് 59)

സൈമൺസാറുമായുള്ള ബന്ധം വിച്ഛേദിച്ചതിനുശേഷം കെ. ഇ. ഏബ്രഹാം റവ. പി.ജെ. ഫിലിപ്പുമായി കൂടുതലടുത്തു. 1922-ൽ സ്കൂളിൽനിന്നും ആറുമാസത്തെ അവധിയെടുത്ത് അദ്ദേഹം ആൻഡേഴ്സൺ ചർച്ച് ഓഫ് ഗോഡിന്റെ ഒരു പ്രവർത്തകനായി കുളനടയിൽ താമസിച്ചു. ഈ സമയത്താണ് അദ്ദേഹം പന്തളം മത്തായി ഉപദേശിയുമായി പരിചയത്തിലാകുന്നത്. (യേശുക്രിസ്തുവിന്റെ എളിയദാസൻ, പേജ് 64)

മത്തായി ഉപദേശിയിൽനിന്നും പരിശുദ്ധാത്മസ്നാനത്തെക്കുറിച്ച് ഗ്രഹിച്ച കെ.ഇ. ഏബ്രഹാം അതിനായി ഉപദേശിയുടെ ഭവനത്തിൽ കാത്തിരുന്നു പ്രാർത്ഥിച്ചുവെങ്കിലും അന്ന് തനിക്കതു പ്രാപിക്കാൻ കഴിഞ്ഞില്ല. പിന്നീട് തെക്കൻതിരുവിതാംകൂറിൽ പെന്തെക്കോസ്ത് പ്രവർത്തകനായിരുന്ന സി. മനാശ്ശെ പ്രസംഗിയാരുടെ ഭവനത്തിൽവച്ചാണ് അദ്ദേഹം പരിശുദ്ധാത്മസ്നാനം പ്രാപിക്കുന്നത്. 1923 ഏപ്രിൽ 22 നായിരുന്നു അത്. (ഐ.പി.സി. പ്രാരംഭ വർഷങ്ങൾ, പേജ് 18)

പരിശുദ്ധാത്മസ്നാനം പ്രാപിച്ച് തിരികെ മുളക്കുഴയിൽ എത്തിയ കെ.ഇ. ഏബ്രഹാമിനെ വിയോജിത വിശ്വാസികളായ സ്വസഭക്കാർ തള്ളിപ്പറഞ്ഞു: "സാറേ, നിങ്ങളെ ഞങ്ങൾ ഏറ്റവും സ്നേഹിക്കുന്നു. എന്നാൽ മറുഭാഷ എന്ന ഈ പിത്തലാട്ടം നമ്മുടെ സഭയിൽ സാധിക്കുകയില്ല. അതുകൊണ്ട് നിങ്ങളുമായി കൂട്ടായ്മ തുടരുവാൻ ഞങ്ങൾക്കു നിവൃത്തിയില്ല." എന്നു പറഞ്ഞ് അവർ അദ്ദേഹത്തെ സഭാഭ്രഷ്ടനാക്കി. (യേശുക്രിസ്തുവിന്റെ എളിയ ദാസൻ പേജ് 67,68)

സ്വന്തം സഭക്കാർ തന്നെ തള്ളിപ്പറഞ്ഞത് കെ. ഇ. ഏബ്രഹാമിനെ വളരെയേറെ ദുഃഖിതനാക്കിത്തീർത്തു. വിശ്വാസികളുടെ കൂട്ടായ്മയ്ക്കും സഹകരണത്തിനുമായി അദ്ദേഹം വളരെ കൊതിച്ചു. ചില ഞായറാഴ്ചകളിൽ മത്തായി ഉപദേശി പന്തളത്തുണ്ടായിരുന്ന സമയങ്ങളിൽ കെ.ഇ. ഏബ്രഹാം അവിടെ പോയി അദ്ദേഹവും കുടുംബവുമൊന്നിച്ച് ദൈവാരാധന നടത്തുമായിരുന്നു. അതുപോലെ ബർഗ് സായ്പ് പുന്തലയിൽ നടത്തിയ യോഗങ്ങളുടെ സമയം പരിശുദ്ധാത്മസ്നാനം പ്രാപിച്ച കാവിൽ യോഹന്നാച്ചൻ എന്നയാളും സുഹൃത്തുക്കളുമായും കെ.ഇ. ഏബ്രഹാം കൂട്ടായ്മയാചരിച്ചിരുന്നു.

സ്വന്തദേശത്ത് ആത്മസ്നാനാനുഭവസ്ഥരായ ആളുകളെ കൂട്ടായ്മയ്ക്കു ലഭിക്കാതിരുന്നത് കെ.ഇ. ഏബ്രഹാമിനെ വളരെയേറേ വിഷമിപ്പിച്ചു. എന്നാൽ ഏകാന്തതയുടെ ആ നാളുകൾ ധനാത്മകമാക്കാൻ ദൈവം അദ്ദേഹത്തെ ഉപയോഗിച്ചു. ആ നാളുകളിലാണ് 'പരിശുദ്ധാത്മസ്നാനം' എന്ന പുസ്തകം അദ്ദേഹം എഴുതുന്നത്. അങ്ങനെ ആത്മസ്നാനം പ്രാപിച്ച് ഒരു കൊല്ലം കഴിയുന്നതിനു മുമ്പുതന്നെ തന്റെ അനുഭവത്തിന് ദൈവശാസ്ത്രവിശദീകരണമായി ഒരു പുസ്തകം രചിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു.

ആദ്യമെതിർത്തെങ്കിലും മുളക്കുഴ സഭയ്ക്ക് പെന്തെക്കോസ്തനുഭവത്തെ ഏറെനാൾ തടുത്തുനിർത്താനായില്ല. സർപ്പദംശനമേറ്റ് മരണാസന്നയായിതീർന്ന ഒരു സ്ത്രീയുടെ അത്ഭുതരോഗസൗഖ്യത്തിലൂടെ കെ.ഇ. ഏബ്രഹാം ജനങ്ങൾക്ക് അഭിമതനായിത്തീർന്നു.

1924 ജനുവരിയോടെ മുളക്കുഴയിൽ ഒരു പെന്തെക്കോസ്ത് സഭ ഉടലെടുത്തു. വിയോജിത വിശ്വാസികളിൽ പലരും മുളക്കുഴ പെന്തെക്കോസ്ത് സഭാംഗങ്ങളായി. അന്ന് കൊട്ടാരക്കരയിൽ താമസിച്ചിരുന്ന പാസ്റ്റർ ആർ. എഫ്. കുക്ക് തിരുവനന്തപുരത്ത് മിസിസ് ചാപ്മാനോടുകൂടെ താമസിച്ചിരുന്ന മിസ് ആൾഡ്വിങ്കിൾ എന്നീ മിഷനറിമാരെ കെ.ഇ. ഏബ്രഹാം 1924 ഫെബ്രുവരിയിൽ മുളക്കുഴ പെന്തെക്കോസ്ത് ദൈവസഭയിലേക്കു ക്ഷണിച്ച് യോഗങ്ങൾ നടത്തി.

മുളക്കുഴയിൽ പെന്തെക്കോസ്ത് ആരാധന ആരംഭിച്ചതറിഞ്ഞ് ബർഗ് സായ്പിന്റെ കാലത്ത് പരിശുദ്ധാത്മസ്നാനം പ്രാപിച്ച പലരും സമീപ പ്രദേശങ്ങളിൽനിന്ന് കെ.ഇ. ഏബ്രഹാമിന്റെ അടുക്കലെത്തി. അങ്ങനെയുള്ളവരുമായുള്ള കൂട്ടായ്മ, ബർഗ് സായ്പിന്റെ കാലത്ത് സജീവമായിരുന്ന - എന്നാൽ പിന്നീട് നിർജീവമായിപ്പോയ - പെന്തെക്കോസ്ത് കൂടിവരവുകളെ പുനരുജ്ജീവിപ്പിക്കുന്നതിനു കെ. ഇ. ഏബ്രഹാമിനു പ്രേരണ നൽകി.

**വെട്ടിയാർ**

പന്തളത്ത് പി.ജെ. ഫിലിപ്പിന്റെ കൂട്ടായ്മയിൽ കെ.ഇ. ഏബ്രഹാം പ്രവർത്തിച്ചിരുന്ന കാലത്ത് വെട്ടിയാറ്റു നിന്ന് ചില വിശ്വാസികൾ തന്റെ ശുശ്രൂഷകളിൽ പങ്കെടുത്തിരുന്നു. അവരിൽപ്പെട്ട കാവിൽ യോഹന്നാച്ചന്റെയും മറ്റും ഭവനത്തിലാണ് പരിശുദ്ധാത്മസ്നാനാനന്തരം കെ.ഇ. ഏബ്രഹാം കൂട്ടായ്മയ്ക്കായി പൊയ്ക്കൊണ്ടിരുന്നത്. ഏറെത്താമസിയാതെ വെട്ടിയാറ്റ് പെന്തെക്കോസ്തിന്റെ അഗ്നി കൂടുതൽ ശക്തിയോടെ ആളിപ്പടരുകയും പലരും പരിശുദ്ധാത്മസ്നാനം പ്രാപിക്കുകയും ചെയ്തു. ചിലർ പുതുതായി സ്നാനപ്പെടുവാനും ഇത് മുഖാന്തരമായി.

അന്ന് (1923 സെപ്റ്റംബർ 30) കെ.ഇ. ഏബ്രഹാമിന്റെ കൈക്കീഴിൽ സ്നാനമേറ്റ ആദ്യത്തെയാൾ കാവിൽ യോഹന്നാച്ചന്റെ മകൻ സാമുവേൽ ആയിരുന്നു. (പിന്നീട് ഐ.പി.സി. ജനറൽ സെക്രട്ടറിയായിത്തീർന്ന പാസ്റ്റർ കെ.ജെ. സാമുവേൽ) അപ്പോൾ സാമുവേലിനു പത്തു വയസ്സ്. പത്തുവയസ്സുകാരനെ സ്നാനപ്പെടുത്തുന്നതിൽ ഔചിത്യം തേടിയ കെ.ഇ. ഏബ്രഹാമിനോട്, "താൻ രക്ഷിക്കപ്പെട്ടിട്ട് ഒരു വർഷം കഴിഞ്ഞെന്നും രക്ഷിക്കപ്പെട്ടവരെ സ്നാനപ്പെടുത്തുന്നത് താമസിപ്പിക്കാൻ വേദപുസ്തകത്തിൽ ആധാരമുണ്ടോ" യെന്നും 'സാമുവേൽ ബാലകൻ' ചോദിച്ചത്രേ. കെ. ഇ. ഏബ്രഹാം സന്തോഷത്തോടെ ആ ബാലനെ സ്നാനപ്പെടുത്തി. പരിശുദ്ധാത്മസ്നാനം പ്രാപിച്ചശേഷം അദ്ദേഹം ആദ്യമായി നടത്തുന്ന സ്നാനശുശ്രൂഷയായിരുന്നു അത്.

**പന്തളം**

ബർഗ് സായ്പിന്റെ യോഗങ്ങളിൽ ഉണർത്തപ്പെട്ട മറ്റൊരു പ്രമുഖസ്ഥലമായിരുന്നു പന്തളം. പ്രഗത്ഭനായ പന്തളം മത്തായി ഉപദേശി ഈ യോഗങ്ങളുടെ ആദ്യഫലമാണ്. എങ്കിലും സഞ്ചാരസുവിശേഷകനായ ഉപദേശി തന്റെ പ്രവർത്തനമേഖലയായി തെരഞ്ഞെടുത്തത് തെക്കൻ തിരുവിതാംകൂറായിരുന്നതിനാൽ, ബർഗ് സായ്പിന്റെ കാലത്ത് പന്തളത്തുണ്ടായ പ്രവർത്തനം നിലനിർത്തുന്നതിനോ, വിപുലമാക്കുന്നതിനോ അദ്ദേഹത്തിനു കഴിഞ്ഞിരുന്നില്ല. എന്നാൽ ഇരുപതുകളുടെ ആരംഭത്തോടെ വീണ്ടും പന്തളത്ത് പൂർണ്ണസുവിശേഷ സത്യങ്ങളോടുള്ള ആഭിമുഖ്യം വർദ്ധിക്കുകയും പഴയ പെന്തെക്കോസ്തുകാർക്ക് തങ്ങളുടെ ആത്മീയ അനുഭവങ്ങളെ സജീവമാക്കുന്നതിനുള്ള അഭിവാഞ്ഛ ഉണരുകയും ചെയ്തു. കുളനടയുള്ള തന്റെ

ഭവനത്തിൽ സഭാരാധന തുടങ്ങുവാൻ പന്തളം മത്തായി ഉപദേശി തീരുമാനിച്ചു. കെ. ഇ. ഏബ്രഹാം പരിശുദ്ധാത്മ സ്നാനം പ്രാപിച്ച് പെന്തെക്കോസ്തനു ഭവസ്ഥനായിത്തീർന്നതിനാൽ മത്തായി ഉപദേശിയുടെ അഭാവത്തിലും പന്ത ളത്തെ കൂടിവരവിനു ഭംഗം ഉണ്ടായില്ല. മാത്രമല്ല കെ. ഇ. ഏബ്രഹാം, 'ആൻഡേ ഴ്സൺ ചർച്ച് ഓഫ് ഗോഡു'മായി ചേർന്നു പ്രവർത്തിച്ചിരുന്ന സമയത്തു സ്നാനപ്പെടുത്തിയ പുന്തല പുതുശ്ശേരിൽ ശീമോച്ചൻ എന്നയാളും ആയിടെ പരിശു ദ്ധാത്മസ്നാനം പ്രാപിച്ചത് സഭയ്ക്ക് കൂടു തൽ ഉത്തേജനം നൽകി. (പിന്നീട് അദ്ദേഹം ഇന്ത്യാ ദൈവസഭയിലെ പ്രഗത്ഭനായ ഒരു സുവിശേഷകനായി.)

**ഇലന്തൂർ**

ബർഗ് സായ്പിന്റെ കാലത്ത് പെന്തെ ക്കോസ്ത് വിശ്വാസമംഗീകരിച്ച ഒരു ചെറിയ കൂട്ടം ഇലന്തൂരിൽ ഉണ്ടായിരുന്നു. മുളക്കുഴ സഭ പെന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ചതറിഞ്ഞ് അവരിൽ ചിലർ അവിടെച്ചെന്ന് സഭാരാധന കൂടി പോന്നു. എന്നാൽ ഇലന്തൂരിൽ തന്നെ ഒരു സഭാരാധന തുടങ്ങാൻ കെ. ഇ. ഏബ്രഹാം അവർക്ക് പ്രേരണ നൽകി. ഇടയ്ക്കിടെ അദ്ദേഹം അവിടെ ചെന്ന് യോഗങ്ങൾ നടത്തിയിരുന്നു. എങ്കിലും ഇലന്തൂർ സഭ വേണ്ടത്ര പുഷ്ടി പ്രാപി ച്ചില്ല. പിന്നീട് വാര്യാപുരം സഭ ആരംഭി ച്ചപ്പോൾ വിശ്വാസികൾ പലരും ആ സഭ യോടു ചേർന്നു.

**കടമ്പനാട്**

പന്തളം മത്തായി ഉപദേശി കടമ്പനാട് വടക്കുഭാഗത്ത് ഒരു പെന്തെക്കോസ്ത് കൂടിവരവ് നടത്തിയിരുന്നു. മിക്കപ്പോഴും തെക്കൻതിരുവിതാംകൂറിലും തമിഴ്നാ ട്ടിലും സഞ്ചരിച്ചിരുന്ന മത്തായി ഉപദേ ശിക്ക് കടമ്പനാട്ടെ സഭാരാധന തുടർച്ച യായി നടത്തിക്കൊണ്ടു പോകുവാൻ കഴി ഞ്ഞിരുന്നില്ല. അങ്ങനെ അദ്ദേഹം സ്ഥല ത്തില്ലാത്ത ഞായറാഴ്ചകളിൽ കെ.ഇ. ഏബ്രഹാം അവിടെ യോഗങ്ങൾ നടത്തു വാൻ ചെല്ലുമായിരുന്നു.

പിന്നോക്കക്കാരായ ആളുകളായിരുന്നു സഭാവിശ്വാസികളിൽ കൂടുതൽ പേരും. ഒരു ദിവസം സഭായോഗാനന്തരം എലി സബേത്ത് എന്ന കുഷ്ഠരോഗിണി തനിക്കു വേണ്ടി പ്രാർത്ഥിക്കണമെന്നാവ ശ്യപ്പെട്ട് കെ.ഇ. ഏബ്രഹാമിന്റെ അരികി ലെത്തി. അദ്ദേഹം അവളുടെ മേൽ കൈവെച്ച് രോഗസൗഖ്യത്തിനായി പ്രാർത്ഥിച്ചു. ചില ആഴ്ചകൾക്കുള്ളിൽ എലിസബേത്ത് പൂർണ്ണസൗഖ്യം പ്രാപി ച്ചു. ഇത് നാട്ടുകാരായ പലരേയും ചിന്തി പ്പിക്കുകയും പെന്തെക്കോസ്ത് വിശ്വാസ ത്തിലേക്കാകർഷിക്കുകയും ചെയ്തു. പന്തളം മത്തായി ഉപദേശിയുടെ നേതൃ ത്വത്തിലുണ്ടായിരുന്ന ഈ സഭ പിന്നീട് നെല്ലിമുകൾ ഐ.പി.സി. യിൽ ചേരുക യുണ്ടായി.

**മിഷനറിമാരുമായി ബന്ധപ്പെടുന്നു**

പരിശുദ്ധാത്മസ്നാനം പ്രാപിച്ചു മാസ ങ്ങൾക്കുള്ളിൽ കെ.ഇ. ഏബ്രഹാം മിഷ നറിമാരായ ആർ. എഫ്. കുക്ക്, മേരി ചാപ്മാൻ എന്നിവരെ പരിചയപ്പെട്ടു. അന്ന് കുക്ക് കൊട്ടാരക്കരയിലും ചാപ്മാൻ തിരുവനന്തപുരത്തും താമസിക്കുകയായി രുന്നു. തങ്ങളുമായി സഹകരിച്ചു പ്രവർത്തിക്കണമെന്ന് രണ്ട് മിഷനറിമാരും അദ്ദേഹത്തോടഭ്യർത്ഥിച്ചു. കൊട്ടാരക്കര യിൽ കുക്ക് സംഘടിപ്പിച്ച ശാബത് ഖണ്ഡന വേദിയിൽ കെ.ഇ. ഏബ്രഹാം പ്രസംഗിച്ചത് അദ്ദേഹത്തിന്റെ ആത്മകഥ യിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അക്കാ ലത്തെ ഒരു പ്രധാന പ്രചരണ രീതിയാ യിരുന്നല്ലോ ഖണ്ഡന പ്രസംഗങ്ങൾ.

മേരി ചാപ്മാനുമായും കെ. ഇ.

ഏബ്രഹാം നല്ല ബന്ധം പുലർത്തിയിരുന്നു. 1924-ൽ മദ്ധ്യതിരുവിതാംകൂറിലുടനീളമുണ്ടായ വെള്ളപ്പൊക്ക ദുരിതത്തിൽ (99 ലെ വെള്ളപ്പൊക്കം) കഷ്ടമനുഭവിക്കുന്ന ജനങ്ങളെ സഹായിക്കാനായി താൻ ചെങ്ങന്നൂരിലേക്ക് വരുവാനാഗ്രഹിക്കുന്നുവെന്ന് ചാപ്മാൻ കെ.ഇ. ഏബ്രഹാമിനെ അറിയിച്ചു. അദ്ദേഹമാണ് അവർക്ക് ചെങ്ങന്നൂരിൽ താമസ സൗകര്യം ഏർപ്പാടു ചെയ്തുകൊടുത്തത്.

1924-ൽ അസംബ്ലീസ് ഓഫ് ഗോഡിന്റെ ഫോറിൻ മിഷൻ പ്രതിനിധിയായി റവ. വില്യം ഫോക്സ് ഇന്ത്യയിലെത്തി. മദ്ധ്യതിരുവിതാംകൂറിൽ പല സ്ഥലങ്ങളിലും അദ്ദേഹം യോഗങ്ങൾ നടത്തി. അന്ന് മെയ്സായ്പ് കല്ലിശ്ശേരിക്കു സമീപം മഴുക്കീറിലും മിസിസ് ചാപ്മാൻ ചെങ്ങന്നൂരിലും താമസിക്കുകയായിരുന്നു. ഈ രണ്ടു പേരുടെയും വാസസ്ഥലങ്ങളിൽ റവ. ഫോക്സ് യോഗങ്ങൾ നടത്തി. (ഈ യോഗങ്ങളിൽവെച്ചാണ് എ.സി. സാമുവേൽ പരിശുദ്ധാത്മസ്നാനം പ്രാപിക്കുന്നത്.)

### പൊയ്കയിൽ യോഹന്നാൻ ഉപദേശിയുടെ ആസ്ഥാനത്ത്

വിയോജിത വിശ്വാസിയായിരുന്ന കെ.ഇ. ഏബ്രഹാം പരിശുദ്ധാത്മസ്നാനം പ്രാപിച്ചതറിഞ്ഞ് യോഹന്നാനുപദേശി തന്റെ സ്ഥാപനങ്ങളിൽ അദ്ദേഹത്തെയും വിളിച്ച് യോഗങ്ങൾ നടത്തി. നാട്ടുകാരനായ ഒരാളിൽനിന്നും പരിശുദ്ധാത്മസ്നാനാനുഭവത്തെപ്പറ്റിയുള്ള വിശദീകരണങ്ങൾ ലഭിച്ചത് അവരെ ഏറെ സന്തോഷിപ്പിച്ചു. എന്നാൽ പിന്നോക്കവർഗ്ഗക്കാരായ പി.ആർ.ഡി.എസ്.കാരുടെയിടയിൽ പെന്തെക്കോസ്തു പ്രവർത്തനം പിന്നീട് ശക്തമായില്ല. കാലക്രമേണ യോഹന്നാൻ ഉപദേശിയെ അനുയായികൾ ദൈവത്തിന്റെ അവതാരമായി കണക്കാക്കി ആരാധിക്കുകയും അവർ ഒരു ദുരുപദേശ സംഘമായി അധഃപതിക്കുകയും ചെയ്തു.

### വിയോജിത നേതാക്കൾ പെന്തെക്കോസ്ത് വിശ്വാസം സ്വീകരിക്കുന്നു

1923 മുതൽ വിയോജിത സംഘങ്ങളിൽനിന്ന് പ്രത്യേകിച്ച് മഹാകവി കെ.വി. സൈമണോട് ചേരാതെനിന്ന സ്വതന്ത്ര വിയോജിത ഗ്രൂപ്പുകളിൽനിന്ന് പലരും പെന്തെക്കോസ്ത് വിശ്വാസത്തിലേക്ക് ആകർഷിക്കപ്പെട്ടു. വിയോജിത പ്രസ്ഥാനത്തിലെ അംഗീകരിക്കപ്പെട്ട സുവിശേഷകനായിരുന്ന കെ.ഇ. ഏബ്രഹാം പരിശുദ്ധാത്മസ്നാനം പ്രാപിച്ചത് പലരേയും ഈ പുതുവിശ്വാസത്തിലേക്കാകർഷിക്കാൻ കാരണമായി.

സ്വതന്ത്ര വിയോജിത സംഘങ്ങളുടെ ക്ഷണമനുസരിച്ച് 1923-ൽ റവ. കുക്ക് റാന്നിയിൽ ചില യോഗങ്ങൾ സംഘടിപ്പിക്കുകയും പല വിയോജിതരും പെന്തെക്കോസ്ത് വിശ്വാസത്തിലേക്ക് ആകർഷിക്കപ്പെടുകയും ചെയ്തിരുന്നു. പിറ്റെ വർഷം അദ്ദേഹം അമേരിക്കയിലേക്ക് മടങ്ങിപ്പോയപ്പോൾ വിയോജിതരുടെ ഇടയിലെ പ്രവർത്തനം സ്വാഭാവികമായും കെ.ഇ. ഏബ്രഹാമിന്റെ കൈകളിൽ വന്നുവീണു. ആത്മസ്നാനാനുഭവത്തിനു മുമ്പ് വിയോജിതസംഘത്തിലായിരുന്നപ്പോൾ റാന്നിയിലും മറ്റും പ്രവർത്തിച്ചുള്ള പരിചയം അദ്ദേഹത്തെ ഈ പുതുദൗത്യ നിർവ്വഹണത്തിന് ഏറെ സഹായിച്ചു.

വിയോജിത സംഘങ്ങളിൽപ്പെട്ട പലരും പരിശുപദ്ധാത്മസ്നാനം പ്രാപിച്ചതോടെ പെന്തെക്കോസ്തിന് ഒരു പുത്തനുണർവ്വു സംജാതമായി. ആത്മസ്നാനുഭവസ്ഥരിൽ പലരും വിയോജിത സംഘങ്ങളിലെ സുവിശേഷകരായിരുന്നു. അവർ ഈ പുത്തനനുഭവം വർദ്ധിച്ച ഉത്സാഹത്തോടെ ജനസമൂഹങ്ങളിലേക്ക് വ്യാപി

## പാസ്റ്റർ കുക്കും ജോർജ് ബർഗ്ഗും ഒരുമിച്ച് കേരളത്തിലുണ്ടായിരുന്നോ?

*കുക്ക് സായ്പിന്റെ ജീവചരിത്രഗ്രന്ഥത്തിൽ ബർഗ് സായ്പുമായുള്ള അദ്ദേഹത്തിന്റെ ബന്ധം പ്രത്യക്ഷനിലയിൽ പറയുന്നത് ഒഴിവാക്കിയിരിക്കയാണ്. ചരിത്രപഠിതാവിനെ ഇത് പല നിലയിൽ വെട്ടിലാക്കുന്നു.*

*1913-ൽ ജോർജ് ബർഗ്ഗിനോടൊപ്പം ഇന്ത്യയിലെത്തി, ഊട്ടിയിൽ കുറെ ദിവസം താമസിച്ചശേഷം, തമ്മിൽ പിരിഞ്ഞുവെന്നാണ് കുക്ക് സായ്പ് തന്റെ ആത്മകഥയായ ഡിവൈൻ ലീഡിംഗ്സിൽ പറയുന്നത്. 1914 ജനുവരിയിൽ റവ. കമ്മിൻസിനോടൊപ്പമാണ് കേരളത്തിലെത്തിയതെന്നു അദ്ദേഹം പറയുന്നു.*

*എന്നാൽ, കുക്കും ബർഗ്ഗും ഒരുമിച്ചു കേരളത്തിലുണ്ടായിരുന്നുവെന്നു അക്കാലത്തെ ഓർമ്മക്കുറിപ്പുകളിൽ ചിലർ രേഖപ്പെടുത്തുന്നു. പ്രത്യേകിച്ച്, ഇലന്തൂരിലും വെട്ടിയാറ്റും മറ്റും അവരൊരുമിച്ച് യോഗങ്ങൾ നടത്തിയിട്ടുണ്ടത്രേ.*

*എന്തായാലും നമുക്ക് ഒരു കാര്യത്തിലും തീർപ്പു കൽപ്പിക്കാനാവാത്ത നിലയാണ്. ഒരു പക്ഷെ കുക്ക് സായ്പ് മനഃപൂർവ്വം ബർഗ്ഗിന്റെ സഹകരണം അവഗണിച്ചതാവാം (അവർ തമ്മിൽ രസത്തിലല്ല പിരിഞ്ഞതെന്ന ധാരണ ഡിവൈൻ ലീഡിംഗ്സ് തരുന്നുണ്ട്) അതല്ലെങ്കിൽ ബർഗ്ഗും കുക്ക് സായ്പും അടുത്തടുത്ത കാലങ്ങളിൽ നടത്തിയ യോഗങ്ങൾ അവരൊന്നിച്ചുണ്ടായിരുന്നതായി സാക്ഷികളുടെ ഓർമ്മകളിൽ തെളിയുന്നതാവാം. ആദ്യത്തേതിനാണു സാധ്യത കൂടുതൽ.*

പ്പിച്ചു. അവരുടെ എരിവേറിയ പ്രവർത്തനമാണ് ഒന്നോ രണ്ടോ വർഷങ്ങൾക്കുള്ളിൽ സുറിയാനി ക്രൈസ്തവരുടെയിടയിൽ പെന്തെക്കോസ്ത് സന്ദേശം വ്യാപകമായി പ്രചരിക്കുവാൻ കാരണം.

**എ. ജെ. ജോൺ**

പെന്തെക്കോസ്ത് വിശ്വാസത്തിലേക്ക് ആകർഷിക്കപ്പെട്ട വിയോജിത നേതാക്കളിൽ പ്രായംകൊണ്ടും പരിചയംകൊണ്ടും ഏറ്റവും സീനിയർ പുത്തൻകാവ് സ്വദേശിയായ പാസ്റ്റർ എ.ജെ. ജോൺ ആയിരുന്നു. അദ്ദേഹം കൊട്ടാരക്കര തൃക്കണ്ണമംഗൽ ഹൈസ്ക്കൂളിൽ അദ്ധ്യാപകനായിരിക്കുമ്പോൾ കുമ്പനാട്ടച്ചന്റെ (പാസ്റ്റർ പി.ഇ. മാമ്മൻ) കൈക്കീഴിൽ 1909 സെപ്റ്റംബർ 6നു കല്ലടയാറ്റിൽ ഏനാത്ത് കടവിൽ സ്നാനമേറ്റയാളാണ്. അന്നു മുതൽ മദ്ധ്യതിരുവിതാംകൂറിന്റെ പല ഭാഗങ്ങളിലും അദ്ദേഹം വിയോജിത വിശ്വാസത്തിന്റെ പ്രചാരകനായി പ്രവർത്തിച്ചിരുന്നു.

1918 മുതൽ എ.ജെ. ജോൺ അദ്ധ്യാപകവൃത്തി ഉപേക്ഷിച്ച് മാവേലിക്കര മറ്റം ഭാഗത്ത് സുവിശേഷകനായി പ്രവർത്തിക്കുകയായിരുന്നു. 1923-ൽ അദ്ദേഹം ആർ.എഫ്. കുക്കിനെ വിളിച്ച് മാവേലിക്കരയിൽ ഒരു പരസ്യയോഗം നടത്തി. ഈ യോഗങ്ങൾ മുഖാന്തരം എ.ജെ. ജോണും അദ്ദേഹത്തിന്റെ സഭയും പെന്തെക്കോസ്ത് വിശ്വാസത്തിലേക്ക് ആകർഷിക്കപ്പെട്ടു. അങ്ങനെയിരിക്കെ

യാണ് കെ.ഇ. ഏബ്രഹാം ആത്മസ്നാനം പ്രാപിക്കുന്നത്. വിയോജിത സംഘത്തിലായിരുന്നപ്പോൾ അവരൊരുമിച്ച് പല സ്ഥലങ്ങളിലും പ്രവർത്തിച്ചിരുന്നു. ആത്മസ്നാനാനന്തരം കെ. ഇ. ഏബ്രഹാം രചിച്ച 'പരിശുദ്ധാസ്നാനം' എന്ന പുസ്തകം വായിച്ച എ. ജെ. ജോൺ അദ്ദേഹത്തെ മാവേലിക്കരയിൽ ഒരു കാത്തിരിപ്പു യോഗത്തിനായി ക്ഷണിച്ചു. 1924 നവംബർ 27 മുതൽ 30 വരെ നടന്ന ആ യോഗങ്ങൾ മുഖാന്തരം മാവേലിക്കര വിയോജിതസഭയിലെ പല അംഗങ്ങളും പരിശുദ്ധാത്മ ശക്തിക്കധീനരായി. മാവേലിക്കര വിയോജിതസഭ പെന്തെക്കോസ്തിനെ സ്വീകരിക്കുകയായിരുന്നു.

അതേവർഷം തന്നെ മിസിസ് ചാപ്മാൻ, റവ. സ്പെൻസർ മെയ് തുടങ്ങിയവരെയും, എ.ജെ. ജോൺ, മാവേലിക്കരയിൽ വിളിച്ച് യോഗങ്ങൾ നടത്തി. കെ.ഇ. ഏബ്രഹാമും ഒരു പ്രധാന പ്രസംഗകനായിരുന്നു. ഈ യോഗങ്ങൾ മുഖാന്തരം ചിലർ സ്നാനമേറ്റതോടെ തദ്ദേശവാസികളായ പലരും പ്രസംഗകരെ ഉപദ്രവിക്കാൻ മുതിർന്നു. രാത്രിയോഗം കഴിഞ്ഞ് ഒരു ദിവസം കെ. ഇ. ഏബ്രഹാം താമസസ്ഥലത്തേക്ക് മടങ്ങുമ്പോൾ ചില യുവാക്കൾ അദ്ദേഹത്തെ അനുഗമിച്ചു. അവരിലൊരാൾ പെട്ടെന്ന് കെ.ഇ. ഏബ്രഹാമിനെ ആക്രമിച്ചുവെങ്കിലും അദ്ദേഹം അത്ഭുതകരമായി രക്ഷപ്പെട്ടു.

**പാസ്റ്റർ കെ.സി. ചെറിയാൻ**

കെ.ഇ. ഏബ്രഹാമിനെപ്പോലെ തന്നെ യാക്കോബായ സഭയിൽനിന്നും വിയോജിത വിശ്വാസത്തിലേക്കും പിന്നെ പെന്തെക്കോസ്തനുഭവത്തിലേക്കും വന്ന വ്യക്തിയായിരുന്നു മെഴുവേലി സ്വദേശിയായ പാസ്റ്റർ കെ.സി. ചെറിയാൻ. വിയോജിത സഭാ പ്രവർത്തനകാലത്തുതന്നെ കെ. ഇ. ഏബ്രഹാമുമായി സഹകരിച്ചുപോന്ന ചെറിയാൻ പരിശുദ്ധാത്മസ്നാനത്തിനുശേഷം പെന്തെക്കോസ്ത് പ്രവർത്തനങ്ങളിലും അദ്ദേഹത്തിന്റെ കൂട്ടാളിയായിരുന്നു.

മുത്താംപാക്കൽ കൊച്ചുകുഞ്ഞുപദേശിയുടെ യോഗത്തിൽവച്ചാണ് ചെറിയാൻ രക്ഷിക്കപ്പെടുന്നത്. താമസിയാതെ, അന്ന് വേർപാട് വിശ്വാസത്തിലായിരുന്ന കെ.ഇ. ഏബ്രഹാമിന്റെ കൈക്കീഴിൽ സ്നാനമേറ്റു. കെ. ഇ. ഏബ്രഹാം പരിശുദ്ധാത്മസ്നാനം പ്രാപിച്ചപ്പോൾ ചെറിയാൻ ആത്മസ്നാനത്തോടും അന്യഭാഷയോടും വിരുദ്ധഭാവമാണ് പുലർത്തിയിരുന്നത്. എന്നാൽ പിന്നീട് ഈ വിഷയത്തെപ്പറ്റി അവർ തമ്മിൽ സംസാരിക്കുകയും 1924 നവംബറിൽ കെ.സി. ചെറിയാൻ കാത്തിരുന്ന് പരിശുദ്ധാത്മസ്നാനം പ്രാപിക്കുകയും ചെയ്തു. പിന്നീട് ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ രൂപീകരണത്തിലും വളർച്ചയിലും പ്രധാന പങ്കുവഹിക്കാൻ ദൈവം അദ്ദേഹത്തെ പ്രാപ്തനാക്കി. സംഘടനാതലത്തിലാണ് കെ.ഇ. ഏബ്രഹാം മികവു കാട്ടിയതെങ്കിൽ, കെ.സി. ചെറിയാൻ പെന്തെക്കോസ്ത് ലോകത്തിലെ കറതീർന്ന മുന്നണിപ്പോരാളിയായിരുന്നു.

**കെ.സി. ഉമ്മൻ**

കൊടുന്തറ ഉമ്മച്ചൻ എന്ന പേരിൽ അറിയപ്പെട്ടിരുന്ന കെ.സി. ഉമ്മൻ കുക്ക് സായ്പിനോടൊപ്പം അദ്ദേഹത്തിന്റെ കാര്യസ്ഥനായി ജോലിക്ക് പ്രവേശിച്ചെങ്കിലും വേർപാട് വിശ്വാസത്തിൽ തുടരാൻ ഇഷ്ടപ്പെട്ടയാളാണ്. എന്നാൽ, 1923-ൽ കുക്ക് സായ്പിന്റെ പ്രാർത്ഥനയാൽ ഉമ്മച്ചനു ലഭിച്ച ഒരു അത്ഭുതരോഗശാന്തി മുഖാന്തരം അദ്ദേഹം പെന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ചു.

1923-ൽ കുക്ക് സായ്പ് കുമ്പനാട്ടു വന്ന സമയത്തു പിന്നോക്കക്കാരുടെയിട

98

# കുഷ്ഠരോഗിയോടൊപ്പം തിരുവത്താഴം

*1917-ലെ കൊയ്ത്തുകാലം,*

*കുക്ക് സായ്പിന്റെ തിരുവിതാംകൂർ പ്രവർത്തനത്തിന്റെ കേന്ദ്രം അന്ന് തുവയൂരാണ്. തുവയൂർ സഭയിലെ ചിലരുടെ ഉത്സാഹത്താൽ അവിടന്ന് 15 മൈൽ ദൂരെയുള്ള ശൂരനാട്ട് ഒരു സുവിശേഷയോഗം സംഘടിപ്പിക്കപ്പെട്ടു. സുവിശേഷത്തിനും, അതൊരു കൊയ്ത്തുത്സവമായിരുന്നു. 86 പേരെയാണ് അന്ന് കുക്ക് സായ്പ് സ്നാനപ്പെടുത്തിയത്.*

*തൊഴിലാളികളായിരുന്ന അവരിൽ ഭൂരിഭാഗവും. സ്നാനമേൽക്കാൻ അർദ്ധനഗ്നരായി വെള്ളത്തിലിറങ്ങിയ അവരിൽ പലരും വിറയ്ക്കുന്നുണ്ടായിരുന്നു. 86 പേരെയും സ്നാനപ്പെടുത്തുംവരെ നെഞ്ചറ്റം വെള്ളത്തിൽ നിന്ന കുക്ക് സായ്പിന്റെ കാര്യം പറയേണ്ടതുണ്ടോ?*

*ഹിന്ദുക്കളുൾപ്പെടെ ശൂരനാട് ദേശത്തെ ബഹുശതം ജനങ്ങൾ അവർക്കന്യമായ ഈ ആചാരം കാണാൻ തടിച്ചുകൂടിയിരുന്നു. സ്നാനം കാംക്ഷിച്ച് മുന്നോട്ടുവന്നവരിൽ ഒരു വ്യക്തിയെ കണ്ടപ്പോൾ കാഴ്ചക്കാരിൽ പെട്ടെന്നൊരമ്പരപ്പ് പടർന്നു. കാരണം അയാളൊരു കുഷ്ഠരോഗിയായിരുന്നു. വൃണം വന്ന് പഴുത്ത കൈയ്യും മുഖവും ശരീരവും ഒളിപ്പിക്കാനാവാതെ അയാൾ പാടുപെട്ടു.*

*കുക്ക് സായ്പും ആദ്യമൊന്നമ്പരന്നു. വിശ്വാസത്തിന്റെയും, വിശ്വാസ്യതയുടെയും പരീക്ഷണമാണ് മുന്നിൽ. കുഷ്ഠരോഗിക്കുവേണ്ടി പ്രാർത്ഥിക്കുകയെന്നത് അത്ര വിഷമമുള്ള കാര്യമൊന്നുമല്ല. എന്നാൽ അയാളെ സ്നാനപ്പെടുത്തുവാൻ സ്നാപകനു രണ്ടാമതൊന്ന് ആലോചിക്കേണ്ടി വരും. എന്നാൽ കുക്ക് സായ്പ് രണ്ടാമതാലോചിച്ചില്ല. പഴുത്തു നാറുന്ന അയാളുടെ കരങ്ങൾ കൂട്ടിപ്പിടിച്ച് പ്രാർത്ഥനയോടെ സ്നാനപ്പെടുത്തുകതന്നെ ചെയ്തു. കാഴ്ചക്കാരായ ഹൈന്ദവർക്ക് സായ്പ് വിശ്വാസയോഗ്യനായി.*

*സ്നാനത്തിനുശേഷം തിരുവത്താഴമെന്നത് പെന്തെക്കോസ്തുകാരുടെ ഇന്നുമുള്ള പതിവാണല്ലോ. 1917-ൽ ശൂരനാട് സഭയിലും സ്നാനാനന്തരം തിരുവത്താഴ ശുശ്രൂഷ നടന്നു. സ്നാനപ്പെട്ടവരെല്ലാം ആ ശുശ്രൂഷയിൽ പങ്കെടുത്തു... കുഷ്ഠരോഗിയായ ആ സഹോദരനുൾപ്പെടെ ! വിരലുകളറ്റ തന്റെ കൈപ്പത്തികൊണ്ട് അയാൾ അപ്പം മുറിച്ചെടുത്തപ്പോൾ വിരൂപമായ അയാളുടെ ചുണ്ടുകളിൽ പാനപാത്രം സ്പർശിച്ചപ്പോൾ സ്വർഗ്ഗം തീർച്ചയായും സന്തോഷിച്ചിട്ടുണ്ട്.*

96–൦൦ പേജിൽ നിന്നും...

യിൽ സുവിശേഷപ്രവർത്തനത്തിനു സാഹചര്യമൊരുക്കികൊടുത്തത് ചോതിയും, സുറിയാനി ക്രൈസ്തവരുടെയിടയിൽ യോഗങ്ങൾ നടത്താൻ മുൻകൈയ്യെടുത്തു പ്രവർത്തിച്ചത് കൊടുന്തറ ഉമ്മച്ചനുമായിരുന്നു. അന്ന് ചിലർ പെന്തെക്കോസ്ത് വിശ്വാസത്തിൽ ആകൃഷ്ടരായെങ്കിൽത്തന്നെ ശരിയായ നിലയിൽ ഒരു സഭാരൂപീകരണമുണ്ടായില്ല. മാത്രമല്ല, കെ.സി. ഉമ്മൻ അന്ന് പരിശുദ്ധാത്മസ്നാനം പ്രാപിച്ചിരുന്നുമില്ല.

1924–ൽ ചെങ്ങന്നൂരിൽ റവ. ഫോക്സ് നടത്തിയ ഉണർവ്വുയോഗങ്ങളിൽ കുമ്പനാട്ടും നിന്നും എത്തിയ പലരും ആത്മസ്നാനം പ്രാപിച്ചത് കുമ്പനാട്ടെ പെന്തെക്കോസ്ത് പ്രവർത്തനങ്ങൾക്ക് സഹായകരമായി. ബ്രദർ എ.സി. സാമുവേലും മറ്റും അന്ന് ഫോക്സിന്റെ യോഗത്തിൽ പരിശുദ്ധാത്മസ്നാനം പ്രാപിച്ചവരാണ്. എങ്കിലും സഭാരൂപീകരണം നടക്കുന്നത് കെ.സി. ഉമ്മന്റെ പരിശുദ്ധാത്മസ്നാനപ്രാപ്തിക്കു ശേഷമാണ്.

1925 ഏപ്രിൽ 12 നാണ് കെ.സി. ഉമ്മൻ പരിശുദ്ധാത്മസ്നാനം പ്രാപിക്കുന്നത്. സ്വന്തം ഭവനത്തിൽ നടന്ന പ്രഭാത പ്രാർത്ഥനയിൽ ! അന്ന് അതിഥികളായെത്തിയിരുന്ന കെ.ഇ. ഏബ്രഹാമിന്റേയും, എ. സി. സാമുവേലിന്റെയും സാന്നിധ്യത്തിൽ!

തന്റെ ആത്മസ്നാനുഭവത്തെപ്പറ്റി കെ.സി. ഉമ്മൻ സ്വന്തം ഡയറിയിൽ ഇങ്ങനെ എഴുതിയിരിക്കുന്നു:

“സന്തോഷത്തിന്റെ ദിവസം. ഞാൻ പരിശുദ്ധാത്മസ്നാനം പ്രാപിച്ചു.... അതിരാവിലെ ഞങ്ങളെഴുന്നേറ്റ് പ്രാർത്ഥന കഴിഞ്ഞു. അതിന്റെ ശേഷം മുറിയിൽ കടന്ന് പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ ഉണ്ണൂണ്ണി സഹോദരൻ എന്റെ തലമേൽ കൈവെച്ച് പ്രാർത്ഥിക്കുകയും പരിശുദ്ധാത്മശക്തി എന്നെ ഭരിക്കുകയും ചെയ്യുമ്പോൾ പരിശുദ്ധാത്മാവ് എന്റെ നാവിനെയെടുക്കുകയും ഞാൻ അന്യഭാഷയിൽ സംസാരിക്കുകയും ചെയ്തു.”

## എ.സി. സാമുവേൽ

കുമ്പനാട് അടപ്പനാംകണ്ടത്തിൽ കുടുംബാംഗവും കോയിപ്രം വേർപാടു സഭാംഗവുമായിരുന്ന എ.സി. സാമുവേലിനെ പെന്തെക്കോസ്ത് വിശ്വാസത്തിലേക്കു നയിക്കുന്നത്, അദ്ദേഹത്തിന്റെ ആത്മ സുഹൃത്തും, കുക്കു സായ്പിനോടൊന്നിച്ച് പ്രവർത്തിച്ചിരുന്ന വ്യക്തിയുമായിരുന്ന കൊടുന്തറ ഉമ്മച്ചനാണ്. 1924–ൽ അമേരിക്കയിലെ അസംബ്ലീസ് ഓഫ് ഗോഡ് മിഷൻ സെക്രട്ടറിയായിരുന്ന റവ. വില്യം ഫോക്സ് ചെങ്ങന്നൂരിൽ (മഴുക്കീർ) സ്പെൻസർ മേയുടെ സ്ഥലത്തു നടത്തിയ യോഗത്തിൽവെച്ച് എ.സി. സാമുവേൽ ആത്മസ്നാനാനുഭവം പ്രാപിച്ചു. ഇദ്ദേഹം പിന്നീട് എ.ജി.യുടെ പ്രവർത്തനങ്ങൾക്ക് ദീർഘകാലം നെതൃത്വം കൊടുത്തു.

## പി.വി. ജോൺ

മാരാമണ്ണിൽ ഒരു സമ്പന്ന ഹൈന്ദവ കുടുംബത്തിലെ അംഗമായിരുന്ന അയ്യാപിള്ള രക്ഷിക്കപ്പെടുകയും 1910–ൽ കണ്ണൂരിൽ വച്ച് ജോൺ എ.ഡി. ഖാന്റെ (ചർച്ച് ഓഫ് ഗോഡ്, ആൻഡേഴ്സൺ) കൈക്കീഴിൽ സ്നാനമേൽക്കുകയും ചെയ്തു. 1918–ൽ മുൻസിഫ് കോടതിയിലെ ക്ലാർക്കുദ്യോഗം രാജിവെച്ച്, ആൻഡേഴ്സൺ ചർച്ച് ഓഫ് ഗോഡ്, സമൂഹത്തിന്റെ പാസ്റ്ററായിത്തീർന്നു. അങ്ങനെയിരിക്കെയാണ് 1924–ൽ ചെങ്ങന്നൂരിൽ മിസിസ് ചാപ്മാന്റെ ആസ്ഥാനത്തിൽ റവ. ഫോക്സ് യോഗങ്ങൾ നടത്തുന്നത്. പാസ്റ്റർ പി.വി. ജോൺ ഈ യോഗങ്ങളിൽ പങ്കെടുക്കുകയും അതേവർഷം പരിശുദ്ധാത്മസ്നാനം പ്രാപിക്കുകയും ചെയ്തു.

അതോടെ അദ്ദേഹം ആൻഡേഴ്സൺ സമൂഹവുമായുള്ള ബന്ധം വിഛേദിക്കുകയും അസംബ്ലീസ് ഓഫ് ഗോഡിന്റെ പ്രവർത്തകനായിത്തീരുകയും ചെയ്തു.

**പി.റ്റി.ചാക്കോ**

പിൽക്കാലത്ത് ആന്ധ്രപ്രദേശിലെ പെന്തെക്കോസ്ത് പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത പാസ്റ്റർ പി.റ്റി. ചാക്കോ പെന്തെക്കോസ്ത് വിശ്വാസത്തിലേക്കു കടന്നുവരുന്നത് 1925ലാണ്. അന്നദ്ദേഹം ഒരു കോളേജ് വിദ്യാർത്ഥിയായിരുന്നു. ഈ സംഭവം പാസ്റ്റർ കെ.ഇ. ഏബ്രഹാം വിവരിക്കുന്നത് ശ്രദ്ധിക്കുക:

"എന്റെ യാത്രാമദ്ധ്യേ കുമ്പനാട് ജംഗ്ഷനു തെക്കുഭാഗത്തുള്ള പ്രൈമറി സ്കൂളിന്റെ പടിക്കൽ രണ്ടു യുവാക്കൾ നിൽക്കുന്നുണ്ടായിരുന്നു. അതിലൊന്ന് മിസ്റ്റർ പി.റ്റി. ചാക്കോച്ചനും മറ്റേത് മിസ്റ്റർ കെ.ജെ. തോമസും (മിസ്റ്റർ കെ.ജെ. ഫിലിപ്പിന്റെ ജ്യേഷ്ഠൻ) ആയിരുന്നു. അവരിരുവരും കോളേജ് വിദ്യാർത്ഥികളും ആത്മിക കാര്യങ്ങളിൽ താൽപര്യം ഉള്ളവരുമാണെന്ന് അവരെക്കുറിച്ചെനിക്ക് കേട്ടറിവ് ലഭിച്ചിരുന്നു. ദൂരവെ അവരെ കണ്ടപ്പോൾ എന്റെ കൈവശമുണ്ടായിരുന്ന പരിശുദ്ധാത്മസ്നാനം എന്ന പുസ്തകത്തിന്റെ ഒരു പ്രതി അവർക്കു കൊടുക്കാൻ ദൈവാത്മാവ് എന്നെ ഉത്സാഹിപ്പിച്ചു. ഞാൻ അടുത്തു ചെന്ന് അഭിവാദ്യം ചെയ്തശേഷം പുസ്തകമെടുത്ത് "ഇതു നിങ്ങൾ വായിച്ചുനോക്കണ"മെന്നു പറഞ്ഞ് മിസ്റ്റർ ചാക്കോയുടെ പക്കൽ കൊടുത്തു "ഇതിനെന്താണ് വില?" എന്ന് മിസ്റ്റർ ചാക്കോച്ചൻ ചോദിച്ചു. അതിനു ദൈവം എന്റെ ഹൃദയത്തിൽ തോന്നിച്ച ഉത്തരം "അതിന്റെ വില നിങ്ങൾതന്നെയാണ്" എന്നായിരുന്നു. അന്ന് രാത്രി കാത്തിരിപ്പുയോഗത്തിൽ പ്രിയ ചാക്കോച്ചനും തന്റെ സ്നേഹിതന്മാരായ ഊന്നുപാറയ്ക്കൽ പാപ്പിച്ചൻ, കുറ്റിയിൽ തോമാച്ചൻ എന്നിങ്ങനെ രണ്ടു സഹോദരന്മാർ കൂടെ വന്നുചേർന്നു...

പിറ്റേദിവസം അതിരാവിലെ ബ്രദർ പി.റ്റി. ചാക്കോച്ചനും കൂടെയുള്ള രണ്ട് സഹോദരന്മാരും അവർക്കപ്പോൾ തന്നെ സ്നാനമേൽക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മടങ്ങിവന്നു... സമീപത്തുള്ള പ്രയാറ്റുകുളത്തിൽ ഇവർ മൂന്നുപേരുടെയും സ്നാനശുശ്രൂഷ നടക്കുകയുണ്ടായി. ഏറ്റം അനുഗ്രഹകരമായ ഒരു ശുശ്രൂഷയായിരുന്നു അത്. പ്രിയ ചാക്കോച്ചൻ സഹോദരനെ നിമജ്ജിച്ചിട്ട് വെള്ളത്തിൽനിന്ന് ഞാൻ മുകളിലേക്ക് ഉയർത്തിയപ്പോൾ, പരിശുദ്ധാത്മാവിന്റെ അതീതമായ ശക്തിക്ക് അധീനനായാണ് താൻ പൊന്തിവന്നത്. ആ രാത്രി നടന്ന കാത്തിരിപ്പുയോഗത്തിൽവച്ച് അന്നു സ്നാനപ്പെട്ട മൂന്നുപേരും മറ്റൊരു സഹോദരനുൾപ്പെടെ നാലു പേർ ആത്മസ്നാനം പ്രാപിച്ചു."

**മദ്ധ്യതിരുവിതാംകൂറിൽ സഭകൾ വർദ്ധിക്കുന്നു**

കുക്ക് സായ്പിന്റെ പ്രവർത്തനത്താൽ ഉടലെടുത്ത സഭകളിൽ ഭൂരിഭാഗവും കൊട്ടാരക്കര, അടൂർ, പുനലൂർ ഭാഗത്തായിരുന്നു. തിരുവല്ല, റാന്നി പ്രദേശങ്ങളിൽ 1923-ൽ മാത്രമാണ് അദ്ദേഹം പ്രവർത്തിച്ചു തുടങ്ങുന്നത്. 1924-ൽ കുക്ക് അമേരിക്കയിലേക്ക് മടങ്ങിപ്പോവുകയും ചെയ്തു. എന്നാൽ 1924 മുതൽ വിയോജിത നേതാക്കളിൽ പലരും പെന്തെക്കോസ്തനുഭവസ്ഥരായത് മദ്ധ്യതിരുവിതാംകൂറിലെ സഭാവളർച്ചയ്ക്ക് മുന്നേറ്റമുണ്ടാക്കി. വിയോജിതസംഘങ്ങൾ പലതും സഭയായിത്തന്നെ പെന്തെക്കോസ്തു മാർഗ്ഗം സ്വീകരിച്ചു.

**മേക്കൊഴൂർ**

കെ.ഇ. ഏബ്രഹാമിന്റെ ആത്മസ്നാനത്തെത്തുടർന്ന് ഇലന്തൂരിൽ പുനരാരംഭിച്ച പെന്തെക്കോസ്ത് കൂട്ടായ്മയിലെ മേക്കൊഴൂർ സ്വദേശികളായ ചിലർ തങ്ങളുടെ നാട്ടിൽ ചില യോഗങ്ങൾ സംഘടിപ്പിച്ചു. ഈ യോഗങ്ങളിൽ പ്രസംഗിക്കുവാനായി അവർ പാസ്റ്റർ കെ.ഇ. ഏബ്രഹാമിനെ ക്ഷണിച്ചു. 1925 ഫെബ്രുവരിയിൽ നടന്ന ഈ യോഗങ്ങൾ മുഖാന്തരം പല വിയോജിതരും പെന്തെക്കോസ്ത് വിശ്വാസത്തിലേക്കാകർഷിക്കപ്പെട്ടു. അന്ന് വിയോജിത സഭയ്ക്ക് പെന്തെക്കോസ്തുപദേശത്തെ നേരിട്ട് ഉൾക്കൊള്ളാനായില്ലെങ്കിലും, പിൽക്കാലത്ത് വിയോജിത സഭാശുശ്രൂഷകനായിരുന്ന സി.എം. വർഗീസ് ഉൾപ്പെടെ സഭയൊന്നാകെ, പെന്തെക്കോസ്ത് വിശ്വാസത്തിലേക്കാകർഷിക്കപ്പെട്ടു.

**റാന്നി**

കുക്ക് സായ്പിന്റെ പ്രവർത്തനത്താൽ പെന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ച റാന്നി പഴവങ്ങാടിക്കരയിലെ സഭയുടെ ക്ഷണമനുസരിച്ച് കെ.ഇ. ഏബ്രഹാം, കെ.സി. ചെറിയാൻ, തുണ്ടത്തിലേത്ത് കീവറീച്ചൻ എന്നിവർ 1925 മാർച്ച് ആദ്യം റാന്നിയിലെത്തി. ഈ യോഗങ്ങളിൽ പങ്കെടുത്ത വിയോജിത സഭക്കാരിൽ പലരും പരിശുദ്ധാത്മസ്നാനം പ്രാപിച്ചു. തുടർന്ന് അവർ എ.ജെ. ജോൺ, കെ.സി. ഉമ്മൻ, എ.സി. സാമുവൽ മുതലായവരെ ക്ഷണിച്ച് അടുത്തുതന്നെ രണ്ടു പ്രാവശ്യം റാന്നിയിൽ യോഗങ്ങൾ നടത്തി.

റാന്നിയിൽ നടന്ന യോഗങ്ങളിൽ ആകൃഷ്ടരായ ചേത്തയ്ക്കൽ വിയോജിതസഭ, കെ.ഇ. ഏബ്രഹാമിനെയും, കെ.സി. ചെറിയാനേയും തങ്ങളുടെ സ്ഥലത്തേക്കു ക്ഷണിച്ച് യോഗങ്ങൾ നടത്തി. ചേത്തയ്ക്കൽ വിയോജിത സഭയൊന്നായി പെന്തെക്കോസ്തനുഭവസ്ഥരാവുകയായിരുന്നു അതിന്റെ പരിണിതഫലം. തുടർന്ന് പൂവൻമല, പുല്ലൻപള്ളി, പറക്കുളം, ഐത്തല വൈക്കം, നെല്ലിക്കമൺ എന്നീ സ്ഥലങ്ങളിലൊക്കെ പെന്തെക്കോസ്ത് വേല വ്യാപിച്ചു. കെ. ഇ ഏബ്രഹാം അന്ന് അദ്ധ്യാപകനായി ജോലി നോക്കിയിരുന്നതിനാൽ അധിക ദിവസങ്ങൾ റാന്നിയിൽ താമസിച്ചു പ്രവർത്തിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. എന്നാൽ, കെ.സി. ചെറിയാനാകട്ടെ നേരത്തേതന്നെ അദ്ധ്യാപകജോലി വിട്ട് മുഴുസമയ സുവിശേഷപ്രവർത്തകനായിത്തീർന്നിരുന്നതിനാൽ ചേത്തയ്ക്കൽ പ്രദേശത്ത് താമസിച്ചു പ്രവർത്തിക്കുവാൻ തീരുമാനിച്ചു. ഈ സമയത്താണ് പി.റ്റി. വർഗീസ് (ചേത്തയ്ക്കൽ കീവറീച്ചൻ), കെ.ഇ. വർഗീസ് (കല്ലൂപ്പാറ പാപ്പച്ചൻ) എന്നീ വിയോജിത പ്രവർത്തകർ പരിശുദ്ധാത്മസ്നാനം പ്രാപിക്കുന്നത്.

1926–ൽ കെ.സി. ചെറിയാൻ കനകപ്പലം, എരുമേലി, വലിയകാവ് എന്നിവിടങ്ങളിലേക്ക് പ്രവർത്തനം വ്യാപിപ്പിച്ചു. ചേത്തയ്ക്കൽ കീവറീച്ചൻ ഈ പ്രവർത്തനങ്ങളിലൊക്കെ അദ്ദേഹത്തിനു കൂട്ടാളിയായിരുന്നു.

**കുമ്പനാട്**

പാസ്റ്റർ കെ.സി. ഉമ്മൻ ആത്മസ്നാനം പ്രാപിച്ചത് കുമ്പനാട്ടെ പെന്തെക്കോസ്ത് പ്രവർത്തനത്തിന് ഒരു വഴിത്തിരിവായി. 1925 ആഗസ്റ്റ് മൂന്നു മുതൽ കുമ്പനാട്ട് ഒരു കാത്തിരിപ്പു യോഗം നടത്തപ്പെട്ടു. ഈ യോഗങ്ങൾ മുഖാന്തരം ബ്രദറൺ–വിയോജിത സംഘങ്ങളിൽപ്പെട്ട പലരും പരിശുദ്ധാത്മസ്നാനം പ്രാപിച്ചു. ഉണർവ്വ് മാർത്തോമ്മാ സഭാംഗങ്ങൾക്കിടയിലേക്കും വ്യാപിച്ചു. ഈ ഉണർവ്വു യോഗങ്ങളെപ്പറ്റി പാസ്റ്റർ കെ.ഇ. ഏബ്രഹാം തന്റെ ആത്മകഥയിൽ ഇങ്ങനെ പ്രസ്താവിക്കുന്നു:

"1100 കർക്കടകം അവസാന സമയങ്ങളിൽ കുമ്പനാട്ടു നടന്ന കാത്തിരിപ്പുയോഗത്തിലെ പരിശുദ്ധാത്മപകർച്ചയെത്തുടർന്ന് ഈ ഉണർവ്വ് കുമ്പനാട്ടും പരിസര പ്രദേശങ്ങളിലും വ്യാപിച്ചു. കണ്ടത്തിൽ കൊച്ചുപാപ്പിച്ചൻ, അഞ്ചനാട്ട് ഉമ്മച്ചൻ, മുളങ്കുഴിയിൽ കുട്ടിയച്ചൻ, മററത്ത് പൊടിയച്ചൻ, വട്ടംപറമ്പിൽ വർക്കിസാർ, മംഗലശ്ശേരിൽ ഉമ്മച്ചൻ, തിക്കോയിപ്പുറത്ത് ഉണ്ണൂണ്ണിച്ചൻ മുതലായ സഹോദരൻമാരും മറ്റും അന്ന് ഈ കൂട്ടായ്മയിലേക്ക് വന്നവരാണ്. കൂടാതെ, 1098-ൽ മിസ്റ്റർ ചോതിയുടെ ക്ഷണപ്രകാരം പാസ്റ്റർ കുക്ക് വെള്ളിക്കരയിൽ യോഗം നടത്തിയ സമയത്ത് അദ്ദേഹത്തിന്റെ കൈക്കീഴിൽ സ്നാനമേറ്റിട്ടു, സ്ഥലത്തൊരു പെന്തെക്കോസ്ത് സഭയില്ലായ്ക കാരണം മാർത്തോമ്മാ സമുദായത്തിൽതന്നെ നിന്നിരുന്ന ആര്യപ്പള്ളിൽ അവറാച്ചൻ സഹോദരനും ഈ ഘട്ടത്തെ തുടർന്ന് പെന്തെക്കോസ്ത് കൂട്ടായ്മയിലേക്കു വന്നു. ദൈവം, ബ്രദർ കെ.സി. ഉമ്മച്ചനെ ശക്തിയായുപയോഗിപ്പാൻ തുടങ്ങി. പ്രവചനം, ആത്മാക്കളെക്കുറിച്ചുള്ള വിവേചനം, രോഗശാന്തി എന്നീ വരങ്ങൾ പ്രത്യേകം അദ്ദേഹത്തിൽ വ്യാപരിച്ചു. ബ്രദർ എ.സി. സാമുവേലും ശുഷ്കാന്തിയായി ഞങ്ങളോടൊത്ത് പ്രവർത്തിച്ചുകൊണ്ടിരുന്നു. നെല്ലിമല, എണ്ണിക്കാട്, ഇരവിപേരൂർ, തറയശ്ശേരി, കുന്നത്തുംകര, കിഴക്കനോതറ, ഓതറ, മംഗലം, തട്ടയ്ക്കാട് എന്നീ സ്ഥലങ്ങളിലേക്ക് ഉണർവ്വും വേലയും വ്യാപിച്ചു. അവിടെയൊക്കെയും ആളുകൾ രക്ഷിക്കപ്പെട്ട് സ്നാനമേൽക്കുകയും പരിശുദ്ധാത്മപകർച്ചയ്ക്ക് അധീനരാകയും ചെയ്തുകൊണ്ടിരുന്നു. യോഗങ്ങളിൽ അന്യഭാഷ, വ്യാഖ്യാനം, പ്രവചനം, അന്യഭാഷയിൽ പാട്ട് എന്നിവ ധാരാളമായിരുന്നു. ഒരു രാത്രി യോഗത്തിൽ അഞ്ച് സഹേദരിമാർ ഒരുമിച്ച് അന്യഭാഷയിൽ ഒരു പാട്ട് പാടി. ഒരേ വാക്കുകൾ, ഒരേ രാഗം എന്നിങ്ങനെ അഞ്ചുപേർ ഒരുമിച്ചു പാടിയത് ആരേയും കോൾമയിർകൊള്ളിക്കുന്നതായിരുന്നു. രഹസ്യപാപത്തിൽ ജീവിക്കുന്ന ആരെങ്കിലും യോഗത്തിനു വന്നാൽ ബ്രദർ ഉമ്മനിൽ വ്യാപരിച്ച വിവേചന വരപ്രാപ്തിയിലൂടെ തനിക്കത് വെളിപ്പെട്ട് അതവരോട് തനിച്ചു പ്രസ്താവിക്കുകയും അവർ കർത്തൃസന്നിധിയിൽ അനുതപിച്ച് നിരപ്പും മോചനവും പ്രാപിക്കുന്ന സന്ദർഭങ്ങൾ ധാരാളമുണ്ടായിരുന്നു. ബ്രദർ ഉമ്മൻ കൂലികൊടുത്ത് താമസിച്ച വീടിന്റെ വരാന്തയോടുചേർന്ന് ഒരു ചാർത്തു കെട്ടിയുണ്ടാക്കി, അതുംകൂടെ സഭായോഗത്തിനായി ഉപയോഗപ്പെടുത്തി." (കെ.ഇ. ഏബ്രഹാം, യേശുക്രിസ്തുവിന്റെ എളിയ ദാസൻ പേജ് 123, 124).


**കങ്ങഴ**

വേർപാടു സംഘത്തിലെ ഉപദേഷ്ടാവായിരുന്ന എസ്.ഡി. ജ്ഞാനപ്രകാശം ഉപദേശിയുടെ ക്ഷണമനുസരിച്ച് എ.സി. സാമുവേലും, കെ.ഇ. ഏബ്രഹാമും 1926 മാർച്ച് 12 മുതൽ 16 വരെ കങ്ങഴ കൊച്ചനാട്ട് പുതുപ്പള്ളിലാശാന്റെ വീടിനു മുന്നിൽ സജ്ജീകരിച്ചിരുന്ന പന്തലിൽ യോഗങ്ങൾ നടത്തി. ഈ യോഗങ്ങൾ മുഖാന്തരം ജ്ഞാനപ്രകാശം ഉപദേശിയും കങ്ങഴ വേർപാടു സഭയും പെന്തെക്കോസ്ത് സത്യങ്ങളിലേക്കാകർഷിക്കപ്പെട്ടു. 1926 സെപ്റ്റംബറിൽ വീണ്ടും അവിടെവച്ചു നടന്ന ഒരു യോഗത്തിൽ മാർത്തോമ്മാ സഭയിലെ പ്രമുഖ പ്രവർത്തകനായിരുന്ന ചെറിയകളത്തിൽ പാപ്പി ഉപദേശിയും മറ്റും സ്നാനപ്പെട്ടു. കെ.ഇ. ഏബ്രഹാമായിരുന്നു സ്നാപകൻ. അന്ന് സ്നാപകനു 27 വയസ്സ്; സ്നാനപ്പെട്ട പാപ്പി ഉപദേശിക്ക് 56 വയസ്സ്.

കങ്ങഴ വിയോജിതസഭ, പെന്തെക്കോ

104

# എ.കെ. വർഗീസ് കുക്ക് സായ്പിന്റെ വിശ്വസ്ത പരിഭാഷകൻ



*വിദേശ രാജ്യങ്ങളിൽ മിഷനറിവേലയ്ക്കൊരുങ്ങുന്ന ഏതൊരാളും അഭിമുഖീകരിക്കുന്ന പ്രശ്നമാണ് പ്രഗത്ഭരും വിശ്വസ്തരുമായ പരിഭാഷകരുടെ ദൗർലഭ്യം. തിരുവിതാംകൂറിലെ പ്രവർത്തനങ്ങളുടെ പ്രാരംഭഘട്ടത്തിൽ നല്ലൊരു പരിഭാഷകനെ ലഭിക്കാതെ കുക്ക് സായ്പും ഏറെ വലഞ്ഞു. പരിഭാഷകരായി എത്തിയവർ പലപ്പോഴും വിശ്വസ്തരല്ലായിരുന്നു. തങ്ങളെക്കൂടാതെ സായ്പിനു വലുതായൊന്നും ചെയ്യാൻ കഴിയില്ലെന്ന ധാരണ പലരേയും മുടലെടുപ്പിനു പ്രേരിപ്പിച്ചു. വിശ്വസ്തരായെത്തിയവർ പലപ്പോഴും അപ്രഗത്ഭരായിരുന്നു. (ഒരു യോഗത്തിന്റെ ഇടയ്ക്കുവച്ച് പരിഭാഷകനെ പറഞ്ഞുവിട്ട് റവ. കുക്കിനു യോഗം പിരിച്ചുവിടേണ്ടതായിപ്പോലും വന്നു).*

*റവ. കുക്ക് ദൈവസന്നിധിയിൽ ഏറെ കരഞ്ഞു പ്രാർത്ഥിച്ച ഒരു വിഷയമാണ് പരിഭാഷകന്റേത്. "ദൈവമേ, ഒന്നുകിൽ എനിക്ക് ഭാഷ ഒരു വരമായി തരൂ, അല്ലെങ്കിൽ വിശ്വസ്തനും പ്രഗത്ഭനുമായ ഒരു പരിഭാഷകനെ തരൂ" എന്നദ്ദേഹം ദൈവസന്നിധിയിൽ അപേക്ഷിച്ചു.*

*ഏറെക്കഴിയും മുമ്പ് സായ്പ് അന്വേഷിക്കുന്നതുപോലെയുള്ള ഒരു വ്യക്തിയെ കണ്ടെത്തിയെന്നു പറഞ്ഞ് ഒരു സഹപ്രവർത്തകന്റെ കത്ത് അദ്ദേഹത്തിനു ബാംഗ്ലൂരിൽ കിട്ടി. പരിഭാഷകനായി സ്യ്പിനോടുകൂടെ പോരുവാൻ തയ്യാറാണെന്നറിയിച്ചുകൊണ്ട് ആ യുവാവിന്റെ (എ.കെ. വർഗീസ്) ഒരു കത്തും റവ. കുക്കിനു ലഭിച്ചു.*

*അങ്ങനെ പരിഭാഷകനായി ദൈവത്തിനു സ്തോത്രം ചെയ്തുകൊണ്ട് അടുത്ത തിരുവിതാംകൂർ യാത്രയ്ക്കായി ഒരുക്കങ്ങൾ നടത്തുമ്പോഴാണ് നിരാശാജനകമായ മറ്റൊരു കത്ത് ബാംഗ്ലൂരിലെത്തുന്നത്. എ.കെ. വർഗീസ് ഒരപകടത്തിൽപെട്ടുവെന്നും, തലക്കേറ്റ പരുക്കിനാൽ ബോധം നഷ്ടപ്പെട്ട അദ്ദേഹത്തെ ആശുപത്രിയിലാക്കിയിരിക്കുകയാണെന്നും ! പിശാചിന്റെ പോരാട്ടമാണിതെന്ന് റവ. കുക്കിനു ഉറപ്പുണ്ടായിരുന്നു. അന്നദ്ദേഹം താമസിച്ചിരുന്ന ബാംഗ്ലൂരിലെ ബറാഖ ഭവനത്തിൽ വിശ്വാസികൾ ഒന്നിച്ചിരുന്ന് ബ്രദർ വർഗീസിന്റെ വിടുതലിനായി പ്രാർത്ഥിച്ചു. വർഗീസിനു സൗഖ്യമായെന്നു വിവരിക്കുന്ന ഒരു കത്ത് ആഴ്ചകൾക്കുള്ളിൽ അവർക്കു ലഭിച്ചു.*

*താൻ ഉടൻ തന്നെ തിരുവിതാംകൂറിലേക്ക് വരികയാണെന്നും അടുരിലെ ഔട്ട് സ്റ്റേഷനിൽ കാത്തു നിൽക്കണമെന്നും റവ. കുക്ക് വർഗീസിനെഴുതി. നാലു മാസം നീണ്ടുനിൽക്കുന്ന സുവിശേഷ പര്യടനം അവിടെ നിന്നുമായിരുന്നു തുടങ്ങേണ്ടത്.*

600 മൈൽ യാത്ര ചെയ്ത് കുക്ക് അടൂരിലെത്തിയപ്പോൾ എ.കെ. വർഗീസ് അദ്ദേഹത്തെ കാത്തുനിന്നിരുന്നു. എന്നാൽ അടുത്ത ആറുമാസത്തേക്കെങ്കിലും ബുദ്ധിപരമായ ഏതെങ്കിലും പ്രവർത്തനങ്ങൾ ചെയ്യാൻ താൻ പ്രാപ്തനല്ലെന്നും അതുകൊണ്ട് പരിഭാഷാജോലിയിൽ നിന്നും തന്നെ ഒഴിവാക്കണമെന്നും വർഗീസ് കുക്കിനോടഭ്യർത്ഥിച്ചു.

കുക്കിനുണ്ടായ നിരാശ പറഞ്ഞറിയിക്കാനാവുമായിരുന്നില്ല. പിശാചിന്റെ ബന്ധനമാണിതെന്നും ഇതിൽ നാം യേശുക്രിസ്തിവിലൂടെ വിജയം കണ്ടെത്തണമെന്നും കുക്ക് വർഗീസിനോടു പറഞ്ഞു. പിന്നെ വർഗീസിന്റെ തലമേൽ കൈവച്ച് രോഗബന്ധനങ്ങളെ ശാസിച്ചു.

വലിയ തളർച്ച ബാധിച്ചവനെപ്പോലെ വർഗീസ് കുഴഞ്ഞു നിലത്തു വീണു. അന്നു രാത്രി അദ്ദേഹം സുഖമായുറങ്ങി. പിറ്റേന്ന് രാവിലെ പൂർണ്ണ സൗഖ്യം പ്രാപിച്ച വർഗീസ്, സായ്പിനോടുകൂടെ പോകുവാൻ തയ്യാറാണെന്ന് അറിയിച്ചു.

നാലു മാസങ്ങൾ നീണ്ടുനിന്ന ആ സുവിശേഷ പര്യടനങ്ങളിൽ ഒരു ദിവസംപോലും മുടങ്ങാതെ വർഗീസ്, സായ്പിനു പരിഭാഷ ചെയ്തു. അതും ദിവസം നാലും അഞ്ചും മണിക്കൂറുകൾ വീതം.

എ.കെ. വർഗീസിന്റെ ജീവിതത്തിലും അതൊരു വലിയ വഴിത്തിരിവായിരുന്നു. സായ്പിനോടൊന്നിച്ചുള്ള പ്രവർത്തനം മാർത്തോമ്മാ സഭാവിശ്വാസിയായിരുന്ന വർഗീസിനെ പല പുതുതീരുമാനങ്ങളിലേക്കും നയിച്ചു. ഒരു ഗവ. രജിസ്ട്രാറായിരുന്ന വർഗീസ് ഉദ്യോഗം രാജിവച്ച് പൂർണ്ണസമയ സുവിശേഷകനായി.

1885-ൽ പുത്തൻകാവിൽ അയിരൂക്കുഴിയിൽ കുഞ്ചാണ്ടിയുടെ മകനായി ജനിച്ച എ.കെ. വർഗ്ഗീസ് പാസ്റ്റർ കുക്കിന്റെ പരിഭാഷകൻ മാത്രമല്ല, നയതന്ത്രജ്ഞനായ ഒരു ഉപദേഷ്ടാവുകൂടെയായിരുന്നു. ഇംഗ്ലീഷ് മലയാളം ഭാഷകളിലുള്ള ജ്ഞാനം, ഭാഷാശുദ്ധി, മുഴക്കമുള്ള ശബ്ദം, ക്ഷീണിക്കാതെ പ്രയത്നിക്കുന്ന ശീലം, ദൈവാശ്രയം ഇതെല്ലാം അദ്ദേഹത്തിന്റെ ഗുണവിശേഷങ്ങളായിരുന്നു.

1927-ൽ സുവിശേഷ പ്രഭാഷകൻ, മാസിക ആരംഭിക്കുവാൻ കുക്ക് സായ്പിന് എ.കെ. വർഗീസിന്റെ പ്രേരണ പിൻബലമായുണ്ടായിരുന്നു. ഇംഗ്ലീഷ് ലേഖനങ്ങൾ പരിഭാഷപ്പെടുത്തി മാസികയിൽ പ്രസിദ്ധീകരിക്കുന്ന ചുമതല അദ്ദേഹം സ്തുത്യർഹമാംവിധം നിറവേറ്റി. അതുകൂടാതെ മലയാളത്തിലും അദ്ദേഹം ധാരാളം ലേഖനങ്ങൾ എഴുതിയിരുന്നു. സത്യപ്രകാശിനിയിലും മറ്റും പെന്തെക്കോസ്തുപദേശങ്ങളെ പരിഹസിച്ചെഴുതിയ ലേഖനങ്ങൾക്ക് സുവിശേഷപ്രഭാഷകനിൽ 'സത്യവാചി' എന്ന തൂലികാനാമത്തിൽ മറുപടി എഴുതിയിരുന്നത് എ.കെ. വർഗീസ് ആയിരുന്നു.

തന്റെ സന്തതസഹചാരിയും സുഹൃത്തും ഉപദേഷ്ടാവും ഒക്കെയായിരുന്ന കുക്ക് സായ്പ് ഇന്ത്യ വിട്ടുപോയതിനുശേഷം എ.കെ. വർഗീസ് സജീവ സഭാപ്രവർത്തനത്തിൽനിന്നും വിരമിച്ചു. 1952 മുതൽ പുനലൂരിനടുത്തുള്ള മാത്ര എന്ന സ്ഥലത്ത് താമസമാക്കി. 1959 ജൂൺ മാസത്തിൽ 74-ാം വയസ്സിൽ അദ്ദേഹം കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

101-ാം പേജിൽ നിന്നും...

സ്തുപദേശം സ്വീകരിച്ചുവെങ്കിലും വിയോജിത നേതാക്കൾ വന്ന് സമ്മർദ്ദം ചെലുത്തിയതിനാൽ കുറേനാളത്തേക്ക് വീണ്ടുമവർ വേർപാടു വിശ്വാസത്തിലേക്ക് മടങ്ങിപ്പോയിരുന്നു. പിന്നെ പൂവത്തൂരെ ഉണർവ്വുയോഗങ്ങൾക്കിടയിൽ പ്രത്യേക ദർശനത്തോടെ പൊടിമല മത്തായിച്ചൻ, കരോട്ട് കുട്ടിയച്ചൻ, വേലമ്പറമ്പിൽ തോമാച്ചൻ എന്നിവർ ചെറിയകളത്തിൽ വന്ന് നടത്തിയ യോഗങ്ങളുടെ ഫലമായി വീണ്ടും ആ സഭ പെന്തെക്കോസ്തുപദേശം സ്വീകരിക്കുകയുണ്ടായി.

**വളർച്ചയോടൊപ്പം പ്രതികൂലങ്ങളും**

വിയോജിതപ്രവർത്തകർ കൂട്ടമായി പെന്തെക്കോസ്ത് മാർഗ്ഗത്തെ പിൻതുടരുകയും അവരുടെ പ്രവർത്തനഫലമായി സുറിയാനി ക്രിസ്ത്യാനികളായ പലരും പെന്തെക്കോസ്ത് വിശ്വാസം അംഗീകരിക്കുകയും ചെയ്തതോടെ ഈ പുതുവിശ്വാസത്തിന്റെ പ്രചാരകർക്ക് പല പ്രതികൂലങ്ങളും അനുഭവിക്കേണ്ടിവന്നു. ആദ്യമൊക്കെ ഖണ്ഡന പ്രസംഗങ്ങളും വാദപ്രതിവാദങ്ങളുമായിരുന്നു സുറിയാനിക്കാരുടെ ആയുധങ്ങൾ.

എന്നാൽ ഖണ്ഡന പ്രസംഗങ്ങളാലോ, വാദപ്രതിവാദങ്ങളാലോ പെന്തെക്കോസ്തുകാരെ ഒതുക്കാൻ കഴിയില്ലെന്നറിഞ്ഞ സുറിയാനിക്കാർ ക്രമേണ ശ്രമമുപേക്ഷിച്ച് അക്രമങ്ങളിലേക്കു തിരിഞ്ഞു.

1924-ൽ മാവേലിക്കരയിൽ നടന്ന യോഗത്തിൽ കെ.ഇ. ഏബ്രഹാമിനെ ചില യുവാക്കൾ ആക്രമിക്കുകയും മുറിവേല്പിക്കുകയും ചെയ്തിരുന്നു. 1925-ൽ കല്ലിശ്ശേരിയിൽ മെയ് സായ്പിന്റെ ഒരു യോഗത്തിൽ നാട്ടുകാരായ മാർത്തോമ്മാക്കാർ വലിയ ബഹളം വയ്ക്കുകയും പ്രസംഗിക്കുന്നതിൽ നിന്ന് സായ്പിനെ തടയുവാൻ ശ്രമിക്കുകയും ചെയ്തു. പിറ്റേ ആഴ്ച അതേ സ്ഥലത്ത് കെ.ഇ ഏബ്രഹാം നടത്തിയ യോഗത്തിൽ സമുദായ സ്ഥരായ ആളുകൾ വലിയ ബഹളമുണ്ടാക്കുകയും തമ്പറെടുത്ത് നിലത്ത് തല്ലിപ്പൊട്ടിക്കുകയും ചെയ്തു.

1926 ഏപ്രിലിൽ ഇരവിപേരൂരിൽ നടന്ന യോഗത്തിൽ ഒരു പ്രൈമറി സ്കൂൾ അദ്ധ്യാപകനായിരുന്ന വട്ടമ്പറമ്പിൽ വർക്കിസാർ, മറ്റത്ത് പൊടിയച്ചൻ മുതലായവർ സ്നാനമേറ്റതിൽ ക്ഷോഭിച്ച് നാട്ടുകാർ പ്രസംഗിച്ചുകൊണ്ടിരുന്ന കെ.ഇ. ഏബ്രഹാം, കെ.സി. ഉമ്മൻ എന്നിവരെ കല്ലെറിഞ്ഞു. പിറ്റേമാസം മംഗലത്തിൽ ഒരു സ്നാനശുശ്രൂഷയോടനുബന്ധമായി വലിയ ഉപദ്രവങ്ങൾ ഇവർക്കു നേരിടേണ്ടതായിവന്നു. അതേപ്പറ്റി കെ.ഇ. ഏബ്രഹാം തന്റെ ആത്മകഥയിൽ വിവരിക്കുന്നു:

"ഒൻപതു മണിയോടെ സ്നാനക്കടവിൽച്ചെന്ന് മണൽപ്പുറത്തുനിന്ന് തമ്പേറടിച്ചു ഞങ്ങൾ പാട്ടു പാടി. പ്രസ്തുത ശുശ്രൂഷയെക്കുറിച്ച് നേരത്തെ നോട്ടീസ് വച്ചിരിന്നതുകൊണ്ട് മംഗലത്തിൽനിന്നും മറ്റുമായി ഒരു വലിയ ജനക്കൂട്ടം അപ്പോഴവിടെ കൂടിവന്നു. തങ്ങളുടെ കൂട്ടത്തിൽപ്പെട്ട ഒരാളാണ് സ്നാനമേൽക്കുവാൻ പോകുന്നതെന്ന കണ്ടപ്പോൾ (ഓമമൂട്ടിൽ കുഞ്ഞച്ചൻ) ആ സഹോദരന്റെ സ്വന്തക്കാരായ ആളുകൾ ക്ഷോഭിച്ചു വശായി. അവരിൽ ചിലർ ഇളകിയോടി ഞങ്ങളുടെയിടയിലേക്ക് പ്രവേശിച്ചു. അവരിലൊരാൾ ഞങ്ങളുടെ പക്കലുണ്ടായിരുന്ന തമ്പേർ പിടിച്ചുവാങ്ങിച്ച് തല്ലിപ്പൊട്ടിച്ചു. അഞ്ചനാട്ട് ഉമ്മച്ചൻ എന്ന ദൈവദാസനെ ഒരാൾ ആഞ്ഞ് തള്ളിത്താഴെയിട്ടു. മൊട്ടയ്ക്കൽ പാപ്പിച്ചനെ മറ്റൊരാൾ തള്ളി. കുക്ക് സായ്പിന്റെ പരിഭാഷകൻ എ.കെ. വാർഗീസിന്റെ ഭാര്യ ശ്രീമതി മറിയാമ്മ സഹോദരിയെ ഒരുവൻ കൈയ്ക്ക് പിടിച്ചു വലിച്ചു കറക്കി, അവരുടെ കൈയ്യിലുണ്ടായിരുന്ന കുട പിടിച്ചു

വാങ്ങിച്ച് ഒടിച്ചുകളഞ്ഞു. കുമ്പനാട്ടു സഭയുടെ ശുശ്രൂഷകനായ കെ.സി. ഉമ്മച്ചൻ സഹോദരനെ മറിച്ചു താഴെയിടുവാനായി ഒരാൾ മൂന്നുപ്രാവശ്യം തള്ളി. എന്നാൽ ബലശാലിയായ അദ്ദേഹം മറിഞ്ഞുവീഴാതെ ആ നില്പിൽ തന്നെ നിലകൊണ്ടു. മറ്റൊരാൾ എന്റെ അടുക്കൽ വന്ന് ഉടുപ്പിനു മീതെ കഴുത്തിൽ മുന്നോട്ടിട്ടിരുന്ന നേര്യതിൻമേൽ കഴുത്തിന്റെ ഭാഗത്ത് വലിച്ച് ഞെക്കിപ്പിടിച്ചു. തൊണ്ണയോടു ചേർത്ത് നേര്യത് കൂട്ടിപ്പിടിച്ച് ഞെക്കിയതിനാൽ ശ്വാസം മുട്ടി എന്റെ വായിൽനിന്ന് രക്തം വരുവാൻ തുടങ്ങി. മറ്റു പല പ്രിയപ്പെട്ടവരും ഉന്തും തള്ളും ധാരാളമേറ്റു. പാട്ടിന്റെയും സ്തുതിസ്തോത്രത്തിന്റെയും ശബ്ദംകൊണ്ട് അന്തരീക്ഷം മുഖരിതമായി സ്നാനംനടത്തുവാനോ, സഭായോഗത്തിനായി മംഗലത്തിലെ ഭവനത്തിലേക്ക് പോകുവാനോ ഞങ്ങൾക്ക് സാധ്യമല്ലാതെ വന്നു" (യേശുക്രിസ്തുവിന്റെ എളിയദാസൻ. പേജ് 134, 135).

## ഉത്തര തിരുവിതാംകൂറിലേക്ക് വേല വ്യാപിക്കുന്നു

1920-കളിൽ വടക്കൻ തിരുവിതാംകൂറിലെയും കൊച്ചിയിലെയും ശക്തമായ സുവിശേഷ പ്രസ്ഥാനം സി.വി. താരപ്പന്റെ 'ക്രിസ്തുസഭ'യായിരുന്നു. വേർപാട് ഉപദേശങ്ങളോട് സാമ്യം പുലർത്തിയിരുന്ന സഭ രോഗശാന്തി വിശ്വാസവും തങ്ങളുടെ പ്രമാണത്തിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ പെന്തെക്കോസ്ത് വിശ്വാസത്തിനനുസൃതമായ പരിശുദ്ധാത്മസ്നാനത്തിനും അന്യഭാഷയ്ക്കും അവർ പ്രാധാന്യം കൊടുത്തില്ല. 1926-ൽ തിരുവിതാംകൂറിൽനിന്ന് പെന്തെക്കോസ്തു പ്രവർത്തകർ ആത്മസ്നാനുഭവത്തിന്റെ പുതുസന്ദേശവുമായി വടക്കൻ തിരുവിതാംകൂറിലെത്തിയപ്പോൾ വേർപാട് വിശ്വാസം പുലർത്തിയിരുന്ന താരപ്പൻ കൂട്ടായ്മയിലെ പല സഭകളും പെന്തെക്കോസ്തുപദേശം സ്വീകരിച്ചു.

1926 ഫെബ്രുവരി, മെയ് മാസങ്ങളിൽ തിരുവാണിയൂരുള്ള (പുത്തൻകുരിശ്) വി.എം. ജോസഫ് എന്നയാളുടെ ക്ഷണപ്രകാരം കെ.ഇ. ഏബ്രഹാം, കെ.സി. ഉമ്മൻ മുതലായവർ പെന്തെക്കോസ്ത് സന്ദേശവുമായി പുത്തൻകുരിശിലെത്തി. ഒന്നാം ലോകമഹായുദ്ധകാലത്ത് സൈന്യസേവനത്തിലേർപ്പെട്ട് വിവിധ രാജ്യങ്ങളിൽ സഞ്ചരിച്ച് പെന്തെക്കോസ്തു ദൈവജനങ്ങളുമായി പരിചയപ്പെട്ടിട്ടുള്ള ആളായിരുന്നു ജോസഫ്. ഉത്തര തിരുവിതാംകൂറിലെ പ്രവർത്തനത്തിനു രണ്ട് ദൈവദാസന്മാർ അവിടെ സ്ഥിരമായി പ്രവർത്തിക്കണമെന്ന ബ്രദർ ജോസഫിന്റെ അഭ്യർത്ഥനയെ മാനിച്ച് കെ.സി. ചെറിയാൻ, ചേത്തയ്ക്കൽ കീവറീച്ചൻ എന്നിവർ ആ പ്രദേശങ്ങളിലേക്ക് പോയി. അവർ മൂവാറ്റുപുഴയ്ക്കടുത്ത് നെല്ലാട്, കുന്നയ്ക്കൽ, ഐരാപുരം, വാളകം, വലമ്പൂർ, മഴുവന്നൂർ, കീഴില്ലം എന്നീ സ്ഥലങ്ങളിലൊക്കെ സഞ്ചരിച്ച് സുവിശേഷയോഗങ്ങൾ നടത്തി.

നെല്ലാട്, ഐരാപുരം, മണ്ണൂർ എന്നീ സ്ഥലങ്ങളിൽ താരപ്പന്റെ കൂട്ടായ്മയിലുണ്ടായിരുന്ന വേർപാടു സഭകൾ പെന്തെക്കോസ്ത് വിശ്വാസം അംഗീകരിക്കുവാൻ ഈ യോഗങ്ങൾ കാരണമായി. അന്ന് മണ്ണൂർ സഭയിൽ ശ്രീ. പി.വി. ഇട്ടിയവരാച്ചനും ഐരാപുരം സഭയിൽ കുഞ്ഞുവർക്കിയും നെല്ലാട്ട് ഇത്താപ്പിരിയും ആയിരുന്നു താരപ്പൻ സഭയുടെ ശുശ്രൂഷകർ. ഈ സഭകൾ പെന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ചതോടെ മുകളിൽ പറഞ്ഞ ശുശ്രൂഷകൻമാർ തന്നെ രൂപാന്തരപ്പെട്ട പെന്തെക്കോസ്ത് സഭകളുടെ ശുശ്രൂഷകന്മാരായിത്തുടർന്നു. ചേത്തയ്ക്കൽ കീവറീച്ചൻ, പ്രസ്തുത സഭക

ളുടെ പൊതുശുശ്രൂഷകനായി ഉത്തരതിരുവിതാംകൂറിലെ വേലയുടെ ചുമതല ഏറ്റെടുത്തു. കെ.സി. ചെറിയാൻ മദ്ധ്യതിരുവിതാംകൂറിലേക്ക് മടങ്ങിപ്പോന്നു.

### തെന്നിന്ത്യാ പെന്തെക്കോസ്ത് ദൈവസഭയും വിദേശ മിഷനറിമാരും

1923-ൽ കെ.ഇ. ഏബ്രഹാമിന്റെ പരിശുദ്ധാത്മ സ്നാനാനന്തരം മദ്ധ്യതിരുവിതാംകൂറിൽ ഉടലെടുത്ത പെന്തെക്കോസ്ത് സഭകൾ, 'തെന്നിന്ത്യാ പെന്തെക്കോസ്ത് ദൈവസഭ' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. അന്ന് കുക്ക് സായ്പിന്റെ കീഴിലുണ്ടായിരുന്ന സഭകൾ 'തെന്നിന്ത്യാ പൂർണ്ണ സുവിശേഷസഭ' എന്നും അറിയപ്പെട്ടിരുന്നു. സഭകളുടെ വളർച്ചാകാലയളവിൽ പ്രത്യേകിച്ച് ആരാധനാലയങ്ങളും മറ്റും നിർമ്മിക്കേണ്ടിവന്ന സമയത്ത് തെന്നിന്ത്യാ പെന്തെക്കോസ്ത് ദൈവസഭ മിഷനറിമാരിൽ നിന്ന് സാമ്പത്തിക സഹായം സ്വീകരിക്കുന്നതിനെപ്പറ്റി കാര്യമായി ആലോചിച്ചു നോക്കി. അന്ന് കുക്ക് സായ്പ് അമേരിക്കയിലായിരുന്നു. അതിനാൽ എ.ജി. മിഷനറിയായിരുന്ന മിസിസ് ചാപ്മാനോടു ചേർന്ന് പ്രവർത്തിക്കുവാൻ പെന്തെക്കോസ്ത് നേതാക്കൾ തീരുമാനിച്ചു. അങ്ങനെ ചാപ്മാനുമായുള്ള ബന്ധത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്നപ്പോൾ, ചേത്തയ്ക്കൽ സഭയ്ക്ക് ആരാധനാലയം പണിയുന്നതിനു സഹായമഭ്യർത്ഥിച്ച സന്ദർഭത്തിൽ , അസംബ്ലീസ് ഓഫ് ഗോഡിന്റെ ജനറൽ സെക്രട്ടറിയുടെ പേരിൽ എഴുതുന്ന സ്ഥലത്ത് കെട്ടിടം പണിയാൻ മാത്രമെ സാമ്പത്തിക സഹായം നൽകാൻ കഴിയുകയുള്ളുവെന്ന് മിസിസ് ചാപ്മാൻ അറിയിച്ചു. സ്ഥലം സഭയുടെ പേരിൽ മാത്രമേ ആധാരം എഴുതുകയുള്ളുവെന്ന് പെന്തെക്കോസ്ത് നേതാക്കളും ശഠിച്ചു. ഇത് തെന്നിന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ എ.ജി. ബന്ധത്തിനു ഉലച്ചിൽ തട്ടാൻ കാരണമായി.

1926 സെപ്റ്റംബർ മൂന്നിനു കുക്ക് സായ്പ് അമേരിക്കയിൽ നിന്ന് മടങ്ങിയെത്തി. എ.ജി. യുടെ ഒരു മിഷനറിയായാണ് ഇത്തവണ അദ്ദേഹം ഇന്ത്യയിലെത്തിയത്.


“പാസ്റ്റർ കുക്ക് അമേരിക്കയിലായിരുന്നപ്പോൾ അസംബ്ലീസ് ഓഫ് ഗോഡിനോടു ചേരുകയും അവരുടെ മിഷനറിയായി 1926-ൽ ഇന്ത്യയിൽ മടങ്ങിയെത്തുകയും ചെയ്തു.... ഇന്ത്യയിൽ താൻ തിരിച്ചെത്തി കുറെനാൾ കഴിഞ്ഞപ്പോൾ അസംബ്ലീസ് ഓഫ് ഗോഡുമായുള്ള ബന്ധം വിടുകയും വീണ്ടും സ്വതന്ത്ര മിഷനറിയായി തുടരുകയും ചെയ്തു.” (ദൈവസഭ പിന്നിട്ട അമ്പതുവർഷങ്ങൾ ടി.എം. വർഗീസ് ഇ.വി. ജോർജ്, പേജ് 26, 27)

തെന്നിന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുമായി യോജിച്ചുപോകാൻ സായ്പ് താൽപര്യം പ്രകടിപ്പിച്ചു. സ്ഥലം സഭകളുടെ സ്വാതന്ത്ര്യത്തെ ഹനിക്കാത്ത നിലയിൽ ഒരു യോജിപ്പിനു സ്വദേശീയ നേതാക്കൾക്കും താൽപര്യമായിരുന്നു.

### മലങ്കര പെന്തെക്കോസ്ത് ദൈവസഭ

അമേരിക്കയിൽ നിന്നും മടങ്ങിയെത്തിയ കുക്ക് കൊട്ടാരക്കരയിൽ നിന്നും തന്റെ താമസം ചെങ്ങന്നൂർ മഴുക്കീറിലേക്ക് മാറ്റി. അവിടെ വെച്ച്, 1926 ഒക്ടോബർ 6-ന് തെന്നിന്ത്യാ പെന്തെക്കോസ്ത് ദൈവസഭയും സായ്പിന്റെ തെന്നിന്ത്യാ പൂർണ്ണ സുവിശേഷ സഭയും തമ്മിൽ ഔദ്യോഗികമായി യോജിച്ചു. പുതിയ സഭയുടെ പേര് 'മലങ്കര പെന്തെക്കോസ്ത് ദൈവസഭ' എന്നായിരുന്നു. ഈ പുതിയ സഭയുടെ ഭരണത്തിനായി പാസ്റ്റർ കുക്ക് പ്രസിഡന്റായും പാസ്റ്റർ കെ.ഇ. ഏബ്രഹാം വൈസ് പ്രസിഡന്റായും ഒരു

***പാസ്റ്റർ എം.സി. ചാക്കോ***



***1910** ജൂൺ 14നു മാവേലിക്കര പുതിയകാവിൽ ഒരു യാക്കോബായ കുടുംബത്തിൽ ജനിച്ച ചാക്കോ 20-ാമത്തെ വയസ്സിലാണ് രക്ഷിക്കപ്പെടുന്നത്. മഹാകവി കെ.വി. സൈമന്റെ പുസ്തകങ്ങളും മറ്റും വായിച്ച് വിശ്വാസസ്നാനോപദേശം ഗ്രഹിച്ച ചാക്കോ 1923 ഏപ്രിലിൽ ആറാട്ടുകടവിൽ വച്ചു നടന്ന യോഗങ്ങളിൽ സ്നാനമേറ്റു. ഏറെ താമസിയാതെ പരിശുദ്ധാത്മനുഭവത്തെക്കുറിച്ച് അദ്ദേഹത്തിനു ബോധ്യമുണ്ടായി. 1924-ൽ ആത്മസ്നാനം പ്രാപിച്ചു. അന്ന് മാവേലിക്കരയിൽ പ്രവർത്തിച്ചിരുന്ന പാസ്റ്റർ എ.ജെ. ജോണുമൊന്നിച്ച് ചാക്കോ സുവിശേഷവേലയിൽ സഹകരിച്ചു. 1927-ൽ ബഥേൽ ബൈബിൾ സ്കൂളിൽ ആദ്യബാച്ചിൽ അദ്ദേഹവും ചേർന്നു പഠിച്ചു. ചെറിയനാട്, പോരുവഴി, പത്തനാപുരം, വള്ളിക്കുന്നം, മാവേലിക്കര, കണ്ണാട്ടുമോടി എന്നിവടങ്ങളിലൊക്കെ ശുശ്രൂഷകനായിരുന്നിട്ടുണ്ട്. 40 വർഷം എ.ജി.യുടെ സെക്ഷൻ മിനിസ്റ്ററായിരുന്നു. ദീർഘവർഷങ്ങൾ ബഥേൽ ബൈബിൾ സ്ക്കൂളിൽ പഠിപ്പിച്ചിട്ടുണ്ട്. 1984 മാർച്ച് 26നു കർത്തൃസന്നിധിയിലേക്കു ചേർക്കപ്പെട്ടു.*

*മൂത്തപുത്രൻ റവ. എം.സി. ജേക്കബ് അമേരിക്കയിലെ നോർത്ത് അമേരിക്കൻ അസംബ്ലീസ് ഓഫ് ഗോഡ് മലയാളം സഭകളുടെ സൂപ്രണ്ടാണ്. മൂന്നാമത്തെ പുത്രൻ റവ. എം.സി. സാമുവൽ ഫരീദാബാദിൽ എ.ജി. സഭയുടെ പാസ്റ്ററും അവിടത്തെ എ.ജി. സഭകളുടെ പ്രിസബിറ്ററുമാണ്.*

പതിനൊന്നംഗ എക്സിക്യൂട്ടീവ് കമ്മറ്റി രൂപീകരിക്കപ്പെട്ടു. ( ഈ യോജിപ്പ് നാട്ടു സഭകളുടെ സ്വാതന്ത്ര്യത്തെ ഹനിക്കാനിടയുണ്ടെന്ന് കണ്ട് ബ്രദർ കെ.എം. സഖറിയ യോജിപ്പിൽ ഉൾപ്പെടാതെ മഴുക്കീർ യോഗത്തിൽവച്ചുതന്നെ ഒഴിഞ്ഞുമാറി).

സ്വദേശീയ നേതാക്കളുടെയും പാസ്റ്റർ കുക്കിന്റെയും യോജിപ്പ് മദ്ധ്യതിരുവിതാംകൂറിലെ സുവിശേഷ പ്രവർത്തനത്തിന്റെ വ്യാപ്തിക്ക് വളരെയേറെ പ്രയോജനകരമായി. ഇത്തവണ എ.ജി. സഹകരണബന്ധത്തോടെയാണ് കുക്ക് സായ്പ് എത്തിയതെന്നതിനാൽ സാമ്പത്തികമായും നാട്ടുവേലക്കാരെ സഹായിക്കുവാൻ അദ്ദേഹം പ്രാപ്തനായിരുന്നു.

## അസംബ്ലീസ് ഓഫ് ഗോഡും വളരുന്നു

മിസിസ് ചാപ്മാൻ മദ്ധ്യതിരുവിതാംകൂറിലെ പ്രവർത്തനത്തിനു താൽപര്യപ്പെട്ട് 1925-ൽ ചെങ്ങന്നൂരിൽ താമസമാക്കി. വർഷങ്ങളായി വിയോജിത പ്രസ്ഥാനത്തിന്റെ നേതൃത്വത്തിലുണ്ടായിരുന്ന എ.ജെ. ജോൺ, ആൻഡേഴ്സൺ ചർച്ച് ഓഫ് ഗോഡിലെ അംഗീകൃത ശുശ്രൂഷകനായിരുന്ന പാസ്റ്റർ പി.വി. ജോൺ എന്നിവരുടെ സഹകരണത്താൽ ചാപ്മാന്റെ പ്രവർത്തനങ്ങൾ മദ്ധ്യതിരുവിതാംകൂറിലേക്ക് പെട്ടെന്നു വ്യാപിച്ചു.

പെന്തെക്കോസ്ത് പ്രചരണം ലാക്കാക്കി 1925-ൽ മിസിസ് ചാപ്മാൻ ചെങ്ങന്നൂരിലെ അവരുടെ ആസ്ഥാനത്തുനിന്നും 'പെന്തെക്കോസ്ത് കാഹളം' എന്ന

പേരിൽ ഒരു പ്രതിമാസ പത്രിക ആരംഭി ച്ചു. കേരള പെന്തെക്കോസ്ത് ലോകത്തെ ആദ്യ ആനുകാലിക പ്രസിദ്ധീകരണമാ യിരുന്നു അത്. സ്പെൻസർ മെയ് അതിന്റെ പബ്ലിഷറും എ.ജെ. ജോൺ പത്രാധിപരും ആയിരുന്നു. പെന്തെ ക്കോസ്ത് കാഹളത്തിനു മദ്ധ്യതിരുവിതാം കൂറിലെ പണ്ഡിതജനങ്ങളുടെയിട യിൽപോലും നല്ല സ്വീകരണം ലഭിക്കു കയുണ്ടായി.

1924-ൽ അമേരിക്കൻ അസംബ്ലീസ് ഓഫ് ഗോഡിന്റെ മിഷനറി സെക്രട്ടറിയാ യിരുന്ന വില്യം എം. ഫോക്സ് തിരുവി താംകൂർ സന്ദർശിച്ച് ചില യോഗങ്ങൾ നട ത്തി. അദ്ദേഹം അമേരിക്കയിൽ മടങ്ങി ച്ചെന്ന് കൂടുതൽ മിഷനറിമാരെ ഇന്ത്യയി ലേക്ക് അയയ്ക്കണമെന്ന് കൗൺസിലി നോട് ശുപാർശ ചെയ്തു. (റവ. ഫോക്സ് എ.ജി. യുടെ 11-ാം ജനറൽ കൺവൻഷ നിൽ ഇന്ത്യയിലെ പ്രവർത്തനത്തെ ശ്ലാഘിച്ചുപറഞ്ഞത് നവംബറിലെ പെന്തെ ക്കോസ്ത് കാഹളത്തിൽ എഴുതിയിട്ടുണ്ട്. വാല്യം 1 ലക്കം 2, പേജ് 29). ഇതിന്റെ ഫലമായി റവ. ജോൺ എച്ച്. ബർജ്ജസ് എന്ന യുവാവിനെ തിരുവിതാംകൂറിലേക്ക് മിഷനറിയായി അയയ്ക്കുവാൻ കൗൺ സിൽ തീരുമാനിച്ചു. 1926 ലാണ് ബർജ്ജസ് തിരുവിതാംകൂറിലെത്തുന്നത്.

ചെങ്ങന്നൂരിൽ താമസിച്ചിരുന്ന മിസിസ് ചാപ്മാൻ 1926-ൽ കൊല്ല ത്തേക്കും അതേവർഷം തന്നെ അവിടെ നിന്നു മാവേലിക്കരയിലേക്കും താമസം മാറ്റിയിരുന്നു. എ.ജെ. ജോൺ സാറിന്റെ നേതൃത്വത്തിലുള്ള സഭയുടെ പിൻബലം എ.ജി. യുടെ പ്രവർത്തനങ്ങൾക്ക് കൂടു തൽ ഉണർവ്വേകി. (ഇന്ന് ഫിലിപ്പ്സ് മെമ്മോറിയൽ ആശുപത്രി സ്ഥിതി ചെയ്യുന്ന സ്ഥലത്തുണ്ടായിരുന്ന പണി ക്കർ ബംഗ്ലാവാണ് അന്ന് ഹെഡ്ക്വാർ ട്ടേഴ്സ് കെട്ടിടമായി അവർ ഉപയോഗിച്ചി രുന്നത്. ജോൺ ബർജ്ജസ് തിരുവിതാം കൂറിലെത്തിയപ്പോൾ അദ്ദേഹവും തന്റെ ആസ്ഥാനമായി തെരഞ്ഞെടുത്തത് മാവേലിക്കരയിലെ ഈ കെട്ടിടം തന്നെ യായിരുന്നു).

മിഷനറിമാരുടെ വരവോടെ നാട്ടുകാ രായ അനേകർ പെന്തെക്കോസ്തനുഭവം പ്രാപിച്ച് സഭയുടെ അംഗങ്ങളായി ത്തീർന്നു. കുന്നേൽ ചെറിയാച്ചൻ (റവ. സി. കുഞ്ഞുമ്മന്റെ പിതാവ്), വാണിയം പറമ്പിൽ ഗീവർഗീസ്, എ.കെ. നൈനാൻ (ക്രിസ്ത്യൻ പ്രസ് മാനേജർ) കോട്ടപ്പു റത്ത് വടക്കേതിൽ പി.എം. വർഗീസ്, മാവേലിത്തറയിൽ എം.സി. ചാക്കോ മുത ലായവർ ആദ്യവർഷങ്ങളിൽ പെന്തെ ക്കോസ്ത് വിശ്വാസികളായവരിൽ ചില രാണ്.

**കായംകുളം**

മദ്ധ്യതിരുവിതാംകൂറിൽ മറ്റു പല സ്ഥലങ്ങളിലും ഇതേസമയം എ.ജി. ക്ക് കൂടിവരവുകളുണ്ടായി. 1925-ൽ കായം കുളം പുതുപ്പള്ളിയിൽ ഉണ്ടായ സഭാകൂ ടിവരവായിരുന്നു അതിലൊന്ന്. പിന്നീട് എ.ജി.യിലെ പ്രഗത്ഭ പ്രവർത്തക നായിത്തീർന്ന പാസ്റ്റർ ഇ.പി. ഡാനിയേ ലിന്റെ പരിശുദ്ധാത്മ സ്നാനാനുഭവ ത്തോട് അനുബന്ധമായാണ് ആ സഭ ആരംഭിക്കുന്നത്.

1905-ൽ സാധു കൊച്ചുകുഞ്ഞുപദേ ശിയുടെ പ്രസംഗം കേട്ട് രക്ഷിക്കപ്പെട്ട ആളായിരുന്നു ഇ.പി. ഡാനിയേൽ. അന്നു മുതൽ പള്ളിയാരാധനകളിൽ ഭക്തി യോടെ സംബന്ധിച്ചിരുന്ന 'ദാനിയേലു കുട്ടി'ക്ക് തന്റെ ആത്മദാഹം തീർക്കാൻ ഇനിയും ഏറെ ആത്മികാനുഭവങ്ങൾ നേടേണ്ടതുണ്ടെന്ന് എപ്പോഴും തോന്നിയി രുന്നു. അങ്ങനെ, ഒരു ചെറിയ ഗ്രൂപ്പുമൊ ന്നിച്ച് പ്രാർത്ഥനയിൽ സമയം ചെലവഴി

ക്കുമ്പോഴാണ് അദ്ദേഹം ആത്മസ്നാനം പ്രാപിക്കുന്നത്.


അന്ന് ആത്മസ്നാനത്തെക്കുറിച്ചോ, അന്യഭാഷയെക്കുറിച്ചോ, ഡാനിയേലിനു യാതൊരറിവുമില്ലായിരുന്നു. തന്റെ പുത്തനനുഭവത്തെക്കുറിച്ച് അദ്ദേഹം കായംകുളം സി.എം.എസ്. സഭയിലെ തൊമ്മനച്ചനോട് ചോദിച്ചപ്പോൾ അദ്ദേഹം "ദാനിയേലുകുട്ടി, നിന്റെ പ്രാർത്ഥന ദൈവം കേട്ടു എന്നതിന്റെ തെളിവാണത്" എന്നു മാത്രം പറഞ്ഞു.

ആത്മസ്നാനം പ്രാപിച്ച ഡാനിയൽ സമാനാനുഭവം കൊതിച്ച സഹവിശ്വാസികളുമായി സ്വന്തം വീടിനോടു ചേർന്ന് (പായിക്കാട്ടു പടിറ്റതിൽ) ഒരു ഷെഡ്ഡു കെട്ടി സഭാരാധന ആരംഭിച്ചു. അന്ന് കായംകുളം ഒന്നാംകുറ്റിയിൽ താമസിച്ചിരുന്ന അസംബ്ലീസ് ഓഫ് ഗോഡിലെ പാസ്റ്റർ പി. വി. ജോൺ ഈ കൂട്ടായ്മയിൽ വന്ന് ആരാധന നടത്തുമായിരുന്നു.

**പത്തനാപുരം**

ഏതാണ്ടിതേ കാലത്ത് പത്തനാപുരത്ത് അസംബ്ലീസ് ഓഫ് ഗോഡിന്റെ മറ്റൊരു കൂടിവരവ് ആരംഭിക്കുകയുണ്ടായി. പൊയ്കയിൽ ഉമ്മച്ചൻ എന്ന വ്യക്തിയുടെ പരിശുദ്ധാത്മസ്നാനത്തോടെയാണ് ഈ കൂടിവരവ് ആരംഭിക്കുന്നത്. 1924-ൽ നോയൽ സായ്പിന്റെ കൈക്കീഴിൽ സ്നാനമേറ്റ ഉമ്മച്ചൻ യോവേൽ പ്രവചനം വായിച്ചുകൊണ്ടിരിക്കെ ആത്മസ്നാനം

***പൊയ്കയിൽ ഉമ്മച്ചൻ***



*പത്തനാപുരം പ്രദേശത്തെ ആദ്യ ആത്മസ്നാനാനുഭവസ്ഥനായ പൊയ്കയിൽ ഉമ്മച്ചൻ പുത്തൻകാവ് ശങ്കരപുരി തെക്കേടത്ത് കുടുംബത്തിൽ 1888-ലാണ് ജനിച്ചത്. 1910-ൽ കുടുംബത്തോടൊപ്പം പത്തനാപുരത്തേക്ക് കുടിയേറി. യുവാവായിരിക്കുമ്പോൾ 'ഉറങ്ങുന്നവനേ, ഉണർന്ന് മരിച്ചവരുടെയിടയിൽ നിന്ന് എഴുന്നേൽക്ക' എന്ന ദൈവശബ്ദം കേട്ട് ക്രിസ്തീയ പ്രവർത്തകരുടെ സഹായമില്ലാതെതന്നെ മാനസാന്തരിത്തിലേക്ക് നയിക്കപ്പെട്ടു. വേദപുസ്തകം വായിച്ച് വിശ്വാസസ്നാനോപദേശം ഗ്രഹിച്ച് കുമ്പനാട്ട് ചെന്ന് നോയൽ സായ്പിന്റെ കൈക്കീഴിൽ സ്നാനപ്പെട്ടു. പെന്തെക്കോസ്തുപദേശം ഗ്രഹിക്കാതെതന്നെ ആത്മാവിൽ നിറഞ്ഞ് അന്യഭാഷകളിൽ സംസാരിച്ചു. 1924-ൽ ആയിരുന്നു അത്. 2 വർഷം കഴിഞ്ഞ് കടയ്ക്കാമൺ ജോൺ സഹോദരനോടു ചേർന്ന് പത്തനാപുരം പ്രദേശത്തെ ആദ്യ പെന്തെക്കോസ്തു ആരാധന തുടങ്ങി. ഇതാണ് ഇപ്പോഴത്തെ കടയ്ക്കാമൺ എ.ജി. സഭ. മദ്ധ്യതിരുവിതാംകൂറിലെ മിക്ക സ്ഥലങ്ങളിലും സഞ്ചരിച്ച് ഒറ്റയ്ക്ക് പരസ്യയോഗങ്ങളും ട്രാക്റ്റ് വിതരണവും നടത്തിയ ഉമ്മച്ചൻ 1980-ൽ കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. മക്കളായ പാസ്റ്റർ പി.ഒ. ചെറിയാൻ, പാസ്റ്റർ ജോർജ് പി. ഉമ്മൻ, പാസ്റ്റർ ജോയി പി. ഉമ്മൻ എന്നിവർ കർത്തൃശുശ്രൂഷയിലാണ്.*

പ്രാപിക്കുവാനുള്ള അമിതവാഞ്ഛയുണ്ടായിട്ട് അതിനായി കാത്തിരുന്നു. ദൈവം തന്റെ ആത്മാവിനാൽ അദ്ദേഹത്തെ സ്നാനം ചെയ്തു. അന്യഭാഷകളിൽ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ 'ഇത് ഭൂതബാധയാണെ'ന്നു പറഞ്ഞ് തന്റെ സഹോദരൻ ഉമ്മച്ചനെ കഠിനമായി മർദ്ദിച്ചിട്ടുണ്ട്. അന്ന് ആത്മസ്നാനത്തെക്കുറിച്ചോ, അന്യഭാഷാഭാഷണത്തെക്കുറിച്ചോ തന്റെ നാട്ടിൽ ആർക്കും അറിവുണ്ടായിരുന്നില്ല.

രണ്ടു വർഷത്തിനുശേഷം (1926) പത്തനാപുരത്ത് കടയ്ക്കാമൺ പാണവേലിൽ ജോൺ എന്നയാൾ രക്ഷാനുഭവത്തിൽ വന്നു. ഇവർ രണ്ടുപേരും ഒരുമിച്ചു പ്രാർത്ഥിച്ചതിന്റെ ഫലമായി പത്തനാപുരത്ത് മറ്റു ചിലർ കൂടി ഈ അനുഭവം പ്രാപിച്ചു. ഒരു സ്വതന്ത്ര കൂട്ടായ്മയായി ഇവർ മുന്നോട്ടു പോകുമ്പോഴാണ് അസംബ്ലീസ് ഓഫ് ഗോഡിലെ എ.ജെ. ജോൺ അവിടെയെത്തി ഈ കൂട്ടായ്മയെ എ.ജി.യോട് യോജിപ്പിക്കുന്നത്.

ഇരവിപേരൂർ കീവറീച്ചൻ (പുന്നൂസുപദേശി) എന്നൊരാൾ പത്തനാപുരത്തെ എ.ജി. സഭയുടെ ആദ്യ ശുശ്രൂഷകനായെത്തി. പിന്നീട് മാവേലിക്കര എം.സി. ചാക്കോയായിരുന്നു കുറെ വർഷങ്ങൾ അവിടെ ശുശ്രൂഷിച്ചത്.

അസംബ്ലീസ് ഓഫ് ഗോഡിന്റെ നേതാക്കൾ മദ്ധ്യതിരുവിതാംകൂറിന്റെ പല ഭാഗത്തും ഇക്കാലത്ത് വിപുലമായ നിലയിൽ പെന്തെക്കോസ്ത് യോഗങ്ങൾ സംഘടിപ്പിച്ചു. പലരും ഈ പ്രവർത്തനങ്ങളുടെ ഫലമായി പെന്തെക്കോസ്ത് വിശ്വാസത്തിലേക്ക് നയിക്കപ്പെടുകയുണ്ടായി. അന്ന് പ്രസിദ്ധീകരിച്ച പെന്തെക്കോസ്ത് കാഹളത്തിന്റെ വിവിധ ലക്കങ്ങളിലായി ഈ യോഗങ്ങളെപ്പറ്റി സൂചനകളുണ്ട്.

“കല്ലുമല കണ്ണാട്ടുമോടി, കണ്ണമംഗലം എന്നീ സ്ഥലങ്ങളിൽ നടന്ന സുവിശേഷ വേലയുടെ ഫലമായി സ്ത്രീപുരുഷൻമാരുൾപ്പെടെ രക്ഷിക്കപ്പെട്ട 34 പേർ ജലസ്നാനം സ്വീകരിച്ചിരിക്കുന്നു.” (പെന്തെക്കോസ്ത് കാഹളം, വാല്യം 3, ലക്കം 2, പേജ് 53, 1927 ഡിസംബർ).

**മാവേലിക്കര കൺവൻഷൻ**

“പ്രസിദ്ധീകരിച്ചിരുന്ന പ്രകാരം ജനുവരിമാസം 22നു ഞായറാഴ്ച രാവിലെ പത്തുമണിക്ക് യോഗം ആരംഭിച്ചു. ....മാവേലിക്കരയിലും പരിസരപ്രദേശങ്ങളിലുമുള്ള ഒരു വലിയ ജനക്കൂട്ടം സന്നിഹിതരായിരുന്നു”

**ഒരു യോഗം**

“നൂറനാട് എന്ന സ്ഥലത്തുവച്ച് ജനുവരി 13 മുതൽ 15 വരെ തീയതികളിൽ പെന്തെക്കോസ്ത് ദൈവസഭയുടെ ആഭിമുഖ്യത്തിൽ സുവിശേഷ പ്രസംഗങ്ങൾ നടന്നിരിക്കുന്നു. മിസ്റ്റർ ജെ.എച്ച്. ബർജ്ജസും മി. എ.ജെ. ജോണുമായിരുന്നു പ്രസംഗകർത്താക്കൾ. സ്ഥലംവാസികളെ കൂടാതെ പോരുവഴി സഭാംഗങ്ങളായിരുന്ന എല്ലാവരും ഹാജരായിരുന്നു.” (വാല്യം 3, ലക്കം 4, 1928 ഫെബ്രുവരി, പേജ് 112)

‘‘ഫെബ്രുവരി ഒന്നു മുതൽ അഞ്ചുവരെ തീയതികളിൽ കായംകുളത്ത് യോഗങ്ങൾ നടത്തപ്പെട്ടു. ദൈവം തന്റെ വേലയെ അനുഗ്രഹകരമായി നടത്തി. വടക്കേ ഇന്ത്യയിലെ മിഷനറിമാരായ റവ. തോമസ് സ്റ്റാഡാർട്ടും, റവ. തോമസ് ഐവാൻസും സ്ഥലത്തെ മിഷനറിമാരും ആയിരുന്നു പ്രധാന വചനശുശ്രൂഷകർ. അതിനെത്തുടർന്ന് പരസ്യയോഗവും സ്നാനശുശ്രൂഷയും നടത്തപ്പെട്ടു. തൽഫലമായി പുതുപ്പള്ളിയിൽനിന്നും അഞ്ചു പേർ നിമജ്ജനസ്നാനം സ്വീകരിച്ചു. സ്തോത്രം.

അനന്തരം മാവേലിക്കര കരിപ്പുഴയിലും, പുനലൂർ ചന്ദനശ്ശേരിയിലും ഓച്ചിറയ്ക്കു സമീപം ഞെക്കനാലും, പോരുവഴിയിൽ മുല്ലശ്ശേരിയിലും വച്ച് പ്രത്യേക യോഗങ്ങൾ നടത്തപ്പെട്ടിരിക്കുന്നു." (വാല്യം 3, ലക്കം 5, 1928 മാർച്ച്, പേജ് 136).

അസംബ്ലീസ് ഓഫ് ഗോഡിന്റെ വളർച്ചയെ പിൽക്കാലത്ത് സഹായിച്ച ഏറ്റവും പ്രധാന ഘടകമായ ബെഥേൽ ബൈബിൾ സ്കൂൾ ആരംഭിച്ചത് 1927 ജൂണിലാണ്. അമേരിക്കയ്ക്കു പുറത്ത് അസംബ്ലീസ് ഓഫ് ഗോഡിന്റെ വകയായി ആരംഭിക്കുന്ന ആദ്യത്തെ വേദപഠനശാലയായിരുന്നു അത്. ഇതിന്റെ ആരംഭത്തെപ്പറ്റി റവ. ജോൺ ബർജ്ജസ്, 1977-ൽ പ്രസിദ്ധീകരിച്ച ബെഥേൽ ബൈബിൾ സ്കൂൾ ഗോൾഡൻ ജൂബിലി സുവനീറിൽ പറയുന്നുണ്ട്:

''ന്യൂ ജേഴ്സിയിലെ ബഥേൽ ബൈബിൾ സ്കൂളിൽ പഠിച്ചുകൊണ്ടിരുന്നപ്പോഴാണ് ഇന്ത്യയിലേക്കു പോകുവാൻ ദൈവമെന്നെ വിളിക്കുന്നത്. ബൈബിൾ സ്കൂൾ പഠനത്തിനുശേഷം ഞാൻ ന്യൂയോർക്കിലെ വൈറ്റ്പ്ലെയിൻസ് സഭയിൽ ശുശ്രൂഷിക്കുമ്പോൾ അന്ന് ഫോറിൻ മിഷൻ സെക്രട്ടറിയായിരുന്ന റവ. ഫോക്സിനെ കണ്ടുമുട്ടി. തിരുവിതാംകൂറിൽ ഒരു ബൈബിൾ സ്കൂൾ ആരംഭിക്കുന്നതിനു അദ്ദേഹമെന്നെ ചുമതലപ്പെടുത്തി.

...തിരുവിതാംകൂറിലെത്തി ഏറെ കഴിയും മുമ്പ് മാവേലിക്കര എ.ജെ. ജോൺ, കായംകുളം പി.വി. ജോൺ, തലവടി ഫിലിപ്പ് എന്നീ സഹോദരന്മാരുടെ സഹകരണത്തോടെ 1927 ജൂണിൽ ഞങ്ങൾ മാവേലിക്കര ബെഥേൽ ബൈബിൾ സ്കൂൾ ആരംഭിച്ചു.'' (ഗോൾഡൺ ജൂബിലി സോവനീർ, 1977, പേജ് 3).

**സംയോജിത സഭയുടെ വളർച്ച**

1926-ൽ കുക്ക് സായ്പിന്റെ സഭയും തെന്നിന്ത്യാ പെന്തെക്കോസ്ത് സഭകളും യോജിച്ചതിന്റെ ഫലമായി മദ്ധ്യതിരുവിതാംകൂറിലെ പല പുതിയ സ്ഥലങ്ങളിലേക്കും പ്രവർത്തനം വ്യാപിപ്പിക്കുവാൻ 'മലങ്കര പെന്തെക്കോസ്ത് സഭ' എന്ന പുതിയ കൂട്ടായ്മയ്ക്കു കഴിഞ്ഞു. അന്ന് കുക്ക് സായ്പ് അസംബ്ലീസ് ഓഫ് ഗോഡിന്റെ മിഷനറിയായിരുന്നതിനാൽ സാമ്പത്തികമായും പുതിയ സഭയ്ക്ക് വലിയ ബുദ്ധിമുട്ടുണ്ടായില്ല.

**സീയോൻകുന്ന്**

1926-ൽ അമേരിക്കയിൽനിന്നും മടങ്ങി എത്തിയപ്പോൾ കുക്ക് സായ്പ് തന്റെ ആസ്ഥാനം കൊട്ടാരക്കരയിൽനിന്നു കല്ലിശ്ശേരിയിലേക്കു മാറ്റിയിരുന്നു. എന്നാൽ പിറ്റേവർഷം മഴക്കാലത്ത് വാടകയ്ക്കെടുത്ത ആ വീട്ടിൽ വെള്ളം കയറുകയും വളരെ നാശനഷ്ടങ്ങൾ സംഭവിക്കുകയും ചെയ്തു. കുക്ക് സായ്പ് എടുത്തു വളർത്തിയിരുന്ന മേരി എന്ന അനാഥക്കുട്ടി വെള്ളപ്പൊക്കത്തിൽപ്പെട്ടു പോകയും മരണത്തോടടുക്കുകയും ചെയ്തത് ഒരു പുതിയ സ്ഥലത്തേക്കു മാറുവാൻ കുക്ക് കുടുംബത്തെ പ്രേരിപ്പിച്ചു. അങ്ങനെയാണ് മുളക്കുഴ സീയോൻകുന്ന് വിലയ്ക്കു വാങ്ങി സായ്പ് തന്റെ ഹെഡ്ക്വാർട്ടേഴ്സ് അവിടേക്കു മാറ്റുന്നത്.

1927 ജൂണിൽ സീയോൻ കുന്നിലെ സഭാകെട്ടിടത്തിനു തറക്കല്ലിട്ടു. ആറുമാസംകൊണ്ട് കെട്ടിടത്തിന്റെ പണി തീർന്നു. (Divine Leadings, Page 137). എ.കെ. വർഗീസ്, എ.സി. സാമുവേൽ തുടങ്ങിയ വരായിരുന്നു കെട്ടിടംപണിയുടെ ചുമതല വഹിച്ചത്.

114

# ഭാരതം മിഷനറിമാർക്കും മംഗല്യഭൂമി

*ഇന്ത്യയിൽ ഏറ്റവും കൂടുതൽ കാലം സുവിശേഷപ്രവർത്തനം നടത്തിയ രണ്ടു പെന്തെക്കോസ്ത് മിഷനറിമാരായിരുന്നു പാസ്റ്റർ ആർ.എഫ് കുക്കും, പാസ്റ്റർ ജോൺ ബർജ്ജസ്സും. പാസ്റ്റർ കുക്ക് 37 വർഷം ഇന്ത്യയിൽ മിഷനറിയായിരുന്നു. ജോൺ ബർജ്ജസ്സ് 25 വർഷങ്ങളും. പല കാര്യങ്ങളിൽ എന്നതുപോലെ വിവാഹകാര്യത്തിലും ഇവർക്ക് സമാനതയുണ്ട്. ഇരുവരും ഇന്ത്യയിൽ വച്ചു വിവാഹിതരായിട്ടുണ്ട്.*

*പാസ്റ്റർ കുക്ക് ഇന്ത്യയിൽ വരുമ്പോൾതന്നെ വിവാഹിതനായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ ഭാര്യ അന്ന ബാംഗ്ലൂരിൽ വച്ച് 1917-ൽ മരണമടഞ്ഞു. 1918-ൽ ഡോഡ്ബല്ലാപ്പൂരിലെ മിഷൻ ഹൗസിൽ വച്ച് റവ. കുക്ക്, ബർത്താഫോക്സ് എന്ന മിഷനറി വനിതയെ വിവാഹം ചെയ്തു. (ബർത്താ, നേരത്തേ തന്നെ ഇന്ത്യയിൽ മിഷനറിയായി പ്രവർത്തിക്കുകയായിരുന്നു).*

*ജോൺ ഹാരി ബർജ്ജസ് 1926-ലാണ് ഇന്ത്യയിലെത്തുന്നത്. അന്നദ്ദേഹത്തിനു 23 വയസ്സ് പ്രായം. അത് കണക്കാക്കേണ്ടതില്ല. അദ്ദേഹം 22*



*കുക്ക് സായ്പും ബർത്താ ഫോക്സും 1918-ൽ വിവാഹിതരായപ്പോൾ. ഇടത്തേയറ്റത്ത് നിൽക്കുന്ന വലിയ മീശക്കാരൻ മിഷനറി ചാൾസ് കമ്മിൻസ്.*

-ാം വയസ്സിലേ അസംബ്ലീസ് ഓഫ് ഗോഡിന്റെ ഓർഡെയൻ ചെയ്യപ്പെട്ട പാസ്റ്ററായിരുന്നു. ന്യൂയോർക്കിലെ വൈറ്റ് പ്ലെയിൻസിൽ ശുശ്രൂഷകനായിരിക്കുമ്പോഴാണ് ബർജ്ജസ് ഇന്ത്യയിലേക്ക് തിരിക്കുന്നത്.



ബർജ്ജസും ബർണ്ണീസും
കേരളീയ വേഷത്തിൽ

ഇന്ത്യയിൽ മിസിസ്സ് മേരി ചാപ്മാനോടൊപ്പം ബർജ്ജസ് മാവേലിക്കര കേന്ദ്രമാക്കി പ്രവർത്തിക്കുകയായിരുന്നു. പെട്ടെന്നായിരുന്നു ചാപ്മാന്റെ നിര്യാണം. അതോടെ തിരുവിതാംകൂർ എ.ജി. പ്രവർത്തനങ്ങളുടെ ചുമതല ഏതാണ്ട് പൂർണ്ണമായും ബർജ്ജസിന്റെ ചുമലിലായി.

വിവാഹിതനായി, കുടുംബമൊന്നിച്ച് തിരുവിതാംകൂർ പ്രവർത്തനങ്ങൾക്കു ചുമൽ കൊടുക്കുവാൻ ബർജ്ജസ് ആഗ്രഹിച്ചു. റോച്ചസ്റ്ററിൽ ബൈബിൾ സ്കൂൾ ട്രെയിനിംഗ് സെന്ററിലെ വിദ്യാർത്ഥിയായിരിക്കുമ്പോൾ കണ്ടുമുട്ടിയ ബർണീസ് ഫ്രാൻസസ് ആൻഡ്രൂസിനെയായിരുന്നു ബർജ്ജസ് തന്റെ ജീവിതപങ്കാളിയായി തിരഞ്ഞെടുത്തത് . അവർ തമ്മിലുള്ള വിവാഹം 1927 ഡിസംബറിൽ പൂനയിലെ മിഷൻ ഹൗസിൽ വച്ചു നടന്നു. അന്ന് ബർജ്ജസിനു പ്രായം 24. ബർണീസിനു പ്രായം 26. (ഇവർ തമ്മിലുള്ള വിവാഹം മാവേലിക്കരയിൽ വച്ച് നടന്നുവെന്നാണ് പിൽക്കാലത്ത് പ്രസിദ്ധീകരിക്കപ്പെട്ട ചില പുസ്തകങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ആ വർഷത്തെ പെന്തെക്കോസ്ത് കാഹളത്തിൽ നിന്നറിയാൻ പറ്റുന്നത് വിവാഹം പൂനയിൽ വച്ചായിരുന്നുവെന്നാണ്. അതാണല്ലോ ആധികാരിക രേഖ).

"വടക്കെ ഇന്ത്യയിലേക്കു പോയിരുന്ന മിഷനറി റവ. ജെ.എച്ച്. ബർജ്ജസ്, ബയൂലാ ബൈബിൾ സ്ക്കൂളിൽ വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കി, ഡിപ്ലോമാ ലഭിച്ചിട്ടുള്ള മിസ്. ബർണീസുമായി വിവാഹം നിശ്ചയം ചെയ്തിരുന്നതിനാൽ പൂനയിലെ മിഷനറി മന്ദിരത്തിൽ വച്ച് അവരുടെ വിവാഹം നടത്തി, ജനുവരി 4നു സ്ഥലത്തെത്തുന്നതാണ്. വധൂവരന്മാർക്ക് സർവ്വമംഗളങ്ങളേയും ആശംസിച്ചുകൊണ്ട് ഞങ്ങൾ പ്രാർത്ഥിക്കുന്നു."

(പെന്തെക്കോസ്ത് കാഹളം, വാല്യം 3, ലക്കം 3, 1928 ജനുവരി പേജ് 86)

111-ാം പേജിൽ നിന്നും...

**സുവിശേഷ പ്രഭാഷകൻ**

എ.ജി. മിഷനറിമാർ 1925-ൽ ചെങ്ങന്നൂരിൽ നിന്നും എ.ജെ. ജോണിന്റെ പത്രാധിപത്യത്തിൽ അസംബ്ലീസ് ഓഫ് ഗോഡ് വകയായി 'പെന്തെക്കോസ്ത് കാഹളം' എന്നൊരു മാസിക തുടങ്ങിയിരുന്നു. പെന്തെക്കോസ്ത് പ്രചരണത്തിനായി ഒരു പുതിയ മാസിക കൂടി മദ്ധ്യതിരുവിതാംകൂറിൽ നിന്നാരംഭിക്കാൻ കുക്ക് സായ്പ് താൽപര്യപ്പെട്ടു. അങ്ങനെയാണ് 1927 ആഗസ്റ്റിൽ 'സുവിശേഷപ്രഭാഷകൻ' മാസിക പുറത്തിറങ്ങുന്നത്. പാസ്റ്റർ കുക്ക് ഈ മാസികയുടെ പത്രാധിപരായിരുന്നു. അന്ന് കുക്ക് സായ്പ് എ.ജി. സഹകരണബന്ധത്തിലായിരുന്നതിനാൽ മാസികയുടെ പ്രസാധകരുടെ സ്ഥാനത്ത് 'ദി അസംബ്ലീസ് ഓഫ് ഗോഡ് ഇൻ മലബാർ' എന്നായിരുന്നു ചേർത്തത്.

**സീയോൻകുന്ന് ബൈബിൾ സ്കൂൾ**

കുക്ക് സായ്പ്, കൊട്ടാരക്കരയിൽ താമസിക്കുമ്പോൾ മുതൽതന്നെ സുവിശേഷകർക്കായി ബൈബിൾ ക്ലാസ്സുകൾ നടത്തുവാൻ അദ്ദേഹം ഉത്സാഹിച്ചിരുന്നു. കല്ലിശ്ശേരിയിൽ വച്ചും ആഴ്ചയിൽ രണ്ടു ദിവസത്തെ രാത്രിയോഗങ്ങൾ ബൈബിൾ ക്ലാസ്സുകളായി ക്രമീകരിച്ചിരുന്നു. 1928 ആരംഭത്തിൽ സീയോൻ കുന്നിലെ പ്രധാന കെട്ടിടത്തിന്റെ പണി തീർന്നപ്പോൾ, സുവിശേഷകരുടെ പരിശീലനത്തിനു ഒരു ബൈബിൾ സ്കൂൾ ആരംഭിക്കുക എന്ന തന്റെ അഭിലാഷം പൂർത്തീകരിക്കാൻ നേരമായി എന്ന് അദ്ദേഹത്തിനുതോന്നി. സഭാ കേന്ദ്രകെട്ടിടം ബൈബിൾ സ്കൂൾ ആവശ്യത്തിനുകൂടെ ഉപയോഗിക്കത്തക്കനിലയിലായിരുന്നു, അദ്ദേഹം പണികഴിപ്പിച്ചിരുന്നത്.

1928 ജൂലൈയിൽ മൗണ്ട് സീയോൻ ബൈബിൾ സ്കൂൾ ഉദ്ഘാടനം ചെയ്തു. ന്യൂയോർക്കിലെ പ്രാക്ടിക്കൽ ബൈബിൾ ട്രെയിനിംഗ് സ്കൂളിൽനിന്നു ബിരുദമെടുത്തിട്ടുള്ള, ആ സ്കൂളിൽതന്നെ ചുരുങ്ങിയകാലം പഠിപ്പിച്ചിട്ടുള്ള മിസിസ് ബർത്താ കുക്ക് ആയിരുന്നു പ്രിൻസിപ്പാൾ. ആർ. എഫ്. കുക്ക്, കെ.ഇ. ഏബ്രഹാം എന്നിവർ അദ്ധ്യാപകരും. അൻപതോളം പേരാണ് ആദ്യബാച്ചിൽ വിദ്യാർത്ഥികളായി ചേർന്നത്. (അവരിൽ മിക്കവരും



*മാവേലിക്കര ബഥേൽ ബൈബിൾ സ്കൂളിലെ ആദ്യബാച്ച് വിദ്യാർത്ഥികൾ (1927)*

അന്നുതന്നേ സുവിശേഷവേലയിൽ ശോഭിച്ചു നിൽക്കുന്നവരായിരുന്നു).

**ആഞ്ഞിലിത്താനം**

ആഞ്ഞലിത്താനം ആലമലയിൽ പരമൻ എന്നു പേരുള്ള തോമസ് ആണ് ഈ പ്രദേശത്തെ ആദ്യ പെന്തെക്കോസ്തനുഭവസ്ഥൻ. ജോലി സംബന്ധമായി ചേത്തയ്ക്കൽ, കനകപ്പലം തുടങ്ങിയ സ്ഥലങ്ങളിൽ താമസിക്കുമ്പോഴാണ് പരമൻ പരിശുദ്ധാത്മസ്നാനം പ്രാപിക്കുന്നത്. പെന്തെക്കോസ്ത് സത്യങ്ങളിലേക്ക് തന്റെ നാട്ടുകാരെ നയിക്കുവാനുള്ള അതിയായ വാഞ്ഛയോടെ പരമൻ സ്വദേശത്തേക്കു മടങ്ങിവന്നു. 1926-ലായിരുന്നു ഇത്.

ആഞ്ഞിലിത്താനത്തെ പല സ്ഥലങ്ങളിൽ പരമൻ സ്വന്തനിലയിൽ പരസ്യയോഗങ്ങൾ നടത്തി. ഈ ഒരനുഭവം നാട്ടുകാർക്ക് പുത്തനായിരുന്നു. കേൾവിക്കാർ അദ്ദേഹത്തെ പരിഹസിക്കുകയും പുച്ഛിക്കുകയും ചെയ്തുപോന്നെങ്കിലും പരമൻ മടികൂടാതെ ഈ മഹൽസത്യങ്ങളെ പ്രഘോഷിച്ചുകൊണ്ടിരുന്നു.

പിന്നോക്ക സമുദായത്തിൽപെട്ട ചിലയാളുകൾ പരമന്റെ പുത്തനുപദേശത്തിനു ചെവികൊടുത്തു. അവരിൽ ചിലർ സ്നാനമേൽക്കുകയും അങ്ങനെ ആഞ്ഞിലിത്താനത്ത് മത്തിമലയിൽ ഒരു പെന്തെക്കോസ്ത് കൂടിവരവ് ആരംഭിക്കുകയും ചെയ്തു. 1923-ൽ കുക്ക് സായ്പിന്റെ പ്രവർത്തനത്താൽ ഉടലെടുത്ത മല്ലപ്പള്ളി പരിയാരം ദൈവസഭയിലെ എം.എം. ജോൺ, കല്ലൂപ്പാറ സ്വദേശിയായ പി.ഡി. ചാക്കോ എന്നിവരായിരുന്നു ഈ സഭയുടെ ആദ്യകാല പ്രവർത്തകർ.


1927 ആഗസ്റ്റിൽ ഇവർ ആഞ്ഞിലിത്താനം പൂവക്കാലാ ഭാഗത്ത് ചില ഉണർവ്വുയോഗങ്ങൾ നടത്തി. പിന്നോക്കക്കാരായ പലരും ഈ യോഗത്തിൽവച്ച് പരിശുദ്ധാത്മസ്നാനം പ്രാപിക്കുകയും സ്നാനപ്പെടുകയും ചെയ്തു. യോഗങ്ങൾ ഒരു മാസത്തിലേറെ നീണ്ടുനിന്നു. ഈ ഉണർവ്വ് പ്രതിഭാസത്തിൽ അത്ഭുതം കൂറിയ ചില സുറിയാനിക്കാരുമുണ്ടായിരുന്നു. അവരുടെ ആഗ്രഹപ്രകാരം ഇളയിടത്ത് കെ. കെ. വർക്കിയുടെ പുരയിടത്തിൽ പന്തലിട്ട് അവിടെയും ഒരാഴ്ചത്തെ യോഗം നടത്തപ്പെട്ടു. ജോൺ ഉപദേശിയും ചാക്കോ ഉപദേശിയുമായിരുന്ന പ്രസംഗകർ.എന്നാൽ ഞായറാഴ്ച രാത്രിയിലെ യോഗത്തിൽ പ്രസംഗിക്കുന്നത് സുറിയാനിക്കാരനായ ഒരദ്ധ്യാപകനും വലിയ ഉണർവ്വ് പ്രസംഗകനുമായ 'ഉണ്ണൂണ്ണിസാർ' ആയിരിക്കുമെന്ന് യോഗത്തിന്റെ സംഘാടകർ ശനിയാഴ്ച രാത്രി പ്രസിദ്ധം ചെയ്തു.

രാത്രി ഒൻപതു മണിയോടെ പ്രസംഗകനായ കെ. ഇ. ഏബ്രഹാം ആഞ്ഞിലിത്താനത്തെത്തി രാത്രി ഒരുമണി വരെ യോഗം നീണ്ടു. ശ്രോതാക്കളായി പല സുറിയാനിക്കാരുമെത്തി. ചിലർ സുവിശേഷസത്യങ്ങളിൽ ആകർഷിക്കപ്പെട്ടെങ്കിലും പെന്തെക്കോസ്തിനെ സ്വീകരിക്കുവാൻ അന്ന് ആരും തയ്യാറായില്ല.

രണ്ടുമൂന്നു മാസങ്ങൾക്കുശേഷം വീണ്ടും കെ. ഇ. ഏബ്രഹാം മത്തിമലയിൽ വന്ന് യോഗങ്ങൾ നടത്തി. സിറിയൻ ബ്രദറൺ സഭക്കാരനായ നെടുംപറമ്പിൽ മത്തായിച്ചന്റെ ഭവനത്തിൽ നിന്നാണ് അന്നവർ ഭക്ഷണം കഴിച്ചത് (ഐ.പി.സി. പെനിയേൽ ചർച്ച് ജൂബിലി സോവനീർ 1979, പേജ് 3,4,)

1927 ഒടുവിൽ ആഞ്ഞിലിത്താനത്തെ പെന്തെക്കോസ്ത് വിശ്വാസികൾ ആലമലയിൽ ഒരു ഷെഡ്ഡുണ്ടാക്കി സഭാരാധന അവിടേക്കുമാറ്റി. സഭയുടെ ശുശ്രൂഷകനായി അടപ്പനാം കണ്ടത്തിൽ എ.സി. സാമുവേലിനെ കുക്ക് സായ്പ് നിയോ

# പാസ്റ്റർ എ.ജെ. ജോൺ: പെന്തക്കോസ്തിന്റെ കരുത്തനായ സാരഥി



*1882-ൽ പുത്തൻകാവ് സ്വദേശിയായി ജനിച്ച എ.ജെ. ജോൺ പെന്തെക്കോസ്തു പ്രസ്ഥാനത്തിന്റെ പ്രാരംഭഘട്ടത്തിൽ അതിനെ നയിക്കുകയും നടത്തുകയും ചെയ്ത വ്യക്തികളിൽ എന്തുകൊണ്ടും അഗ്രഗണ്യനായിരുന്നു. ആദ്യസമയത്ത് ബ്രദറൺ പ്രസ്ഥാനത്തോടുചേർന്ന് മാവേലിക്കരയിൽ സഭാപ്രവർത്തനത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുമ്പോഴാണ് ജോൺ പെന്തെക്കോസ്തു മിഷനറിമാരായ ആൽഡ് വിങ്കിൾ, മേരിചാപ്മാൻ എന്നിവരുമായി പരിചയപ്പെടുന്നത്. 1925-ൽ തന്നെ അദ്ദേഹത്തിന്റെ പത്രാധിപത്യത്തിൽ പെന്തെക്കോസ്തു ലോകത്തെ ആദ്യ ആനുകാലികമായ 'പെന്തെക്കോസ്തു കാഹളം' പ്രസിദ്ധീകരണം ആരംഭിച്ചു. 1927-ൽ ആദ്യത്തെ പെന്തെക്കോസ്തു വേദപാഠശാല മാവേലിക്കരയിൽ സ്ഥാപിക്കപ്പെട്ടപ്പോൾ ജോൺ എച്ച്. ബർജ്ജസിനോടൊപ്പം എല്ലാ കാര്യങ്ങളും നിർവഹിച്ചത് പാസ്റ്റർ എ.ജെ. ജോൺ ആയിരുന്നു. ദീർഘവർഷങ്ങൾ അദ്ദേഹമവിടെ അദ്ധ്യാപകനായിരുന്നു.*

*അസംബ്ലീസ് ഓഫ് ഗോഡിലെ എക്കാലത്തെയും പ്രശസ്തനായ പ്രസംഗകൻ എ.ജെ. ജോൺ ആയിരുന്നു. പിന്നീട് എ.ജി.യിൽ പ്രശസ്തരായിത്തീർന്ന മിക്കവാറും ആളുകൾ അദ്ദേഹത്തിന്റെ ശിഷ്യൻമാരാണ്. 1946-ൽ മിഷനറിമാരുമായുണ്ടായ ചില്ലറ അഭിപ്രായവ്യത്യാസങ്ങളുടെ പേരിൽ എ.ജെ. ജോൺ ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭയിൽ ചേർന്നു. പാസ്റ്റർ ജോണിന്റെ മഹത്വമറിയാമായിരുന്ന ചില നേതാക്കൾ സീയോൻ കാഹളത്തിന്റെ പത്രാധിപത്യവും, ഹെബ്രോൻ ബൈബിൾ സ്കൂളിന്റെ പ്രിൻസിപ്പാൾ പദവിയും കൗൺസിലിന്റെ തന്നെ ചില പ്രധാന പദവികളും അദ്ദേഹത്തെ ഭരമേല്പിച്ചു. എന്നാൽ ഒരു വിഭാഗത്തിനു ഇക്കാര്യത്തിൽ അതൃപ്തിയുണ്ട് എന്നു മനസിലാക്കി എ.ജെ. ജോൺ എല്ലാ പദവികളും ഉപേക്ഷിച്ച് ഐ.പി.സി. വിട്ടുപോയി. ചില വർഷങ്ങൾ എറണാകുളത്തും പിന്നെ മകൻ എലയാസറിനോടൊപ്പം വരണാസിയിലും അദ്ദേഹം പ്രവർത്തിച്ചു. 1961 മുതൽ അദ്ദേഹം നിലമ്പൂരിൽ താമസിച്ച് സാധാരണനിലയിൽ സുവിശേഷപ്രവർത്തനം ചെയ്തു. പെന്തെക്കോസ്തു പ്രസ്ഥാനത്തിനു ഒരിക്കലും മറക്കാനാവാത്ത സ്വാധിയായ ആ മനുഷ്യൻ 1973-ൽ 91-ാം വയസ്സിൽ നിര്യാതനായി.*

115-ാം പേജിൽ നിന്നും...

ഗിച്ചു. പിന്നോക്കക്കാരായ ആളുകളായിരുന്നു വിശ്വാസികൾ. ജാതിപരമായ യാതൊരു വ്യത്യാസവും വേർതിരിവും കാണിക്കാതെ സാമുവൽ അവരോട് ചേർന്നുപ്രവർത്തിച്ചു. അവരുണ്ടാക്കിയ ആഹാരം കഴിക്കാനും അവരുടെ കുടിലുകളിൽ വിശ്രമിക്കുവാനും അദ്ദേഹത്തിനു പ്രയാസമുണ്ടായിരുന്നില്ല.

1929 സെപ്റ്റംബർ 7 നു പാസ്റ്റർ എ. സി. സാമുവൽ ആഞ്ഞിലിത്താനം കുളത്തിൽ ഒരു സ്നാനശുശ്രൂഷ നടത്തി. ശുശ്രൂഷ കാണാൻ വലിയൊരു ജനാവലിയും ഉണ്ടായിരുന്നു. സ്നാപകനായ സാമുവൽ സ്നാനം എന്താണെന്നും അത് ആർക്കുവേണ്ടിയാണെന്നും അതെങ്ങനെ നിർവ്വഹിക്കണമെന്നും തിരുവചനത്തിൽ നിന്നും തെളിവായി ഉറപ്പിച്ചു സംസാരിച്ചു. പ്രസംഗത്തിനു ശേഷം "സ്നാനപ്പെടുവാൻ ഇനിയും ആരെങ്കിലും താൽപര്യപ്പെടുന്നുവെങ്കിൽ മുമ്പോട്ട് വരാൻ" ആഹ്വാനം ചെയ്തു.

ആൾക്കൂട്ടത്തിന്റെ മദ്ധ്യത്തിൽ നിന്നും പൂവക്കാലായിൽ പി.എം. കുര്യച്ചനും വാലുപറമ്പിൽ പി.വി. വർഗീസും സ്നാനക്കടവിലിറങ്ങി. സുറിയാനിക്കാരായ ആളുകൾക്ക് ഇത് വലിയൊരാഘാതമായാണനുഭവപ്പെട്ടത്. ഇതനുവദിക്കാൻ പറ്റില്ലായെന്നു പറഞ്ഞ് അവർ ബഹളമുണ്ടാക്കി. എന്നാൽ കുര്യന്റെ പിതാവ് മാണിച്ചൻ വേർപാട് സഭയിൽ വിശ്വാസസ്നാനം ഏറ്റവനായിരുന്നതിനാൽ തന്റെ മകന്റെ സ്നാനതീരുമാനത്തെ അനുകൂലിച്ചു സംസാരിച്ചു. അങ്ങനെ അവർ രണ്ടു പേരും (കുര്യനും വർഗീസും) അന്നു സ്നാനപ്പെട്ടു. പിറ്റേ ആഴ്ച ഇളയിടത്ത് കെ. കെ. തോമസ് എന്നയാളും സ്നാനമേറ്റു.

പുതുതായി സ്നാനമേറ്റവർ കുമ്പനാട് സഭയിൽ ആയിരുന്നു കൂട്ടായ്മ ആചരിച്ചത്. അന്ന് കെ.സി. ഉമ്മൻ (കൊടുന്തറ ഉമ്മച്ചൻ) അവിടെ സഭാശുശ്രൂഷകനായിരുന്നു. നവംബറിൽ കെ. ഇ. ഏബ്രഹാം വീണ്ടും വന്ന് ആഞ്ഞിലിത്താനത്ത് യോഗം നടത്തിയപ്പോൾ വേറെ ചിലർകൂടെ ആത്മസ്നാനം പ്രാപിച്ചു. അവർ ചേർന്ന് ആഞ്ഞിലിത്താനത്ത് തന്നെ സുറിയാനിക്കാരുടെ ഒരു കൂട്ടായ്മ ആരംഭിച്ചു. പൂവക്കാലായിൽ പി.എം. കുര്യനായിരുന്നു സഭയുടെ ആദ്യശുശ്രൂഷകൻ.

### കുറുമ്പനാടം (ചങ്ങനാശ്ശേരി)

1926-ൽ പാസ്റ്റർ എം. എം. ജോൺ (പരിയാരം), കല്ലൂപ്പാറ പി.ഡി.ചാക്കോ എന്നിവർ പെന്തെക്കോസ്ത് സന്ദേശവുമായി ചങ്ങനാശ്ശേരി കുറുമ്പനാടം എന്ന സ്ഥലത്തെത്തി. അവരുടെ പ്രാർത്ഥനാഫലമായി 1926 ഒക്ടോബർ (1102 തുലാം 4) മാസത്തിൽ 12 പേർ സ്നാനമേറ്റു. നാട്ടുകാരിൽ നിന്നും വളരെയേറെ എതിർപ്പുകൾ ഇവർക്കു നേരിടേണ്ടിവന്നു. സുവിശേഷവിരോധികൾ സ്നാനക്കുളത്തിൽ, ശരീരത്തിൽ ചൊറിച്ചിലുണ്ടാക്കുന്ന നായ്കുർണ എന്ന വസ്തുവും മുളകുപൊടിയും വിതറി. എന്നാലത് സ്നാപകന്റെയോ സ്നാനാർത്ഥികളുടെയോ ശരീരത്തിൽ ഏതെങ്കിലും നിലയിൽ പ്രായാസമുണ്ടാക്കിയില്ല. അത് കാണികളെ ആശ്ചര്യപ്പെടുത്തി. പരിയാരം ജോണുപദേശിയാണ് അന്ന് ശുശ്രൂഷ നിർവ്വഹിച്ചത്. അന്നുസ്നാനമേറ്റവരിൽ പി.പി. ചാക്കോ പള്ളിക്കുന്നേൽ, പിന്നീട് ദൈവസഭയിലെ പ്രഗ്തഭനായ ഒരു ശുശ്രൂഷകനായിത്തീർന്നു. കണിച്ചുകുളം, വല്ല്യാട്ട് എന്നീ സഭകളുടെ സ്ഥാപനത്തിൽ അദ്ദേഹം വലിയ പങ്കുവഹിച്ചിട്ടുണ്ട്.

### ചങ്ങനാശ്ശേരി - കണിച്ചുകുളം

ഇക്കാലത്ത് പെന്തെക്കോസ്ത് സത്യം പ്രഘോഷിക്കപ്പെട്ട മറ്റൊരു സ്ഥലമായി

രുന്നു കണിച്ചുകുളം. 1920 കളുടെ ആരംഭത്തിൽത്തന്നെ ആ പ്രദേശത്ത് പലരും വേർപാട് വിശ്വാസത്തിലേക്ക് ആകർഷിക്കപ്പെട്ടിരുന്നു. എന്നാൽ പെന്തെക്കോസ്ത് സന്ദേശം അവിടെ പ്രചാരത്തിലാകുന്നത് ഇരുപതുകളുടെ രണ്ടാം പാദത്തിലാണ്. കണിച്ചുകുളം, കുറമ്പനാടം എന്നിവിടങ്ങളിൽ ഓരോ പെന്തെക്കോസ്ത് സഭാകൂടിവരവുകൾ ഇക്കാലത്ത് ആരംഭിച്ചു.

1929-ൽ കണിച്ചുകുളത്ത് നടന്ന ഒരു കൺവൻഷനിൽ കുക്ക് സായ്പ് തന്റെ കാറിൽ പ്രസംഗിക്കാനെത്തി. കൂടെ കെ. ഇ. ഏബ്രഹാമും ഉണ്ടായിരുന്നു. ശ്രോതാക്കളിൽ നല്ലൊരു പങ്കും കത്തോലിക്കരയിരുന്നു. പ്രസംഗത്തിനിടയിൽ അദ്ദേഹം 'രക്ഷിക്കപ്പെടാൻ ക്രിസ്തുവിനെയാണ് നോക്കേണ്ടത്, മാതാവിനെയല്ല' എന്നിങ്ങനെ ചില വാചകങ്ങൾ സംസാരിച്ചത് ശ്രോതാക്കളായ കത്തോലിക്കരെ ചൊടിപ്പിച്ചു. അവരിൽ ചിലർ വൈരാഗ്യം പൂണ്ട് പെരുമ്പനച്ചിക്കും കുറമ്പനാടത്തിനുമിടയ്ക്ക് വയലിൽ ഉണ്ടായിരുന്ന ഒരു തടിപ്പാലത്തിന്റെ പലകകളെല്ലാം ആളയച്ചു എടുത്തുമാറ്റിച്ചു. സായ്പിന്റെ കാർ അതുവഴിയായിരുന്നു മടങ്ങിപ്പോരേണ്ടിയിരുന്നത്. യോഗാവസാനമായപ്പോഴേക്കും സംഘാടകർ പാലം പൊളിച്ചു മാറ്റപ്പെട്ട വിവരമറിഞ്ഞു. അതിനാൽ അവിടെയുള്ള പെന്തെക്കോസ്ത് സഹോദരൻമാർ കൂടെ സായ്പിനോടൊപ്പം ചെന്ന് പാലത്തിന്റെ പലകകൾ തിരികെ പെറുക്കിയിട്ട് കാർ കടത്തിവിടാനായി പരിശ്രമിച്ചു. എന്നാൽ കത്തോലിക്കർ ആ ശ്രമത്തെ തടഞ്ഞു.

നിവൃത്തിയില്ലാഞ്ഞ് സായ്പ് വിവരം കാണിച്ച് ചങ്ങനാശ്ശേരി പോലീസ് സ്റ്റേഷനിലേക്ക് പി. പി. ചാക്കോ, കാരയ്ക്കാടു ജോസഫ് എന്നിവരുടെ കയ്യിൽ ഒരു കുറിപ്പ് കൊടുത്തയച്ചു. രാത്രി രണ്ടുമണിയോടെ പോലീസ് ഇൻപെക്ടറും പാർട്ടിയും സ്ഥലത്തെത്തി പലകകൾ പെറുക്കി ഇടുവിച്ച് സായ്പിന്റെ കാർ കടത്തിവിട്ടു.

ഇൻസ്പെക്ടർ ഒരു കത്തോലിക്കനായിരുന്നു. അദ്ദേഹം, കുഴപ്പം കാണിച്ചെന്നു ബോധ്യമായ വ്യക്തികളെ പ്രതിചേർത്ത് പോലീസ് വാദിയായി കേസ് ചാർജ്ജ് ചെയ്തു. കുക്ക് സായ്പാകട്ടെ, ചങ്ങനാശ്ശേരിയിൽ ചെന്ന്, തനിക്ക് കേസ്സില്ലായെന്നും അവരെ വെറുതെ വിടണമെന്നും അപേക്ഷിച്ചു. ഇൻസ്പെക്ടർ പ്രതികളെ വിളിച്ചുവരുത്തി മുളക്കുഴയിൽ ചെന്നു സായ്പിനോടു ക്ഷമ ചോദിക്കാൻ ആവശ്യപ്പെട്ടു. അവർ അനേകരൊരുമിച്ച് മുളക്കുഴയിൽ സായ്പിന്റെ ബംഗ്ലാവിലെത്തി അദ്ദേഹത്തോടു ക്ഷമ ചോദിക്കുകയും, സായ്പ് അവരെ പ്രാർത്ഥിച്ച് അനുഗ്രഹിച്ചു യാത്രയാക്കുകയും ചെയ്തു.

ചൂരനോലിക്കൽ മർക്കോസ് (പിന്നീട് ദൈവസഭയുടെ ശുശ്രൂഷകനായി) മാന്തില ഏശാവ്, തുണ്ടിയിൽ യോഹന്നാൻ, തകിടിയിൽ യിസഹാക്ക് എന്നിവരും കുടുംബങ്ങളും ഈ പ്രദേശത്തെ ആദ്യകാല വിശ്വാസികളാണ്. പി.പി. ജോൺ ഇവിടുത്തെ ആദ്യശുശ്രൂഷകനായിരുന്നു. വി.സി. ജോൺ (ചേറ്റുതടം) ആദ്യകാലം മുതൽ സഭയുടെ സഹശുശ്രൂഷകനായിരുന്നു.

**പിറവം**

ഉത്തരതിരുവിതാംകൂറിലെ പിറവം ദേശത്ത് ആദ്യമായി പെന്തെക്കോസ്തനുഭവത്തിലേക്കു കടന്നുവന്ന വി.സി. മത്തായി 1928-ൽ മദ്ധ്യതിരുവിതാംകൂറിലെത്തി കുക്ക് സായ്പിന്റെ ചില ഉണർവ്വുയോഗങ്ങളിൽ സംബന്ധിച്ചു. അതേവർഷം തന്നെ അദ്ദേഹം സായ്പിനെ സ്വദേശത്തേക്കുകൊണ്ടുപോയി.

അവിടെയും ചില ഉണർവ്വുയോഗങ്ങൾ നടത്തി. സ്വസമുദായത്തിൽ നിന്നും വള രെയേറെ എതിർപ്പുകൾ അദ്ദേഹത്തിനു നേരിടേണ്ടിവന്നു പിറവത്ത് ആദ്യമായി നടത്തിയ ഒരു പരസ്യയോഗത്തിൽ ശ്രോതാക്കളിലൊരാൾ മത്തായിയുടെ മുഖ മടച്ച് ഇടിക്കുകയും അദ്ദേഹത്തിന്റെ മൂന്നു പല്ലുകൾ തെറിച്ചു പോകയും ചെയ്തു. എന്നാൽ പിറവത്തെ പെന്തെ ക്കോസ്ത് പ്രവർത്തനം ദുർബ്ബലപ്പെട്ടില്ല. ഏറെത്താമസിയാതെ അവിടെയൊരു പെന്തെക്കോസ്താരാധന ആരംഭിച്ചു.

സഭാരാധനയ്ക്കായി ഒരു ഹാൾ പണിയാൻ കുക്ക് സായ്പ് ധനസഹായം വാഗ്ദാനം ചെയ്തു എന്നാൽ സാധനസാ മഗ്രികൾ എത്തിക്കാൻ വാഹനം വാട കയ്ക്കു കൊടുക്കാൻപോലും നാട്ടുകാർ തയ്യാറായിരുന്നില്ല. ഒടുവിൽ കുക്ക് സായ്പിന്റെ കാറിന്റെ ഡിക്കിയിലാണ് ഹാൾ പണിക്കുള്ള ഓടും മറ്റും ഇറക്കി യത്.

പിറവത്ത് ഒരു ദിവസം കുക്ക് സായ്പ് പ്രസംഗിക്കാൻ എത്തിയപ്പോൾ തർജ്ജമ യ്ക്കായി വിദ്യാസമ്പന്നരായ ക്രിസ്ത്യാനി കളെ ആരെയും കിട്ടിയില്ല. ഒടുവിൽ ഒരു ഹിന്ദുയുവാവ് താൻ സായ്പിനു തർജ്ജമ ചെയ്യാമെന്നേറ്റു. ആ യോഗത്തിൽ വലിയ ആത്മപകർച്ചയുണ്ടായി. ആളുകൾ അന്യ ഭാഷയിൽ സംസാരിക്കുന്നതു കേട്ട് തർജ്ജമക്കാരനായ ഹിന്ദുവിനു ചിരിയൊ തുക്കുവാൻ കഴിഞ്ഞില്ല. എന്നാൽ അന്യ ഭാഷക്കാരെ പരിഹസിച്ചു ചിരിക്കുമ്പോൾ പെട്ടെന്ന് അയാൾ സ്റ്റേജിൽ തന്നെ കുഴ ഞ്ഞുവീണു. അപ്പോൾ സ്റ്റേജിലു ണ്ടായിരുന്ന വി. സി.മത്തായി ആ ഹിന്ദു സഹോദരന്റെ മേൽ കൈവച്ച് പ്രാർത്ഥിക്കുകയും അയാൾ സൗഖ്യം പ്രാപിക്കുകയും ചെയ്തു.

ആദ്യകാലത്ത് വി.സി. മത്തായി യോട് ചേർന്നു പ്രവർത്തിച്ച മറ്റു ചിലരാ യിരുന്നു ടി.ടി. ജോസഫ് (പുന്നാട്ട്ക്കുഴി അപ്പച്ചൻ) പാസ്റ്റർ ഫിലിപ്പ് ഉപദേശി. (മാനാടി, കീഴൂർ) എന്നിവർ.


## പൂവത്തൂർ ഉണർവ്വ്

### പൂവത്തൂരിലെ സ്വതന്ത്രവിയോജിതർ പെന്തെക്കോസ്തിലേക്ക്

1925നോടടുത്ത് കെ. വി. സൈമൺ, 'മുൻനിർണ്ണയം', 'തെരഞ്ഞെടുപ്പ്', 'രക്ഷ യുടെ ഭദ്രത' തുടങ്ങിയ കാൽവനിസ്റ്റ് ഉപ ദേശങ്ങൾക്ക് വളരെ പ്രാധാന്യം കൊടുത്ത് വിയോജിതസഭയിൽ ചില ബൈബിൾ ക്ലാസ്സുകൾ നടത്തി. നല്ലൊരു ശതമാനം വിശ്വാസികൾക്ക് ഈ ഉപദേശങ്ങളിൽ യോജിപ്പുണ്ടായിരുന്നില്ല. അതിന്റെ ഫല മായി വിയോജിത പ്രധാനപ്രവർത്തക രിൽപ്പെട്ട പേരിശ്ശേരി മത്തായിച്ചൻ പൊടിമല മത്തായിച്ചൻ തുടങ്ങി പലരും സൈമൺസാറിനോട് വിഘടിച്ചു നിന്നു. മലങ്കര വിയോജിതരുടെ പ്രധാന പ്രാദേ ശിക ഘടകമായിരുന്ന പൂവത്തൂർ സഭ വിയോജിതസംഘവുമായുള്ള ബന്ധം രേഖാമൂലം ഉപേക്ഷിക്കുകയും ചെയ്തു.

അന്ന്, ഈ സ്വതന്ത്രകൂട്ടായ്മയോട് സഹകരണബന്ധം പുലർത്തിയിരുന്നവ രാണ് അഷ്ടമുടി ഉമ്മച്ചൻ, കുഞ്ഞപ്പി ഉപ ദേശി, പേരിശ്ശേരി മത്തായിച്ചൻ, പൊടി മല മത്തായിച്ചൻ, മുണ്ടക്കയം ജോൺ ഉപ ദേശി, മണിയാറ്റ് മത്തായി ഉപദേശി, യോഹന്നാനുപദേശി, ചാക്കോ ശാസ്ത്രി, എം. ജെ. തോമസ്, ആനമല അവറാച്ചൻ തുടങ്ങി പലരും. ഇതിൽ കുഞ്ഞപ്പി ഉപദേശി സെറാമ്പൂർ കോളെജിൽ വൈദിക വിദ്യാഭ്യാസത്തിനായി പോകയും മാർത്തോമ്മാ സഭയുടെ ഒരു സുവിശേഷകനായിത്തീരുകയും ചെയ്തു. ബാക്കിയുള്ളവരെല്ലാം സ്വതന്ത്ര വിയോജിത കൂട്ടായ്മയായി തുടർന്നു. പൂവ ത്തൂരെ സ്വതന്ത്രവിയോജിത സഭയുടെ

# തൊമ്മനച്ചൻ പറഞ്ഞു-അത് ദൈവം പ്രാർത്ഥന കേട്ടതാണ്



*സി.എം.എസ്. മാതാപിതാക്കളുടെ മകനായി 1895-ൽ കരുനാഗപ്പള്ളി കോയിക്കത്തറ ഭവനത്തിൽ ജനിച്ച ഇ.പി. ഡാനിയേൽ, പത്താമത്തെ വയസ്സിൽ സാധു കൊച്ചുകുഞ്ഞുപദേശിയുടെ പ്രസംഗം കേട്ടു മാനസാന്തരപ്പെട്ടു. 1925-ൽ തന്റെ ആത്മീയ ജീവിതത്തിന്റെ ശുഷ്ക്കാവസ്ഥയിൽ മനം നൊന്ത്, അതേ അനുഭവം ഉണ്ടായിരുന്ന ചിലരുമായി ചേർന്ന് ഡാനിയേൽ പ്രാർത്ഥിക്കുവാൻ തുടങ്ങി. ഒരു ദിവസം പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ ഏതോ വലിയ ശക്തി തനിക്ക് അനുഭവപ്പെടുകയും മലയാളമല്ലാത്ത എന്തൊക്കെയോ പറയുകയും ചെയ്തു.*

*ആത്മസ്നാനത്തെക്കുറിച്ചോ, അന്യഭാഷയെക്കുറിച്ചോ, അറിവില്ലാതിരുന്ന ഡാനിയേൽ പുതുപ്പള്ളി (കായംകുളം) സി.എം.എസ്. പള്ളിയിലെ തൊമ്മനച്ചനെ സമീപിച്ച് തന്റെ ഈ അനുഭവങ്ങൾ എന്താണെന്നു ചോദിച്ചു. അച്ചന്റെ മറുപടി, "നിന്റെ പ്രാർത്ഥന ദൈവം കേട്ടു എന്നതിന്റെ തെളിവാണിത്" എന്നായിരുന്നു.*

*1926-ൽ ഡാനിയേൽ മാവേലിക്കര ആറാട്ടുകടവിൽ ബർജ്ജസ്*

പ്രധാന പ്രവർത്തകൻ പൊടിമല മത്തായിച്ചനായിരുന്നു. പേരിശ്ശേരി മത്തായിച്ചനും പൂവത്തൂരിൽ താമസിച്ച് സുവിശേഷപ്രവർത്തനം ചെയ്തുകൊണ്ടിരുന്നു.

കുമ്പനാടു സഭയിൽ, കെ. സി. ഉമ്മന്റെ നേതൃത്വത്തിൽ വലിയ ഉണർവ്വ് നടക്കുന്ന സമയമായിരുന്നു അത്. പെന്തെക്കോസ്ത് സഭയുമായുള്ള സഹകരണത്താൽ പൂവത്തൂർ സ്വതന്ത്രവിയോജിത സഭയിലെ പലരും പെന്തെക്കോസ്ത് ഉപദേശങ്ങളെപ്പറ്റി സ്വതന്ത്രമായി പഠിക്കാൻ തയ്യാറായി. 1928 ആയപ്പോഴേക്കും സ്വതന്ത്രവിയോജിതരിൽ പലരും പെന്തെക്കോസ്ത് സത്യങ്ങളിലേക്ക് ആകർഷിക്കപ്പെട്ടിരുന്നു. ആ വർഷത്തെ അവരുടെ വാർഷിക കൺവൻഷനിൽ വേർപാട് സഭാനേതാക്കൾക്കുപകരം പെന്തെക്കോസ്ത് നേതാക്കളെ ക്ഷണിക്കാൻ അവർ തയ്യാറായതും അതുകൊണ്ടുതന്നെ. പാസ്റ്റർ കുക്ക്, എ. ജി.യുടെ മിഷനറിയായി ആയിടെ എത്തിയ മിസ് മാർത്താ കുസേറ, കെ. ഇ. ഏബ്രഹാം

*സായിപിന്റെ കൈക്കീഴിൽ സ്നാനപ്പെട്ടു. ആ വർഷം മുതൽതന്നെ വീടിനോടടുത്ത ഒരു ഷെഡ്ഡുകെട്ടി യോഗങ്ങൾ ആരംഭിച്ചു. അന്ന് കായംകുളം ഒന്നാംകുറ്റിയിൽ താമസിച്ചിരുന്ന അയ്യാപിള്ളസാർ വന്ന് ആരാധനയോഗങ്ങൾ നടത്തുമായിരുന്നു. 1927-ൽ മാവേലിക്കര ബഥേൽ ബൈബിൾ സ്കൂളിന്റെ ആദ്യ ബാച്ചിൽ ചേർന്നു. 1929-ൽ കായംകുളം സ്വദേശിയായ മാത്തുണ്ണി എന്നൊരാൾ സിലോണിൽ വച്ച് രക്ഷിക്കപ്പെട്ടു. താൻ നാട്ടിലേക്ക് മടങ്ങിപ്പോരുമ്പോൾ കൂടെ പാസ്റ്റർ പോളും മറ്റു ചില സ്നേഹിതരും ഉണ്ടായിരുന്നു. ബന്ധുക്കൾ തന്റെ പെന്തെക്കോസ്തു വിശ്വാസ സ്വീകരണത്തെ എതിർത്തതിനാൽ മാത്തുണ്ണിക്ക് സ്വഭവനത്തിൽ യോഗം നടത്തുവാൻ അനുവാദം ലഭിച്ചില്ല. അവരുടെ വിഷമാവസ്ഥയിൽ ഡാനിയേൽ സ്വന്തപുരയിടത്തിൽ ഉണ്ടായിരുന്ന തൊഴുത്തു പൊളിച്ച്, കൃഷിയും മരങ്ങളും വെട്ടിമാറ്റിയോഗം നടത്തുവാൻ സ്ഥലം ഒരുക്കി.*

*തന്റെ പ്രവർത്തനങ്ങളിൽ പെന്തെക്കോസ്തനുഭവം അതിന്റെ ശക്തിയോടെ വെളിപ്പെട്ടിരുന്നു. അക്കാലത്ത് വസൂരിരോഗം പിടിപെടുന്നയാളെ മന്ത്രവാദിയുടെ കൈയ്യിൽ ഏൽപിച്ച് ഭനവക്കാർ ദൂരെ എവിടേക്കെങ്കിലും പോകുകയായിരുന്നു പതിവ്. പാസ്റ്റർ ഡാനിയേൽ അങ്ങനെയുള്ള രോഗികളെ സന്ദർശിച്ച് പ്രാർത്ഥിക്കുവാൻ, മരിക്കുന്നവരെ അടക്കം ചെയ്യുവാൻ പോലും തയ്യാറായി.*

*എ. ജി. യുടെ വളർച്ചയിൽ പാസ്റ്റർ ഡാനിയൽ നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ട്. യുദ്ധകാലത്ത് ബർജ്ജസ് സായിപിന്റെ അഭാവത്തിൽ എ.ജെ. ജോൺ എ. ജി. വിട്ടുപോയപ്പോൾ പാസ്റ്റർ ഡാനിയേൽ ആണ് അന്ന് സഭയ്ക്ക് നേതൃത്വം നൽകിയത്. പുതുപ്പള്ളി, ഞക്കനാൽ, വള്ളിക്കുന്നം, നൂറനാട്, പോരുവഴി, കടമ്പനാട്, കരുനാഗപ്പള്ളി, തേവലക്കര, തഴവാ, കൊല്ലം എന്നീ സ്ഥലങ്ങളിൽ അദ്ദേഹം സഭാശുശ്രൂഷകനായിരുന്നിട്ടുണ്ട്.*

*ദൈവവേലയിൽ കഠിനാദ്ധ്വാനിയായിരുന്ന പാസ്റ്റർ ഡാനിയേൽ 1978 ജൂൺ 8 നു തന്റെ 83-ാം വയസിൽ കർത്താവിൽ നിദ്രപ്രാപിച്ചു.*

തുടങ്ങിയവരായിരുന്നു ആ കൺവൻഷനിൽ പ്രസംഗകർ.

### എ.ആർ.റ്റി. അതിശയം

കഴിഞ്ഞ നൂറ്റാണ്ടിലെ ആത്മീയ ഉണർവ്വുകളിലെന്നപോലെ 1920കളുടെ ഒടുവിൽ പൂവത്തൂരിൽ നടന്ന പെന്തെക്കോസ്തുണർവ്വിലും നടുനായകത്വം വഹിച്ചത് ഒരു തമിഴ്നാട്ടുകാരനായിരുന്നു- പാസ്റ്റർ എ.ആർ. റ്റി. അതിശയം. തമിഴ്നാട്ടിലെ തിരുനെൽവേലിയിൽ ഒരു ഉന്നത കുടുംബത്തിൽ ജനിച്ചു വളർത്തപ്പെട്ട അതിശയം കേരളത്തിൽ എത്തുന്നത്, മലങ്കര വിയോജിത നേതാവായ കെ. വി. സൈമൺ ക്ഷണിച്ചതനുസരിച്ചാണ്. 1926 ഫെബ്രുവരിയിൽ ആറാട്ടുപുഴയിൽവച്ചു നടന്ന മലങ്കര വിയോജിതരുടെ ഒരു കൺവൻഷനിൽ സൈമൺസാറിന്റെ ക്ഷണപ്രകാരം എത്തിച്ചേർന്ന തങ്കയ്യാ അതിശയം പ്രസംഗത്തിനിടെ അത്ഭുതരോഗശാന്തിയുപദേശം ഉറപ്പിച്ചു പറഞ്ഞത് സൈമൺ സാറിനെ ചൊടിപ്പിച്ചു.

അദ്ദേഹം ആ യോഗത്തിൽതന്നെ പ്രസ്തുത ഉപദേശത്തെ ഖണ്ഡിച്ചു പ്രസംഗിച്ചു. അതിശയം ഇക്കാര്യത്തിൽ വളരെയേറെ ദുഃഖിതനായിത്തീർന്നു. വിയോജിത യോഗങ്ങളിൽ ദൈവീകരോഗശാന്തി, പരിശുദ്ധാത്മസ്നാനം, തുടങ്ങിയ ഉപദേശങ്ങൾ പ്രസംഗിക്കുവാൻ തുടങ്ങിയപ്പോൾ അതിശയത്തിനു കെ. വി. സൈമൺ വിലക്കു കൽപിച്ചു. അങ്ങനെയാണ് സ്വതന്ത്രവിയോജിത സംഘങ്ങളുമായി അതിശയം പരിചയത്തിലാകുന്നത്.

മണിയാറ്റ് മത്തായി ഉപദേശി, എം. ജെ. തോമസ് എന്നിവരുടെ ക്ഷണം അനുസരിച്ച് 1926 ഒടുവിൽ അതിശയം തടിയൂർ, തെള്ളിയൂർ, കുറിയന്നൂർ തുടങ്ങിയ സ്ഥലങ്ങളിൽ കുറെ മാസങ്ങൾ താമസിച്ചു പ്രവർത്തിച്ചു. അന്ന് അവർ പൂവത്തൂർ സ്വതന്ത്രവിയോജിത സഭയുമായി ബന്ധപ്പെടുകയും പൊടിമല മത്തായിച്ചന്റെ പ്രത്യേക ക്ഷണമനുസരിച്ച് സുവിശേഷപ്രവർത്തനം നടത്തുകയും ചെയ്തു.

പരിശുദ്ധാത്മ സ്നാനത്തെക്കുറിച്ച് കേട്ടും പഠിച്ചും അറിഞ്ഞ അതിശയം ഈ പുതിയ ഉപദേശം പൂവത്തൂർ വിയോജിത സഭാംഗങ്ങളെ പഠിപ്പിക്കാനുദ്യമിച്ചു. എന്നാൽ അന്ന് അദ്ദേഹം ആത്മസ്നാനം പ്രാപിച്ചിരുന്നില്ല. ആത്മസ്നാനം പ്രാപിക്കാത്തയാൾ അതിനെക്കുറിച്ച് പ്രസംഗിക്കുന്നത് ഉചിതമല്ലായെന്നായിരുന്നു പൂവത്തൂർ സഭയിലെ ചില നേതാക്കളുടെ അഭിപ്രായം.

ആത്മസ്നാനം പ്രാപിക്കണമെന്ന അഭിവാഞ്ഛ വളരെ ശക്തമായ നിലയിൽ അതിശയത്തിനുണ്ടായിരുന്നു. അതുകൊണ്ട് അദ്ദേഹം കാത്തിരുന്ന് പരിശുദ്ധാത്മസ്നാനം പ്രാപിക്കേണ്ടതിന് തമിഴ്നാട്ടിലേക്കു യാത്രയായി.

1929 മെയ് ആദ്യവാരം തങ്കയ്യാ അതിശയം പരിശുദ്ധാത്മസ്നാനം പ്രാപിച്ചു. ഈ വിവരം പൂവത്തൂർ പൊടിമല മത്തായിച്ചന്റെ പേർക്ക് എഴുതി അറിയിച്ചു. 1929 ജൂൺ മാസത്തെ സുവിശേഷപ്രഭാഷകനിൽ ആ കത്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**ബ്രദർ തങ്കയ്യായുടെ ഒരു കത്ത്**

തിരുനെൽവേലി നാട്ടുകാരനും തിരുവിതാംകൂറിൽ വന്ന് വിയോജിതസഭ, പെന്തെക്കോസ്ത് സഭ മുതലായ സഭകളുടെ വക കൺവൻഷൻ യോഗങ്ങളിലും മറ്റും പ്രസംഗകനായിരുന്ന് മദ്ധ്യതിരുവിതാംകൂറിൽ പലർക്കും സുപരിചിതനും ഒരു പ്രാർത്ഥനാ മനുഷ്യനെന്ന് ശ്രുതിപ്പെട്ടവനുമായ മിസ്റ്റർ എ. ആർ. തങ്കയ്യാ അതിശയം എന്ന വന്ദ്യസഹോദരൻ സ്വദേശത്തു വച്ച് പരിശുദ്ധാത്മസ്നാനം പ്രാപിച്ചതിനെപ്പറ്റി പൂവത്തൂർ സഭയിൽപ്പെട്ട ഒരു മാന്യസഹോദരന്റെ പേർക്ക് മലയാളത്തിൽ അയച്ച ഒരെഴുത്താണ് ഇവിടെ ചേർത്തിരിക്കുന്നത്. മിസ്റ്റർ തങ്കയ്യ ഇംഗ്ലീഷിലും തമിഴിലും പാണ്ഡിത്യം ലഭിച്ചിട്ടുള്ള ഒരു ദേഹമാണെങ്കിലും മലയാള ഭാഷ അത്ര വ്യുത്തിയായി വശമായിട്ടില്ലാത്ത ആളാകയാൽ എഴുത്തിലെ ചില വാചകങ്ങളിൽ വന്നു പോയിട്ടുള്ള തമിഴുരീതികൾ വായനക്കാർ ഗൗനിക്കേണ്ടതില്ല. (സു.പ്ര.പ.)

“അറുക്കപ്പെട്ട കുഞ്ഞാടിനു മഹത്വം”

കാക്കയന്നൂർ,

14-5-29

കർത്താവിൽ പ്രിയ സഹോദരനും, സഹോദരിയും കുഞ്ഞുങ്ങളും അറിവാൻ,

......ഞാൻ കോലാർ കൺവൻഷൻ കഴിഞ്ഞവർഷം അവിടെ നിന്ന് പുറപ്പെട്ടു. ഏപ്രിൽ 12 നു കൺവൻഷൻ കഴിഞ്ഞ് അവിടെ നിന്ന് മദ്രാസിനു പോയി. മദ്രാസിൽ നിന്ന് ഇവിടെ ഊരുക്കു വന്നു. ഈ വിവരങ്ങൾ അറിഞ്ഞു കാണുമല്ലോ.

ഞാൻ കോലാറിൽ പോയശേഷം അവിടെ കർത്താവെന്നെ വിശേഷാൽ അനുഗ്രഹിച്ചതിന്റെ ഒരു ചുരുക്കം മുമ്പിലത്തെ എഴുത്തിൽ കാണിച്ചിരുന്നു. ദൈവാത്മാവ് എന്റെ മേൽ വരികയും എന്റെ ശരീരം കുലുങ്ങുകയും ചെയ്തു. ഇങ്ങനെ ചിലനാൾ സംഭവിച്ചുകൊണ്ടിരുന്നു. ഞാൻ പൂവത്തൂർക്ക് വന്ന ആരംഭത്തിൽ ഒരു സ്ഥലത്ത് തനിച്ച് പ്രാർത്ഥിച്ചുകൊണ്ടിരുന്ന അവസരത്തിലും അങ്ങനെ സംഭവിച്ചതായി ഓർക്കുന്നു. ഏപ്രിൽ 12 നു വിശേഷാൽ ദൈവത്തിന്റെ ശക്തി എന്നെ കുലുക്കി. അന്ന് വിശേഷ അനുഗ്രഹമുണ്ടായി. ഒരു ദിവസം ഒരു വീട്ടിൽ പ്രാർത്ഥിക്കുന്ന അവസരം ദൈവത്തിന്റെ അഗ്നി തീപ്പൊരിപോൽ എന്നെ ചുറ്റിയിരിക്കുന്നതായി ഒരു സ്ത്രീ കണ്ടു പറഞ്ഞു. ഇവിടെ വന്നശേഷം മെയ് 5-നു രാവിലെ സമയം സ്തോത്രത്തിൽ ജാഗരിച്ചുകൊണ്ടിരിക്കുമ്പോൾ മുമ്പിലത്തേതിലും അധികം ശക്തിയായി ദൈവത്തിന്റെ ആത്മാവ് എന്റെ മേൽ വന്നു എന്റെ നാവിനെ എടുത്തു സ്തോത്രം ചെയ്തു. അത് അന്യഭാഷയിൽ അല്ല. ഹല്ലേലൂയ്യാ എന്ന വാക്കിനെ പല വിധത്തിൽ, പല രാഗത്തിൽ പാടി. ഞാൻ ഹാല്ലേലൂയ്യാ ചൊല്ലുന്നതും, ദൈവത്തിന്റെ ആത്മാവ് എന്റെ നാവിനെ എടുത്തുപയോഗിക്കുന്നതും വ്യത്യാസം തിരിയുന്നു. ഹല്ലേലൂയ്യാ എന്ന ഒറ്റ വാക്കിനെത്തന്നെ അങ്ങനെ പാട്ടായിട്ടു പാടി. ഇങ്ങനെ ബുധനാഴ്ച വരെ ഉണ്ടായിക്കൊണ്ടിരുന്നു. ബുധനാഴ്ച രാവിലെ അങ്ങനെ പാടി സ്തോത്രം ചെയ്തു കൊണ്ടിരിക്കുമ്പോൾ പെട്ടെന്ന് അതുമാറി അന്യഭാഷയിൽ പാട്ടുണ്ടായി. ആത്മാവ് ആ ദിവസം അന്യഭാഷയിൽ പാടുകയും സ്തോത്രിക്കുകയും ചെയ്തുകൊണ്ടിരുന്നു. അന്നു മുതൽ ഇന്നുവരെ ആത്മാവ് അന്യഭാഷകളിൽ സംസാരിക്കു

***പാസ്റ്റർ കെ. എം. പണിക്കർ***



*അസംബ്ലീസ് ഓഫ് ഗോഡിലെ പ്രഗത്ഭരായ പ്രസംഗകരിൽ ഒരാളായിരുന്നു കെ. എം. പണിക്കർ. യാക്കോബായ സമുദായത്തിൽ നിന്നും വളരെ എതിർപ്പുകളുടെ മദ്ധ്യത്തിൽ പെന്തെക്കോസ്ത് മാർഗ്ഗം സ്വീകരിച്ചിറങ്ങിയ പണിക്കർ 1929-ൽ മാവേലിക്കര ബഥേൽ ബൈബിൾ സ്കൂളിലാണ് വചനാഭ്യാസം നടത്തിയത്. 1948 വരെ അദ്ദേഹം വിവിധ സ്ഥലങ്ങളിൽ സഭാശുശ്രൂഷകനായി പ്രവർത്തിച്ചു. 1948 മുതൽ ബെഥേൽ ബൈബിൾ സ്കൂളിൽ അദ്ധ്യാപകനായി. യുദ്ധകാലത്ത് ബൈബിൾ സ്കൂൾ മാവേലിക്കരയിൽ നിന്നും മാറ്റി തിരുവനന്തപുരത്തെ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സമയമായിരുന്നു അത്. കെ. എം. പണിക്കർ ഉൾപ്പെടെയുള്ളവരുടെ ശ്രമഫലമായാണ് 1949-ൽ പുനലൂരിലേക്കു ബൈബിൾ സ്കൂൾ മാറ്റി സ്ഥാപിച്ചത്. ആ വർഷം തന്നെ അദ്ദേഹം ദൈവസന്നിധിയിലേക്കു ചേർക്കപ്പെട്ടു. പണിക്കരുടെ മൃതദേഹം ബെഥേൽ ബൈബിൾ സ്കൂൾ കൊമ്പൗണ്ടിൽ തന്നെയാണ് സംസ്കരിച്ചത്.*

കയും പാടുകയും ചെയ്തുകൊണ്ടിരുന്നു. ദൈവത്തിനു മഹത്വം. ആമേൻ. വ്യാഖ്യാനവരവും ആത്മാവ് തന്നിരിക്കുന്നു. ഈ ഞായറാഴ്ച മുതൽ അത് ഉണ്ടായിക്കൊണ്ടിരിക്കുന്നു. തന്റെ നാമത്തിനു മഹത്വം. ആമേൻ.

ഇനിയും ഈ എന്റെ അനുഭവത്തെ സംബന്ധിച്ച് പറയത്തക്ക പല കാര്യങ്ങൾ ഉണ്ടെങ്കിലും ഇവിടെ പറയുന്നില്ല. ഒരു ചുരുക്കമേ ഇവിടെ കാണിച്ചിട്ടുള്ളൂ. മറ്റു വിവരങ്ങളെല്ലാം കടലാസിലും മഷികൊണ്ടും എഴുതുവാൻ എനിക്കു മനസ്സില്ല. ദൈവം അനുവദിക്കുന്നെങ്കിൽ മുഖാമുഖമായി സംസാരിക്കുവാൻ ആശിക്കുന്നു. ദൈവഹിതമാകുന്നുവെങ്കിൽ അതിനു സമയത്തിനും നടത്തിപ്പിനുമായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. ഈ വിവരങ്ങൾ അവിടെയുള്ള എല്ലാ സഹോദര സഹോദരികൾക്കും അറിയിക്കണമെന്നപേക്ഷിക്കുന്നു. എല്ലാറ്റിലും ദൈവം മഹത്വപ്പെടുമാറാകട്ടെ. തന്റെ നാമത്തിനു എന്നേക്കും മഹത്വം. ആമേൻ.

കർത്താവിൽ നിങ്ങളുടെ സഹോദരൻ
എ.ആർ.റ്റി.അതിശയം

(സുവിശേഷപ്രഭാഷകൻ, വാല്യം 2, ലക്കം 10, 11, 1929 മെയ്,ജൂൺ. പേജ് 258)

തങ്കയ്യാ അതിശയത്തിന്റെ ആത്മസ്നാനാനുഭവത്തെപ്പറ്റിയറിഞ്ഞ പൂവത്തൂർ സ്വതന്ത്രവിയോജിത സഭ, അന്നവർ സഭായോഗം കൂടിയിരുന്ന വി.പി. തോമസിന്റെ (വേലമ്പറമ്പിൽ കുഞ്ഞോമ്മാച്ചൻ) താമസസ്ഥലത്ത് (ഉള്ളൂർ ഭവനം) ഒരു കാത്തിരിപ്പുയോഗം നടത്തുകയും പൊടിമല മത്തായിച്ചൻ പണം അയച്ചുകൊടുത്ത് അതിശയത്തെ ആ യോഗത്തിനായി വരുത്തുകയും ചെയ്തു.

വലിയ ഒരു ഉണർവ്വിന്റെ ആരംഭമായിരുന്നു അത്. പൊടിമല മത്തായിച്ചൻ ഉൾപ്പെടെ മിക്ക സ്വതന്ത്രവിയോജിത പ്രവർത്തകരും പരിശുദ്ധാത്മസ്നാനം പ്രാപിച്ചു.

അന്ന് മുളക്കുഴ ബൈബിൾ സ്കൂൾ നടക്കുന്ന സമയമായിരുന്നു. വാരാന്ത്യങ്ങളിൽ ബൈബിൾ സ്കൂൾ അദ്ധ്യാപകരും വിദ്യാർത്ഥികളും പൂവത്തൂരെത്തി ഉണർവ്വുയോഗങ്ങളിൽ ഭാഗഭാക്കായി. ഏറിയനാൾ നീണ്ടു നിന്ന ആ ഉണർവ്വിന്റെ പ്രാരംഭ ദിവസങ്ങളെപ്പറ്റിയുള്ള വിവരണം 'സുവിശേഷപ്രഭാഷകനിൽ' അതിന്റെ സഹപത്രാധിപരായിരുന്ന കെ. ഇ. ഏബ്രഹാം രേഖപ്പെടുത്തിയിട്ടുണ്ട്.

"..................ഭൂതലമെങ്ങും ഒരു ആത്മീയ ഉണർവ്വുണ്ടാകാൻ വേണ്ടി ലോകത്തിന്റെ പല ഭാഗങ്ങളിലുമുള്ള വിശ്വാസികൾ താൽപര്യമായി പ്രാർത്ഥിക്കുന്ന ഒരു കാലമാണിത്. കർത്താവിന്റെ വരവിനു മുന്നമേ ശക്തിയായ ഒരു ഉണർവ്വ് ലോകമെങ്ങും വ്യാപിച്ച്, അനേകം ആത്മാക്കളെ അതിനായി ഒരുക്കുവാൻ സംഗതിവരട്ടെ.

ദൈവകൃപയാൽ നമ്മുടെ തിരുവിതാംകൂറിലും ഇതുപോലൊരു ഉണർവ്വിന്റെ ആരംഭം കാണുന്നുണ്ട്. ഈ പ്രദേശങ്ങളിൽ കർത്താവ്, അടുത്ത അവസരങ്ങളിൽ പ്രവർത്തിച്ചിട്ടുള്ള കാര്യങ്ങൾ അതിനു സാക്ഷ്യം വഹിക്കുന്നു. ദൈവനടത്തിപ്പിൻ പ്രകാരം പൂവത്തൂർ സഭയുടെ ക്ഷണമനുസരിച്ച് ബ്രദർ തങ്കയ്യാ അവിടെ ചില ആഴ്ചവട്ടങ്ങൾക്കു മുമ്പ് വന്നു ചേർന്നു. അദ്ദേഹം വന്നശേഷം സ്ഥലത്ത് രണ്ടാഴ്ചയോളം കാത്തിരിപ്പുയോഗങ്ങൾ നടന്നു. അന്യജനങ്ങളായി യോഗങ്ങളിൽ സംബന്ധിക്കുന്നവരിൽ പലർക്കും, വിശേഷാൽ ഒരു പ്രസംഗം കേൾക്കാതെ തന്നെ പാപബോധമുണ്ടായി.

രണ്ടാഴ്ചയ്ക്കുള്ളിലായി എഴുപതിൽപരം വിശ്വാസികൾ പരിശുദ്ധാത്മ

സ്നാനം പ്രാപിക്കുകയും 34 പേർ രക്ഷിക്കപ്പെട്ട് ജലസ്നാനമേൽക്കുകയും ചെയ്തു. അങ്ങനെ രക്ഷിക്കപ്പെട്ടവരിൽ ഒരാൾ ക്ഷുദ്രപ്രയോഗത്തിൽ വിദഗ്ധനായ വ്യക്തിയായിരുന്നു. ആ ദേഹം യോഗങ്ങളിൽ വന്നിരുന്ന് അവിടെ വ്യാപരിക്കുന്ന ശക്തിയെഹനിച്ചു കളയാനായി വേണ്ട മന്ത്രപ്രയോഗങ്ങൾ ചെയ്തുനോക്കി. അത് സാധിക്കായ്കയാൽ ഒടുവിൽ ഇതു ദൈവശക്തിതന്നെ എന്ന് ബോധ്യപ്പെട്ടിട്ട് തന്റെ ആഭിചാരവൃത്തി വിട്ടൊഴിഞ്ഞ് കർത്താവിനെ സ്വീകരിച്ചു സ്നാനമേറ്റു. സ്നാനപ്പെട്ടവരിൽ വേറൊരു മാന്യൻ തോട്ടപ്പുഴശ്ശേരിയിൽ ഒരു പൗരകുടുംബത്തിൽ പെട്ടയാളും സെറാമ്പൂർ വൈദിക കോളേജിൽ എൽ.റ്റി.എച്ച്. പാസ്സായശേഷം ഉത്തര തിരുവിതാംകൂറിൽ കീഴില്ലം മാർത്തോമ്മാ ഇംഗ്ലീഷ് സ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന ദേഹവുമായ മി. കെ. പി. ഫിലിപ്പ് ആണ്. ഇംഗ്ലീഷ് ലവലേശമറിഞ്ഞു കൂടാത്തവളെന്നു തനിക്ക് പൂർണ്ണബോധ്യമുള്ള ഒരു സഹോദരി മറുഭാഷയായി ഇംഗ്ലീഷ് സംസാരിച്ച് അതിന്റെ ശരിയായ വ്യാഖ്യാനം പ്രസ്താവിച്ചതും അതുപോലെതന്നെ മലയാള ഭാഷ മാത്രമറിയാവുന്ന ഒരു സഹോദരൻ മറുഭാഷയായി ഗ്രീക്കു സംസാരിച്ചതും തന്നെ ആശ്ചര്യപരതന്ത്രനാക്കിത്തീർത്തത്രേ.

മോഷ്ടാക്കളായ അനേക യുവാക്കൻമാർ, പോലീസ് ഡിപ്പാർട്ട്മെന്റുകാർ ശ്രമിച്ചാൽ തന്നെയും തെളിയിക്കാൻ അസാധ്യമായ മോഷണകൃത്യങ്ങൾ, പാപബോധം വരുത്തുന്ന പരിശുദ്ധാത്മാവ് പ്രവർത്തിച്ചപ്പോൾ, അവയോരോന്നായി പരസ്യത്തിൽ ഏറ്റുപറയുകയും ഉടമസ്ഥരോട് ക്ഷമായാചനം ചെയ്യുകയും സാമാനങ്ങളുടെ വില കൊടുക്കാമെന്ന് സമ്മതിക്കുകയും ചെയ്യുകയുണ്ടായി. അക്കൂട്ടത്തിൽ ഒരു യുവാവ് തന്റെ ഇരുപതിൽപ്പരം മോഷണ കൃത്യങ്ങളും മറ്റനേക പാപങ്ങളും ഏറ്റു പറഞ്ഞുപേക്ഷിച്ച് കർത്താവിങ്കൽനിന്ന് ശുദ്ധീകരണം ലഭിച്ച് പരിശുദ്ധാത്മസ്നാനം പ്രാപിക്കുകയും സ്ഥലത്തെ വിശ്വാസികളുമായുള്ള കൂട്ടായ്മ സ്വീകരിക്കുകയും ചെയ്തു.

....കർത്താവ് ആ യോഗസമയങ്ങളിൽ അതിശയകരമായ രോഗശാന്തികളും നൽകിയിട്ടുണ്ട്. ഒരു സഹോദരനെ രാത്രി പാമ്പു കടിച്ചതിനാലുള്ള വിഷഭയത്തിൽ നിന്നും പ്രാർത്ഥനയാൽ സംഖ്യം ലഭിച്ചു. കഠിനജ്വരത്താൽ ബാധിതനായിക്കിടക്കുന്ന ഒരു ബാലന്റെമേൽ (പി. എം. ഫിലിപ്പ്) എണ്ണപൂശി പ്രാർത്ഥിക്കുകയും തൽക്ഷണം അവനു സൗഖ്യം ലഭിക്കയാൽ അപ്പോൾതന്നെ പച്ചവെള്ളത്തിൽ കുളിക്കുകയും ചെയ്കയുണ്ടായി.

കർത്താവ് അവിടെ പ്രവർത്തിച്ച എല്ലാ ദിവ്യ പ്രവർത്തനങ്ങൾക്കായും അവന്റെ നാമം വാഴ്ത്തപ്പെടട്ടെ. എന്തെന്നാൽ സകലവും അവനാലും അവങ്കൽ നിന്നും അവങ്കലേക്കുമാകുന്നല്ലോ." (സുവിശേഷപ്രഭാഷകൻ, വാല്യം 2, ലക്കം 12, 1929 ജൂലൈ) പേജ് 295-298

### സീയോൻ കുന്നിലെ ഉണർവ്വ്

പൂവത്തൂരും സമീപപ്രദേശങ്ങളിലും ശക്തമായ നിലയിൽ ഉണർവ്വ് നടന്നുകൊണ്ടിരിക്കുമ്പോൾ തന്നെ മുളക്കുഴ സീയോൻകുന്ന് ബൈബിൾ സ്കൂളിലും ഒരു ഉണർവ്വ് പൊട്ടിപ്പുറപ്പെട്ടു. ഒരു ബുധനാഴ്ച ഉച്ചതിരിഞ്ഞ് ക്ലാസ്സ് നടന്നുകൊണ്ടിരിക്കുന്ന സമയം കൊടുന്തറ ഉമ്മച്ചൻ പെട്ടെന്ന് ആത്മവിവശതയിലായി. എന്തോ, മാരകമായ ഒരു തളർച്ച അദ്ദേഹത്തെ ബാധിച്ചുവെന്നാണ് സഹവിദ്യാർത്ഥികൾ കരുതിയത്. അവർ അദ്ദേഹത്തെ താങ്ങിയെടുത്ത് അടുത്ത മുറിയിൽ കൊണ്ടുപോയി ശുശ്രൂഷിച്ചു.

വൈകിട്ട് അഞ്ചരയായപ്പോൾ, സാധാരണപോലെ രാത്രിയോഗങ്ങൾക്കു പോകു

വാൻ ബൈബിൾ സ്കൂൾ വിദ്യാർത്ഥികൾ ഒരുങ്ങി. അപ്പോഴും ഉമ്മച്ചൻ വിവശ അവസ്ഥയിൽ തന്നെയായിരുന്നു. എന്നാൽ പെട്ടെന്നദ്ദേഹം കിടക്കയിൽ കിടന്നു കൊണ്ടുതന്നെ ഒരു സഹോദരനെ വിളിച്ച്, താനൊരു ദർശനം കാണുകയാണെന്നറിയിച്ചു.

ദർശനം ഇപ്രകാരമായിരുന്നു. താൻ കിടക്കുന്നതിനു വലതുഭാഗത്തായി ഒരു വലിയ പ്രകാശവും ആ പ്രഭാവൃത്തത്തിനുള്ളിൽ തേജോമയൻമാരായ മൂന്നു പുരുഷൻമാർ നിൽക്കുന്നതും അദ്ദേഹം കണ്ടു. അതിൽ ഒരു പുരുഷൻ ചുവപ്പു നിറത്തിലുള്ള അങ്കി ധരിച്ച്, വലംകൈയ്യിൽ രക്തം നിറഞ്ഞൊരു പാത്രം പിടിച്ചുകൊണ്ടു നിന്നു. വെള്ളവസ്ത്രധാരികളായ വേറെ രണ്ടു പുരുഷൻമാരിൽ ഒരാൾ ശുദ്ധീകരണം എന്നെഴുത്തുള്ള ഒരു പുസ്തകം പിടിച്ചും, മറ്റെയാൾ ഒരു വാൾ വഹിച്ചുകൊണ്ടുമാണ് നിന്നിരുന്നത്.

ഈ ദർശനത്തിന്റെ അർത്ഥവും ഉമ്മച്ചനു വെളിപ്പെട്ടു. ദൈവജനത്തിനിടയിൽ ശുദ്ധീകരണം നടക്കാനുണ്ടെന്നും അതിലേക്ക് യേശുവിന്റെ രക്തം ഇന്നും മതിയായതെന്നും ശുദ്ധീകരണം നടക്കുന്നില്ലായെങ്കിൽ ദൈവം തന്റെ വാൾ ഉപയോഗിക്കുമെന്നും, തന്റെ ദർശനത്തിന് അദ്ദേഹം വ്യാഖ്യാനം നൽകി.

ഈ ദർശനവിവരം സഹോദരൻമാർ അന്നു വൈകിട്ടത്തെ യോഗത്തിൽ അറിയിച്ചു. കൂടിവന്ന എല്ലാവരുടെമേലും പരിശുദ്ധാത്മാവ് പ്രവർത്തിക്കുവാൻ തുടങ്ങി. തങ്ങൾ ശുദ്ധീകരിക്കപ്പെടേണ്ട കാര്യങ്ങൾ ഓരോരുത്തരും കണ്ടുപിടിച്ച് തങ്ങളെ തന്നെ സമർപ്പിച്ചുകൊടുക്കാനായി പ്രാർത്ഥനയിൽ സമയം വിനിയോഗിച്ചു തുടങ്ങി. വലിയ അനുതാപത്തിനും കരച്ചിലിനും ഇത് കാരണമായിത്തീർന്നു.


ഉമ്മച്ചനു ക്ലാസ്സിൽ വച്ച് വിവശത ഉണ്ടായപ്പോൾ സുഹൃത്തുക്കൾ ആദ്യം ചിന്തിച്ചത് അതൊരു രോഗമായിരുന്നുവെന്നാണ്. എന്നാൽ ഉമ്മച്ചന്റെ ദർശനത്തെ ഉൾക്കൊണ്ട് രാത്രിയോഗത്തിൽ പങ്കെടുത്തിരുന്നവർ ശുദ്ധീകരണത്തിനായി സ്വയം ഏൽപ്പിച്ചുകൊടുത്തപ്പോൾ വീണ്ടും ഒരു പ്രാവശ്യംകൂടെ മുൻകണ്ടതുപോലൊരു ദർശനം അദ്ദേഹത്തിനുണ്ടായി. ആദ്യ ദർശനത്തിലെ രക്തം തളിച്ച ഉടുപ്പ് ധരിച്ച പുരുഷൻ ഇത്തവണ കയ്യിലൊരു ചുരുളുമായി വന്ന് അത് അദ്ദേഹത്തിനു വായിക്കാൻ കൊടുത്തു. “നിനക്ക് ഇത് രോഗമല്ല, എന്റെ ജനം ശുദ്ധീകരിക്കപ്പെടുവാനുള്ളതിനാൽ നിന്നെ ഞാൻ എന്റെ കൈകളിൽ എടുത്തിരിക്കുകയാണ്'' എന്നായിരുന്നു അതിലെ എഴുത്ത്.

ഈ ദർശനം ഉണ്ടായപ്പോൾ അദ്ദേഹം, ശുശ്രൂഷിച്ചിരുന്ന സഹോദരൻമാരെ അടുക്കൽ വിളിച്ച് ഇനി തന്റെ രോഗസൗഖ്യത്തിനുവേണ്ടി ആരും പ്രാർത്ഥിക്കേണ്ടായെന്ന് അറിയിച്ചു. അപ്പോഴുമദ്ദേഹം അവശനായി കട്ടിലിൽ കിടക്കുകയായിരുന്നു. എന്നാൽ രാത്രി ഒൻപതുമണി കഴിഞ്ഞപ്പോൾ, മരണാസന്നനായി കിടന്ന സഹോദരൻ പെട്ടെന്ന് തനിയെ എഴുന്നേറ്റ് യോഗം നടക്കുന്ന മുറിയിലേക്ക് ചെന്ന് ശക്തിയേറിയ ഒരു പ്രസംഗം ചെയ്തു. അതിശയകരമായ ഈ പ്രവൃത്തി കണ്ട് യോഗത്തിനിരുന്നവരെല്ലാം വിസ്മയിച്ചുപോയി.

ഈ സംഭവത്തിനുശേഷം അടുത്ത രണ്ടു ദിവസങ്ങളിലേക്ക് മുളക്കുഴ ബൈബിൾ സ്കൂളിൽ ബൈബിൾ ക്ലാസ്സുകൾക്കുപകരം കാത്തിരിപ്പുയോഗങ്ങളാണ് നടന്നത്. വിശ്വാസികൾ ശുദ്ധീകരിക്കപ്പെടുന്നതിനും ആത്മസ്നാനത്തിനായി കാത്തിരുന്ന പലരും അതു പ്രാപിക്കുന്ന

128

# സീയോൻ കുന്നിന്റെ ചരിത്രം



*സീയോൻകുന്നിലെ കേന്ദ്രകെട്ടിടം പണി നടക്കുന്ന നിലയിൽ*

***ക**ല്ലിശ്ശേരിയിൽ കുക്ക് സായ്പ് താമസിക്കുന്ന സമയം, മഴക്കാലത്തു താമസയോഗ്യമല്ലാത്തൊരു വാടക വീടാണ് അദ്ദേഹത്തിനു ലഭിച്ചത്, ഉയർന്ന സ്ഥലത്ത് എവിടെയെങ്കിലും സഭാകേന്ദ്രം പണിയുന്നതിനായി അദ്ദേഹം ആഗ്രഹിച്ചു. അങ്ങനെയൊരു സ്ഥലം അന്വേഷിക്കുന്നതിനിടയിലാണ് മുളക്കുഴയിലെ ഇപ്പോഴത്തെ സീയോൻ കുന്നിൻ ചെരുവിൽ ഒരു സുവിശേഷയോഗം നടത്തുവാൻ അദ്ദേഹം ക്ഷണിക്കപ്പെട്ടത്. ഉടമസ്ഥൻ ഈ സ്ഥലം വിൽക്കുമോ എന്നു ദേശവാസിയായ ഒരാളോടു ചോദിച്ചപ്പോൾ അതിനൊരിക്കലും സാദ്ധ്യതയില്ലെന്നായിരുന്നു മറുപടി. വളരെ ഉയർന്ന സാമ്പത്തികശേഷിയുള്ള അയാൾക്ക് ഈ കുന്ന് വിറ്റുകിട്ടുന്ന പണം ആവശ്യമില്ലത്രെ!*

*വിൽക്കുമായിരുന്നെങ്കിൽ തന്നെ അതു വാങ്ങാൻ കുക്ക് സായ്പിന്റെ കൈവശം അപ്പോൾ പണമുണ്ടായിരുന്നില്ല. വില കൊടുത്തു വീട്ടാൻ രണ്ടു വർഷത്തെയെങ്കിലും സാവകാശം തരുന്നൊരു വസ്തു ഉടമസ്ഥനെയായിരുന്നു കുക്ക് സായ്പിനാവശ്യം.*

*അങ്ങനെയിരിക്കെ ഏബ്രഹാം എന്നു പേരുള്ള ദേശവാസിയായ ഒരു ദന്തഡോക്ടർ കുക്ക് സായ്പിനെ കാണാൻ കല്ലിശ്ശേരിയിലെത്തി. സംഭാഷണമദ്ധ്യേ സഭാകേന്ദ്രം പണിയാൻ പറ്റിയ ഒരു സ്ഥലം നോക്കിക്കൊണ്ടിരിക്കയാണെന്ന് സായ്പ് ഡോക്ടർ ഏബ്രഹാമിനോടു സൂചിപ്പിച്ചു. തന്റെ സഹോദരന്റെ വകയായി മുളക്കുഴയിൽ കുറെ വസ്തുവുണ്ടെന്നും സായ്പിന് ഇഷ്ടമാണെങ്കിൽ അതേപ്പറ്റി സഹോദരനോട് സംസാരിക്കാമെന്നും ഡോക്ടർ ഏബ്രഹാം പറഞ്ഞു. അത്ഭുതമെന്നു പറയട്ടെ, സായ്പ് കണ്ടുവച്ച കുന്നുതന്നെയായിരുന്നു അത്. ഡോക്ടർ ഏബ്രഹാമിന്റെ അഭ്യർത്ഥനയെ മാനിക്കുവാൻ അദ്ദേഹം തയ്യാറായിരുന്നു. അങ്ങനെ വാങ്ങിയതാണ് ഇന്ന് ചർച്ച് ഓഫ് ഗോഡിന്റെ കേരളാ സ്റ്റേറ്റ് ആസ്ഥാനമായ മൗണ്ട് സീയോൻ.*

### *പാസ്റ്റർ കെ. സി. ചെറിയാൻ (വെട്ടിയാറ്റ് ചെറിയാച്ചൻ)*

*മാവേലിക്കരയ്ക്കടുത്ത് അറുനൂറ്റിമംഗലത്തുള്ള ഒരു സി. എം. എസ്. കുടുംബത്തിൽ 1898 ഏപ്രിൽ 3 നു ചെറിയാൻ ജനിച്ചു. സാധു സുന്ദർസിംഗിന്റെ പ്രസംഗം കേട്ട് രക്ഷിക്കപ്പെടുകയും 1924-മാർച്ചുമാസത്തിൽ സ്നാനപ്പെടുകയും ചെയ്തു. സുവിശേഷവേലയ്ക്കിറങ്ങിയ ചെറിയാച്ചൻ വടക്കൻ തിരുവിതാംകൂറിലെ വാളകത്ത് കുന്നൊൾ പ്രവർത്തിച്ചു. ആയിടെ താനും ഭാര്യയും എടുത്ത ഒരു തീരുമാനമനുസരിച്ച് സ്ത്രീധനമായി കിട്ടിയ സ്വത്ത് വിറ്റ് കർത്താവിന്റെ വേലയ്ക്ക് വിനിയോഗിക്കാൻ പ്രസ്തുത തുക കെ. ഇ. ഏബ്രഹാമിനെ ഏൽപിച്ചു. കട്ടച്ചിറയിൽ താമസമാക്കിയ പാസ്റ്റർ ചെറിയാൻ വെട്ടിയാർ, വെൺമണി, പൂന്തല, കുളനട, കീക്കൊഴൂർ, റാന്നി, വടശ്ശേരിക്കര മുതലായ സ്ഥലങ്ങളിലും പ്രവർത്തിച്ചു. 1948-ൽ അടൂരിനടുത്ത് വയലാ എന്ന സ്ഥലത്ത് ഒരു പുതിയ പ്രവർത്തനത്തിനു തുടക്കമിട്ടു. ഇപ്പോഴത്തെ ഐ. പി. സി. യുടെ ഒരു സഭയായി മാറിയിട്ടുണ്ട്. 1976 ജൂലൈ മാസത്തിൽ അദ്ദേഹം നിത്യതയിൽ പ്രവേശിച്ചു.*

തിനും ഈ യോഗങ്ങൾ മൂലം ഇടയായി. അയൽ സഭകളിൽനിന്നും ആളുകൾ ഈ യോഗത്തിൽ പങ്കെടുക്കുകയും ആത്മസ്നാനം പ്രാപിക്കുകയും ചെയ്തു.

ഈ കാലയളവിൽ പ്രശസ്തരായ പല സുവിശേഷകരും ആത്മസ്നാനാനുഭവത്തിലേക്കു നയിക്കപ്പെട്ടു. അവരിൽ ചിലർ പെന്തെക്കോസ്ത് സഭയിലെതന്നെ പ്രവർത്തകരായിരുന്നു. നല്ലൊരു കൂട്ടമാളുകൾ സ്വതന്ത്ര വിയോജിത സംഘാംഗങ്ങളും! മറ്റു ചിലരാകട്ടെ മാർത്തോമ്മാ സഭയിലും മറ്റുമുള്ള ഉണർവ്വു സംഘങ്ങളിൽപ്പെട്ടവരായിരുന്നു.

### പാസ്റ്റർ റ്റി. എം. വർഗീസ്

പുത്തൻകാവ് ഇംഗ്ലീഷ് സ്കൂളിൽ അദ്ധ്യാപകനായിരുന്ന ടി. എം. വർഗീസ് ആർ. എഫ്. കുക്കുമായി ബന്ധപ്പെടുന്നത് വളരെ അവിചാരിതമായാണ്. തന്റെ മകൾ ബ്ലോസത്തെ മലയാളഭാഷ പഠിപ്പിക്കുവാൻ കുക്ക് ടി. എം. വർഗീസിനെ നിയമിച്ചു. അങ്ങനെ സീയോൻകുന്നിൽ വർഗീസ് അദ്ധ്യാപകനും, ബ്ലോസം വിദ്യാർത്ഥിനിയുമായിരുന്നെങ്കിലും, ആത്മീയ കാര്യങ്ങളിൽ പലപ്പോഴും ബ്ലോസം വർഗീസിന്റെ അദ്ധ്യാപികയായി തീർന്നു. ബ്ലോസത്തിൽനിന്നും വിശ്വാസ്നാനത്തെപ്പറ്റിയുള്ള ഉപദേശം പഠിച്ചപ്പോൾ ദൈവവചനത്തിനു ചെവികൊടുക്കാനും സ്നാനപ്പെടുവാനും അദ്ദേഹം തീരുമാനിച്ചു.

ടി. എം. വർഗീസ് സ്നാനപ്പെടാൻ തീരുമാനിച്ചതറിഞ്ഞ് അദ്ദേഹത്തിന്റെ ബന്ധുക്കൾ രോഷാകുലരായി, എങ്കിലുമദ്ദേഹം പിൻമാറാൻ തയ്യാറായില്ല.

‘‘സീയോൻ കുന്നിൽതന്നെ ഒരു സ്നാനതൊട്ടിയുണ്ടാക്കുവാൻ സഹോദരൻ കുക്ക് തീരുമാനിച്ചു. മൂന്നു ദിവസം കൊണ്ടതിന്റെ പണി പൂർത്തിയായി. പിന്നീട് കാത്തിരിക്കാതെ അന്നുതന്നെ, കുക്ക് സഹോദരൻ ആ തൊട്ടിയിൽ എനിക്ക് നിമജ്ജനസ്നാനം നൽകി. ഈ പുതിയ സ്നാനത്തൊട്ടിയിൽ ആദ്യം സ്നാനമേറ്റയാൾ ഞാനാണെന്നുള്ളത് ഇന്നും ഞാൻ അഭിമാനപുരസ്കരം ഓർക്കുന്ന കാര്യമാണ്.” (പാസ്റ്റർ ടി.എം. വർഗീസ്, ‘പ്രതിഫലം നോക്കാതെ’ പേജ് 8, 1968, ഗിരിദീപം പ്രസ്സ്).

1929 ആഗസ്റ്റ് 22നു (1105 ചിങ്ങം 6) ടി. എം. വർഗീസ് പരിശുദ്ധാത്മസ്നാനം പ്രാപിച്ചു. തന്റെ ആത്മസ്നാനുഭവത്തെ അദ്ദേഹം 1929 സെപ്റ്റംബർ മാസത്തിലെ

"കഴിഞ്ഞ മിഥുനമാസം 28-ാം തീയതിയോടു കൂടെയാണെന്നു തോന്നുന്നു, പൂവത്തൂരുള്ള ഒരു ചെറിയ ഭവനത്തിൽ വച്ച് അവിടെയുള്ള പാവപ്പെട്ട വിശ്വാസികൾ ഒരു കാത്തിരിപ്പുയോഗമാരംഭിച്ചു. പിതാവായ ദൈവം യേശുക്രിസ്തുവിലൂടെ വാഗ്ദത്തം ചെയ്ത പരിശുദ്ധാത്മാവിനെ ഒന്നു രണ്ട് ദിവസങ്ങൾക്കുള്ളിൽ ഏതാനും പേരുടെമേൽ പകരുകയും അതിന്റെ ലക്ഷ്യമായി അവർ പുതുഭാഷകളിൽ ദൈവത്തെസ്തുതിക്കുകയും പാടുകയും ആനന്ദനൃത്തങ്ങൾ ചെയ്യുകയും ചെയ്തു.

ഈ വിവരം ഞാനറിഞ്ഞപ്പോൾ ഇത് പൂർണ്ണമായി വിശ്വസിപ്പാൻ എനിക്കു പ്രാപ്തി ഉണ്ടായില്ല. നാലു കൊല്ലങ്ങൾക്കു മുമ്പ് ഞാൻ പഠിച്ചിരുന്ന കോളേജിൽവച്ച് (സെറാമ്പൂർ) എന്റെ ഒരു പ്രൊഫസറോട് പെന്തെക്കോസ്തു നാളിൽ പകർന്ന ശക്തികളും അന്യഭാഷകളും എങ്ങനെയാണെന്നു ഞാൻ ചോദിച്ചു. പിന്നീടു നടന്ന ചർച്ചയിൽ "മനസ്സിനെ ഏകാഗ്രപ്പെടുത്തി ബുദ്ധിയെ അബലമാക്കി പ്രാർത്ഥനയിൽ ഇരിക്കുമ്പോൾ ഉണ്ടാകുന്ന ഒരു വികാര ക്ഷോഭമത്രേ അന്യഭാഷ" എന്നതായിരുന്നു ഞങ്ങളുടെ നിഗമനം.

പൂവത്തൂരെ ഉണർവ്വുയോഗങ്ങളിൽ ജനങ്ങൾക്കുണ്ടാകുന്ന അന്യഭാഷ എന്ന ബുദ്ധികേടിനെ കൃത്തിക്കതന്നെ വേണമെന്ന് ഉദ്ദേശിച്ച് ഞാനും ആ യോഗത്തിൽ ചെല്ലുകയുണ്ടായി. ഏകദേശം മൂന്നു ദിവസത്തോളം അവിടെ നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങളെ സംബന്ധിച്ച് അറിവിനൊത്തവണ്ണം വചനപ്രകാരവും, മനഃശാസ്ത്രം, തത്വജ്ഞാനം ഇവകളെ അപേക്ഷിച്ചും സൂഷ്മദൃഷ്ടിയിൽ ഞാൻ പരീക്ഷണം നടത്തി.

പലകാലങ്ങളിലെ പരിചയം 'സുവിശേഷ പ്രഭാഷകനി'ൽ വിവരിച്ചിട്ടുണ്ട്.

"ചിങ്ങം രണ്ടാം തീയതി പൂവത്തൂർ വച്ചു നടന്ന വാർഷിക മഹായോഗത്തിൽ ഞാനും സംബന്ധിച്ചിരുന്നു. അവിടെ പ്രത്യക്ഷപ്പെട്ട അതിമഹത്തും ശക്തിയേറിയതുമായ ആത്മീയ വ്യാപാരങ്ങൾ എന്റെ ഹൃദയത്തെ നന്നായി സ്പർശിച്ചു....അടുത്ത ബുധനാഴ്ച രാത്രി, എന്റെ പ്രിയ കർത്താവിനോടു "കർത്താവേ.....! ആത്മാവിന്റെ ദിവ്യഅഭിഷേകത്തിനായി ഞാൻ വാഞ്ഛിക്കുന്നു. നീ എന്നെ നിറയ്ക്കേണമേ...." എന്നു നിർബന്ധംപൂർവ്വം പ്രാർത്ഥിച്ചു.

ഈ സമയത്തു മറുഭാഷയെക്കുറിച്ചുള്ള എന്റെ സംശയം നീങ്ങിയിരുന്നില്ല. വ്യാഴാഴ്ച രാവിലെ ഏതാനും സഹോദരൻമാരൊടൊന്നിച്ച് ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അവരിൽ രണ്ടുപേർ ആത്മനിയോഗിതരായി എന്റെ തലമേൽ കൈവച്ചു പ്രാർത്ഥിച്ചു. പെട്ടെന്ന് ഒരു വലിയ ശക്തി എന്നിലേക്കു പ്രവേശിക്കുന്നതായി അനുഭവപ്പെട്ടു. എന്റെ ശരീരമാസകലം ചലിക്കുവാൻ തുടങ്ങി. കുറച്ചു സമയം കഴിഞ്ഞ് എന്നിൽ വ്യാപരിക്കുന്ന ശക്തിയെ എനിക്കു വഹിച്ചുകൊണ്ടുപോകുവാൻ കഴിയാതെ ഞാനൊരു വശത്തേക്കു വീണു പോയി. അധികതാമസമെന്യേ കർത്താവ് എന്റെ വായിൽ ഒരു പുതിയ പാട്ടു നൽകുകയും ഞാൻ അറിയാത്തൊരു ഭാഷയിൽ സംസാരിക്കുകയും ചെയ്തു."(സുവിശേഷ പ്രഭാഷകൻ, വാല്യം 3, ലക്കം 1,2, ആഗസ്റ്റ് സെപ്റ്റംബർ 1929, പേജ് 25, 29).

**കെ.പി. ഫിലിപ്പ് എൽ.റ്റി.എച്ച്.**

ഇക്കാലത്ത് പരിശുദ്ധാത്മസ്നാനം പ്രാപിച്ച മറ്റൊരു പ്രമുഖ വ്യക്തിയായിരുന്നു കെ.പി. ഫിലിപ്പ്. 1929-ലെ സുവിശേഷപ്രഭാഷകനിൽ നിന്നും അദ്ദേഹത്തിന്റെ വാക്കുകൾ.

കൊണ്ടും, ഇടപാടുകൊണ്ടും വിശ്വസ്തരെന്നും, മനഃപ്രാപ്തിയുള്ളവരെന്നും പലരാലും സാക്ഷ്യം കൊണ്ടചിലരെല്ലാം ഈ സമയത്തിനുള്ളിൽ പരിശുദ്ധാത്മസ്നാനം പ്രാപിക്കുകയും അന്യഭാഷകളിൽ സംസാരിക്കുകയും ചെയ്യുന്നതിനെ ഞാൻ അവിടെ കാണുകയുണ്ടായി. മലയാള ഭാഷയിൽ തന്നെ സാമാന്യജ്ഞാനമില്ലാത്ത സാധുക്കളായ ചില സഹോദരീസഹോദരൻമാർ ഇംഗ്ലീഷിലും ഗ്രീക്കിലും സംസാരിക്കുകയും അവർ തന്നെ ചിലതെല്ലാം വ്യാഖ്യാനിക്കുകയും ചെയ്തുകേട്ടത് ആരുടെ മനസ്സിനെയാണ് പരിഭ്രമിപ്പിക്കാത്തത്!!!

"കർത്താവേ നിന്റെ പരിശുദ്ധാത്മവിനാൽ എന്നെ അഭിഷേകം ചെയ്യേണമേ"എന്നു ഞാനും മുട്ടിപ്പായി പ്രാർത്ഥിച്ചുതുടങ്ങി. പൂവത്തൂരുണ്ടായ വർഷാന്ത്യ മഹായോഗത്തിൽ സംബന്ധിച്ചുകൊണ്ടിരിക്കുമ്പോൾ പരിശുദ്ധാത്മാവിന്റെ വൻശക്തിയാൽ ഞാൻ ഭരിക്കപ്പെട്ടു തുടങ്ങി. പുതുഭാഷകളിൽ ഞാൻ ദൈവത്തെ സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും അവന്റെ ഉപകാരങ്ങളെ ഓർത്ത് പാടുകയും ആനന്ദസാഗരത്തിൽ നീന്തിക്കുളിക്കുകയും ചെയ്തു." (സുവിശേഷ പ്രഭാഷകൻ, വാല്യം 3, ലക്കം 1,2 ആഗസ്റ്റ്, സെപ്റ്റംബർ, 1929, പേജ് 18–21).

**ജോൺ ഹൈപ്പ്**

പാസ്റ്റർ കെ.ഇ. ഏബ്രഹാമിനോടൊപ്പം 1916 ഫെബ്രുവരി 27നു കെ. വി. സൈമൺസാറിന്റെ കൈക്കീഴിൽ സ്നാനമേറ്റ വ്യക്തിയായിരുന്നു ജോൺ ഹൈപ്പ്. പാസ്റ്റർ എ. ജെ. ജോണിന്റെ സഹോദരപുത്രനായിരുന്ന അദ്ദേഹം മുളക്കുഴയിൽ ഒരു സ്കൂളദ്ധ്യാപകനായി കഴിയുമ്പോഴാണ് 1929 ആഗസ്റ്റിൽ പരിശുദ്ധാത്മസ്നാനം പ്രാപിക്കുന്നത്. 1929 സെപ്റ്റംബറിലെ സുവിശേഷ പ്രഭാഷകനിൽ അദ്ദേഹം തന്റെ സാക്ഷ്യം പ്രസ്താവിക്കുന്നു.

"ആത്മാഭിഷേകം പ്രാപിക്കുന്നതിനായി ദൈവവചനത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന എല്ലാ വ്യവസ്ഥകളും അനുസരിച്ചുകൊണ്ട് ആത്മസ്നാനം ലഭിച്ചിട്ടുള്ള ചില സഹോദരങ്ങളോടൊന്നിച്ച് ഞാനും ഈ 1105 ചിങ്ങമാസം 5നു അടുത്തുള്ളോരു ഭവനത്തിൽ കാത്തിരിക്കാൻ തുടങ്ങി. കർത്താവിന്റെ പലവിധ ഉപകാരങ്ങളെയോർത്ത് അവനുസ്തോത്രം ചെയ്തുകൊണ്ടിരിക്കുമ്പോൾ പെട്ടെന്ന് വലിയ ഒരു പ്രകാശം എന്നെ ചുറ്റി മിന്നിയതായിട്ടും, ഞാൻ ആ പ്രകാശത്തിന്റെ മദ്ധ്യത്തിൽ നിർഭയം സ്ഥിതി ചെയ്യുന്നതായിട്ടും തോന്നി. എന്റെ ഉച്ചിമുതൽ ഉള്ളങ്കാൽ വരെ നല്ലവണ്ണം ചലിക്കുവാൻ തുടങ്ങി. എന്റെ നാവിനെ എന്റെ സ്വാധീനത്തിൽ നിന്നും വേറൊരു ശക്തി അപഹരിച്ചു. ഞാൻ അറിയാത്ത ഭാഷയിൽ ചിലതെല്ലാം ഉച്ചരിക്കുവാൻ തുടങ്ങി."

(സുവിശേഷപ്രഭാഷകൻ, വാല്യം3, ലക്കം 1,2,1929 ആഗസ്റ്റ്– സെപ്റ്റംബർ, പേജ് 21 – 26)

**ഏ.എം. ദാനിയേൽ**

കുമ്പനാട് മുട്ടുമൺ സി.എം.എസ്. പള്ളിയിലെ അംഗമായിരുന്ന ദാനിയേൽ 1929 ആഗസ്റ്റ് ആദ്യം അതേ പള്ളിയിൽ നടത്തപ്പെട്ട ഒരു പ്രാർത്ഥനായോഗത്തിൽവച്ച് രക്ഷിക്കപ്പെട്ടു. ആ സമയത്ത് പൂവത്തൂരിൽ നടന്ന ഉണർവ്വുയോഗങ്ങളിൽ പങ്കെടുത്തതിനാൽ പെന്തെക്കോസ്ത് വിശ്വാസത്തിലേക്ക് നയിക്കപ്പെടുകയും നവംബർ മാസത്തിൽ കെ. സി. ഉമ്മന്റെ കൈക്കീഴിൽ സ്നാനപ്പെടുകയും ചെയ്തു. പൂവത്തൂരിലെ പ്രാർത്ഥനാഷെഡ്ഢിൽ വച്ച് സിലോൺ പെന്തെക്കോസ്ത് സഭയിലെ പാസ്റ്റർ എ. കെ. ടൈറ്റസ് നടത്തിയ കാത്തിരിപ്പുയോഗ

ത്തിൽ അദ്ദേഹം പരിശുദ്ധാത്മസ്നാനം പ്രാപിച്ചു.

ഈ ഉണർവ്വുകാലയളവിൽ ആത്മസ്നാനം പ്രാപിച്ച മറ്റുചിലരാണ് വി. റ്റി. തോമസ് (കുന്നത്തുങ്കര കുട്ടിയച്ചൻ), കെ. ജെ.ഫിലിപ്പ് (കൊച്ചുപുരയ്ക്കൽ), അഷ്ടമുടി ഉമ്മച്ചൻ, മണിയാറ്റ് എം. ജെ. തോമസ് (കുറിയന്നൂർ തോമ്മാച്ചൻ), വി. പി. തോമസ് (വേലമ്പറമ്പിൽ തോമാച്ചൻ) തുടങ്ങിയവർ. ഇവരിൽ മിക്കവരും പിന്നീട് പ്രഗൽഭരായ പെന്തെക്കോസ്ത് പ്രവർത്തകരായി.

പൂവത്തൂരിലും സീയോൻ കുന്നിലും ഉണ്ടായ ഉണർവ്വുയോഗങ്ങളിൽ പങ്കെടുത്ത സുവിശേഷകർ തങ്ങളുടെ വയൽപ്രദേശങ്ങളിൽ മടങ്ങിയെത്തി, അവിടെയും യോഗങ്ങൾ സംഘടിപ്പിച്ചു. മന്ദീഭവിച്ചിരുന്ന വിശ്വാസികൾ ശുഷ്കാന്തി പ്രാപിക്കുകയും പലരും പരിശുദ്ധാത്മസ്നാനാനുഭവത്തിലേക്കു നയിക്കപ്പെടുകയും ചെയ്തു.

**കങ്ങഴ**

പൂവത്തൂരിൽ ഉണർവ്വുയോഗങ്ങൾ നടക്കുമ്പോൾ, "കടന്നുവന്നു സഹായിക്ക", എന്ന ഒരു 'മക്കദോന്യ' വിളികേട്ടിട്ട് പൊടിമല മത്തായിച്ചൻ, കരോട്ട് കുട്ടിയച്ചൻ, വേലമ്പറമ്പിൽ തോമ്മാച്ചൻ എന്നിവർ ഉണർവ്വ് വാഹകരായി കങ്ങഴ മുണ്ടത്താനം ചെറിയകളത്തിൽ പാപ്പി ഉപദേശിയുടെ ഭവനത്തിലെത്തി. 1926-ൽ തന്നെ മുണ്ടത്താനത്ത് ഒരു പെന്തെക്കോസ്ത് കൂടിവരവുണ്ടായിരുന്നു. എന്നാൽ അന്ന് അവരെ നയിച്ചിരുന്ന ജ്ഞാനപ്രകാശം ഉപദേശി കുക്ക് സായ്പിനോടൊപ്പം ബൈബിൾ സ്കൂൾ പ്രവർത്തനങ്ങൾക്കായി മുളക്കുഴയിലേക്ക് താമസം മാറ്റിയപ്പോൾ കങ്ങഴ സഭ (നാല് വർഷത്തോളം) പെന്തെക്കോസ്ത് സമൂഹങ്ങളോട് കൂട്ടായ്മയില്ലാതെ നിന്നു. ഈ കാലയളവിൽ വിയോജിത സമൂഹം അവിടെ ശക്തിപ്രാപിച്ചതിനാൽ കങ്ങഴ സഭ വേർപാടു സമൂഹത്തോട് ആഭിമുഖ്യം പുലർത്തി കഴിയുകയായിരുന്നു. ഇത്തരുണത്തിലാണ് പെന്തെക്കോസ്തിന്റെ 'ആദിമശക്തി'യോടെ പൊടിമല മത്തായിച്ചനും മറ്റും കങ്ങഴയിൽ എത്തുന്നത്. ചെറിയകളത്തിൽ അവർ നടത്തിയ യോഗങ്ങൾ മുഖാന്തരം മുണ്ടത്താനം സഭ വർദ്ധിതശക്തിയോടെ പെന്തെക്കോസ്തനുഭവത്തിലേക്കു മടങ്ങിവന്നു. അവിടെനിന്നും പിന്നീട് കാനം, അരീപ്പറമ്പ്, മീനടം, പാമ്പാടി, തുടങ്ങിയ സ്ഥലങ്ങളിലേക്കൊക്കെ പ്രവർത്തനം വ്യാപിച്ചു.

**ഉത്തരതിരുവിതാംകൂർ**

പൂവത്തൂരെ ഉണർവ്വുസമയത്ത് സീയോൻകുന്ന് ബൈബിൾ സ്കൂളിൽ വിദ്യാർത്ഥിയായിരുന്ന പി.വി. ഇട്ടിയവിരാച്ചനും പരിശുദ്ധാത്മസ്നാനം പ്രാപിച്ചു. അന്നദ്ദേഹം വടക്കൻ തിരുവിതാംകൂറിലെ മണ്ണൂർ (കീഴില്ലം) പെന്തെക്കോസ്ത് സഭയുടെ ശുശ്രൂഷകനായിരുന്നു. ഇട്ടിയവിരാച്ചൻ സ്വസഭയിൽ മടങ്ങിയെത്തി ചില ഉണർവ്വുയോഗങ്ങൾ സംഘടിപ്പിച്ചു. ഉത്തര തിരുവിതാംകൂർ സഭകളുടെ പൊതുശുശ്രൂഷകനായിരുന്ന പാസ്റ്റർ പി. ടി. വർഗീസും (ചേത്തയ്ക്കൽ കീവറീച്ചൻ) ഈ യോഗങ്ങൾക്ക് നേതൃത്വം കൊടുത്തു.

മണ്ണൂരിൽ ഉണർവ്വ് വ്യാപിക്കുന്നതിനു മറ്റൊരു സംഭവവും കാരണമായി. ഇട്ടിയവിരാച്ചന്റെ ഭാര്യ ചെറുച്ചി വിഷപ്പാമ്പിന്റെ കടിയേറ്റ് മരണാസന്നയായിട്ടും ചികിത്സിക്കാതെ പ്രാർത്ഥനയാൽ സൗഖ്യമായ സംഭവമായിരുന്നു അത്. ഇതേപ്പറ്റി ചേത്തയ്ക്കൽ കീവറീച്ചന്റെ സാക്ഷ്യം 'ഡിവൈൻ ലീഡിംഗ്സി'ൽ ചേർത്തിട്ടുണ്ട്:

"1929 സെപ്റ്റംബർ ഏഴ്, വെള്ളിയാഴ്ച ഉച്ചതിരിഞ്ഞ് മൂന്നരമണിയായികാണും.

### *പാസ്റ്റർ കെ.ജെ. മർക്കോസ് (കുന്നംചിറ)*

*1897-ൽ കോട്ടയം ജില്ലയിലെ പാമ്പാടി ക്കരയിൽ ബ്രദറൺ മാതാപിതാക്കളുടെ മക നായി ജനിച്ച മർക്കോസ് 1926-ൽ പെന്തെ ക്കോസ്ത് വിശ്വാസിയായിത്തീർന്നു. അപ്പോൾ മുതൽ പാസ്റ്റർ എം. എം. ജോൺ, പി.ഡി. ചാക്കോ എന്നിവരോടൊത്ത് അദ്ദേഹം സമീപപ്രദേ ശങ്ങളിൽ പെന്തെക്കോസ്ത് സന്ദേശമറി യിച്ചു തുടങ്ങി. 1928-ൽ പാമ്പാടിയിൽ വച്ച് നടന്ന കുക്ക് സായ്പിന്റെ യോഗത്തിൽ പൂർണ്ണസമയ സുവിശേഷ വേലയ്ക്കായി സമർപ്പിച്ചു. പിന്നീട് മുളക്കുഴ സീയോൻകുന്ന് ബൈബിൾ സ്ക്കൂളിൽ ചേർന്നു പഠിക്കുകയും മദ്ധ്യതിരുവിതാംകൂ റിൽ പല സ്ഥലങ്ങളിലും സുവിശേഷക നായി പ്രവർത്തിക്കുകയും ചെയ്തു. പാസ്റ്റർ മർക്കോസ് ദീർഘകാലം തലപ്പാടി ദൈവസ ഭയുടെ ശുശ്രൂഷകനായിരുന്നു. ദൈവസഭ (ഡിവിഷൻ) എക്സിക്യൂട്ടീവ് കൗൺസിലം ഗമായും ബൈബിൾ സ്കൂൾ ബോർഡംഗ മായും പ്രവർത്തിച്ചിട്ടുണ്ട്. 1979 മെയ് 4നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ദൈവ സഭ (ഡിവിഷൻ) പ്രധാന ശുശ്രൂഷകരായ പാസ്റ്റർ കെ.എം. ഏബ്രഹാം, കെ.എം. ജോൺ എന്നിവർ മക്കളാണ്.*

ഇട്ടിയവിരാ സഹോദരന്റെ ഭാര്യ നടക്കു മ്പോൾ അറിയാതെ കാലെടുത്ത് വച്ചത് ഒരു മൂർഖന്റെ പുറത്തായിരുന്നു. അത് പെട്ടെന്ന് അവരുടെ കാലിൽ കടിക്കുകയും പത്തി വിടർത്തി ഉയർന്ന് കണ്ണിലേക്ക് വിഷം ചീറ്റുകയും ചെയ്തു. വളരെ പ്രയാസപ്പെട്ട് ഏന്തിവലിഞ്ഞ് അവർ വീട്ടി ലെത്തി. വരാന്തയിലേക്കു കയറിയകും അവർ അബോധാവസ്ഥയിൽ തളർന്നു വീണു. വിവരമറിഞ്ഞ് നാട്ടുകാരായ ധാരാളമാളുകൾ ഓടിക്കൂടി. ഞങ്ങൾ സഹോദരിക്കുവേണ്ടി വളരെ ശക്തി യോടെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. രാത്രി എട്ടുമണിയായപ്പോൾ അൽപസമയ ത്തേക്ക് അവർക്കു ബോധം വീണു. എന്നാൽ പെട്ടെന്നുതന്നെ വീണ്ടും അബോധാവസ്ഥയിലായി. വിഷബാധയേ റ്റയാളെ ചികിത്സയ്ക്കു കൊണ്ടുപോകാ തിരിക്കുന്നത് നാട്ടുകാർക്ക് മനസ്സിലാക്കാ വുന്നതിനപ്പുറമായിരുന്നു.

പിറ്റേ ദിവസം രാത്രിയായതോടെ നാട്ടു കാരിൽ ഭൂരിപക്ഷമാളുകളും ഇട്ടിയവിരാ ച്ചന്റെ വീട്ടിലെത്തി. ഞങ്ങൾ സഹോദര ങ്ങൾ പ്രാർത്ഥനയിൽതന്നേ സമയം ചെല വഴിച്ചു. എന്നാലും സഹോദരൻമാരിൽ പലരും പ്രതീക്ഷ കൈവിട്ടിരുന്നു. ഞാൻ അപ്പോഴും പ്രത്യാശവെച്ചുകൊണ്ടിരുന്നു. "ഇത് മരണത്തിനല്ല, ദൈവനാമമഹത്വ ത്തിനുവേണ്ടിയാണന്ന്" കർത്താവ് എനിക്ക് ഉറപ്പു നൽകിയിരുന്നു.

ഞായറാഴ്ചയായി. ചെറുച്ചിക്കു വിഷ ബാധയേറ്റിട്ട് മൂന്നാം ദിവസം. സഹോദര ന്മാരുടെ പ്രതീക്ഷയെല്ലാം അസ്തമിച്ചു. അവരിൽ ചിലർ "കർത്താവേ നിന്റെ ദാസിയുടെ ആത്മാവിനെ സമാധാന ത്തിൽ കൈക്കൊള്ളേണമേ" എന്നു പ്രാർത്ഥിക്കുകപോലും ചെയ്തു. എന്നാൽ ഞാൻ മാത്രം ഉച്ചത്തിൽ "കർത്താവേ, നിന്റെ ദാസിയെ എഴുന്നേൽപ്പിക്കേണമേ" എന്നു പ്രാർത്ഥിച്ചുകൊണ്ടിരുന്നു. സഹോ ദരൻമാർ വന്ന്, അങ്ങനെ പ്രാർത്ഥിക്കരു തെന്നും, അങ്ങനെ പ്രാർത്ഥിച്ചിട്ടും അവർ മരിച്ചാൽ നാട്ടുകാർ നമ്മെ പരിഹസിക്കു മെന്നും എന്നെ ഉപദേശിച്ചു. ഞാൻ പുറ ത്തൊന്നും പറയാതെ കർത്താവേ, എന്റെ സഹോദരന്മാരുടെ അവിശ്വാസത്താൽ നിന്റെ പ്രവർത്തനത്തിനു ഭംഗം വരരുതേ എന്നു പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

ഞായറാഴ്ച നാലുമണിയായി. ചെറുച്ചി സഹോദരിക്ക് അനക്കമില്ല. അവർ മരിച്ചുവെന്നുതന്നെ കൂടിനിന്നവർ

വിചാരിച്ചു. ചിലർ വലിയവായിൽ കരയുവാൻ തുടങ്ങി. എന്നാൽ, അത് കർത്താവിനു അത്ഭുതം പ്രവർത്തിക്കാനുള്ള സമയമായിരുന്നു. ഞാൻ പ്രാർത്ഥിക്കുമ്പോൾ ആ പ്രിയ സഹോദരി സുബോധവും സൗഖ്യവും പ്രാപിച്ച് ചാടിയെഴുന്നേറ്റ് അന്യഭാഷകളിൽ ദൈവത്തെ സ്തുതിച്ചു. കണ്ടുനിന്നവരൊക്കെ വിശ്വാസത്തോടെ ദൈവത്തെ സ്തുതിക്കുവാൻ ഇത് കാരണമായി. പിറ്റേദിവസം ഏഴുപേർ സ്നാനപ്പെടുന്നതിനും പലരും പരിശുദ്ധാത്മ സ്നാനം പ്രാപിക്കുന്നതിനുമിടയായി. (R.F. Cook, Divine Leadings in South India, PP 164 - 166)

മണ്ണൂരിൽ നടന്ന ഉണർവ്വുയോഗങ്ങൾക്കുശേഷം ഇട്ടിയവരാച്ചൻ മൂവാറ്റുപുഴയ്ക്കു പടിഞ്ഞാറ് വാളകത്ത് ഒരു യോഗം സംഘടിപ്പിച്ചു. മദ്ധ്യതിരുവിതാംകൂറിൽ നിന്നും പ്രസംഗകരായി കെ.സി. ഉമ്മനും, കെ.ഇ. ഏബ്രഹാമും എത്തിയിരുന്നു. 1929 നവംബർ 14 മുതൽ ഒരാഴ്ചയായിരുന്നു യോഗങ്ങൾ. പി.റ്റി. വർഗീസ്, ഇട്ടിയവിരാ, വി.പി. പത്രോസ് തുടങ്ങിയവരും അന്നവരോടുകൂടെയുണ്ടായിരുന്നു. വാളകത്തെ പലരും പെന്തെക്കോസ്ത് സത്യങ്ങളിലേക്ക് ആകർഷിക്കപ്പെടുകയും ഡിസംബർ 15നു ഇട്ടിയവിരായുടെ കൈക്കീഴിൽ ഏഴു പേർ സ്നാനപ്പെടുകയും ചെയ്തിരുന്നു. (അന്ന് സ്നാനപ്പെട്ടവരിൽ ഒരാളാണ് പിന്നീട് ഐ.പി.സി. യുടെ വടക്കൻ മേഖലയിൽ പ്രധാന ശുശ്രൂഷകനായിത്തീർന്ന കെ.കെ. വർക്കി).

ഡിസംബറിൽതന്നെ കെ.ഇ. ഏബ്രഹാം വന്ന് വാളകത്ത് വീണ്ടും ചില യോഗങ്ങൾ നടത്തി. ഇരുപത്തിരണ്ടാം തീയതി ഞായറാഴ്ച അദ്ദേഹത്തിന്റെ കൈക്കീഴിൽ ചിലർകൂടെ സ്നാനമേറ്റു.

“വാളകത്തെ പ്രധാന ജംഗ്ഷനു വടക്കുള്ള വിസ്തൃതമായ കുളമായിരുന്നു സ്നാനസ്ഥലം. സ്നാനശുശ്രൂഷയ്ക്കായി ഞാൻ വെള്ളത്തിലിറങ്ങി. സ്നാനനാർത്ഥികളിൽ ഒരാൾ എന്റെ അടുക്കൽ വന്നുനിന്നു. അപ്പോൾ സമീപവാസിയും ചിത്തഭ്രമമുള്ളവനുമായ ഒരു നമ്പൂതിരി ആ കുളത്തിൽ വന്നുചാടി. ഞങ്ങൾ നിൽക്കുന്നതിന്റെ അല്പമകലെ ഞങ്ങൾക്കു നേരെ മുന്നിൽ നിന്നുകൊണ്ട് ശബ്ദമുണ്ടാക്കുകയും കുളത്തിൽനിന്നും പായൽ വാരി തന്റെ തലയിൽതന്നെ ഇട്ടുകൊണ്ടിരിക്കുകയും ചെയ്വാൻ തുടങ്ങി. ശുശ്രൂഷ തുടങ്ങുന്നതിനു പ്രയാസമായി കാണപ്പെട്ടു. പെട്ടെന്നു ഞാൻ ദൈവാത്മ പ്രേരിതനായി വലംകൈ നീട്ടിക്കൊണ്ട് “യേശുവിന്റെ നാമത്തിൽ മൗനമായി നിൽക്കൂ” എന്നുച്ചരിച്ചു. തൽക്ഷണം അയാൾ മൗനമായി. ശുശ്രൂഷ മുഴുവൻ അവസാനിക്കുംവരെ നിശ്ചലനായി, നിശബ്ദനായി അവിടെ നിലകൊണ്ടു. തലയിൽ വാരിയിട്ട പായൽ അതേപടിതന്നെയുണ്ട്. ശുശ്രൂഷ അവസാനിപ്പിച്ച് ഞാൻ വെള്ളത്തിൽനിന്നും കരേറി ശേഷം അയാൾ അവിടെനിന്നും കരേറിപോകയും ചെയ്തു.” (കെ. ഇ. ഏബ്രഹാം, യേശുക്രിസ്തുവിന്റെ എളിയദാസൻ, പേജ് 174).

വാളകത്ത് ഒരു പെന്തെക്കോസ്ത് സഭ സ്ഥാപിതമാകുകയും വെട്ടിയാറ്റ് ചെറിയാച്ചനും, ഭാര്യ റാഹേലമ്മയും അവിടെ ശുശ്രൂഷയ്ക്കായി കടന്നു പോകുകയും ചെയ്തു. അവരുടെ പ്രവർത്തനം മൂവാറ്റുപുഴ ദേശത്ത് പെന്തെക്കോസ്ത് ഉണർവ്വ് വ്യാപിക്കുന്നതിനു കാരണമായി. ചേത്തയ്ക്കൽ കീവറീച്ചന്റെ പ്രാർത്ഥനയാൽ എളാമറ്റത്ത് ഇട്ടൻ എന്നൊരു തളർവാതരോഗി അത്ഭുതസൗഖ്യം പ്രാപിച്ചതും ഈ പ്രദേശത്ത് ഉണർവ്വ് വ്യാപിക്കുന്നതിനു കാരണമായി.

1929ലെ ഉണർവ്വ് വൃത്താന്തങ്ങൾ

ബർത്താ എൻ. കുക്കിന്റെ ഡയറിക്കുറുപ്പിൽനിന്നും നമുക്കറിയാൻ കഴിയുന്നു.

**ഒക്ടോബർ 19**

കുമ്പനാട്ട് ഞങ്ങൾ മാസയോഗത്തിനു പോയി. ഏതാണ്ട് അറുനൂറാളുകൾ പങ്കെടുത്തിരുന്നു. വടക്കൻ തിരുവിതാംകൂർ സന്ദർശിച്ച ഞങ്ങളുടെ ഒരു സുവിശേഷകൻ അദ്ദേഹത്തിന്റെ സുവിശേഷയാത്രയുടെ വിവരണം നൽകി. ധാരളമാളുകൾ സാക്ഷിക്കാനുണ്ടായിരുന്നതുകൊണ്ട് ബ്രദർ കുക്കിനു പ്രസംഗിക്കാൻ വേണ്ടത്ര സമയം കിട്ടിയില്ല.

**ഒക്ടോബർ 23.**

കുമ്പനാട്ടുനിന്നും സണ്ടേസ്കൂൾ വിദ്യാർത്ഥികൾ രാത്രിയോഗത്തിന് എത്തുമെന്നു പറഞ്ഞിരുന്നു. ഇരുപത്തിയഞ്ച് പേരെയാണ് ഞങ്ങൾ പ്രതീക്ഷിച്ചത്. എന്നാൽ നാല്പതിലേറെപ്പേർ – സണ്ടേസ്കൂൾ കുട്ടികളോടൊപ്പം പ്രായമുള്ളവരും – ആറു മൈൽ ദൂരം നടന്നു വഴിനീളെ പാട്ടുകൾ പാടി എത്തിയിരുന്നു. വടക്കൻ തിരുവിതാംകൂറിൽനിന്നും പി.ടി. വർഗീസുമെത്തി. യോഗം അർദ്ധരാത്രി വരെ നീണ്ടു.

**നവംബർ 18**

ഇരുപത്തിയൊന്നുപേർ തന്റെ പ്രവർത്തനസ്ഥലത്ത് സ്നാനപ്പെട്ടതായി പി.ഡി. ചാക്കോ റിപ്പോർട്ട് ചെയ്യുന്നു. വിളക്കുടിയിൽ എട്ടുപേർ സ്നാനപ്പെട്ടുവെന്നു വി.കെ. മാത്യൂ റിപ്പോർട്ട് ചെയ്യുന്നു. പെരുമ്പെട്ടിയിൽ ഇരുപത്തിയഞ്ചുപേരും സ്നാനപ്പെട്ടിട്ടുണ്ട്.

**നവംബർ 24**

ആഞ്ഞിലിത്താനത്തെ പ്രത്യേക ഉണർവ്വുയോഗങ്ങൾ കടശ്ശിദിനം 23 പേർ അവിടെ സ്നാനപ്പെട്ടു.

**ഡിസംബർ 10**

കിടങ്ങന്നൂരിൽ വലിയ ഉണർവ്വുയോഗങ്ങൾ നടക്കുന്നതായി റിപ്പോർട്ടു കിട്ടിയിട്ടുണ്ട്.

**ഡിസംബർ 21**

രാത്രിയോഗത്തിൽ ഏതാണ്ട് രണ്ടായിരം പേരാണ് പങ്കെടുത്തത്. മഴ പെയ്യുമോ എന്ന് ജനത്തിനു സംശയമുണ്ടായിരുന്നു. എന്നാൽ ഞങ്ങളുടെ പ്രവർത്തകർ പ്രാർത്ഥിച്ചപ്പോൾ മഴ മാറി.


(Divine Leadings in South India, PP 166-172)

**തടിയൂർ**

പൂവത്തൂർ എന്നതുപോലെതന്നെ സ്വതന്ത്രവിയോജിതരുടെ മറ്റൊരു കേന്ദ്രമായിരുന്നു തടിയൂർ. അവിടുത്തെ സ്വതന്ത്ര വിയോജിത പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയത് മണിയാറ്റ് മത്തായി ഉപദേശി, എം. ജെ. തോമസ്, (മണിയാറ്റ് കുഞ്ഞോമ്മാച്ചൻ) തുടങ്ങിയവരായിരുന്നു. എ. ആർ. റ്റി. അതിശയവുമായി നല്ല സഹകരണബന്ധം പുലർത്തിയിരുന്ന കുഞ്ഞോമ്മാച്ചൻ അദ്ദേഹത്തെ തടിയൂരിൽ പലസമയത്തും വിളിച്ച് യോഗങ്ങൾ നടത്തിയിട്ടുണ്ട്.

1928–ൽ തടിയൂർ മണിയാറ്റ് വീട്ടിൽ നടന്ന ഒരു പ്രത്യേകയോഗത്തിൽ, അതിശയം പരിശുദ്ധാത്മസ്നാനം എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സെടുത്തു. അന്ന് അതിനോടു യോജിപ്പില്ലാതിരുന്ന എം. ജെ. തോമസ് യോഗത്തിനുശേഷം അതിശയത്തോട് മുഖാമുഖം എതിർത്തു സംസാരിച്ചു. സഹോദരൻ ഈ വിഷയത്തെക്കുറിച്ച് ഒന്നുകൂടെ പുനഃപരിശോധിക്കണമെന്ന് അതിശയം അഭ്യർത്ഥിച്ചു അതിശയവും ആത്മസ്നാനം പ്രാപിച്ചിരുന്നില്ല. എങ്കിലും അദ്ദേഹം അതിനു വേണ്ടി വളരെയേറെ ആഗ്രഹിച്ചിരുന്നു.

പൂവത്തൂരിലും ഇതേസമയത്ത് ഇതേ വിഷയത്തെപ്പറ്റി അതിശയം ക്ലാസ്സുകൾ എടുത്തിരുന്നു. അവിടെവെച്ച് ആത്മ



*മുളക്കുഴ സീയോൻകുന്നിലെ ഒരു സണ്ടേസ്കൂൾ. മുൻനിരയിൽ, പാസ്റ്റർ കുക്കിന്റെ മകനെയും കാണാം.*

സ്നാനം പ്രാപിക്കാത്തവർ അതിനെപ്പറ്റി പഠിപ്പിക്കുന്നതിന്റെ ഔചിത്യം ചില സ്വതന്ത്രവിയോജിതർ ചോദ്യം ചെയ്തതിനെത്തുടർന്നാണ് ആത്മസ്നാനത്തിനായി കാത്തിരിക്കുവാൻ സ്വന്തനാട്ടിലേക്ക് മടങ്ങിപോകുന്നതിന് അദ്ദേഹം തീരുമാനിച്ചത്.


യാത്ര തിരിക്കുന്നതിനു മുമ്പ് എം. ജെ. തോമസിനെ കണ്ട് അതിശയം ഇങ്ങനെ പറഞ്ഞു: "ഞാൻ തിരുനൽവേലിക്കു പോകയാണ്. അവിടെ കാത്തിരുന്നു പരിശുദ്ധാത്മാഭിഷേകം പ്രാപിച്ച ശേഷം മാത്രമേ മടങ്ങിവരികയുള്ളൂ. നിങ്ങളും ഇവിടെ അതിനായി പ്രാർത്ഥിച്ച് കാത്തിരിക്കണം."

ചില ആഴ്ചകൾക്കുശേഷം അദ്ദേഹം എം. ജെ. തോമസിനു തമിഴ്നാട്ടിൽ നിന്നെഴുതി. "ഞാൻ പരിശുദ്ധാത്മ അഭിഷേകം അന്യഭാഷ അടയാളത്തോടുകൂടെ പ്രാപിച്ചിരിക്കുന്നു. അതുകൊണ്ട് കർക്കിടകം 25-ാം തീയതി ഞാൻ പൂവത്തൂരിലേക്കു വരികയാണ്. അവിടെവച്ച് നമുക്ക് കാണാം."

എം.ജെ. തോമസ് പൂവത്തൂരിൽ നടന്ന ഉണർവ്വ് യോഗത്തിൽ സംബന്ധിക്കാനെത്തി. ആ യോഗങ്ങളെപ്പറ്റി, അദ്ദേഹം 'ദൈവസഭയും മാനുഷിക കെട്ടുപാടുകളും' എന്ന പുസ്തകത്തിൽ വിവരിക്കുന്നുണ്ട്.

"യോഗത്തിന്റെ ആരംഭത്തിൽ തന്നെ ദൈവാത്മാവ് പ്രവർത്തിക്കുവാൻ തുടങ്ങി. ആത്മാവിന്റെ വലിയ പകർച്ച യോഗത്തിൽ ഉണ്ടായി ധാരാളം ജനങ്ങൾ വന്നുകൂടുകയും അനേകം പാപികൾ പാപങ്ങളെ ഏറ്റ് പറഞ്ഞു ഉപേക്ഷിക്കുകയും, കർത്താവായ യേശുവിനെ തങ്ങളുടെ സ്വന്തരക്ഷിതാവായി സ്വീകരിക്കുകയും, ജനങ്ങൾ അന്യോന്യം ക്ഷമായാചനകൾ നടത്തുകയും, പല ക്ഷുദ്രപ്രയോഗക്കാരും തങ്ങളുടെ ഗ്രന്ഥങ്ങളെ കത്തിച്ചുകളയുകയും ചെയ്തു. ആ യോഗത്തിൽ ഒരു സ്ത്രീ അന്യഭാഷ അടയാളത്തോടുകൂടി

### *പാസ്റ്റർ വി. ഇ. മാത്യു (വിളയിൽ മത്തായിച്ചൻ)*



*187-ൽ പറക്കുളത്ത് വിളയിൽ ഈപ്പന്റെ മകനായി ജനിച്ചു. രക്ഷിക്കപ്പെട്ടശേഷം സൈമൺസാറിന്റെ കൈക്കീഴിൽ സ്നാനമേറ്റ് വിയോജിതപ്രസ്ഥനാത്തിൽനിലകൊണ്ടു. 1925-ൽ പെന്തെക്കോസ്ത് പ്രസ്ഥാനത്തിലേക്ക് കടന്നുവന്നു. ആയാണ്ടിൽ തന്നെ സുവിശേഷവേലയ്ക്കിറങ്ങി നെല്ലിക്കമൺ സഭയുടെ ആദ്യകാല ശുശ്രൂഷകനായിരുന്നു. (മരണം വരെയും ആ സഭയിൽ ശുശ്രൂഷ ചെയ്തു.) 1937-ൽ നെല്ലിക്കമണ്ണിലെ ഉണർവ്വിനു നേതൃത്വം നൽകിയവരിൽ ഒരാളായിരുന്നു മത്തായിച്ചൻ. വലിയ രോഗശാന്തി വരപ്രാപ്തനായിരുന്നു അദ്ദേഹം. 1957 ജനുവരി 13-നു തന്റെ 85-ാമത്തെ വയസ്സിൽ നിര്യാതനായി.*

പരിശുദ്ധാത്മസ്നാനം പ്രാപിച്ചു. അന്ന് പൊടിമല മത്തായിച്ചൻ ദൈവവചനം അന്യഭാഷകളിൽ സംസാരിക്കുകയും, താൻ തന്നെ വ്യാഖ്യാനിക്കുകയും ചെയ്തു. തന്റെ മുഖം ദൈവതേജസ്സു കൊണ്ട് പ്രകാശിച്ചുകൊണ്ടിരുന്നു. അദ്ദേഹം യോഗത്തിൽ നിന്നിറങ്ങിവന്ന് എന്റെ കൈയ്യിൽ പിടിച്ചു. "സഹോദരാ, നീയും ഈ അനുഗ്രഹം പ്രാപിക്കണം" എന്നു പറഞ്ഞപ്പോൾതന്നെ, എന്റെ ശരീരത്തിലേക്ക് ഒരു ശക്തി വ്യാപരിച്ചു. ഈ യോഗത്തിൽ വച്ചാണ് പൊടിമല മത്തായിച്ചന്റെ ഇളയമകൻ പി. എം. ഫിലിപ്പ് തന്റെ പന്ത്രാണ്ടാമത്തെ വയസ്സിൽ വാവിട്ടു കരഞ്ഞുകൊണ്ട് കർത്താവിനു ഹൃദയം കൊടുക്കുകയും, കർത്താവായ യേശുവിനെ സ്വന്തം രക്ഷിതാവായി സ്വീകരിക്കുകയും ചെയ്തത്." (എം. ജെ. തോമസ്, ദൈവസഭയും മാനുഷിക കെട്ടുപാടുകളും. പേജ് 267-268).

എം. ജെ. തോമസിന്റെ ക്ഷണമനുസരിച്ച് എ. ആർ. റ്റി. അതിശയം ഒരാഴ്ചത്തെ യോഗം നടത്താനായി കുറിയന്നൂർ കാഞ്ഞീറ്റിൻകരയിലെത്തി. ദേശമെല്ലാം പ്രസ്തുത യോഗത്തെക്കുറിച്ചറിഞ്ഞ്, മറുഭാഷയുമായി ചിലർ വന്നിട്ടുണ്ടെന്നു പറഞ്ഞുകൊണ്ട് യോഗസ്ഥലത്തെത്തി. അതിശയത്തെക്കൂടാതെ, അഷ്ടമുടി ഉമ്മച്ചൻ, അന്നു വേർപാട് വിശ്വാസത്തിൽ തന്നെ നിന്നിരുന്ന റ്റി.ജി. ഉമ്മൻ, പേരിശ്ശേരി മത്തായിച്ചൻ തുടങ്ങിയവരും യോഗത്തിൽ പങ്കെടുത്തിരുന്നു.

യോഗാരംഭത്തിലെ, പാട്ടിനുശേഷം ആദ്യപ്രാർത്ഥന ആരംഭിച്ചപ്പോൾ തന്നെ മണിയാറ്റു മത്തായി ഉപദേശി ഇരുന്ന ഇരിപ്പിൽ നിന്നും താഴെ വീണ് പരിശുദ്ധാത്മാവ് നിറഞ്ഞവനായി അന്യഭാഷയിൽ സംസാരിക്കാൻ തുടങ്ങി. മുണ്ടോടത്തിൽ ഫിലിപ്പോസും ആത്മസ്നാനം പ്രാപിച്ചു.

വന്നു കൂടിയ ജനങ്ങളിൽ നല്ലൊരു ശതമാനം നെഞ്ചത്തടിച്ചുകൊണ്ട് പാപങ്ങളെ ഏറ്റുപറഞ്ഞുപേക്ഷിച്ചു. പലരും പരിശുദ്ധാത്മാവു നിറഞ്ഞവരായി അന്യഭാഷകളിൽ സംസാരിച്ചു. കുറിയന്നൂർ- തടിയൂർ ഭാഗത്ത് ആകമാനം വലിയൊരു ഉണർവ്വ് വ്യാപിച്ചു.

**കായംകുളം ഞക്കനാൽ**

1925-ൽ കായംകുളം- പുതുപ്പള്ളി ഇ.പി. ദാനിയേലിന്റെ ഭവനത്തിൽ ഒരു സഭാരാധന ആരംഭിച്ചിരുന്നു. 1929-ൽ പാസ്റ്റർ പോൾ വന്നു ചില യോഗങ്ങൾ നടത്തിയത് ഈ പ്രദേശത്ത് ആത്മീയമായ ഒരു മുന്നേറ്റമുണ്ടാകുന്നതിനു കാരണമായി. ഇതേ കാലയളവിൽ കുക്ക് സായ്പ്, കെ.ഇ. ഏബ്രഹാം എന്നിവരും ഇവിടെ ചില യോഗങ്ങൾ നടത്തി.

കുക്ക് സായ്പ് കായംകുളത്ത് എത്തുന്നതിനു മുഖാന്തരമായത് ഞക്കനാൽ സ്വദേശിയായ ദാനിയേൽ എന്ന ഒരു മേസ്തിരിയുടെ മാനസാന്തരമാണ്. 1929 ആരംഭത്തിൽ മുളക്കുഴ സീയോൻകുന്ന് ബൈബിൾ സ്കൂളിന്റെ അറ്റകുറ്റപണികൾക്കായി എത്തിയ ദാനിയേൽ കുക്ക് സായ്പുമായുള്ള സഹകരണത്താൽ രക്ഷിക്കപ്പെടുകയും സീയോൻകുന്ന് ബൈബിൾ സ്കൂളിൽ ചേർന്നു പഠിക്കുകയും ചെയ്തിരുന്നു. അയാളുടെ ഉത്സാഹത്താലാണ് ഞക്കനാലിൽ യോഗം സംഘടിപ്പിക്കപ്പെട്ടത്.

പൂവത്തൂരിലും മുളക്കുഴയിലും ഉണർവ്വ് നടക്കുന്ന സമയമായിരുന്നു അത്. ദാനിയേൽ ഉണർവ്വ് യോഗങ്ങളിൽ സ്ഥിരമായി പങ്കെടുത്ത ആളായതിനാൽ കുമ്പനാട്, പൂവത്തൂർ, ഓതറ മുതലായ സ്ഥലങ്ങളിൽ നിന്നും മുപ്പതിലേറെ വിശ്വാസികൾ സ്വന്ത ചെലവിൽ ഞക്കനാലിൽ നടന്ന ഈ യോഗത്തിൽ പങ്കെടുക്കുകയും ആ പ്രദേശത്തെ സുവിശേഷീകരണത്തിൽ പങ്കാളികളാവുകയും ചെയ്തു. പലരും ഈ യോഗങ്ങൾ മുഖാന്തരം വിശ്വാസസ്നാനം സ്വീകരിച്ചു. പിന്നീട് അസംബ്ലീസ് ഓഫ് ഗോഡിന് ഇവിടെ ഒരു കൂടിവരവുണ്ടായി.

**വാര്യാപുരം**

ഇലന്തൂർ, വാര്യാപുരം സ്ഥലങ്ങളിൽ 1929, 30 വർഷങ്ങളിലുണ്ടായ ഉണർവ്വ്, പെന്തക്കോസ്ത് ഉണർവ്വുപ്രസംഗകരാലോ, പുറംദേശത്തു നിന്നുള്ള സന്ദർശകരാലോ കൊണ്ടുവരപ്പെട്ടതല്ല. തീർത്തും സാധാരണമായ സംഭവങ്ങളിൽ നിന്നായിരുന്നു അവിടെ ഉണർവ്വിന്റെ വ്യാപനമുണ്ടായത്.

വാര്യാപുരം മടുക്കോലിൽ വലിയ മത്തായിച്ചന്റെ ഭാര്യ റാഹേലമ്മ ആത്മീയ കാര്യങ്ങളിൽ എന്നും മുൻപന്തിയിലായിരുന്നു. വൈകുന്നേരങ്ങളിൽ അയൽപക്കത്തുള്ള സ്ത്രീകൾ മത്തായിച്ചന്റെ കൊച്ച് ഓലപ്പുരയിൽ പ്രാർത്ഥിക്കാനെത്തും. ഈ സോദരീസമാജമാണ് വാര്യാപുരത്തെ ഇളക്കിമറിച്ച ആത്മീയ ഉണർവ്വിന്റെ ഉറവിടമായത്.

മടുക്കോലിലെ പ്രാർത്ഥനായോഗത്തിനു ദിവസം ചെല്ലുംതോറും അംഗസംഖ്യ വർദ്ധിച്ചു. അങ്ങനെയിരിക്കെ ആ കൂട്ടായ്മയിലെ ചില സ്ത്രീകൾ പ്രാർത്ഥനാവേളകളിൽ മറ്റാർക്കും മനസ്സിലാകാത്ത ചില ഭാഷകൾ സംസാരിച്ചു തുടങ്ങി. പെന്തെക്കോസ്തരുമായി ഏതെങ്കിലും നിലയിലുള്ള സഹകരണം ഇല്ലാതിരുന്നതിനാൽ എന്താണ് സംഭവിക്കുന്നതെന്നു വിശദീകരിക്കാൻ ഈ പുതുഭാഷകൾ സംസാരിച്ചവർക്കോ അതു കേട്ടവർക്കോ കഴിഞ്ഞില്ല.

'ഭാഷാപ്രശ്നം' അന്ന് മാർത്തോമ്മാ സഭയിലെ പ്രമുഖ വ്യക്തിയായിരുന്ന മാടപ്പള്ളിൽ സ്കറിയായുടെ (വാര്യാപുരം യോഹന്നാച്ചന്റെ പിതാവ്) അരികിലെത്തി.

## *പാസ്റ്റർ എം.എം. ജോൺ (പരിയാരം ജോണുപദേശി)*

*മല്ലപ്പള്ളി പരിയാരം മന്തക്കുഴി വീട്ടിൽ 1884 മാർച്ച് 14നു ജനിച്ച ജോൺ ആദ്യകാലത്ത് പൊയ്കയിൽ യോഹന്നാനുപദേശിയുടെ (പി.ആർ.ഡി.എസ്). സഹപ്രവർത്തകനായിരുന്നു. പിന്നീട് 1923-ൽ റവ. ആർ.എഫ്. കുക്ക് പരിയാരത്ത് സുവിശേഷയോഗങ്ങൾ നടത്തിയപ്പോൾ ജോണുപദേശി ആത്മസ്നാനം പ്രാപിക്കുകയും കുക്ക് സായ്പിന്റെ സഹപ്രവർത്തകനാവുകയും ചെയ്തു. ജോണുപദേശി 1924 മുതൽ മദ്ധ്യതിരുവിതാംകൂറിലുടനീളം നടത്തിയ പ്രസംഗപര്യടനങ്ങൾ ആയിരക്കണക്കിനാളുകളെ പെന്തെക്കോസ്ത് സത്യങ്ങളിലേക്ക് ആകർഷിച്ചു. അക്കാലത്ത് ദൈവവചന പ്രഘോഷണത്തിൽ അദ്ദേഹത്തോടു കിടപിടിക്കത്തക്ക പ്രാഗത്ഭ്യം അധികമാളുകൾക്കില്ലായിരുന്നു വെന്നുതന്നെ പറയാം. സാമാന്യ വിദ്യാഭ്യാസം മാത്രമുണ്ടായിരുന്ന അദ്ദേഹം വേദപുസ്തകത്തിൽ നല്ല പരിജ്ഞാനമുള്ള ആളായിരുന്നു. മദ്ധ്യതിരുവിതാംകൂറിലെയും ഉത്തര തിരുവിതാംകൂറിലെയും പല സഭകളും ജോണുപദേശിയുടെ പ്രസംഗപര്യടനത്താൽ ഉളവായതാണ്. ഇതിൽ ആദ്യകാലത്തെ ചില സഭകളാണ് ആഞ്ഞിലിത്താനം, കുറുമ്പനാടം, കണിച്ചുകുളം (മദ്ധ്യതിരുവിതാംകൂർ) എന്നിവ. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ഏറെയും പിന്നോക്കവർഗ്ഗക്കാരുടെയിടയിലായിരുന്നുവെങ്കിൽ തന്നെയും സവർണ്ണ ക്രിസ്ത്യാനികളും അദ്ദേഹത്തെ വിളിച്ച് യോഗങ്ങൾ നടത്തുകയും പലരും അനുഗ്രഹങ്ങൾ പ്രാപിക്കുകയും ചെയ്തിട്ടുണ്ട്. ജീവിതാന്ത്യസമയങ്ങളിൽ അദ്ദേഹം ഹൈറേഞ്ചിലെ കാഞ്ചിയാർ, കുമളി എന്നിവിടങ്ങളിൽ സുവിശേഷകനായിരുന്നു. 1964 മെയ് 22നു നിത്യവിശ്രമത്തിൽ ചേർക്കപ്പെട്ടു.*

അദ്ദേഹത്തിനു ഇതൊരു പുതിയ അറിവായിരുന്നു. എന്നാൽ വേദപുസ്തകവുമായി പരിചയമുണ്ടായിരുന്ന സ്കറിയാച്ചൻ അപ്പൊസ്തലപ്രവൃത്തികളിൽ പത്രോസ് അന്യഭാഷയെക്കുറിച്ച് പറഞ്ഞ ഭാഗം ഈ സംഭവവുമായി കൂട്ടിയോജിപ്പിച്ചു ചിന്തിച്ചു. എങ്കിലും പെന്തെക്കോസ്തു ജനങ്ങളുമായി പരിചയപ്പെട്ടിട്ടില്ലാതിരുന്നതിനാൽ സ്കറിയാച്ചനും ഈ അന്യഭാഷാഭാഷണത്തെ ആത്മസ്നാനവുമായി ബന്ധപ്പെടുത്തി ചിന്തിക്കാനായില്ല.

ഇതേ അവസരത്തിൽ പത്തനംതിട്ടയ്ക്കു സമീപം വെട്ടിപ്പുറം എന്ന സ്ഥലത്ത് പി.എം. സാമുവലും മറ്റും ചില കാത്തിരിപ്പുയോഗങ്ങൾ നടത്തിയതിന്റെ ഫലമായി പലരും ആത്മസ്നാനം പ്രാപിക്കുകയുണ്ടായി. അവരിൽ എം.സി. ഫിലിപ്പ്, ദാവീദ് തുടങ്ങിയവർ വാര്യാപുരത്തെത്തി അവിടുത്തെ ഉണർവ്വുയോഗങ്ങൾക്ക് നേതൃത്വം കൊടുത്തു. അന്ന് മത്തായിച്ചന്റെ കൊച്ചു പുരയിലെ സ്ഥലപരിമിതി മൂലം ഉണർവ്വുയോഗങ്ങൾ ഇപ്പോഴത്തെ തൂക്കുപാലത്തിനക്കരെ അമ്പാരത്തു പുരയിടത്തിലെ ഒരു ഷെഡ്ഢിലേക്ക് മാറ്റിയിരുന്നു.

എം.സി. ഫിലിപ്പിന്റെയും ദാവീദിന്റെയും പ്രേരണയാൽ പി. എം. സാമുവേൽ, അഷ്ടമുടി ഉമ്മച്ചൻ തുടങ്ങിയവർ വാര്യാപുരത്തെ ഉണർവ്വുയോഗങ്ങളിൽ പങ്കെടുത്തു. അന്യഭാഷ സംസാരിച്ച സ്ത്രീകൾ പരിശുദ്ധാത്മസ്നാനം പ്രാപിച്ചവരാണെന്ന് അവർക്കു വ്യക്തമാക്കിക്കൊടുത്തത് ഈ ദൈവദാസൻമാരാണ്.

ഇതേ തുടർന്ന് കെ.ഇ. ഏബ്രഹാം, കെ.സി. ചെറിയാൻ തുടങ്ങിയവരും വാര്യാപുരത്തു വന്ന് കൺവൻഷനുകൾ നടത്തി. ഉണർവ്വു സംഘങ്ങളിലെ പലരും സ്നാനപ്പെടുവാൻ തീരുമാനമെടുത്തത് അതോടെയാണ്.


പാട്ടുകൾ പാടിക്കൊണ്ട് സ്നാനാർത്ഥികൾ ഒരു ജാഥയായി വാര്യാപുരത്തു നിന്നും താഴൂർകടവിലേക്കു നടന്നു. റോഡരികിലെല്ലാം ജനങ്ങൾ ഈ പുതു കാഴ്ച കാണാൻ നോക്കി നിന്നിരുന്നു. പെട്ടെന്നാണ് അവരുടെ മേൽ ദൈവാത്മാവ് വ്യാപരിച്ചത്. ജാഥയിലുണ്ടായിരുന്നവരെല്ലാം ആത്മാവിൽ നിറഞ്ഞ് നൃത്തം ചെയ്യുവാൻ തുടങ്ങി. ആറു കിലോമീറ്ററോളം അങ്ങനെ അവർ നൃത്തം ചെയ്തുകൊണ്ട് യാത്ര ചെയ്തു. അന്ന് താഴൂർകടവിൽ 40 പേർ സ്നാനപ്പെട്ടു. അധികം താമസിയാതെ മറ്റ് 30 പേരും. അങ്ങനെ 70 പേരുടെ അംഗബലവുമായി വാര്യാപുരം സഭ ഉടലെടുത്തു.

ഇതേ സമയത്തുതന്നെ ഇലന്തൂരിൽ മേമനവീട്ടിലും ഒരു ഉണർവ്വ് ആരംഭിച്ചിരുന്നു. ബ്രദറൺ വിശ്വാസിയായ സി.കെ. ജോണിന്റെ ഭവനത്തിലെ ഒരു സന്ധ്യാപ്രാർത്ഥനയിലാണ് ഉണർവ്വ് ആരംഭിച്ചത്.

ബ്രദറുകാരായ അവർക്ക് ദിനചര്യയുടെ ഭാഗമാണ് സന്ധ്യാപ്രാർത്ഥന. എന്നാലന്ന് ജോണിന്റെ ഭാര്യാപിതാവ് തടിയൂർ സ്വദേശി ഈശോച്ചനും പ്രാർത്ഥനയ്ക്കുണ്ടായിരുന്നു. സ്വന്തനാട്ടിൽ പെന്തെക്കോസ്തു യോഗങ്ങളിൽ പങ്കെടുത്തിട്ടുള്ള അദ്ദേഹം പ്രാർത്ഥനാസമയം അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി. പെട്ടെന്ന് ആ ഉണർവ്വ് കുടുംബാംഗങ്ങളിലേക്കെല്ലാം വ്യാപിച്ചു. ആരാധനയുടെ ശബ്ദം ഉച്ചത്തിലായി. ബഹളം കേട്ട് അയൽവാസികൾ മേമനവീട്ടിലേക്ക് ഓടിക്കൂടി. വന്നവർ വന്നവർ മുറ്റത്തു നിലയുറപ്പിച്ചു. ഇതൊന്നുമറിയാതെ കുടുംബാംഗങ്ങൾ ആത്മാവിൽ ദൈവത്തെ ആരാധിച്ചുകൊണ്ടിരുന്നു.

പിറ്റേന്ന് നാട്ടിലെല്ലാം മേമനയിലെ പ്രാർത്ഥന സംസാരവിഷയമായി. അന്നും തലേദിവസത്തെ ആത്മീയ അനുഭവം

### *പാസ്റ്റർ വി.വി.തോമസ്*
### *(വേങ്ങം തോട്ടത്തിൽ കുട്ടിയച്ചൻ)*



*1901-ൽ ജനിച്ചു. ചെറുപ്പത്തിൽ തന്നെ രക്ഷിക്കപ്പെടുകയും മാർത്തോമ്മാ സഭയിലെ ഒരു സുവിശേഷകനായിത്തീരുകയും ചെയ്തു. സൈമൺ സാറിന്റെ പ്രസംഗം കേട്ട് അദ്ദേഹത്തിന്റെ കൈക്കീഴിൽ സ്നാനപ്പെട്ട് വിയോജിത പ്രസ്ഥാനത്തിൽ ചേർന്നു. കുക്ക് സയ്പിന്റെയും പാസ്റ്റർ കെ. ഇ. ഏബ്രഹാമിന്റെയും യോഗങ്ങളിൽ പങ്കെടുത്ത് പെന്തെക്കോസ്തു വിശ്വാസിയായി. തുടർന്ന് നെല്ലിക്കമണ്ണിൽ പെന്തെക്കോസ്തു പ്രവർത്തനങ്ങൾക്ക് മുൻകൈയ്യെടുത്തവരിൽ കുട്ടിയച്ചനുമുണ്ടായിരുന്നു. അര നൂറ്റാണ്ടിലധികം പെന്തെക്കോസ്തു ശുശ്രൂഷകനായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. സുവിശേഷ വേലയിൽ വളരെയേറെ എതിർപ്പുകൾ നേരിട്ടിട്ടുള്ള കുട്ടിയച്ചനെ പീരുമേട്ടിൽ വച്ച് അക്രമികൾ കൊല്ലുവാൻ ശ്രമിച്ചു. വേഷപ്രച്ഛന്നനായി അവിടെ നിന്നും രക്ഷപ്പെടുകയായിരുന്നു. തന്റെ അന്ത്യസമയങ്ങളിൽ തളർവാതത്താൽ ഭാരപ്പെടുമ്പോൾ പോലും യാതൊരു മരുന്നും താൻ ഉപയോഗിച്ചിട്ടില്ല. 1976 ഓക്ടോബർ 19നു 75-ാം വയസ്സിൽ അദ്ദേഹം കർത്താവിൽ നിദ്രപ്രാപിച്ചു.*

അയവിറക്കിക്കൊണ്ട് സന്ധ്യാപ്രാർത്ഥന ആരംഭിച്ചു. ഇത്തവണ കുടുംബാംഗങ്ങളെ കൂടാതെ അയൽവാസികളായി വന്നവരും വീട്ടിനുള്ളിൽ കയറി പ്രാർത്ഥനയിൽ പങ്കുചേർന്നു.

ചില ദിവസങ്ങളിലേക്ക് ഇത് ആവർത്തിച്ചു. സന്ധ്യയ്ക്ക് ആരംഭിക്കുന്ന പ്രാർത്ഥന പലപ്പോഴും പുലർക്കാലം വരെ നീണ്ടു. എങ്ങനെയെങ്കിലും സന്ധ്യയായാൽ മതിയെന്നായിരുന്നു പ്രാർത്ഥനാക്കൂട്ടത്തിലെ ആളുകളുടെ ചിന്ത.

മേമനവീട്ടിലെ ഉണർവ്വു വൃത്താന്തമറിഞ്ഞ ബ്രദറൺകാർ ക്ഷുഭിതരായി. തങ്ങളുടെ സഭയിലെ പ്രധാനപ്പെട്ട ഒരു കുടുംബം പെന്തെക്കോസ്ത് രീതികൾ അവലംബിക്കുന്നത് അവർക്കു സഹിക്കാനായില്ല. സഭയെ വെറുപ്പിക്കാൻ സി.കെ. ജോണിന്റെ പിതാവും തയ്യാറല്ലായിരുന്നു. അങ്ങനെ 30 ദിവസം നീണ്ടുനിന്ന മേമന വീട്ടിലെ ഉണർവ്വുയോഗങ്ങൾ അവസാനിച്ചു.

അന്ന് ഇലന്തൂരെ ഉണർവ്വുയോഗങ്ങളിൽ പങ്കെടുത്ത പലരും പിന്നീട് വാര്യാപുരത്ത് ആരംഭിച്ച പെന്തെക്കോസ്ത് സഭയിൽ അംഗങ്ങളായി. 1933-ൽ സി.കെ. ജോൺ തന്നെയും വാര്യാപുരം സഭയോടു ചേർന്നു.

### പി.എം. സാമുവൽ

1930 നോടടുത്ത് ആത്മസ്നാനം പ്രാപിക്കുന്ന മറ്റൊരു പ്രമുഖ സുവിശേഷകനായിരുന്നു കീക്കൊഴൂർ സ്വദേശിയായ പി.എം. സാമുവൽ. 1920-ൽ 17-ാമത്തെ വയസ്സിൽ അദ്ദേഹം യേശുക്രിസ്തുവിനെ കണ്ടുമുട്ടുകയും സുവിശേഷ പ്രവർത്തനത്തിനായി സമർപ്പിക്കുകയും ചെയ്തു. അന്നു മാർത്തോമ്മാ സഭയുടെ സഫ്രഗനായിരുന്ന ഏബ്രഹാം മെത്രാപ്പോലീത്തായുടെ നിർബന്ധത്താലും ഉത്സാഹത്താലും ഒരു പട്ടക്കാരനായിത്തീരുക എന്ന ലക്ഷ്യത്തോടെ അദ്ദേഹം കോട്ടയം സെമിനാരിയിൽ വൈദിക പരിശീലനത്തിനുചേർന്നു.

തിരുവചന പഠനം മൂലം വിശ്വാസസ്നാനത്തെക്കുറിച്ചുള്ള അറിവ് രൂഢമൂലമായപ്പോൾ 1926-ൽ അന്നു സ്വതന്ത്രവിയോജിതനായിരുന്ന കുഞ്ഞപ്പി ഉപദേശിയുടെ കൈക്കീഴിൽ സാമുവൽ സ്നാനമേറ്റു. വിശ്വാസത്തിന്റെ ഈ പുതിയ കാൽവയ്പ് സ്വസമുദായത്തിനും സ്വഭവനക്കാർക്കും സഹിക്കാവുന്നതിലേറെയായിരുന്നു. പിതാവ് അദ്ദേഹത്തെ ഭവനത്തിൽ നിന്നുമിറക്കിവിട്ടു. എന്നാൽ കർത്താവ് വേലയ്ക്കായി പുതിയ വാതിലുകളെ തുറന്നുകൊടുത്തു. സാമുവലിന്റെ പ്രവർത്തനഫലമായി തിരുവിതാംകൂറിലുടനീളം പതിനേഴ് സ്വതന്ത്രസഭകൾ ഉടലെടുത്തു.

1927-29 വരെ തെക്കൻ തിരുവിതാംകൂറിൽ ഒരു വലിയ ആത്മീയ ഉണർവ്വു നടക്കുകയായിരുന്നു. പല യോഗങ്ങളിലും സാമുവൽ പ്രസംഗകനായി ക്ഷണിക്കപ്പെട്ടു. പള്ളിയാടി, ആറാമട, നാഗർകോവിൽ, താമരക്കുളം, പുന്നളം, പിലിപ്രകോണം (മണ്ണാംവിള) ആദിയായ സ്ഥലങ്ങളിൽ അനുഗ്രഹീതയോഗങ്ങൾ നടന്നു. അനേകർ രക്ഷയിലേക്കും ദൈവകൃപയിലേക്കും നടത്തപ്പെട്ടു. (ലണ്ടൻ മിഷൻ പ്രവർത്തകനായിരുന്ന റവ. കേസരി ഇക്കാലത്ത് തന്റെ ഇടവകകളിൽ സാമുവേലിനെ വിളിച്ച് പ്രസംഗിപ്പിച്ചിട്ടുണ്ട്).

മദ്രാസിൽ ഒരു സുവിശേഷ പര്യടനത്തിലായിരിക്കുമ്പോൾ സാമുവൽ ചില പെന്തെക്കോസ്ത് പ്രവർത്തകരുമായി പരിചയപ്പെട്ടു. പെന്തെക്കോസ്ത് ആശയങ്ങൾ സാമുവലിനോട് പങ്കിടാൻ അവർ ആഗ്രഹിച്ചു. ആത്മസ്നാനത്തിന്റെ അടയാളം അന്യഭാഷയല്ലെന്നും, താൻ പരി

ശുദ്ധാത്മസ്നാനം പ്രാപിച്ചയാളാണെന്നും സാമുവൽ അവരോട് വാദിച്ചു. എങ്കിലും അവിടെവച്ച് ഒരു പ്രാർത്ഥനാവേളയിൽ ആത്മശക്തിയാൽ അദ്ദേഹം സ്പർശിക്കപ്പെട്ടു.

"ഒരു ദിവസം പ്രാർത്ഥനാവേളയിൽ വിദ്യുച്ഛക്തിയിൻ പ്രയോഗംപോലെ എന്റെ ശരീരത്തിൽ ആത്മശക്തി തട്ടി. ഞാൻ മദ്രാസിൽ നിന്നും നാട്ടിൽ വന്നു. ആ സമയം പൂവത്തൂർ, കുറിയന്നൂർ ഇത്യാദി സ്ഥലങ്ങളിൽ വിശ്വസ്തരായ ചില ആളുകൾക്ക് ഈ അനുഭവം ഉണ്ടായെന്നറിഞ്ഞ് ചിലരെ കണ്ട് ഇടപെട്ടു. എങ്കിലും ഞാൻ മറുഭാഷയോടെതിരായിരുന്നു." (സുവിശേഷ പ്രഭാഷകൻ, വാല്യം 3, ലക്കം 3, 1929 ഒക്ടോബർ, പേജ് 68)

1929–ൽ സാമുവേൽ പരിഭാഷകനായ ബ്രദർ സുന്ദരം പുത്തളവുമായി സിലോണിലേക്കു പുറപ്പെട്ടു. കൊളംബോ നഗരത്തിലെത്തിയ സാമുവലിനു വളരെ ഹൃദ്യമായ സ്വീകരണമാണ് ലഭിച്ചത്. ലണ്ടൻ മിഷൻ സഭകളിലായിരുന്നു ആദ്യ ദിവസത്തെ യോഗങ്ങൾ. പിന്നീട് പാസ്റ്റർ പോളിന്റെ ക്ഷണപ്രകാരം അദ്ദേഹം പെന്തെക്കോസ്ത് മിഷൻ ആസ്ഥാനത്തെത്തി.

പരിശുദ്ധാത്മാസ്നാനം എന്ന ദിവ്യ അനുഭവത്തെപ്പറ്റി പാസ്റ്റർ പോൾ വളരെ വിശദമായി സാമുവലിനെ പറഞ്ഞു മനസ്സിലാക്കുവാൻ പരിശ്രമിച്ചു. മണിക്കൂറുകളോളം ഈ വിഷയം താൻ തിരുവചനത്തിൽ നിന്നും തെളിയിച്ചു സംസാരിച്ചിട്ടും വ്യക്തമായ ഒരു രൂപം സാമുവലിനു ലഭിച്ചില്ല. "ഈ നാളുകളിലൊക്കെ തന്നെ നടത്തിയതും തന്റെ ശുശ്രൂഷകളിൽ പ്രകടമായതും പരിശുദ്ധാത്മശക്തിയല്ലേ? വലിയ എതിർപ്പുകളുടെ നടുവിൽ തന്നെ നിർത്തിയതു പരിശുദ്ധാത്മാവല്ലേ? 17 സഭകൾ താൻ സ്ഥാപിച്ചത് പരിശുദ്ധാത്മാവിനെ കൂടാതെയോ? പിന്നെ വീണ്ടുമൊരിക്കൽ ഈ പരിശുദ്ധാത്മാവിനെ പ്രാപിക്കേണ്ടതിന്റെ ആവശ്യമെന്ത്?" ഇതൊക്കെയായിരുന്നു. അദ്ദേഹത്തിന്റെ സംശയങ്ങൾ.


സാമുവലിന്റെ ഈ വിധ പ്രതികരണത്തിൽ പാസ്റ്റർ പോൾ ലേശവും നിരാശനായില്ല. ദൈവം തന്റെ ദാസനു യഥാസമയം സത്യം വെളിപ്പെടുത്തുമെന്ന് അദ്ദേഹം ആശ്വസിച്ചു. പാസ്റ്റർ പോൾ, പാസ്റ്റർ ആൽവിൻ, സിസ്റ്റർ ഫ്രീഡാ തുടങ്ങിയവർ സാമുവലിനു വേണ്ടി ഉപവസിച്ചു പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

പരിശുദ്ധാത്മസ്നാനത്തിനു വേണ്ടിയുള്ള പ്രത്യേക യോഗങ്ങൾ മിഷൻ കേന്ദ്രത്തിൽ എല്ലാ ദിവസവും നടന്നുകൊണ്ടിരുന്നു. ഉറച്ച ശബ്ദത്തിൽ ഹല്ലേലുയ്യാ, സ്തുതിസ്തോത്രങ്ങൾകൊണ്ട് പ്രാർത്ഥനാക്കൂട്ടങ്ങൾ മുഖരിതമായിരുന്നു. ഒരേ സ്വരത്തിൽ നിരന്തരമായി ഇങ്ങനെ ദൈവത്തെ വാഴ്ത്തുന്ന ആരാധനാരീതി സാമുവലിനു തീരെ രുചിച്ചില്ല. ഇതിൽ അക്ഷമനായി ഒരു ദിവസം പ്രാർത്ഥനാമദ്ധ്യേ അദ്ദേഹം യോഗത്തിൽ നിന്ന് ഇറങ്ങിപ്പോവുക കൂടിചെയ്തു.

പാസ്റ്റർ പോളിന്റെ പ്രത്യേക അഭ്യർത്ഥന മാനിച്ച് സാമുവൽ വീണ്ടും ആ യോഗങ്ങളിൽ സംബന്ധിച്ചു. ദൈവാത്മാവ് അദ്ദേഹത്തോട് ഇടപെട്ടു. പരിശുദ്ധാത്മസ്നാനത്തിനായി ഒരു വലിയ അഭിവാഞ്ഛ ദൈവം അദ്ദേഹത്തിനു നൽകി. ആ ദാഹം ക്രമേണ തന്നിൽ വളർന്നു വന്നു. ഭക്ഷണംകഴിക്കാൻപോലും അദ്ദേഹം മറന്നുപോയി.

പ്രാർത്ഥനായോഗം കഴിഞ്ഞശേഷം പാതിരാവരെ തന്റെ മുറിയിൽ സാമുവൽ ഏകനായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ആ രാത്രിയിൽ ഒരു വലിയ ശക്തിക്കു താൻ അധീനമായി. ശരീരം ആലിലപോലെ വിറ

# മുളക്കുഴ സ്നാനത്തൊട്ടിയിലെ ആദ്യസ്നാനം



*പാരമ്പര്യ സഭകളിൽ സ്നാനം സാധാരണ കൽതൊട്ടികളിലാണ്. അതിനവർക്ക് ചെറിയൊരു തൊട്ടിമതി. കാരണം, അവർ സ്നാനപ്പെടുത്തുന്നത് കുഞ്ഞുങ്ങളെയാണ്. കൂടാതെ സ്നാനം അവർക്ക് വെറുമൊരു തളിപ്പ് മാത്രമാണ്.*

*പെന്തെക്കോസ്തർ ആദിമുതൽ തന്നെ ആറുകളും തോടുകളുമായിരുന്നു സ്നാനത്തിനു കണ്ടെത്തിയ സ്ഥലം. രണ്ടു കാര്യങ്ങളാൽ ഇതു സൗകര്യപ്രദമായിരുന്നു. ഒന്ന്, കേരളം പോലൊരു സ്ഥലത്ത് എവിടെത്തിരിഞ്ഞാലും ആറുകളോ തോടുകളോ സുലഭം. രണ്ട്, തങ്ങളുടെ വിശ്വാസപ്രമാണത്തിന്റെ പരസ്യമായ സാക്ഷ്യത്തിന് ആറുകളും തോടുകളും വേദികളാക്കുന്നത് സുവിശേഷത്തിന്റെ വ്യാപനത്തിനും സഹായകരമാകുമെന്ന് പെന്തെക്കോസ്തർ മനസ്സിലാക്കി.*

*എന്നാൽ സ്നാനപ്പെടുവാൻ ആഗ്രഹിക്കുന്ന ഒരു വ്യക്തിയെ അതു പരസ്യമായി ചെയ്താൽ നാട്ടുകാരും വീട്ടുകാരും കൊന്നുകളയും എന്നൊരു സാഹചര്യം*

ച്ചു. 1929 സെപ്റ്റംബർ 20 നു പ്രഭാതത്തിൽ വചനധ്യാനത്തിനായി മൂന്നുറോളം പേർ മിഷൻ കേന്ദ്രത്തിൽ കൂടിയിരുന്നു. അവർ ദൈവത്തെ പാടി സ്തുതിച്ചു കൊണ്ടിരിക്കുമ്പോൾ സ്വർഗ്ഗത്തിലെ അത്യന്തശക്തി സാമുവലിന്റെമേൽ പതിച്ചു. സർവ്വനിയന്ത്രണവും നഷ്ടപ്പെട്ട് അദ്ദേഹം നിലത്തുവീണു. രക്തം നിറഞ്ഞ ഒരു ഉറവയുടെ ദർശനം തനിക്കുണ്ടായി. ആ ഉറവയിൽ താൻ മുങ്ങിക്കുളിക്കുന്നതായി അദ്ദേഹം കണ്ടു, സ്വർഗ്ഗീയ അഗ്നിയിൽ ശരീരം മുഴുവൻ ദഹിക്കുന്നതായി അദ്ദേഹത്തിനു തോന്നി. പുഞ്ചിരിയോടെ കർത്താവ് തന്റെ സമീപേ വന്നുനിന്നു.

അടക്കാനാവാത്ത വലിയ സന്തോഷത്താൽ രണ്ടു മണിക്കൂറോളം കർത്താവുമായി അദ്ദേഹം വിവിധ ഭാഷകളിൽ സംസാരിച്ചു. സമീപേ നിന്നിരുന്ന ജനം വിസ്മയ സ്തബ്ധരായി ദൈവത്തെ സ്തുതിച്ചു. ദർശനം കഴിഞ്ഞ് സാമുവേൽ ഉണർന്നപ്പോൾ എട്ടു ഭാഷകളിൽ അദ്ദേഹം സംസാരിച്ചിരുന്നുവെന്ന് സമീപെ നിന്നവർ പറയുകയുണ്ടായി.

*വന്നാലോ? അല്ലെങ്കിൽ സ്നാനം തന്നെ നടക്കുവാൻ അവർ സമ്മതിച്ചില്ലെങ്കിലോ?*

*എല്ലാം സഹിച്ച് പരസ്യമായിത്തന്നെ സ്നാനപ്പെടണം എന്നു പറയുന്നവരുണ്ടാകാം. എന്നാൽ മുളക്കുഴിയിൽ അദ്ധ്യാപകനായിരുന്ന റ്റി.എം. വർഗീസ് സ്നാനപ്പെടാൻ താൽപര്യപ്പെടുകയും കുടുംബക്കാരും സ്ഥലവാസികളും വിവരമറിഞ്ഞ് പ്രക്ഷുബ്ധരായി സ്നാനം മുടക്കാൻ തീരുമാനിക്കുകയും ചെയ്തപ്പോൾ കുക്ക് സായ്പ് തന്റെ വാസസ്ഥലമായ സീയോൻകുന്നിൽ, പാശ്ചാത്യലോകത്ത് സാധാരണമായ സ്നാനത്തൊട്ടി നിർമ്മിച്ച് വർഗീസിനെ അതിൽ സ്നാനപ്പെടുത്തി. 1928 ലായിരുന്നു ഈ സംഭവം. കേരളത്തിൽ പെന്തെക്കോസ്തർക്കിടയിലെ ആദ്യസ്നാനത്തൊട്ടിയായിരുന്നു ഇത്. അതിൽ ആദ്യം സ്നാനപ്പെട്ടത് റ്റി.എം. വർഗ്ഗീസും.*

*പുത്തൻകാവ് ആലുംമൂട്ടിൽ തോട്ടുംകര കുടുംബത്തിൽ 1898-ൽ ജനിച്ച റ്റി.എം. വർഗ്ഗീസ് 1918-ൽ രക്ഷിക്കപ്പെട്ടു. കോളജു വിദ്യാഭ്യാസത്തിനുശേഷം കോട്ടയത്ത് ബേക്കർ ഗേൾസ് ഹൈസ്കൂളിൽ അദ്ധ്യാപകനായിരിക്കെ, സുവിശേഷവേലയ്ക്കായി ദൈവവിളി ഉണ്ടായതിനെത്തുടർന്ന് ജോലി രാജിവെച്ചു. അപ്പോഴും എങ്ങനെയാണ് സുവിശേഷവേല നിർവ്വഹിക്കേണ്ടതെന്ന് അദ്ദേഹത്തിന് ഊഹമില്ലായിരുന്നു. ഭാര്യയെയും കുഞ്ഞിനെയും കൂട്ടി വർഗ്ഗീസ് മുളക്കുഴയിൽ താമസമാക്കി.*

*1927-ൽ കുക്ക് സായ്പ് മുളക്കുഴ സീയോൻകുന്നിൽ താമസിച്ചപ്പോൾ അദ്ദേഹത്തിന്റെ മകൾ ബ്ലോസ്സത്തെ മലയാളം പഠിപ്പിച്ചിരുന്നത് റ്റി.എം.വർഗ്ഗീസ് ആയിരുന്നു. ബ്ലോസ്സത്തിൽ നിന്നുമാണ് വർഗ്ഗീസ് വിശ്വാസസ്നാനോപദേശത്തിന്റെ ആദ്യപാഠങ്ങൾ പഠിക്കുന്നത്.*

*1929-ൽ പ്രസിദ്ധമായ പൂവത്തൂർ ഉണർവ്വുകാലത്ത് റ്റി.എം. വർഗീസും ആത്മസ്നാനം പ്രാപിച്ചു. കുക്ക് സായ്പ് വർഗ്ഗീസിനെ തന്റെ കീഴിലുള്ള സഭകളുടെ ഫീൽഡ് സെക്രട്ടറിയായി നിയമിച്ചു. പല പ്രതിസന്ധി ഘട്ടങ്ങളിലും ദൈവസഭയെ ഒരു പ്രസ്ഥാനമായി നിലനിർത്തുന്നതിൽ പാസ്റ്റർ റ്റി.എം. വർഗ്ഗീസ് വഹിച്ചിട്ടുള്ള പങ്ക് വളരെയേറെയാണ്. പിന്നീട് ഫീൽഡ് സെക്രട്ടറി സ്ഥാനത്തുനിന്നു റിട്ടയർ ചെയ്തപ്പോഴും പൊതുവായ പ്രവർത്തനങ്ങളിലേർപ്പെട്ടുകൊണ്ട് അദ്ദേഹം ദൈവസഭയ്ക്ക് നേതൃത്വം കൊടുത്തു. 1985 ജൂൺ 5 നു റ്റി. എം. വർഗ്ഗീസ് കർത്തൃസന്നിധിയിൽ പ്രവേശിച്ചു.*

ആത്മസ്നാനം പ്രാപിച്ചതിനുശേഷം സാമുവൽ ഇന്ത്യയിലേക്കു മടങ്ങി. തന്റെ ഭവനത്തിൽ ഇതിനകം അദ്ദേഹത്തിനു പ്രവേശനം അനുവദിക്കപ്പെട്ടിരുന്നു. അവിടെവച്ചു നടന്ന ഒരു യോഗത്തിൽ സാമുവലിന്റെ ഭാര്യ രക്ഷിക്കപ്പെട്ട്, അടുത്ത ദിവസം തന്നെ സ്നാനമേറ്റു. സ്നാനജലത്തിൽ നിന്നും അവർ പൊന്തിവന്നത് ആത്മാവിൽ നിറഞ്ഞ് അന്യഭാഷകളിൽ സംസാരിച്ചുകൊണ്ടായിരുന്നു.

**പാസ്റ്റർ റ്റി. ജി. ഉമ്മൻ**

ചെങ്ങന്നൂരിനടുത്ത് പുത്തൻകാവ് സ്വദേശിയായ റ്റി.ജി. ഉമ്മൻ ബ്രദറൺ വിശ്വാസിയായിരിക്കെ 18-ാമത്തെ വയസ്സിൽ (1924 ആഗസ്റ്റ് 31) രക്ഷിക്കപ്പെടുകയും താമസിയാതെ (നവംബർ 13) നിമജ്ജന സ്നാനം സ്വീകരിക്കുകയും ചെയ്തു.

ഉമ്മച്ചൻ പൂവൻമലയ്ക്കടുത്തുള്ള വെള്ളിറ കാട്ടിത്താനി എന്ന സ്ഥലത്തു താമസിക്കുന്നയവസരം ബ്രദറൺ വിശ്വാസികളുടെ ഒരു സ്വതന്ത്ര ഗ്രൂപ്പ് എല്ലാ മലയാള വർഷവും ഒടുവിലത്തെ ആഴ്ചയിൽ ഒന്നിച്ചുകൂടി പ്രാർത്ഥിക്കാറുണ്ടായിരുന്നു.

### *പാസ്റ്റർ പി.റ്റി. വർഗീസ് (ചേത്തയ്ക്കൽ കീവറീച്ചൻ)*



*1883-ൽ ജനിച്ച പാസ്റ്റർ പി.റ്റി. വർഗീസ് കുടുംബമായി ചേത്തയ്ക്കലിൽ താമസിച്ചുകൊണ്ടിരിക്കെ കുക്ക് സായ്പിന്റെ യോഗങ്ങളിൽ പങ്കെടുത്ത് ആത്മസ്നാനം പ്രാപിച്ചു. വടക്കൻ തിരുവിതാംകൂറിലേക്കു പോയ ആദ്യ സുവിശേഷകരിലൊരാളായിരുന്നു കീവറീച്ചൻ. ആദ്യം മൂവാറ്റുപുഴ വാളകം കേന്ദ്രമാക്കി പ്രവർത്തിച്ചു. പിന്നീട് തൃശ്ശൂർ പ്രദേശങ്ങളിലെ പ്രവർത്തനത്തിനു നേതൃത്വം കൊടുത്തു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ സഞ്ചരിച്ച് സുവിശേഷപ്രവർത്തനം ചെയ്ത പാസ്റ്റർ വർഗീസ് ജീവിതാന്ത്യ സമയത്ത് തൃശ്ശൂർ കൂട്ടാലയിലായിരുന്നു താമസം. 1970 ആഗസ്റ്റിൽ കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.*

"1929-ൽ ആ പ്രാർത്ഥനാക്കൂട്ടം റാന്നി പ്ലാന്തോട്ടത്തിൽ പരേതനായ ശ്രീ. മാത്യു സാറിന്റെ (എ. എം. സ്റ്റീഫന്റെ പിതാവ്) ഭവനത്തിൽവച്ചായിരുന്നു. ഞങ്ങൾ ബ്രദറൺകാരായി 25 വിശ്വാസികളിൽ കൂടുതൽ ഉണ്ടായിരുന്നു. ആഗസ്റ്റ് 10-ാം തീയതി രാത്രി ഓരോരുത്തരായി പ്രാർത്ഥിച്ചുകൊണ്ടിരിക്കെ, ഞാൻ പ്രാർത്ഥിപ്പാൻ തുടങ്ങി. പ്രാർത്ഥനാമദ്ധ്യേ ഞാൻ വലിയ ശക്തിക്കു വിധേയനായി. 'ഇലക്ട്രിക് കറണ്ട്' എന്നിലേക്ക് പാസ്സുചെയ്യുന്നതുപോലെ തോന്നി. പെട്ടെന്ന് 'സ്തോത്രം', 'സ്തോത്രം' എന്നു പറഞ്ഞുകൊണ്ടിരിക്കെ 'ഹല്ലേലൂയ്യാ' 'ഹല്ലേലൂയ്യാ' എന്ന് അത്യുച്ചത്തിൽ പറഞ്ഞു. തുടർന്ന് അന്യഭാഷയിൽ സംസാരിക്കാൻ തുടങ്ങി.

ഞങ്ങൾ ആരും പരിശുദ്ധാത്മാവിനു വേണ്ടി കാത്തിരുന്നവരല്ല. വിശിഷ്യ, ഞാൻ രക്ഷിക്കപ്പെട്ടതോടുകൂടെ, പരിശുദ്ധാത്മാവിനെ പ്രാപിച്ചവനാണ് എന്ന് വിശ്വസിച്ചവനാണ്. ഞങ്ങൾക്ക് അവിടെയൊരു തമ്പേറോ, മറ്റ് വാദ്യസാമഗ്രികളോ ഉണ്ടായിരുന്നില്ല. ഞങ്ങൾ ആരുംതന്നെ കൈയ്യടിച്ച് പാടിയിരുന്നതുമില്ല. ഞങ്ങൾ രക്ഷിക്കപ്പെട്ടപ്പോൾ 'സ്തോത്രം' പറഞ്ഞിരുന്നു. എന്നാൽ 'ഹല്ലേലൂയ്യാ' പറഞ്ഞത് ആദ്യമായിരുന്നു. ഏകദേശം 25 വിശ്വാസികളോളം ഉണ്ടായിരുന്ന ആ ചെറിയ കൂട്ടത്തിൽ എനിക്കു മാത്രം ഈ അനുഭവം ഉണ്ടായവേളയിൽ മറ്റെല്ലാവരും കണ്ണുതുറന്നു നോക്കിയെന്ന് പിന്നീടവർ പറഞ്ഞതിനാൽ ഞാനറിഞ്ഞു. എല്ലാവർക്കും ആശ്ചര്യമായി. എനിക്കും അത് അത്ഭുതമായി തോന്നി. ഈ അനുഭവം ഉണ്ടാകുമ്പോൾ എനിക്ക് 25 വയസ്സുണ്ട്." (ആത്മകഥ, പാസ്റ്റർ റ്റി.ജി. ഉമ്മൻ, 1984, പേജ് 28).

ടി.ജി. ഉമ്മൻ ആത്മസ്നാനം പ്രാപിച്ച് അന്യഭാഷകളിൽ സംസാരിക്കുന്ന ശബ്ദം

കേട്ട് അയൽക്കാരായ പലരും പ്ലാന്തോട്ടത്തിൽ ഭവനത്തിൽ ഓടിക്കൂടി. അപ്പോൾ ദൈവാത്മാവ് അദ്ദേഹത്തെ ഉത്തേജിപ്പിച്ചിട്ട് വെളിപ്പാട് 13:8-ാം വാക്യം (ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ പേരെഴുതിയിട്ടില്ലാത്തവർ...) ആധാരമാക്കി പ്രസംഗിച്ചു. പരിശുദ്ധാത്മാവിന്റെ വലിയ വ്യാപാരം അവിടെയുണ്ടായി. ശ്രോതാക്കളിൽ രക്ഷിക്കപ്പെടാത്തവരും പിൻമാറ്റക്കാരും പാപങ്ങളെ ഏറ്റുപറഞ്ഞു; എല്ലാവരും കർത്താവിങ്കലേക്ക് തിരിഞ്ഞു. എന്തു വില കൊടുത്തും സുവിശേഷ സത്യത്തിനു വേണ്ടി നിലകൊള്ളുവാൻ ഈ സംഭവം ടി.ജി. ഉമ്മനു പ്രേരണ നൽകി.

പ്ലാന്തോട്ടത്തിൽ വീട്ടിലെ പ്രാർത്ഥന കഴിഞ്ഞ് ഉമ്മച്ചൻ വീട്ടിൽ മടങ്ങിയെത്തി. തനിക്കുണ്ടായ പ്രത്യേക അനുഭവം ഭവനത്തിൽ വിവരിച്ചു. സ്വഭവനത്തിലും ഇതൊരു ഉണർവ്വിനു കാരണമായി. സഹോദരൻ പാപങ്ങൾ ഏറ്റുപറഞ്ഞ് കർത്താവിനു ഹൃദയം കൊടുത്തു. വിവരങ്ങളറിഞ്ഞ് വിവാഹസ്ഥയായി ഇലന്തൂരിൽ കഴിഞ്ഞ സഹോദരി സ്വഭവനത്തിലെത്തി. ഉമ്മച്ചനെ കണ്ടമാത്രയിൽ അവരും പാപബോധമുള്ളവളായിത്തീർന്ന് രക്ഷിക്കപ്പെട്ടു.

റ്റി.ജി. ഉമ്മൻ ആത്മസ്നാനം പ്രാപിക്കുന്നത് ബ്രദറൺ കൂട്ടായ്മയോഗത്തിൽ വച്ചായിരുന്നല്ലോ. ആ കൂട്ടായ്മ വിട്ടുപോകണമെന്ന് അദ്ദേഹത്തിന് അശേഷം താൽപര്യമുണ്ടായിരുന്നില്ല. എന്നാൽ 'ആത്മസ്നാനം' എന്ന വ്യത്യസ്ഥ അനുഭവം പ്രാപിച്ച ഉമ്മച്ചനെവെച്ചു പൊറുക്കുവാൻ വേർപാട് സംഘത്തിലെ സഹോദരന്മാർ തയ്യാറായിരുന്നില്ല. അവരത് പെരുമാറ്റത്തിലൂടെയും കൂടിവരവിലെ 'സാക്ഷ്യത്തിലൂടെയും 'പ്രബോധനത്തിലൂടെയും ഉമ്മച്ചനെ അറിയിച്ചു. ഒടുവിൽ വേർപാട് കൂട്ടായ്മ വിട്ടുപോകുവാൻ അദ്ദേഹം നിർബന്ധിതനായി.

***പി. ഒ. തോമസ്***

*പുതുപ്പറമ്പിൽ തോമാച്ചൻ എന്ന പേരിലറിയപ്പെട്ടിരുന്ന പാസ്റ്റർ പി. ഒ. തോമസ് ചെറുപ്പത്തിൽതന്നെ വേർപാട് വിശ്വാസത്തിലേക്ക് ആകർഷിക്കപ്പെടുകയും സുവിശേഷപ്രവർത്തകനായി തെക്കൻ തിരുവിതാംകൂറിന്റെ പല ഭാഗങ്ങളിലും സഞ്ചരിക്കുകയും ചെയ്തു. ആറാമട വിയോജിത സഭാ സ്ഥാപനത്തിൽ തോമാച്ചൻ കാര്യമായ പങ്കുവഹിച്ചിട്ടുണ്ട്. 1930-ൽ ആത്മസ്നാനം പ്രാപിച്ച് പെന്തെക്കോസ്തു പ്രവർത്തകനായി. ദീർഘനാളുകൾ റാന്നി ശാലേം സഭയുടെ ശുശ്രൂഷകനായിരുന്നു. തന്റെ ഭൗതിക സമ്പത്തുകൾ സഭാസേവനത്തിനായി ദാനം ചെയ്ത വ്യക്തിയായിരുന്നു തോമാച്ചൻ. 1976 മെയ് മാസത്തിൽ കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.*

അന്ന് ഉമ്മച്ചന്റെ വാസസ്ഥലമായ അയിരൂരിലോ, സമീപത്തുള്ള പൂവൻമല തുടങ്ങിയ സ്ഥലങ്ങളിലോ പെന്തെക്കോസ്ത് കൂടിവരവുകൾ ഇല്ലായിരുന്നു. ഏറ്റവും അടുത്ത സഭ റാന്നി നെല്ലിക്കമണ്ണായിരുന്നു. അദ്ദേഹം നെല്ലിക്കമൺ സഭയുടെ അംഗത്വം സ്വീകരിച്ച് അവിടെ കൂട്ടായ്മയാചരിച്ചുപോന്നു.

ആയിടെ തടിയൂരിലും, റാന്നിയിലും മറ്റുമായി തങ്കയ്യാ അതിശയത്തിന്റെ ഉണർവ്വ് യോഗങ്ങൾ നടക്കുകയായിരുന്നു. 1930 ജൂൺ മാസത്തിൽ റാന്നിയിൽ നടന്ന ഇത്തരമൊരു ഉണർവ്വുയോഗത്തിൽ തങ്കയ്യാ അതിശയത്തിന്റെ വചനശുശ്രൂഷ മൂലം ഉമ്മച്ചന്റെ ഭാര്യയും രക്ഷിക്കപ്പെട്ടു പെന്തെക്കോസ്ത് മാർഗ്ഗം സ്വീകരിച്ചു. അത് തുടർന്നുള്ള അദ്ദേഹത്തിന്റെ ശുശ്രൂഷകളെ അനുഗ്രഹപ്രദമാക്കി.

## പൂവൻമല ഉണർവ്വ്

1930 സെപ്റ്റംബറിൽ റ്റി.ജി. ഉമ്മൻ പൂവൻമല, ഈട്ടിക്കൂട്ടത്തിൽ ശീമോച്ചന്റെ വീട്ടിൽ ഒരു പ്രാർത്ഥനായോഗം നടത്തി. ആദ്യദിവസം ഒരു മുറിക്കുള്ളിൽ ആരംഭിച്ച ആ പ്രാർത്ഥന ക്രമേണ ആളുകളുടെ ബാഹുല്യം നിമിത്തം വരാന്തയിലേക്കും പിന്നെ മുറ്റത്തേക്കും മാറ്റി. ഒരു മാസത്തോടടുത്ത് നടന്ന ഉണർവ്വുയോഗങ്ങളിൽ പലരും രക്ഷിക്കപ്പെടുകയും പരിശുദ്ധാത്മാഭിഷേകം പ്രാപിക്കുകയും ചെയ്തു. ഈ യോഗങ്ങൾ മുഖാന്തരം പൂവൻമലയിൽ ഒരു പെന്തെക്കോസ്ത് കൂടിവരവാരംഭിച്ചു.

## ആറാമട കൊച്ചുകുഞ്ഞു സന്യാസി

തിരുവനന്തപുരത്തിനു കിഴക്ക് ആറാമടയിൽ 1920കൾക്കു മുമ്പു തന്നെ ലണ്ടൻ മിഷൻ സ്വമേധാവേലക്കാരുടെയിടിൽ ഒരു ആത്മീയ ഉണർവ്വ് പ്രകടമായി. എൽ.എം. എസ്. സഭാംഗങ്ങളിൽ ചിലർ പള്ളിക്കു സമീപമുള്ള ഒരു വിജനപ്രദേശത്ത് സ്ഥിരമായി പ്രാർത്ഥനയ്ക്ക് കൂടിവരുവാൻ തുടങ്ങി. (അവിടെയാണ് പിന്നീട് കൊച്ചുകുഞ്ഞു സന്യാസിയുടെ കൂടാരപ്പള്ളി ഉയർന്നത്). 'ആത്മീയമായി ഞങ്ങളെ സത്യമാർഗ്ഗത്തിൽ നടത്തേണമേ' എന്നായിരുന്നു അന്നവർ പ്രാർത്ഥിച്ചത്. ഈ പ്രാർത്ഥനാകൂട്ടത്തിന്റെ നേതാക്കളിൽ പ്രമുഖൻ എൽ. എം. എസ്. സഭയിലെ ഡീക്കനായിരുന്ന സാമുവൽ ആയിരുന്നു. (പിന്നീട് തിരുവനന്തപുരത്തെ വേലയ്ക്ക് നേതൃത്വം വഹിച്ച പാസ്റ്റർ റ്റി. എസ്. മർക്കോസിന്റെ പിതാവ്) അന്ന് ആറാമട ഗവ. സ്ക്കൂൾ അദ്ധ്യാപകനായിരുന്ന റ്റി. കൊച്ചുകുഞ്ഞു വാദ്യാർ ഈ ഉണർവ്വു യോഗങ്ങളിൽ സ്ഥിരമായി പങ്കെടുത്തിരുന്നു.

1920-ൽ റാന്നി സ്വദേശികളായ വിളയശ്ശേരിൽ തോമ്മാച്ചൻ, പുതുപ്പറമ്പിൽ തോമ്മാച്ചൻ എന്നീ വിയോജിത സുവിശേഷകർ തെക്കൻ തിരുവിതാംകൂറിലേക്ക് ഒരു സുവിശേഷ യാത്ര ചെയ്തു. പൂജപ്പുര മണ്ഡപത്തിനു മുന്നിൽ അവർ നടത്തിയ പരസ്യയോഗത്തിൽ ആറാമടയിലെ സാമുവൽ ഡീക്കനും ശ്രോതാവായിരുന്നു. യോഗാനന്തരം അദ്ദേഹമവരെ ആറാമടയിലേക്ക് ക്ഷണിച്ച് തന്റെ ഇടവകയിൽ ചില ഉണർവ്വുയോഗങ്ങൾ നടത്തി. ഈ യോഗങ്ങൾ മുഖാന്തരം കൊച്ചുകുഞ്ഞ് വാദ്യാർ രക്ഷിക്കപ്പെട്ടു. അദ്ദേഹം മദ്ധ്യതിരുവിതാംകൂറിലെ മെഴുവേലിയിൽ വന്ന്, അന്ന് വിയോജിത വിശ്വാസിയായിരുന്ന കെ. ഇ. ഏബ്രഹാമിന്റെ കൈക്കീഴിൽ സ്നാനപ്പെട്ടു. പിന്നീട് വിളയശ്ശേരിൽ തോമാച്ചനും കൊച്ചുകുഞ്ഞു വാദ്ധ്യാരുമായിരുന്നു ആറാമടയിലെ വിയോജിത പ്രവർത്തകർ.

ആറാമടയിൽ ധാരളമാളുകൾ വിയോജിത വിശ്വാസത്തിലേക്കു വരാൻ തുടങ്ങിയതോടെ എൽ.എം.എസ്സുകാരുടെ എതിർപ്പ് രൂക്ഷമായി. കൊച്ചുകുഞ്ഞിന്റെ സഹോദരൻ ബഞ്ചമിന്റെ ഭവനത്തിലായിരുന്നു അന്ന് ആരാധന നടന്നിരുന്നത്. എൽ.എം.എസ് പള്ളിയോടു ചേർന്നുള്ള ആ ഭവനത്തിൽ മറ്റൊരു ആരാധന നടത്തുന്നതിനെതിരെ നാട്ടുകാർ പോലീസിൽ പരാതിപ്പെട്ടു. പള്ളിക്കടുത്ത് മറ്റൊരു ആരാധന പാടില്ലായെന്ന് ഇൻസ്പെക്ടർ പുതിയ പ്രാർത്ഥനാക്കൂട്ടരെ അറിയച്ചു.

എന്നാൽ ബഞ്ചമിൻ പതറിയില്ല. അന്നദ്ദേഹം സ്വന്തമായി ഒരു ഗ്രാന്റ് സ്കൂൾ നടത്തുകയും അതിന്റെ മാനേജരായിരിക്കുകയുമായിരുന്നു. ആരാധന ഈ സ്കൂളിലേക്കു മാറ്റി. ഇത് സംഭവിച്ചത് 1922-ലായിരുന്നു.

ഏറെത്താമസിയാതെ വിളയിശ്ശേരിൽ തോമാച്ചൻ നിര്യാതനായി. അദ്ദേഹത്തെ

ആറാമടിയിൽ തന്നെയാണ് സംസ്ക്കരിച്ചത്. എന്നാൽ അപ്പോഴേക്കും കൊച്ചുകുഞ്ഞ് വാദ്ധ്യാർ അദ്ധ്യാപകജോലി വിട്ട് പൂർണ്ണസമയ സുവിശേഷകനായിത്തീർന്നു. ഉത്തരവാദിത്തപൂർണ്ണമായ സഭാപരിപാലനത്തിന്റെ സുഗമമായ നടത്തിപ്പിന് വിവാഹം കൂടെയുള്ള ജീവിതമാണ് അഭിലക്ഷണീയമെന്നു കൊച്ചുകുഞ്ഞു വാദ്ധ്യാർ കരുതി. അദ്ദേഹം സന്യാസം വരിച്ച് കാഷായവസ്ത്രധാരിയായി സുവിശേഷവേലയിൽ മാത്രം ശ്രദ്ധ കൊടുത്തുപോന്നു.

തന്റെ സ്നാപകനായ കെ. ഇ. ഏബ്രഹാമും കൂട്ടരും പെന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ചതറിഞ്ഞിട്ടും കൊച്ചുകുഞ്ഞോ മറ്റുള്ളവരോ ആ പാതയിലേക്കു തിരിഞ്ഞില്ല. എന്നു തന്നെയുമല്ല ആറാമടയിൽ പിന്നീടു നടന്ന യോഗങ്ങൾക്ക് അവർ വേർപാടു വിശ്വാസത്തോടു യോജിപ്പുള്ള നമ്പി ഉപദേശി, ആൻഡേഴ്സൺ ചർച്ച് ഓഫ് ഗോഡ് പ്രവർത്തകരായ റവ. പി.ജെ.ഫിലിപ്പ്, റവ. ജോൺ എ.ഡി.ഖാൻ, റവ. നിക്കോൾസ്റോയി തുടങ്ങിയവരെ ക്ഷണിച്ചാണ് യോഗങ്ങൾ നടത്തിയത്.

കൊച്ചുകുഞ്ഞ് വാദ്ധ്യാരുടെ ശ്രമഫലമായി തെക്കൻ തിരുവിതാംകൂറിലെ പല സ്ഥലങ്ങളിലും സുവിശേഷയോഗങ്ങൾ സംഘടിപ്പിക്കപ്പെടുകയും പലയിടത്തും സഭകൾ രൂപീകരിക്കപ്പെടുകയും ചെയ്തു. അതൊക്കെ ഏതെങ്കിലും വ്യവസ്ഥാപിത സംഘങ്ങളോട് ബന്ധമില്ലാതെ സ്വതന്ത്ര സഭകളായാണ് നിലകൊണ്ടത്. എങ്കിലും അവയെല്ലാം വേർപാട് വിശ്വാസത്തെയാണ് പിൻതുടർന്നിരുന്നത്.

അങ്ങനെയിരിക്കെ ആറാമടയിലുള്ള 'സ്നേഹപ്പൂ' എന്നൊരു സഹോദരി തമിഴ്നാട്ടിലുള്ള വെങ്കഞ്ചി എന്ന സ്ഥലത്ത് 'ഗുരുപാദം മേസ്തിരി' എന്ന ദൈവഭൃത്യന്റെ ശുശ്രൂഷയാൽ പരിശുദ്ധാത്മസ്നാനം പ്രാപിച്ച് ആറാമടയിൽ മടങ്ങിയെത്തി. സ്നേഹപ്പൂവിന്റെ അന്യഭാഷ വേർപാടുകാർക്ക് അരോചകമായിത്തീർന്നു. ഇത് ദുരാത്മാവാണെന്നും സ്നേഹപ്പൂവിലുള്ള പിശാചിനെ ശാസിച്ച് ഇറക്കിവിടണമെന്നും കൊച്ചുകുഞ്ഞ് വാദ്ധ്യാരോട് അദ്ദേഹത്തിന്റെ ജ്യേഷ്ഠൻ ആവശ്യപ്പെട്ടു. അതേസമയം പെന്തെക്കോസ്ത് വിശ്വാസത്തോട് ആഭിമുഖ്യമുള്ളവർ അതിനെ എതിർത്തു. വിയോജിത വിശ്വാസത്തോടു കൂറുപുലർത്തുന്നവരും കെ. ഇ.ഏബ്രഹാമിന്റെ ആത്മസ്നാനത്തെപ്പറ്റിയറിഞ്ഞ് അതിനെ അനുകൂലിക്കുന്നവരും തമ്മിൽ തർക്കമായി. ഈ സമയത്ത് കൊച്ചുകുഞ്ഞ് സന്യാസി പറഞ്ഞു, "നമുക്ക് മലങ്കര വിയോജിതരെയും വിശ്വസിക്കണ്ട... പ്രാപിച്ചുവന്നവരെയും

### *പാസ്റ്റർ വി.റ്റി. പൗലോസ്*

*പാസ്റ്റർ വി.റ്റി. പൗലോസ് (വലിയപറമ്പിൽ) 1903 മാർച്ച് 16നു ഒരു സി.എസ്.ഐ. കുടുംബത്തിൽ ജനിച്ചു. 1928-ൽ രക്ഷാനിർണ്ണയം പ്രാപിക്കുകയും അതേവർഷം തന്നെ സ്നാനമേൽക്കുകയും ചെയ്തു. സുവിശേഷവേലയ്ക്കിറങ്ങിയ പാസ്റ്റർ പൗലോസ് 1930-ൽ പാക്കിൽ പള്ളത്ത് പ്രവർത്തനമാരംഭിച്ചു. സാമാന്യ വിദ്യാഭ്യാസം മാത്രമുണ്ടായിരുന്ന ഇദ്ദേഹത്തിന്റെ ശുശ്രൂഷകൾ ആത്മനിറവിന്റേതായിരുന്നു. പള്ളം, കൊല്ലാട്, കണ്ണംചിറ, പരുത്തുംപാറ, കുറുമ്പനാടം, കണിച്ചുകുളം, വേളൂർ, കിളിരൂർ, കുറിച്ചി, വെള്ളുത്തുരുത്തി, വെല്യാട്ട്, അയ്മനം തുടങ്ങിയ സ്ഥലങ്ങളിൽ ചർച്ച് ഓഫ് ഗോഡിന്റെ ശുശ്രൂഷകനായിരുന്നു. 1983 ഒക്ടോബർ 13നു നിത്യവിശ്രമത്തിൽ ചേർക്കപ്പെട്ടു. ദൈവസഭ (ഡിവിഷൻ) കൗൺസിലംഗവും, ഗവേണിംഗ് ബോർഡ് മെമ്പറുമായിരുന്ന പാസ്റ്റർ വി. പി. ജോൺ ഇദ്ദേഹത്തിന്റെ മകനാണ്.*

### *പാസ്റ്റർ എം.സി. മാത്യു*
### *(മഴഞ്ചേരിൽ ഉണ്ണൂണ്ണി)*

*മാരാമൺ മഴഞ്ചേരിൽ ചാണ്ടി മത്തായി യുടെ മകനായി 1908-ൽ ജനിച്ചു. 1929-ൽ മുത്താംപാക്കൽ കൊച്ചുകുഞ്ഞുപദേശിയുടെ യോഗത്തിൽ വച്ച് രക്ഷിക്കപ്പെട്ടു. 1931-ൽ കൊടുന്തറ ഉമ്മച്ചന്റെ കൈക്കീഴിൽ സ്നാനമേറ്റു. പൂവത്തൂരിൽ വേലമ്പറമ്പിൽ തോമാച്ചന്റെ വീട്ടിൽ നടന്ന യോഗത്തിൽവച്ച് ആത്മ സ്നാനം പ്രാപിച്ചു. 1932-ൽ കുമ്പനാട് ബൈബിൾ സ്കൂളിൽ വിദ്യാർത്ഥിയായി. തെള്ളിയൂർകാവ്, കോളഭാഗം എന്നിവിടങ്ങളിൽ പെന്തെക്കോസ്തു പ്രവർത്തനം നടത്തിയ പാസ്റ്റർ മാത്യു 1936-ൽ ചർച്ച് ഓഫ് ഗോഡിനോടു യോജിച്ചു. കുറിയന്നൂർ, ചോട്ടുപാറ എന്ന സ്ഥലത്ത് ചർച്ച് ഓഫ് ഗോഡ് ശുശ്രൂഷകനായി. ആഞ്ഞലിത്താനം, ചങ്ങനാശ്ശേരി, ചെമ്പൻതുരുത്ത്, മുക്കാഞ്ഞിരം, കാഞ്ഞിരപ്പാറ, കല്ലൂപ്പാറ ചേത്തയ്ക്കൽ, വാര്യാപുരം, തൃക്കണ്ണമംഗൽ എന്നിവിടങ്ങളിലൊക്കെ പ്രവർത്തിച്ചിട്ടുണ്ട്.*

വിശ്വസിക്കണ്ട... ഉണ്ണൂണ്ണി സാറിനെയും ഒരു മനുഷ്യനെയും വിശ്വസിക്കേണ്ട അപ്പോസ്തലപ്രവൃത്തി രണ്ടാമദ്ധ്യായത്തിൽ കാണുന്നപ്രകാരം കാത്തിരിക്കാം..."

ഈ തീരുമാനത്തോടെ പരിശുദ്ധാത്മാസ്നാനത്തിനായി സഭയിൽ ചിലർ കാത്തിരുന്നു. കൊച്ചുകുഞ്ഞു സന്യാസിയുടെ ജ്യേഷ്ഠന്റെ ഭാര്യ ദീനാമ്മയിൽ ഇത്തവണ പരിശുദ്ധാത്മാവും വന്നു. സ്നേഹപ്പൂവിനു ലഭിച്ച പരിശുദ്ധാത്മ സ്നാനത്തെ നിശിതമായി വിമർശിച്ചവർക്ക്, വിമർശകരിൽ പ്രമുഖനായിരുന്നയാളിന്റെ ഭാര്യ ആത്മസ്നാനം പ്രാപിച്ചപ്പോൾ ഒന്നും പറയാവില്ലാതെയായി. പരിശുദ്ധാത്മ സ്നാനത്തെപ്പറ്റി അനുഭാവപൂർവ്വം പരിഗണിക്കാൻ ഈ സംഭവം സഭാംഗങ്ങൾക്കു പ്രേരണ നൽകി.

1928-ൽ കൊച്ചുകുഞ്ഞു സന്യാസി സിലോണിലേക്ക് ഒരു സുവിശേഷയാത്ര നടത്തി. അവിടെവച്ച് പാസ്റ്റർ പോളിന്റെ ചില യോഗങ്ങളിൽ അദ്ദേഹം പങ്കെടുത്തു. അത് അദ്ദേഹത്തെ പെന്തെക്കോസ്തനുഭാവിയാക്കിതീർത്തു. മടങ്ങി ആറാമടയിൽ എത്തിയ സന്യാസി സഭാംഗങ്ങളെയെല്ലാം വിളിച്ചുകൂട്ടി തന്റെ പുത്തൻ വിശ്വാസം പ്രഖ്യാപിക്കുകയും കാത്തിരിപ്പുയോഗം സംഘടിപ്പിക്കുകയും ചെയ്തു. ഈ യോഗങ്ങളിൽവെച്ച് സന്യാസി ഉൾപ്പെടെ അനേകർ ആത്മസ്നാനം പ്രാപിച്ച് അന്യഭാഷകളിൽ സംസാരിച്ചു. അങ്ങനെ ആറാമട സഭ മൊത്തമായി പെന്തെക്കോസ്ത് മാർഗ്ഗത്തെ സ്വീകരിച്ചു.

പുതിയ വിശ്വാസത്തിന് അധീനനായ കൊച്ചുകുഞ്ഞു സന്യാസി, തന്റെ പ്രവർത്തനത്താൽ തെക്കൻ തിരുവിതാംകൂറിൽ ഉടലെടുത്ത കൂട്ടായ്മകളിലൊക്കെ സഞ്ചരിച്ച് ഈ പുതുവിശ്വാസം പ്രചരിപ്പിച്ചു. പലരും പെന്തെക്കോസ്ത് വിശ്വാസത്തിലേക്ക് ആകർഷിക്കപ്പെടുകയും ആത്മസ്നാനം പ്രാപിക്കയും ചെയ്തു.

പെന്തെക്കോസ്ത് ഉപദേശത്തിന്റെ പ്രചരണത്തെ കരുതി ആറാമടയിൽ സന്യാസി ചില മഹായോഗങ്ങൾ സംഘടിപ്പിച്ചു. ഒരു വർഷത്തിൽ ഇങ്ങനെയുള്ള നാല് യോഗങ്ങളാണ് അവിടെ നടന്നത്. ആദ്യയോഗത്തിൽ പ്രസംഗിക്കുന്നതിനായി സിലോണിൽ നിന്നും പാസ്റ്റർ പോൾ തുടങ്ങിയവരെ ക്ഷണിച്ചിരുന്നു. രണ്ടാം യോഗത്തിൽ മദ്രാസിലെ പെന്തെക്കോസ്ത് പ്രവർത്തകനായിരുന്ന പാസ്റ്റർ എഗ്ബർട്ട് പ്രധാന പ്രസംഗകനായിരുന്നു. അടുത്ത പ്രാവശ്യം ആർ.എഫ്.കുക്കും, എസ്.ഡി.ജ്ഞാനപ്രകാശവും പ്രസംഗകരായെത്തി. പിറ്റെപ്രാവശ്യം അന്ന് കൊട്ടാരക്കരയിൽ താമസിച്ചിരുന്ന റവ. ചാൾസ് കമ്മിൻസ്, മുഴക്കുഴ കെ.ഇ. ഏബ്രഹാം തുടങ്ങിയവരായിരുന്നു പ്രസംഗകർ.

ഈ യോഗങ്ങളെപ്പറ്റി സുവിശേഷപ്രഭാഷകനിൽ വന്ന റിപ്പോർട്ട് ഇപ്രകാരമാണ്: "സ്ഥലത്തെ സഭാമന്ദിരത്തിനും, സഭാശുശ്രൂഷകൻ സാധു കൊച്ചുകുഞ്ഞ് അവർകളുടെ വാസസ്ഥലമായ കർമ്മേൽ ആശ്രമത്തിനും സമീപത്തായി ആയിരത്തിൽപ്പരം ആളുകൾക്കിരിക്കാവുന്ന ഒരു കൊട്ടക തയ്യാറായിട്ടുണ്ട്...യോഗങ്ങളുടെ ക്രമീകരണം ഏറ്റം സ്തുത്യർഹമായ നിലയിൽ ആയിരുന്നു. യോഗം തുടങ്ങുന്നതിന് ഏകദേശം ഒരു മണിക്കൂറിനു മുമ്പേ ഒന്നാം മണിയടിക്കുന്നു. ഉടൻതന്നെ സ്ഥലത്തെ വിശ്വാസികളായ സഹോദരീ സഹോദരന്മാർ വന്നുചേർന്നു സഭാമന്ദിരത്തിന്റെ ഒരു ഭാഗത്തായി വേർതിരിച്ചിരിക്കുന്ന മദ്ധ്യസ്ഥ പ്രാർത്ഥനാ ഹാളിൽ കയറി യോഗത്തിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുന്നു. കൃത്യസമയത്ത് യോഗങ്ങൾ ആരംഭിക്കും എന്നുള്ളത് ഇവിടെ പതിവായിത്തീർന്നിരിക്കയാൽ രണ്ടാം മണി അടിക്കുന്നതിനു മുന്നമേതന്നെ പ്രസംഗഹാളിൽ ആളുകൾ ഹാജരായിക്കഴിഞ്ഞു...

ഈ കഴിഞ്ഞ വർഷത്തിനുള്ളിലായി അവിടെ നാലു മഹായോഗങ്ങൾ നടത്തപ്പെട്ടിരിക്കുന്നു. ഓരോ യോഗത്തിനുമായി ഒരു വലിയ തുക സ്ഥലത്തെ സഭയ്ക്ക് ചെലവുണ്ട്. ക്ഷണിക്കപ്പെടുന്ന പ്രസംഗകരുടെ യാത്രചെലവിനു പുറമേ ഓരോ പ്രാവശ്യവും തെക്കൻ തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിൽ നിന്നുമായി യോഗത്തിനു സംബന്ധിച്ച് താമസിക്കുന്നയാളുകൾക്ക് സഭയുടെ മേലന്വേഷണത്തിൽ ഒരു 'ഹോട്ടൽ' തയ്യാറുണ്ട്. 'ഹോട്ടൽ' എന്നാൽ 'സൗജന്യഭക്ഷണശാല' എന്ന അർത്ഥമാണ് ഇവിടെ കല്പിക്കേണ്ടത്.

ധനാഢ്യരായി ആരുംതന്നെ പ്രസ്തുത സഭയിൽ ഉള്ളതായി അറിയുന്നില്ല. എന്നിട്ടും ഈ രീതിയിലുള്ള വൻകാര്യങ്ങൾ നടത്തുന്നത് അവർക്ക് ഇന്നു ക്ഷണസാദ്ധ്യമെന്നപോൽ ഇരിക്കുന്നു. കാരണം അവിടെയുള്ള വിശ്വാസികൾ എല്ലാവരും സ്വാർത്ഥം എന്നത് ഉപേക്ഷിച്ച് തങ്ങളുടെ വരുമാനങ്ങളിൽ സ്വാവശ്യങ്ങൾക്ക് കഷ്ടിച്ച് എടുത്തിട്ട് ബാക്കിയുള്ളവ ഭൗമിക നിക്ഷേപങ്ങൾക്കായി ചരതിക്കാതെ ദൈവത്തിന്റെ കാര്യങ്ങൾക്കുവേണ്ടി പ്രതിഷ്ഠിക്കുന്ന അനുഭവമുള്ളവരായിരിക്കുന്നതു തന്നെ." (സുവിശേഷ പ്രഭാഷകൻ, വാല്യം 2, ലക്കം 8,9 മാർച്ച്, ഏപ്രിൽ, 1929 പേജ് 226-227).

***പാസ്റ്റർ പി.പി. ചാക്കോ പള്ളിക്കുന്നേൽ***

*1903 നവംബർ 20നു ചങ്ങനാശ്ശേരിക്കടുത്ത് കുറുമ്പനാടം എന്ന സ്ഥലത്ത് ജനിച്ചു. 1926-ൽ പരിയാരം ജോണുപദേശിയുടെ കൈക്കീഴിൽ സ്നാനമേറ്റു. 1929-ൽ മുളക്കുഴ സീയോൻ ബൈബിൾ സ്ക്കൂളിൽ പഠിച്ചശേഷം കണിച്ചുകുളം ദൈവസഭയുടെ പ്രഥമ ശുശ്രൂഷകനായി. പാസ്റ്റർ സി.വൈ. ജോസഫ് ഇദ്ദേഹത്തിന്റെ സഹപ്രവർത്തകനായിരുന്നു. വല്യാട്ട്, കണിച്ചുകുളം തുടങ്ങിയ സഭകളുടെ സ്ഥാപകപ്രവർത്തകനായിരുന്ന ചാക്കോ മുണ്ടക്കയം, തിരുവല്ല, കോട്ടയം എന്നിവിടങ്ങളിൽ ദൈവസഭയുടെ സെന്റർ ശുശ്രൂഷകനും കൗൺസിൽ മെമ്പറുമായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1964 മാർച്ച് 12നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.*

## കുക്ക് സായ്പ് എ.ജി.യുമായുള്ള ബന്ധം വിടുന്നു

1913-ൽ ഇന്ത്യയിലെത്തിയ റവ. ആർ. എഫ്. കുക്ക് ഏതെങ്കിലും ഒരു മിഷനറി സംഘത്തിന്റെ പ്രതിനിധി ആയിരുന്നില്ല.



*പാസ്റ്റർ ആർ.എഫ്. കുക്കും കുടുംബവും. 1926-ലെ ചിത്രം*

അങ്ങനെ 1926 മുതൽ 1929 വരെ അസംബ്ലീസ് ഓഫ് ഗോഡിന്റെ ഒരു മിഷനറിയായി അവരുമായുള്ള ഒരു സഹകരണബന്ധത്തിൽ (affiliation) കുക്ക് സായ്പും സഭകളും കേരളത്തിൽ പ്രവർത്തിച്ചു, എന്ന ധാരണയാണ് 'ദൈവസഭ പിന്നിട്ട 50 വർഷങ്ങൾ' എന്ന ഗ്രന്ഥം നൽകുന്നത്. (കുക്ക് സായ്പിന്റെ എ.ജി. ബന്ധം എത്ര വർഷങ്ങൾ എന്ന കുറിപ്പു കാണുക) ഇക്കാലയളവിൽ തദ്ദേശീയരായ കെ.ഇ. ഏബ്രഹാം, കെ. സി. ചെറിയാൻ തുടങ്ങിയ പെന്തെക്കോസ്ത് നേതാക്കളുടെ പ്രവർത്തനത്താൽ ഉടലെടുത്ത സഭകളും പാസ്റ്റർ കുക്കിനോടു ചേർന്ന് എ.ജി.യോടുള്ള ബന്ധത്തിൽ പ്രവർത്തിക്കുകയായിരുന്നു.

എ.ജി. സഹകരണബന്ധത്തിൽ കഴിയുമ്പോഴും ഈ സഭകൾ സ്വതന്ത്രവും 'മലങ്കര പെന്തെക്കോസ്ത് ദൈവസഭ' എന്ന സ്വതന്ത്രനാമധേയത്താൽ അറിയപ്പെട്ടിരുന്നവയുമായിരുന്നു. അസംബ്ലീസ് ഓഫ് ഗോഡിന്റെ നേരിട്ടുള്ള ഭരണത്തിൽ കീഴിലല്ലാതെ എന്നാൽ അമേരിക്കയിലെ ജനറൽ കൗൺസിലിനോട് അഫിലിയേ

അദ്ദേഹം സ്വതന്ത്രമായി പെന്തെക്കോസ്ത് പ്രവർത്തനം നിർവ്വഹിക്കുകയായിരുന്നു. 1919ലാണ് കുക്ക് ആദ്യമായി എ.ജി.യുമായി ബന്ധപ്പെടുന്നത്. (സുവിശേഷപ്രഭാഷകൻ, വാല്യം 3, ലക്കം 1, 2, 1929 ആഗസ്റ്റ്- സെപ്റ്റംബർ, പേജ് 4).

1921 മുതൽ അസംബ്ലീസ് ഓഫ് ഗോഡിന്റെ മിഷനറിമാർ കേരളത്തിൽ പ്രവർത്തിച്ചു തുടങ്ങിയപ്പോൾ അവരുമായി - പ്രത്യേകിച്ച് മേരി ചാപ്മാൻ, സ്പെൻസർ മെയ് തുടങ്ങിയവരുമായി- അദ്ദേഹം നല്ല സഹകരണബന്ധം പുലർത്തിയിരുന്നു. കുക്ക് അമേരിക്കയിലേക്ക് പോയപ്പോൾ എ.ജി.മിഷനറിയായിരുന്ന സ്പെൻസർ മേയ് ആണ് അദ്ദേഹത്തിന്റെ സഭകളുടെ ചുമതല വഹിച്ചിരുന്നതും.

"പാസ്റ്റർ കുക്ക് അമേരിക്കയിലായിരുന്നപ്പോൾ അസംബ്ലീസ് ഓഫ് ഗോഡിനോടു ചേരുകയും അവരുടെ മിഷനറിയായി 1929-ൽ ഇന്ത്യയിലേക്ക് മടങ്ങിവരികയും ചെയ്തു." (പാസ്റ്റർ ടി. എം. വർഗീസ്, ബ്രദർ ഇ.വി. ജോർജ്ജ്, ദൈവസഭ പിന്നിട്ട 50 വർഷങ്ങൾ, പേജ് 26).

ഷൻ ഉള്ള സഭകളായിരുന്നു ഇത്. (അക്കാലത്തെ സുവിശേഷ പ്രഭാഷകൻ നോക്കിയാൽ ഇക്കാര്യം വ്യക്തമാകുന്നതാണ്. അതിന്റെ പുറം ചട്ടയിൽ സുവിശേഷപ്രഭാഷകൻ, (The Full Gospel Preacher) മലങ്കര പെന്തെക്കോസ്ത് ദൈവസഭയുടെ ഒരു പ്രതിമാസിക എന്നു മലയാളത്തിലും Published by The Assemblies of God in Malabar എന്ന് ഇംഗ്ലീഷിലും അച്ചടിച്ചിരിക്കുന്നു)

ഈ സമയത്ത്, 1929-ൽ അസംബ്ലീസ് ഓഫ് ഗോഡിന്റെ ദക്ഷിണ ഇന്ത്യ-സിലോൺ കൗൺസിൽ രൂപീകരിക്കപ്പെട്ടു. അതോടെ ഓരോ മിഷനറിക്കും നൽകിയിരിക്കുന്ന ഭൂപരിധി വിട്ട് മറ്റൊരു മിഷനറിയുടെ അതിർത്തിയിലേക്ക് അതിക്രമിച്ച് കടക്കരുതെന്ന് കൗൺസിലിൽ നിന്നും മിഷൻ കേന്ദ്രങ്ങൾക്കു നിർദ്ദേശം ലഭിച്ചു.

കുക്ക് സായ്പിനോടൊപ്പം പ്രവർത്തിച്ചിരുന്ന സ്വാതന്ത്ര്യദാഹികളായ തദ്ദേശീയ പ്രവർത്തകർക്ക് ഈ നിർദ്ദേശത്തെ ഒരു രീതിയിലും അംഗീകരിക്കാൻ കഴിയുമായിരുന്നില്ല. ഇത് 'കർത്താവിലുള്ള തങ്ങളുടെ സ്വാതന്ത്ര്യത്തെ ഹനിക്കുക'യാണെന്നും മാനുഷികമായ ഇത്തരം കല്പനകൾക്ക് കീഴടങ്ങുന്നത് അടിമനുകത്തിലേക്കുള്ള മടങ്ങിപ്പോക്കാണെന്നും അവരിൽ ചിലർ വ്യാഖ്യാനിച്ചു. എ.ജി.യുടെ അമേരിക്കൻ കൗൺസിലുമായുള്ള ബന്ധം വിഛേദിക്കുകയാണു നല്ലതെന്ന് അവർ പാസ്റ്റർ കുക്കിനെ ഉപദേശിച്ചു. ഈ വിഷയത്തെപ്പറ്റി കെ.ഇ. ഏബ്രഹാം അന്നത്തെ സുവിശേഷ പ്രഭാഷകനിൽ രേഖപ്പെടുത്തിയിട്ടുണ്ട്:

**ഞങ്ങളുടെ നവീന പദ്ധതി**

"വിശ്വാസോപദേശങ്ങളുടെ ഐക്യതയേയും കൂട്ടായ്മയേയും ഉദ്ദേശിച്ച് കഴിഞ്ഞ ചില കാലങ്ങളിലെല്ലാം പെന്തെക്കോസ്ത് ദൈവസഭയുടെ അമേരിക്കൻ കൗൺസിലിനോടുള്ള ബന്ധത്തിൽ ഞങ്ങളും ഉൾപ്പെട്ടിരിക്കുകയായിരുന്നു. എന്നാൽ ദക്ഷിണേന്ത്യാ- സിലോൺ കൗൺസിൽ രൂപീകരണത്തോടെ ഒരേ വിശ്വാസോപദേശങ്ങളെ സ്വീകരിച്ചു നിൽക്കുന്ന ദൈവഭൃത്യന്മാർക്ക് ദൈവം തുറന്നു കൊടുക്കുന്ന വാതിലിൽക്കൂടെ എവിടെയും പ്രവേശിച്ച് കർത്തൃശുശ്രൂഷ നിറവേറ്റുവാൻ പാടില്ലാതെവണ്ണം അതിർ തിരിച്ച് വേല നടത്തണമെന്നുള്ള ഏർപ്പാട് പാസ്സാക്കിയ വിവരം നാട്ടുവേലക്കാരായ ഞങ്ങളെ അത്യന്തം നൊമ്പരപ്പെടുത്തുകയുണ്ടായി. പെന്തെക്കോസ്ത് ജനങ്ങൾക്കു പൊതുവേ സ്വീകാര്യമല്ലാത്ത ഈ തീരുമാനം മാനുഷിക കെട്ടുപാടിലേക്ക് പ്രവേശിക്കുന്നതിനു മുഖാന്തരമായി തീരാവുന്നതാണെന്നു ഞങ്ങൾക്ക് ബോധ്യപ്പെടുകയാൽ ഈ വയലിൽ ഞങ്ങളോടുകൂടെ കർത്തൃ ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന ഞങ്ങളുടെ മിഷനറി പാസ്റ്റർ കുക്ക് അവർകളെ ഈ വിവരം ഞങ്ങൾ ധരിപ്പിക്കുകയും ഇങ്ങനെയുള്ള ഒരു നുകത്തിൻ കീഴെ വേല ചെയ്യാൻ ഞങ്ങൾക്കു സമ്മതമല്ലെന്നു അറിയിക്കുകയും ചെയ്തു....

....അദ്ദേഹം ഈ വിഷയത്തെക്കുറിച്ചു പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ, കർത്താവ് മുൻകാലങ്ങളിൽ തന്നെ നടത്തിയിട്ടുള്ള വിശ്വാസത്തിന്റെ വഴികളിലേക്ക് കുറെക്കൂടെ മുൻപോട്ടു കടന്നുചെല്ലണമെന്നും അതിനു പ്രതിബന്ധമായി ഇപ്പോൾ ഈ വേല സംബന്ധിച്ച് ആവശ്യസന്ധാരണങ്ങളുടെ ഒരു ചെറിയ അംശത്തിനെങ്കിലും, മാനുഷിക മുഖാന്തരം നോക്കിപ്പോകത്തക്കവണ്ണം കൗൺസിൽ ബന്ധം ഇരിക്കുന്നത് അയുക്തമെന്നു യെഹസ്ക്കേൽ 36:11, യെശയ്യാവ് 30:15 എന്നീ വാക്യങ്ങളിൽക്കൂടെ ദൈവം അദ്ദേഹത്തോടു സംസാരിച്ചു. അങ്ങനെ മാനു

## *പേരിശ്ശേരി മത്തായിച്ചൻ*

*1886-ൽ ചെങ്ങന്നൂർ പേരിശ്ശേരിൽ കോട്ടരേത്തു കല്ലുങ്കൽ മത്തായിയുടെ മകനായി ജനിച്ചു, സാധു സുന്ദർ സിംഗിന്റെ പ്രസംഗ പര്യടന വേളയിൽ ചെങ്ങന്നൂർ മിൽസ് മൈതാനത്തുവെച്ചു നടന്ന സുവിശേഷപ്രസംഗം മൂലം രക്ഷയുടെ അനുഭവത്തിലേക്കു വന്നു. സൈമൺ സാറിന്റെ കൈക്കീഴിൽ വിശ്വാസസ്നാനം സ്വീകരിച്ചു. വിയോജിത പ്രസ്ഥാനത്തിലൂടെ സുവിശേഷപ്രവർത്തനങ്ങളിൽ പങ്കാളിത്തം വഹിച്ചുപോന്നു. (കെ. വി. സൈമണുമായുള്ള സജീവ ബന്ധം മൂലം മറ്റുള്ളവർ അദ്ദേഹത്തെ 'കൊച്ചുസൈമൺ' എന്നു വിളിച്ചിരുന്നു.) ചെങ്ങന്നൂരിൽ നിന്നും കുമ്പനാട്ടേക്ക് താമസം മാറ്റിയതു മൂലം കെ.ഇ. ഏബ്രഹാം, റ്റി. എം. വർഗീസ്, നോയൽ സായ്പ്, കുക്ക് സായ്പ് എന്നിവരുമായി കൂടുതൽ സഹകരിക്കുവാൻ സാധിച്ചു.*

*സുവിശേഷകൻ, സഭാശുശ്രൂഷകൻ, കൺവൻഷൻ പ്രസംഗകൻ, വേദാദ്ധ്യാപകൻ, ഗാനരചയിതാവ് എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിക്കുവാൻ അദ്ദേഹ ത്തിനു കഴിഞ്ഞിട്ടുണ്ട്. ക്രിസ്തീയ അനുഭവങ്ങളുടെ വെളിച്ചത്തിൽ അദ്ദേഹം നാനൂറിലധികം ഗാനങ്ങൾ രചിച്ചിട്ടുണ്ട്. "ലോകത്തിൻ മോഹങ്ങൾ കൊണ്ടു വിരഞ്ഞോടി ഞാൻ..." എന്നത്  മത്തായിച്ചൻ രചിച്ച ഗാനമാണ്. 1965 സെപ്റ്റംബർ 3-ാം തീയതി തന്റെ 79-ാമത്തെ വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചു.*

ഷികമായി യാതൊരു കെട്ടുപാടിലും കുടുങ്ങാതെ സകല കാര്യങ്ങൾക്കും ദൈവത്തെയും ദൈവനടത്തിപ്പിനെയും മാത്രം പരിപൂർണ്ണമായി ആശ്രയിച്ച്, അതതവസരം ലഭിക്കുന്ന ദൈവിക പ്രകാശത്തിൽക്കൂടെ മുമ്പോട്ടു പോകേണ്ടതാവശ്യമാണെന്നു ദൈവം ഞങ്ങളെ ബോധ്യപ്പെടുത്തുകയും ഉണർത്തുകയും ചെയ്തതനുസരിച്ച് 'മലങ്കര പെന്തെക്കോസ്ത് സഭ' എന്ന നാമത്തിൽ അറിയപ്പെടുന്ന ഞങ്ങളും ഞങ്ങളുടെ സഹപ്രവർത്തകരായ മിഷനറിമാരും കൗൺസിൽ ബന്ധത്തിൽ നിന്നും പാടേ വേർപ്പെട്ടിരിക്കുന്ന വിവരം അമേരിക്കൻ കൗൺസിലിനെ അറിയിച്ചിരിക്കുന്നതും, ഈ ലോകമെങ്ങുമുള്ള എല്ലാ പെന്തെക്കോസ്ത് ജനങ്ങളോടുമെന്നവണ്ണം കൗൺസിൽ അംഗങ്ങളായ വിശ്വാസികളോടും ആത്മീയ കൂട്ടായ്മ ഉണ്ടായിരിക്കുന്നതൊഴികെ വേല സംബന്ധിച്ച് മറ്റ് യാതൊരു ബന്ധവും ഇല്ലാത്തതുമാണെന്നുള്ള വൃത്താന്തം ക്രിസ്തുവിലുള്ള സ്വാതന്ത്ര്യത്തെയും കൂട്ടായ്മയെയും വാഞ്ഛിക്കുന്ന എല്ലാ വിശ്വാസികൾക്കും സന്തോഷപ്രദമായിരിക്കുമെന്ന് വിശ്വസിക്കുന്നു.'' കെ.ഇ. ഏബ്രഹാം (എഡിറ്റോറിയൽ, സുവിശേഷപ്രഭാഷകൻ, വാല്യം 2, ലക്കം 12, ജൂലൈ 1929, പേജ് 269, 270).

എ.ജി. കൗൺസിൽ വിടുന്ന കാര്യത്തെപ്പറ്റി കുക്ക് സായ്പും സുവിശേഷപ്രഭാഷകനിൽ പ്രസ്താവനയിറക്കിയിട്ടുണ്ട്.

"മലങ്കര ക്രൈസ്തവജനങ്ങളുമായി ഞാൻ ഇടപെടുകയും പരിചയിക്കുകയും ചെയ്ത് അല്പകാലം കഴിഞ്ഞപ്പോഴേക്കും അവർക്ക് വിദേശ മിഷനുമായുള്ള യാതൊരു ബന്ധവും കൂടാതെ സ്വന്തകാലുകളിൽമേലും സ്വാതന്ത്ര്യമായും നിന്നുകൊണ്ട് പുരോഗമിക്കാനുള്ള ശേഷിയും പക്വതയും ആത്മീയ പരിജ്ഞാനവും

സ്വതസിദ്ധമായിത്തന്നെ ഉണ്ടെന്ന് ഞാൻ മനസ്സിലാക്കി...തിരുവിതാംകൂറിലെ സഭകൾ ഒരു കാലത്ത് സ്വതന്ത്രഭരണത്തിൽ വന്നെത്തേണ്ടതാണെന്നുള്ള ബോധത്താൽ സഭകൾക്കുവേണ്ടി ഞാൻ വാങ്ങിയിട്ടുള്ള എല്ലാ വസ്തുക്കളും സ്ഥലം സഭകളുടെ മുഴുസ്വാതന്ത്ര്യത്തെയും സ്ഥാപിച്ചു കൊടുത്തുകൊണ്ടാണ് സമ്പാദിച്ചിട്ടുള്ളത്. ഈ സംഗതിക്കു വിഘാതമായി കൗൺസിലിൽനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്ന ഓരോ സംഗതികളും എന്നെ ഉപദ്രവിച്ചുകൊണ്ടിരുന്ന മുള്ളുകളായിരുന്നു. തൻമൂലം കൗൺസിലുമായുള്ള വേർപാടിലേക്ക് എന്റെ മനസ്സ് ബദ്ധപ്പെട്ടുകൊണ്ടിരുന്നതിനാൽ ഈ വിഷയത്തെപ്പറ്റി സന്ദർഭോചിതമായി ചില സംഗതികൾ എന്റെ കൂട്ടുവേലക്കാരിൽ ചിലരോടെല്ലാം ഞാൻ പ്രസ്താവിച്ചിട്ടുണ്ട്. എങ്കിലും തിരുവിതാംകൂറിലെ പെന്തെക്കോസ്ത് വേലയുടെ ബാഹ്യമായ ഐക്യത സാധിച്ചുകൊണ്ടുപോയാൽ കൊള്ളാമെന്നുള്ള അഭിവാഞ്ഛയാൽ കൗൺസിൽ ചെയ്ത ചില തീരുമാനങ്ങൾ ഞാനും സമ്മതിച്ചുകൊടുത്തിരുന്നു. എന്നാൽ അവയിൽ ചിലത് പ്രായോഗികമല്ലെന്ന് അനുഭവത്തിൽ പ്രത്യക്ഷപ്പെടുകയും കൂട്ടുവേലക്കാരിൽ അതുതന്നെ എന്നോടു പറയുകയും ചെയ്തു.... അങ്ങനെ ഞങ്ങളുടെ പൊതു തീരുമാനമനുരിച്ച് കൗൺസിലിനോടുള്ള ബന്ധത്തിൽ ഞങ്ങൾ പൂർണ്ണമായി വേർപെടുകയാണുണ്ടായത്." (സുവിശേഷപ്രഭാഷകൻ, വാല്യം 3, ലക്കം 1, 2 ആഗസ്റ്റ്–സെപ്റ്റംബർ, 1929, പേജ് 5).

എ.ജി. കൗൺസിൽ ബന്ധം ഉപേക്ഷിക്കുക എന്നത് കുക്ക് സായ്പിന്റെ ആശയമാണെന്ന് വിശ്വസിക്കുവാൻ പ്രയാസമുണ്ട്. ഈ ബന്ധവിഛേദനത്തിനു നിർബന്ധം പിടിച്ചത് സ്വദേശീയരായ കെ.ഇ ഏബ്രഹാം മുതലായ നേതാക്കളാണെന്നതിനാണ് അനേകം തെളിവുകൾ.

എ.ജി.വിടാനുള്ള സായ്പിന്റെ തീരുമാനത്തെ ത്വരിതപ്പെടുത്തിയ മറ്റൊരു സംഭവവികാസവും അക്കാലത്തുണ്ടായി. പൂവത്തൂരിലും മുളക്കുഴയിലും പടർന്നു പിടിച്ചിരുന്ന ആത്മീയ ഉണർവ്വായിരുന്നു അത്.

"ഇങ്ങനെയിരിക്കുമ്പോൾ ഞങ്ങളുടെ ബൈബിൾ സ്കൂളിൽ ഉണർവ്വ് ആരംഭിച്ചു. കർത്താവ് ഞങ്ങളെ ഉദ്യമിപ്പിച്ചുകൊണ്ടിരുന്ന ഈ കാര്യം (കൗൺസിൽ ബന്ധം വിടുന്ന കാര്യം) നടപ്പിൽ വരുത്തേണ്ട സമയം ഇതാണെന്നും ആദിയിലെപ്പോലെതന്നെ മുഴുആവശ്യങ്ങൾക്കായും ദൈവത്തിൽ മാത്രം ആശ്രയിച്ചുള്ള ഒരു നില ഉടനെ സ്വീകരിക്കേണ്ടതാണെന്നും കർത്താവെന്നെ കാണിച്ചു." (പ്രഭാഷകൻ, 1929 ആഗസ്റ്റ്– സെപ്റ്റംബർ).

മാനുഷികമായി കുക്ക് സായ്പിന് ഇങ്ങനെയൊരു തീരുമാനമെടുക്കാൻ ബുദ്ധിമുട്ടുണ്ടാകേണ്ടതാണ്, ദീർഘവർഷങ്ങൾ തന്നെ പിന്തുണച്ച ഒരു സംഘടിത സംഘത്തോട് ഒരു നിമിഷംകൊണ്ട് വിട പറയുന്നതു തീർച്ചയായും പ്രയാസകരം തന്നെ. എന്നാൽ ഉണർവ്വിന്റെ ഊഷ്മളതയിൽ ഈയൊരു വെല്ലുവിളിയെ നേരിടുവാൻ അദ്ദേഹം തയ്യാറായി. സഭയുടെ സംജ്ഞയും ഇതോടൊപ്പം മാറി. 'ദി അസംബ്ലീസ് ഓഫ് ഗോഡ് ഇൻ മലബാർ' എന്ന പേര് ഉപേക്ഷിച്ച് 'മലങ്കര പെന്തെക്കോസ്ത് ദൈവസഭ' എന്ന നാമം അവർ നിലനിർത്തി.

**പാസ്റ്റർ പോൾ കേരളത്തിലെത്തുന്നു.**

ഇരുപതുകളുടെ ഒടുവിലും മുപ്പതുകളുടെ ആരംഭത്തിലും കേരള പെന്തെക്കോസ്ത് ചരിത്രത്തിലെ ഒരു നിർണ്ണായക വ്യക്തിയായിരുന്നു പാസ്റ്റർ പോൾ. തൃശ്ശൂർ ഏങ്ങണ്ടിയൂർ സ്വദേശിയായ

# കുക്ക് സായ്പിന്റെ എ.ജി. ബന്ധം എത്ര വർഷം

*ഇന്ന് നാം കുക്ക് സായ്പിനെ അറിയുന്നത് 'ചർച്ച് ഓഫ് ഗോഡ്' കാരനായാണ്. എന്നാൽ 1913-ൽ കുക്ക് സായ്പ് ഇന്ത്യയിൽ എത്തുന്നത് ഏതെങ്കിലും പെന്തെക്കോസ്ത് സമൂഹങ്ങളുടെ ബന്ധത്തിലോ, ആരുടെയെങ്കിലും പ്രതിനിധിയായോ അല്ലായിരുന്നു. 1936 ലാണ് അദ്ദേഹവും തന്റെ കീഴിലുണ്ടായിരുന്ന 'മലങ്കരപൂർണ്ണ സുവിശേഷ സഭ'യും അമേരിക്കയിലെ ക്ലീവ് ലാൻഡ് ടെന്നസി ആസ്ഥാനമാക്കിയുള്ള ചർച്ച് ഓഫ് ഗോഡിൽ ലയിക്കുന്നത്.*

*ഒരു സംഘടിത സഭാപ്രസ്ഥാനവുമായി കുക്ക് സായ്പ് ആദ്യം യോജിക്കുന്നത് ചർച്ച് ഓഫ് ഗോഡുമായിട്ടല്ല. ചില വർഷങ്ങൾ അദ്ദേഹം 'അസംബ്ലീസ് ഓഫ് ഗോഡുമായി ബന്ധപ്പെട്ടു നിന്നു. അത് എത്ര വർഷങ്ങൾ എന്നതിനെപ്പറ്റി ഇപ്പോഴും തർക്കങ്ങൾ നിലനിൽക്കുന്നുണ്ട്.*

*കുക്ക് സായ്പിന് അസംബ്ലീസ് ഓഫ് ഗോഡുമായി ബന്ധമേ ഉണ്ടായിരുന്നില്ല എന്നു ചിന്തിക്കുന്നവരുണ്ട്. എന്നാൽ ദൈവസഭയുമായി ബന്ധപ്പെട്ട മിക്കവരും കുക്ക് സായ്പിന് എ. ജി.ബന്ധമുണ്ടായിരുന്നുവെന്നു സമ്മതിക്കുന്നവരാണ്. 'ദൈവസഭ' പിന്നിട്ട അമ്പത് വർഷങ്ങൾ' (പാസ്റ്റർ ടി.എം. വർഗീസ്, ബ്രദർ ഈ.വി.ജോർജ്ജ് എന്നിവർ ചേർന്നു രചിച്ചത്) എന്ന പുസ്തകത്തിൽ രണ്ടിടത്ത് ഈ എ.ജി. ബന്ധത്തെക്കുറിച്ച് സൂചനയുണ്ട്.*

*"പാസ്റ്റർ കുക്ക് അമേരിക്കയിൽ ആയിരുന്നപ്പോൾ അസംബ്ലീസ് ഓഫ് ഗോഡിനോട് ചേരുകയും അവരുടെ മിഷനറിയായി 1926-ൽ മടങ്ങി വരികയും ചെയ്തു. ഫർലോ കഴിഞ്ഞ് വന്ന ശേഷം കൊട്ടാരക്കരയിൽ നിന്നും കല്ലിശ്ശേരിയിലേക്കു താമസം മാറ്റി. ഇന്ത്യയിൽ താൻ തിരിച്ചെത്തി കുറെനാൾ കഴിഞ്ഞപ്പോൾ അസംബ്ലീസ് ഓഫ് ഗോഡുമായുള്ള ബന്ധം വിടുകയും വീണ്ടും സ്വതന്ത്രമായി പ്രവർത്തനം തുടരുകയും ചെയ്തു.*

*ഈ അവസരത്തിൽ (1926) ബ്രദർ കെ.ഇ. ഏബ്രഹാം മിസിസ് ചാപ്മാനുമായുള്ള കൂട്ടായ്മ വിട്ട് പാസ്റ്റർ കുക്കുമായി യോജിച്ചു. അതോടെ വേല കുറെക്കൂടെ ശക്തിപ്പെട്ടു." (50 വർഷങ്ങൾ, പേജ് 26, 27).*

*ഈ ഭാഗം വായിച്ചാൽ കുക്ക് സായ്പിന്റെ എ.ജി.ബന്ധം 1926-ൽ ആരംഭിച്ച് ചില മാസങ്ങൾ മാത്രമേ നീണ്ടുനിന്നുള്ളൂ എന്ന ധാരണയാണ്, സാധാരണക്കാരനുണ്ടാവുക. എന്നാൽ ഇതേപുസ്തകത്തിൽ തന്നെ കുക്ക് സായ്പിന്റെ എ.ജി.ബന്ധം കൂടുതൽ കാലം നിന്നിരുന്നുവെന്ന ധാരണ നൽകുന്ന ഒരു ഭാഗമുണ്ട്.*

*"....1927-ൽ മുളക്കുഴ സീയോൻകുന്നിൽ പാസ്റ്റർ കുക്ക് എ.ജി.മിഷനുമായുള്ള ബന്ധത്തിൽ പ്രവേശിച്ചു.*

*ബൈബിൾ സ്ക്കൂളിൽ ആരംഭിച്ച ഒരു വലിയ ഉണർവ്വിന്റെ ഫലമായി പാസ്റ്റർ കുക്ക് 'അസംബ്ലീസ് ഓഫ് ഗോഡുമായുള്ള ബന്ധം ഉപേക്ഷിക്കുകയും സ്വതന്ത്രമായി ഒരു വേല ആരംഭിക്കുകയും ചെയ്തു." (50 വർഷങ്ങൾ, പേജ് 11). ഈ ഭാഗത്തിന്റെ പ്രശ്നം, കുക്ക് സായ്പിന്റെ എ.ജി.ബന്ധം ആരംഭിക്കുന്നത് 1927 ലാണെന്നൊരു തോന്നൽ സാധാരണ വായനക്കാരനു ലഭിക്കാനിടയുണ്ടെന്നതാണ്. എന്നാൽ*

1926–ൽ കുക്ക് എ.ജി. മിഷനറിയായാണ് വന്നത് എന്ന് ഇതേപുസ്തകം പ്രസ്താവിക്കുന്നതിനാൽ ഈ ധാരണ നമുക്കു മറക്കാം.

ബൈബിൾ സ്ക്കൂളിൽ ഉണർവ്വ് നടക്കുന്നത് 1929 മദ്ധ്യത്തോടെയാണ്. അങ്ങനെ വരുമ്പോൾ കുക്ക് സായ്പ് എ.ജി. ബന്ധം വിച്ഛേദിക്കുന്നത് 1929–ൽ ആണെന്നു സ്പഷ്ടം. (1929 ജൂലൈ മാസത്തെ സുവിശേഷ പ്രഭാഷകനിൽ മലങ്കര പെന്തെക്കോസ്ത് എ.ജി. ബന്ധം ഉപേക്ഷിക്കുന്നതിന്റെ വിവരണം പത്രാധിപലേഖനമായി കൊടുത്തിട്ടുമുണ്ട്.)

കുക്ക് സായ്പിന്റെ എ.ജി. ബന്ധം അവസാനിക്കുന്നത് 1929–ൽ ആണെങ്കിൽ ആ ബന്ധം ആരംഭിക്കുന്നത് എന്നാണ്? 1925–ൽ അദ്ദേഹം അമേരിക്കയിൽ ആയിരുന്നപ്പോഴാണോ?

അദ്ദേഹം അമേരിക്കയിൽ ആയിരുന്നപ്പോഴാണ് അസംബ്ലീസ് ഓഫ് ഗോഡിൽ ചേർന്നതെന്ന് അമ്പത് വർഷത്തിന്റെ രചയിതാക്കൾ പറയുന്നു. (പേജ് 26). അമേരിക്കയിൽ ആയിരുന്നപ്പോൾ കുക്ക് സായ്പ് അസംബ്ലീസ് ഓഫ് ഗോഡിന്റെ അംഗത്വം എടുത്തോ എന്നു നമുക്കറിയില്ല.

എന്നാൽ അസംബ്ലീസ് ഓഫ് ഗോഡിന്റെ ജനറൽ കൗൺസിലുമായി അദ്ദേഹം ബന്ധപ്പെടുന്നത് 1926നു വളരെ മുമ്പാണ്. കൃത്യമായി പറഞ്ഞാൽ 1919–ൽ, ഇതിനെപറ്റി 1929 ആഗസ്റ്റ്–സെപ്റ്റംബർ മാസത്തെ സുവിശേഷ പ്രഭാഷകനിൽ കുക്ക് സായ്പു തന്നെ പറയുന്നു:

"...ഞാൻ ദൈവവിളിയനുസരിച്ച് മിഷനറിയായി ഇന്ത്യയിലേക്ക് ആദ്യമായി വന്നത് 1913–ൽ ആയിരുന്നു. ആ കാലത്ത് കൗൺസിലുകൾ ഒന്നും തന്നെ രൂപീകരിക്കപ്പെട്ടിരുന്നില്ല. യാതൊരു മനുഷ്യനും എന്നെ അയച്ചുമില്ല. ....മിഷനറിയായി ഞാൻ വിളിക്കപ്പെട്ടപ്പോൾ "ഞാൻ നിന്നോടുകൂടെ ഇരിക്കും" എന്ന വാഗ്ദത്തം ചെയ്തവനെ എനിക്കു സകലത്തിനും മതിയായവനായി കണ്ടുകൊണ്ടു മാത്രമാണ് ഞാൻ പുറപ്പെട്ടത്.

ഞാൻ ഇന്ത്യയിൽ വന്ന് അധികനാളുകൾ കഴിയുന്നതിനു മുമ്പേ തന്നെ അമേരിക്കയിൽ കൗൺലിൽ രൂപീകരണമുണ്ടായി. (1914 ലാണ് എ.ജി. ജനറൽ കൗൺസിൽ രൂപീകരണമുണ്ടായത്.) ആരംഭത്തിൽ ഞാനതിനോട് യോജിക്കാതെയാണ് നിന്നത്. എന്നാൽ ആ സന്ദർഭത്തിൽ മഹായുദ്ധാനന്തരം വിദേശീയരെ സംബന്ധിച്ചുള്ള ബ്രിട്ടീഷ് ഗവൺമെന്റ് നയമനുസരിച്ച് ഉത്തരവാദിത്തം ചെയ്‌വാൻ ഒരു നേതൃത്വസംഘം നൂതന മിഷനറിയായ എനിക്കുണ്ടായിരിക്കുന്നത് യുക്തമെന്നുതോന്നുകയാൽ ഞാൻ ഇന്ത്യയിൽ വന്ന് ആറ് വർഷം കഴിഞ്ഞപ്പോൾ കൗൺസിൽ ബന്ധത്തിൽ ഉൾപ്പെടുന്നതിനിടയായി. അതിൽ പിന്നെ ഇപ്പോൾ പത്ത് വർഷമായിരിക്കുന്നു." (സുവിശേഷ പ്രഭാഷകൻ, വാല്യം 3, ലക്കം 1, 2, ആഗസ്റ്റ്, സെപ്റ്റംബർ 1929, പേജ് 4).

കുക്ക് സായ്പ് ഇന്ത്യയിൽ എത്തിയത് 1913–ൽ. ആറു വർഷം കഴിഞ്ഞാണ് കൗൺസിൽ ബന്ധത്തിൽ ഉൾപ്പെട്ടതെന്ന് അദ്ദേഹം പറയുന്നു. അപ്പോഴത് 1919–ൽ. 1929–ൽ അദ്ദേഹം കൗൺസിൽ വിട്ടു. അതായത് 1919 മുതൽ 29 വരെയുള്ള പത്തു വർഷം കുക്ക് സായ്പ് അസംബ്ലീസ് ഓഫ് ഗോഡിന്റെ ജനറൽ കൗൺസിലിനോടുള്ള ബന്ധത്തിലാണ് ഇന്ത്യയിൽ പ്രവർത്തിച്ചത്.

എന്നാൽ ഈ സമയത്തെല്ലാം കുക്ക് സായ്പിനു എ.ജി. കൗൺസിലുമായുള്ള ഒരു സഹകരണബന്ധം മാത്രമാണുണ്ടായിരുന്നതെന്നും അദ്ദേഹം എ.ജി.യുടെ നേരിട്ടുള്ള ഒരു മിഷനറി അല്ലായിരുന്നുവെന്നുമാണ് സുവിശേഷപ്രഭാഷകനിലെ തന്റെ പ്രസ്താവനയിൽ നിന്നും നമുക്ക് അറിയാൻ കഴിയുന്നത്.

153-ാം പേജിൽ നിന്നും...

രാമൻകുട്ടി എന്ന പോൾ സിലോണിൽ വച്ചാണ് പരിശുദ്ധാത്മസ്നാനം പ്രാപിക്കുന്നത്. വളരെ പെട്ടെന്നദ്ദേഹം അറിയപ്പെടുന്ന പെന്തെക്കോസ്ത് പ്രവർത്തകനായി ത്തീർന്നു. സിംഹളരായ അനേകർ പോളിന്റെ ശുശ്രൂഷയിൽ ആത്മസ്നാനം പ്രാപിച്ചതു കൂടാതെ കേരളത്തിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി സിലോണിൽ എത്തിയ പല മലയാളികളും പാസ്റ്റർ പോളുമായി ബന്ധപ്പെടുകയും ആത്മസ്നാനം പ്രാപിക്കുകയും ചെയ്തു. കൊച്ചു കുഞ്ഞ് (ചാത്തന്നൂർ), ജേക്കബ് (മുഖത്തല), സാംസൺ (മയ്യനാട്), ജി. തോമസ് (ചെങ്കുളം), അലക്സാണ്ടർ, ഫിലിപ്പ്, ടൈറ്റസ് (തൃശ്ശൂർ) തുടങ്ങിയവർ, ഇരുപതുകളുടെ ഒടുവിൽ സിലോണിൽ വച്ച് ആത്മസ്നാനം പ്രാപിച്ചവരാണ്. (ഇവരെല്ലാം പിന്നീട് പെന്തെക്കോസ്ത് മിഷൻ സുവിശേഷകരായിത്തീർന്നു.) പെരിയപ്പൻ എന്നറിയപ്പെടുന്ന പി.എം. മാത്യു (കായംകുളം...പുതുപ്പള്ളി) നോഹ (കുന്നംകുളം) തുടങ്ങിയവരും അന്ന് പാസ്റ്റർ പോളിന്റെ ശുശ്രൂഷയിൽ ആത്മസ്നാനം പ്രാപിച്ചു.

മലയാളികളായ പലരും ആത്മസ്നാനം പ്രാപിച്ചതോടെ തന്റെ പ്രവർത്തനങ്ങൾ സിലോണിൽ ഒതുക്കി നിർത്താതെ കേരളത്തിലേക്കുകൂടി വ്യാപിപ്പിക്കണമെന്ന് പാസ്റ്റർ പോൾ തീരുമാനിച്ചു. അങ്ങനെ കൊളംബോയിലുള്ള മലയാളി വിശ്വാസികളിൽ സുവിശേഷവേലയ്ക്ക് വിളിയുള്ള പലരെയും അദ്ദേഹം കേരളത്തിലേക്ക് പെന്തെക്കോസ്ത് സന്ദേശവുമായി അയച്ചു.

കൊട്ടാരക്കര ചെങ്കുളം സ്വദേശി ജി. തോമസ് നാട്ടിലെത്തി തന്റെ വീട്ടിൽ അറുപതു ദിവസത്തെ കാത്തിരിപ്പുയോഗം നടത്തി. കൊട്ടാരക്കര, കൊല്ലം ഭാഗങ്ങളിൽ നിന്നും അനേകർ ആ യോഗങ്ങളിൽ പങ്കെടുത്തു. അത്ഭുതരോഗശാന്തി, പരി

### *പാസ്റ്റർ വി.പി. തോമസ്*
*(വേലപ്പറമ്പിൽ തോമ്മാച്ചൻ)*

*പ്രസിദ്ധമായ പൂവത്തൂർ ഉണർവ്വാരംഭിക്കുന്നത് 1929-ൽ വേലപ്പറമ്പിൽ കുഞ്ഞോമ്മാച്ചന്റെ ഭവനത്തിൽ വച്ചാണ്. അന്ന് പൂവത്തൂർ വിയോജിത സംഘത്തിന്റെ സഭാരാധന നടന്നിരുന്നത് ആ ഭവനത്തിൽ വച്ചായിരുന്നു. അങ്ങനെയിരിക്കെയാണ് തമിഴ്നാട്ടുകാരനായ എ. ആർ. തങ്കയ്യാ അതിശയം പെന്തെക്കോസ്തുണർവ് വാഹകനായി വേലപ്പറമ്പിൽ വീട്ടിലെത്തുന്നത്. മറ്റ് പലരോടുമൊപ്പം അന്നു തോമ്മാച്ചനും ഭാര്യ സാറാമ്മയും ആത്മസ്നാനം പ്രാപിച്ചു.*

*1932-ൽ തന്റെ 34-ാമത്തെ വയസ്സിൽ അടുത്ത ബന്ധുവായ പാസ്റ്റർ കെ.സി. ചെറിയാനുമൊത്ത് തോമ്മാച്ചൻ കോഴിക്കോട്ടേക്കു സുവിശേഷപ്രവർത്തകനായി പോയി. രണ്ടുവർഷത്തിനുശേഷം ഭാര്യ സാറാമ്മയുമൊത്ത് കണ്ണൂരിലേക്കും പിന്നെ തൃശ്ശൂരിലേക്കും സുവിശേഷവേലയ്ക്കായി പോയി. ഈ പ്രവർത്തനങ്ങളിലെല്ലാം വിട്ടുപിരിയാത്ത കൂട്ടാളിയായി ഭാര്യ സാറാമ്മയുമുണ്ടായിരുന്നു. 1957-ൽ 59-ാമത്തെ വയസ്സിൽ അദ്ദേഹം വേല തികച്ച് കർത്തൃസന്നിധിയിലേക്ക് യാത്രയായി. തോമസ് സാറാമ്മ ദമ്പതികൾക്കു മക്കളില്ലായിരുന്നു. ഏകയായ സാറാമ്മ അനേകയിടങ്ങളിൽ തുടർന്നു സുവിശേഷത്തിനു സാക്ഷിയായി ജീവിച്ചു. വാർദ്ധക്യദശയിൽ സഹോദരപുത്രനായ പാസ്റ്റർ ടി. സി. ഈശോയോടുകൂടെ താമസിച്ച അവർ 1990-ൽ നിത്യവിശ്രമത്തിൽ ചേർക്കപ്പെട്ടു.*

ശുദ്ധാത്മനിറവ്, ഇവ അനേകർ അനുഭ വമാക്കി. വലിയൊരുണർവ്വ് ഈ പ്രദേശ ങ്ങളിൽ പൊട്ടിപ്പുറപ്പെട്ടു.

ഈ യോഗങ്ങളിൽ അത്ഭുതരോഗ ശാന്തി പ്രാപിച്ച വ്യക്തിയാണ് മുഖത്തല കുന്നത്തുവീട്ടിൽ മത്തായിസാർ. പിന്നീട് അദ്ദേഹവും പെന്തെക്കോസ്ത് മിഷനിലെ ഒരു ശുശ്രൂഷകനായിത്തീർന്നു. പ്രസ്തുത യോഗങ്ങൾക്കുശേഷം പാസ്റ്റർ ജി. തോമസ് തന്റെ സ്വത്തുക്കൾ വിറ്റ് നാഗർകോവിലിലേക്കു പോയി. അവി ടെയും അനുഗ്രഹിക്കപ്പെട്ട ഒരു സഭ ഉട ലെടുത്തു'.

പാസ്റ്റർ കൊച്ചുകുഞ്ഞ് ചാത്തന്നുരി ലും, സാംസൺ മയ്യനാട്ടും എത്തി പെന്തെക്കോസ്ത് പ്രവർത്തനങ്ങൾ തുടങ്ങി. ഈ സമയത്ത് പാസ്റ്റർ പോളിന്റെ പ്രത്യേക നിർദ്ദേശ പ്രകാരം 1928-ൽ കൊല്ലം കൊച്ചാലുംമൂട് ഭാഗത്ത് ഒരു കൺവൻഷൻ സംഘടിപ്പിക്കപ്പെട്ടു. പെന്തെക്കോസ്ത് പ്രവർത്തകരുടെ സാഹോദര്യവും സഹകരണവും പുറം ലോകത്തുള്ളവർക്ക് വെളിപ്പെട്ട ഒരു സംഭ വമായിരുന്നു അത്. പിരിവ് വാങ്ങിക്കാതെ യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും ഭക്ഷണം നൽകിയത് അവിടെ കൂടിവന്ന വർക്ക് വിസ്മയത്തിനു കാരണമായി.

ഈ മീറ്റിംഗുകൾ മുഖാന്തരം സ്നാന പ്പെട്ട ചിലരാണ് പാസ്റ്റർ കൊച്ചുകു ഞ്ഞിന്റെ സഹോദരി തുണ്ടിൽ മറിയാമ്മ, അവരുടെ മകൾ ശോശാമ്മ, (ഇളമ്പൽ അമ്മ), സിസ്റ്റർ ജോബിന്റെ സഹോദരി മാർ ചേച്ചമ്മ, മറിയക്കുട്ടി, വെള്ളമണലിൽ വാവമ്മ, കടപ്പാക്കട അമ്മ എന്നിവർ.

കൊല്ലത്തെ യോഗാനന്തരം പാസ്റ്റർ പോളും മറ്റും മയ്യനാട്ടേക്കു പോയി. അവിടെ നടന്ന യോഗങ്ങളിൽ വലിയ പരിശുദ്ധാത്മപകർച്ചയുണ്ടായി. പാസ്റ്റർ പോൾ കൈവെച്ച് പ്രാർത്ഥിച്ച് അനേകർ ആത്മസ്നാനം പ്രാപിച്ചു. (അതിൽ ഒരാ ളാണ് സിസ്റ്റർ ജോബ്, അവർ പിന്നീട് ജോലി രാജിവെച്ച് സിലോണിൽ സുവി ശേഷകയായിത്തീർന്നു.)

മയ്യനാട്ട് വലിയ ദൈവീകപ്രവർത്തനം നടന്നതിനാൽ നാട്ടുകാരായ അനേകർ പാസ്റ്റർ പോളിനെയും കൂട്ടരെയും ഉപദ്ര വിക്കാൻ മുതിർന്നു. അവർ കൊല്ല ത്തേക്കു മടങ്ങിപ്പോന്നു. മയ്യനാട്ടു വിശ്വാ സികളായിത്തീർന്നവർ സിസ്റ്റർ ജോബിന്റെ അന്നംകരത്ത് വീട്ടിൽ പ്രാർത്ഥനയും മറ്റും ആരംഭിച്ചു. അതാണ് മയ്യനാട്ടെ ആദ്യത്തെ വിശ്വാസവീട്. (ഇന്നും അതു തന്നെയാണ് ടി.പി.എം. ഫെയ്ത്ത് ഹോം).

1928-ൽ പാസ്റ്റർ പോൾ തിരുവനന്ത പുരത്തിനടുത്ത് ആറാമടയിൽ കൊച്ചു കുഞ്ഞ് സന്യാസിയുടെ ക്ഷണമനുസരിച്ച് ചില യോഗങ്ങൾ നടത്തി. തെക്കെ ഇന്ത്യ യുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള സുവിശേഷ പ്രവർത്തകർ ആ യോഗങ്ങ ളിൽ സംബന്ധിച്ചിരുന്നു. ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ ഉപയോഗിക്കപ്പെ ടുന്ന ഒരു മഹൽ വ്യക്തിയാണ് പാസ്റ്റർ പോളെന്ന് അന്നവിടെ കൂടിയവർക്ക് ബോധ്യപ്പെടുന്ന നിലയിലായിരുന്നു അദ്ദേ ഹത്തിന്റെ ശുശ്രൂഷകൾ.

1929-ൽ പാസ്റ്റർ പോളിന്റെ ശുശ്രൂഷ യാൽ പരിശുദ്ധാത്മസ്നാനം പ്രാപിച്ച കായംകുളം പുതുപ്പള്ളി സ്വദേശി പി.എം. മാത്യു സിലോണിൽ നിന്നും പെന്തെക്കോസ്ത് പ്രചരണത്തിനുള്ള വാഞ്ഛയോടെ സ്വദേശത്തെത്തി. തന്റെ ഭവനത്തിൽ ഒരു കൺവൻഷൻ നടത്തു വാൻ ആഗ്രഹിച്ച് അദ്ദേഹം പാസ്റ്റർ പോളിനെ അതിനായി ക്ഷണിച്ചു. എന്നാൽ പ്രസംഗകനായി എത്തിയ പോളിനെ സ്വീകരിക്കാനോ, യോഗങ്ങൾ നടത്താനായി ഭവനം വിട്ടു കൊടുക്കാനോ മാത്യുവിന്റെ വീട്ടുകാർ തയ്യാറായില്ല. ഒടു

### *പാസ്റ്റർ കെ. ഇ തോമസ്*

*കപ്പമാംമൂട്ടിൽ കുഞ്ഞോമ്മാച്ചൻ എന്നു വിളിച്ചുപോന്നിരുന്ന പാസ്റ്റർ കെ. ഇ. തോമസ് 1893-ൽ ജനിച്ചു. 1914-ൽ രക്ഷിക്കപ്പെടുകയും വിശ്വസസ്നാനം സ്വീകരിക്കുകയും ചെയ്തു. 1924-ൽ പരിശുദ്ധാത്മ സ്നാനം പ്രാപിച്ചു. സുവിശേഷ വേലയ്ക്ക് വിളിയുണ്ടായ കുഞ്ഞോമ്മാച്ചൻ തമിഴ്നാട്ടിലെ മധുര, തൃശ്ശിനാപ്പള്ളി മുതലായ സ്ഥലങ്ങളിൽ കുടുംബസമേതം താമസിച്ചു വേല ചെയ്തിട്ടുണ്ട്. ചില വർഷങ്ങൾ സ്വന്ത ദേശമായ റാന്നിയിലെ നെല്ലിക്കമൺ സഭയുടെ ശുശ്രൂഷകനായിരുന്നു. 1945 ജൂലൈ മാസത്തിൽ കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. പാസ്റ്റർ എം.ടി. സാമുവൽ മൂത്തപുത്രനാണ്.*

വിൽ അന്ന് അസംബ്ലീസ് ഓഫ് ഗോഡിനോടു ചേർന്നു പ്രവർത്തിച്ചിരുന്ന പാസ്റ്റർ ഇ.പി. ഡാനിയേൽ (പാസ്റ്റർ പി.ഡി. ജോൺസന്റെ പിതാവ്) തന്റെ പുരയിടത്തിലുണ്ടായിരുന്ന തൊഴുത്ത് പൊളിച്ച് മാറ്റി കൃഷിയും മരങ്ങളും വെട്ടിമാറ്റി യോഗത്തിനു സ്ഥലമൊരുക്കുകയായിരുന്നു. ഈ യോഗങ്ങളുടെ ഫലമായി ഡാനിയേലിന്റെ ഭവനത്തിൽതന്നെയുള്ളവർ കൂട്ടായ്മയിൽ അംഗങ്ങളാവുകയും ചെയ്തു.

ഇതേത്തുടർന്ന് പാസ്റ്റർ പോൾ അഷ്ടമുടിയിലും കൊല്ലത്തും യോഗങ്ങൾ നടത്തുകയുണ്ടായി. 1929-ൽ കൊല്ലത്ത് ആശ്രാമം ഭാഗത്ത് ബ്രദർ സാംസണും പാസ്റ്റർ കൊച്ചുകുഞ്ഞും കുടുംബവും കൊച്ചുകുഞ്ഞിന്റെ ബന്ധുവായ റാഹേലമ്മ എന്ന സഹോദരിയും സുവിശേഷകരായി താമസിച്ചു തുടങ്ങി.

ഒരിക്കൽ പാസ്റ്റർ കൊച്ചുകുഞ്ഞ്, പാസ്റ്റർ അലക്സാണ്ടർ എന്നിവർ മുളക്കുഴയിൽ എത്തി കുക്ക് സായ്പിനെ സന്ദർശിച്ചു. ആ സമയത്ത് അവിടെ ബൈബിൾ ക്ലാസ് നടക്കുകയായിരുന്നു. അവരും ബൈബിൾ ക്ലാസ്സിൽ സംബന്ധിച്ചു. അതിനുശേഷം എല്ലാവരും ഉച്ചഭക്ഷണം കഴിച്ചു. ഭക്ഷണാനന്തരം പാസ്റ്റർ അലക്സാണ്ടറും കൊച്ചുകുഞ്ഞും സാധാരണമട്ടിൽ അവരുടെയും, കൂടെയിരുന്നു ഭക്ഷിച്ച മറ്റുള്ളവരുടെയും പാത്രങ്ങൾ എടുത്തു കൊണ്ടുപോയി കഴുകി വെടിപ്പാക്കി. ഇത് കുക്ക് സായ്പിന്റെ ശ്രദ്ധയിൽ പെട്ടു. ഇത്ര എളിയ ശുശ്രൂഷയിൽ പോലും അതീവ താൽപര്യം പ്രദർശിപ്പിച്ച പാസ്റ്ററുടെ പ്രവൃത്തി അദ്ദേഹത്തിൽ ആശ്ചര്യം ഉളവാക്കി. 'തന്നെത്താൻ താഴ്മ ധരിച്ചു ചെയ്യുന്ന ശുശ്രൂഷയാണ് യഥാർത്ഥ സുവിശേഷവേലയുടെ ലക്ഷണ' മെന്ന് പറഞ്ഞു കുക്ക് സായ്പ് അവരെ അഭിനന്ദിച്ചു. തന്നെയുമല്ല, ഈ വിശിഷ്ടഗുണങ്ങൾ അവരിൽ ഉളവാക്കുന്നതിനു കാരണക്കാരനായ പാസ്റ്റർ പോളിനെ നേരിൽ കണ്ട് പരിചയപ്പെടണമെന്ന് അദ്ദേഹം ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തു.

മുകളിൽ പറഞ്ഞ സംഭവത്തിനു ശേഷം പാസ്റ്റർ കുക്ക് നടത്തിയ പല യോഗങ്ങളിലും പാസ്റ്റർ പോൾ പ്രധാന ശുശ്രൂഷകനായിരുന്നു. കുക്കിനോടൊപ്പം പ്രവർത്തിച്ചിരുന്ന സ്വദേശീയരായ പെന്തെക്കൊസ്ത് പ്രവർത്തകർക്കും പാസ്റ്റർ പോൾ ഏറെ പ്രിയങ്കരനായി തീർന്നു.

തെക്കൻ തിരുവിതാംകൂർ പ്രദേശങ്ങളിലും ഇതേസമയം പാസ്റ്റർ പോളിന്റെ യോഗങ്ങൾ നിരന്തരം നടന്നുകൊണ്ടിരുന്നു. തിരുവനന്തപുരം, അരുവിക്കര, അന്തിയൂർകോണം, എരുത്താവൂർ, പുന്നമൂട്, വെങ്കടമ്പ്, ആനാവൂർ മുതലായ സ്ഥലങ്ങളിലും കന്യാകുമാരി ജില്ലയിലെ പല സ്ഥലങ്ങളിലും പെന്തെക്കോസ്ത്

പ്രവർത്തനത്തിന്റെ ശക്തിയായ മുന്നേറ്റം ഇക്കാലത്തുണ്ടായി.

### 'അപ്പൊസ്തലിക വിശ്വാസ' ജീവിതവുമായി പാസ്റ്റർ പോൾ

കുക്ക് സായ്പുമായുള്ള സഹകരണത്താൽ മദ്ധ്യതിരുവിതാംകൂറിലെ പല സ്ഥലങ്ങളിലും വലിയ ഉണർവ്വുയോഗങ്ങൾ നടത്താൻ പാസ്റ്റർ പോളിനു കഴിഞ്ഞു. സിലോണിൽ വച്ച് ആത്മസ്നാനം പ്രാപിച്ച പി.എം. സാമുവലും പാസ്റ്റർ പോളിനെ വിളിച്ച് പല സ്ഥലങ്ങളിലും യോഗങ്ങൾ നടത്തി.

1923-ൽ കുക്ക് സായ്പ് തന്റെ കീഴിലുള്ള സഭകളുടെ ആദ്യ ജനറൽ കൺവൻഷൻ സംഘടിപ്പിച്ചപ്പോൾ മുതൽ അത് ആറാട്ടുപുഴ മണൽപ്പുറത്തുവച്ചായിരുന്നു നടന്നത്. എന്നാൽ 1929-ൽ പൂവത്തൂരിൽ നടന്ന ശക്തമായ ഉണർവ്വ് മുഖാന്തരം ആ വർഷത്തെ കൺവൻഷൻ മുട്ടുമണ്ണിൽ വച്ച് നടത്തണമെന്ന് പൂവത്തൂർ സഭ കുക്കിനോട് ആവശ്യപ്പെട്ടു. ആറാട്ടുപുഴ മണൽപ്പുറത്ത് കൺവൻഷൻ നടക്കുമ്പോൾ പലപ്പോഴും സുവിശേഷ വിരുദ്ധപ്രവർത്തകരുടെ എതിർപ്പുകൾ ഉണ്ടായിട്ടുള്ളതിനാലും അത് പലപ്പോഴും കൺവൻഷന്റെ സുഗമമായ നടത്തിപ്പിനെ ബാധിച്ചിട്ടുള്ളതിനാലും മുട്ടുമണ്ണിലേക്ക് ജനറൽ കൺവൻഷൻ മാറ്റുന്നതിൽ കുക്ക് സായ്പിനും സന്തോഷമേ ഉണ്ടായിരുന്നുള്ളൂ. എന്നുതന്നെയല്ല. കൺവൻഷന്റെ സാമ്പത്തിക ബാദ്ധ്യതയിൽ നല്ലൊരു ശതമാനം ഏറ്റെടുക്കുന്നതിനും, പൂവത്തൂർ, കുമ്പനാട് സഭകൾ തയ്യാറായിരുന്നു. എ.ജി.ബന്ധം വിച്ഛേദിച്ച് സ്വതന്ത്രനായിത്തീർന്ന കുക്ക് സായ്പിന് പൂവത്തൂർ സഭയുടെ അപേക്ഷ (സാമ്പത്തിക കാര്യത്തിലും) ഒരു ആശ്വാസമായിരുന്നു.

1930 ജനുവരി 13 മുതൽ 19 വരെ മുട്ടുമൺ ജംഗ്ഷനു സമീപമുള്ള തെങ്ങിൻ തോപ്പിൽ വച്ച് മലങ്കര പെന്തെക്കോസ്ത് സുവിശേഷസഭയുടെ ജനറൽ കൺവൻഷൻ നടന്നു. പൂനെയിൽ നിന്നും വന്ന പാസ്റ്റർ ഡേർ എന്ന അമേരിക്കൻ മിഷനറിയും പെന്തെക്കോസ്ത് സഭയുടെ മറ്റു പല നേതാക്കളും പ്രസംഗകരായിരുന്നെങ്കിലും സിലോണിലെ പെന്തെക്കോസ്ത് പ്രവർത്തകരായിരുന്ന പാസ്റ്റർ പോൾ, പാസ്റ്റർ ആൽവിൻ ഡി. ആൽവിസ് എന്നിവരായിരുന്നു ഈ യോഗങ്ങളിലെ മുഖ്യപ്രഭാഷകർ.

'അപ്പൊസ്തലിക കാലത്തെപ്പോലെയുള്ള വിശ്വാസജീവിതം' എന്നതായിരുന്നു പാസ്റ്റർ പോളിന്റെ പ്രസംഗവിഷയം. വിശ്വാസജീവിതത്തിൽ ഭൗമികമായ യാതൊരു അവലംബങ്ങളും ഒരു സുവിശേഷകനുണ്ടായിക്കൂടെന്ന് പാസ്റ്റർ പോൾ പഠിപ്പിച്ചു. സ്വന്തം ജീവിതത്തിലെ അനുഭവങ്ങൾ വച്ച് വിശ്വാസജീവിതത്തിന്റെ പാഠങ്ങൾ അദ്ദേഹം ജനങ്ങൾക്ക് വിശദീകരിച്ചു.

കെ.ഇ. ഏബ്രഹാം ഉൾപ്പെടെയുള്ള മലങ്കര പെന്തെക്കോസ്ത് പ്രവർത്തകർ

***പാസ്റ്റർ വി.സി. മത്തായി***
***(പിറവം - കീഴൂർ)***

*പിറവത്തെ ദൈവസഭാ പ്രവർത്തനങ്ങളുടെ പ്രാരംഭകനായ പാസ്റ്റർ വി. സി. മത്തായി 1928 ലാണ് പെന്തെക്കോസ്ത് വിശ്വാസത്തിലേക്ക് ആകർഷിക്കപ്പെടുന്നത് അന്നു മുതൽ കുക്ക് സായ്പുമായുള്ള സഹകരണത്തിൽ പ്രവർത്തിച്ചു. 1935-ൽ ഹൈറേഞ്ചിലേക്കു തന്റെ പ്രവർത്തനം വ്യാപിച്ചു. ഏറെ നാളുകൾക്കുശേഷം നാട്ടിൽ മടങ്ങിയെത്തിയെങ്കിലും പിന്നീട് ചർച്ച് ഓഫ് ഗോഡ് വിട്ട് 'യേശുനാമ'ത്തിൽ ചേർന്നു പ്രവർത്തിക്കുകയായിരുന്നു. 1953-ൽ നിര്യാതനായി.*

***പാസ്റ്റർ എ.എം. ദാനിയേൽ***



*കീഴുക്കര കൊച്ചുപാപ്പി എന്നു മറുപേരുള്ള പാസ്റ്റർ എ. എം. ദാനിയേൽ 1929-ൽ തന്റെ 19-ാമത്തെ വയസ്സിൽ രക്ഷിക്കപ്പെടുകയും പിറ്റേവർഷം സ്നാനപ്പെട്ട് പരിശുദ്ധാത്മാഭിഷേകം പ്രാപിക്കുകയും ചെയ്തു. ആദ്യകാലത്ത് ഓമല്ലൂർ, പത്തനംതിട്ട, കൊന്നപ്പാറ തുടങ്ങിയ സ്ഥലങ്ങളിൽ സുവിശേഷമറിയിച്ചു. 1932 മുതൽ പാസ്റ്റർ കെ.ഇ. ഏബ്രഹാമിനോടൊപ്പം സഞ്ചരിച്ച് പ്രസംഗം പകർത്തി പറയുന്ന ശുശ്രൂഷ ചെയ്തുപോന്നു. ഹെബ്രോൻ പ്രസ് മാനേജർ, സീയോൻ കാഹളം മാസികയുടെ മാനേജർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഐ. പി.സി. കുമ്പനാട്, വെണ്ണിക്കുളം, തടിയൂർ, സഭകളുടെ ശുശ്രൂഷകനായിരുന്നു. 1975 ഫെബ്രുവരിയിൽ കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.*

പാസ്റ്റർ പോളിന്റെ 'അപ്പൊസ്തലിക കാലത്തെപ്പോലെയുള്ള വിശ്വാസ ജീവിതം' എന്ന ഉപദേശത്തിൽ ഏറെ ആകൃഷ്ടരായി. സുവിശേഷപ്രവർത്തനത്തിനു കുക്ക് സായ്പിൽ നിന്നും ലഭിച്ചിരുന്ന ചെറിയ ശമ്പളംപോലും 'ഭൗമിക അവലംബ'മാണെന്നും അത് സ്വീകരിക്കുന്നത് അപ്പൊസ്തലിക കാലത്തെ വിശ്വാസജീവിതത്തിനു വിരുദ്ധമാണെന്നും അവരിൽ പലരും ചിന്തിച്ചു.

**സംയോജിത സഭ വഴിപിരിയുന്നു**

സുവിശേഷ പ്രവർത്തകരുടെമേലും സ്ഥലം സഭകളുടെമേലും എ.ജി. യുടെ ദക്ഷിണേന്ത്യാ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നുവെന്നും അത് സ്ഥലം സഭകളുടെ സ്വാതന്ത്ര്യത്തെ ഹനിക്കാനിടയുണ്ടെന്നുമുള്ള ധാരണയുടെ അടിസ്ഥാനത്തിലാണ് എ.ജി. ബന്ധം ഉപേക്ഷിക്കാൻ മലങ്കര പെന്തെക്കോസ്ത് സഭയുടെ പ്രസിഡണ്ടായിരുന്ന കുക്ക് സായ്പിനോടു കെ. ഇ. ഏബ്രഹാമും മറ്റും ആവശ്യപ്പെട്ടത്. അങ്ങനെ എ.ജി. ബന്ധം വിച്ഛേദിച്ചതിനുശേഷവും സ്ഥലം സഭകളുടെ സ്വാതന്ത്ര്യവും മലങ്കര പെന്തെക്കോസ്ത് സഭയുടെ കീഴിൽ സംരക്ഷിക്കപ്പെടുന്നില്ല എന്ന തോന്നൽ കെ.ഇ. ഏബ്രഹാമിനും കൂട്ടർക്കും ഉണ്ടായി.

അങ്ങനെയിരിക്കെയാണ് 'അപ്പൊസ്തലിക കാലത്തെ വിശ്വാസജീവിതം' എന്ന വിപ്ലവകരമായ ആശയം പാസ്റ്റർ പോളിൽ നിന്നും അവർ പഠിക്കുന്നത്, 'സ്ഥലം സഭകളുടെ സ്വാതന്ത്ര്യം', 'അപ്പൊസ്തലിക വിശ്വാസജീവിതം'...ഈ രണ്ടു കാര്യങ്ങൾ സുഗമമായി നിർവ്വഹിക്കപ്പെടുവാൻ മലങ്കര പെന്തെക്കോസ്ത് സഭയുടെ ചട്ടക്കൂടിനുള്ളിൽ സാധ്യത കുറവാണെന്ന് അവർ ധരിച്ചു. അങ്ങനെ 1930 ജനുവരി അവസാനത്തോടെ കെ.ഇ. ഏബ്രഹാമും അദ്ദേഹത്തിന്റെ സഹപ്രവർത്തകരും (നേരത്തെ തെന്നിന്ത്യാ പെന്തെക്കോസ്ത് ദൈവസഭയായി നിന്നവർ) മലങ്കര പെന്തക്കോസ്ത് ദൈവസഭയോടു വേർപിരിഞ്ഞു.

കുക്ക് സായ്പിന്റെ സുവിശേഷ പ്രവർത്തനത്തിനേറ്റ വലിയൊരാഘാതമായിരുന്നു അത്. അദ്ദേഹം 1919 മുതൽ സഹകരിച്ചുപോന്നിരുന്ന അസംബ്ലീസ് ഓഫ് ഗോഡ് ജനറൽ കൗൺസിലിനോട് വിടപറഞ്ഞിട്ട് ഏതാനും മാസങ്ങളേ

ആയിരുന്നുള്ളൂ. അതിനു പ്രേരിപ്പിക്കുകയും ധൈര്യം പകരുകയും ചെയ്ത വ്യക്തികൾ, മാസങ്ങൾക്കുള്ളിൽ തന്നെ വിട്ടുപോയത് അദ്ദേഹത്തിനു വളരെ പ്രയാസത്തിനു ഹേതുവായി.

തെന്നിന്ത്യാ പെന്തെക്കോസ്ത് നേതാക്കളെ കുക്ക് സായ്പിനോടടുപ്പിക്കുവാൻ കുമ്പനാട്ടുള്ള വിശ്വാസികൾ ആത്മാർത്ഥമായി പരിശ്രമിച്ചു. അനുരഞ്ജനശ്രമത്തിന്റെ ഭാഗമായി 1930 മാർച്ചിൽ സീയോൻ കുന്നിൽ വച്ച് ഒരു പ്രതിപുരുഷയോഗം സംഘടിപ്പിക്കപ്പെടുകയും ചെയ്തു. താൽക്കാലികമായ ഒരു യോജിപ്പ് ആ യോഗത്തിൽവച്ചുണ്ടായി. ഈ യോഗത്തെപ്പറ്റി സുവിശേഷപ്രഭാഷകന്റെ റിപ്പോർട്ട് ഇങ്ങനെയാണ്:

"കുറെ മാസങ്ങൾക്കു മുമ്പ് ദൈവം വലിയൊരുണർവ്വിനെ നമുക്കായ് അയച്ചുതന്നു. എന്നാൽ ആ ഉണർവ്വ് തിരുവിതാംകൂർ മുഴുവനും പടർന്നു പിടിക്കുമെന്ന് പിശാച് അറിഞ്ഞ് അതിനായി എന്താണ് ചെയ്യേണ്ടതെന്ന് വിചാരിച്ച് കാത്തിരുന്ന് അവസാനത്തിൽ 'അനൈക്യത' എന്നൊരു ആയുധവുമായി പ്രത്യക്ഷപ്പെട്ടു.

നമ്മുടെ കൺവൻഷനുശേഷം അനൈക്യതയുടെ ആത്മാവ് ക്രമേണ പ്രവർത്തിക്കുവാൻ തുടങ്ങി. പെന്തെക്കോസ്തിന്റെ വേല തകരപ്പെടാൻ പോകുന്നുവോ എന്നു തോന്നുമാറുള്ള നിലയിലെത്തി. എന്നാൽ ആ സ്ഥാനത്തെല്ലാം ദൈവത്തിന്റെ കൈ പ്രവർത്തിക്കുകയും ഒരു പൂർണ്ണമായ യോജിപ്പിനു ഇടയാക്കി തീർക്കുകയും ചെയ്തു....മീനമാസം 20നു ബുധനാഴ്ച ഒരു പ്രതിപുരുഷ യോഗം സീയോൻകുന്നിൽ വിളിച്ചുകൂട്ടി. അന്നേ ദിവസം ഏബ്രഹാം സഹോദരനും കൂടെയുള്ള സഹോദരൻമാരുമായുള്ള ഒരു യോജിപ്പ് നടക്കുമെന്ന് ഞങ്ങൾ തീരെ വിചാരിച്ചിരുന്നില്ല. കാരണം ഏബ്രഹാം സഹോദരനും ഏതാനും ചില സഹോദരന്മാരുംകൂടി വടക്കൻ തിരുവിതാംകൂറിൽ വേല ചെയ്തുകൊണ്ടിരിക്കയായിരുന്നു. അവർ രണ്ടാഴ്ച കഴിഞ്ഞു മാത്രമെ വന്നെത്തുകയുള്ളൂ എന്നാണ് ഞങ്ങൾ അറിഞ്ഞിരുന്നത്. എന്നാൽ സകലവും അതിശയകരമായ രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. യോഗം ആരംഭിക്കുന്നതിനു മുമ്പുതന്നേ ഏബ്രഹാം സഹോദരനും സഹോദരന്മാരും സ്ഥലത്ത് വന്നെത്തി. അവരും ഞങ്ങളെല്ലാവരും ഒരുമിച്ച് വേലയിൽ സഹകരിച്ചു പ്രവർത്തിച്ചുകൊള്ളാമെന്നുള്ള തീരുമാനത്തോടുകൂടെയാണ് യോഗം അവസാനിച്ചത്. വലിയ സന്തോഷം യോഗത്തിൽ സംബന്ധിച്ച എല്ലാവർക്കുമുണ്ടായി. ഈ ഐക്യതയ്ക്കായി ദൈവം കുമ്പനാട്ടെ ചില സഹോദരങ്ങളെ ആയുധങ്ങളായി ഉപയോഗിച്ചു എന്നുള്ളതും പ്രസ്താവ്യമത്രേ.

എന്ന് കർത്താവിൽ നിങ്ങളുടെ സ്വന്തം പാസ്റ്റർ ആർ.എഫ്. കുക്ക്' (പത്രാധിലേഖനം, സുവിശേഷപ്രഭാഷകൻ, വാല്യം 3, ലക്കം 8, മാർച്ച് 1930 പേജ് 204, 205)

എന്നാൽ ഈ ഐക്യത പ്രയോഗത്തിലായില്ല. കുക്ക് സായ്പിനോടു വേർപിരിയാൻ തന്നെ തെന്നിന്ത്യാപെന്തെക്കോസ്ത് നേതാക്കൾ തീരുമാനിച്ചിരുന്നു. പിറ്റേ മാസത്തെ സുവിശേഷപ്രഭാഷകനിൽ കുക്ക് സായ്പ് എഴുതി.

"...പ്രസ്തുത പ്രതിപുരുഷയോഗത്തിൽ വച്ച് ഭിന്നതയ്ക്ക് പരിഹാരം നേടിയതിൽ ഞങ്ങൾ സന്തോഷിക്കുകയും സമാശ്വസിക്കുകയും ചെയ്തുകൊണ്ടിരിക്കുംവേളവിൽ ഞങ്ങളുടെ പക്ഷത്ത് യോജിപ്പിനു വിരുദ്ധമായ കുറ്റമൊന്നുമില്ലെന്ന് അവർ സമ്മതിച്ചുവെങ്കിലും യോജിപ്പിനും സഹകരണത്തിനും തൽക്കാലം

164

## രാമൻ കുട്ടിയിൽ നിന്ന് പോളിലേക്കുള്ള വളർച്ച



*1881–ൽ തൃശ്ശൂർ ഏങ്ങണ്ടിയൂർ എന്ന സ്ഥലത്ത് ഒരു ഹൈന്ദവ കുടുംബത്തിൽ ജനിച്ച രാമൻകുട്ടിക്ക് ഒരു ക്ഷേത്രപൂജാരിയായി ത്തീരുവാനായിരുന്നു ബാല്യത്തിലെ മോഹം. പിതാമഹൻ അടുത്തുള്ള ശിവക്ഷേത്രത്തിലെ പൂജാരിയായിരുന്നതാവാം അതിനു കാരണം. എന്നാൽ ദൈവം രാമൻകുട്ടിയെകുറിച്ചുദ്ദേശിച്ചത് വ്യത്യസ്ഥമായ ഒരു ജീവിതമായിരുന്നു.*

*തീരെ ചെറുപ്പത്തിൽ വീട്ടിൽ കിടന്നുറങ്ങുമ്പോൾ ഒരു ദിവസം ആരോ വിളിച്ചതായി രാമൻകുട്ടിക്ക് തോന്നി. അവൻ ചുറ്റും നേക്കി. "ആരാത്, എന്തുവേണം?" അവൻ ചോദിച്ചു. "യേശുവാകുന്നു ഞാൻ" ആ ശബ്ദം മറുപടി പറഞ്ഞു. ഈ ദർശനത്തിലൂടെയാണ് രാമൻകുട്ടി ആദ്യം യേശുവിനെ അറിയുന്നത്. എന്നാലവന്റെ ഇളം മനസ്സിലും സ്മൃതിപഥത്തിലും ആ നാമം അധികനേരം തങ്ങിനിന്നില്ല.*

*കൗമാരം വിടുംമുമ്പ് രാമൻകുട്ടി ജോലിതേടി സിലോണിലെ കൊളംബൊ നഗരത്തിലെത്തി. ഹിന്ദുമതത്തിൽ നിന്നു ക്രിസ്ത്യാനിത്വത്തിലേക്ക് പരിവർത്തിതനായ ഡോ. അസ്രപ്പ എന്നൊരു ഭക്തനായ മനുഷ്യൻ രാമൻകുട്ടിക്ക് ജോലി നൽകി. എന്നുതന്നെയല്ല, തന്റെ ഭവനത്തിൽ മക്കളിലൊരുവനെപ്പോലെതന്നെ കരുതി രാമൻകുട്ടിയെ അദ്ദേഹം സ്നേഹിച്ചു വളർത്തി.*

*ക്രിസ്ത്യാനിത്വത്തിന്റെ ബാലപാഠങ്ങൾ രാമൻകുട്ടി പഠിക്കുന്നത് ആ ഭവനത്തിൽ നിന്നാണ്. ആദ്യം എതിർത്തു നിന്നെങ്കിലും പിന്നീട് ക്രിസ്തു വിശ്വാസിയായി ചർച്ച് മിഷൻ പള്ളിയിൽ വച്ച് സ്നാനം സ്വീകരിച്ച് രാമൻകുട്ടി, പോൾ എന്ന നാമം സ്വീകരിച്ചു.*

*മകൻ ക്രിസ്ത്യാനിയായിതറിഞ്ഞ് രാമൻകുട്ടിയുടെ പിതാവ് കൊളംബൊയിൽ വന്ന് രാമൻകുട്ടിയെ ഇന്ത്യയിലേക്ക് തിരികെകൊണ്ടുവന്നു. ഹിന്ദുമതത്തിലേക്ക് മടക്കികൊണ്ടുപോകുവാനുള്ള പിതാ*

വിന്റെ സകല പ്രേരണകളെയും പോൾ ചെറുത്തുനിന്നു. ഒടുവിൽ മകനെ കൊന്നുകളയുവാൻ ആ പിതാവ് തീരുമാനിച്ചു.

ഒരു ദിവസം ഭർത്താവിന്റെ തലയിണയ്ക്കടിയിൽ ഒളിച്ചുവച്ചിരുന്ന കത്തി രാമൻകുട്ടിയുടെ മാതാവ് കണ്ടെത്തി. കോപാക്രാന്തനായ അച്ഛന്റെ കയ്യാൽ മകൻ കൊല്ലപ്പെടും എന്ന ചിന്ത ആ മാതാവിനെ തളർത്തിക്കളഞ്ഞു. അവർ ഈ വിഷയം മകനെ അറിയിക്കുകയും രക്ഷപ്പെട്ടുകൊൾവാൻ നിർദ്ദേശിക്കുകയും ചെയ്തു. അങ്ങനെ പോൾ വീടുവിട്ട് വീണ്ടും സിലോണിലെത്തി. ഡോ. അസ്രപ്പായോടുകൂടെ താമസിച്ചു.

സിലോണിൽ പോൾ സുവിശേഷം പ്രസംഗിക്കുവാൻ തുടങ്ങി. സി.എം.എസ്. സഭക്കാർ അദ്ദേഹത്തെ ഇന്ത്യയിൽ കോട്ടയത്തുള്ള വൈദിക സെമിനാരിയിൽ പരിശീലനത്തിനായി അയച്ചു. രണ്ടു വർഷത്തിനുശേഷം വീണ്ടും കൊളംബൊയിൽ മടങ്ങിയെത്തി അദ്ദേഹം സുവിശേഷ പ്രവർത്തനം തുടർന്നു.

കൊളംബൊയിൽ ബാപ്റ്റിസ്റ്റ് മിഷനിലെ റവ. പി.ഐ. ജേക്കബ് പോളിനോട് വേദപുസ്തകത്തിൽ പാലും തേനും ഒഴുകുന്ന ഒരനുഭവമുണ്ടെന്ന് പരിശുദ്ധാത്മസ്നാനത്തെക്കുറിച്ചു പ്രസ്താവിച്ചു. ഈ ആത്മനിറവ് പ്രാപിക്കുവാനുള്ള വാഞ്ഛയോടെ റവ. ജേക്കബും പോളും മറ്റു പലരും ചേർന്ന് റ്റോർഡ്, എബനേസർ, എന്നീ ആസ്ട്രേലിയൻ മിഷനറിമാരെ കൊളംബോയിൽ വരുത്തി പ്രാർത്ഥനായോഗങ്ങൾ നടത്തി.

ആത്മസ്നാനം പ്രാപിച്ച പോൾ. സി.എം.എസ്. സുവിശേഷക ശുശ്രൂഷ രാജിവെച്ച് വിശ്വാസജീവിതം ആരംഭിച്ചു. 1924-ൽ കൊളംബൊയിൽ ഒരു വീട് വാടകയ്ക്കെടുത്ത് സുവിശേഷപ്രവർത്തനം തുടങ്ങി. അതായിരുന്നു സിലോൺ പെന്തെക്കോസ്തു മിഷന്റെ ആരംഭം. ഭാര്യയുടെ ആഭരണങ്ങളുൾപ്പെടെ എല്ലാ സമ്പത്തും വിറ്റ് ഒഴിഞ്ഞ കൈയ്യോടെയായിരുന്നു അദ്ദേഹം ശുശ്രുഷ ആരംഭിച്ചത്. 'അപ്പൊസ്തലിക കാലത്തെ വിശ്വാസജീവിതം' എന്ന പുത്തനുപദേശം അങ്ങനെ, സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കിക്കൊണ്ട് പോൾ ഒരു മഹത്പ്രസ്ഥാനത്തിന്റെ പ്രാരംഭകനായി.

***പാസ്റ്റർ ഡി. ജോഷ്വാ***

*പാസ്റ്റർ സി. മനാശ്ശെയുടെ ജേഷ്ഠസഹോദരപുത്രനാണ് പാസ്റ്റർ ജോഷ്വ. 1927–ൽ മാവേലിക്കര ബഥേൽ ബൈബിൾ സ്ക്കൂളിലെ ആദ്യ ബാച്ചിൽ വിദ്യാർത്ഥിയായിരുന്നു. കൈതക്കുഴി, വെള്ളനാട്, കൊണ്ണിയൂർ, വിളപ്പിൽ എന്നിവിടങ്ങളിൽ 28 വർഷം സഭാശുശ്രൂഷകനായിരുന്നു. നല്ലൊരു ഗായകനായി അറിയപ്പെട്ടിരുന്നു. 1951–ൽ മധുര എസ്.ഐ. എ.ജി. ജനറൽ കോൺഫറൻസിൽ വച്ച് ഓർഡിനേഷൻ ലഭിച്ചു. വിഴവൂർ മത്തായി ആശാന്റെ പുത്രി എൽസിയാണ് സഹധർമ്മിണി. 1958 ഒക്ടോബർ 13നു കർത്താവിൽ നിദ്രപ്രാപിച്ചു.*

161-ാം പേജിൽ നിന്നും...

സൗകര്യമില്ലെന്ന് ആളയച്ചു ഞങ്ങളെ തെര്യപ്പെടുത്തി.” (പ്രഭാഷകൻ 1930, ഏപ്രിൽ –മെയ്)

വിയോജിപ്പിന്റെ കാരണമായി കെ.ഇ. ഏബ്രഹാം ചൂണ്ടിക്കാട്ടുന്നത് സുവിശേഷകരുടെയും സ്ഥലം സഭകളുടെയും പാരതന്ത്ര്യമാണ്.

“പുതിയനിയമ പദ്ധതിയിൽ അപ്പൊസ്തലിക പ്ലാനനുസരിച്ച്, നാട്ടുസഭകളുടെ സ്വാതന്ത്ര്യം നിലനിർത്തി വേല തുടരുന്നതിനു യോജിച്ചുള്ള പ്രസ്തുത നില പ്രതിബന്ധമായി കാണപ്പെട്ടു. ഗവൺമെന്റ് ജോലിക്കാർ തങ്ങളുടെ ജോലിക്കു റിപ്പോർട്ടു കൊടുത്ത് മാസം തോറും ശമ്പളം പറ്റിക്കൊണ്ട് വേല ചെയ്യുന്ന പദ്ധതിയാണ്. പാശ്ചാത്യ മിഷൻ സമൂഹങ്ങൾ നടപ്പാക്കിയിരുന്നത്.” (കെ. ഇ. ഏബ്രഹാം, യേശുക്രിസ്തുവിന്റെ എളിയദാസൻ, പേജ് 179).

എന്നാൽ ഇപ്രകാരമുള്ള പ്രശ്നങ്ങൾ മലങ്കര പെന്തെക്കോസ്ത് സഭയിൽ ഇല്ലായിരുന്നുവെന്ന് കുക്ക് സായ്പ് പറയുന്നു.

“തിരുവിതാംകൂറിലെ സ്ഥലം സഭകളുടെ ഭരണകാര്യങ്ങളിൽ അതതു സഭകൾക്കു പൂർണ്ണമായ സ്വാതന്ത്ര്യം ഉണ്ടായിരിക്കേണ്ടതാണെന്നും, അവ തിരുവചനവിഹിതങ്ങളായ പൂർണ്ണ സുവിശേഷ സത്യങ്ങളിൽ നിന്നും വ്യതിചലിച്ച് വിവിധോപദേശങ്ങളാകുന്ന ഓരോ കാറ്റിനാൽ അലഞ്ഞ് തിരിയുന്നതിനു ഇടയാകാതെ വിശ്വാസവിഷയങ്ങളിൽ സുസ്ഥിരമായിരിക്കുന്നതിനു അവയെ ക്രമീകരിച്ച് വ്യവസ്ഥപ്പെടുത്തിയിട്ടുള്ള ഒരു പൊതു സഭയുടെ സംഘടനയിൽ സ്ഥലം സഭകൾ ഉൾപ്പെട്ടിരിക്കേണ്ടതുമാണെന്നുമത്രെ ഞങ്ങളുടെ വിശ്വാസം. ഈ ആദർശത്തിനു വിരുദ്ധമായി യാതൊരു സ്ഥലം സഭയുടെമേലും മാനുഷികമായ ഭരണനുകം വെയ്ക്കുന്നതിനോ അവയുടെ നേരെ ജഡികമായ അധികാരം ചെലുത്തുന്നതിനോ ഞങ്ങൾ യത്നിച്ചിട്ടില്ല എന്നുള്ളതിനു സ്ഥലം സഭകളും സാക്ഷികളാണ്.” (എഡിറ്റോറിയൽ, സുവിശേഷപ്രഭാഷകൻ, 1930. ഏപ്രിൽ...മെയ്).

### പി.എം. സാമുവൽ തെന്നിന്ത്യാ പെന്തെക്കോസ്ത് സഭയിൽ

കുക്ക് സായ്പുമായുള്ള ബന്ധം വിട്ട് കെ.ഇ. ഏബ്രഹാമും കൂട്ടരും തെന്നിന്ത്യാ പെന്തെക്കോസ്ത് സഭ രൂപീകരിച്ചപ്പോൾ പാസ്റ്റർ പി.എം. സാമുവൽ തന്റെ പ്രവർത്തനത്താൽ ഉടലെടുത്ത 17 സഭകളോടൊന്നിച്ച് തെന്നിന്ത്യാസഭയിൽ ചേർന്നു. തന്നെ ആത്മസ്നാനാനുഭവത്തിലേക്കു നയിച്ച പാസ്റ്റർ പോളിന്റെ സ്വാധീനമായിരുന്നു ഈ യോജിപ്പിനു പിന്നിൽ.

### ആറാമട സഭ തെന്നിന്ത്യാ സഭയോടു ചേരുന്നു

കൊച്ചുകുഞ്ഞു സന്യാസി, സിലോണിൽ പാസ്റ്റർ പോളിന്റെ ശുശ്രൂഷയിൽ ആകൃഷ്ടനായാണ് പെന്തെക്കോസ്തു മാർഗ്ഗം സ്വീകരിച്ചത്. അതുകൊണ്ടുതന്നെ

ആറാമട പെന്തെക്കോസ്ത് സഭ പാസ്റ്റർ പോളിനോടുള്ള സഹകരണത്തിലാണ് നിലകൊണ്ടത്. തന്റെ സ്നാപകനായ കെ.ഇ. ഏബ്രഹാം പാസ്റ്റർ പോളിനാൽ ഓർഡെയ്ൻ ചെയ്യപ്പെടുകയും തെന്നിന്ത്യാസഭ 'അപ്പൊസ്തലിക വിശ്വാസജീവിതത്തിന്റെ മാതൃകയെ പിൻതുടരുകയും ചെയ്തപ്പോൾ കൊച്ചുകുഞ്ഞു സന്യാസി തെന്നിന്ത്യാ സഭയോടു യോജിക്കാൻ തീരുമാനിച്ചു. ആറാമട പെന്തെക്കോസ്തു സഭയും സന്യാസിയുടെ മേൽനോട്ടത്തിൽ സ്ഥാപിക്കപ്പെട്ട ദക്ഷിണ തിരുവിതാംകൂറിലെ മറ്റു സഭകളും അതോടെ തെന്നിന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ ഭാഗമായി. ദക്ഷിണ തിരുവിതാംകൂറിലേക്ക് തെന്നിന്ത്യാ സഭയ്ക്ക് സുവിശേഷീകരണത്തിനു വലിയൊരു വാതിൽ തുറന്നുകിട്ടുന്നതിന് ഈ യോജിപ്പ് മുഖാന്തരമായി.

തിരുവനന്തപുരം പട്ടണത്തിലെ പെന്തക്കോസ്ത് വേല പ്രബലപ്പെട്ടതും ഈ കാലയളവിലാണ്. ആറാമട സഭയിലെ സാമുവൽ ഡീക്കന്റെ മകൻ ടി.എസ്. മർക്കോസ് ആണ് പട്ടണത്തിലെ വേലയ്ക്ക് നേതൃത്വം കൊടുത്തത്. 1920കളുടെ ആരംഭത്തിൽ തന്നെ മർക്കോസ്, പട്ടണത്തിന്റെ പ്രാന്തപ്രദേശങ്ങളിൽ സുവിശേഷ പ്രവർത്തനം നടത്തിയിരുന്നു. അന്നദ്ദേഹം ലണ്ടൻ മിഷൻ സഭയിലെ അംഗമായിരുന്നു. ആറാമടയിൽ വിയോജിത വിശ്വാസം പ്രബലപ്പെട്ടപ്പോൾ മർക്കോസും അവരോടു ചേർന്നു. അങ്ങനെയിരിക്കുമ്പോഴാണ് 1928-ൽ ആറാമട സഭ പെന്തെക്കോസ്ത് വിശ്വാസത്തിലേയ്ക്ക് ആകർഷിക്കപ്പെടുന്നത്. അതോടെ പെന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ച മർക്കോസ്, തിരുവന്തപുരം പട്ടണത്തിൽ ഈ പുതുമാർഗ്ഗത്തിന്റെ പ്രചാരകനായി തുടരാൻ തീരുമാനിച്ചു.

ആറാമട കൊച്ചുകുഞ്ഞു സന്യാസി

### *പാസ്റ്റർ സി. ചാക്കോ (മെഴുവേലി)*

*പുല്ലേലിൽ ചാക്കോച്ചൻ എന്ന് അറിയപ്പെട്ടിരുന്ന പാസ്റ്റർ സി. ചാക്കോ 1929-ൽ 25-ാമത്തെ വയസ്സിൽ രക്ഷിക്കപ്പെടുകയും പിറ്റേവർഷം വിശ്വാസസ്നാനം സ്വീകരിക്കുകയും ചെയ്തു. 33-ാ മത്തെ വയസ്സിൽ പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചു. കുമ്പനാട് ഹെബ്രോൻ ബൈബിൾ സ്കൂളിൽ ചേർന്ന് വചനാഭ്യാസനം നടത്തി. പാസ്റ്റർ കെ.സി. ചെറിയാച്ചനോടുകൂടെ മംഗലാപുരത്തും ഉടുപ്പിയിലും കുടുംബമായി പ്രവർത്തിച്ചിട്ടുള്ള ചാക്കോച്ചൻ കുറെനാൾ കോട്ടയത്ത് പാസ്റ്റർ കെ.എം. സഖറിയായോടൊപ്പം പ്രവർത്തിച്ചു. കുഴിക്കാല, പന്തളം, പുത്തൻപീടിക, കൊന്നപ്പാറ, വകയാർ, ഇലന്തൂർ, കുമ്പനാട് എന്നിവിടങ്ങളിൽ കർത്തൃസേവ ചെയ്തു. ഐ.പി.സി. പത്തനംതിട്ട സെന്റർ ശുശ്രൂഷകനായിരുന്നു.*

മർക്കോസിനും കുടുംബത്തിനും താമസിക്കാനായി നന്തൻകോട് ഭാഗത്ത് പരമു കോൺട്രാക്ടർ എന്ന രക്ഷാസൈന്യ വിശ്വാസിയുടെ കെട്ടിടവും പ്രാർത്ഥനാഹോളും വാടകയ്ക്കെടുത്തുകൊടുത്തു. 1930-ലായിരുന്നു ഇത്. അവിടെ കെ. ഇ. ഏബ്രഹാം, കെ, സി. ഉമ്മൻ തുടങ്ങിയ പെന്തെക്കോസ്ത് പ്രവർത്തകരെ ക്ഷണിച്ച മർക്കോസ് വിശാലമായ നിലയിൽ ഒരു കൺവൻഷൻ നടത്തി. നേരത്തേ തിരുവനന്തപുരത്ത് താമസമാക്കിയിരുന്ന മിസിസ് ചാപ്മാൻ, പിന്നീട് അവിടെ പെന്തെക്കോസ്ത് മിഷനറിയായെത്തിയ മിസിസ് ലഫ്റ്റ് വിച്ച് തുടങ്ങിയ മിഷനറി വനിതകളുടെ ഉൽസാഹത്താൽ തിരുവനന്തപുരത്ത് ചെറിയ തോതിലുള്ള പല യോഗങ്ങളും നടന്നിട്ടുണ്ടെങ്കിലും പട്ടണത്തിനകത്തു നടക്കുന്ന ആദ്യത്തെ വലിയ പെന്തെക്കോസ്ത് കൺവൻഷനായിരുന്നു അത്.

### കെ.ഇ. ഏബ്രഹാമിനു ഓർഡിനേഷൻ

ദീർഘവർഷങ്ങൾ പെന്തെക്കോസ്ത് പ്രവർത്തകനായിരുന്നെങ്കിലും കെ.ഇ. ഏബ്രഹാം 1930 വരെ ഓർഡെയ്ൻ ചെയ്യപ്പെട്ടിരുന്നില്ല. അദ്ദേഹത്തിനു മാത്രമല്ല, 1926 മുതൽ കുക്ക് സായ്പിനോടൊപ്പം പ്രവർത്തിച്ചിരുന്ന തദ്ദേശീയരായ ആർക്കും തന്നെ സായ്പ് ഓർഡിനേഷൻ കൊടുത്തിരുന്നില്ല. അങ്ങനെയിരിക്കുമ്പോഴാണ് തെന്നിന്ത്യാ പെന്തക്കോസ്ത് ദൈവസഭ സ്വതന്ത്രമായത്. ഇത്തരുണത്തിൽ 'ദൈവവചനപ്രകാരമുള്ള കൈവയ്പു ശുശ്രൂഷ നടക്കേണ്ടതിന്റെ ആവശ്യബോധം' കെ.ഇ, ഏബ്രഹാമിനെ ശക്തിയായി ഭരിച്ചു. അന്ന് സിലോൺ പെന്തെക്കോസ്ത് മിഷനുമായുള്ള സഹകകരണത്തിലാണ് സഭ മുന്നോട്ടുപോയതെന്നതിനാൽ ശുശ്രൂഷക സമ്മേളനത്തിന്റെ തീരുമാനപ്രകാരം പി.എം. സാമുവൽ, അപ്പോൾ കൊല്ലത്ത് ഉണ്ടായിരുന്ന പാസ്റ്റർ പോൾ മുതലായ സി.പി.എം. പ്രവർത്തകരെ കുമ്പനാട്ട് കൂട്ടിക്കൊണ്ടു വന്നു.

അന്ന് കുമ്പനാട് സഭയുടെ ആരാധന നടന്നിരുന്നത് കെ.സി. ഉമ്മന്റെ ഭവനത്തോടു ചേർന്നുള്ള ഷെഡ്ഢിലായിരുന്നു. (ഇപ്പോഴത്തെ ഹെബ്രോൻപുരം) അവിടെ വച്ചു നടന്ന ഒരു പ്രത്യേക പ്രാർത്ഥനായോഗത്തിൽ 1930 മാർച്ച് 6-ന് പാസ്റ്റർ പോൾ കെ.ഇ.ഏബ്രഹാമിനെ ഓർഡെയ്ൻ ചെയ്തു.

നാലുമാസം കഴിഞ്ഞ് ആഗസ്റ്റ് 23-ാം തീയതി കുമ്പനാട്ടുവച്ചുതന്നെ നടന്ന ഒരു യോഗത്തിൽ തെന്നിന്ത്യാ സഭയിലെ എട്ടു പേർക്കുകൂടെ ഓർഡിനേഷൻ നൽകപ്പെട്ടു. പി.എം. സാമുവൽ, കെ.സി. ഉമ്മൻ, പി.റ്റി.മാത്യു (പൊടിമല മത്തായിച്ചൻ) പി.ഒ. തോമസ് (പുതുപ്പറമ്പിൽ തോമാച്ചൻ, റാന്നി), പി.റ്റി.വർഗീസ് (ചേത്തയ്ക്കൽ കീവറീച്ചൻ), വി.കെ. മത്തായി (വിളയിൽ മത്തായിച്ചൻ), റ്റി.കെ. മാത്യു (കാരംവേലിൽ മത്തായിച്ചൻ), വി.വി.തോമസ് എന്നിവരായിരുന്നു ആ എട്ടുപേർ.

ഇതിൽ പി.എം. സാമുവലിനെ സഭയിലെ പൊതുശുശ്രൂഷകനായും (അപ്പൊസ്തലൻ) മറ്റുള്ളവരെ ലോക്കൽ ശുശ്രൂഷകൻമാരുമായാണ് ഓർഡെയ്ൻ ചെയ്തത്. കെ.ഇ.ഏബ്രഹാം, സിലോൺ പെന്തെക്കോസ്ത് മിഷനിലെ പാസ്റ്റർ പി. കെ. ടൈറ്റസ് എന്നിവരായിരുന്നു ഈ ശുശ്രൂഷയ്ക്ക് നേതൃത്വം വഹിച്ചത്.

തെന്നിന്ത്യാ സഭയിലെ സീനിയർ ശുശ്രൂഷകനായിരുന്ന കെ.സി. ചെറിയാൻ അന്ന് സിലോണിൽ സുവിശേഷ പ്രചരണ യാത്രയിലായിരുന്നതിനാൽ അദ്ദേഹത്തിനു ഈ ശുശ്രൂഷയിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. പിറ്റേവർഷം 1931 ആഗസ്റ്റ് 23നും കുമ്പനാട്ടുവച്ചു നടന്ന വാർഷിക യോഗത്തിൽ കെ.സി. ചെറിയാൻ ഓർഡെയ്ൻ ചെയ്യപ്പെട്ടു.

### കെ.ഇ. ഏബ്രഹാം കുമ്പനാട്ട് താമസമാക്കുന്നു

കുക്ക് സായ്പുമായി പിരിഞ്ഞശേഷം മുളക്കുഴയിൽ തന്നെ താമസിക്കുന്നത്, കെ.ഇ. ഏബ്രഹാമിന് ആശാസ്യമായി തോന്നിയില്ല. അങ്ങനെയിരിക്കെ കുമ്പനാട്ടു സഭാശുശ്രൂഷകനായ കെ.സി. ഉമ്മൻ, എ.സി. സാമുവൽ എന്നിവർ അദ്ദേഹത്തെ കുമ്പനാട്ടേക്ക് താമസത്തിനായി ക്ഷണിച്ചു. എന്നാൽ കുമ്പനാട്ടു വന്ന് വസ്തു വാങ്ങുന്നതിനോ, വീടു വയ്ക്കുന്നതിനോ അദ്ദേഹത്തിന്റെ കയ്യിൽ പണമുണ്ടായിരുന്നില്ല.

"ഞാൻ സ്ഥലം വിട്ടുമാറുന്ന അവസരത്തിൽ കൊടുത്തുതീർക്കേണ്ടതായുണ്ടായിരുന്ന കടങ്ങളുടെ പരിഹാരാർത്ഥം മുളക്കുഴ കീരിക്കൽ ഭാഗത്ത് ഞങ്ങൾ

വാങ്ങിയിരുന്ന ആ ചെറിയ സ്ഥലം വിൽക്കേണ്ടതായിവന്നു...അപ്രകാരം ഞങ്ങൾ സ്വന്തപാർപ്പിടം ഇല്ലാത്തവരായി തീർന്നു." (കെ.ഇ. ഏബ്രാഹാം, യേശുക്രിസ്തുവിന്റെ എളിയദാസൻ, പേജ് 186).

അങ്ങനെ ഭൗമികമായ യാതൊരവലംബവുമില്ലാതെ വിശ്വാസത്താൽ കുമ്പനാട് കിളിയാംപ്ലാക്കൽ എന്ന വാടകവീട്ടിൽ 1930 മെയ് 1-നു കെ. ഇ. ഏബ്രഹാം കുടുംബസമേതം താമസമാക്കി. അപ്പോഴും കെ.സി. ഉമ്മൻ (കൊടുന്തറ ഉമ്മച്ചൻ) ആയിരുന്നു കുമ്പനാട് സ്ഥലം സഭാശുശ്രൂഷകൻ.

**തെന്നിന്ത്യാ നേതാക്കളുടെ സിലോൺ സന്ദർശനം**

കുക്ക് സായ്പുമായുള്ള ബന്ധം വിട്ട തെന്നിന്ത്യാ പെന്തെക്കോസ്ത് സഭാനേതാക്കൾ പാസ്റ്റർ പോളുമായുള്ള സഹകരണത്തിൽ കഴിഞ്ഞിരുന്നതിനാൽ കേരളത്തിൽ നടന്ന തെന്നിന്ത്യാ സഭയുടെ പ്രധാന കൺവൻഷനുകളിലൊക്കെ സിലോണിൽ നിന്നുള്ള പെന്തെക്കോസ്ത് പ്രവർത്തകരായിരുന്നു പ്രധാന പ്രസംഗകർ. അതുപോലെ സിലോണിൽ നടന്ന പ്രധാന പെന്തെക്കോസ്ത് കൺവൻഷനുകളിൽ തെന്നിന്ത്യയിൽ നിന്നുള്ള പെന്തെക്കോസ്ത് നേതാക്കളും സ്ഥിരമായി ക്ഷണിക്കപ്പെട്ടു.

1930 മെയ് മാസത്തിൽ കൊളംബോ പട്ടണത്തിൽ നടന്ന സിലോൺ പെന്തെക്കോസ്ത് മിഷന്റെ വാർഷിക കൺവൻഷനിൽ പ്രസംഗകനായി പാസ്റ്റർ കെ.ഇ എബ്രഹാം ക്ഷണിക്കപ്പെട്ടിരുന്നു. ആഗസ്റ്റ് മാസത്തിൽ പാസ്റ്റർ പോൾ തെന്നിന്ത്യാ സഭയിലെ കെ. സി. ചെറിയാനെ ചില പ്രത്യേക യോഗങ്ങൾക്കായി സിലോണിലേക്കു ക്ഷണിച്ചു. അദ്ദേഹം ചില മാസങ്ങൾ സിലോണിലെ വിവിധ പെന്തെക്കോസ്ത് സഭകൾ സന്ദർശിച്ച് ദൈവവചനം ശുശ്രൂഷിച്ചു.

പിറ്റേവർഷത്തെ സിലോൺ പെന്തെക്കോസ്ത് സഭ ജനറൽ കൺവൻഷൻ ജാഫ്ന പട്ടണത്തിലാണ് നടന്നിരുന്നത്. ആ യോഗങ്ങളിൽ പാസ്റ്റർ കെ.സി. ഉമ്മൻ, കെ. ഇ. ഏബ്രഹാം എന്നിവർ പങ്കെടുത്തിരുന്നു. ജാഫ്നയിലെ യോഗങ്ങൾക്കുശേഷം കെ.ഇ ഏബ്രഹാം കേരളത്തിലേക്ക് മടങ്ങിപ്പോന്നു. കെ.സി. ഉമ്മൻ വീണ്ടും ചില നാളുകൾ അവിടെ താമസിച്ച് സിലോണിന്റെ വിവിധ ഭാഗങ്ങളിലുള്ള പെന്തക്കോസ്ത് സഭകൾ സന്ദർശിച്ച് യോഗങ്ങൾ നടത്തി.

**ഹെബ്രോൻ ബൈബിൾ സ്കൂൾ**

വ്യവസ്ഥാപിതമായ നിലയിൽ കേരളത്തിലുണ്ടാകുന്ന ആദ്യവേദപാഠശാല മാവേലിക്കരയിലെ ബെഥേൽ ബൈബിൾ സ്കൂളും (1927) രണ്ടാമത്തേത് മുളക്കുഴ സീയോൻകുന്ന് ബൈബിൾ സ്കൂളും (1928) ആണ്. ഇതിൽ മുളക്കുഴ ബൈബിൾ സ്കൂളിലെ അദ്ധ്യാപകനായി പാസ്റ്റർ കെ.ഇ. ഏബ്രഹാം അതിന്റെ പ്രാരംഭസമയം മുതൽ പ്രവർത്തിച്ചിരുന്നു. കുക്ക് സായ്പുമായി വിയോജിച്ച് തെന്നിന്ത്യാസഭ സ്വതന്ത്രമായപ്പോൾ അതിന്റെ പ്രവർത്തരെ അഭ്യസിപ്പിക്കുവാൻ ഒരു ബൈബിൾ സ്കൂൾ ആരംഭിക്കേണ്ടത് അത്യാവശ്യമാണെന്ന് കെ.ഇ. ഏബ്രഹാമിനു തോന്നി. എന്നാൽ വ്യവ സ്ഥാപിത നിലയിൽ അങ്ങനെയൊന്ന് തുടങ്ങുവാനുള്ള സാഹചര്യം അന്നദ്ദേഹത്തിനില്ലായിരുന്നു. എങ്കിലും പരിമിതമായ നിലയിൽ അദ്ദേഹം ഒരു വേദപാഠശാല ആരംഭിക്കുകതന്നെ ചെയ്തു.

1930 ലാണ് കെ.ഇ ഏബ്രഹാം കുമ്പനാട് ബൈബിൾ സ്കൂൾ ആരംഭിക്കുന്നത്. അന്ന് അദ്ദേഹം താമസിച്ചിരുന്ന കിളിയംപ്ലാക്കൽ ഭവനത്തിലായിരുന്നു ക്ലാസ്സുകൾ നടന്നിരുന്നത്. വിദ്യാർത്ഥികൾ

170

# ആശ്രമവും പള്ളിയുമായി ഒരു സന്യാസശ്രേഷ്ഠൻ



*തെക്കൻ തിരുവിതാംകൂറിലെ എക്കാലവും അറിയപ്പെടുന്ന പെന്തെക്കോസ്ത് സുവിശേഷകരിൽ പ്രമുഖനായിരുന്നു ആറാമട കൊച്ചുകുഞ്ഞു സന്യാസി. 1891 ഫെബ്രുവരിയിൽ ജനിച്ച കൊച്ചുകുഞ്ഞ് അദ്ധ്യാപകനായിരിക്കെയാണ് 1920-ൽ രക്ഷാനുഭവത്തിലേക്കുവരുന്നത്. ആ വർഷം തന്നെ*

അന്നു വേർപാടു വിശ്വാസിയായിരുന്ന കെ.ഇ. ഏബ്രഹാമിന്റെ കൈക്കീഴിൽ വിശ്വാസസ്നാനം സ്വീകരിച്ചു.

കൊച്ചുകുഞ്ഞിന്റെ പ്രവർത്തനഫലമായി തെക്കൻ തിരുവിതാംകൂറിൽ പല സഭകളും സ്ഥാപിതമായി. ഉത്തരവാദിത്തപൂർണ്ണമായ സഭാപരിപാലനത്തിന്റെ സുഗമമായ നടത്തിപ്പിന് വിവാഹം കൂടാതെയുള്ള ജീവിതമാണ് അഭിലക്ഷണീയമെന്ന് അദ്ദേഹം കരുതി. കൊച്ചുകുഞ്ഞു വാദ്ധ്യാർ, കെച്ചുകുഞ്ഞു സന്യാസിയായി മാറുന്നത് അങ്ങനെയാണ്.

തന്റെ താമസത്തിനും ധ്യാനത്തിനുമായി കൊച്ചുകുഞ്ഞു സന്യാസി ആറാമടിയിൽ ‘കർമ്മേൽ ആശ്രമം’ പണികഴിപ്പിച്ചു. അങ്ങനെ കഴിയുമ്പോഴാണ് 1927-ൽ അദ്ദേഹം സിലോണിൽ സുവിശേഷപര്യടനം നടത്തുന്നതും പെന്തെക്കോസ്ത് വിശ്വാസിയായിത്തീരുന്നതും. (അതുവരെ അദ്ദേഹം വിയോജിതപ്രസ്ഥാനവുമായി ബന്ധപ്പെട്ടു നിൽക്കുകയായിരുന്നു.)

തെക്കൻ തിരുവിതാംകൂറിലെ പെന്തെക്കോസ്ത് പ്രചരണം ലക്ഷ്യമാക്കി ആറാമടയിൽ അദ്ദേഹം വിപുലമായി ചില യോഗങ്ങൾ സംഘടിപ്പിച്ചു. എല്ലാ മദ്ധ്യവേനൽ അവധിക്കും ഇങ്ങനെയുള്ള യോഗങ്ങൾ നടന്നു. തെക്കൻ തിരുവിതാംകൂറിലെ ഏറ്റവും വലിയ പെന്തെക്കോസ്ത് സമ്മേളനങ്ങളായിരുന്നു ഇത്. നാട്ടുകാർക്കിടയിൽ ഇത് മഹോത്സവ പ്രതീതി നൽകി. വൈദ്യുതി എത്തിയിട്ടില്ലാത്ത അക്കാലത്ത് ഗ്യാസ്ലൈറ്റും രാത്രിയിലെ ചന്ദ്രികയും ചേർന്ന അരണ്ട വെളിച്ചത്തിൽ ജനം പുൽത്തകിടിയിലും സമീപത്തെ പാറക്കൂട്ടങ്ങളിലും കയറിയിരുന്നു ജീവവചനം ശ്രവിച്ചു.

യോഗങ്ങൾ നടത്താൻ ഒരു വലിയ ‘കൊട്ടക’ എന്ന ആശയം ഇക്കാലത്ത് കൊച്ചുകുഞ്ഞു സന്യാസിക്കുണ്ടായി. അതിന്റെ ഫലമാണ് കർമ്മേൽ ആശ്രമത്തിനു തൊട്ടടുത്തുതന്നെ അദ്ദേഹം പണികഴിപ്പിച്ച ‘കൂടാരപ്പള്ളി’. അഷ്ടഭുജമാതൃകയിൽ കരിങ്കൽതൂണുകളിൽ നിന്നും മുകളിലേക്ക് തൊപ്പിക്കുട രൂപത്തിൽ പണിതിരിക്കുന്ന ഈ കൂടാരപ്പള്ളിയിൽ ആയിരത്തിലേറെ പേർക്ക് ഇരുന്നു ദൈവവചനം ശ്രവിക്കാമായിരുന്നു. (1987-ൽ ഈ കൂടാരപ്പള്ളി തീവെച്ചു നശിപ്പിക്കപ്പെട്ടു.)

1930 മുതൽ കൊച്ചുകുഞ്ഞു സന്യാസിയും തെന്നിന്ത്യ ദൈവസഭയോട് (പിന്നീട് ഐ.പി.സി.) ബന്ധപ്പെട്ടു. തത്വത്തിൽ സ്ഥലം സഭകളുടെ സ്വാതന്ത്ര്യം സംരക്ഷിക്കത്തക്കനിലയിൽ ഉപാധികളോടു കൂടിയായിരുന്നു ഈ യോജിപ്പ്. 1957 ജൂൺ 18നു കൊച്ചുകുഞ്ഞു സന്യാസി കർത്തൃസന്നിധിയിലേക്ക് വിളിച്ചു ചേർക്കപ്പെട്ടു.

167-ാം പേജിൽ നിന്നും...

ആരും തന്നെ അവിടെ താമസിച്ചു പഠിച്ചിരുന്നില്ല. അന്ന് ബൈബിൾ സ്കൂളിനു ഹെബ്രോൻ ബൈബിൾ സ്കൂൾ എന്ന പേരും കൊടുത്തിരുന്നില്ല.

പിന്നീട് 1932-ൽ കെ.സി. ഉമ്മൻ സഭയ്ക്ക് ദാനമായി നൽകിയ കെട്ടിടത്തിൽ കെ.ഇ. ഏബ്രഹാം താമസമാക്കുകയും (ഹെബ്രോൻപുരം) ബൈബിൾ സ്കൂൾ അവിടേക്കു മാറ്റുകയും ചെയ്തു. അന്നു മുതലാണ് അത് 'ഹെബ്രോൻ ബൈബിൾ സ്കൂൾ ' എന്ന പേരിലറിയപ്പെടാൻ തുടങ്ങിയത്. അതോടെ വിദ്യാർത്ഥികൾ ഹെബ്രോനിൽ താമസിച്ചു പഠിക്കാനും തുടങ്ങി.

6

# ഒരു പ്രവാഹം
# മൂന്നു കൈവഴികൾ

**1912** മുതൽ 20 വരെയുള്ള പ്രാരംഭ ഘട്ടത്തിൽ കേരള പെന്തെക്കോസ്തർക്ക് ഏതെങ്കിലും സംഘടനകളുമായി സജീവബന്ധമുണ്ടായിരുന്നില്ല. 20 കളുടെ ആരംഭത്തിൽ എ.ജി. മിഷനറിയായി മിസിസ് മേരി ചാപ്മാൻ, എ.ജി. ജനറൽ കൗൺസിലിന്റെ അഫിലിയേഷനുണ്ടായിരുന്ന ആർ.എഫ്. കുക്ക് തുടങ്ങിയവർ തിരുവിതാംകൂറിൽ താമസിച്ചു പ്രവർത്തനം ആരംഭിച്ചപ്പോൾ മുതലാണ് അവർക്ക് ഒരു 'പേര്' ഉണ്ടാകുന്നത്. അസംബ്ലീസ് ഓഫ് ഗോഡിന്റെ അമേരിക്കൻ കൗൺസിൽ നേരിട്ട് അയച്ച മിഷനറിമാരുടെ സഭ 'പെന്തെക്കോസ്ത് ദൈവസഭ' എന്ന പേരിലും കുക്ക് സായ്പിന്റെ പ്രവർത്തനഫലമായുണ്ടായ സഭ 'പൂർണ്ണസുവിശേഷ സഭ' എന്ന പേരിലും അറിയപ്പെട്ടു.

അങ്ങനെയിരിക്കുമ്പോഴാണ് തദ്ദേശീയരായ പെന്തെക്കോസ്ത് പ്രവർത്തകർ അവരുടെ പ്രവർത്തനഫലത്താൽ ഉടലെടുത്ത സ്വതന്ത്ര സഭകളുമായി കുക്ക് സായ്പിന്റെ പൂർണ്ണ സുവിശേഷസഭയോടു ചേരുന്നത്. അന്നു സായ്പ് എ.ജി. അഫിലിയേഷനുള്ള ഒരു മിഷനറിയായിരുന്നു. അതുകൊണ്ട് സ്വാഭാവികമായും സായ്പിനോടു ചേർന്ന സ്വതന്ത്ര സഭകളും വിശാലമായ നിലയിൽ അസംബ്ലീസ് ഓഫ് ഗോഡിന്റെ ഭാഗമായി തീർന്നു. (അന്ന് കുക്ക് സായ്പിന്റെ സഭ ഔദ്യോഗികമായി 'ദി അസംബ്ലീസ് ഓഫ് ഗോഡ് ഇൻ മലബാർ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. അക്കാലത്ത് സഭ പ്രസിദ്ധീകരിച്ചിരുന്ന 'സുവിശേഷപ്രഭാഷക'നിൽ നിന്ന് ഈ വിവരം മനസ്സിലാക്കാം.)

1929 വരെ കേരളത്തിലെ പെന്തെക്കോസ്ത് സഭകൾക്ക്- അവ വിവിധ പേരുകളിലാണ് അറിയപ്പെട്ടിരുന്നതെങ്കിൽ കൂടെ- ആത്മീയമായും സംഘടനാപര

*പാസ്റ്റർ കെ.വി. കുര്യൻ*
*(കുറ്റപ്പുഴ കുര്യച്ചൻ, 1907–1964)*



*പാസ്റ്റർ കെ.വി. കുര്യൻ തന്റെ 11–ാ മത്തെ വയസ്സിൽ മൂത്താമ്പാക്കൽ കൊച്ചുകുഞ്ഞുപദേശിയുടെ പ്രസംഗം മൂലം രക്ഷിക്കപ്പെട്ടു. 19–ാം വയസ്സിൽ സുവിശേഷവേലയ്ക്കായി തീരുമാനിക്കുകയും കൊച്ചുകുഞ്ഞുപദേശിയുടെ യുഗാന്ത്യ സുവിശേഷസംഘത്തിൽ ചേർന്ന് പ്രവർത്തിക്കുകയും ചെയ്തുപോന്നു. ആ കാലയളവിലാണ് 1931–ൽ പെന്തെക്കോസ്ത് സത്യങ്ങളിലേക്കാകൃഷ്ടനായി പരേതനായ പാസ്റ്റർ കെ.സി. ഉമ്മന്റെ കൈക്കീഴിൽ സ്നാനമേൽക്കുകയും അടുത്ത വർഷം പരിശുദ്ധാത്മസ്നാനം പ്രാപിക്കുകയും ചെയ്തു. 1933–ൽ കോട്ടയത്തിനു സമീപം തോട്ടയ്ക്കാട് എന്ന സ്ഥലത്ത് പോയി പ്രവർത്തിച്ചു. ദീർഘവർഷങ്ങൾ ഐ.പി.സി. റാന്നി സെന്ററിന്റെ ശുശ്രൂഷകനായി അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. കൂടാതെ, കോഴിക്കോട്, തൃശ്ശൂർ കുന്നംകുളം തുടങ്ങിയ പ്രദേശങ്ങളിലും പ്രവർത്തിച്ചിട്ടുണ്ട്. കാശ്മീർ മുതൽ ആസ്സാം വരെ സൈക്കിളിൽ സഞ്ചരിച്ച് സുവിശേഷമറിയിച്ചു. ശ്രീലങ്ക, ആൻഡമാൻസ്, മലയാ തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ചിട്ടുണ്ട്. 1964 മാർച്ച് 30നു കർത്താവിൽ നിദ്രപ്രാപിച്ചു. ഏക പുത്രൻ ജോർജ്ജ് കുര്യൻ സുവിശേഷകനാണ്.*

മായും അഭേദ്യമായ ബന്ധമുണ്ടായിരുന്നു. 1929–ൽ കുക്ക് സായ്പും അദ്ദേഹത്തോടു ചേർന്നു നിന്ന സഭകളും സായ്പിനോടൊപ്പമുണ്ടായിരുന്ന നാട്ടുകാരായ പ്രവർത്തകരുടെ താൽപര്യപ്രകാരം, അസംബ്ലീസ് ഓഫ് ഗോഡുമായുള്ള ബന്ധം വിച്ഛേദിച്ചു. അന്നു മുതൽ മലങ്കരയിൽ ആദ്യമായി അന്യോന്യസഹകരണ ബന്ധമില്ലാത്ത രണ്ട് പെന്തെക്കോസ്ത് സഭകളുണ്ടായി. അസംബ്ലീസ് ഓഫ് ഗോഡും, കുക്ക് സായ്പിന്റെ മലങ്കര പെന്തെക്കോസ്ത് സഭയും.

കാര്യങ്ങൾ അവിടംകൊണ്ടും തീർന്നില്ല. മാസങ്ങൾക്കുള്ളിൽ മലങ്കര പെന്തെക്കോസ്ത് സുവിശേഷ സഭയിൽ വീണ്ടും ഒരു പിളർപ്പുണ്ടായി. കുക്ക് സായ്പിനെ ഒറ്റപ്പെടുത്തിക്കൊണ്ട്, നാട്ടുകാരായ പ്രവർത്തകരിൽ നല്ലൊരു പങ്ക് ആളുകളും പാസ്റ്റർ കെ.ഇ.ഏബ്രഹാമിന്റെ നേതൃത്വത്തിൽ മലങ്കര പൂർണ്ണ സുവിശേഷ സഭ വിട്ടുപോയി. സായ്പിനോടു ചേരുന്നതിനുമുമ്പ് അവരറിയപ്പെട്ടിരുന്ന 'തെന്നിന്ത്യാ പെന്തെക്കോസ്ത് സഭ' എന്ന പേരു വീണ്ടെടുത്തുകൊണ്ട് പുതിയൊരു സഭയായി അവർ നിലകൊണ്ടു.

കുക്ക് സായ്പിനു ഒരു മടങ്ങിപ്പോക്ക് അസാധ്യമായിരുന്നു. എ.ജി. ബന്ധം വിച്ഛേദിച്ചപ്പോൾ അദ്ദേഹം 'സുവിശേഷ പ്രഭാഷകനിൽ' നടത്തിയ പ്രസ്താവനകൾ കൗൺസിലുമായി വീണ്ടുമൊരു യോജിപ്പിനുള്ള എല്ലാ പഴുതുകളും അടച്ചുകൊണ്ടുള്ളതായിരുന്നു. അതുകൊണ്ട്, തന്നോടൊപ്പം നിന്ന സഭകളെ അദ്ദേഹം 'മലങ്കര പൂർണ്ണ സുവിശേഷ സഭ' എന്ന പേരിൽ ഒരു സ്വതന്ത്ര സംഘമാക്കി നിലനിർത്തി.

അങ്ങനെ 1930–ഓടെ മലങ്കരയിൽ വ്യത്യസ്ഥവും സ്വതന്ത്രവുമായ മൂന്ന് പെന്തെക്കോസ്ത് സഭകളുണ്ടായി.

*ഒന്ന്.* അമേരിക്കൻ ജനറൽ കൗൺസിലിന്റെ കീഴിലുള്ള അസംബ്ലീസ് ഓഫ് ഗോഡ്.

*രണ്ട്.* കുക്ക് സായ്പിന്റെ കീഴിൽ വിദേശമിഷനുകളുമായി ബന്ധമില്ലാത്ത മലങ്കര പൂർണ്ണസുവിശേഷ സഭ.

*മൂന്ന്.* സ്വദേശിയരായ പ്രവർത്തകരുടെ നേതൃത്വത്തിൽ കീഴിൽ, വിദേശ ബന്ധങ്ങളില്ലാത്ത തെന്നിന്ത്യാ പെന്തെക്കോസ്ത് ദൈവസഭ.

**പുതിയ സഭകളുടെ വളർച്ച**

സഭകൾ വേർതിരിഞ്ഞ് പ്രവർത്തിച്ചു തുടങ്ങിയപ്പോൾ പ്രവർത്തനം കൂടുതൽ വിപുലമാവുകയാണുണ്ടായത്. ഇതിൽ നേട്ടം കൊയ്തത് തെന്നിന്ത്യാ പെന്തെക്കോസ്ത് സഭയാണ് എന്നുതന്നെ പറയാം. കുക്ക് സായ്പിൽ നിന്ന് വേർപെട്ടപ്പോൾ അവർക്ക് സിലോൺ പെന്തെക്കോസ്ത് മിഷനിലെ പാസ്റ്റർ പോളിനെ കൂട്ടാളിയായിക്കിട്ടി. പാസ്റ്റർ പോൾ സഹകരിക്കുന്നുവെന്നറിഞ്ഞ്, പാസ്റ്റർ പി.എം. സാമുവലും, തെക്കൻ തിരുവിതാംകൂറിലെ കൊച്ചുകുഞ്ഞു സന്യാസിയും തെന്നിന്ത്യാ സഭയോടു യോജിച്ചു. ഇതെല്ലാം മറ്റു രണ്ടു സഭകളെക്കാൾ പെട്ടെന്ന് വളർച്ചയുടെ പടവുകൾ ചവട്ടിക്കയറാൻ തെന്നിന്ത്യാ സഭയെ സഹായിച്ചു.

പ്രാഗൽഭ്യം തെളിയിച്ച സുവിശേഷകരായിരുന്നു അന്ന് സഭാപ്രവർത്തകർ. അവരിൽ കെ.സി. ചെറിയാൻ, മലബാറിലേക്കും, പി.എം. സാമുവൽ തമിഴ്നാട്ടിലേക്കും പെന്തെക്കോസ്ത് ദൂതുമായി യാത്രയായി. തെക്കൻ തിരുവിതാംകൂറിലെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചത് കൊച്ചുകുഞ്ഞു സന്യാസിതന്നെയായിരുന്നു. കെ.ഇ. ഏബ്രഹാം, പൊടിമല മത്തായിച്ചൻ, ചേത്തയ്ക്കൽ കീവറീച്ചൻ തുടങ്ങിയവർ മദ്ധ്യതിരുവിതാംകൂറിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തു.

**സ്വത്തുക്കൾ വിറ്റ് സുവിശേഷ വേലയ്ക്കിറങ്ങിയവർ**


സുവിശേഷകർ വിറ്റവരും വിട്ടവരുമായിരിക്കണമെന്ന പാസ്റ്റർ പോളിന്റെ ഉപദേശം തെന്നിന്ത്യാ സഭയിലെ പല സുവിശേഷകർക്കു ആവേശമായി. ദൈവവചനപ്രകാരമുള്ള അപ്പൊസ്തോലിക വിശ്വാസ ജീവിതത്തിനായി തീരമാനമെടുത്ത പലരും തങ്ങളുടെ സ്വത്തുക്കൾ വിറ്റ് സഭാനേതൃത്വത്തെ ഏൽപിച്ചു.

വടക്കൻ തിരുവിതാംകൂറിൽ വാളകത്ത് താമസിച്ചു പ്രവർത്തിച്ചിരുന്ന വെട്ടിയാറ്റ് കെ.സി. ചെറിയാനും ഭാര്യ റാഹേലമ്മയും, വെട്ടിയാറ്റ് റാഹേലമ്മയ്ക്ക് സ്ത്രീധനമായിക്കിട്ടിയിരുന്ന ചക്രപ്പുര എന്ന പുരയിടത്തിന്റെ ഓഹരി വിറ്റ് ആ പണം കുമ്പനാട്ടു കൊണ്ടുവന്ന് കർത്താവിന്റെ വേലയ്ക്കുവേണ്ടി ഉപയോഗിക്കാൻ കെ. ഇ. ഏബ്രഹാമിനെ ഏൽപിച്ചു. അതായിരുന്നു അവർക്കുണ്ടായിരുന്ന ആകെ സ്വത്ത്.

റാന്നിയിലെ പാസ്റ്റർ പി.ഒ. തോമസ് (പുതുപ്പറമ്പിൽ തോമ്മാച്ചൻ) തന്റെ വസ്തു വിറ്റ് ആ പണം ആറാമട സഭയുടെ പ്രവർത്തനങ്ങൾക്കായി കൊച്ചുകുഞ്ഞു സന്യാസിയെ ഏൽപ്പിച്ചു. (ആറാമടയിൽ ആദ്യം സുവിശേഷവുമായെത്തിയ വ്യക്തികളിലൊരാളായിരുന്നു തോമ്മാച്ചൻ. അദ്ദേഹത്തിന്റെയുംകൂടെ പ്രവർത്തനഫലമായാണ് ആറാമട സഭ സ്ഥാപിതമാവുന്നത്.)

തന്റെ മുഴുവൻ സ്വത്തുക്കളും കർത്ത്യവേലയ്ക്കായി എഴുതിക്കൊടുത്ത മറ്റൊരു പ്രഗത്ഭനായ സുവിശേഷകനായിരുന്നു കൊടുന്തറ ഉമ്മച്ചൻ. ഇപ്പോൾ കുമ്പനാട് എലീം ഹോളിരിക്കുന്ന സ്ഥലം അദ്ദേഹത്തിന്റെ കുടുംബസ്വത്തായിരുന്നു. കുമ്പനാട് ചർച്ച് ഓഫ് ഗോഡിന്റെ സ്ഥലവും അദ്ദേഹത്തിന്റെ വകയായിരു

*പാസ്റ്റർ ഡി. ലാസർ*



*പാസ്റ്റർ സി. മനാശ്ശെ നെടുമങ്ങാട് താലൂക്കിൽ കൊണ്ണിയൂരിൽ സ്നാനപ്പെടുത്തിയ ആദ്യത്തെ അഞ്ചു വിശ്വാസികളിൽ ഒരാളായിരുന്നു പാസ്റ്റർ ഡി. ലാസർ. 1927 മുതൽ 26 വർഷം കൊണ്ണിയൂർ സഭയുടെ ശുശ്രൂഷകനായിരുന്നു. കൂടാതെ നെടുങ്കുഴി, കണ്ണമ്പള്ളി, ഉറിയാക്കോട് സഭകളിലും ശുശ്രൂഷിച്ചു. 1965-ൽ സജീവ ശുശ്രൂഷയിൽ നിന്നും വിരമിച്ചു. 1974 ഒക്ടോബർ 22നു കർത്താവിൽ നിദ്രപ്രാപിച്ചു.*

ന്നു. (അതു പിന്നീട് കുക്ക് സായ്പ് കെ.സി. ഉമ്മനോട് വിലയ്ക്കു വാങ്ങി.) ഈ രണ്ടു വസ്തുക്കളും വിറ്റ് കിട്ടിയ പണം സുവിശേഷവേലയ്ക്കുവേണ്ടി ഉപയോഗിച്ചു. പിന്നീട് താമസിച്ചിരുന്നത് ഇപ്പോഴുള്ള ഹെബ്രോൻപുരത്തെ സിസ്റ്റേഴ്സ് ഡോർമിറ്ററിയുടെ ഭാഗത്ത് തന്റെ സ്വന്തം സമ്പാദ്യമായ 85 സെന്റ് സ്ഥലത്തായിരുന്നു. തന്റെ പിതൃസ്വത്ത് കർത്താവിന്റെ വേലയ്ക്കായി വിനിയോഗിച്ചതുപോലെ തന്നെ സ്വന്തം സ്വത്തും വിറ്റ് ദൈവവേലയ്ക്കായി കൊടുക്കണമെന്ന് ഉമ്മച്ചൻ തീരുമാനിച്ചു. ഈ വിവരം അദ്ദേഹം കെ.ഇ. ഏബ്രഹാമിനെ അറിയിച്ചു. എന്നാൽ ആ സ്ഥലം വിറ്റ് അതിന്റെ പണം നൽകുന്നതിനെക്കാൾ, സ്ഥലമായിത്തന്നെ സഭയക്ക് കൊടുക്കുന്നതാവും കൂടുതൽ ഉത്തമമെന്ന് കെ. ഇ. ഏബ്രഹാം ആലോചന പറഞ്ഞു. അങ്ങനെ കെ.സി. ഉമ്മൻ തന്റെ അവസാനത്തെ സ്വത്തും സുവിശേഷവേലയ്ക്കുവേണ്ടി എഴുതിക്കൊടുത്തു. ഇപ്പോഴത്തെ വിശാലമായ ഹെബ്രോൻ പുരത്തിനു ആടിസ്ഥാനമായിത്തീർന്നത് ആ വസ്തുവാണ്. (കെ.ഇ. ഏബ്രഹാം, യേശുക്രിസ്തുവിന്റെ എളിയദാസൻ, പേജ് 222, 223)

### തെന്നിന്ത്യാ സഭ സി.പി.എം. ബന്ധം വിടുന്നു

കുക്ക് സായ്പുമായുള്ള വിയോജനത്തിനുശേഷം തെന്നിന്ത്യാസഭ പാസ്റ്റർ പോളുമായുള്ള സഹകരണത്തിലാണ് പൊയ്ക്കൊണ്ടിരുന്നത്.

സിലോൺ പെന്തെക്കോസ്ത് മിഷനിൽ പാസ്റ്റർ ആൽവിൻ.ഡി.ആൽവിസ് പ്രബലനായിത്തീർന്നതോടെ ഉപദേശങ്ങളിലും പല വ്യത്യാസങ്ങളും ആ സഭയിൽ കടന്നുകൂടി. ആൽവിൻ സിലോണിലെ ഒരു പ്രഭു കുടുംബത്തിൽ ജനിച്ച് ഉന്നത വിദ്യാഭ്യാസം നേടിയ ഒരു കോളേജ് അദ്ധ്യാപകനായിരുന്നു. അസാമാന്യ ബുദ്ധിശാലിയായിരുന്ന ആൽവിൻ വേദപുസ്തക വാക്യങ്ങളുടെ തലനാരിഴകീറി, യുക്തിബോധത്തോടെ ഉപദേശങ്ങൾ സ്ഥാപിച്ചു.

“ശുശ്രൂഷകർ അഭിഷിക്തരായിരിക്കണമെന്നും അഭിഷിക്തരല്ലാത്തവരുടെ കൈക്കീഴിൽ സ്നാനപ്പെട്ടവർ പുനർസ്നാപനം സ്വീകരിക്കേണ്ടതാണെന്നുമായിരുന്നു സി.പി.എം. നവ ഉപദേശം. ഈ ഉപദേശമനുസരിച്ച് അന്യഭാഷ അടയാളത്തോടെ പരിശുദ്ധാത്മസ്നാനം പ്രാപിച്ചിട്ടില്ലാത്ത ഒരാൾക്ക് ശുശ്രൂഷകനാകുവാൻ അവകാശമില്ല. ആത്മസ്നാനം അംഗീകൃതവുമല്ല.

ഈ വാദഗതി അംഗീകരിച്ചാൽ തെന്നിന്ത്യാ സഭയിലെ പല നേതാക്കളും

പുനർസ്നാപനം സ്വീകരിക്കേണ്ടിവരുമായിരുന്നു. പാസ്റ്റർ കെ.ഇ. ഏബ്രഹാമിനെ സ്നാനപ്പെടുത്തിയ കെ.വി.സൈമൺ അന്യഭാഷ അടയാളത്തോടെ ആത്മസ്നാനം പ്രാപിച്ച വ്യക്തി അല്ലായിരുന്നല്ലോ. അതുപോലെ ആറാമട കൊച്ചുകുഞ്ഞു സന്യാസിയെ കെ.ഇ. ഏബ്രഹാം സ്നാനപ്പെടുത്തുമ്പോൾ അദ്ദേഹവും ആത്മസ്നാനം പ്രാപിച്ചിരുന്നില്ല. ഇവരൊക്കെ വീണ്ടും സ്നാനപ്പെടണമെന്നായിരുന്നു ആൽവിന്റെ നിർദ്ദേശം. എന്നാൽ കെ.ഇ. ഏബ്രഹാമിനെയും കൊച്ചുകുഞ്ഞു സന്യാസിയെയും ഓർഡെയ്ൻ ചെയ്തപ്പോൾ ഇക്കാര്യം ഓർക്കാഞ്ഞതെന്തെന്ന് തെന്നിന്ത്യാ നേതാക്കൾ തിരിച്ചു ചോദിച്ചു. എന്നുതന്നെയല്ല, പാസ്റ്റർ പോളിനെ സ്നാനപ്പെടുത്തിയ പാസ്റ്റർ ക്ലിഫോർഡ് അഭിഷിക്തനായ പെന്തെക്കോസ്തുകാരനായിരുന്നെങ്കിൽത്തന്നെ ക്ലിഫോർഡിന്റെ സ്നാപകൻ ആത്മസ്നാനം പ്രാപിച്ചിട്ടില്ലാത്ത ഒരു ബാപ്റ്റിസ്റ്റുകാരാനായിരുന്നെന്നും അവർ ചൂണ്ടിക്കാട്ടി.

ഈ വിഷയത്തെപ്പറ്റി പാസ്റ്റർ കെ.ഇ. ഏബ്രഹാമും പാസ്റ്റർ ആൽവിനും, തമ്മിൽ തുടരെ എഴുത്തുകുത്തുകൾ നടന്നു. പാസ്റ്റർ ആൽവിനു എല്ലാറ്റിനും അദ്ദേഹത്തിന്റേതായ ന്യായങ്ങളുണ്ടായിരുന്നു. എന്നാൽ തെന്നിന്ത്യാ നേതാക്കൾക്ക് അതിൽ തിരുവചനാടിസ്ഥാനം കണ്ടെത്താൻ കഴിഞ്ഞില്ല.

ഈ വിഷയങ്ങൾ ഒരു കൂടിയാലോചനയിലൂടെ പരിഹരിക്കാമെന്നും എഴുത്തുകുത്തുകൾ നിർത്തിവയ്ക്കണമെന്നും പാസ്റ്റർ പോൾ കെ.ഇ. ഏബ്രഹാമിനെ എഴുതി അറിയിച്ചു. എന്നാൽ പല കാരണങ്ങളാൽ അങ്ങനെയൊരു സമ്മേളനം നടന്നില്ല. ഒടുവിൽ, "തുടർന്ന് സിലോൺ പെന്തെക്കോസ്ത് മിഷനുമായുള്ള സഹകരണം ആഗ്രഹിക്കുന്നില്ല'' എന്നു കാണിച്ച് കെ. ഇ. ഏബ്രഹാം പാസ്റ്റർ പോളിനു കത്തയച്ചു. അങ്ങനെ 1930 മുതൽ 3 വർഷം നീണ്ടുനിന്ന സി.പി.എം. ബന്ധം 1933-ൽ തെന്നിന്ത്യാസഭ വിച്ഛേദിച്ചു.

### സഭകൾ വ്യവസ്ഥാപിതരൂപം പ്രാപിക്കുന്നു.

ആദ്യകാലത്ത് സഭ വ്യവസ്ഥാപിത സംഘങ്ങളാവുന്നതിനെ മിക്കവാറുമെല്ലാ പെന്തെക്കോസ്ത് പ്രവർത്തകരും എതിർത്തിരുന്നു. എന്നാൽ കാലക്രമേണ സഭ വളർച്ച പ്രാപിച്ചപ്പോൾ സാമൂഹ്യ തലത്തിലും ഗവൺമെന്റ് തലത്തിലും അതിന്റെ ബന്ധം സൂക്ഷിക്കാൻ സഭയ്ക്ക് ഒരു സംഘടിത രൂപം അത്യന്താപേക്ഷിതമാണെന്ന് പലരും അംഗീകരിച്ചു.

### അസംബ്ലീസ് ഓഫ് ഗോഡ്

1914-ൽ അമേരിക്കയിൽ എ.ജി. അതിന്റെ ജനറൽ കൗൺസിൽ രൂപീകരിക്കുമ്പോൾ മുതൽ ഒരു സംഘടിത സംഘമായാണ് പ്രവർത്തിച്ചിരുന്നത്. ഇന്ത്യയിൽ എ.ജി.മിഷനറിയായെത്തിയ ക്രിസ്ത്യൻ ഷൂൺ മേക്കർ 1918-ൽ സഹാരൻപുരിൽ 'ഇന്ത്യാ അസംബ്ലീസ് ഓഫ് ഗോഡ്' രൂപീകരിച്ച് ഇന്ത്യയിലെ എല്ലാ പെന്തെക്കോസ്ത് സഭകളെയും അതിന്റെ കീഴിൽ കൊണ്ടുവരാൻ പരിശ്രമിച്ചു. ഷൂൺ മേക്കർ 1919-ൽ മരിച്ചത് ഈ സംഘടനയുടെ വളർച്ചയെ സാരമായി ബാധിച്ചു. അദ്ദേഹത്തിന്റെ അഭാവത്തിൽ എ.ജി.യുടെ അമേരിക്കൻ കൗൺസിലിനോടു നേരിട്ടു ബന്ധമില്ലാതിരുന്ന മിഷനറിമാർ സംഘടനയുടെ അംഗത്വം നിക്ഷേധിച്ചു. പിന്നീട് ആ സംഘടന എ.ജി. മിഷനറിമാരുടെ മാത്രം കൂട്ടായ്മയായിമാറി.

1929-ലാണ് അസംബ്ലീസ് ഓഫ് ഗോഡ് അതിന്റെ ദക്ഷിണേന്ത്യാ സിലോൺ കൗൺസിൽ രൂപീകരിക്കുന്ന

ത്. അതുവരെ വിവിധ സ്ഥലങ്ങളിലെ എ.ജി. മിഷനറിമാർ ഓരോരുത്തരും അമേരിക്കൻ കൗൺസിലിനോടു നേരിട്ട് ഉത്തരവാദിത്തപ്പെട്ടിരിക്കയും അതേസമയം സ്വതന്ത്രനിലയിൽ അന്യോന്യ സഹകരണം പുലർത്തുകയുമേ ചെയ്തിരുന്നുള്ളൂ. ഈ കൗൺസിൽ രൂപീകരണത്തോടെ കൂടുതൽ ഔദ്യോഗിക നിലയിൽ അവർ ബന്ധിപ്പിക്കപ്പെട്ടു. മിഷനറിമാർ അവർക്കു നൽകിയിരിക്കുന്ന ഭൂപരിധിക്കുള്ളിൽ പ്രവർത്തനം നിയന്ത്രിക്കണമെന്നും അന്യോന്യമുള്ള ഭൂമിശാസ്ത്രപരമായ കടന്നാക്രമണങ്ങൾ ഒഴിവാക്കണമെന്നും കൗൺസിൽ നിർദ്ദേശിച്ചു. പ്രവർത്തന പദ്ധതികളെപ്പറ്റിയുള്ള കൂടിയാലോചനകളും വിശദമായ റിപ്പോർട്ടുകളും നിർബന്ധമാക്കി. (ഈ നിർദ്ദേശങ്ങളോട് നിസ്സഹകരണം പ്രഖ്യാപിച്ചുകൊണ്ടാണ് റവ. ആർ.എഫ്. കുക്ക് 1929-ൽ എ.ജി.ബന്ധം ഉപേക്ഷിക്കുന്നത്.)

1947 വരെ പ്രാദേശികതലത്തിലെ തീരുമാനങ്ങൾക്ക് സ്വദേശീയ പ്രവർത്തകർ മിഷനറിമാരോടും മിഷനറിമാർ കൗൺസിലിനോടും ഉത്തരവാദിത്തപ്പെട്ട ഒരു ഭരണസംവിധാനമായിരുന്നു കേരളത്തിലെ അസംബ്ലീസ് ഓഫ് ഗോഡിൽ നിലവിലിരുന്നത്. 1947-ൽ 'മലയാളം ഡിസ്ട്രിക്ട്' രൂപികരിക്കപ്പെട്ടതോടെ ഉത്തരവാദിത്തം ഡിസ്ട്രിക്ട് സമിതിക്കായി. പാസ്റ്റർ എ.സി. സാമുവലായിരുന്നു അതിന്റെ സൂപ്രണ്ട്. അതേ വർഷം തന്നെ മഹാരാഷ്ട്രാ, കർണ്ണാടക, തമിഴ്നാട്, കേരളം എന്നീ സ്റ്റേറ്റുകളിലെ അസംബ്ലീസ് ഓഫ് ഗോഡ് ഡിസ്ട്രിക്ടുകൾ ഒന്നുചേർന്ന് സൗത്ത് ഇന്ത്യാ അസംബ്ലീസ് ഓഫ് ഗോഡ് എന്ന സംഘവും നിലവിൽ വന്നു.

### ഐ.പി.സി. രജിസ്ട്രേഷൻ

തെന്നിന്ത്യാ പെന്തക്കോസ്ത് സഭയുടെ പ്രവർത്തനം കേരളത്തിന്റെ വിവിധ ഭാഗങ്ങളിലും തമിഴ്നാട്ടിലും ശക്തിപ്രാപിക്കുകയും പല സ്ഥലങ്ങളിലും സഭകൾ സ്ഥാപിക്കപ്പെടുകയും ചെയ്തതോടെ പ്രവർത്തനത്തിന്റെ ഏകീകരണത്തിനും സഭയുടെ ക്രമീകരണത്തിനുമായി ഒരു ഭരണസമിതി രൂപീകരിക്കണമെന്ന് പ്രവർത്തകരിൽനിന്ന് നിർദ്ദേശമുണ്ടായി. 1933 ജൂൺ 5 നു കുമ്പനാട് നടന്ന ഒരു പ്രതിപുരുഷ യോഗത്തിൽ തെന്നിന്ത്യാ പെന്തെക്കോസ്ത് ദൈവസഭാ മിനിസ്റ്റേഴ്സ് കൗൺസിൽ രൂപീകരിക്കപ്പെട്ടു. പതിന്നാലു പേർ അംഗങ്ങളായുണ്ടായിരുന്ന കൗൺസിലിന്റെ ആദ്യത്തെ പ്രസിഡണ്ടായി പാസ്റ്റർ പി.എം. സാമുവലിനെ തെരഞ്ഞെടുത്തു. ആ വർഷം തന്നെ ഡിസംബർ 20നു കുമ്പനാട്ട് കെ.സി. ഉമ്മൻ സഭയ്ക്ക് ദാനമായി നൽകിയ സ്ഥലം സഭാകേന്ദ്രമായി കാണിച്ച് ആറന്മുള രജിസ്റ്റർ കച്ചേരിയിൽ കൗൺസിൽ ഉടമ്പടി രജിസ്റ്റർ ചെയ്തു. (പാസ്റ്റർ കെ. ഇ. ഏബ്രഹാം, യേശുക്രിസ്തുവിന്റെ എളിയദാസൻ, പേജ്244).

തെന്നിന്ത്യാ സഭയുടെ പ്രവർത്തനങ്ങൾ തെക്കെ ഇന്ത്യയ്ക്ക് പുറത്തുള്ള സംസ്ഥാനങ്ങളിലേക്കും വ്യാപിച്ചു തുടങ്ങിയതോടെ സഭയുടെ പേര് 'ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ' എന്നാക്കി.

"അനന്തരം തന്നാണ്ട് (1934 ഏപ്രിൽ 9) പ്രസിഡണ്ട് പി.എം. സാമുവലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ കൗൺസിൽ മീറ്റിംഗിൽ അത് പാസ്സാക്കി സ്ഥിരീകരിക്കുകയും അപ്പോൾ മുതൽ സഭാനാമം 'ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ' എന്നു മലയാളത്തിലും, ഇംഗ്ലീഷിൽ 'The Indian Pentecostal Church of God' എന്നും സംക്ഷിപ്ത നാമം "ഐ. പി.സി.' എന്നും നടപ്പിലാക്കുകയും ചെയ്തു." (യേശുക്രിസ്തുവിന്റെ എളിയ ദാസൻ, പേജ് 248)

അന്ന് തിരുവിതാംകൂറിൽ സഭകൾ രജിസ്റ്റർ ചെയ്യുന്നത് സാധാരണമായിരുന്നില്ല. ശ്മശാനസ്ഥലങ്ങൾ അനുവദിച്ചു കിട്ടുക, പാസ്റ്റേഴ്സിനു വിവാഹ ലൈസൻസ് ലഭിക്കുക എന്നിത്യാദി കാര്യങ്ങളുടെ സുസാധ്യതയ്ക്ക് ബ്രിട്ടീഷ് ഇന്ത്യയിൽ സഭ രജിസ്റ്റർ ചെയ്യേണ്ടിയിരുന്നു. അതനുസരിച്ച് 1935–ൽ ആന്ധ്രാപ്രദേശിലെ എല്ലൂരിൽ വച്ച് സൊസൈറ്റി ആക്ട് പ്രകാരം ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ രജിസ്റ്റർ ചെയ്തു. രജിസ്ട്രേഷൻ നടക്കുമ്പോൾ പാസ്റ്റർ പി.എം. സാമുവലായിരുന്നു ഐ.പി.സി.യുടെ പ്രസിഡണ്ട്.

രജിസ്ട്രേഷൻ സമയത്ത് മാനേജിംഗ് ബോഡി അംഗങ്ങൾ താഴെപ്പറയുന്നവരാണ്.

പാസ്റ്റർ പി.എം. സാമുവൽ (പ്രസിഡണ്ട്), പാസ്റ്റർ കെ. സി. ചെറിയാൻ (വൈസ് പ്രസിഡണ്ട്), പാസ്റ്റർ പി.റ്റി. ചാക്കോ (സെക്രട്ടറി), പാസ്റ്റർ കെ.ഇ. ഏബ്രഹാം, പാസ്റ്റർ റ്റി. കൊച്ചു കുഞ്ഞ്, പാസ്റ്റർ കെ.സി.ഉമ്മൻ, പാസ്റ്റർ പി. റ്റി. മാത്യു, പാസ്റ്റർ വി.വി.തോമസ്, പാസ്റ്റർ പി.ഒ. തോമസ്, പാസ്റ്റർ റ്റി.ജി. ഉമ്മൻ, പാസ്റ്റർ പി.റ്റി. വർഗീസ്, പാസ്റ്റർ കെ.എം. സഖറിയ, സുവിശേഷകൻ റ്റി.വി. ഐസക്ക്, സുവി. പി.എം. തോമസ്, സുവി. ഇ.കെ. ജോൺ, സുവി. എം. സൈമൺ. (പാസ്റ്റർ റ്റി.ജി. ഉമ്മൻ, ഐ. പി.സി.യും 50 വർഷത്തെ സേവന ചരിത്രവും. പേജ് 151, 152)

1936 ജനുവരി 14 നു കുമ്പനാട് സഭാകേന്ദ്രത്തിൽ ഐ.പി.സി. പ്രസിഡണ്ട് പാസ്റ്റർ പി.എം. സാമുവലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ കൗൺസിലിന്റെ മുമ്പാകെ രജസിട്രേഷൻ മെമ്മോറാണ്ടം സമർപ്പിക്കുകയും അത് കൗൺസിൽ അംഗീകരിക്കുകയും ചെയ്തു. ആ യോഗത്തിൽ വച്ച്

***പാസ്റ്റർ സി.പി.തോമസ്***

*1895–ൽ ജനിച്ച പാസ്റ്റർ സി.പി. തോമസ് (പള്ളത്തു തോമാസാർ) പത്തനംതിട്ട വെട്ടിപ്പുറത്തു താമസിച്ച് സി.എം.എസ്. സ്കൂളിൽ പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ രക്ഷിക്കപ്പെട്ടു. 1930–ൽ സ്നാനപ്പെട്ട് പരിശുദ്ധാത്മ സ്നാനം പ്രാപിച്ചു. സുവിശേഷവേലയ്ക്ക് വിളിയുണ്ടായ തോമസ് ആദ്യകാലത്ത് കുക്ക് സായ്പുമായി ചേർന്ന് പള്ളം, കോട്ടയം തുടങ്ങിയ സ്ഥലങ്ങളിൽ പ്രവർത്തിച്ചു. 1933–ൽ ഐ.പി.സി.യുടെ കൂട്ടായ്മയിൽ വന്നു. 1940–ൽ ആന്ധ്രയിൽ ഏലൂരിലേക്കു സുവിശേഷവേലയ്ക്കായി പോയി. ചില വർഷങ്ങൾക്കുശേഷം നാട്ടിൽ മടങ്ങിവന്നു. പാസ്റ്റർ തോമസ് 40 വർഷങ്ങൾ കർത്താവിന്റെ വേലയിലായിരുന്നു. 1947 മാർച്ചിൽ തന്റെ 79–ാമത്തെ വയസ്സിൽ നിത്യവിശ്രമത്തിലേക്കു പ്രവേശിച്ചു.*

അടുത്ത വർഷത്തെ പ്രസിഡണ്ടായി പാസ്റ്റർ കെ.ഇ. ഏബ്രഹാം തെരഞ്ഞെടുക്കപ്പെട്ടു. (കെ.ഇ. ഏബ്രഹാം, യേശുക്രിസ്തുവിന്റെ എളിയദാസൻ, പേജ് 260).

**കുക്ക് സായ്പ് ചർച്ച് ഓഫ് ഗോഡുമായി യോജിക്കുന്നു**

1929–ൽ അസംബ്ലീസ് ഓഫ് ഗോഡുമായുള്ള ബന്ധം വിട്ടശേഷം കുക്ക് സായ്പ്, അദ്ദേഹത്തിന്റെ ആദ്യകാലത്തിലെന്നപോലെ, സ്വതന്ത്രനായി പ്രവർത്തനം തുടർന്നു. എന്നാൽ ഒരു വർഷം തികയും മുമ്പ് സഹപ്രവർത്തകരായിരുന്ന തെന്നിന്ത്യാ നേതാക്കളും തന്നെ വിട്ടുപോയി. അമേരിക്കൻ കൗൺസിലിന്റെയും സ്വദേശീയ പ്രവർത്തകരുടെയും സഹകരണം ഒറ്റയടിക്കു നിലച്ചത് അദ്ദേഹത്തിനു വലിയൊരു പ്രഹരമായി. സാമ്പത്തികമായും ഇതദ്ദേഹത്തെ തളർത്തിക്കളഞ്ഞു.

"പണദൗർലഭ്യം മൂലം ഞങ്ങളുടെ കുട്ടികളെത്തന്നെ സ്കൂളിലയ്ക്കാതെ

### *പാസ്റ്റർ എം. വി. ചാക്കോ*
*(മുണ്ടിയപ്പള്ളി ചാക്കോച്ചൻ)*



*മുണ്ടിയപ്പള്ളി മഠത്തിൽ 1909-ൽ ജനിച്ച എം.വി. ചാക്കോ 22-ാം വയസ്സിലാണ് രക്ഷാ നിർണ്ണയം പ്രാപിക്കുന്നത്. കുറേനാളുകൾ അദ്ദേഹം ജോർജ്ജ് കാക്കനാടൻ ഉപദേശിയുമായി ചേർന്നു പ്രവർത്തിച്ചിരുന്നു. 1933-ൽ കുമ്പനാട് ഹെബ്രോൻ ബൈബിൾ സ്കൂളിൽ ചേർന്ന് പഠിച്ച ചാക്കോച്ചൻ ആത്മസ്നാനം പ്രാപിച്ച് പെന്തെക്കോസ്തു സുവിശേഷകനായി. കേരളത്തിന്റെ വിവിധ സ്ഥലങ്ങളിൽ വളരെ കഷ്ടതയോടെ സുവിശേഷ പ്രവർത്തനം ചെയ്ത ചാക്കോച്ചൻ പല സ്ഥലങ്ങളിലെയും പെന്തെക്കോസ്ത് പ്രവർത്തനങ്ങളുടെ പ്രാരംഭകനാണ്. സിംഗപ്പൂർ ഇന്ത്യാപെന്തെക്കോസ്ത് ദൈവസഭയുടെ ശുശ്രൂഷകനായും അദ്ദേഹം ചില വർഷങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോൾ നിത്യതയിൽ വിശ്രമിക്കുന്നു.*

ഞങ്ങളോടുകൂടെ താമസിപ്പിച്ചിരിക്കയാണ്. സ്കൂളിൽ കൊടുത്തു തീർക്കേണ്ട തുകയ്ക്കു പുറമേ, വേറെ ഒരു കടംകൂടെയുണ്ടാക്കി. അത് വർദ്ധിപ്പിക്കണം എന്ന് ഞങ്ങൾ ആഗ്രഹിക്കുന്നില്ല. എന്നാൽ പെട്ടെന്നുതന്നെ ഈ വിഷമസ്ഥാനത്ത് നിന്ന് ഞങ്ങളെ വിടുവിപ്പാൻ ഞങ്ങളുടെ ദൈവത്തിനു പ്രാപ്തിയുണ്ടെന്നു ഞങ്ങൾക്കറിയാം." (ആർ. എഫ്. കുക്ക്, പത്രാധിപലേഖനം, സുവിശേഷ പ്രഭാഷകൻ, വാല്യം 4, ലക്കം 6,7. ജനു. ഫെബ്രു.1930).

സ്വന്തം കാര്യത്തിലെ ഈ സാമ്പത്തിക ബുദ്ധിമുട്ട് സഭാപ്രവർത്തനത്തെയും കാര്യമായി ബാധിച്ചു. വിഭജന കാലത്ത് കുക്ക് സായ്പിനോടൊപ്പം നിന്ന പല സഭകളും സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളതായിരുന്നതിനാൽ അവയുടെ വളർച്ചയ്ക്ക് പണസഹായം ചെയ്യേണ്ടത് അത്യാവശ്യമായിരുന്നു. വർഷങ്ങൾ കഴിയുംതോറും കെട്ടുറപ്പുള്ള ഒരു സംഘവുമായി ബന്ധപ്പെടേണ്ട ആവശ്യകത കുക്ക് സായ്പിനും സഹപ്രവർത്തകർക്കും ബോധ്യമായിത്തുടങ്ങി. എന്നാൽ അസംബ്ലീസ് ഓഫ് ഗോഡ് ഒഴികെയുള്ളൊരു സംഘം മൂന്നാം ലോകത്തെ സുവിശേഷപ്രവർത്തനത്തിൽ ഉത്സുകരായുണ്ടെന്ന് കുക്ക് സായ്പിനു അറിവില്ലായിരുന്നു.

"ഞങ്ങളെ മഥിച്ച ചോദ്യം ഇതായിരുന്നു. സഭാപ്രവർത്തനത്തിൽ ഇന്ത്യക്കാരെ സമശീർഷകരായികാണുന്ന, അതേസമയം സാമ്പത്തികമായി ഞങ്ങളെ സഹായിക്കുവാൻ കഴിയുന്ന ഒരു സംഘം നിലവിലുണ്ടോ? വിശ്വസ്തരായ പല ഭാരതീയ പ്രവർത്തകരും അങ്ങനെയൊരു സംഘവുമായി ബന്ധപ്പെടുന്നതിനു ഞങ്ങളെ ഉത്സാഹിപ്പിക്കുകയും അക്കാര്യമോർത്ത് ദൈവസന്നിധിയിൽ പ്രാർത്ഥിക്കുകയും ചെയ്തിരുന്നു.

ഈ സമയത്താണ് ഞാൻ ചർച്ച് ഓഫ് ഗോഡിന്റെ (ക്ലീവ്ലാൻഡ്, ടെന്നസി) ഫോറിൻ മിഷൻ ഡിപ്പാർട്ട്മെന്റ് മിഷനറി ജെ.എച്ച്. ഇൻ ഗ്രാമിനെ പരിചയപ്പെടുന്നത്. അദ്ദേഹമന്ന് നീലഗിരിയിലെ ഊട്ടിയിലേക്ക് ഒരു പ്രത്യേകദൗത്യവുമായി അയയ്ക്കപ്പെട്ടതായിരുന്നു. എന്റെ സുഹൃത്തും സുവിശേഷ പ്രസംഗകനുമായിരുന്ന ഒരു വ്യാപാരിയാണ് ഇൻഗ്രാമിനെ എനി

ക്കു പരിചയപ്പെടുത്തി തന്നത്. അദ്ദേഹത്തിന്റെ വിസിറ്റിംഗ് കാർഡ് എന്റെ കൈയ്യിൽ കിട്ടിയപ്പോൾതന്നെ ആത്മാവ് പറഞ്ഞു: "ഇതാ നിന്റെ സഹായം."

ചർച്ച് ഓഫ് ഗോഡിന്റെ ഉപദേശവും തത്വസംഹിതകളും വായിച്ചു നോക്കിയപ്പോൾ അതു ഞങ്ങൾ പഠിപ്പിച്ചു പോന്നതുപോലുള്ള നിർമ്മലമായ ഉപദേശമാണെന്ന് ബോദ്ധ്യപ്പെട്ടു. ചില ദിവസങ്ങളിലെ പ്രാർത്ഥനയ്ക്കും ആലോചനകൾക്കും ശേഷം ഞങ്ങൾ ചർച്ച് ഓഫ് ഗോഡിനോട് ചേരുവാൻ തീരുമാനിച്ചു." (R.F. Cook, Divine Leadings, Page 210, 212)

ചർച്ച് ഓഫ് ഗോഡ് അതിന്റെ പ്രവർത്തനത്തിൽ 50 വർഷം പിന്നിട്ടതിന്റെ സ്മരണയോടെ ഇൻഗ്രാം നടത്തിയ ഗോൾഡൻ ജൂബിലി ടൂറിന്റെ ഭാഗമായാണ് അദ്ദേഹം ഊട്ടിയിലെത്തിയത്. 1936-ൽ ആർ.എഫ്. കുക്കും അദ്ദേഹത്തിന്റെ സഭകളും ചർച്ച് ഓഫ് ഗോഡിനോട് യോജിച്ചു.


"അനുഗ്രഹീതമായ സംഭവ പരമ്പരകൾ തന്നെയാണ് ഇൻഗ്രാമിനെയും റോബർട്ട് കുക്കിനെയും ഒരുമിപ്പിച്ചത്. കുക്ക് തെക്കെ ഇന്ത്യയിലെ തിരുവിതാംകൂർ സംസ്ഥാനത്തിൽ വളരെയേറെ വിജയിച്ച ഒരു പെന്തക്കോസ്ത് മിഷനറിയായിരുന്നു. അദ്ദേഹത്തിന്റെ സ്വതന്ത്രപ്രസ്ഥാനത്തിൽ 63 മിഷൻ സ്റ്റേഷനുകളിലായി 43 സഭാശുശ്രൂഷകരും 2537 അംഗങ്ങളും മൗണ്ട് സീയോൻ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് എന്ന വേദാഭ്യസനശാലയുമുണ്ടായിരുന്നു." (Charles W.Conn, Like a Mighty Army. Page 236.)

### സഭാവളർച്ച ത്വരിതപ്പെടുന്നു

സംഘടിതരൂപം പ്രാപിച്ചതോടെ സഭകളുടെ ആത്മികനിലയ്ക്ക് അടിപതർച്ചകളുണ്ടായി എന്ന വാദം നിലനിൽക്കുമ്പോൾത്തന്നെ പ്രവർത്തനത്തിലും അംഗ

***വി.റ്റി. തോമസ്***

*(കുന്നത്തുംകര കുട്ടിയച്ചൻ)*



*കുന്നത്തുംകര വാക്കേപടിക്കൽ ചെറിയാൻ തോമസിന്റെ മകനായി 1903-ൽ ജനിച്ച വി. റ്റി. തോമസ് 1928-ൽ പാസ്റ്റർ കെ. ഇ. ഏബ്രഹാമിന്റെ കൈക്കീഴിൽ സ്നാനമേറ്റു. 1930-ൽ കുക്ക് സായ്പ് അദ്ദേഹത്തെ ഓർഡ്യൻ ചെയ്തു കുമ്പനാട്ടുള്ള തന്റെ സഭയുടെ ശുശ്രൂഷകനായി നിയമിച്ചു. 1936-ൽ ഐ.പി.സി.യോടു ചേർന്ന പാസ്റ്റർ തോമസ് തമിഴ് നാട്ടിലെ തൃശ്നാപ്പള്ളി, തഞ്ചാവൂർ തുടങ്ങിയ സ്ഥലങ്ങളിൽ സുവിശേഷ പ്രവർത്തനങ്ങളിലേർപ്പെട്ടു. താമസിയാതെ തിരികെ വന്ന് കൊച്ചി സംസ്ഥാനത്തിലെ സഭാപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തു. പാസ്റ്റർ തോമസ് റാന്നി സെന്റർ ശുശ്രൂഷകനായിരിക്കുമ്പോഴാണ് ഐ.പി.സി. യിലെ ആദ്യഭിന്നത തലപൊക്കുന്നത്, അന്ന് പാസ്റ്റർ ഏബ്രഹാമിനോടൊപ്പം ഉറച്ചുനിന്ന് വേണ്ടപിൻബലവും ആലോചനകളും നൽകിയത് പാസ്റ്റർ തോമസായിരുന്നു. എന്നാൽ പിന്നീട് രണ്ടുപേരും വിരുദ്ധചേരിയിലായി. ജീവിതത്തിന്റെ സായാഹ്നത്തിൽ പാസ്റ്റർ തോമസ് കുന്നത്തുംകരയിലുള്ള സ്വഭവനത്തിൽ താമസിച്ചുകൊണ്ട് സുവിശേഷ പ്രവർത്തനം നടത്തുകയായിരുന്നു. 1970 ആഗസ്റ്റിൽ കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.*

## നിന്റെ ബാഗ് ചോദിച്ചാൽ അത് കൊടുക്കുക



*പാസ്റ്റർ പി.എം. സാമുവൽ മാർത്താണ്ഡം എന്ന സ്ഥലത്ത് ലണ്ടൻ മിഷൻ സഭക്കാർ ക്രമീകരിച്ചിരുന്ന മീറ്റിംഗിലേക്ക് പോകുകയായിരുന്നു. ബസിൽവച്ച് തന്റെ സമീപത്തിരുന്ന ഒരു കത്തോലിക്കനോട് അദ്ദേഹം സുവിശേഷം പറഞ്ഞുകൊണ്ടിരുന്നു. പിൻസീറ്റിലിരുന്ന നാലു വക്കീലൻമാർ ഈ സംഭാഷണം ശ്രദ്ധിക്കുന്നുണ്ടായിരുന്നു.*

*കുറെ കഴിഞ്ഞപ്പോൾ കത്തോലിക്കൻ ക്ഷുഭിതനായി. "ആദർശമൊക്കെ പറയാൻ കൊള്ളാം എന്നാൽ യേശുവിന്റെ കല്പന അനുസരിക്കുന്നവൻ ആരുണ്ട്?" എന്നയാൾ സാമുവലിനോട് ചോദിച്ചു. "അനേകരുണ്ടെ"ന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. "പ്രസംഗിക്കുന്ന സാമുവൽ കർത്താവിന്റെ കല്പന പൂർണ്ണമായി പിൻപറ്റുന്നുണ്ടോ" എന്നയാൾ വീണ്ടും ചോദിച്ചു. കർത്താവ് കൃപതരുന്നതിൻവണ്ണം അനുസരിക്കുന്നുണ്ടെന്നു സാമുവൽ മറുപടി പറഞ്ഞു. "നിന്റെ വലത്തെ ചെകിട്ടത്തടിക്കുന്നവനു മറ്റേതും തിരിച്ച് കാണിക്കുക, നിന്റെ വസ്ത്രമെടുക്കുന്നവനു പുതുപ്പും വിട്ടുകൊടുക്കുക" എന്ന കല്പന നിങ്ങൾ അനുസരിക്കുമോ എന്നയാൾ വെല്ലുവിളിച്ചു ചോദിച്ചു*

ബലത്തിലും സഭകൾ വലിയ മുന്നേറ്റമുണ്ടാക്കി എന്ന യാഥാർത്ഥ്യത്തിനു നേരെയും നാം കണ്ണടച്ചു കൂടാ. 1930 മുതൽ 1950 വരെയുള്ള കാലഘട്ടത്തിലാണ് ത്വരിതനിലയിൽ സഭകൾ വളർച്ച പ്രദർശിപ്പിച്ചത്. പ്രഗത്ഭരും സമൂഹത്തിൽ അംഗീകരിക്കപ്പെട്ടവരുമായ സുവിശേഷകരുടെ പിൻബലം കൊണ്ടാവാം ഇക്കാലയളവിൽ ഏറ്റവും കൂടുതൽ വളർച്ചാനിരക്ക് കാട്ടിയത് ഇന്ത്യാപെന്തെക്കോസ്ത് ദൈവസഭയാണ്. അവശരുടെയും ആലംബഹീനരുടെയും സഭ എന്ന നിലയ്ക്ക് ഈ കാലയളവിൽ വ്യത്യാസമുണ്ടായി. സമൂഹത്തിലെ മദ്ധ്യവർത്തികളും ധനികരുമായ ആളുകൾ പെന്തെക്കോസ്തിനെ സ്വീകരിച്ചുതുടങ്ങി. 1930 മുതൽ 50 വരെയുള്ള കാലയളവിലെ ചരിത്രത്തിന്റെ ലഘു വിവരണമാണിനി.

**കോഴിക്കോട്**

മലബാറിന്റെ തലസ്ഥാനമെന്നു വിശേഷിപ്പിക്കപ്പെടുന്ന കോഴിക്കോട്ട് പെന്തെക്കോസ്ത് പ്രവർത്തനങ്ങൾ 1929 ലാണ്

*ചോദിച്ചു. ജീവൻ കൊടുക്കേണ്ടി വന്നാലും അനുസരിക്കും എന്ന് സാമുവൽ പ്രതിവചിച്ചു.*

*ബാലരാമപുരത്ത് ബസ് എത്തിയപ്പോഴേക്കും സാമുവലിന്റെ കയ്യിലിരുന്ന ബാഗ് വേണമെന്ന് കത്തോലിക്കൻ ആവശ്യപ്പെട്ടു. സന്തോഷത്തോടെ "എടുത്തുകൊള്ളുക" എന്ന് സാമുവൽ പറഞ്ഞു. "അതല്ല, താൻ തന്നെ കൊടുക്കണ"മെന്നായി പുറകിലിരുന്ന വക്കീലന്മാർ. സാമുവൽ ബാഗ് സന്തോഷത്തോടെ അയാൾക്കു കൊടുത്തു.*

*ആ ബാഗിലായിരുന്നു സാമുവലിന്റെ ബൈബിൾ, വെറും കയ്യോടെയാണ് അദ്ദേഹം മാർത്താണ്ഡത്തെത്തിയത്. താമസത്തിനു ക്രമീകരിച്ചിരുന്ന വീട്ടിൽ നിന്നും ഒരു ബൈബിൾ കടമെടുത്ത് അദ്ദേഹം ശക്തിയോടെ ദൈവവചനം ശുശ്രൂഷിച്ചു.*

*യോഗമദ്ധ്യേ ഒരു ക്രിസ്തീയ സന്യാസി പ്ലാറ്റ്ഫോമിലെത്തി, തനിക്കു രണ്ടു ബൈബിളുണ്ടെന്നും അതിലൊന്ന് സാമുവലിനു നൽകാൻ പരിശുദ്ധാത്മാവ് പറഞ്ഞുവെന്നും അറിയിച്ചു. കൂടിവന്ന ജനത്തിനു ഇതിനു പിന്നിലെ സാഹചര്യം മനസ്സിലായില്ല. എന്നാൽ അന്ന് ബസിൽ വച്ചുണ്ടായ സംഭവം സാമുവൽ യോഗത്തിൽ പ്രസ്താവിച്ചപ്പോൾ എല്ലാവരും ദൈവത്തെ സ്തുതിച്ചു.*

*1903 ജൂലൈ 1 നു കീക്കോഴൂർ പ്ലാത്താനത്ത് മത്തായിച്ചന്റെ മകനായി ജനിച്ച സാമുവൽ വൈ.എം.സി.എയുടെ സെക്രട്ടറിയായിരിക്കുമ്പോഴാണ് രക്ഷാനിർണ്ണയം പ്രാപിക്കുന്നത്. കോട്ടയം വൈദിക സെമിനാരിയിൽ ചേർന്നു പഠിച്ച സാമുവൽ 1926-ൽ വിശ്വാസസ്നാനം സ്വീകരിച്ചതിന്റെ പേരിൽ ഭവനമുപേക്ഷിച്ചു പോകേണ്ടി വന്നു. എന്നാൽ ആ കാലയളവിൽ അദ്ദേഹത്തിന്റെ പ്രവർത്തനഫലമായി പതിനേഴു സ്വതന്ത്രസഭകൾ സ്ഥാപിക്കപ്പെട്ടു. പിന്നീട് സിലോണിൽ വച്ച് ആത്മസ്നാനം പ്രാപിച്ചതിനെതുടർന്ന് പെന്തെക്കോസ്ത് പ്രവർത്തകനായി.*

*ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭയുടെ മിഷനറിയായി തമിഴ്നാട്ടിലേക്കും ആന്ധ്രാപദേശിലേക്കും ആദ്യം പോയത് പാസ്റ്റർ പി.എം. സാമുവേലായിരുന്നു. 1935-ൽ ആന്ധ്രയിലെ എല്ലൂരിൽ വച്ച് ഐ.പി.സി. രജിസ്റ്റർ ചെയ്യുമ്പോൾ പാസ്റ്റർ പി.എം. സാമുവലായിരുന്നു അതിന്റെ പ്രസിഡണ്ട്. കേരളം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ സഭകളുള്ള സംസ്ഥാന ഘടകമായി ആന്ധ്രാപ്രദേശ് ഐ.പി.സി.യെ ഒരുക്കിയെടുക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. 1981 ജൂൺ 20 നു പാസ്റ്റർ സാമുവൽ കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.*

ആരംഭിക്കുന്നത്. ആ വർഷം മലബാർ ക്രിസ്ത്യൻ കോളെജിലെ ഇംഗ്ലീഷ് പ്രൊഫസറായിരുന്ന റ്റി.എസ്. ഉപ്പോട്ടുമാസ്റ്റർ, കോമൺ വെൽത്ത് ഇൻഡസ്ട്രീസിൽ ജോലിക്കാരനായിരുന്ന എം. സൈമൺ എന്നിവരുടെ ശ്രമഫലമായി മെയ് മാസത്തിൽ കോഴിക്കോട് ഒരു കൺവൻഷൻ സംഘടിപ്പിക്കപ്പെട്ടു. തഞ്ചാവൂർ സ്വദേശിയായിരുന്ന പാസ്റ്റർ ജെ.എൻ. ഫിലിപ്പ്, ആന്ധ്രാപ്രദേശ് സ്വദേശിയും രോഗശാന്തി വരപ്രാപ്തനുമായിരുന്ന ബ്രദർ ജീവരത്നം, ലാഹോറിൽ ജോലി ചെയ്തിരുന്ന പ്രഫസർ അരുൾദാസ് (പാസ്റ്റർ ജെ. എൻ. ഫിലിപ്പിന്റെ അളിയൻ) എന്നിവരായിരുന്നു പ്രസംഗകർ. പത്തു ദിവസം നീണ്ടുനിന്ന ആ കൺവൻഷൻ മലബാർ ക്രിസ്ത്യൻ കോളേജ് ഗ്രൗണ്ടിലാണ് നടന്നത്.

കോഴിക്കോട്ടെ ആദ്യ പെന്തക്കോസ്ത് യോഗങ്ങളായിരുന്നു അത്. ധാരാളമാളുകൾ യേശുക്രിസ്തുവിനെ കണ്ടുമുട്ടിയ ആ യോഗങ്ങളിൽ പലരും രോഗസൗ

ധ്യവും ചിലർ ഭൂതശാന്തിയും പ്രാപിച്ചു. യോഗങ്ങൾ കഴിഞ്ഞ് ജെ. എൻ. ഫിലിപ്പ് ഒഴികെയുള്ളവർ തിരിച്ചുപോയി. പാസ്റ്റർ ഫിലിപ്പ് കോഴിക്കോട്ടുതന്നെ താമസിച്ച് പെന്തെക്കോസ്തുപദേശങ്ങൾ ജനങ്ങളെ പഠിപ്പിച്ചു പോന്നു.

അന്ന് കോഴിക്കോട്ട്, ആൻഡേഴ്സൺ ചർച്ച് ഓഫ് ഗോഡ്, ബ്രദറൺ എന്നീ വേർപെട്ട സഭാകൂട്ടങ്ങൾ ഉണ്ടായിരുന്നു. എന്നാൽ ആദ്യത്തെ പെന്തക്കോസ്ത് കൂടിവരവ് ആരംഭിച്ചത് പാസ്റ്റർ ജെ. എൻ. ഫിലിപ്പാണ്. എം. സൈമണും കുടുംബവും ആയിരുന്നു ആദ്യവിശ്വാസികൾ. അവർ 1929 സെപ്റ്റംബർ 15നു സ്നാനപ്പെട്ടു. ആറുമാസം കഴിഞ്ഞപ്പോൾ ജെ. എൻ. ഫിലിപ്പ് ഒരു പ്രത്യേക നിയോഗത്താൽ സിലോണിലേക്കു പോയി. കോഴിക്കോട്ടെ ചെറിയ കൂടിവരവിന്റെ ചുമതല അന്നദ്ദേഹം സൈമണെ ഏൽപിച്ചു.

സിലോണിൽ വച്ച് പാസറ്റർ ഫിലിപ്പ്, കെ.ഇ. ഏബ്രഹാമിനെയും, കെ.സി. ചെറിയാനെയും കണ്ടുമുട്ടി. കോഴിക്കോട്ടെ പെന്തെക്കോസ്ത് പ്രവർത്തനത്തെ അദ്ദേഹം അവർക്ക് പരിചയപ്പെടുത്തി. മദ്ധ്യതിതിരുവിതാംകൂറുകാരായ ഈ സുവിശേഷകരെ കണ്ട വിവരം അദ്ദേഹം എം. സൈമണെയും എഴുതി അറിയിച്ചു.

1931 ഒക്ടോബറിലെ പൂജാ അവധി ദിനങ്ങളിൽ സൈമൺ കോഴിക്കോട്ട് ഒരു കൺവൻഷൻ സംഘടിപ്പിച്ചു. കെ.ഇ. ഏബ്രഹാമിനെയും കെ.സി.ചെറിയാനെയും അദ്ദേഹം ആ യോഗങ്ങൾക്കായി ക്ഷണിച്ചു.

ബുധൻ മുതൽ ഞായർ വരെ നീണ്ടുനിന്ന ആ യോഗങ്ങൾക്കു ശേഷം തിങ്കളാഴ്ച മടങ്ങിപ്പോരാനായിരുന്നു തെന്നിന്ത്യാ നേതാക്കളുടെ തീരുമാനം. എന്നാൽ ശനിയാഴ്ച രാവിലെ കെ.സി. ചെറിയാൻ. കെ.ഇ. ഏബ്രഹാമിനോട് "ഈ യോഗം കഴിഞ്ഞാലുടൻ നാം ഇവിടെനിന്നും മടങ്ങിപ്പോകയില്ല. വീണ്ടും നമുക്കിവിടെ യോഗങ്ങൾ ഉണ്ടായിരിക്കും" എന്നു പറഞ്ഞു. "എങ്ങനെയറിയാം?" എന്ന് കെ.ഇ. ഏബ്രഹാം തിരിച്ചു ചോദിച്ചു. "ഒരാൾ വന്ന് നമ്മെ യോഗത്തിനു ക്ഷണിക്കുന്നതായും നാമവിടെപ്പോയി യോഗം നടത്തുന്നതായും ഇന്നലെ രാത്രി എനിക്കു ദർശനമുണ്ടായി" എന്നായിരുന്നു ചെറിയാന്റെ മറുപടി.

അന്ന് ഉച്ചതിരിഞ്ഞ് ഉപ്പോട്ടു മാസ്റ്റർ അവരെ സന്ദർശിച്ചു. അദ്ദേഹത്തെ കണ്ടപ്പോൾ, "ഇന്നലെ ദർശനത്തിൽ കണ്ടയാൾ ഇതാവരുന്നു" എന്ന് ചെറിയാൻ പറഞ്ഞു. (ആദ്യമായായിരുന്നു കെ.സി. ചെറിയാൻ ഉപ്പോട്ടു മാസ്റ്ററെ കാണുന്നത്). ഒരാഴ്ചത്തെ യോഗങ്ങൾക്ക് അവരെ ക്ഷണിക്കാനായിരുന്നു അദ്ദേഹം എത്തിയത്. ആ യോഗങ്ങളും കഴിഞ്ഞാണ് കെ.ഇ. ഏബ്രഹാമും കെ.സി. ചെറിയാനും മടങ്ങിപ്പോന്നത്.

മദ്ധ്യവേനൽ അവധിക്കാലത്ത് വീണ്ടും കോഴിക്കോട്ട് ചില യോഗങ്ങൾ നടന്നു. ഉപ്പോട്ടു മാസ്റ്ററായിരുന്നു പ്രധാന സംഘാടകൻ. നേരത്തെ കോഴിക്കോട്ട് പ്രസംഗിച്ചിട്ടുള്ള തെലുങ്കുനാട്ടുകാരനായ ജപരത്നം ഈ യോഗങ്ങളിൽ സംബന്ധിച്ചിരുന്നു. കെ.ഇ. ഏബ്രഹാം കെ.സി. ചെറിയാൻ, പൊടിമല മത്തായിച്ചൻ എന്നിവരും പ്രസംഗകരായിരുന്നു.

നഗരത്തിൽ ഒരാൾ താമസിച്ച് പ്രവർത്തിക്കണമെന്ന് യോഗാന്ത്യത്തിൽ ബ്രദർ ജപരത്നവും മറ്റും അഭിപ്രായപ്പെട്ടു. പാസ്റ്റർ കെ.സി. ചെറിയാൻ അതിനു തയ്യാറായി. അദ്ദേഹത്തിന്റെ ബന്ധുവായ വേലപ്പറമ്പിൽ തോമാച്ചനും കുടുംബമായി കോഴിക്കോട്ട് പ്രവർത്തിക്കാൻ തയ്യാറായി വന്നു. അങ്ങനെ, പാസ്റ്റർ കെ.സി. ചെറിയാൻ, പാസ്റ്റർ വി.പി. തോമസ്,

സാറാമ്മ എന്നീ മൂവർ സംഘം മലബാർ പ്രവർത്തനങ്ങൾ മുന്നിൽ കണ്ടു കോഴിക്കോട്ട് താമസമാക്കി. പാസ്റ്റർ എം. സൈമൺ അവർക്ക് കൂട്ടാളിയായിരുന്നു.

1931-ൽ അന്ന് കോഴിക്കോട് സഭയുടെ ആരാധനാലയമായിരുന്ന 'യഹോവ മന്ദിര'ത്തിൽ തെന്നിന്ത്യാ സുവിശേഷകർ താമസിച്ച് പ്രവർത്തനമാരംഭിച്ചു. അവിടെ പാസ്റ്റർ ചെറിയാൻ സംഘടിപ്പിച്ച ആത്മീയ കൂട്ടായ്മകളിൽ പങ്കെടുത്ത് പല ബാസൽ മിഷൻ പ്രവർത്തകരും ആത്മസ്നാനം പ്രാപിച്ചു. ഇത് ബാസൽ മിഷൻ അധികാരികളെ ചൊടിപ്പിച്ചു. പല പ്രാവശ്യം അവർ യഹോവ മന്ദിരത്തിനു കല്ലെറിഞ്ഞു.

ബാസൽ മിഷനിലെ മൂപ്പൻമാർ പലപ്പോഴും തർക്കത്തിനും വാദത്തിനും സമയം കണ്ടെത്തി. ഇടയ്ക്ക് ഒരു പ്രാവശ്യം അവർ കെ.സി.ചെറിയാനു ചായയിൽ വിഷം കലർത്തിക്കൊടുത്തു. എന്നിട്ടും അദ്ദേഹത്തിനു ജീവഹാനി സംഭവിക്കാഞ്ഞത് അവരെ അത്ഭുതസ്തബ്ധരാക്കി. (വിഷം കൊടുത്തവർ തന്നെ പിന്നീട് അദ്ദേഹത്തിന്റെ അരികിൽ ചെന്ന് കാര്യം പറഞ്ഞ് ക്ഷമാപണം നടത്തുകയുണ്ടായി). ഒടുവിൽ മിഷനിലെ ജോൺ മക്കാടൻ എന്ന വ്യക്തി, പണ്ടു ഗമാലിയേൽ എന്നപോലെ, 'ഇതു ദൈവീകമെങ്കിൽ നിലനിൽക്കും, മാനുഷികമെങ്കിൽ തകരും' എന്നു പറഞ്ഞ് തർക്കം അവസാനിപ്പിച്ചു.

പാസ്റ്റർ ചെറിയാൻ, എം. സൈമൺ വേലമ്പറമ്പിൽ തോമാച്ചൻ എന്നിവരുടെ തീവ്രമായ പ്രവർത്തനത്താൽ നല്ലൊരു സഭ കോഴിക്കോട്ടു പട്ടണത്തിൽ ഉടലെടുത്തു. സൈമൺ ജോലിയോടുകൂടെ സുവിശേഷവേല ചെയ്യുകയായിരുന്നു. തന്റെ ഇളയമകൻ കെന്നിയുടെ രോഗസൗഖ്യത്തോടെയാണ് അദ്ദേഹം പൂർണ്ണസമയ സുവിശേഷപ്രവർത്തനത്തിനു തീരുമാനമെടുക്കുന്നത്.

***പാസ്റ്റർ ജെ. വർഗീസ് (കൊച്ചുസാർ)***




*തിരുവല്ല സ്വദേശിയായ ജെ.വർഗീസ് വാരിക്കാട്ട് ഗവൺമെന്റ് അദ്ധ്യാപകനായി പ്രവർത്തിച്ചു വരുമ്പോൾ പെന്തക്കോസ്ത് വിശ്വാസത്തിലേക്ക് ആകർഷിക്കപ്പെടുകയും 1930-ൽ വിശ്വാസസ്നാനം സ്വീകരിക്കുകയും ചെയ്തു. ആ വർഷം തന്നെ കുമ്പനാട് കെ. ഇ. ഏബ്രഹാം നടത്തിക്കൊണ്ടിരുന്ന ബൈബിൾ സ്ക്കൂളിൽ (കിളിയംപ്ലാക്കൽ കെട്ടിടം) ചേർന്നു പഠിച്ചു. ആത്മസ്നാനം പ്രാപിച്ചശേഷം ജോലിയോടുകൂടെ അദ്ദേഹം സുവിശേഷവേല ചെയ്തുപോന്നു, പിന്നീട് ജോലി ഉപേക്ഷിച്ച് മുഴുവൻ സമയ സുവിശേഷകനായി. ശുശ്രൂഷയുടെ ആദ്യസമയങ്ങളിൽ പാസ്റ്റർ പി.എം. കുര്യനോടൊപ്പം ആഞ്ഞിലിത്താനത്ത് സഭാപരിപാലനത്തിൽ ഏർപ്പെട്ടു. ശക്തനായ ഒരു പ്രഭാഷകനും പ്രഗത്ഭനായ ഒരു പ്രവാചകനുമായിരുന്നു കൊച്ചുസാർ. 1950 കളുടെ മദ്ധ്യത്തിൽ ഐ.പി.സി.യിൽ ഉണ്ടായ ഭിന്നതയുടെ കാലത്ത് പാസ്റ്റർ വർഗീസ് മാതൃ സഭ വിട്ട് ശാരോൻ പ്രസ്ഥാനം സുവിശേഷവയലിൽ ഉത്സാഹത്തോടെ പ്രവർത്തിച്ചു.*

കെന്നി അജ്ഞാതരോഗത്താൽ ദേഹം മുഴുവൻ നീരുവച്ചു വീർത്ത് മരണാസന്നനായിരുന്നു. ഒരു ദിവസം കമ്പനിയിൽനിന്ന് സൈമൺ മടങ്ങിയെത്തിയ

186

## മഹാരാജാവിന്റെ കല്പനയുമായി ഒരു കവല പ്രസംഗം



*പാസ്റ്റർ കെ.സി. ചെറിയാൻ കോഴിക്കോട്ട് പ്രവർത്തിക്കുന്ന സമയം. ജില്ലാ കോടതിയുടെ ഗേറ്റിനു മുമ്പിൽ നിന്ന് അദ്ദേഹം സുവിശേഷം പ്രസംഗിക്കുകയായിരുന്നു. വലിയൊരു തമ്പേറ് കൊട്ടി പാട്ടും പാടി പ്രസംഗം നടത്തുന്ന ചെറിയാച്ചന്റെ ശബ്ദം കോടതിക്ക് അലക്ഷ്യമായി തോന്നി. ജഡ്ജി ശിപായിയെ വിട്ട് പ്രസംഗം നിർത്താൻ ചെറിയാച്ചനോടാവശ്യപ്പെട്ടു.*

*"മഹാരാജാവിന്റെ കല്പനയുമായാണ് ഞാൻ വന്നിരിക്കുന്നത്." ചെറിയാച്ചൻ ശിപായിയോടു പറഞ്ഞു.*

*രാജകല്പനയുമായാണ് ഈ മനുഷ്യൻ തെരുവു പ്രസംഗം നടത്തുന്നതെന്നു കേട്ട് ശിപായി അത്ഭുതപ്പെട്ടുപോയി. ജഡ്ജി പറഞ്ഞിട്ടാണ് കോടതിവാതിൽക്കൽ നിന്നു പോകാൻ ആവശ്യപ്പെട്ടതെങ്കിലും മഹാരാജാവിന്റെ കല്പനയുമായി വന്നയാളോട്, രാജവാഴ്ച നിലനിൽക്കുന്ന അക്കാലത്ത് ഒരു ശിപായി മറിച്ചെന്തു പറയാൻ! എന്നിട്ടും ധൈര്യം അവലംബിച്ച് അയാൾ ചോദിച്ചു.*

*"മഹാരാജാവിന്റെ കല്പന എഴുതിയ കടലാസ് കൊണ്ടുവന്നിട്ടുണ്ടോ?"*

*"ഉണ്ട്." ചെറിയാച്ചൻ മറുപടിപറഞ്ഞു.*

*"എങ്കിൽ കാണിക്കു" ശിപായിപറഞ്ഞു.*

*"പ്രസംഗം കഴിഞ്ഞിട്ടാവാം."*

*ഇതു പറഞ്ഞു ചെറിയാച്ചൻ അരമണിക്കൂറിലേറെ തിരുവചനം ശക്തിയായി പ്രഘോഷിച്ചു. പ്രസംഗം അവസാനിച്ചപ്പോൾ ശിപായി വീണ്ടും ചെറിയാച്ചനെ സമീപിച്ചു - മഹാരാജാവിന്റെ കല്പന എഴുതിയ കടലാസ് കാണാൻ!*

*സഹജമായ പുഞ്ചിരിയോടെ ചെറിയാച്ചൻ വേദപുസ്തകം തുറന്നു, മത്തായിയുടെ സുവിശേഷം 28:19 വായിച്ചു കേൾപ്പിച്ചു.*

*"ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കൽപിച്ചിതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ട് സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ."*

*"മഹാരാജാവ് ഇങ്ങനെ കൽപ്പിച്ചിരിക്കെ എനിക്കു മിണ്ടാതിരിക്കുവാൻ കഴിയുമോ സഹോദരാ....?" സൗമ്യമായി ചെറിയാച്ചൻ ശിപായിയോട് ചോദിച്ചു.*

*മടങ്ങിച്ചെന്ന് ശിപായി ജഡ്ജിയോട് ഈ വിവരങ്ങളൊക്കെ പറഞ്ഞു. എന്നാൽ, അദ്ദേഹം ഒരക്ഷരം പോലും ക്ഷുഭിതനായി പറഞ്ഞില്ലത്രേ.*

*ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ പ്രാരംഭ പ്രവർത്തകനും അതിന്റെ വളർച്ചയിൽ നിർണ്ണായക പങ്കു വഹിച്ചവനുമായ കെ.സി. ചെറിയാൻ ജനിക്കുന്നത് ഈ നൂറ്റാണ്ട് തുടങ്ങിയ വർഷത്തിലാണ് - പത്തനംതിട്ട ജില്ലയിലെ മെഴുവേലി കല്ലൂർകാട്ട് കുടുംബത്തിൽ കുഞ്ഞ് ചെറിയാച്ചന്റെ മകനായി 1900 ഏപ്രിൽ 17ന്.*

*18-ാം വയസ്സിൽ മുത്താംപാക്കൽ കൊച്ചുകുഞ്ഞുപദേശിയുടെ പ്രസംഗം കേട്ട് രക്ഷിക്കപ്പെട്ടു. 1921-ൽ കെ. ഇ. ഏബ്രഹാമിന്റെ കൈക്കീഴിൽ സ്നാനമേറ്റു. 1924 നവംബറിൽ ആത്മസ്നാനം പ്രാപിച്ചു. അതിനു മുമ്പുതന്നെ അദ്ദേഹം ജോലിവിട്ട് സുവിശേഷപ്രവർത്തനത്തിനായി സമർപ്പിച്ചിരുന്നു.*

*കെ.സി. ചെറിയാൻ ആദ്യം പെന്തെക്കോസ്ത് സന്ദേശപ്രചാരകനാകുന്നത് സ്വന്തനാടായ കുഴിക്കാലായിലും മെഴുവേലിയിലും കിടങ്ങന്നൂരിലുമൊക്കെയാണ്. പിന്നീടദ്ദേഹം റാന്നി ചേത്തയ്ക്കൽ ഭാഗത്ത് താമസിച്ചു പ്രവർത്തിച്ചു. 1926-ൽ വടക്കൻ തിരുവിതാംകൂറിന്റെ പല ഭാഗങ്ങളിലും പ്രവർത്തിച്ചു. ആ വർഷമൊടുവിൽ കെ.സി. ചെറിയാനും കെ .ഇ. ഏബ്രഹാമും കുക്ക് സായ്പിനോടു ചേർന്ന് മലങ്കര പെന്തെക്കോസ്ത് സഭ രൂപീകരിച്ചപ്പോൾ കെ.സി.ചെറിയാൻ പുനലൂർ ഭാഗത്തേക്ക് പോകട്ടെയെന്ന തീരുമാനമുണ്ടായി.*

*1930 മുതൽ ചില വർഷങ്ങൾ അദ്ദേഹം കോഴിക്കോട്ടായിരുന്നു. തിരുവിതാംകൂറിനു പുറത്ത് തൃശ്ശൂർ, കണ്ണൂർ, കോഴിക്കോട് തുടങ്ങിയ പല സ്ഥലങ്ങളിലും പെന്തെക്കോസ്തിന്റെ വ്യാപനത്തിനു ദൈവം അദ്ദേഹത്തെ കരങ്ങളിലെടുത്തു.*

*1933-ൽ ചെറിയാൻ മംഗലാപുരത്തെത്തി. ഈ സമയത്താണ് പാസ്റ്റർ കെ.സി. ചെറിയാൻ സ്വീഡിഷ് മിഷനറിമാരുമായി പരിചയപ്പെടുന്നത്. അത് പിന്നീട് ഐ.പി.സി. യുടെ ചരിത്രത്തിനു തന്നെ ഒരു വഴിത്തിരിവിനു കാരണമായി.*

*1936-ൽ കെ.സി. ചെറിയാനും കെ.ഇ. ഏബ്രഹാമും, സ്വീഡനിലെത്തി. യൂറോപ്പിലെ പല രാജ്യങ്ങളിലും അദ്ദേഹം സഞ്ചരിച്ച് സുവിശേഷപ്രചരണം നടത്തി. 1948 -ൽ അദ്ദേഹം അമേരിക്ക സന്ദർശിച്ചു.*

*തന്റെ മാതൃസഭയായ ഐ.പി.സി. ആദ്യകാലദർശനത്തിൽ നിന്നും വഴിമാറി സഞ്ചരിക്കുന്നുവെന്ന ധാരണ ചെറിയാച്ചനെ വല്ലാതെ അലട്ടി. സ്ഥലം സഭകളുടെ സ്വാതന്ത്ര്യം ലംഘിക്കുന്ന നിലയിലും കേന്ദ്രീകൃത ഭരണ സമ്പ്രദായത്തെ പുൽകുന്ന രീതിയിലും ഐ.പി.സി. വളരുന്നതുകണ്ട് അദ്ദേഹം രോഷാകുലനായി. തന്റെ സ്വതന്ത്രമായ അഭിപ്രായ പ്രകടനങ്ങൾ ഐ.പി.സി. യിൽ വ്യക്തമായ ചേരിതിരിവിനു കളമൊരുക്കി. താൻ ചോരയും നീരും കൊടുത്തു വളർത്തിയ ഐ.പി.സി. അന്ത്യസമയങ്ങളിൽ അദ്ദേഹത്തെ പ്രസ്ഥാനത്തിൽ നിന്ന് മുടക്കുക പോലുമുണ്ടായി.*

*1954 മെയ് 2 മുതൽ 9 വരെ തിരുവല്ലയിൽ ഒരു വലിയ കൺവൻഷൻ നടന്നു. ആ ശനിയാഴ്ച 49 പേർ സ്നാനമേൽക്കാൻ തയ്യാറായി. അവരെ പുളിക്കീഴ് കടവിൽ വച്ച് (പുളിക്കീഴ് കുഞ്ഞു പാസ്റ്ററുടെ ഭവനത്തിനടുത്ത്) കെ. സി. ചെറിയാൻ സ്നാനപ്പെടുത്തി. എന്നാൽ ഈ സ്നാനസമയത്ത് കാലിലുണ്ടായിരുന്ന ഒരു മുറിവിൽ മണ്ണ് കയറി അത് സെപ്റ്റിക്കായി. പ്രമേഹരോഗിയായിരുന്ന അദ്ദേഹം 1954 മെയ് 27നു നിത്യവിശ്രമത്തിലേക്കു ചേർക്കപ്പെട്ടു.*

183-ാം പേജിൽ നിന്നും...

പ്പോൾ അക്രൈസ്തവരും ബാസൽ മിഷൻകാരുമായ വലിയൊരു ജനക്കൂട്ടം രോഷാകുലരായി വീടിനു ചുറ്റും കൂടി നിൽക്കുന്നതാണ് കണ്ടത്. ബാസൽ മിഷൻ വിട്ടുപെന്തെക്കോസ്തിൽ ചേർന്നതിന്റെ ശിക്ഷയാണിതെന്ന് ചിലർ പറഞ്ഞു. ചികിത്സിക്കാതെ കുട്ടി മരിച്ചാൽ കേസ് കൊടുക്കുമെന്നും ജോലിയിൽ നിന്ന് പിരിച്ചുവിടുമെന്നും കമ്പനി ഉദ്യോഗസ്ഥർ ഭീഷണിപ്പെടുത്തി.

സൈമൺ സാവധാനം കെന്നിയുടെ അരികിലെത്തി ഇങ്ങനെ പ്രാർത്ഥിച്ചു: "കർത്താവേ, ഈ സന്ദർഭത്തിൽ എനിക്കെന്റെ മകനെ തിരിച്ചു തരണം. ഈ ജനങ്ങളുടെ മുമ്പിൽ നിന്റെ നാമം ദുഷിക്കപ്പെടുവാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. വേറൊരു സന്ദർഭത്തിൽ അവിടുന്നു അവനെ വിളിച്ചു ചേർത്തുകൊള്ളൂ".

അഞ്ചു മിനിറ്റുകൾ കഴിഞ്ഞു കാണും, കണ്ണ് മറിഞ്ഞുകിടന്നിരുന്ന കെന്നി എഴുന്നേറ്റ് വെള്ളം ചോദിച്ചു. നോക്കിനിൽക്കെ ശരീരത്തിലെ നീരെല്ലാം ചൊട്ടി. കണ്ടുനിന്നവർക്കതിശയമായി. അക്രൈസ്തവർപോലും അന്ന് ദൈവത്തെ സ്തുതിച്ചു. 1934-ലായിരുന്നു ഇത്. അതോടെ സൈമൺ കമ്പിനിയുദ്യോഗം രാജിവെച്ച് പൂർണ്ണസമയ സുവിശേഷകനായി. (അന്നു പത്തു വയസ്സു പ്രായമുണ്ടായിരുന്ന കെന്നി 1955-ൽ 31-ാമത്തെ വയസ്സിൽ വളരെ പ്രത്യാശയോടെ കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു).

കെ.സി. ചെറിയാൻ ഈ സമയം കർണ്ണാടകയിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തുകൊണ്ട് മംഗലാപുരത്തു താമസിക്കുകയായിരുന്നു. പാസ്റ്റർ സൈമൺ കോഴിക്കോട്ട് സഭയുടെ ചുമതല വഹിച്ചു. ജോലി രാജിവെച്ചതോടെ

അദ്ദേഹം കുടുംബമായി യഹോവ മന്ദിരത്തിൽ താമസമാക്കി.


1938-ൽ സ്വീഡനിലെ ഫിലദെൽഫിയ പെന്തെക്കോസ്ത് സഭയുടെ സഹായത്തോടെ കോഴിക്കോട് പെന്തെക്കോസ്ത് സഭ ആരാധനാ സ്ഥലം വാങ്ങി അവിടെ ഹാൾ പണിതു. ആ സ്ഥലം വാങ്ങുന്നതിനു ഏറെനാൾ മുമ്പുതന്നെ പാസ്റ്റർ എം. സൈമന്റെ ഭാര്യയ്ക്ക് അവിടെ ജനം കൂടിയിരുന്ന പ്രാർത്ഥിക്കുകയും ദൈവത്തെ ആരാധിക്കുകയും ചെയ്യുന്ന ഒരു ദർശനം ലഭിച്ചിരുന്നു. അന്ന് ആ സ്ഥലം 'പിശാചു ബാധിച്ചിടം' എന്നു പറഞ്ഞ് ആരും വാങ്ങുവാൻ തയ്യാറാവാതെ കിടക്കുകയായിരുന്നു. 1938 മുതൽ അവിടെ ആരാധന തുടങ്ങി.

### തൃശ്ശൂർ

കോഴിക്കോടു പെന്തക്കോസ്ത് ദൈവ സഭയിലെ അംഗമായിരുന്ന ചാലിശ്ശേരി കാക്കുമാസ്റ്ററുടെ (ഇദ്ദേഹം പിന്നീട് എം. സൈമന്റെ മകൾ ലൂസിയെ വിവാഹം ചെയ്തു) ഉത്സാഹത്താൽ ചാലിശ്ശേരി തൊഴിയൂർ പള്ളിവക കെട്ടിടത്തിൽ വച്ച് 1931 ഒക്ടോബർ ഒടുവിലത്തെ ആഴ്ച ഒരു കൺവൻഷൻ നടത്തപ്പെട്ടു. കെ.സി. ചെറിയാൻ, ആറാമട കൊച്ചുകുഞ്ഞു സന്യാസി, കെ. ഇ ഏബ്രഹാം തുടങ്ങിയവരായിരുന്നു പ്രധാന പ്രസംഗകർ. ചാലിശ്ശേരിയിൽ നടക്കുന്ന ആദ്യ പെന്തക്കോസ്ത് യോഗമായിരുന്നു അത്.

കോഴിക്കോടു പെന്തക്കോസ്ത് സഭയിലെ യോവേൽ എന്നൊരു വിശ്വാസി (അദ്ദേഹം കുന്ദംകുളം സ്വദേശിയായിരുന്നു) മുഖാന്തരം റ്റി.വി. ഐസക്ക് മാസ്റ്റർ എന്ന സുവിശേഷകൻ പാസ്റ്റർ ഏബ്രഹാം ചാലിശ്ശേരിയിൽ യോഗം നടത്താൻ എത്തിയിട്ടുണ്ടെന്നറിഞ്ഞ് അദ്ദേഹത്തെ കുന്ദംകുളത്തേക്ക് ക്ഷണിച്ചു. അവിടെ പാറയിൽ അങ്ങാടി

***പാസ്റ്റർ എം. സൈമൺ***



*1896 മാർച്ച് 3 നു കോഴിക്കോട്ട് പട്ടണത്തിലെ പുതിയറ എന്ന സ്ഥലത്ത് ജനിച്ചു. മെട്രിക്കുലേഷൻ കഴിഞ്ഞ് യൂറോപ്യൻ കോമൺവെൽത്ത് കമ്പനിയിൽ ജോലിയിൽ പ്രവേശിപ്പിച്ചു. അതേസമയം ബാസൽമിഷൻ സഭയിലെ സഭാമൂപ്പനായി സേവനമനുഷ്ഠിച്ചു. 1929-ൽ ഉപ്പോട്ടു മാസ്റ്ററുമായി ചേർന്നു കോഴിക്കോട്ട് പത്തു ദിവസത്തെ കൺവൻഷൻ നടത്തി. തഞ്ചാവൂർ സ്വദേശി ജെ.എൻ. ഫിലിപ്പ് ആയിരുന്നു പ്രസംഗകൻ. 1929 സെപ്റ്റംബർ 15നു കുടുംബമായി സ്നാനപ്പെട്ടതിനെത്തുടർന്ന് ബാസൽ മിഷൻ സഭ സൈമണു സഭാഭ്രഷ്ട് കൽപിച്ചു. സൈമണും കൂട്ടരും സ്വതന്ത്രമായ ആരാധന തുടങ്ങി. പിന്നീട് പാസ്റ്റർ കെ.സി. ചെറിയാനോടൊപ്പം കോഴിക്കോട്ടെ പ്രവർത്തനങ്ങളിൽ വ്യാപൃതനായി. 1934 -ൽ ജോലിവിട്ട് കോഴിക്കോട്ട് സഭയുടെ ശുശ്രൂഷകനായി. പിന്നീട് ഏറെ വർഷങ്ങൾ സഭയെ നയിച്ചത് അദ്ദേഹമാണ്. വാർദ്ധക്യകാലത്ത് കോഴിക്കോട് വിട്ട് ഭാര്യ മാത്തിരിയോടൊപ്പം കണ്ണൂരിൽ മകൻ ഏണസ്റ്റിന്റെ കൂടെ താമസമാക്കി. 1974 ഫെബ്രുവരി 10 നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.*


അന്നു മുതൽ മൂന്നു ദിവസത്തേക്ക് സെന്റ് മേരീസ് ഹോളിൽ കെ.ഇ. ഏബ്രഹാമിന്റെ നേതൃത്വത്തിൽ പ്രത്യേക പ്രാർത്ഥനായോഗങ്ങൾ നടന്നു. ഞായറാഴ്ച ചാലിശ്ശേരിയിൽ നിന്നും കെ.സി. ചെറിയാൻ, കൊച്ചുകുഞ്ഞു സന്യാസി തുടങ്ങിയവർ എത്തിച്ചേർന്നതിനാൽ യോഗങ്ങൾ മൂന്നു ദിവസംകൂടെ നീട്ടി.

1932 ഫെബ്രുവരിയിൽ കുന്നംകുളത്ത് വീണ്ടും ചില യോഗങ്ങൾ നടന്നു. ഐസക്ക് മാസ്റ്റർ, ദീനാമ്മ ഐസക്ക്, റ്റി. വി. മാത്യു സന്യാസി, ഐസക്ക് മാസ്റ്ററുടെ സഹോദരി മിസ്. റ്റി.വി. സിപ്പോറ, മാത്തിരിക്കുട്ടി എന്നിങ്ങനെ അഞ്ചു പേർ സ്നാനപ്പെട്ടു. പാറയിൽ അങ്ങാടിയിൽ ഐസക്ക് മാസ്റ്റർക്കുണ്ടായിരുന്ന സ്ഥലവും കെട്ടിടവും അദ്ദേഹം സഭയ്ക്ക് ദാനമായി നൽകി. അങ്ങനെ കുന്നംകുളം സഭ സ്ഥാപിക്കപ്പെട്ടു.

പഴഞ്ഞിയിലും പെന്തക്കോസ്ത് സന്ദേശമെത്തിയത് ഇതേ കാലയളവിലാണ്. പെങ്ങാമുക്ക് എന്നസ്ഥലത്ത് 1932 ആഗസ്റ്റിൽ കെ.സി. ചെറിയാൻ, ചേത്തയ്ക്കൽ കീവറീച്ചൻ തുടങ്ങിയവർ നടത്തിയ യോഗങ്ങളുടെ ഫലമായി അവിടെ ഒരു സ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന പി.സി. മാത്തുണ്ണി മാസ്റ്ററുൾപ്പടെ പലരും സ്നാനമേറ്റു. പഴഞ്ഞി ടൗണിലും താമസിയാതെ ചില യോഗങ്ങൾ നടന്നു.

കോഴിക്കോട്ട് പാസ്റ്റർ കെ.സി. ചെറിയാനോടൊപ്പം താമസിച്ചു പ്രവർത്തിച്ചിരുന്ന വേലമ്പറമ്പിൽ തോമ്മാച്ചനും ഭാര്യ സാറാമ്മയും തൃശ്ശൂരിലെ പെന്തക്കോസ്ത് പ്രവർത്തനത്തിന്റെ വ്യാപ്തിക്കായി അവിടേക്ക് താമസം മാറ്റി. തൃശ്ശൂർ ജില്ലയിലെ പല സ്ഥലംസഭകളും അവരുടെ പരിലാളനമേറ്റു വളർന്നവയാണ്. റ്റി.വി. ഐസക്ക് മാസ്റ്റർ, മാത്തുണ്ണി മാസ്റ്റർ, റ്റി.വി. മാത്യു സന്യാസി എന്നിവരും ആദ്യകാല പ്രവർ

### *റ്റി.വി. മാത്യു സന്യാസി*



*ആദ്യകാല പെന്തെക്കോസ്ത് പ്രവർത്തകനായിരുന്ന മാത്യു സന്യാസി 1903 ഒക്ടോബർ 3 നു ജനിച്ചു. കുന്നംകുളത്ത് സുവിശേഷ സത്യങ്ങൾ പ്രചരിച്ച കാലത്ത് തന്നെ രക്ഷിക്കപ്പെട്ട് ദൈവവേലയ്ക്ക് പ്രതിഷ്ഠിച്ചു. 1932-ൽ പാസ്റ്റർ കെ. ഇ. ഏബ്രഹാമിന്റെ കൈക്കീഴിൽ സ്നാനമേറ്റു, കോയമ്പത്തൂരിൽ ശുശ്രൂഷയിലായിരുന്ന ഇദ്ദേഹം കുട്ടികളുടെ ഇടയിൽ പ്രത്യേക പ്രവർത്തനങ്ങൾ നടത്തിയിരുന്നു. ഒരു ഗാനരചയിതാവ് കൂടിയായിരുന്നു മാത്യു സന്യാസി രചിച്ചതാണ്. 'ആനന്ദം ആനന്ദം ആനന്ദമേ' എന്ന പ്രസിദ്ധ ഗാനം. കുന്ദംകുളം ഐ.പി.സി. ഹോളിനോടു ചേർന്ന് ഏകാന്തജീവിതം നയിച്ചിരുന്ന സന്യാസി, 1991 ആഗസ്റ്റ് 2 നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.*

യിൽ സെന്റ് മേരീസ് ഹാൾ എന്ന പ്രാർത്ഥനാ മന്ദിരത്തിൽ ഐസക്ക് മാസ്റ്റർ പ്രാർത്ഥിച്ചുകൊണ്ടിരിക്കെ കെ.ഇ. ഏബ്രഹാം അവിടേക്കു കയറിച്ചെന്നു. "ഞാൻ ഏബ്രഹമാണ്" എന്നു പറഞ്ഞ് അദ്ദേഹം ഐസക്ക് മാസ്റ്റർക്ക് തന്നെത്തന്നെ പരിചയപ്പെടുത്തി. "ഞാൻ ഇസഹാക്ക് (ഐസക്ക്) ആണ്" എന്നു പറഞ്ഞ് ഐസക്ക് മാസ്റ്റർ തിരിച്ച് ഹസ്തദാനം ചെയ്തു. ഉടൻ തന്നെ അദ്ദേഹത്തിലേക്ക് ആത്മശക്തി വ്യാപരിക്കുകയും അദ്ദേഹം നൃത്തം ചെയ്യുകയും ചെയ്തു.

ത്തനത്തിനു ചുമൽ കൊടുത്തവരാണ്.

**തൃശ്ശൂർ പട്ടണത്തിലെ വേല**

1932 മെയ് മാസത്തിൽ ഐസക്ക് മാസ്റ്ററുടെ നേതൃത്വത്തിൽ കുന്നംകുളത്തെ വിശ്വാസികൾ തൃശ്ശൂർ പട്ടണത്തിലെ സി.എം.എസ്. ക്വാർട്ടേഴ്സിൽ വീട് വാടകയ്ക്കെടുത്ത് ഒരാഴ്ചത്തെ യോഗങ്ങൾ നടത്തി. പിറ്റേയാഴ്ച നെല്ലിക്കുന്നത്ത് ടെയ്ലർ തോമസിന്റെ ഭവനത്തിലും യോഗങ്ങൾ നടന്നു. ഈ യോഗങ്ങൾ മുഖാന്തരം തോമസും ഭാര്യയും കുന്ദംകുളത്തെത്തി സ്നാപനം സ്വീകരിച്ചു.

തൃശ്ശൂർ പട്ടണത്തിൽ വലിയൊരു കൺവൻഷൻ നടക്കുന്നത് 1934 നവംബർ 8-11 വരെയാണ്. പറപ്പുള്ളി അങ്ങാടിയിലെ മാർത്തോമ്മാ സ്ക്കൂളിന്റെ പ്രധാന അദ്ധ്യാപകനായിരുന്ന ചീരൻ ചാക്കുണ്ണി മാസ്റ്ററുടെ താൽപര്യപ്രകാരം സ്കൂൾ ഓഡിറ്റോറിയത്തിൽവച്ചാണ് യോഗങ്ങൾ നടന്നത്. കെ. ഇ. ഏബ്രഹാം, കെ.സി. ചെറിയാൻ എന്നിവരെക്കൂടാതെ സിലോണിൽ നിന്ന് പാസ്റ്റർ ജെ.എൻ. ഫിലിപ്പും, അഷ്ടമുടി ഉമ്മച്ചനും ഈ യോഗങ്ങളിൽ പ്രസംഗകരായിരുന്നു. 13 പേർ ജെ.എൻ. ഫിലിപ്പിന്റെ കൈക്കീഴിൽ സ്നാനമേറ്റു. അങ്ങനെ തൃശ്ശൂർ പട്ടണത്തിൽ ഒരു സഭ സ്ഥാപിതമായി.

പറപ്പുള്ളി അങ്ങാടിയിൽ ആരംഭിച്ച സഭ പിന്നീട് സ്ഥലസൗകര്യാർത്ഥം ടെയ്ലർ തോമസിന്റെ നെല്ലിക്കുന്നത്തുള്ള ഭവനത്തിലേക്കു മാറ്റി. പാസ്റ്റർ കെ.വി. കുര്യൻ (കുറ്റപ്പുഴ), പാസ്റ്റർ വി.റ്റി. തോമസ് (കുന്നത്തും കര) തുടങ്ങിയവർ ഈ നാളുകളിൽ ഇവിടെ ശുശ്രൂഷിച്ചു. വി.റ്റി. തോമസ് ശുശ്രൂഷകനായിരിക്കുമ്പോഴാണ് (1935-ൽ) നെല്ലിക്കുന്നത്തെ സഭാഹാളിരിക്കുന്ന സ്ഥലം വാങ്ങുന്നത്. പിന്നീട് വേലമ്പറമ്പിൽ തോമാച്ചൻ, നെല്ലിക്കുന്ന് സഭയുടെ ശുശ്രൂഷ ഏറ്റെടുത്തു. പാസ്റ്റർ പി.ഡി.ജോണും, റ്റി. എൻ. ഏബ്രഹാമും ഇവിടെ ശുശ്രൂഷകരായിരുന്നിട്ടുണ്ട്.

1940 കളുടെ ആരംഭത്തിൽ വാളംകോട് പത്രോസ് ഉപദേശി (പാസ്റ്റർ വി. പി. പത്രോസ്) എളമറ്റം ഇട്ടച്ചൻ, ഉതുപ്പ്, പാസ്റ്റർ റ്റി.പി. പോൾ(വാളകം) തുടങ്ങിയവർ താമസത്തിനായി തൃശ്ശൂർ ഭാഗത്തേക്കു വന്നു. 1946-ൽ എളാമറ്റം ഭവനത്തിൽ ഒരു വലിയ ഉണർവ്വ് പൊട്ടിപ്പുറപ്പെട്ടു. അതോടെ ചാലിശ്ശേരിയിൽ ശുശ്രൂഷിച്ചുകൊണ്ടിരുന്ന പാസ്റ്റർ വി.കെ. ഏബ്രഹാം തൃശ്ശൂരിൽ ശുശ്രൂഷയ്ക്കായെത്തി.

1940 കളിൽ മദ്ധ്യവടക്കൻ തിരുവിതാംകൂർ ഭാഗങ്ങളിൽ നിന്നും പെന്തെക്കോസ്തരായ പലരും മുല്ലക്കര, കൂട്ടാല, പീച്ചി, ആൽപ്പാറ എന്നീ സ്ഥലങ്ങളിലേക്ക് കൃഷി പ്രമാണിച്ച് കുടിയേറിയത് ഈ പ്രദേശങ്ങളിലൊക്കെ പെന്തെക്കോസ്ത് സന്ദേശം വ്യാപിക്കുന്നതിനു കാരണമായി. ആദ്യകാലത്ത് അവർ നെല്ലിക്കുന്നത്ത് സഭാരാധനയിൽ പങ്കെടുത്തുപോന്നു. വി. പി. പത്രോസ് മുല്ലക്കരയിലായിരുന്നു താമസം. പിന്നീട് പത്രോസുപദേശിയുടെ വീട്ടിൽ സഭാരാധന ആരംഭിച്ചു.

1947-ൽ കൂട്ടാലയിലും പട്ടിക്കാട്ടും താമസിച്ചുകൊണ്ടിരുന്ന ആളുകൾക്കായി മുടിക്കോട് ഒരു സഭാരാധന ആരംഭിച്ചു. പിന്നീട്, ആ കൂടിവരവ് ആൽപ്പാറയിലേക്ക് മാറ്റി. പാസ്റ്റർ പി.റ്റി.വർഗീസ് കുടുംബമായി കൂട്ടാലയിൽ താമസമാക്കുന്നതും ഇക്കാലത്താണ്. പാസ്റ്റർ റ്റി.പി. പോൾ മുടിക്കോട്ടും താമസമായി.

1948-ൽ പാസ്റ്റർ എ.ജെ. ജോൺ മുടിക്കോട്ട് വന്ന് മൂന്നു ദിവസത്തെ യോഗങ്ങൾ നടത്തിയത് സഭ ഉണർത്തപ്പെടുന്നതിനു കാരണമായി. പാസ്റ്റർ റ്റി.വി. മത്തായി, ഇടപ്പാറ കുഞ്ഞുവർക്കി തുട

# ഉള്ളതു മുഴുവൻ സഭയ്ക്കു ദാനം ചെയ്ത കൊടുന്തറ ഉമ്മച്ചൻ



*വിശ്വാസജീവിതം പൂർണ്ണമായും പ്രയോഗത്തിൽ വരുത്തിയ ചുരുക്കം ചില സുവിശേഷകരിൽ ഒരാളായിരുന്നു പാസ്റ്റർ കെ.സി. ഉമ്മൻ (കൊടുന്തറ ഉമ്മച്ചൻ). 1922 –ൽ കുക്ക് സായ്പിന്റെ ഗൃഹവിചാരകൻ എന്ന നിലയിൽ ജോലിയിലിരിക്കുമ്പോൾ ഉമ്മച്ചൻ ബ്രദറൺ വിശ്വാസിയായിരുന്നു. കുക്ക് സായിപ്പുമായുള്ള കൂട്ടായ്മ അദ്ദേഹത്തെ പെന്തെക്കോസ്തു  വിശ്വാസിയാക്കിത്തീർത്തു.*

*ഇപ്പോൾ കുമ്പനാട് എലീം ഹോളിരിക്കുന്ന സ്ഥലം കെ.സി. ഉമ്മന്റെ പിതൃസ്വത്തായിരുന്നു. അതിൽ തന്റെ വീതം സഹോദരനു എഴുതിക്കൊടുത്ത് അദ്ദേഹം ഇപ്പോൾ ചർച്ച് ഓഫ് ഗോഡ് ഹോളിരിക്കുന്ന സ്ഥലം വാങ്ങി. അതേ സമയം സ്വന്തം അദ്ധ്വാനഫലമായി ഇപ്പോഴത്തെ ഹെബ്രോൻപുരം സിസ്റ്റേഴ്സ് ഡോർമിറ്ററിയുടെ ഭാഗവും അദ്ദേഹം സ്വന്തമാക്കി. എന്നാൽ "അപ്പോസ്തലിക കാലത്തെ വിശ്വാസ ജീവിതം" എന്ന ഉപദേശം ഗ്രഹിച്ച കൊടുന്തറ ഉമ്മച്ചൻ കവലയ്ക്കടുത്തുള്ള തന്റെ സ്ഥലം കുക്ക് സായ്പിനു വിറ്റ് ആ പണം മുഴുവൻ സുവിശേഷവേലയ്ക്ക് വേണ്ടി ഉപയോഗിച്ചു.*

*പിന്നീട് അദ്ദേഹത്തിനു സ്വന്തമായുണ്ടായിരുന്നത് ഹെബ്രോൻ പുരത്തെ സ്ഥലമാണ്. അത് മൊത്തമായി അദ്ദേഹം ഐ.പി.സി.ക്ക് എഴുതിക്കൊടുത്തു. അങ്ങനെ കൊടുന്തറ ഉമ്മച്ചന്റെ സ്വന്തമായിരുന്ന വസ്തുക്കളിലാണ് ഇന്ന് കുമ്പനാട് ചർച്ച് ഓഫ് ഗോഡ്, കുമ്പനാട് എലീം, ഹെബ്രോൻപുരം എന്നീ സ്ഥാപനങ്ങൾ നിൽക്കുന്നത്.*

*1891–ൽ ജനിച്ച കെ.സി. ഉമ്മൻ 1922 മുതൽ 30 വരെ കുക്ക് സായ്പിനോടു ചേർന്നു പ്രവർത്തിച്ചിരുന്നു. 30 മുതൽ 1944 ഡിസംബറിൽ മരിക്കുന്നതുവരെ അദ്ദേഹം ഐ.പി.സി.യിലെ വിശ്വസ്ത ശുശ്രൂഷകനായിരുന്നു. കറതീർന്ന വിശ്വാസിയും കപടമില്ലാത്ത സുവിശേഷകനുമായിരുന്ന കൊടുന്തറ ഉമ്മച്ചൻ ധീരനും ഭരണനിപുണനും ഉറച്ച നിലപാടുള്ളവനുമായിരുന്നു.*

189-ാം പേജിൽ നിന്നും...


ങ്ങിയവർ സ്നാനമേൽക്കുന്നത് ഈ യോഗത്തോടനുബന്ധിച്ചാണ്. പാസ്റ്റർ പി. റ്റി. വർഗീസ് ആയിരുന്നു സ്നാപകൻ. പാസ്റ്റർ എ.ഐ. ജോസഫ് (ഇപ്പോഴത്തെ തൃശ്ശൂർ സെന്റർ ശുശ്രൂഷകൻ) സഭാ പ്രവർത്തനത്തിൽ പങ്കാളിയാകുന്നതും ഈ കാലഘട്ടത്തിലാണ്. ചില മാസങ്ങൾ കുഞ്ഞു വർക്കിയുടെ ഭവനത്തോടനുബന്ധമായുണ്ടായിരുന്ന കെട്ടിടത്തിലായിരുന്നു സഭാരാധന. അവിടുന്നു പാസ്റ്റർ ഒ.പി. കുര്യാക്കോസിന്റെ (ഇപ്പോൾ വടക്കുംചേരി ഐ.പി.സി. സെന്റർ ശുശ്രൂഷകൻ) ഭവനത്തിലേക്കും, അതിനുശേഷം പാസ്റ്റർ റ്റി.പി. പോളിന്റെ ഭവനത്തിലേക്കും സഭാരാധന മാറ്റി. പിന്നീടാണ് ചീരകത്ത് കുഞ്ഞുവർക്കി (ഗുഡ്ന്യൂസ് എഡിറ്റർ സി.വി. മാത്യുവിന്റെ പിതാവ്), മുളവനാകുഴി കുര്യാക്കോസ്, താന്നിക്കാട്ട് പൈലി, ഇട്ടപ്പാറ ഉതുപ്പ്, തോട്ടിമാലിൽ ജോൺ തുടങ്ങിയവരുടെ ഉത്സാഹത്താൽ സഭാരാധനയ്ക്കായി ആൽപ്പാറയിൽ സ്ഥലം വാങ്ങുന്നതും ഹാൾ പണിയുന്നതും കൂട്ടാല വെസ്റ്റ്, മുല്ലക്കര എന്നീ സഭകളും ഇതേ കാലയളവിൽ തുടങ്ങിയതാണ്.

**എറണാകുളം**


എറണാകുളം ജില്ലയിൽ നെല്ലാട് ഐരാപുരം, മണ്ണൂർ എന്നീ സ്ഥലങ്ങളിലെ ചർച്ച് ഓഫ് ക്രൈസ്റ്റ് (താരപ്പൻ) കൂട്ടായ്മകളാണ് ആദ്യം പെന്തക്കോസ്ത് മാർഗ്ഗം സ്വീകരിക്കുന്നത്. തുടർന്ന് പി.വി. ഇട്ടിയവറാച്ചൻ, മണ്ണൂർ സഭയുടെയും, കുഞ്ഞുവർക്കി ഐരാപുരം സഭയുടെയും ഇത്താപ്പിരി ഉപദേശി നെല്ലാട് സഭയുടെയും പെന്തക്കോസ്തു ശുശ്രൂഷകരായി.

ഇത്താപ്പിരി ഉപദേശിയുടെ ശ്രമഫലമായി 1927-ൽ തന്നെ വാളകത്ത് പലരും പെന്തെക്കോസ്തനുഭവത്തിലേക്കു കടന്നുവന്നു. ആ കാലയളവിൽ സ്നാനപ്പെട്ടവരാണ് മുണ്ടയ്ക്കൽ കുഞ്ഞാപ്പി, റാഹേൽ ഇത്താപ്പിരി, മത്തായിയും ഭാര്യയും, ഇത്താപ്പിരി വർക്കി തുടങ്ങിയവർ. നെല്ലാട്ടെ ആർത്തേലി തോട്ടത്തിൽ വച്ചായിരുന്നു സ്നാനം. ഇത്താപ്പിരി വർക്കിയെ അന്ന് പിതാവ് സ്നാനപ്പെട്ടതിന്റെ പേരിൽ ഒരു കവിളത്ത് അടിച്ചപ്പോൾ മറുകവിളും കാണിച്ച് "ഇതാ ഇവിടെയും തല്ലിക്കോ" എന്നു പറഞ്ഞതായാണ് ചരിത്രം.

***പാസ്റ്റർ റ്റി.പി. പോൾ***



*മൂവാറ്റുപുഴ വാളകം സ്വദേശിയായ റ്റി.പി. പോൾ 1912-ൽ ജനിച്ചു. 1930-ൽ 19-ാമത്തെ വയസ്സിൽ രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചതിന്റെ പിറ്റേദിവസം നിമജ്ജന സ്നാനം സ്വീകരിച്ചപ്പോൾ സുവിശേഷവേലയ്ക്ക് വിളി ഉണ്ടായതിനെത്തുടർന്ന് കുമ്പനാട് ഹെബ്രോൻ ബൈബിൾ സ്കൂളിൽ വചനാഭ്യാസം നടത്തി. 1944-ൽ സ്വദേശത്ത് സുവിശേഷ പ്രവർത്തനമാരംഭിച്ചു. 1947-ൽ തൃശ്ശൂരിലെ മൂടിക്കോട്ട് ഒരു പുതിയ പ്രവർത്തനത്തിനു തുടക്കമിട്ടു. പിന്നീട് ആൽപ്പാറ, നെല്ലിക്കുന്നം, കൂട്ടാല മുതലായ സ്ഥലങ്ങളിൽ ശുശ്രൂഷിച്ചു. തൃശ്ശൂർ സെന്ററിന്റെ ശുശ്രൂഷകനായും പ്രവർത്തിച്ചിട്ടുണ്ട്. 1979 ഏപ്രിലിൽ കർത്തൃസന്നിധിയിലേക്കു വിളിച്ചു ചേർക്കപ്പെട്ടു.*



*മൂവാറ്റുപുഴ വാളകത്തെ ആദ്യ വിശ്വാസികളായ*
*ഇത്താപ്പിരി വർക്കിയും കുഞ്ഞമ്മ വർക്കിയും*

1929–ൽ സീയോൻ കുന്നിലെ ഉണർവ്വു യോഗങ്ങളിൽ പങ്കെടുത്ത മണ്ണൂർ സഭയുടെ ഇട്ടിയവിര ഉപദേശി മുഖാന്തരം ഉത്തരതിരുവിതാംകൂറിലെ പല സ്ഥലങ്ങളിലും ഉണർവ്വ് വ്യാപിക്കുവാനിടയായി. ചേത്തയ്ക്കൽ കീവറീച്ചൻ അവിടെയുള്ള സഭകളുടെ പൊതുശുശ്രൂഷകനായിരുന്നു.

കുറെക്കാലം പാസ്റ്റർ വി.പി. തോമസും (വേലമ്പറമ്പിൽ തോമാച്ചൻ) ഭാര്യ സാറാമ്മയും അവിടെ പ്രവർത്തിച്ചു. വാളകത്ത് അവർ നടത്തിയ ആദ്യ പ്രാർത്ഥനായോഗത്തിൽ തന്നെ 14 പേർ പരിശുദ്ധാത്മസ്നാനം പ്രാപിച്ചു. വിദ്യാഭ്യാസമില്ലാത്ത പെൺകുട്ടികൾ സുന്ദരമായ ഇംഗ്ലീഷിൽ അന്യഭാഷകളിൽ സംസാരിക്കുന്നത് അന്നവിടെയുണ്ടായിരുന്ന വിദ്യാസമ്പന്നരെ അത്ഭുതപ്പെടുത്തി. വേങ്ങൂർ, ചൂണ്ടക്കുഴി, പാണംകുഴി, ചേലാട്, ആയക്കാട്, പുന്നയ്ക്കാട്, വെള്ളത്തൂവൽ, പണിയാറ് തുടങ്ങിയ സ്ഥലങ്ങളിലേക്കും ഇവരുടെ നേതൃത്വത്തിൽ സുവിശേഷം എത്തിപ്പെട്ടു. ഈ കാലയളവിൽ ആത്മസ്നാനം പ്രാപിച്ച വ്യക്തിയാണ് പിന്നീട് ഐ.പി.സി.യിലെ പ്രമുഖ പ്രവർത്തകനായിത്തീർന്ന പാസ്റ്റർ കെ.കെ. വർക്കി.

**എറണാകുളം പട്ടണം**

വടക്കൻ തിരുവിതാംകൂറിൽ പ്രവർത്തനം വ്യാപകമായപ്പോഴും എറണാകുളം പട്ടണത്തിലെ പെന്തെക്കോസ്ത് പ്രവർത്തനത്തിനു അഭിവൃദ്ധി ഒന്നുമുണ്ടായില്ല. 1937–ൽ അമേരിക്കയിലെ “ഇന്റർനാഷണൽ പെന്തെക്കോസ്തൽ ചർച്ച് ഓഫ് ഗോഡി”ന്റെ പ്രതിനിധികളായി മെങ്കർ മദാമ്മയുടെ നേതൃത്വത്തിലെത്തിയ മൂന്നു മിഷനറി വനിതകളാണ് പട്ടണത്തിലാദ്യം പെന്തെക്കോസ്തു ദൂത് പ്രഘോഷിക്കുന്നത്.

പള്ളിമുക്കിൽ മാരിയമ്മൻ കോവിലിനു സമീപമായി മദാമ്മമാർ വീടുവാടകയ്ക്കെടുത്ത് ഒരു സണ്ടേസ്കൂൾ ആരംഭിച്ചു. വിദേശികളാണ് അതു നടത്തുന്നത് എന്നതിനാൽ കൗതുകത്തോടെ അനേക കത്തോലിക്ക, ഹിന്ദു കുട്ടികൾ വിദ്യാർത്ഥികളായെത്തി. കഥകളും പാട്ടുകളുമായി ആ കൊച്ചു കുട്ടികളുടെ മനസ്സിൽ സുവിശേഷ വിത്തു പാകുവാൻ അവർ വേണ്ടത്ര പരിശ്രമിച്ചു. മിഷനറി


മാരെ തർജ്ജമയിൽ സഹായിക്കാനും മറ്റു മായി തിരുവല്ലാ സ്വദേശി ബഞ്ചമിൻ, മിസിസ് ബഞ്ചമിൻ, മകൾ തങ്കമ്മ, ഭർത്താവ് ജോർജ്ജ് തുടങ്ങിയവരും എറ ണാകുളത്തെത്തിയിരുന്നു.

പള്ളിമുക്കിലെ ഒരു നിർദ്ധനഹൈ ന്ദവ ഭവനത്തിലെ പാർവ്വതി എന്ന യുവതി മെങ്കർ മദാമ്മയുടെ സണ്ടേസ്കൂ ളിൽ പങ്കെടുത്തതിന്റെ ഫലമായി സുവി ശേഷ താൽപര്യമുള്ളവളായിത്തീർന്നു. ഒരു ദിവസം പ്രാർത്ഥനാനേരത്ത് പാർവ്വ തിക്ക് ക്രൂശിക്കപ്പെട്ട യേശുവിന്റെ ഒരു ദർശനമുണ്ടായി. സുവിശേഷത്തിനു വേണ്ടി നിലകൊള്ളുവാൻ പാർവ്വതിയെ അത് പ്രാപ്തയാക്കി. അന്ന് പട്ടാളക്കാരുടെ ടെന്റ് തുണി തയ്ക്കലായിരുന്നു പാർവ്വ തിയുടെ തൊഴിൽ

വളരെ അനുഗ്രഹകരമായി സണ്ടേ സ്കൂൾ ശുശ്രൂഷ തുടർന്നു പോകവെ യാണ് രണ്ടാം ലോകമഹായുദ്ധം ആരംഭി ക്കുന്നത്. ഗവൺമെന്റിന്റെ നിർദ്ദേശപ്ര കാരം മിഷനറിമാർക്ക് പട്ടണം വിട്ടുപോ കേണ്ടിവന്നു.


മെങ്കർ മദാമ്മയും കൂട്ടരും മടങ്ങിയ പ്പോൾ ചർച്ച് ഓഫ് ഗോഡിന്റെ പ്രവർത്ത കനായിരുന്ന ഇടയാറൻമുള സ്വദേശി പി. വി. തോമസ് സൗത്ത് ഓവർ ബ്രിഡ്ജിന ടുത്ത് കുടുംബമായി താമസിച്ച് സുവി ശേഷ പ്രവർത്തനമാരംഭിച്ചു. പാർവ്വതി തന്റെ ഭവനത്തിലെ എതിർപ്പുകളെ വക വയ്ക്കാതെ പി.വി. തോമസ്സിന്റെ ഭവന ത്തിലെത്തി കൂട്ടായ്മ ആചരിച്ചുപോന്നു. ഇടയാറൻമുള സ്വദേശിയായ മാലക്കര മറി യാമ്മ എന്ന സഹോദരിയും അന്ന് പാസ്റ്റർ തോമസിനോടൊപ്പം എറണാകുളത്ത് താമ സിച്ചു പ്രവർത്തിച്ചിരുന്നു.

1943 ജനുവരിയിൽ പാർവ്വതി കുമ്പ നാട്ടെത്തി. കുക്ക് സായ്പിന്റെ കൈക്കീ ഴിൽ സ്നാനപ്പെട്ട്, 'സാറാമ്മ' എന്ന പേരു സ്വീകരിച്ചു. എറണാകുളം പട്ടണ ത്തിൽനിന്നും ആദ്യമായി സ്നാനപ്പെട്ട് പെന്തെക്കോസ്ത് കൂട്ടായ്മയിലേക്കു വരു ന്നത് സാറാമ്മയാണ്. എന്നാൽ പട്ടണ ത്തിലെ വേല ശക്തി പ്രാപിക്കാത്തതു നിമിത്തം പാസ്റ്റർ തോമസ് സ്വദേശത്തേക്ക് മടങ്ങിപ്പോയി. അങ്ങനെ 1943 അവസാന



*എറണാകുളത്തെ ആദ്യ വിശ്വാസിയായ*
*സാറാമ്മ (പാർവ്വതി) ഭർത്താവ് സ്റ്റീഫനോടൊപ്പം*

## സഖറിയാ സ്വാതന്ത്ര്യത്തിന്റെ ഗായകൻ



*പാസ്റ്റർ കെ.എം. സഖറിയാ കോട്ടയത്ത് പ്രവർത്തിക്കുന്ന സമയം താഴത്തങ്ങാടി അറുപുഴക്കടവിൽ ഒരു പരസ്യയോഗം നടക്കുന്നു. പരസ്യയോഗങ്ങളിലും സഭാരാധനകളിലും സഖറിയാച്ചനു ഹാർമോണിയം ഒഴിച്ചു കൂടാനാവാത്ത ഉപകരണമാണ്. ആരെയും ആകർഷിക്കത്തക്കനിലയിൽ ലളിതസുന്ദരമായിരുന്നു സഖറിയായുടെ പ്രസംഗങ്ങൾ. പ്രസംഗത്തിനിടയ്ക്ക് അദ്ദേഹം പാട്ടുപാടും, കഥ പറയും.*

*അറുപുഴക്കടവിലെ യോഗം നടക്കുമ്പോൾ പൂവക്കുളത്ത് പാപ്പി എന്ന മനുഷ്യൻ സഖറിയായുടെ അരികിലെത്തി യോഗം നിർത്താൻ താക്കീതു ചെയ്തു. ആദ്യകാല മുന്നണിപ്പോരാളിയുണ്ടോ പതറുന്നു.യോഗം പിന്നെയും നീണ്ടു.*

*പാപ്പി തന്റെ സൈക്കിളിൽ പടിഞ്ഞാറോട്ട് പോകുന്നതു കണ്ടു. താമസിയാതെ തിരികെ വന്നു. സഖറിയാച്ചന്റെ കയ്യിൽ നിന്നും ഹാർമോണിയം പിടിച്ചുവാങ്ങി നിലത്തിട്ട് ചവുട്ടിപ്പൊട്ടിച്ചു. പ്രസംഗിച്ചുകൊണ്ടുനിന്ന പി.എം. ഏബ്രഹാമിന്റെ കാലിൽ അയാൾ ബൂട്ടിട്ടു ചവുട്ടി.*

*ഇതൊന്നും അവരെ തളർത്തിയില്ല. കെ. എം. സഖറിയ വീണ്ടുമവിടെ പ്രസംഗിച്ചു യോഗമവസാനിപ്പിച്ചു.*

ത്തോടെ എറണാകുളം പട്ടണത്തിൽ പെന്തെക്കോസ്ത് പ്രവർത്തകരുടെ സാന്നിധ്യം ഇല്ലാതെയായിത്തീർന്നു.

കൂട്ടായ്മയ്ക്ക് ആളില്ലാത്ത സാറാമ്മ അന്ന് ചർച്ച് ഓഫ് ഗോഡിന്റെ ഫീൽഡ് സെക്രട്ടറിയായിരുന്ന റ്റി.എം. വർഗീസിനെഴുതി. "സാറെ, ഞാനിവിടെ ഏകാകിനിയാണ്. എനിക്ക് ആത്മീക കൈത്താങ്ങലുകൾ തരുവാൻ ആരുമില്ല. എന്നെ സ്നാനപ്പെടുത്തുവാൻ ഉത്സാഹിപ്പിച്ചവരും സഹായിച്ചവരും ഇപ്പോഴിവിടെയില്ല. എനിക്ക് വീട്ടിൽ നിന്നും നാട്ടിൽനിന്നും എതിർപ്പുകൾ ഏറിവരുന്നു. ഉടനെ തന്നെ ഒരു ശുശ്രൂഷകനെ ഞങ്ങളുടെ നാട്ടിലേക്കയയ്ക്കണം. അല്ലെങ്കിൽ എന്റെ ആത്മാവ് നശിച്ചുപോകാനിടയായാൽ അതിന്റെ വില നിങ്ങളെല്ലാവരും കൂടെ നൽകണം."

താമസിയാതെ റ്റി.എം. വർഗീസിന്റെ മറുപടി കിട്ടി: "മോളെ, ഒഴുക്കുവെള്ളത്തിൽ ജീവനുള്ള മീനെയും ചത്തമീനെയും ഇട്ടാൽ ചത്തമീൻ ഒഴുക്കിനനുകൂലമായി ഒഴുകിപ്പോകും. ജീവനുള്ള മീൻ ഒഴുക്കിനെതിരായി നീന്തി അതിന്റെ ലക്ഷ്യസ്ഥാനത്ത് ചെല്ലും.''

*"ആശ്വാസം നൽകാത്തീ പാരിലെ വാസത്താലുള്ളം നീറുന്നേ..."*

*എന്ന പാട്ടിന്റെ വരികൾ പാടിക്കൊണ്ട് 'നവയെരുശലേം' വിശ്വാസകണ്ണുകൊണ്ടു കണ്ടു. (പതിമൂന്നു ദിവസങ്ങൾക്കുശേഷം പൂക്കളത്തു പാപ്പി ഹൃദയസ്തംഭനം മൂലം മരിച്ചുവത്രേ!!)*

*1897-ൽ പുന്നയ്ക്കാട്ട് കുളങ്ങര വീട്ടിൽ മാത്തച്ചന്റെ പുത്രനായി ജനിച്ച സഖറിയ കെ.ഇ. ഏബ്രഹാം, കെ.സി. ചെറിയാൻ എന്നിവരോടൊപ്പം പെന്തെക്കോസ്ത് പ്രവർത്തനം തുടങ്ങിയ ആളാണ്. തെന്നിന്ത്യാ ദൈവസഭ കോട്ടയം പ്രദേശത്ത് പ്രവർത്തനം ആരംഭിച്ചപ്പോൾ അദ്ദേഹം അവിടുത്തെ പൊതുശുശ്രൂഷകനായി.*

*പ്രഗൽഭവാഗ്മിയും നല്ലൊരു ഗായകനുമായ സഖറിയാ സ്വാതന്ത്ര്യദാഹിയും ആരെയും കൂസാത്തയാളുമായിരുന്നു. 1926-ൽ കെ.ഇ. ഏബ്രഹാമും സഹപ്രവർത്തകരും കുക്ക് സായ്പിനോടു യോജിച്ചപ്പോൾ അതു നാട്ടു സഭകളുടെ സ്വാതന്ത്ര്യത്തെ ഹനിക്കാനിടയുണ്ടെന്നു പറഞ്ഞ് സ്വതന്ത്രനായി നിലകൊണ്ട വ്യക്തിയാണ് സഖറിയ. പിന്നീട് കുക്ക് സായ്പുമായി പിരിഞ്ഞ് കെ.ഇ. ഏബ്രഹാം തെന്നിന്ത്യ ദൈവസഭ രൂപീകരിച്ചപ്പോഴാണ് സഖറിയാ വീണ്ടുമതിനോടു യോജിക്കുന്നത്.*


*കോട്ടയത്തു പ്രവർത്തിച്ചുകൊണ്ടിരുന്ന സമയവും ഈ സ്വാതന്ത്ര്യദാഹം അദ്ദേഹത്തെ പലരുടെയും അപ്രീതിക്കു പാത്രമാക്കി. തെന്നിന്ത്യ ദൈവസഭ വ്യവസ്ഥാപിത രൂപം പ്രാപിക്കുകയും കേന്ദ്രീകൃതഭരണത്തിനു പ്രാമുഖ്യം നൽകുകയും ചെയ്യുന്നുവെന്ന് തോന്നിയപ്പോൾ അദ്ദേഹമതിനെ നിശിതമായി വിമർശിച്ചു. ഐ.പി.സി. നടത്തിയ കൂടിയാലോചനകൾക്കൊന്നും അദ്ദേഹം വഴിപ്പെട്ടില്ല. ക്രമേണ സഭയിൽ ഒറ്റപ്പെട്ട സഖറിയാ ഒടുവിൽ സിലോൺ പെന്തെക്കോസ്ത് മിഷനിൽ ചേരുവാൻ തീരുമാനമെടുത്തു.*

*1942 ജനുവരിയിൽ മനോരമയുടെ എതിർവശത്തുള്ള മൈതാനിയിൽ നടന്ന സിലോൺ പെന്തെക്കോസ്ത് മിഷൻ യോഗത്തിൽ വച്ച് താൻ അവരോടു ചേരുന്ന വിവരം സഖറിയാ പരസ്യമായി പ്രഖ്യാപിച്ചു. പാസ്റ്റർ എൻ.ജി. തോമസും (റാന്നി നെടുവേലിൽ തോമസ്) അന്ന് മിഷനിൽ ചേർന്നയാളാണ്. പാസ്റ്റർ ആൽവിൻ ഈ യോഗങ്ങളിൽ പ്രസംഗിച്ചിരുന്നു. ആ വർഷം തന്നെ സഖറിയ സിലോണിലേക്കു പോയി. 1955-ൽ നിത്യവിശ്രമത്തിൽ ചേർക്കപ്പെട്ടു.*

1943 ജൂൺ മാസത്തിൽ സാറാമ്മ, സീയോൻകുന്ന് ബൈബിൾ സ്കൂളിൽ ചേർന്നു. 47 വരെ അവർ അവിടുണ്ടായിരുന്നു. പിന്നെ സ്വദേശത്ത് തിരിച്ചെത്തി.

1945-ൽ എറണാകുളത്ത് 'ഓപ്പൺ ബൈബിൾ ചർച്ച്' എന്ന പേരിൽ ഒരു പ്രവർത്തനം ആരംഭിച്ചു. തമിഴ്നാട്ടിലെ ഒരു മിഷനറിയായിരുന്ന ക്ലേ സായ്പായിരുന്നു അതിന്റെ ചുമതലക്കാരൻ. ശുശ്രൂഷകൾ നടത്തിയിരുന്നത് മദ്ധ്യതിരുവിതാംകൂറുകാരനായ ഒരു മത്തായിച്ചനായിരുന്നു. കുക്ക് സായ്പിന്റെ സഹായിയായിരുന്ന കങ്ങഴ വർഗീസും ഈ സഭയിൽ ശുശ്രൂഷിച്ചിട്ടുണ്ട്. ഷിപ്പ്യാർഡിനടുത്തായിരുന്നു അവർ സഭായോഗം കൂടിയിരുന്നത്. എങ്കിലും വിശ്വാസികളായി അധികമാളുകൾ ഉണ്ടായിരുന്നതായി അറിവില്ല.

ബഥേൽ ഫൗണ്ടേഷന്റെ എഡിത്ത് വിർജിന ഗ്രീറ്റ് എറണാകുളത്തെത്തുന്നതോടെയാണ് പട്ടണത്തിലെ പ്രവർത്തനങ്ങൾക്ക് ഒരു പുതുമാനം ഉണ്ടാകുന്നത്. പള്ളിമുക്കിൽ (ഇന്നത്തെ ഇന്റർഗ്രേറ്റഡ് ഫിഷറീസിനു അടുത്ത്) വീടു വാടകയ്ക്കെടുത്ത് മിസ് ഗ്രീറ്റ് ഒരു അനാഥശാല



*മൂവാറ്റുപുഴ വാളകം പ്രദേശങ്ങളിലെ ആദ്യപെന്തെക്കോസ്തു പ്രവർത്തകരിൽ ഒരാളായ* ***പാസ്റ്റർ കെ.കെ. വർക്കി.***

തുടങ്ങി. ഡേവിഡ് തോമസ്, കെ.പി. സ്റ്റീഫൻ, അന്നമ്മ തോമസ് കുഞ്ഞമ്മ ഇട്ടൂപ്പ് തുടങ്ങി പലരും ഈ പ്രവർത്തനത്തിൽ മിസ് ഗ്രീറ്റിനെ സഹായിച്ചു. അതോടെ അനാഥശാലയോടുള്ള ബന്ധത്തിൽ അതിന്റെ പ്രവർത്തകരും അന്തേവാസികളും ചേർന്നുള്ള ഒരു കൂട്ടായ്മ ആരംഭിച്ചു. എറണാകുളംപട്ടണത്തിലെ ശക്തമായ ഒരു പെന്തെക്കോസ്തു കൂട്ടായ്മയായി അത് പിന്നീടു വളർന്നു.

1950 കളുടെ ആരംഭത്തോടെ പല പെന്തെക്കോസ്ത് സുവിശേഷകരും എറണാകുളം പട്ടണത്തിൽ സുവിശേഷദൂതുമായി എത്തിത്തുടങ്ങി. 1952-ൽ പാസ്റ്റർ ടി.സി. ഈശോയും, കുന്നംകുളം സ്വദേശി കുര്യപ്പനും എറണാകുളത്ത് വറതുണ്ണി എന്നൊരു മാർത്തോമ്മാക്കാരന്റെ വീട്ടിൽ താമസിച്ചു രണ്ടു മാസം പ്രവർത്തിച്ചിരുന്നു. 53ൽ കുറ്റപ്പുഴ കുര്യച്ചൻ, പാസ്റ്റർ എം.വി. വർഗീസ്, പാസ്റ്റർ കെ.സി. ജോൺ (ഭക്തൻകുട്ടിയച്ചന്റെ മകൻ), പാസ്റ്റർ കെ.ഇ. മാത്യു എന്നിവർ മാർക്കറ്റിനടുത്ത് ചില ദിവസങ്ങൾ താമസിച്ചു പ്രവർത്തിച്ചു. 1954-ൽ പാസ്റ്റർ ടി.സി. ഈശോ, പാസ്റ്റർ കെ.സി. ജോൺ എന്നിവർ വീണ്ടും എറണാകുളത്തെത്തി. കോവിൽവട്ടം റോഡിൽ ഒന്നരവർഷം അവർ താമസിച്ചു പ്രവർത്തിച്ചു. കോളെജു വിദ്യാഭ്യാസത്തോടുള്ള ബന്ധത്തിൽ കല്ലിശ്ശേരി സ്വദേശി റ്റി.സി. മാത്യുവും അന്ന് അവരോടൊപ്പമുണ്ടായിരുന്നു. ആ വർഷം രാജേന്ദ്രമൈതാനത്തു നടന്ന ഒരു വലിയ കൺവൻഷനിൽ പാസ്റ്റർ കെ.ഇ. ഏബ്രഹാം പ്രസംഗിക്കുകയുണ്ടായി. ഈ പ്രവർത്തനത്തെ ഏറെ പ്രോത്സാഹിപ്പിച്ച വ്യക്തിയായിരുന്നു അന്നമ്മ മാമ്മൻ. രണ്ടോമൂന്നോ പേർ രക്ഷിക്കപ്പെട്ടുവെങ്കിലും ഒരു സഭാസ്ഥാപനത്തിന്റെ നിലയിലേക്ക് ഈ പ്രവർത്തനം വളർന്നില്ല.

1950 കളുടെ മദ്ധ്യത്തോടെ ജോലി പ്രമാണിച്ച് മദ്ധ്യതിരുവിതാംകൂറിൽ നിന്നു പല പെന്തെക്കോസ്തുകാരും എറണാകുളം പട്ടണത്തിലെത്തി. അവരിൽ മിക്കവരും ഗ്രീറ്റ് മദാമ്മയുടെ ഓർഫനേജിൽ നടന്ന ആരാധനയിലായിരുന്നു പങ്കെടുത്തത്. വിഭാഗവ്യത്യാസമില്ലാഞ്ഞ ആ കൂട്ടായ്മയിൽ അസംബ്ലീസ് ഓഫ് ഗോഡ്, ഐ. പി.സി., ചർച്ച് ഓഫ് ഗോഡ്, തുടങ്ങിയ മുഖ്യധാരാ സഭകളിൽ നിന്നുള്ള വിശ്വാസികൾ ആരാധന കൂടിയിരുന്നു. പാസ്റ്റർ കെ. ഇ. മാത്യു ആയിരുന്നു ആദ്യകാലത്ത് അവിടുത്തെ ശുശ്രൂഷകൻ. എറണാകുളം പെന്തെക്കോസ്ത് സഭ എന്നായിരുന്നു ഈ കൂട്ടായ്മയുടെ പേര്. റോമൻ കത്തോലിക്ക സഭയിൽ നിന്ന് വേർപെട്ടു വന്ന അന്നാട്ടുകാരനായ പി.റ്റി. സേവ്യറും ('ക്രിസ്തുവിന്റെ പടയാളി മാസികയുടെ എഡിറ്റർ) ഇപ്പോൾ എറണാകുളം ഐ.പി.സി. സംഭാംഗമായ സൈമന്റെ പിതാവ് പൗലോസും മറ്റും അന്ന് എറണാകുളം പെന്തെക്കോസ്തു സഭയുടെ അംഗങ്ങളായിരുന്നു.

1962-ൽ പാസ്റ്റർ സി.പി. തോമസ് (പള്ളം തോമസ് സാർ) എറണാകുളം

പെന്തെക്കോസ്ത് സഭയുടെ ശുശ്രൂഷകനായി വന്നു. അദ്ദേഹത്തിന്റെ കാലത്ത് നാട്ടുകാരായ പലരും പെന്തെക്കോസ്തു വിശ്വാസം സ്വീകരിച്ചെത്തി. 65-ൽ തേവരതോട്ടിൽ പാസ്റ്റർ തോമസിന്റെ കൈക്കീഴിൽ എട്ടുപേർ സ്നാനപ്പെട്ടു.

എറണാകുളം പെന്തെക്കോസ്ത് സഭയുടെ ആദ്യത്തെ കമ്മറ്റിയംഗങ്ങളായി രേഖപ്പെടുത്തപ്പെട്ടിരിക്കുന്നവർ താഴെപ്പറയുന്നവരാണ്: പി.പി. താവു (പ്രസിഡണ്ട്), മിസ് എഡിത്ത് വി.ഗ്രീറ്റ് (വൈസ് പ്രസിഡണ്ട്), വി.എം. വർഗീസ് (ഡീക്കൻ ആൻഡ് സെക്രട്ടറി), കെ.എം. മാത്യു (ജോ.സെക്രട്ടറി), കുഞ്ഞമ്മ ഇട്ടൂപ്പ് (കമ്മറ്റി മെമ്പർ).

1964-ൽ ആലപ്പുഴ സ്വദേശിയായ പാസ്റ്റർ എം.വി. തോമസ് ഐ.പി.സി. യുടെ ശുശ്രൂഷകനായി എറണാകുളത്തെത്തി. ചില അഭിപ്രായ വ്യത്യാസങ്ങളുടെ പേരിൽ എറണാകുളം പെന്തെക്കോസ്ത് സഭയിൽ നിന്ന് വിട്ടുനിന്നിരുന്ന പി.റ്റി. സേവ്യർ, പാസ്റ്റർ തോമസിനോടൊപ്പം പ്രവർത്തിച്ചുതുടങ്ങി. വളഞ്ഞമ്പലത്തിനടുത്ത് 'ജയനിലയം' എന്ന കെട്ടിടത്തിലെ ഒരു മുറി വാടകയ്ക്കെടുത്ത് അവിടെ ആരാധന തുടങ്ങി.

1965 ജനുവരിയിൽ ഐ.പി.സി.യുടെ ഒരു വലിയ കൺവൻഷൻ എറണാകുളത്ത് നടന്നു. പാസ്റ്റർ കെ.ഇ. ഏബ്രഹാം, മാത്യു സാമുവൽ, ടി.വി. തോമസ് എന്നിവരായിരുന്നു അതിഥി പ്രസംഗകർ. ആ കൺവൻഷനോടനുബന്ധമായി ഐ.പി. സി.യുടെ എറണാകുളത്തെ ലോക്കൽ സഭ പാസ്റ്റർ മാത്യു സാമുവൽ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു.

ഏറെത്താമസിയാതെ എറണാകുളം പെന്തെക്കോസ്ത് സഭയിലെ ആറ് കുടുംബങ്ങൾ ഐ.പി.സി.യിൽ ചേർന്നു. ഈ ലയനത്തോടു വിയോജിപ്പുണ്ടായിരുന്നവർ



***മിസ് എഡിത്ത് വെർജീനാ ഗ്രീറ്റ്-***
*എറണാകുളം പെന്തെക്കോസ്തു*
*ദൈവസഭയുടെ പ്രാരംഭ പ്രവർത്തക*

ചർച്ച് ഓഫ് ഗോഡ് ബന്ധത്തിൽ നിലനിന്നു. അവർക്കായി മുളക്കുഴയിൽ നിന്നും പാസ്റ്റർ ഇ.എം. കുരുവിളയെ ശുശ്രൂഷകനായി അയച്ചുകൊടുത്തു. പിന്നീട് ഈ ആരാധന കലൂരിലേക്കു മാറ്റി.

ഇതേ കാലയളവിലാണ് പാസ്റ്റർ പി.ജെ. ഡാനിയേൽ, റവ. ജോൺ ഓസ്റ്റിന്റെ ഒരു ക്രൂസേഡ് എറണാകുളത്ത് നടത്തിയത്. അതിന്റെ ഫലമായി റിവൈവൽ സെന്റർ എന്ന പേരിൽ സഭാ കൂട്ടായ്മ ആരംഭിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. ആദ്യം ഒരു ഹോട്ടൽ മുറിയിൽ തുടങ്ങിയ ആരാധന പിന്നീട് സൗത്ത് റെയിൽവേ സ്റ്റേഷനു സമീപം മാരിയമ്മൻ റോഡിലേക്കു മാറ്റുകയായിരുന്നു.

ചില വർഷങ്ങൾക്കുശേഷം പുനലൂരിൽ നിന്നു പാസ്റ്റർ എം.എസ്. തോമസിന്റെ നേതൃത്വത്തിൽ ഒരു എച്ച്.എം.സി. ഗ്രൂപ്പ് എറണാകുളത്ത് വന്ന് പ്രവർത്തിച്ചു. പാസ്റ്റർ പി.എസ്. ഫിലിപ്പും ആ പ്രവർത്തനത്തിനു നേതൃത്വം കൊടുത്തിരുന്നു. അന്ന് ഹിന്ദുസ്ഥാൻ പെട്രോളിയത്തിനു സമീപം കണ്ണച്ചംതോട്ടിൽ താമസിച്ചിരുന്ന പി. സൈലാസുകുട്ടിയുടെ



*പെന്തെക്കോസ്തു വിശ്വാസം സ്വീകരിച്ചതിന്റെ പേരിൽ സ്വഭവനത്തിൽ നിന്നും പുറത്താക്കപ്പെട്ട പാപ്പുവും ഭാര്യ പ്ലമേനയും സഹോദരി മറിയാമ്മയും മക്കളും ഭവനത്തിനു പുറത്ത്. ഞാറയ്ക്കൽ കത്തോലിക്കാ പള്ളിക്കാരാണ് പാപ്പുവിനെ പുറത്താക്കിയത്. 1945-ലെ ചിത്രം*

ഭവനം കേന്ദ്രീകരിച്ചായിരുന്നു പ്രവർത്തനം. ഇതു മുഖാന്തിരം സൈലാസ് മാസ്റ്ററുടെ വീട്ടിൽ വച്ച് എ.ജി.യുടെ സഭാരാധന തുടങ്ങി. എം.എസ്. മത്തായി ആയിരുന്നു ആദ്യത്തെ ശുശ്രൂഷകൻ. പിന്നീട് എറണാകുളം നോർത്തിൽ സഭാഹാൾ പണിത് ആരാധന അങ്ങോട്ടു മാറ്റി.

**വൈപ്പിൻകര**

എറണാകുളം പട്ടണത്തോടടുത്ത് വൈപ്പിൻ ദ്വീപിൽ പെന്തെക്കോസ്ത് സന്ദേശവുമായി ആദ്യമായെത്തുന്നയാൾ തൃശ്ശൂർ സ്വദേശിയായ പി.ഡി. ജോൺ ഉപദേശിയാണ്. 1945-ൽ ഞാറയ്ക്കൽ മാർക്കറ്റിനടുത്ത് പി.ഡി.ജോൺ പരസ്യയോഗം നടത്തുമ്പോൾ നാട്ടുകാർ അദ്ദേഹത്തെ ഉപദ്രവിക്കുവാൻ മുതിർന്നു. അന്ന് മാർക്കറ്റിൽ ഒരു വ്യാപാരിയായിരുന്ന പി.വി. പാപ്പു ഇടനിലനിന്ന് രംഗം ശാന്തമാക്കി; പി.ഡി. ജോണിനോടു പ്രസംഗിക്കുവാൻ ആവശ്യപ്പെട്ടു. അത്ഭുതമെന്നേ പറയേണ്ടു, അന്ന് പാപ്പു മനസാന്തരപ്പെട്ട് പെന്തെക്കോസ്ത് വിശ്വാസിയായിത്തീർന്നു.

1946 നവംബറിൽ പാപ്പുവും കുടുംബാംഗങ്ങളും എം.എ. ജോസഫ് എന്നൊരു വ്യക്തിയും സ്നാനമേറ്റു വിവരമറിഞ്ഞ് കത്തോലിക്കർ പാപ്പുവിനും കുടുംബത്തിനും ഭ്രഷ്ട് കൽപിച്ചു. അന്ന് അവർ താമസിച്ചിരുന്ന ഭവനം പള്ളിയുടെ അവകാശത്തിൽപ്പെട്ടസ്ഥലമാണെന്നും അതിനാൽ ഉടൻതന്നെ വീട് ഒഴിഞ്ഞുകൊടുക്കണമെന്നും സഭാധികാരികൾ ആവശ്യപ്പെട്ടു. ക്രിസ്തുനിമിത്തം എല്ലാം സഹിക്കുവാൻ അദ്ദേഹം തയ്യാറായിരുന്നു. പ്രായമായ മാതാപിതാക്കളോടും സഹോദരിയോടും കുഞ്ഞുകുട്ടികളോടുമൊപ്പം പാപ്പു സഹോദരൻ വീടുവിട്ടു. (ചിത്രം കാണുക).

പാപ്പുവിന്റെ പിതാവ് വറുതുകുട്ടി മരിച്ചു. ശവം ശ്മശാനത്തിലടക്കാൻ പള്ളിക്കാർ സമ്മതിച്ചില്ല. ഉണ്ടായിരുന്ന വീട്ടിൽ നിന്ന് പള്ളിക്കാർ ഇറക്കിവിട്ടിരുന്നതി

നാൽ, ഭവനമില്ലാത്തവനായി അലയുന്ന പാപ്പുവിനു പിതാവിനെയടക്കാൻ സ്വന്തം പറമ്പും ഇല്ലായിരുന്നു. പരിചയക്കാരനായ വില്ലേജ് ഓഫീസർ കടപ്പുറത്ത് ശവം അടക്കിക്കൊൾവാൻ അനുവാദം കൊടുത്തു. എന്നാൽ കത്തോലിക്കർ കോടതിയിൽ നിന്നു സ്റ്റേ ഓർഡർ വാങ്ങാൻ ഇടയുണ്ടെന്നും അതിനാൽ ആരുമറിയാതെ വേണം അടക്കം നിർവ്വഹിക്കാനെന്നും ഓഫീസർ നിർദ്ദേശിച്ചു,

ശവം എടുത്തുകൊണ്ടുപോകുവാൻ പോലും അയൽക്കാരായ കത്തോലിക്കർ സഹായിച്ചില്ല. ഒടുവിൽ പാപ്പുവും പ്രായമാകാത്ത കുഞ്ഞുങ്ങളും ചേർന്ന് (പെൺകുട്ടികളുമടക്കം) ശവം എടുത്തുകൊണ്ടുപോയി കടൽപ്പുറത്ത് അടക്കി.

വിശ്വാസത്തിനുവേണ്ടി പാപ്പുവും കുടുംബവും അനുഭവിക്കേണ്ടിവന്ന പ്രതികൂലങ്ങൾ അവിടംകൊണ്ടും തീർന്നില്ല. ഭവനരഹിതനായിത്തീർന്ന പാപ്പുവിന്റെ ഭാര്യ തെരുവിൽ പനമ്പായ മറച്ചാണ് പ്രസവിക്കാൻ ഇടം കണ്ടെത്തിയത്. ഇതൊക്കെ സംഭവിച്ചിട്ടും പതറാതെ അവർ പെന്തെക്കോസ്ത് വിശ്വാസം പിന്തുടർന്നു.

ആദ്യകാലത്ത് പാസ്റ്റർ പി.ഡി. ജോൺ ആയിരുന്നു ഈ സഭയുടെ ശുശ്രൂഷകൻ. പിന്നീട് പി.റ്റി. സാമുവൽ ശുശ്രൂഷകനായെത്തി.

**കോട്ടയം**

1930 കൾക്കു മുമ്പുതന്നെ കുക്ക് സായ്പിന്റെ കീഴിൽ പള്ളം, കുമരകം തുടങ്ങിയ സ്ഥലങ്ങളിൽ പെന്തെക്കോസ്ത് സഭകൾ നിലിവിലിരുന്നു. പള്ളത്ത് പ്രധാനമായി പ്രവർത്തിച്ചിരുന്നത് തോമസ് സാർ എന്നു വിളിക്കപ്പെട്ട വ്യക്തിയായിരുന്നു. അദ്ദേഹം കോട്ടയം പട്ടണത്തിന്റെ വിവിധ ഭാഗങ്ങളിൽ തുടർമാനമായി യോഗങ്ങൾ സംഘടിപ്പിച്ചു.

1928-ൽ പാസ്റ്റർ എം. എം. ജോൺ (പരിയാരം ജോണുപദേശി) പാക്കിൽ കവലയ്ക്ക് സമീപം സുവിശേഷ പ്രവർത്തനം തുടങ്ങുകയും സി.എം.എസ്. സമുദായത്തിൽ നിന്നും വി.റ്റി. പൗലോസ് എന്നയാൾ സ്നാനമേൽക്കുകയും ചെയ്തു. പിന്നീട്, പൗലോസ് തന്നെ ആ സ്ഥലങ്ങളിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തു. ഇന്നത്തെ ചർച്ച് ഓഫ് ഗോഡ് ഡിവിഷൻ സഭയുടെ ആരംഭം അങ്ങനെയാണ്.

ഇതേ കാലയളവിൽത്തന്നെ കുരോപ്പടയിലും പരിയാരം ജോണുപദേശി, കുന്നംചിറ കെ. ജെ. മർക്കോസ് തുടങ്ങിയവരുടെ ഉത്സാഹത്താൽ പ്രവർത്തനമാരംഭിച്ചു. 1928-ൽ അട്ടിക്കൽ മത്തായിയുടെ വീട്ടിലായിരുന്നു ആദ്യം ആരാധന തുടങ്ങിയത്.

ചർച്ച് ഓഫ് ഗോഡ് ഡിവിഷന്റെ തന്നെ മറ്റൊരു ആദ്യകാല സഭയാണ് കീഴൂർ. പാസ്റ്റർ വി.റ്റി. ദാനിയേൽ മാനാടി ഫിലിപ്പുപദേശി എന്നിവരുടെ പ്രവർത്തനഫലമായി ഈ പ്രദേശത്ത് വേല വ്യാപിച്ചു. പാമ്പാടി, കോത്തല, കാനം, വേളൂർ, കൊല്ലാട്, വല്ല്യാട്ട്, വെള്ളുത്തുരുത്തി, ചെമ്പൻ തുരുത്ത് എന്നിവയും ആദ്യകാല സഭകളായിരുന്നു.

**കോട്ടയം പട്ടണത്തിലെ പ്രവർത്തനങ്ങൾ**

1931-ൽ കങ്ങഴ ചെറിയകളത്തിൽ പാപ്പി ഉപദേശി, പി.എം. ഫിലിപ്പിനേയും കൂട്ടി കോട്ടയം ചെല്ലിയൊഴുക്കു ഭാഗത്ത് ചില പരസ്യയോഗങ്ങൾ നടത്തിയിരുന്നു.1932-ൽ ആഞ്ഞിലിത്താനം ഇളയിടത്ത് തോമാച്ചൻ, കുറ്റപ്പുഴ കുര്യച്ചൻ, പി.എം. ഫിലിപ്പ് തുടങ്ങിയവർ കളത്തിൽപ്പടിയിൽ യോഹന്നാൻ ഉപദേശിയുടെ ഭവനത്തിൽ താമസിച്ച് പത്തു ദിവസത്തെ യോഗങ്ങൾ നടത്തി. ഈ പ്രവർത്തനങ്ങൾ അന്ന് ബാലനായിരുന്ന പി.എം. ഫിലിപ്പിൽ

***പാസ്റ്റർ ഒ.സി. കുഞ്ഞുമ്മൻ***



*1890-ൽ ഒരു യാക്കോബായ കുടുംബത്തിൽ ജനിച്ച കുഞ്ഞമ്മൻ 1930-ൽ പെന്തെക്കോസ്ത് വിശ്വാസിയായി. ആ വർഷം തന്നെ കുക്കിന്റെ കൈക്കീഴിൽ മുളക്കുഴലി വച്ച് സ്നാനപ്പെട്ടു. 1935-ൽ ഓർഡിനേഷൻ ലഭിച്ചു. 1936-ൽ ഇന്ത്യാ ദൈവസഭയുടെ ഒന്നാമത്തെ കൗൺസിലിൽ അംഗമായി തിരഞ്ഞെടുക്കപ്പെട്ടു. കൊന്നപ്പാറ, നല്ലാനിക്കുന്ന്, വിളക്കുടി, ചാലിയേക്കര, ഇളമ്പൽ, പത്തനാപുരം, അതിരുങ്കൽ, മുണ്ടുകോട്ടയ്ക്കൽ, വാര്യാപുരം, വടശ്ശേരിക്കര, പുത്തൻപീടിക, പത്തനംതിട്ട, പുനലൂർ, ചെങ്ങന്നൂർ, അടൂർ എന്നീ സ്ഥലങ്ങളിൽ വിവിധ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഏറെ നാളുകൾ കാൻസർ രോഗത്താൽ കഷ്ടപ്പെട്ടെങ്കിലും രോഗശാന്തി വിശ്വാസത്തിൽ പിടിച്ചുനിന്ന കുഞ്ഞുമ്മൻ പ്രാർത്ഥനയാൽ തന്നെ അതിൽ നിന്നും വിടുതൽ പ്രാപിച്ചു. പ്രാർത്ഥനയാൽ അനേകർ അത്ഭുതകരമായി രോഗസൗഖ്യം പ്രാപിച്ചത് ശുശ്രൂഷയെ വളരെ സഹായിച്ചിട്ടുണ്ട്. 1969 സെപ്റ്റംബർ 19നു 89-ാമത്തെ വയസ്സിൽ മഹത്വത്തിൽ പ്രവേശിച്ചു.*

കോട്ടയം ജില്ലയിൽ സുവിശേഷ പ്രവർത്തനം നടത്താനുള്ള അഭിവാഞ്ഛ വർദ്ധിപ്പിച്ചു.

അക്കാലത്ത് കോട്ടയം ജില്ലയിലെ പ്രധാന പെന്തെക്കോസ്ത് കേന്ദ്രം കങ്ങഴയായിരുന്നു. 1933-ൽ മുണ്ടത്താനത്തു നടന്ന ഒരു പ്രത്യേകയോഗത്തിൽ (കെ.ഇ. ഏബ്രഹാം, തമിഴുപ്രസംഗകനായ അലങ്കാരമണി എന്നിവർ ഈ യോഗത്തിൽ പ്രഭാഷകരായിരുന്നു) പൊടിമലമത്തായിച്ചനും, കെ.ഇ. ഏബ്രഹാമും ചേർന്ന് പി.എം. ഫിലിപ്പ്, കെ.വി. കുര്യൻ (കുറ്റപ്പുഴ) എന്നിവരെ കോട്ടയത്തെ പ്രവർത്തനങ്ങൾക്കായി പ്രാർത്ഥിച്ചയച്ചു. അവർ ആദ്യം തോട്ടയ്ക്കാട്ടു താമസിച്ച് ചില യോഗങ്ങൾ നടത്തി. പിന്നെ ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ മീനടം, അഞ്ചേരി, തലപ്പാടി വാകത്താനം, കോട്ടയം-ചെല്ലിയൊഴുക്ക്, കഞ്ഞിക്കുഴി, കൊല്ലാട് ഇല്ലിക്കൽ, താഴത്തങ്ങാടി, തിരുവാർപ്പ്, കുമരകം എന്നിവിടങ്ങളിലും അവിടുന്നു അഴുത (പീരുമേട്), കുമളി, പൊൻകുന്നം, അരീപ്പറമ്പ്, കാനം എന്നിവിടങ്ങളിലേക്കും സഞ്ചരിച്ച് നാൽപതു ദിവസങ്ങളിലായി യോഗങ്ങൾ നടത്തി.

കോട്ടയത്ത്, മാങ്ങാനം ചെമ്മരപ്പള്ളിൽ പന്തുകളത്തിലും, ഇല്ലിയ്ക്കൽ മുണ്ടുചിറയ്ക്കൽ സ്കൂളിലും, കഞ്ഞിക്കുഴി വെട്ടിക്കലുങ്കിനു സമീപവും നടന്ന യോഗങ്ങൾ മുഖാന്തരം സുവിശേഷ താല്പര്യമുണ്ടായിരുന്ന പലരും പെന്തെക്കോസ്ത് സത്യങ്ങളിലേക്കാകർഷിക്കപ്പെട്ടു. പതിനേഴു വയസ്സു മാത്രം പ്രായമുണ്ടായിരുന്ന പി.എം.ഫിലിപ്പിന്റെ പ്രസംഗപാടവം സമീപപ്രദേശങ്ങളിലെ ജനങ്ങൾക്കിടയിൽ പോലും സംസാരവിഷയമായി.

### തലപ്പാടി

തലപ്പാടി നിവാസികളായ ഇലവുങ്കൽ വർക്കിയച്ചൻ, ചിറയ്ക്കൽ മാത്തുച്ചൻ, പാപ്പി, മാമ്മൂട്ടിൽ വർക്കി, പൂതക്കുഴിയിൽ കുട്ടി തുടങ്ങിയവർ കോട്ടയത്തു നടന്ന പെന്തെക്കോസ്ത് യോഗങ്ങളിൽ പങ്കെടുത്തിരുന്നു. അവർ കെ. ഇ. ഏബ്രഹാം, പി.എം. ഫിലിപ്പ് തുടങ്ങിയവരെ തങ്ങ

ളുടെ നാട്ടിലേക്ക് കൺവൻഷൻ നടത്തുവാൻ ക്ഷണിച്ചു.

ചക്കുപുരയ്ക്കൽ ചാക്കോയുടെ പുരയിടത്തിൽ പന്തൽ തയ്യാറായി. തലപ്പാടി മാർത്തോമ്മാ സഭയിലെ ഇടവകക്കാർ മുഖാന്തരം മെത്രാച്ചൻ വിവരമറിഞ്ഞു. യോഗത്തിൽ ആരും സംബന്ധിക്കാതിരിക്കാൻ പള്ളിയിൽ നിന്നും വിലക്കുവന്നു. എന്നാൽ യോഗങ്ങളുടെ അനുഗ്രഹകരമായ നടത്തിപ്പിനു അതൊന്നും തടസ്സമായില്ല 1934 ജനുവരിയിലായിരുന്നു ഈ യോഗങ്ങൾ.

ഒക്ടോബറിൽ വീണ്ടും അഞ്ചുദിവസത്തെ യോഗങ്ങൾക്കൂടെ തലപ്പാടിയിൽ നടത്തപ്പെട്ടു. ഈ പ്രാവശ്യമാണ് തലപ്പാടിയിലെ ആദ്യസ്നാനം നടന്നത്. 1934 ഒക്ടോബർ 21നു സ്നാനപ്പെട്ട 12 പേരിൽ അന്ന് പത്തുവയസ്സുമാത്രം പ്രായമുണ്ടായിരുന്ന ടി.പി. വർഗീസ്, അദ്ദേഹത്തിന്റെ ജ്യേഷ്ഠൻ ടി.പി. ജോസഫ്, പുന്നൂപ്പറമ്പിൽ പി.കെ. ചാക്കോ (പിന്നീട് ഇദ്ദേഹം ഐ.പി.സി. പ്രസിഡണ്ടായി) എന്നിവർ ഉൾപ്പെടുന്നു.

കോട്ടയം ജില്ലയിലെ വാഴൂരിൽ താമസിച്ചുകൊണ്ട് പാസ്റ്റർ വി.വി. തോമസ് (വേങ്ങംതോട്ടത്തിൽ കുട്ടിയച്ചൻ) പ്രവർത്തനമാരംഭിക്കുന്നതും ഇതേ കാലയളവിലാണ്.

**കെ.എം. സഖറിയ കോട്ടയത്തെത്തുന്നു**


1935 ലാണ് പാസ്റ്റർ കെ. എം. സഖറിയ കോട്ടയത്തെ പ്രവർത്തനങ്ങളുടെ ചുമതലയേൽക്കുന്നത്. വളരെ പ്രഗത്ഭനായ ഒരു പ്രവർത്തകനായിരുന്നു അദ്ദേഹം. കോട്ടയം പട്ടണത്തിൽ വാഹനാട് ആശാട്ടിയുടെ വീട് വാടകയ്ക്കെടുത്ത് കളത്തിൽപ്പടി, തിരുവാർപ്പ്, ആലുംമൂട് എന്നീ സ്ഥലങ്ങളിലൊക്കെ അദ്ദേഹം സുവിശേഷയോഗങ്ങൾ സംഘടിപ്പിച്ചു. താഴത്തങ്ങാടിയിൽ കടവൂർ കറിയാച്ചൻ, കുരന്താനത്ത് കുഞ്ഞച്ചൻ, കളപ്പുരയ്ക്കൽ മറിയാമ്മ എന്നിവരൊക്കെ അദ്ദേഹത്തെ പ്രവർത്തനത്തിൽ സഹായിച്ചുപോന്നു. കെ.എം. സഖറിയായുടെ പ്രവർത്തന കാലത്ത് വിശ്വാസസ്നാനം സ്വീകരിച്ചവരാണ് കൊല്ലാട് മധുരം ചേരിയിൽ കുരുവിള (പിന്നീട് സി.പി.എം. ൽ ചേർന്നു), പ്ലാമ്പറമ്പിൽ ഈശോച്ചൻ തുടങ്ങിയവർ.

ആദ്യം മുതലേ കെ. എം. സഖറിയ സഭാകാര്യങ്ങളിൽ സ്വതന്ത്രചിന്ത വച്ചുപുലർത്തുന്ന ഒരു പ്രവർത്തകനായിരുന്നു. 1926-ൽ തെന്നിന്ത്യാ പെന്തെക്കോസ്ത് ദൈവസഭയും കുക്ക് സായ്പിന്റെ പൂർണ്ണസുവിശേഷസഭയും യോജിക്കുന്ന സമയത്ത് അത് സ്ഥലം സഭകളുടെ സ്വാതന്ത്ര്യത്തെ ഹനിക്കാനിടയുണ്ടെന്ന ധാരണയാൽ അദ്ദേഹം യോജിപ്പിൽ നിന്നും മാറിനിന്നിരുന്നു. കോട്ടയത്തെ പ്രവർത്തനവും കുമ്പനാടിന്റെ നേതൃത്വത്തിൻ കീഴിൽ വരാതെ സ്വതന്ത്രമായി കൊണ്ടുപോകാനായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. ഇതിന്റെ പേരിൽ ചില അഭിപ്രായ വ്യത്യാസങ്ങൾ സെന്ററും സഖറിയാച്ചനും തമ്മിലുണ്ടായി. പ്രത്യേകിച്ചും കോട്ടയത്തെ പ്രാദേശിക കൺവൻഷൻ കുമ്പനാട് കൺവൻഷന്റെ ദിവസങ്ങളിൽത്തന്നെ നടത്താൻ കെ.എം. സഖറിയ തീരുമാനിച്ചത് കുമ്പനാട് നേതൃത്വത്തെ ചൊടിപ്പിച്ചു. അവർ തമ്മിൽ ഒരു അഭിപ്രായ സമന്വയം സാധ്യമായില്ല. ഒടുവിൽ പാസ്റ്റർ സഖറിയായ്ക്ക് ഐ.പി.സി. ബന്ധം ഉപേക്ഷിക്കേണ്ടിവന്നു. സ്വതന്ത്രനായിത്തീർന്ന സഖറിയായ്ക്ക് ഏറെ അനുയായികളെ കിട്ടിയില്ല. (പിന്നീട് അദ്ദേഹം സിലോൺ പെന്തെക്കോസ്ത് മിഷനിൽ ചേർന്നു).

**പാസ്റ്റർ പി.എം. ഫിലിപ്പ് കോട്ടയത്തെത്തുന്നു**

കെ.എം. സഖറിയായ്ക്കുശേഷം

### *പാസ്റ്റർ കെ.സി. ഫിലിപ്പ്*



*കട്ടയിൽ കൊച്ചായൻ എന്ന പേരിൽ അറിയപ്പെട്ടിരുന്ന പാസ്റ്റർ ഫിലിപ്പ് 1914 സെപ്റ്റംബറിൽ കോട്ടയം അരീപ്പറമ്പിൽ ജനിച്ചു. 1930-ൽ 16-ാം വയസ്സിൽ രക്ഷിക്കപ്പെടുകയും അതേ വർഷം വിശ്വാസസ്നാനം സ്വീകരിക്കുകയും 1934-ൽ പരിശുദ്ധാത്മസ്നാനം പ്രാപിക്കുകയും ചെയ്തു. കലപ്പാടി സഭാസ്ഥാപനത്തിൽ പ്രധാന പങ്കുവഹിച്ചവരിലൊരാളാണ് അദ്ദേഹം. 1939-ൽ കർത്താവിന്റെ വേലയ്ക്കായി വേർതിരിഞ്ഞു. കുഴിക്കാല, ആലപ്പുഴ, തലപ്പാടി, വാകത്താനം, പാമ്പാടി, തോട്ടയ്ക്കാട്, കാനം, വാഴൂർ ആദിയായ സ്ഥലങ്ങളിൽ താമസിച്ച് കർത്തൃശുശ്രൂഷ വിശ്വസ്തതയോടെ നിർവഹിച്ച പാസ്റ്റർ ഫിലിപ്പ് 1973 ഏപ്രിലിൽ കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.*

കോട്ടയം പ്രവർത്തനങ്ങൾ ആരെ ഏൽപ്പിക്കണമെന്ന് കുമ്പനാട്ട് വിശദമായ ചർച്ച നടന്നു. 'കോട്ടയത്തെ പ്രവർത്തനങ്ങളിൽ പ്രാഗൽഭ്യം തെളിയിച്ച പാസ്റ്റർ പി.എം. ഫിലിപ്പിനെ' എന്നായിരുന്നു ഭൂരിപക്ഷാഭിപ്രായം. അന്ന് ഫിലിപ്പ് പ്രായം കുറഞ്ഞ ഒരു യുവാവായിരുന്നു. ആയതിനാൽ അദ്ദേഹത്തിന്റെ പിതാവായ പാസ്റ്റർ പി.റ്റി. മാത്യുവിനു (പൊടിമല മത്തായിച്ചൻ) സെന്റർ ശുശ്രൂഷാപദവി കൊടുക്കുന്നതിനും പ്രവർത്തനത്തിന്റെ ചുമതല പി.എം. ഫിലിപ്പിനു നൽകുന്നതിനും തീരുമാനമായി.

കോട്ടയത്ത് തലപ്പാടിയിൽ അന്ന് വ്യവസ്ഥാപിതനിലയിൽ ഒരു സഭ വളർന്നു കഴിഞ്ഞിരുന്നു. 1941-ൽ ഇഞ്ചക്കാട്ട് ടി.എ. വർക്കിയുടെ ഭവനത്തിൽ താമസിച്ചുകൊണ്ട് പി.എം. ഫിലിപ്പ് തലപ്പാടി സഭയുടെ ശുശ്രൂഷ ഏറ്റെടുത്തു. ചില മാസങ്ങൾക്കു ശേഷം പട്ടണത്തിലെ വേല വളർത്തുക എന്ന ലക്ഷ്യത്തോടെ അദ്ദേഹം മുട്ടമ്പലത്തുള്ള ചിലമ്പത്ത് വീട് വാടകയ്ക്കെടുത്ത് അവിടെ താമസമാക്കി.

താഴത്തങ്ങാടിയിൽ കടവൂർ കറിയാച്ചൻ, കുരന്താനത്ത് കുഞ്ഞച്ചൻ, കളപ്പുരയ്ക്കൽ മറിയാമ്മ എന്നിവർ അന്ന് സഭാംഗങ്ങളായിരുന്നു. ഞായറാഴ്ചകളിൽ സഭായോഗം കൂടാൻ ഇവരെ കൂടാതെ കുമരകം, പള്ളം വടക്കുംതല, തോട്ടയ്ക്കാട് തുടങ്ങിയ സ്ഥലങ്ങളിലെ വിശ്വാസികൾ ഇടയ്ക്കിടെ എത്തുമായിരുന്നു. (ഇതിൽ കുമരകം, പള്ളം തുടങ്ങിയ സ്ഥലങ്ങളിലെ സഭകൾ ആദ്യകാല ചർച്ച് ഓഫ് ഗോഡ് കൂട്ടായ്മകളാണ്).

ഏറെത്താമസിയാതെ താഴത്തങ്ങാടിയിൽ ഈമ്പിൽ ചാണ്ടിച്ചൻ, ചാക്കോച്ചൻ, മുണ്ടുചിറയ്ക്കൽ മദർ (തങ്കമ്മ), ഈരയിൽ കുഞ്ഞച്ചൻ, കട്ടത്തറ കുട്ടിയച്ചൻ, ചാക്കോച്ചൻ, ഏലിയാമ്മ, അറവുപുരയ്ക്കൽ മറിയാമ്മ എന്നിവരും സഭാംഗങ്ങളായി.

1943-ൽ ചിലമ്പത്ത് വീട്ടിൽ നിന്നും സഭായോഗം തോപ്പിൽ ഭവനത്തിലേക്കു മാറ്റി. അതോടെ സമുദായസ്ഥരിൽ നിന്നും സഭയ്ക്ക് പല എതിർപ്പുകളും നേരിടേണ്ടിവന്നു. പലപ്പോഴും അവർ വിശ്വാസവീടിനു കല്ലെറിഞ്ഞു. ചില സമയത്ത് വീടിനുള്ളിലേക്ക് മലിന വസ്തുക്കൾ വലിച്ചെറിഞ്ഞു. എന്നാലപ്പോഴും സഭ വളർന്നുകൊണ്ടേയിരുന്നു.


1949-ൽ ഇപ്പോൾ ഫിലദെൽഫിയ ഹോളിരിക്കുന്ന സ്ഥലം കോട്ടയം സഭ വിലയ്ക്ക് വാങ്ങുകയും പെട്ടെന്നുതന്നെ അവിടെയൊരു വിശ്വാസ ഭവനം പണി യുകയും ചെയ്തു. ശിലാസ്ഥാപന സമ യത്ത് പാസ്റ്റർ കെ.സി. ചെറിയാൻ സഭ യ്ക്ക് 'ഫിലദൽഫിയ' എന്നു നാമകരണം ചെയ്തു.

1950ലെ മദ്ധ്യവേനൽ അവധിക്കാ ലത്ത് രണ്ടുമാസം തുടർച്ചയായി ഫില ദൽഫിയായിൽ വച്ച് ഒരു ബൈബിൾ ക്ലാസ് നടന്നു. അന്ന് മുട്ടമ്പലം ഭാഗത്ത് താനുവേലിൽ അച്ചന്റെ പുരയിടത്തി ലുള്ള സുവിശേഷാലയത്തിൽ കുഞ്ഞപ്പി ഉപദേശിയുടെ നേതൃത്വത്തിലുള്ള ഒരു ക്രിസ്തീയ കൂട്ടായ്മ നിലവിലിരുന്നു (യൂണിയൻ ക്രിസ്ത്യൻ കൂട്ടായ്മ). ഈ ആലയത്തിൽ സജീവമായി നിന്നിരുന്നവർ ഫിലദൽഫിയായിൽ പി.എം. ഫിലിപ്പ് നട ത്തിയ ബൈബിൾ ക്ലാസ്സുകളിൽ സംബ ന്ധിച്ചു. തിരുവചനപഠനം അവരെ പെന്തെക്കോസ്ത് സത്യങ്ങളിലേക്ക് വഴി നടത്തി. പള്ളിക്കാരുടെയും പട്ടക്കാരു ടെയും എതിർപ്പിനെ അവഗണിച്ച് കൂട്ടാ യ്മയിൽപ്പെട്ട 32 പേർ 1950 ഒക്ടോബറിനു ഇറഞ്ഞാൽ ആറ്റിൽ ഇറങ്ങി സ്നാനമേ റ്റു. പാസ്റ്റർ കെ.ഇ. ഏബ്രഹാം, പാസ്റ്റർ പി.എം.ഫിലിപ്പ് എന്നിവരൊരുമിച്ചാണ്. സ്നാനശുശ്രൂഷ നടത്തിയത്.

കഞ്ഞിക്കുഴിയിലെ സഭയിൽ ചുറ്റുപാ ടുമുള്ള പലസ്ഥലങ്ങളിൽ നിന്നു ആളു കൾ ആരാധനയിൽ പങ്കെടുത്തുകൊണ്ടി രുന്നു. അവരിൽ മാങ്ങാനം ഭാഗത്തു നിന്നുവന്ന വി. ജെ.ജോസഫ് (മാങ്ങാനം ജോസഫ്), ചിറയിലെ സി. എം. സാമുൽ തുടങ്ങിയവരുടെ ഉത്സാഹത്താൽ മാങ്ങാനം പ്രദേശങ്ങളിൽ പെന്തെ ക്കോസ്തു സന്ദേശം വ്യാപിച്ചു. അങ്ങനെ വിശ്വാസത്തിലേക്കു വന്നവർ ഒരുമിച്ചു കൂടി വടക്കുംതലയിൽ പാസ്റ്റർ വി.ജെ. ജോസഫിന്റെ പുരയിടത്തിൽ തന്നെ ഒരു താൽക്കാലിക ഷെഡുകെട്ടി സഭാരാധന കൂടി. അന്ന് പരിശുദ്ധാത്മാവിൽ നിറഞ്ഞ് അനുഗ്രഹീതവേല ചെയ്തുകൊണ്ടിരുന്ന വി.ജെ. ജോസഫ് ആയിരുന്നു ആദ്യ ശുശ്രൂഷകൻ.

കഞ്ഞിക്കുഴിയിൽ താമസിച്ചുകൊണ്ട് പാസ്റ്റർ ഫിലിപ്പ് കോട്ടയത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തനം വ്യാപിപ്പിച്ചു. കൊല്ലാട്, മാങ്ങാനം, വടവാതൂർ, ഇല്ലി ക്കൽ, തിരുവാർപ്പ്, പുതുപ്പള്ളി, വാക

***പാസ്റ്റർ.കെ.ജെ. ഏബ്രഹാം (മീനടം അവറാച്ചൻ)***



*1904-ൽ മീനടം കിഴക്കേടത്ത് വീട്ടിൽ ജനിച്ച ഏബ്രഹാം ഇരുപത്തിയെട്ട് വയസ്സുള്ള പ്പോഴാണ് രക്ഷിക്കപ്പെടുന്നത്. കോട്ടയം ജില്ല യിലെ ആദ്യ സഭാശുശ്രൂഷകരിൽ ഒരാളായി രുന്നു അദ്ദേഹം. തലപ്പാടി, തോട്ടയ്ക്കാട്, അഞ്ചേരി, കുലശേഖരം, പഴഞ്ഞി, പീരുമേട്, തുടങ്ങി പല സ്ഥലങ്ങളിലും അദ്ദേഹം സഭാ ശുശ്രൂഷകനായിരുന്നിട്ടുണ്ട്. തിരുവനന്തപുരം ഡിസ്ട്രിക്ടിന്റെ പൊതുശുശ്രൂഷകനായിരു ന്നു. വിനയം കൊണ്ടും ദൈവകൃപ കൊണ്ടും ഏറെ ശ്രദ്ധിക്കപ്പെട്ടിരുന്ന ഈ ദൈവദാസൻ 'കണ്ണാടി അവറാച്ചൻ' എന്ന പേരിലാണ് അറി യപ്പെട്ടിരുന്നത്. 1976-ൽ അദ്ദേഹം നിത്യത യിൽ പ്രവേശിച്ചു.*

ത്താനം, ഞാലിയാക്കുഴി, പാമ്പാക്കുട, തൊടുപുഴ എന്നിവിടങ്ങളിലൊക്കെ സഭകൾ സ്ഥാപിക്കപ്പെടുന്നത് അദ്ദേഹം കോട്ടയത്ത് പ്രവർത്തിച്ചുകൊണ്ടിരുന്നപ്പോഴാണ്.

**കുട്ടനാട്**

കുട്ടനാട്ടിലെ പാരമ്പര്യാധിഷ്ഠിക ക്രൈസ്തവ സമൂഹത്തിന്റെ ഉരുക്കുകോട്ടകൾക്കു നേരെ സുവിശേഷ സത്യത്തിന്റെ ആയുധങ്ങളുമായി പടയ്ക്കൊരുങ്ങിയത് പെന്തെക്കോസ്തുകാരെക്കാൾ നേരത്തെ വേർപാടുകാരാണ്. അത്ര പെട്ടെന്നൊന്നും തകരുന്നവയല്ലായിരുന്നു ആ കോട്ടകൾ. എന്നാൽ, പെന്തെക്കോസ്തിന്റെ സന്ദേശവാഹകർ കുട്ടനാട്ടിലെത്തുമ്പോൾ അവിടെ സുവിശേഷ സത്യങ്ങൾ അംഗീകരിച്ച വേർപെട്ടകൂട്ടർ വിരളമായെങ്കിലും ഉണ്ടായിരുന്നു.

1930 മുതലാണ് സംഘടിത പെന്തെക്കോസ്ത് സഭകൾ കുട്ടനാട്ടിൽ ഉടലെടുത്തു തുടങ്ങിയതെങ്കിലും 1925 മുതൽ അവിടെ പെന്തെക്കോസ്ത് സത്യങ്ങൾ പ്രചരിപ്പിക്കപ്പെട്ടതിനു ചരിത്രമുണ്ട്. 1926-ൽ പ്രസിദ്ധീകരിക്കപ്പെട്ട പെന്തെക്കോസ്ത് കാഹളത്തിലെ ഒരു ഉദ്ധരണി ശ്രദ്ധിക്കുക:

**ഒരു സുവിശേഷയാത്ര**

"അമിച്ചകരി എന്ന സ്ഥലത്ത് ഒരു സുവിശേഷപ്രസംഗത്തിനായി മിഷനറി എസ്.ഇ. മെയ് മുതലായി ഞങ്ങളിൽ ചിലരെ ക്ഷണിച്ചു. 'ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടു കൂടെയുണ്ട്' എന്ന് അരുളിച്ചെയ്ത കർത്താവിന്റെ നാമത്തിൽ ഞങ്ങൾ അവിടേക്കു പുറപ്പെട്ടു. ആ സ്ഥലവാസിയും പലർക്കും സുപരിചിതനും ഒരു സുവിശേഷകനുമായ മാന്യസഹോദരൻ പി.റ്റി. കൊച്ചു മാത്തച്ചന്റെ വീട്ടിൽ നാലു ദിവസം ഞങ്ങൾ അതിഥികളായി താമസിച്ച് ആ സ്ഥലത്ത് വേല ചെയ്തു. ആ യോഗങ്ങളിൽ പരിശുദ്ധാത്മാവ് സുവിശേഷത്തെ അതിന്റെ പ്രാരംഭശുദ്ധിയിലും ശക്തിയിലും ഘോഷിച്ചിരുന്നു. കർത്താവ് അടയാളങ്ങളോടുകൂടെ തന്റെ വചനത്തിനു സാക്ഷി നിന്ന് അതിനെ ഉറപ്പിക്കുകയും ചെയ്തു. തന്റെ തിരുനാമത്തിനു മഹത്വം ഉണ്ടാകട്ടെ.

ഓരോ യോഗങ്ങളുടെയും അവസാനത്തിൽ തങ്ങളുടെ മാനസാന്തരത്തിനും രോഗശാന്തിക്കും വേണ്ടി പ്രാർത്ഥിപ്പാൻ ആഗ്രഹമുള്ളവരെ ഞങ്ങൾ ക്ഷണിച്ചു. രോഗികളെ കർത്താവിന്റെ നാമത്തിൽ എണ്ണ പൂശിപ്രാർത്ഥിച്ചു... പല രോഗശാന്തികളും, മറ്റു പലർക്കും ഭൂതങ്ങൾ വിട്ടു മാറുകയും ചെയ്തു. കർത്താവായ യേശുക്രിസ്തു ജീവിക്കുന്നു. അവനിപ്പോഴും പ്രവർത്തിക്കുന്നു. അവന്റെ നാമത്തിനു മഹത്വം ഉണ്ടാകട്ടെ."

(പെന്തെക്കോസ്ത് കാഹളം, വാല്യം1, ലക്കം 5, 1926 ജനുവരി. പേജ് 117,118).

**മേൽപ്പാടം**

1931ലാണ് മേൽപ്പാടത്ത് പെന്തെക്കോസ്ത് സത്യങ്ങൾ പ്രചരിപ്പിക്കപ്പെട്ടു തുടങ്ങുന്നത്. യാക്കോബായക്കാരനായിരുന്ന പാവുക്കര പനമ്പത്ത് കുര്യൻ ഈപ്പൻ (അദ്ദേഹം പാസ്റ്റർ കെ.ഇ. ഏബ്രഹാമിന്റെ ഒരു ബന്ധുവായിരുന്നു) എന്നയാളുടെ ഉത്സാഹത്താൽ 1931 ഏപ്രിൽ മേല്പ്പാടത്ത് ഒരു പെന്തെക്കോസ്ത് കൺവൻഷൻ സംഘടിപ്പിക്കപ്പെട്ടു. കെ. ഇ. ഏബ്രഹാം ആയിരുന്നു പ്രസംഗകൻ.

മറുഭാഷയിൽ പ്രസംഗിക്കുന്ന ഒരാൾ പ്രസംഗിക്കാനെത്തിയിരിക്കുന്നു എന്നറിഞ്ഞ് ജനം യോഗത്തിനു തടിച്ചുകൂടി. കെ.ഇ. ഏബ്രഹാം പ്രസംഗിച്ചു തുടങ്ങി. മറുഭാഷയിലല്ല, മലയാള ഭാഷയിൽ തന്നെ. ഒന്നാം യോഗത്തിൽ തന്നെ പലരും രക്ഷിക്കപ്പെട്ടു.

കാരയ്ക്കൽ പാപ്പിച്ചനും ഭാര്യഅന്ന

മ്മയും പെന്തെക്കോസ്ത് സത്യങ്ങളിലേക്ക് ആകർഷിക്കപ്പെട്ടു. ക്ഷയരോഗബാധിതയായിരുന്ന അന്നമ്മ അന്ന് പ്രാർത്ഥനയാൽ രോഗ സൗഖ്യം പ്രാപിച്ചു. താമസിയാതെ അവർ കുടുംബമായി സ്നാനമേറ്റു. മാർത്തോമ്മാ സഭയിലെ ഒരു സുവിശേഷകനായിരുന്ന കെ.ജി. മാത്യു (കുഞ്ഞൂഞ്ഞച്ചൻ), മുളമൂട്ടിൽ തോമ്മാച്ചൻ, കുഞ്ഞുകുട്ടിച്ചൻ എന്നിവരാണ് ഈ യോഗത്തിൽ പെന്തെക്കോസ്തു വിശ്വാസത്തിലേക്കാകർഷിക്കപ്പെട്ട മറ്റു ചിലർ.

തൊട്ടടുത്ത മാസത്തിൽ മേല്പാടത്തു നിന്നും വടക്കു മാറി കൊമ്പംകരിയിൽ (നിരണം വെസ്റ്റ്) കുന്നിപ്പറമ്പിൽ വീട്ടുകാരുടെ ക്ഷണം സ്വീകരിച്ച് കെ.ഇ. ഏബ്രഹാം അവിടെയും ചില യോഗങ്ങൾ നടത്തി. അതേ വർഷം തന്നെ മേൽപ്പാടത്ത് തങ്കയ്യാ അതിശയം ചില ഉണർവ്വു പ്രാർത്ഥനകൾ നടത്തിയിരുന്നു. ഈ യോഗങ്ങളിൽവച്ചാണ് വേർപാട് കൂട്ടായ്മയിലെ പ്രശസ്ത സുവിശേഷകനായിരുന്ന കണ്ടങ്കരിൽ ചാക്കോച്ചൻ (കെ.ജി. ചാക്കോ–ഇദ്ദേഹം പിന്നീട് പുത്തൻകുരിശ് ചാക്കോച്ചൻ എന്ന പേരിൽ അറിയപ്പെട്ടു) പെന്തെക്കോസ്ത് വിശ്വാസത്തിലേക്കു കടന്നുവന്നത്.

മേൽപ്പാടത്ത് പല പ്രാവശ്യമായി നടന്ന യോഗങ്ങൾ മുഖാന്തരം അവിടെ ഒരു പെന്തെക്കോസ്ത് കൂടിവരവ് ആരംഭിച്ചു. ഓല കെട്ടി മറച്ച ഒരു ഷെഡ്ഢിൽ അവർ ആരാധനയ്ക്കായി ഒത്തുകൂടി. കെ. ജി.മാത്യു (കുഞ്ഞൂഞ്ഞച്ചൻ) ആയിരുന്നു അന്ന് ശുശ്രൂഷ നിർവ്വഹിച്ചത്. പല രോഗികളും അത്ഭുതരോഗസൗഖ്യം പ്രാപിച്ചത് സഭാവളർച്ചയ്ക്ക് കാരണമായിത്തീർന്നു. മണലേൽ വീട്ടിൽ ഉണ്ണി എന്ന യുവാവ് തളർവാദം പിടിച്ച് കിടക്കയിലായിരുന്നു. പ്രാർത്ഥനയിലൂടെ വിസ്മയകരമായ സൗഖ്യം അദ്ദേഹത്തിനു ലഭിച്ചു. ആകേരി വടക്കേതിൽ ജാനകി എന്ന യുവതിയും അത്ഭുതരോഗസൗഖ്യവും പ്രാപിച്ച ഒരു വ്യക്തിയാണ്. മാവേലിക്കര സ്വദേശിയായ പത്തിച്ചിറ യോഹന്നാച്ചൻ ഇക്കാലയളവിൽ സഭ സന്ദർശിച്ച് വേണ്ട കൈത്താങ്ങൽ കൊടുത്തു പോന്നു.

***പാസ്റ്റർ കെ.സി. ജോൺ***
***(പത്തിച്ചിറ യോഹന്നാച്ചൻ)***


*പത്തിച്ചിറ യോഹന്നാച്ചൻ എന്ന പേരിൽ അറിയപ്പെട്ടിരുന്ന പാസ്റ്റർ കെ. സി. ജോൺ 1901 ഫെബ്രുവരിയിൽ ജനിച്ചു. യാക്കോബക്കാരനായിരുന്ന ഇദ്ദേഹം 1928–ൽ തന്റെ 27–ാ മത്തെ വയസ്സിൽ രക്ഷിക്കപ്പെട്ടു. 1930–ൽ പരിശുദ്ധാത്മസ്നാനം പ്രാപിച്ചു. 1932–ൽ സുവിശേഷവേലയ്ക്കിറങ്ങിയ യോഹന്നാച്ചൻ തിരുവിതാംകൂറിൽ പലയിടങ്ങളിലും ആന്ധ്രയിലും കർത്തൃശുശ്രൂഷചെയ്തു. പ്രവാചകൻ, രോഗശാന്തി വരപ്രാപ്തൻ എന്നീ നിലകളിലൊക്കെ അദ്ദേഹം അറിയപ്പെട്ടിരുന്നു. അനേക രോഗികൾ തന്റെ പ്രാർത്ഥനയാൽ സൗഖ്യം പ്രാപിച്ചിട്ടുമുണ്ട്. 1979 മാർച്ചിൽ തന്റെ 78–ാമത്തെ വയസ്സിൽ കർത്തൃസവിധേ വിളിച്ചുചേർക്കപ്പെട്ടു.*

**കുക്ക് സായ്പിന്റെ പ്രവർത്തനം**

നിരണത്ത് കണ്ടംകേരിൽ കെ.ജി. കോശിച്ചൻ പാസ്റ്റർ കുക്കിന്റെ കൈക്കീഴിൽ സ്നാനമേറ്റു. ഏറെ താമസിയാതെ പട്ടമുക്കിൽ ഉണ്ണൂണ്ണിച്ചനും കുമ്പനാട്ടുവെച്ച് പാസ്റ്റർ കുക്കിന്റെ കൈക്കീഴിൽ സ്നാനമേറ്റു. കണ്ടങ്കേരിൽ കെ.ജി. ചാക്കോ നേരത്തെതന്നെ സ്നാനപ്പെട്ട വ്യക്തിയായിരുന്നു. ഇവർ മൂവരും ചേർന്ന് നിരണത്ത് ഒരു സ്വതന്ത്ര സഭയായി ആരാധന തുടങ്ങി.

ഈ സമയത്താണ് അമിച്ചകരിയിൽ പാട്ടത്തിൽ അവറാച്ചനും മറ്റും പെന്തെക്കോസ്ത് വിശ്വാസത്തിലേക്കാകർഷിക്കപ്പെടുന്നത്. കൊച്ചുകോശിച്ചൻ അമിച്ചക

# കുട്ടനാട്ടിൽ നിന്നൊരു നെൽമണി



*പാസ്റ്റർ കെ. ജി. ചാക്കോ (പുത്തൻകുരിശ് ചാക്കോച്ചൻ) കുട്ടനാട്ടിൽ പ്രവർത്തിക്കുന്ന സമയം. ഒരു ഹൈന്ദവ സ്നേഹിതൻ യേശുവിൽ വിശ്വസിച്ചു. തന്റെ നിർബന്ധപ്രകാരം തന്നെ സ്നാനപ്പെടുത്തുവാനായി പാസ്റ്റർ ചാക്കോ ജലത്തിലിറങ്ങി. പ്രാർത്ഥനയ്ക്കുശേഷം സ്നാനാർത്ഥി സ്നാപകന്റെ അടുക്കലേക്ക് കൂപ്പുകൈയ്യോടെ നീങ്ങുമ്പോൾ കരയിൽനിന്നും ഒരാൾ കഴുത്തിൽ തുണിയിട്ട് ആ മനുഷ്യനെ കരയിലേക്ക് വലിച്ചുകയറ്റി സ്നാനം തടഞ്ഞു. പാസ്റ്റർ ചാക്കോ സ്തോത്രം പറഞ്ഞുകൊണ്ട് കരയ്ക്കു കയറി. എതിർകരയിൽ പാർത്തിരുന്ന കുടുംബാംഗങ്ങൾ ഈ വിവരം അറിഞ്ഞ് തോട്ടു വക്കത്തേക്കോടിച്ചെന്നു. സ്നാനപ്പെടുവാൻ വന്ന ആളെ സ്നാനപ്പെടുത്തുവാനാകാതെ തങ്ങളുടെ സഹോദരൻ കരയ്ക്കു കയറേണ്ടി വന്നത് അവർക്ക് മാനക്ഷയമായി തോന്നി. അതിനു പരിഹാരമുണ്ടാക്കാൻ അവർ പെട്ടെന്നൊരു തീരുമാനമെടുത്തു. "ചാക്കോച്ചാ, ഞങ്ങൾ ഒരുമിച്ച് ഇപ്പോൾ സ്നാനപ്പെടാം. നീ തിരികെ വെള്ളത്തിലിറങ്ങ്." അവർ വാശിയോടെ വിളിച്ചു പറഞ്ഞു.*

*"രക്ഷിക്കപ്പെട്ടവരെ മാത്രമെ സ്നാനപ്പെടുത്തുവാൻ കല്പനയുള്ളൂ വാശിപ്പുറത്തോ, മാനം കാക്കുവാനോ, ആരേയും സ്നാനപ്പെടുത്തുകയില്ല." പാസ്റ്റർ ചാക്കോ പ്രതിവചിച്ചു.*

*അമിച്ചകരി പടിഞ്ഞാറേഭാഗത്ത്, ആശാരിച്ചേരിൽ ഉമ്മച്ചന്റെ ഭവനത്തിൽ സഭായോഗം കൂടുവാൻ തീരുമാനിച്ചു. ആ വിവരം നാട്ടുകാർ അറിയുകയും സുറിയാനിക്കാരല്ലാത്തവരെ വീട്ടിൽ കടക്കുവാനനുവദിക്കരുതെന്ന് തീരുമാനിക്കുകയും ചെയ്തു. ഞായറാഴ്ച നാട്ടുകാർ വലിയ സംഘമായി വീട്ടുപടിക്കൽ എത്തി. സുറിയാനിക്കാരായ വിശ്വാസികളെ അല്ലാതെ ആരെയും അവർ അകത്തേക്ക് കടത്തിവിട്ടില്ല. സഭായോഗത്തിനായി വന്ന സഹോദരങ്ങളെ-പുതു ക്രിസ്ത്യാനികളെന്നു സമുദായം മുദ്രകുത്തിയവരെ-അവഗണിക്കുന്നത് ദൈവസന്നിധിയിൽ കുറ്റകരമാണെന്ന് വിശ്വസിച്ചിരുന്ന കർത്തൃദാ*


സൻ വിഷമത്തിലായി. അവരോടൊത്ത് സഭായോഗം കൂടണമെന്ന് അദ്ദേഹം നിർബന്ധിച്ചെങ്കിലും നാട്ടുകാർ വഴങ്ങിയില്ല. ആ വീടിനു സമീപമുള്ള പറമ്പിലേക്ക് സഭായോഗം മാറ്റി. ദേശവാസികളുടെ നിരോധനത്തെ മറികടന്നു തോൽപ്പിച്ചതിൽ അമർഷംപൂണ്ട് അവരിലൊരാൾ പാട്ടത്തിൽ അവറാച്ചൻ എന്ന സഹോദരനെ തൊഴിച്ചു. തൊഴികൊണ്ടിട്ടും യാതൊരു ഭാവഭേദവുമില്ലാതെ അവറാച്ചനും ശേഷം വിശ്വാസികളും ആ പുരയിടത്തിൽ അനുഗ്രഹീതമായ ആരാധന നടത്തി.

നിരണം കണ്ടംകേരിൽ കുടുംബത്തിൽ ജനിച്ച കെ.ജി. ചാക്കോ, 1922-ൽ സൈമൺ സാറിന്റെ കീഴിലാണ് സ്നാനപ്പെട്ടത്. കുട്ടനാടിന്റെ വിവിധ ഭാഗങ്ങളിൽ പെന്തെക്കോസ്തു സന്ദേശം എത്തിച്ചത് അദ്ദേഹമായിരുന്നു. ഉത്തരേന്ത്യയിലെ പല സ്ഥലങ്ങളിലും, ആൻഡമാൻ ദ്വീപു സമൂഹങ്ങളിലും തമിഴ്നാട്ടിലും പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോൾ എറണാകുളം ജില്ലയിലെ പുത്തൻകുരിശിൽ താമസിക്കുന്നു.

ചാക്കോ മേൽപ്പാടത്തുവച്ച് നടന്ന ഉണർവ്വുയോഗങ്ങളിൽ പെന്തെക്കോസ്ത് മാർഗ്ഗം സ്വീകരിച്ച അതേ കാലയളവിൽ നിരണത്ത് പട്ടമുക്കിൽ ഉണ്ണൂണ്ണിച്ചൻ (പിന്നീട് സിലോൺ പെന്തെക്കോസ്ത് മിഷനിലെ ശുശ്രൂഷകനായിത്തീർന്ന പി. ചാണ്ടപ്പിള്ള) പാസ്റ്റർ ആർ. എഫ്. കുക്കിനെ ക്ഷണിച്ച് തന്റെ വീട്ടുമുറ്റത്ത് മൂന്നു ദിവസത്തെ യോഗം നടത്തി. മാനസാന്തരം, സ്നാനം, ആത്മനിറവ് എന്നീ വിഷയങ്ങളെ ആസ്പദമാക്കി കുക്ക് സായ്പ് നടത്തിയ പ്രസംഗങ്ങൾ മുഖാന്തരം ഉണ്ണൂണ്ണിച്ചൻ സ്നാനമേൽക്കുവാൻ തീരുമാനമെടുത്തെങ്കിലും നാട്ടുകാരിൽ നിന്നും വീട്ടുകാരിൽ നിന്നുമുണ്ടായ എതിർപ്പു നിമിത്തം അപ്പോൾ സ്നാനപ്പെട്ടില്ല. എന്നാൽ പ്രസ്തുത മീറ്റിംഗിൽ സംബന്ധിച്ച നാനാത്ര കൊച്ചുകോശിച്ചൻ (പിന്നീട് സി.പി.എം. ശുശ്രൂഷകനായിത്തീർന്ന പാസ്റ്റർ കെ.പി. കോശി) ദൈവം ഉണർത്തിയതനുസരിച്ച് സ്നാനപ്പെടുവാൻ തീരുമാനമെടുത്തു.

സ്നാനമേൽക്കേണ്ടതിനു കൊച്ചുകോശിച്ചൻ മുളക്കുഴ സീയോൻ കുന്നിലേക്കു പോയി. ആ സമയം കുക്ക് സായ്പ് അവിടെയില്ലായിരുന്നു. സീയോൻകുന്നിൽ ചില വിശ്വാസികൾ പരിശുദ്ധാത്മനിറവിനായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. കാരയ്ക്കൽ ഈപ്പച്ചൻ, മകൻ ഉണ്ണിക്കുഞ്ഞ് (ഇവർ രണ്ടുപേരും പിന്നീട് പെന്തെക്കോസ്ത് മിഷൻ ശുശ്രൂഷകരായിത്തീർന്നു... പി. റ്റി. ഈപ്പച്ചൻ, പി. ഇ. തോമസ്) കാരയ്ക്കൽ പെണ്ണമ്മ സന്യാസിനി എന്നിവരും ഈ യോഗത്തിൽ സംബന്ധിച്ചിരുന്നു. അവരോടു ചേർന്ന് കൊച്ചു കോശിച്ചനും പ്രാർത്ഥിച്ചു കൊണ്ടിരിക്കുമ്പോൾ ഈപ്പച്ചൻ "കർത്താവേ, എനിക്കു ലോകത്തിൽ ഒന്നും വേണ്ട" എന്നുറക്കെ പ്രാർത്ഥിച്ചു. ഈ പ്രാർത്ഥനയിങ്കൽ കൊച്ചുകോശിയിൽ പരിശുദ്ധാത്മാവ് ശക്തിയോടെ വന്നു. (അതോടെ അദ്ദേഹത്തിനുണ്ടായിരുന്ന ഒരു മാരകരോഗം സൗഖ്യമായി).

***പാസ്റ്റർ പി.സി. മാത്തുണ്ണി മാസ്റ്റർ***



*1893-ൽ ജനിച്ച പാസ്റ്റർ മാത്തുണ്ണി 1933-ൽ പെന്തെക്കോസ്ത് സത്യം സ്വീകരിക്കുകയും ജോലിയോടുകൂടെ കർത്താവിന്റെ വേല നിർവഹിക്കുകയും ചെയ്തു. 1949-ൽ ആത്മസ്നാനം പ്രാപിച്ചശേഷം മുഴുസമയം കർത്തൃശുശ്രൂഷയിൽ ഉറ്റിരുന്നു. ഇരുപതിൽപ്പരം വർഷങ്ങൾ സുവിശേഷവേലയിൽ അത്യുത്സാഹത്തോടെ വേല ചെയ്ത ഈ ദൈവഭൃത്യൻ 1977-ൽ കർത്തൃസന്നിധിയിൽ വിളിച്ചു ചേർക്കപ്പെട്ടു.*

205-ാം പേജിൽ നിന്നും...

രിയിലെത്തി അവറാച്ചനു കൂട്ടായ്മ നൽകിയതിന്റെ ഫലമായി അദ്ദേഹം വാര്യാപുരത്തു പോയി കുക്ക് സായ്പിന്റെ കൈക്കീഴിൽ സ്നാനമേറ്റു.

1933-ൽ അഷ്ടമുടി ഉമ്മച്ചൻ പുളിക്കീഴ് മൂന്നു ദിവസത്തെ കാത്തിരിപ്പുയോഗങ്ങൾ നടത്തി. തിരുവല്ല, നിരണം, മേൽപ്പാടം ഭാഗങ്ങളിൽ നിന്ന് പലരും ഈ യോഗത്തിൽ സംബന്ധിച്ചു. വീണ്ടും അറുപതു ദിവസത്തെ യോഗങ്ങൾ നിരണത്ത് ഒരു വീട്ടിൽ നടത്തപ്പെട്ടു. ആത്മസ്നാനം പ്രാപിച്ച 45 പേർ ഈ പ്രാർത്ഥനായോഗത്തിൽ തുടർച്ചയായി പങ്കെടുത്തു. അഷ്ടമുടി ഉമ്മച്ചനും ഭാര്യ മേരിയമ്മയും ആദിയോടന്തം ഈ യോഗങ്ങളിൽ ശുശ്രൂഷിച്ചു.

40-ാം ദിവസം യോഗസ്ഥലത്ത് ഒരു അത്ഭുതസംഭവമുണ്ടായി. “ബാഹ്യലോകവിഷയങ്ങളെ സംബന്ധിച്ച് ചിന്തയില്ലാതെ ദൈവത്തിങ്കലേക്കു മാത്രം നോക്കി, അവനോടു പ്രാർത്ഥിച്ചും സ്തുതിയോടും, സ്തോത്രത്തോടും കൂടി ദൈവത്തെ മഹത്വപ്പെടുത്തിയും കൊണ്ടിരുന്ന ആ ചെറിയ കൂട്ടത്തിൻമേൽ ദൈവതേജസ് ഇറങ്ങിവന്നു. എല്ലാവരും ആ ദിവ്യതേജസ്സിനാൽ നിറഞ്ഞവരായി അത്യുച്ചത്തിൽ ദൈവത്തെ സ്തുതിച്ചും അന്യഭാഷകളിൽ ദൈവത്തോടു സംസാരിച്ചും കൊണ്ടിരുന്നു.

അഷ്ടമുടി ഉമ്മച്ചന്റെ ഭാര്യ മേരിയമ്മ, കാലിൽ ഒരു വൃണം പഴുത്ത് വലിയ പുണ്ണായി വളരെ വേദനയും കഷ്ടവും അനുഭവിച്ചിരുന്നു. ആ നാൽപതാം ദിവസം ദിവ്യതേജസ്സിന്റെ വ്യാപാരമുണ്ടായപ്പോൾ വൃണം കരിഞ്ഞുണങ്ങി പൂർണ്ണസുഖം പ്രാപിച്ചു. നിമിഷനേരം കൊണ്ടുണ്ടായ സൗഖ്യത്തെ സംബന്ധിച്ച് അറിഞ്ഞവരെല്ലാം ദൈവം എത്ര വല്ലഭൻ എന്ന് വാഴ്ത്തി പുകഴ്ത്തി”. (പാസ്റ്റർ എൻ.പി. യേശുനാഥദാസ്, കുട്ടനാട്ടിൽ നിന്നൊരു നെൽമണി. പേജ് 19, 20).

**സിലോൺ പെന്തെക്കോസ്ത് മിഷൻ**

1934- മുതൽ സിലോൺ പെന്തെക്കോസ്ത് മിഷന്റെ ഉപദേശങ്ങൾ അപ്പർ കുട്ടനാടൻ പ്രദേശങ്ങളിൽ വ്യാപകമായി, ‘സഭാശുശ്രൂഷകർ അഭിഷിക്തരും, എല്ലാം വിട്ടവരും, വിറ്റവരുമായിരിക്കണമെന്ന ഉപദേശം നാനാത്ര കൊച്ചുകോശിച്ചനും ചാക്കോച്ചനും, പട്ടമുക്ക് പി. ചാണ്ടപ്പിള്ളയും മറ്റും അംഗീകരിച്ചു.

അഭിഷിക്തരുടെ കൈക്കീഴിലെ സ്നാനം അനിവാര്യമെന്ന ഉപദേശത്തെ അംഗീകരിച്ച് സൈമൺ സാറിന്റെ


കൈക്കീഴിൽ സ്നാനമേറ്റിരുന്ന കെ.ജി. ചാക്കോ, മേൽപ്പാടത്ത് പാസ്റ്റർ പോളും ആൽവിനും നടത്തിയ യോഗങ്ങളിൽ സംബന്ധിക്കുകയും അവിടെവച്ച് പുനർസ്നാപനം സ്വീകരിക്കുകയും ചെയ്തു. (എന്നാലദ്ദേഹം ഏറെത്താമസിയാതെ സിലോൺ പെന്തെക്കോസ്ത് മിഷനുമായുള്ള ബന്ധം വിച്ഛേദിച്ചു.)

പാസ്റ്റർ പോളിന്റെ ഉപദേശങ്ങളോട് ആഭിമുഖ്യം ഉണ്ടായിരുന്നവർ നിരണത്തെ പെന്തെക്കോസ്ത് കൂട്ടായ്മയോടു വേർപെട്ട് ഒരു സ്വതന്ത്ര സഭയായി കൂടി. കാരയ്ക്കൽ സ്വദേശി എം. എസ്. ഫിലിപ്പ് ഈ സംഘത്തോട് ചേർന്നു. പിന്നീട് കൊച്ചുകോശിച്ചനും എം. എസ്. ഫിലിപ്പുമായി ചേർന്ന് തലവടിയിൽ ഒരു വീടെടുത്തു പ്രവർത്തിച്ചു. എന്നാൽ അവർക്ക് ആ സമയത്ത് സിലോൺ പെന്തെക്കോസ്ത് മിഷനുമായി ഔദ്യോഗിക ബന്ധങ്ങളുണ്ടായിരുന്നില്ല.

പാസ്റ്റർ പോൾ കൊട്ടാരക്കരയിലെത്തിയപ്പോൾ കൊച്ചുകോശിച്ചൻ അദ്ദേഹത്തെ വിളിച്ച് തലവടിയിലും നെടുമ്പ്രത്തും കൺവൻഷനുകൾ നടത്തി. വടക്കൻ പറവൂർ സ്വദേശി പാസ്റ്റർ ഡേവിഡ്സൺ കൊച്ചുകോശിയെ സന്ദർശിച്ച് പാസ്റ്റർ പോളിനോടു ഐക്യപ്പെടുവാൻ ഉത്സാഹിപ്പിച്ചു. അതിൻ പ്രകാരം 1938-ൽ തിരുവല്ല കാവുംഭാഗം ചെറുകാപ്പൂർ വീട് വാടകയ്ക്കെടുത്ത് അവർ സി.പി.എം. പ്രവർത്തനം ആരംഭിച്ചു.

1938-ൽ പള്ളിപ്പാട്ട് നടന്ന പാസ്റ്റർ പോളിന്റെ യോഗത്തിൽ പങ്കെടുത്ത പട്ടമുക്കിൽ ഉണ്ണൂണ്ണിച്ചനും മകനും പെന്തെക്കോസ്ത് മിഷനിൽ ചേർന്നു. ഉണ്ണൂണ്ണിച്ചന്റെ പന്ത്രണ്ട് വയസ്സുള്ള മകൻ ഫിലിപ്പ് അന്ന് പാസ്റ്റർ പോളിനൊടൊപ്പം സിലോണിലേക്കുപോയി. (അദ്ദേഹം പിന്നീട് പെന്തെക്കോസ്ത് മിഷനിലെ പ്രധാന പ്രവർത്തകനും ഉന്നതസ്ഥാനീയനുമായി.)

***പാസ്റ്റർ റ്റി.എൻ. ഏബ്രഹാം***



*1905-ൽ കല്ലിശ്ശേരിയിൽ തേക്കാട്ടു കുടുംബത്തിൽ ജനിച്ച റ്റി.എൻ ഏബ്രഹാം ഹൃദ്രോഗസൗഖ്യം പ്രാപിച്ചതിലൂടെയാണ് പെന്തെക്കോസ്ത് സത്യത്തിലേക്കു വന്നത്. 1940-ൽ കർത്തൃശുശ്രൂഷയ്ക്കായി ഇറങ്ങിപ്പുറപ്പെട്ടു. സ്വന്തദേശമായ കല്ലിശ്ശേരിയിൽ സത്യത്തിനു സാക്ഷിയായശേഷം തൃശ്ശൂർ, മേൽപ്പാടം, മാവേലിക്കര മുതലായ സ്ഥലങ്ങളിൽ പോയി സുവിശേഷവേല ചെയ്തു. കുറെക്കാലം ഐ.പി.സി. തിരുവല്ല സെന്റർ ശുശ്രൂഷകനായിരുന്നു. 1974 ജനുവരിയിൽ 69-ാം വയസ്സിൽ നിത്യവിശ്രമത്തിലേക്കു വിളിച്ചുചേർക്കപ്പെട്ടു.*

**പാസ്റ്റർ ടി.ജി. ഉമ്മൻ മേൽപ്പാടത്ത്**

പാസ്റ്റർ ടി.ജി. ഉമ്മൻ പെന്തെക്കോസ്ത് പ്രവർത്തകനായി മേൽപ്പാടത്തെത്തുന്നത് 1935 നവംബറിലാണ്. വളരെയേറെ കഷ്ടങ്ങളിലൂടെ ജീവനെപ്പോലും വകവയ്ക്കാതെ അവിടെ താമസിച്ചുകൊണ്ട് അദ്ദേഹം കുട്ടനാടൻ പ്രദേശങ്ങളിൽ പ്രവർത്തിച്ചു. അവരവിടെ ചെല്ലുമ്പോൾ സഭാരാധന പല വീടുകളിലായാണ് നടന്നുകൊണ്ടിരുന്നത്. 1937-ൽ മേൽപ്പാടം സഭയ്ക്കായി വസ്തു വാങ്ങുകയും ഓലകൊണ്ടു മറച്ച ഒരു ഷെഡ്ഡ്

# സഹനത്തിന്റെ കരുത്തുമായി ഒരു ബലവാൻ



*പാസ്റ്റർ റ്റി.ജി. ഉമ്മനെ ഒരു 'ആജാനുബാഹു' എന്നു വിളിച്ചാൽ അതിൽ അതിശയോക്തിയില്ല. ഒത്തവണ്ണവും ഒത്ത ഉയരവുമുള്ള ശക്തനായ മനുഷ്യൻ! അദ്ദേഹത്തിന്റെ ബലത്തെപ്പറ്റി പൂർണ്ണസത്യവും സത്യത്തിന്റെ മേമ്പൊടി ഉള്ളതുമായ പല കഥകളും പ്രചരിച്ചിട്ടുണ്ട്. എന്നാൽ ബലവാനായിരുന്ന ആ മനുഷ്യൻ അസാമാന്യ സഹനശക്തിയുള്ളവനായിരുന്നു എന്നറിയുന്നിടത്താണ് നമുക്കദ്ദേഹത്തോടുള്ള ആദരവ് ഏറെ വർദ്ധിക്കുന്നത്.*

*റ്റി. ജി. ഉമ്മന്റെ ശുശ്രൂഷയുടെ ആദ്യകാലങ്ങളിൽ അദ്ദേഹം തനിക്കുണ്ടായ ഉപദ്രവങ്ങളോടു പ്രതികരിച്ചത് 'ആത്മകഥയിൽ' രേഖപ്പെടുത്തിയിട്ടുണ്ട്.*

***1930 ജൂൺ :***

*നെല്ലിക്കമണ്ണിൽ ഒരു പ്രാർത്ഥനായോഗം കഴിഞ്ഞ് രാവിലെ ആറു മണിയോടെ പാസ്റ്റർ ഉമ്മൻ ഭവനത്തിലേക്ക് മടങ്ങുകയായിരുന്നു. വഴിയിൽവെച്ച് ഒരു യാക്കോബായ സന്യാസി അദ്ദേഹത്തെ പരിചയപ്പെട്ടു. ഉമ്മൻ ഒരു പെന്തെക്കോസ്തുകാരനാണെന്നറിഞ്ഞ് സന്യാസി അദ്ദേ*

*ഹത്തിന്റെ മുഖത്ത് കാർക്കിച്ചുതുപ്പി. മുഖത്ത് തുപ്പൽ വന്നു പതിച്ചപ്പോഴും ഉമ്മച്ചന്റെ വായിൽ നിന്ന് ഒരു വാക്കു മാത്രമേ പുറത്തുവന്നുള്ളൂ...സ്തോത്രം! പിന്നെ വഴിവക്കിൽ വെള്ളമൊഴുകുന്ന ഒരു തോടുകണ്ടപ്പോൾ അവിടെയിറങ്ങി മുഖം കഴുകി വീട്ടിലേക്കു മടങ്ങിപ്പോയി.*

***1931 :***

*കുമ്പളംതാനം കവലയിൽ പരസ്യയോഗം കഴിഞ്ഞപ്പോൾ മൂന്നു നാലു യുവാക്കൾ റ്റി.ജി. ഉമ്മന്റെ അടുത്തുവന്ന് കഴുത്തിൽ കിടന്ന നേര്യത് പിടിച്ച് മുമ്പോട്ടും പിമ്പോട്ടും വലിച്ച്, കഴുത്ത് ഇറുക്കി ശ്വാസം മുട്ടിച്ചു. "ദൈവകൃപയും ശക്തിയും ഇല്ലായിരുന്നുവെങ്കിൽ ഞാൻ തേറ്റുപോകുമായിരുന്നു" എന്ന് ഉമ്മച്ചൻ പറയുന്നു. 'ദൈവകൃപ'യില്ലായിരുന്നെങ്കിൽ അദ്ദേഹം ആ യുവാക്കളെ ശാരീരികമായി എതിരിട്ട് തോൽപ്പിച്ചേനെ. ശക്തിയില്ലായിരുന്നുവെങ്കിൽ അദ്ദേഹം അന്ന് ശ്വാസംമുട്ടി മരിച്ചേനെ.*

***1933:***

*കുമ്പളംതാനത്ത് ഒരു സഹോദരന്റെ വീട്ടുമുറ്റത്ത് ക്രമീകരിച്ചിരുന്ന പ്രാർത്ഥനായോഗത്തിൽ റ്റി.ജി. ഉമ്മൻ വചനം ശുശ്രൂഷിച്ചശേഷം പ്രാർത്ഥിക്കുമ്പോൾ ഒരാൾ കിണറ്റിന്റെ പാലത്തടി പൊക്കിയെടുത്ത് അദ്ദേഹത്തിന്റെ തലയിൽ ഇട്ടു. എന്നാൽ അത്ഭുതകരമായ നിലയിൽ അത് തലയിൽ വീഴാതെ തെറ്റി വഴുതി എങ്ങനെയോ താഴെവീണു. തന്റെ ഉന്നം തെറ്റിയെന്നു കണ്ട് അരിശംമൂത്ത ആ മനുഷ്യൻ ഗദപോലുള്ള ഒരു മുളവടികൊണ്ട് ഉമ്മച്ചന്റെ നട്ടെല്ലിന് ഇടിച്ച് അരിശംതീർത്തു. (പാലത്തടി പൊക്കിയെടുക്കാൻ തക്കശക്തിയുള്ള മനുഷ്യന്റെ അടിയാണെന്നോർക്കണം). എന്നാൽ റ്റി.ജി. ഉമ്മനോ, മറ്റു വിശ്വാസികളോ അദ്ദേഹത്തോട് എതിരിടാതെ എല്ലാവരും ആത്മാവിൽ ബലപ്പെട്ട് ഹല്ലേലൂയ്യായും സ്തോത്രവും പറഞ്ഞ് പിരിഞ്ഞുപോയി.*

*ഈ കഥ അവിടംകൊണ്ട് തീരുന്നില്ല. ഇതിനൊരു പശ്ചാത്തലകഥയും ഒരു അനുബന്ധ കഥയും ഉണ്ട്.*

***പശ്ചാത്തല കഥ:***

*പാസ്റ്റർ റ്റി.ജി. ഉമ്മനും വിശ്വാസികളായ മുപ്പതുപേരും ഒരുമിച്ച് കുമ്പനാട്ടു നടക്കുന്ന മാസയോഗത്തിൽ പങ്കെടുക്കുവാൻ വഴിയിലൂടെ ജാഥയായി പാട്ടു പാടി പോകുകയായിരുന്നു. അപ്പോൾ മുന്നിൽ മദ്ധ്യവയസ്ക്കയായ ഒരു സ്ത്രീ ഒരു വലിയ ചുമട് ചുമന്നുകൊണ്ട് പോകുന്നത് ഉമ്മച്ചൻ കണ്ടു. മകളെ വിവാഹം കഴിപ്പിച്ചയച്ച ഭവനത്തിലേക്ക് പോവുകയായിരുന്നു അവർ. ഉമ്മച്ചൻ അവരുടെ അടുത്തുചെന്ന് ആ ചുമട് സ്വന്തം തലയിലേറ്റി മകളുടെ ഭവനം വരെ ചുമന്നെത്തിച്ചു. ഈ സ്ത്രീയുടെ ഭർത്താവാണ് ആറുമാസങ്ങൾക്കുശേഷം ഉമ്മച്ചനെ പാലത്തടികൊണ്ട് അടിച്ചത്.*

***ഇനി അനുബന്ധകഥ :***

*ഉമ്മച്ചനെ തന്റെ ഭർത്താവ് മർദ്ദിച്ച വിവരം ആ സ്ത്രീയറിഞ്ഞു. നേരം വെളുത്തപ്പോൾ അവർ കരഞ്ഞുകൊണ്ട് രണ്ടുമൈൽ അകലെത്താമസിക്കുന്ന ഉമ്മച്ചന്റെ വീട്ടിൽ വന്നു. "എന്റെ മകനെ, ഇന്നലെ എന്റെ മാപ്പിള മോനെ ഇടിച്ചുവെന്നറിഞ്ഞു. അപ്പോൾ മുതൽ എനിക്കു വേദനയായി. മോൻ എന്റെ കൂടെ വരണം" എന്നു പറഞ്ഞ് നിർബന്ധിച്ച് അദ്ദേഹത്തെ അവരുടെ വീട്ടിൽ കൊണ്ടുപോയി. ഭർത്താവിനെ വിളിച്ച് "നിങ്ങളാണോ, ഈ കുഞ്ഞിനെ ഇന്നലെ ഇടി*

ച്ചത്? ഞാനിന്നാളിൽ നമ്മടെ മോടെ വീട്ടിൽ പോയപ്പോൾ ഈ കുഞ്ഞാണ് എന്റെ ചുമട് വാങ്ങി സഹായിച്ചത്. നിങ്ങളിപ്പം ഈ കുഞ്ഞിനോട് ക്ഷമ ചോദിക്കണം" എന്നു പറഞ്ഞ് അയാളെ ബദ്ധപ്പെടുത്തി. അയാൾക്ക് ഒരു അറുപത്തിയഞ്ച് വയസ്സിൽ കൂടുതൽ പ്രായം കാണണം. അയാൾ ഉമ്മച്ചന്റെ കാൽക്കൽ വീണ് പാദത്തിൽ കെട്ടിപ്പിടിച്ച് ക്ഷമ ചോദിച്ചു.

***1935 ഡിസംബർ 8 :***

*ടി.ജി. ഉമ്മൻ കുടുംബമായി മേൽപാടത്തു ശുശ്രൂഷിക്കുന്ന സമയം. സഭയിലെ സുവിശേഷതല്പരരായ വിശ്വാസികളുമൊത്ത് അദ്ദേഹം മാന്നാറിൽ ഒരു പരസ്യയോഗത്തിനായി പോയി. പ്രസംഗം തുടങ്ങിയതും, നാട്ടുകാരായ ചില സമുദായസ്ഥർ സുവിശേഷസംഘത്തെ ഉപദ്രവിക്കുവാൻ തുടങ്ങി.*

*ആയിടെ രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ടു വന്ന നാട്ടുകാരായ ആറ് യുവാക്കൾ ആ സംഘത്തിലുണ്ടായിരുന്നു. ആക്രമികൾ അവരെ തെരെഞ്ഞു പിടിച്ചുതല്ലി. സംഘത്തിലെ കെ.ജി. മാത്യു (മേല്പാടം കൊച്ചുകുഞ്ഞ്) എന്ന സുവിശേഷകനെയും അവർ കന്നത്തടിച്ചു. പിന്നൊരാൾ റ്റി.ജി. ഉമ്മനെ മുമ്പോട്ട് ആഞ്ഞു തള്ളി. വലതുകൈകൊണ്ട് വിലാപ്പുറത്ത് ശക്തിയോടെ ഇടിച്ചു. റ്റി. ജി.ഉമ്മൻ നിന്നിടത്തു നിന്ന് മുകളിലേക്ക് ഉയർന്നു പോയി. എന്നാൽ അപ്പോഴും അദ്ദേഹം 'ഹല്ലേലൂയ്യാ' എന്ന് ഉച്ചത്തിൽ ആർത്ത് ദൈവത്തെ മഹത്വപ്പെടുത്തി. ശ്രോതാക്കളിൽ സ്ത്രീകളും കുട്ടികളും ഇതുകണ്ടു കരഞ്ഞു. സുവിശേഷസംഘാംഗങ്ങളുടെ പുസ്തകങ്ങളും തമ്പേറുമെല്ലാം അവർ നശിപ്പിച്ചുകളഞ്ഞു. ഇതു നിമിത്തം ഉമ്മച്ചൻ മൂന്നുദിവസം പനിപിടിച്ചു കിടപ്പിലായി.*

***1936 :***

*വളഞ്ഞവട്ടത്ത് വാലയിൽ ഉണ്ണൂണ്ണിയച്ചന്റെ (പാസ്റ്റർ വി.ജി.ജോൺ) ക്ഷണമനുസരിച്ച് റ്റി.ജി. ഉമ്മൻ അവിടൊരു കൺവൻഷൻ നടത്തുവാൻ പോയി. ഞായറാഴ്ച രാത്രിയിൽ ശുശ്രൂഷയ്ക്കായി റ്റി.ജി. ഉമ്മൻ എഴുന്നേറ്റു നിന്നു. പെട്രോമാക്സിന്റെ വെളിച്ചത്തിൽ വേദപുസ്തകം വായിക്കുകയും, ആരോ എറിഞ്ഞ കല്ലുകൊണ്ട് പെട്രോമാക്സ് തകർന്നു. പന്തലിലാകെ ഇരുട്ടുപരന്നു. പിന്നെ തുടർച്ചയായ ഏറുതന്നെ. പന്തലിൽ കരച്ചിലും ഞരക്കവും മൂളിച്ചയും കേൾക്കുന്നു. ഉമ്മച്ചൻ ഉച്ചത്തിൽ സ്തോത്രം, സ്തോത്രം, സ്തോത്രം എന്നു പറഞ്ഞുകൊണ്ടിരുന്നു. അനുഭാവികളിലാരോ മണ്ണെണ്ണ വിളക്കും റാന്തലുമായി വന്നപ്പോൾ ഏറ് മൂലമുള്ള പരുക്കുകളാൽ പത്തുപേർ വീണു കിടപ്പുണ്ട്. ഇഷ്ടികമുറികൾ പന്തലിൽ ചിതറിക്കിടക്കുന്നു. പരുക്കേറ്റവർ പരസഹായത്തോടെ തങ്ങളുടെ വീടുകളിലെത്തി. വീണു കിടക്കുന്ന രണ്ടുപേരെ ഫെയിത്ത് ഹോമിലാക്കി ശുശ്രൂഷിച്ചു. അവരിലൊരാൾ ചില ദിവസങ്ങൾക്കുള്ളിൽ മരിച്ചുപോയി. മറ്റെയാൾ മൂന്നു മാസത്തിനുശേഷം എഴുന്നേറ്റെങ്കിലും ചുമച്ചും ചോരതുപ്പിയും കുറെ വർഷങ്ങൾ ജീവിച്ച് കർത്താവിനെ സാക്ഷിച്ച് മരിച്ചു.*

വിവരം ആരോ പോലീസിൽ അറിയിച്ചതനുസരിച്ച് മൊഴികൊടുക്കുന്നതിനുവേണ്ടി അവർ ഉമ്മച്ചനെ സമീപിച്ചു. എന്നാൽ  അദ്ദേഹം കേസ് രജിസ്റ്റർ ചെയ്യുന്നതിനു സമ്മതിക്കാതെ "ഞങ്ങളുടെ കേസ് സ്വർഗ്ഗത്തിലേക്കയച്ചിരിക്കുകയാണ്" എന്നുപറഞ്ഞ് പോലീസുകാരെ പറഞ്ഞയക്കുകയാണുണ്ടായത്.

1905 ഒക്ടോബർ 8നു ചെങ്ങന്നൂർ പുത്തൻകാവ് തെരുവിൽ തലവടിപീടികയിൽ ഉമ്മൻ ഗീവർഗീസിന്റെ മകനായി ജനിച്ച റ്റി.ജി. ഉമ്മൻ 1924ൽ രക്ഷിക്കപ്പെട്ട് സ്നാനപ്പെടുകയും 1929 ആഗസ്റ്റ് മാസത്തിൽ ഒരു ബ്രദറൺ യോഗത്തിൽ പരസ്യമായി പ്രാർത്ഥിച്ചുകൊണ്ടിരിക്കവെ അന്യഭാഷ അടയാളത്തോടെ ആത്മസ്നാനം പ്രാപിക്കുകയും ചെയ്തു.

ആദ്യവർഷങ്ങളിൽ പൂവൻമലയിൽ പ്രവർത്തിച്ച ഉമ്മച്ചൻ 1935 മുതൽ 38 വരെ മേൽപ്പാടത്ത് പെന്തെക്കോസ്ത് സന്ദേശമറിയിച്ചു. 38 മുതൽ അദ്ദേഹം കൊട്ടാരക്കര തൃക്കണ്ണമംഗൽ താമസിച്ചുകൊണ്ട് ആ പ്രദേശങ്ങളിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തു. 1940-ലാണ് അദ്ദേഹം പത്തനാപുരത്ത് താമസമാക്കുന്നത്. പിന്നീട് മരണംവരെ അദ്ദേഹം അവിടെയായിരുന്നു താമസം.

പ്രഗത്ഭനായ ഒരു വേദാദ്ധ്യാപകൻ എന്ന നിലയിലാണ് റ്റി.ജി. ഉമ്മൻ പൊതുവെ പുറംലോകത്ത് അറിയപ്പെടുന്നത് പ്രൗഢങ്ങളായ നിരവധി പുസ്തകങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭയുടെ അഖിലേന്ത്യാ പ്രസിഡണ്ടായി പ്രവർത്തിച്ചിട്ടുള്ള ഉമ്മച്ചൻ പ്രഗത്ഭനായ ഒരു ഭരണകർത്താവായിരുന്നു. എന്നും സ്വന്ത അഭിപ്രായങ്ങൾ ധീരമായി പ്രസ്താവിച്ചിട്ടുള്ള റ്റി.ജി. ഉമ്മൻ പുറം ലോകത്തും ഏറെ ആദരിക്കപ്പെട്ടവ്യക്തിയായിരുന്നു. 1985-ൽ ശുശ്രൂഷ തികച്ച് അദ്ദേഹം മഹത്വത്തിലേക്ക് പ്രവേശിച്ചു.

209-൨൦ പേജിൽ നിന്നും...

ആരാധനാലയമായി നിർമ്മിക്കുകയും ചെയ്തു.

1936-ൽ പത്തിച്ചിറ കൊന്നോത്ത് ഉണ്ണൂണ്ണിച്ചൻ, കല്ലുംമൂട്ടിൽ യോഹന്നാച്ചൻ എന്നിവരുടെ ക്ഷണമനുസരിച്ച് ടി.ജി. ഉമ്മനും കെ.എം. സഖറിയായും അവിടെ ഒരു കൺവൻഷനിൽ പ്രസംഗിക്കാനായെത്തി. ശനിയാഴ്ച രാത്രി, യോഗാനന്തരം വിശ്രമത്തിനായി സഖറിയാച്ചനും ഉമ്മച്ചനും ഉണ്ണൂണ്ണിച്ചന്റെ വീട്ടിലെത്തി. രാത്രി 11 മണിയായപ്പോൾ സഖറിയാച്ചൻ പൂട്ടു സാക്ഷായും വച്ചിട്ടില്ലാത്ത ആ മുറിയിലേക്ക് ചാടിക്കയറിവന്നു. ഉമ്മച്ചനെ തട്ടിയുണർത്തി എഴുന്നേൽപ്പിച്ച്, നമ്മെ കൊല്ലുവാൻ ആളുകൾ കൂട്ടമായി വരുന്നു എന്നു പതുക്കെ ചെവിയിൽ പറഞ്ഞു.

പെട്ടെന്ന് നൂറോളം ആളുകൾ വീടുവളഞ്ഞു. ഒരു കൂട്ടർ നീളമുള്ള വടികൾകൊണ്ട് ജനലിൽകൂടി കട്ടിലിൽ അടിക്കുവാൻ തുടങ്ങി. വേറെ ചിലർ കതക് തള്ളിത്തുറക്കുവാൻ പരിശ്രമിച്ചു. സഖറിയാച്ചനും ഉമ്മച്ചനും അവരുടെ സർവ്വശക്തിയുമുപയോഗിച്ച് കതക് തുറക്കുവാൻ അനുവദിക്കാതെ വെളിയിലേക്ക് തള്ളിപ്പിടിച്ചുകൊണ്ടുനിന്നു.

അര മണിക്കൂറിലേറെ ഈ പോരാട്ടം തുടർന്നു. ചിലർ ജനലിലൂടെ ടോർച്ച് മിന്നിച്ചുനോക്കി. എന്നാൽ ആരാമ്യപട്ടാളത്തിന്റെ കണ്ണുകൾക്ക് അന്ധത പിടിപ്പിച്ച ദൈവം അവിടെയും പ്രവർത്തിച്ചു. ഉമ്മച്ചനെയും സഖറിയാച്ചനെയും കാണാതെ വണ്ണം ദൈവം അവരുടെ കണ്ണ് വിരോധിച്ചു. "കുമ്പനാടൻമാർ ഇവിടെയില്ല. അവർ പോയിക്കഴിഞ്ഞു" എന്നിങ്ങനെ അട്ടഹസിച്ചുകൊണ്ട് അവർ സ്ഥലം വിട്ടു.

പിറ്റേ ദിവസവും ഉമ്മച്ചൻ പത്തിച്ചിറയിൽ യോഗങ്ങൾ നടത്തി. അങ്ങനെ പല പ്രാവശ്യം. കല്ലുംമൂട്ടിലെ യോഹന്നാച്ചന്റെ ഭവനത്തിനു മുന്നിലുള്ള ജലാശയത്തിൽ വച്ച് പലരെയും സ്നാനപ്പെടുത്തുവാൻ അദ്ദേഹത്തിനുകഴിഞ്ഞു.

1933-ൽ തിരുവല്ല കാവുഭാഗത്തിനടുത്ത് മേപ്രാൽ എന്ന സ്ഥലത്ത് വലിയ ഉണർവ്വുണ്ടായി. അവിടെ രക്ഷാസൈന്യത്തിന്റെ പ്രവർത്തകരായി വന്നവരുടെ കൂട്ടത്തിൽ പെന്തെക്കോസ്തനുഭവം പ്രാപിച്ച ഒരു തമിഴ്നാട്ടുകാരിയും ഉണ്ടായിരുന്നു. സന്ധ്യാപ്രാർത്ഥനകളിൽ ഈ സഹോദരി അന്യഭാഷകളോടെ ആരാധിക്കുന്നത് സമീപവാസികൾ കൗതുകത്തോടെ ശ്രദ്ധിച്ചിരുന്നു. ഒരു രാത്രിയിൽ ആ കൂട്ടായ്മയിൽ "ശക്തിയേറിയ ഒരു വെളിച്ചം മിന്നിയ"തായി ഇന്ന് ജീവിച്ചിരിക്കുന്ന പലരും സാക്ഷി പറയുന്നുണ്ട്.

1935-ൽ കുമ്പനാട് സ്വദേശിയായ ജേക്കബ് മേപ്രാലിൽവന്ന് പെന്തെക്കോസ്ത് യോഗങ്ങൾ നടത്തിയിരുന്നു. ഒരു വർഷത്തിനുശേഷം അദ്ദേഹം മടങ്ങിപ്പോയി. 1936-ൽ പനച്ചയിൽ മറിയാമ്മയും സഹോദരൻ അവറാച്ചനും സ്നാനപ്പെട്ടു. കണ്ടങ്കരി ചാക്കോച്ചനും പട്ടമുക്കിൽ ഉണ്ണൂണ്ണിയും 1937-ൽ മേപ്രാലിൽ പ്രവർത്തനമാരംഭിച്ചു. (അന്ന് ഉണ്ണൂണ്ണിച്ചൻ സി.പി.എം.നോട് ചേർന്നിരുന്നില്ല).

മേപ്രാലിൽ പെന്തെക്കോസ്ത് വേലശക്തി പ്രാപിച്ചുകൊണ്ടിരിക്കെ വിശ്വാസസ്നാനം തെറ്റാണെന്നും ശിശുസ്നാനമാണ് ശരിയെന്നും സ്ഥാപിക്കാൻ അന്ധനായ ഒരു പ്രസംഗകനെ വരുത്തി യാക്കോബായക്കാർ പ്രസംഗിപ്പിച്ചു. അന്ന് മേപ്രാലിലുണ്ടായിരുന്ന വിശ്വാസികൾ മറുപടി പ്രസംഗത്തിനായി പാസ്റ്റർ പി.എം. ഫിലിപ്പിനെ വിളിച്ച് ഒരു ഖണ്ഡനയോഗം നടത്തി. നോട്ടീസ് അച്ചടിച്ച് വിതരണം ചെയ്തു. ഇരുഭാഗവും വലിയ താൽപര്യത്തോടെ യോഗത്തിനുകൂടി വന്നു. എന്നാൽ ആര് ആദ്യം പ്രസംഗിക്കണം എന്നതിനെപ്പറ്റി അവിടെ തർക്ക

മായി. രണ്ടു കൂട്ടർക്കും രണ്ടാമതു പ്രസം ഗിക്കാനായിരുന്നു താൽപര്യം. ഒടുവിൽ മേപ്രാലിലെ ബഹുമാന്യനായ ഒരു വ്യക്തി (കാവുംഭാഗം ആശുപത്രിയിലെ മേടയിൽ ഡോക്ടർ കൊച്ചുബേബിയുടെ പിതാവ്) പി.എം. ഫിലിപ്പിനോടു, “കുഞ്ഞേ നീ, ദൈവവചനമല്ലയോ സംസാ രിക്കുന്നത്. എപ്പോഴായാലെന്ത്?” എന്നു ചോദിച്ചു.

പി.എം. ഫിലിപ്പ് പ്രസംഗിക്കാൻ തുട ങ്ങി. വിശ്വാസസ്നാനത്തിന്റെ ആവശ്യക തയെപ്പറ്റി അദ്ദേഹം ദൈവവചനത്തിൽ നിന്ന് സവിസ്തരമായി സംസാരിച്ചു.

അടുത്തത് യാക്കോബായക്കാരുടെ ഊഴമായിരുന്നു. എന്തു പറയണമെന്നറി യാതെ പ്രസംഗകൻ കുഴങ്ങി. ആദാമിനെ മണ്ണെടുത്ത്, വെള്ളം തളിച്ച്, കുഴച്ച് നിർമ്മിച്ചത് സ്നാനമാണെന്നു പറ ഞ്ഞാണ് അദ്ദേഹം തുടങ്ങിയത്. അതു കേട്ടതോടെ മേടയിലെ അപ്പച്ചൻ എഴുന്നേ റ്റുപോയി. കൂടെ പലരും സ്ഥലംവിട്ടു. ഒടു വിൽ ശ്രോതാക്കളെ കിട്ടാതെ പ്രസംഗകനു പ്രഭാഷണം അവസാനിപ്പി ക്കേണ്ടിവന്നു.

ഇതേ കാലയളവിൽ നെടുമ്പ്രം സ്വദേ ശിയായ പി.സി. വർഗീസ് എന്ന ദൈവ ദാസൻ ആനപ്രാമ്പാൽ എന്ന സ്ഥലത്ത് പെന്തെക്കോസ്ത് പ്രവർത്തനം ആരംഭി ച്ചു. നേരത്തെ ഈ പ്രദേശങ്ങളിൽ പാസ്റ്റർ കെ.ജി. ചാക്കോ (നിരണം) പല യോഗങ്ങൾ നടത്തിയിട്ടുള്ളത് പി.സി. വർഗീസിന്റെ പ്രവർത്തനങ്ങൾക്കു കരു ത്തായി. എടത്വാക്കാരായ കുട്ടി ഉപദേശി യും ദാനിയേലുപദേശിയും ഈ പ്രവർത്ത നങ്ങളിൽ പാസ്റ്റർ വർഗീസിനെ സഹാ യിച്ചിരുന്നു.

ദാരിദ്ര്യത്തിന്റെ ആ കാലത്ത് പാസ്റ്റർ പി.സി. വർഗീസ് അനുഭവിച്ച കഷ്ടതകൾ ക്ക് കണക്കില്ല. പലപ്പോഴും വിശപ്പ് സഹി ക്കാനാവാതെ അവിടുത്തെ ചതുപ്പു നില ങ്ങളിൽ ആർത്തു വളരുന്ന ആമ്പലിന്റെ കിഴങ്ങ് വേവിച്ചു തിന്നു നോക്കിയിട്ടുണ്ട്. ആരോ കനിഞ്ഞു നൽകിയ കുറെ നെല്ല് വീട്ടിൽ വച്ചിട്ട് യോഗത്തിനുപോയി തിരികെ വന്നപ്പോൾ അത് മോഷ്ടിക്കപ്പെ ട്ടിരിക്കുന്നതാണ് അദ്ദേഹം കണ്ടത്. വിശ്വാ സികളിലൊരാൾ മരിച്ചിട്ട് അടക്കുവാൻ സ്ഥലമില്ലായ്കയാൽ സ്വന്തം പറമ്പിൽ കുഴിച്ചിടേണ്ടിയും വന്നിട്ടുണ്ട്.

വിശപ്പിന്റെയും നിവൃത്തിയില്ലായ്മയു ടെയും പശ്ചാത്തലത്തിൽ ആ സഭ വളർച്ചയെ പ്രാപിച്ചു. ചിറയ്ക്കേത്ത്, പട്ട ത്താനം തുടങ്ങിയ കുടുംബങ്ങൾ പെന്തെ ക്കോസ്ത് വിശ്വാസത്തിലേക്കു നയിക്ക പ്പെട്ടു.

***പാസ്റ്റർ പി.സി. വർഗീസ്***



*കുട്ടനാട്ടിലെ ആദ്യകാല പെന്തെ ക്കോസ്തു പ്രവർത്തകരിൽ പ്രമുഖനായി രുന്ന പി.സി. വർഗീസ് (പട്ടമുക്കിൽ കുഞ്ഞ ച്ചൻ) 1934 ഏപ്രിലിലാണ് രക്ഷിക്കപ്പെടുന്ന ത്. പിറ്റേവർഷം നെടുമ്പ്രത്ത് പെന്തെ ക്കോസ്തു പ്രവർത്തനം ആരംഭിച്ചപ്പോൾ വർഗീസ് പെന്തെക്കോസ്തു വിശ്വാസിയായി. തുടർന്ന് നെടുമ്പ്രം, ആനപ്രാമ്പാൽ തുട ങ്ങിയ സ്ഥലങ്ങളിൽ വർഗീസിന്റെ നേതൃത്വ ത്തിൽ സഭാ പ്രവർത്തനം വ്യാപിച്ചു.*

*പാസ്റ്റർ വി.ജി.ജോൺ*



*ആലപ്പുഴ പട്ടണത്തിലേയും കുട്ടനാട്ടിലെ പല ഗ്രാമങ്ങളിലെയും ആദ്യകാല പ്രവർത്തകൻ. പാസ്റ്റർ ജോൺ എ.ഡി. ഖാന്റെ യോഗങ്ങളിൽ വച്ച് രക്ഷിക്കപ്പെട്ടു. ദീർഘകാലം ഐ.പി.സി.യുടെ ശുശ്രൂഷകനായിരുന്നു. പിന്നീട് ശാരോൻ സഭയുടെ വൈസ്പ്രസിഡണ്ടായി പ്രവർത്തിച്ചു. 1990-ൽ കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.*

**ആലപ്പുഴ**

1928-ൽ സുവിശേഷ പ്രഭാഷകനിൽ ആലപ്പുഴ പട്ടണത്തിലെ ഒരു പെന്തെക്കോസ്ത് കുടുംബത്തിൽ നടന്ന മരണവൃത്താന്തം രേഖപ്പെടുത്തിയിട്ടുണ്ട്.

**ഒരു ചരമം**

"ആലപ്പുഴ പട്ടണത്തിന്റെ നടുവിലുള്ള ഏക പെന്തെക്കോസ്ത് കുടുംബത്തിലെ കുട്ടിയമ്മ എന്ന യുവതി കഴിഞ്ഞ കന്നി മാസം 3 നു ചൊവ്വാഴ്ച രാവിലെ 8 മണിക്ക് ഉദരരോഗം നിമിത്തം തന്റെ 23-ാമത്തെ വയസ്സിൽ നിര്യാതയായിരിക്കുന്നു.

അതേ ദിവസം സീയോൻകുന്നു ഹെഡ്ക്വാർട്ടേഴ്സിലെ ബൈബിൾ സ്കൂളിൽ അദ്ധ്യയനം നടന്നുകൊണ്ടിരിക്കുമ്പോൾ പ്രസ്തുത സ്കൂളിന്റെ രക്ഷാധികാരിയായ മലങ്കര പെന്തെക്കോസ്ത് ദൈവസഭ മിഷനറി പാസ്റ്റർ കുക്ക് അവറുകൾക്ക് മരണവാർത്തയടങ്ങിയ കമ്പി കിട്ടുകയാൽ അന്നത്തേക്ക് ക്ലാസ്സ് നിർത്തിവയ്ക്കുകയും സുവിശേഷകൻ മി. കെ. ഇ. ഏബ്രഹാമും മറ്റു ചില സുവിശേഷകൻമാരുംകൂടെ ഒരു കാറിൽ ആലപ്പുഴയ്ക്കു പോകുകയും ചെയ്തു. അവിടെയെത്തി ശുശ്രൂഷ കഴിഞ്ഞ് മൃതശരീരം ചെങ്ങന്നൂർ (മുളക്കുഴ) പെന്തെക്കോസ്ത് സിമറ്ററിയിലേക്ക് കൊണ്ടുവരികയും അന്നു വൈകുന്നേരം സീയോൻ കുന്ന് ബൈബിൾസ്കൂളിലെ അദ്ധ്യേതാക്കളുടെയും സ്ഥലത്തെ വിശ്വാസികളുടെയും സാന്നിധ്യത്തിൽ സംസ്ക്കരണശുശ്രൂഷ അനുഗ്രഹമായി നടത്തുകയും ചെയ്തിരിക്കുന്നു".

(സുവിശേഷപ്രഭാഷകൻ, വാല്യം 2, ലക്കം 2, 3,1928 സെപ്റ്റംബർ, ഒക്ടോബർ. പേജ് 68).

ഈ കാലയളവിൽ ആലപ്പുഴയിൽ സംഘടിതമായ സുവിശേഷ വേലയോ, സഭയോ, സഭാംഗങ്ങളോ ഒന്നുമുണ്ടായിരുന്നില്ലെന്ന് ഈ വാർത്ത നമുക്ക് അറിവു നൽകുന്നു. കിഴക്കിന്റെ വെനീസായ ആലപ്പുഴ എന്ന വ്യാവസായിക പട്ടണത്തിൽ ജോലിയോടുള്ള ബന്ധത്തിലോ മറ്റോ വന്നു പെട്ടതാകാം ഈ പെന്തെക്കോസ്തു കുടുംബം.

സംഘടിതസഭകളോ, പ്രവർത്തനങ്ങളോ, ഇല്ലായിരുന്നെങ്കിൽതന്നെ സഞ്ചാരികളായ ചില സുവിശേഷ പ്രവർത്തകർ അവിടെ പണ്ടുകാലം മുതലേ കവലകളിലൊക്കെ സുവിശേഷം പ്രസംഗിച്ചിരുന്നു. എന്നാൽ അങ്ങനെ ഒറ്റപ്പെട്ട നിലയിൽ സുവിശേഷഘോഷണം നടത്തിയ പ്രസംഗകർക്കൊക്കെ പല വിധത്തിലുള്ള പീഡകൾ ആ പട്ടണം നൽകിയിട്ടുണ്ട്.

ആലപ്പുഴയിൽ ആദ്യകാലത്ത്

പ്രവർത്തിച്ചിരുന്ന ഒരു സുവിശേഷകനായിരുന്നു അമിച്ചകരി കൊച്ചുമാത്തൻ ഉപദേശി. അദ്ദേഹത്തെപ്പറ്റിയുള്ള ഒരു അനുസ്മരണം പാസ്റ്റർ പി.ഡി. തോമസ് (കൊല്ലം) എഴുതിയ ഒരു ലേഖനത്തിലുണ്ട്. (പാസ്റ്റർ പി.ഡി.തോമസ് തന്നെ ആദ്യകാലത്ത് ആലപ്പുഴയിൽ പ്രവർത്തിച്ച ഒരു സുവിശേഷകനാണ്.)

"ഒരിക്കൽ ഞാൻ ശവക്കോട്ടപ്പാലത്തിനു സമീപം നിന്നു പ്രസംഗിക്കുമ്പോൾ വൃദ്ധനായ ഒരു മനുഷ്യൻ വന്ന് തലയിൽ കൈവച്ച് എന്നെ അനുഗ്രഹിച്ചു. പിന്നീടാണ് അമിച്ചകരി കൊച്ചുമാത്തൻ ഉപദേശിയാണ് അതെന്നറിഞ്ഞത്. അദ്ദേഹം ആ ഭാഗത്തു നിന്നു പ്രസംഗിച്ച നാളുകളിൽ ആളുകൾ തന്നെ എറിയുകയും ഉപദ്രവിക്കുകയും തള്ളി തോട്ടിലിടുകയും ചെയ്തിട്ടുണ്ട്. അവിടെ ചെറുപ്പക്കാർ പ്രസംഗിക്കുന്നതു കണ്ട് സന്തോഷിച്ചാണ് അങ്ങനെ ചെയ്തത്." (പാസ്റ്റർ പി.ഡി. തോമസ്, കൊല്ലം, പൂർവ്വസ്മരണകൾ, C.A. Silver Jubilee Souvenir, 1951-76, page 106)

പാസ്റ്റർ പി.ഡി തോമസ് ആലപ്പുഴയിലെ ഓരോ കവലയിലും കൂട്ടുകാർ ഉണ്ടെങ്കിലും ഇല്ലെങ്കിലും പരസ്യയോഗങ്ങൾ നടത്തിയ വ്യക്തിയായിരുന്നു. ഒരു വാക്യബോർഡ് മുമ്പിലും മറ്റൊന്ന് പുറകിലുമായി കഴുത്തിൽ കെട്ടിത്തൂക്കിയും രണ്ടു ബോർഡ് ഒരു കമ്പിൽ തറച്ച് ഉയർത്തിപ്പിടിച്ചും ഒരു കയ്യിൽ ട്രാക്റ്റ് നിറച്ച സഞ്ചിയും ചില സമയങ്ങളിൽ ഇതോടൊന്നിച്ച് തമ്പേറും കയ്യിൽ പിടിച്ച് കൊണ്ടായിരുന്നു പരസ്യയോഗത്തിനു പോകുന്നത്. നാട്ടുകാർ പലപ്പോഴും കൂവുക, ഭ്രാന്തന്മാരെക്കൊണ്ട് വായിലോട്ട് കൂവിക്കുക, തുപ്പിക്കുക, പാട്ടകൊട്ടിക്കുക, ഇങ്ങനെ പല രീതിയിൽ അദ്ദേഹത്തെ പീഡിപ്പിച്ചിട്ടുണ്ട്. ഒരിക്കൽ പി.ഡി. തോമസ് പ്രസംഗിക്കുമ്പോൾ ഒരു പോലീസുകാരൻ വന്ന് പിടലിക്കുപിടിച്ച് കുനിച്ചുനിർത്തി. അപ്പോൾ തോമസ് കുനിഞ്ഞുനിന്നു പ്രസംഗിക്കുകയും കൂട്ടുകാരൻ അത് വിളിച്ചു പറയുകയും ചെയ്തു. "അമ്പടാ, ഈ ചീവീടിന്റെ ശബ്ദം" എന്നു പറഞ്ഞു പോലീസുകാരൻ അദ്ദേഹത്തെ വിട്ടേച്ചുപോയി. (പി.ഡി.തോമസ്, പൂർവ്വസ്മരണകൾ).

1938-ലാണ് ആലപ്പുഴയിൽ സംഘടിത നിലയിലുള്ള പെന്തെക്കോസ്ത് പ്രവർത്തനം ആരംഭിക്കുന്നത്. പാസ്റ്റർ വി.ജി. ജോൺ (വളഞ്ഞവട്ടം ഉണ്ണൂണ്ണിച്ചൻ) ആണ് അന്ന് ഈ പ്രവർത്തനത്തിനു നേതൃത്വം കൊടുത്തത്. ഒ.ജെ.ജോസഫ്, യേശുദാസൻ, റാഹേലമ്മ സന്യാസിനി എന്നിവരും അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ചിരുന്നു. പ്രേതബാധയുണ്ടെന്ന് വിശ്വസിക്കപ്പെട്ടിരുന്ന ഒരു വലിയ ഭവനമായിരുന്നു, സഭാരാധനയ്ക്കും മറ്റുമായി വാടകയ്ക്കെടുത്തിരുന്നത്. ആ വർഷം തന്നെ പാസ്റ്റർ പി.സി. വർഗീസിന്റെ സഹോദരിയും ഭർത്താവും സി.എം. കോശിയും ഉൾപ്പെടെ നാലു പേർ സ്നാനപ്പെട്ടു.

1938 ഒക്ടോബറിൽ കെ.ഇ. ഏബ്രഹാം, കെ.സി. ചെറിയാൻ എന്നിവർ ആലപ്പുഴയിലെത്തി ഒരു കൺവൻഷനിൽ പ്രസംഗിച്ചു. പട്ടണത്തിൽ സംഘടിതനിലയിൽ നടക്കുന്ന ആദ്യത്തെ പെന്തെക്കോസ്ത് കൺവൻഷനായിരുന്നു അത്. യോഗാന്ത്യത്തിൽ എട്ടുപേർ പാസ്റ്റർ കെ.സി. ചെറിയാന്റെ കൈക്കീഴിൽ സ്നാനമേറ്റു.

അന്നു സ്നാനപ്പെട്ടവരിൽ മറിയാമ്മ ചാക്കോ എന്ന സഹോദരി, അവരുടെ പതിനൊന്നു മക്കളിൽ പത്തുപേരും മരിച്ചവരായി, ദുഃഖാവസ്ഥയിൽ കഴിയുന്നൊരു സ്ത്രീയായിരുന്നു. മൂത്തമകളോ

*പാസ്റ്റർ റ്റി.റ്റി.വർഗീസ്*

*കുഴിക്കാല കുഞ്ഞുകീവറീച്ചൻ എന്ന പേരിൽ അറിയപ്പെട്ടിരുന്ന പാസ്റ്റർ വർഗീസ് 1932 നവംബറിൽ പാസ്റ്റർ കെ. ഇ. ഏബ്രഹാം കുഴിക്കാലയിൽ നടത്തിയ ഒരു മീറ്റിംഗിൽ വച്ച് പെന്തെക്കോസ്തു സത്യം സ്വീകരിച്ചു. ഏറെത്താമസിയാതെ, സുവിശേഷപ്രവർത്തനത്തിനായി വേർപെട്ടിറങ്ങി. പുത്തൻ പീടിക, മല്ലശ്ശേരി, വാര്യാപുരം, തട്ട, വെണ്ണിക്കുളം, തോന്നിയാമല തുടങ്ങിയ സ്ഥലങ്ങളിൽ സഭാസേവനം നടത്തിയിട്ടുള്ള പാസ്റ്റർ വർഗീസ് പീരുമേട്, മല്ലപ്പള്ളി, കുമ്പനാട് എന്നിവിടങ്ങളിൽ ഐ.പി.സി. സഭാ സെന്റർ ശുശ്രൂഷകനായും ഇരുന്നിട്ടുണ്ട്. 1977 ഡിസംബറിൽ നിത്യവിശ്രമത്തിലേക്കു ചേർക്കപ്പെട്ടു.*

ടൊപ്പം അവർ സ്നാനമേറ്റു. പെന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ചതോടെ, മരുന്നുകളോടു വിടപറഞ്ഞ ആ സഹോദരിക്ക് പന്ത്രണ്ടാമതുമുണ്ടായ മകൾ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. (മൂത്തമകൾ തങ്കമ്മ, ഇപ്പോൾ കാർത്തികപ്പള്ളിൽ നരിയഞ്ചിൽ എൻ.വി. ജോർജ്ജിന്റെ ഭാര്യയാണ്.)

1939-ൽ മേക്കാട്ട് എം.വി.ജോർജ്ജ് ഉൾപ്പെടെ നാലുപേർ സ്നാനപ്പെട്ടു. പാസ്റ്റർ വി.ജി. ജോൺ ആയിരുന്നു സ്നാപകൻ. (ഇന്ന് എം.വി. ജോർജ്ജ് തോട്ടപ്പള്ളിയിൽ ഐ.പി.സി. സഭാശുശ്രൂഷകനായിരിക്കുന്നു).

പെന്തെക്കോസ്ത് വിശ്വാസത്തോട് നാട്ടുകാർക്കുണ്ടായ വെറുപ്പോ, വിദ്വേഷമോ അവസാനിച്ചില്ല. ഒരിക്കൽ അഷ്ടമുടി ഉമ്മച്ചൻ പ്രസംഗിക്കുകയും പി.ഡി. തോമസ് ഏറ്റുപറയുകയും ചെയ്തുകൊണ്ടിരിക്കുന്ന ഒരു യോഗത്തിൽ എതിരാളികൾ ആടിന്റെ കുടലും പണ്ടവും വാരി സ്റ്റേജിലേക്ക് എറിഞ്ഞു. അതേ ദിവസംതന്നെ യോഗത്തിലുണ്ടായ കല്ലേറിൽ ഒരു സഹോദരി ബോധം കെട്ടുവീണു. പാസ്റ്റർ ഉമ്മച്ചൻ പി.ഡി. തോമസിനോടൊത്ത് ആ സഹോദരിയുടെ തലമേൽ കൈവച്ച് പ്രാർത്ഥിച്ച മാത്രയിൽ അവർ സൗഖ്യം പ്രാപിച്ചു. ഈ കാലയളവിൽ പെന്തെക്കോസ്ത് വിശ്വാസത്തിലേക്കു കടന്നുവന്ന വ്യക്തിയാണ് പിന്നീട് പ്രഗത്ഭസുവിശേഷകനും ഗാനരചയിതാവുമായിത്തീർന്ന പാസ്റ്റർ പി.പി. മാത്യു.

വി.ജി. ജോണിനുശേഷം എം.എൻ. കോശി ആലപ്പുഴ സഭാശുശ്രൂഷകനായി. 1947-ൽ പാസ്റ്റർ പി.കെ. ചാക്കോ സഭയുടെ ശുശ്രൂഷ ഏറ്റെടുത്തു. ആ കാലയളവിൽ പലരും സ്നാനമേറ്റ് സഭയോട് ചേർന്നു. എന്നാൽ വിശ്വാസികളായവരിൽ പലരും മറ്റു സ്ഥലങ്ങളിൽ നിന്ന് ആലപ്പുഴയിൽ വന്നു താമസിച്ച് ജോലി ചെയ്യുന്നവരായിരുന്നു. പിന്നീട് വ്യാവസായികമായി തകർച്ചയിലേക്കു നീങ്ങിയ ആലപ്പുഴ പട്ടണത്തിൽ നിന്ന് അവരിൽ പലരും സ്വന്ത നാടുകളിലേക്ക് മടങ്ങിപ്പോയി.

**കാർത്തികപ്പള്ളി**

1930 കളുടെ മദ്ധ്യത്തോടെ അന്നമ്മ മാമ്മൻ കാർത്തികപ്പള്ളിൽ അദ്ധ്യാപികയായി എത്തിച്ചേർന്നത് കാർത്തികപ്പള്ളിയിൽ പെന്തെക്കോസ്തു സന്ദേശം പ്രചരിക്കുന്നതിനു മുഖാന്തരമായി. 1937-ൽ നരിയഞ്ചിൽ കുടുംബത്തിലെ എൻ.കെ. കോശിയുടെ പുത്രൻ ഒ.ഡാനിയൽ പെന്തെക്കോസ്ത് വിശ്വാസിയായിത്തീർന്നു. തൊട്ടുപിന്നാലെ എൻ.കെ. കോശിയും പെന്തെക്കോസ്തു മാർഗ്ഗം തെരഞ്ഞെടുത്തു. ചിങ്ങേലി ഭാഗത്തുള്ള നരിയഞ്ചിൽ വീട്ടിൽ സഭാരാധന ആരംഭിച്ചു.

ആലപ്പുഴയിൽ ഒരു ട്രാൻസ്പോർട്ട് കമ്പനി ഉദ്യോഗസ്ഥനായിരുന്ന കാർത്തികപ്പള്ളി സ്വദേശി എൻ.കെ. മാത്യു (കാർത്തികപ്പള്ളി മത്തായിച്ചൻ) ഉദ്യോഗ

സ്ഥലത്തുവെച്ച് രക്ഷിക്കപ്പെട്ട് പെന്തെക്കോസ്തു വിശ്വാസിയായിത്തീരുന്നത് ഇക്കാലത്താണ്. അദ്ദേഹം 1941-ൽ സ്നാനമേല്ക്കുകയും ജോലി രാജിവെച്ച് സുവിശേഷവേലയ്ക്കിറങ്ങുകയും ചെയ്തത് കാർത്തികപ്പള്ളിയിലെ പ്രവർത്തനത്തെ ഏറെ സഹായിച്ചു.

**പായിപ്പാട്**

ആലപ്പുഴയിലെ ഒരു കയർ കമ്പനിയിൽ ജോലിക്കാരനായിരുന്ന പി.പി. മാത്യു, പാസ്റ്റർ വി.ജി. ജോണിന്റെ ശുശ്രൂഷയാൽ രക്ഷിക്കപ്പെട്ടശേഷം സ്വദേശമായ പായിപ്പാട്ടെത്തി. പായിപ്പാട്ടെ ആദ്യ പെന്തെക്കോസ്തുകാരനായിരുന്നു അദ്ദേഹം.


1941-ൽ പി.പി. മാത്യു, പാസ്റ്റർ റ്റി.ജി. ഉമ്മനെ വിളിച്ച് പായിപ്പാട്ട് നാലു ദിവസത്തെ യോഗങ്ങൾ നടത്തി. പലരും പെന്തെക്കോസ്ത് വിശ്വാസത്തിലേക്കാകർഷിക്കപ്പെടുന്നതിനു ഈ യോഗങ്ങൾ കാരണമായി. അന്നത്തെ കൺവൻഷനിൽ രക്ഷിക്കപ്പെട്ട ഒരാളായിരുന്നു പിന്നീട് ഐ.പി.സി.യുടെ ശുശ്രൂഷകനായിത്തീർന്ന പാസ്റ്റർ എം.വി. വർഗീസ്. ഈ യോഗങ്ങൾക്കുശേഷം പാസ്റ്റർ കെ. വി. കുര്യനും (കുറ്റപ്പുഴ) പായിപ്പാട്ട് ചില യോഗങ്ങൾ നടത്തി.

ആദ്യസമയങ്ങളിൽ പായിപ്പാട്ടെ വിശ്വാസികൾ സഭാരാധന കൂടിയിരുന്നത് മേൽപ്പാടം സഭയിലായിരുന്നു. പിന്നീട് പി.പി. മാത്യുവിന്റെ വീട്ടിൽത്തന്നെ സഭായോഗം ആരംഭിച്ചു. പായിപ്പാട്ടെ ആദ്യവിശ്വാസികളിൽ ഒരാളായ എം.വി. വർഗീസ്, ഹെബ്രോൻ ബൈബിൾ സ്കൂളിൽ ചേർന്നു പഠിക്കുകയും 1947-ൽ പായിപ്പാട് കാരിച്ചാൽ സഭയുടെ ശുശ്രൂഷകനായി നിയമിതനാവുകയും ചെയ്തു.

**ഓതറ, കല്ലിശ്ശേരി**

1930കളുടെ ആരംഭത്തിൽ തന്നെ ഓതറയിൽ പെന്തെക്കോസ്തു പ്രവർത്തനം ശക്തമായിത്തീർന്നിരുന്നു. ആദ്യകാലത്ത് പെന്തെക്കോസ്തു വിശ്വാസത്തിലേക്കു വന്നവർ കുമ്പനാട്ടും മറ്റുമാണ് സഭാരാധനയ്ക്കായി കടന്നുപൊയ്ക്കൊണ്ടിരുന്നത്. പിന്നീട് ഓതറയിൽതന്നെ സഭാരാധന തുടങ്ങി. ആദ്യകാലപ്രവർത്തകരിൽ പ്രമുഖനായ ഒരു വ്യക്തി പാസ്റ്റർ റ്റി.ഐ. സാമുവൽ (താന്നിക്കൽ) ആണ്.

***പാസ്റ്റർ റ്റി.ഐ. സാമുവൽ***



*1899-ൽ ഓതറ താന്നിക്കൽ വീട്ടിൽ ജനിച്ച സാമുവൽ സാധു കൊച്ചുകുഞ്ഞുപദേശിയുടെ ഉണർവ്വുയോഗങ്ങളിൽ രക്ഷിക്കപ്പെട്ടു. പിന്നീട് കുക്ക് സായ്പിന്റെ യോഗങ്ങൾ മുഖാന്തരം പെന്തെക്കോസ്തു വിശ്വാസത്തിലേക്കാകർഷിക്കപ്പെട്ടു. അന്ന് കുമ്പനാട് കൊടുന്തറ ഉമ്മച്ചന്റെ വീട്ടിൽ നടന്ന സഭാകൂട്ടായ്മയിൽ അംഗമായി. 1930-ൽ സുവിശേഷവേലയ്ക്കായി വേർതിരിഞ്ഞ പാസ്റ്റർ സാമുവൽ ഓതറയിൽ പെന്തെക്കോസ്തു കൂടിവരവ് ആരംഭിക്കുകയും ദീർഘകാലം ആ സഭയുടെ ശുശ്രൂഷകനായിരിക്കുകയും ചെയ്തു. ആഞ്ഞിലിത്താനം, കാനം തുടങ്ങിയ സ്ഥലങ്ങളിലും പ്രവർത്തിച്ചിട്ടുണ്ട്. 1974 മാർച്ചിൽ കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ജോസഫ് താന്നിക്കൽ, ഡോ.ജോൺ താന്നിക്കൽ എന്നിവർ മക്കളാണ്.*

കല്ലിശ്ശേരിയിലെ ആദ്യപ്രവർത്തനം

1925-ൽ അസംബ്ലീസ് ഓഫ് ഗോഡ് മിഷനറിയായിരുന്ന എസ്.ഇ. മെയ് അവിടെ താമസിച്ചപ്പോൾ മുതൽ തുടങ്ങിയതാണ്. എന്നാൽ പിന്നീട് എ.ജി.യുടെ കേന്ദ്ര ഓഫീസ് മാവേലിക്കരയിലേക്ക് മാറ്റിയപ്പോൾ കല്ലിശ്ശേരിയിലെ പ്രവർത്തനം മുരടിച്ചു പോയി. ഒരു വർഷത്തോടടുത്ത് കുക്ക് സായ്പും കല്ലിശ്ശേരിയിൽ താമസിച്ചിരുന്നു. അന്ന് അദ്ദേഹം പല യോഗങ്ങളും ബൈബിൾ ക്ലാസ്സുകളും നടത്തിയിരുന്നെങ്കിലും 1927-ൽ മുളക്കുഴയിലേക്ക് താമസം മാറിയതിനാൽ പിന്നീട് കല്ലിശ്ശേരിയിലെ പ്രവർത്തനത്തിൽ ഏറെ ശ്രദ്ധിക്കാൻ കഴിഞ്ഞില്ല.

1935-ഓടെ കല്ലിശ്ശേരിയിലെ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമായി. ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭയുടെ പ്രധാന പ്രവർത്തകരായിരുന്ന പലരും ഈ പ്രദേശങ്ങളിൽ താമസിച്ചു പ്രവർത്തിക്കാൻ ആരംഭിച്ചു.

1936-ൽ കുറ്റൂർ കുട്ടിയച്ചൻ എന്നറിയപ്പെട്ടിരുന്ന കെ.എസ്. നൈനാന്റെ ഭവനത്തിൽ ഐ.പി.സി. വകയായി ഒരു സഭാരാധന ആരംഭിച്ചു. തുടർമാനമായി നടന്നുവരുന്ന ഒരു പ്രാർത്ഥനയിൽ അനേകർ പരിശുദ്ധാത്മസ്നാനം പ്രാപിച്ചു. വളഞ്ഞവട്ടം, പാണ്ടനാട്, തിരുവൻവണ്ടൂർ തുടങ്ങിയ സമീപ പ്രദേശങ്ങളിൽ നിന്നുപോലും പലരും ഈ യോഗങ്ങളിൽ പങ്കെടുത്തു. പാസ്റ്റർ വി.ജി. ജോൺ ആയിരുന്നു ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തത്. റാഹേലമ്മ സന്യാസിനി, നാക്കട കുഞ്ഞപ്പിച്ചൻ, പൊടിമല മത്തായിച്ചൻ, മിസിസ് കെ. ഇ. ഏബ്രഹാം തുടങ്ങിയവർ തുടർമാനമായി ഈ യോഗങ്ങളിൽ പങ്കെടുത്തു.

മഴുക്കീറിൽ വേർപാട് വിശ്വാസിയായിരുന്ന ആലഞ്ചേരിൽ കൊച്ചുകുട്ടിയച്ചന്റെ ഭവനത്തിൽ നടന്ന യോഗങ്ങൾ മുഖാന്തരം ആ പ്രദേശത്തെ പലരും പെന്തെക്കോസ്തു വിശ്വാസത്തിലേക്ക് ആകർഷിക്കപ്പെട്ടു. കൊച്ചൂട്ടിയച്ചനെകൂടാതെ താമരപ്പള്ളിൽ ചാണ്ടിച്ചൻ (റ്റി.സി. കോശി, റ്റി. സി. മാത്യു എന്നിവരുടെ പിതാവ്) വെള്ളവന്താനത്ത് കൊച്ചുകുഞ്ഞച്ചൻ, ശമുവേൽ, അവറാച്ചൻ എന്നിവരും പെന്തെക്കോസ്തു വിശ്വാസികളായിത്തീർന്നു.

കല്ലിശ്ശേരിയിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കുവാനുള്ള തീരുമാനത്തോടെ ഭക്തൻ കുട്ടിയച്ചൻ അവിടെ ഒരു വീട് വാടകയ്ക്കെടുത്ത് താമസമാരംഭിച്ചു. പാസ്റ്റർ കെ.വി. കുര്യനും ഇക്കാലത്ത് ഇവിടെ പ്രവർത്തിച്ചയാളാണ്. 1938-ഓടെ പ്രവർത്തനം പുത്തൻതെരുവിലേക്കും വ്യാപിച്ചു.

പെന്തെക്കോസ്തുകാരുടെ മുന്നേറ്റത്തിൽ രോഷാകുലനായിരുന്ന ഒരു വ്യക്തിയായിരുന്നു കല്ലിശ്ശേരി തേക്കാട്ടു കുടുംബത്തിലെ റ്റി.എൻ. ഏബ്രഹാം. പെന്തെക്കോസ്തു വിശ്വാസത്തെ കല്ലിശ്ശേരിയിൽ നിന്നും തുടച്ചുമാറ്റുന്നതിനു പ്രഗൽഭരായ ആളുകളെ വിളിച്ച് ഒരു ഖണ്ഡന പ്രസംഗം നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തിക്കൊണ്ടിരിക്കുമ്പോഴാണ് 1940-ൽ റ്റി.എൻ ഏബ്രഹാം പത്തിച്ചിറ യോഹന്നാച്ചന്റെ നേതൃത്വത്തിൽ നടന്ന ഒരു കാത്തിരിപ്പുയോഗത്തിൽ യാദൃശ്ചികമായി എത്തിപ്പെട്ടത്. മേപ്പള്ളിൽ കീവർച്ചൻ എന്നൊരാളും ഏബ്രഹാമിനോടൊപ്പമുണ്ടായിരുന്നു. പത്തിച്ചിറ യോഹന്നാച്ചന്റെ ഭാര്യ ശോശാമ്മ അന്ന് ഇരുവരെയും ദൈവാത്മാവിൽ വിവേചിച്ചു. അവർ ഇരുവരും ആത്മാവിന്റെ ശക്തിയിൽ ആകൃഷ്ടരായി തീർന്നു. ഹൃദ്രോഗിയായിരുന്ന റ്റി. എൻ. ഏബ്രഹാമും പ്രാർത്ഥനയാൽ അന്ന് പൂർണ്ണ സൗഖ്യം പ്രാപിച്ചു. അനേക വർഷങ്ങളായി തണുത്ത വെള്ളത്തിൽ കുളിക്കാൻ കഴിയാതിരുന്ന അദ്ദേഹം ആ

വർഷം പമ്പാനദിയിൽ കൊടുന്തറ ഉമ്മച്ചന്റെ കൈക്കീഴിൽ സ്നാനമേറ്റു.

ഇതേ തുടർന്ന് പ്രയാർ ഭാഗത്തേക്കും പ്രവർത്തനം വ്യാപിച്ചു. പുത്തേത്ത് പാപ്പച്ചൻ, പാസ്റ്റർ കെ.റ്റി. തോമസിന്റെ മാതാവ് ദീനാമ്മ, വാതല്ലൂരെ കുടുംബം, മഴുക്കീർ കങ്ങഴ ഭവനത്തിൽ താമസിച്ചിരുന്ന തോട്ടുമാലിൽ തോമാച്ചനും കുടുംബവും (പാസ്റ്റർ റ്റി.റ്റി. ജോസഫിന്റെ മാതാപിതാക്കൾ) തുടങ്ങിയവർ ഇക്കാലത്ത് പെന്തെക്കോസ്തു വിശ്വാസത്തിലേക്കു വന്നവരാണ്.

1930കളുടെ ആരംഭത്തിൽ തന്നെ പാണ്ടനാട് പ്രദേശങ്ങളിൽ പെന്തെക്കോസ്തു സന്ദേശം വ്യാപിച്ചിരുന്നു. തമിഴ്നാട്ടിലും, ഉത്തരേന്ത്യയിലെ പല സ്ഥലങ്ങളിലും പെന്തെക്കോസ്തു പ്രചാരകരായിരുന്ന തോമസ് പരദേശിയുടെ ഭവനത്തിൽ കുക്ക് സായ്പിന്റെ ഒരു കൂട്ടായ്മ നിലവിലിരുന്നു. 40കളുടെ ആരംഭത്തിൽ പാണ്ടനാട്ടിൽ കുത്തിയതോടിനു സമീപം ഐ.പി.സി.യുടെ ഒരു പ്രവർത്തനമാരംഭിച്ചു. പാസ്റ്റർ കെ.വി. ജോർജ്ജായിരുന്നു ആദ്യശുശ്രൂഷകൻ.

**റാന്നി**

1930 നു മുമ്പുതന്നെ റാന്നിയിൽ പെന്തെക്കോസ്ത് പ്രവർത്തനം ശക്തി പ്രാപിച്ചിരുന്നു. പട്ടണത്തിലെ ശാലേം സഭ കൂടാതെ, പുല്ലമ്പള്ളി (നെല്ലിക്കമൺ), പൂവൻമല, ഐത്തല, ചേത്തയ്ക്കൽ, എരുമേലി, കനകപ്പലം തുടങ്ങിയ സ്ഥലങ്ങളിലൊക്കെ സഭാകൂടിവരവുകളുണ്ടായിരുന്നു.

പൂവത്തൂർ ഉണർവ്വിന്റെ പശ്ചാത്തലത്തിൽ റാന്നിയിലെ പല സ്ഥലങ്ങളിലും തുടർമാനമായി ഉണർവ്വുയോഗങ്ങൾ സംഘടിപ്പിക്കപ്പെട്ടു. എ.ആർ.ടി. അതിശയം, അലങ്കാരമണി തുടങ്ങിയ തമിഴുപ്രവർത്തകരായിരുന്നു ഈ യോഗങ്ങളിലെ

***പാസ്റ്റർ കെ.എം. ചാക്കോ***
***(ഭക്തൻ കുട്ടിയച്ചൻ)***



*1904 ആഗസ്റ്റ് 12നു തിരുവല്ലയ്ക്കടുത്ത വെൺപാലയിൽ ഒരു യാക്കോബായ കുടുംബത്തിൽ ജനിച്ചു. രക്ഷിക്കപ്പെട്ട് 1935-ൽ ജൂലൈ 26നു വിശ്വാസസ്നാനം സ്വീകരിച്ചു. പിറ്റേ വർഷം പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചു. 1937 ആഗസ്റ്റ് 29നു സകലവും വിട്ട് സുവിശേഷവേലയ്ക്കിറങ്ങി കല്ലിശ്ശേരിയിൽ ഒരു വാടകവീടെടുത്ത് പെന്തെക്കോസ്തിന്റെ വേല ആരംഭിച്ചു. ശുശ്രൂഷയുടെ പ്രവർത്തന സന്ദർഭങ്ങൾ ഒഴിച്ചുള്ള മുഴുവൻ സമയവും പ്രാർത്ഥനയിൽ മാത്രം ചിലവഴിച്ചുകൊണ്ടിരുന്നതിനാൽ പരിചയക്കാരായ വിശ്വാസികൾ ഇദ്ദേഹത്തെ 'ഭക്തൻ കുട്ടിയച്ചൻ' എന്നു വിളിച്ചു. 1971 നവംബർ 26നു കർത്താവിൽ നിദ്രപ്രാപിച്ചു. കർത്തൃവേലയ്ക്കായിറങ്ങിയപ്പോൾ മൂന്നു കാര്യങ്ങൾ ഭക്തൻ കുട്ടിയച്ചൻ തീരുമാനിച്ചിരുന്നു. ലോകത്തിൽ ഒന്നും സമ്പാദിക്കുകയില്ലെന്നും കർത്താവ് തരുന്ന മക്കളെ കർത്തൃവേലയ്ക്കായി വിട്ടുകൊള്ളുമെന്നും, ചികിത്സ ചെയ്യുകയില്ലെന്നും. ഇവ മൂന്നും മരണം വരെ പാലിക്കാൻ തനിക്കു കഴിഞ്ഞു. മകൻ പാസ്റ്റർ കെ. സി. ജോൺ, മരുമക്കൾ പാസ്റ്റർ കെ.എം. ജോൺ, പാസ്റ്റർ പി.എ. തോമസ്.*

പ്രധാന പ്രസംഗകർ. നൂറുകണക്കിനാളുകൾ ഇവരുടെ യോഗങ്ങളിൽ ആത്മസ്നാനം പ്രാപിച്ചു. റാന്നിയിലെ പല സഭകളിലും അംഗബലത്തിൽ പെട്ടെന്നൊരു വർദ്ധനവു ഉളവാകുന്നത് ഈ കാലയളവിലാണ്.

1938–ൽ റാന്നി പ്രദേശങ്ങളിൽ വീണ്ടുമൊരുണർവ്വ് പൊട്ടിപ്പുറപ്പെട്ടു. നെല്ലിക്കമൺ സഭയായിരുന്നു ഇത്തവണ ഉണർവ്വു കേന്ദ്രം. അവിടെ സഭാ ഹോളിനോടു ചേർന്നുള്ള മുറിയിൽ കാരംവേലിൽ മത്തായിച്ചൻ, കപ്പമാംമൂട്ടിൽ കുഞ്ഞോമ്മാച്ചൻ, വേങ്ങത്തോട്ടത്തിൽ കുട്ടിയച്ചൻ, വിളയിൽ മത്തായിച്ചൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ നാൽപതു ദിവസത്തെ ഒരു ഉപവാസ പ്രാർത്ഥന ആരംഭിച്ചു. ക്രമേണ നാട്ടുകാർ ഈ യോഗങ്ങളിൽ ആകൃഷ്ടരായി. രാത്രിയോഗങ്ങൾക്ക് കിലോമീറ്ററുകൾ അകലെ നിന്നും ആളുകൾ ഈ യോഗങ്ങളിൽ പങ്കെടുക്കാൻ എത്തിത്തുടങ്ങി.

"ലോകത്തിൻ മോഹങ്ങൾകൊണ്ടു
വിരഞ്ഞോടി ഞാൻ സ്വർഗ്ഗഭാഗ്യങ്ങൾ
വെടിഞ്ഞു."

എന്നതായിരുന്നു ഈ ഉണർവ്വു യോഗങ്ങളിലെ 'ഹിറ്റ് പാട്ട്'. റോഡിലൂടെ ഈ പാട്ടുപാടിയാണ് ജനങ്ങൾ യോഗത്തിനെത്തിയത്. വഴിവക്കിലുള്ളവരും ആത്മപ്രേരിതരായി ഈ ജനസഞ്ചയത്തോടു ചേർന്ന് ഒരു ജാഥയായി യോഗസ്ഥലത്തെത്തും.

കരിയാംപ്ലാവ് നോയൽ മെമ്മോറിയൽ സ്കൂളിലെ പല വിദ്യാർത്ഥികളും അദ്ധ്യാപകരും ഈ ഉണർവ്വുകാലത്ത് പെന്തെക്കോസ്ത് വിശ്വാസത്തിലേക്ക് ആകർഷിക്കപ്പെട്ടു. ഇപ്പോൾ ഇറ്റാർസിയിലുള്ള കുര്യൻ തോമസ് രക്ഷിക്കപ്പെട്ടത് ഈ യോഗത്തിൽ വച്ചാണ്. (അന്നദേഹം കരിയംപ്ലാവ് സ്കൂളിലെ വിദ്യാർത്ഥിയായിരുന്നു). ഇപ്പോൾ തമിഴ്നാട് ഐ.പി.സി.യുടെ പ്രമുഖ പ്രവർത്തകനായ പാസ്റ്റർ എം.എസ്.ജോസഫാണ് ഈ ഉണർവ്വുയോഗത്തിൽ രക്ഷിക്കപ്പെട്ട മറ്റൊരാൾ. പാസ്റ്റർ കെ.ഇ. തോമസ് പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ അദ്ദേഹത്തെ ഉപദ്രവിക്കുവാൻ തയ്യാറായി യോഗത്തിനെത്തിയതായിരുന്നു ജോസഫ്. എന്നാൽ ദൈവവചനം ശ്രവിച്ചപ്പോൾ അലറിക്കരഞ്ഞുകൊണ്ട് അദ്ദേഹം പ്രസംഗകന്റെ കാൽക്കൽ വീണ് യേശുവിനെ രക്ഷകനായി സ്വീകരിച്ചു.

ഉപവാസ പ്രാർത്ഥനയുടെ ഒടുവിൽ 60 പേർ സ്നാനപ്പെട്ട് പുതുതായി സഭയോട് ചേർന്നു. അന്ന് കപ്പമാംമൂട്ടിൽ പടിക്കലുള്ള തോട്ടിൽ ചിറകെട്ടിയാണ് സ്നാനം നടത്തിയത്. പാസ്റ്റർ കെ.ഇ. ഏബ്രഹാമും, കെ.സി. ചെറിയാനും ആയിരുന്നു സ്നാപകർ.

ഈ ഉണർവ്വ് ഏഴോലി, വലിയകാവ് കീക്കൊഴൂർ, മേക്കൊഴൂർ, കരിക്കാട്ടൂർ തുടങ്ങിയ സ്ഥലങ്ങളിലേക്കും വ്യാപിച്ചു. ഈ സ്ഥലങ്ങളിലൊക്കെ അനേകർ പെന്തെക്കോസ്ത് വിശ്വാസത്തിലേക്കു ആകർഷിക്കപ്പെട്ടു.

**കൊട്ടാരക്കര**

കേരളത്തിലാദ്യം പെന്തെക്കോസ്ത് ദൂത് പ്രഘോഷിക്കപ്പെട്ടത് കൊട്ടാരക്കരയിലാണ്. 1909–ൽ റവ. ജോർജ്ജ് ബർഗ് തൃക്കണ്ണമംഗലിലെ ബ്രദറൺ കൺവൻഷനിൽ പെന്തെക്കോസ്ത് സന്ദേശം പ്രസംഗിച്ചതായിരുന്നു അതിനു തുടക്കം. കൊട്ടാരക്കരയിൽ തന്നെയാണ് പാസ്റ്റർ ആർ.എഫ്.കുക്കും പെന്തെക്കോസ്ത് ദൂതുമായി ആദ്യം വന്നിറങ്ങുന്നത്. ആദ്യസമയങ്ങളിൽ അദ്ദേഹത്തിനു അവിടെ പ്രവർത്തനങ്ങൾ ഇല്ലായിരുന്നെങ്കിൽത്തന്നെ തിരുവിതാംകൂറിൽ സ്ഥിരതാമസമാക്കുമ്പോൾ കുക്ക് തന്റെ ഹെഡ് ക്വാർട്ടേഴ്സായി തിര


ഞ്ഞെടുത്തത് കൊട്ടാരക്കയായിരുന്നു. 1926-ൽ കുക്ക് സായ്പ് ചെങ്ങന്നൂരിലേക്ക് താമസം മാറ്റുമ്പോൾ റവ. കമ്മിൻസ് അവിടെ താമസിച്ചു പ്രവർത്തിച്ചു.

ഇതൊക്കെയാണെങ്കിലും 1930കൾക്കു ശേഷം കൊട്ടാരക്കര പട്ടണത്തിലെ പ്രവർത്തനങ്ങൾക്ക് മങ്ങലേറ്റു. കമ്മിൻസ് ഉൾപ്പെടെയുള്ള മിഷനറിമാർ പട്ടണം വിട്ടതാവാം അതിനു കാരണം. പിന്നീട് അവിടുത്തെ പ്രവർത്തനങ്ങൾക്ക് ഉണർവ്വുണ്ടാകുന്നത് 1938-ൽ പാസ്റ്റർ ടി.ജി. ഉമ്മൻ കൊട്ടാരക്കരയിൽ എത്തുന്നതോടെയാണ്. അന്ന് വിലങ്ങറമലവിളയിൽ താമസിച്ചുകൊണ്ടിരുന്ന കരിമ്പിൻകുന്നിൽ മാത്യു എന്നയാളും ഉമ്മച്ചനോടൊപ്പം കുടുംബമായി താമസിച്ചു പ്രവർത്തിച്ചു.

ഈ കാലയളവിൽ വിലങ്ങറ ബ്രദറൺ സഭയിൽ ഒരു ആത്മീയ ഉണർവ്വുണ്ടാകുകയും പലരും ആത്മസ്നാനം പ്രാപിക്കുകയും ചെയ്തു. ബ്രദറൺ സഭക്കാരുമായി യോജിച്ചുപോകുവാൻ കഴിയാതെ അവർ ഒരു സ്വതന്ത്ര കൂട്ടായ്മയായി നിലകൊണ്ടു. ഇവരുടെ ബന്ധുക്കളായി ആനയത്തും (തേവലപ്പുറം) ചിലർ പെന്തെക്കോസ്ത് മാർഗ്ഗം സ്വീകരിച്ചു. കെ.ഐ. ജോൺ (കൊട്ടാരക്കര കുട്ടിയച്ചൻ) എന്നയാളായിരുന്നു ഈ കൂട്ടായ്മ നയിച്ചിരുന്നത്. ടി. ജി. ഉമ്മൻ തൃക്കണ്ണമംഗലിൽ എത്തിയപ്പോൾ മുതൽ ഈ കൂട്ടായ്മകളുമായി ബന്ധം പുലർത്തിപ്പോന്നു. (പിന്നീടവർ ഐ.പി.സി. യോടു യോജിച്ചു.)

**വേങ്ങൂർ**

ഇക്കാലയളവിൽ വേങ്ങൂരിൽ നടന്ന ചില യോഗങ്ങളുടെ ഫലമായി പൊയ്കയിൽ ഫിലിപ്പ്, മാങ്കാട് എം. ഡാനിയേൽ, പുലിയങ്കുന്നിൽ തോമസ്, ചുരയ്ക്കപ്പൊയ്കയിൽ മത്തായി, ചെമ്പറ്റയിൽ കൊച്ചുകുഞ്ഞ് തുടങ്ങിയവർ പെന്തെക്കോസ്ത്



***പാസ്റ്റർ വി. കെ. ഏബ്രഹാം***
*തൃശ്ശൂർ ജില്ലയിലെ ആദ്യകാല പ്രവർത്തകരിലൊരാൾ*

വിശ്വാസത്തിലേക്കാകർഷിക്കപ്പെട്ടു. (ഇവരിൽ എം. ഡാനിയേൽ പിന്നീട് അദ്ധ്യാപകജോലി ഉപേക്ഷിച്ച് സിലോൺ പെന്തെക്കോസ്ത് മിഷനിൽ ശുശ്രൂഷകനായിത്തീർന്നു.)

വേങ്ങൂരിൽ പെന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ചവർ ചേർന്ന് ഒരു ചെറിയ കൂടിവരവ് ആരംഭിച്ചു. ടി.ജി. ഉമ്മൻ അവിടെ പോയി ശുശ്രൂഷ ചെയ്തുപോന്നു. 1938 ആഗസ്റ്റിൽ വേങ്ങൂരിൽ നടന്ന ഒരു ഓണവാര പ്രവർത്തനത്തിൽ പാസ്റ്റർ ഉമ്മൻ, സി. കെ. ദാനിയേലുമായി പരിചയപ്പെട്ടു. അന്ന് അദ്ദേഹം രക്ഷിക്കപ്പെട്ടിരുന്നെങ്കിലും മാർത്തോമ്മാ സഭയിൽ തന്നെ കൂടി വരികയായിരുന്നു. പിന്നീടദ്ദേഹം ടി.ജി.ഉമ്മന്റെ സ്വാധിനത്താൽ കുമ്പനാട് ഹെബ്രോൻ ബൈബിൾ സ്കൂളിൽ ചേർന്ന് പഠിക്കുകയും സ്നാനപ്പെട്ട് പെന്തെക്കോസ്ത് വിശ്വാസിയായിത്തീരുകയും ചെയ്തു.

പാസ്റ്റർ വി.റ്റി. ജോസഫ് വേങ്ങൂരിൽ താമസിച്ചു പ്രവർത്തിച്ച സമയത്ത് ആളുകൾ കൂട്ടമായി പെന്തെക്കോസ്ത് വിശ്വാസത്തിലേക്കു കടന്നുവന്നു. ഒരു യോഗത്തിൽത്തന്നെ 400 പേരോളം വിശ്വാസമാർഗ്ഗം സ്വീകരിക്കാനിടയായി. സഭാ

# കല്ലിശ്ശേരിയിൽ കുറെ കുട്ടിയച്ചൻമാർ

*1936-ലാണ് കല്ലിശ്ശേരിയിലെ പെന്തെക്കോസ്തു പ്രവർത്തനം ആരംഭിക്കുന്നത്. ആദ്യം സഭാരാധന നടക്കുന്നത് കുറ്റൂർ കുട്ടിയച്ചൻ എന്ന കെ.എസ്. നൈനാന്റെ ഭവനത്തിലാണ്. ആദ്യകാല പ്രവർത്തകർ ഭക്തൻ കുട്ടിയച്ചനും (പാസ്റ്റർ കെ.എം. ചാക്കോ), സാധു കുട്ടിയച്ചനും (പാസ്റ്റർ റ്റി.കെ. തോമസ്) ആയിരുന്നു. ഭക്തൻ കുട്ടിയച്ചൻ കല്ലിശ്ശേരിയിൽ താമസിക്കുന്ന സമയം രക്ഷിക്കപ്പെട്ടു സഭാംഗങ്ങളായവരാണ് കോമടത്തുശ്ശേരി കുട്ടിയച്ചനും (മേലത്തേതിൽ വർഗ്ഗീസ്) പൊന്നാരത്തിൽ കുട്ടിയച്ചനും (മംഗലം).*

*കല്ലിശ്ശേരിയിൽ നിന്നു പ്രവർത്തനം പുത്തൻതെരുവിലേക്കും വ്യാപിച്ചു. അവിടെ പെന്തെക്കോസ്തു വിശ്വാസത്തിലേക്ക് ആകർഷിക്കപ്പെട്ട ആദ്യ വിശ്വാസികളിലൊരാളാണ് കല്ലൻപറമ്പിൽ കുട്ടിയച്ചൻ. ഭക്തൻ കുട്ടിയച്ചൻ കല്ലിശ്ശേരിയിൽ നിന്നും സ്ഥലം മാറിപ്പോയപ്പോൾ പകരംവന്ന സുവിശേഷകനാണ് വെള്ളക്കല്ലുങ്കൽ കുട്ടിയച്ചൻ (പാസ്റ്റർ വി.കെ. ചാക്കോ). അങ്ങനെ കല്ലിശ്ശേരിയുമായി ബന്ധപ്പെട്ട് എത്രയെത്ര കുട്ടിയച്ചൻമാർ!!*

പ്രവർത്തനങ്ങൾ ചെറുവയ്ക്കൽ, ഉമ്മന്നൂർ, ആയൂർ, വയയ്ക്കൽ, മലപ്പേരൂർ തുടങ്ങിയ സ്ഥലങ്ങളിലേക്കും വ്യാപിച്ചു. അവിടെയൊക്കെ ഇപ്പോൾ ഐ.പി.സി.ക്ക് സഭകളുണ്ട്.

**ആനയം**

1937-ൽ ത്തന്നെ സ്നാനമേറ്റ പലരും ആനയത്ത് പെന്തെക്കോസ്ത് വിശ്വാസികളായുണ്ടായിരുന്നെങ്കിലും സഭാവളർച്ച ത്വരിതപ്പെടുന്നത് 40 കളോടെയാണ്. ചരുവിളവീട്ടിൽ ശോശാമ്മ, സഹോദരൻ സി.ജെ. വർഗീസ്, മോളുവിളയിൽ പടിഞ്ഞാറ്റതിൽ യോഹന്നാച്ചൻ തുടങ്ങിയവർ പെന്തെക്കോസ്ത് വിശ്വാസികളായി. യോഹന്നാച്ചൻ പിന്നീട് ആനയത്തു തന്നെ സുവിശേഷകനായി.

ആനയത്തെ ആദ്യകാല വിശ്വാസികളിൽ മറ്റൊരാളാണ് എം.സി. വർഗീസ്. കൊട്ടാരക്കരയ്ക്കടുത്ത് ഓടനാവട്ടത്ത്, മാർത്തോമ്മാ സഭയിലെ പ്രഗത്ഭ സുവിശേഷകനായ പുഞ്ചമണ്ണിൽ മാമ്മനുപദേശി പ്രസംഗിക്കാനെത്തി. എം.സി. വർഗീസും യോഗത്തിൽ പങ്കെടുത്തിരുന്നു. പ്രസംഗത്തിനിടയിൽ ഉപദേശി കെ.ഇ. ഏബ്രഹാമിനെ 'കാട്ടുകത്തനാർ' എന്നും മറ്റും വിളിച്ച് അധിക്ഷേപിച്ചത് വർഗീസിനെ ചൊടിപ്പിച്ചു. പന്തലിലിരുന്നുതന്നെ അദ്ദേഹം അതിനെതിരെ പ്രതികരിച്ചു. പിറ്റെ ദിവസം യിരമ്യാ പ്രവചനം 5:30 വലിയ കടലാസിൽ എഴുതി. വർഗീസ് പന്തലിൽ പതിച്ചു. (വിസ്മയവും ഭയങ്കരവുമായത് ദേശത്ത് സംഭവിക്കുന്നു. പ്രവാചകന്മാർ വ്യാജമായി പ്രവചിക്കുന്നു. പുരോഹിതന്മാരും അവരോട് കയ്യായിനിന്ന് അധികാരം നടത്തുന്നു. എന്റെ ജനത്തിനു അത് ഇഷ്ടമാകുന്നു. എന്നാൽ ഒടുക്കം നിങ്ങളെന്തു ചെയ്യും!)

മാമ്മനുപദേശി അത് വായിച്ചു കോപംകൊണ്ട് വിറച്ചു. പിന്നെ "നീ ആറുവർഷം തികയ്ക്കുകയില്ല" എന്നു വർഗീസിനെ ശപിച്ചു.


ശാപത്തിനു പ്രസിദ്ധനാണ് മാമ്മനുപദേശി. അദ്ദേഹത്തിന്റെ വാക്കുകൾ അച്ചട്ടായി നടക്കുമെന്നാണ് ജനസംസാരം. എന്നാൽ എം.സി. വർഗീസ്സിന്റെ കാര്യത്തിൽ ഉപദേശിയുടെ ശാപം ഫലിച്ചില്ല. ഏറെത്താമസിയാതെ ഉപദേശി നിത്യതയിൽ ചേർക്കപ്പെട്ടു. വർഗ്ഗീസാകട്ടെ 50 കൊല്ലത്തോളം വീണ്ടും ജീവിച്ചിരുന്നു.

സുവിശേഷകരെ വളർത്തിയെടുക്കുന്നതിലും ആനയം സഭ ഏറെ ശ്രദ്ധകാട്ടി. ആദ്യ വിശ്വാസികളിൽ പലരും കർത്തൃസേവ തങ്ങളുടെ ജീവിതദൗത്യമായി തെരഞ്ഞെടുത്തു. തേവലപ്പുറം യോഹന്നാച്ചൻ ആ സഭയിലെതന്നെ ശുശ്രൂഷകനായിരുന്നു. പ്രസിദ്ധ റേഡിയോ പ്രഭാഷകനും 'പ്രത്യാശാദൂതൻ' മാസികയുടെ പത്രാധിപരുമായ ഡോ. ജോർജ്ജ് ശാസ്ത്രി ഈ സഭയിലെ ആദ്യകാല വിശ്വാസികളിലൊരാളാണ്. പ്ലാവിലയിൽ എം.സി. വർഗീസിന്റെ പന്ത്രണ്ടു മക്കളും സുവിശേഷവയലിൽ തന്നെ.

**തുവയൂർ– കടമ്പനാട്**

കേരളത്തിലെ ആദ്യത്തെ പെന്തെക്കോസ്ത് സഭ എന്ന പേരിൽ കരുതാവുന്ന തുവയൂർ ദൈവസഭയ്ക്കും 1930 മുതലുള്ള കാലയളവിൽ പ്രകടമായ വളർച്ചയുണ്ടായിട്ടുണ്ട്. പാസ്റ്റർ സി.കെ. ഉമ്മൻ ആയിരുന്നു ഈ കാലയളവിൽ സഭാശുശ്രൂഷകൻ. 1940-ൽ അടൂർ സിലോൺ പെന്തെക്കോസ്ത് മിഷന്റെ പ്രവർത്തനത്തിനായി വന്ന പാസ്റ്റർ വർഗീസ് തുവയൂർ സഭയിൽ നടത്തിയ ഉണർവ്വുയോഗങ്ങൾ മുഖാന്തരം പുതുതായി പലരും പെന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ചു. യോഗം കഴിഞ്ഞ് അടൂരിലേക്ക് മടങ്ങിപ്പോയ വർഗ്ഗീസിനെ സ്ഥലവാസികൾ പതുങ്ങിയിരുന്നു ക്രൂരമായി മർദ്ദിച്ച് അവശനാക്കി, മരണത്തിൽ നിന്നു കഷ്ടിച്ചാണ് അദ്ദേഹം രക്ഷപെട്ടത്.

***പാസ്റ്റർ വി.എൻ. സഖറിയ***



*മാവേലിക്കര–തഴക്കര–വിലനിലത്ത് കുഞ്ഞുനൈനാച്ചന്റെയും അന്നമ്മയുടെയും മകനായി 1913–ൽ ജനിച്ച സഖറിയ 1933ലാണ് പെന്തെക്കോസ്ത് വിശ്വാസിയാകുന്നത്. അന്നദ്ദേഹം മാതാപിതാക്കളോടൊത്ത് പത്തനാപുരത്ത് താമസിക്കുകയായിരുന്നു. തുടർന്ന് പത്തനാപുരം കടയ്ക്കാമൺ അസംബ്ലീസ് ഓഫ് ഗോഡ് സഭയുടെ അംഗമായി.*

*1938–ൽ സഖറിയാ മാവേലിക്കര ബഥേൽ ബൈബിൾ സ്ക്കൂളിൽ വിദ്യാർത്ഥിയായി ചേർന്നു പഠിക്കുമ്പോൾ തന്നെ കൊടുമൺ, നൂറനാട് എന്നീ സ്ഥലങ്ങളിൽ സഭാശുശ്രൂഷയും നിർവഹിച്ചിരുന്നു. വിദ്യാഭ്യാസാനന്തരം ഏഴു വർഷം ചെങ്കിലാത്ത് സഭയിൽ ശുശ്രൂഷിച്ചു. അമ്പത് വർഷത്തോളം പാസ്റ്റർ സഖറിയ ശുശ്രൂഷയിലായിരുന്നു.*
*1992 ഒക്ടോബർ 22നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.*

അസംബ്ലീസ് ഓഫ് ഗോഡിന്റെ പ്രവർത്തകനായിരുന്ന പാസ്റ്റർ എ.കെ. പാപ്പച്ചൻ ഈ കാലയളവിൽ കടമ്പനാട്ട് താമസമാക്കി. അദ്ദേഹം എല്ലാ സഭകളോടും സഹകരണം പുലർത്തിയിരുന്ന വ്യക്തിയായിരുന്നു. ശാസ്ത്രീയമായി സംഗീതം അഭ്യസിച്ചിരുന്ന ആ സുവിശേഷകന്റെ ശുശ്രൂഷ തുവയൂർ സഭയ്ക്ക് ഏറെ പ്രയോജനപ്പെട്ടു.

തുവയൂർ ദൈവസഭയിലെ അംഗമായിരുന്ന പാസ്റ്റർ റ്റി. കെ. വറുഗീസും തന്റെ ഭവനത്തിനടുത്ത് ഒരു സ്വതന്ത്ര കൂടിവരവ് ആരംഭിച്ചു. കുക്ക് സായ്പിന്റെ വിശ്വസ്ത അനുയായിയായി പല സ്ഥലങ്ങളിൽ പ്രവർത്തിച്ച് പ്രാഗൽഭ്യം തെളിയിച്ച വ്യക്തിയായിരുന്നു അദ്ദേഹം. പിന്നീട് ഈ കൂടിവരവ് ഐ.പി.സിയിൽ ലയിച്ചു. അഷ്ടമുടി ഉമ്മച്ചൻ മുഖാന്തരം പെന്തെക്കോസ് വിശ്വാസത്തിലേക്കു കടന്നു വന്ന ചില സ്വതന്ത്ര വിശ്വാസികളും പിന്നീട് ഐ.പി.സി.യിൽ ചേർന്നു.

**പത്തനാപുരം**

1924-ൽ പൊയ്കയിൽ ഉമ്മച്ചൻ ആത്മസ്നാനം പ്രാപിക്കുമ്പോൾ അദ്ദേഹം പത്തനാപുരത്തെ ഏക പെന്തെക്കോസ്തുകാരനായിരുന്നു. 1926 ലാണ് കടയ്ക്കാമൺ എ.ജി. ആരംഭിക്കുന്നത്. 1933-ൽ കടയ്ക്കാമണ്ണിൽ പാസ്റ്റർ എ.ജെ. ജോൺ നടത്തിയ യോഗങ്ങൾ മുഖാന്തരം പലരും പുതുതായി പെന്തെക്കോസ്ത് വിശ്വാസത്തിലേക്കാകർഷിക്കപ്പെട്ടു. അന്ന് വിശ്വാസത്തിലേക്ക് കടന്നുവന്ന വ്യക്തിയാണ് പാസ്റ്റർ വി.എൻ. സഖറിയ. അദ്ദേഹം പിന്നീട്, കൊടുമൺ, നൂറനാട്, ചെങ്കിലാത്ത് തുടങ്ങിയ സ്ഥലങ്ങളിൽ പെന്തെക്കോസ്ത് പ്രവർത്തനം വ്യാപകമാക്കി.

1939-ൽ പത്തനാപുരം സ്വദേശികളായ പുല്ലാങ്കൈയ്യിൽ കൊച്ചുപാപ്പിച്ചൻ, ചുറ്റുവട്ടത്ത് കീവറീച്ചൻ, കരിക്കത്ത് കൊച്ചുപാപ്പി എന്നീ മൂന്നു യുവാക്കൾ തൃക്കണ്ണമംഗലിൽ ടി.ജി. ഉമ്മന്റെ കൈക്കീഴിൽ സ്നാനമേറ്റു. അന്ന് പത്തനാപുരം ടൗണിൽ പെന്തെക്കോസ്ത് പ്രവർത്തനം ശക്തമല്ലായിരുന്നു. എ.ജി.യുടെ സഭ കടയ്ക്കാമണ്ണിലായിരുന്നു പ്രവർത്തിച്ചിരുന്നത് 1940-ൽ പാസ്റ്റർ ടി.ജി. ഉമ്മൻ പത്തനാപുരത്തേക്ക് താമസം മാറ്റി. അവിടെ താമസിച്ചുകൊണ്ട് അദ്ദേഹം കൊട്ടാരക്കര, പുനലൂർ തുടങ്ങിയ സ്ഥലങ്ങളിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തു.

**പുനലൂർ**

ജോർജ്ജ് ബർഗ്ഗിന്റെ കാലത്ത് ആത്മസ്നാനം പ്രാപിച്ച ഡോ. ഉമ്മൻ മാമ്മൻ 1912 മുതൽ പുനലൂർ ഭാഗങ്ങളിൽ സുവിശേഷ പ്രവർത്തനം നടത്തിയിരുന്നു. എന്നാൽ പുനലൂർ ഭാഗത്ത് പെന്തെക്കോസ്ത് പ്രവർത്തനം വ്യാപകമാകുന്നത് തുവയൂർ ദൈവസഭാംഗങ്ങളായ വിശ്വാസികൾ ചാലിയേക്കര എസ്റ്റേറ്റിൽ തൊഴിലാളികളായി എത്തുന്നതോടെയാണ്.

1917 മുതൽ പാലിയേക്കര എസ്റ്റേറ്റിൽ ഒരു പെന്തെക്കോസ്ത് സഭ പ്രവർത്തിച്ചിരുന്നു. കുക്ക് സായ്പ് പല തവണ അവിടെ വന്ന് യോഗങ്ങൾ നടത്തിയിട്ടുണ്ട്. 1921 മുതൽ പുനലൂർ പട്ടണത്തിൽ പെന്തെക്കോസ്ത് പ്രവർത്തനം ശക്തി പ്രാപിച്ചു തുടങ്ങി. എന്നാൽ കുക്ക് സായ്പിന്റെ പ്രവർത്തനം മദ്ധ്യതിരുവിതാംകൂർ ഭാഗങ്ങളിലേക്ക് ചുരുങ്ങിയപ്പോൾ പുനലൂർ പട്ടണത്തിലെ പ്രവർത്തനം ക്രമേണ മന്ദീഭവിച്ചു. ചാലിയേക്കരയിലും മറ്റും തൊഴിലാളികളുടെയിടയിൽ ഉണ്ടായിരുന്ന സഭകൾ അപ്പോഴും സജീവമായിതന്നെ മുന്നോട്ടു പോയി.


1930 കളോടെ വീണ്ടും ഈ പ്രദേശങ്ങളിലെ പ്രവർത്തനം ശക്തിപ്രാപിച്ചു. തുവയൂർ ദൈവസഭയിൽ നിന്നും പുനലൂരെ ചാലിയേക്കരയിൽ വന്നു താമസിച്ചിരുന്ന സി.കെ. മത്തായി, വിളക്കുടിയിൽ താമസമാക്കുന്നതോടെ പ്രവർത്തനത്തിനു ഒരു പുതുമാനം കൈവന്നു. അദ്ദേഹം പുനലൂരെ ഗുഡ്ഹോപ്പ് എസ്റ്റേറ്റിൽ ഉദ്യോഗസ്ഥനായിരുന്ന വി.കെ. കുരുവിളയുമായി പരിചയപ്പെട്ടു. അവർ ഒന്നിച്ച് ഇടമൺ, പുനലൂർ, വിളക്കുടി

എന്നീ പ്രദേശങ്ങളിൽ ചുറ്റി സഞ്ചരിച്ച് സുവിശേഷം അറിയിച്ചു. ഇവരുടെ പ്രവർത്തനഫലമായി ആദ്യകാലത്ത് വിശ്വാസത്തിലേക്കു വന്നയാളാണ് വെള്ളിമല എസ്റ്റേറ്റിലെ ഓഫീസ് അഡ്മിനിസ്ട്രേറ്ററായിരുന്ന എം. കുഞ്ചാണ്ടി. പിന്നീട് വിളക്കുടി മത്തായിച്ചൻ, വി. കെ. കുരുവിള, എം. കുഞ്ചാണ്ടി എന്നിവരായിരുന്നു ഇടമൺ, പുനലൂർ , ഇളമ്പൽ, വിളക്കുടി എന്നീ സ്ഥലങ്ങളിൽ പ്രവർത്തനങ്ങൾ നടത്തിയത്. ഗുഡ് ഹോപ്പ് എസ്റ്റേറ്റിലുണ്ടായിരുന്ന സഭ ഇടമൺ സഭയായി വളർന്നു. വിളക്കുടിയിലേയും പുനലൂർ, നായിഡു ബംഗ്ലാവിലേയും കൂട്ടായ്മകൾ ശക്തിപ്രാപിച്ചു. ഈ സഭകൾ മുളക്കുഴ ചർച്ച് ഓഫ് ഗോഡുമായുള്ള ബന്ധത്തിലാണ് പ്രവർത്തിച്ചിരുന്നത്. പിൽക്കാലത്ത് അസംബ്ലീസ് ഓഫ് ഗോഡിന്റെ പ്രവർത്തനം പുനലൂരിൽ ആരംഭിച്ചപ്പോൾ നായിഡു ബംഗ്ലാവിലെ സഭ എ.ജി.യിൽ ചേർന്നു.

1939 ലാണ് പുനലൂരിൽ ഐ.പി.സി. അതിന്റെ പ്രവർത്തനം ആരംഭിക്കുന്നത്. ഇടമണ്ണിനടുത്ത് ദ്വാരക റബ്ബർ തോട്ടത്തിലെ തൊഴിലാളികളായ സ്വതന്ത്ര പെന്തെക്കോസ്തർ പാസ്റ്റർ ടി. ജി. ഉമ്മനുമായി ബന്ധപ്പെടുകയും അവിടെ കീവറീച്ചൻ എന്നപേരുള്ള ഒരു സഹോദരന്റെ ഭവനത്തിൽ സഭാരാധന തുടങ്ങുകയും ചെയ്തു. തുടർന്ന് പട്ടണത്തിലും ഐ.പി.സി.യുടെ പ്രവർത്തനം ആരംഭിച്ചു. എം.തോമസ്(ഉദയപ്പൂരിലെ ഡോ. തോമസ് മാത്യുവിന്റെ പിതാവ്) ആണ് ആദ്യമായി ആ സഭയിൽ സ്നാനപ്പെട്ടെത്തിയത്. 1940 ജനുവരി ഒന്നിനായിരുന്നു സ്നാനം. ഐ.പി.സി. കൗൺസിൽ മെമ്പറായിരുന്ന കെ.ഒ. ഐസക്ക് ഇതേ സമയം സ്നാനമേറ്റ ആളാണ്.

പാസ്റ്റർ എം.വി. ചാക്കോ (മുണ്ടിയ

***പാസ്റ്റർ സി. കുഞ്ഞുമ്മൻ***



*അസംബ്ലീസ് ഓഫ് ഗോഡ് മാവേലിക്കരയിൽ ആരംഭിക്കുമ്പോൾ ആദ്യസമയത്തു തന്നെ പെന്തെക്കോസ്തു വിശ്വാസത്തിലേക്കു വന്ന കുടുംബമാണ് സി. കുഞ്ഞുമ്മന്റേത്. അദ്ദേഹത്തിന്റെ പിതാവ് കുന്നേൽ ചെറിയാച്ചൻ 1926-ലാണ് പെന്തെക്കോസ്ത് വിശ്വാസിയായിത്തീരുന്നത്. ബാല്യത്തിൽ തന്നെ പെന്തെക്കോസ്തു പ്രവർത്തകരുമായും മിഷനറിമാരുമായും സഹകരിച്ചു പ്രവർത്തിച്ചിരുന്ന കുഞ്ഞുമ്മൻ ബഥേൽ ബൈബിൾ സ്കൂളിലെ അദ്ധ്യാപകനായും പൊതുശുശ്രൂഷകനായും ആദ്യകാലം മുതലേ സേവനമനുഷ്ഠിച്ചിരുന്നു. മലയാളം ഡിസ്ട്രിക്ട് കൗൺസിൽ സെക്രട്ടറി, ട്രഷറാർ, സൗത്ത് ഇന്ത്യാ അസംബ്ലീസ് ഓഫ് ഗോഡ് ജനറൽ സെക്രട്ടറി, സൗത്ത് വെസ്റ്റ് ഡിസ്ട്രിക്ട് സൂപ്രണ്ട്, എസ്.ഐ.എ.ജി. ജനറൽ സൂപ്രണ്ട് ബഥേൽ ബൈബിൾ കോളേജ് പ്രിൻസിപ്പാൾ എന്നീ നിലകളിലൊക്കെ സംഘടനയെ സേവിച്ചിട്ടുള്ള പാസ്റ്റർ കുഞ്ഞുമ്മൻ ഇന്ത്യൻ അസംബ്ലീസ് ഓഫ് ഗോഡിനെ പ്രതിനിധീകരിച്ച് അമേരിക്കയിലും യാത്ര ചെയ്തിട്ടുണ്ട്. 1970 സെപ്റ്റംബറിൽ കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.*

***പാസ്റ്റർ പി.കെ. ചാക്കോ***



*കോട്ടയം മീനടം സ്വദേശിയായ പി.കെ. ചാക്കോ 1933-ൽ രക്ഷാനിർണ്ണയം പ്രാപിക്കുകയും 1934-ൽ നിമജ്ജനസ്നാനം സ്വീകരിക്കുകയും ചെയ്തു. ആത്മസ്നാനം പ്രാപിച്ചതിനെതുടർന്ന് കർത്തൃവേലയ്ക്കായി വിളിയുണ്ടാകയാൽ ബൈബിൾ സ്കൂളിൽ ചേർന്നു പഠിച്ചു. കോട്ടയം ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ പ്രവർത്തിച്ചിട്ടുള്ള പാസ്റ്റർ ചാക്കോ 1948-ൽ ആലപ്പുഴയിലും താമസിച്ചു ശുശ്രൂഷിച്ചിട്ടുണ്ട്. 1966 മുതൽ ദീർഘവർഷങ്ങൾ പാമ്പാടി സെന്റർ ശുശ്രൂഷകനായിരുന്നു. 1970 മുതൽ പല പ്രാവശ്യം കേരളാ സ്റ്റേറ്റ് കൗൺസിൽ പ്രസിഡണ്ടായിരുന്നിട്ടുണ്ട്. ഇപ്പോൾ കർത്തൃസന്നിധിയിൽ വിശ്രമിക്കുന്നു.*

പ്പള്ളി ചാക്കോച്ചൻ) ആയിരുന്നു പുനലൂർ ഐ.പി.സി.യുടെ ആദ്യ സഭാശുശ്രൂഷകൻ. അദ്ദേഹം റെയിൽവേ സ്റ്റേഷനു സമീപം കുടുംബസമേതം താമസിച്ചുകൊണ്ട് പുനലൂരിൽ പ്രവർത്തിച്ചു. ഉണ്ണി സാർ എന്നറിയപ്പെട്ടിരുന്ന വി.ഐ. ഇടിക്കുള ഈ പ്രവർത്തനങ്ങളെ ഏറെ സഹായിച്ചു.


1927-ൽ മാവേലിക്കരയിൽ ആരംഭിച്ച ബഥേൽ ബൈബിൾ സ്കൂൾ 1942-ൽ പുനലൂർ തൂക്കുപാലത്തിനു കിഴക്കു വശത്തുള്ള ഒരു വാടക കെട്ടിടത്തിലേക്ക് മാറ്റിയിരുന്നു. പുനലൂരിൽ അസംബ്ലീസ് ഓഫ് ഗോഡ് വേരുപിടിക്കുന്നത് ബൈബിൾ സ്കൂളിന്റെ ആവിർഭാവത്തോടെയാണ്. (പിന്നീട് രണ്ടാം ലോകമഹായുദ്ധകാലത്ത് മിഷനറിമാരിൽ പലരും മടങ്ങിപ്പോകേണ്ടിവരികയും ബൈബിൾ സ്കൂളിന്റെ നടത്തിപ്പിനു ആവശ്യമായ പണവും സൗകര്യവും ലഭ്യമാകാതെയും വന്നപ്പോൾ പാസ്റ്റർ എം.സി. സാമുവലിന്റെ ഉത്സാഹത്താൽ ബൈബിൾ സ്കൂൾ തിരുവനന്തപുരത്തേക്ക് മാറ്റി. 1949-ലാണ് ബൈബിൾ സ്കൂളിനുവേണ്ടി പുനലൂരിൽ സ്ഥലം വാങ്ങുന്നതും കെട്ടിടം പണിയുന്നതും).

ബൈബിൾ സ്കൂൾ തിരുവനന്തപുരത്തേക്ക് മാറ്റിയെങ്കിലും പുനലൂരിലെ സഭാപ്രവർത്തനങ്ങൾ അഭംഗുരം തുടർന്നു. ഹൈന്ദവ കുടുംബത്തിൽ ജനിച്ച പി. എൻ. സഖറിയായും മറ്റും പെന്തെക്കോസ്ത് വിശ്വാസം സ്വീകരിക്കുന്നത് ഈ കാലയളവിലാണ്. ഉറുകുന്ന്, അഞ്ചൽ, വിളക്കുവെട്ടം തുടങ്ങിയ സ്ഥലങ്ങളിലും എ.ജി.ക്ക് ഇക്കാലത്ത് സഭകളുണ്ടായി.

**കൊല്ലം**

കൊല്ലം ജില്ലയിൽ പത്തനാപുരത്ത് കടയ്ക്കാമൺ എന്ന സ്ഥലത്ത് പെന്തെക്കോസ്ത് പ്രവർത്തനം തുടങ്ങുന്ന അതേ കാലയളവിൽ കായംകുളം പുതുപ്പള്ളിയിലും എ.ജി.യുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. പാസ്റ്റർ ഇ. പി. ഡാനിയേലിന്റെ ഭവനത്തിലായിരുന്നു അന്ന് ആരാധന നടന്നിരുന്നത്. കുറെ കാലങ്ങൾ സിലോൺ പെന്തെക്കോസ്ത് മിഷനിലെ വിശ്വാസികളും ഈ സഭയോടൊരുമിച്ച് ആരാധന കൂടിവന്നു. എന്നാൽ 1932-ൽ ഒരു സഭായോഗത്തിൽ വച്ച് പാസ്റ്റർ പോൾ തിരുവത്താഴ ശുശ്രൂഷ നടത്തുമ്പോൾ “ഞങ്ങൾ പഠിപ്പിക്കുന്ന ഈ

### *പാസ്റ്റർ പി.ഡി. തോമസ്, കൊല്ലം*



1914 ജൂൺ 27നു കരുനാഗപ്പള്ളി കൊല്ലക എന്ന സ്ഥലത്ത് പുളിവേലിൽ ഡാനിയേലിന്റെ മകനായി ജനിച്ച പി.ഡി. തോമസ് യുവാവായിരിക്കുമ്പോൾ തന്നെ പെന്തെക്കോസ്തു വിശ്വാസത്തിലേക്ക് വന്നു. വളരെ കഷ്ടങ്ങളിലൂടെയും പ്രയാസങ്ങളിലൂടെയും സുവിശേഷ പ്രവർത്തനം നടത്തിയിട്ടുള്ള പാസ്റ്റർ തോമസ് കൊല്ലം ജില്ലയിലെ പല അസംബ്ലീസ് ഓഫ് ഗോഡ് സഭകളുടെയും പ്രാരംഭകനാണ്. 1965 മുതൽ കൊല്ലം പട്ടണത്തിലെ എ.ജി.യുടെ ശുശ്രൂഷകനായി പ്രവർത്തിച്ചു. അസംബ്ലീസ് ഓഫ് ഗോഡിന്റെ അസിസ്റ്റന്റ് സൂപ്പർവൈസറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1982 ജനുവരി 10നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ഇളയ മകൻ പാസ്റ്റർ ജോൺ തോമസ് കർത്തൃശുശ്രൂഷയിലാണ്.

അപ്പൊസ്തലിക ഉപദേശത്തോടു യോജിക്കുന്നവർ മാത്രമേ തിരുവത്താഴത്തിൽ പങ്കെടുക്കാവൂ" എന്നു പ്രസ്താവിച്ചത് വീണ്ടും സഭ എ.ജി., സി.പി.എം. എന്നീ നിലകളിൽ വേർപിരിയുവാൻ കാരണമായി.

1935 ആയപ്പോഴേക്ക് അസംബ്ലീസ് ഓഫ് ഗോഡിന്റെ വേല കൊല്ലം ഡിസ്ട്രിക്ടിന്റെ പല ഭാഗങ്ങളിലും വ്യാപിച്ചുകഴിഞ്ഞിരുന്നു. പാസ്റ്റർ എ.ജെ.ജോൺ, പി.വി. ജോൺ, കെ.എസ്. ഡേവിഡ്, എം. സി. ചാക്കോ തുടങ്ങിയവർ ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തു. കായംകുളം, പുതുപ്പള്ളി, ഞക്കനാൽ തുടങ്ങിയ സ്ഥലങ്ങളിലെ പ്രവർത്തനങ്ങളുടെ ചുക്കാൻ പിടിച്ചത് പാസ്റ്റർ ഇ.പി. ഡാനിയേലായിരുന്നു.

പുതുപ്പള്ളിയിലെ നരിയാരത്തുവീട്ടിൽ പാസ്റ്റർ ഡാനിയേലിനെ ഒരു പ്രാർത്ഥനക്കായി ക്ഷണിച്ചു. ആദ്യദിവസം തന്നെ ആ വീട്ടിലെ മാതാവും ചെറുമകളും രക്ഷിക്കപ്പെട്ടു. അവരുടെ സ്നാനം സി.എം. എസ്. കാരെ ക്ഷുഭിതരാക്കി. ഇനി യും അവിടെ കയറിയാൽ അടിക്കും എന്ന് അവർ ഡാനിയേലിനെ ഭീഷണിപ്പെടുത്തി. എന്നാൽ ഒന്നും സംഭവിക്കാത്ത മട്ടിൽ അദ്ദേഹം തുടർച്ചയായി ആ വീട്ടിൽ പ്രാർ ത്ഥന നടത്തിപ്പോന്നു.

ഒരു പകലിൽ പാസ്റ്റർ ഡാനിയേൽ നരിയാരത്ത് വീട്ടിലേക്ക് പോകുന്ന സമയം നോക്കി പള്ളിയിലെ കപ്യാരുടെ നേതൃത്വത്തിൽ ഒരു കൂട്ടം ആളുകൾ അദ്ദേഹത്തെ ആക്രമിക്കുവാൻ വഴിയിൽ കാത്തുനിന്നു. വളവുതിരഞ്ഞു അദ്ദേഹം വരുന്നത് അവർ കണ്ടു. "ഇതാ ദാനിയേലുകുട്ടി വരുന്നു" എന്നൊരാൾ വിളിച്ചു പറയുകയും ചെയ്തു. പെട്ടെന്ന് സൂര്യന്റെ പ്രകാശത്തെ കവിയുന്നോരു വെളിച്ചം തങ്ങളുടെ മുന്നിലൂടെ നീങ്ങുന്നതു പോലെ അവർക്കു തോന്നി. ദാനിയേലുകുട്ടിയെ അവർ കണ്ടതുമില്ല. കുറെക്കഴിഞ്ഞപ്പോൾ "അവന്റെ പാട്ട് നരിയാരത്ത് വീട്ടിൽ കേൾക്കാൻ കഴിയുന്നല്ലോ" എന്നു പറയാൻ മാത്രമെ അവർക്ക് കഴിഞ്ഞുള്ളൂ.

1935-ൽ പാസ്റ്റർ പി.ഡി. തോമസിന്റെ ആഗമനത്തോടെയാണ് കൊല്ലം ഡിസ്ട്രിക്ടിലെ കരുനാഗപ്പള്ളി, തേവലക്കര, തഴവാ, കുണ്ടറ തുടങ്ങിയ സ്ഥലങ്ങളിൽ അസംബ്ലീസ് ഓഫ് ഗോഡിന്റെ പ്രവർ

# പി.വി. ജോൺ (ജോൺ അയ്യാപിള്ള)



*മാരാമണ്ണിലെ ഒരു പുരാതന ഹൈന്ദവ കുടുംബത്തിൽ 1877-ൽ ജനിച്ച അയ്യാപിള്ള മാർത്തോമ്മായിലെ പ്രശസ്തസുവിശേഷകനായ കപ്യാരുപദേശിയുടെ നിരന്തരസന്ദർശനത്താൽ ബാല്യത്തിൽതന്നെ ക്രിസ്ത്യാനിത്വത്തോടു ആഭിമുഖ്യമുള്ളവനായിത്തീർന്നു. ഈ നൂറ്റാണ്ടാദ്യം ജോൺ, എ.ഡി. ഖാൻ നടത്തിയ ചില യോഗങ്ങളിൽ പങ്കെടുത്തതുമൂലം അയ്യാപിള്ള രക്ഷാനുഭവം പ്രാപിച്ചു. ഖാൻ തന്നെ അദ്ദേഹത്തെ സ്നാനപ്പെടുത്തി.*

*മകൻ ക്രിസ്ത്യാനിയായതറിഞ്ഞ് പിതാവ് അയ്യാപിള്ളയെ വീട്ടിൽ നിന്ന് ഇറക്കിവിട്ട് പടിയടച്ച് പിണ്ഡംവച്ചു. സ്നേഹിതനായ പുളിമൂട്ടിൽ പി. ചെറിയാൻ എന്ന മുൻസിഫ് ജഡ്ജി അദ്ദേഹത്തിന്റെ വീട്ടിൽ അയ്യാപിള്ളയ്ക്ക് അഭയം നൽകി. കോടതിയിൽ ഒരു ക്ലാർക്ക് ഉദ്യോഗം വാങ്ങിക്കൊടുക്കുകയും ചെയ്തു.*

*1920-ൽ പി.വി. ജോൺ ജോലി രാജിവെച്ച് എ.ഡി. ഖാനോടൊപ്പം സുവിശേഷപ്രവർത്തകനായി. 1924-ൽ ഇരവിപേരൂരിൽ നടന്ന ഒരു യോഗത്തിൽവച്ച് അദ്ദേഹം ആത്മസ്നാനം പ്രാപിച്ചു. 1925 മുതൽ അസംബ്ലീസ് ഓഫ് ഗോഡിനോടു ചേർന്നു പ്രവർത്തിച്ചു. 1938-ൽ അദ്ദേഹം ഐ.പി.സി.യോടു യോജിച്ചു. 1946-ൽ മാവേലിക്കര സെന്റർ ശുശ്രൂഷകനായിരിക്കെ 65-ാം വയസ്സിൽ കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.*

ത്തനം ശക്തിപ്രാപിക്കുന്നത്. വളരെ കഷ്ടനഷ്ടങ്ങളിലൂടെയാണ് പാസ്റ്റർ തോമസ് തന്റെ പ്രവർത്തനരംഗത്തുപോരാടിയത്.

മാറനാട് എന്ന സ്ഥലത്ത് ഒരു യാക്കോബായ വീട്ടിൽ യോഗം നടത്താൻ പാസ്റ്റർ തോമസിനു അനുവാദം കിട്ടി. എന്നാൽ അദ്ദേഹം യോഗത്തിനു ചെന്നപ്പോൾ, ഇടവകയിലെ അച്ചനും മറ്റൊരു പ്രമാണിയും കൂടെ "വീട്ടിൽ കയറുവാൻ പാടില്ല" എന്നു പറഞ്ഞ് അദ്ദേഹത്തെ വിലക്കി. "വീട്ടുകാർ ആവശ്യപ്പെട്ടതനുസരിച്ച് അവിടെ പ്രവേശിക്കുവാൻ എനിക്കവകാശമുണ്ട്. എങ്കിലും നിങ്ങൾക്കു വേണ്ടി ഞാനീവഴിയിൽ നിൽക്കുന്നു". എന്നു പറഞ്ഞ് നിശ്ചിത വീടുനു മുൻവശം റോഡിൽ ചരൽകല്ലുകളിൽ മുട്ടുകുത്തി അദ്ദേഹം പ്രാർത്ഥിക്കുകയും പ്രസംഗിക്കുകയും ചെയ്തു. യോഗത്തിനു പങ്കെടുക്കാനെത്തിയവരെ പള്ളിപ്രമാണി ഭീക്ഷണിപ്പെടുത്തി ഓടിച്ചു. അത് കൂസാക്കാതെ ചിലർ ദൈവവചനം ശ്രവിച്ചു.

താമസിയാതെ ആ കുടുംബത്തിലുള്ളവരും മറ്റു ചിലരും പെന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ചു. (എന്നാൽ ആ ദിവസങ്ങളൊന്നിൽ, മഴയും കോളുമില്ലാത്ത പകൽസമയം അച്ചനും മുകൾപ്പറഞ്ഞ പ്രമാണിയുമായി സംസാരിച്ചുകൊണ്ടുനിൽക്കുമ്പോൾ പെട്ടെന്ന് ഇടിവെട്ടി രണ്ടുപേരും മൃതിയടഞ്ഞു. നാട്ടിൽ അതൊരു സംസാരവിഷയമായി. പിന്നീട് ആ പ്രദേശങ്ങളിൽ പാസ്റ്റർ തോമസ് ഏറ്റവും ആദരണീയനായി തീർന്നു.

കരുനാഗപ്പള്ളിയിലെ സ്വന്തം ഭവനത്തിൽ, അത് പാസ്റ്റർ തോമസിനു ഓഹരിയായി ലഭിച്ചതാണെങ്കിലും "പുറജാതികളെ കയറ്റി വീട് അശുദ്ധമാക്കും" എന്നു പറഞ്ഞ് പിതാവ് ചില മുറികൾ പൂട്ടിയിട്ടു. എന്നാൽ തനിക്കുവേണ്ടി തുറന്നു കിട്ടിയ മുറിയിൽ, വിശ്വാസം സ്വീകരിച്ചതിന്റെ പേരിൽ കുടുംബങ്ങളിൽ നിന്നു പുറംതള്ളപ്പെട്ട പിന്നോക്കക്കാരായ അഞ്ചു പേരെ പാസ്റ്റർ തോമസ് ഏറെ നാളുകൾ താമസിപ്പിച്ചു. മറ്റു മുറികൾ തുറന്നു കിട്ടാഞ്ഞതിനാൽ അദ്ദേഹം പലപ്പോഴും അടവില്ലാത്ത തിണ്ണയിലാണ് കിടന്നുറങ്ങിയത്.

കുണ്ടറയിൽ ഇപ്പോഴത്തെ എ.ജി. ഹോളിനു സമീപമുള്ള ഒരു മൺപുരയുടെ മുറ്റത്ത് പാസ്റ്റർ തോമസ് സ്വയമായി മേഞ്ഞ ഒരു ഓലഷെഡ്ഡിലാണ് സഭാരാധന തുടങ്ങുന്നത്. അവിടെനിന്ന് പ്രവർത്തനം മുഖത്തല, കാരുവേലി, നല്ലില തുടങ്ങിയ സ്ഥലങ്ങളിലേക്കും വ്യാപിച്ചു. (അവിടെയൊക്കെ ഇന്ന് അസംബ്ലീസ് ഓഫ് ഗോഡിനു സഭകളുണ്ട്). തേവലക്കരയിൽ താൽക്കാലികമായി പണിതുയർത്തിയ സഭാഹാൾ തകർന്നു വീണപ്പോൾ പാസ്റ്റർ തോമസ് അതിനുള്ളിലുണ്ടായിരുന്നെങ്കിലും പരിക്കുകളൊന്നും കൂടാതെ ദൈവമദ്ദേഹത്തെ സൂക്ഷിച്ചു.

1940 കളുടെ ആരംഭത്തോടെ പാസ്റ്റർ എ. കെ. പാപ്പച്ചൻ (ഭാഗവതർ പാപ്പച്ചൻ) കൊല്ലം ജില്ലയിലെ എ.ജി. പ്രവർത്തനങ്ങളിൽ ശോഭിച്ചുതുടങ്ങി. കരുനാഗപ്പള്ളിയിലെ കൊല്ലകയിലാണ് അദ്ദേഹം തന്റെ പ്രവർത്തനം തുടങ്ങുന്നത്. ഏഴു വർഷം അവിടെ അദ്ദേഹം സഭാശുശ്രൂഷകനായിരുന്നു. പിന്നീട് കുമ്പനാട്ടേയ്ക്ക് വന്നു. നേരത്തെ തന്നെ എ.ജി. യിൽ അറിയപ്പെടുന്ന പ്രവർത്തകനായിരുന്ന പാസ്റ്റർ കെ.ഒ. മത്തായി അന്ന് കടമ്പനാട്ടായിരുന്നു താമസം. അദ്ദേഹത്തോടൊപ്പം പാസ്റ്റർ പാപ്പച്ചനും പ്രവർത്തിച്ചുതുടങ്ങി. ഈ സമയത്ത് അസംബ്ലീസ് ഓഫ് ഗോഡ് മിഷനറിയായിരുന്ന റവ. സോർബോ പാപ്പച്ചനെ ഡിസ്ട്രിക്ട് ഇവാഞ്ചലിസ്റ്റായി നിയമിച്ചു.

കൊല്ലം ജില്ലയിലെ പല സ്ഥലങ്ങളിലും നേരത്തെതന്നെ അറിയപ്പെട്ടിരുന്ന ഒരു സംഗീതജ്ഞനും നാടകക്കാരനുമായിരുന്നു പാസ്റ്റർ പാപ്പച്ചൻ. ഇതു മുഖാന്തരം അദ്ദേഹം നടത്തിയ പരസ്യയോഗങ്ങളിലും മറ്റും വളരെപ്പേർ തടിച്ചുകൂടിയിരുന്നു. അസംബ്ലീസ് ഓഫ് ഗോഡിനു പുറത്തുള്ളവരും അദ്ദേഹത്തെ വിളിച്ച് യോഗങ്ങളിൽ പ്രസംഗിപ്പിച്ചിരുന്നു.

### കൊല്ലം ജില്ലയിലെ സി.പി.എം. പ്രവർത്തനങ്ങൾ

1928-മുതൽ സിലോൺ പെന്തെക്കോസ്ത് മിഷന്റെ പ്രവർത്തനം കൊല്ലം ജില്ലയിൽ ശക്തമായിരുന്നു. എന്നാൽ ജില്ലയുടെ കിഴക്കൻ ഭാഗങ്ങളിലേക്ക് പ്രവർത്തനം വ്യാപിക്കുന്നത് 1935 മുതലാണ്.

1933-ൽ പാസ്റ്റർ പോളും പാസ്റ്റർ ആൽവിനും മറ്റും പങ്കെടുത്ത ഒരു കൺവൻഷൻ കൊല്ലത്ത് നടന്നു. അന്ന് കൊട്ടാരക്കര, ഉമ്മന്നൂർ, വേങ്ങൂർ, കൊട്ടറ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും ആത്മീ

യതാൽപര്യമുള്ള പലരും ഈ യോഗങ്ങളിൽ വന്നു സംബന്ധിച്ചു. ഇവരിൽ പലരും പിന്നീട് സിലോൺ പെന്തെക്കോസ്ത് മിഷനിലെ പ്രവർത്തകരായി. വേങ്ങൂർ ഡാനിയേൽ (പാസ്റ്റർ എം. ഡാനിയേൽ), തെങ്ങും വിളയിൽ ഡാനിയേൽ (പാസ്റ്റർ വൈ. ഡാനിയേൽ), ചെമ്പറ്റ ഈപ്പച്ചൻ, കൊട്ടാരക്കര സന്യാസിയപ്പൻ (ജോൺ) തുടങ്ങിയവർ അക്കൂട്ടത്തിൽപ്പെടും.

1933-ൽ കൊട്ടാരക്കര പുലമൺ ജംഗ്ഷനടുത്ത് ഫീലിപ്പോസ് വക്കീലിന്റെ വീട് വാടകയ്ക്കെടുത്ത് സിലോൺ പെന്തെക്കോസ്ത് മിഷൻ പ്രവർത്തനം ആരംഭിച്ചു. പാസ്റ്റർ കൊച്ചുകുഞ്ഞും കുടുംബവും, മദർ ജി. റാഹേലമ്മയും മറ്റുമായിരുന്നു ശുശ്രൂഷകർ. താമസിയാതെ പാസ്റ്റർ എം. ഡാനിയേൽ സകലവും ഉപേക്ഷിച്ച് കൊട്ടാരക്കരയിൽ ശുശ്രൂഷകനായെത്തി. കൊട്ടറ, വാപ്പാല, വേങ്ങൂർ, ഉമ്മന്നൂർ എന്നിവിടങ്ങളിലും സി.പി.എം. പ്രവർത്തനങ്ങൾ ശക്തമായി.

1940കൾക്കു മുമ്പുതന്നെ കൊല്ലം ജില്ലയുടെ കിഴക്കൻ ഭാഗങ്ങളിലെല്ലാം മിഷൻ പ്രവർത്തനങ്ങൾ ശക്തിയാർജ്ജിച്ചു. 1936-ൽ തുമ്പമണ്ണും 37-ൽ കടമ്പനാട്ടും വേലയാരംഭിച്ചു. 1940-ൽ കൊട്ടാരക്കര തൃക്കണ്ണമംഗൽ ഭാഗത്തേക്ക് വിശ്വാസ വീടുമാറ്റി. 44-ൽ പുലമൺ ജംഗ്ഷനു തെക്ക് ഇപ്പോഴത്തെ ഫെയ്ത്ത് ഹോമിനടുത്ത് സെന്റർ വിശ്വാസവീട് ആരംഭിച്ചു, അഞ്ചൽ, മണ്ണൂർ, ചണ്ണപ്പേട്ട, കുളത്തുപ്പുഴ, ഒഴുക്കുപാറ, ആനപ്പുഴയ്ക്കൽ എന്നിവിടങ്ങളിലും പ്രവർത്തനം വ്യാപിച്ചു.

**കൊല്ലം പട്ടണത്തിലെ പ്രവർത്തനങ്ങൾ**

കൊല്ലം പട്ടണത്തിൽ ആദ്യം പെന്തെക്കോസ്ത് പ്രവർത്തനം ആരംഭിക്കുന്നത് സിലോൺ പെന്തെക്കോസ്ത് മിഷനാണ്. 1929-ൽ ആദ്യത്തെ ഫെയ്ത്ത് ഹോം സ്ഥാപിതമായി. ആശ്രമത്തിനടുത്ത് ഓലയിൽ കടവുഭാഗത്തായിരുന്നു ആദ്യ വിശ്വാസവീട്. മയ്യനാട്ടും അന്ന് ശക്തമായ പ്രവർത്തനങ്ങൾ നടന്നിരുന്നു.

1935 ഓടെ 'കാൽവറി ഇവാഞ്ചലിസ്റ്റിക് മിഷന്റെ' പ്രവർത്തകയായ നീലണ്ട് (Kneelund) മദാമ്മ കൊല്ലത്തെത്തി. എസ്. എൻ കോളേജിനടുത്ത് അവർ പെൺകുട്ടികൾക്കായി ഒരു അനാഥശാല ആരംഭിച്ചു. ഇതേ കാലയളവിൽ അഷ്ടമുടിയിൽ 'കേരളാ പെന്തെക്കോസ്ത് മിഷൻ' എന്ന പേരിൽ അവർ ഒരു സഭാപ്രവർത്തനവും നടത്തിയിരുന്നു. എം. കെ. ഉമ്മൻ (അഷ്ടമുടി കൊച്ചുമ്മച്ചൻ) ആയിരുന്നു ആ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തത്.

1937-ൽ നീലണ്ട് മദാമ്മ കൊല്ലത്ത് ഒരു സഭാരാധന തുടങ്ങി പാസ്റ്റർ ഉമ്മൻ തന്നെയായിരുന്നു അവിടെയും ശുശ്രൂഷകൻ. 1945 വരെ ഈ പ്രവർത്തനം തുടർന്നു. പിന്നീട് മദാമ്മ അനാഥശാല തമിഴ്നാട്ടിലെ കുന്നൂരിലേക്കു മാറ്റി. അതോടെ കൊല്ലത്തെ സഭാരാധന അവസാനിച്ചു. പാസ്റ്റർ ഉമ്മൻ തിരികെ അഷ്ടമുടിയിലേക്കു പോയി, അവിടുത്തെ സഭയുടെ പ്രവർത്തനത്തിൽ മുഴുകി. കുറെനാളുകൾക്കുശേഷം സഭയൊന്നാകെ സിലോൺ പെന്തെക്കോസ്ത് മിഷനിൽ ചേർന്നു. (കേരള പെന്തെക്കോസ്ത് മിഷന്റെ ഒരു ശാഖ ഇപ്പോഴും കൊട്ടാരക്കരയിലെ നെടുവത്തൂരിൽ പ്രവർത്തിക്കുന്നുണ്ട്.)

ഇതേ സമയത്ത് ഓലയിൽ ഭാഗത്ത് ബ്രദറൺ, ഇവാഞ്ചലിക്കൽ, പെന്തെക്കോസ്ത് എന്നീ സഭകളിലെ ആളുകൾ ഒരുമിച്ച് ബ്രിട്ടീഷ് ഓയിൽ കമ്പനിയിൽ ജോലിയുണ്ടായിരുന്ന ജോർജ്ജിന്റെ ഭവനത്തിൽ ഒരു സംയുക്ത ആരാധന നട

ത്തിയിരുന്നു. എന്നാൽ ജോർജ്ജിനു കമ്പനി ക്വാർട്ടേഴ്സ് കിട്ടിയപ്പോൾ അദ്ദേഹം ആ കൂട്ടായ്മ ബ്രദറൺ ആരാധനയാക്കി മാറ്റി.


കൊല്ലം പട്ടണത്തിൽ എ.ജി. പ്രവർത്തനങ്ങൾ ശക്തി പ്രാപിക്കുന്നത് 1950 കൾക്കുശേഷമാണ്. ബെഥേൽ ബൈബിൾ സ്കൂളിൽ പഠിച്ചിറങ്ങിയ കൊട്ടാരക്കര സ്വദേശി പാസ്റ്റർ എം.കെ. സാമുവൽ ആശ്രമത്തിനടുത്ത് ഒരു വീട് വാടകയ്ക്കെടുത്ത് അസംബ്ലീസ് ഓഫ് ഗോഡ് ആരാധന തുടങ്ങി. യംഗ് ഇന്ത്യാ ഇൻഷുറൻസ് കമ്പനിയിൽ പ്രവർത്തിച്ചിരുന്ന പി.റ്റി. മാത്യു, തുമ്പമൺ സ്വദേശി കെ.ഒ. സാമുവൽ, ഇപ്പോൾ ബഹറിൻ ഐ.പി.സി. സഭാശുശ്രൂഷകനായ പാസ്റ്റർ റ്റി.റ്റി. ജോസഫ്, തിരുവല്ല സ്വദേശിയായ മാത്തുക്കുട്ടി എന്നിവർ ഈ ആരാധനയിൽ പങ്കെടുത്തിരുന്നവരാണ്. ആശുപത്രി ജീവനക്കാരായ ഒ. മേരിക്കുട്ടി, സാറാകുട്ടി തുടങ്ങിയവരും അന്ന് രക്ഷിക്കപ്പെട്ടുവന്നു. ഒ. ഡാനിയേലും കുടുംബവും കൊല്ലത്തേക്ക് ട്രാൻസ്ഫറായി വന്നതും പ്രവർത്തനത്തെ ഏറെ സഹായിച്ചു.

പാസ്റ്റർ പി.ഡി. തോമസ് കൊല്ലത്ത് ശുശ്രൂഷകനായെത്തിയതൊടെ സി.എസ്.ഐ. സഭയിൽപെട്ട ധാരാളമാളുകൾ കൂട്ടമായി പെന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ച് എ.ജി. അംഗങ്ങളായി. ഇദ്ദേഹത്തിന്റെ കാലത്താണ് സഭാഹാൾ കൊല്ലം റെയിൽവേ സ്റ്റേഷനു സമീപത്തേക്കു മാറ്റുന്നത്. പിന്നീട് കൊല്ലം എ.ജി. യിലെ തന്നെ ആളുകൾ സൗകര്യപ്രദമായി പോളയത്തോട്ട് അസംബ്ലീസ് ഓഫ് ഗോഡിന്റെ ആരാധന ആരംഭിച്ചു.

**തിരുവനന്തപുരം**

1930 മുതൽ 50 വരെയുള്ള കാലഘട്ടത്തിൽ തിരുവനന്തപുരം ജില്ലയിലെ പെന്തെക്കോസ്തു പ്രവർത്തനങ്ങളിൽ

***എ.കെ. പാപ്പച്ചൻ***



*കറ്റാനത്ത് അമ്പിയിൽ കൊച്ചുകുഞ്ഞിന്റെ മകനായി 1915-ൽ ജനിച്ച എ.കെ. പാപ്പച്ചൻ, ചെറുപ്പത്തിൽ തന്നെ നാടകത്തിലും സംഗീതത്തിലും അഭിരുചിയുള്ളവനായി വളർന്നു. അക്കാലത്തെ പ്രശസ്തമായ അനന്തവിലാസം നാടകക്കമ്പിനിയിൽ പ്രൊഫഷണൽ നടനായിരുന്നു. ഇതേസമയം മൈദിയിൽ കരമേൽ ശങ്കുണ്ണി പണിക്കർ ഭാഗവതരുടെ കീഴിൽ പാപ്പച്ചൻ സംഗീതമഭ്യസിച്ചു. തുടർന്ന് സംഗീതാദ്ധ്യാപകനായി. പുനലൂരിൽ ഒരു ബ്രദറൺ കുടുംബത്തിൽ സംഗീതം അഭ്യസിക്കുമ്പോൾ അവരുടെ സ്വാധീനത്താൽ സുവിശേഷത്തോടു താല്പര്യമുള്ളവനായിത്തീർന്നു. 1936-ൽ കുന്നിക്കോട് കാളച്ചന്തയിൽ നടന്ന ഒരു പരസ്യ യോഗത്തിൽവച്ച് രക്ഷിക്കപ്പെട്ടു. തുടർന്ന് കുമ്പനാട്ടച്ചന്റെ കൈക്കീഴിൽ സ്നാനമേറ്റു. അതേവർഷം മാവേലിക്കര ബഥേൽ ബൈബിൾ സ്കൂൾ വിദ്യാർത്ഥിയായി. കൊല്ലകയിലായിരുന്നു ആദ്യപ്രവർത്തനം. പിന്നീട് കടമ്പനാട്ടേയ്ക്കുവന്നു. അവിടെ താമസിച്ച് വിവിധ സ്ഥലങ്ങളിൽ പ്രവർത്തിക്കുമ്പോൾ റവ. സോർബോ പാപ്പച്ചനെ ഡിസ്ട്രിക്ട് ഇവാഞ്ചലിസ്റ്റായി നിയമിച്ചു. അറിയപ്പെടുന്ന ഒരു കൺവൻഷൻ പ്രസംഗകനും സംഗീതജ്ഞനുമാണ് പാപ്പച്ചൻ. കർത്തൃസന്നധിയിൽ ചേർക്കപ്പെട്ടു.*

***പാസ്റ്റർ കെ.ജെ. ജോൺ***



*ചെങ്ങന്നൂർ താലൂക്കിൽപെട്ട ചെറിയനാട് ഒരു സി.എം.എസ്. ഭവനത്തിൽ 1916-ൽ ജനിച്ച ജോൺ 1935-ൽ അസംബ്ലീസ് ഓഫ് ഗോഡിലെ പാസ്റ്റർ കെ.എസ്. ഡേവിഡിന്റെ പ്രസംഗം കേട്ടാണ് രക്ഷിക്കപ്പെടുന്നത്. ആ വർഷം തന്നെ പാസ്റ്റർ എ.ജെ. ജോണിന്റെ കൈക്കീഴിൽ സ്നാനമേറ്റു. 1943-ൽ കണ്ണാട്ടുമോടി, സഭയുടെ ശുശ്രൂഷക നായി. എന്നാലദ്ദേഹം ബൈബിൾ സ്കൂളിൽ പഠിക്കുന്നത് 1947-ലാണ്. കണ്ണാട്ട്മോടി, കൊല്ലക്കടവ്, വള്ളം കുളം, കോഴിമല, പുലിയൂർ എന്നീ സ്ഥലങ്ങളിലൊക്കെ ശുശ്രൂഷകനാ യിരുന്നിട്ടുണ്ട്. മദ്ധ്യസെക്ഷൻ പ്രസ്ബിറ്ററി സെക്രട്ടറിയായും ചെങ്ങന്നൂർ സെക്ഷൻ പ്രസ്ബിറ്ററി യായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.*

മുന്നിട്ടുനിന്നത് അസംബ്ലീസ് ഓഫ് ഗോഡ് ആയിരുന്നു. മദ്ധ്യതിരുവിതാംകൂറിൽ പ്രാഗൽഭ്യം തെളിയിച്ച പാസ്റ്റർ എ.സി. സാമുവൽ തിരുനന്തപുരത്ത് താമസിച്ചു പ്രവർത്തനമാരംഭിച്ചതോടെയാണ് പ്രവർത്തനങ്ങൾ ശക്തമാകുന്നത്. ചെക്കോസ്ലോവോക്യൻ മിഷനറിയായി രുന്ന മിസ് മാർത്താ കുസേറയുടെ സാന്നി ദ്ധ്യവും ഈ വിജയത്തിനു പിന്നിലുണ്ട്.

1932-ലാണ് പാസ്റ്റർ സാമുവൽ തിരു വനന്തപുരത്ത് താമസത്തിനായെത്തു ന്നത്. എവിടെ വേല ചെയ്യണമെന്നോ, ഏതു പ്രകാരം വേല ആരംഭിക്കണ മെന്നോ അദ്ദേഹത്തിനു വലിയ നിശ്ചയ മുണ്ടായിരുന്നില്ല. കുന്നുകുഴി ഭാഗത്ത് ഒരു വാടകവീട്ടിലാണ് അന്നദ്ദേഹം താമ സിച്ചിരുന്നത്. ഒരു സൈക്കിളിൽ പട്ടണ മെല്ലാം ചുറ്റിസഞ്ചരിച്ച് അദ്ദേഹം പരസ്യ യോഗങ്ങളും ഭവനസന്ദർശനവും നടത്തി.

ഒരു ദിവസം പാസ്റ്റർ സാമുവൽ മുണ്ടക്കോണം പുത്തൻവിളാകത്ത് അയ്യൻ എന്നയാളിന്റെ ഭവനത്തിലെത്തി. അയ്യന്റെ മകൻ കുഞ്ഞുരാമൻ എന്ന 24കാരൻ യുവാവ് അതിഭയങ്കരമായ ഉദ രരോഗം ബാധിച്ച് അനേക വൈദ്യൻമാ രുടെ ചികിത്സയാലും സൗഖ്യമാകാതെ കഷ്ടപ്പെട്ട് നിരാശയിൽ കഴിയുകയായി രുന്നു. തക്കം കിട്ടിയാൽ ആത്മഹത്യ ചെയ്യുന്നതിനു രഹസ്യമായി അയാൾ ഒരു കക്ഷണം കയർ തന്റെ അരയിൽ വസ്ത്രത്തിനുള്ളിലായി ചുറ്റിക്കെട്ടിയിരു ന്നു. എന്നാൽ സ്നേഹിതരായ യുവാക്കൾ വിടാതെ അയാളെ പരിചരിച്ചിരുന്നു കൊണ്ട് ആത്മഹത്യയ്ക്കുള്ള അവസരം ലഭിച്ചില്ല.

കുഞ്ഞിരാമന്റെ അരക്ഷിതാവസ്ഥ യിൽ പാസ്റ്റർ സാമുവലിന്റെ ഹൃദയം കരു ണാർദ്രമായി. യേശുവിന്റെ രക്ഷണ്യശക്തി യെക്കുറിച്ചും ദൈവിക രോഗശാന്തിയെ ക്കുറിച്ചും അദ്ദേഹം കുഞ്ഞുരാമനോടു സംസാരിച്ചു. യേശു സുഖമാക്കും എന്നു പറഞ്ഞ് ആശ്വസിപ്പിച്ചിട്ട് പാസ്റ്റർ സാമു വൽ കുന്നുകുഴിയിലെ തന്റെ വാടകവീ ട്ടിലേക്ക് മടങ്ങിപ്പോയി. അന്നു രാത്രി അദ്ദേഹം കുഞ്ഞുരാമനുവേണ്ടി കണ്ണീരൊ ഴുക്കി പ്രാർത്ഥിച്ചു.

രാത്രി ഉദ്ദേശം രണ്ടുമണിയായപ്പോൾ കുഞ്ഞിരാമന്റെ മുറിയിൽ കിടക്കയ്ക്കു

## പാസ്റ്റർ പി.റ്റി. മാത്യു (പൊടിമല മത്തായിച്ചൻ)



*__പൊടിമല__ മത്തായിച്ചൻ എന്നറിയപ്പെട്ടിരുന്ന പാസ്റ്റർ പി.റ്റി. മാത്യു കേരള പെന്തെക്കോസ്തു ചരിത്രത്തിന്റെ ഗതി തിരിച്ച ചുരുക്കം ചില വ്യക്തികളി ലൊരാളാണ്. പ്രസിദ്ധ പൂവത്തൂർ ഉണർവ്വിന് എ.ആർ.റ്റി. അതിശയത്തെ തമിഴുനാട്ടിൽ നിന്നു ക്ഷണിച്ചു വരുത്തിയത് പൊടിമല മത്തായിച്ചന്റെ നേതൃ ത്വത്തിലുള്ള പൂവത്തൂർ സ്വതന്ത്ര വിയോജിത സഭയാണ്.*

*1883-ൽ ജനിച്ച പി.റ്റി. മാത്യുവിന്റെ മാതാപിതാക്കൾ യൂയോമയ വിശ്വാ സികളായിരുന്നു. 1903-ൽ മത്തായിച്ചൻ രക്ഷിക്കപ്പെടുകയും 1916-ൽ സൈമൺ സാറിന്റെ കൈക്കീഴിൽ സ്നാനമേൽക്കുകയും ചെയ്തു, 1926 മുതൽ പൂവത്തൂരിലെ സ്വതന്ത്രവിയോജിത സംഘത്തിനു നേതൃത്വം കൊടു ത്തു. 1929-ൽ നടന്ന പൂവത്തൂർ ഉണർവ്വിൽ ആത്മസ്നാനം പ്രാപിച്ച് മുഴുസ മയ സുവിശേഷക പ്രവർത്തകനായി. കോട്ടയം ജില്ലയിലെയും വടക്കൻ തിരുവിതാംകൂറിലെയും ആരംഭകാല പ്രവർത്തകനാണ്. 1959 മാർച്ചിൽ 76 -ാം വയസ്സിൽ കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. പാസ്റ്റർ പി.എം. ഫിലിപ്പ്, പരേതനായ പാസ്റ്റർ പി.എം. തോമസ് എന്നിവർ മക്കളാണ്.*

മുകളിലായി ഒരു വലിയ പ്രകാശം ചുറ്റി മിന്നി. അയാൾ ഞെട്ടിയുണർന്നു. എന്താണ് സംഭവിക്കുന്നതെന്നറിയാതെ ചാടിയെണീറ്റു. ഒന്നര വർഷമായി കാലു കൾ നിലത്തു മുട്ടിക്കുവാൻ കഴിയാതെ അയാൾ വിഷമിക്കുകയായിരുന്നു. എന്നാ ലിപ്പോൾ ഒരു അത്യന്തശക്തി ആ യുവാ വിന്റെ ശരീരത്തിലേക്ക് പാഞ്ഞുചെന്നിട്ട് അയാൾ കാലുകൾ നിലത്തൂന്നി എഴുന്നേ റ്റുനിന്നു. പിന്നെ കുലുങ്ങുവാനും, നൃത്തം വയ്ക്കുവാനും ഉറക്കെ ചിരിക്കു വാനും തുടങ്ങി.

ശബ്ദകോലാഹലം കേട്ട് വീട്ടിലുള്ള വരും അയൽക്കാരും ഓടിവന്നു. അപ്പോഴും കുഞ്ഞുരാമൻ നിർത്താതെ നൃത്തം ചെയ്തുകൊണ്ടിരുന്നു. എല്ലാ വരും ഒരേ ശബ്ദത്തിൽ ചോദിച്ചു. “കുഞ്ഞുരാമാ, നിനക്കെന്തുപറ്റി?”

“എനിക്കൊന്നും പറ്റിയില്ല. എനിക്കി പ്പോൾ നല്ല സുഖമുണ്ട്” എന്നായിരുന്നു അയാളുടെ മറുപടി.

അതേസമയം അകലെ ഭവനത്തിൽ വിശ്രമിക്കുകയായിരുന്ന പാസ്റ്റർ സാമുവ ലിനു കുഞ്ഞുരാമന്റെ രോഗസൗഖ്യത്തെ



***മിസ് മാർത്താ കുസേറ***
*തിരുവനന്തപുരം എ.ജി. പ്രവർത്തനങ്ങ ളിൽ ഏറെ അദ്ധ്വാനിച്ച മിഷനറി വനിത*

പ്പറ്റി ദർശനമുണ്ടായി. വെളുപ്പിനെ 5 മണിക്ക് അദ്ദേഹം കുഞ്ഞുരാമന്റെ ഭവനത്തിൽചെന്നു. ഒരു വലിയ ജനക്കൂട്ടം അപ്പോഴവിടെയുണ്ടായിരുന്നു. പാസ്റ്റർ സാമുവൽ അവരോട് സുവിശേഷം പ്രസംഗിച്ചു. സൗഖ്യം പ്രാപിച്ച കുഞ്ഞുരാമൻ രക്ഷിക്കപ്പെട്ടു. (പാസ്റ്റർ സാമുവലിന്റെ പ്രവർത്തനഫലമായി ആദ്യം പെന്തെക്കോസ്ത് വിശ്വാസത്തിലേക്കു വരുന്നതു കുഞ്ഞുരാമനാണ്. എം. പൗലോസ് എന്ന പേരു സ്വീകരിച്ച രാമൻ, പിന്നീട് ഒരു പെന്തെക്കോസ്ത് ശുശ്രൂഷകനായി തീർന്നു).

നാലാംഞ്ചിറ ഭാഗത്ത് ചിലർ പാസ്റ്റർ സാമുവലിന്റെ പ്രാർത്ഥനയാൽ രോഗസൗഖ്യം പ്രാപിച്ചതോടെ പലരും പെന്തെക്കോസ്ത് വിശ്വാസത്തിലേക്ക് ആകർഷിക്കപ്പെട്ടു. പാസ്റ്റർ പ്രത്യേകമായി പ്രാർത്ഥിക്കാതിരുന്നാൽപ്പോലും അദ്ദേഹത്തെ കണ്ടാലുടനെ ഭൂതബാധിതർ വിടുതൽ പ്രാപിക്കുകയും രോഗികൾ സൗഖ്യമാകുകയും ചെയ്തിരുന്നു.

മിസ്സ് കുസ്സേറയുമായി പാസ്റ്റർ സാമുവൽ സഹകരിച്ചു തുടങ്ങിയത് ഇക്കാലത്താണ്. താളിക്കാട്ട് യോബ് എന്നയാളുടെ ഭവനത്തിൽ ഒരു ഒറ്റക്കാളവണ്ടിയിൽ മിസ്സ് കുസ്സേറ പ്രസംഗിക്കാനെത്തിയത് ദേശത്ത് ഏറെ കൗതുകമുണർത്തി. താളിക്കാട്ടു കുടുംബാംഗമായ വി. ജേക്കബ് എന്ന യുവാവ് പാസ്റ്റർ സാമുവലിന്റെ ശുശ്രൂഷയാൽ ക്രിസ്തുവിങ്കലേക്ക് നയിക്കപ്പെട്ടു. അന്നു മുതൽ ജേക്കബ് സാമുവലിന്റെ വലംകൈയ്യായി പ്രവർത്തനത്തിൽ സഹകരിച്ചു.

മെഡിക്കൽ കോളേജിനടുത്ത് ആനയറയിൽ പെന്തെക്കോസ്തു പ്രവർത്തനം ആരംഭിക്കുന്നത് അവിടുത്തുകാരായ മൂന്നു കുഷ്ഠരോഗികൾ സൗഖ്യം പ്രാപിക്കുന്നതോടെയാണ്. ആദ്യം അവിടെനിന്ന് രക്ഷിക്കപ്പെട്ടവർ നാലാഞ്ചിറ സഭയിലായിരുന്നു ആരാധനയ്ക്ക് വന്നിരുന്നത്. 1937 മുതൽ ആനയറയിൽ സഭാരാധന തുടങ്ങി. നാലാഞ്ചിറയിലെ പ്രവർത്തനത്താൽ രക്ഷാനുഭവത്തിലേക്കുവന്ന കാലേബ് എന്ന സുവിശേഷകനായിരുന്നു ആനയറയിലെ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയത്.

തിരുവനന്തപുരം പട്ടണത്തിന്റെ തെക്കുഭാഗത്ത് മുട്ടത്തറ എന്ന സ്ഥലത്ത് ഇതേ കാലയളവിൽ സഭാപ്രവർത്തനം ആരംഭിച്ചു. വിവാഹം കഴിഞ്ഞ് 18 വർഷം കുഞ്ഞുങ്ങളില്ലാതിരുന്ന ഒരു കുടുംബം ക്രിസ്തുവിങ്കലേക്കു വന്നു. ഒരു ശിശുവിനെ നൽകി ദൈവം ആ ദമ്പതികളെ അനുഗ്രഹിച്ചു. അനേകർ വിശ്വാസത്തിലേക്കു കടന്നുവരുവാൻ ഈ സംഭവം മുഖാന്തരമായി. സുവി. വി. പൗലോസ് ആയിരുന്നു ഇവിടുത്തെ പ്രവർത്തനങ്ങൾ നയിച്ചത്.

ശ്രീകാര്യം ജംഗ്ഷനു തെക്ക് ചെറുവയ്ക്കൽ എന്ന സ്ഥലത്തും സഭാപ്രവർത്തനം വ്യാപിച്ചു. വേളിയിൽ സുവിശേഷകൻ എം. പൗലോസ് ആരംഭിച്ച പ്രവർത്തനവും അഭിവൃദ്ധിപ്പെട്ടു.

നെയ്യാറ്റിൻകര താലൂക്കിൽ വിളപ്പിൽ


ഭാഗത്ത് എൽ.എം.എസ്. സഭാ വിഭാഗത്തിൽ നിന്നും പെന്തെക്കോസ്തനുഭവത്തിലേക്കു വന്ന ചില കുടുംബങ്ങൾ ഒരു സ്വതന്ത്രക്കൂട്ടായ്മയായി കൂടിപ്പോന്നു. ഈ സംഘത്തെപ്പറ്റി കേട്ടറിഞ്ഞ പാസ്റ്റർ സാമുവൽ അവരെ കൂടെക്കൂടെ സന്ദർശിക്കുകയും ക്രമേണ അവർ എ.ജി. യോട് ചേരുകയും ചെയ്തു. പാസ്റ്റർ യേശുദാസൻ റഗുലസ്, മോസസ് റഗുലസ്, വർഗീസ് റഗുലസ് എന്നീ കർത്തൃദാസന്മാർ പിൽക്കാലത്ത് ഈ സഭയുടെ സജീവപ്രവർത്തകരായിത്തീർന്നു.

നെടുമങ്ങാട് താലൂക്കിലെ ചുള്ളിമാനൂർ (മൊട്ടക്കാവ്), തോളിക്കോട്, തേവൻപാറ തുടങ്ങിയ സ്ഥലങ്ങളിലും ഈ കാലയളവിൽ പെന്തെക്കോസ്തു പ്രവർത്തനം ആരംഭിച്ചു. വിളപ്പിൽ സ്വദേശികളായ പാസ്റ്റർ ഡി. ഈനോസ്, ഡി. ഇസ്രയേൽ എന്നിവരുടെ പ്രവർത്തനഫലമായി നെടുംകുഴി (മുളയറ) അരുവിക്കര എന്നിവിടങ്ങളിലും സഭാപ്രവർത്തനം ആരംഭിച്ചു.

1927-ൽ പാസ്റ്റർ സി. മനശ്ശെയുടെ ജ്യേഷ്ഠസഹോദരൻ ദാവീദും കുടുംബവും പെന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ചതോടെ കൊണ്ണിയൂരിൽ ഒരു കൂടിവരവ് ആരംഭിച്ചിരുന്നു. ഈ സഭയും അസംബ്ലീസ് ഓഫ് ഗോഡ് കൂട്ടായ്മ സ്വീകരിച്ചു. 1940-ൽ കൊണ്ണിയൂരിനു കിഴക്ക് പച്ചക്കാട് എന്ന സ്ഥലത്ത് തിരുവല്ല സ്വദേശിയായ പാസ്റ്റർ എം.ഐ. ഡേവിഡ് പെന്തെക്കോസ്തു പ്രവർത്തനം ആരംഭിച്ചു. ഉറിയാക്കോട്, കടുക്കാമൂട്, നെടുംകുഴി, പേയാട്, തിരുമല എന്നീ സഭകളും ഈ കാലയളവിൽ സ്ഥാപിക്കപ്പെട്ടതാണ്.

### സി.പി.എം. തിരുവനന്തപുരം ജില്ലയിൽ

1933 വരെ സിലോൺ പെന്തെക്കോസ്തു മിഷൻ തെന്നിന്ത്യാ സഭയുമായി



***പാസ്റ്റർ ടി.എസ്. മർക്കോസ്***
*തിരുവനന്തപുരം പട്ടണത്തിലെ ആദ്യകാല പെന്തെക്കോസ്തു പ്രവർത്തകൻ*

സജീവബന്ധം പുലർത്തിയിരുന്നതിനാൽ തിരുവനന്തപുരത്ത് സി.പി.എം.ന് വേറിട്ടൊരു പ്രവർത്തനമില്ലായിരുന്നു. കൊച്ചുകുഞ്ഞു സന്യാസിയുമായിട്ടായിരുന്നു പാസ്റ്റർ പോളിന്റെ സഹകരണം. എന്നാൽ 1933-ൽ തെന്നിന്ത്യാ സഭയുമായി വേർപെട്ടതിനുശേഷം പാളയം സിറ്റി പ്രസ്സിന്റെ എതിർവശത്ത് ഒരു ഇരുനിലക്കെട്ടിടം വാടകയ്ക്കെടുത്ത് സിലോൺ പെന്തെക്കോസ്ത് മിഷൻ അതിന്റെ പ്രവർത്തനങ്ങളാരംഭിച്ചു. പാസ്റ്റർ ജി.തോമസ്, പാസ്റ്റർ അലക്സാണ്ടർ, പാസ്റ്റർ ടൈറ്റസ് എന്നിവർ അവിടെ താമസിച്ചു പ്രവർത്തിച്ചു.

ചില മാസങ്ങൾക്കുശേഷം പ്രവർത്തനം തമലത്തേക്കു മാറ്റി. പാസ്റ്റർ പോളിന്റെ ചുമതലയിൽ അവിടൊരു കൺവൻഷൻ നടത്താൻ പരിശ്രമിച്ചുവെങ്കിലും തക്കസമയത്ത് പന്തലിടുവാൻ അക്രൈസ്തവർ അനുവദിച്ചില്ല. ഒടുവിൽ എൽ.എം.എസ്. കാരുടെ ഒരു ഹാളിലാണ് യോഗം നടന്നത്. ശത്രുക്കൾ അവിടേയും കല്ലേറു നടത്തി. കൺവൻഷനു പങ്കെടുത്ത ജനങ്ങൾക്ക് ഭക്ഷണം കൊടുക്കുവാൻ തയ്യാറാക്കിയ പന്തലിന്റെ തൂണുകൾ പിഴുതു മാറ്റുവാൻ അവർ പരിശ്രമിച്ചു. എന്നാൽ

കാര്യമായ ദോഷമൊന്നും ചെയ്യാനവർക്കു സാധിച്ചില്ല. താമസിയാതെ തമലത്തെ വീടുവിട്ട് കിള്ളിപ്പാലത്തിനടുത്തുള്ള ഒരു കെട്ടിടത്തിനു മുകളിലേക്ക് വിശ്വാസ ഭവനം മാറ്റി.

എതിർപ്പുകൾ കൂടിവന്നു. ദിവസങ്ങൾക്കുള്ളിൽ ഫെയിത്ത് ഹോം കരമനയിലേക്കു മാറ്റി. അവിടേയും അവർക്കു പിടിച്ചുനിൽക്കാനായില്ല. ഒടുവിൽ വിശ്വാസമന്ദിരം നെയ്യാറ്റിൻകരയ്ക്കടുത്തുള്ള തൊഴുക്കലിലേക്ക് മാറ്റുകയായിരുന്നു.

1939-ൽ തിരുവനന്തപുരം പറമ്പുംകോണത്ത് ഒരു വിശ്വാസഭവനം വാടകയ്ക്കെടുത്ത് വീണ്ടും സി.പി.എം. പ്രവർത്തനങ്ങൾ ആരംഭിച്ചു. 1941-ലും 42ലും പാസ്റ്റർ പോൾ തിരുവനന്തപുരത്തും വന്ന് കൺവൻഷൻ നടത്തി. ജില്ലയുടെ വിവിധ ഭാഗങ്ങളിലേക്ക് വേല വ്യാപിച്ചു.

കാട്ടാക്കടയ്ക്കടുത്ത് പേഴുംമൂട്ടിൽ പാസ്റ്റർ പോൾ ചില സുവിശേഷയോഗങ്ങൾ നടത്തി. അതിന്റെ ഫലമായി അവിടെ സിലോൺ പെന്തെക്കോസ്ത് മിഷന്റെ ഒരു പ്രവർത്തനം ആരംഭിച്ചു.

ഒരിക്കൽ പാസ്റ്റർ പോളും സഹപ്രവർത്തകരും വെങ്കടമ്പിൽ ചെന്ന് ഒരു കൺവൻഷൻ നടത്തി. സമുദായസ്ഥരായ ചിലർ സത്യത്തിലേക്കാകർഷിക്കപ്പെട്ടു. നാട്ടുകാരിൽ നിന്ന് വലിയ എതിർപ്പുകളുണ്ടായെങ്കിലും അവിടെ ഒരു സഭ സ്ഥാപിക്കപ്പെട്ടു. മറ്റൊരു പൊതുയോഗത്തിൽ അതേ സ്ഥലത്തുവച്ചു തന്നെ ശക്തിയേറിയ കല്ലേറുമുണ്ടായിട്ടുണ്ട്. ചാണി, മണിവിള, വെങ്കഞ്ഞി, നെയ്യാറ്റിൻകര എന്നിവിടങ്ങളിലേക്കും പ്രവർത്തനം വ്യാപിച്ചു. ഈ സ്ഥലങ്ങളിലെ വിശ്വാസികൾ വെങ്കടമ്പിലാണ് സഭാരാധന കൂടിയിരുന്നത്.

ഒരിക്കൽ വെങ്കഞ്ഞിയിൽ പുന്നമുട്ടുക്കട എന്ന സ്ഥലത്ത് നടന്ന ഒരു പരസ്യയോഗത്തിൽ യോഗം അലങ്കോലപ്പെടുത്തുവാനായി പ്രതിയോഗികൾ ഒരു ചേരപ്പാമ്പിനെ അടിച്ചുകൊന്ന് പരസ്യയോഗത്തിനെത്തിയ വിശ്വാസികളുടെ കഴുത്തിൽ നിർബന്ധമായി മഫ്ളർപോലെ ചുറ്റി. ഈ പ്രയാസങ്ങളുടെ മദ്ധ്യത്തിലും അവർ പതറാതെ നിന്നു. ദൈവവേല അവിടേയും ശക്തിപ്പെട്ടു. കുട്ടമത്ത് നടന്ന ഒരു യോഗത്തിൽ വച്ച് ഒരു സുവിശേഷകയുടെ തലയിൽ പ്രതിയോഗികൾ അക്കാനിക്കലംകൊണ്ട് അടിച്ചുമുറിവേൽപ്പിച്ചു. അവിടെയും ദൈവവേല പരാജയപ്പെട്ടില്ല.

പുന്നമൂട് ഒരു സ്വതന്ത്രപ്രവർത്തകനായിരുന്ന മാനുവൽ പ്രസംഗി ഇക്കാലത്ത് പാസ്റ്റർ പോളിനെ വിളിച്ച് തന്റെ കൂട്ടായ്മയിൽ പ്രസംഗിപ്പിച്ചു. പുന്നമൂട് ദൈവസഭ എന്ന പേരിലാണ് ഈ സഭ അറിയപ്പെട്ടിരുന്നത്. രോഗശാന്തി വരപ്രാപ്തനായിരുന്നു മാനുവൽ. രാജകുടുംബാംഗങ്ങളിൽത്തന്നെ ചിലർ മാനുവൽ പ്രസംഗിയുടെ പ്രാർത്ഥനയാൽ സൗഖ്യം പ്രാപിച്ചതിനാൽ ഏറെ ബഹുമാന്യനായ ഒരു വ്യക്തിയായിരുന്നു അദ്ദേഹം. പിന്നീട് ഈ സഭാകൂട്ടായ്മയിലെ നല്ലൊരു പങ്ക് ആളുകളും സിലോൺ പെന്തെക്കോസ്ത് മിഷനോടു യോജിച്ചു.

**ഐ.പി.സി. പ്രവർത്തനങ്ങൾ**

1930-കളിൽ ആറാമട ദൈവസഭയുമായി ബന്ധപ്പെട്ട് പാസ്റ്റർ ടി.എസ്. മർക്കോസ് തിരുവനന്തപുരം പട്ടണത്തിലെ പ്രവർത്തനം പ്രഗൽഭമായ നിലയിൽ മുന്നോട്ടുകൊണ്ടുപോയി. 1938-ൽ സ്വീഡൻ സഭയുടെ സഹായത്തോടെ പട്ടണത്തിന്റെ ഹൃദയഭാഗത്ത് ഐ.പി.സി.ക്ക് മനോഹരമായ ഒരു ആരാധനാലയം പണിയിക്കുവാനും കഴിഞ്ഞു. എന്നാൽ പെട്ടെന്നാണ് 'വിഘടനത്തിന്റെ ആത്മാവ്' സഭയെ ഗ്രസിച്ചത്.

1935 വരെയും തിരുവനന്തപുരം സഭ


യിലെ വിശ്വാസികൾ മിക്കവാറുമെല്ലാവരും ആ നാട്ടുകാരായിരുന്നു. പിന്നീട് നഗരത്തിൽ ജോലിക്കാരായെത്തിയ ചില മദ്ധ്യതിരുവിതാംകൂറുകാരും സഭയിൽ അംഗങ്ങളായി. ചേന്നങ്കേരി സ്വദേശി അന്തോണിച്ചൻ, പാസ്റ്റർ കെ.ഇ. ഏബ്രഹാമിന്റെ സഹോദരൻ ഈപ്പൻ വർഗീസ് എന്നിവരായിരുന്നു തുടക്കക്കാർ. പിന്നീട് പല മദ്ധ്യതിരുവിതാംകൂറുകാരും സാഭാംഗങ്ങളായി. അതോടെ തെക്കരും വടക്കരും എന്ന വേർതിരിവു സഭയിൽ പ്രത്യക്ഷമായി.

നേതാക്കൾ ഒരേ വേദിയിൽ ഒന്നിച്ചിരുന്നുവെങ്കിലും വിഭാഗീയത മറക്കാൻ അവർക്കും കഴിഞ്ഞില്ല. വിശ്വാസികൾ ദൈവമക്കളെന്ന ഏകസമുദായഘടനയിൽ എത്തിച്ചേരാതെ വർഗ്ഗീയ മുൻവിധിയിൽ തങ്ങളെത്തന്നെ തളച്ചിട്ടു.

നഗരത്തിലെ സഭയുടെ ആധിപത്യം തെക്കരുടെ കൈവശമായിരിക്കണമെന്ന് ആറാമട പെന്തെക്കോസ്തു ദൈവസഭയും അനുബന്ധഘടകങ്ങളും വാദിച്ചു. ഭരണകേന്ദ്രമായ കുമ്പനാട്ടുനിന്നുള്ള നിർദ്ദേശങ്ങൾ അനുസരിക്കുകയാണു വേണ്ടതെന്നായിരുന്നു മദ്ധ്യതിരുവിതാംകൂറിൽ നിന്നു കുടിയേറിയവരുടെ പക്ഷം. എന്നാൽ, 1930-ൽ തങ്ങൾ തെന്നിന്ത്യാ ദൈവസഭയോടു യോജിച്ചപ്പോൾ അങ്ങനെ ഭരണകേന്ദ്രമൊന്നുമില്ലായിരുന്നുവെന്നും 'കേന്ദ്രം' മദ്ധ്യതിരുവിതാംകൂറുകാരന്റെ കൈവശമാണെന്നും മറുപക്ഷം വാദിച്ചു.

ഇടയന്മാരെ സ്വീകരിക്കുന്നതിലും ഈ വിഭാഗീയത ഇരുകൂട്ടരെയും സ്വാധീനിച്ചു. 1945-ൽ പാസ്റ്റർ മർക്കോസിനെ ആറാമടയിലേക്കു തിരിച്ചയയ്ക്കുകയും വടക്കുനിന്നുള്ള പാസ്റ്റർ ടി.കെ. കോശിയെ ഹെബ്രോനിലെ പാസ്റ്ററായി നിയമിക്കുകയും ചെയ്തു. എന്നാൽ ഏറെ നാളു

***മംഗലപുരം ജോസഫ് ഉപദേശി***



*തിരുവനന്തപുരത്തിനടുത്ത് മംഗലപുരത്ത് എൽ.എം.എസ്. സഭാഗമായിരുന്ന പീറ്ററിന്റെ മകനായി 1894-ൽ ജനിച്ചു. തെക്കൻ തിരുവിതാംകൂറിലെ നെയ്യൂർ എന്ന സ്ഥലത്ത് യാദൃശ്ചികമായി പാസ്റ്റർ പി.എം. സാമുവൽ നടത്തിയ ഒരു യോഗത്തിൽ ജോസഫ് പങ്കെടുത്തു. ഇത് അദ്ദേഹത്തെ മാനസാന്തരനുഭവത്തിലേക്ക് നയിച്ചു. 1930 ഡിസം. 30നു ആറാമട കൊച്ചുകുഞ്ഞു സന്യാസിയുടെ കീഴിൽ സ്നാനമേറ്റു. അന്ന് സഭായോഗം കൂടിയിരുന്നതു ആറാമടയിലാണ്. ആത്മനിവേശിതരായി ജോസഫും കുടുംബാംഗങ്ങളും പാടുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നത് "ആറാമടയിൽ നിന്നും ഭൂതം ബാധിച്ചതിനാലാണ്" എന്നതായിരുന്നു നാട്ടുകാരുടെ അഭിപ്രായം. ജോസഫ് ഉപദേശിയും കുടുംബവും വെമ്പായത്തിനടുത്ത് കരടിയോട് എന്ന സ്ഥലത്തേക്ക് കുടിയേറിയത് ആ പ്രദേശത്ത് പെന്തെക്കോസ്തു പ്രവർത്തനം വ്യാപിക്കുന്നതിനു കാരണമായി. ചില വർഷങ്ങൾക്കുശേഷം തിരികെ മംഗലപുരത്തെത്തി അവിടെയും പെന്തെക്കോസ്തു പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തു. ആറ്റിങ്ങലും പരിസരപ്രദേശങ്ങളിലും പ്രവർത്തിച്ചിട്ടുണ്ട്. 1974-ൽ നിത്യതയിൽ പ്രവേശിച്ചു.*

കൽ അദ്ദേഹത്തിനു അവിടെ തുടരാനായില്ല. പാസ്റ്റർ കോശിയുടെ നേതൃത്വത്തിൽ ഒരു സംഘമാളുകൾ ഹെബ്രോൻ വിട്ട് നന്തൻകോട്ട് സഭാരാധന ആരംഭിച്ചു. (പിന്നീട് കോശി ഐ.പി.സി. വിട്ടുപോയി).

കുമ്പനാടും ആറാമടയും തമ്മിലുള്ള ബന്ധം ഉലഞ്ഞുകൊണ്ടേയിരുന്നു. ആത്മീയ ഐക്യവും കൂട്ടായ്മയും നഷ്ടമായി. ഇരുകൂട്ടരുടെയും നേതാക്കൾ കത്തുകളിലൂടെ അവകാശവാദം ഉന്നയിച്ചും കുറ്റാരോപണങ്ങൾ നടത്തിയും തമ്മിൽ പൊരുതി. മുഖാമുഖമുള്ള ഒരു ഏറ്റുമുട്ടലിനു മാത്രം ആരും മുതിർന്നില്ല, ഉപദേശപരമായ ചില കാര്യങ്ങൾ (രാത്രിയിലെ തിരുവത്താഴവും മറ്റും) കാണിച്ചായിരുന്നു ഇരുകൂട്ടരും അന്യോന്യം പരിഹാസ ശരങ്ങളുതിർത്തതെങ്കിലും പട്ടണത്തിലെ ഹെബ്രോൻ ഹാളിന്റെ അവകാശാധികാരമായിരുന്നു യഥാർത്ഥ പ്രശ്നം.

1950കളുടെ ആരംഭത്തിലെ പാസ്റ്റർ കെ.വി. കുര്യന്റെ അനുരഞ്ജനശ്രമഫലമായി തെക്കരും വടക്കരും തമ്മിൽ താൽക്കാലിക യോജിപ്പുണ്ടായി. എന്നാലിതും ഏറെക്കാലം നീണ്ടുനിന്നില്ല. കുമ്പനാട്ടു നിന്നും അയയ്ക്കപ്പെട്ട പാസ്റ്റർ ടി.സി. ജോഷ്വ സഭാശുശ്രൂഷ അവസാനിപ്പിച്ച് സ്വദേശമായ കൊടയ്ക്കലിലേക്കു മടങ്ങിപ്പോയി. അതോടെ സഭ വീണ്ടും രണ്ടായി.

ഹെബ്രോൻ ഹാളിന്റെ പൂർണ്ണാധികാരം ആറാമട ദൈവസഭയുടെ കൈകളിൽ വന്നുവീണു. പാസ്റ്റർ മർക്കോസ് വീണ്ടും തിരുവനന്തപുരം ഹെബ്രോനിൽ ശുശ്രൂഷകനായിത്തീർന്നു. ഇതിനിടെ ആറാമട കൊച്ചുകുഞ്ഞു സന്യാസി ക്ഷീണിതനും രോഗിയുമായിത്തീർന്നപ്പോൾ അദ്ദേഹം ക്രയവിക്രയാധികാരത്തോടെ ഹെബ്രോൻ ഹാൾ പാസ്റ്റർ മർക്കോസിനു എഴുതിക്കൊടുത്തു. ഏറെനാളുകൾ ഹെബ്രോൻ സഭ ശക്തമായി മുന്നോട്ടുപോയില്ല. വിശ്വാസികൾ പലരും മറ്റു സഭാവിഭാഗങ്ങളിലേക്കോ, സ്വതന്ത്രസംഘങ്ങളിലേക്കോ ചേക്കേറി.

**വെമ്പായം**

ഇതേ കാലയളവിൽ ആറാമട സഭയുടെ താൽപര്യത്തിൽ തിരുവനന്തപുരം ജില്ലയിലെ വെമ്പായം എന്ന സ്ഥലത്തും പെന്തെക്കോസ്ത് പ്രവർത്തനം വ്യാപകമായി. മംഗലപുരം സ്വദേശി ജോസഫ് ഉപദേശി കരടിയോട് എന്ന സ്ഥലത്ത് താമസിച്ചു പ്രവർത്തിച്ചത് ഈ പ്രവർത്തനങ്ങളുടെ വ്യാപ്തിക്കു സഹായകരമായി. ആറാമടയിലെ സഹോദരിമാരുടെ 'സുവിശേഷസംഘം' കുറെ നാളുകൾ ഈ സ്ഥലത്തു പ്രവർത്തിച്ചു.

വെമ്പായം ഭാഗങ്ങളിൽ നിന്നു പലരും പെന്തെക്കോസ്തു വിശ്വാസത്തിലേക്കു കടന്നുവന്നപ്പോൾ പ്രതികൂലവും വർദ്ധിച്ചു. എന്നാൽ പതറാതെ പ്രവർത്തനത്തിൽ മുന്നേറുവാൻ സഭയ്ക്കു കഴിഞ്ഞു. ഒരു സഭാവിശ്വാസി ദാനം ചെയ്ത 10 സെന്റ് സ്ഥലത്ത് താൽക്കാലിക ഷെഡ്ഡ് പണിത് അതിൽ ആരാധന തുടങ്ങി. ഈ വസ്തു ആറാമട ദൈവസഭയുടെ പേരിലായിരുന്നു പ്രമാണം ചെയ്തത്. കുമ്പനാട് സെന്ററും ആറാമടയും തമ്മിലുണ്ടായ വിഘടന സമയത്ത് ഈ വസ്തുവും അന്യാധീനപ്പെട്ടുപോയി. പിന്നീട് കെ. ഇ. എബ്രഹാം വിദേശ പര്യടനത്തിൽ നിന്നു ലഭിച്ച പണം നൽകി മറ്റൊരിടത്ത് വെമ്പായം സഭയ്ക്ക് സ്ഥലം വാങ്ങുകയായിരുന്നു.

**സേനയ്യൻ വാദ്ധ്യാരും മേല്പുറം സഭയും**

1923-ൽ പളുഗലിൽ മനാശ്ശെ ഉപദേശി സംഘടിപ്പിച്ച ഒരു യോഗത്തിൽ രക്ഷിക്ക

പ്പെട്ട സേനയ്യൻ വാദ്ധ്യാർ ആദ്യകാലത്ത് പളുഗൽ ഗബ്രിയേൽ ഉപദേശിയോടുകൂടെ സുവിശേഷപ്രവർത്തനം നടത്തിക്കൊണ്ടിരിക്കയായിരുന്നു. മേല്പുറത്ത് സേനയ്യർ എഴുതിക്കൊടുത്ത 60 സെന്റ് സ്ഥലത്തായിരുന്നു ദീർഘനാളുകൾ മനാശ്ശെ ഉപദേശി താമസിച്ചു പ്രവർത്തിച്ചത്. സേനയ്യന്റെ മാനേജ്മെന്റിൻ കീഴിലുണ്ടായിരുന്ന സ്കൂളിലാണ് അന്ന് സഭാരാധന നടന്നത്.

1938-ൽ സേനയ്യനും മനാശ്ശെയും തമ്മിൽ സഭാ ഉടമസ്ഥതയെപ്പറ്റി തർക്കമുണ്ടായതിനെത്തുടർന്ന് വാദ്ധ്യാർ തന്റെ കൂടിവരവിനെ ആറാമട കൊച്ചുകുഞ്ഞു സന്യാസിയുടെ പ്രവർത്തനത്തോടു യോജിപ്പിച്ചു. മേൽപ്പുറത്തെ ശുശ്രൂഷകനായി സന്യാസി തന്റെ സഹോദരിയുടെ മകനായ മാനുവലിനെ നിയമിച്ചു.

അദ്ധ്യാപകനായിരുന്ന സേനയ്യൻ സ്കൂൾ സമയം കഴിഞ്ഞ് സഭാശുശ്രൂഷകനോടൊപ്പം മേല്പുറത്തിനു ചുറ്റുവട്ടത്തുള്ള സ്ഥലങ്ങളൊക്കെ സന്ദർശിച്ച് യോഗം നടത്തുക പതിവായിരുന്നു. പിറ്റേ ദിവസം സ്കൂൾ സമയത്തേക്ക് മേല്പ്പുറത്ത് തിരികെ എത്തിയിരുന്നുള്ളൂ. സ്കൂളിലും കുട്ടികളെയെല്ലാം ഒന്നിച്ചുകൂട്ടി കൈകൂപ്പി നിർത്തി അദ്ദേഹം യേശുവിന്റെ നാമത്തിൽ ഈശ്വരപ്രാർത്ഥന നടത്തിയിരുന്നു. 70-ഓളം കുടുംബാംഗങ്ങൾ അന്ന് മേല്പുറം സഭയുടെ അംഗങ്ങളായിരുന്നു.

1930 മുതൽ 50 വരെയുള്ള കാലഘട്ടത്തിൽ, തിരുവനന്തപുരം ജില്ലയിൽ, അസംബ്ലീസ് ഓഫ് ഗോഡ്, സിലോൺ പെന്തെക്കോസ്തു മിഷൻ തുടങ്ങിയ സഭകൾ പ്രവർത്തനത്തിൽ വിജയം കണ്ടു. ഐ.പി.സി.യാകട്ടെ ഈ കാലയളവിൽ അത്രയൊന്നും നേട്ടങ്ങളുണ്ടാക്കിയില്ല. മറ്റു ജില്ലകളിലും കേരളത്തിനു പുറത്തും




***സേനയ്യൻ വാദ്ധ്യാർ***

സഭയ്ക്ക് ഉണ്ടാക്കിയെടുക്കുവാൻ കഴിഞ്ഞ പ്രവർത്തന വിജയം തിരുവനന്തപുരത്ത് മാത്രം നേടിയെടുക്കാൻ കഴിയാഞ്ഞത് എന്തുകൊണ്ടാണ്? നേരത്തെതന്നെ ജില്ലയിൽ സ്വാധീനമുണ്ടായിരുന്നത് അവർക്കാണെന്നുകൂടെയോർക്കണം!

ഐക്യമത്യത്തോടെ പ്രവർത്തിക്കുവാൻ കഴിഞ്ഞില്ല എന്നതു തന്നെ പ്രധാന കാര്യം. 1936 മുതൽ പട്ടണത്തിലേക്ക് മദ്ധ്യ തിരുവിതാംകൂറുകാരുടെ പ്രവാഹമുണ്ടായപ്പോൾ സഭയ്ക്കുള്ളിൽ വംശീയതയുടെയും ദേശീയതയുടെയും പേരിൽ ചേരിതിരവുകളുണ്ടായത് സുവിശേഷ പ്രവർത്തനത്തെ സാരമായി ബാധിച്ചു.

അണികളിൽ മാത്രമല്ല, ഈ ചേരിതിരിവ് ദൃശ്യമായത്. 1930-ൽ തെന്നിന്ത്യാ സഭയോടു ചേരുമ്പോൾ കൊച്ചുകുഞ്ഞു സന്യാസിയും കൂട്ടരും ഒരു സംഘടിത സമൂഹത്തോടുള്ള സഹകരണം മാത്രമേ പ്രതീക്ഷിച്ചിരുന്നുള്ളൂ. എന്നാൽ 1936-ൽ ഐ.പി.സി. രജിസ്റ്റർ ചെയ്തതോടെ സഭാ നേതൃത്വം സ്ഥലം സഭകളുടെ ഭരണപരമായ കാര്യങ്ങളിലും കൈകടത്തിത്തുടങ്ങിയത് സ്വാഭിമാനികളായ തെക്കൻ തിരുവിതാംകൂറിലെ പ്രവർത്തകർക്ക് അംഗീകരിക്കാനായില്ല. നേതൃത്വനിരയിൽ നിന്നവർ ഒളിഞ്ഞും തെളിഞ്ഞും ഇക്കാര്യത്തെക്കുറിച്ചു ആരോപണ പ്രത്യാരോപണങ്ങൾ

# പായും തലയിണയും കർത്താവിനു കൊടുത്ത ശമുവേൽ ബാലൻ



*കുമ്പനാട്ട് അടപ്പനാം കണ്ടത്തിൽ വീട്ടിൽ വൈകിട്ടത്തെ കുടുംബപ്രാർത്ഥനയിൽ മാതാവ് മകനു പറഞ്ഞുകൊടുത്ത വേദവാക്യം "കുറുനരികൾക്കു കുഴികളും ആകാശത്തിലെ പറവകൾക്ക് കൂടുകളുമുണ്ട്. മനുഷ്യപുത്രനോ തലചായ്ക്കാൻ ഇടമില്ല" എന്നതായിരുന്നു.*

*കർത്താവിനു തലചായ്ക്കാൻ ഇടം ലഭിച്ചില്ലല്ലോ എന്ന കാര്യ*

നടത്തി. സുവിശേഷരഹിതരായി നശിച്ചുപോകുന്ന ജനസമൂഹങ്ങളെ ക്രിസ്തുസഹിതരാക്കാൻ ചെലവഴിക്കേണ്ട സമയം പ്രസ്താവനകൾ മെനഞ്ഞെടുക്കാൻ വിനിയോഗിച്ചത് സുവിശേഷീകരണത്തെ സാരമായി ബാധിച്ചു.

ഉപദേശപരമായ കാര്യത്തിലും തെക്കൻ സഭകൾ തെന്നിന്ത്യാ സഭയോടു ചില കാര്യങ്ങളിൽ വിയോജിപ്പു പ്രകടിപ്പിച്ചിരുന്നു. തിരുവത്താഴം രാത്രിയിൽ തന്നെ നടത്തണം എന്ന വാശിയായിരുന്നു പല തെക്കൻ സഭകൾക്കുമുണ്ടായിരുന്നത്. അക്കാലത്ത് തെക്കുനിന്ന് വടക്കും, വടക്കുനിന്ന് തെക്കും ആളുകൾ ആത്മീയ ശുശ്രൂഷയിൽ അന്യോന്യം സഹകരിച്ചതിനാൽ ചെല്ലുന്ന സഭകളിലെ രീതിയുമായി രണ്ടു ദിക്കിലുമുള്ളവർ പൊരുത്തപ്പെട്ടു കൊള്ളണമെന്നായിരുന്നു നേതാക്കൾ പറഞ്ഞിരുന്നത്. എന്നാൽ പലപ്പോഴും ഈ 'പൊരുത്തപ്പെടൽ' കടലാസ്സിൽ മാത്രമായി. ആചാരങ്ങളുടെ പേരു പറഞ്ഞ് അന്യോന്യം പരിഹസിക്കാൻ ഇരുകൂട്ടർക്കും മടിയുണ്ടായിരുന്നില്ല. അന്യോന്യമകലാൻ ഇതും കാരണമായി.

**ഐ.പി.സി.ക്ക് വിദേശബന്ധങ്ങൾ**

കുക്ക് സായ്പുമായുള്ള വിയോജനത്തിനുശേഷം തീർത്തും സ്വദേശീയമായ പ്രവർത്തനമായിരുന്നു ഇന്ത്യാ പെന്തെ

*ത്തിൽ മനസ്ഥാപപ്പെട്ട് ആ ബാലൻ നിദ്രാവിഹീനനായി കിടന്നു. മാത്രമല്ല, പായിൽ നിന്നും ഉരുണ്ടുമാറി, ഒരു കോണിൽ പോയി കിടക്കുന്നതിനും അവൻ മടിച്ചില്ല. അല്പം കഴിഞ്ഞ് അമ്മ വന്നു നോക്കിയിട്ട് കാരണം തിരക്കിയപ്പോൾ "ആരും യേശു കർത്താവിനു ഇടം കൊടുത്തില്ലല്ലോ. എന്റെ പായും തലയിണയും കർത്താവ് എടുത്തുകൊള്ളട്ടെ. ഞാൻ തറയിൽ കിടന്നുകൊള്ളാം" എന്നു ആ ബാലൻ പറഞ്ഞു. കർത്താവ് പായിൽ അല്ല. നമ്മുടെ ഹൃദയത്തിൽ ആണ് വസിക്കുന്നത് എന്ന മാതാവ് മകനു പറഞ്ഞു കൊടുത്തു.*

*അസംബ്ലീസ് ഓഫ് ഗോഡിന്റെ പ്രഗൽഭ പ്രവർത്തകനായിരുന്ന പാസ്റ്റർ എ.സി. സാമുവലിന്റെ ആറാം വയസിൽ നടന്ന സംഭവമാണ് മുകൾ വിവരിച്ചത്. പാസ്റ്റർ സാമുവൽ, തന്നെയും തനിക്കുള്ളതിനെയും കർത്താവിനു കൊടുത്ത ത്യാഗിയായ ശുശ്രൂഷകനായിരുന്നു*

*1900 സെപ്റ്റംബർ 25 നു ജനിച്ച സാമുവൽ 14-ാം വയസ്സിൽ രക്ഷിക്കപ്പെട്ട് 21-ാം വയസ്സിൽ സ്നാനപ്പെട്ട് 25-ാം വയസ്സിൽ ആത്മസ്നാനം പ്രാപിച്ചു. മുളക്കുഴ ബൈബിൾ സ്കൂളിലെ ആദ്യകാല വിദ്യാർത്ഥികളിലൊരാളായിരുന്നു അദ്ദേഹം.*

*1932 ആഗസ്റ്റിലാണ് പാസ്റ്റർ സാമുവൽ സുവിശേഷ പ്രവർത്തനത്തിനായി തലസ്ഥാന നഗരിയിലെത്തുന്നത്. 1935-ൽ സിലോണിൽ വച്ച് സഭാധികാരികൾ അദ്ദേഹത്തിനു ഓർഡിനേഷൻ നൽകി. 1947-ൽ മലയാളം ഡിസ്ട്രിക്ടിന്റെ പ്രഥമ സൂപ്രണ്ടായി തെരഞ്ഞെടുക്കപ്പെട്ടു. 1954-ൽ ദൂതൻ മാസിക തുടങ്ങിയപ്പോൾ അതിന്റെ എഡിറ്ററും പബ്ലീഷറുമായിരുന്നു. 1957-ൽ എസ്. ഐ. എ. ജി. യുടെ പ്രഥമ നാഷണൽ സൂപ്രണ്ടായി തെരഞ്ഞെടുക്കപ്പെട്ടു. 1970 ഫെബ്രുവരി 7 നു അദ്ദേഹം കർത്തൃസന്നിധിയിൽ പ്രവേശിച്ചു.*

ക്കോസ്തു ദൈവസഭ നടത്തിയിരുന്നത്. എന്നാൽ സമർപ്പിതരായ പ്രവർത്തകരുടെ ആത്മാർത്ഥമായ പരിശ്രമത്താൽ വിദേശ ബന്ധം കൈമുതലായുള്ള സഭകളെക്കാൾ വിശാലമായി വളരുവാൻ ഐ.പി.സിക്ക് കഴിഞ്ഞു. അപ്പോഴും 'സ്ഥാവരജംഗമവസ്തുക്കളുടെ' അഭാവം ഐ.പി.സി.ക്ക് ബലഹീനത തന്നെയായിരുന്നു. പുതുതായി ഉടലെടുത്ത സഭകൾക്ക് സൗകര്യപ്രദമായ ആരാധനമന്ദിരങ്ങളോ, ശുശ്രൂഷകർക്ക് താമസിക്കാൻ പാഴ്സനേജുകളോ ഇല്ലായിരുന്നു. വെറും 'ആറുകാലിപ്പുര'കൾ പോലുള്ള ഷെഡ്ഡുകളാണ് പലയിടത്തും സഭാമന്ദിരങ്ങളായി ഉപയോഗിച്ചുപോന്നിരുന്നത്. ശുശ്രൂഷകർക്ക് പട്ടിണി ഒരു നിത്യാനുഭവമായിരുന്നു. സഭയുടെ ബൈബിൾ സ്കൂളും ഇതുപോലെയുള്ള അരക്ഷിതാവസ്ഥയിലൂടെ തന്നെ കടന്നുപോയി.

'വിദേശപ്പണം നൽകുന്ന സുരക്ഷിതത്വം വേണ്ട' എന്നു പറഞ്ഞാണ് ഐ.പി.സി. നേതാക്കൾ കുക്ക് സായ്പുമായുള്ള ബന്ധം ഉപേക്ഷിച്ചത്. 'അപ്പൊസ്തലിക കാലത്തെപ്പോലുള്ള വിശ്വാസ ജീവിതം' എന്ന പാസ്റ്റർ പോളിന്റെ ഉപദേശം ഐ.പി.സി.യിലെ മിക്ക സുവിശേഷകർക്കും ആവേശമായിരുന്നു. എന്നാൽ അരക്ഷിതവസ്ഥ ഏറിവന്നപ്പോൾ സാമ്പ

***പാസ്റ്റർ റ്റി.എ. സാമുവൽ***
***(ചെല്ലപ്പൻ പാസ്റ്റർ)***



*ആറാമട കൊച്ചുകുഞ്ഞു സന്യാസിയുടെ ജ്യേഷ്ഠന്റെ മകനായ സാമുവൽ ഇന്റർ മീഡിയറ്റ് വിദ്യാഭ്യാസാനന്തരം സുവിശേഷ പ്രവർത്തനങ്ങൾക്കായി ഇറങ്ങിത്തിരിച്ചു. പുറംലോകം പാസ്റ്റർ സാമുവലെന്നും നാട്ടു കാർക്കിടയിൽ ചെല്ലപ്പൻ പാസ്റ്ററെന്നും അറിയപ്പെട്ടിരുന്ന ഇദ്ദേഹം ദൈവവചനം ആധികാരികമായി കൈകാര്യം ചെയ്യുന്നതിൽ മികവു കാട്ടിയിരുന്നു. 1932–ൽ കുമ്പനാട് ഹെബ്രോൻ ബൈബിൾ സ്കൂളിൽ വേദപഠനം നടത്തുകയും പിറ്റേ വർഷം അതേ സ്ഥാപനത്തിൽ വേദാദ്ധ്യാപകനായി നിയമിക്കപ്പെടുകയും ചെയ്തു. കൂടാതെ വടവാതൂർ ശാലോം, തിരുവല്ല ശാരോൻ മുതലായ ബൈബിൾ സ്കൂളുകളിലും അദ്ധ്യാപകനായിരുന്നു. കന്യാകുമാരി ജില്ലയിലെ പുത്തളം കേന്ദ്രമാക്കി കുറെനാൾ പ്രവർത്തിച്ച ഇദ്ദേഹം നെയ്യൂർ, കലന്തമന, വ്യാക്കോപുറം, പണക്കുടി മുതലായ സ്ഥലങ്ങളിൽ തന്റെ പ്രവർത്തനം വ്യാപിപ്പിച്ചു. ഇക്കാലത്ത് തമിഴ്നാട്ടുകാരനായ പോൾ പേരിമ്പവുമൊത്ത് സിലോണിൽ സുവിശേഷപര്യടനം നടത്തുവാനും അവസരമുണ്ടായി.*

ത്തിക കാര്യങ്ങളിൽ സഹായിക്കുന്ന ഒരു വിദേശസംഘവുമായി ബന്ധപ്പെടുന്നതിൽ തെറ്റില്ല എന്ന ചിന്ത ഐ.പി.സി.യുടെ പല നേതാക്കൾക്കുമുണ്ടായി. അതേസമയം വിദേശമിഷനുകളോടും മിഷനറിമാരോടും വിരുദ്ധനിലപാടു പുലർത്തുന്ന ഒരു സ്വദേശീയസംഘമെന്ന നിലയിൽ അറിയപ്പെട്ടിരുന്ന ഐ.പി.സി. യോടു ബന്ധപ്പെടുവാൻ പാശ്ചാത്യമിഷൻ സംഘങ്ങൾക്കു താൽപര്യവുമില്ലായിരുന്നു.

എല്ലാം തിരിഞ്ഞുമറിഞ്ഞത് പെട്ടെന്നാണ്. 1936–ൽ ഐ.പി.സി.സ്വീഡനിലെ ഫിലദെൽഫിയ സഭയുമായി ബന്ധം സ്ഥാപിച്ചു. പാസ്റ്റർ കാൾസ്വാൻ എന്നൊരു സ്വീഡിഷ് മിഷനറിയാണ് ഇതിനു ഇടനിലക്കാരനായത്. അതിന്റെ പശ്ചാത്തലമിതാണ്. സ്വാൻ അലഹബാദിൽ മിഷനറിപ്രവർത്തനം നടത്തുമളവിൽ ഒരു രാത്രി ദർശനത്തിൽ 'എന്റെ ദാസൻ ചെറിയാൻ കഷ്ടമനുഭവിക്കുന്നു. നീ സഹായിക്ക' എന്നൊരു ശബ്ദം ശ്രവിച്ചു. താടിക്കാരനായ ഒരു മനുഷ്യന്റെ രൂപം മനസ്സിൽ തെളിയുകയും ചെയ്തു.

സ്വാൻസായ്പ് അമ്പരന്നുപോയി. ആരാണ് ഈ ചെറിയാൻ? സ്വീഡനിൽ ചെറിയാൻ എന്നുപേരുള്ള ആരെയും പരിചയമില്ല. ദർശനത്തിൽ കണ്ട രൂപമുള്ള ആരെയും ഇവിടെ വന്നു പരിചയപ്പെട്ടിട്ടുമില്ല.

അന്ന് ഉപ്പോട്ടു മാസ്റ്റർ അലഹബാദ് കോളേജിൽ പ്രൊഫസറായിരുന്നു. സ്വാൻ സായ്പിനു അദ്ദേഹത്തെ പരിചയമായിരുന്നു. ഉപ്പോട്ടു മാസ്റ്ററോട് സ്വാൻ ഈ ദർശനവിവരം അറിയിച്ചു. അദ്ദേഹം അന്ന് മംഗലാപുരത്തു താമസിക്കുന്ന പാസ്റ്റർ ചെറിയാന്റെ അഡ്രസ്സ് സായ്പിനു കൊടുത്തു. ഉടനെതന്നെ അദ്ദേഹം ചെറിയാനു കുറെ പണം ടെലഗ്രാം മണിയോർഡറായി അയച്ചുകൊടുത്തു; കൂടെ ഒരു

സന്ദേശവും: 'ഞാൻ താങ്കളെ സന്ദർശിക്കുവാൻ ആഗ്രഹിക്കുന്നു.'

മണിയോർഡർ കിട്ടുമ്പോൾ ചെറിയാച്ചനും കുടുംബവും മംഗലാപുരത്തു ഫെയ്ത്ത് ഹോമിൽ വിശന്നു തളർന്നു കിടക്കുകയായിരുന്നു. ദൈവം അത്ഭുതങ്ങളുടെ ദൈവം തന്നെ.!

ചില ദിവസങ്ങൾക്കുള്ളിൽ പാസ്റ്റർ സ്വാൻ ഉപ്പോട്ടു മാസ്റ്ററെയും കൂട്ടി മംഗലാപുരത്തെത്തി. മംഗലാപുരത്തും കോഴിക്കോട്ടും ചെറിയാച്ചൻ സംഘടിപ്പിച്ച ചില യോഗങ്ങളിൽ സ്വാൻ സായ്പ് പ്രസംഗിച്ചു. 1935-ൽ കുമ്പനാട്ടു നടന്ന ഐ.പി.സി. ജനറൽ കൺവൻഷനിലും പാസ്റ്റർ സ്വാൻ പ്രസംഗകനായിരുന്നു.

സ്വീഡിഷ് സഭകൾ അവരുടെ പ്രവർത്തനഫലമായി മൂന്നാം ലോകത്ത് ഉടലെടുത്ത സഭകളിൻമേൽ അമേരിക്കൻ സംഘങ്ങളെപ്പോലെ മേധാവിത്വം വച്ചു പുലർത്താൻ ആഗ്രഹിച്ചിരുന്നില്ല. സ്ഥലം സഭകളുടെ സ്വാതന്ത്ര്യത്തിൽ വിശ്വസിച്ചിരുന്ന സ്വീഡിഷ് സഭകളുടെ അവികസിത രാജ്യങ്ങളിലെ സഹോദരസംഘങ്ങൾ സ്വതന്ത്രമായിത്തന്നെ നിലകൊണ്ടു. ഉപാധികൾ കൂടാതെ ഐ.പി.സി.യെ സഹായിക്കാൻ തയ്യാറാണെന്നു സ്വാൻ സായ്പ് പെന്തെക്കോസ്തു നേതാക്കളെ അറിയിച്ചു.

സ്വീഡനിലെ ഫിലദെൽഫിയ സഭയുടെ ക്ഷണമനുസരിച്ച് പാസ്റ്റർ കെ.ഇ. എബ്രഹാമും, കെ. സി. ചെറിയാനും 1936ലെ സ്റ്റോക്ക് ഹോം പെന്തെക്കോസ്തു കൺവൻഷനിൽ പങ്കെടുത്തു. തെന്നിന്ത്യായിലെ വിജയകരമായ പ്രവർത്തനങ്ങളെക്കുറിച്ചറിഞ്ഞ് ഫിലദെൽഫിയ സഭയുടെ നേതാവായിരുന്ന പാസ്റ്റർ ലെവി പത്രോസ് ഐ.പി.സി.ക്ക് വേണ്ട ധനസഹായം ചെയ്യുന്നതിനു തയ്യാറായി. സഹായത്തിന്റെ പേരിൽ ഇന്ത്യൻ സഭകളുടെ മേൽ ഏതെങ്കിലും നിലയിലുള്ള മേധാവിത്വത്തിനു മുതിരുകയില്ലെന്ന് ലെവി പത്രോസ് അറിയിച്ചു.


വിദേശ ബന്ധം ഐ.പി.സി.യുടെ സാമ്പത്തികനില പെട്ടെന്നുയർത്തി. നഗരങ്ങളിലും ഗ്രാമങ്ങളിലും അവർക്ക് ഹോളുകളും പാഴ്സനേജുകളുമുണ്ടായി. പറഞ്ഞതുപോലെതന്നെ, സ്വീഡിഷ് സഭ മേധാവിത്വം കാട്ടാനൊന്നും വന്നില്ല.

1947-ൽ രണ്ടാമതൊരിക്കൽ കൂടെ ഐ.പി.സി. നേതാക്കൾ സ്വീഡൻ സന്ദർശിച്ചു. ഇത്തവണ കെ.ഇ. എബ്രഹാമിനോടും കെ.സി. ചെറിയാനോടുമൊപ്പം പാസ്റ്റർ പി.എം. സാമുവലുമുണ്ടായിരുന്നു.

പര്യടനത്തിന്റെ ഒടുവിൽ അമേരിക്കയും സന്ദർശിക്കുകയെന്നതായിരുന്നു അവരുടെ പ്ലാൻ. എന്നാൽ ഇടയ്ക്ക് പാസ്റ്റർ കെ.ഇ. ഏബ്രഹാമിനു ആസ്മ രോഗം വർദ്ധിച്ചതിനാൽ പി.എം. സാമുവലിനോടൊപ്പം അദ്ദേഹം സ്വീഡനിൽ നിന്ന് ഇന്ത്യയിലേക്കു മടങ്ങിപ്പോന്നു. പാസ്റ്റർ ചെറിയാൻ ആ സമയം ഇംഗ്ലണ്ടിൽ ശുശ്രൂഷയിലായിരുന്നു. ചില മാസങ്ങൾ കഴിഞ്ഞ് കെ. ഇ. ഏബ്രഹാമും പി.എം. സാമുവലും ഇന്ത്യയിൽ നിന്ന് അമേരിക്കയിലെത്തി. ഇംഗ്ലണ്ടിലായിരുന്ന പാസ്റ്റർ ചെറിയാനും അമേരിക്കയിലെത്തി അവരോടു ചേർന്നു.

ഇന്ത്യൻ മിഷനറിമാരുടെ അമേരിക്കൻ സന്ദർശനത്തിൽ സ്വീഡിഷ് സഭകൾ അത്ര താൽപര്യം കാട്ടിയില്ല. അമേരിക്കയിലെ സ്കാൻഡിനേവ്യൻ സഭകൾ സാമ്പത്തികമായി പിന്നോക്കാവസ്ഥയിലാണെന്നും ഇന്ത്യൻ മിഷനറിമാരെ സാമ്പത്തികമായി സഹായിക്കാൻ അവർക്കു ബുദ്ധിമുട്ടുണ്ടാകുമെന്നുമായിരുന്നു അതിനവർ പറഞ്ഞ കാരണം. എന്നാൽ ഇന്ത്യൻ നേതാക്കളുടെ താൽപര്യത്തെ ഹനിക്കുവാൻ അവർക്കാഗ്രഹമുണ്ടായിരുന്നില്ല.

# ഇംഗ്ലീഷ് പഠിപ്പിച്ചത് സുവിശേഷകനാക്കാൻ



***പി.**എം. ഫിലിപ്പ്*
*വയസ്സ് 14.*

*ടൈഫോയിഡ് രോഗം ബാധിച്ച് ആകെ അവശനായി മരണത്തോടടുത്ത ഒരു നേരം. പൂർണ്ണസമയ സുവശേഷവേലയ്ക്കിറങ്ങുവാൻ ദൈവാത്മാവ് അദ്ദേഹത്തോടു സംസാരിച്ചു. ഫിലിപ്പ് ആദ്യമൊന്നു പതറി. തന്റെ പിതാവിനു ആറുമക്കളാണ്. അവരിൽ താൻ മാത്രമേ ഇംഗ്ലീഷ് സ്കൂളിൽ പഠിച്ചിട്ടുള്ളൂ. പിതാവ് തന്നെയൊരു ഉദ്യോഗസ്ഥനായി കാണാൻ ആഗ്രഹിക്കുന്നതുകൊണ്ടല്ലേ, സഹോദരങ്ങളെ മലയാളം സ്കൂളിൽ പഠിപ്പിച്ചപ്പോഴും തന്നെ ഇംഗ്ലീഷ് സ്കൂളിൽ ചേർത്തത്?*

*എങ്കിലും ദൈവശബ്ദത്തോട് മറുതലിക്കാൻ ഫിലിപ്പ് ആഗ്രഹിച്ചില്ല. അദ്ദേഹം പിതാവിനോടു പറഞ്ഞു. "ദൈവം എന്നെ സുവിശേഷവേലയ്ക്കായി വിളിച്ചു. ഞാൻ പോകുവാൻ തീരുമാനമെടുത്തു." പിതാവിന്റെ കണ്ണുകൾ നിറഞ്ഞു. ദുഃഖംകൊണ്ടല്ല. സന്തോഷംകൊണ്ട്!! അദ്ദേഹം പറഞ്ഞു: "മകനെ, ഞാൻ നിന്നെ മാത്രം ഇംഗ്ലീഷ് സ്കൂളിൽ വിട്ടു പഠിപ്പിച്ചത് നിന്നെ സുവിശേഷകനാക്കാൻ വേണ്ടിയാണ്. എനിക്ക് മലയാളവും അല്പം തമിഴും മാത്രമേ വശമുള്ളൂ. അതുകൊണ്ട് എനിക്ക് ഈ ഭാഷക്കാരുടെ അടുത്തു മാത്രമേ സുവിശേഷവുമായി പോകുവാൻ നിർവ്വാഹമുള്ളൂ. എന്നാൽ നീ എല്ലാ ജാതിക്കാരുടെയും ഭാഷക്കാരു*

അമേരിക്കയിലെത്തുന്ന ഇന്ത്യൻ മിഷനറിമാർക്കായി അവിടുത്തെ സ്കാൻഡിനേവ്യൻ സഭകൾ ചില യോഗങ്ങൾ ക്രമീകരിച്ചിരുന്നു. എന്നാൽ സ്വീഡിഷ് നേതാക്കൾ ഓർമ്മിപ്പിച്ചിരുന്നതുപോലെ സാമ്പത്തിക കാര്യത്തിൽ ഇന്ത്യൻ മിഷനറിമാരെ സഹായിക്കാൻ അവർക്കു കഴിവില്ലായിരുന്നു. വ്യവസ്ഥാപിത സഭകളുടെ യോഗങ്ങളിൽ പ്രസംഗിക്കുകയായിരുന്നു സാമ്പത്തിക നേട്ടമുണ്ടാക്കാൻ പറ്റുന്ന ഏകകാര്യം. അതിനാൽ പാസ്റ്റർ കെ.ഇ. ഏബ്രഹാം അന്ന് അമേരിക്കയിൽ പഠിച്ചുകൊണ്ടിരുന്ന പാസ്റ്റർ പി.ജെ. തോമസുമൊന്നിച്ച് യു.എസ്.എ.യിൽ തന്നെ താമസിച്ചുകൊണ്ട് മുഖ്യധാരാ സഭകളുടെ ചില യോഗങ്ങളിൽ പങ്കെടുക്കുകയും പാസ്റ്റർ ചെറിയാനും പി.എം. സാമുവലും കാനഡയിലേക്കു പോവുകയും ചെയ്തു.

*ടെയും മദ്ധ്യത്തിൽ സുവിശേഷം അറിയിക്കണം. നിന്നെ ഞാൻ കർത്താവിനു കൊടുത്തിരുന്നുവെങ്കിലും എന്റെ നിർബന്ധത്താൽ നീ സുവിശേഷകനാകാതെ ദൈവം നിന്നോടു സംസാരിക്കാൻ ഞാൻ കാത്തിരിക്കയായിരുന്നു."*

*ടൈഫോയിഡു ബാധിച്ച് മരിക്കാറായി കിടന്ന ഫിലിപ്പിനെ പിതാവും തങ്കയ്യാ അതിശയവും ചേർന്ന് എണ്ണപൂശി പ്രാർത്ഥിച്ചു. പിന്നീട് കിണറ്റുകരയിൽ കൊണ്ടുപോയി പച്ചവെള്ളത്തിൽ കുളിപ്പിച്ചു. രണ്ടു മണിക്കൂറിനകം കുട്ടി, കോട്ട്വന്ന് മരിച്ചുപോകുമെന്ന് കണ്ടുനിന്ന നാട്ടുകാർ വിധിയെഴുതി. എന്നാൽ പിറ്റേയാഴ്ച മുതൽ ഫിലിപ്പ് വിവിധ സ്ഥലങ്ങളിൽ കർത്താവിനെ ശുശ്രൂഷിച്ചു തുടങ്ങി.*

*പൊടിമല പി.റ്റി. മാത്യുവിന്റെ മകനായി 1915 ഒക്ടോബർ 26 നു ജനിച്ച പി.എം. ഫിലിപ്പ് 12-ാം വയസ്സിൽ രക്ഷിക്കപ്പെടുകയും 14-ാം വയസ്സിൽ സുവിശേഷവേലയ്ക്കായി പ്രതിഷ്ഠിക്കുകയും ചെയ്തു. എ.ആർ.റ്റി. അതിശയം ആണ് അദ്ദേഹത്തെ സ്നാനപ്പെടുത്തിയത്. മുളക്കുഴ സീയോൻകുന്നിലും, കുമ്പനാട്ടും അദ്ദേഹം വചനമഭ്യസിച്ചിട്ടുണ്ട്. 14 വയസ്സു മുതൽ അറിയപ്പെടുന്ന പ്രസംഗകനായി. ഇന്ത്യയുടെ വിവിധ സ്ഥലങ്ങളിൽ സുവിശേഷപ്രവർത്തനം നടത്തിയിട്ടുണ്ടെങ്കിലും കോട്ടയം ജില്ലയായിരുന്നു പ്രധാനമായും അദ്ദേഹത്തിന്റെ പ്രവർത്തനമേഖല. ഇന്ന് അദ്ദേഹം ഔദ്യോഗികസ്ഥാനങ്ങളൊന്നും വഹിക്കുന്നില്ലെങ്കിലും ഐ.പി.സി. ജനറൽ സെക്രട്ടറി, കേരള കൗൺസിൽ പ്രസിഡണ്ട് തുടങ്ങിയ ഔദ്യോഗിക പ്രവൃത്തികൾ കർത്തവ്യബോധത്തോടെ നിർവ്വഹിക്കുന്നതിൽ അദ്ദേഹം വിജയിച്ചിരുന്നു. വടവാതൂരിൽ അദ്ദേഹം ആരംഭിച്ച ശാലേം ബൈബിൾ സ്കൂളിൽ നിന്നും പഠിച്ചിറങ്ങിയ സുവിശേഷകർ ഇന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി കർത്തൃസേവയിലുണ്ട്.*

പാസ്റ്റർ ഏബ്രഹാമിന്റെ ശുശ്രൂഷയിൽ ആകൃഷ്ടരായ 'കോൺഗ്രിഗേഷനൽ ഹോളിനസ് ചർച്ച്' ഇന്ത്യയിലെ പ്രവർത്തനത്തെ സഹായിക്കാൻ തങ്ങൾ തയ്യാറാണെന്ന് അറിയിച്ചു. ആ സഭയുടെ പ്രതിനിധിയായി അവർ റവ. ടേർണർ എന്നയാളെ ഇന്ത്യയിലേക്ക് മിഷനറിയായി അയയ്ക്കുകയും ചെയ്തു.

സ്വീഡൻ ബന്ധത്താൽ ഐ.പി.സി. സ്ഥാപനപരമായ നിലയിൽ വളരെയേറെ വളർച്ച പ്രാപിച്ചു. ആദ്യ പര്യടനകാലത്തു തന്നെ 40 ഇടങ്ങളിൽ സഭയ്ക്ക് ആരാധനാലയങ്ങളോ സെമിത്തേരികളോ സ്വന്തമാക്കാൻ കഴിഞ്ഞു. രണ്ടാം പര്യടനം പ്രാദേശിക സഭകൾക്ക് അത്രത്തോളം പ്രയോജനകരമല്ലായിരുന്നുവെങ്കിൽത്തന്നെ കേന്ദ്രതലത്തിൽ സഭയെ അതു സമ്പന്നമാക്കി. കോൺഗ്രിഗേ



***കാൾസ്വാൻ*** *: ഐ.പി.സി.യെ സ്വീഡൻ സഭകളുമായി ബന്ധിപ്പിച്ച കണ്ണി*

ഷണൽ ഹോളിനസ്സ് ചർച്ചയുമായുള്ള ബന്ധം സഭയുടെ ബൈബിൾ സ്കൂളിനെ സമ്പുഷ്ടമാക്കി.

**ചർച്ച് ഓഫ് ഗോഡ് വിദേശത്തിന്റെ തണലിൽ**

1936-ൽ ചർച്ച് ഓഫ് ഗോഡുമായി ലയിച്ചതോടെ കുക്ക് സായ്പിന്റെ സഭകൾക്ക് അമേരിക്കയിൽ നിന്നും വിദേശ സഹായം ലഭിച്ചുതുടങ്ങി. പലയിടത്തും സഭാമന്ദിരങ്ങൾ പണിയുകയും സുവിശേഷകർക്ക് ക്രമമായി സഹായം ലഭിക്കുകയും ചെയ്തു.

തിരുവിതാംകൂറിലെ പ്രവർത്തനങ്ങളെ സഹായിക്കാൻ അമേരിക്കയിൽ നിന്നും ചർച്ച് ഓഫ് ഗോഡ് മിഷനറിയായ റവ. കെയ്സും കുടുംബവും 1938-ൽ കേരളത്തിലെത്തി. വടക്കൻ തിരുവിതാംകൂറിലായിരുന്നു അവർ താമസിച്ചു പ്രവർത്തിച്ചത്. അദ്ദേഹത്തിന്റെ ശ്രമഫലമായി അവിടെ നാല് പുതിയ സഭകൾ ഉടലെടുത്തു. എന്നാൽ ഏറെത്താമസിയാതെ റവ. കെയ്സ് അമേരിക്കയിലേക്ക് മടങ്ങിപ്പോയി.

തിരുവിതാംകൂർ പ്രവർത്തനങ്ങളെ സഹായിക്കാൻ ഒരു മിഷനറിയെകൂടെ അയയ്ക്കണമെന്ന് റവ. കുക്ക് അമേരിക്കയിലെ മിഷൻ ബോർഡിന്റെ പേർക്ക് എഴുതിയറിയിച്ചു. 1947-ൽ റവ. ഫ്രഞ്ചിനെയും റവ. പോൾ കുക്കിനെയും മിഷൻ ബോർഡ് തിരുവിതാംകൂറിലേക്ക് അയച്ചു.

**കുക്ക് സായ്പ് ഇന്ത്യ വിടേണ്ടിവരുന്നു**

റവ. ഫ്രഞ്ചിനെ ഇന്ത്യയിലെ ചർച്ച് ഓഫ് ഗോഡ് സമൂഹത്തിന്റെ സെക്രട്ടറിയും ഖജാൻജിയുമായി മിഷൻ ബോർഡ് നിയമിച്ചാക്കിയിരുന്നു. ഈ വിവരം പാസ്റ്റർ കുക്കിനെ മിഷൻ ബോർഡ് അറിയിച്ചിരുന്നില്ല.

കുക്ക് സായ്പിന്റെ സഭകൾ 1936-ൽ തന്നെ ചർച്ച് ഓഫ് ഗോഡുമായി യോജിച്ചിരുന്നുവെങ്കിലും ഇപ്പോഴും സഭയുടെ 'പരമാധികാരി' റവ. കുക്ക് തന്നെയായിരുന്നു. ഇത് അമേരിക്കയിലെ സഭാനേതൃത്വത്തെ വളരെയേറെ ചൊടിപ്പിച്ചു. കുക്ക് സായ്പിന്റെ സ്വാധീനത്തിൽ നിന്നും ഭാരതത്തിലെ സഭകളെ വിടുവിച്ച് അവയെ ചർച്ച് ഓഫ് ഗോഡ് സംഘടനയുടെ സ്വാധീനതയിലാക്കുകയെന്നതായിരുന്നു റവ. ഫ്രഞ്ചിന്റെ ദൗത്യം. ഇതിൽ അദ്ദേഹം ഏറെക്കുറെ വിജയിക്കുകയും ചെയ്തു.

പാസ്റ്റർ കുക്കും റവ. ഫ്രഞ്ചും തമ്മിലുള്ള വടംവലിയിൽ ദൈവസഭയിലെ സ്വദേശിയ പ്രവർത്തകരും പങ്കുചേർന്നു. ദൈവസഭയുടെ മിഷനറിയാനെത്തിയ മിസ് ഡോറ പി. മയേഴ്സ് എഴുതിയ 'ദൈവസഭാ ചരിത്രത്തിൽ' ഈ സംഭവത്തിന്റെ 'മിഷൻബോർഡ് കാഴ്ചപ്പാട്' വിവരിച്ചിട്ടുണ്ട്:

## കുർബ്ബാന കുപ്പായമിട്ടൊരു സ്നാനം




***മീ**നടം തെക്കേക്കര പത്രോച്ചന്റെ മകൻ റ്റി.പി. വർഗീസ് സ്നാനപ്പെടുമ്പോൾ വയസ്സ് പത്ത്. അതുമാത്രമല്ല, ആ സ്നാനം കൗതുകകരമാക്കിയത്. അന്ന് യാക്കോബായ പള്ളിയിലെ സഹായശുശ്രൂഷകനായിരുന്ന ആ ബാലൻ കുർബ്ബാന കുപ്പായമിട്ടാണ് സ്നാനപ്പെടാനെത്തിയത്. തലപ്പാടിയിലെ പെന്തെക്കോസ്തുകാർക്കിടയിൽ ആദ്യം നടന്ന ആ സ്നാനശുശ്രൂഷയിൽ പന്ത്രണ്ട് പേർ വെള്ളത്തിലിറങ്ങിയെങ്കിലും റ്റി.പി. വർഗീസ് എന്ന ബാലനായിരുന്നു ഏറെ ശ്രദ്ധിക്കപ്പെട്ടത്.*

*"ഇതു ശിശുസ്നാനമാണ്" എന്നു പറഞ്ഞ് കാഴ്ചക്കാരിൽ ചിലർ ആക്ഷേപമുതിർത്തു. സ്നാപകനായ കെ.ഇ. ഏബ്രഹാം വിട്ടുകൊടുക്കാൻ തയ്യാറായില്ല. "സ്നാനം ശിശുസ്നാനമല്ല. പ്രസ്തുത, വിശ്വാസസ്നാനമാണ്. ഈ ബാലൻ വിശ്വസിക്കുന്നു. ഞങ്ങൾ അവനെ സ്നാനപ്പെടുത്തുന്നു" എന്നു പറഞ്ഞ് അദ്ദേഹം വിമർശകരുടെ നാവടച്ചു. 1934 ഒക്ടോബർ 31 നായിരുന്നു ഈ സംഭവം.*

*1923 ഒക്ടോബർ 8നു ജനിച്ച റ്റി.പി. വർഗീസ് സ്നാനത്തിനു ശേഷം സുവിശേഷവേലയ്ക്കായി സമർപ്പിച്ചു. ബൈബിൾ സ്ക്കൂൾ പഠനത്തിനുശേഷം തീരെ ചെറുപ്പത്തിൽ തന്നെ തൃശ്ശൂർ മുതലായ സ്ഥലങ്ങളിൽ സഞ്ചരിച്ച് സുവിശേഷ പ്രവർത്തനം നടത്തി. തലപ്പാടി, അരീപ്പറമ്പ്, മുണ്ടക്കയം, തിരുവല്ല, വാകത്താനം, ചിങ്ങവനം, പാമ്പാടി, ഞാലിയാക്കുഴി, കഞ്ഞിക്കുഴി, ഇല്ലിക്കൽ, കോട്ടയം തുടങ്ങിയ സ്ഥലങ്ങളിലൊക്കെ താമസിച്ചുപ്രവർത്തിച്ചിട്ടുണ്ട്. കർത്തൃസന്നിധിയിൽ വിശ്രമിക്കുന്നു.*

"റവ. ഫ്രെഞ്ചിനെ സെക്രട്ടറി ഖജാൻജിയായിട്ടാണ് മിഷൻബോർഡ് അയച്ചിരിക്കുന്നതെന്ന് റവ. കുക്കിനു മനസിലായപ്പോൾ റവ. ഫ്രെഞ്ചിനോടുള്ള കുക്കിന്റെ മനഃസ്ഥിതി മാറിത്തുടങ്ങി. അതുകൊണ്ട് ആ കുടുംബത്തെ കൊടൈക്കനാലിൽ താമസിപ്പിച്ചശേഷം റവ. കുക്കും പോൾ കുക്കും കൂടെ തിരുവിതാംകൂറിൽ വന്നു. റവ. ഫ്രെഞ്ചിനും അമേരിക്കയിലെ മിഷൻ ബോർഡിനും എതിരായി. റവ. കുക്ക് ഇന്ത്യാ ദൈവസഭയുടെ ഫീൽഡ് സെക്രട്ടറിയായ പാസ്റ്റർ ടി.എം. വർഗീസ്

### *പാസ്റ്റർ സി.ജി. വർഗീസ്*



*1883 ജൂലൈ 28 നു ഇലന്തൂർ കുറുന്തോട്ടിക്കൽ കുടുംബത്തിൽ ജനിച്ച സി.ജി. വർഗീസ് മാർത്തോമ്മാ സഭയിലെ ഒരു സുവിശേഷകനായി തമിഴ്നാട്ടിലും മറ്റു പല സ്ഥലങ്ങളിലും പ്രവർത്തിച്ചിരുന്നു. തീത്തുസ് രണ്ടാമൻ മാർത്തോമ്മാ മെത്രാപ്പോലീത്താ, അദ്ദേഹത്തിനു സഭയുടെ സുവിശേഷ ലൈസൻസ് നൽകി. ഈ കാലയളവിൽ ഇലന്തൂരിൽ വന്ന് സുവിശേഷയോഗങ്ങൾ നടത്തിയ ബ്രദറൺ സുവിശേഷകനായ ജ്ഞാനപ്രകാശത്തോട് വിശ്വാസസ്നാനം സംബന്ധിച്ച് തർക്കിക്കുന്നതിനു ഇലന്തൂരിലെ മാർത്തോമാക്കാർ സി.ജി. വർഗീസിനെ ക്ഷണിച്ചു. തന്റെ വാക്ചാതുര്യം കൊണ്ട് വർഗീസ് ഉപദേശി ജ്ഞാന പ്രകാശത്തെ വാദിച്ചു തോൽപിച്ചു. എന്നാൽ ദൈവവചനപ്രകാരം വിശ്വാസസ്നാനമാണ് ശരിയെന്ന് അദ്ദേഹത്തിന്റെ മനസ്സിൽ ബോദ്ധ്യംവീണു.*

*1937 ജനുവരി 18നു വർഗീസ് പാസ്റ്റർ കെ. എം. സഖറിയയുടെ കൈക്കീഴിൽ സ്നാനമേറ്റു. 1941-ൽ ആത്മസ്നാനം പ്രാപിച്ചു. അതു മുതൽ ചില വർഷങ്ങൾ ഐ.പി.സി.യുടെ സഭാശുശ്രൂഷകനായിരുന്നു. 1944 മുതൽ ഇന്ത്യാദൈവസഭയുടെ ശുശ്രൂഷകനായി പാസ്റ്റർ വർഗീസ് വിളക്കുടിയിൽ പ്രവർത്തിച്ചുതുടങ്ങി. 25 വർഷത്തോളം അദ്ദേഹം അവിടെ സഭാശുശ്രൂഷകനായിരുന്നു.*

അവർകളെ ഉത്സാഹിപ്പിച്ചെങ്കിലും താൻ അതിനു വഴിപ്പെടാതെ മാറിനിന്നുകൊണ്ട് റവ. കുക്കിന്റെ ആലോചനയെ വളരെ നയത്തോടുകൂടി എതിർത്തു. പാസ്റ്റർ ടി.എം. വർഗീസ് സഭകളിലെ ഭൂരിപക്ഷം ആളുകളെ റവ. ഫ്രഞ്ചിനോടുകൂടെ നിൽപ്പാൻ ഉത്സാഹിപ്പിച്ചു. പിന്നീടുള്ള ചില മാസങ്ങൾ ഇന്ത്യാ ദൈവ സഭയുടെ അനുഭവത്തിൽ ഏറ്റവും ദുഃഖകരമായ ഒരു കാലയളായിരുന്നു. എന്നാൽ പ്രാർത്ഥനയുടെ ഫലമായി എല്ലാം സമാധാനപരമായ നിലയിൽ അവസാനിച്ചു. അമേരിക്കയിൽ നിന്നും ജനറൽ ഓവർസിയർ റവ. ചെസ്സറും മിഷൻ സെക്രട്ടറി റവ. വാക്കറും പ്ലെയിനിൽ പറന്നുവന്ന് ഈ കാര്യങ്ങളിൽ ഇടപെടുകയും സംഗതികൾക്ക് ഒരു പരിഹാരം ഉണ്ടാക്കുകയും ചെയ്തു. ഈ സംഭവം ഇന്ത്യാ ദൈവസഭയുടെ ചരിത്രത്തിലെ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒന്നായിട്ടാണ് ഇരിക്കുന്നത്." (ഡോറ.പി. മയേഴ്സ്, ദൈവസഭാ ചരിത്രം, പേജ് 55, 56).

1973-ൽ പ്രസിദ്ധീകരിച്ച "ദൈവസഭ പിന്നിട്ട 50 വർഷങ്ങൾ' എന്ന പുസ്തകം ഇതേ സംഭവത്തെ വേറൊരു രീതിയിലാണ് ചിത്രീകരിക്കുന്നത്:

"പാസ്റ്റർ കുക്കിനെ വേലയിൽ സഹായിപ്പാനായി മേരിക്കയിലെ മിഷൻബോർഡ് 1947-ൽ റവ. സി. ഇ. ഫ്രഞ്ചിനെയും, റവ. പോൾ എസ്. കുക്കിനെയും മിഷനറിമാരായി ഇന്ത്യയിലേക്കയച്ചു. ഇത് സാത്താനു പ്രവർത്തിപ്പാനുള്ള അവസരമായി അവൻ പ്രയോജനപ്പെടുത്തി. നാട്ടുകാരായ വേലക്കാർ പക്ഷം തിരിഞ്ഞ് ബലപരീക്ഷണം നടത്തുകയും പാസ്റ്റർ കുക്കിനെ അധികാരത്തിൽ നിന്നകറ്റുവാൻ ശ്രമിക്കുകയും ചെയ്കയാൽ ഒരു ആത്മീക പ്രസ്ഥാനത്തിനു ഭൂഷണമല്ലാത്ത പലതും സഭാന്തരീക്ഷത്തിൽ

സംഭവിക്കുകയുണ്ടായി. തൻനിമിത്തം റവ. പോൾ കുക്ക് അമേരിക്കയിലേക്കു മടങ്ങിപ്പോയി. റവ. ഫ്രഞ്ച് തുടരുകയും ചെയ്തു. ഇവരുടെ ആഗമനം നൻമയെക്കാൾ കൂടുതൽ തിന്മയാണ് ആദ്യം സഭയ്ക്ക് സംഭാവന ചെയ്തതെങ്കിലും വേല കുറെക്കൂടെ വ്യവസ്ഥാപിതമായും കെട്ടുറപ്പോടുംകൊണ്ടു പോകുന്നതിനു ഒരു ഉപാധിയായി ഭവിച്ചു എന്നത് ആശ്വാസകരമായി." (പാസ്റ്റർ ടി.എം. വർഗീസ്, ബ്രദർ ഇ.വി. ജോർജ്ജ്, ദൈവസഭ പിന്നിട്ട 50 വർഷങ്ങൾ, പേജ് 30,31).

ഈ സംഭവ പരമ്പരകൾക്കൊടുവിൽ അമേരിക്കയിലെ മിഷൻ ബോർഡ്, പാസ്റ്റർ കുക്കിനോട് ഇന്ത്യയിലെ വേല വിട്ട് ടെന്നസിയിലേക്കു മടങ്ങിപ്പോരാൻ ആവശ്യപ്പെട്ടു. പാസ്റ്റർ കുക്കിന്റെ 'വാർദ്ധക്യത്തെ' പരിഗണിച്ചാണ് ഈ 'യാത്രയയപ്പ്' എന്നായിരുന്നു ഔദ്യോഗികഭാഷ്യമെങ്കിലും ഇന്ത്യാദൈവസഭയിൽ നിന്നു കുക്കിനെ വിടർത്തി നിർത്തുക എന്നതായിരുന്നു മിഷൻ ബോർഡിന്റെ താൽപര്യം. പാസ്റ്റർ കുക്കിന് ഇന്ത്യ വിട്ടുപോകുവാൻ അശേഷം താൽപര്യമുണ്ടായിരുന്നില്ല. ഭാരതത്തിനുവേണ്ടി ഒരു പുരുഷായുസ്സുകൊടുത്ത ആ വന്ദ്യനായ സുവിശേഷകനു ഭാരതത്തിൽ തന്നെ മരിക്കാനുമായിരുന്നു താൽപര്യം. എന്നാൽ സംഘടനയുടെ കർക്കശമായ നിർദ്ദേശം അദ്ദേഹത്തിന് അനുസരിക്കുകയേ താൽപര്യമുണ്ടായിരുന്നുള്ളൂ. സംഘടനയുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതാണ് ഭാവിയിൽ പ്രയോജനപ്രദം എന്നു ചിന്തിച്ച ചില സ്വദേശീയ നേതാക്കളും കുക്ക് ഇന്ത്യ വിട്ടുപോകണമെന്ന് ആവശ്യപ്പെട്ടു. 1950-ൽ റവ. കുക്കും കുടുംബവും മുപ്പത്തിയേഴു വർഷത്തെ ത്യാഗപൂർണ്ണമായ സേവനത്തിനുശേഷം ഇന്ത്യ വിട്ടു.



*റവ. സി. ഇ. ഫ്രഞ്ച് :ചർച്ച് ഓഫ് ഗോഡ് പ്രസ്ഥാനത്തിന്റെ വളർച്ചയിൽ പ്രധാന പങ്കുവഹിച്ച മിഷനറി*

**എ.ജി. നേതാക്കൾ അമേരിക്ക സന്ദർശിക്കുന്നു**

1947-ൽ തിരുവിതാംകൂർ കൊച്ചി, മലബാർ പ്രദേശങ്ങൾ ഉൾപ്പെട്ട എ.ജി. മലയാളം ഡിസ്ട്രിക്ട് രൂപീകൃതമായപ്പോൾ പാസ്റ്റർ എ.സി. സാമുവൽ അതിന്റെ സൂപ്രണ്ടായും പാസ്റ്റർ സി. കുഞ്ഞുമ്മൻ സെക്രട്ടറി- ട്രഷറാറായും തെരഞ്ഞെടുക്കപ്പെട്ടു. ഇന്ത്യയിലെ പ്രവർത്തനങ്ങളെ- വിശിഷ്യാ കേരള പെന്തെക്കോസ്ത് പ്രവർത്തനങ്ങളെ അമേരിക്കൻ ജനതയ്ക്ക് പരിചയപ്പെടുത്തിക്കൊടുക്കുവാൻ എ.ജി. ജനറൽ കൗൺസിൽ പാസ്റ്റർ സാമുവലിനെയും കുഞ്ഞുമ്മനെയും ഐക്യനാടുകളിലേക്കു ക്ഷണിച്ചു. പാസ്റ്റർ എ.സി. സാമുവൽ അന്ന് സൗത്ത് ഇന്ത്യാ അസംബ്ലീസ്

# ഒന്നു ശമുവേൽ പ്രസംഗിക്കും രണ്ടു ശമുവേൽ ഏറ്റുപറയും



*പാസ്റ്റർ സി. മനശ്ശെയ്ക്കുശേഷം തെക്കൻ തിരുവിതാംകൂറിലെ പെന്തെക്കോസ്ത് ചരിത്രത്തിൽ ഏറെ ആദരിക്കപ്പെട്ട അന്നാട്ടുകാരനായ അസംബ്ലീസ് ഓഫ് ഗോഡ് പ്രവർത്തകനായിരുന്നു പാസ്റ്റർ ആർ. സാമുവൽ. 1903-ൽ കളിയിക്കാവിളയ്ക്ക് ഒരു കിലോമീറ്റർ വടക്ക് മേക്കോട്ട് ആശാൻമാർ എന്നു പേരുകേട്ട വൈദ്യൻമാരുടെയും മർമ്മാണി വിദഗ്ദ്ധരുടെയും കുടുംബത്തിൽ ജനിച്ച സാമുവൽ , പാസ്റ്റർ മനശ്ശെയുടെ ശുശ്രൂഷ മുഖാന്തരമാണ് പെന്തെക്കോസ്ത് വിശ്വാസിയായിത്തീരുന്നത്. 1927-ൽ മാവേലിക്കര ബഥേൽ ബൈബിൾ സ്ക്കൂളിന്റെ പ്രഥമ ബാച്ചിലെ വിദ്യാർത്ഥികളിൽ ഒരാളായിരുന്നു അദ്ദേഹം.*

*കൊണ്ണിയൂർ മുതൽ പള്ളിയാട് വരെ ദീർഘമായ ഒരു ശുശ്രൂ*

ഓഫ് ഗോഡിന്റെ അസിസ്റ്റന്റ് ജനറൽ സൂപ്രണ്ടുമായിരുന്നു. (ജനറൽ സൂപ്രണ്ട് ഒരു അമേരിക്കക്കാരനായിരുന്നു).

1947, 48 വർഷങ്ങളിലാണ് പാസ്റ്റർ സാമുവലും കുഞ്ഞുമ്മനും അമേരിക്കയിലുണ്ടായിരുന്നത്. ഇന്ത്യയിലെ എ.ജി. പ്രവർത്തനങ്ങളെ ജനറൽ കൗൺസിലിനു മുമ്പാകെ പരിചയപ്പെടുത്തുന്നതിനും കേരള പെന്തെക്കോസ്ത് പ്രവർത്തനത്തിന് അർഹമായ സഹായം നേടിയെടുക്കുന്നതിനും ഇവരുടെ അമേരിക്കൻ സന്ദർശനം ഉപകരിച്ചു. പ്രത്യേകിച്ചും പുനലൂർ ബെഥേൽ ബൈബിൾ കോളേജിന്റെ സ്ഥാപനത്തിനും മറ്റും ജനറൽ കൗൺസിൽ ശ്രദ്ധ കൊടുക്കുന്നതിനും ഇതു കാരണമായി. കൂടുതൽ മിഷനറിമാർ ഇന്ത്യയെക്കുറിച്ച് ആത്മഭാരമുള്ളവരായി പിൽക്കാലങ്ങളിൽ മിഷനറിമാരായെത്തുന്നതിനു ഇവരുടെ സന്ദർശനം ഉപകരിച്ചു. അവരുടെ ശ്രേഷ്ഠമായ ശുശ്രൂഷയും മാതൃകാജീവിതവും തന്നിൽ ചെലുത്തിയ സ്വാധീനംകൊണ്ടും കൂടെയാണ് കേരളം തന്റെ മിഷനറി ഫീൽഡായി തെരഞ്ഞെടുക്കുവാൻ കാരണമെന്ന് ഏറെ നാളുകൾ കേരളത്തിൽ പ്രവർത്തിച്ച മിഷനറി റവ. ഇ. എ. സോർബോ അനുസ്മരിച്ചിട്ടുണ്ട്.

*ഷാവയലാണ് പാസ്റ്റർ സാമുവേലിനുണ്ടായിരുന്നത്. ഇക്കാലത്ത് തിരുവനന്തപുരത്ത് പ്രവർത്തനം കേന്ദ്രീകരിച്ച് പാസ്റ്റർ എ.സി. സാമുവലും ഒന്നിച്ച് അദ്ദേഹം തെക്കൻ തിരുവിതാംകൂറിന്റെ വിവിധ സ്ഥലങ്ങളിൽ സുവിശേഷത്തിനു സാക്ഷിയായി.*

*ഒത്ത നീളവും വണ്ണവും ഉള്ള വ്യക്തിയായിരുന്നു പാസ്റ്റർ എ.സി. സാമുവൽ. ആർ. സാമുവലും അതുപോലെ തന്നെ ഒരു അജാനുബാഹുവായിരുന്നു. ഇവർ ഒരുമിച്ച് ശുശ്രൂഷിക്കുന്ന വേളകളിൽ മിക്കവാറും എ.സി. സാമുവൽ പ്രസംഗിക്കുകയും ആർ. സാമുവൽ പ്രസംഗം പകർത്തിപ്പറയുകയുമായിരുന്നു പതിവ്. പ്രസംഗപീഠത്തിലെ ഈ 'സാമുവൽ ജോഡി' ആളുകൾക്ക് പലപ്പോഴും കൗതുകമായി. ഈ കാഴ്ചകണ്ട് രസകരമായ ആരുടെയോ പ്രസ്താവനയാണ് "ഒന്നു ശമുവൽ പ്രസംഗിക്കും രണ്ട് ശമുവൽ ഏറ്റുപറയും" എന്നത്.*

*1932-ൽ പാസ്റ്റർ സാമുവൽ മനശ്ശെയുടെ രണ്ടാമത്തെ പുത്രി ഡോറയെ വിവാഹം കഴിച്ചു. സാമുവലിന്റെ പ്രവർത്തനം കേന്ദ്രീകരിച്ചിരുന്നത് മാർത്താണ്ഡം തേങ്ങാപ്പട്ടണം റോഡിൽ പുതുക്കടയ്ക്ക് കിഴക്ക് പ്ലാന്തോപ്പ് എന്ന സ്ഥലത്താണ്. അവിടെ അദ്ദേഹം 37വർഷം ഇടയശുശ്രൂഷ ചെയ്തു. 1938-ൽ പാസ്റ്റർ മനശ്ശെയുടെ മരണം മുതൽ അദ്ദേഹം തെക്കൻ തിരുവിതാംകൂറിലെ പൊതുശുശ്രൂഷകനായി.*

*സതേൺ സെക്ഷന്റെ രൂപീകരണം മുതൽ പാസ്റ്റർ സാമുവൽ അതിന്റെ പ്രസ്ബിറ്ററായിരുന്നു. 1964-ൽ സഭാശുശ്രൂഷയിൽ നിന്നും 1972-ൽ പ്രസ്ബിറ്റർ സ്ഥാനത്തു നിന്നും വിരമിച്ചു. 1973 ഫെബ്രുവരി 7 നു അദ്ദേഹം കർത്താവിൽ നിദ്രപ്രാപിച്ചു.*

## ഐ.പി.സി. വിഭജനത്തിന്റെ മുറിപ്പാടുകൾ

"1930 മുതൽ 1953 വരെയുള്ള 23 വർഷങ്ങൾകൊണ്ട് ഐ.പി.സി.യുടെ വേല ഇന്ത്യയിൽ വ്യാപിച്ചു. സഭകളുടെ എണ്ണം വളരെ വർദ്ധിച്ചു. ഉത്തരോത്തരം വേല അഭിവൃദ്ധിപ്പെട്ടുവരികയായിരുന്നു. അങ്ങനെ അനുഗ്രഹകരമായി വേല നടന്നുവരവെ, ശത്രുവിനു ഇടം ലഭിച്ചു. 1953 സെപ്റ്റംബറിൽ സഭയിൽ ഭിന്നതയുണ്ടായി. സഭ രണ്ടു പാർട്ടിയായി പിരിഞ്ഞു. അത് വിശ്വാസസംബന്ധമായോ ഉപദേശപരമായോ ഉണ്ടായ ഭിന്നത അല്ലായിരുന്നു. പ്രത്യുത ഭരണപരമായ അഭിപ്രായ വ്യത്യാസം മാത്രമായിരുന്നു. അത് കുമ്പനാട് ലോക്കൽ സഭയിൽ ആരംഭിച്ച് ഐ.പി.സി. മുഴുവൻ വ്യാപിച്ചു. എങ്കിലും കേരളത്തിലെ സഭകളിൽ മാത്രമേ അതിനാലുണ്ടായ നഷ്ടം അനുഭവിക്കേണ്ടിവന്നുള്ളൂ." (പാസ്റ്റർ ടി.ജി. ഉമ്മൻ, ഐ.പി.സി.യും 50 വർഷത്തെ സേവനചരിത്രവും. പേജ് 59, 60).

പ്രഗൽഭരായ പല നേതാക്കളുമുള്ള ഒരു പ്രസ്ഥാനമായിരുന്നു ഐ.പി.സി. എന്നാൽ ഈ നേതാക്കളൊക്കെ 1950 വരെ ഇന്ത്യയിൽ വിവിധ സ്ഥലങ്ങളിലായി സുവിശേഷപ്രവർത്തനത്തിലേർപ്പെട്ടിരുന്നതിനാൽ 'സഭാകേന്ദ്രവുമായി അവർ വലിയ ബന്ധം പുലർത്തിയിരുന്നില്ല. പാസ്റ്റർ കെ.ഇ. ഏബ്രഹാമാ

*പാസ്റ്റർ എം. ജോൺസൺ*
*വിഴവൂർ*



*ആറാമട മത്തായി ആശാന്റെ മൂത്തപുത്ര നായി 1914-ൽ വിഴവൂരിൽ ജനിച്ച ജോൺസൺ, ഹൈസ്കൂൾ വിദ്യാഭ്യാസാന ന്തരം നാലരവർഷം ഇന്ത്യൻ സൈന്യത്തിൽ സേവനമനുഷ്ഠിച്ചു. നാട്ടിൽ മടങ്ങിയെത്തി പൂർണ്ണസമയ സുവിശേഷകനായി. 1951-ൽ പുനലൂർ ബൈബിൾ സ്കൂളിൽ പഠനം പൂർത്തിയാക്കി സ്വന്ത സ്ഥലമായ വിഴവൂരിൽ 1955-ൽ സഭ സ്ഥാപിച്ചു. തുടർന്ന് കളിയിക്കാ വിള, വിളപ്പൽ, വെള്ളനാട് എന്നിവിടങ്ങളിലും വീണ്ടും 7 വർഷം വിഴവൂരിലും സഭാശുശ്രൂഷ കനായിരുന്നു. 1961-ൽ ഓർഡെയ്ൻ ചെയ്യപ്പെ ട്ടു. കൊണ്ണിയൂർ സെന്റർ പാസ്റ്ററായി സേവന മനുഷ്ഠിച്ചു.1956-ൽ കേരള ഡിസ്ട്രിക്ട് സി.എ. ഘടകം രൂപീകരിക്കുമ്പോൾ അതിന്റെ ആദ്യ പ്രസിഡണ്ടായിരുന്നത് പാസ്റ്റർ എം. ജോൺസൺ ആയിരുന്നു. മിഷനറിമാര രുടെ പരിഭാഷകൻ എന്ന നിലയിൽ ഏറെ അറിയപ്പെട്ട വ്യക്തിയായിരുന്നു അദ്ദേഹം. 1975 ജനുവരി 7 നു താൻ നിത്യവിശ്രമത്തിലേക്ക് പ്രവേശിച്ചു. കാഞ്ഞിരംകുളം അസംബ്ലീസ് ഓഫ് ഗോഡ് സഭാശുശ്രൂഷകൻ പാസ്റ്റർ ജെ.വില്യം പാസ്റ്റർ ജോൺസന്റെ ഇളയ പുത്രനാണ്.*

യിരുന്നു അന്ന് കുമ്പനാട്ട് താമസിച്ചിരു ന്നത്.

1950-ൽ രണ്ടാം വിദേശപര്യടനത്തിനു ശേഷം പാസ്റ്റർ കെ.സി. ചെറിയാൻ മെഴു വേലിയിലെ തന്റെ ഭവനത്തിൽ താമസ മാക്കി. ലാഹോറിൽ താമസിച്ചു പ്രവർത്തി ച്ചിരുന്ന പാസ്റ്റർ കെ.ജെ.സാമുവൽ ഇന്ത്യാ പാക്കിസ്ഥാൻ വിഭജനത്തിനുശേഷം കുമ്പനാട്ടു വന്ന് താമസമാക്കി. പാസ്റ്റർ വി.റ്റി.തോമസ് തമിഴ്നാട്ടിലേയും വടക്കൻ തിരുവിതാംകൂറിലേയും പ്രവർത്തനത്തി നുശേഷം സ്വദേശമായ കുന്നത്തുംകര (കുമ്പനാട്) യിൽ താമസമാക്കി. പാസ്റ്റർ കെ.വി. കുര്യൻ മലബാറിൽ നിന്നു മട ങ്ങിവന്നു. പാസ്റ്റർ പി.വി. ജോണിന്റെ (ജോൺ അയ്യാപ്പിള്ള) മക്കൾ പാസ്റ്റർ പി. ജെ. ഡാനിയേൽ വടക്കെ ഇന്ത്യയിൽ നിന്നും പാസ്റ്റർ പി.ജെ.തോമസ് അമേ രിക്കയിൽ നിന്നും മടങ്ങിയെത്തി. ഇതേ സമയം അമേരിക്കയിലെ ഹോളിനസ് പെന്തെക്കോസ്ത് സഭയുടെ പ്രതിനിധി യായ ടേർണർ സായ്പും കുമ്പനാട്ട് താമ സമുറപ്പിച്ചു. ചുരുക്കത്തിൽ പ്രഗൽഭ നേതാക്കളുടെ ഒരു വലിയ സഞ്ചയം ഒരേ കാലയളവിൽ കുമ്പനാട്ടും പരിസരപ്രദേ ശങ്ങളിലും താമസത്തിനെത്തി.

ഈ നേതാക്കളൊക്കെ അവരവരായി രുന്ന സ്ഥലങ്ങളിൽ പ്രഗൽഭരായ സുവി ശേഷകരായിരുന്നെങ്കിലും കുമ്പനാട്ടും പരിസരങ്ങളിലും അവർക്ക് പ്രത്യേകിച്ച് ഒന്നും ചെയ്യാനില്ലായിരുന്നു. ഐ.പി.സി. പോലുള്ളൊരു സഭയുടെ ഭരണം നട ത്താൻ ഇത്രയേറെ നേതാക്കളുടെ ആവശ്യവും ഇല്ലായിരുന്നു. എന്നിട്ടും എല്ലാവരും കേന്ദ്രഭരണത്തിൽ താൽപര്യം കാട്ടി.

ഇതിനിടയിൽ കുമ്പനാട് സഭയുടെ ശുശ്രൂഷാപദവിയെപ്പറ്റി ചില തർക്കങ്ങളു ണ്ടായി. പാസ്റ്റർ കെ.ജെ. സാമുവലും

പാസ്റ്റർ വി. റ്റി.തോമസും ശുശ്രൂഷകരാകാൻ താൽപര്യപ്പെട്ടു. പാസ്റ്റർ കെ.ഇ. ഏബ്രഹാം വി.റ്റി. തോമസിനെയും മറ്റുള്ളവർ കെ.ജെ. സാമുവലിനെയും പിൻതാങ്ങി. സഭാംഗങ്ങളും രണ്ടു പക്ഷമായി. കുമ്പനാട്ടും ചുറ്റുവട്ടത്തുമുള്ള നേതാക്കൾ ഇക്കാര്യത്തിൽ ചേരിതിരിഞ്ഞു പോരാടി. കുമ്പനാടു സഭയുടെ വസ്തുവിന്റെ ഉടമസ്ഥാവകാശത്തെ ചൊല്ലിയും ഇതേസമയത്ത് തർക്കമായി. സഭാവക സ്ഥലം സ്വകാര്യസ്വത്താക്കി മാറ്റാൻ പരിശ്രമം നടന്നുവെന്നായിരുന്നു ആക്ഷേപം.

കുമ്പനാട് സഭയിലെ ഈ പിളർപ്പ് മറ്റിടങ്ങളിലേക്കും വ്യാപിക്കുവാൻ ഒട്ടും സമയമെടുത്തില്ല. നേതൃത്വമോഹവും അധികാരവും ഒക്കെയായിരുന്നു യഥാർത്ഥ പ്രശ്നങ്ങളെങ്കിലും പണാപഹരണം മുതൽ ദുർന്നടപ്പു വരെ ഇരുഭാഗത്തെയും നേതാക്കൾ അന്യോന്യം ആരോപിച്ചു.

1953 അവസാനത്തോടെ ഐ.പി.സി. യുടെ പിളർപ്പ് പൂർണ്ണമായി. രണ്ടുകൂട്ടരും രണ്ടിടങ്ങളിലായി ഐ.പി.സി. യുടെ പേരിൽ തന്നെ ജനറൽ കൺവൻഷനുകൾ നടത്തുകയും ജനറൽബോഡി കൂടുകയും തങ്ങളുടേതാണ് യഥാർത്ഥ ഐ. പി.സി.യെന്ന് അവകാശവാദം മുഴക്കുകയും ചെയ്തു. പ്രാദേശിക സഭകൾ ഏതെങ്കിലും ഒരു നേതൃത്വത്തോട് കൂറു പ്രഖ്യാപിച്ചുകൊണ്ട് ഉറച്ചു നിന്നു. ചില യിടങ്ങളിലൊക്കെ സഭ രണ്ടായി പിളർന്നു. ഒരേ ഡിസ്ട്രിക്ടിന്റെ തന്നെ രണ്ടു മാസയോഗങ്ങളും സാധാരണയായി.

രണ്ടു കൂട്ടരും ഐ.പി.സി.യുടെ മിനിസ്റ്റേഴ്സ് കൗൺസിൽ രൂപീകരിച്ചു. ഒരു ഭാഗത്തിന്റെ പ്രസിഡണ്ട് പാസ്റ്റർ കെ. ഇ. ഏബ്രഹാമും സെക്രട്ടറി ടി.എൻ. ഏബ്രഹാമും ആയിരുന്നു. മറുഭാഗത്തെ പ്രസിഡണ്ട് പാസ്റ്റർ പി. എം. സാമുവലും

***പാസ്റ്റർ എം.കെ. ചെറിയാൻ (ഉള്ളായം ചെറിയാച്ചൻ)***

*1900-ൽ ജനിച്ച പാസ്റ്റർ എം. കെ. ചെറിയാൻ ചെറുപ്പത്തിൽ തന്നെ മാനസാന്തരപ്പെട്ട് മാർത്തോമ്മാ സഭയിലെ ഒരു സുവിശേഷകനായി കഴിയുമ്പോഴാണ് ആത്മസ്നാനം പ്രാപിച്ച് പെന്തെക്കോസ്തു വിശ്വാസിയായി ത്തീരുന്നത്. ഐ.പി.സി.യിലെ ഒരു പൊതു ശുശ്രൂഷകനായി പല സ്ഥലങ്ങളിലും സുവിശേഷ പര്യടനം നടത്തിയിട്ടുള്ള ഉള്ളായം ചെറിയാച്ചൻ 1956 ജനുവരി 24നു കർത്തൃസന്നിധിയിൽ പ്രവേശിച്ചു.*

സെക്രട്ടറി കെ. ജെ സാമുവലും. ഇരുകൂട്ടരും മിനിസ്റ്റേഴ്സ് കൗൺസിൽ ലിസ്റ്റ് എല്ലൂർ ഡിസ്ട്രിക്ട് രജിസ്ട്രാർ ഓഫീസിലേക്ക് അയച്ചുപോന്നു. 'യഥാർത്ഥ ഐ.പി.സി.' എന്ന അവകാശവാദം ഉറപ്പിക്കുകയായിരുന്നു രണ്ടു കൂട്ടരുടെയും ലക്ഷ്യം. എന്നാൽ ആ രണ്ടു ലിസ്റ്റും അവിടെ സ്വീകരിക്കാതെ സിവിൽ കോടതി മുഖേന ലിസ്റ്റിനു അംഗീകാരം വരുത്തിക്കൊള്ളണമെന്ന് ഇരുവിഭാഗക്കാരെയും രജിസ്ട്രാർ ഓഫീസിൽ നിന്നറിയിച്ചു. (കെ.ഇ. ഏബ്രഹാം, യേശുക്രിസ്തുവിന്റെ എളിയദാസൻ, പേജ് 446).

സീയോൻ കാഹളത്തിനു പകരം മറുകൂട്ടർ ഇക്കാലയളവിൽ 'പ്രബോധിനി' എന്ന പേരിൽ മാസിക ഇറക്കി. ഹെബ്രോൻ ബൈബിൾ സ്കൂളിനു പകരം ഭിന്നതയുടെ കാലത്ത് വേറെ സ്കൂളും നടത്തി.

1953-ൽ ആരംഭിച്ച വിഭജനത്തിനു പരിഹാരമുണ്ടാകുന്നത് 1957 അവസാനമാണ്. ഡിസംബർ 23 തിങ്കളാഴ്ച തിരുവല്ല സുവിശേഷാലയത്തിൽ മാർത്തോമ്മാ സഭയിലെ കുഞ്ഞപ്പി ഉപദേശിയുടെ മദ്ധ്യസ്ഥതയിലാണ് ഭിന്നതകൾ പറഞ്ഞുതീർത്തത്. 1958 ജനുവരിയിൽ

# അതിശയം അഥവാ അതിശയം



***1939**ലെ ഉഷ്ണകാലം.*

*ഉച്ചതിരിഞ്ഞ സമയം. ഇരുപതു വയസ്സു പ്രായമുള്ള ആ യുവാവ് ഇടമൺ വെള്ളിമല ബസ്സ്റ്റോപ്പിൽ പുനലൂരിലേക്കുള്ള വണ്ടി പ്രതീക്ഷിച്ച് നിൽക്കയായിരുന്നു.*

*പെട്ടെന്ന് വെള്ള ജുബ്ബാധാരിയായ നീണ്ട കാലൻ കുടയേന്തിയ, കൃശഗാത്രനായ ഒരു മദ്ധ്യവയസ്ക്കൻ വെള്ളിമല കവലയിലേക്ക് നടന്നടുത്തു. അദ്ദേഹത്തിന്റെ കൈയ്യിൽ കറുത്ത പുറംചട്ടയിട്ട ഒരു ബൈബിളും ഉണ്ടായിരുന്നു. ഒരൊറ്റ നോട്ടത്തിൽ ആ വഴിയാത്രക്കാരൻ ഒരു ഉപദേശിയാണെന്ന് ആർക്കും മനസ്സിലാകും.*

*ദീർഘനേരം കാൽനടയായി സഞ്ചരിച്ചതിന്റെ ക്ഷീണം ആ സുവിശേഷകന്റെ ശരീരത്തിൽ പ്രകടമായിരുന്നു. കടുത്ത ചൂടിന്റെ ആഘാതം കൊണ്ട് വാടിക്കരുവാളിച്ച മുഖം. ചെറുതുള്ളികളായിട്ടൊഴുകിയ വിയർപ്പ് അദ്ദേഹത്തിന്റെ വെള്ള വസ്ത്രത്തെ ഈറനാക്കിയിരുന്നു.*

*ഒരു നിയോഗമെന്നവണ്ണം ആ സുവിശേഷകൻ ബസ്സു കാത്തുനിന്ന യുവാവിന്റെ സമീപത്തെത്തി. സ്വയം പരിചയപ്പെടുത്തി, പരിചയം ഏറ്റുവാങ്ങി- മിനിറ്റുകൾ പോലും കഴിഞ്ഞില്ല. അദ്ദേഹം ഗൗരവപൂർണ്ണനായി. പെട്ടെന്നാണ്, കൈവശമുണ്ടായിരുന്ന ബൈബിൾ തുറന്ന് റോമാ ലേഖനം 6-ാം അദ്ധ്യായം 23-ാം വാക്യം വായിച്ചു കേൾപ്പിച്ചുകൊണ്ട് അദ്ദേഹം ആത്മീയ വിഷയത്തിലേക്കു ചർച്ച തിരിച്ചുവിട്ടത്.*

"പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നെ."

പാപത്തിന്റെ ദുരന്തപൂർണ്ണമായ പരിണിതഫലത്തെപ്പറ്റിയും പാപിയുടെ ഹൃദയത്തെ ഭരിക്കുന്ന ശൂന്യതയെപ്പറ്റിയും ആദ്യം ആ മാന്യ ദൈവദാസൻ ലളിതമായ ഭാഷയിൽ വിവരിച്ചു. അതിനുശേഷം, പാപിയെ നീതിമാനാക്കുന്ന ദൈവകൃപയെപ്പറ്റി, മനുഷ്യനു നിത്യജീവൻ നൽകുവാൻ ദൈവം കാൽവറിയിൽ കൊടുത്ത വലിയ വിലയെപ്പറ്റി ആത്മപ്രഭാവത്തോടെ സംസാരിച്ചു. ക്രൈസ്തവ കുടുംബത്തിൽ ജനിച്ചുവളർത്തപ്പെട്ടതുകൊണ്ടായില്ലെന്നും, പാപങ്ങൾ ഏറ്റുപറഞ്ഞ് ക്രിസ്തുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ചാലേ നിത്യജീവന് അവകാശി ആകുകയുള്ളൂ എന്നും ഊന്നിപ്പറഞ്ഞു.

"പാപത്തിന്റെ ശമ്പളം മരണം", 'പാപത്തിന്റെ ശമ്പളം മരണം' ഈ വാചകം ഇടയ്ക്കിടെ അദ്ദേഹത്തിന്റെ സംസാരത്തിൽ ആവർത്തിക്കുന്നുണ്ടായിരുന്നു.

ഒടുവിൽ ആ യുവാവിന്റെ മുഖത്ത് കണ്ണുതറപ്പിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. "ചാക്കോച്ചാ, നീ ഇപ്പോൾ പിന്തുടരുന്ന ഈ പാപജീവിതം നിന്നെ നശിപ്പിക്കും. അതുകൊണ്ട് പാപം വിട്ടൊഴിഞ്ഞ് ക്രിസ്തുവിനെ സ്വീകരിക്കുക."

തമിഴ് കലർന്ന മലയാളത്തിലുള്ള ആ വാക്കുകൾ യുവാവിന്റെ ഹൃദയത്തെ മെഴുകുപോലെ ഉരുക്കി. ആ കവലയിൽ, മറ്റ് വഴിയാത്രക്കാർ നോക്കിനിൽക്കെ, ആ ദൈവദാസന്റെ മുമ്പിൽ നിന്നുകൊണ്ട് അയാൾ വിങ്ങിവിങ്ങി കരയുവാൻ തുടങ്ങി.

സുവിശേഷകൻ ആ യുവാവിനെ കവലയ്ക്കരികെയുള്ള ഒരു കൃഷി സ്ഥലത്തേക്ക് മാറ്റി നിർത്തി. അയാളുടെ തലയിൽ കൈവച്ച് പ്രാർത്ഥിച്ചു. തൽക്ഷണം അയാൾ പാപങ്ങളെല്ലാം ദൈവത്തോട് ഏറ്റുപറഞ്ഞു, യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചു. പാപജീവിതം ഉപേക്ഷിച്ചിരിക്കുന്നു എന്ന് പ്രതിജ്ഞ ചെയ്തു.

ഒരു പാപിയായി വെള്ളിമല കവലയിൽ വന്ന ആ യുവാവ് ഒരു വിശ്വാസിയായിട്ടാണ് അടുത്ത ബസ്സിൽക്കയറി പുനലൂരിലേക്കു യാത്രയായത്. പിറ്റേ ഞായറാഴ്ച മുതൽ അയാൾ സ്വദേശത്ത് പെന്തെക്കോസ്താരാധനയിൽ പങ്കെടുത്തു തുടങ്ങി. ആഴ്ചകൾക്കുള്ളിൽ വിശ്വാസസ്നാനം സ്വീകരിച്ചു. സഭയുടെ ഒരു സജീവ അംഗമായി.

വെള്ളിമല കവലയിൽ വച്ച് ആ യുവാവിനെ മാനസാന്തരാനുഭവത്തിലേക്ക് നയിച്ച ആ ദൈവദാസൻ ത്യാഗിയും വേദപണ്ഡിതനുമായ പരേതനായ പാസ്റ്റർ എ.ആർ.ടി. അതിശയമായിരുന്നു. തമിഴ്നാട്ടിലും കേരളത്തിലും സഞ്ചരിച്ച് ഉണർവ്വുയോഗങ്ങൾ നടത്തിയിരുന്ന അദ്ദേഹം പുനലൂർ- ഇടമൺ പ്രദേശങ്ങളിൽ സുവിശേഷ പ്രചരണവും ഉപവാസപ്രാർത്ഥനകളും നടത്തിക്കൊണ്ടിരുന്ന കാലമായിരുന്നു അത്. ആ യുവാവ്, പിന്നീട് ഏഴംകുളം കല്ലേത്തു ഭാഗത്തെ, പെന്തെക്കോസ്ത് സഭയുടെ പ്രാരംഭകനായിത്തീർന്ന ശ്രീ. എൻ. എം. ചാക്കോ ആയിരുന്നു. (ഇദ്ദേഹം പ്രശസ്തനായ ഡോ. സാംകുട്ടിയുടെ പിതാവാണ്. ഏഴംകുളം ചർച്ച് ഓഫ് ഗോഡ് 1960നു

മുമ്പുതന്നെ അംഗബലത്തിൽ സമീപപ്രദേശത്തെ ഏറ്റം വലിയ സഭയായി.

കണ്ടുമുട്ടുന്ന ഏതൊരു വ്യക്തിക്കും ക്രിസ്തുവിനെ പരിചയപ്പെടുത്തിക്കൊടുക്കാൻ എ.ആർ.ടി. അതിശയത്തിന് എപ്പോഴും ഉത്സാഹമായിരുന്നു. എല്ലാം ഒരു നിയോഗമെന്നവണ്ണമാണ് അദ്ദേഹം ചെയ്തിരുന്നത്. ധനമോ, മാനമോ, അധികാരമോ തിരയാതെ, എന്നും ഒരു സുവിശേഷകനായി – വ്യക്തികളെ ക്രിസ്തുവിലേക്കു നയിക്കുന്ന ഒരു സഞ്ചാര ഉപദേശിയായി ജീവിച്ചു മരിച്ച വ്യക്തിയായിരുന്നു പാസ്റ്റർ എ.ആർ.ടി. അതിശയം.

1899 മാർച്ച് 11നു തിരുനെൽവേലി ജില്ലയിലെ തടിയാപുരം ഗ്രാമത്തിൽ സി.എം.എസ് സമൂഹത്തിലെ ഒരു സുവിശേഷകന്റെ മകനായി തങ്കയ്യാ അതിശയം ഭൂജാതനായി. ദീർഘനാളുകൾ മക്കളില്ലാതിരിക്കെ പ്രാർത്ഥനയുടെ മറുപടിയായി ജനിച്ച മകനായതുകൊണ്ടാണ് മാതാപിതാക്കൾ കുട്ടിക്ക് അതിശയം എന്നു പേരു നൽകിയത്.

ടീച്ചേഴ്സ് ട്രെയിനിംഗ് പാസ്സായ അതിശയം 1919ൽ ശൂരണ്ട ഹൈസ്കൂളിലെ അദ്ധ്യാപകനായി. ഇതേ കാലയളവിൽ വേർപാടുപദേശങ്ങൾ ഗ്രഹിച്ച് വിശ്വാസസ്നാനം സ്വീകരിച്ചതിന്റെ പരിണിതഫലമായി അദ്ദേഹത്തിനു സ്വന്തക്കാരുടെയും, സ്വസമുദായക്കാരുടെയും ഇടയിൽ നിന്ന് വലിയ എതിർപ്പുകൾ നേരിടേണ്ടിവന്നു.

സുവിശേഷവേലയ്ക്കായി ദർശനം ഉണ്ടായതിനെത്തുടർന്ന് 1925 തങ്കയ്യ ജോലി രാജിവെച്ച് മലയാള നാട്ടിലേക്ക് പോന്നു. ആദ്യകാലത്ത് ബ്രദറൺ വിശ്വാസികളോടും പിന്നീട് സ്വതന്ത്ര വിയോജിതരും ചേർന്ന് പ്രവർത്തിച്ച അതിശയം 1929–ൽ ആത്മസ്നാനം പ്രാപിച്ചു. പ്രസിദ്ധമായ പൂവത്തൂർ ഉണർവ്വിന്റെ പ്രധാന വക്താക്കളിലൊരാളായിരുന്നു അദ്ദേഹം. പിന്നീട് മദ്ധ്യതിരുവിതാംകൂറിലുടനീളം അദ്ദേഹം ഉണർവ്വുയോഗങ്ങൾ നടത്തി. പെന്തെക്കോസ്തു പ്രവർത്തനം വ്യവസ്ഥാപിതരൂപം പ്രാപിക്കുന്നതിനെ എതിർത്തിരുന്ന പാസ്റ്റർ അതിശയം, മുഖ്യധാരാ സഭകളോടു ചേരുന്നതിൽ താല്പര്യമുള്ളവനായിരുന്നില്ല. ആദ്യസമയങ്ങളിൽ കലയപുരം മത്തായിച്ചൻ, മേപ്രാൽ ഹാനോക്സാർ തുടങ്ങിയവരുമായി കൂട്ടായ്മ ആചരിച്ച അതിശയം പിന്നീട് ചർച്ച് ഓഫ് ഗോഡിനോടു സഹകരിച്ചുപോയി. 1942 മുതൽ അദ്ദേഹം അടൂരിൽ താമസമാക്കി. 1953 മുതൽ മുളക്കുഴ മൗണ്ട് സീയോൻ ബൈബിൾ സ്കൂളിൽ അദ്ധ്യാപകനായിരുന്നു. വ്യാഖ്യാന ഗ്രന്ഥങ്ങളുൾപ്പെടെ ചില പുസ്തകങ്ങളും ചില ഗാനങ്ങളും അതിശയത്തിന്റെ സ്വന്തമായുണ്ട്. 1958 മെയ് രണ്ടിനു കർത്തൃസന്നിധിയിൽ പ്രവേശിച്ചു.

കുമ്പനാട് ഹെബ്രോൻ മൈതാനത്തു വെച്ചു നടന്ന കൺവൻഷൻ സംയോജിത ഐ.പിസി.യുടെ വകയായിരുന്നു.

1962 മാർച്ചിൽ സഭ വീണ്ടും ഭിന്നിക്കുകയും 45 മാസം ആ നിലയിൽ മുന്നോട്ടു പോവുകയും ചെയ്തു. 1966 ജനുവരിയിലാണ് വീണ്ടുമൊരുയോജിപ്പുണ്ടാകുന്നത്. ഐ.പി.സി.യുടെ ഭിന്നതയെപ്പറ്റി പാസ്റ്റർ ടി.ജി. ഉമ്മൻ ഇങ്ങനെ രേഖപ്പെടുത്തുന്നു.


"ഈ വിധത്തിലുണ്ടായ രണ്ടു പ്രാവശ്യത്തെ ഭിന്നത ഐ.പി.സി.യുടെ അഭിവൃദ്ധിക്കു സാരമായ മങ്ങലേൽപ്പിച്ചു എന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. പലർ ഐ.പി.സി. വിട്ട് മറ്റു പെന്തെക്കോസ്തു വിഭാഗങ്ങളിലേക്കു പോകുവാനിടയായി. സമുദായസ്ഥരിൽ നിന്നും ഐ.പി.സി.യിലേക്കുണ്ടായിക്കൊണ്ടിരുന്ന ഒഴുക്കിന്റെ ശക്തി വളരെ കുറഞ്ഞു. ഇത് ഈ സഭയുടെ ചരിത്രത്തിലെ ഒരു കളങ്കമാകുന്നു എങ്കിലും ഇതു പറയാതെ വിട്ടാൽ ഈ ചരിത്രം പൂർണ്ണമാകയില്ല എന്നുള്ളതിനാലാണ് അത് വിട്ടുകളയാതിരിക്കുന്നത്.

അഭിപ്രായവ്യത്യാസങ്ങൾ ഉയർത്തിയതിനാൽ അത് ഗുണത്തേക്കാളേറെ ദോഷമാണ് സഭയ്ക്കു ചെയ്തത് എന്നതു സത്യമാണ്. വിശുദ്ധിയും സത്യവും കൂടുതലായി മരിക്കുന്നത് ഭിന്നതയിലാണ്. 'കലക്കങ്ങൾക്കിടയിൽ എല്ലായ്പ്പോഴും നഷ്ടപ്പെടുന്നത് സത്യമാണ്' എന്ന് സൈറസ് പറഞ്ഞിരിക്കുന്നത് ശരിയാണെന്ന് അനുഭവത്തിൽകൂടെ മാത്രമേ മനസ്സിലാക്കുവാൻ കഴിയുകയുള്ളൂ.

ഐ.പി.സി.യിലെ ഭിന്നതാകാലമായ എട്ടുവർഷങ്ങൾ ഒരു ഇടക്കാലമായി പരിഗണിക്കേണ്ടതത്രേ. ആ കാലയളവിൽ ശരിയായ മാർഗ്ഗത്തിലൂടെയല്ലാതെ അകത്തു പ്രവേശിച്ചവരും അർഹിക്കാത്ത സ്ഥാനങ്ങളിൽ പറ്റിപ്പിടിച്ചവരും രണ്ടു പാർട്ടികളിലുമുണ്ട്. എന്നാൽ സഭയിൽ യോജിപ്പുണ്ടായിക്കഴിഞ്ഞപ്പോൾ ഇവർക്കു സ്ഥാനചലനം തട്ടിയതിന്റെ വിഷമതകൾ അവിടവിടെ തലപൊക്കുന്നുണ്ട്. ആ എട്ടു വർഷങ്ങളിലെ നേട്ടം ഐ.പി.സി.ക്ക് ഒന്നും പറവാനുണ്ടായിരിക്കയില്ല എന്നാണ് ഈ എഴുത്തുകാരൻ വിചാരിക്കുന്നത്." (പാസ്റ്റർ റ്റി.ജി. ഉമ്മൻ, ഐ.പി.സി.യും 50 വർഷത്തെ സേവനചരിത്രവും. പേജ് 60,61).

---

***പാസ്റ്റർ സി.കെ. ജോൺ***



*ഇന്ത്യാ പൂർണ്ണ സുവിശേഷ ദൈവസഭയുടെ വളർച്ചയിൽ നിർണ്ണായക പങ്കുവഹിച്ച വ്യക്തിയാണ് പാസ്റ്റർ ജോൺ. 1907-ൽ ജനിച്ചു. 1923 ഡിസംബർ 16നു രക്ഷിക്കപ്പെട്ടു. 1933-ൽ പെന്തെക്കോസ്ത് വിശ്വാസിയായി. 1948 മുതൽ പൂർണ്ണസമയ സുവിശേഷകനായി വാര്യാപുരം, പത്തനംതിട്ട, പുനലൂർ, ചെങ്ങന്നൂർ, എന്നീ സ്ഥലങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഇന്നത്തെ വൈ.പി.ഇയുടെ മുന്നോടിയായ യുവജന സംഘത്തിന്റെ ഡയറക്ടർ, കൗൺസിൽ മെമ്പർ, എക്സിക്യൂട്ടീവ് കൗൺസിലർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.*

7

# മലയാളികൾ പെന്തെക്കോസ്തു ദൂതുമായി ബാഹ്യ കേരളത്തിലേക്ക്

**പ്രേ**ഷിത പ്രാധാന്യമുള്ള ഒരു മാർഗ്ഗമെന്ന നിലയിൽ പെന്തെക്കോസ്ത് അതിനാലാകർഷിക്കപ്പെട്ടവരെ പ്രചരണതീഷ്ണതയുള്ളവരാക്കിതീർത്തത് സ്വഭാവികം മാത്രം. സ്വന്തനാടും സ്വന്ത സംസ്ക്കാരവും വെടിഞ്ഞ് മറ്റൊരു നാടിനെയും സംസ്ക്കാരത്തേയും സ്വന്തമായി കരുതുവാനുള്ള മലയാളിയുടെ സ്വാഭാവിക കഴിവും ആത്മിക ഉണർവ്വിനാൽ ഉത്തേജിപ്പിക്കപ്പെട്ട പ്രേക്ഷിതവാഞ്ഛയും പെന്തെക്കോസ്ത് പ്രവർത്തകരെ തങ്ങളുടെ പുത്തനനുഭവത്തിന്റെ സന്ദേശവുമായി മലയാളനാടിന്റെ അതിർ കടക്കുവാൻ പ്രേരിപ്പിച്ചു.

കേരളത്തിനു പുറത്തേക്ക് പെന്തെക്കോസ്ത് സന്ദേശവുമായി ആദ്യം പോയ മലയാളി സുവിശേഷകൻ പന്തളം മത്തായിച്ചൻ തന്നെ. മറ്റു പല കാര്യങ്ങളിലുമെന്നപോലെ പ്രേക്ഷിതവൃത്തിയിലും മത്തായിച്ചന് മുൻഗാമികളില്ല. 1912-ൽ ആത്മസ്നാനം പ്രാപിക്കുന്ന മത്തായിച്ചൻ അതിനു മുമ്പുതന്നെ മാർത്തോമ്മാ സഭയുടെ സുവിശേഷകനായി ബാഹ്യകേരളത്തിലെ പല സ്ഥലങ്ങളിലും സുവിശേഷം പ്രചരിപ്പിച്ചിരുന്നു. പെന്തെക്കോസ്ത് മാർഗ്ഗം സ്വീകരിച്ചപ്പോൾ വീണ്ടും ഈ നാടുകളിലൊക്കെ ചുറ്റി സഞ്ചരിച്ച് അദ്ദേഹം പുതുവിശ്വാസത്തിന്റെ പ്രചാരകനായി. തഞ്ചാവൂരും, പാപനാശവും, പോണ്ടിച്ചേരിയും, മംഗലാപുരവുമെല്ലാം അദ്ദേഹത്തിന്റെ വിഹാരരംഗങ്ങളായിരുന്നു. എന്നാൽ, മുകൾ പറഞ്ഞ സ്ഥലങ്ങളിലെല്ലാം ചുറ്റിസഞ്ചരിച്ച് പെന്തെക്കോസ്ത് ദൂതറിയിച്ചപ്പോഴും

അദ്ദേഹത്തിന്റെ പ്രധാന വയൽപ്രദേശം തെക്കൻ തിരുവിതാംകൂറായിരുന്നു.

തിരുവിതാംകൂറിലെ പെന്തെക്കോസ്ത് പ്രവർത്തനങ്ങൾക്ക് ഒരു മുന്നേറ്റമുണ്ടാകുന്നത് 1920 മുതലാണ്. 1920 മുതൽ 1930 വരെയുള്ള ഒരു ദശകത്തിൽ പ്രവർത്തനം ഏതാണ്ട് മദ്ധ്യതിരുവിതാംകൂറിൽ മാത്രമായി കേന്ദ്രീകരിച്ചിരുന്നുവെന്നതാണ് സത്യം. അന്ന് ഇവിടെയുണ്ടായിരുന്ന വിദേശമിഷനറിമാരും പെന്തെക്കോസ്ത് മാർഗ്ഗം സ്വീകരിച്ച സ്വദേശി പ്രവർത്തകരും മദ്ധ്യതിരുവിതാംകൂറിൽതന്നെ തങ്ങളുടെ പ്രവർത്തനം ഒതുക്കിനിർത്തി.

1930ലാണ് കേരളത്തിലെ പെന്തെക്കോസ്ത് സഭകൾ അസംബ്ലീസ് ഓഫ് ഗോഡ്, മലങ്കര പൂർണ്ണ സുവിശേഷസഭ, തെന്നിന്ത്യാ പെന്തെക്കോസ്ത് സഭ എന്നിങ്ങനെ വിഭജിക്കപ്പെട്ട നിലയിൽ പ്രവർത്തിച്ചു തുടങ്ങുന്നത്. ഈ കാലയളവു മുതൽ എല്ലാ സഭകളും തങ്ങളുടെ വയൽപ്രദേശത്തിന്റെ അതിർത്തി കേരളത്തിനു പുറത്തേക്ക് വ്യാപിപ്പിച്ചു.

അസംബ്ലീസ് ഓഫ് ഗോഡിന്റെ പ്രവർത്തനങ്ങൾ 1915 മുതലേ നോർത്ത് ഇന്ത്യയിൽ ശക്തമായിരുന്നു. മിഷനറിമാരായിരുന്നു അവയ്ക്ക് നേതൃത്വം കൊടുത്തിരുന്നത്. ഓരോ സ്ഥലങ്ങളിലെയും പ്രവർത്തനങ്ങൾ അതാതു സ്ഥലത്തേക്ക് അയയ്ക്കപ്പെട്ട മിഷനറിമാരാലായിരുന്നതിനാൽ മലയാളികളുൾപ്പെടെയുള്ള എ.ജി. പ്രവർത്തകർ സന്ദർശനത്തിനൊഴികെ സ്ഥിരമായ പ്രവർത്തനത്തിനു പോവുക സാധാരണമല്ലായിരുന്നു. എന്നാൽ, വടക്കെ ഇന്ത്യയിലെ എ.ജി. പ്രവർത്തനങ്ങൾ ഇക്കാലയളവിൽ മിഷനറിമാരാൽ സമ്പുഷ്ടമാക്കപ്പെട്ടുകൊണ്ടിരുന്നു.

തെന്നിന്ത്യാ പെന്തെക്കോസ്ത് സഭയിലെ പി.എം. സാമുവൽ 1930 ആഗസ്റ്റിൽ തിരുനെൽവേലിയിലെ നസറേത്ത് എന്ന സ്ഥലത്ത് പെന്തെക്കോസ്ത് മിഷനറിയായെത്തി. അന്ന് തെന്നിന്ത്യാ സഭ സിലോൺ പെന്തെക്കോസ്ത് മിഷനുമായുള്ള സഹകരണത്തിലായിരുന്നതിനാൽ തിരുനൽവേലിയിലെ സി.പി.എം. മായി സഹകരിച്ചാണ് സാമുവൽ നസറേത്തിൽ തന്റെ പ്രവർത്തനം നടത്തിയത്. വലിയ ഒരു ഉണർവ്വ് ആ സ്ഥലത്ത് പടർന്നുപിടിക്കുകയും ഒരു പെന്തെക്കോസ്ത് സഭ വളരെ പെട്ടെന്ന് അവിടെ ഉടലെടുക്കുകയും ചെയ്തു.

മദ്രാസ് നഗരത്തിനടുത്ത് 'പൂനമലി' എന്ന സ്ഥലത്തെ പെന്തെക്കോസ്ത് പ്രവർത്തകനായ പാസ്റ്റർ ഗോപാലൻ ദാനിയേൽ നസറേത്തിലെ ഉണർവ്വിനെ കുറിച്ച് കേട്ടറിഞ്ഞ് പാസ്റ്റർ സാമുവലിനെ വിളിച്ച് ആ സ്ഥലത്തും ചില ഉണർവ്വു യോഗങ്ങൾ നടത്തി. മദ്രാസ് പട്ടണത്തിലും ചില യോഗങ്ങൾ സംഘടിപ്പിക്കപ്പെട്ടു. ഈ യോഗങ്ങളുടെ ഫലമായി പന്ത്രണ്ട് സുവിശേഷകർ പാസ്റ്റർ സാമുവലിനോടു ചേർന്നു പ്രവർത്തിക്കുവാൻ മുന്നോട്ടിറങ്ങി. ഈ ഉണർവ്വുകളുടെ ഫലമായി പതിനാല് സഭാകൂടിവരവുകൾ തമിഴ്നാട്ടിൽ ഉടലെടുത്തു.

**കുക്ക് സായ്പിന്റെ പ്രവർത്തനം**

1913-ൽ ഇന്ത്യയിലെത്തിയശേഷം ആദ്യമായി കുക്ക് സായ്പ് പ്രവർത്തിച്ചത് തമിഴ്നാട്ടിലെ തിരുനെൽവേലി ജില്ലയിലായിരുന്നു. അന്ന് ചാൾസ് കമ്മിൻസും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. എന്നാൽ തിരുവിതാംകൂറിൽ പ്രവർത്തനം കേന്ദ്രീകരിച്ചതിനുശേഷം അദ്ദേഹം തമിഴ്നാട്ടിലെ പ്രവർത്തനങ്ങളിൽ ശ്രദ്ധിക്കാതെയിരിക്കയായിരുന്നു.

വിഭജനത്തിനുശേഷം കുക്ക് സായ്പും തന്റെ പ്രവർത്തനം തമിഴ്നാട്ടിലേക്ക് വ്യാപിപ്പിച്ചു. ഒരു ബൈബിൾ അദ്ധ്യാപകനായിരുന്ന പാസ്റ്റർ. ബഞ്ചമിനുമായുള്ള

പരിചയത്തിന്റെ പേരിൽ അദ്ദേഹത്തിനു മധുരയിൽ ചില ഉണർവ്വുയോഗങ്ങൾ സംഘടിപ്പിക്കുവാൻ കഴിഞ്ഞു. തുടർന്ന് തൃശ്ശിനാപ്പള്ളിയിലും ഒരു പ്രവർത്തനമാരംഭിച്ചു. മദ്രാസിൽ പ്രവത്തിച്ചുകൊണ്ടിരുന്ന പാസ്റ്റർ കെ. ജി. ദാനിയേലിനെ കുക്ക് സായ്പിനു പരിചയപ്പെടുത്തി കൊടുത്തതും പാസ്റ്റർ ബഞ്ചമിൻ തന്നെയാണ്.

കുക്ക് സായ്പിന്റെ പ്രവർത്തനങ്ങൾ തമിഴ്നാട്ടിൽ വേരു പിടിക്കുന്നത്, സീയോൻകുന്ന് ബൈബിൾ സ്കൂളിൽ പഠിച്ചിറങ്ങിയ മിഷനറി ദർശനമുള്ള ചില യുവാക്കൾ തമിഴ്നാട് തങ്ങളുടെ വേല സ്ഥലമായി തെരഞ്ഞെടുത്തതോടെയാണ്. ഇവരിൽ കെ.കെ. കുരുവിള, ചാക്കോ, ജോൺ തുടങ്ങിയ യുവാക്കൾ വളരെ കഷ്ടതകളിലൂടെ തമിഴ്നാട്ടിൽ പ്രവർത്തിച്ചവരാണ്. ശിവകാശി, നാക്കനേരി, മാങ്കുഴി തുടങ്ങിയ സ്ഥലങ്ങളിലൊക്കെ കുരുവിളയുടെ പ്രവർത്തനഫലമായി സഭകൾ ഉടലെടുത്തു. ചാക്കോ പ്രവർത്തിച്ചിരുന്നത് പാപനാശം എന്ന സ്ഥലത്താണ്. ഇവരെക്കൂടാതെ വി.കെ. ഏലിയാമ്മ, കെ.സി. ഏലിയാമ്മ, സിസ്റ്റർ എസ്ഥേർ തുടങ്ങിയ മഹിളാ പ്രവർത്തകരും കുക്ക് സായ്പിന്റെ തമിഴ്നാട്ടിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയവരാണ്.

**ആന്ധ്രായിലേക്ക്**

1932 ലാണ് പി.എം. സാമുവൽ ആന്ധ്രായിലേക്ക് പോകുന്നത്. മസൂലി പട്ടണത്തിലെ റ്റി. പി. ഗുരുപാദം എന്നൊരാളുടെ ക്ഷണം സാമുവൽ ആന്ധ്രായിലെത്തുന്നതിനു നിമിത്തമായി. തനിക്കായി നിയോഗിച്ച സ്ഥലത്തുതന്നെ ദൈവം തന്നെ കൊണ്ടെത്തിച്ചുവെന്ന് പി.എം. സാമുവലിനു ബോധ്യമായി. തെലുങ്കു നാട്ടിലുടനീളം സാമുവൽ ഓടി നടന്ന് പ്രവർത്തിച്ചു. ആദ്യകാലങ്ങളിൽ തന്റെ പ്രവർത്തനത്താൽ ഉത്തേജിപ്പിക്കപ്പെട്ടവർ ഉണർത്തപ്പെട്ടവരായി വ്യവസ്ഥാപിത സഭകളോടു തന്നെ ചേർന്നുപോയെങ്കിലും പിൽക്കാലത്ത് പൂർണ്ണസുവിശേഷ സഭകൾ അവിടവിടെയായി രൂപികരിക്കപ്പെട്ടു.

ആന്ധ്രാ, വിശാലമായൊരു വയൽ പ്രദേശമായിരുന്നു. ഈ അറിവും നിയോഗവുമാണ് ഏറെത്താമസിയാതെ പി.റ്റി. ചാക്കോ, റ്റി.കെ. തോമസ്, ഫിലിപ്പ് ഏബ്രഹാം തുടങ്ങിയവരെ തെലുങ്കു നാട്ടിലേക്കാകർഷിച്ചത്. അവരൊന്നിച്ചുള്ള പ്രവർത്തനം പതിനായിരങ്ങളെ പെന്തെക്കോസ്ത് സത്യങ്ങളിലേക്കാകർഷിക്കുന്നതിനും നൂറുകണക്കിനു തെലുങ്കു പെന്തെക്കോസ്തു സഭകൾ ഉടലെടുക്കുന്നതിനും കാരണമായി.

പിന്നെ തെലുങ്കുനാട്ടിലേക്ക് മിഷനറിമാരുടെ ഒരു പ്രവാഹം തന്നെയായിരുന്നു. സെക്കൻഡ്രാബാദ് രാംനഗറിലെ എ.എൻ. മാത്യു ഇന്നും പ്രവർത്തന നിരതനായിരിക്കുന്ന ഒരു ആദ്യകാല മിഷനറിയാണ്.

1940 കളുടെ ആരംഭത്തിൽ സീയോൻ കുന്ന് ബൈബിൾ സ്കൂളിൽ നിന്നും വൈദികപഠനം കഴിഞ്ഞിറങ്ങിയ ഏബ്രഹാം എന്നയാൾ ആന്ധ്രായിലെ വേലയെക്കുറിച്ചുള്ള പ്രത്യേക ദർശനത്തൊടെ നെല്ലൂരിനടുത്ത് കോവൂർ എന്ന സ്ഥലത്തെത്തി. ആന്ധ്രായിലെ ചർച്ച് ഓഫ് ഗോഡിന്റെ ആരംഭമായി അതിനെ കണക്കാക്കാം. ഈ പ്രവർത്തനത്തെപ്പറ്റി കുക്ക് സായ്പ് 'ഡിവൈൻ ലീഡിംഗ്സിൽ പറയുന്നു.

''ആന്ധ്രായിലേക്ക് കൂടുതൽ പ്രവർത്തകരെ അയച്ചുതരണമെന്ന് ഏബ്രഹാം സ്ഥിരമായി ഞങ്ങളോട് അപേക്ഷിച്ചുകൊണ്ടിരുന്നു. അതിൻപ്രകാരം 1943 ഫെബ്രുവരിയിൽ നേരത്തെ തെലുങ്കുനാ

ട്ടിൽ താമസിച്ചിരുന്ന ഐ. സി. മാത്യുവിനെയും കുടുംബത്തെയും ഞങ്ങൾ മിഷനറിമാരായി അയച്ചു. എന്നാൽ ഒന്നോ രണ്ടോ പേരുടെ പ്രവർത്തനംകൊണ്ട് ആന്ധ്രായുടെ വയൽ കൊയ്തെടുക്കുക എളുപ്പമല്ലായിരുന്നു. ബ്രദർ മാത്യുവും, ബ്രദർ ഏബ്രഹാമും ഓരോ പ്രാവശ്യത്തെയും വാർഷിക കൺവൻഷനിൽ ആന്ധ്രായിലെ പ്രവർത്തനത്തെപ്പറ്റി കൂടുതൽ മിഷനറിമാരെ ആവശ്യപ്പെട്ടുകൊണ്ടേയിരുന്നു." (R.F. Cook Divine Leadings, Page 145).

**കർണ്ണാടകയിലേക്ക്**

പെന്തെക്കോസ്തു സന്ദേശവുമായി കർണ്ണാടകയിൽ ആദ്യമായെത്തുന്നത് പാസ്റ്റർ കെ. സി. ചെറിയാനാണ്. കോഴിക്കോട്ട് പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ പെന്തെക്കോസ്തു വിശ്വാസം സ്വീകരിച്ച റോബർട്ട് എന്ന കർണ്ണാടക സ്വദേശിയുടെ ക്ഷണമനുസരിച്ചാണ് 1933 സെപ്റ്റംബറിൽ അദ്ദേഹം മംഗലാപുരത്ത് എത്തുന്നത്. മൂന്നു മാസത്തെ പ്രവർത്തനഫലമായി പതിമൂന്നു പേരെ അദ്ദേഹം സ്നാനപ്പെടുത്തി.

1939 ലാണ് പാസ്റ്റർ വി.ജെ. ഏബ്രഹാം കർണ്ണാടകത്തിലെ പെന്തെക്കോസ്തു പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തുകൊണ്ട് ഉഡുപ്പിയിലെത്തിയത്. അദ്ദേഹത്തിന്റെ പ്രവർത്തനഫലമായി കർണ്ണാടകത്തിലെ പ്രവർത്തനങ്ങൾക്ക് ഒരു പുതുജീവൻ ലഭ്യമായെന്നു പറയാം. പിന്നീട് ഹൂബ്ളിയിലേക്ക് അദ്ദേഹം തന്റെ പ്രവർത്തനമണ്ഡലം മാറ്റി. കന്നട സുവിശേഷകരെ പരിശീലിപ്പിക്കാൻ ഒരു ബൈബിൾ സ്കൂളും സുവിശേഷീകരണലക്ഷ്യത്തോടുകൂടി ഒരു കന്നഡമാസികയും അദ്ദേഹം തുടങ്ങി.

കെ.സി. മാത്യൂസ്, പോൾ വർക്കി, സി. യേശുദാസ്, ജേക്കബ് തോമസ് തുടങ്ങിയവരും കർണ്ണാടകയിൽ പ്രവർത്തിച്ചവരാണ്. എന്നാൽ കർണ്ണാടകയിലെ പ്രവർത്തനത്തിനു പിൽക്കാലങ്ങളിൽ പ്രതീക്ഷിച്ചത്ര മുന്നേറ്റമുണ്ടായില്ല. പൊതുവെ മിഷൻ സർക്കിളിൽ അറിയപ്പെടുന്നതുപോലെ കർണ്ണാടകം ഇന്നും പ്രേക്ഷിതവേലയുടെ ശവപ്പറമ്പായി തന്നേ തുടരുന്നു.

കർണ്ണാടകത്തിൽ ഇന്നുള്ള പ്രവർത്തനങ്ങളും പൊതുവേ മലയാളികളുടെയോ, തമിഴരുടെയോ ഇടയിലാണ്. ചുരുക്കം ചില കന്നട സഭകൾ ഇല്ലെന്നില്ല. എന്നാൽ അതിലും നല്ലൊരു ശതമാനം പട്ടണത്തിലോ അതിന്റെ പരിസരപ്രദേശങ്ങളിലോ ആണ്. കർണ്ണാടകത്തിലെ ഗ്രാമങ്ങൾ സുവിശേഷരഹിതമായി തുടരുന്നുവെന്നു പറഞ്ഞാൽ അതിൽ അത്ര വലിയ അതിശയോക്തിയൊന്നുമില്ല.

**ഉത്തരേന്ത്യയിലേക്ക്**

വടക്കെ ഇന്ത്യയിലേക്ക് പെന്തെക്കോസ്തു സന്ദേശവുമായി ആദ്യം യാത്ര തിരിക്കുന്ന മലയാളി മിഷനറി പാസ്റ്റർ എം.കെ. ചാക്കോയാണ്. 1936-ൽ അദ്ദേഹം ഉത്തർപ്രദേശിലെ കാൺപൂരിലെത്തി. 1938-ൽ പ്രവർത്തനം ഡൽഹിയിലേക്കു വ്യാപിപ്പിച്ചു.

തദ്ദേശീയരായ ജനങ്ങളെ കേന്ദ്രീകരിച്ചായിരുന്നു പാസ്റ്റർ ചാക്കോയുടെ പ്രവർത്തനങ്ങൾ. ഡൽഹിയിലെ കരോൾബാഗിൽ താമസിയാതെ ഒരു ചെറിയ കൂട്ടായ്മ രൂപപ്പെട്ടു. യോഗങ്ങൾ നടന്നത് ഹിന്ദി ഭാഷയിലായിരുന്നു. ഡൽഹിയിലെ സാധാരണ ജനങ്ങളുടെയിടയിലും ഉന്നതോദ്യഗസ്ഥരുടെയിടയിലും ഒരുപോലെ ആദരിക്കപ്പെട്ട സുവിശേഷകനായിരുന്നു പാസ്റ്റർ ചാക്കോ.

1940കളിലാണ് കെ.ജെ.ഫിലിപ്പ്, കെ. ജെ. സാമുവൽ തുടങ്ങിയ ദൈവഭൃത്യൻമാർ വടക്കെ ഇന്ത്യയിലേക്ക്

സുവിശേഷവുമായി പോകുന്നത്. കെ.ജെ. ഫിലിപ്പ് 1945-ൽ അന്ന് ഒറീസ്സയുടെ തലസ്ഥാനമായിരുന്ന കട്ടക്കിൽ എത്തി. അവിടെയുള്ള ബാപ്റ്റിസ്റ്റ് പ്രസ്ബിറ്റീരിയൻ സഭകളിൽ ഫിലിപ്പ് നടത്തിയ ഉണർവ്വു യോഗങ്ങളിൽ അനേകർ ആത്മസ്നാനം പാപിച്ചത് പെന്തെക്കോസ്തു പ്രവർത്തനത്തിനു വിശാലമായൊരു വാതിൽ തുറന്നു കിട്ടുന്നതിനു കാരണമായി. അന്ന് ഡൽഹിയിലുണ്ടായിരുന്ന പാസ്റ്റർ എം.കെ. ചാക്കോ ഒറീസ്സയിലെത്തി ചില ഉണർവ്വുയോഗങ്ങൾ നടത്തി. കെ.ഇ. ഏബ്രഹാമും, എം.എം. ഡാനിയേലും ഒറീസ്സയിൽ 1946-ൽ കെ.ജെ.ഫിലിപ്പ് നടത്തിയ യോഗങ്ങളിൽ പ്രസംഗകരായിരുന്നു. പിന്നീട് അദ്ദേഹം തനിക്കുണ്ടായ പ്രത്യേക ദർശനത്താൽ ഉത്തരേന്ത്യയിലും മറ്റു വിദേശരാജ്യങ്ങളിലും മിഷനറിപ്രവർത്തനങ്ങൾക്കായി കടന്നുപോയി.

കെ.ജെ. സാമുവൽ, ഇന്നു പാക്കിസ്ഥാന്റെ ഭാഗമായ ലാഹോറിലാണ് സുവിശേഷവുമായെത്തിയത്. അവിടെ അദ്ദേഹത്തിന്റെ പ്രവർത്തനഫലമായി ഒരു പെന്തെക്കോസ്തു സഭ തുടങ്ങുവാൻ മാത്രമല്ല, വടക്കേ ഇന്ത്യയിലെ സുവിശേഷകരെ പരിശീലിപ്പിക്കുന്നതിനായി ഒരു ചെറിയ ബൈബിൾ സ്കൂൾ ആരംഭിക്കാൻ തന്നെ സാമുവലിനു കഴിഞ്ഞു. 'ലാഹോർ തിയോളജിക്കൽ കോളേജ്' എന്നായിരുന്നു അതിന്റെ പേര്.

ആ കോളേജിന്റെ പരസ്യം 1947 ജനുവരി മാസത്തെ (1122 മകരം) സീയോൻ കാഹളത്തിന്റെ കവർപേജിൽ കൊടുത്തിട്ടുണ്ട്.

"ലാഹോർ തിയോളജിക്കൽ കോളേജ് ലാഹോർ പെന്തെക്കോസ്തു ദൈവസഭയുടെ ആഭിമുഖ്യത്തിൽ ലാഹോർ തിയോളജിക്കൽ കോളേജ് എന്ന നാമത്തിൽ ഒരു വൈദിക അഭ്യസനശാല തുറക്കുവാൻ കർത്താവിലാഗ്രഹിക്കുന്നു. പ്രാരംഭ സെഷൻ ഗോസ്പൽ ഹാളിൽ 1947 മാർച്ച് 1 നു ആരംഭിക്കുന്നതും ഒരു മാസത്തേക്ക് തുടരുന്നതുമായിരിക്കും. ഉറുദു ക്ലാസ്സ് പിന്നെയും തുടരുന്നതാണ്. കോളേജിലെ ജീവിതചര്യ ആശ്രമജീവിത പദ്ധതിയിലായിരിക്കാം."

സീയോൻ കാഹളം, വാല്യം 5, ലക്കം 6) വിഭജനകാലത്ത് കെ.ജെ. സാമുവൽ ലാഹോറിലായിരുന്നു. അന്ന് അദ്ദേഹം നേരിടേണ്ടിവന്ന പ്രതികൂലങ്ങളെ ആയിടെ സീയോൻ കാഹളത്തിനു അദ്ദേഹമയച്ച കത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഏറെത്താമസിയാതെ അദ്ദേഹം കേരളത്തിലേക്ക് മടങ്ങി.

**ബാഹ്യകേരളം രണ്ടാം ഘട്ടം**

മലയാളക്കരയിൽ പെന്തെക്കോസ്തു പ്രവർത്തനത്തിനു നേതൃത്വം വഹിച്ചവരും അതിൽ പ്രാഗൽഭ്യം തെളിയിച്ചവരുമാണ് ആദ്യകാലത്ത് ബാഹ്യകേരള പ്രവർത്തനത്തിനൊരുമ്പെട്ട് കേരളം വിട്ടതെങ്കിൽ സുവിശേഷ പ്രവർത്തനത്തിനായി ദൈവീക ദർശനം ഉണ്ടായപ്പോൾ തന്നെ നേരിട്ട് വടക്കേ ഇന്ത്യയിലെത്തി അവിടെ തങ്ങളുടെ പ്രാഗൽഭ്യം തെളിയിച്ച യുവാക്കളാണ് രണ്ടാം ഘട്ടത്തിൽ പ്രവർത്തനത്തിന്റെ നായകത്വം വഹിച്ചത്. അവരിൽ തലമൂത്ത പ്രവർത്തകർ ഇറ്റാർസിയിലെ പാസ്റ്റർ കുര്യൻ തോമസ്, റായ്പൂരിലെ പാസ്റ്റർ പി.സി. സാമുവൽ തുടങ്ങിയവരാണ്.

1943 മുതൽ കുര്യൻ തോമസ് വടക്കെ ഇന്ത്യയിലുണ്ടായിരുന്നു. രണ്ടുവർഷം അദ്ദേഹം ലാഹോറിലായിരുന്നു. (പാക്കിസ്ഥാൻ) 1945 മുതലാണ് മദ്ധ്യപ്രദേശിൽ പ്രവർത്തിച്ചു തുടങ്ങുന്നത്. ഉത്തരേന്ത്യൻ ജനതയോട് അവരുടെ നിലയിൽ നിന്ന് സുവിശേഷമറിയിക്കുന്നതിൽ വിജയം കണ്ടെത്തിയ വ്യക്തിയായിരുന്നു കുര്യൻ തോമസ്.

പി.എസ്. സാമുവൽ 1945-ൽ സ്നാനമേറ്റശേഷം താമസിയാതെതന്നെ കേരളത്തിനു പുറത്തേക്ക് സുവിശേഷവുമായി യാത്രതുടരുകയായിരുന്നു. ആദ്യം തെക്കെ ഇന്ത്യയിലെ തഞ്ചാവൂർ, വിളിപ്പുറം, തൃശ്ശിനാപ്പള്ളി എന്നിവിടങ്ങലിലൊക്കെ സഞ്ചരിച്ച് സുവിശേഷമറിയിച്ച സാമുവലിന്റെ ആഗ്രഹം സന്യാസമാർഗ്ഗം സ്വീകരിക്കണമെന്നായിരുന്നു. എന്നാൽ ദൈവം അദ്ദേഹത്തെ പട്ടണങ്ങളിൽ നിന്ന് പട്ടണങ്ങളിലേക്ക് സുവിശേഷവുമായി നിയോഗിച്ചു.. 1948-ൽ കൽക്കട്ടയിലും പിന്നീട് നാഗ്പൂരിലും അവിടെനിന്ന് 1952-ൽ കട്ടക്കിലും ഒക്കെ സുവിശേഷവുമായി യാത്ര ചെയ്ത് സഭകൾ സ്ഥാപിച്ചെങ്കിലും 1949 മുതൽ അദ്ദേഹത്തിന്റെ ആസ്ഥാനം റായ്പ്പൂരാണ്.

ഏറെക്കഴിഞ്ഞാണ് ഉത്തരേന്ത്യയിലെത്തിയതെങ്കിലും പ്രവർത്തനവിജയം കൊണ്ട് ശ്രദ്ധിക്കപ്പെടുന്ന മറ്റൊരാളാണ് രാജസ്ഥാനിലെ പാസ്റ്റർ തോമസ് മാത്യു. 1963ലാണ് അദ്ദേഹം കേരളം വിടുന്നത്. തദ്ദേശീയരുടെയിടയിൽ തന്നെ പ്രവർത്തനം കേന്ദ്രീകരിച്ചുവെന്നതാണ് തോമസ് മാത്യുവിനെ ആദ്യകാലപ്രവർത്തകരുടെയിടയിലേക്കുയർത്തുന്ന പ്രധാന ഘടകം. ഉത്തരേന്ത്യൻ പ്രവർത്തനത്തിൽ മുപ്പതു കൊല്ലം പിന്നിട്ട തോ മസ് മാത്യുസിനോടൊപ്പം ഇന്ന് നാനൂറിലേറെ മിഷനറിമാർ പ്രവർത്തിക്കുന്നുണ്ട്. അവരിൽ മിക്കവരും തദ്ദേശീയർ തന്നെയാണ്.

**മറുനാടൻ മലയാളികളുടെയിടയിലെ പ്രവർത്തനങ്ങൾ**

1950 വരെയും കേരളത്തിൽ നിന്ന് സുവിശേഷവുമായി മറുനാട്ടിലേക്ക് പോയ പെന്തെക്കോസ്തു പ്രവർത്തകരുടെ 'ടാർജറ്റ്' ഒരിക്കലും മലയാളികളല്ലായിരുന്നു. തദ്ദേശീയരായ ജനങ്ങളുടെ സുവിശേഷീകരണം മാത്രമായിരുന്നു അവരുടെ ലക്ഷ്യം. 1950 കൾക്കുശേഷം സ്ഥിതി മാറി. ജോലി തേടിയും മറ്റും മറുനാട്ടിലെത്തിയിരിക്കുന്ന മലയാളികളുടെയിടയിലേക്കും പ്രവർത്തനം വ്യാപിപ്പിക്കേണ്ടതാവശ്യമാണെന്ന് പല പ്രവർത്തകരും ചിന്തിച്ചു. എന്നാൽ അന്നും അവരുടെ മെയ്ൻ ടാർജറ്റ് തദ്ദേശീയർ തന്നെയായിരുന്നു.

1956-ൽ പാസ്റ്റർ എം.കെ. ചാക്കോ ഡൽഹിയിലെ ഇന്ദ്രപുരിയിൽ ഒരു പ്രത്യേകയോഗം നടത്തി. ആ യോഗത്തിൽ വച്ചാണ് ഒരു മിലിട്ടറി ഉദ്യോഗസ്ഥനായ കെ.റ്റി.തോമസ് രക്ഷിക്കപ്പെടുന്നത്.

സുവിശേഷപ്രവർത്തനത്തിൽ ഉത്സുകനായ തോമസ് മോത്തീബാഗിൽ ഡൽഹിയിലെ ആദ്യത്തെ മലയാളത്തിലുള്ള പെന്തെക്കോസ്താരാധനയ്ക്ക് തുടക്കം കുറിച്ചു. മൂന്നു കുടുംബങ്ങളുള്ള ഒരു ചെറിയ കൂട്ടം. (ഈ യോഗങ്ങളിൽ മലയാളികളെ കൂടാതെ ചില ഹിന്ദുക്കളും സംബന്ധിച്ചിരുന്നു. അതിനാൽ പ്രസംഗവും മറ്റും ഹിന്ദിയിലേക്ക് തർജ്ജിമ ചെയ്തിരുന്നു).

ഏതാണ്ട് ഇതേ കാലയളവോടെ ഇന്ത്യയിലെ മെട്രോപ്പോലിറ്റൻ പട്ടണങ്ങളിലെല്ലാം മലയാളി പെന്തെക്കോസ്താരാധനകൾ ആരംഭിച്ചുവെന്നു പറയാം. സ്വാതന്ത്ര്യപ്രാപ്തിക്കു ശേഷം ജോലി തേടി മറുനാട്ടിലെത്തിയ പെന്തെക്കോസ്തരുടെ ഒരു കൂട്ടായ്മ എന്ന നിലയിലാണ് പല വലിയ പട്ടണങ്ങളിലും മലയാളി സഭകൾ ആരംഭിക്കുന്നത്. അവയ്ക്ക് പ്രത്യേക ശുശ്രൂഷകരായി മുഴുസമയ പ്രവർത്തകരും മറ്റും ഉണ്ടായിരുന്നില്ല. വിശ്വാസികൾ തന്നെയായിരുന്നു ശുശ്രൂഷകൾക്കു നേതൃത്വം കൊടുത്തിരുന്നത്. എന്നാൽ ക്രമേണ വിശ്വാസികൾ തങ്ങളുടെ സ്ഥാപനങ്ങളിലും മറ്റും ജോലിയെടുക്കുന്ന മറ്റു

മലയാളികളെയും ഈ കൂട്ടായ്മകൾക്കു ക്ഷണിക്കുവാൻ തുടങ്ങിയതോടെ മറുനാടൻ മലയാളികളുടെയിടയിലെ സുവിശേഷീകരണം എന്നത് ഒരു യാഥാർത്ഥ്യമായി. മിക്ക മറുനാടൻ മലയാളി സഭകളും മുഴുസമയ പ്രവർത്തകരെ ശുശ്രൂഷകരായി സ്വീകരിച്ചുതുടങ്ങി.

1969-ൽ ഉത്തരേന്ത്യയിലെ മലയാളി പെന്തെക്കോസ്തു പ്രവർത്തനങ്ങളുടെ വ്യാപ്തിക്കായി ഇന്ത്യാപെന്തെക്കോസ്തു ദൈവസഭ ഐ.പി.സി. നോർത്തേൺ റീജിയൺ സ്ഥാപിച്ചു. അന്ന് ബോംബെ ചെമ്പൂർ സഭയിൽ ശുശ്രൂഷിച്ചുകൊണ്ടിരുന്ന പാസ്റ്റർ കെ.വി. കുര്യൻ ആയിരുന്നു പ്രസിഡണ്ട്. ഡൽഹിയിലെ പാസ്റ്റർ കെ. റ്റി. തോമസ് സെക്രട്ടറിയും. നാല് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ (കേരളം, തമിഴ്നാട്, ആന്ധ്രാ, കർണ്ണാടക) ഒഴികെയുള്ള വിശാലമായ ഉത്തരേന്ത്യൻ ഭൂമിയാണ് അന്ന് നോർത്തേൺ റീജിയന്റെ കീഴിലുണ്ടായിരുന്നത്. 1970-ൽ പഞ്ചാബ്, ആസ്സാം, ഗുജറാത്ത്, ഹരിയാന, ഉത്തർപ്രദേശ്, മധ്യപ്രദേശ്, മഹാരാഷ്ട്രാ, ബീഹാർ, ഒറീസ്സാ മുതലായ സംസ്ഥാനങ്ങളിലായി ഇരുപതു സഭകൾ നോർത്തേൺ റീജിയന്റെ കീഴിലുണ്ടായിരുന്നു. ഈ സഭകളിലെ ശുശ്രൂഷകരെല്ലാം തന്നെ മലയാളികളായിരുന്നു. (ഉത്തരേന്ത്യൻ ഊഷരഭൂമിയിൽ, കെ.വൈ. ഗീവർഗീസ്, പേജ് 103,104).

ഡൽഹിക്ക് വടക്കോട്ട് പഞ്ചാബിലും കാശ്മീരിലും മറ്റും പെന്തെക്കോസ്തു പ്രവർത്തനങ്ങൾ വ്യപകമായത് ഈ കാലയളവിലാണ്. മുഖ്യധാരാ പെന്തെക്കോസ്തു സഭയിലെ അംഗമല്ലെങ്കിൽ കൂടെ പെന്തെക്കോസ്തുപദേശങ്ങൾ പഠിപ്പിക്കാൻ വൈമുഖ്യം കാട്ടാത്ത പി.എം. തോമസ് (കാശ്മീർ ഇവാഞ്ചലിക്കൽ ഫെലോഷിപ്പ്) ആണ് ഈ പ്രദേശങ്ങളിലെ പെന്തെക്കോസ്തു വേലയുടെ പ്രാരംഭകൻ. ഇന്ന് ഈ സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന മിക്കവാറും എല്ലാ സുവിശേഷസംഘങ്ങളും ഒരു കാലത്ത് പി.എം. തോമസിനോടു ചേർന്നു പ്രവർത്തിച്ചവരാണ്. 1963ലായിരുന്നു പി.എം. തോമസ് തന്റെ ആദ്യത്തെ സഭ കാശ്മീരിലാരംഭിക്കുന്നത്.

1971-ലാണ് പി.ജി. വർഗീസ് രക്ഷിക്കപ്പെടുന്നത്. പട്ടാള ഉദ്യോഗസ്ഥനായിരുന്ന വർഗീസ് 1973-ൽ കട്രയിലെ തദ്ദേശവാസികളായ സാധാരണക്കാർക്കിടയിൽ പ്രവർത്തനമാരംഭിച്ചു. 1976-ൽ 'ഇന്ത്യൻ ഇവാഞ്ചലിക്കൽ ടീം' എന്ന പേരോടെ വർഗ്ഗീസിന്റെ സുവിശേഷസംഘം ഔദ്യോഗികരൂപം കൈവരിച്ചു.

കാശ്മീരിലും അയൽ സംസ്ഥാനങ്ങളിലും ഐ.പി.സി.യുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത ക്യാപ്റ്റൻ എ.എം. സാമുവൽ തദ്ദേശീയരുടെയിടയിൽ പ്രവർത്തനം വ്യാപിപ്പിക്കാൻ പരിശ്രമിച്ച ഒരാളാണ്.

### ഉത്തരേന്ത്യൻ പെന്തെക്കോസ്തു പ്രവർത്തനം വ്യവസ്ഥാപിത സഭകൾക്കു പുറത്ത്

1960 കൾ വരെ ബാഹ്യകേരളപ്രവർത്തനങ്ങളിൽ മുഴുകിയിരുന്ന പെന്തെക്കോസ്തു പ്രവർത്തകരിൽ മിക്കവാറും എല്ലാവർക്കും മുഖ്യധാര പെന്തെക്കോസ്തു സഭകളുമായി സജീവ ബന്ധമുണ്ടായിരുന്നു. അതിനുശേഷം മുഖ്യധാരാ സഭകളോടുള്ള ബന്ധം വിഛേദിക്കാനുള്ള ഒരു പ്രവണത ഉത്തരേന്ത്യൻ പ്രവർത്തകരുടെയിടയിൽ വ്യാപകമായി. പാസ്റ്റർ കുര്യൻ തോമസ്സോ, പാസ്റ്റർ പി.എസ്. സാമുവലോ, പാസ്റ്റർ തോമസ് മാത്യുവോ ഇന്ന് കേരളത്തിലെ അവരുടെ മാതൃസഭകളോട് ഔദ്യോഗികബന്ധം പുലർത്തുന്നവരല്ല. എന്നാൽ കേരളാ പെന്തെക്കോസ്തു ഘടകവുമായി ബന്ധപ്പെട്ടു നിൽക്കുന്ന പ്രവർത്തകരെക്കാൾ വളരെ

വിപുലമായ വിജയമാണ് അവർ കൊയ്തെടുത്തിരിക്കുന്നത്. ഇതിന്റെ കാരണങ്ങളെപ്പറ്റിയുള്ള ഒരു വിശദവിശകലനത്തിനു പരിശ്രമിക്കും മുമ്പ് നോക്കികാണേണ്ട ചില യാഥാർത്ഥ്യങ്ങളുണ്ട്.

കേരളത്തിലെ മുഖ്യധാരാ പെന്തെക്കോസ്തു സഭകളോടു ബന്ധപ്പെട്ടു നിൽക്കുന്ന ഉത്തരേന്ത്യൻ സംഘങ്ങൾ പൊതുവേ മറുനാടൻ മലയാളികളുടെ സുവിശേഷീകരണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ സ്വതന്ത്രസംഘങ്ങൾ പലപ്പോഴും തദ്ദേശീയരുടയിടയിലെ പ്രവർത്തനങ്ങൾക്കായി കൂടുതൽ സമയം ചെലവഴിക്കുന്നു. വ്യവസ്ഥാപിത സംഘങ്ങൾ പലപ്പോഴും പട്ടണങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ മറ്റുള്ളവർ ഗ്രാമങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്നു.

വ്യവസ്ഥാപിത സഭകളുടെ പ്രാദേശിക ഘടകങ്ങളിൽ ചിലത് മലയാളികളെ വിട്ടുകളയാതെയും എന്നാൽ തദ്ദേശീയരെ ആകർഷിച്ചുകൊണ്ടും മുന്നോട്ടുപോവുക എന്ന ലക്ഷ്യത്തോടെ, മലയാളവും ഉത്തരേന്ത്യൻ ഭാഷകളും ഇടകലർത്തി ആരാധന നടത്തുന്ന ചില 'ബഹുഭാഷാകൂട്ടായ്മകൾ' പരീക്ഷിച്ചുനോക്കിയെങ്കിലും അത്ര വിജയകരമായിരുന്നില്ല എന്നാണ് ചരിത്രം പഠിപ്പിക്കുന്നത്. ഭാഷാന്യൂനപക്ഷത്തിനുവേണ്ടിയുള്ള ഒരു പരിഭാഷ കൊണ്ടു മാത്രം അവരെ പിടിച്ചുനിർത്താമെന്നു ചിന്തിച്ചത് തീർച്ചയായും പരാജയമായിപ്പോയി. അങ്ങനെയുള്ളയിടങ്ങളിൽ മലയാളിയും തദ്ദേശീയനും തമ്മിൽ ഇടകലരാതെവണ്ണം അകന്നു നിൽക്കുകയോ ശാശ്വതമായി വേർപെട്ടു പോവുകയോ ചെയ്തു.

ഇതിനു പരിഹാരമായി ചിലർ കണ്ടത് കേരളീയർക്കുവേണ്ടി മലയാളത്തിൽ ഒരു ആരാധനയും തദ്ദേശീയർക്കുവേണ്ടി അവരുടെ ഭാഷയിൽ ഒരു ആരാധനയും എന്ന തത്വമാണ്. അതും പ്രയോഗത്തിൽ പരാജയമായിപ്പോയി. വ്യവസ്ഥാപിതസഭയുടെ ഭാഗമായിരുന്ന സുവിശേഷകരും തദ്ദേശീയരുടെ സംസ്ക്കാരത്തെ വിലമതിക്കാതെ അവരുടെമേൽ മലയാള പെന്തെക്കോസ്തു സംസ്ക്കാരം അടിച്ചേൽപ്പിക്കുവാൻ പരിശ്രമിച്ചപ്പോൾ അതുമായി അനുരഞ്ജനപ്പെടുവാനാകാതെ തദ്ദേശീയരായവർ ഉൾവലിഞ്ഞു.

എന്നാലിതേ സ്ഥാനത്ത്, സ്വതന്ത്രമായി പ്രവർത്തിക്കുവാനാഗ്രഹിച്ച സുവിശേഷകർ മറുനാടൻ മലയാളികളെ ഏതാണ്ടവഗണിച്ചുകൊണ്ട് ഉത്തരേന്ത്യക്കാരന്റെ സുവിശേഷീകരണത്തിൽ വിജയം കൊയ്തു. കേരളത്തിലെ തങ്ങളുടെ മാതൃസംഘങ്ങളുമായുള്ള ബന്ധം വിച്ഛേദിച്ചതോടെ കേരള പെന്തെക്കോസ്തു സംസ്ക്കാരത്തിന്റെ കെട്ടുപാടിൽ ഉത്തരേന്ത്യക്കാരനെ ബന്ധിക്കുവാനുള്ള നിർബന്ധത്തിൽ നിന്നും അവർ മോചിതരായി. അതോടെ കൂടുതൽ സ്വതന്ത്രമായ നിലയിൽ പ്രവർത്തനം വ്യാപിപ്പിക്കുവാൻ അവർക്കു കഴിഞ്ഞു. ഉത്തരേന്ത്യക്കാരനു അവന്റെ സംസ്ക്കാരത്തിൽ നിലനിന്നുകൊണ്ടുതന്നെ പെന്തെക്കോസ്തു മാർഗ്ഗം സ്വീകരിക്കുവാൻ ഈ സ്വതന്ത്രസംഘങ്ങൾ അനുവാദം കൊടുത്തു.

കേരളത്തിൽ ആസ്ഥാനമുള്ള വ്യവസ്ഥാപിത സഭകളുടെ ഉത്തരേന്ത്യൻ സഭാശുശ്രൂഷകൻമാർ ഭൂരിഭാഗം മലയാളികളാണെന്നതും നാം നോക്കികാണേണ്ട ഒരു യാഥാർത്ഥ്യമാണ്. ഉത്തരേന്ത്യക്കാരൻ തങ്ങളെ നയിക്കാൻ തെക്കുനിന്നുള്ള ഒരാളെ സ്വീകരിക്കുന്നത് (അവർ തങ്ങളോട് വാസ്തവമായി ഏകീഭവിക്കുന്നില്ലെങ്കിൽ) അത്ര ബുദ്ധിമുട്ടു കുറഞ്ഞ കാര്യമല്ല. എന്നാൽ സ്വതന്ത്രപ്രസ്ഥാനങ്ങളാകട്ടെ തങ്ങൾ ക്രിസ്തുവിങ്കലേക്കു നേടിയ തദ്ദേശീയരുടെയിടയിൽ നിന്നുതന്നെ സുവിശേഷവേലക്കാരെ കണ്ടെത്തി. ഉത്ത

രേന്ത്യക്കാരനും അവന്റെ നാട്ടുകാരനെ ത്തന്നെ സുവിശേഷകനായി കിട്ടി. ഇതും സ്വതന്ത്രസംഘങ്ങളുടെ വളർച്ചയ്ക്ക് ഒരു പ്രധാന കാരണമായിട്ടുണ്ട്.

'ഗ്രാമങ്ങളിലേക്കിറങ്ങിപ്പോവുക' എന്ന തത്വം പ്രയോഗത്തിൽ വരുത്തിയതും സ്വതന്ത്രസംഘങ്ങൾ തന്നെ. ഏറെ സമർപ്പണം വേണ്ട ഒരു പ്രവൃത്തിയാണിത്. ഒരു ജനത്തിനുവേണ്ടി സമ്പൂർണ്ണമായി സമർപ്പിച്ച ഒരു സുവിശേഷകൻ ഒരിക്കലും ആ ജനതയിൽ നിന്നും അകന്നു നിൽക്കുന്ന ഒരു ആത്മീയ ജീവിയല്ല. ഭാഷയിലും ഭക്ഷണത്തിലും ഭാവത്തിലും സംസ്ക്കാരത്തിലും അവർ ആ ജനതയോട് ഏകീഭവിച്ചേ തീരൂ. പട്ടണത്തിന്റെ സുരക്ഷിതത്വം കൊതിക്കുന്നവർക്ക് ഇങ്ങനെയൊരു സമർപ്പണ ബോധത്തോടെ പ്രവർത്തിക്കുന്നതിനു ബുദ്ധിമുട്ടുണ്ടാകും. വ്യവസ്ഥാപിത സഭകളുടെ പ്രവർത്തകർ നഗരം കേന്ദ്രീകരിച്ച് പ്രവർത്തിച്ചതും തദ്ദേശീയരുടെയിടയിൽ വിജയം നേടുന്നതിൽ അവരെ മാറ്റി നിർത്തി.

1980കൾ മുതൽ ഈ സ്ഥിതിക്ക് ഒരു മാറ്റമുണ്ടായിട്ടുണ്ട്. 'നഗരസൗകര്യങ്ങളെ ഉപയോഗിച്ചുകൊണ്ട് ഗ്രാമങ്ങളെ വളയുക' എന്നതത്വം ഈ കാലത്ത് മുഖ്യധാരാ സഭകളും പ്രയോഗത്തിൽ വരുത്തിത്തുടങ്ങി. അതുകൊണ്ടാകാം എൺപതുകളിൽ മുഖ്യധാരാസഭകൾക്ക് അഭൂതപൂർവ്വമായ ഒരു വളർച്ചയുണ്ടായത്. ഈ കാലങ്ങളിൽ തദ്ദേശീയരുടെയിടയിൽ പ്രവർത്തനം വർദ്ധിച്ചുവെന്നുമാത്രമല്ല, നേപ്പാൾ, ഭൂട്ടാൻ, ചൈന മുതലായ അയൽ രാജ്യങ്ങളിലേക്ക് മിഷനറിമാരെ അയയ്ക്കുവാൻ പോലും അവർക്ക് കഴിഞ്ഞിട്ടുണ്ട്.

ഇന്നിപ്പോൾ തങ്ങൾ ഉത്തരേന്ത്യക്കാരനെ മാത്രമേ സുവിശേഷീകരിക്കൂ എന്നോ, ഞങ്ങൾക്ക് മലയാളികൾ മാത്രം മതിയെന്നോ പറയുവാൻ ആർക്കും കഴിയാത്ത അവസ്ഥയിലേക്കു കാര്യങ്ങൾ വന്നെത്തിയിരിക്കുന്നു. മൂന്നു കോടി അംഗസംഖ്യയുള്ള കേരള സംസ്ഥാനത്തെ ഇരുപതു ലക്ഷം പേർ ഇന്നു മറുനാടുകളിലാണ്. അവരുടെയിടയിലെ പ്രവർത്തനം നമുക്കൊരിക്കലും അവഗണിക്കുവാൻ വയ്യാതായിത്തീർന്നിരിക്കുന്നു. എന്നാൽ മറുനാടൻ മലയാളിയെ സുവിശേഷീകരിക്കുകയെന്നത് താരതമ്യേന വിഷമം കുറഞ്ഞ കാര്യമായതുകൊണ്ട് കേരളത്തിനു പുറത്തു സുവിശേഷകരായിരിക്കുന്ന ബഹുഭൂരിപക്ഷം പേരും മറുനാടൻ മലയാളികളുടെയിടയിലാണ് താവളമുറപ്പിച്ചിരിക്കുന്നത് എന്നതാണ് ഇന്നത്തെ ദുര്യോഗം. ഇതിനിടയിൽ ലക്ഷക്കണക്കിനു ഉത്തരേന്ത്യൻ ഗ്രാമങ്ങൾ ഏതെങ്കിലും നിലയിൽ സുവിശേഷം എത്തപ്പെടാതെ നിലകൊള്ളുന്നു എന്നുള്ളത് നമ്മുടെ മുന്നിൽ മറ്റെന്തിനേക്കാളും വലിയ വെല്ലുവിളിയായിരിക്കുന്നു.

### *പാസ്റ്റർ എം.കെ. ചാക്കോ*



കറ്റോട് ചാക്കോച്ചൻ എന്നറിയപ്പെട്ടിരുന്ന പാസ്റ്റർ എം.കെ. ചാക്കോ 1906-ൽ ജനിച്ചു. 1927-ൽ രക്ഷിക്കപ്പെടുകയും 1930ൽ പരിശുദ്ധാത്മസ്നാനം പ്രാപിക്കുകയും ചെയ്തു. സുവിശേഷവേലയ്ക്ക് വിളിയുണ്ടായ ചാക്കോച്ചൻ 25-ാമത്തെ വയസ്സിൽ തന്റെ ഉദ്യോഗമുപേക്ഷിച്ച് അതിനായി ഇറങ്ങിത്തിരിച്ചു. 1934-ൽ കർണ്ണാടകത്തിലെ ഉടുപ്പിയിൽ പുതിയൊരു വേല

ആരംഭിച്ചു. 1935-ൽ കാർബാറിലേക്കു മാറി താമസിച്ചു.

വടക്കെ ഇന്ത്യയെ സുവിശേഷീകരിക്കുക എന്ന് പ്രത്യേക നിയോഗപ്രകാരം 1936-ൽ ഉത്തർപ്രദേശിലെ കാൺപൂരിൽ താമസമാക്കിക്കൊണ്ട് പ്രവർത്തനങ്ങൾക്കു തുടക്കമിട്ടു. രണ്ടുവർഷം കഴിഞ്ഞ് താമസം ഡൽഹിയിലേക്കു മാറ്റി. ഡൽഹിയിൽ താമസിച്ചുകൊണ്ട് ജീവിതാന്ത്യം വരെ ഇന്ത്യയിലെ വിവിധ ഗ്രാമങ്ങളിലും പട്ടണങ്ങളിലും ദൈവരാജ്യം പ്രഘോഷിച്ചു. ലാഹോർ, ആഗ്ര, ഇറ്റാർസി, ജാൻസി, നാഗപ്പൂർ മുതലായ പ്രധാന പട്ടണങ്ങളിൽ പെന്തെക്കോസ്തു സന്ദേശവുമായി ചെന്നു സഭാസ്ഥാപനത്തിനു പ്രാരംഭം കുറിച്ചു. ഇക്കാലയളവിൽ പാസ്റ്റർ ചാക്കോച്ചന്റെ ശ്രമഫലമായി ഡൽഹിയിൽ ഹിന്ദി ഭാഷയിൽ ആദ്യത്തെ പെന്തെക്കോസ്തു സഭ സ്ഥാപിതമായി. ജീവിതാന്ത്യം വരെ ഉത്തരേന്ത്യൻ സുവിശേഷീകരണത്തിൽ മാത്രം ശ്രദ്ധകേന്ദ്രീകരിച്ചു കഴിഞ്ഞു.

### *പസ്റ്റർ പി.റ്റി. ചോക്കോ*




കുമ്പനാട്ട് പൂഴിക്കാലായിൽ എന്ന മാർത്തോമ്മാ കുടുംബത്തിൽ ജനിച്ചു. ചെറുപ്രായത്തിൽ തന്നെ രക്ഷിക്കപ്പെട്ടു. ആലുവ യു.സി.കോളേജിൽ നിന്നും വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം ഒരു അദ്ധ്യാപകനായി ജോലി ചെയ്തു. കുക്ക് സായ്പിന്റെയും റവ. കമ്മിൻസിന്റെയും പ്രസംഗഫലമായി പെന്തെക്കോസ്തു സത്യങ്ങളിലേക്കാകൃഷ്ടനായി. പാസ്റ്റർ കെ.ഇ. ഏബ്രഹാമിന്റെ കൈക്കീഴിൽ വിശ്വാസസ്നാനം സ്വീകരിച്ചു. 1930-ൽ ജോലി രാജിവെച്ചശേഷം വേദപഠനത്തിനായി സെറാമ്പൂരിലേക്കു പോയി. 1934 വരെ അവിടെ പഠിച്ചു. ബി.ഡി.ഡിഗ്രി കരസ്ഥമാക്കുന്ന ആദ്യത്തെ മലയാളി പെന്തെക്കോസ്തുകാരനാണ് പാസ്റ്റർ ചാക്കോ.

തുടർന്ന് കുമ്പനാട് ഹെബ്രോൻ ബൈബിൾ സ്കൂളിൽ അദ്ധ്യാപകനായി. പിന്നീട് ആന്ധ്രായിലുള്ള ഏലൂരിൽ താമസിച്ച് സുവിശേഷവേല ചെയ്തു. പാസ്റ്റർ പി. എൻ. പരംജ്യോതി പാസ്റ്റർ ചാക്കോയുടെ പ്രവർത്തനഫലമായി പെന്തെക്കോസ്തു വിശ്വാസത്തിലേക്കു വന്നയാളാണ്. 1940 മുതൽ സെക്കൻഡ്രാബാദിലേക്ക് പ്രവർത്തനം മാറ്റി.

1952-ൽ ലണ്ടനിൽ വച്ച് നടന്ന ലോക പെന്തെക്കോസ്തു സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭയുടെ ജനറൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1990-ൽ നിത്യതയിലേക്കു പ്രവേശിച്ചു.

### *പാസ്റ്റർ വി.ജെ. ഏബ്രഹാം*



കർണ്ണാടകത്തിലെ വേലയെക്കുറിച്ച് പത്യേക ദർശനമുണ്ടായതിന്റെ ഫലമായി പാസ്റ്റർ വി.ജെ. ഏബ്രഹാം 1939-ൽ മംഗലാപുരത്തെത്തി. പിന്നീട് ഉടുപ്പി, ഹൂബ്ലി എന്നീ സ്ഥലങ്ങളിൽ താമസിച്ച് അദ്ദേഹം വേല ചെയ്തു അതിന്റെ ഫലമായി അവിടവിടെയായി അനേക സഭകൾ ഉടലെ

ടുത്തു. കർണ്ണാടകയിലെ വേലയുടെ പുരോഗതിയെ ലക്ഷ്യമാക്കി നടത്തിയിരുന്ന ബൈബിൾ സ്കൂളിന്റേയും കന്നട മാസികയുടെയും ചുമതല പാസ്റ്റർ വി.ജെ. ഏബ്രഹാം വഹിച്ചിട്ടുണ്ട്.

### *പാസ്റ്റർ ഫിലിപ്പ് ഏബ്രഹാം*




ആന്ധ്രായിൽ ഇന്ത്യ പെന്തെക്കോസ്തു പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയവരിൽ ഒരാളായിരുന്നു പാസ്റ്റർ ഫിലിപ്പ് ഏബ്രഹാം. ഹൈദ്രാബാദിൽ സ്ഥിരമായി താമസിച്ചുകൊണ്ട് അദ്ദേഹം വേലചെയ്തു. അദ്ദേഹത്തിന്റെ പ്രവർത്തനഫലമായി നൽഗുണ്ട, മഹാബൂദ്നഗർ എന്നീ ജില്ലകളിൽ അനേകം പെന്തെക്കോസ്തു സഭകൾ രൂപംകൊണ്ടിട്ടുണ്ട്.

### *പാസ്റ്റർ റ്റി.കെ. തോമസ് വാറംഗൽ*



ഐ.പി.സി.യുടെ ഏറ്റവും വലിയ പ്രാദേശിക സഭയായിരുന്ന വാറങ്കൽ (ആന്ധ്രാ) സഭയുടെ ശുശ്രൂഷകനായി അൻപതു വർഷം പ്രവർത്തിച്ചയാളാണ് പാസ്റ്റർ റ്റി.കെ. തോമസ്. 1936–ൽ ആണ് അദ്ദേഹം ആന്ധ്രായിലെത്തുന്നത്. വാറങ്കലിൽ താമസിച്ചുകൊണ്ട് എഴുപത്തിയഞ്ചുസ്ഥലങ്ങളിൽ അദ്ദേഹം ഔട്ട്സ്റ്റേഷനുകൾ ആരംഭിച്ചു. ആ എഴുപത്തിയഞ്ചു പ്രവർത്തനങ്ങളും പ്രാദേശിക സഭകളായി രൂപാന്തരപ്പെട്ടു. 1915ൽ ജനിച്ച തോമസ് 1989 ഡിസംബർ 23നു കേരളത്തിൽ വച്ച് അന്തരിച്ചു.

### *പാസ്റ്റർ എ.എൻ. മാത്യു*



പാസ്റ്റർ എ.എൻ. മാത്യു 1918–ൽ ജനിച്ചു. പന്ത്രണ്ടാമത്തെ വയസ്സിൽ യേശുവിനെ സ്വന്തരക്ഷകനായി സ്വീകരിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം കുമ്പനാട് ഹെബ്രോൻ ബൈബിൾ സ്കൂളിൽ ചേർന്നു വചനാഭ്യാസം നടത്തി.

കഴിഞ്ഞ അരനൂറ്റാണ്ടായി തെലുങ്കുദേശത്ത് ക്രിസ്തുവിന്റെ സാക്ഷ്യം വഹിക്കുന്ന പാസ്റ്റർ മാത്യു, മറുനാടൻ സുവിശേഷീകരണത്തെക്കുറിച്ച്, ദർശനം പ്രാപിച്ച് 1943–ലാണ് സെക്കൻദ്രബാദിൽ എത്തുന്നത്. ആദ്യം പാസ്റ്റർ പി.റ്റി. ചാക്കോയോടൊപ്പം പ്രവർത്തിച്ചു. 1945 –1955വരെ നൈസാംബാദ് ജില്ലയിൽ വളരെ പ്രതികൂലങ്ങളും പ്രയാസങ്ങളുമനുഭവിച്ച് കർത്തൃസേവ ചെയ്തു. 1960–ൽ വീണ്ടും ഹൈദ്രാബാദിൽ തിരിച്ചെത്തി. ഇപ്പോൾ രാംനഗർ ഐ.പി.സി.യുടെ ശുശ്രൂഷകനായിരുന്നു. നിത്യതയിൽ വിശ്രമിക്കുന്നു.

### *കെ. കെ. കുരുവിള*



ഒമല്ലൂർ വിളവിനാൽ കുടുംബത്തിൽ ജനിച്ച കുരുവിള 1928-ൽ രക്ഷിക്കപ്പെട്ടു. 1930-ൽ കുക്ക് സായ്പിന്റെ കൈക്കീഴിൽ സ്നാനപ്പെട്ടു. 1932-ൽ പരിശുദ്ധാത്മ സ്നാനം പ്രാപിക്കുകയും ചെയ്തു. മുളക്കുഴ സീയോൻകുന്ന് ബൈബിൾ സ്കൂളിൽ വേദാഭ്യസനം നടത്തിയശേഷം 1936-ൽ തിഴ്നാട്ടിൽ 'മാങ്കുഴി' എന്ന സ്ഥലം കേന്ദ്രമാക്കി പ്രവർത്തനമാരംഭിച്ചു. 1946-ൽ മദ്രാസിൽ ആദ്യത്തെ മലയാളി പെന്തെക്കോസ്തു സഭ സ്ഥാപിച്ചു. 1968 വരെ പൂർണ്ണസുവിശേഷ ദൈവസഭയോടുള്ള ബന്ധത്തിൽ തമിഴ്നാട്ടിലെ നീലഗിരി, കോയമ്പത്തൂർ, മധുര, തേനി എന്നിവിടങ്ങളിൽ താമസിച്ചു പ്രവർത്തിച്ചു. അദ്ദേഹത്തിന്റെ പ്രവർത്തനഫലമായി തമിഴ്നാട്ടിൽ അനേകം സഭകൾ ഉടലെടുത്തിട്ടുണ്ട്.

### *തോമസ് പരദേശി*



ചെങ്ങന്നൂരിനടുത്ത് പാണ്ടനാട് ഒരു ക്രിസ്തീയ കുടുംബത്തിൽ ജനിച്ചു. വിദ്യാഭ്യാസത്തിനുശേഷം സുവിശേഷവേലയ്ക്കായി വീടുവിട്ടിറങ്ങി. കാഷായവസ്ത്രം ധരിച്ചുകൊണ്ട് വനങ്ങളിൽ താമസിച്ചിരുന്ന ആദിവാസികളുടെയും ഗിരിവർഗ്ഗക്കാരുടെയും ഇടയിൽ ഒരു ക്രിസ്തീയ സന്യാസിയായി സേവനം ചെയ്തുപോന്നു. യേശുക്രിസ്തുവിന്റെ കല്പനകൾ അക്ഷരംപ്രതി പ്രാവർത്തികമാക്കിയിരുന്ന തോമസ് പരദേശി സഞ്ചിയോ മടിശീലയോ കൂടാതെയാണ് സഞ്ചരിച്ചിരുന്നത്,

അങ്ങനെയിരിക്കെയാണ് പരദേശി, പാസ്റ്റർ ആർ.എഫ്. കുക്കിനെക്കുറിച്ചും പെന്തെക്കോസ്തനുഭവത്തെക്കുറിച്ചും കേൾക്കുവാനിടയായത്. താമസിയാതെ തന്നെ അദ്ദേഹം പരിശുദ്ധാത്മസ്നാനം പ്രാപിച്ചു. തിരുവിതാംകൂറിലെ പ്രവർത്തനങ്ങൾക്കുശേഷം തമിഴ്നാട്, ബോംബെ, നിസ്സാമബാദ് എന്നിവിടങ്ങളിലും പോയി പ്രവർത്തിച്ച പരദേശിയുടെ പല ശിഷ്യൻമാരും ബാഹ്യകേരളത്തിൽ സുവിശേഷകരായിട്ടുണ്ട്. ഏറെ നാളുകൾ ആന്ധ്രായായിരുന്നു തന്റെ പ്രവർത്തന സ്ഥലം.

### *പാസ്റ്റർ കെ.ജെ.ഫിലിപ്പ്*



1930കളിലെ ഉണർവ്വുസമയത്താണ് കുമ്പനാട് കൊച്ചുപുരയ്ക്കൽ കുടുംബാംഗമായ കെ.ജെ. ഫിലിപ്പ് പെന്തെക്കോസ്തു വിശ്വാസത്തിലേക്കു ആകർഷിക്കപ്പെടുന്നത്. 1940-ൽ കുമ്പനാട്ടുവച്ചു

നടന്ന ഐ.പി.സി. വർക്കേഴ്സ് കോൺഫ റൻസിൽവച്ച് പൂർണ്ണസമയ സുവിശേഷ വേലയ്ക്കായി തീരുമാനമെടുത്തു. 1945-ൽ അന്ന് ഒറീസ്സായുടെ തലസ്ഥാനമായിരുന്ന കട്ടക്കിലേക്ക് കടന്നുപോവുകയും അവി ടെയുള്ള ബാപ്റ്റിസ്റ്റു പള്ളികളിൽ പെന്തെക്കോസ്തിന്റെ സന്ദേശം പ്രസംഗി ക്കുകയും ചെയ്തു. അതിനെത്തുടർന്നു ണ്ടായ ഉണർവ്വുമുഖാന്തരം അനേകർ പെന്തെക്കോസതു വിശ്വാസത്തിലേക്കു വന്നു. പിന്നീട് അദ്ദേഹം തനിക്കുണ്ടായ പ്രത്യേക ദർശനമനുസരിച്ച് പഞ്ചാബിലും പാക്കിസ്ഥാനിലും മിഷനറി പ്രവർത്തന ങ്ങൾക്കായി കടന്നുപോയി. പിന്നെ ആന്ധ്രായിലെ കാക്കിനാടയിൽ ചില വർഷങ്ങൾ താമസിച്ചു. കേരളത്തിൽ മട ങ്ങിയെത്തിയ പാസ്റ്റർ ഫിലിപ്പ് 1973 ആഗ സ്റ്റിൽ 69-മത്തെ വയസ്സിൽ നിത്യ വിശ്രമത്തിലേക്കു പ്രവേശിച്ചു.

### *പാസ്റ്റർ കെ.ജെ. സാമുവൽ*



വെട്ടിയാറ്റ് കാവിൽ ശ്രീ. യോഹ ന്നാന്റെ മകനായി ജനിച്ചു. ചെറുപ്രായ ത്തിൽതന്നെ രക്ഷിക്കപ്പെട്ടു. പത്താമത്തെ വയസ്സിൽ വിശ്വാസസ്നാനം സ്വീകരിച്ചു. വിദ്യാഭ്യാസത്തിനുശേഷം സുവിശേഷവേ ലയ്ക്കായി ഉത്തരേന്ത്യയിലേക്കുപോയി. ലാഹോറിൽ താമസിച്ചു പ്രവർത്തിക്കു കയും 'ലാഹോർ തിയോളജിക്കൽ കോളേജ്' എന്ന പേരിൽ ഒരു ബൈബിൾ സ്കൂൾ ആരംഭിക്കുകയും ചെയ്തു. ഇന്ത്യാ-പാക്കിസ്ഥാൻ വിഭജനകാലത്ത് അദ്ദേഹം ലാഹോറിലായിരുന്നു. വിഭജ നാനന്തരം അദ്ദേഹത്തിനു മടങ്ങിപ്പോരേ ണ്ടിവന്നു.

സീയോൻ കാഹളം പത്രാധിപർ, ഹെബ്രോൻ ബൈബിൾ സ്ക്കൂൾ അദ്ധ്യാ പകൻ, ഐ.പി.സി. ജനറൽ സെക്രട്ടറി, എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടു ണ്ട്. സുവിശേഷ ഘോഷണാർത്ഥം പല വിദേശരാജ്യങ്ങൾ സന്ദർശിച്ചിട്ടുള്ള അദ്ദേഹം 1955-ൽ സ്റ്റോക്ക്ഹോമിൽ നട ന്നലോക പെന്തെക്കോസ്തു സമ്മേളന ത്തിൽ സംബന്ധിച്ച് പ്രസംഗിച്ചിട്ടുണ്ട്. 1970 ജൂൺ 30 നു നിര്യാതനായി.

### *ഡോ. കുര്യൻ തോമസ്*




റാന്നി നെല്ലിക്കമൺ സ്വദേശിയായ ഡോക്ടർ കുര്യൻ തോമസ് 1921-ൽ ജനി ച്ചു. മദ്ധ്യപ്രദേശിലെ ഇറ്റാർസിയിൽ സുവിശേഷവുമായി അദ്ദേഹമെത്തുന്നത് 1945ലാണ്. (1943 മുതൽ രണ്ടുവർഷം ലാഹോറിൽ പ്രവർത്തിച്ചിട്ടുണ്ട്).

1962-ൽ ഇറ്റാർസിയിൽ സെൻട്രൽ ഇന്ത്യാ ബൈബിൾ കോളേജ് സ്ഥാപിച്ചു. 1966 -ൽ 'ദി ഫെലോഷിപ്പ് ഓഫ് ദി പെന്തെക്കോസ്തൽ ചർച്ചസ് ഓഫ് ഗോഡ് ഇൻ ഇന്ത്യാ' (FPCGI)എന്ന പ്രസ്ഥാനത്തിനു രൂപം നൽകി. ഇദ്ദേഹ ത്തോടൊത്ത് നാനൂറു സുവിശേഷകർ അഞ്ഞൂറു സ്ഥലങ്ങളിലായി പ്രവർത്തി ച്ചുവരുന്നു. ലോകത്തിലെ മിക്ക രാജ്യ ങ്ങിലും സുവിശേഷപര്യടനം നടത്തിയി ട്ടുണ്ട്.

കഴിഞ്ഞ 46 വർഷമായി ഹിന്ദിയിൽ 'സത്യദൂത്' എന്ന ഒരു മാസിക പ്രസിദ്ധീകരിച്ചുവരുന്നു. മലയാളത്തിൽ അടുത്ത സമയം 'ഇന്ത്യൻ മിഷനറി ഹെറാൾഡ്' എന്ന ദ്വൈമാസിക പ്രസിദ്ധീകരിച്ചു തുടങ്ങി. ഇംഗ്ലീഷ്, ഹിന്ദി, മലയാളം എന്നീ ഭാഷകളിലായി 14 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിത്യതയിൽ വിശ്രമിക്കുന്നു.

### *പാസ്റ്റർ പി.എസ്. സാമുവൽ*



1924-ൽ വാര്യാപുരത്തു മാടപ്പള്ളിൽ സ്കറിയയുടെയും മറിയാമ്മയുടെയും മകനായി ജനിച്ചു. 1947-ൽ ദൈവവിളിക്കനുസൃതമായി വീടുവിട്ടിറങ്ങി. തൃശ്ശിനാപ്പള്ളി, തഞ്ചാവൂർ, വെളിപ്പുറം എന്നിവിടങ്ങളിലെല്ലാം കാൽനടയായി സഞ്ചരിച്ചു.

ഒരിക്കൽ, വിജയവാഡയിൽ സന്യാസിമാർ തപസിരിക്കുന്ന ഒരു മലമുകളിൽവച്ച്, ദൈവത്തെ സ്തുതിച്ചുകൊണ്ട് പരിശുദ്ധാത്മസ്നാനത്തിനായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന സ്റ്റീഫൻ എന്ന യുവാവിനെ കണ്ടു. പാസ്റ്റർ സാമുവൽ തലയിൽ കൈവച്ചു പ്രാർത്ഥിച്ചപ്പോൾ ആ യുവാവ് പരിശുദ്ധാത്മാവിൽ നിറഞ്ഞ് അന്യഭാഷകൾ സംസാരിച്ചു.

1948 ന്റെ ആരംഭത്തിൽ കൽക്കട്ടയിലെത്തി. 1949-ൽ റായ്പ്പൂർ കേന്ദ്രമാക്കി പ്രവർത്തനം ആരംഭിച്ചു. ഈ പ്രവർത്തനം 'ദി ചർച്ച് ഓഫ് ഗോഡ്' എന്ന പേരിലറിയപ്പെടുന്നു.

1965-ൽ കട്ടക്കിൽ എബനേസർ ബൈബിൾ കോളേജ് സ്ഥാപിച്ചു. 1973-ൽ അന്ന് റായ്പൂരിലാരംഭിച്ച സഭാകൂട്ടായ്മയിൽ 107 കുടുംബങ്ങൾ പങ്കെടുക്കുന്നുണ്ട്.

ഫ്ളോറിഡ ഇന്റർനാഷണൽ ബൈബിൾ കോളേജ് ഡോക്ടറേറ്റ് നൽകി ബഹുമാനിച്ചു. ഇപ്പോൾ നിത്യതയിൽ വിശ്രമിക്കുന്ന പ്രശസ്ത ദൈവദാസൻ വാര്യാപുരം യോഹന്നാച്ചൻ, പാസ്റ്റർ സാമുവലിന്റെ അനുജനാണ്.

### *പാസ്റ്റർ എം.എസ്. ജോസഫ്*



റാന്നി പുതുക്കുടിമുക്ക് ചരിവുകാലാ പതിനൊന്നാം മഠത്തിൽ കുരുവിള ശാമുവലിന്റെ മകനായി 1917 ഫെബ്രുവരി 23-ാം തീയതി ജനിച്ചു. 1938-ൽ നെല്ലിക്കമണ്ണ് ഇന്ത്യാ പെന്തെക്കോസ്തു സഭയിൽ നടന്ന ഉണർവ്വുയോഗത്തിൽ വച്ച് മാനസാന്തരപ്പെട്ടു. അതേവർഷം മുളക്കുഴ പാസ്റ്റർ കുക്കിന്റെ ബൈബിൾ സ്കൂളിൽ ചേർന്നു വേദപഠനം നടത്തി. 1942-ൽ ദൈവസഭയോടുള്ള ബന്ധത്തിൽ സുവിശേഷ വേലയ്ക്കായി തമിഴ്നാട്ടിലെ രാജപാളയത്ത് എത്തി.

തൃശ്ശിനാപ്പള്ളി, തേനി, ശ്രീവില്ലാപുത്തൂർ, ചെങ്കോട്ട മുതലായ സ്ഥലങ്ങളിൽ പ്രവർത്തിച്ചു. 1960-ൽ വീണ്ടും ഐ.പി.സി.യുമായി ബന്ധപ്പെട്ടു. പാസ്റ്റർ പി.എം. സാമുവലിനോടൊപ്പം ഇക്കാലയളവിൽ പ്രവർത്തിച്ചു. തമിഴ്നാട്ടിലെ ഐ.പി.സി.

സഭയുടെ പ്രസിഡണ്ടായി ആറുവർഷം സേവനമനുഷ്ഠിച്ചിട്ടുണ്ട്.

### *പാസ്റ്റർ കെ.റ്റി. തോമസ്*



1927-ൽ കല്ലിശ്ശേരി നെല്ലിലേത്ത് ഇടിച്ചാണ്ടിയുടെയും ദീനാമ്മയുടെയും മകനായി ജനിച്ചു. ഡൽഹിയിൽ മിലിട്ടറിലായിരിക്കുമ്പോൾ 1956-ൽ രക്ഷിക്കപ്പെട്ടു. 1961-ൽ പരിശുദ്ധാത്മസ്നാനം പ്രാപിച്ചതിനെതുടർന്ന് ജോലി രാജിവെച്ച് പൂർണ്ണ സമയ സുവിശേഷവേലയ്ക്കിറങ്ങി. 1963-ൽ ഓർഡിനേഷൻ ലഭിച്ചു. തന്റെ ആദ്യകാല പ്രവർത്തനം ഗുജറാത്തിലായിരുന്നു. ബെഥേൽ ബൈബിൾ കോളേജ് (ഡൽഹി) സ്ഥാപകനാണ്. 1983 മുതൽ ഐ.പി.സി നോർത്തേൺ റീജിയൺ പ്രസിഡണ്ടായി പ്രവർത്തിക്കുന്നു.

### *ഡോ. തോമസ് മാത്യൂസ്*



1944-ൽ പുനലൂർ ഇളംബാശ്ശേരിൽ എം. തോമസിന്റെയും മറിയാമ്മയുടെയും മകനായി ജനിച്ചു. 1963-ൽ കോട്ടയം ശാലേം ബൈബിൾ സ്കൂളിൽ പഠിച്ചു കൊണ്ടിരിക്കുമ്പോൾ രാജസ്ഥാനിലെ വേലയെക്കുറിച്ച് പാസ്റ്റർ കെ.വി. ഫിലിപ്പിൽ നിന്നും കേട്ട് ഉദയപ്പൂരിലെത്തി സുവിശേഷപ്രവർത്തനം ആരംഭിച്ചു. 19 വയസ്സുള്ളപ്പോൾ പാസ്റ്റർ തോമസ് മാത്യൂസ് ഒരു രാജസ്ഥാനിയെ സ്നാനപ്പെടുത്തി.

രാജസ്ഥാനിൽ തന്റെ പ്രവർത്തനം തുടർന്നുകൊണ്ടിരിക്കെ 1979-ൽ ഉദയപ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് പി.എച്ച്.ഡി. കരസ്ഥമാക്കി.

1980-ൽ നേറ്റീവ് മിഷനറി മൂവ്മെന്റ് രൂപീകരിച്ചു. 1982-ൽ 'ഫിലദെൽഫിയ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട്' പ്രവർത്തനം ആരംഭിച്ചു. പിന്നീട് തന്റെ പ്രസ്ഥാനം 'ഫിലദെൽഫിയ ഫെലോഷിപ്പ് ചർച്ച് ഓഫ് ഇന്ത്യ' എന്ന പേരിൽ രജിസ്റ്റർ ചെയ്തു. തോമസ് മാത്യു, തന്റെ പ്രവർത്തനം തദ്ദേശീയരുടെയിടയിൽ കേന്ദ്രീകരിച്ചിരിക്കുന്നു. പ്രവർത്തകരും ആ നാട്ടുകാർ തന്നെ.

ഇംഗ്ലീഷിലും മലയാളത്തിലും ക്രോസ് ആൻഡ് ക്രൗൺ എന്ന പേരിലും ഹിന്ദിയിൽ ഫിലദെൽഫിയ എയ്ഞ്ചൽ എന്ന പേരിലും ഓരോ പ്രസിദ്ധീകരണങ്ങൾ ഉണ്ട്. പതിമൂന്നു ഇന്ത്യൻ സംസ്ഥാനങ്ങളിലും നേപ്പാളിലുമായി 400 മിഷനറിമാർ പ്രവർത്തിക്കുന്നു. ഇപ്പോൾ നിത്യതയിൽ വിശ്രമിക്കുന്നു.

### *പാസ്റ്റർ കെ.വൈ. ഗീവർഗീസ്*

പാസ്റ്റർ കെ. വൈ. ഗീവർഗീസ് 1948-ൽ മാവേലിക്കരയ്ക്കടുത്ത് അറുനൂറ്റിമംഗലത്തുള്ള ഒരു ക്രൈസ്തവഭവനത്തിൽ ജനിച്ചു. 1964-ൽ രക്ഷിക്കപ്പെട്ടു.1968 -ൽ വിശ്വാസസ്നാനം സ്വീകരിച്ചതിനാൽ ഭവനത്തിൽ നിന്നും ബഹിഷ്കൃതനായി.

കുറെനാൾ കേരളത്തിൽ പ്രവർത്തിച്ചു. 1970-ൽ വടക്കെ ഇന്ത്യയിലെത്തി. ഐ.പി.സി. നോർത്തേൺ റീജിയനോടു ചേർന്നു മദ്ധ്യപ്രദേശിലെ കോർബ, ബിലാസ്പൂർ, ബിശ്രാംപൂർ, ബാൽക്കോ, ദറി, ചമ്പ എന്നീ സ്ഥലങ്ങളിൽ പ്രവർത്തിച്ചു. കൂടാതെ ഡൽഹി, ജാംനഗർ, ജബൽപൂർ എന്നീ സ്ഥലങ്ങളിലും സഭാശുശ്രൂഷകനായിരുന്നിട്ടുണ്ട്.


ഡിസ്ട്രിക്ട് ശുശ്രൂഷകൻ, ബൈബിൾ സ്കൂൾ പ്രിൻസിപ്പൽ, ഗ്രന്ഥകാരൻ എന്നീ നിലകളിൽ ശ്രദ്ധേയനാണ്.

1992 മുതൽ ഐ.പി.സി. വെസ്റ്റ്



റീജിയൻ പ്രസിഡണ്ടാണ്. രാജസ്ഥാൻ, ഹരിയാന, പഞ്ചാബ് എന്നീ സ്ഥലങ്ങളിലെ ഗ്രാമങ്ങളിൽ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 'വോയ്സ് ഓഫ് വിറ്റ്നസ്' എന്ന ഇംഗ്ലീഷ് വാർത്താപത്രിക പ്രസിദ്ധീകരിച്ചുവരുന്നു.


### *പാസ്റ്റർ ഇ.എം. സക്കറിയ*



പാസ്റ്റർ ഇ.എം. സക്കറിയ 1934-ൽ കൊട്ടാരക്കര തൃക്കണ്ണമംഗൽ ഇടയില വീട്ടിൽ മത്തായിയുടെയും അന്നമ്മയുടെയും മകനായി ജനിച്ചു. യാക്കോബായ സഭാംഗമായിരുന്നു സക്കറിയ. 1953-ൽ രക്ഷാനിർണ്ണയം പ്രാപിച്ച് സ്നാനപ്പെട്ടു.

ഹൈസ്കൂൾ പഠനത്തിനുശേഷം കുമ്പനാട് ഹെബ്രോൻ ബൈബിൾ സ്കൂളിൽ ചേർന്നു. 1955- 56 എന്നീ വർഷങ്ങളിലെ പഠനം കഴിഞ്ഞ് കുറെ നാൾ കേരളത്തിൽ പ്രവർത്തിച്ചു. 1967 മുതൽ ഏഴു വർഷം ആൻഡമാൻ നിക്കോബാർ ദ്വീപുകളിൽ മിഷനറിയായി പ്രവർത്തിച്ചു. അവിടെനിന്നു ഉത്തരേന്ത്യയിൽ എത്തി. ഭോപ്പാലിൽ സ്ഥിരതാമസമാക്കിയിരുന്ന പാസ്റ്റർ സക്കറിയ ഐ.പി.സി. നോർത്തേൺ റീജിയൻ വൈസ് പ്രസിഡണ്ടാണ്. (1994)

### *പാസ്റ്റർ കെ. ജോയി*



1952-ൽ കൊട്ടാരക്കര കുന്നത്തൂരിൽ ഒരു പെന്തെക്കോസ്തു ഭവനത്തിൽ ജനിച്ചു. ചെറുപ്പത്തിലെ ഒരു സുവിശേഷകനാകുക എന്നതായിരുന്നു മോഹം.

കുമ്പനാട് ഹെബ്രോൻ ബൈബിൾ സ്കൂളിൽ പഠിച്ചു. 1968-ൽ ഉത്തരേന്ത്യയിലെത്തി. 1969-ൽ ഒരു സഭയുടെ ശുശ്രൂഷകനായി. ഗുജറാത്തിലെ ബറോഡയിൽ എട്ടു വർഷം സഭാശുശ്രൂഷകനായിരുന്നതിലൂടെ 'ബറോഡാ ജോയി' എന്ന പേരിലറിയപ്പെടാൻ തുടങ്ങി.

1981 മുതൽ ഡൽഹിയിൽ സ്ഥിരതാമസം. ഐ.പി.സി. നോർത്തേൺ റീജിയൻ പി.വൈ.പി.എ പ്രസിഡണ്ടായി പ്രവർത്തിച്ചിട്ടുണ്ട്. അറിയപ്പെടുന്ന ഒരു പ്രസംഗകനും, ഗ്രന്ഥകാരനുമാണ്. 1991-ൽ ഔദ്യോഗിക സ്ഥാനങ്ങളിൽ നിന്നൊഴിഞ്ഞ് പൊതുശുശ്രൂഷകനായി തുടരുന്നു. (1994)

### *പാസ്റ്റർ കെ.വി. ഏബ്രഹാം (ഉദയപ്പൂർ)*



പരേതനായ പാസ്റ്റർ പി.റ്റി. വർഗീസിന്റെ (ചേത്തയ്ക്കൽ കീവറീച്ചൻ) ഒൻപതു മക്കളിൽ ഇളയവനായി 1934-ൽ ജനിച്ചു. ബാല്യകാലത്തിൽ തന്നെ രക്ഷിക്കപ്പെട്ടു. 15-ാം വയസ്സിൽ പാസ്റ്റർ കെ.സി. ചെറിയാന്റെ കൈക്കീഴിൽ സ്നാനമേറ്റു. 1964-ൽ തന്റെ ഭവനത്തിൽ പ്രാർത്ഥനയിലിരിക്കുമ്പോൾ രാജസ്ഥാനിലേക്ക് സുവിശേഷവേലയ്ക്കായി കടന്നുപോകുവാൻ ദൈവവിളിയുണ്ടായി. 1965 മുതൽ ഉദയപ്പൂരിൽ ഡോ. തോമസ് മാത്യുവിനൊടൊപ്പം താമസിച്ചു പ്രവർത്തിച്ചുപോന്നു. ജാവർമൈൻസ് എന്ന സ്ഥലത്ത് പ്രവർത്തിച്ച് നല്ല ഒരു പെന്തെക്കോസ്തു കൂടിവരവുണ്ടായി. ഇപ്പോൾ അവിടുത്തെ സഭയുടെ ചുമതല വഹിക്കുന്നു. ഫിലദെൽഫിയ ഫെലോഷിപ്പിന്റെ വൈസ് പ്രസിഡണ്ടായി സേവനമനുഷ്ഠിക്കുന്നു.

### *പാസ്റ്റർ കെ.വി. ഏബ്രഹാം*

1934-ൽ പെരുമ്പെട്ടിയിൽ, ഒരു മാർത്തോമ്മാ കുടുംബത്തിൽ ജനിച്ചു. ചെറുപ്രായത്തിൽ തന്നെ ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചു. 1957-ൽ ബി.എ. ബിരുദം നേടിയ ശേഷം ഗുജറാത്തിൽ സർക്കാരുദ്യോഗസ്ഥനായി.

1971-ൽ ജോലി രാജിവെച്ച് പൂർണ്ണസമയ സുവിശേഷപ്രവർത്തനത്തിനായി ഇറങ്ങി. അമ്പർനാഥ്, കല്യാൺ, അഹ



മ്മദബാദ്, ഗാന്ധിനഗർ, ചെമ്പൂർ, ഗാന്ധിധാം മുതലായ സ്ഥലങ്ങളിൽ സഭാശുശ്രൂഷകനായിരുന്നിട്ടുണ്ട്.

ഇപ്പോൾ ബോംബെ ബോറിവ്ളി ഐ.പി.സി.യുടെ ശുശ്രൂഷകനാണ്. ഇന്ത്യാ പെന്തെക്കോസ്തു സഭാ നോർത്തേൺ റീജിയൻ സെക്രട്ടറിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. (1994)

### പാസ്റ്റർ എസക്കിയേൽ ജോഷ്വാ



പാസ്റ്റർ എസക്കിയേൽ ജോഷ്വാ 1944-ൽ തിരുവനന്തപുരം ജില്ലയിലെ കൊണ്ണിയൂരിൽ ജനിച്ചു. അസംബ്ലീസ്

ഓഫ് ഗോഡ് പാസ്റ്റർ ഡി. ജോഷ്വാ ആയിരുന്നു പിതാവ്.

ബാംഗ്ലൂർ സതേൺ ഏഷ്യാ ബൈബിൾ സ്കൂളിൽ വേദശാസ്ത്രപഠനം നടത്തിയശേഷം ഏഴുകൊല്ലം നേപ്പാളിൽ മിഷനറിയായി പ്രവർത്തിച്ചു. അതിനുശേഷം അഫ്ഗാനിസ്ഥാനിൽ കടന്നുചെന്നു മൂന്നു വർഷം രഹസ്യസുവിശേഷപ്രവർത്തനങ്ങൾ നടത്തി.


ഇപ്പോൾ ഡൽഹിയിൽ താമസിച്ച് സുവിശേഷപ്രവർത്തനങ്ങളിൽ വ്യാപൃതനായിരിക്കുന്നു. മുസ്ലീംങ്ങളുടെ ഇടയിലെ പ്രവർത്തനത്തിനു പ്രത്യേക ശ്രദ്ധ ചെലുത്തിയിരിക്കുന്നു. ഉത്തരേന്ത്യൻ സുവിശേഷീകരണത്തെക്കുറിച്ച് അനുഭവജ്ഞാനമുള്ള, ഈ തലമുറയിലെ ഒരു മിഷനറിയാണ്. (1994)

### *പാസ്റ്റർ പി.ഐ. ജോൺ ഡൽഹി*



1911-ൽ വെൺമണിയിൽ ജനിച്ചു. 1934-ൽ കുമ്പനാട് ഹെബ്രോൻ ബൈബിൾ സ്കൂളിൽ അഭ്യസനം പൂർത്തിയാക്കിയശേഷം സുവിശേഷ വേലയ്ക്കായി വടക്കേ ഇന്ത്യയിലേക്ക് യാത്രയായി. ആന്ധ്രായിൽ മൂന്നു വർഷം പ്രവർത്തിച്ചശേഷം 1944-ൽ ലാഹോറിലെത്തി, ഉറുദുഭാഷ പഠിച്ച് ഝാൻസി (യു. പി.), സിംല എന്നീ സ്ഥലങ്ങളിൽ താമസിച്ച് മുസ്ലീങ്ങളുടെയിടയിൽ സുവിശേഷമറിയിച്ചു. 1958-ൽ ന്യൂഡെൽഹിയിലെത്തി. ഉറുദു, ഹിന്ദി ഭാഷകളിൽ ലഘുലേഖകൾ, പത്രികകൾ, ഗ്രന്ഥങ്ങൾ എന്നിവ പ്രസിദ്ധീകരിച്ചു. നല്ലൊരു എഴുത്തുകാരൻകൂടിയായ പി.ഐ. ജോണിന്റെ ഇരുപതിനോടടുത്ത പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

### *പാസ്റ്റർ എൻ.റ്റി. കുരുവിള*




1924-ൽ ഒരു മാർത്തോമ്മാ കുടുംബത്തിൽ ജനിച്ചു. പതിനെട്ടാമത്തെ വയസ്സിൽ വിശ്വാസസ്നാനം സ്വീകരിച്ചു. 1948-ൽ ബാങ്ക് ഉദ്യോഗം രാജിവച്ച് സുവിശേഷവേലയ്ക്കായി തീരുമാനമെടുത്തു. 1950-ൽ ഷോലാപ്പൂരെത്തി. തന്റെ പ്രവർത്തനഫലമായി അനേകർ രക്ഷിക്കപ്പെടുന്നതിനും ഒരു വലിയ സഭ അവിടെ ഉടലെടുക്കുന്നതിനും കാരണമായി. നിത്യതയിൽ വിശ്രമിക്കുന്നു.

### *പാസ്റ്റർ ഏബ്രഹാം സാമുവൽ*

ആന്ധ്രയിലെ ആദ്യത്തെ മിഷനറിയായിരുന്ന പാസ്റ്റർ പി.എം. സാമുവലിന്റെ പുത്രനായി 1930-ൽ ജനിച്ച ഏബ്രഹാം സാമുവൽ സുവിശേഷവയലിൽ പിതാവനുഭവിക്കുന്ന കഷ്ടതകൾ കണ്ടും കൊണ്ടുമാണ് വളർന്നത്. വളർന്നപ്പോൾ അദ്ദേഹം സുവിശേഷവേല തന്നെ തെരഞ്ഞെടുത്തു. പിതാവ് ജീവിച്ചിരിക്കുമ്പോൾ തന്നെ ഐ.പി.സി.യുടെ ഭരണനേതൃത്വത്തിൽ പല പ്രാവശ്യം അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. പി.എം. സാമുവലിന്റെ മരണശേഷം ആന്ധ്രാ ഐ.പി.സി. പ്രവർത്തനങ്ങൾക്ക്


നേതൃത്വം കൊടുത്തു. തമിഴ്നാട് ഐ.പി.സി.യുടെ അദ്ധ്യക്ഷനായും പ്രവർത്തിച്ചു. ലോകപെന്തെക്കോസ്തു



സമ്മേളനമുൾപ്പെടെ പല ആഗോള യോഗങ്ങളിലും പ്രസംഗകനായിരുന്നിട്ടുണ്ട്.

1972-ൽ ആന്ധ്രായിലെ സീയോൻ ബൈബിൾ കോളേജിന്റെ പ്രിൻസിപ്പാളായി. ഗുണ്ടാലയിലെ സീയോൻ ഹൈസ്കൂൾ, സീയോൻ ഗേൾസ്ഹോം, സീയോൻ അന്ധവിദ്യാലയം എന്നിവയുടെ ചുമതലയും അദ്ദേഹത്തിനായിരുന്നു. 1993 നവംബറിൽ കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

### *പാസ്റ്റർ പി.ജി. വർഗീസ്*



ബ്രദർ പി.ജി. വർഗീസ് 1942-ൽ മാവേലിക്കരയ്ക്കടുത്ത് കൊല്ലക്കടവിൽ യാക്കോബായ കുടുംബത്തിൽ ജനിച്ചു. വിദ്യാഭ്യാസാനന്തരം പട്ടാളത്തിൽ ജോലി നേടി. 1971-ൽ ഉധംപൂരിൽ നടന്ന ഒരു യോഗത്തിൽ രക്ഷിക്കപ്പെട്ടു. 1972-ൽ വിശ്വാസസ്നാനം സ്വീകരിച്ചു. പിന്നീട് ജോലി രാജിവെച്ച് പൂർണ്ണസമയ സുവിശേഷകനായി. കാശ്മീരിൽ 'കട്ടറ' എന്ന സ്ഥലത്തു സുവിശേഷപ്രവർത്തനങ്ങൾ നടത്തി. കട്ടറ കേന്ദ്രമാക്കി 'കട്ടറ ഇവാഞ്ചലിക്കൽ കഷ്മീർ ടീം' എന്ന ഒരു സംഘടനയ്ക്ക് രൂപം നൽകി. ഇതാണ് പിന്നീട് ഇന്ത്യൻ ഇവാഞ്ചലിക്കൽ ടീമായി മാറ്റപ്പെട്ടത്. തന്റെ പ്രവർത്തനങ്ങൾ ചേരിനിവാസികളുടെയും തോട്ടികളുടെയും ഇടയിലാണ് കേന്ദ്രീകരിച്ചിരുന്നത്.

ബ്രദർ പി.ജി. വർഗീസ് അനുഗ്രഹീതനായ ഒരു ഗ്രന്ഥകാരൻ കൂടെയാണ്. ''ക്രിസ്തുവിനുവേണ്ടി ഹിമാലയ സാനുക്കളിൽ'' അദ്ദേഹത്തിന്റെ ആത്മകഥയാണ്. (1994)

### *പാസ്റ്റർ എം.ഐ. ഈപ്പൻ (പത്താൻ കോട്ട്)*



നിരണം മാണിപ്പറമ്പിൽ കുടുംബത്തിൽ മാർത്തോമ്മാ സഭാംഗമായി ജനിച്ചു. 1973 മുതൽ ഉത്തരേന്ത്യയിൽ സുവിശേഷപ്രവർത്തനങ്ങളിലേർപ്പെട്ടു കൊണ്ടിരുന്നു. ഇന്ത്യൻ ഇവാഞ്ചലിക്കൽ ടീമിന്റെ ആരംഭകാല പ്രവർത്തകനായിരുന്നു. ഇപ്പോൾ പഞ്ചാബിൽ പത്താൻകോട്ട് കുടുംബമായി താമസിച്ചു സുവിശേഷവേലചെയ്യുന്നു. ഇന്ത്യൻ ഇവാഞ്ചലിക്കൽ ടീമിന്റെ സെക്രട്ടറി, ബൈബിൾ സ്കൂൾ ഡയറക്ടർ, ഇന്ത്യൻ മെസഞ്ചർ മാസിക

യുടെ ന്യൂസ് എഡിറ്റർ എന്നീ നിലകളിൽ സേവനമനുഷ്ഠിക്കുന്നു. (1994)

### ഡോക്ടർ കെ.വി. പോൾപിള്ള



ഡോ. കെ.വി. പോൾപിള്ള 1932ൽ തിരുവനന്തപുരം ജില്ലയിലെ കിളിമാന്നൂരിൽ ഒരു ഹൈന്ദവഭവനത്തിൽ ജനിച്ചു. ബിരുദപഠനം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ , 1957-ൽ നിയമ ബിരുദമെടുത്തശേഷം ആൻഡമാൻ നിക്കോബാർ ദ്വീപിൽ നിയമവകുപ്പിൽ ഉദ്യോഗസ്ഥനായി. ഉദ്യോഗത്തിലിരിക്കുമ്പോൾ ഉണ്ടായ കഠിനമായ ഉദരരോഗം സൗഖ്യമായത് ക്രിസ്തുവിലേക്കു നയിച്ചു. പിന്നീട് ഭാരതസുവിശേഷീകരണത്തെ കുറിച്ച് ദർശനം പ്രാപിക്കുകയും ഉദ്യോഗം രാജിവെച്ച് മദ്രാസിലെ ഹിന്ദുസ്ഥാൻ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട്, അമേരിക്കയിലെ റ്റാൽബോട്ട് തിയോളജിക്കൽ സെമിനാരി എന്നിവിടങ്ങളിൽ പഠിച്ചു. 1964-ൽ ഇന്ത്യയിൽ മടങ്ങിയെത്തി.

'ഇന്ത്യാ ഇൻലാന്റ് മിഷന്' തുടക്കമിട്ടു. ഡൽഹി ബൈബിൾ ചർച്ചിന്റെ ആരംഭവും ഇക്കാലത്തു തന്നെ. 1974-ൽ ഹരിയാനയിലെ ഗഡുഗാവിനടുത്ത് ഗ്രേസ് ബൈബിൾ കേളേജ് സ്ഥാപിച്ചു. ഇന്ത്യയിലെ പ്രശസ്ത ബൈബിൾ കേളേജുകളിൽ ഒന്നായി ഈ സ്ഥാപനമിന്ന് ഉയർന്നിട്ടുണ്ട്. (1994)

### പാസ്റ്റർ പി.ജെ. ടൈറ്റസ്



ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം 1954-ൽ സുവിശേഷവേലയ്ക്കായി സമർപ്പിച്ചു. 1955-ൽ ആന്ധ്രായിലെത്തി ഹൈദ്രബാദ്, കമ്മൻ എന്നീ ജില്ലകളിൽ പത്തു വർഷത്തോളം പ്രവർത്തിച്ചു. 1965-ൽ വേദപഠനത്തിനായി അമേരിക്കയിലേക്കു പോയി. 1982-ൽ മടങ്ങിയെത്തി വിശാഖപട്ടണത്തിൽ ന്യൂ ടെസ്റ്റ്മെന്റ് ചർച്ച് ഓഫ് ഇന്ത്യ എന്ന പേരിൽ സഭ സ്ഥാപിച്ചു. ഇന്ന് ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലും നേപ്പാളിലുമായി നൂറോളം പ്രവർത്തനങ്ങൾ ഈ സഭയ്ക്കുണ്ട്.

1983-ൽ സി.ഒ.ടി.ആർ. തിയോളജിക്കൽ സെമിനാരി ആരംഭിച്ചു. 140ലധികം വിദ്യാർത്ഥികൾ അവിടെ വേദാഭ്യസനം നടത്തുന്നു. 'നവജീവൻ' എന്ന പേരിൽ ഒരു പബ്ലിക്ക് സ്ക്കൂളും ഒരു അനാഥശാലയും പ്രസ്തുത സഭയുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

### ഡോ. എ.സി. ജോർജ്ജ്

1935-ൽ ഒരു യാക്കോബായ കുടുംബത്തിൽ ജനിച്ചു. തന്റെ 14-ാമത്തെ വയസ്സിൽ രക്ഷിക്കപ്പെട്ടു. 17-ാമത്തെ വയസ്സിൽ സുവിശേഷവേലയ്ക്കായി സമർപ്പിച്ചു. മാവേലിക്കര ശാലേം ബൈബിൾ സ്കൂൾ, തിരുവല്ല ശാരോൻ ബൈബിൾ

സ്കൂൾ സതേൺ ഏഷ്യാ ബൈബിൾ കോളേജ് (ബാംഗ്ലൂർ) യൂണിയൻ ബിബ്ലിക്കൽ സെമിനാരി (യവത്മാൾ) എന്നിവിടങ്ങളിൽ വേദപഠനം നടത്തി. അമേരിക്കയിലെ ബ്രൻഡെയ്സ്, ആസ്ബറി എന്നീ യൂണിവേഴ്സിറ്റികളിൽ നിന്നും യഥാക്രമം എം.എ., റ്റി.എച്ച്.എം. എന്നീ ഡിഗ്രികൾ



എടുത്തു. 1982-ൽ വെസ്റ്റ് മിനിസ്റ്റർ തിയോളജിക്കൽ സെമിനാരിയിൽ നിന്നും റ്റി.എച്ച്.ഡി. ബിരുദം നേടി. 1983 മുതൽ ബാംഗ്ലൂർ സതേൺ ഏഷ്യാ ബൈബിൾ കോളേജിന്റെ പ്രിൻസിപ്പലായി സേവനമനുഷ്ഠിക്കുന്നു. പല വിദേശപാഠശാലകളിലും വിസിറ്റിംഗ് പ്രൊഫസറുമാണ്.

### *ഡോക്ടർ ജോൺ താന്നിക്കൽ*



ഓതറ താന്നിക്കൽ പാസ്റ്റർ സാമുവലിന്റെ മകനായി 1931-ൽ ജനിച്ചു. പത്താമത്തെ വയസ്സിൽ രക്ഷിക്കപ്പെട്ടു. പതിമൂന്നാമത്തെ വയസ്സിൽ സുവിശേഷവേലയ്ക്കായി സമർപ്പിച്ചു. എസ്.എ.ബി.സി. , സെറാമ്പൂർ കോളേജ്, വീറ്റൺ കോളേജ്, ഫുള്ളർ തിയോളജിക്കൽ സെമിനാരി എന്നിവിടങ്ങളിൽ നിന്നും ദൈവശാസ്ത്രത്തിൽ ബിരുദങ്ങൾ നേടിയിട്ടുണ്ട്.

സൗത്ത് ഇന്ത്യാ എ.ജി. സെൻട്രൽ ഡിസ്ട്രിക്ട് സൂപ്രണ്ട്, എസ്.എ.ബി.സി. അദ്ധ്യാപകൻ, പുനലൂർ ബഥേൽ ബൈബിൾ കോളേജ് പ്രിൻസിപ്പൽ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

1978ലെ വാൻകൂവർ വേൾഡ് പെന്തെക്കോസ്തു കോൺഫറൻസിലെ പ്രസംഗകനായിരുന്നു. 1976 മുതൽ വേൾഡ് പെന്തെക്കോസ്ത് കോൺഫറൻസ് അഡ്വൈസറി കമ്മറ്റിയംഗമാണ്. പെന്തെക്കോസ്തൽ ഫെലോഷിപ്പ് ഓഫ് ഇന്ത്യയുടെ ചെയർമാനാണ്.

കർണ്ണാടകയിലെ ഹിന്ദുക്കളുടെയടുക്കൽ സുവിശേഷം എത്തിക്കുക എന്ന ലക്ഷ്യത്തോടെ 1978-ൽ ബാംഗ്ലൂരിൽ, 'നവജീവ ആശ്രമം' എന്ന സംഘടന സ്ഥാപിച്ചു. ആശ്രമത്തിന്റെ വക ന്യൂലൈഫ് ബൈബിൾ കേളേജിൽ 112 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്.


### *പാസ്റ്റർ മാമ്മൻ ജോസഫ്*



പാസ്റ്റർ മാമ്മൻ ജോസഫ് ഒരു കത്തോലിക്കാ കുടുംബത്തിൽ ജനിച്ചു. 1969-ൽ രക്ഷിക്കപ്പെടുകയും സുവിശേഷവേലയ്ക്കായി സമർപ്പിക്കുകയും ചെയ്തു. കുമ്പനാട് ഹെബ്രോൻ ബൈബിൾ സ്കൂളിൽ വേദപഠനം നടത്തി.

വടക്കെ ഇന്ത്യയിൽ സുവിശേഷം പ്രചരിപ്പിക്കുക എന്ന പ്രത്യേക ദർശനത്തോടെ വേദപഠനാനന്തരം ഡൽഹിയിലെത്തി. 1974-മുതൽ വെസ്റ്റ് ബംഗാളിലെ ഡാർജിലിംഗ് ജില്ലയിലുള്ള ബാഗ്ഡോഗ്രായിൽ താമസിച്ചു പ്രവർത്തിക്കുന്നു. പ്രാദേശിക തലത്തിൽ സുവിശേഷീകരണം നിർവ്വഹിക്കുക എന്ന ലക്ഷ്യത്തോടെ പെനിയേൽ ഗോസ്പൽ ടീമിനു രൂപം നൽകി പ്രവർത്തിച്ചുവരുന്നു. 1985-ൽ സ്വദേശിയർക്കായി ഒരു ബൈബിൾ സ്കൂൾ ആരംഭിച്ചു. സിക്കിം, നേപ്പാൾ, ഭൂട്ടാൻ അതിർത്തി എന്നിവിടങ്ങളിലേക്ക് പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചിട്ടുണ്ട്.


### *പാസ്റ്റർ സി.എം. മാമ്മൻ (സെക്കൻദ്രാബാദ്)*



1950 ഒക്ടോബർ 25 നു കങ്ങഴ ചെറിയകളത്തിൽ മത്തായി ഏലിയാമ്മ ദമ്പതികളുടെ മകനായി ജനിച്ചു. വിദ്യാഭ്യാസത്തിനുശേഷം ഭൗതികജോലിയിൽ ഏർപ്പെട്ടു. 1973-ൽ ജോലി രാജിവെച്ച് കുമ്പനാട് ഹെബ്രോൻ ബൈബിൾ കോളേജിൽ വേദപഠനം നടത്തി. 1975 മുതൽ സെക്കൻദ്രബാദ് എന്ന സ്ഥലത്ത് പാസ്റ്റർ പി.റ്റി.ചാക്കോയോടൊപ്പം താമസിച്ചു പ്രവർത്തിച്ചു.

1977-ൽ നാൽഗൊണ്ട ജില്ലയിലെ പാവൂഗൊണ്ടയിലും 85-ൽ ബാലനഗറിലും പിന്നെ സൈനിക്പൂരിയിലും തെലുങ്കു സഭകൾ ആരംഭിച്ചു. ഇതു കൂടാതെ ചില മലയാളിസഭകളും ഇദ്ദേഹത്തിന്റെ പ്രവർത്തനഫലമായി ഉടലെടുത്തിട്ടുണ്ട്. അടുത്തിടെ ആന്ധ്രാഗ്രാമങ്ങളിൽ പലയിടങ്ങളിലും പുതിയ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

### *പാസ്റ്റർ കെ.എം. തങ്കച്ചൻ*




1942-ൽ പത്തനാപുരത്ത് ജനിച്ചു. 1959-ൽ രക്ഷിക്കപ്പെട്ടു. 1960 ൽ സ്നാനപ്പെട്ട് മുളക്കുഴ മൗണ്ട് സീയോൻ ബൈബിൾ കോളേജിൽ പഠനത്തിനു ശേഷം 1965 മുതൽ 69 വരെ ആന്ധ്രാപ്രദേശിലും 70 മുതൽ കേരളത്തിലുമായി പ്രവർത്തിച്ചു. ഇന്ത്യാ പൂർണ്ണസുവിശേഷ ദൈവസഭയുടെ കേരളാ സ്റ്റേറ്റ് യൂത്ത്, സണ്ടേസ്കൂൾ ഡയറക്ടർ, ബൈബിൾ സ്കൂൾ അദ്ധ്യാപകൻ, സ്റ്റേറ്റ് കൗൺസിൽ മെമ്പർ തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചു. 1981 മുതൽ നോർത്ത് ഇന്ത്യാ ഇവാഞ്ചലിസം ഡയറക്ടർ, ആക്ടിംഗ് ഓവർസിയർ എന്നീ നിലകളിലും സേവനമനുഷ്ഠിച്ചു. 1982 മുതൽ ദൈവസഭാ സെൻട്രൽ റീജിയൻ ഓവർസീയറായി പ്രവർത്തിക്കുന്നു.

### *പാസ്റ്റർ എം. തോമസ്*


പാസ്റ്റർ എം. തോമസ് 1938 മെയ് 12-ാം തീയതി റ്റി. മത്തായി ശോശാമ്മ ദമ്പതികളുടെ മകനായി ജനിച്ചു. കലാലയ വിദ്യാഭ്യാസാനന്തരം കുറെനാൾ ആലുവ യൂ.സി. കോളേജിൽ ജോലി ചെയ്തു. 1961-ൽ ബോംബെ ഭാഭാ ആറ്റമിക്

റിസേർച്ച് സെന്ററിൽ ഉദ്യോഗസ്ഥനായി, 1966-ൽ അവധിക്കെത്തിയ അവസരം സ്വന്തനാടായ കുണ്ടറയിലെ അസംബ്ലീസ് ഓഫ് ഗോഡ് സഭയിൽ പാസ്റ്റർ പി.ഒ. ചെറിയാന്റെ പ്രേരണയാൽ ചെന്നു സാക്ഷ്യം പ്രസ്താവിച്ചു.



1966 ഒക്ടോബറിൽ ബോംബെയിലെ ജൂഹു കടൽത്തീരത്തുവച്ച് വിശ്വാസ സ്നാനം സ്വീകരിച്ചു. 1971-ൽ കുർല സഭയുടെ അംഗമായി. 1976 മുതൽ മഹാരാഷ്ട്ര എ.ജി. ഡിസ്ട്രിക്ട് എക്സിക്യൂട്ടീവ് കമ്മറ്റിയിൽ അംഗമായി. പിന്നീട് മഹാരാഷ്ട്ര അസംബ്ലീസ് ഓഫ് ഗോഡ് കൗൺസിൽ സൂപ്രണ്ടായി തെരഞ്ഞെടുക്കപ്പെട്ടു. കൂടാതെ മറാത്തി ബൈബിൾ സ്കൂളിന്റെ പ്രിൻസിപ്പാൾ, ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ ചെയർമാൻ, ചെമ്പൂർ സ്ഥാനിക എ.ജി.യുടെ ശുശ്രൂഷകൻ എന്നീ നിലകളിൽ തുടരുന്നു.

### *പാസ്റ്റർ കെ.സി. കൊച്ചുണ്ണി*



ഒരു യാക്കോബായ കുടുംബത്തിൽ ജനിച്ച് വളർത്തപ്പെട്ടു. 18-ാം വയസ്സിൽ രക്ഷിക്കപ്പെട്ട് പരിശുദ്ധാത്മഭിഷേകം പ്രാപിച്ചു. 1962-ൽ സുവിശേഷവേലയ്ക്കു വേണ്ടിയിറങ്ങി. 21 വർഷം തമിഴ്നാട്ടിൽ കർത്തൃശുശ്രൂഷ ചെയ്തു. കേരളത്തിൽ തിരിച്ചു വന്ന് ചൊവ്വന്നൂർ, കൂരുംകളം, ചാലിശ്ശേരി, പഴഞ്ഞി, കൂട്ടാല, നെല്ലിക്കുന്ന്, ആൽപ്പാറ എന്നി സ്ഥലങ്ങളിലെ ഐ.പി.സി. സഭകളിൽ ശുശ്രൂഷകനായി പ്രവർത്തിച്ചു.

### *പാസ്റ്റർ ഒ. ബഞ്ചമിൻ*



തുവയൂർ ചർച്ച് ഓഫ് ഗോഡിലെ ആദ്യകാല ശുശ്രൂഷകരിൽ ഒരാളായ പാസ്റ്റർ സി.കെ. ഉമ്മന്റെ മകനായി 1926-ൽ ജനിച്ച ബഞ്ചമിൻ തീരെ ചെറുപ്പം മുതൽ സുവിശേഷവേലയിൽ ഉത്സുകനായിരുന്നു. മുളക്കുഴ ബൈബിൾ സ്കൂളിൽ വൈദിക അഭ്യസനം കഴിഞ്ഞ് കേരളത്തിലെ ചില സ്ഥലങ്ങളിൽ പ്രവർത്തിച്ചു. 1956-ൽ തമിഴ്നാട്ടിലേക്കു സുവിശേഷവുമായി കടന്നുപോയി. ബഞ്ചമിന്റെ പ്രവർത്തനഫലമായി പല തമിഴ് സഭകളും ഉടലെടുത്തു.

### *റവ. പി.എം. തോമസ്*

1930 ജൂൺ 15നു പുത്തൻപറമ്പിൽ പി.എം. മത്തായിയുടെ മകനായി കോട്ടയം ജില്ലയിലെ പുന്നവേലി ഗ്രാമത്തിൽ ജനിച്ചു. സി.എസ്.ഐ. സഭാംഗമായിരുന്നപ്പോൾ രക്ഷിക്കപ്പെട്ടു. യവത്ത്മാൾ യൂ.ബി.എസ്.എൽ. നിന്ന് ബി.ഡി. ബിരുദവും

അവിടെയുള്ള കോളജിൽ നിന്ന് ബി.എ.യും നേടിയ ശേഷം 1963-ൽ കാശ്മീരിലെ ഉദംപൂരിൽ സുവിശേഷപ്രവർത്തനത്തിനായി എത്തിച്ചേർന്നു.

വളരെ കാഠന്യമേറിയ അനുഭവങ്ങളിലൂടെ കടന്നുപോകേണ്ടിവന്ന റവ. തോമ



സിന്റെ പ്രവർത്തനം നിമിത്തം തദ്ദേശീയരായ അനേകർ ക്രിസ്തുവിനെ കണ്ടെത്തി. കാഷ്മീർ മലമടക്കുകളിൽ പൂർണ്ണസുവിശേഷ സത്യങ്ങൾ കൊണ്ടെത്തിച്ച കാഷ്മീർ ഇവാഞ്ചലിക്കൽ ഫെലോഷിപ്പ് പെന്തെക്കോസ്തു ലേബൽ ഉപയോഗിക്കുന്നില്ലെങ്കിൽകൂടെ പെന്തെക്കോസ്തനുഭവങ്ങൾ പ്രചരിപ്പിക്കുന്ന സംഘടനയാണ്.

1963-ൽ ആരംഭിച്ച ഫെലോഷിപ്പിന്റെ കീഴിൽ ഇന്ന് 96 മിഷനറിമാർ പ്രവർത്തിക്കുന്നു.

### *പാസ്റ്റർ എൻ. എം. ജോൺ*



മേപ്രാൽ കുട്ടി ഉപദേശി എന്ന പേരിൽ അറിയപ്പെട്ടിരുന്ന വേർപാടു സുവിശേഷകനായ മത്തായിയുടെയും അന്നമ്മയുടെയും മകനായി 1930-ൽ ജനിച്ച ജോൺ (കുഞ്ഞൂഞ്ഞ്) ആത്മസ്നാനം പ്രാപിച്ചതിനെതുടർന്ന് മുളക്കുഴ ബൈബിൾ സ്കൂളിൽ ചേർന്നു പഠിച്ചു. 1950കളിൽത്തന്നെ, ചർച്ച് ഓഫ് ഗോഡ് പ്രവർത്തകനായി ആന്ധ്രയിലെത്തി. നൈസാമബാദ്, റഷക്കർ നഗർ, കടപ്പ എന്നീ സ്ഥലങ്ങളിൽ പ്രവർത്തിച്ചു.

1962-ൽ നൈസമബാദിൽ ഒരു പരസ്യയോഗം നടത്തിക്കൊണ്ടിരിക്കുമ്പോൾ ആര്യസമാജം പ്രവർത്തകർ കൂട്ടംകൂടി അദ്ദേഹത്തെ ആക്രമിച്ചു. തടി, ഇഷ്ടിക എന്നിവകൊണ്ട് അവർ അദ്ദേഹത്തെ ക്രൂരമായി മർദ്ദിച്ചു. അവശനായിത്തീർന്ന ജോൺ തിരികെ നാട്ടിലെത്തി. 11 മാസങ്ങൾക്കുശേഷം 1963 ആഗസ്റ്റ് 12നു നിത്യതയിൽ പ്രവേശിച്ചു. അന്ന് രണ്ടുവയസ്സു മാത്രം പ്രായമുണ്ടായിരുന്ന ഏക പുത്രൻ അലക്സ് ഇപ്പോൾ സുവിശേഷകനാണ്.

### *പാസ്റ്റർ പി.റ്റി. സാമുവൽ*



പാസ്റ്റർ പി.റ്റി. സാമുവൽ 1939-ൽ ഒരു പെന്തെക്കോസ്തു കുടുംബത്തിൽ ജനിച്ചു. ഒൻപതാമത്തെ വയസ്സിൽ രക്ഷിക്കപ്പെടുകയും പതിനാലാമത്തെ വയസ്സിൽ സ്നാനപ്പെടുകയും ചെയ്തു. വിദ്യാഭ്യാസാനന്തരം ഭിലായ് സ്റ്റീൽ പ്ലാന്റിൽ ജോലിയിൽ പ്രവേശിച്ചു. 1964-ൽ പരിശുദ്ധാത്മാഭിഷേകം പ്രാപിക്കുകയും സുവിശേഷ വേലയ്ക്ക് വിളിയുണ്ടാകുകയും

ചെയ്തു.

1965-ൽ ജോലി രാജിവെച്ച് പൂർണ്ണ സമയ സുവിശേഷ വേലയ്ക്കായി ഇറങ്ങി. 1967 മുതൽ ബീഹാറിലെ റാഞ്ചി കേന്ദ്രമാക്കി സുവിശേഷ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. പ്രധാനമായും ആദിവാസികൾക്കിടയിലാണ് പ്രവർത്തനം നടക്കുന്നത്. 'പെന്തെക്കോസ്തൽ ചർച്ച് ഓഫ് ഗോഡ്' എന്നാണ് ഈ പ്രസ്ഥാനം അറിയപ്പെടുന്നത്.

### *പാസ്റ്റർ എൻ.സി. ജോസഫ്*


1920 ജനുവരി 1 നു കോട്ടയം തിരവഞ്ചൂരിൽ ജനിച്ചു. 1940-ൽ രക്ഷിക്കപ്പെട്ട്, 42ൽ സുവിശേഷവേലയിൽ പ്രവേശിച്ചു. മുളക്കുഴ സീയോൻകുന്ന് ബൈബിൾ സ്കൂളിലെ പഠനത്തിനുശേഷം 1952-ൽ ഭാര്യ മറിയാമ്മയുമൊത്ത് തമിഴ്നാട്ടിലേക്കു സുവിശേഷ വേലയ്ക്കുവേണ്ടി പോയി. രാജപാളയം, ശ്രീവല്ലിപുത്തൂർ, സാത്തൂർ, മധുര എന്നിവിടങ്ങളിൽ പ്രവർത്തിച്ചു. 1960 മുതൽ കേരളത്തിൽ തന്നെ തമിഴർ തിങ്ങിപ്പാർക്കുന്ന പീരുമേട് പ്രദേശങ്ങളിൽ താമസിച്ച് പ്രവർത്തിച്ചു. ദൈവസഭ (ഡിവിഷൻ) കൗൺസിലംഗമായിരുന്നിട്ടുണ്ട്. 1993 ആഗസ്റ്റ് 21 നു നിത്യതയിൽ ചേർക്കപ്പെട്ടു.

### *സിസ്റ്റർ റോസമ്മ ജോൺ*



1920 ജൂൺ 14നു മുണ്ടക്കയം കൂട്ടിക്കൽ പള്ളിവാതുക്കൽ സി.എസ്.ഐ. കുടുംബത്തിൽ ജനിച്ച റോസമ്മ 1941-ൽ പെന്തെക്കോസ്തു വിശ്വാസിയായി. പിറ്റെ വർഷം സിസ്റ്റർ അന്നമ്മ മാമ്മനോടൊപ്പം തമിഴ്നാട്ടിലും പിന്നീട് ആന്ധ്രാപ്രദേശിലും സുവിശേഷവുമായി സഞ്ചരിച്ചു. 1954 മുതൽ 15 വർഷം വിജയവാഡയിലായിരുന്നു. തെക്കെ ഇന്ത്യയിലെ നാല് സംസ്ഥാനങ്ങളിലും താമസിച്ചു പ്രവർത്തിച്ചിട്ടുണ്ട്. സിംഗപ്പൂർ, മലേഷ്യാ ഇൻഡോനേഷ്യാ തുടങ്ങിയ വിദേശ രാജ്യങ്ങളിലും അന്നാട്ടുകാരുടെയിടയിൽ സുവിശേഷ പ്രവർത്തനം ചെയ്തിട്ടുണ്ട്. അമ്പത് വർഷത്തോളം കേരളത്തിനു വെളിയിൽ പ്രത്യേകിച്ച് ആന്ധ്രായിൽ സുവിശേഷപ്രവർത്തനം ചെയ്തിട്ടുള്ള റോസമ്മ 1977 മുതൽ ഹൈദ്ദരബാദിൽ താമസിച്ചു പ്രവർത്തിച്ചു. നിത്യതയിൽ വിശ്രമിക്കുന്നു.

### *പാസ്റ്റർ എ. ജെ. മാത്യു*



1954 മുതൽ പാമ്പാക്കുട, പിറമാടം തുടങ്ങിയ സ്ഥലങ്ങളിൽ സുവിശേഷ വേല ചെയ്തിരുന്ന എ.ജെ. മാത്യു 1959-ൽ ആന്ധ്രാപ്രദേശിലെത്തി. മുപ്പത്തിനാല് വർഷമായി ആന്ധ്രായിലാണ്. ഇപ്പോൾ 'ക്രിസ്റ്റ്യൻ മൾട്ടിപ്ലയിംഗ് മിനിസ്ട്രീസ് ഇൻ ഇന്ത്യാ' എന്ന സംഘത്തിന്റെ ചുമതല വഹിച്ചുകൊണ്ട് ഏലൂരിൽ താമസിക്കുന്നു.

*പാസ്റ്റർ വൈ. ജോസഫ്*



ദീർഘവർഷങ്ങൾ ചർച്ച് ഓഫ് ഗോഡ് ഡിവിഷൻ ഓഫീസ് സെക്രട്ടറിയായും 1986 –92 വരെ ഡിവിഷൻ ഓവർസിയറായും സേവനമനുഷ്ഠിച്ച പാസ്റ്റർ വൈ. ജോസഫ് ഇപ്പോൾ കർണ്ണാടക മിഷനറി റെപ്രസന്റേറ്റീവായി മാണ്ഡ്യയിൽ താമസിച്ചു പ്രവർത്തിക്കുന്നു. (1994)

## ഉത്തരഭാരതം വിളിക്കുന്നു!

**ഇന്ത്യയിലെ ആറുലക്ഷം ഗ്രാമങ്ങളിൽ**
**യേശുവിന്റെ സാക്ഷിയാകാൻ,**
**സ്വഭവനത്തെയും സ്വസുഖത്തെയും**
**സ്വസംസ്ക്കാരത്തെയും**
**സ്വഭാഷയെയും സ്വന്തമായതിനെയെല്ലാം വിട്ട്...**

**ചെലവാകാൻ,**
**ചെലവായിപ്പോകാൻ**
**സമർപ്പിതരായ യുവാക്കളെ**
**ആവശ്യമുണ്ട് !**

# വിശ്വാസ ജീവിതത്തിന്റെ മഹത്വമറിഞ്ഞ പാസ്റ്റർ പോൾ

*പാസ്റ്റർ പോളിനോടു ഒരിക്കൽ കർത്താവ് സംസാരിച്ചു. "നിനക്കുള്ള തൊക്കെയും ഉപേക്ഷിച്ച് ഒന്നുമില്ലാത്തവനായി എന്റെ അടുക്കൽ വരിക."*

*"കർത്താവേ, ഒന്നുമില്ലാതെ ഞാനെങ്ങനെ ജീവിക്കും? എന്റെ അടുക്കൽ ആളുകൾ വന്നാൽ അവരെ ഞാൻ എങ്ങനെ സംരക്ഷിക്കും?" പാസ്റ്റർ പോൾ തിരിച്ചു ചോദിച്ചു.*

*"എന്റെ പക്കൽ ധാരാളമുണ്ട്. അവ മറ്റുള്ളവർക്കു പകർന്നുകൊടുക്കാൻ ഒരാളെ അന്വേഷിക്കുകയാണ് ഞാൻ." എന്ന് കർത്താവ് മറുപടി പറഞ്ഞു.*

*"എങ്കിൽ അങ്ങനെയാവട്ടെ കർത്താവേ" എന്ന് പാസ്റ്റർ പോൾ പ്രതിവചിച്ചു.*

*അദ്ദേഹം ഭാര്യയോടു "ഞാൻ ഉദ്യോഗം വിട്ടു, നിങ്ങളെയെല്ലാം ദൈവസന്നിധിയിൽ പ്രതിഷ്ഠിച്ചു. എന്താണ് നിന്റെ തീരുമാനം" എന്നു ചോദിച്ചു.*

*"ഞങ്ങളെപ്പറ്റി ഭാരപ്പെടേണ്ടാ. ദൈവം നിങ്ങളെ കാണിച്ചതുപോലെ മുന്നോട്ടുപോയാലും" എന്ന് ഉത്തരം പറഞ്ഞു. വിശ്വാസജീവിതം അവിടെ ആരംഭിക്കുകയായിരുന്നു.*

*പാസ്റ്റർ പോളിന്റെ മകനു അന്ന് 18 വയസ്സ് പ്രായം. അവൻ റോയൽ കോളജിലെ വിദ്യാർത്ഥിയായിരുന്നു. പള്ളിയിൽ അവന്റെ തലതൊട്ടപ്പനായിരുന്ന ഡോ. അസ്രപ്പ, പാസ്റ്റർ പോൾ മക്കളുടെ കോളെജു വിദ്യാഭ്യാസം നിർത്തിവച്ചുവെന്നും ഭ്രാന്തനെപ്പോലെ വിശ്വാസ ജീവിതം ചെയ്യാൻ പോകുന്നുവെന്നും കേട്ടപ്പോൾ ആകെ പ്രക്ഷുബ്ധനായി. "നിന്റെ മകൻ ഫ്രെഡി എന്റെ മകനാണ്. ഞാനാണ് അവന്റെ തലതൊട്ടത്. അവനെ എനിക്കു തരിക. ഞാനവനെ എന്റെ മക്കളോടു കൂടെ ഇംഗ്ലണ്ടിലയച്ചു പഠിപ്പിക്കാം" എന്ന് അധികാരപൂർവ്വം പറഞ്ഞു.*

*പാസ്റ്റർ പോൾ ഡോ. അസ്രപ്പയ്ക്കു കൊടുത്ത മറുപടി ഇപ്രകാരമായിരുന്നു: "ഞാനെന്റെ കർത്താവിനുവേണ്ടി ചാകാൻ പോകയാണ്. എന്റെ ഭാര്യയെയും മക്കളെയും ഞാൻ കർത്താവിനു കൊടുത്തിരിക്കുകയാണ്. അവൻ ഇംഗ്ലണ്ടിൽ പഠിക്കേണ്ടാ. യേശുവിനുവേണ്ടി മരിച്ചാൽ മതി."*

*എന്നാൽ ആ മകൻ ഫ്രെഡി പോൾ അകാലത്തിൽ മരിച്ചില്ല. 40 വർഷത്തിനുശേഷം പെന്തെക്കോസ്തു മിഷന്റെ ചീഫ് പാസ്റ്ററായി. ഇംഗ്ലണ്ട് ഉൾപ്പെടെ പല പാശ്ചാത്യ രാജ്യങ്ങളിലും പല പ്രാവശ്യം സുവിശേഷപര്യടനം നടത്തി.*

*മക്കളെ സമ്പൂർണ്ണമായും ദൈവത്തിന്റെ കരങ്ങളിലേല്പിച്ച വ്യക്തിയായിരുന്നു പാസ്റ്റർ പോൾ എന്നതിനു മറ്റൊരു ഉദാഹരണം.*

*ഇളയ മകൾ ഡോറ, 26–മത്തെ വയസ്സിലാണ് മരിച്ചത്. അന്ന് പാസ്റ്റർ പോൾ സുഖമില്ലാതെ കിടക്കുകയായിരുന്നു. ആരോ വന്ന് ഡോറ മരിക്കുവാൻ പോകുന്നു എന്നു പറഞ്ഞു. വളരെ ബുദ്ധിമുട്ടി അദ്ദേഹം ഡോറയുടെ മുറിയിലെത്തി. അപ്പോൾ അവൾ അന്ത്യശ്വാസം വലിക്കുകയായിരുന്നു. പിതാവ് മുറിയിലെത്തിയ വിവരം ഡോറ അറിഞ്ഞു.*

*"പപ്പാ, പപ്പാ, യേശുവിനെ നിങ്ങൾ കാണുന്നുണ്ടോ? ദൂതൻമാർ പാട്ടു പാടുന്നതു കേൾക്കുന്നുണ്ടോ?" എന്നവൾ ചോദിച്ചു.*

*"ഇല്ല മോളെ, ഞാൻ കേൾക്കുന്നില്ല" എന്ന് പാസ്റ്റർ പോൾ പറഞ്ഞു:*

*"ഞാൻ പോകയാണ്. യേശു വിളിക്കുന്നു പപ്പാ. ഇനി പ്രാർത്ഥിച്ച് എന്നെയിവിടെ നിർത്തരുതേ." ഡോറ അപേക്ഷിച്ചു.*

*ഇതു കേട്ടാൽ ഏതു പിതാവിന്റെ ഹൃദയമാണ് ചലിക്കാത്തത്? എന്നാൽ ഹൃദയഭേദകമായ ആ വാക്കുകൾക്ക് പാസ്റ്റർ പോളിന്റെ പ്രതികരണം, "ഗുഡ്ബൈ മോളെ, ഗുഡ്ബൈ! ഞാൻ കിടക്കുവാൻ പോകയാണ്" എന്നായിരുന്നു.*

*പാസ്റ്റർ പോൾ അടുത്ത മുറിയിൽ പോയി കിടന്നു, ഡോറ ഉടൻതന്നെ മരിച്ചു.*

*പാസ്റ്റർ പോൾ തന്റെ സമ്പത്തോ, ആരോഗ്യമോ മാത്രമല്ല, കുടുംബത്തെയും തനിക്കുള്ളതിനെ ഒക്കെയും കർത്താവിനു കൊടുത്തു. അദ്ദേഹം അവസാനമായി സന്ദർശിച്ചത് മദ്രാസിലെ സഭയായിരുന്നു. അന്ന് പ്രസംഗം അവസാനിക്കുന്നതിനുമുമ്പ് സദസ്യരായ ദൈവമക്കളെ നോക്കി ഇങ്ങനെ പ്രസ്താവിച്ചു:*

*"നാം നമ്മുടെ ഭാരങ്ങളുടെ കാൽഭാഗമോ, പകുതിഭാഗമോ, മുക്കാൽ ഭാഗമോ കർത്താവിനു സമർപ്പിച്ചാൽ ബാക്കി ഭാഗം നാം ചുമക്കേണ്ടിവരും. നാം നമുക്കുള്ള സകലത്തേയും ദൈവത്തിനു സമർപ്പിച്ചാൽ ദൈവം നമ്മുടെ മുഴുവൻ ഭാരവും ചുമന്നുകൊള്ളും. പ്രതിഷ്ഠയുള്ളവനു വിശ്വാസമുണ്ട്. വിശ്വാസമുള്ളവനു വിശ്രമം ഉണ്ട്. ഒരു അമ്മയുടെ മടിയിൽ വിശ്രമിക്കുന്ന കുഞ്ഞ് എന്നപോലെ അവർ ആശ്വാസം പ്രാപിക്കും."*

8

# പുതിയ സഭകളുടെ ആവിർഭാവം

**ഈ** നൂറ്റാണ്ടാദ്യം തുടങ്ങിയ പെന്തെക്കോസ്തു പ്രവർത്തനത്തിന്റെ നാലു ദശാബ്ദക്കാലത്തെ ചരിത്രം നോക്കിയാൽ പ്രബലമായ നാലു സഭകളേ ഉടലെടുത്തിരുന്നുള്ളു. അസംബ്ലീസ് ഓഫ് ഗോഡ്, ചർച്ച് ഓഫ് ഗോഡ്, ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭ, സിലോൺ പെന്തെക്കോസ്തു മിഷൻ. ഈ സഭകൾ പോലും ചേരിതിരിഞ്ഞ് പ്രവർത്തനം തുടങ്ങുന്നത് 1930 കൾക്കുശേഷമാണ്. അതിനും മുമ്പ് അന്യോന്യ സഹകരണമുള്ള, ബന്ധമുള്ള ഏക പ്രസ്ഥാനത്തിന്റെ ശാഖകൾ മാത്രമായിരുന്നു അവയെല്ലാം.

വ്യവസ്ഥാപിത സഭകളോട് ബന്ധമില്ലാത്ത സ്വതന്ത്രസഭകൾ ഉണ്ടായിട്ടില്ലെന്നല്ല. എന്നാൽ അവയൊക്കെ ഈ നാലു മുഖ്യധാരാസഭകളിൽ ഏതെങ്കിലുമൊന്നിൽ ലയിക്കുകയായിരുന്നു പതിവ്. 1950 വരെ ഈ സ്ഥിതി തുടർന്നു.

ഉപദേശപരമായ ചില്ലറ വ്യത്യാസങ്ങളുടെ പേരിൽ ആദ്യകാല പെന്തെക്കോസ്തു പ്രവർത്തകരിൽ ചിലർ - പ്രത്യേകിച്ച് അഷ്ടമുടി ഉമ്മച്ചൻ, മണിയാറ്റ് എം. ജെ. തോമസ്, പാസ്റ്റർ എ.ആർ. ടി. അതിശയം, കലയപുരം മത്തായിച്ചൻ, അദ്ദേഹത്തിന്റെ സഹോദരീ ഭർത്താവ്, ജെ. ഫിലിപ്പോസ്, മേപ്രാൽ ഹാനോക്സാർ തുടങ്ങിയവർ വ്യവസ്ഥാപിത സഭകളോടു ചേരാതെ 1930 മുതൽ തന്നെ ദൈവസഭ എന്ന പേരിൽ സ്വതന്ത്ര പ്രവർത്തകരായി നിന്നിരുന്നു. മറ്റു പല സ്വതന്ത്രകൂടിവരവുകളും മുഖ്യധാരാ സഭകളോടു യോജിച്ചപ്പോഴും ഉപദേശത്തിന്റെ പേരുപറഞ്ഞ് ഇവർ സ്വതന്ത്രരായിത്തന്നെ നിന്നു. ഇടയ്ക്ക് 1940 കളുടെ ആരംഭത്തിൽ അഷ്ടമുടി ഉമ്മച്ചൻ, മണിയാറ്റ് എം. ജെ. തോമസ്, തുടങ്ങിയവർ ഐ.പി.സി.യോടും, പാസ്റ്റർ എ.ആർ. ടി. അതിശയം, ചർച്ച് ഓഫ് ഗോഡിനോടും യോജിച്ചു

പ്രവർത്തിക്കുവാൻ തയ്യാറായി. അപ്പോഴും ദൈവസഭ കലയപുരം ഇട്ടി മത്തായിച്ച ന്റെയും ജെ. ഫിലിപ്പോസിന്റെയും ഹാനോക്സാറിന്റെയും മറ്റും നേതൃത്വ ത്തിൽ സ്വതന്ത്രമായിത്തന്നെ നില കൊണ്ടു. (പിന്നീട് മണിയാറ്റു തോമാച്ചനും ഉമ്മച്ചനും ഐ.പി.സി വിട്ടു മടങ്ങി പ്പോയി).

1950 നു മുമ്പ് പ്രബലമായിത്തീർന്നി രുന്ന ഒരു സ്വതന്ത്രസഭ, കലയപുരം കേന്ദ്രമാക്കി പ്രവർത്തിച്ച ഈ ദൈവസഭ മാത്രമാണ്. അവരാകട്ടെ, ഉപദേശപരമായ വ്യത്യാസത്താലാണ് മുഖ്യധാരാ സഭ കളോടു കൂട്ടുകൂടാതിരുന്നതും.

1950നുശേഷം സഭാചരിത്രത്തിലു ണ്ടായ പ്രകടമായ പ്രത്യേകത മുഖ്യധാരാ സഭകളോടു ഉപദേശപരമായി വ്യത്യാ സമില്ലാത്ത പുതിയ സഭകളുടെ ആവിർ ഭാവമാണ്. ഇവയിൽ ആദ്യസഭകളായ പെന്തെക്കോസ്തു ദൈവസഭ, ശാരോൻ ഫെലോഷിപ്പ് സഭ, ഇവ പ്രാരംഭ അവ സ്ഥയിലെങ്കിലും ഐ.പി.സി.യോടു മാതൃബന്ധം പുലർത്തുന്നുണ്ട്. ആദ്യം അസംബ്ലീസ് ഓഫ് ഗോഡ് പ്രവർത്തക നായിരുന്നെങ്കിലും പിന്നീട് ഐ.പി.സി യോടു യോജിക്കുകയും അതിന്റെ പ്രവർത്തകനായിരിക്കെ കർത്തൃസന്നി ധിയിൽ ചേർക്കപ്പെടുകയും ചെയ്ത പാസ്റ്റർ പി. വി. ജോണിന്റെ മകൻ പി.ജെ. ഡാനിയലാണ് പെന്തെക്കോസ്തു ദൈവസഭയുടെ സ്ഥാപകൻ. മറ്റൊരു പുത്രനായ പി.ജെ.തോമസ് ആണ് ശരോൻ ഫെലോഷിപ്പ് ചർച്ച് സ്ഥാപി ക്കുന്നത്.

1950 കൾക്കു മുമ്പുള്ള ചരിത്രം വ്യവ സ്ഥാപിത പെന്തെക്കോസ്തു സഭകളുടെ ചരിത്രമാണ്. എ.ജി., ചർച്ച് ഓഫ് ഗോഡ്, ഐ.പി.സി., സി.പി.എം. എന്നീ സഭ കളുടെ ചരിത്രം. 50കൾക്കുശേഷം പുതിയ സഭകൾ രംഗപ്രവേശം ചെയ്തു തുടങ്ങി. ഇവയുടെ തുടക്കം വ്യവസ്ഥാ പിതസഭകളോടു വേറിട്ട സ്വതന്ത്രസഭ കൾ എന്ന നിലയിലായിരുന്നുവെങ്കിലും അവയിൽ മിക്കതും ഇന്ന് അവഗണിക്കാ നാവാത്ത ശക്തിയായി വളർന്നു കഴി ഞ്ഞു. പുതിയ സഭകളെപ്പററി ഒരെത്തി നോട്ടം.

## ശാരോൻ ഫെലോഷിപ്പ് ചർച്ച്

പാസ്റ്റർ പി. വി. ജോണിന്റെ മകൻ പി.ജെ. തോമസ് അമേരിക്കയിലെ വേദപഠനത്തിനുശേഷം മടങ്ങിയെത്തി യപ്പോൾ ഐ.പി.സി.യുമായുണ്ടായിരുന്ന ബന്ധത്തിനു സാരമായ ഉലച്ചിൽ സംഭവിച്ചിരുന്നു. ഐ.പി.സി. വിഭജന ത്തിന്റെ പാതയിലേക്ക് നീങ്ങിക്കൊണ്ടി രുന്ന സമയമായിരുന്നു അത്. രണ്ടി ടത്തും ചേരാതെ സ്വതന്ത്രനായിപ്പോകാ നായിരുന്നു പി. ജെ. തോമസിന്റെ ആഗ്ര ഹമെങ്കിലും വിമതനേതാക്കൾ അദ്ദേഹ ത്തോടു ചേർന്നു പ്രവർത്തിക്കാൻ താൽപര്യം പ്രകടിപ്പിച്ചു. വിഭജനകാലത്ത് അവർ തിരുവല്ല ശാരോനിൽ പല യോഗ ങ്ങൾ സംഘടിപ്പിക്കുകയും അതവരുടെ താവളമായിത്തന്നെ കണക്കാക്കുകയും ചെയ്തു. വിമത ഐ.പി.സി. യുടെ ജനറൽ കൺവൻഷൻപോലും അവിടെ നടന്നിട്ടുണ്ട്. അന്നൊന്നും പാസ്റ്റർ പി.ജെ. തോമസിനു പുതിയൊരു സഭ തുടങ്ങുക എന്ന ലക്ഷ്യം മനസിലുണ്ടായിരുന്നില്ല.

1953–ൽ സുവിശേഷകരെ പരിശീലി പ്പിക്കുകയെന്ന ലക്ഷ്യത്തോടെ പാസ്റ്റർ തോമസ് തിരുവല്ലായിൽ ഒരു വേദപഠന ശാല ആരംഭിച്ചു. ഇതേസമയത്ത് അമേരിക്കയിലെ പ്രശസ്തരായ ദാവൂദ് ദമ്പതികൾ തിരുവല്ല ശാരോനിൽ ഒരു ഉണർവ്വുയോഗം നടത്തി. പി.ജെ. തോമസിന്റെ വീട്ടിലെ ഒരു മുറിയിലാ യിരുന്നു ആ യോഗങ്ങൾ ആരംഭിച്ചത്.

292

# പിളർപ്പിന്റെ കാലത്ത് നഷ്ടപ്പെട്ട പെരുമീൻ

*വളർച്ചയുടെ കണക്കുനോക്കിയാൽ 1930-1950 വരെയുള്ള കാലഘട്ടം പെന്തെക്കോസ്തു സഭയുടെ മുന്നേറ്റ കാലയളവു തന്നെയാണ്. ഐ.പി.സി.യും ചർച്ച് ഓഫ് ഗോഡും, അസംബ്ലീസ് ഓഫ് ഗോഡും എല്ലാം ഈ കാലയളവിൽ വളരുകയും നൂറു കണക്കിനു പ്രാദേശിക സഭകൾ രൂപീകരിക്കപ്പെടുകയും ചെയ്തു.*

*എന്നാൽ 1950 മുതൽ കാര്യങ്ങൾക്കു വ്യത്യാസമുണ്ടായി. ഏറ്റവും വലിയ സഭയായി വളർന്ന ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭ തമ്മിലടിച്ച് തങ്ങളുടെ വ്യക്തിത്വം നഷ്ടപ്പെടുത്തിയ കാലമായിരുന്നു അത്. സഭാംഗങ്ങളെ ഈ ഉൾപ്പോര് ഏറെ വേദനിപ്പിച്ചു എന്നത് ഒരു വശം. അതിലുപരിയായ മറ്റൊരു വലിയ നഷ്ടം കൂടെ ഈ പിളർപ്പ് സഭയ്ക്കു വരുത്തിവച്ചു.*

*1950കളിൽ മാർത്തോമ്മാ സഭയിൽ ഉപദേശസത്യങ്ങൾക്കു വേണ്ടി നിലകൊള്ളുന്ന ഒരു ഉൾഗ്രൂപ്പ് ഉദയം ചെയ്തിരുന്നു. പത്ഥ്യോപദേശസംഘം എന്നാണവർ അറിയപ്പെട്ടിരുന്നത്. സഭയിൽ നവീകരണം ഒരു തുടർച്ചയായ അനുഭവമായിരിക്കണം എന്നതായിരുന്നു അവരുടെ വാദം.*

*കെ.എൻ.ഡാനിയലായിരുന്നു മാർത്തോമ്മാ സഭയിലെ പത്ഥ്യോപദേശ സംഘത്തിലെ നേതാവ്. ഒരു കാലത്ത് മാർത്തോമ്മാ സഭയ്ക്കുവേണ്ടി വളരെ വീറോടെ പൊരുതിയ വ്യക്തിയായിരുന്നു അദ്ദേഹം. മറ്റു സഭക്കാരുമായി പ്രത്യേകിച്ച് ബ്രദറൺ, പെന്തെക്കോസ്തു ഗ്രൂപ്പുകളുമായി ഒരു സംവാദം ആവശ്യമായി വരുമ്പോൾ മാർത്തോമ്മാ സഭ പ്രധാനമായും ആശ്രയിച്ചിരുന്നത് കെ. എൻ. ഡാനിയലിനെയായിരുന്നു. ഖണ്ഡനമണ്ഡന പ്രസം ഗങ്ങളിൽ വിദഗ്ധനായിരുന്ന ഡാനിയൽ തന്റെ ബുദ്ധികൂർമ്മത കൊണ്ടും വാഗ്വിലാസം കൊണ്ടും എതിരാളികളുടെ നാവടച്ചു.*

*എന്നാൽ 50കളുടെ ആരംഭത്തോടെ മാർത്തോമ്മാ സഭ വേണ്ടത്ര സുവിശേഷപരമാകുന്നില്ലെന്നും മെത്രാപ്പോലിത്താ സഭയെ യാക്കോബായ മതത്തിലേക്ക് നയിക്കുകയാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി. മാർത്തോമ്മ സഭയിൽ നിലവിലിരുന്ന സകല ആചാരങ്ങളെയും വെല്ലുവിളിച്ചുകൊണ്ട് പത്ഥ്യോപദേശ സമിതി കെ. എൻ. ഡാനിയലിന്റെ നേതൃത്വത്തിൽ മുന്നേറി.*

ആദ്യകാലത്ത് സഭാരൂപീകരണം എന്നത് പഥ്യോപദേശക സമിതിയുടെ ലക്ഷ്യമായിരുന്നില്ല. മാർത്തോമ്മാ സഭയെത്തന്നെ ശുദ്ധീകരിച്ചെടുക്കാനായിരുന്നു അവരുടെ ആഗ്രഹം. ഈ സംഘത്തിന്റെ ബോധവത്ക്കരണത്താൽ ആത്മീയമായി ഉണർത്തപ്പെട്ട നല്ലൊരുകൂട്ടം ആളുകൾ മാർത്തോമ്മാ സഭയെത്തന്നെ ശുദ്ധീകരിച്ചെടുക്കാനായിരുന്നു അവരുടെ ആഗ്രഹം. ഈ സംഘത്തിന്റെ ബോധവൽക്കരണത്താൽ ആത്മീയമായി ഉണർത്തപ്പെട്ട നല്ലൊരു കൂട്ടം ആളുകൾ മാർത്തോമ്മാ സഭ വിട്ടുപോകുവാൻ ആഗ്രഹിച്ചു കഴിഞ്ഞിരുന്നു. പഥ്യോപദേശസംഘം സഭാരൂപീകരണം നടത്തിയിട്ടില്ലായിരുന്നതിനാൽ അവർക്ക് ആശ്രയിക്കാനാകുമായിരുന്ന സഭാസംഘങ്ങൾ ബ്രദറൺ പെന്തെക്കോസ്ത് പ്രസ്ഥാനങ്ങളായിരുന്നു. ഇതിൽത്തന്നെ ആത്മീയ ഉണർച്ചയുടെ കാര്യത്തിലും ഉപദേശ ഐക്യത്തിന്റെ കാര്യത്തിലും പെന്തെക്കോസ്തു പ്രസ്ഥാനത്തോടായിരുന്നു പഥ്യോപദേശ സംഘത്തിന് അടുപ്പം കൂടുതൽ.

കുമ്പനാട്ടും കടപ്രയിലും മറ്റുമുള്ള മാർത്തോമ്മാ സഭയിലെ പഥ്യോപദേശവിശ്വാസികൾ സ്വസമുദായം വിട്ട് പെന്തെക്കോസ്തു മാർഗ്ഗം സ്വീകരിക്കാൻ ആഗ്രഹിച്ചുകഴിയുമ്പോഴാണ് ആ പ്രദേശങ്ങളിലെ പ്രബല പെന്തെക്കോസ്തു വിഭാഗമായ ഐ.പി.സി. യിൽ ചേരിതിരിഞ്ഞുള്ള പോരാട്ടം രൂക്ഷമാകുന്നത്. പെന്തെക്കോസ്തരുടെ ഉപദേശമാഹാത്മ്യം ജീവിതത്തിൽ കാണാനാവാത്തത് അവരെ ആശയക്കുഴപ്പത്തിലാക്കി. സ്വസമുദായത്തിലെ സത്യ–പത്ഥ്യഗ്രൂപ്പുവഴക്കിനെക്കാൾ ഒട്ടും കുറവല്ലാത്ത ഗ്രൂപ്പിസം തകൃതിയായി നടക്കുന്ന മറ്റൊരു സഭയിലേക്ക് കൂറുമാറുവാൻ അവർ തയ്യാറല്ലായിരുന്നു. അതുകൊണ്ട് സ്വതന്ത്രസംഘമായിത്തന്നെ നിൽക്കുവാൻ അവർ തീരുമാനിച്ചു. പഥ്യോപദേശ സംഘം പിന്നീട്, 1961–ൽ സെന്റ് തോമസ് ഇവാഞ്ചലിക്കൽ സഭ എന്ന പേരിൽ പുതിയ സഭാസംഘം രൂപീകരിച്ചു.

ഐ.പി.സി.യിലെ പിളർപ്പ് ഉപദേശത്തിന്റെയോ, വിശുദ്ധിയുടെയോ പേരിലൊന്നുമല്ലായിരുന്നുവെന്ന് അതിനെ നിഷ്പക്ഷമായി വീക്ഷിക്കുന്ന ഏതൊരാൾക്കും അറിയാവുന്നതേയുള്ളു. നേതാക്കളുടെ അധികാരമോഹവും താൻ പ്രമാണിത്തവുമാണ് പിളർപ്പിനുകാരണമായിഭവിച്ചത്. അതുകൊണ്ടെന്ത്, നവീകരണത്തിന്റെ സത്യമറിഞ്ഞ മാർത്തോമ്മാ സഭയിലെ വലിയൊരു കൂട്ടമാളുകൾ പെന്തക്കോസ്തു മാർഗ്ഗത്തെ അവഗണിച്ച് സ്വതന്ത്ര പന്ഥാവ് തേടി. പിളർപ്പിന്റെ കാളിമയിൽ സഭയ്ക്കുണ്ടായ നഷ്ടത്തിൽ ആ 'പെരുത്ത മീൻകൂട്ട'വും ഉൾപ്പെടുന്നു.

289-ാം പേജിൽ നിന്നും...

***പാസ്റ്റർ കെ. ഐ. ജോൺ (കൊച്ചുകിഴക്കതിൽ കുട്ടിയച്ചൻ)***



*ഒരു സണ്ടേസ്ക്കൂളിൽ വച്ച് രക്ഷിക്കപ്പെട്ടു. അതിനുശേഷം ഒരു ഉപവാസ പ്രാർത്ഥനയിൽ വച്ച് പരുശുദ്ധാത്മസ്നാനം പ്രാപിച്ചു. വിശ്വാസസ്നാനം സ്വീകരിച്ച ശേഷം സമാനചന്താഗതിക്കാരായ വേറെ ചിലരുമൊത്ത് ഒരു സ്വതന്ത്ര പെന്തെക്കോസ്ത് കൂട്ടായ്മയ്ക്ക് തുടക്കം കുറിച്ചു. അന്ന തിന്റെ ശുശ്രൂഷകൻ കെ. ഐ. ജോൺ ആയിരുന്നു. 1943-ൽ ഈ സ്വതന്ത്ര കൂട്ടായ്മ ഐ.പി.സി യിൽ ലയിച്ചു. കുമ്പനാട് ഹെബ്രോൻ ബൈബിൾ സ്കൂളിൽ പഠിക്കാനവസരം ലഭിച്ച ജോൺ അതിനു ശേഷം ഐ.പി.സി.യിലെ ഒരു ശുശ്രൂഷക നായിത്തീർന്നു. കൊട്ടാരക്കര, അടൂർ പത്തനാപുരം, പുനലൂർ എന്നിവിടങ്ങ ളിലെ വിവിധ സഭകളിൽ ശുശ്രൂഷകനായിരുന്നിട്ടുണ്ട്. കൂടാതെ കൊട്ടാരക്കര, അടൂർ എന്നീ സെന്ററുകളുടെ പ്രധാന ശുശ്രൂഷക നായും സേവമനുഷ്ഠിച്ചിട്ടുണ്ട്. 1967 ജൂൺ 2നു കർത്തൃസന്നിധിയിലേക്കു വിളിച്ചു ചേർക്കപ്പെട്ടു.*

എന്നാൽ ഈ യോഗങ്ങളിലെ പരിശുദ്ധാത്മപകർച്ചയിൽ ആകൃഷ്ടരായ പൊതുജനം മീറ്റിംഗുകളിൽ പങ്കെടുക്കുവാൻ തുടങ്ങിയപ്പോൾ യോഗം ശാരോന്റെ മുറ്റത്തേക്കു മാറ്റേണ്ടിവന്നു. അയൽവാസിയായ ഒരു ബസുടമ പന്തലിടുവാനുള്ള പണം നൽകി. ജനത്തിരക്കുകൂടുന്നതനുസരിച്ച് പന്തലിന്റെ വലിപ്പം കൂട്ടിക്കൊണ്ടേയിരുന്നു. ഒടുവിൽ ആയിരക്കണക്കിനു ആളുകൾ കൂടുന്ന ഒരു മഹായോഗമായി അത് പരിണമിച്ചു.

23 ദിവസങ്ങൾ നീണ്ടുനിന്ന ആ യോഗങ്ങളിൽ കുരുടർ കാണുകയും ചെകിടർ കേൾക്കുകയും, മുടന്തർ നടക്കുകയും ഉൾപ്പെടെയുള്ള അനേക അത്ഭുതങ്ങൾ ദൃശ്യമായി. യോഗങ്ങളിൽ പങ്കെടുത്ത് ദൈവകൃപ പ്രാപിച്ച പലരും പല സ്ഥലങ്ങളിൽ സഞ്ചരിച്ച് സുവിശേഷവേല ചെയ്യുകയും അവിടവിടെ ചെറിയ ചെറിയ കൂട്ടായ്മകൾ ആരംഭിക്കുകയും ചെയ്തു.

ശാരോൻ ബൈബിൾ സ്കൂളിൽ പഠിച്ചിറങ്ങിയ വിദ്യാർത്ഥികളും പല സ്ഥലങ്ങളിൽ പ്രവർത്തിച്ച് സ്വതന്ത്രകൂടിവരവുകൾ ഉണ്ടായി. ഈ കൂടിവരവുകളുടെ കൂട്ടായ്മയാണ് ശാരോൻ ഫെലോഷിപ്പ് ചർച്ച് ആയി രൂപം പ്രാപിച്ചത്.

ഐ.പി.സി. യുടെ വിഭജനത്തിൽ മനംമടുത്ത് ചില പ്രവർത്തകർ തങ്ങൾക്കു സ്വാധീനമുള്ള സഭകളുമൊരുമിച്ച് ശാരോൻ ഫെലോഷിപ്പിനോടു യോജിച്ചത് ഇക്കാലത്താണ്. ഇങ്ങനെയെത്തിയ ആദ്യസഭ തിരുവല്ലായിലേതാണ്. പാസ്റ്റർ എ.എ. ചെറിയാന്റെ (പുളിക്കീഴ് കുഞ്ഞ്) സ്വാധീനതയിലായിരുന്നു അത്. കടമ്പനാട്ട് ഒരു സ്വതന്ത്രകൂട്ടായ്മയും ഇതേ കാലയളവിൽ ശാരോനോടു യോജിച്ചു.

1955-ൽ ഇരുപതോടടുത്ത സഭകൾ

# സ്നാനോപദേശം ഖണ്ഡിക്കാൻ വന്നു, സ്നാനപ്പെട്ടു മടങ്ങിപ്പോയി

*അഷ്ടമുടി ഉമ്മച്ചൻ വേർപാടുപദേശവുമായി സ്വദേശത്തെ ത്തിയ സമയം ! ഉമ്മച്ചന്റെ പുത്തനുപദേശത്തോട് ന്യായങ്ങൾ കൊണ്ടെതിർത്തു നിൽക്കാൻ നാട്ടുകാർക്കായില്ല. ഒടുവിൽ വിശ്വാസ സ്നാനോപദേശത്തെ ഖണ്ഡിക്കേണ്ടതിന് അഷ്ടമുടി ക്കാർ മാർത്തോമ്മാ സഭയിലെ ഉണർവ്വു പ്രസംഗകനായിരുന്ന കുഞ്ഞപ്പി ഉപദേശിയെ വിളിച്ച് ചില യോഗങ്ങൾ നടത്തി.*

*യോഗമൊക്കെ നന്നായിരുന്നു പക്ഷെ, വിശ്വാസസ്നാനത്തെ പ്പറ്റി കൂടുതലറിയാൻ കുഞ്ഞപ്പി ഉപദേശിക്ക് ഇതുമൂലം അവസരങ്ങൾ ലഭിച്ചു. സത്യത്തോടെതിർത്തു നിൽക്കാൻ കുഞ്ഞപ്പി ഉപേദേശിക്കു കഴിഞ്ഞില്ല. ഏറെത്താമസിയാതെ അദ്ദേഹം അഷ്ടമുടി ഉമ്മച്ചന്റെ കൈക്കീഴിൽ സ്നാനമേറ്റു. പിന്നീട് അവരൊന്നിച്ച് മദ്ധ്യതിരുവിതാംകൂറിലെ പല സ്വതന്ത്രവിയോജിത കൂട്ടായ്മകളിലും പ്രവർത്തിച്ചു. (കുഞ്ഞപ്പി ഉപദേശി പിന്നീട് വേദപഠനത്തിനായി സെറാമ്പൂർ കോളജിൽ ചേരുകയും മാർത്തോമ്മാ സഭയിലേക്കു തിരികെ പോവുകയും ചെയ്തു.)*

ശാരോൻ ഫെലോഷിപ്പിനുണ്ടായി. ഇതേ സമയത്താണ് പുളിക്കീഴ് പാസ്ററർ വി.ജി. ജോണിന്റെ സ്വാധീനതയിലുണ്ടായിരുന്ന മൂന്നു സഭകൾ ശാരോനോടു യോജിക്കുന്നത്. ചില വർഷങ്ങൾക്കു ശേഷം മുണ്ടിയപ്പള്ളി പാസ്റ്റർ എം.ഡി. ജോർജും, ജെ. വർഗീസ് എന്ന കൊച്ചു സാറും ശാരോനിൽ ചേർന്നു.

1957-ൽ ശാരോനിൽ വീണ്ടുമൊരു ഉണർവ്വുയോഗംകൂടെ നടന്നു. പ്രശസ്തരായ റവ. എ.എ. അല്ലൻ, റവ. ജോൺ ഇ. ഡഗ്ലസ്, റവ. ഷാംബാക്ക് എന്നിവരായിരുന്നു ഇത്തവണ പ്രസംഗകർ. ദാവൂദ് ദമ്പതികളുടെ യോഗങ്ങളിൽ ഉണർവ്വ് അറിഞ്ഞ ജനത ഇത്തവണ കൂടുതൽ ഉത്സാഹത്തോടെ യോഗങ്ങൾക്കെത്തി. ശാരോൻ സഭയുടെ പ്രവർത്തനം വളരെ വേഗം വർദ്ധിക്കുന്നതിനു ഈ മിഷനറിമാരുടെ യോഗങ്ങൾ കാരണമായി.

പിന്നെ ശാരോന്റെ വളർച്ച വളരെ പെട്ടെന്നായിരുന്നു. ഇന്ന് കേരളത്തിലുടനീളം 21 സെന്ററുകളിലായി ശാരോനു 400 സഭകളുണ്ട്. അതുകൂടാതെ കേരളത്തിനു പുറത്ത് മിക്കസംസ്ഥാനങ്ങളിലും, ഇന്ത്യയ്ക്ക് പുറത്തും ശാരോൻ വളർന്നുകൊണ്ടിരിക്കുന്നു.

ശാരോൻ സഭയുടെ സ്ഥാപക പ്രസിഡണ്ട് പാസ്ററർ പി.ജെ. തോമസാണ്. എന്നാൽ പ്രായാധിക്യത്താൽ അദ്ദേഹം പ്രവർത്തന നേതൃത്വം വൈസ്പ്രസിഡണ്ടായ പാസ്റ്റർ ടി.ജി. കോശിയെ ഏൽപ്പിച്ചിരിക്കുന്നു.

ശാരോൻ സഭയുടെ ആദ്യത്തെ സ്ഥാപനം 1953-ൽ ആരംഭിച്ച തിരുവല്ല ശാരോൻ ബൈബിൾ കോളജാണ്. 71-ൽ വനിതകൾക്കുവേണ്ടി അവിടെത്തന്നെ ഒരു ബൈബിൾ സ്കൂൾ ആരംഭിച്ചു. സെറാമ്പൂർ അഫിലിയേഷനുള്ള ഫെയ്ത്ത് തിയോളജിക്കൽ സെമിനാരി, ശാരോന്റെ വൈസ് പ്രസിഡണ്ടായ പാസ്റ്റർ ടി.ജി. കോശി ആരംഭിച്ചതാണ്. അടുത്തിടെ പാസ്റ്റർ ഫിന്നി ജേക്കബ്,

## പാസ്റ്റർ പി.ജെ. തോമസ്



*ശാരോൻ തോമാച്ചായൻ എന്ന് പോതുവെ അറിയപ്പെടുന്ന പി. ജെ. തോമസ് ജോൺ അയ്യാപിള്ളയുടെ മകനായി 1915ലാണ് ജനിക്കുന്നത്. 1936–ൽ രക്ഷിക്കപ്പെട്ടു. താമസിക്കാതെ സ്നാനപ്പെട്ടു. 1941,42 വർഷങ്ങളിൽ സെറാമ്പൂർ യൂണിവേഴ്സിററിയിലും പിന്നീട് ബാംഗ്ലൂർ യു.റ്റി.സി.യിലും ദൈവശാസ്ത്ര പഠനം നടത്തി. ആസ്ട്രേലിയായിലെ സിഡ്നി ബൈബിൾ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലും, അമേരിക്കയിലെ വീറ്റൻ കോളെജിലുമായി ദൈവശാസ്ത്രത്തിൽ ഉപരിപഠനം നടത്തി. 1952–ൽ നാട്ടിൽ തിരിച്ചെത്തി. തിരുവല്ലായിൽ ശാരോൻ സഭ രൂപീകരിക്കപ്പെട്ടു. ശാരോൻ സഭയുടെ സ്ഥാപക പ്രസിഡണ്ടാണ്. ഇപ്പോൾ നിത്യതയിൽ വിശ്രമിക്കുന്നു.*

മാവേലിക്കര ശാരോൻ സഭയോടു യോജിച്ചപ്പോൾ പ്രെയ്സ് ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടും ശാരോൻ സഭാസ്ഥാപനങ്ങളുടെ പട്ടികയിൽ പ്രവേശിച്ചു. കണ്ണൂരിനടുത്ത് കിളിയന്തറയിൽ ശാരോൻ സഭയുടെ വകയായി ഒരു ചിൽഡ്രൻസ് ഹോമും പ്രവർത്തിക്കുന്നുണ്ട്.

### വേൾഡ് മിഷനറി ഇവാഞ്ചലിസം ഫെലോഷിപ്പ്

ബ്രദറൺ സഭാപ്രവർത്തകനായിരുന്ന സി. എസ്. മാത്യു ആത്മസ്നാനം പ്രാപിച്ചതാണ് ഇന്ന് വേൾഡ് മിഷനറി ഇവാഞ്ചലിസം ഫെലോഷിപ്പ് എന്നറിയപ്പെടുന്ന ഇന്ത്യ സ്വതന്ത്രദൈവസഭയുടെ ഉത്ഭവത്തിനു കാരണമായിത്തീർന്നത്. മാത്യു പ്രഗത്ഭനായ വേർപാട് ഉപദേശകനും കടുത്ത പെന്തക്കോസ്തു വിരോധിയുമായിരുന്നു. 1946–ൽ പാണ്ടനാട് സ്വദേശികളായ ഏലിയാമ്മ സന്യാസിനിയും സഹോദരി മാർത്താമ്മയും റാന്നി പെരുനാട്ടിൽ റ്റി. ജെ. തോമസ് ഉപദേശിയുടെ വീട്ടിൽ ഉണർവ്വുയോഗം നടത്തുമ്പോൾ വെറുതെ കാണാൻ പോയതായിരുന്നു സി. എസും ഭാര്യയും. എന്നാൽ അന്ന് സി. എസ്. ആത്മശക്തിക്കു അധീനനായിത്തീർന്നു. എങ്കിലും വിവരം പരസ്യമാകാതിരിക്കാൻ അദ്ദേഹം വളരെ

ശ്രമിച്ചു. പിന്നീട് കങ്ങഴ സഖായി ഉപദേശിയുടെ ഒരു യോഗത്തിൽ വച്ച് സി. എസ്. അന്യഭാഷ അടയാളത്തോടെ ആത്മസ്നാനം പ്രാപിച്ചു.


ബ്രദറൺ ഉപദേശകനായ സി.എസ്. മാത്യുവിന്റെ അന്യഭാഷാഭാഷണം സഭാവൃത്തത്തിൽ സംഭാഷണ വിഷയമായി. എങ്കിലും പ്രഗൽഭ പ്രസംഗകനായിരുന്ന സി.എസ്സിനെ അവർ തടയാൻ മുതിർന്നില്ല. കഴിയുന്നിടത്തോളം ബ്രദറൺ മണ്ഡലത്തിൽ തന്നെ ആത്മനിറവിന്റെ ശുശ്രൂഷ തുടരുവാൻ സി.എസ്സും താൽപര്യപ്പെട്ടു. ഇതിനെപ്പററി സി. എസ്. മാത്യുവിന്റെ അപ്രകാശിത ജീവചരിത്രത്തിൽ അദ്ദേഹം പറയുന്നു.

“ബ്രദറൺ സംഘടനയുടെ മദ്ധ്യത്തിൽ ഒരു നവചൈതന്യവും ആത്മീയ നവോത്ഥാനവും ഉണ്ടാകുന്നതിനു ഞാൻ ദൈവത്തോടു പ്രാർത്ഥിക്കുകയും ആത്മാർത്ഥമായി പരിശ്രമിക്കുകയും ചെയ്തു. ആത്മീയ നവീകരണത്തോട് ആഭിമുഖ്യമുള്ള ഒരു സംഘം യുവാക്കളെ സംഘടിപ്പിച്ച് ഒരു സന്നദ്ധസുവിശേഷ സംഘം രൂപികരിച്ചു. സന്നദ്ധസംഘടന എന്ന പേരിലാണ് ബ്രദറൺ നേതാക്കൾ ഇതിനെ അറിഞ്ഞതെങ്കിലും സഭയ്ക്കുള്ളിൽ തന്നെ ആത്മനിറവും കൃപാവരങ്ങളും അനുഭവിക്കുന്ന ഒരു സഭ വളർത്തിയെടുക്കുക എന്നതായിരുന്നു എന്റെ ലക്ഷ്യം.”

1947 ജൂലൈ 12നു കുന്നം ബ്രദറൺ ഹാളിൽ നടന്ന ഒരു യോഗത്തിൽ ‘ഇന്ത്യാ സ്വതന്ത്രദൈവസഭ’ രൂപവൽക്കരിക്കപ്പെട്ടു. വിവരം സഭാനേതാക്കളറിഞ്ഞു. അവർ സി. എസ്സിനെ വിസ്തരിച്ചു മുടക്കി.

1949 മുതൽ ഇന്ത്യാ സ്വതന്ത്രദൈവസഭ അതിന്റെ ജൈത്രയാത്ര ആരംഭിച്ചു.

***പാസ്ററർ എം.ജെ. തോമസ്***



*മദ്ധ്യതിരുവിതാംകൂറിൽ നിന്ന് ആദ്യകാലത്ത് പെന്തെക്കോസ്തിലേക്കു വന്ന പ്രഗത്ഭ പ്രവർത്തകരിൽ ഒരാളാണ് പാസ്റ്റർ എം. ജെ. തോമസ്, ആദ്യകാലത്ത് വേർപാടു സഭാവിശ്വാസിയായിരുന്ന തോമസ്, പാസ്റ്റർ എ. ആർ ററി. അതിശയവുമായുള്ള ബന്ധത്തിലാണ് പെന്തക്കോസ്തു വിശ്വാസത്തിലേക്ക് ആകർഷിക്കപ്പെടുന്നത്. പൂവത്തൂർ ഉണർവ്വിൽ വച്ച് ആദ്ദേഹം ആത്മശക്തി പ്രാപിച്ചു. പിന്നീട് അഷ്ടമുടി ഉമ്മച്ചൻ, കലയപുരം മത്തായിച്ചൻ എന്നിവരോട് ചേർന്ന് ദൈവസഭാ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തു.*

പിന്നോക്ക വിഭാഗക്കാരുടെയിടയിൽ സി.എസ്സ് പെട്ടെന്നുതന്നെ പെന്തെക്കോസ്തിന്റെ വക്താവായിത്തീർന്നു. വർഷങ്ങൾക്കുള്ളിൽ ഇന്ത്യാ സ്വതന്ത്ര ദൈവസഭയ്ക്ക് കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി നൂറുകണക്കിനു സഭകളുണ്ടായി.

1962-ൽ എ.ജി. സഭാംഗമായിരുന്ന ഡോക്ടർ ജോൺ ഡഗ്ലസ് ഒരു സ്വതന്ത്ര മിഷനറിയായി ആന്ധ്രായിലെ എല്ലൂരിൽ പ്രവർത്തനത്തിനെത്തി. ആ വർഷം

വടക്കെ ഇന്ത്യയിൽ സുവിശേഷ പര്യടനം നടത്തിയിരുന്ന പാസ്റ്റർ സി. എസ്. മാത്യു ആന്ധ്രായിൽ വച്ച് ഡോ. ഡഗ്ല സിനെ പരിചയപ്പെടുകയും അത് അവർ തമ്മിൽ ഉള്ള കൂട്ടായ്മയ്ക്ക് മുഖാന്തര മാകുകയും ചെയ്തു. അതേ വർഷം പാസ്റ്റർ സി. എസ്. മാത്യു ആരംഭിച്ച വേൾഡ് മിഷനറി ഇവാഞ്ചലിസം ഫെലോഷിപ്പിനോടു ഇന്ത്യാ സ്വതന്ത്ര ദൈവസഭ യോജിച്ചു പ്രവർത്തിക്കുന്ന തിനും ഈ സന്ദർശനം കാരണമായി. പിന്നീട് ഡബ്ലിയു. എം. ഇ. യുടെ കേരള ഘടകമായി സി.എസ്സിന്റെ സഭ പ്രവർത്തിച്ചു. (എന്നാൽ ഔദ്യോഗിക ലയനം നടക്കുന്നത് 1975 മെയ് 26നാണ്).

1985-ൽ കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെടുംവരെയും ഡബ്ലിയു എം.ഇ. ഫെലോഷിപ്പിന്റെ കേരളാ സ്റ്റേറ്റ് സൂപ്പർ വൈസർ പാസ്റ്റർ സി. എസ്. മാത്യു ആയിരുന്നു. സി. എസ്സിന്റെ മരണശേഷം പുത്രി ഭർത്താവായ ഒ.എം. രാജുക്കുട്ടി സഭയുടെ സാരഥ്യം ഏറ്റെടുത്തു.

ഇന്ന് കേരളത്തിൽ 14 ജില്ലകളിലായി ഡബ്ലിയു. എം. ഇ. ഫെലോഷിപ്പിനു 350ലേറെ സഭകളുണ്ട്. കേരളത്തിൽ തന്നെ 60,000 ത്തിലേറെപ്പേർ സഭാംഗങ്ങ ളായുണ്ടെന്ന് ഔദ്യോഗിക കണക്കുകൾ പറയുന്നു.

സുവിശേഷകരുടെ പരിശീലനത്തി നായി പാസ്റ്റർ സി. എസ്. മാത്യു 1950 -ൽ കരിയംപ്ലാവിലെ ഹെബ്രോൻ നഗറിൽ ഒരു ബൈബിൾ സ്കൂൾ ആരംഭിച്ചു. 62-ൽ ഡഗ്ലസ് മെമ്മോറിയൽ അനാഥ മന്ദിരവും അവിടെത്തന്നെ സ്ഥാപിക്കപ്പെട്ടു. യുഗാന്ത്യനാദം എന്ന പേരിൽ ഒരു പ്രതിമാസപത്രികയും അതേപേരിൽ തന്നെ ഒരു റേഡിയോ പ്രോഗ്രാമും സഭയ്ക്കുണ്ട്.


**ദൈവസഭ (കലയപുരം)**

1920കളുടെയൊടുവിൽ പാസ്റ്റർ എ.ആർ.ററി. അതിശയം, പാസ്റ്റർ എം.കെ. ഉമ്മൻ, പാസ്റ്റർ എം.ജെ. തോമസ്, പാസ്റ്റർ വി.ഇ.പോത്തൻ, പാസ്റ്റർ റ്റി.വി. മത്തായി തുടങ്ങിയ പെന്തെക്കോസ്തു പ്രവർത്തകർ വ്യവ സ്ഥാപിത നിലയിലുള്ള സഭാ സ്ഥാപന ത്തോട് വിമുഖരായി ദൈവസഭാ പ്രവർ ത്തനങ്ങൾക്കു തുടക്കമിട്ടു. വ്യാപാരാവ ശ്യത്തിനുവേണ്ടി സിലോൺ സന്ദർശിച്ച കലയപുരം ഇട്ടി മത്തായിച്ചൻ പാസ്റ്റർ പോളിന്റെ ശുശ്രൂഷയാൽ രക്ഷിക്കപ്പെട്ട് തിരുനൽവേലിയിൽ പാസ്റ്റർ ജെയിംസി ന്റെ കീഴിൽ വിശ്വാസസ്നാനം സ്വീകരിച്ച് നാട്ടിൽ തിരിച്ചെത്തിയത് ഈ കാലയളവി ലാണ്. അഷ്ടമുടി ഉമ്മച്ചനുമായി പരി ചയപ്പെട്ട കലയപുരം മത്തായിച്ചൻ സമാനചിന്താഗതി പുലർത്തുന്ന മററു പെന്തെക്കോസ്തു പ്രവർത്തകരുമായി ചേർന്ന് ദൈവസഭ എന്ന പേരിൽ ഒരു സ്വതന്ത്രകൂട്ടായ്മ ആരംഭിച്ചു. തുടർന്ന് മത്തായിച്ചന്റെ ഭാര്യാ സഹോദരനായ കൊട്ടാരക്കര കിഴക്കേതെരുവിൽ ജെ. ഫിലിപ്പോസും ദൈവസഭയുടെ കൂട്ടായ്മയിലേക്കു വന്നു.

ഇതേ കാലയളവിൽ മേപ്രായിൽ പ്ലാമൂട്ടിൽ ഹാനോക് സാറും അദ്ദേഹ ത്തിന്റെ ശുശ്രൂഷയാൽ പെന്തെക്കോസ്തു വിശ്വാസം സ്വീകരിച്ച ഒരു സ്വതന്ത്രകൂടി വരവും ദൈവസഭയുമായി ചേർന്നു പ്രവർത്തിച്ചു. പിന്നീട് പായിപ്പാട് സി. ജോർജ്ജ്, വെട്ടിയാറ്റ് കെ.ജെ. ഡേവിഡ് എന്നിവരും ദൈവസഭയോടു ചേർന്നു.

പല സ്ഥലങ്ങളിൽ ദൈവസഭാ പ്രവർ ത്തനങ്ങൾ വളർന്നുവന്നപ്പോൾ സഭയുടെ ഏകീകരണ ക്രമീകരണങ്ങൾക്കായി കൊട്ടാരക്കര ജെ. ഫിലിപ്പോസിന്റെ

## സി. എസ്.



*1950–കളിൽ പിന്നോക്കവർഗ്ഗക്കാരുടെയിടയിൽ പെന്തെക്കോസ്തു പ്രസ്ഥാനത്തിന്റെ പ്രധാന വക്താവായി പ്രവർത്തിച്ചത് പാസ്റ്റർ സി.എസ്. മാത്യുവായിരുന്നു. സി.എസ്. എന്നു മാത്രം പറഞ്ഞാൽ കേരള പെന്തെക്കോസ്തു ലോകം ആ മനുഷ്യനെ അറിയുന്നു. പ്രഗത്ഭനായ ഒരു പ്രസംഗകനും പ്രശസ്തനായ ഒരു ഗാനരചയിതാവുമായിരുന്നു അദ്ദേഹം.*

*ഒരിക്കൽ കുരിശുമുട്ടത്തിനടുത്ത് നടത്തുന്ന ഒരു കൺവൻഷനിൽ സി.എസ്. ദൈവവചനം ശുശ്രൂഷിക്കാൻ തുടങ്ങി. എട്ടു മണിക്കു പ്രസംഗം ആരംഭിച്ചു. സമയം പോയതാരുമറിഞ്ഞില്ല. അടുത്ത പ്രഭാതത്തിൽ നാലു മണിക്ക് പരിസരത്തെവിടെയോ കോഴികൂവിയപ്പോൾ ശ്രോതാക്കളിൽ ഒരാൾ വിളിച്ചു പറഞ്ഞു. ആ കോഴി പിശകി കൂവിയതാണ്... സമയമൊന്നുമായില്ല... മണിക്കൂറുകൾ നീണ്ട പ്രസംഗം ചില മിനിറ്റുകൾ പോലെയാണ് ശ്രോതാക്കൾക്കു തോന്നിയത്.*

*അയിരൂരിനടത്ത് കോറ്റാത്തൂരിൽ 1915 ഫെബ്രുവരി 24നു ജനിച്ച വേലുത്തമ്പി 1936 നവംബർ 4 നാണ് രക്ഷിക്കപ്പെടുന്നത്. പിറ്റെ ദിവസം തന്നെ സ്നാനപ്പെട്ട് സി. എസ്. മാത്യു എന്ന പേരു സ്വീകരിച്ചു. പരിശുദ്ധാത്മസ്നാനം പ്രാപിച്ചശേഷം ബ്രദറൺ സഭയിൽ നവീകരണം ലക്ഷ്യമാക്കി മാത്യുസ് ഒരു സന്നദ്ധ സുവിശേഷസംഘത്തിനു രൂപം കൊടുത്തു. അതാണ് ഇന്ത്യാ പുർണ്ണ സുവിശേഷ ദൈവസഭയായും പിന്നീട് വേൾഡ് മിഷനറി ഇവാഞ്ചലിസം ഫെലോഷിപ്പായും രൂപപ്പെട്ടത്.*

*മൂന്നിറ്റിയമ്പതിലേറെ ഗാനങ്ങൾ സി.എസ്. രചിച്ചിട്ടുണ്ട്. 'എൻ പ്രിയനേപ്പോൽ സുന്ദരനായ്.....' എന്ന ഗാനമാണ് ആദ്യത്തേത്. 1985 ഒക്ടോബർ 11നു 46 വർഷത്തെ കർത്തൃസേവയ്ക്കുശേഷം സി.എസ്. നിത്യതയിൽ ചേർക്കപ്പെട്ടു.*

വീട്ടിൽ ഒരു ആലോചനായോഗം നടന്നു. ദൈവസഭയുടെ ഉപദേശങ്ങളെപ്പററി അവിടെ നടന്ന ചർച്ചയിൽ സ്ഥലം സഭകൾ പൂർണ്ണ സ്വതന്ത്രമായിരിക്കണം, സഭയ്ക്ക് ദൈവസഭ എന്നു മാത്രമേ പേരു പാടുള്ളു, സഭ രജിസ്റ്റർ ചെയ്യാൻ പാടില്ല, പൊതുശുശ്രൂഷകന്മാർ സകലവും വിറ്റവരും വിട്ടവരുമായിരിക്കണം, തിരുവത്താഴം പാദശുശ്രൂഷയോടെ രാത്രിയിൽ മാത്രമെ നടത്താവു എന്നിങ്ങനെ തീരുമാനമുണ്ടായി. ഇതിൽ പൊതുശുശ്രൂഷകൻമാർ സകലവും

299

# മാങ്ങാനം പ്രാർത്ഥിച്ചു, ആളുകൾ ആത്മസ്നാനം പ്രാപിച്ചു

*കേരള പെന്തെക്കോസ്തരിൽ പലരും അവർ മദ്ധ്യതിരുവിതാം കൂറിലെ മലബാറിലോ വടക്കേ ഇന്ത്യയിലോ താമസിക്കുന്നവരായാൽ പോലും സാധാരണ പറയാറുള്ള ഒരു സാക്ഷ്യമുണ്ട് "അന്ന് മാങ്ങാനം ജോസഫ് ഞങ്ങളുടെ സഭയിൽ നടത്തിയ ഒരു കാത്തിരിപ്പുയോഗത്തിൽ ഞാൻ ആത്മസ്നാനം പ്രാപിച്ചു....."*

*മാങ്ങാനം ജോസഫ് എന്നറിയപ്പെടുന്ന വടക്കുംതല വി.ജെ.ജോസഫ് എത്ര കാത്തിരിപ്പുയോഗങ്ങൾ നടത്തിയിട്ടുണ്ടെന്ന് അദ്ദേഹത്തിനു തന്നെ പറയാൻ കഴിയുമെന്ന് തോന്നുന്നില്ല. മാങ്ങാനം ജോസഫ് ഒരിക്കലെങ്കിലും ചെന്നിട്ടില്ലാത്ത സഭകളുടെ എണ്ണമെടുക്കുകയായിരിക്കും കൂടുതലെളുപ്പം.*

*കോട്ടയത്തിനടുത്ത് മാങ്ങാനത്ത് വടക്കുംതല കുടുംബത്തിൽ യോഹന്നാന്റെയും, ചാച്ചിയുടെയും മകനായി 1920 ജനുവരി 5നു ബ്രദറൺ സഭാംഗമായി ജനിച്ച ജോസഫ് ഒരിക്കൽ അവിചാരിതമായി കോട്ടയത്തു നടന്ന ഐപി.സി. യുടെ സെന്റർ കൺവൻഷനിൽ പങ്കെടുത്തത് ജീവിതത്തിൽ വഴിത്തിരിവായി. അവിടെ നിന്നും വാങ്ങി വായിച്ച 'ഉയരത്തിൽ നിന്നു ശക്തി പ്രാപിക്കുവോളം നഗരത്തിൽ പാർപ്പീൻ ' എന്ന പുസ്തകത്തിൽ അതുവരെ പഠിച്ചതിൽ നിന്നും വ്യത്യസ്തമായി പരിശുദ്ധാത്മാവിനെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നത് ഹൃദയത്തിൽ വ്യതിയാനമുണ്ടാക്കി. തിരികെ സഭയിലെത്തി ഏതാനും സഹോദരൻമാരോടു വിവരം പറഞ്ഞു. സമാന അഭിപ്രായമുള്ള ഏതാനും പോരോടൊപ്പം ചെമ്മരപ്പള്ളി ബ്രദറൺ ഹാളിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ പരിശുദ്ധാത്മസ്നാനം പ്രാപിച്ചു.*

*തീവ്രമായ പെന്തെക്കോസ്ത് അനുഭവം മുഴുശക്തിയോടെ പ്രാപിച്ച പാസ്റ്റർ വി.ജെ ജോസഫ് ആദ്യകാലങ്ങളിൽ മുതലേ പരിശുദ്ധാത്മ ശുശ്രൂഷ ആരംഭിച്ചു. തന്നോടൊപ്പം ആ കാലങ്ങളിൽ നിരവധിപേർ മാങ്ങാനത്തു നിന്നും കഞ്ഞിക്കുഴിയിലെത്തി ആരാധി ച്ചിരുന്നു. കാലക്രമേണ, മാങ്ങാനത്തു നിന്നെത്തുന്ന വിശ്വാസികളുടെ എണ്ണം  വർദ്ധച്ചതിനാൽ പാസ്റ്റർ പി.എം. ഫിലിപ്പിന്റെ ആഗ്രഹപ്രകാരം മാങ്ങാനത്ത് ഒരു വേല ആരംഭിച്ചു. പാസ്ററർ വി.ജെ. ജോസഫ് സഭയുടെ പ്രഥമ ശുശ്രൂഷകനായി. പതിനേഴു വർഷം അദ്ദേഹം അവിടെ ശുശ്രൂഷിച്ചു.*

*കൃപാവരത്തോടെ പരിശുദ്ധാത്മാഭിഷേകം  പ്രാപിച്ച പാസ്റ്റർ ജോസഫിന്റെ ശുശ്രൂഷ തേടി ദൂരസ്ഥലങ്ങളിൽ നിന്നും അനേകർ അക്കാലങ്ങളിൽ എത്തുമായിരുന്നു.*

297-ാം പേജിൽ നിന്നും...

വിട്ടവരായിരിക്കണം എന്ന പ്രമേയത്തെ കലയപുരം മത്തായിച്ചൻ ആദ്യം എതിർത്തെങ്കിലും പിറ്റേവർഷം മേപ്രായിൽ ഹാനോക്സാറിന്റെ വീട്ടിൽ നടന്ന യോഗത്തിൽവച്ച് മുകൾ പറഞ്ഞ ഉപദേശങ്ങൾ സഭാനേതാക്കൾ എല്ലാവരും അംഗീകരിച്ചു.

ദൈവസഭ പ്രവർത്തകരിൽ ചിലരൊക്കെ പിന്നീട് വ്യവസ്ഥാപിത സഭകളോടെ ചേർന്നു. സഭ രജിസ്ററർ ചെയ്യാൻ പറ്റില്ലെന്നായിരുന്നു ആദ്യ തീരുമാനമെങ്കിലും 1961–ൽ കൊല്ലത്തു വെച്ച് ദൈവസഭ രജിസ്റ്റർ ചെയ്യപ്പെട്ടു. 1973–ൽ കലയപുരം മത്തായിച്ചൻ കർത്തൃസന്നിധിയിലേക്കു ചേർക്കപ്പെട്ടു. അദ്ദേഹത്തിന്റെ സഹോദരി ഭർത്താവായ പാസ്റ്റർ ജെ. ഫിലിപ്പായിരുന്നു സഭയുടെ അടുത്ത സാരഥി. ഇതിൽ ക്ഷുഭിതരായ പലരും ദൈവസഭയോടു വിയോജിച്ച് സ്വതന്ത്ര കൂട്ടായ്മകൾ ആരംഭിച്ചു. (നേരത്തെ സഭ രജിസ്ററർ ചെയ്തപ്പോഴും അതിനോടു യോജിക്കാതെ ചിലർ സഭ വിട്ടുപോയിരുന്നു.)

ഇന്നിപ്പോൾ ദൈവസഭയിൽ നിന്നു പിരിഞ്ഞ സംഘങ്ങൾ പലയിടങ്ങളിലായി സ്വതന്ത്രകൂട്ടങ്ങൾ ആരംഭിച്ചിട്ടുണ്ട്. മിക്ക ഗ്രൂപ്പുകളും ദൈവസഭ എന്ന പേരിൽ തന്നെയാണ് അറിയപ്പെടുന്നതും. എന്നാൽ കൊല്ലത്തെ രജിസ്റ്റർ ചെയ്ത ദൈവസഭയുടെ ഇപ്പോഴത്തെ പ്രസിഡണ്ട് പാസ്റ്റർ പി. എം തോമസ് ആണ്. ഒൻപതു സെന്ററുകളിലായി, അറുപതിലേറെ സഭകളും 4000 വിശ്വാസികളും ദൈവസഭയ്ക്കുണ്ട്. സഭാനാവായി "ദൈവസഭാ ദൂതൻ" എന്നൊരു മാസിക 1968 മുതൽ പ്രസിദ്ധീകരിച്ചുവരുന്നു. ദൈവസഭയുടെ വകയായി കുന്നംകുളത്തു ഒരു ബൈബിൾ സ്കൂളും പ്രവർത്തിക്കുന്നുണ്ട്.

### പെന്തെക്കോസ്തു ദൈവസഭ

1953–ൽ ഐ.പി.സി.യിൽ ഭിന്നത ഉണ്ടായ സമയത്ത് മാവേലിക്കര സെന്റർ ശുശ്രൂഷകനായിരുന്ന പാസ്ററർ പി. ജെ. ഡാനിയേൽ ഒരു പക്ഷവും ചേരാതെ സ്വതന്ത്രനായി നിൽക്കാൻ തീരുമാനിച്ചു. തന്റെ സ്വതന്ത്ര പ്രവർത്തനത്തിനും അദ്ദേഹം പെന്തെക്കോസ്തു ദൈവസഭ എന്ന് നാമകരണം ചെയ്തു.

1959–വരെ മന്ദഗതിയിലായിരുന്നു സഭയുടെ പ്രവർത്തനം. ആ വർഷം പാസ്റ്റർ ഡാനിയേൽ അമേരിക്ക സന്ദർശിച്ച് ചില വിദേശ മിഷനുകളുമായി ചേർന്ന് ബന്ധം സ്ഥാപിച്ചതിനെ തുടർന്ന് പ്രവർത്തനം വിപുലമാക്കുവാൻ കഴിഞ്ഞു. കേരളത്തിന്റെ വിവിധ പട്ടണങ്ങളിൽ ജോൺ ഓസ്ററിനെപ്പോലെ പ്രഗൽഭരായ പ്രസംഗകരെ വരുത്തി പാസ്റ്റർ ഡാനിയേൽ ക്രൂസേഡുകൾ നടത്തി. ഈ മഹായോഗങ്ങൾ മുഖാന്തരം പട്ടണങ്ങളിൽ പെന്തെക്കോസ്തു ദൈവസഭയുടെ പ്രവർത്തനം വ്യാപിച്ചു. 'റിവൈവൽ സെന്റർ ' എന്ന പേരിൽ പലയിടത്തും ഇന്നു സഭയ്ക്ക് കൂടിവരവും സ്ഥാപനങ്ങളുമുണ്ട്.

മാവേലിക്കര തഴക്കരയിലെ വേർഡ് ഓഫ് ഫെയ്ത്ത് ബൈബിൾ കോളേജ് ആണ് സഭയുടെ ഔദ്യോഗിക വേദപാഠശാല. ചെറുകോൽ എന്ന സ്ഥലത്ത് ബഥനി ചിൽഡ്രൻസ് ഹോം എന്നൊരു സ്ഥാപനവും സഭയ്ക്കുണ്ട്. പാസ്റ്റർ ഡാനിയേലിന്റെ മരണശേഷം പുത്രൻ അലക്സാണ്ടർ ഡാനിയേൽ സഭയുടെ ചുമതല ഏറ്റെടുത്തു. 45 പ്രാദേശിക കൂടിവരവുകൾ ഇപ്പോൾ സഭയ്ക്കുണ്ട്.

### ന്യൂ ഇന്ത്യാ ചർച്ച് ഓഫ് ഗോഡ്

ന്യൂ ഇന്ത്യാ ചർച്ച് ഓഫ് ഗോഡിന്റെ ആദ്യസഭ രൂപീകരിക്കപ്പെടുന്നത് 1967–ലാണ്. അന്ന് റാന്നി പുത്തൻപുരയ്ക്കൽ

പാപ്പച്ചൻ എന്നൊരാളുടെ വീട്ടിൽ വച്ച് പാസ്ററർ വി. എ. തമ്പി നടത്തിയ 21 ദിവസത്തെ പ്രാർത്ഥനായോഗങ്ങളുടെ ഫലമായി പലർ രക്ഷിക്കപ്പെട്ടു വന്ന താണ് ഈ സഭാസ്ഥാപനത്തിനു കാരണ മായത്.

1968-ൽ ക്നാനായ സഭയിലെ തെങ്ങേലി അച്ചൻ (ഫാ. എം.കെ. തോമസ്) സ്നാനപ്പെട്ട് പാസ്റ്റർ വി.എ തമ്പിയുമൊരുമിച്ച് പ്രവർത്തിച്ചു തുടങ്ങി. ക്നാനായ സമുദായത്തിൽപ്പെട്ട പലരും ഇവരുടെ പ്രവർത്തനത്താൽ സ്നാനപ്പെട്ട് പെന്തെക്കോസ്തു വിശ്വാസികളായിത്തീർന്നു. അങ്ങനെ മദ്ധ്യ തിരുവിതാംകൂറിന്റെ പല ഭാഗങ്ങളിലായി പാസ്റ്റർ വി. എ. തമ്പിയുടെ നേതൃത്വത്തിൽ സ്വതന്ത്ര സഭാകൂടിവരവുകൾ ആരംഭിച്ചു.

1976-ൽ സഭ രജിസ്റ്റർ ചെയ്യുമ്പോൾ ന്യൂ ഇന്ത്യാ ചർച്ച് ഓഫ് ഗോഡിനു 10 സഭാകൂടിവരവുകളാണ് ഉണ്ടായിരുന്നത്. ചങ്ങനാശ്ശേരിയായിരുന്നു അന്ന് സഭയുടെ ആസ്ഥാനം. സുവിശേഷകരെ അഭ്യസിപ്പിക്കുവാനായി പാസ്ററർ വി. എ. തമ്പി അവിടെ ബെഥേസ്ദ ബൈബിൾ സ്കൂൾ എന്ന പേരിൽ ഒരു വേദപാഠശാലയും ആരംഭിച്ചു.

1980-കളിൽ ന്യൂ ഇന്ത്യാ ചർച്ച് ഓഫ് ഗോഡിനു അഭൂതപൂർവ്വമായ വളർച്ച യുണ്ടായി. പ്രത്യേകിച്ചും വിദേശമിഷനറിമാർ നടത്തിയ ചില ക്രൂസേഡുകൾ മുഖാന്തരം നൂറുകണക്കിനാളുകൾ സഭയുടെ അംഗങ്ങളായിത്തീർന്നു. തെക്കൻ തിരുവിതാംകൂറിലെ പ്രവർത്തനങ്ങൾ വ്യാപകമായതും ഈ കാലയളവിലാണ്. 1979-ൽ വെള്ളറയിൽ നടന്ന ഒരു ക്രൂസേഡിന്റെ ഫലമായി 12 സഭകളാണ് ഉടലെടുത്തത്. ഇപ്പോൾ ആ പ്രദേശങ്ങളിൽ സഭയ്ക്ക് 50ലേറെ പ്രാദേശിക കുടി വരവുകൾ ഉണ്ട്.

1983-ൽ തീരദേശ സുവിശേഷപ്രവർത്തനങ്ങൾക്കായി 'എലീഡ' എന്ന ഒരു ബോട്ട് വാങ്ങിയതാണ് കുട്ടനാടൻ പ്രദേശങ്ങളിലെ ന്യൂ ഇന്ത്യാ ചർച്ച് ഓഫ് ഗോഡ് വളർച്ചയ്ക്ക് കാരണമായിത്തീർന്നത്. കടലോരപ്രദേശങ്ങളിലേക്കും പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുവാൻ ഈ കാലയളവിൽ സഭയ്ക്കു കഴിഞ്ഞു. ഇന്ന് തീരപ്രദേശങ്ങളിൽ 30ലേറെ പ്രാദേശീക സഭകൾ ന്യൂ ഇന്ത്യാ സഭയ്ക്കുണ്ട്. അപ്രവേശിതമായി കരുതപ്പെട്ടിരുന്ന വൈപ്പിൻ ദ്വീപിൽ തന്നെ 7 സഭാ കൂടിവരവുകളുണ്ട്.

1988-ൽ ചങ്ങനാശ്ശേരിയിൽനിന്നും സഭാ ആസ്ഥാനം ചിങ്ങവനത്തേക്കു മാറ്റി. 20 വർഷങ്ങൾക്കു മുമ്പ് പാസ്റ്റർ തമ്പി രക്ഷിക്കപ്പെട്ടപ്പോൾ ക്നാനായ സഭാപുരോഹിതൻ അദ്ദേഹത്തെ ഓടിച്ചു വിട്ട സ്ഥലമാണ് ചിങ്ങവനം. ഇന്നിപ്പോൾ ചിങ്ങവനത്ത് അംഗബലമുള്ള ഒരു സഭയും വിശാലമായ പല സ്ഥാപനങ്ങളും ന്യൂ ഇന്ത്യാ ചർച്ച് ഓഫ് ഗോഡിനുണ്ട്.

നാല് ബൈബിൾ സ്കൂളുകളാണ് സഭയ്ക്കുള്ളത്. മൂന്നെണ്ണം കേരളത്തിലും ഒരെണ്ണം വടക്കെ ഇന്ത്യയിലും. കേരളത്തിലും പുറത്തുമായി 300ലേറെ സഭകളും 350 പ്രവർത്തകരും ന്യൂ ഇന്ത്യാ സഭയ്ക്കുണ്ട്.

### ന്യൂ ഇന്ത്യാ ബൈബിൾ ചർച്ച്

പേരൂർക്കാവിൽ ജോർജ് ഫിലിപ്പ്, തോമസ് ഫിലിപ്പ് എന്നീ സഹോദരൻമാർ രക്ഷിക്കപ്പെട്ട്, വിശ്വാസസ്നാനം സ്വീകരിച്ചതിനെത്തുടർന്ന് 1967-ൽ അവരുടെ പ്രത്യേക താൽപര്യപ്രകാരം പായിപ്പാട്ട് പേരൂർക്കാവ് ഗോസ്പൽ സെന്ററിൽ മൂന്നുദിവസത്തെ സുവിശേഷയോഗം ക്രമീകരിക്കപ്പെട്ടു. പിന്നീട് മൂന്നു ദിവസത്തെ ഉപവാസയോഗവും നടന്നു.


ഇതിനെത്തുടർന്ന് പായിപ്പാട്ട് ഒരു സ്വതന്ത്ര ആരാധന ആരംഭിച്ചു. 1969-ൽ തോമസ് ഫിലിപ്പ് നടത്തിക്കൊണ്ടിരുന്ന ഒരു പാരലൽ കോളെജിനോടു ചേർന്ന് സമീപ പ്രദേശങ്ങളിലുള്ള ക്രൈസ്തവ സഭകളെ ചേർത്ത് ഒരു യൂണിയൻ ക്രിസ്ത്യൻ കൺവൻഷൻ നടത്തപ്പെട്ടു. പലരും ഈ യോഗങ്ങൾ മുഖാന്തരം രക്ഷിക്കപ്പെട്ടതു കണ്ടപ്പോൾ പ്രവർത്തനം വിപുലമാക്കുവാൻ ഈ സഹോദരൻമാർക്ക് ആഗ്രഹമുണ്ടായി. അവിടെത്തന്നെ ഒരു സണ്ടേസ്കൂൾ ആരംഭിച്ചു. 300-ഓളം വിദ്യാർത്ഥികൾ ആ സണ്ടേസ്കൂളിൽ പഠിച്ചിരുന്നു.

തോമസ് ഫിലിപ്പിന്റെ സഹോദരൻ ഡോ. ഏബ്രഹാം ഫിലിപ്പിന്റെ ഉത്സാഹത്താൽ 1973-ൽ പായിപ്പാട് ന്യൂ ഇന്ത്യാ ബൈബിൾ കോളേജ് ആരംഭിച്ചതോടെ പ്രവർത്തനം കൂടുതൽ വിപുലമായി. ബൈബിൾ കോളെജിലെ വിദ്യാർത്ഥികളുടെ പ്രവർത്തനഫലത്താൽ തിരുവല്ലയ്ക്കടുത്ത് കൊമ്പാടിയിൽ ഒരു സഭാരാധന ആരംഭിച്ചു. ന്യൂ ഇന്ത്യാ ബൈബിൾ ചർച്ചിന്റെ പ്രഥമ പ്രാദേശിക സഭയാണിത്. തുടർന്ന് ബൈബിൾ കോളേജിൽനിന്നും പഠനം പൂർത്തിയാക്കിയ സുവിശേഷകർ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ച് സഭകൾ സ്ഥാപിച്ചു തുടങ്ങി. ഇന്നിപ്പോൾ സഭയ്ക്ക് 10 സെന്ററുകളിലായി 150 കൂടിവരവുകളും 10 ശുശ്രൂഷകരുമുണ്ട്.

ബൈബിൾ കോളേജു കൂടാതെ അനാഥകുട്ടികളെ പാർപ്പിച്ചു പഠിപ്പിക്കുന്ന 'ബോയ്സ് ഹാവൻ' എന്ന സ്ഥാപനവും സഭയുടെ ചുമതലയിലുണ്ട്. 110 കുട്ടികൾ അവിടെ താമസിച്ചു പഠിക്കുന്നു.

റവ. ജോർജ്ജ് ഫിലിപ്പാണ് സഭാ പ്രസിഡന്റ്. പാസ്റ്റർ തോമസ് ഫിലിപ്പ് ആക്ടിംഗ് പ്രസിഡന്റും പാസ്റ്റർ

### *പാസ്റ്റർ റവ. കെ. മത്തായി (കല്ലട മത്തായിച്ചൻ)*



*1913 ഒക്ടോബർ 18നു കൊല്ലം പടിഞ്ഞാറെ കല്ലട തരകൻപറമ്പിൽ കുഞ്ചാണ്ടിയുടെ മകനായി ജനിച്ചു. 19-ാമത്തെ വയസ്സിൽ മാനസാന്തര അനുഭവത്തിലേക്കു നയിക്കപ്പെട്ടു. 1935 ജനുവരിയിൽ പാസ്റ്റർ കെ. സി. ചെറിയാന്റെ കൈക്കീഴിൽ സ്നാനമേററു. ആദ്യകാലത്ത് അഷ്ടമുടി ഉമ്മച്ചനോടൊപ്പമായിരുന്നു കൂട്ടായ്മ ആചരിച്ചിരുന്നത്. 1938-ൽ ആത്മസ്നാനം പ്രാപിക്കുകയും സുവിശേഷ പ്രവർത്തനത്തിനായി തീരുമാനമെടുക്കുകയും ചെയ്തു. കല്ലട, മുതുപിലക്കാട്, പനന്തോപ്പ് തുടങ്ങിയ സ്ഥലങ്ങളിൽ ആദ്യസമയത്ത് ഐ.പി.സി. യോടുള്ള ബന്ധത്തിൽ പ്രവർത്തിച്ചു. പിന്നീട് ഓടനാവട്ടം, മല്ലപ്പള്ളി, മേപ്രാൽ, പാമ്പാടി തുടങ്ങി പല സ്ഥലങ്ങളിലും ഐ.പി.സി., ചർച്ച് ഓഫ് ഗോഡ് തുടങ്ങിയ സഭകളിലായി പ്രവർത്തിച്ചു. പ്രവർത്തനത്തിനായി ചെല്ലുന്ന സ്ഥലങ്ങളിൽ സഭയോ, പാഴ്സനേജോ താമസത്തിനു ഭവനമോ കാണാതെ ആദ്യകാലങ്ങളിൽ വിശ്വാസത്തോടെ ഇറങ്ങിത്തിരിച്ച വ്യക്തിയായിരുന്നു അദ്ദേഹം.*

305

# ദക്ഷിണേന്ത്യാ ദൈവസഭയും പെന്തക്കോസ്തു പ്രസ്ഥാനവും



**ജോൺ എ.ഡി. ഖാനും കുടുംബവും**

*പേരുകൊണ്ടും ഉപദേശംകൊണ്ടുമൊക്കെ ഏറെ സാമ്യമുള്ള ഒരു സഭാ സംഘമാണ് ദക്ഷിണേന്ത്യ ദൈവസഭ. ആദ്യകാലത്ത് ഇവർ ദൈവസഭ എന്നപേരിൽ മാത്രമാണ് അറിയപ്പെട്ടിരുന്നത്. ഇന്ത്യയിലെ അതിന്റെ സ്ഥാപകനായ ജോൺ അലൗഡിൻ ഖാൻ സഭയ്ക്ക് ദൈവസഭ എന്നു മാത്രമേ പേരിടാവു എന്നു വിശ്വസിച്ചിരുന്നയാളാണ്. പിന്നീട് ഇവർ അമേരിക്കൻ മിഷനറിമാരുമായി ബന്ധപ്പെട്ടപ്പോൾ 'ആൻഡേഴ്സൺ ചർച്ച് ഓഫ് ഗോഡ്' എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി*

*പെന്തെക്കോസ്തു പ്രസ്ഥാനത്തിലെ ആദ്യകാല പ്രവർത്തകരിൽ പലരും ജോൺ എ.ഡി. ഖാന്റെ ആൻഡേഴ്സൺ ദൈവസഭയുമായി ബന്ധപ്പെട്ടിരുന്നവരാണ്. ആദ്യകാലത്ത് അസംബ്ലീസ് ഓഫ് ഗോഡിലും പിന്നീട് ഐ.പി.സി.യിലും പ്രാഗത്ഭ്യം തെളിയിച്ച പ്രവർത്തകനായിരുന്ന പാസ്റ്റർ പി. വി. ജോൺ (ജോൺ അയ്യാപിള്ള) ജോൺ എ.ഡി.ഖാന്റെ കൈക്കീഴിൽ സ്നാനമേറ്റയാളും അദ്ദേഹത്തിന്റെ പ്രസ്ഥാനമായ ആൻഡേഴ്സൺ ദൈവസഭയിൽ പാസ്റ്ററായി ശുശ്രൂഷ ചെയ്തയാളുമാണ്. പാസ്ററർ കെ.ഇ. ഏബ്രഹാം കുളനടയിൽ ആൻഡേഴ്സൺ ചർച്ച് ഓഫ് ഗോഡിനോടു ചേർന്ന് പ്രവർത്തിച്ചപ്പോഴാണ് പന്തളം മത്തായിച്ചനിൽ നിന്ന് പെന്തെക്കോസ്തുപദേശം ഗ്രഹിക്കുന്നത്. പാസ്ററർ ഏബ്രഹാമിന്റെ വിവാഹശുശ്രൂഷ നടത്തിയതും ജോൺ എ.ഡി ഖാൻ തന്നെയായിരുന്നു. ആലപ്പുഴ ജില്ലയിലെ ആദ്യകാലപ്രവർത്തകരിൽ ഒരാളായിരുന്ന പാസ്റ്റർ വി. ജി. ജോൺ വിശ്വാസ ഉപദേശങ്ങൾ ഗ്രഹിക്കുന്നതും എ.ഡി.ഖാനിൽനിന്നുതന്നെയാണ്. കൽക്കത്തയിലെ ഒരു മുസ്ലീം പരിവർത്തിത ക്രിസ്ത്യാനിയായിരുന്ന എ.ഡി. ഖാന്റെ സ്വാധീനം പറയാനുള്ള പെന്തെക്കോസ്തു നേതാക്കളുടെ പട്ടിക അങ്ങനെ നീളുകയാണ്.*

*അടിസ്ഥാനപരമായി അന്യഭാഷാഭാഷണത്തോട് വിരോധമുള്ള കൂട്ടരല്ല ആൻഡേഴ്സൺ സഭക്കാർ. എന്നാൽ അതേസമയം ആത്മസ്നാനത്തിന്റെ ഏക അടയാളം അന്യഭാഷയാണെന്ന് അവർ വിശ്വസിക്കുന്നുമില്ല.*

*ഈ അടുത്തകാലത്ത് ആൻഡേഴ്സണിൽ പ്രസിദ്ധീകരിച്ച സഭയുടെ വിശ്വാസവും നടപടിയും (Faith and Practice) എന്ന പുസ്തകത്തിൽ ഒരു ചോദ്യം ഇങ്ങനെയായിരുന്നു.*

ചോദ്യം: നാം പെന്തെക്കോസ്സ്തരോ, കരിസ്മാറ്റിക്കുകളോ ആണോ?

ഉത്തരം: ആണ്/അല്ല. ലളിതമായി ആലോചിച്ചാൽ നാം പെന്തെക്കോസ്തരമാണ്. എന്നാൽ ഒരു പരിധിക്കപ്പുറത്തേക്ക് ആ ചോദ്യം നീണ്ടുപോയാൽ പെന്തെക്കോസ്തരല്ല എന്ന് നമുക്ക് പറയേണ്ടിവരും അന്യഭാഷകളിൽ സംസാരിക്കുന്നതു മാത്രമാണ് പരിശുദ്ധാത്മാവിന്റെ ലക്ഷണമെന്ന് നാം വിശ്വസിക്കുന്നില്ല.



നിക്കൾസ് റോയ് : ആൻഡേഴ്സൺ സഭയിലെ 'പെന്തെക്കോസ്തുകാരൻ'

അന്യഭാഷാ ഭാഷണത്തെ അനുകൂലിക്കുന്നതവരും പ്രതികൂലിക്കുന്നവരും ആൻഡേഴ്സ്സൺ സഭയിൽ ഉണ്ടായിരുന്നു . നിർഭാഗ്യവശാൽ കേരളത്തിൽ ഈ പ്രവർത്തനത്തിനു നേതൃത്വം കൊടുത്ത റവ. പി.ജെ. ഫിലിപ്പ് അന്യഭാഷഭാഷാണം ആവശ്യമുള്ളതല്ലെന്നു കരുതിയ വ്യക്തിയായിരുന്നു. പെന്തെക്കോസ്തു മാർഗ്ഗത്തോട് വിമുഖത പുലർത്തിയ റവ. ഫിലപ്പിന്റെ നേതൃത്വത്തിൽ കേരളത്തിലെ ആൻഡേഴ്സൺ സഭ പൊതുവെ പെന്തെക്കോസ്തു വിരുദ്ധരായിത്തീർന്നു എന്നു മാത്രം.

വേർപാടുകാർ പഠിപ്പിക്കും പോലെ അന്യഭാഷാ ഭാഷണം നിന്നുപോയി എന്ന് ആൻഡേഴ്സൺ ചർച്ച് പഠിപ്പിക്കുന്നില്ല. കഴിഞ്ഞ നൂറ്റാണ്ടിലെ ഹോളിനസ് പ്രസ്ഥാനക്കാരെപ്പോലെ കൃപയുടെ രണ്ടാം അനുഭവമായി പരിശുദ്ധാത്മവ്യാപാരത്തെ മനസ്സിലാക്കുന്നതിലും സഭയ്ക്ക് വലിയ ബുദ്ധിമുട്ടില്ല. എന്നാൽ ആത്മസ്നാനം അഭിഷേകം തുടങ്ങിയ വാക്കുകൾ അവർക്ക് പരിചിതമല്ലാതാനും.

ആസ്സാം, മേഘാലയ തുടങ്ങിയ വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ ദൈവശബാ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത റവ. ജെ. എം. നിക്കൾസ് റോയ് പെന്തെക്കോസ്തിനോട് ആഭിമുഖ്യം പുലർത്തിയിരുന്ന ഒരു നേതാവാണ്. ദൈവസഭ, അന്യഭാഷാ ഭാഷണത്തിനു പ്രാധാന്യം കൊടുക്കണമെന്നും ഒരുപദേശമായി അത് സ്വീകരിക്കണമെന്നും റവ. റോയ് സഭയിൽ വാദിച്ചു. നിക്കോൾസ് റോയിയുടെ ഭാര്യ സ്ഥിരമായി പെന്തെക്കോസ്തു യോഗങ്ങളിൽ പങ്കെടുത്തിരുന്ന സ്ത്രീയാണ്. മേഘാലയിലെ ദൈവസഭയിൽ ഇവരുടെ പ്രവർത്തനത്താൽ പലരും ആത്മശക്തിക്ക് അധീനരാ വുകയും ചെയ്തു. എന്നാൽ റോയിയുടെ ശിഷ്യനായിരുന്ന അകിലാസീജ് തുടങ്ങിയ രണ്ടാം നിര നേതാക്കൾ പെന്തെക്കസ്തു പദേശം ദൈവസഭയെ ഗ്രസിക്കുന്നതിനോടു എതിർത്തു നിന്നു.



ഡെന്നിസ് സ്ഫടികം : സഭയൊന്നിച്ച് പെന്തെക്കോസ്തിലേക്ക്

ആസ്സാമിലെ ഷെല്ലാ എന്ന കുഗ്രാമത്തിൽ 1884-ൽ ബ്രാഹ്മണ കുലത്തിൽ ജനിച്ച റോയി ക്രിസ്തുവിനെ കണ്ടെത്തിയതു മുതൽ ആത്മ നിറവിന്റെ ജീവിതം നയിച്ചിരുന്ന വ്യക്തിയായിരുന്നു. കേരളത്തിൽ പല പ്രാവശ്യം സുവിശേഷ പര്യടനം നടത്തിയിട്ടുള്ള റോയി മുഴുമനുഷ്യന്റെയും ഉദ്ധാരണം എന്ന ലക്ഷ്യത്തോടെ രാഷ്ട്ര നിർമ്മിതിയിലും തന്റെ പ്രവർത്തനം വ്യാപി

പ്പിച്ചിരുന്നു. ആസ്സാമിൽ അദ്ദേഹം മന്ത്രി സ്ഥാനത്തേക്കുവരെ തിരഞ്ഞെടുക്കപ്പെട്ടു. ഇന്ത്യൻ ഭരണഘടനയുടെ നിർമ്മാണസമിതിയിലും അദ്ദേഹം അംഗമായിരുന്നത്രേ. എന്നാൽ റോയിയുടെ പെന്തെക്കോസ്താഭിമുഖ്യം അദ്ദേഹത്തിനു ആൻഡേഴ്സൺ സഭയിൽ ധാരാളം ശത്രുക്കളെ ഉണ്ടാക്കിയിട്ടുണ്ട്.

കടുത്ത രോഗശാന്തി വിശ്വാസികളായിരുന്ന ആൻഡേഴ്സൺ ചർച്ച് ഓഫ് ഗോഡുകാർ. രോഗശാന്തി ഉപദേശത്തിനു പെന്തെക്കോസ്തരെക്കാൾ പ്രാധാന്യം അവർ നൽകിയിരുന്നുവോ എന്നു പോലും സംശയിക്കേണ്ടിയിരിക്കുന്നു. മരുന്ന് കഴിക്കുന്നത് വിശ്വാസ ത്യാഗമായാണ് കണക്കാക്കിയിരുന്നത്. ഇന്നും സഭയിലെ പഴയ വിശ്വാസികൾ മരുന്ന് ഉപയോഗിക്കാറില്ല. കണ്ണൂരിലെ ആദ്യകാല ദൈവസഭാ പ്രവർത്തകനായ പാസ്റ്റർ ജെ. എൻ സ്ഫടികം ദൈവിക രോഗശാന്തി വരപ്രാപ്തനായ ഒരു ദൈവദാസനായിരുന്നു.

പെന്തെക്കോസ്ത് ഉപദേശവുമായി ആൻഡേഴ്സൺ സഭയ്ക്കുള്ള പ്രധാന വിയോജിപ്പ് ആയിരമാണ്ടുവാഴ്ചയോടുള്ള ബന്ധത്തിലാണ്. ആയിരമാണ്ട് എന്നതിനു ദീർഘകാലം എന്നൊരർത്ഥമല്ലാതെ ആക്ഷരികാർത്ഥം കല്പിക്കുവാൻ അവർ തയ്യാറല്ല. അതിനൊരു ആത്മീകമാനമാണുള്ളതെന്ന് അവർ പറയുന്നു. അതുപോലെതന്നെ യഹൂദനു പ്രത്യേക പദവി നൽകി വേദപുസ്തക വ്യാഖ്യാനം നടത്തുന്നതിനോടും ആൻഡേഴ്സൺ സഭക്കാർ യോജിക്കുന്നില്ല.

ആൻഡേഴ്സൺ സഭയിൽപെട്ട ധാരളമാളുകൾ പല കാലങ്ങളിലായി പെന്തെക്കോസ്തു മാർഗ്ഗം സ്വീകരിച്ചിട്ടുണ്ട്. ഇപ്പോഴവർ അറിയപ്പെടുന്നത് ദക്ഷിണേന്ത്യാ ദൈവസഭ എന്ന പേരിലാണ്. സഭയൊന്നാകെ പെന്തെക്കോസ്തിനെ സ്വീകരിക്കുന്നതും വിരളമല്ല. കേരളത്തിലെതന്നെ ആദ്യകാല സഭകളിലൊന്നായിരുന്ന കണ്ണൂരിലെ ആൻഡേഴ്സൺ ചർച്ച് അടുത്തകാലത്ത് സഭയായിത്തന്നെ പെന്തെക്കോസ്തു വിശ്വാസം സ്വീകരിച്ച് ദക്ഷിണേന്ത്യാ ദൈവസഭയോടുള്ള ബന്ധം വിച്ഛേദിച്ചു. കണ്ണൂരിലെ ആദ്യപ്രവർത്തകനായിരുന്ന പാസ്റ്റർ ജെ.എൻ സ്ഫടികത്തിന്റെ കൊച്ചുമകൻ ഡെന്നിസ് സ്ഫടികം നയിച്ച ഈ സഭ ഇപ്പോഴൊരു പെന്തെക്കോസ്തു സഭയാണ്.

301-ാം പേജിൽ നിന്നും...

കെ.പി. മാത്യു ജനറൽ സെക്രട്ടറിയും ആണ്.

**ഫ്രീ പെന്തെക്കോസ്തു ദൈവസഭ**


1950-ൽ മാർത്തോമ്മാ സഭയിൽ നിന്നും രക്ഷിക്കപ്പെട്ടുവന്ന ഹൈസ്കൂൾ അദ്ധ്യാപകനായ വി.ജെ. ജേക്കബിന്റെ ചെന്നിത്തലയിലുള്ള ഭവനത്തിൽ ഒരു സ്വതന്ത്ര കൂട്ടായ്മയായി 1955-ൽ ആരംഭിച്ചു. കുറേനാൾ മാവേലിക്കരയിലെ പാസ്റ്റർ പി. ജെ. ഡാനിയേലുമായി സഹകരിച്ചു പ്രവർത്തിച്ചു. 1962-ൽ ജോലി രാജിവച്ച് പൂർണ്ണസമയ സുവിശേഷ പ്രവർത്തനത്തിനിറങ്ങി. 1969-ൽ ചെന്നിത്തലയിൽ ബേർശേബാ ബൈബിൾ സ്കൂൾ തുടങ്ങി.

1981-ൽ പാസ്ററർ ജേക്കബ് നിത്യതയിൽ പ്രവേശിച്ചു. തുടർന്ന് പാസ്റ്റർ കോശി പി. കുരുവിള പ്രസിഡന്റായി . പിന്നീട് പാസ്ററർ കെ.ഒ. വർഗീസ് (പീച്ചി മാസ്റ്റർ) ആയിരുന്നു അദ്ധ്യക്ഷൻ. ക്രമേണ സഭ പലതായി പിരിഞ്ഞു. പീച്ചി മാസ്റ്ററും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന സഭകളും ഐ.പി.സിയോടു ചേർന്നു. പാസ്റ്റർ എ.എ. ഫീലിപ്പോസ് കോട്ടയത്ത് സ്വതന്ത്രനായി പ്രവർത്തനം തുടർന്നു. പാസ്റ്റർ വി.ജെ. ജേക്കബിന്റെ മകൻ ഫിന്നി ജേക്കബ് ഒരു വിഭാഗത്തിന്റെ തലവനായി. അടുത്തിടെ ഫിന്നിയും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന സഭകളും ശാരോൻ ഫെലോഷിപ്പിൽ ചേർന്നു.

**ചർച്ച ഓഫ് ഗോഡ് (കല്ലുമല)**

ബോംബെയിൽ ഒരു ഇലക്ട്രോണിക് എഞ്ചിനീയറായി ജോലിനോക്കിയിരുന്ന എം.ഇ.ജേക്കബ് (കല്ലുമല കുഞ്ഞുമോൻ) സിലോൺ പെന്തെക്കോസ്തു മിഷൻ പ്രവർത്തകരാൽ പെന്തെക്കോസ്തു വിശ്വാസത്തിലേക്കു നയിക്കപ്പെട്ടു. 1968-ൽ ജോലി രാജിവെച്ച് സുവിശേഷ

***പാസ്റ്റർ പി. സി. ചാക്കോ***



*1927-ൽ കീഴ്‌വായ്പൂരിൽ പാലമറ്റത്തു കുര്യൻ ദമ്പതികളുടെ മകനായി ജനിച്ചു. പാസ്ററർ റ്റി. ജി. ഉമ്മന്റെ ബൈബിൾ ക്ലാസ്സുകൾ മുഖാന്തരം പെന്തെക്കോസ്ത് സത്യങ്ങളിലേക്ക് ആകർഷിക്കപ്പെട്ടു. പാസ്ററർ കെ.ഇ. ഏബ്രഹാമിന്റെ കൈക്കീഴിൽ സ്നാനമേറ്റു. തുടർന്ന് രണ്ടുവർഷം കുമ്പനാട് ബൈബിൾ സ്കൂളിൽ പഠിച്ചു. 1958 മുതൽ മൗണ്ട് സീയോൻ ബൈബിൾ സ്ക്കൂൾ അദ്ധ്യാപകനായി നിയമിതനായി. ഇന്ത്യാ ദൈവസഭയുടെ യൂത്ത് ഡയറക്ടറായും, 1966 മുതൽ 70 വരെ സ്റ്റേറ്റ് ഓവർസിയറായും, പിന്നീട് ഇവഞ്ചലിസം ഡയറ ക്ടറായും പ്രവർത്തിച്ചിട്ടുണ്ട്. 1972 ൽ 44-ാം വയസ്സിൽ കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. ചർച്ച് ഓഫ് ഗോഡ് ഫീൽഡ് സെക്രട്ടറിയായിരുന്ന പാസ്റ്റർ ടി.എം. വർഗീസിന്റെ മകൾ മേരിക്കുട്ടിയെയാണ് അദ്ദേഹം വിവാഹം കഴിച്ചത്. ഇംഗ്ലണ്ടിലെ ദൈവസഭയുടെ മിഷനറിയായി പ്രവർത്തിക്കുന്ന ജോ കുര്യൻ തന്റെ മൂന്നു മക്കളിൽ ഒരാളാണ്.*

പ്രവർത്തനത്തിനായി സ്വദേശത്തെത്തി. ആദ്യകാലയളവിൽ പി.ജെ.ഡാനിയൽ, വി.ജെ ജേക്കബ് എന്നിവരുമായി സഹകരിച്ചു പ്രവർത്തിച്ചിരുന്നുവെങ്കിലും പിന്നീട് സ്വഭവനത്തിൽ സ്വതന്ത്രമായ ഒരു

കുടിവരവ് ആരംഭിച്ചു. പാസ്ററർ ജേക്കബിന്റെ പ്രാർത്ഥനയാൽ രോഗശാന്തി പ്രാപിച്ച പലരും സഭാ വിശ്വാസികളായിത്തീർന്നു. ക്രമേണ സമീപ പ്രദേശങ്ങളിലേക്കും പ്രവർത്തനം വ്യാപിച്ചു. ഇന്നിപ്പോൾ കേരളത്തിലും പുറത്തുമായി 80-ഓളം കുടിവരവുകൾ ഈ സഭയ്ക്കുണ്ട്.

മുഖ്യധാരാ സഭകളിൽനിന്നും ഉപദേശപരമായ കാര്യത്തിലും ചില വ്യത്യാസങ്ങൾ ഈ സഭയ്ക്കുണ്ട് പരിശുദ്ധാത്മാവിനെ പ്രാപിക്കാത്തവർ കർത്താവിന്റെ രഹസ്യവരവിൽ എടുത്തുകൊള്ളപ്പെടുകയില്ല എന്നാണ് ഇവർ പഠിപ്പിക്കുന്നത്. മരുന്നു ഉപയോഗിക്കുന്നത് തെറ്റാണെന്ന് വിശ്വസിക്കുന്ന ഈ സഭ അങ്ങനെയുള്ളവർക്ക് തിരുവത്താഴം നൽകുകയുമില്ല. സഭാപ്രവർത്തനത്തിനു വിദേശപണം വാങ്ങുന്നതിനോടും സഭയ്ക്ക് വിയോജിപ്പാണുള്ളത്.

### ദി പെന്തെക്കോസ്തൽ ഗോസ്പൽ ചർച്ച്

തിരുവനന്തപുരത്ത് പോസ്ററ് മാസ്റ്റർ ജനറൽ (P.M.G.) ഓഫീസിനു സമീപം 1971-ൽ ആരംഭിച്ച പ്രാർത്ഥനാസഹകാരികളുടെ കൂട്ടായ്മയിൽ ഉണ്ടായ ഉണർവ്വിന്റെ ഫലമായാണ് ദി പെന്തെക്കോസ്തൽ ഗോസ്പൽ ചർച്ച് എന്ന സഭ ഉടലെടുത്തത്.

1972-ൽ പാസ്റ്റർ സി.സി. മാത്യുവിന്റെ (കവുങ്ങുംപ്രയാർ) കൈക്കീഴിൽ 14 പേർ വിശ്വാസസ്നാനമേറ്റു. അവർ ചേർന്നു സഭയുടെ ആദ്യ ആരാധന ബ്രദർ കെ.എം. ജോർജിന്റെ ഭവനത്തിൽ ആരംഭിച്ചു. ജിം ചാക്കോ ആദ്യ ശുശ്രൂഷകനായിരുന്നു.

തുടർന്നുള്ള എല്ലാ മാസങ്ങളിലും സ്നാനശുശ്രൂഷകൾ നടക്കുകയും പലരും സ്നാനമേറ്റ് സഭയോടു ചേരുകയും ചെയ്തു. 1989-ൽ തിരുവനന്തപുരം കേന്ദ്രമാക്കി ദി പെന്തെക്കോസ്തൽ ഗോസ്പൽ ചർച്ച് എന്ന പേരിൽ ഈ പ്രവർത്തനം രജിസ്റ്റർ ചെയ്തു. 1972-ൽ ആരംഭിച്ച ഈ സഭയ്ക്ക് ഓർഡിയൻഡ് ശുശ്രൂഷകൻമാരുണ്ടാകുന്നത് 1986-ൽ മാത്രമാണ്. 36 ശുശ്രൂഷകൻമാരിൽ 15 പേർ പൂർണ്ണസമയ ശുശ്രൂഷകൻമാരും മറ്റുള്ളവർ തങ്ങളുടെ ജോലിയോടൊപ്പം സഭാശുശ്രൂഷ ചെയ്യുന്നവരുമാണ്. ഈ സഭയുടെ ആഭിമുഖ്യത്തിൽ ഹാർവെസ്റ്റ് ഇന്ത്യാ ബൈബിൾ കോളേജ് എന്ന പേരിൽ തിരുവനന്തപുരത്ത് ഒരു ബൈബിൾ കോളജ് തുടങ്ങുന്നതിനുള്ള ആരംഭപടികൾ കൈകൊണ്ടിട്ടുണ്ട്.

### മണ്ണാംവിള ദൈവസഭ

പരണിയം യോഹന്നാൻ സുവിശേഷകനും സഭാ ഡീക്കൻമാരും ചേർന്ന് കൊല്ലവർഷം 1070 (1894)-മാണ്ട് തെക്കൻ തിരുവിതാംകൂറിലെ മണ്ണാംവിളയിൽ ഒരു ആരാധനയോഗം നടത്തിക്കൊണ്ടിരിക്കുമ്പോൾ ദൈവാത്മാവ് ആത്മമാരി പെയ്യിക്കുകയും പുതിയൊരുണർവ്വിലേക്ക് വഴി നടത്തുകയും ചെയ്തു. ഇതിന്റെ ഫലമായി പെരിങ്ങമലയിലും മരുതൂരു സുവിശേഷസംഘങ്ങൾ രൂപികരിക്കപ്പെട്ടു.

1918-ൽ മരുതൂർ സുവിശേഷസംഘം മാമ്മനുപദേശിയെ കല്ലിയൂരിൽ (കാക്കാമൂല) ക്ഷണിച്ച് യോഗങ്ങൾ നടത്തി, ഇക്കാലത്ത് കുടുംബന്നൂർ, സി.എം. എസ്. സഭയിൽ ഡാനിയൽ ഡീക്കന്റെ മക്കളായ മേരി, അന്ന, ശലോമോൻ എന്നിവർ വേർപാട് വിശ്വാസത്തിലേക്കു തിരിഞ്ഞു. അഷ്ടമുടി ഉമ്മച്ചൻ, കുഞ്ഞപ്പി ഉപദേശി എന്നിവരൊത്ത് കല്ലിയൂരിലേക്കു മടങ്ങിവന്നു സ്വഭവനത്തിൽ ഒരു ആരാധന ആരംഭിച്ചു. ആറാമട കൊച്ചു കുഞ്ഞു സന്യാസി, പി.എം. സാമുവൽ മുതലായവരും ഇവിടെവന്നു പ്രവർ

## പേരുമാറ്റാത്ത സി.പി.എം. കാർ

*പാസ്റ്റർ പോളുമായുള്ള സഹകരണത്തിൽ നിന്ന പെന്തെക്കോസ്തു സഭകൾ സിലോൺ പെന്തെക്കോസ്തു മിഷൻ എന്ന പേരിലാണല്ലോ അറിയപ്പെട്ടിരുന്നത്. ഇന്ത്യയിലും ഇംഗ്ലണ്ടിലും ഫ്രാൻസിലും അമേരിക്കയിലുമെല്ലാം സിലോൺ പെന്തെക്കോസ്തു മിഷനു പ്രാദേശിക ഘടകങ്ങളുണ്ടായിരുന്നു. അവയെല്ലാം ആദ്യം മുതലേ സിലോൺ പെന്തെക്കോസ്തു മിഷൻ എന്ന പേരിൽത്തന്നെയാണ് അറിയപ്പെട്ടിരുന്നത്. എന്നാൽ കാലം ചെന്നപ്പോൾ ചില വിദേശ രാജ്യങ്ങളിലെ സി.പി.എം. സഭകൾ സഭാ നാമത്തിലെ സിലോൺ എന്ന വാക്ക് എടുത്തുകളയുകയും പകരം സ്വന്തം രാജ്യത്തിന്റെ പേര് ചേർക്കുകയും ചെയ്തു. അപ്പോഴും ഇന്ത്യയിലെ സിലോൺ പെന്തെക്കോസ്തു മിഷൻ അവരുടെ പേര് നിലനിർത്തിക്കൊണ്ടു തന്നെയാണ് പ്രവർത്തനം മുന്നോട്ടുകൊണ്ടുപോയത്.*

*ശ്രീലങ്കയിൽ തമിഴു പുലികളുടെ പ്രാദേശിക വാദം ശക്തമായതോടെ സഭാനാമത്തിലെ സിലോൺ എന്ന പേര് ഇന്ത്യയിൽ പലയിടത്തും (പ്രത്യേകിച്ച് തമിഴ്നാട്ടിൽ) പല പ്രശ്നങ്ങളും ഉണ്ടാക്കി. അനാവശ്യ പ്രശ്നങ്ങൾ ഒഴിവാക്കാൻ സിലോൺ എന്ന വാക്ക് ഒഴിവാക്കികൊണ്ട് സഭാനാമം ദി പെന്തെക്കോസ്തു മിഷൻ എന്നാക്കുകയാണ് ഉത്തമം എന്ന് പെന്തെക്കോസ്തു മിഷന്റെ എക്സിക്യൂട്ടിവ് അംഗങ്ങൾ തീരുമാനിച്ചു. എന്നാൽ ഒരു കൂട്ടർ ഈ സഭാനാമഭേദഗതി അംഗീകരിക്കുവാൻ തയ്യാറല്ലായിരുന്നു. പാസ്ററർ പോളിനു ദൈവം ദർശനം കൊടുത്തതനുസരിച്ചാണ് സഭയെ സിലോൺ പെന്തെക്കോസ്തു മിഷൻ എന്ന് വിളിച്ചതെന്നും ദൈവികദർശനത്തിന്റെ അടിസ്ഥാനത്തിലല്ലാതെ ഒരു പേരുമാറ്റം നടത്തുന്നത് മാനുഷിക ഭയത്തിലാണെന്നു ഇക്കൂട്ടർ വാദിച്ചു. 1984 ഏപ്രിൽ 25നു വിഘടിതർ ചേർന്ന് പഴയ സി.പി.എം. എന്നപേരിൽ തന്നെ തുടരുവാൻ തീരുമാനമെടുത്തു. പാസ്റ്റർ പോളിന്റെ ദർശനങ്ങളോടാണ് തങ്ങൾ കൂറുപുലർത്തുന്നതെന്ന് ഇവർ പറയുന്നു പത്തനംതിട്ടയിലെ പെന്തെക്കോസ്തു മിഷന്റെ ശുശ്രൂഷകനായിരുന്ന പാസ്റ്റർ എ. ചാണ്ടിയാണ് പഴയപേരിൽതന്നെ തുടരുന്ന സി.പി.എം. സഭകളുടെ ചീഫ് പാസ്റ്റർ.*

ത്തിച്ചു. ഏകദേശം എഴുപത്തിയഞ്ചു കുടുംബങ്ങളിൽ നിന്നു നാനൂറോളം പേർ ആരാധനകളിൽ പങ്കെടുത്തിരുന്നു.

മേരി പ്രസംഗി സഞ്ചാരസുവിശേഷകയും കൺവൻഷൻ പ്രസംഗകയുമായിരുന്നു. എന്നാൽ അന്ന പ്രസംഗിയാകട്ടെ, രോഗികൾക്കും സ്ത്രീകൾക്കുമുള്ള യോഗങ്ങൾ നടത്തുകയായിരുന്നു ചെയ്തിരുന്നത്. ഒരിക്കൽ അന്ന പ്രസംഗിയുടെ ഏകമകൾ പെട്ടെന്ന് ഒരസുഖത്താൽ മരിച്ചു. മൃതദേഹത്തിനുടത്ത് ആളുകളിരുന്നു കരയാൻ തുടങ്ങി. വിവരമറിഞ്ഞ് അഷ്ടമുടി ഉമ്മച്ചൻ, ഭാര്യ റാഹേൽ, ഗീവർഗീസ്, കുഞ്ഞപ്പി ഉപദേശി, മേരി പ്രസംഗി മുതലായവർ മടങ്ങിവന്നു മൃതദേഹത്തിനരികിലിരുന്നു കണ്ണുനീരോടെ പ്രാർത്ഥിക്കാൻ തുടങ്ങി. കർത്താവ് അവരുടെ കണ്ണുനീർ കണ്ട് മനസ്സലിഞ്ഞു. അത്ഭുതം.....! മരിച്ച തെമരീസ് എന്ന പെൺകുട്ടിക്ക് ജീവൻ തിരിച്ചുകിട്ടി. (തെമരീസ് ഇന്നും ജീവിച്ചിരിപ്പുണ്ട്). 1958 മാർച്ചിൽ മേരി പ്രസംഗിയും, 1952–ൽ അന്ന പ്രസംഗിയും നിത്യതയിൽ പ്രവേശിച്ചു. ക്രമേണ മണ്ണാംവിള ദൈവസഭ പല സംഘങ്ങളായി പിരിഞ്ഞു.

**പാസ്റ്റർ എൻ. കെ. മാത്യു**
**(കാർത്തികപ്പള്ളി മത്തായിച്ചൻ)**



*1916-ൽ കോശിക്കുഞ്ഞ് ഏലിയാമ്മ ദമ്പതികളുടെ മകനായി കാർത്തികപ്പള്ളിയിൽ ജനിച്ചു മെട്രിക്കുലേഷൻ പഠനത്തിനുശേഷം ആലപ്പുഴ യിൽ ജോലിയിലിരിക്കെ 1937-ൽ രക്ഷിക്കപ്പെട്ടു. 1945 മുതൽ ഡൂൺ ബൈബിൾ കോളേജിൽ പഠിച്ചു. പിന്നെ കുറെക്കാലം പാസ്റ്റർ എം.കെ. ചാക്കോ യോടൊപ്പം ഡൽഹിയിൽ പ്രവർത്തിച്ചു. മദ്ധ്യതിരുവിതാംകൂറിലും മലബാറിലുമായി പല സ്ഥലങ്ങളിൽ പ്രവർത്തിക്കുകയും പുതിയ സഭകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.*

## ദി ചർച്ച് ഓഫ് ഗോഡ് (സായഹ്ന ദീപം)

കൊട്ടാരക്കരയിൽ കരിക്കം കേന്ദ്രമാക്കി 1965-ൽ ഈ സഭ ആരംഭിച്ചു. മാർത്തോമ്മാ സഭയിലെ ഒരു പട്ടക്കരനായ സി. എം. വർഗ്ഗീസച്ചൻ (വാക്കറച്ചൻ) പെന്തെക്കോസ്തു വിശ്വാസത്തിലേക്കു ആകർഷിക്കപ്പെട്ടതാണിതിനു കാരണം. അദ്ദേഹത്തിന്റെ മകൻ ജോൺ വർഗ്ഗീസാണ് സഭയുടെ ഇപ്പോഴത്തെ ഓവർസീയർ.

സഭാ പ്രസിദ്ധീകരണം സായഹ്ന ദീപം ഈ പ്രസ്ഥാനത്തിന്റെ അനുബന്ധ നാമമായി മാറിയിട്ടുണ്ട്. 20 പ്രാദേശിക കൂട്ടായ്മകളുള്ള ഈ സഭയ്ക്ക് യുവജനങ്ങൾക്കും സഹോദരിമാർക്കുമായി പ്രത്യേകം വേദികളുണ്ട്.

## ചർച്ചസ് ഓഫ് ഗോഡ് ഇൻ ഇന്ത്യാ ട്രസ്റ്റ്

ആദിമ നൂറ്റാണ്ടിലെപ്പോലെ പ്രാദേശിക സഭകൾ പൂർണ്ണമായും സ്വതന്ത്രരായിരിക്കണമെന്നു വിശ്വസിക്കുന്നവരാണ് ചർച്ചസ് ഓഫ് ഗോഡ് ഇൻ ഇന്ത്യാ ട്രസ്റ്റ്. കേന്ദ്രീകൃതമായ പ്രവർത്തന ശൈലിയെ പ്രോത്സാഹിപ്പിക്കാത്ത ഈ സഭ സാധാരണയായി ആരാധനയ്ക്കായി വിശ്വാസികളുടെ ഭവനങ്ങളിലാണ് കൂടിവരാറ്.

ഇതിന്റെ ഇപ്പോഴത്തെ പ്രസിഡണ്ട് കുരുവിള കോവൂർ (തിരുവല്ല), വൈസ് പ്രസിഡന്റ് മാത്യു ഫിലിപ്പ് (കായകുളം) സെക്രട്ടറി, ട്രഷറാർ, പി.വി. കുര്യൻ (തിരുവല്ല.)

## ഇന്ത്യാ ചർച്ച് ഓഫ് ഗോഡ്

1967-ൽ കോട്ടയം തലപ്പാടിയിൽ ആരംഭിച്ച സ്വതന്ത്രമായ ആരാധനയാണ് ഇന്ന് ഇന്ത്യാ ചർച്ച് ഓഫ് ഗോഡ് എന്ന പേരിൽ അറിയപ്പെടുന്നത്. 1950-ൽ മുളക്കുഴ സീയോൻകുന്ന് ബൈബിൾ സ്കൂളിൽ പഠനം പൂർത്തിയാക്കിയ ബ്രദർ കെ.പി. മർക്കോസ് ഇന്ത്യാ പൂർണ്ണ സുവിശേഷ ദൈവസഭയിൽ പ്രവർത്തിച്ചുവരവെയാണ്. 1967-ൽ സ്വന്തഭവനത്തിൽ സ്വതന്ത്രമായ ആരാധന ആരംഭിച്ചത്. 1986-ൽ ഈ സഭ ഇന്ത്യാ ചർച്ച് ഓഫ് ഗോഡ് എന്ന പേരിൽ രജിസ്ററർ ചെയ്തു. സ്വതന്ത്ര ദൈവസഭ എന്ന പേരിലാണ് നേരത്തെ അറിയപ്പെട്ടിരുന്നത്.

ഇപ്പോൾ കോട്ടയം, പാമ്പാടി, വാകത്താനം എന്നീ സെന്ററുകളിലായി പതിനെട്ട് സഭകളും ഇരുപതു പ്രവർത്തകരുമുണ്ട്. മൂവായിരത്തോളം വിശ്വാസികൾ ഈ സഭയുടെ അംഗങ്ങളായുണ്ട്. പെന്തെക്കോസ്തൽ യൂത്ത് അസോസിയേഷൻ ആണ് യുവജന സംഘടന. പാസ്റ്റർ കെ.പി. മർക്കോസ് 1993-ൽ

# സ്വതന്ത്ര സഭകൾ എന്തുകൊണ്ട് സ്വതന്ത്രമായിത്തന്നെ നിൽക്കുന്നു ?

*1950–കൾക്കു മുമ്പ് സ്വതന്ത്രസംഘങ്ങൾ ഏതെങ്കിലും മുഖ്യധാരാ സഭയോടു ചേരുകയായിരുന്നു പതിവ്. പിന്നീട് സ്ഥിതി മാറി. പണ്ടുണ്ടായിരുന്ന സംയോജനാസക്തി 50കൾക്കു ശേഷം സ്വതന്ത്ര സഭകൾക്ക് നഷ്ടപ്പെടാൻ കാരണമെന്ത്? എന്തുകൊണ്ട് അവ സ്വന്തം കാലിൽ നിൽക്കാൻ വ്യഗ്രതകാട്ടുന്നു? 1950–കൾക്കു ശേഷമുണ്ടായ സ്വതന്ത്ര സഭകളെക്കുറിച്ചുള്ള വിശകലനപഠന ത്തിൽ ചില കാര്യങ്ങൾ വ്യക്തമാകുന്നുണ്ട്. അവയിൽ മിക്കതിനും ഏതെ ങ്കിലും തരത്തിലുള്ള വിദേശബന്ധ ങ്ങളുണ്ട്. ഏതെങ്കിലും വ്യക്തിയെ ചുറ്റിപ്പറ്റിയാണ് മിക്കപ്പോഴും സ്വതന്ത്രസഭകളുണ്ടാവുക എന്നത് ചരിത്രമാണല്ലോ. സഭയുടെ വിദേശ ബന്ധം മിക്കപ്പോഴും ഈ വ്യക്തിയുമായുള്ള ബന്ധത്തിലാവും. വ്യവസ്ഥാപിത സഭകളുമായുള്ള സംയോജനം, വിദേശ ബന്ധത്താൽ തങ്ങൾക്കു ലഭിക്കുന്ന ആനുകൂല്യങ്ങളെ ദോഷമായി ബാധിക്കുമെന്ന് ഭയപ്പെടുന്ന സ്വതന്ത്രസഭാനേതാക്കൾ അങ്ങനെയോരു സംരംഭത്തിനു മുൻകൈയ്യെടുക്കാൻ സാധ്യതയില്ല. അതിനാൽ, സ്വതന്ത്രസഭകൾ അതായിത്തന്നെ തുടരുന്നു. എന്നാലിത് വ്യവസ്ഥാപിത സഭകളുടെ നേതാക്കൾക്ക് പറഞ്ഞാശ്വസിക്കുവാനുള്ള ഒരു മുട്ടുപോക്കുമാത്രമാണ്. വ്യവസ്ഥാപിത സഭാ ബന്ധത്തിൽ തന്നെ വിദേശബന്ധത്തിന്റെ മുഴുവൻ ആനുകൂല്യങ്ങളും അനുഭവിക്കുന്ന നേതാക്കൾ സുലഭമാണല്ലോ എന്ന് നിരീക്ഷകർ ചൂണ്ടിക്കാട്ടുന്നു. അപ്പോൾ പിന്നെ എന്തൊക്കെ കാര്യങ്ങളാണ് വ്യവസ്ഥാപിത സഭകളോട് അകന്നു നിൽക്കാൻ സ്വതന്ത്രസഭകളെ പ്രേരിപ്പിക്കുന്നത് ?*

*1950–കൾക്കുശേഷം വ്യവസ്ഥാപിത പെന്തെക്കോസ്തു സഭകളിൽ, സാഹോദര്യത്തിലും ധാർമ്മികതയിലും അക്ഷന്തവ്യമായ അപചയം സംഭവിച്ചുവെന്നത് ഒരു യാഥാർത്ഥ്യമാണ്. അൻപതുകളിലാണ് ഐ.പി.സി. യിൽ അനാശാസ്യമായ പിളർപ്പുണ്ടാകുന്നത്. 1950–ൽ പാസ്റ്റർ കൂക്ക് വിടവാങ്ങിയശേഷം ചർച്ച് ഓഫ് ഗോഡ് കൂടുതൽ സ്ഥാപനവൽക്കരിക്കപ്പെട്ടു. 50 കൾക്കു മുമ്പ് (1947–ൽ) സൗത്ത് ഇന്ത്യാ അസംബ്ലീസ് ഓഫ് ഗോഡും മറ്റും സ്ഥാപിതമായതോടെ എ.ജി.യും കൂടുതൽ വ്യവസ്ഥാപിത സ്വഭാവം പ്രാപിച്ചു. ഈ സഭകളിൽ 50കൾക്കു ശേഷമുണ്ടായ അധികാര കേന്ദ്രീകരണവും അവർ കൈക്കൊണ്ട സൗഹൃദബന്ധവും സാഹോദര്യവും ഒരു സ്വപ്നം മാത്രമായി. സേവകർ അധികാരികളായപ്പോൾ അവർക്കൊരു വലിയേട്ടൻ മനോഭാവമാണുണ്ടായത്. സ്ഥാപനവൽക്കരിക്കപ്പെട്ട ഒരു സഭയിലേക്ക് സ്വതന്ത്രൻമാർ ലയിച്ചാൽതന്നെ അഭയാർത്ഥികളോടുള്ള മനോഭാവമെ പ്രതീക്ഷിക്കേണ്ടതുള്ളുവെന്ന് ബുദ്ധിമാൻമാരായ സ്വതന്ത്ര സഭാനേതാക്കൾ മനസ്സിലാക്കി. സ്വന്തം കാലിൽ നിൽക്കാൻ, വിദേശബന്ധം കൈമുതലായുള്ള നേതാക്കൾക്ക് വ്യവസ്ഥാപിത സഭകളുടെ സഹകരണം അത്യാന്താപേക്ഷിതവുമല്ലായിരുന്നു.*

*1960–കളിൽ സ്വതന്ത്ര പെന്തെക്കോസ്തു സഭകൾക്ക് ഒരു മുന്നേറ്റം തന്നെ ഉണ്ടായി. വ്യവസ്ഥാപിത സഭകളോടു കിടപിടിക്കത്തക്കനിലയിൽത്തന്നെ അവ പലതും വളർന്നു. അങ്ങനെയുള്ള സഭകളെ സ്വതന്ത്രസഭകൾ എന്നു വിളിക്കാമോ എന്നു സംശയം ജനിപ്പിച്ചേക്കാം. എന്നാൽ അറിയപ്പെടുന്ന വ്യവസ്ഥാപിത സഭകളോട് ബന്ധമില്ലാതെ, ഏതെങ്കിലും വ്യക്തികളുടെ പ്രതിച്ഛായയോടു ബന്ധപ്പെട്ട് നിലകൊള്ളുന്ന സഭകളെയാണ് ഇവിടെ സ്വതന്ത്ര സഭകൾ എന്നു വിവക്ഷിക്കുന്നത്. അവയിൽ മിക്കതും വ്യക്തികളുടെ പേരിലാണ് അറിയപ്പെടുന്നതുതന്നെ. അതിനേക്കാളുപരി, സ്ഥാപക നേതാക്കളെ മറികടന്ന് മറ്റൊരു നേതാവിനു ഉയർന്നുവരുവാനുള്ള സംവിധാനങ്ങൾ സുലഭമല്ലാത്ത സഭകളാണ് സ്വതന്ത്രസഭകളിൽ മിക്കതും. കഴിഞ്ഞ ദശകത്തിൽ സ്വതന്ത്രസഭ കൾ മറ്റു സഭകളെക്കാൾ വളരെ ഉയർന്ന വളർച്ചാനിരക്കാണു പ്രദർശിപ്പിച്ചിരിക്കുന്നത്. വ്യവസ്ഥാപിത സഭകളുമായുള്ള സംയോജനം, പ്രവർത്തനങ്ങളെ മന്ദീഭവിപ്പിക്കുകയും സ്ഥാപനവൽക്കരണത്തിൽ അപകടത്തിലേക്ക് തങ്ങൾ നിലംപതിക്കുകയും ചെയ്യുമെന്ന ഭയവും സ്വതന്ത്ര സഭകളുടെ നേതാക്കൾക്കുണ്ട്. സഭാ സംയോജനത്തിൽ നിന്നും സ്വതന്ത്രസഭകളെ പിൻതിരിപ്പിക്കുന്നതിനു ഈ ധാരണയും കാരണമാകുന്നു.*

***പാസ്റ്റർ എ.വി. ഏബ്രഹാം***



*ചെങ്ങന്നൂർ പിരളശ്ശേരിയിൽ എ.കെ. വറുഗീസിന്റെയും മറിയാമ്മയുടെയും മകനായി 1921 ആഗസ്ററ് 21നു എ.വി. ഏബ്രഹാം ജനിച്ചു.*

*1934 ഡിസംബർ 15നു, ചർച്ച് ഓഫ് ഗോഡ് ഹെഡ്ക്വാർട്ടേഴ്സിലെ സണ്ടേ സ്കൂൾ ക്ലാസ്സിൽ വച്ച് രക്ഷിക്കപ്പെട്ടു. 1936 ഏപ്രിൽ 30 നു ആർ.എഫ്. കുക്കിന്റെ കൈക്കീഴിൽ സ്നാനമേറ്റു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം പട്ടാളത്തിൽ ഒരു ഹവിൽദാർ ക്ലാർക്കായി നിയമനം ലഭിച്ചു. രണ്ടാം ലോകമഹായുദ്ധം തീർന്ന പ്പോൾ സ്വന്തസ്ഥലത്തേക്ക് മടങ്ങി. പിന്നെ പല ജോലികൾ പരീക്ഷിച്ചു നോക്കിയെ ങ്കിലും അവിടെയൊന്നും ഉറച്ചുനിൽ ക്കാതെ മടങ്ങിവരേണ്ടിവന്നു. ഈ സമയത്ത് റവ. വില്യം പോസ്പിസിൽ നിന്നും താൽപര്യമുണ്ടെങ്കിൽ ചർച്ച് ഓഫ് ഗോഡിനോടു ചേർന്നു പ്രവർത്തി ക്കുവാനുള്ള ആഹ്വാനം ലഭിച്ചു. അങ്ങനെ 1952-ൽ ചർച്ച് ഓഫ് ഗോഡ് പ്രവർ ത്തകനായി. 1965 സെപ്റ്റംബറിൽ ടെന്നസിയിലെ ലീകോളജിൽ ചേർന്ന് വേദാഭ്യാസനം നടത്തി. 1967-ൽ അവിടുത്തെ പഠനം പൂർത്തിയാക്കിയ ശേഷം ഇന്ത്യയിൽ മടങ്ങിയെത്തി. എ.വി. ഏബ്രഹാം 1971 മുതൽ ചില വർഷങ്ങൾ സ്റ്റേറ്റ് റെപ്രസെന്റെറ്റീവായിരുന്നു.*

നിര്യാതനായി. ഇപ്പോൾ പാസ്റ്റർ കെ.എം പൗലോസ് സഭയുടെ ചുമതല വഹി ക്കുന്നു.

**ഇന്ത്യാ ക്രിസ്ത്യൻ ഫെലോഷിപ്പ് ചർച്ച്**

1972-ൽ റാന്നി പുല്ലംപള്ളിൽ റവ. പി.എം. മാത്യുവിനാൽ സ്ഥാപിക്കപ്പെട്ട സഭയാണ് ഇന്ത്യാ ക്രിസ്ത്യൻ ഫെലോ ഷിപ്പ് ചർച്ച്. അദ്ദേഹത്തിന്റെ ഭവനത്തിൽ നടന്ന ചില പ്രാർത്ഥനായോഗങ്ങളിൽ വിവിധ ജാതിമതസ്ഥരായ പലരും സ്നാനപ്പെട്ട്, ആത്മസ്നാനം പ്രാപിച്ച താണ് സഭാസ്ഥാപനത്തിനു ഹേതുവായി ത്തീർന്നത്.

1991-ൽ റവ പി.എം. മാത്യു നിര്യാ തനായിതിനെത്തുടർന്ന് മകൻ റോയി മാത്യുവും സഭാ പ്രസിഡണ്ടായി പ്രവർത്തിക്കുന്നു. റാന്നിയിൽ ഇവർക്ക് ഒരു ബൈ ബിൾ സ്കൂളുണ്ട്. പി.എം. മാത്യുവിന്റെ ഭാര്യ ഏലിയാമ്മ മാത്യു ഒരു ഗ്രന്ഥരചയി താവും ഗാനരചയിതാവുമാണ്.

**ബെഥേൽ ഗോസ്പൽ അസംബ്ലി**

ബോംബെയിൽ രജിസ്റ്റർ ചെയ്യപ്പെട്ടി ട്ടുള്ള ബെഥേൽ ഗോസ്പൽ അസംബ്ലിക്ക് ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളി ലായി 100-ഓളം സഭകളുണ്ട്. പ്രസിഡണ്ട് പാസ്ററർ സി. കെ. മാത്യു. ഓവർസിയർ ഡോ. ജോയി പി. ഉമ്മൻ. സഭാവകയായി പത്തനാപുരത്ത് 'കാൽവറി ബൈബിൾ കോളെജ്' എന്നൊരു വേദപാഠശാലയുണ്ട്.

**ദി ന്യൂടെസ്ററമെന്റ് ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ**

റവ. കെ.എം. ജോൺ മുക്കടയിൽ (കോട്ടയം) ആരംഭിച്ച ഈ സഭ 1981-ൽ രജിസ്റ്റർ ചെയ്തു. ആയിരത്തിയഞ്ഞൂ റോളം വിശ്വാസികളുള്ള ഈ സഭയിൽ പാസ്റ്റർമാരായും സുവിശേഷകൻമാരായും 25 പേർ പ്രവർത്തിക്കുന്നു. 'സയോൺ മെലോഡിയസ്' എന്ന പേരിൽ ഒരു

ഗോസ്പൽ ടീമും ഒരു ബൈബിൾ സ്കൂളും സഭയുടെ കീഴിൽ പ്രവർത്തി ക്കുന്നുണ്ട്.

### ഇന്ത്യൻ അപ്പൊസ്തലിക് ചർച്ച് ഓഫ് ഗോഡ്

പുനലൂരിനടുത്ത് വട്ടമൺ കേന്ദ്ര മാക്കി പ്രവർത്തിക്കുന്ന ഇന്ത്യൻ അപ്പോ സ്തലിക് ചർച്ച് ഓഫ് ഗോഡ് അടുത്ത സമയത്താണ് രജിസ്റ്റർ ചെയ്ത് ക്രമീകൃത പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടത്. പാസ്റ്റർ എം. മീഖായേൽ ഇതിന്റെ ജനറൽ സെക്ര ട്ടറിയായി നേതൃത്വം നൽകുന്നു

### ഫുൾ ഗോസ്പൽ പെന്തെക്കോസ്തൽ ചർച്ച്

1984-ൽ കുന്നംകുളത്തെ വോയ്സ് ഓഫ് ഗോസ്പൽ എന്ന പ്രസ്ഥാനത്തിന്റെ മിഷനറിയായാണ് പ്രമുഖ കത്തോലിക്കാ കേന്ദ്രമായ മാളയിൽ പാസ്ററർ തോമസ് ഉരപ്പാനി എത്തുന്നത്. ശക്തമായ എതിർ പ്പുകളുടെ മദ്ധ്യത്തിൽ 1986-ൽ മേനാച്ചേരി ജാക്സന്റെ ഭവനത്തിൽ ആദ്യാരാധന തുടങ്ങി. (ഇദ്ദേഹം ഗൾഫിൽ വച്ച് രക്ഷിക്കപ്പെട്ട മാളക്കാരനാണ്). 1989-ൽ ഈ സഹോദരൻ ദാനമായി നൽകിയ സ്ഥലത്ത് ആദ്യത്തെ ആരാധനാലയം ഉയർന്നു. പാസ്ററർ തോമസ് ഉരപ്പാനി നേതൃത്വം കൊടുക്കുന്ന ഈ പ്രസ്ഥാന ത്തിന്റെ ആസ്ഥാനം തൃശ്ശൂരാണ്.

### ദി സൗത്ത് ഇന്ത്യാ അപ്പോസ്തലിക ചർച്ച് ഓഫ് ഗോഡ്

ഒരു മിലിട്ടറി ഉദ്യോഗസ്ഥനായിരുന്ന സുന്ദരം ലേവി 1951 മെയ് മാസത്തിലാണ് രക്ഷിക്കപ്പെട്ട് പെന്തെക്കോസ്തു വിശ്വാ സത്തിലാകുന്നത്. ഇക്കാലം മുതൽ സുവിശേഷരംഗത്ത് സജീവസാന്നിധ്യ മുറപ്പിച്ച ഇദ്ദേഹം 1966-ൽ ദി സൗത്ത് ഇന്ത്യാ അപ്പോസ്തലിക് ദൈവസഭ രജി സ്റ്റർ ചെയ്തു. ഇതിന്റെ ആസ്ഥാനം തിരു വനന്തപുരത്തെ കല്ലയൂരാണ്.

നാല്പതോളം പ്രാദേശിക സഭകളുള്ള ഈ പ്രസ്ഥാനത്തിന്റെ ഇപ്പോഴത്തെ പ്രസിഡണ്ട് പാസ്റ്റർ ഫ്രാൻസിസ് ജോബ്. ജനറൽ സെക്രട്ടറി എസ്. പി. രാജൻ. വൈസ് പ്രസിഡണ്ട് പാസ്റ്റർ വർഗീസ് യോവേൽ.

### ഫെലോഷിപ്പ് ഓഫ് ഇൻഡിപെൻഡന്റ് ഫുൾഗോസ്പൽ ചർച്ച് ഓഫ് ഇന്ത്യ

വേളൂരിലെ ഒരു യാക്കോബായ സഭാം ഗമായിരുന്ന എ.എ. ഫിലിപ്പോസ് യൗവ്വ നത്തിൽ കുടത്ത കമ്മ്യൂണിസ്റ്റായി മാറി യെങ്കിലും രക്ഷിക്കപ്പെടുകയും 1961-ൽ സ്നാനപ്പെടുകയും ചെയ്തു. സുവി ശേഷ പ്രവർത്തനരംഗത്തിറങ്ങിയ ഇദ്ദേഹം പാസ്റ്റർ പി. ജെ. ഡാനിയലുമായി (മാവേലിക്കര) ബന്ധം വിട്ടു. പിന്നീട് ഫ്രീ പെന്തെക്കോസ്ത് ദൈവസഭയുടെ ജന റൽ സെക്രട്ടറിയായി.

1981-ൽ താൻ പ്രസിഡണ്ടായി എഫ് ഐ.ജി.സി.എ. യ്ക്കു രൂപംനൽകി. 35 പ്രാദേശിക സഭകളും, 42 ശുശ്രൂഷകൻ മാരും ഉണ്ട്. പെനിയേൽ വനിതാസമാജം ക്രസ്ത്യൻ യൂത്ത് മൂവ്മെന്റ് മുതലായവ പുത്രികാ സംഘടനകളാണ്. 1969 മുതൽ പ്രസിദ്ധീകരിച്ചുവരുന്ന ഉദയനക്ഷത്രം മാസികയുടെ പ്രസാധകനാണ്.

### മൗണ്ട് സീനായി ഹോളി ചർച്ച് ഓഫ് ഇന്ത്യ

1982-ൽ ഇൻഡിപെൻഡന്റ് പെന്തെ ക്കോസ്തൽ ഫെലോഷിപ്പ് എന്ന പേരിൽ ആരംഭിച്ച പ്രസ്ഥാനമാണ് 1988-ൽ അമേരി ക്കയിലെ 'മൗണ്ട് സീനായി ഹോളി ചർച്ച് ഓഫ് അമേരിക്ക' എന്ന സഭയുമായി ബന്ധപ്പെട്ട 'മൗണ്ട് സീനായി ഹോളി ചർച്ച് ഓഫ് ഇന്ത്യ' എന്നായി മാറിയത്. ആസ്ഥാനം പുളിക്കൽ കവല (കോട്ടയം) യാണ്.

**അറ്റ് എനിക്കോസ്റ്റ് ജീസസ് മൂവ്മെന്റ് ഇന്ത്യ**

1986-ൽ ഒരു സുവിശേഷീകരണ പ്രസ്ഥാനമായി കാട്ടാക്കടയിൽ (തിരുവനന്തപുരം) ആരംഭിച്ചു. 1988-ൽ സൊസൈറ്റി ആക്ടനുസരിച്ച് രജിസ്റ്റർ ചെയ്തു. ഇതിന്റെ പ്രാദേശിക സഭകൾ 'പെന്തെക്കോസ്തൽ അംസബ്ലി' എന്നാണറിയപ്പെടുന്നത്. പന്ത്രണ്ട് സഭകളുള്ള ഈ പ്രസ്ഥാനത്തിന്റെ പ്രസിഡണ്ട് പാസ്റ്റർ സോളമൻ തോമസ് ആണ്.

**മലങ്കര ക്രിസ്ത്യൻ ചർച്ച്**

1990 കാലയളവിൽ യാക്കോബായ സമുദായത്തിൽനിന്നും മറ്റും പെന്തെക്കോസ്തു മാർഗ്ഗം സ്വീകരിച്ചെത്തിയ ചില വൈദികർ വ്യവസ്ഥാപിത പെന്തെക്കോസ്തു സഭകളോടു യോജിക്കാൻ താൽപര്യമില്ലാതെ സ്വതന്ത്രമായി തുടങ്ങിയ സഭയാണ് 'മലങ്കര ക്രിസ്ത്യൻ ചർച്ച്' പ്രധാനമായും വടക്കൻ തിരുവിതാംകൂർ, തൃശ്ശൂർ ഭാഗങ്ങളിലാണ് ഇവരുടെ പ്രവർത്തന മണ്ഡലം.

**സത്യദൈവസഭ**

സാധു എ. യോവേൽ സന്യാസിയുടെ പ്രവർത്തനം തൊഴുക്കൽ, നെയ്യാറ്റിൻകര മുതലായ സ്ഥലങ്ങളിൽ ശക്തിപ്പെട്ടു. 1954-ൽ 'സത്യദൈവസഭ' എന്ന പേരിൽ ഈ സഭ സ്ഥാപിതമായി. ഇദ്ദേഹത്തിന്റെ പിന്നിൽ ഒരു സന്യാസി സമൂഹംതന്നെ പ്രവർത്തിച്ചിരുന്നു.

**അപ്പോസ്തലിക പെന്തെക്കോസ്തു ചർച്ച്**

നല്ലതമ്പി, ദാസൻ, യോന മുതലായ സഹോദരൻമാർ മനുവേൽ പ്രസംഗിയുടെ സഭയിൽനിന്നും പിരിഞ്ഞ് ചാമവിള (പകലൂർ) യിൽ ദൈവസഭ എന്ന പേരിൽ ഒരു ആത്മീയ കൂട്ടായ്മയ്ക്കു തുടക്കമിട്ടു. പിന്നീട് പാസ്റ്റർ ഫിലിപ്പ് (മുട്ടട), പാസ്റ്റർ



***പാസ്റ്റർ ഒ.എം. രാജുകുട്ടി***
*വേൾഡ് മിഷനറി ഇവാഞ്ചലിസം ഫെല്ലോഷിപ്പ്*



***പാസ്റ്റർ തോമസ് ഫിലിപ്പ്***
*ന്യൂ ഇന്ത്യാ ബൈബിൾ ചർച്ച്*



***വി. എ. തമ്പി***
*ന്യൂ ഇന്ത്യാ ചർച്ച് ഓഫ് ഗോഡ്*

മാത്യു, പാസ്ററർ സുന്ദരം ലേവി എന്നിവരുമായി സഹകരിച്ച് പ്രവർത്തിച്ചു. ഇവർ പിരിഞ്ഞ് ദി സൗത്ത് ഇന്ത്യ അപ്പൊസ്തലിക് ചർച്ച് ഓഫ് ഗോഡ് രൂപീകരിച്ചു. പാസ്റ്റർ നല്ലതമ്പിയാകട്ടെ ഇതിനിടെ പുനലൂർ ബിഷപ്പ് മാത്യുവുമായി ബന്ധപ്പെട്ട് അപ്പോസ്തലിക് പെന്തെക്കോസ്തു ചർച്ചിനു തുടക്കമിട്ടു.

**പുന്നമൂട് ദൈവസഭ**

മണ്ണാംവിള (പിലിപ്രകോണം) സഭയിലെ മാനുവൽ പ്രസംഗിയും, നല്ലതമ്പിയും പുന്നമൂട് കേന്ദ്രമാക്കി ഒരാരാധനാലയം പണിതു യോഗങ്ങൾ നടത്തി. മാനുവൽ പ്രസംഗി പ്രാർത്ഥനാവീരനും, രോഗശാന്തി വരപ്രാപ്തനുമായിരുന്നു.

ഒരിക്കൽ ഒരു രാജകുംടുബാഗം രോഗം മാറാൻ മാനുവൽ പ്രസംഗിയുടെ അടുക്കൽ ചെന്നു. പ്രസംഗി പ്രാർത്ഥിച്ചു. രോഗസൗഖ്യം ലഭിച്ചു സന്തുഷ്ടനായ രാജാവ് പ്രസംഗിക്കു പാരിതോഷികങ്ങൾ നൽകി ആദരിച്ചു.

1932-ൽ മാനുവൽ പ്രസംഗി പാസ്റ്റർ പോളിനെ ക്ഷണിച്ച് കൺവൻഷൻ നടത്തി. പിന്നീട് പാസ്റ്റർ സെൽവൻ ഈ സഭയെ ചേർത്ത് ടി.പി.എം. പ്രവർത്തനം ആരംഭിച്ചു.

**ചർച്ച് ഓഫ് ഗോഡ് (മുളവന)**

ബർമ്മയിൽ ബ്രിട്ടീഷ് ആർമ്മിയിലായിരിക്കുമ്പോൾ രോഗശാന്തിയിലൂടെ പെന്തെക്കോസ്തനുഭവത്തിൽ വന്ന പാസ്റ്റർ ഇ.പി. ഡാനിയലാണ് ഈ സഭയുടെ സ്ഥാപകൻ 1988-ൽ രജിസ്റ്റർ ചെയ്ത ഈ സഭയ്ക്ക് ഇന്ന് പതിനഞ്ച് പ്രാദേശിക സഭകളിലായി ആയിരത്തി അഞ്ഞൂറോളം അംഗങ്ങളുണ്ട്. ആസ്ഥാനം തിരുവനന്തപുരത്തെ മുളവനയാണ്.

എഴുപതുകളിൽ പി.സി. ജോർജ് (പായിപ്പാട്) ന്റെ ചർച്ച് ഓഫ് ഗോഡ് ടവ്വർ എന്ന പ്രസ്ഥാനത്തിൽ പ്രവർത്തിച്ചതിന്റെ സ്മരണ നിലനിർത്തിക്കൊണ്ടാണ് പാസ്റ്റർ ഡാനിയൽ താനാരംഭിച്ച പ്രസ്ഥാനത്തിനും, അതേ പേരു നൽകിയത്.


***ഡോക്ടർ ഏബ്രഹാം ഫിലിപ്പ്***



*ചെങ്ങരൂർ പേരൂർകാവ് കുടുംബത്തിൽ 1930 മെയ് 23നു ഫിലിപ്പോസ് - മറിയാമ്മ ദമ്പതികളുടെ മകനായി ജനിച്ചു. ബോംബെ യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദാനന്തര ബിരുദം നേടി എത്യോപ്യയിലും നൈജീരിയയിലും വിദ്യാഭ്യാസരംഗത്ത് പ്രവർത്തിച്ചു. അമേരിക്കയിലെ ഗോർഡൻ യൂണിവേഴ്സിറ്റിയിൽ നിന്ന് എം.ഡിയും ഫുള്ളർ തിയോളജിക്കൽ സെമിനാരിയിൽ നിന്ന് മിഷൻസിൽ ഡോക്ടറേറ്റും നേടി. ന്യൂ ഇന്ത്യാ ഇവാഞ്ചലിക്കൽ അസോസിയേഷൻ എന്ന സംഘടന രൂപീകരിച്ച് 1973-ൽ ഡോ. ഫിലിപ്പ് പായിപ്പാട് ന്യൂ ഇന്ത്യാ ബൈബിൾ കോളേജ് ആരംഭിച്ചു. ഇതിനോടനുബന്ധമായാണ് ന്യൂ ഇന്ത്യാ ബൈബിൾ ചർച്ച് രൂപീകൃതമാകുന്നത്. ചിൽഡ്രൻസ് ഹാവൻ എന്നൊരു അനാഥ മന്ദിരവും അദ്ദേഹത്തിന്റെ പ്രവർത്തനഫലമായി രൂപമെടുത്തു. 1983,86 വർഷങ്ങളിൽ ആംസ്റ്റർഡാമിൽ ബില്ലിഗ്രഹാം ഇവാൻ ജലിക്കൽ അസോസിയേഷൻ നടത്തിയ സുവിശേഷ പ്രവർത്തകരുടെ ലോക സമ്മേളനത്തിൽ ഡോ. ഫിലിപ്പ് പ്രസംഗകനായിരുന്നു. 20-ഓളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ഇപ്പോൾ നിത്യതയിൽ വിശ്രമിക്കുന്നു.*

316

# മരണം കണ്ടു മടങ്ങി



*ആഞ്ഞലിത്താനം കീവർച്ചനും
അദ്ദേഹത്തിന്റെ ഭാര്യ, മരണം കണ്ടു മടങ്ങിയ
ശോശാമ്മയും (ഇൻസെറ്റിൽ)*

---

***കാലം** 1938,*

*പാസ്റ്റർ പി. വി. വർഗീസ്(ആഞ്ഞിലിത്താനം കീവർച്ചൻ) അന്ന് ശൂരനാട് ചർച്ച് ഓഫ് ഗോഡിലെ ശുശ്രൂഷകനാണ്. കഷ്ടതയുടെ ആ നാളുകളിൽ ബലഹീനയായ ഭാര്യ ശോശാമ്മ പലപ്പോഴും രോഗിയായിത്തീർന്നു. രോഗശാന്തി വിശ്വാസത്തിൽ ഉറച്ചു വിശ്വസിച്ചിരുന്ന പാസ്റ്റർ വർഗീസും ഭാര്യയും വൈദ്യൻമാരിൽ ആശ്രയിച്ചില്ല. രോഗം മൂർച്ഛിച്ചു.*

*1938 ഫെബ്രുവരി 2ന് രാത്രി ഏഴുമണിക്ക് ശോശാമ്മയുടെ ശ്വാസം നിലച്ചു. മരണവാർത്ത അവരുടെ വീട്ടിലറിഞ്ഞു. ബന്ധുക്കൾ പിറ്റേന്ന് ഒരു വില്ലുവണ്ടിയിൽ ശവപ്പെട്ടിയുമായി ശൂരനാട്ടേക്കു തിരിച്ചു.*

*അന്ന്, ശോശാമ്മയുടെ വീട്ടുകാർ ആരുംതന്നെ രക്ഷിക്കപ്പെട്ടിരുന്നില്ല. ഭാര്യപിതാവും കൂട്ടരും വില്ലുവണ്ടിയുമായി വരുന്ന വിവരം വിശ്വാസികൾ പാസ്റ്ററെ അറിയിച്ചു. മരുന്നു കൊടുക്കാതെ താൻ ഭാര്യയെ കൊന്നുവെന്നുപറഞ്ഞ് അവർ തന്നെ നിന്ദിക്കുകയും ദൈവനാമം ദൂഷിക്കപ്പെടുകയും ചെയ്യുമല്ലോ എന്ന ചിന്ത പാസ്റ്റർ വർഗീസിനെ വല്ലാതെ അലട്ടി. അദ്ദേഹം ഭാര്യയുടെ ശരീരത്തിന്റെ അടുത്തു മുട്ടിൻ മേൽ നിന്നുകൊണ്ട് ഏറിയ ഭാരത്തോടും കണ്ണുനീരോടും പ്രാർത്ഥിച്ചു.*

*അത്ഭുതം !!*

ശോശാമ്മ കണ്ണുതുറന്ന് സംസാരിച്ചു. ചുറ്റും നിൽക്കുന്നവരെയൊക്കെ താൻ രക്തമയമായാണ് കാണുന്നതെന്ന് അവർ പറഞ്ഞു. പാസ്റ്റർ വറുഗീസ് വീണ്ടും പ്രാർത്ഥിച്ചു. ശോശാമ്മയുടെ നില സാധാരണപോലെയായി. അപ്പോൾ അവരുടെ ശ്വാസം നിലച്ചിട്ട് 18 മണിക്കൂർ കഴിഞ്ഞിരുന്നു. മകളുടെ ശവം കൊണ്ടുപോകുവാൻ പെട്ടിയുമായി വില്ലുവണ്ടിയിൽ എത്തിയ ഭാര്യാപിതാവ് ശൂരനാട് ഫെയിത്ത് ഹോമിലെത്തിയപ്പോൾ ശോശാമ്മ അവിടെയിരുന്നു കഞ്ഞികുടിക്കുകയായിരുന്നു. (52 കൊല്ലങ്ങൾക്കുശേഷം 1990 സെപ്റ്റംബർ 26നാണ് അവർ മരിച്ചത്.)

ചെറിയനാട് നാക്കോരിക്കൽ പോത്തന്റെ മകനായി1895 ജൂലൈ 11 ജനിച്ച ഗീവർഗീസ് ആഞ്ഞലിത്താനത്ത് താമസിച്ചുകൊണ്ടിരിക്കുമ്പോഴാണ്1923 മാർച്ച് 15നു രക്ഷിക്കപ്പെടുന്നത്. 1929–ൽ സ്നാനപ്പെടുകയും ചെയ്തു.

അഞ്ചുവർഷങ്ങൾക്കു ശേഷം ഭാര്യ രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ടപ്പോൾ അവർ തന്റെ വാളികകളും കുണുക്കുകളും മറ്റു സ്വർണ്ണാഭരണങ്ങളും ഊരി അതുമുഴുവൻ സുവിശേഷവേലയ്ക്കായി കൊടുത്തു. അവരുടെ പിതാവിന് ഇതു സഹിക്കാനായില്ല. “താലി പറിച്ചവരുടെ കൂട്ടത്തിൽ നീയും ചേർന്നോ?” എന്നു പറഞ്ഞുകൊണ്ട് ശോശാമ്മയുടെ ചെകിട്ടത്തടിച്ചു. അവർ ബോധം കെട്ടു വീഴുകയും വായിലും മൂക്കിലും കൂടി രക്തം വരികയും ചെയ്തു. മൂന്നു മണിക്കൂറിനു ശേഷം ബോധം തെളിഞ്ഞപ്പോൾ, “ദൈവനാമം നിമിത്തം എന്റെ അപ്പൻ എന്നെ അടിച്ചല്ലോ ദൈവത്തിനു സ്തോത്രം......” എന്നു പറഞ്ഞ് അവർ ദൈവത്തെ മഹത്വപ്പെടുത്തി.

ആഞ്ഞലിത്താനത്ത് ധനികരായ പലരും പെന്തെക്കോസ്ത് മാർഗ്ഗം സ്വീകരിച്ചവെങ്കിലും സഭാഹോൾ പണിയാൻ സ്ഥലം കൊടുത്തത് കീവർച്ചനായിരുന്നു.

പ്രഗത്ഭനായ ഒരു പ്രവാചകനായിരുന്നു അദ്ദേഹം. സുവിശേഷവേലയിൽ വളരെ കഷ്ടങ്ങളും പ്രയാസങ്ങളും അനുഭവിക്കേണ്ടിവന്നപ്പോഴും പാസ്റ്റർ വർഗീസും കുടുംബവും പതറിയില്ല. 1990 ജനുവരി 4–ാം തീയതി കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെടും വരെയും അദ്ദേഹം സുവിശേഷവേലയിൽ ഉത്സുകനായിരുന്നു.

313-ാം പേജിൽ നിന്നും...

രോഗശാന്തിയിൽ അടിയുറച്ച് വിശ്വസിച്ചിരുന്ന ഈ കർത്തൃദാസൻ മരണം വരെ അതിൽ ഉറച്ചുനിന്നു. 1993-ൽ ഇദ്ദേഹം നിത്യവിശ്രമത്തിൽ പ്രവേശിച്ചു.

**സീയോൻ സംഘം**

നാടാർ സമുദായത്തിൽനിന്നും രക്ഷിക്കപ്പെട്ട് പെന്തെക്കോസ്ത് അനുഭവത്തിലേക്കു വന്ന ചിലർ ചേർന്ന് തെക്കൻ തിരുവിതാംകൂറിൽ ആരംഭിച്ചതാണ് 'സീയോൻസംഘം,' 1952-ൽ ഈ സംഘം രജിസ്റ്റർ ചെയ്തു. പാസ്റ്റർ കെ.എൻ. സ്റ്റീഫൻ പ്രസിഡണ്ടാണ്. എൻ എസ്. സൈമൺ ജനറൽ സെക്രട്ടറിയും സഭയ്ക്ക് 'സീയോൻ സഞ്ചാരി' എന്ന പേരിലൊരു മാസികയും ഒരു വേദപഠനശാലയും സ്വന്തമായിട്ടുണ്ട്.

**ഫിലദെൽഫിയാ ദൈവസഭ**

തിരുവല്ലയ്ക്കടുത്ത് നെല്ലിമല കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഫിലദെൽഫിയാ സഭയുടെ ചുമതലക്കാരൻ പാസ്ററർ വർഗീസ് ജേക്കബ് ആണ്. 1978-ൽ ആരംഭിച്ച ഈ കുടിവരവ് പെട്ടെന്നുതന്നെ പത്തനംതിട്ട, കോട്ടയം, ആലപ്പുഴ ജില്ലകളിലേക്കെല്ലാം വ്യാപിച്ചു. അടുത്ത കാലത്തായി മലബാറിലും സഭയുടെ പ്രവർത്തനം വ്യാപകമായിട്ടുണ്ട്. ഇടയ്ക്ക് ഇറ്റാർസിയിലെ പാസ്റ്റർ കുര്യൻ തോമസിന്റെ ഫെലോഷിപ്പുമായി സഭ സഹകരണബന്ധം പുലർത്തിയിരുന്നു. ഇപ്പോൾ ഫിലദെൽഫിയ ദൈവസഭയ്ക്ക് കേരളത്തിൽ എൺപതോടടുത്തു പ്രാദേശികസഭകളും നൂറിലേറെ സുവിശേഷ പ്രവർത്തകരുമുണ്ട്.

**ഫുൾ ഗോസ്പൽ അസംബ്ലി**

സിലോൺ പെന്തെക്കോസ്തു മിഷനിലെ ഒരു പ്രവർത്തകനായിരുന്ന പാസ്റ്റർ ജോൺ വർഗീസ് ചീഫ് പാസ്റ്ററായി രൂപീകരിച്ച സഭയാണ് ഫുൾ ഗോസ്പൽ അസംബ്ലി. പാടിപ്പതിഞ്ഞ അനേക ഗാനങ്ങൾ രചിച്ചിട്ടുള്ള പ്രശസ്തനായ ഒരു ഗാനരചയിതാവാണ് അദ്ദേഹം. 1954-ൽ സി.പി.എം.വിട്ട് അദ്ദേഹം ഐ.പി.സി. യിൽ ചേരുകയും പിന്നീട് പി.ജെ. ഡാനിയേലിനോടൊപ്പം പെന്തെക്കോസ്തു ദൈവസഭയുടെ അംഗമാവുകയും ചെയ്തിരുന്നു. 1964-68 വരെ സ്വതന്ത്ര പെന്തെക്കോസ്തു പ്രവർത്തകനായിരുന്ന പാസ്റ്റർ വർഗീസ് 68ൽ വീണ്ടും ഐ.പി.സി. യോടു യോജിക്കുകയും 74-ൽ ഐ.പി.സി. ബന്ധം ഉപേക്ഷിക്കുകയും ചെയ്തു. പിന്നീടാണു ഇപ്പോഴത്തെ പ്രസ്ഥാനത്തിനു രൂപം കൊടുക്കുന്നത്. സഭയ്ക്ക് ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം, ജില്ലകളിൽ പ്രാദേശിക യൂണിറ്റുകളുണ്ട്.

**ഇന്ത്യാ ഫുൾ ഗോസ്പൽ ഇൻഡിപെൻഡന്റ് ചർച്ച് ഓഫ് ഗോഡ്**

ചർച്ച് ഓഫ് ഗോഡിലെ ഒരു പ്രവർത്തകനായിരുന്ന ടി.എസ്. മാത്യു 1972-ൽ ആരംഭിച്ച പ്രസ്ഥാനമാണ് ഇന്ത്യാ ഫുൾ ഗോസ്പൽ ചർച്ച് ഓഫ് ഗോഡ്. യാതൊരു കരണവശാലും മരുന്ന് ഉപയോഗിക്കുന്നത് ശരിയല്ലെന്ന് ഇവർ പഠിപ്പിക്കുന്നു. കോട്ടയം, ഇടുക്കി, എറണാകുളം, വയനാട് എന്നീ ജില്ലകളിലായി ഇരുപതോടടുത്ത് സഭകൾ ഇവർക്കുണ്ട്. മരുന്ന് ഉപയോഗിക്കുന്നവർ, വിശേഷ ദിവസങ്ങൾ ആചരിക്കുന്നവർ, അറുക്കാത്തിനെ ഭക്ഷിക്കുന്നവർ, രാഷ്ട്രീയ സംഘടനകളിൽ അംഗത്വമുള്ളവർ എന്നിവർക്ക് ഇവരുടെ തിരുവത്താഴത്തിൽ പങ്കെടുക്കാൻ അനുവാദമില്ല.

**ഇൻഡിപെൻഡന്റ് അസംബ്ലീസ് ഓഫ് ഗോഡ് ഇന്റർനാഷണൽ**

കോട്ടയം, ഇടുക്കി ജില്ലകളിലെ തോട്ടം തൊഴിലാളികളുടെയിടയിൽ വളരെ വേഗം വളർന്നുകൊണ്ടിരിക്കുന്ന ഒരു പ്രസ്ഥാ ന മാണ് ഇൻഡിപെൻഡൻറ് അസംബ്ലീസ്


ഓഫ് ഗോഡ് ഇന്റർനാഷണൽ, ഏലപ്പാറ, ഇന്ത്യാ ലൈഫ് ബൈബിൾ കോളെജ് അവരുടെ വൈദിക പഠന കേന്ദ്രമാണ്. പാസ്റ്റർ എ.ഐ. ചാക്കോ യാണ് സഭയുടെ ചുമതല വഹിക്കുന്നത്.

**പൂർണ്ണസുവിശേഷ പെന്തെക്കോസ്തു സഭ**

സിലോൺ പെന്തെക്കോസ്തുമിഷ നിലെ ഒരു തമിഴ് പാസ്ററററായിരുന്ന ജോൺ റോസ് വ്യക്തിപരമായ കാരണ ങ്ങളാൽ 1940-ൽ സഭ വിട്ട് പൂർണ്ണ സുവി ശേഷ പെന്തെക്കോസ്തു സഭ എന്നൊരു പ്രസ്ഥാനം ആരംഭിച്ചു. അതിന്റെ ശാഖ യായി അദ്ദേഹത്തോടു ചേർന്ന് തൃശ്ശൂർ പട്ടണത്തിൽ 1956 മുതൽ പാസ്റ്റർ ഒ.ജി. വറുഗീസ് പാസ്റ്റർ ജെ. വർഗീസ് എന്നിവർ പ്രവർത്തിച്ചു തുടങ്ങി. പത്തുവർഷം കൊണ്ട് വളരെയേറെ സഭകൾ ഉടലെടുത്തെങ്കിലും 1968-ൽ സഭയിലുണ്ടായ പിളർപ്പ് പ്രവർത്തനത്തെ തളർത്തിക്കളഞ്ഞു. 1980 മുതലാണ് വളർച്ചയിൽ പിന്നൊരു മുന്നേററമുണ്ടാ കുന്നത്.

1968-ൽ ഒ.ജി. വറുഗീസിനോടു വിയോജിച്ച് സ്വതന്ത്രനായി നിന്ന ജെ. വർഗീസിന്റെ പ്രസ്ഥാനത്തിനും പിൽ ക്കാലത്ത് ഏറെ വളർച്ചയുണ്ടായിട്ടുണ്ട്. പൂർണ്ണസമയ സുവിശേഷ ദൈവസഭ എന്ന പേരിൽതന്നെയാണ് അദ്ദേഹ ത്തിന്റെ സംഘവും അറിയപ്പെടുന്നത്.

***പാസ്റ്റർ പി.ജെ. ജോസഫ്***
***(ചെമ്പൻതുരുത്ത്)***



*കോട്ടയം ജില്ലയിലെ ചെമ്പൻതുരുത്തിൽ 1910-ൽജനിച്ച പി. ജെ. ജോസഫ് 1938-ലാണ് രക്ഷിക്കപ്പെടുന്നത്.1943-ൽ മുളക്കുഴ സിയോൻ കുന്നിലെ വൈദിക പഠനാന്തരം വൈക്കം താലൂക്കിലെ കീഴൂരിൽ സഭാശുശ്രൂഷകനായി നിയമിതനായി. അവിടെ താമസിച്ചു കൊണ്ട് ജില്ലയിലെ പല സ്ഥലങ്ങളിലും സഭകൾ സ്ഥാ പിച്ചു. 1955-മുതൽ ഡിസ്ട്രിക്ട് പാസ്റ്ററായി. ദൈവസഭാ (ഡിവിഷൻ) കൗൺസിലംഗവും ഗവേണിംഗ് ബോഡിയംഗവുമായിരുന്നിട്ടുണ്ട്. 1993-ൽ ജൂലൈ 26നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.*

# എടുക്കാത്ത കാൽരൂപ ഇനി ആരും ഉപയോഗിക്കാതിരിക്കട്ടെ



*പാസ്റ്റർ സി.കെ. ഡാനിയേൽ തൃക്കണ്ണമംഗലിൽ പ്രവർത്തിക്കുന്ന സമയം. അടൂരിനടുത്ത് കിഴക്കുംമുറി എന്ന സ്ഥലത്ത് മാസയോഗം നടക്കുന്നു. അന്നു രാവിലെ ഒരു സഹോദരൻ സംഭാവന ചെയ്ത ഒരു വെള്ളിപ്പണം (കാൽരൂപ) മാത്രമേ കൈവശമുണ്ടായിരുന്നുള്ളു.*

*മാസയോഗത്തിനു പോകാൻ കൊട്ടാരക്കരയിൽനിന്നും ബസ് കയറി. കൈവശമുണ്ടായിരുന്ന വെള്ളിപ്പണം ടിക്കറ്റിനായി കണ്ടക്ടറുടെ കൈവശം കൊടുത്തപ്പോഴാണ് അത് എടുക്കാത്ത നാണയമാണെന്നറിഞ്ഞത്. വേറെ പണം നൽകുവാൻ കണ്ടക്ടർ ആവശ്യപ്പെട്ടു. "എന്റെ പക്കൽ വേറെ പണമില്ല. എന്നെയിവിടെ ഇറക്കിവിട്ടാലും" എന്ന് പാസ്റ്റർ ഡാനിയൽ മറുപടി പറഞ്ഞു. അയാൾ മനസ്സില്ലാമനസ്സോടെ അദ്ദേഹത്തെ അവിടെ ഇറക്കി വിട്ടു. ഈ പണം ഇനിയും ആരും ഉപയോഗിക്കരുതെന്ന് പറഞ്ഞ് പാസ്റ്റർ ഡാനിയൽ അടുത്തുള്ള തോട്ടിലേക്ക് വലിച്ചെറിഞ്ഞശേഷം  അവിടെ നിന്നും 10 മൈൽ ഓടി മാസയോഗം തുടങ്ങുന്നതിനുമുമ്പ് കിഴക്കുംമുറിയിലെത്തി.*

*1914-ൽ തെക്കൻ വേങ്ങൂരിൽ ചെമ്പറ്റ കുടുംബത്തിൽ ഉമ്മൻ കോശി-മറിയാമ്മ ദമ്പതികളുടെ മകനായി ജനിച്ച ഡാനിയേൽ*

ബാല്യത്തിൽതന്നെ രക്ഷിക്കപ്പെടുകയും വിദ്യാർത്ഥിയായിരിക്കുമ്പോൾ സുവിശേഷവേലയ്ക്കായി തീരുമാനമെടുക്കുകയും ചെയ്തു. 1934–ൽ അടൂർ മാർത്തോമ്മാ പള്ളിയിൽ മുത്താംപക്കൽ കൊച്ചുകുഞ്ഞുപദേശി നടത്തിയ യോഗത്തിൽ ഡാനിയേൽ ആത്മസ്നാനം പ്രാപിച്ചു. പാസ്റ്റർ ടി.ജി. ഉമ്മനുമായി പരിചയമായതിനെത്തുടർന്ന് മാർത്തോമ്മാക്കാരനായിരിക്കുമ്പോൾതന്നെ കുമ്പനാട് ഹെബ്രോൻ ബൈബിൾ സ്കൂളിൽ ചേർന്നു പഠിച്ചു. തുടർന്ന് 1939–ൽ പാസ്റ്റർ ടി. ജി. ഉമ്മന്റെ കൈക്കീഴിൽ വിശ്വാസസ്നാനം സ്വീകരിച്ചു.

ഡാനിയേൽ സ്നാനപ്പെട്ടതറിഞ്ഞ് പട്ടക്കാരും സഭാവിശ്വാസികളും ഏറെ ക്ഷോഭിച്ചു. ഭവനത്തിൽ നിന്നും ഏറെ പ്രതികൂലങ്ങൾ ആദ്ദേഹം സഹിക്കേണ്ടിവന്നു. പെന്തെക്കോസ്തുകാരായ ആരെയും ഭവനത്തിൽ കയറുവാൻ മാതാപിതാക്കൾ അനുവദിച്ചില്ല. ഏറെ വിഷമിച്ച ഒരു ദിവസം സി. കെ., കെ.ഇ., ഏബ്രഹാമിനെഴുതി. "ഞാനോ വീട്ടിൽ തനിച്ചിരിക്കുന്ന കുരികിൽ പോലെയാണ്." പാസ്റ്റർ കെ.ഇ. ഏബ്രഹാമിന്റെ മറുപടി. "ബ്രദർ, സത്യം വിജയിക്കും. പിടിച്ചു നിൽക്കണം" എന്നായിരുന്നു.


1946–ൽ പാസ്റ്റർ ഡാനിയേൽ കുടുംബമായി സുവിശേഷ വേലയ്ക്കുവേണ്ടി വീടുവിട്ടിറങ്ങി. കൊട്ടാരക്കര, തൃക്കണ്ണമംഗൽ, നെല്ലിക്കുന്ന്, അടുർ, കല്ലിശ്ശേരി, പുനലൂർ എന്നീ സ്ഥലങ്ങളിൽ അദ്ദേഹം സഭാശുശ്രൂഷകനായിരുന്നിട്ടുണ്ട്. ഏറിയ വർഷങ്ങൾ അടൂർ, കൊട്ടാരക്കര സെന്റർ ശുശ്രൂഷകനായിരുന്നു. 35 വർഷം കുമ്പനാട് ഹെബ്രോൻ ബൈബിൾ കോളേജ് അദ്ധ്യാപകനായും ഡീനായും പ്രവർത്തിച്ചു. പല വർഷങ്ങൾ ഐ.പി.സി. കേരള സ്റ്റേറ്റ് പ്രസിഡന്റായിരുന്ന പാസ്റ്റർ ഡാനിയേൽ നല്ലൊരു ഭരണകർത്താവുമായിരുന്നു. 1984 ഫെബ്രുവരി 27നു കർത്തൃസന്നിധിയിൽ പ്രവേശിച്ചു. മകൻ ജോൺസൺ ഡാനിയേൽ കർത്തൃശുശ്രൂഷയിലാണ്. ജാമാതാക്കളിൽ ജോൺ താന്നിക്കൽ അഖില ലോക പെന്തെക്കോസ്തു സമ്മേളനത്തിന്റെ ഉപദേശകസമിയംഗവും ജോൺ മാത്യു അറിയപ്പെടുന്ന ഗ്രന്ഥകാരനും എഴുത്തുകാരനുമാണ്.

# 9

# പെന്തെക്കോസ്തും സ്ത്രീകളും

**1960**–കളോടടുത്ത് പാരമ്പര്യ സഭകളിൽ സ്ത്രീകളുടെ ശുശ്രൂഷയെ അംഗീകരിക്കുന്ന ഒരു ദൈവശാസ്ത്രധാരണ ഉരുത്തിരിഞ്ഞു വന്നിട്ടുണ്ടെങ്കിലും, കഴിഞ്ഞ നൂറ്റാണ്ടുകളിൽ സ്ത്രീകളെ ശുശ്രൂഷാവൃത്തത്തിനു പുറത്തുതന്നെ നിർത്താനായിരുന്നു അവരുടെ വ്യഗ്രത. എന്നാൽ ആധുനിക പെന്തെക്കോസ്തു പ്രസ്ഥാനം സ്ത്രീകൾക്ക് ശുശ്രൂഷയിൽ പങ്കാളിത്തം നൽകാത്ത പാരമ്പര്യസഭകളിൽ നിന്നല്ല, മറിച്ച്, ശുശ്രൂഷയിൽ സ്ത്രീകളുടെ സ്ഥാനം പണ്ടേ അംഗീകരിച്ചുകൊടുത്ത സ്വതന്ത്രസഭകളിൽ നിന്നാണ് ഉത്ഭവിക്കുന്നത്, എന്നതിനാൽ, ആരംഭകാലം മുതൽ പെന്തെക്കോസ്തർ സ്ത്രീകളെ ആദരിക്കുകയും അവരുടെ ശുശ്രൂഷകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു.

സ്വതന്ത്രസഭകളുടെ ആദ്യരൂപങ്ങളായ മെന്നനൈറ്റ്-സെപ്പറേഷനിസ്റ്റ് വിഭാഗങ്ങളിൽ പലതും സ്ത്രീകൾ സഭയിൽ മിണ്ടാതിരിക്കട്ടെ എന്ന വാക്യത്തിനു അമിത പ്രാധാന്യം നൽകി സ്ത്രീകൾക്ക് ശുശ്രൂഷയിൽ പങ്കാളിത്തം നൽകാതെ മാറ്റിനിർത്തിയിരുന്നു എന്നതു നേരുതന്നെ. അവരുടെ പിൻതുടർച്ചക്കാരായ ബ്രദറൺ സഭകൾ ഇന്നും അതേ നയം തുടരുന്നുമുണ്ട്. എന്നാൽ സ്വതന്ത്രസഭകളുടെ മറ്റെല്ലാ ശാഖകളും സ്ത്രീകൾക്ക് ശുശ്രൂഷയിൽ കാര്യമായ പങ്കാളിത്തം നൽകി പോന്നവരാണ്. അങ്ങനെ ദൈവസന്നിധിയിൽ സ്ത്രീകൾക്കുള്ള മാന്യത അംഗീകരിച്ച് അവരെ ആദരിക്കുന്ന ഒരു സമൂഹത്തിന്റെ പിൻതുടർച്ചക്കാരായിരുന്നു പെന്തെക്കോസ്തർ എന്നതിനാലാണ് 1901–ൽ ആധുനിക പെന്തെക്കോസ്തുണർവ്വിന്റെ ആരംഭംകുറിച്ചു കൊണ്ട് ആഗ്നസ് ഓസ്മാൻ അന്യഭാഷകളിൽ സംസാരിച്ചപ്പോൾ അതിനെ ചോദ്യം



*ഹെബ്രോനിലെ അമ്മച്ചി:*
***മിസിസ് കെ. ഇ. ഏബ്രഹാം***

ചെയ്യാതെ അംഗീകരിക്കുവാൻ അവർക്കു കഴിഞ്ഞത്.

ആഗ്നസ് ഓസ്മാനു വളരെക്കാലം മുമ്പ് 1831–ൽ ലണ്ടനിലെ രീഗന്റ് സ്വയർ പ്രിസ്ബിററീരിയൻ സഭാ പാസ്ററർ എഡ്വേർഡ് ഇർവിംഗിന്റെ കൂട്ടായ്മയിൽ ഒരു ഒറ്റപ്പെട്ട 'അന്യഭാഷാ' സംഭവമുണ്ടായപ്പോഴും ആദ്യ അന്യഭാഷാക്കാരി മേരി ക്യാംബൽ എന്നൊരു സ്ത്രീയായിരുന്നു. അന്ന് പാസ്ററർ ഇർവിംഗ്, കൊരിന്തിലെ സഭയെക്കാൾ മഹത്വമുള്ള ഒരു കൂട്ടായ്മയായി തന്റെ പ്രിസ്ബിറ്റീരിയൻ സഭയെ മാറ്റുവാൻ ദൈവം അയച്ച സ്ത്രീയായാണ് മേരി ക്യാംബലിനെ നോക്കിക്കണ്ടത്. (Vinson Synan, In the Latter Days, Page 34)

സ്ത്രീകൾക്ക് സമൂഹത്തിലുള്ള അവകാശങ്ങൾക്കുവേണ്ടി വാദിച്ചുകൊണ്ടുള്ള ആദ്യ ദൈവശാസ്ത്ര കൃതി പുറത്തുവരുന്നത് 1837–ലാണ്. ക്വയ്ക്കർ വിഭാഗക്കാരിയായ സാറാ ഗ്രിംകേ ആണ് ഈ പുസ്തകം രചിച്ചത്. (പി. യു. പോൾസൺ, സ്വകാര്യം, യഥാവസരലേഖ, ലക്കം 1, 1993), പാരമ്പര്യധ്വംസനം കൊണ്ടും സുവിശേഷവിഹിത ദൈവശാസ്ത്രം കൊണ്ടും ആത്മാവിന്റെ ഉൾപ്രകാശംകൊണ്ടും പെന്തെക്കോസ്തു സമൂഹത്തിന്റെ പൂർവ്വികരായി പരിഗണിക്കപ്പെടേണ്ടവരാണ് ക്വയ്ക്കർ സമൂഹം എന്ന് കണ്ടു കഴിഞ്ഞു. (ക്വയ്ക്കേഴ്സ് എന്ന ബോക്സ് കാണുക)

ഈ നൂറ്റാണ്ടാദ്യം ആരംഭിച്ച പെന്തെക്കോസ്തുണർവ്വ് അമേരിക്കയിലും മറ്റിടങ്ങളിലും പടർന്നു പിടിച്ചതിൽ വനിതാ ശുശ്രൂഷകർ വഹിച്ച പങ്ക് ഒരു കാലത്തും മറക്കാവതല്ല. അസൂസാ തെരുവിലെ പരിശുദ്ധാത്മ പകർച്ചയിൽ വില്യം സെയ്മൂർ കഴിഞ്ഞാൽ, ഏറെ ഓർക്കപ്പെടുന്ന ഒരു പേരാണ് ലൂസി ഫാരോയുടേത്. ബ്ലാക്ക് ഹോളിനസ് മിഷന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരുന്ന ഒരു വ്യക്തിയായിരുന്നു അവർ. അന്ന് അനേകർ ഫാരോയുടെ ശുശ്രൂഷയാൽ ആത്മസ്നാനം പ്രാപിച്ചിട്ടുണ്ട്.

ഇല്ലിനോയിസിലെ സയോൺ സിറ്റിയിൽ 1906 ഒക്ടോബർ 1നു ചാൾസ് പർഹാമിന്റെ ശുശ്രൂഷയാൽ ആത്മസ്നാനം പ്രാപിച്ച മേരി ബർജ്ജസ് (ഇവർ പിന്നീട് റോബർട്ട് ബ്രൗണിന്റെ ഭാര്യയായിത്തീർന്നു) ന്യൂയോർക്കിലുടനീളമുണ്ടായ പരിശുദ്ധാത്മപകർച്ചയ്ക്ക് കേന്ദ്രമായിത്തീർന്ന ഗ്ലാഡ് ടൈഡിംഗ്സ് ഹോളിന്റെ സ്ഥാപകയാണ്. പിന്നീട് അറിയപ്പെട്ട മിഷനറി പ്രവർത്തകയായിത്തീർന്ന മേരി ഇന്ത്യയിലും പെന്തെക്കോസ്തു ദൂതുമായി എത്തിയിട്ടുണ്ട്.

യൂറോപ്പിന്റെ പെന്തെക്കോസ്ത് അപ്പൊസ്തലൻ എന്നറിയപ്പെടുന്ന തോമസ് ബാരറ്റ് 1906 നവംബർ 15ന് ആത്മസ്നാനം പ്രാപിക്കുന്നത്, ന്യൂയോർക്കിലെ മിസ് മൗദ് വില്യംസ് നടത്തിയ ഒരു യോഗത്തിൽ ലൂസി ലതർമാൻ എന്ന വനിത അദ്ദേഹത്തിന്റെ തലയിൽ കൈവച്ചു പ്രാർത്ഥിച്ചപ്പോഴാണ്. ഈ തോമസ് ബാരറ്റാണ് തെന്നിന്ത്യയിൽ ആദ്യമായി പെന്തെക്കോസ്തു സന്ദേശവുമായി വന്ന



*റവ. ആൻഡ് മിസിസ് ജോൺ ബർജ്ജസ്*
*(ദീർഘവർഷങ്ങൾ ഇന്ത്യൻ മിഷനറിമാർ)*

മിഷനറി. 1907-ൽ അദ്ദേഹം കുന്നൂരിൽ മിഷനറിമാർക്കായി നടത്തിയ യോഗത്തിൽ ആത്മസ്നാനം പ്രാപിച്ച മിസ് ബൗൺസിലും ആൽഡിങ്കിളുമായിരുന്നു തെക്കൻ തിരുവിതാംകൂറിലെ ആദ്യ പെന്തെക്കോസ്തു പ്രവർത്തകർ.

1913-ൽ കാലിഫോർണിയായിൽ നടന്ന ഒന്നാമതു വേൾഡ്വൈഡ് പെന്തെക്കോസ്തു ക്യാമ്പ് മീറ്റിംഗിൽവെച്ചാണ് കുക്ക് സായ്പ് ഇന്ത്യയിലെ പ്രവർത്തനത്തിനായി പോരാൻ തീരുമാനമെടുക്കുന്നത്. അന്ന് അദ്ദേഹത്തെ ഇന്ത്യയിലേക്കു പ്രാർത്ഥിച്ചയച്ചത് ഒരു സ്ത്രീയാണ്. മരിയ വുഡ്വേർത്ത് എറ്റർ (R.F. Cook Divine Leadings, Page16). അന്ന് എറ്റർ ആ മീറ്റിംഗിലെ ഒരു പ്രധാന പ്രസംഗകയായിരുന്നു. പിന്നീട് 1918-ൽ അവർ സ്ഥാപിച്ചതാണ് വെസ്റ്റേൺ ഇന്ത്യാനാപൊലീസിലെ 'വുഡ് വർത്ത് എറ്റർ ടാബർനാക്കിൾ'. (Stanley M. Burgess, Eitor Dictionary of Pentecostal and Charismatic movements'Page 896)

കുക്ക് സായ്പിന്റെ ഇന്ത്യയിലെ പ്രവർത്തനങ്ങളെ സാമ്പത്തികമായി ഏറ്റമധികം സഹായിച്ച ഒരു വ്യക്തിയാണ് അമേരിക്കയിലെ എക്കാലവും അറിയപ്പെടുന്ന ഏറ്റവും വലിയ സുവിശേഷപ്രസംഗകയായിരുന്ന എമി സെമ്പിൾ മക്ഫേഴ്സൺ. കുക്ക് സായ്പും മക്ഫേഴ്സണും തമ്മിലുള്ള സൗഹൃദത്തെപ്പറ്റി സൂചന നൽകുന്ന ഒരു ലേഖനം 1928 നവംബറിലെ സുവിശേഷ പ്രഭാഷകനിലുണ്ട്.

1909-ൽ പത്തൊൻപതാമത്തെ വയസ്സിൽ വില്യം ഡുറാം അവർക്ക് ഓർഡിനേഷൻ നൽകി. അസംബ്ലീസ് ഓഫ് ഗോഡിന്റെ രൂപീകരണത്തോടെ അവർ എ.ജി. അംഗത്വം സ്വീകരിച്ചു. 1919-ൽ അസംബ്ലീസ് ഓഫ് ഗോഡിന്റെ സുവിശേഷകയായി അവർ ഓർഡിനേഷൻ നേടി. സമൂദായത്തിന്റെ എല്ലാ അതിർവരമ്പുകളും കടന്ന് അവർ പെന്തെക്കോസ്തിന്റെ പ്രചാരകയായി.

1922-ലാണ് അവർ ഇന്റർ നാഷണൽ ചർച്ച് ഓഫ് ദി ഫോർസ്ക്വയർ ഗോസ്പൽ ആരംഭിക്കുന്നത്. യേശുക്രിസ്തു പാപികളെ രക്ഷിക്കുന്നു, രോഗികളെ സൗഖ്യമാക്കുന്നു, പരിശുദ്ധാത്മാവിനെ നൽകുന്നു, രാജാവായി വേഗം വരുന്നു ഇതാണ് എമിയുടെ ചതുർമാന സുവിശേഷ തത്വം.

ഇന്ത്യയിൽ പെന്തെസ്ക്കോസ്തുണർവ്വ് ആരംഭിക്കുന്നതും പണ്ഡിത രമാഭായി എന്ന വനിത നയിച്ച മുക്തി മിഷനിലെ ഒരു ഉണർവ്വുയോഗത്തിലാണ്. ആദ്യമായി ആത്മസ്നാനം പ്രാപിച്ചതാകട്ടെ മിഷൻ ഹൗസിലെ ഒരു സീനിയർ പെൺകുട്ടിയും! ആത്മസ്നാനം പ്രാപിച്ച പെൺകുട്ടികളാണ് മഹാരാഷ്ട്രയിലേക്കും കർണ്ണാടകയിലേക്കും പിന്നെ ഉത്തരേന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലേക്കും മുക്തി ഉണർവ്വിന്റെ പ്രചാരകരായി യാത്ര ചെയ്തത്.

ഇതൊക്കെയാണെങ്കിലും കേരളത്തിൽ പെന്തെക്കോസ്തു ആരംഭിച്ചപ്പോൾ ശുശ്രൂഷകളിൽ സ്ത്രീകൾക്ക് വേണ്ടത്ര

സ്ഥാനം കൂടാതെയാണ് അതു വളർന്നത്. ലോകത്തിലെ മററു പല രാജ്യങ്ങളെ ക്കാളും സ്ഥലത്തെക്കാളും യാഥാസ്ഥിതി കത്വം വച്ചുപുലർത്തുന്ന ഒരു സമൂഹ മാണ് കേരളത്തിലേത് എന്നതാകാം അതിനു കാരണം. അതിലുപരിയായി ആദ്യകാല പെന്തെക്കോസ്തു പ്രവർത്ത കരിൽ മിക്കവരും സ്ത്രീകളുടെ ശുശ്രൂ ഷയെ വചനവിരുദ്ധ പ്രവൃത്തികളുടെ പട്ടികയിൽപെടുത്തിയ വേർപാട് - ബ്രദറൺ സംഘങ്ങളിൽ നിന്നു വന്നവരാ ണെന്നതും സുഗമമായ വനിതാശുശ്രൂഷ യ്ക്ക് തടങ്കൽപ്പാറയായി ഭവിച്ചിട്ടുണ്ട്. എങ്കിലും, മറ്റു സംഘങ്ങളെക്കാൾ സ്ത്രീ ശുശ്രൂഷകരെ മാനിക്കുകയും ശുശ്രൂഷി ക്കുകയും ചെയ്യുന്ന സമൂഹമായിരുന്നു പെന്തെക്കോസ്തർ.

ആദ്യകാല പെന്തെക്കോസ്തു പ്രവർ ത്തന ചരിത്രത്തിൽ വനിതാ സുവിശേഷ കരുടെ സാന്നിധ്യം അവഗണിക്കാനാ വാത്ത നിലയിലുള്ള വലിമയോടെതന്നെ അറിയാൻ കഴിയും.

അടുത്തകാലം വരെ ഏതെങ്കിലു മൊരു പുതിയ സ്ഥലത്ത് സുവിശേഷ



***ലിഡിയാ ഗ്രേനർ ആൻഡ് മിൽഡ്രഡ് ഗിൻ.*** *(ദീർഘകാലം ബഥേൽ ബൈബിൾ കോളജിൽ പഠിപ്പിച്ചവർ (1950-ലെ ചിത്രം)*

പ്രവർത്തനം ആരംഭിച്ചാൽ ആദ്യം ചെയ്യുക, സങ്കേതം സഹോദരിമാരെ ഭവന സന്ദർശനത്തിനു അയയ്ക്കുകയായി രുന്നു. അപ്രവേശിതങ്ങളായ പല സുവി ശേഷരഹിത സ്ഥലങ്ങളിലെയും, വീടു കളും കുടിലുകളും കയറിയിറങ്ങി ആദ്യം സുവിശേഷം എത്തിച്ചത് സ്ത്രീകളാണ്. അവരുടെ പ്രാർത്ഥനയാലും ഉപവാസ ത്താലും വിടുതൽ പ്രാപിച്ചവരെ കൂട്ടു ചേർത്താണ് പലപ്പോഴും പുരുഷൻമാർ സഭ തുടങ്ങിയത്. ഇന്നിപ്പോൾ സങ്കേത ങ്ങൾ തന്നെ അന്യംനിന്നുപോകുന്ന ഈ കാലഘട്ടത്തിൽ പഴയ പതിവിന് മാറ്റം വന്നിട്ടുണ്ടെന്ന് സമ്മതിച്ചേതീരു.

പണ്ടുകാലത്ത് പ്രഗത്ഭരായ പുരുഷ സുവിശേഷകരോടൊപ്പം തന്നെ സുവി ശേഷപോർക്കളത്തിലെ വനിതാ പട യാളുകളുടെ പേരും ... പ്രത്യേകിച്ച് അന്നമ്മ മാമ്മൻ, പെണ്ണമ്മ സന്യാസിനി, ശോശാമ്മ സന്യാസിനി തുടങ്ങിയവരുടെ പേരുകൾ.. സ്മരിക്കപ്പെട്ടിരുന്നു. എന്നാ ലിന്ന്, പുതുതലമുറയ്ക്കറിയാവുന്ന വനിതാ സുവിശേഷകരുടെ എണ്ണം കുറി ക്കാൻ തന്നെയില്ല. ദി പെന്തെക്കോസ്ത് മിഷൻ ഒഴികെ, മറ്റൊരു പെന്തെ ക്കോസ്തു വിഭാഗവും സ്ത്രീകളുടെ ശുശ്രൂഷയെ വേണ്ടത്ര പ്രോത്സാഹി പ്പിക്കുന്നില്ല എന്നതൊരു വാസ്തവമാണ്.

തെക്കൻതിരുവിതാംകൂറിലെ പെന്തെ ക്കോസ്തു പ്രവർത്തനം നയിച്ച മിഷ നറിമാരെല്ലാം വനിതകളായിരുന്നു എന്നത് സുവിശേഷകരാകുവാനും, പ്രതിസന്ധി കളിൽ സഭകളെ നയിക്കുവാനും അവർ ശക്തരാണെന്നതിനുള്ള തെളിവാണ്. ആദ്യം തെക്കൻ തിരുവിതാംകൂറിൽ പെന്തെക്കോസ്തു സന്ദേശമറിയിച്ചത് മിസ് ബൗൺസിൽ, മിസ് ആൽഡ് വിങ്കിൾ എന്നീ ബ്രിട്ടീഷ് മിഷനറിമാരാ യിരുന്നു. അസംബ്ലീസ് ഓഫ് ഗോഡ്

326

# ബഥേൽ ആശ്രമം അനുകരിക്കാനൊരു മാതൃക



തൃശ്ശൂർ ബെഥേൽ ആശ്രമത്തിൽ 1940–ൽ സഭാധികാരികളെ അമ്പരപ്പിച്ച ഒരു സംഭവമുണ്ടായി. അതിന്റെ നടത്തിപ്പുകാരിയായിരുന്ന സിസ്റ്റർ സാറാമ്മ തോമസ് പരിശുദ്ധാത്മസ്നാനം പ്രാപിച്ചു. അതോടെ അവർ ആശ്രമത്തിൽ ആത്മനിറവിന്റെ ശുശ്രൂഷ ആരംഭിച്ചു. ഏതായാലും സഭാധികാരികൾ അതിന്റെ പേരിൽ അവരോട് കയർക്കാനൊന്നും തയ്യാറായില്ല. എന്നാൽ 1958 ജനുവരിയിൽ അവർ സ്നാനമേറ്റപ്പോൾ സഭാധികാരികൾ ഇളകിമറിയുക തന്നെ ചെയ്തു. 1961–ൽ അവരെ ആശ്രമത്തിൽനിന്നു പുറത്താക്കി. സഹോദര പുത്രിയായ സിസ്ററർ മേരി കോവൂരിനോടൊപ്പം (സിസ്ററർ മേരി കോവൂരിന്റെ വിവാഹത്തിനു മുമ്പ്, സിസ്റ്റർ മേരി മത്തായി ആയിരിക്കുമ്പോൾ) ഒരു വർഷം അവർക്ക് തിരുവല്ലായിൽ താമസിക്കേണ്ടിവന്നു.

എന്നാൽ ഒരു വർഷം കഴിഞ്ഞപ്പോൾ സി.എസ്. ഐ. സഭയ്ക്ക് വീണ്ടുവിചാരമുണ്ടായി. ഏറെ നാളുകൾ ആശ്രമത്തിനുവേണ്ടി പ്രവർത്തിച്ച വ്യക്തി എന്ന നിലയിൽ അവർ സാറാമ്മയെ തിരികെ വിളിപ്പിച്ചു. ആശ്രമത്തിൽ താമസിച്ചുകൊള്ളുവാൻ അനുവാദം കൊടുത്തു.

1962–ൽ ബെഥേൽ ആശ്രമത്തിന്റെ ഒരു ശാഖ ആലുവായിൽ ആരംഭിച്ചു. അവിടെ താമസിച്ച, ഇംഗ്ലണ്ടിൽനിന്നും മിഷനറിയായി വന്ന മിസ് ഈസ്ററ് സ്നാനമേൽക്കുവാൻ തീരുമാനിച്ചതോടെ സഭാധികാരികൾ വീണ്ടും സാറാമ്മയ്ക്കെതിരെ തിരിഞ്ഞു. മിഷനറിയുടെ സ്നാനതീരുമാനത്തിനു പിന്നിലെ പ്രേരകശക്തി സാറാമ്മ ആണെന്നായിരുന്നു സഭാധികാരികളുടെ പക്ഷം. സാറാമ്മയെ സഭയിൽനിന്നു പുറത്താക്കുവാൻതന്നെ അവർ തീരുമാനിച്ചു.

വളരെ മാന്യമായനിലയിൽ സി.എസ്.ഐ. സഭ ആശ്രമത്തിനു ഒരു വിഭജനോപാധി മുമ്പോട്ടുവച്ചു. സാറാമ്മ തോമസിനോട് ഒപ്പം പോകാനാഗ്രഹിക്കുന്നവർക്ക് കൂടെപ്പോകാം.ആശ്രമത്തിന്റെ ശാഖകൾ

*സാറാമ്മയുടെ പ്രയത്നഫലമായതിനാൽ അതെല്ലാം അവർക്കു വിട്ടുകൊടുക്കാനും സഭ തയ്യാറായിരുന്നു. തൃശ്ശൂർ മിഷൻ കോമ്പൗണ്ടിലെ ആശ്രമം മാത്രം തങ്ങളുടേതായിരിക്കുമെന്ന് സഭ പറഞ്ഞു.*

*പെന്തെക്കോസ്തുപദേശവും വിശ്വാസവുമാണ് സാറാമ്മ തോമസ് പിൻപറ്റിയിരുന്നതെങ്കിലും അവർക്ക് പെന്തെക്കോസ്തു സഭകളുമായി നേരിട്ട് ബന്ധമൊന്നുമുണ്ടായിരുന്നില്ല. എങ്കിലും അവർ അധൈര്യപ്പെട്ടില്ല. വിശ്വാസത്തോടെ അവർ ആശ്രമപ്രവർത്തനങ്ങൾ വിപുലീകരിച്ചു.*

*1980–ൽ സാറാമ്മ തോമസ് 80–ാം വയസ്സിൽ നിര്യാതയായി. എന്നാലെന്ത് ? ഇന്നു ബഥേൽ ആശ്രമം ക്രിസ്തുവിലുള്ള വിശ്വാസത്താൽ സ്ഥിരതയോടെ അവരുടെ പ്രവർത്തനം തുടരുകയാണ്. വടക്കൻ കേരളത്തിൽ എട്ടിടങ്ങളിലാണ് ഇന്നവർക്ക് ശാഖകളുള്ളത്. (ബത്തേരി, ആലുവാ, കൊടയ്ക്കൽ, ഓട്ടുപാറ, കണ്ണൂർ, നല്ലേപ്പിള്ളി, മൂന്നാർ, വണ്ടൂർ).*

*ആശ്രമത്തിലെ അന്തേവാസികൾ അവരുടെ ചുററുവട്ടത്തുള്ള ഭവനങ്ങൾ സന്ദർശിച്ച് സുവിശേഷമറിയിക്കുന്നു. സ്ത്രീകളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പ്രാർത്ഥനക്കൂട്ടങ്ങൾ നടത്തുന്നു. ആദ്യമൊക്കെ അവരുടെ വകയായ ചില സഭകൾ തന്നേ സ്ഥാപിക്കപ്പെട്ടിരുന്നു. അതൊക്കെ ഇന്ന് വ്യവസ്ഥാപിത സഭകളുടെ കയ്യിലാണ്. ഇന്നിപ്പോൾ സ്വന്തമായ സഭാസ്ഥാപനം എന്ന ലക്ഷ്യത്തോടെയല്ല അവരുടെ പ്രവർത്തനം...വ്യവസ്ഥാപിത സഭകളുടെ പ്രവർത്തനത്തിനു സഹായകരമായ നിലയിൽ സുവിശേഷവേല ചെയ്യുക എന്നതു മാത്രം.*

*ഇപ്പോൾ ബെഥേൽ ആശ്രമത്തിനു നേതൃത്വം നൽകുന്നത് സിസ്റ്റർ ഏലിയാമ്മ ജേക്കബ് ആണ്. ഓട്ടുപാറയിൽ അവർക്കൊരു ബൈബിൾ സ്കൂളും സ്വന്തമായുണ്ട്. ഓരോ വർഷവും 15 വിദ്യാർത്ഥിനികൾ അവിടെ പഠിച്ചിറങ്ങുന്നു. ബൈബിൾ സ്കൂൾ കൂടാതെ ഓട്ടുപാറയിൽ ആശ്രമം വകയായി ഒരു നേഴ്സറി സ്കൂളും പ്രവർത്തിക്കുന്നുണ്ട്.*

*അവിവാഹിതരായ 30 പേർ ബെഥേൽ ആശ്രമത്തിന്റെ സ്ഥിരാംഗങ്ങളാണ്. നിശബ്ദരായി അവർ കർത്താവിനുവേണ്ടി സേവ ചെയ്യുന്നു. പെന്തെക്കോസ്തു വിശ്വാസംകൊണ്ടും ജീവിതംകൊണ്ടും പെന്തെക്കോസ്തുകാരണവർ. എന്നാൽ ഒരു വ്യവസ്ഥാപിത പെന്തെക്കോസ്തു സംഘത്തിന്റെ ഭാഗമാകാൻ അവർ ആഗ്രഹിക്കുന്നില്ല. ഒരു പക്ഷേ അതാണോ അവരുടെ വിജയത്തിന്റെ രഹസ്യവും ?*

323-ാം പേജിൽ നിന്നും...

തെന്നിന്ത്യയിലേക്കയച്ച ആദ്യമിഷനറി യും ഒരു വനിതയായിരുന്നു, മിസിസ് മേരി ചാപ്മാൻ. കേരളത്തിലെ അസം ബ്ലീസ് ഓഫ് ഗോഡിന്റെ ആദ്യകാല നേതൃത്വം പൂർണ്ണമായും അവരുടെ കൈകളിലായിരുന്നു. പിന്നീട് തെക്കൻ തിരുവിതാംകൂറിലെ മിഷനറിയായിരുന്നത് മിസ് മാർത്താ കുമ്പേറയാണ്.

കണ്ണൂരിൽ സുവിശേഷവുമായിവന്ന മിസ് ഈഡി എന്ന എ.ജി. മിഷനറി, സ്നാനപ്പെടുത്തുന്നത് ഉൾപ്പെടെയുള്ള എല്ലാ ശുശ്രൂഷകളും നിർവ്വഹിച്ചിരുന്നു. അവരുടെ പ്രവർത്തനത്താൽ രക്ഷിക്ക പ്പെട്ടു വന്ന ഗേർട്ടി ആനോൻ തുടങ്ങിയ തൊഴിലാളി സ്ത്രീകളെ ഈഡി സ്നാന പ്പെടുത്തിയത് ചരിത്രമാണ്.

പാശ്ചാത്യ പെന്തെക്കോസ്തു സമൂ ഹത്തിൽ സ്ത്രീകളുടെ ഓർഡിനേഷൻ വാർത്തയൊന്നുമല്ല. എന്നാൽ നമ്മുടെ നാട്ടിൽ അതത്ര സാധാരണമല്ല. കൽക്കട്ട അസംബ്ലീസ് ഓഫ് ഗോഡിന്റെ സീനിയർ പാസ്റ്റർ മിസ്സിസ് മാർക്ക് ബണ്ടയ്ൻ ഒരു സ്ത്രീയാണെങ്കിൽത്തന്നെ വിദേശി ആണെന്ന് യാഥാസ്ഥിതികർക്ക് ആശ്വാ സിക്കാം.

സ്ത്രീകൾ പ്രസംഗകരാകുന്നതു പോലും കേരള പെന്തെക്കോസ്തിലെ യാഥാസ്ഥിതികർക്ക് അത്ര സന്തോഷ മുള്ള കാര്യമല്ല. ആയിരക്കണക്കിനു പുരുഷ പ്രസംഗകർ കേരള പെന്തെക്കോ സ്തുകാർക്ക് ഉള്ളപ്പോൾ സ്ത്രീകളുടെ കൂട്ടത്തിൽ മേരി കോവൂർപോലെ രണ്ടോ മൂന്നോ പേർ മാത്രമേ വനിതാ പ്രസംഗ കരായുള്ളു. ഇന്നിപ്പോൾ സോദരിസമാജ ത്തിലും മറ്റും ആവശ്യമുള്ള പ്രസംഗകരെ പോലും തമിഴ്നാട്ടിൽനിന്നോ, ആന്ധ്ര യിൽ നിന്നോ ഇറക്കുമതി ചെയ്യുകയാണു നാം. കഴിവുകേടുകൊണ്ടാണ് കേരള സ്ത്രീകൾ ഈ രംഗത്തെത്താതെന്നു വിശ്വസിക്കാൻ ബുദ്ധിമുട്ടുണ്ട്. വേണ്ടത്ര പ്രോത്സാഹനം ലഭിച്ചിരുന്നെങ്കിൽ കേരള സ്ത്രീകളും ഈ രംഗത്ത് പ്രശോഭിച്ചേനേ.

**പുരുഷന്റെ വിജയത്തിനു പിന്നിലെ ആ സ്ത്രീ.**

“ഏതൊരു പുരഷന്റെയും വിജയ ത്തിനു പിന്നിൽ ഒരു സ്ത്രീയുണ്ടാവും” എന്ന വചനത്തിലെ നെല്ലും പതിരും തിരയാനുള്ള സന്ദർഭമല്ല ഇതെങ്കിലും കേരളത്തിൽ വിജയം കൊയ്ത പെന്തെ ക്കോസ്തു പ്രവർത്തകരുടെ പിന്നിൽ അവർക്കു തുണയായി നിന്ന സ്ത്രീ കളുടെ ത്യാഗവും സമർപ്പണവും കണ്ണീ രും വിയർപ്പുമെല്ലാം പതിഞ്ഞു കിടപ്പുണ്ട്. മുൻനിരയിലെ പ്രവർത്തനത്തിന്റെ പേരും പെരുമയും സ്ത്രീകൾക്ക് വകവച്ചു കൊടുക്കാൻ തയ്യാറാകാത്ത ഒരു യാഥാ സ്ഥിതിക സമൂഹത്തിൽ, അങ്ങനെയൊരു പ്രശസ്തിയും അംഗീകാരവും വേണ്ടന്നു തന്നെ വച്ച്, ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ പങ്കാളികളായ ഈ വനിതകളുടെ മഹത്വം സ്മരിക്കപ്പെടേണ്ടതു തന്നെയാണ്.

ജനനംകൊണ്ട് കേരളീയനല്ലെങ്കിലും സമർപ്പണംകൊണ്ട് കേരളീയനെക്കാൾ മലയാളിയായിരുന്ന ആർ.എഫ്. കുക്കിന്റെ



***ഡോറ പി. മയേഴ്സ് :***
*ദൈവസഭാ ബൈബിൾ സ്കൂൾ നടത്തിപ്പിൽ പ്രധാന പങ്കുവഹിച്ചു.*

സഹധർമ്മിണിയെത്തന്നെയാണ് കേരള പെന്തെക്കോസ്തു ചരിത്രം തിരയുന്ന ഒരാൾ സമർപ്പിത വനിതകളുടെ ആദ്യ പട്ടികയിൽപെടുത്തേണ്ടത്. ഒരു അമേരിക്കൻ വനിതയ്ക്ക് സങ്കല്പിക്കാൻ പോലും കഴിയാത്തത്ര ദുരിതപൂർണ്ണമായ ജീവിതാനുഭവങ്ങളിലൂടെയാണ് ബർത്താ എൻ. കുക്ക് കേരളത്തിലെ പ്രവർത്തന കാലയളവിൽ കഴിഞ്ഞുപോയത്.

'ഹെബ്രോനിലെ അമ്മച്ചി', സാറമ്മച്ചി എന്നീ പേരുകളിലൊക്കെ അറിയപ്പെട്ടിരുന്ന മിസിസ് കെ.ഇ. ഏബ്രഹാം സുവിശേഷം നിമിത്തം ഏറെ കഷ്ടപ്പാടുകൾ സഹിച്ച ഒരു മഹതിയാണ്. ആദ്യകാലത്ത് കെ.ഇ. ഏബ്രഹാം സുവിശേഷവേലയിൽ പ്രശോഭിച്ചു വരുമ്പോൾ ത്തന്നേ, ദൈവരാജ്യത്തിന്റെ വ്യാപ്തിക്കായി മിസിസ് ഏബ്രഹാമിനു അദ്ധ്യാപക ജോലി ഉപേക്ഷിക്കേണ്ടി വന്നു. ചില മാസങ്ങൾക്കുള്ളിൽ പാസ്റ്റർ ഏബ്രഹാമും ജോലി ഉപേക്ഷിച്ചു. പട്ടിണിയുടെ ആ നാളുകളിൽ സ്വന്തം മക്കൾക്ക് ആഹാരം കുറച്ചാലും മറ്റുള്ളവർക്കു വിളമ്പുന്നതിൽ അവർ ലോഭം കാണിച്ചില്ല. ഭർത്താവിനോടൊരുമിച്ച് സുവിശേഷവേലയിൽ അദ്ധ്വാനിച്ച് മടങ്ങിവരുന്ന ദൈവദാസൻമാരെ സുസ്മേരവദനയായി സ്വീകരിക്കുന്നതിലും അവരെ പരിചരിക്കുന്നതിലും അന്നമ്മ ഏബ്രഹാം എന്നും മുൻപന്തിയിലായിരുന്നു. ഉടുതുണിക്കു മറുതുണിയില്ലാതിരുന്ന ആ നാളുകളിൽ ഭർത്താവിന്റെ സുഹൃത്തുക്കളായ സുവിശേഷകരുടെ വിഴുപ്പുവസ്ത്രങ്ങൾകൂടി അലക്കി വെളുപ്പിച്ച് അടുത്ത യാത്രയ്ക്കായി അവരെ ഒരുക്കുന്നതിൽ ഹെബ്രോനിലെ അമ്മച്ചി ബദ്ധശ്രദ്ധയായിരുന്നു.

ആദ്യകാല സുവിശേഷകരുടെ തുണയാളികളുടെയൊക്കെ ചരിത്രം സാറാമ്മച്ചിയുടെ അനുഭവങ്ങളോട് തുല്യമാണ്. ക്ഷാമത്തിന്റെയും ദുരിതത്തിന്റെയും ആ കാലയളവിൽ അരി വേവിച്ചാൽ ചോറ് ഭർത്താവിനും കൂട്ടുവേലക്കാർക്കും, കഞ്ഞിവെള്ളം കുഞ്ഞുങ്ങൾക്കും എന്നതായിരുന്നു പലപ്പോഴും ഭക്ഷണക്രമം. സ്ത്രീകളാകട്ടെ, എപ്പോഴും മുണ്ടുമുറുക്കിയുടുത്തു വിശക്കുന്ന വയറിനെ ഒതുക്കാൻ പഠിച്ചു.

ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭയുടെ പ്രഥമ മിഷനറിമാരായിരുന്ന കെ. സി. ചെറിയാൻ, പി. എം. സാമുവൽ, എം. കെ. ചാക്കോ, പി.റ്റി. ചാക്കോ തുടങ്ങിയവരുടെ സഹധർമ്മിണിമാരും സുവിശേഷത്തിനു വേണ്ടി ഏറെ കഷ്ടതകൾ സഹിച്ച സ്ത്രീകളാണ്. കെ. സി. ചെറിയാന്റെ ഭാര്യ അന്നമ്മ മംഗലാപുരത്ത് ഭർത്താവിനോടൊത്ത് താമസിക്കുമ്പോൾ അനുഭവിച്ച പട്ടിണിക്ക് കണക്കും കയ്യുമില്ല. പ്രതികൂല കാലാവസ്ഥയും ഭക്ഷണദാരിദ്ര്യവും അവരെ തീരാരോഗിയാക്കിത്തീർത്തു. അപ്പോഴും പിറുപിറുപ്പു കൂടാതെ അവർ സുവിശേഷകരെ സൽക്കരിക്കുകയും ഭർത്താവിനു തുണയായി നിൽക്കുകയും ചെയ്തു. അകാലത്തിൽ അവർ മഹത്വത്തെ പുൽകേണ്ടിവന്നത് സുവിശേഷരണാങ്കണത്തിൽ അവർ സഹിച്ച പങ്കപ്പാടുകളുടെ ബാക്കിപത്രമാണ്.

പാസ്റ്റർ പി. എം. സാമുവൽ ആന്ധ്രയിലെ വിജയവാഡയിൽ താമസിക്കുന്ന സമയം. മൂത്തമകൾ ഗ്ലോറിയാമ്മ പല ദിവസം പട്ടിണികിടന്നതിനാൽ സ്കൂളിൽ തലകറങ്ങിവീണു. മറ്റാരും അതിന്റെ കാരണം അറിഞ്ഞിരുന്നില്ല. പി.എം. സാമുവൽ സ്കൂളിലെത്തി കുഞ്ഞിനെ തോളിലേറ്റി തിരികെ കൊണ്ടുവന്നു. കുട്ടിയുടെ അദ്ധ്യാപിക ഫെയ്ത്ത് ഹോമിലത്തിയപ്പോൾ വീട്ടുകാർ യാതൊന്നും ഭക്ഷിക്കാനില്ലാതെ വിഷമിച്ചിരിക്കുന്നതാണു കണ്ടത്. നിങ്ങളുടെ കൂട്ടുസഹോ

330

# രാജ്യാന്തര പ്രശസ്തിയോടെ അന്നമ്മ മാമ്മൻ



*അവിശ്വസനീയമെന്നു കരുതിപ്പോകുന്ന ഒട്ടേറെ കഥകൾ അന്നമ്മ മാമ്മനെക്കുറിച്ചു പറഞ്ഞുകേൾക്കുന്നുണ്ട്. വിസയും യാത്രാഡോക്യുമെന്റ്സുമില്ലാതെ പല രാജ്യങ്ങളിൽ ചെന്നിറങ്ങി സുവിശേഷമറിയിച്ച കഥ.... വിദേശത്തുനിന്ന് ആരോ ഇന്ദിരാഗാന്ധിയുടെ കെയ്റോഫിൽ അന്നമ്മ മാമ്മനു പണമയച്ച കഥ.. അങ്ങനെ പലതും. ഒരു കാര്യം വ്യക്തം, അന്നമ്മ മാമ്മൻ എന്നും വ്യത്യസ്തയായിരുന്നു. സ്ത്രീകളുടെ ശുശ്രൂഷകളെ സംശയത്തോടെ മാത്രം വീക്ഷിച്ചിരുന്നവരെ അതിശയപ്പെടുത്തിക്കൊണ്ട് ലോകമെങ്ങും സുവിശേഷപര്യടനം നടത്തിയിട്ടുള്ള മിസ് മാമ്മൻ ഇന്ന് നിത്യതയിൽ വിശ്രമിക്കുന്നു. അവരുടെ ഭൂതകാലത്തേക്ക് ഒരെത്തിനോട്ടം.*

*അന്നമ്മ മാമ്മൻ കുമ്പനാട് കൊച്ചുപറമ്പിൽ കെ.എം. മാമ്മൻ – മറിയാമ്മ ദമ്പതികളുടെ മകളായി ഒരു മാർത്തോമ്മാ കുടുംബത്തിൽ 1914–ൽ ജനിച്ചു.*

*ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ടീച്ചേഴ്സ് ട്രെയിനിംഗ് കഴിഞ്ഞ് അദ്ധ്യാപികയായിരിക്കുമ്പോൾ അത്ഭുതകരമായ "ഒരു കാര്യത്തിനുവേണ്ടി ദൈവം വിളിക്കുകയാണെന്ന്" ഒരു ദർശനമുണ്ടായി. പെന്തെക്കോസ്ത നുഭവം ജീവിതത്തിൽ പരിവർത്തനം ചെയ്തപ്പോൾ മാതൃസഭയെയും സമൂഹത്തെയും നോക്കാതെ 16–ാം വയസ്സിൽ സുവിശേഷവേലയ്ക്കായി വീടുവിട്ടിറങ്ങി.*

*1936–ൽ മിസ് മാമ്മൻ ആന്ധ്രായിലെ എല്ലൂരിൽ പാസ്ററർ പി. റ്റി. ചാക്കോയോടൊപ്പം സഹകരിച്ച് ഭാഷ വശമാക്കി. ഗ്രാമങ്ങളിലും പട്ടണവീഥികളിലും കടന്നു ചെന്നു സുവിശേഷം പ്രസംഗിച്ചു. വടക്കെ ഇന്ത്യയിലെ പല നഗരങ്ങളിലും പാസ്റ്റർ എ. കെ. ചാക്കോച്ചനോടൊപ്പം യാത്ര ചെയ്തു ദൈവരാജ്യം പ്രസംഗിച്ചു.*

*തമിഴ്നാട്ടിലെ സേലത്തിനടുത്ത് റാസിപ്പൂരം എന്ന സ്ഥലത്ത്*

താമസിച്ച് കുറെനാൾ പ്രവർത്തിച്ചു. അവിടെവച്ചാണ് സ്വീഡൻകാരിയായ ആഗ്നസ് വാൽ എന്ന മിഷനറി മദാമ്മയെ പരിചയപ്പെടുന്നത്. ആ പരിചയമാണ് സിസ്ററർ അന്നമ്മയ്ക്ക് അമേരിക്കയിൽ പോകാൻ വഴിയൊരുക്കിയത്. ആദ്യയാത്ര കൊച്ചിയിൽനിന്നും ഒരു ചരക്കുകപ്പലിലായിരുന്നു. കടൽ ചൊരുക്ക് നിമിത്തം ഛർദ്ദിച്ചവശയായി. ഈ വിവരം കപ്പിത്താന്റെ ഭാര്യ അറിഞ്ഞു. അവർ അന്നമ്മയെ കപ്പലിന്റെ മുകൾത്തട്ടിൽ ചെന്നു നല്ല കാറ്റേല്ക്കുവാനുള്ള അവസരം നൽകി. ന്യൂയോർക്കിലിറ ങ്ങിയ അന്നമ്മ എലീമിലേക്കുപോയി. എലീം ബൈബിൾ സ്കൂളിൽ ഒരു വർഷം അദ്ധ്യാപനം നടത്തിക്കൊണ്ട്, സഭകളിലും കൂട്ടായ്മകളിലും പ്രസംഗിച്ചു..

പിന്നീട് മിസ് മാമ്മൻ പല പ്രാവശ്യം അമേരിക്ക സന്ദർശിച്ചു. ആസ്ട്രേലിയാ ഒഴിച്ച് ലോകത്തിലെ മിക്ക രാജ്യങ്ങളും ഇവർ സന്ദർശിച്ച് സുവിശേഷം പ്രസംഗിച്ചു. യിസ്രായേൽ, ഹോങ്കോംഗ്, എന്നീ രാജ്യങ്ങളിൽ ഇവർക്ക് പൗരത്വം ഉണ്ടത്രേ ! ഇംഗ്ലീഷ്, തെലുങ്ക്, തമിഴ്, കന്നട, ഹിന്ദി, ഹീബ്രു ആദിയായ ഭാഷകൾ വശമുണ്ട്. ട്രൂത്ത് ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വൈസ് പ്രിൻസിപ്പാളായിരുന്നു.

കേരളത്തിലും പുറത്തും അനേകരെ സുവിശേഷ മുന്നണിപോരാളികളായി വാർത്തെടുക്കുവാൻ സിസ്ററർ അന്നമ്മ മാമ്മനു കഴിഞ്ഞിട്ടുണ്ട്. ഇന്നത്തെ ഐ.പി.സി. പ്രസിഡണ്ട് പാസ്റ്റർ പരംജ്യോതിയെപോലുള്ളവരെ 1936–37 കാലഘട്ടങ്ങളിൽ അന്നമ്മ മാമ്മൻ പ്രോത്സാഹനം നൽകി ഉറപ്പിച്ചിട്ടുണ്ട്. പ്രത്യേകാൽ കേരളത്തിൽ സോദരീ സാങ്കേതത്തിന്റെ പ്രവർത്തനങ്ങൾക്ക് ആദ്യകാലത്ത് അന്നമ്മ മാമ്മൻ നൽകിയ സേവനങ്ങൾ മറക്കാവതല്ല.

അന്നമ്മ മാമ്മനെ പുറം ലോകമറിയുന്നത് പ്രശസ്തയായ ഒരു സുവിശേഷപ്രസംഗകയും മിഷനറി വനിതയുമെന്ന നിലയിലാണ്. അതുപോലെ അവർക്ക് യശ്ശസ് ചില ഗാനരചനയിലൂടെയും ലഭിച്ചിട്ടുണ്ട്. "ലോകമാം ഗംഭീരവാരിധിയിൽ", "ഉയർത്തിടും ഞാൻ എന്റെ കൺകൾ" തുടങ്ങിയ ഗാനങ്ങളുടെ രചയിതാവ് അവരാണ്.

പ്രശസ്ത വേദപണ്ഡിതൻ റവ. കോസ്റ്റ ഡർ (Rev. Costa Deir) പറയുന്നത് തന്റെ 'ആത്മീയ മാതാവാണ്' അന്നമ്മ മാമ്മൻ എന്നാണ്.

327-൧ം പേജിൽ നിന്നും...

ദരങ്ങളോടെങ്കിലും എന്തുകൊണ്ടുവിവരം അറിയിച്ചില്ല എന്ന് ആ അദ്ധ്യാപിക ചോദിച്ചു. ''ഞങ്ങൾ ആർക്കുവേണ്ടി സേവ ചെയ്യുന്നുവോ, ആ കർത്താവിനു അത് അപമാനകരമാകുന്നു'' എന്നായിരുന്നു മിസിസ് മറിയാമ്മ സാമുവലിന്റെ മറുപടി. വിജയവാഡയിലെ പ്രതികൂലാവസ്ഥയിൽ പിടിച്ചു നിൽക്കാനാവാതെ ഒരു മകൻ ടൈഫോയിഡു ബാധിച്ചു മരിച്ചപ്പോഴും വിശ്വാസം വിട്ടുകളയാതെ ധൈര്യത്തോടെ നിൽക്കുവാൻ മറിയാമ്മയ്ക്ക് കഴിഞ്ഞു.

ശക്തനും ബലവാനുമായി അറിയപ്പെടുന്ന പാസ്റ്റർ ടി. ജി. ഉമ്മൻ വിശ്വാസ പ്രവർത്തനത്തിൽ നിലനിൽക്കാൻ ഒരു പ്രധാനകാരണം ഭാര്യയുടെ സ്ഥൈര്യമാണെന്ന് അദ്ദേഹം തന്നെ സാക്ഷിച്ചിട്ടുണ്ട്. കൃഷി വിട്ട് സുവിശേഷവേലയ്ക്കു തീരുമാനമെടുത്തപ്പോൾ ഉമ്മച്ചന്റെ മാതാവ് ഭ്രാന്തിയെപ്പോലെ കലിയിളകി ശാസിച്ചു. എന്നാൽ അന്നും ഭാര്യയാണ് അദ്ദേഹത്തിനു തുണ നിന്നത്. (പാസ്റ്റർ ടി. ജി. ഉമ്മൻ, ആത്മകഥ, പേജ് 30) 1930-ൽ ഒരു യോഗം നടത്തി തിരികെ വന്ന ഉമ്മച്ചന്റെ അരികിൽ മൂന്നു വയസ്സുള്ള മകൾ അപ്പച്ചാ എന്നു വിളിച്ചുകൊണ്ട് ഓടിവന്നു. പെട്ടെന്ന് അവൾ മയങ്ങി വീണു. കുഞ്ഞ് ഒന്നും ഭക്ഷിക്കാതായിട്ട് രണ്ടു ദിവസം കഴിഞ്ഞു. പാലു വാങ്ങുവാൻ കാശുമില്ല. ഉമ്മച്ചന്റെ കണ്ണിൽ നിന്നും കണ്ണുനീർ ധാരധാരയായി ഒഴുകി. അപ്പോൾ ഭാര്യ അദ്ദേഹത്തെ ധൈര്യപ്പെടുത്തി. ''എന്തിനു ദുഃഖിക്കുന്നു? ധൈര്യമായിരിക്ക. കുഞ്ഞു മരിക്കുന്നുവെങ്കിൽ മരിക്കട്ടെ. കർത്താവിനുവേണ്ടി നിലകൊള്ളുക" എന്നവർ പറഞ്ഞു. തക്ക സമയത്ത് ഭാര്യ പറഞ്ഞ ആ വാക്കുകളാണ് സുവിശേഷവേലയിൽ തന്നെ നിലനിർത്തിയതെന്ന് ഉമ്മച്ചൻ സാക്ഷിക്കുന്നു.

തെക്കൻ തിരുവിതാംകൂറിലെ അസംബ്ലീസ് ഓഫ് ഗോഡ് പ്രവർത്തനങ്ങളുടെ നടുനായകത്വം വഹിച്ച മനാശ്ശെ പ്രസംഗിയാരുടെ ഭാര്യ ശിലാൾ സുവിശേഷവേലയിൽ കഴിവുതെളിയിച്ച ഒരു സ്ത്രീരത്നമായിരുന്നു. നല്ലൊരു സൂതികർമ്മിണിയായിരുന്ന അവർക്ക് നാട്ടുകാരുമായുണ്ടായിരുന്ന സൗഹൃദം ദൈവരാജ്യത്തിന്റെ വ്യാപ്തിക്കു ഹേതുവാക്കാൻ മനാശ്ശെയ്ക്ക് കഴിഞ്ഞു.

ഏറെ നാളുകൾ അസംബ്ലീസ് ഓഫ് ഗോഡിന്റെ സാരഥിയായിരുന്ന പാസ്റ്റർ എ. സി. സാമുവൽ തന്റെ തിരുവിതാംകൂർ പ്രവർത്തനം വിജയകരമാക്കിത്തീർത്തതിനു പിന്നിൽ ശ്രീമതി റാഹേലമ്മ സാമുവലിന്റെ (കുട്ടിയമ്മ) ത്യാഗപൂർണ്ണമായ ജീവിതവും ഉണ്ട്. ശുശ്രൂഷയുടെ ആദ്യകാലങ്ങളിൽ (തിരുവനന്തപുരത്ത് താമസിച്ചു പ്രവർത്തിച്ചപ്പോൾ) അവർ അനുഭവിക്കേണ്ടിവന്ന കഷ്ടനഷ്ടങ്ങളും അപമാനങ്ങളും ഏറെയായിരുന്നു.

**സങ്കേതങ്ങൾ**

ആദ്യകാല പെന്തെക്കോസ്തു പ്രവർത്തനരംഗത്ത് സേവികാസങ്കേതങ്ങൾ ഗണ്യമായ സ്ഥാനം വഹിച്ചിട്ടുണ്ട്. സമർപ്പിതരായ വനിതാ സുവിശേഷകർ പുതിയ സ്ഥലങ്ങളിലും മറ്റും കഷ്ടതയും പട്ടിണിയും ഉപദ്രവവും ഒക്കെ സഹിച്ച് ക്രിസ്തുവിനുവേണ്ടി സാക്ഷിയായതിന്റെ പരിണിതഫലമാണ് ഇന്നത്തെ പല വലിയ സഭകളും.

മറ്റൊരു നിലയിൽകൂടെ സേവികാസങ്കേതങ്ങൾ പെന്തെക്കോസ്തു പ്രവർത്തനചരിത്രത്തിൽ സ്ഥാനം പിടിക്കുന്നുണ്ട്. വിശ്വാസം നിമിത്തം വീടുവിട്ടിറങ്ങേണ്ടിവന്ന പല സ്ത്രീകൾക്കും സങ്കേതങ്ങൾ ഒരു അഭയസ്ഥാനം തന്നെയായിരുന്നു.

എല്ലാ വ്യവസ്ഥാപിത സഭകളെയും

ഒരു പേരിലല്ലെങ്കിൽ മറ്റൊരുപേരിൽ സേവികാ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. ആദ്യകാല നേതാക്കളായ കെ. ഇ. ഏബ്രഹാം, കെ. ജെ. സാമുവൽ, വി.റ്റി. തോമസ്, കെ.വി. കുര്യൻ, റ്റി. എൻ.ഏബ്രഹാം അഷ്ടമുടി ഉമ്മച്ചൻ മുതലായവർ സോദരീ സങ്കേതങ്ങളുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിച്ചവരുടെ കൂട്ടത്തിൽ പ്രത്യേകം സ്മരിക്കപ്പെടേണ്ടവരാണ്. ഈ സോദരിമാർക്ക് താമസിക്കുവാൻ സ്ഥിരമായ സ്ഥാപനങ്ങളുണ്ടാക്കുന്നതിലും ഇവർ ശ്രദ്ധകൊടുത്തിരുന്നു. മദ്ധ്യതിരുവിതാംകൂറിലെ ആദ്യത്തെ സങ്കേതത്തിനു തുടക്കമിട്ടത് അഷ്ടമുടി ഉമ്മച്ചനും അദ്ദേഹത്തിന്റെ ഭാര്യ മേരിയമ്മയും അന്നമ്മ മാമ്മനും ചേർന്നാണ്. മഞ്ഞാടി ഇടവപ്പറമ്പിൽ ഒരു വാടക വീടെടുത്തായിരുന്നു തുടക്കം. മംഗലശ്ശേരി മറിയാമ്മ, കീപ്രയാർ അന്നമ്മ, കല്ലിശ്ശേരിൽ എൻ. കെ. പെണ്ണമ്മ തുടങ്ങിയവരായിരുന്നു ആദ്യത്തെ സങ്കേത വാസികൾ. പിന്നെ അന്നമ്മ മാമ്മൻ അമേരിക്കൻ പര്യടനം കഴിഞ്ഞുവന്നപ്പോൾ തിരുവല്ലയിൽ സങ്കേതത്തിനു വേണ്ടി ഒന്നേകാൽ ഏക്കർ സ്ഥലം വാങ്ങി നല്ലൊരു വീടും പണിതു. പാസ്റ്റർ വി. റ്റി. തോമസ് ഇക്കാര്യത്തിൽ വളരെ ഉത്സാഹത്തോടെ പ്രവർത്തിച്ചു. എന്നാൽ അന്നമ്മ മാമ്മൻ ഐ.പി.സി. വിട്ടപ്പോൾ ഈ സ്ഥാപനം സഭയ്ക്ക് നഷ്ടമായി. പിന്നീട് മറ്റൊരു സഭാവിഭാഗം ഈ സ്ഥലം വിലയ്ക്കു വാങ്ങി. (അന്ന് സങ്കേതത്തിൽ താമസിച്ചിരുന്ന സ്ത്രീകൾ അതോടെ വഴിയാധാരമായി. പിന്നീട് പലർ ചേർന്ന് ഈ സഹോദരിമാർക്കായി ഐ.പി.സി. യുടെ പേരിൽ ഒരു ഭവനം പണിതുകൊടുത്തു.)

പല ആദ്യകാല സഭകളുടെയും പാഴ്സനേജിനൊടൊപ്പം സുവിശേഷകരായ സ്ത്രീകൾക്കു താമസിക്കാൻ പ്രത്യേക സൗകര്യങ്ങളും മറ്റുമുണ്ടായിരുന്നു. തങ്ങളുടെ സഭാവളർച്ചയിൽ ഈ സ്ത്രീകൾ വഹിച്ച പങ്കിനെ അനുസ്മരിച്ചാണവർ അങ്ങനെ ചെയ്തത്. എന്നാൽ ഇന്നിപ്പോൾ അങ്ങനെയൊരു സംവിധാനത്തെപ്പറ്റി വിദൂരമായി ചിന്തിക്കാൻപോലും പുതുതലമുറയിലെ പെന്തെക്കോസ്തർക്ക് കഴിയുന്നില്ല. കാലം കഴിഞ്ഞപ്പോൾ പെന്തെക്കോസ്തരുടെയിടയിൽ സഹോദരിമാരുടെ ശുശ്രൂഷ ആദിരക്കപ്പെടാതെയായി. വമ്പൻ കൺവൻഷനുകളുടെയും ഭീമൻ ക്രൂസേഡുകളുടെയും പകിട്ടിൽ വീടുകൾ കയറിയിങ്ങുന്ന ഈ സാധാരണ സ്ത്രീകൾ ഒരധികപറ്റായി.

സ്ത്രീകളുടെ ശുശ്രൂഷയോടു പെന്തെക്കോസ്തർക്കുണ്ടായ സമീപനത്തിന്റെ വ്യത്യാസം പുതുതലമുറയിലെ യുവതികളെ 'സങ്കേതമാർഗ്ഗം' സ്വീകരിക്കുന്നതിൽനിന്നു വിമുഖരാക്കുന്നു. അവിവാഹിതാവസ്ഥയെ സമർപ്പണത്തിന്റെ മഹിമയായി ഇന്ന് പെന്തെക്കോസ്തർ കാണുന്നില്ല. വിവാഹം ഉപേക്ഷിച്ച് സുവിശേഷകയായിത്തീരാൻ ഒരു യുവതി തീരുമാനിച്ചാൽ, ഇന്ന് സഹവിശ്വാസികൾ അവളെ നോക്കിക്കാണുന്നത് അവജ്ഞയോടെയാണ്. സ്വഭാവികമായും അവമതിയുടെ ഈ മാർഗ്ഗം തിരഞ്ഞെടുക്കുവാൻ അവൾ തയ്യാറാവുന്നില്ല.

യുവത്വം സുവിശേഷത്തിന്റെ വ്യാപ്തിക്കായി വിട്ടുകൊടുത്ത പല ആദ്യകാല വനിതാ പ്രവർത്തകരും ഇന്ന് ഇല്ലായ്മ കളുടെയും വല്ലായ്മകളുടെയും ലോകത്ത് ആശ്രയമററവരായി കഴിയുകയാണ്. പുതുപെന്തെക്കോസ്തർ അവരെ ഒരു ബാദ്ധ്യതയായാണ് കരുന്നത്. അവരുടെ വിയർപ്പിൽ കിളിർത്ത സഭകൾ പോലും അവരെ ആദരിക്കുവാനോ, കരുതുവാനോ തയ്യാറാവുന്നില്ല.



***ഏലിയാമ്മ കുഞ്ഞുമ്മൻ :***
*കാൽനൂറ്റാണ്ടിലേറെ ബഥേൽ ബൈബിൾ കോളജിലെ മേട്രണായിരുന്നു.*

പണ്ടുകാലത്ത് വിശ്വാസത്തിന്റെ പേരിൽ വീടുവിട്ടിറങ്ങേണ്ടി വന്ന സഹോദരിമാരുടെ പുനഃരധിവാസത്തിനു സങ്കേതങ്ങളുടെ വാതിലുകൾ തുറന്നുകിടന്നു. എന്നാലിന്ന് സങ്കേതങ്ങളിൽ പുതിയ അംഗങ്ങളെ ചേർക്കുന്നതിനു സഭാനേതൃത്വത്തിനു ആഗ്രഹമില്ല. ഉള്ളവരെ എങ്ങനെ ബാദ്ധ്യതയൊഴിക്കാം എന്ന ചിന്തയിലാണ് നേതൃത്വം. സ്ത്രീകളെ ആദരിക്കുവാനും അവരുടെ ശുശ്രൂഷകളെ ബഹുമാനിക്കുവാനും നമ്മെ പ്രേരിപ്പിക്കുന്ന ഒരു വേദപുസ്തക ധാരണ തന്നെ രൂപപ്പെട്ടുവരേണ്ടിയിരിക്കുന്നു.

**സോദരീ സമാജം പ്രവർത്തനങ്ങൾ**

ഐ.പി.സി., ചർച്ച് ഓഫ് ഗോഡ്, അസംബ്ലീസ് ഓഫ് ഗോഡ്, ശാരോൻ തുടങ്ങി എല്ലാ വ്യവസ്ഥാപിത സഭകൾക്കും മിക്ക സ്വതന്ത്രസഭകൾക്കും ഇന്ന് സോദരീസമാജം പ്രവർത്തനങ്ങളുണ്ട്. ആദ്യകാലത്ത് ഈ സമാജങ്ങൾ സുവിശേഷ പ്രവർത്തനത്തിനായിരുന്നു ഊന്നൽ കൊടുത്തിരുന്നതെങ്കിൽ ഇന്നിപ്പോൾ അംഗങ്ങളുടെ പാടാനും, പ്രസംഗിക്കാനും, ഡിബേറ്റു നടത്താനുമുള്ള 'താലന്തുകൾ' പരിപോഷിപ്പിക്കുകയാണ് സമാജങ്ങളുടെ പ്രധാന പരിപാടി. പിന്നെ വല്ലപ്പോഴുമൊരിക്കൽ 'സ്വമേധാ പ്രവർത്തനങ്ങൾ നടത്തിയാലുമായി. (അങ്ങനെ നടക്കുന്ന സ്വമേധാപ്രവർത്തനങ്ങൾ പോലും ജീവിതവൃതമല്ല, ഒരു പരിപാടിയാണെന്നോർക്കണം)

"സോദരീസമാജത്തിന്റെ ആദ്യകാല പ്രവർത്തനരീതി ഇന്നത്തേതിൽ നിന്ന് വ്യത്യസ്ഥമായിരുന്നു. ഭവന സന്ദർശനം നടത്തി ജനത്തോട് (പ്രത്യേകിച്ച് സ്ത്രീകളോട്) സുവിശേഷം അറിയിക്കുക എന്നതായിരുന്നു അവർ സ്വീകരിച്ച പദ്ധതി. അങ്ങനെ ഭവന സന്ദർശന വേളയിൽ, ഭവനങ്ങളിൽ സ്ത്രീകൾ ചെയ്തുകൊണ്ടിരിക്കുന്ന ജോലിയിൽ അവരെ സഹായിക്കുക, ഭവനത്തിലെ സഹോദരി വസ്ത്രം അലക്കുകയാണെങ്കിൽ വസ്ത്രം അലക്കുന്നതിൽ അവരെ സഹായിക്കുക, കൃഷികാര്യത്തിലോ, അടുക്കള ജോലിയിലോ ഏർപ്പെട്ടിരിക്കുകയാണെങ്കിൽ അതിൽ സഹായിക്കുക ആദിയായ മാർഗ്ഗങ്ങളാണ് സഹോദരിമാർ സ്വീകരിച്ചത്. അങ്ങനെ ആ ഭവനത്തിലുള്ളവരുടെ സ്നേഹാദരവുകൾ സമ്പാദിക്കുകയും തുടർന്ന് അവരോട് സുവിശേഷം അറിയിക്കുകയും ചെയ്യുക. സഹോദരിമാരുടെ ഈവിധ പ്രവർത്തനഫലമായി പലർ രക്ഷിക്കപ്പെട്ടു വിശ്വാസസ്നാനം ഏൽക്കുവാൻ ഇടയായിത്തീർന്നു. (മിസിസ്. മേരി ഏബ്രഹാം, ഐ.പി.സി സോദരീസമാജം സോവനീർ, പേജ് 21).

ആദ്യകാല പ്രവർത്തകരുടെ തിരോധാനത്തോടെ സോദരീ സമാജത്തിന്റെ ഘടനയ്ക്കുതന്നെ വ്യത്യാസം വന്നിട്ടുണ്ട്. പൂർണ്ണ സമയ സുവിശേഷപ്രവർത്തകരായ സ്ത്രീകളായിരുന്നു ആദ്യ കാലത്ത് സമാജങ്ങളുടെ നേതൃത്വം വഹിച്ചത്. കാലം കഴിഞ്ഞപ്പോൾ സമാജത്തിനു വേണ്ടി ജീവൻ കൊടുത്തവരെ മറന്ന്, സമൂഹത്തിൽ സ്ഥാനവും സ്വാധീനവുമുള്ളവർ ഇതിന്റെ നേതൃത്വം ഏറ്റുതുടങ്ങി.



*സിസ്റ്റർ മേരി കോവൂർ:*
*പ്രസംഗവേദിയിലെ ശക്തമായ സ്ത്രീശബ്ദം*

അതോടെ ത്യാഗപൂർണ്ണമായ ഒരു പ്രസ്ഥാനം എന്ന നിലയിൽനിന്ന് സഭയുടെ 'സ്റ്റാറ്റസ്' ഉള്ള പുത്രികാസംഘടന എന്ന നിലയിലേക്ക് സമാജങ്ങൾ വന്നുപെട്ടു. ഇന്നിപ്പോൾ ആഴ്ചതോറുമുള്ള ചടങ്ങുയോഗങ്ങളോ, വർഷത്തിലൊരിക്കലുള്ള ക്യാമ്പുകളോ ഒക്കെകൊണ്ട് സമാജാംഗങ്ങൾ തൃപ്തിപ്പെടുന്നു. മിക്കവാറും എല്ലാ സഭകളുടെയും സമാജങ്ങൾ ഈ അപകടത്തിലേക്ക് ചെന്നെത്തിയിട്ടുണ്ട്.

**ദി പെന്തെക്കോസ്തു മിഷനും സ്ത്രീകളുടെ പ്രവർത്തനവും**

വനിതാ പ്രവർത്തകരെ ഏറ്റവും ആദരിക്കുന്ന പെന്തെക്കോസ്തു സംഘം ദി പെന്തെക്കോസ്തു മിഷനാണ്. പൂർണ്ണസമയ സുവിശേഷകരായ പുരുഷൻമാരേക്കാൾ പല മടങ്ങ് സ്ത്രീകൾ റ്റി.പി.എം. -ൽ പ്രവർത്തകരായുണ്ട്. വാസ്തവത്തിൽ പെന്തെക്കോസ്തു മിഷന്റെ പ്രവർത്തന വിജയത്തിനു പ്രധാന കാരണക്കാർ ഈ സഹോദരിമാരാണ്. മറ്റു സഭകൾക്കുകൂടെ കണ്ടു പഠിക്കാവുന്ന മാതൃക ഈ കാര്യത്തിൽ റ്റി.പി.എം. കാണിച്ചിട്ടുണ്ട്.

**സ്ത്രീകളും ഭാരത സുവിശേഷികരണവും**

സ്ത്രീകളുടെ ശുശ്രൂഷാകാര്യത്തിൽ കഴിഞ്ഞകാല സഭ കുറ്റകരമായ അനാസ്ഥ പുലർത്തി എന്നത് നാം സമ്മതിച്ചേ തീരു. ഓപ്പറേഷൻ മോബിലൈസേഷന്റെ വിമൻസ് മിനിസ്ട്രീസ് ഡയറക്ടർ ജൂലിയറ്റ് തോമസ് പറയുംപോലെ, ഇന്ത്യയിലെ സ്ത്രീകളെ സുവിശേഷീകരിക്കാൻ ഇന്ത്യയിലെ ക്രിസ്തീയ വനിതകൾക്കേ കഴിയു. ഭാരതത്തിന്റെ പ്രത്യേക സാംസ്ക്കാരിക പശ്ചാത്തലത്തിൽ, പ്രത്യേകിച്ചും ഉത്തരേന്ത്യൻ ഗ്രാമപശ്ചാത്തലത്തിലാണ് അവരീവാക്കുകൾ ഉരുവിടുന്നത്. പുരുഷനെ കണ്ടാൽ മുഖം കുനിച്ച് ഉൾവലിയുന്ന, മുഖത്ത് പർദ്ദതുമ്പ് വലിച്ചിടുന്ന ഭാരത സ്ത്രീയുടെ അടുത്ത് ആൺസുവിശേഷകർക്ക് അടുത്തകാലത്തെങ്ങും ക്രിസ്തുവിന്റെ സന്ദേശവുമായി സമീപിക്കുവാൻ കഴിയുമെന്നോർക്കേണ്ടാ. അവരുടെ അടുത്തെത്താൻ വനിതാ സുവിശേഷകർക്കേ കഴിയൂ. സ്ത്രീകളുടെ ശുശ്രൂഷയ്ക്കു മാനവും ആദരവും ലഭിക്കുന്ന ഒരു സമൂഹത്തിലെ, സന്തോഷത്തോടെയും, സമർപ്പണത്തോടെയും സുവിശേഷപ്രവർത്തനത്തിനിറങ്ങാൻ വനിതകൾ തയ്യാറാകൂ. ഭാരത സുവിശേഷീകരണം കേരള പെന്തെക്കോസ്തരുടെ വിദൂരലക്ഷ്യമെങ്കിലുമാണെങ്കിൽ സ്ത്രീ സുവിശേഷകരോടുള്ള അവരുടെ സമീപനത്തിൽ മാറ്റം വന്നേമതിയാകു.



***മിസിസ് ആൻഡ് റവ. ഏണസ്റ്റ് സോർബോ:*** *അസംബ്ലീസ് ഓഫ് ഗോഡിനെ സുസംഘടിതരാക്കിയ മിഷനറി കുടുംബം*

# ഏലിയാവിന്റെ ദൈവം സദ്യ കൊടുത്തുവിടുന്നു



*പാസ്റ്റർ ജോർജ്ജ് വർഗീസ് പെന്തെക്കോസ്തു വിശ്വാസിയായി തീരുന്നതിനും മുമ്പ് കൊച്ചുകുഞ്ഞുപദേശിയുടെ ശിഷ്യനായി പ്രവർത്തിക്കുന്ന കാലം, പത്തനാപുരത്തിനു കിഴക്ക് പൂങ്കൊളഞ്ഞി എന്ന സ്ഥലത്ത് അദ്ദേഹത്തെയും കോളാകോട്ട് മത്തായി ഉപദേശിയേയും ചിലർ യോഗത്തിനു ക്ഷണിച്ചു. പോകാൻനേരം യാത്രാക്കൂലി കൈവശമില്ല. അതുകൊണ്ട് വെളുപ്പിനു 5 മണിയോടു കൂടെ അവർ റാന്നിയിൽ നിന്ന് എഴുന്നേറ്റു നടന്നുതുടങ്ങി. യാത്രയിൽ ദാഹിച്ചപ്പോൾ പല കിണറുകളിൽ നിന്നും വെള്ളം കോരികുടിച്ച് കോന്നി കഴിഞ്ഞ്, മുറിഞ്ഞകല്ലുവരെയെത്തി. ഇനിയൊരു ചുവടുപോലും നടക്കാൻ വയ്യ എന്ന നിലയിലായി. കഠിനമായ വിശപ്പ്! അടുത്തുള്ള അടച്ചിട്ടിരുന്ന ഒരു കടത്തിണ്ണയിൽ അവർ കയറിക്കിടന്നു. അപ്പോൾ ജോർജ്ജ് വർഗീസ് ഒരു അശരീരികേട്ടു, "ഞാൻ ഏലിയാവിന്റെ ദൈവമാണ്. ഞാൻ നിങ്ങളെ പോറ്റും".*

*ദൈവശബ്ദം കേട്ടതിലുള്ള വിശ്വാസത്തോടും ധൈര്യത്തോടും കൂടെ അവർ വീണ്ടുമെഴുന്നേറ്റ് നടക്കുവാൻ തുടങ്ങി. അപ്പോൾ യോഗത്തിനു ക്ഷണിച്ചയാൾ എതിരേറ്റുവരുന്നു. അയാൾ ഒരു പൊതി അവരെ ഏൽപ്പിച്ചു. തിരുവോണ ദിവസമായിരുന്നതിനാൽ അന്ന് സാധാരണയിൽ കൂടുതൽ അരിയിട്ടെന്നും, ഭക്ഷണത്തിനിരുന്നപ്പോൾ ദൈവദാസൻമാർ വിശന്നുവരികയാണ് എത്രയും വേഗം അവർക്ക് ആഹാരം കൊണ്ടുകൊടുക്കണമെന്നും ഒരു നിർബന്ധ ശബ്ദം ഉണ്ടാ*

യെന്നും അയാൾ പറഞ്ഞു. അതിൻ പ്രകാരമാണത്രേ, അയാൾ ഭക്ഷണ പൊതിയുമായി വന്നത്.

1922 ആഗസ്റ്റ് 1 നു റാന്നി ഏഴോലിൽ കൊമ്പൻകുഴി ചാക്കോയുടെ മകനായി ജനിച്ചു. 1941 നവംബർ 6നു രക്ഷിക്കപ്പെട്ടു. പിന്നീടു സാധു കൊച്ചുകുഞ്ഞുപദേശിയുടെ ശിക്ഷ്യനായി അദ്ദേഹത്തോടൊപ്പം മരണം വരെ ചില വർഷങ്ങൾ പ്രവർത്തിച്ചു. തിരുവല്ലായിലെ കൊമ്പാടി ബൈബിൾ സ്കൂളിൽ വൈദീക പഠനം നടത്തി. മാർത്തോമ്മാ സഭയിലെ ഒരു സുവിശേഷകനായി രിക്കുമ്പോൾ തന്നെ 1945 മാർച്ച് 24 നു കനകപ്പലം മാർത്തോമ്മാ പള്ളിയിൽവച്ച് ആത്മസ്നാനം പ്രാപിച്ചു. പിറ്റേവർഷം പാസ്റ്റർ കെ.ഇ. ഏബ്രഹാമിന്റെ കൈക്കീഴിൽ സ്നാനമേറ്റു.

വിശ്വാസജീവതത്തിന്റെ ആദ്യ വർഷങ്ങളിൽ പാസ്ററർ ജോർജ്ജ് വർഗീസ് വളരെയേറെ പരിശോധനകളിലൂടെ കടന്നുപോയി സ്നാനപെട്ടതിന്റെ പേരിൽ അദ്ദേഹത്തിനു വീടുവിട്ടിറങ്ങേണ്ടിവന്നു. മുടി വെട്ടിക്കുവാൻ പോലും പണമില്ലാതെ വിഷമിച്ചു. എന്നാൽ ശുശ്രൂഷയിൽ അദ്ദേഹം മേൽക്കുമേൽ വളർന്നുവന്നു.

ആദ്യസമയം, പാസ്റ്റർ എം.വി. ചാക്കോ (മുണ്ടിയപ്പള്ളി ചാക്കോച്ചൻ) യുമൊന്നിച്ച് നാരകത്താനയിൽ പാസ്ററർ വർഗീസ് താമസിച്ചു പ്രവർത്തിച്ചു. പിന്നീട് ഭക്തൻകുട്ടിയച്ചന്റെ അപേക്ഷയനുസരിച്ച് കല്ലിശ്ശേരിയിൽ ഒരു മാസത്തിലധികം താമസിച്ച് ഉണർവ്വു യോഗങ്ങൾ നടത്തി. ഇതേ വർഷം അദ്ദേഹം ഹെബ്രോൻ ബൈബിൾ സ്കൂളിൽ ചേർന്നു പഠിച്ചു.

കങ്ങഴയിലാണ് പാസ്റ്റർ ജോർജ്ജ് വർഗീസ് ആദ്യമായി സഭാശുശ്രൂഷ ഏറ്റെടുക്കുന്നത്. പിന്നീട് മദ്ധ്യതിരുവിതാംകൂറിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ച പാസ്ററർ വർഗീസ് ഒടുവിൽ മല്ലപ്പള്ളിയിൽ താമസിച്ചുകൊണ്ട് സെന്ററിന്റെ ശുശ്രൂഷകൾക്ക് നേതൃത്വം കൊടുത്തു. ഐ.പി.സി. വൈസ് പ്രസിഡണ്ട്, ആക്ടിംഗ് പ്രസിഡണ്ട്, ജനറൽ സെക്രട്ടറി എന്നീ നലകളിലൊക്കെ പ്രവർത്തിച്ചിട്ടുള്ള പാസ്റ്റർ വർഗീസ് 1975-ൽ മല്ലപ്പള്ളിയിൽ സീയോൻ ബൈബിൾ ഇൻസ്ററിറ്റ്യൂട്ട് സ്ഥാപിച്ചു. 'സ്വർഗ്ഗീയധ്വനി' ദ്വൈവാരികയും പാസ്റ്റർ ജോർജ്ജ് വർഗീസ് ആരംഭിച്ചതാണ്. 1989 ഡിസംബർ 15നു നിത്യവിശ്രമത്തിൽ പ്രവേശിച്ചു.

10


# മലബാർ 1950-നുശേഷം

**കേ**രളത്തിന്റെ ഭൂപടം ശ്രദ്ധിച്ചാൽ അതിന്റെ ഏകദേശം മദ്ധ്യഭാഗത്ത് സ്ഥിതി ചെയ്യുന്നത് തൃശ്ശൂർ ജില്ലയാണ് എന്നു വ്യക്തമാകും. അതിനു വടക്കോട്ട് മലപ്പുറം, പാലക്കാട്, കോഴിക്കോട്, വയനാട് കണ്ണൂർ, കാസർഗോഡ് എന്നിങ്ങനെ ആറ് ജില്ലകൾ കൂടെയുണ്ട്. ഈ ഭൂവിഭാഗത്തെയാണ് പൊതുവെ മലബാർ എന്ന് വിളിച്ചുവരുന്നത്. തെക്കരുടെ മനസ്സിൽ കേരളത്തിനു വടക്കെവിടെയോ ഉള്ള ചെറിയ സ്ഥലം എന്ന ധാരണയെ ഉള്ളുവെങ്കിലും മലബാർ കേരളത്തിന്റെ പകുതിയോളം വരുന്ന ഒരു ഭൂവിഭാഗമാണ്.

ചരിത്രത്തെളിവുകളെ വേഗം വിശ്വസിക്കാമെങ്കിൽ കേരളത്തിന്റെ തെക്കൻ പ്രദേശങ്ങളായ തിരുവിതാംകൂറിലും കൊച്ചിയിലും ക്രിസ്താബ്ദത്തിന്റെ ആദ്യ ശതകങ്ങൾ മുതൽ ക്രിസ്ത്യാനിത്വത്തിന്റെ സാന്നിധ്യമുണ്ടായിരുന്നു. തോമസ് അപ്പൊസ്തലൻ സഭ സ്ഥാപിച്ച ഐതിഹ്യത്തിലെ സ്ഥലങ്ങൾപോലും തിരുവിതാംകൂർ, കൊച്ചി, രാജ്യങ്ങളിലായാണ് പടർന്നുകിടക്കുന്നത്. മലബാർ അപ്പോഴും അവഗണിക്കപ്പെട്ടുതന്നെ കിടന്നു. പതിനെട്ടു നൂറ്റാണ്ടുകൾ ഈ നിലതുടർന്നു.

19-ാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ എൽ. എം. എസ്. മിഷനറിമാർ തെക്കൻ തിരുവിതാംകൂറിലും സി.എം.എസ് മിഷനറിമാർ മദ്ധ്യതിരുവിതാംകൂറിലും ബാസൽ മിഷനറിമാർ മലബാറിലും വന്ന് പ്രേഷിതവൃത്തി ആരംഭിച്ചതോടെയാണ് കേരളക്കരയിൽ നവീകരണത്തിന്റെയും മിഷനറിപ്രവർത്തനത്തിന്റെയും സുവർണ്ണ കാലഘട്ടം ഉദയം ചെയ്യുന്നത്. ഇതിൽത്തന്നെ മദ്ധ്യതിരുവിതാംകൂറിൽ സുറിയാനി സഭകളുടെ സാന്നിദ്ധ്യമുണ്ടായിരുന്നത് സി.എം.എസ്. മിഷനറിമാരുടെ പ്രവർത്തനം കൂടുതൽ എളുപ്പമുള്ളതാക്കിത്തീർത്തു. തെക്കൻ തിരുവിതാംകൂറിൽ എൽ.എം.എസ്. പ്രവർത്തകർ

### *പാസ്റ്റർ എ.ഐ.ജോസഫ്*



*മൂവാറ്റുപുഴ സ്വദേശിയായ എളാമറ്റത്ത് എ.ഐ.ജോസഫ് 1942-ൽ തൃശ്ശൂർ കൂട്ടാല യിൽ താമസമാക്കി. തുടർന്ന് അവിടെയെത്തിയ പാസ്റ്റർ റ്റി. പി. പോളുമായി ചേർന്ന് തൃശ്ശൂരിന്റെ കിഴക്കു ഭാഗങ്ങളിൽ പെന്തെക്കോസ്തു പ്രവർത്തനത്തിനു സജീവ നേതൃത്വം കൊടുത്തു. 1979-ൽ പാസ്റ്റർ റ്റി. പി. പോളിന്റെ നിര്യാണത്തെത്തുടർന്ന് ഐ.പി.സി. തൃശ്ശൂർ സെന്റർ ശുശ്രൂഷകനായി നിയമിതനായി.*

അക്രൈസ്തവരുടെയിടയിലെ പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകിയെങ്കിൽ പോലും ചില നൂറ്റാണ്ടുകൾ പഴക്കമുള്ള ലത്തീൻസഭകൾ ആ പ്രദേശങ്ങളിലുണ്ടായിരുന്നുവെന്നത് അവർക്ക് ആശ്വാസമായി. എന്നാൽ മദ്ധ്യതിരുവിതാംകൂറിലെ മിഷൻ പ്രവർത്തകരിൽ നിന്ന് വളരെ വ്യത്യസ്ഥമായ അനുഭവങ്ങൾ മലബാറിലെ ബാസൽ മിഷൻ പ്രവർത്തകർക്കുണ്ടായി. എൽ. എം. എസ്., സി. എം.എസ്. മിഷനറിമാർ തദ്ദേശീയരുടെയിടയിൽ ഏറെ ആദരിക്കപ്പെട്ടുവെങ്കിൽ ബാസൽ മിഷനറിമാർ അവരുടെ പ്രവർത്തനത്തിന്റെ ആദ്യ ഘട്ടങ്ങളിൽ പലപ്പോഴും അപമാനിക്കപ്പെടുകയും ഉപദ്രവിക്കപ്പെടുകയും ചെയ്തു. ബാസൽ മിഷന്റെ ആദ്യ പ്രവർത്തനങ്ങൾ വിവരിക്കുന്ന മലയാള ബാസൽ മിഷ്യൻ സഭയുടെ ചരിത്ര സംക്ഷേപം എന്ന പുസ്തകത്തിൽ, അവർ സഹിക്കേണ്ടിവന്ന പീഡനകളെക്കുറിച്ചുള്ള സൂചനകളുണ്ട്.

‘‘ദൈവരാജ്യവ്യാപനത്തിനായി ഹേബ്ബിക്കച്ചൻ ഹിന്ദുക്ഷേത്രങ്ങളിലും ഉത്സവങ്ങളിലും പ്രവർത്തിച്ചതെങ്ങനെയായിരുന്നെന്നു പറയാം. ആദ്യകാലങ്ങളിൽ നമ്മുടെ രാജ്യത്തു സുവിശേഷം പ്രസംഗിക്കുകയെന്നത് വളരെ പ്രയാസമായ കാര്യമായിരുന്നു. സ്വജാതീയരും, കുടുംബങ്ങളും, ക്രിസ്ത്യാനികൾ ആയി തീരുന്നു എന്നുകണ്ടപ്പോൾ ക്രിസ്തുമാർഗ്ഗത്തോടും പ്രാസംഗികൻമാരോടും സഹിപ്പാൻ കഴിയാത്ത വൈരാഗ്യവും കോപവുമാണ് അക്രൈസ്തവർക്കുണ്ടായത്. അതിനാൽ അവർ പ്രാസംഗികൻമാരെ പല പ്രകാരത്തിൽ ഉപദ്രവിച്ചു. കല്ലും ചാണകവും വാരിഎറിയുക, പ്രദിക്ഷണത്തിനു കൊണ്ടുവന്ന ആനകളെ അവർക്കെതിരായി അയയ്ക്കുക, പരിഹസിക്കുക, അട്ടഹസിക്കുക മുതലായവയായിരുന്നു അവയിൽ ചിലത്. 1845 ഫെബ്രുവരി 16നു പയ്യാവൂരുത്സവത്തിനു സായ്പും സുവിശേഷകൻമാരും പ്രസംഗിക്കുമ്പോൾ മത്തനാനയെ അവർക്കെതിരെ അയച്ചു. സായ്പ്, ആന അടുത്തെത്തിയപ്പോൾ ജർമ്മൻ ഭാഷയിൽ എന്തോ പറഞ്ഞു. ആന പിന്തിരിഞ്ഞോടിപ്പോയി. ഈ സംഭവത്താലും, പ്രാസംഗികൻമാർ സഹിഷ്ണതയോടെ പരിഹാസവും ഉപദ്രവവും സഹിക്കുന്നു എന്നു കണ്ടതിനാലും ക്രിസ്ത്യാനികൾ വിശ്വസിക്കുന്ന ദൈവം തന്നെയാണ് സത്യദൈവം എന്ന് അക്രൈസ്തവർ സാക്ഷ്യം പറവാൻ സംഗതിയായി.’’ (മലയാള ബാസൽ മിഷ്യൻ സഭയുടെ ചരിത്രസംക്ഷേപം, പേജ് 57,58)

എൽ.എം.എസ്., സി.എം.എസ്., പ്രവർത്തകർ അന്ന് ഭരണവർഗ്ഗമായിരുന്ന ബ്രിട്ടീഷ് വംശജരായിരുന്നതിനാൽ സർക്കാർതലത്തിൽ അവർക്ക് പല ആനുകൂല്യങ്ങളും ലഭിച്ചിരുന്നു. ബാസൽ മിഷൻ പ്രവർത്തകർ ജർമ്മൻ വംശജരായിരുന്നതിനാൽ ഈ ആനുകൂല്യങ്ങളൊന്നും അവർക്ക് ലഭ്യമായിരുന്നില്ല. എന്നിട്ടും പതറാതെനിന്ന് ക്രിസ്തുവിനു വേണ്ടി പോരാടി. കുറെയേറെപ്പേരെ ക്രിസ്തുമതാനുസാരികളാക്കാൻ അവർക്ക് കഴിഞ്ഞു എന്നത് വാസ്തവം തന്നെ. എന്നാൽ ബാസൽ മിഷൻ പ്രവർത്തനങ്ങളും പരിപൂർണ്ണവിജയത്തിലെത്തിയെന്നു പറയാനാവില്ല. കാസർഗോഡു നിന്നിറങ്ങുന്ന 'സ്റ്റ്യു വെഡ്' മാസികയുടെ ഒരു പഠനം ശ്രദ്ധിക്കുക.

"എന്നാൽ ദുഃഖകരമെന്നു പറയട്ടെ പത്തൊൻപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ബാസൽ മിഷൻ പ്രവർത്തനം തുടങ്ങിയതൊഴിച്ചാൽ മിഷനറി പ്രവർത്തനങ്ങളിലോ നവീകരണ പ്രക്രിയയിലോ മലബാർ ഭാഗത്ത് കാര്യമായൊന്നും നടന്നിട്ടില്ലെന്നതാണ് സത്യം. ബാസൽ മിഷന്റെ പ്രവർത്തനങ്ങളിൽ ഹെർമ്മൻ ഗുണ്ടർട്ടിന്റെ മലയാള ബൈബിൾ പരിഭാഷയും പ്രസിദ്ധീകരണവും എടുത്തു പറയത്തക്ക ഒരു നേട്ടമായി കണക്കാക്കാം. എങ്കിലും പൊതുവെ യാതൊരു സുവിശേഷ വെളിച്ചവും ഏശിയിട്ടില്ലാത്ത മലബാറിൽ വ്യാപകമായി ഫലങ്ങൾ ഉളവാക്കുവാൻ മിഷനു കഴിഞ്ഞില്ല. മാത്രമല്ല തിരുവിതാംകൂറിലെ ക്രിസ്ത്യാനികളുടെ ഇടയിൽ മാറിമാറി വന്നുകൊണ്ടിരുന്ന നവീകരണ തരംഗങ്ങൾക്ക് മലബാറിൽ യാതൊരു പ്രതികരണവും ഉളവാക്കുവാനും സാധിക്കാതെ പോയി. ഗതകാല മിഷനറി പ്രവർത്തനങ്ങളുടെ സ്മാരകങ്ങളായി മാത്രമേ ഇപ്പോഴുള്ള സഭകളെ കാണുവാൻ കഴിയുകയുള്ളു.

ചുരുക്കത്തിൽ കാടുവെട്ടുക, നിലം ഒരുക്കുക, വിതയ്ക്കുക, നനയ്ക്കുക, വളർത്തുക, ഫലമെടുക്കുക ഇത്യാദി എല്ലാ ശുശ്രൂഷകളും ഇനിയും ചെയ്യേണ്ടിയിരിക്കുന്ന വിശാലമായ കൃഷിഭൂമിയാണ് മലബാർ. കേരളത്തിന്റെ പകുതിയോളം വരുന്ന വിശാലമായ ഭൂവിഭാഗത്തിൽ പ്രവർത്തിക്കുവാൻ ഇനിയും വിദേശമിഷനറിമാരെ നാം നോക്കേണ്ടതില്ല. തെക്കൻ കേരളത്തിലെ ഉണർത്തപ്പെട്ട ദൈവ മക്കളുടെ പ്രഥമ കർത്തവ്യമത്രെ ഇത്. എന്നാൽ ആത്മഭാരവും ദർശനവുമുള്ള അനേകരും വടക്കെ ഇന്ത്യയിലേക്കും, ഇന്ത്യയ്ക്കു പുറത്തുള്ള രാജ്യങ്ങളിലേക്കും മാത്രം തങ്ങളുടെ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് തികച്ചും സങ്കടകരമാണ്. യരുശലേമിലും യഹൂദയിൽ എല്ലായിടത്തും കഴിഞ്ഞിട്ട് ശമര്യായിലും ഭൂമിയുടെ അറ്റത്തോളവും സാക്ഷികളാകും എന്നുള്ള നാഥന്റെ നിർദ്ദേശം നാം പലപ്പോഴും വിസ്മരിച്ചുപോകുന്നു.?

രണ്ടായിരമാണ്ടുകൾക്കു മുമ്പു സുവിശേഷം എത്തിയെന്നഭിമാനിക്കുന്ന നമ്മെ സംബന്ധിച്ച്, നമ്മുടെ നാടിന്റെ പകുതിയോളം ഇന്നും സുവിശേഷീകരിക്കാതെ കിടക്കുന്നു എന്നത് ലജ്ജാകരമാണ്. സമയം വളരെ വൈകിയിരിക്കുന്ന ഈ നാളുകളിൽ യഥാർത്ഥമായ ദർശനത്തോടും സമ്പൂർണ്ണ സമർപ്പണത്തോടും ഈ ദൗത്യനിർവ്വഹണത്തിനായി നമുക്ക് ഒരുങ്ങാം.

ഇത്രയും പറഞ്ഞതിൽനിന്നും മലബാറിലെ യാതൊരു മിഷനറി പ്രവർത്തനവും നവീകരണവും ഉണ്ടായിട്ടില്ലെന്നല്ല അർത്ഥമാക്കുന്നത്. വിവിധ സഭാവിഭാഗങ്ങളുടെയും സുവിശേഷ പ്രസ്ഥാനങ്ങളുടെയും പ്രവർത്തനങ്ങൾ അവിടവിടങ്ങളിലായി നടക്കുന്നുണ്ട്. എന്നാൽ മലബാ

റിനെ മൊത്തമായി കണ്ടുകൊണ്ട് വ്യാപകമായി ഒരുണർവ്വിനും സുവിശേഷീകരണത്തിനും ഉതകുന്ന ഒരു ചുവടുവയ്പ് അർത്ഥവത്തായി നാം ഇനിയും എടുക്കേണ്ടിയിരിക്കുന്നു ! അതിനുള്ള സമയമാണിത്!" (മലബാറിലെ പ്രവർത്തനം ഒരു അവലോകനം, 'സ്റ്റ്യുവെഡ്', വാല്യം 1 ലക്കം 4, ജനു. 1993)

### മലബാറിലെ കുടിയേറ്റക്കാർ


1930-കൾ മുതലേ മലബാറിലെ ചില സ്ഥലങ്ങളിൽ പെന്തെക്കോസ്തു പ്രവർത്തനം ആരംഭിച്ചിരുന്നു. എന്നാൽ അത് വേരുപിടിച്ചത് കോഴിക്കോട് പട്ടണത്തിൽ മാത്രമാണ്. പിന്നീട് മലബാറിലെ പെന്തെക്കോസ്തു പ്രവർത്തനങ്ങൾക്ക് കനം വയ്ക്കുന്നത് തിരുവിതാംകൂറിൽ നിന്നുള്ള കുടിയേററക്കാരുടെ ആഗമനത്തോടെയാണ്.

1940കളുടെ അവസാനമാണ് മലബാർ കുടിയേറ്റം ആരംഭിക്കുന്നത്. രണ്ടാം ലോകമഹായുദ്ധം വരുത്തിവെച്ച സാമ്പത്തിക തകർച്ചയിൽ ഞെരിഞ്ഞമർന്നിരുന്ന സുറിയാനി ക്രിസ്ത്യാനികൾക്ക് ഒരു വാഗ്ദത്തനാടുതന്നെയായിരുന്നു മലബാർ.

കാസർഗോഡ് ജില്ലയിലെ പാണത്തൂരും കണ്ണൂർ ജില്ലയിലെ ഇരിട്ടിയിലും കോഴിക്കോട് ജില്ലയിലെ മീൻമുട്ടിയിലും വയനാട്ടിലെ കല്പറ്റയിലുമെല്ലാം സുറിയാനി ക്രൈസ്തവർ കൂട്ടത്തോടെ ചേക്കറിയെങ്കിലും മുസ്ലീം ഭൂരിപക്ഷമുള്ള മലപ്പുറം ജില്ലയാണ് മലബാറിലെ ഏറ്റവും വലിയ കുടിയേറ്റ കേന്ദ്രം. ജില്ലയിൽ തന്നെ ഏറനാട് താലൂക്ക്, അതിൽ തന്നെ നിലമ്പൂർ.

മലബാറിലെ ഏറ്റവും കൂടുതൽ കുടിയേറ്റകേന്ദ്രങ്ങൾ സൃഷ്ടിച്ചിരിക്കുന്നത് കത്തോലിക്ക സഭയാണ്. ക്രമീകൃതമായ ഈ കുടിയേറ്റ കേന്ദ്രങ്ങളോട് അനുബ

***എം.സി. ജോർജ് ശാസ്ത്രി***



*ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭ തിരുവനന്തപുരം സൗത്ത് ഡിസ്ട്രിക്ട് ശുശ്രൂഷകനായ പാസ്റ്റർ ജോർജ് ശാസ്ത്രി 1923-ൽ കൊട്ടാരക്കല തേവലപ്പുറത്ത് ജനിച്ചു. കുമ്പനാട് ഹെബ്രോൻ ബൈബിൾ സ്കൂളിലെ പഠനാനന്തരം സുവിശേഷവേലയിൽ പ്രവേശിച്ച അദ്ദേഹം കുറെക്കാലം കന്യാകുമാരി ജില്ലയിലെ കുലശേഖരത്ത് താമസിച്ചു പ്രവർത്തിച്ചതു കൂടാതെ മധുര, തൃശ്ശിനാപ്പള്ളി, തിരുനെൽവേലി മുതലായ സ്ഥലങ്ങളിലും ക്രിസ്തുവിന്റെ സാക്ഷിയായി. 1950കളിൽ തമിഴ്നാട്ടിലെ നാടോടി (ജിപ്സി) കൾക്കിടയിലും പെന്തെക്കോസ്തു സന്ദേശവുമായി ചെന്നു. ജീവവചനം റേഡിയോ പ്രക്ഷേപണം ദീർഘകാലമായി നടത്തിവന്ന ഇദ്ദേഹം കാൽ ശതാബ്ദത്തോളം തെക്കൻ ജില്ലകളിൽ ശുശ്രൂഷിച്ചു. 'പ്രത്യാശാദൂതൻ' മാസികയുടെ പത്രാധിപരായിരുന്നു. പല ആഫ്രിക്കൻ രാജ്യങ്ങളിലും ഇദ്ദേഹത്തിന്റെ യോഗങ്ങൾ സ്ഥിരമായി നടന്നിരുന്നു. ഹോർഡിംഗുകളിലൂടെ സുവിശേഷ മറിയിക്കുന്ന "സൈൻ ബോർഡ്" ഇവാഞ്ചലിസം എന്ന പ്രവർത്തനവും നടത്തിയിരുന്നു. ദൈവസന്നിധിയിൽ വിശ്രമിക്കുന്നു.*

### *പാസ്റ്റർ കെ. എം. തോമസ് (കരുവാറ്റ തോമാച്ചൻ)*

*ആയിരത്തി തൊള്ളായിരത്തി നാല്പതു കളിലാണ് പെന്തെക്കോസ്ത് സത്യം കരുവാറ്റ യിൽ ആദ്യമായി എത്തിയത്. അതിനായി ദൈവം ഉപയോഗിച്ച ദൈവദാസൻമാർ ഒ.ജെ ജോസഫ്, നിരണം കുട്ടിയച്ചൻ തുടങ്ങിയ വരാണ്. അവരുടെ പ്രവർത്തനഫലമായി കരുവാറ്റയിൽ നിന്ന് പെന്തെക്കോസ്തു വിശ്വാസത്തിനായി ഇറങ്ങിത്തിരിച്ച ആദ്യവ്യക്തികളിലൊരാൾ പാസ്റ്റർ കെ. എം. തോമസ് ആണ്. സ്വഭവനം അദ്ദേഹം സുവിശേഷ പ്രവർത്തന ങ്ങൾക്കായി തുറന്നുകൊടുത്തു. കുറച്ചു നാളുകൾ ക്കുശേഷം താൻ സുവിശേഷ വേലയ്ക്കായി ഇറങ്ങുകയും ഐ.പി.സി.യോടുള്ള ബന്ധ ത്തിൽ തട്ടാരമ്പലം, നിരണം, പുന്നയ്ക്കാട്, വടശ്ശേരിക്കര, സീതത്തോട്, മുണ്ടൻപാറ എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുകയും ചെയ്തു. 1990 ആഗസ്റ്റ് 29നു കർത്തൃ സന്നിധിയിലേക്കു ചേർക്കപ്പെട്ടു.*

സ്ഥിച്ച് സ്കൂളുകൾ, ആശുപത്രികൾ, പള്ളികൾ തുടങ്ങിയ സൗകര്യങ്ങളും സഭ ഉണ്ടാക്കികൊടുത്തിട്ടുണ്ട്. എന്നാൽ അങ്ങ നെയൊരു ക്രമീകൃത സാമൂഹ്യമുന്നേറ്റം പെന്തെക്കോസ്തു സഭകളിൽ നിന്ന് പ്രതീക്ഷിക്കേണ്ടതില്ലല്ലോ.

നാട്ടിൽ നിന്ന് പെന്തെക്കോസ്ത് അനുഭവം പ്രാപിച്ചതിനുശേഷം മറ്റുള്ള വരോടൊപ്പം കുടിയേറിയ ചില പെന്തെ ക്കോസ്തു കുടുംബങ്ങളാണ് മിക്കയിട ങ്ങളിലും സഭയ്ക്ക് അടിസ്ഥാനക്കല്ലു കളായത്. ആദ്യമൊക്കെ അവർക്ക് ആരാ ധനയ്ക്കോ കൂട്ടായ്മകൾക്കോ അവസര മുണ്ടായിരുന്നില്ല. വർഷത്തിലൊരിക്കൽ നാട്ടിൽ വരികയും കൺവൻഷനുകളിലും മറ്റും പങ്കെടുത്ത് ആത്മീയ സന്തോഷം പ്രാപിച്ച് മടങ്ങിപ്പോവുകയുമായിരുന്നു അന്നത്തെ പതിവ്. ചിലരൊക്കെ മാർത്തോമ്മാ, സി.എസ്.ഐ. സഭകളിൽ കൂട്ടായ്മ ആചരിച്ചു. കൂടുതൽ യാഥാ സ്ഥിതകരായവർ സ്വഭവനങ്ങളിൽ കുടും ബാംഗങ്ങളൊന്നിച്ച് ആരാധനകൂടി.

പെന്തെക്കോസ്തരായ കൂടുതൽ കുടിയേറ്റക്കാർ എത്തി തുടങ്ങുകയും സമുദായസ്ഥരായ പലരും പെന്തെക്കോ സ്തു മാർഗ്ഗം സ്വീകരിച്ചുതുടങ്ങുകയും ചെയ്തതോടെ കുടിയേറ്റക്കാരെ ലക്ഷ്യം വച്ച് നാട്ടിൽ നിന്ന് സുവിശേഷപ്രവർ ത്തകരും മലബാറിലെത്തി. അതോടെ കുടിയേറ്റകേന്ദ്രങ്ങളിൽ പെന്തെക്കോസ്തു പ്രവർത്തനം സജീവമായി.

**സമീപകാലത്തെ സുവിശേഷീകരണ ശ്രമങ്ങൾ**

കുടുയേറ്റക്കാർ മറ്റെല്ലാകാര്യങ്ങ ളിലും തദ്ദേശീയരുമായി ഇടപഴകിയെ ങ്കിലും വിശ്വാസം തങ്ങളുടെ സ്വകാര്യ സ്വത്തായി സംരക്ഷിച്ചു. സുറിയാനി ക്രിസ്ത്യാനികളുടെ സംസ്ക്കാരത്തിനു പോലും വിട്ടുവീഴ്ച ചെയ്യാൻ ഒരു ക്രിസ്തീയവിഭാഗവും തയ്യാറായില്ല. പെന്തെക്കോസ്തരും ആ പാരമ്പര്യം തുടർന്നു. നാട്ടിൽനിന്നു വന്ന സുവി ശേഷകർ കുടിയേറ്റക്കാരുടെയിടയിൽ മാത്രം പ്രവർത്തിച്ചു. മറ്റുള്ളവരെയെല്ലാം വളരെ അകലത്തിൽ നിർത്തുവാൻ പെന്തെക്കോസ്തർ ഉൾപ്പെടെയുള്ള എല്ലാ ക്രിസ്ത്യാനികളും ശ്രദ്ധിച്ചു.

നാട്ടിൽ പെന്തെക്കോസ്തു പ്രവർ ത്തനത്തിന്റെ ആദ്യകാലങ്ങളിൽ എതിർ പ്പുകൾ അനുഭവിച്ചവർക്ക് മലബാറിൽ അത്തരം അനുഭവങ്ങളൊന്നും ഉണ്ടാ യില്ല. ഒന്നാമത് സ്വദേശീയർ സംഘടിത രോ, മതഭ്രാന്തന്മാരോ ആയിരുന്നില്ല. തന്നെയുമല്ല. കുടയേറ്റക്കാർ ആ നാട്ടു കാരെ സഭയിലെടുക്കുവാനോ, മറ്റു പ്രശ്നങ്ങളുണ്ടാക്കാനോ മുതിർന്നില്ല.

നിലനിൽപ്പിനുവേണ്ടി ഓടിപ്പോന്ന ഒരു സമൂഹത്തിന് സാമ്പത്തിക സുരക്ഷിതത്വം ഒന്നാം പ്രമാണമായപ്പോൾ മറുനാട്ടുകാരുടെ വിശ്വാസങ്ങളെയും ആചാരങ്ങളെയും എതിർക്കുവാനുള്ള സമയം കണ്ടെത്താനായില്ല. കാലങ്ങൾക്കു ശേഷം തദ്ദേശവാസികളുടെ ഇടയിലേക്ക് സുവിശേഷപ്രവർത്തനം വ്യാപിപ്പിക്കുവാൻ പരിശ്രമിച്ചപ്പോൾ മാത്രമാണ് അൽപമെങ്കിലും പീഡനം സഭയ്ക്കുണ്ടാകുന്നത്. അതും നാമമാത്രമായ് മാത്രം.

ഇന്നിപ്പോൾ മലബാർ പ്രദേശങ്ങളിൽ 350ലേറെ സഭകളുണ്ട്. അവയിൽ 300 ലേറെയും തദ്ദേശീയനായ ഒരു സഭാംഗം പോലുമില്ലാത്ത സഭകളാണെന്നു പറയുമ്പോൾ മലബാർ എത്രത്തോളം സുവിശേഷരഹിതമാണെന്ന് മനസ്സിലാക്കാനേയുള്ളു. കുടിയേറ്റ മേഖലയിലെ സഭകളിൽ ചെന്നാൽ നമുക്കു കാണാനാവുന്നത് മല്ലപ്പള്ളിക്കാരനെയും കങ്ങഴക്കാരനേയും റാന്നിക്കാരനെയും പാമ്പാടിക്കാരനെയും ഒക്കെമാത്രമാണ്. മലബാറിലെ മുഴുവൻ സഭകളിലുംകൂടെ തദ്ദേശീയരായ 500–ൽ താഴെയംഗങ്ങളെയേ കാണാനിടയുള്ളു. മലബാറിന്റെ ജനസംഖ്യ ഒരു കോടിയിലേറെയാണ് എന്നതും നാം ഇത്തരുണത്തിൽ ഓർക്കുക.

ഇതു പറയുമ്പോൾ തന്നെ മദ്ധ്യതിരുവിതാംകൂർ പ്രവർത്തകരിൽ നിന്നും വ്യത്യസ്തമായി മലബാറിലെ കുടിയേറ്റ സുവിശേഷ പ്രവർത്തകർ നേരിടേണ്ടി വരുന്ന പ്രശ്നങ്ങളെക്കുറിച്ചും നാം ബോദ്ധ്യമുള്ളവരായിരിക്കണം. തീർത്തും വ്യത്യസ്തമായ ഒരു സംസ്ക്കാരത്തിൽ പെട്ട ജനങ്ങളോടാണ് അവർക്ക് ഇടപെടേണ്ടി വരുന്നത്. ഫലപ്രദമായ രീതിയിൽ ആ ജനതയോട് സുവിശേഷമറിയിക്കുവാനുള്ള പരിശീലനമൊന്നും അവർക്ക് ലഭിച്ചിട്ടില്ല. അതിനുള്ള പരിശീലന പദ്ധതിയൊന്നും സഭയ്ക്കൊട്ടില്ലാതാനും.

മലബാറിലെ സാധാരണക്കാരായ ജനങ്ങൾക്ക്– മുസ്ലീങ്ങൾക്കും, ഹിന്ദുക്കൾക്കും, ആദിവാസികൾക്കും പ്രാദേശികമായ ഓരോ സംസ്കാരമുണ്ട്. ആ സംസ്കാരത്തെ അറിയുകയും ആദരിക്കുകയും ചെയ്യാത്തവർക്ക് അവരുടെയിടയിലേക്കുള്ള പ്രവേശനം ഏതാണ്ട് അസാധ്യമാണ്.

മുൻകാലങ്ങളെ അപേക്ഷിച്ച് സഭകൾക്ക് സുവിശേഷീകരണ താൽപര്യം കൂടിയിട്ടുണ്ട് എന്നതും മറന്നുകൂടാ. കഴിഞ്ഞ പത്തു വർഷമായി കുടിയേറ്റ കേന്ദ്രങ്ങളിൽ നിന്നും വിട്ട് ഇതര ജാതിമതസ്ഥർ പാർക്കുന്ന പട്ടണങ്ങളിലേക്കും ഗ്രാമങ്ങളിലേക്കും ചെറിയ തോതിലെങ്കിലും പ്രവർത്തനം വ്യാപിച്ചിട്ടുണ്ട്. സുവിശേഷീകരണ പദ്ധതികളുടെ എണ്ണം കൂട്ടി, വേഗത കൂട്ടി, സമാഹരിക്കുന്ന, ചെലവഴിക്കുന്ന പണത്തിന്റെ അളവുകൂടി. എന്നാലിന്നും വ്യക്തമായ ലക്ഷ്യബോധത്തോടെ സമഗ്രമായ പദ്ധതി തയ്യറാക്കിയുള്ള പ്രവർത്തനങ്ങൾ വളരെ കുറവ് ! മുസ്ലീങ്ങളെയും ഹിന്ദുക്കളെയും കേന്ദ്രീകരിച്ചുള്ള പ്രവർത്തന പദ്ധതികൾ തുലോം വിരളം. കെ. കെ. അലവി എന്ന ലൂഥറൻ പാസ്ററർ മഞ്ചേരി കേന്ദ്രമാക്കി മുസ്ലീങ്ങൾക്കായി ചില പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. മുസ്ലീങ്ങളിൽ പലരും രഹസ്യക്രിസ്ത്യാനികളായിട്ടുണ്ടെന്നാണറിവ്. എന്നാൽ മതത്തെ നിഷേധിക്കുന്നവർക്കുള്ള ശിക്ഷാക്രമങ്ങൾ തങ്ങളുടെ വിശ്വാസം പ്രകടമാക്കുന്നതിൽ നിന്നു അവരെ പിന്തിരിപ്പിച്ചിരിക്കുന്നു. കണ്ണൂർ കേന്ദ്രമാക്കി ഹൈന്ദവരുടെ സുവിശേഷീകരണ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ‘ക്രിസ്താനുഗാമിസംഘ്’ ഒരു പെന്തെക്കോസ്തു സംഘടനയെല്ലെങ്കിലും പെന്തെക്കോസ്തരോടു ആഭിമുഖ്യം പുലർത്തുന്നവരാണ്.



***പാസ്റ്റർ റ്റി. സി. വർഗീസ്***
*കാസർഗോഡ് ജില്ലയിൽ അക്രൈസ്തവ മേഖലയിലെ ആദ്യശുശ്രൂഷകൻ*

---

കുടിയേറ്റ പ്രദേശങ്ങളെ ഒഴിച്ചു നിർത്തിയാൽ മലബാർ ഇന്നും സുവിശേഷ രഹിതമായിത്തന്നെ തുടരുകയാണ്. വല്ലപ്പോഴും ഒരിക്കൽ നടക്കുന്ന ക്രൂസേഡുകൾകൊണ്ടുമാത്രം എല്ലാമായി എന്നു ചിന്തിക്കുന്നത് മൗഢ്യമാണ്. ത്യാഗബോധത്തോടെ, മലബാറിന്റെ, ഹൃദയത്തിലേക്കിറങ്ങിച്ചെന്ന് നിലനിന്നു ഫലം കൊയ്യുക മാത്രമാണ് മലബാറിനെ നേടുവാനുള്ള ഏക മാർഗ്ഗം.

**കാസർഗോഡ് ജില്ല**

ദീർഘവർഷങ്ങളായി അങ്ങേയറ്റം അവഗണിക്കപ്പെട്ടുകിടന്ന കേരളത്തിന്റെ അതിർത്തിപ്രദേശമായ ഈ അവികസിത ദേശം 1984ലാണ് ജില്ലയായി പ്രഖ്യാപിക്കപ്പെടുന്നത്. വിവിധ ഭാഷകളുടെയും സംസ്കാരങ്ങളുടെ സംഗമഭൂമിയാണ് 'ദൈവങ്ങളുടെ നാട്' എന്നറിയപ്പെടുന്ന കാസർഗോഡ്. മലയാളം, കന്നട, തുളു, ഹിന്ദുസ്ഥാനി തുടങ്ങിയ ഭാഷകൾ ഇവിടെ ഉപയോഗിക്കപ്പെടുന്നു.

വിവിധ മതങ്ങളുടെ ആരാധനാലയങ്ങൾകൊണ്ട് നിറഞ്ഞുനിൽക്കുന്ന കാസർഗോഡ് ജില്ലയിൽ അവിടവിടെ ക്രിസ്തീയദേവാലയങ്ങളും ഇല്ലാതില്ല. പ്രധാന ടൗണുകളിലൊക്കെ കൊങ്കിണി–മലയാളം ഭാഷക്കാർക്കായുള്ള കത്തോലിക്ക ദേവാലയങ്ങളും കന്നട-മലയാള ഭാഷക്കാർക്കായുള്ള ബാസൽ മിഷൻ ആരാധനാലയങ്ങളും കുറഞ്ഞ അംഗങ്ങൾ മാത്രമുള്ള മാർത്തോമ്മാ, ഓർത്തഡോക്സ് ആരാധനാലയങ്ങളും ഉണ്ട്.

സുവിശേഷത്തിന്റെ തരിശു ഭൂമിയായ കാസർഗോഡിൽ പെന്തെക്കോസ്തു പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് 1960 കളിലാണ്. 60കളുടെ ആരംഭം മുതൽ തന്നെ പെന്തെക്കോസ്തരായ കുടിയേറ്റക്കാർ ജില്ലയിൽ എത്തിത്തുടങ്ങിയിരുന്നു. എന്നാൽ അവരിൽ പലരും കൂട്ടായ്മയ്ക്ക് ആളെ ലഭിക്കാതെ പിൻമാറ്റാവസ്ഥയിൽ കഴിയുകയായിരുന്നു. കുടിയേറ്റ കേന്ദ്രങ്ങളിൽ ചില പ്രാർത്ഥനാഗ്രൂപ്പുകളൊക്കെ സംഘടിപ്പിക്കപ്പെട്ടിരുന്നുവെങ്കിലും സ്ഥായിയായ നിലയിലുള്ള സഭാപ്രവർത്തനത്തിലേക്ക് അതൊന്നും വളർന്നില്ല. 1967 ഫെബ്രുവരിയിൽ പുനലൂർ ബെഥേൽ ബൈബിൾ കോളേജിൽ നിന്നും എച്ച്.എം.സി. യുടെ ഒരു ടീം എം.എസ്. മത്തായിയുടെ നേതൃത്വത്തിൽ കാസർഗോഡു ജില്ലയിലെ പ്രവർത്തനത്തിനെത്തി. ജില്ലയുടെ കിഴക്കൻ അതിർത്തിയിലുള്ള കുടിയേറ്റ പ്രദേശമായ പട്ടണങ്ങളിലാണ് ടീം പ്രവർത്തനം കേന്ദ്രീകരിച്ചത്. മലബാർ പ്രിസ്ബിററർ എന്ന നിലയിൽ പാസ്റ്റർ വി.ജെ. സാമുവലും പ്രവർത്തനത്തിൽ സഹകരിച്ചു. ഒരു മാസത്തെ പ്രവർത്തനത്തിനു ശേഷം ടീം മടങ്ങിപ്പോയി.

1967 മാർച്ചിൽ പാസ്റ്റർ ടി.സി. വർഗീസ് കാഞ്ഞങ്ങാട്ട് സുവിശേഷപ്രവർത്തനത്തിനായെത്തി. ആദ്യം അദ്ദേഹം 'കാഞ്ഞങ്ങാട്ടെ അമ്മച്ചി' എന്ന പേരിൽ അറിയപ്പെടുന്ന ഏലിക്കുട്ടി താവു എന്ന മാതാവിന്റെ വീട്ടിൽ ചില മാസങ്ങൾ താമ

സിച്ചു. മെയ്മാസത്തിൽ വാടകയ്ക്കൊരു വീടു കിട്ടിയപ്പോൾ താമസം അവിടേക്കു മാറ്റി.

പാണത്തൂരിലെ അസംബ്ലീസ് ഓഫ് ഗോഡിന്റെ ശരിയായ രൂപീകരണം നടന്നത് ടി. സി. വർഗീസ് ശുശ്രൂഷകനായെത്തിയതോടെയാണ്.1967 ജൂലൈ 9ന് അവിടെ സഭാരാധന ആരംഭിച്ചു. മുപ്പതോളം ആളുകൾ പെന്തെക്കോസ്തു വിശ്വാസം സ്വീകരിച്ച് സഭാവിശ്വാസികളായി. ആയിടെ ബൈബിൾ സ്കൂൾ പഠനം കഴിഞ്ഞ് എം.റ്റി. ഐപ്പ് അവിടെ ശുശ്രൂഷകനായെത്തി. പാസ്റ്റർ വർഗീസ് കാഞ്ഞങ്ങാട് ടൗണിലേക്ക് മാറി പ്രവർത്തനം തുടർന്നു.

കാഞ്ഞങ്ങാട്ടെ പ്രവർത്തന ചരിത്രത്തിൽ പ്രത്യേകം ഓർക്കേണ്ട പേരാണ് ഏലിക്കുട്ടി താവുവിന്റേത്. തൃശ്ശൂർ നെല്ലിക്കുന്നത്തുനിന്ന് കുടിയേറിപാർത്ത ആ മാതാവാണ് ജില്ലയിലെ കുടിയേറ്റക്കാരിൽ ആദ്യമെത്തുന്ന പെന്തെക്കോസ്തു വിശ്വാസി എന്നാണ് തെളിവുകൾ. ജില്ലയിലെ എല്ലാ പെന്തെക്കോസ്തു പ്രവർത്തനങ്ങൾക്കും ആവശ്യമായ പ്രോത്സാഹനം നൽകിയ മഹതിയാണവർ. ടി.സി. വർഗീസിനുശേഷം കാഞ്ഞങ്ങാട്ടെ പ്രവർത്തനങ്ങൾ ശുഷ്ക്കിച്ചുപോയപ്പോഴും ഏലിക്കുട്ടിതാവു വിശ്വാസം വിട്ടുകളയാതെ പിടിച്ചുനിന്നു. അവർ പാണത്തൂരും മംഗലാപുരത്തും മറ്റും പോയി സഭാരാധന കൂടിയിരുന്നു.

പാണത്തൂരിൽ ആരംഭിച്ച കുടിയേറ്റ ക്രൈസ്തവരുടെയിടയിലെ പ്രവർത്തനം ക്രമേണ മറ്റു കുടിയേറ്റ കേന്ദ്രങ്ങളിലേക്കും വ്യാപിച്ചു. അപ്പോഴും കാഞ്ഞങ്ങാട് ഒഴികെയുള്ള അക്രൈസ്തവ മേഖലകൾ അവഗണിക്കപ്പെട്ടുതന്നെ കിടന്നു.

1976-ൽ ഉടുപ്പിയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന പാസ്റ്റർ ഡി. യേശുദാസ്

***പാസ്റ്റർ മോഹൻ പി. ഡേവിഡ്***

*1952-ൽ പുനലൂരിലെ ഒരു പെന്തെക്കോസ്തു കുടുംബത്തിൽ ജനിച്ച മോഹൻ പി. ഡേവിഡ് 1972-ൽ ബിരുദപഠനത്തിനുശേഷം ഓപ്പറേഷൻ മോബിലൈസേഷനോടു ചേർന്ന് കർണ്ണാടകത്തിലും ഉത്തർപ്രദേശത്തും പ്രവർത്തിച്ചു. 1976-1981 വരെ ബൈബിൾ സൊസൈറ്റിയുടെ പ്രോഗ്രാമിൽ പങ്കെടുത്ത് മലബാറിൽ താമസിച്ചു പ്രവർത്തിച്ചത്, കാസർഗോഡു ജില്ലയിലെ സുവിശേഷ പ്രവർത്തകനാകാൻ പ്രേരകമായി. 1981-ൽ 'പയനിർ മിഷനറി മൂവ്മെന്റ്' എന്ന പേരിൽ കാസർഗോഡു കേന്ദ്രീകരിച്ച് ഒരു പ്രവർത്തനം തുടങ്ങി. 93ൽ ബദിയഡുക്കയിൽ മിഷനറി ട്രെയിനിംഗ് സെന്റർ തുടങ്ങി. പയനിയർ എന്ന ഒരു ദ്വൈമാസകയും സ്റ്റ്യുവെഡ് എന്ന പേരിൽ ഒരു മാസികയും പ്രസിദ്ധീകരിക്കുന്നു.*

ജില്ലാതലസ്ഥാനമായ കാസർഗോഡ് ടൗണിൽ താമസിച്ചു പ്രവർത്തനമാരംഭിച്ചു. അന്ന് കാഞ്ഞങ്ങാട്ട് കൂട്ടായ്മ ഇല്ലാതിരുന്നതിനാൽ കാഞ്ഞങ്ങാട്ട് അമ്മച്ചിയും പാസ്ററർ യേശുദാസനോടൊപ്പമാണ് സഭാരാധന കൂടിയിരുന്നത്. എന്നാൽ തദ്ദേശവാസികളായവരെ വിശ്വാസികളായി ലഭിക്കാഞ്ഞതിനാൽ പാസ്ററർ യേശുദാസൻ പിന്നീട് കുടിയേററ പ്രദേശമായ ബന്തടുക്കയിലേക്കു സ്ഥലം മാറിപ്പോയി.

1977-ൽ ബൈബിൾ സൊസൈററിയുടെ ആഭിമുഖ്യത്തിൽ മലബാറിലെ സുവിശേഷീകരണം ലക്ഷ്യമാക്കിക്കൊണ്ട് ഒരു ടീം പ്രവർത്തനം ആരംഭിച്ചു. കാസർഗോഡ് ജില്ലയുടെ ശോചനീയാവസ്ഥ അവിടെ തുടർന്ന് സുവിശേഷപ്രവർത്തനം ചെയ്യുന്നതിനു ടീമംഗങ്ങളെ പ്രേരിപ്പിച്ചു. നേരത്തെ പെന്തെക്കോസ്തു പ്രവർത്തനമുണ്ടായിരുന്ന കാഞ്ഞങ്ങാട്ട് ബൈബിൾ സൊസൈറ്റി ടീം

*പാസ്റ്റർ കെ. ഐ. ജോൺ*

*ചെങ്ങന്നൂർ-ബുധന്നൂർ കുന്നത്തൂർ വീട്ടിൽ ഐപ്പ് ദമ്പതികളുടെ ഇളയമകനായി 1907-ൽ ജനിച്ച ജോൺ 17-ാം വയസ്സിൽ രക്ഷിക്കപ്പെട്ടു. മാവേലിക്കരയിൽ എ. ജി. പ്രവർത്തനമാരംഭിച്ചപ്പോൾ എ.ജെ. ജോൺ സാറുമായി പരിചയപ്പെടുകയും 1931-ൽ ബഥേൽ ബൈബിൾ സ്ക്കൂളിൽ പഠിക്കുകയും ചെയ്തു. സ്വന്ത സ്ഥലമായ ബുധന്നൂരിൽ അദ്ദേഹത്തിന്റെ പ്രവർത്തനഫലമായി ഒരു സഭ ഉടലെടുത്തു. പിന്നീട് കൊല്ലകടവ് , കുറിച്ചി, കണ്ണാട്ടുമോടി, ചെങ്ങമനാട് എന്നിവിടങ്ങളിലൊക്കെ ശുശ്രൂഷകനായിരുന്നു. 1987 ആഗസ്റ്റ് 31നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. പാസ്റ്റർ കെ. ജെ . ജോസഫ് മൂത്ത പുത്രനാണ്.*

അംഗമായിരുന്ന ബ്രദർ ഫിലിപ്പുകുട്ടി 1980-ൽ താമസിച്ചു പ്രവർത്തനമാരംഭിച്ചു. തുടർന്ന് ബ്രദർ കെ.ഡി. ഐസക്ക് ഉദുമ ടൗണിലും മോഹൻ പി. ഡേവിഡ് കാസർഗോഡ് ടൗണിലും സ്ഥിരമായി താമസിച്ച് പ്രവർത്തനം തുടങ്ങി. കാസർ ഗോഡ് കേന്ദ്രമാക്കി ഇവർ ആരംഭിച്ച 'പയനിയർ മിഷനറി മൂവ്മെന്റ്' എന്ന സംഘത്തിന് ജില്ലയിലെ 8 മിഷൻ കേന്ദ്ര ങ്ങളിലായി 12 മിഷനറി പ്രവർത്തകരുണ്ട്. 6 സഭകളും ഈ സംഘത്തിന്റെ പ്രവർ ത്തനഫലമായി ഉടലെടുത്തിട്ടുണ്ട്.

പയനിയർ മിഷനറി മൂവ്മെന്റിന്റെ ആദ്യഫലമായ പി.എ. ജയ്ദീപ് എഞ്ചി നിയറിംഗിൽ ബിരുദമെടുത്തശേഷം ഇപ്പോൾ ഇന്റർകോളെജിയേററ് പ്രെയർ ഫെലോഷിപ്പിനോടു ചേർന്ന് പൂർണ്ണ സമയസുവിശേഷവേലയിലാണ്. അദ്ദേഹ ത്തിന്റെ കുടുംബാംഗങ്ങളെല്ലാം ഇന്ന് പെന്തെക്കോസ്തു വിശ്വാസികളാണ്. അടൂർ എന്ന ഉൾപ്രദേശത്തുനിന്നും ജനാർദ്ദന നായ്ക്ക് എന്ന യുവാവ് രക്ഷിക്കപ്പെട്ട് ഇപ്പോൾ കോഴിക്കോട്ട് താമസിക്കുന്നു. പിതാവും മാതാവും കാസർഗോഡ് ആരാധനയിൽ പങ്കെടുക്കു ന്നുണ്ട്.

ജില്ലയിലെ കുടിയേറ്റപ്രദേശങ്ങളിൽ കൂടുതൽ സഭകളുള്ളത് അസംബ്ലീസ് ഓഫ് ഗോഡിനു തന്നെയാണ്. എ.ജി. ക്ക് 9 സഭകളും ഐ.പി.സി.ക്കും ന്യൂ ഇന്ത്യാ ചർച്ച് ഓഫ് ഗോഡിനും ആറ് വീതം സഭ കളുമുണ്ട്. അക്രൈസ്തവ മേഖലയിലെ പ്രവർത്തനങ്ങളിൽ പയനിയർ മിഷനറി മൂവ്മെന്റ് തന്നെയാണ് മുന്നിൽ. ബദി യടുക്ക എന്ന സ്ഥലത്ത് ഒരു മിഷനറി ട്രെയിനിംഗ് സെന്റർ നടത്തുന്നതു കൂടാ തെ 'പയനിയർ' എന്ന പേരിൽ ഒരു ദ്വൈ മാസിക ന്യൂസ്ലെറ്ററും 'സ്റ്റ്യു വേഡ്' എന്ന പേരിൽ പ്രതിമാസപത്രികയും അവർ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.

സ്ഥായിയായ യാതൊരു സുവിശേഷ പ്രവർത്തനങ്ങളും നടന്നിട്ടില്ലാത്ത ഗ്രാമ ങ്ങളും കാസർഗോഡ് ജില്ലയിൽ ഉണ്ടെ ന്നു പറഞ്ഞാൽ അതിശയിക്കേണ്ടതില്ല. ജില്ലയുടെ ഉൾഗ്രാമങ്ങളിൽ യേശുവിനെ പറ്റി ഒരിക്കലും കേട്ടിട്ടില്ലാത്ത ആളുക ളെയും നിങ്ങൾക്കു ദർശിക്കാം.

**കണ്ണൂർ ജില്ല**

കണ്ണൂരിലെ പെന്തെക്കോസ്തു പ്രവർ ത്തനങ്ങൾ ആരംഭിക്കുന്നത് 1930 കളിലാ ണ്. ബാസൽ മിഷന്റെ ഉരുക്കുകോട്ടയായ കണ്ണൂർ പട്ടണത്തിലേക്ക് പെന്തെക്കോ സ്തിന്റെ ദൂതുവാഹികളായി ആദ്യം ചെന്നത് കെ. സി. ചെറിയാനും വേലമ്പറ മ്പിൽ തോമാച്ചനുമാണ്.

ക്രിസ്ത്യൻ ചാലയാഡ് എന്ന ബാസ ൽ മിഷൻ വിശ്വാസിയുടെ സഹകരണ ത്തോടെ കാനത്തൂർ എലിമെന്ററി സ്കൂ ളിൽ കെ.സി. ചെറിയാൻ ചില യോഗങ്ങൾ നടത്തി. എന്നാൽ ഒരു പെന്തെക്കോസ്തു കുടിവരവ് ഈ യോഗങ്ങൾ മുഖാന്തരം ഉണ്ടാകുകയോ ഒരാൾപോലും സ്നാന പ്പെടുകയോ ചെയ്തില്ല.

1932-ൽ തോമാച്ചൻ ഭാര്യ സാറാമ്മ യുമൊത്ത് കണ്ണൂരിൽ താമസിച്ച് പ്രവർത്തനമാരംഭിച്ചു. പട്ടണത്തിലെ പത്തമുറി ലൈനിൽ ഒരു മുറി വാടകയ്ക്കെടുത്താണ് അവർ താമസിച്ചിരുന്നത്. ചേത്തയ്ക്കൽ കീവറീച്ചനും അവരോടൊപ്പമുണ്ടായിരുന്നു. കെ. ഇ. ഏബ്രഹാം, ആറാമട കൊച്ചുകുഞ്ഞു സന്യാസി, പൊടിമല മത്തായിച്ചൻ, കെ.സി. ചെറിയാൻ തുടങ്ങിയ പ്രഗൽഭരൊക്കെ തുടർമാനമായി കണ്ണൂർ പട്ടണത്തിൽ പ്രസംഗ പരമ്പരകൾ നടത്തി. ഇപ്പോൾ സെന്റ് മൈക്കിൾസ് ഓഡിറ്റോറിയം ഇരിക്കുന്ന സ്ഥലത്ത് ഒരു മാളികമുറി വാടകയ്ക്കെടുത്ത് തോമാച്ചൻ ആരാധനയോഗം തുടങ്ങി. ക്രിസ്ത്യൻ ചാലിയാഡ് ആയിരുന്നു. ഇക്കാര്യങ്ങളൊക്കെ അവർക്ക് ഏർപ്പാടാക്കികൊടുത്തതെങ്കിലും അദ്ദേഹം മിഷൻ വിശ്വാസിയായിത്തന്നെ തുടർന്നു. പുതിയ പെന്തെക്കോസ്തു സഭായോഗത്തിനു കൗതുകത്തിനുവേണ്ടി ഇടയ്ക്കൊക്കെ ചിലർ വന്നുവെങ്കിലും സ്ഥിരമായി ആരെങ്കിലും സഭാംഗങ്ങളായി എത്തിയില്ല. തോമാച്ചനും കുടുംബവും താമസിയാതെ തൃശ്ശൂർ പ്രദേശങ്ങളിലെ പ്രവർത്തനങ്ങൾക്കായി കണ്ണൂർ വിട്ടുപോയി.

1935-ൽ എ.ജി മിഷനറിയായിരുന്ന മിസ് ഈഡി പയ്യമ്പലത്തിനടുത്ത് ഒരു ബംഗ്ലാവിൽ താമസിച്ച് കണ്ണൂരിലെ പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. ബ്രിട്ടീഷ് അസംബ്ലീസ് ഓഫ് ഗോഡിന്റെ പ്രവർത്തകയായിരുന്നു അവർ. കോഴിക്കോട്ടുകാരനായ കിരിയത്ത് പോൾ (Keriot Paul) ആയിരുന്നു മിസ് ഈഡിയുടെ തർജ്ജമക്കാരൻ. തോമാച്ചൻ വിട്ടിട്ടുപോയ ബംഗ്ലാവ് മിസ് ഈഡി വാടകയ്ക്കെടുത്ത് പട്ടണത്തിൽ താമസമാക്കി. പതിനെട്ടുമുറിയിൽ താമസിച്ചിരുന്ന ഗമാലിയേൽ ആർനോന്റെ പുത്രി ഗേട്ടി (Gitty Arnon) ആർനോൻ, ഡെയ്സി മൈക്കിൾ തുടങ്ങിയ കമ്പനി ഉദ്യോഗസ്ഥകൾ ഈഡിയുടെ പ്രവർത്തനത്താൽ രക്ഷിക്കപ്പെട്ടു. അവരെ സ്നാനപ്പെടുത്തിയതും മിസ് ഈഡിതന്നെയായിരുന്നു. കണ്ണൂരെ കമ്പനികളിൽ ഉദ്യോഗസ്ഥയായിരുന്ന പലരും മിസ് ഈഡി ശുശ്രൂഷിച്ച് സഭായോഗങ്ങളിൽ സ്ഥിരമായി പങ്കെടുത്തിരുന്നു. ഇക്കാലത്ത് പെന്തെക്കോസ്തു മാർഗ്ഗം സ്വീകരിച്ച വ്യക്തിയായിരുന്നു ഇ. പി. യോശുദാസൻ. അദ്ദേഹം പിന്നീട് പാലക്കാട്ടേക്കു പോയി. അവിടെ അസംബ്ലീസ് ഓഫ് ഗോഡിന്റെ പ്രവർത്തനം തുടങ്ങി.

> ***പാസ്റ്റർ വി.ജെ. ജോർജ്ജ്***
>
> *1926-ൽ ചെങ്ങന്നൂരിൽ ജനിച്ച ജോർജ്ജ് 10-ാം വയസ്സിൽ രക്ഷിക്കപ്പെട്ടു. 1943-ൽ വിശ്വാസസ്നാനം സ്വീകരിച്ചു. പാസ്റ്റർ റ്റി.എൻ ഏബ്രഹാം, ഭക്തൻകുട്ടിയച്ചൻ എന്നിവരോടു ചേർന്നു ആദ്യകാലത്ത് കല്ലിശ്ശേരിൽ പ്രവർത്തിച്ചു . പിന്നീട് തെക്കൻതിരുവിതാംകൂറിലെ നെയ്യൂർ, പുത്തളം തുടങ്ങിയ സ്ഥലങ്ങളിൽ താമസിച്ചു പ്രവർത്തിച്ചു. മദ്ധ്യതിരുവിതാംകൂറിലെ പല സ്ഥലങ്ങളിലും സഭാശുശ്രൂഷ നിർവ്വഹിച്ചിട്ടുള്ള പാസ്ററർ ജോർജ്ജ് ദീർഘവർഷങ്ങൾ നിലമ്പൂർ ഐ.പി.സി. സെന്റർ ശുശ്രൂഷകനായിരുന്നു.*

എന്നാൽ 1939-ൽ രണ്ടാം ലോകമഹായുദ്ധക്കാലത്ത് ഈഡിക്ക് ഇംഗ്ലണ്ടിലേക്ക് മടങ്ങിപോകേണ്ടിവന്നു. അതോടെ രക്ഷിക്കപ്പെട്ടുവന്നവരും അവരുടെ മാതൃസഭകളിലേക്ക് മടങ്ങിപ്പോയി. കണ്ണൂരെ പെന്തെക്കോസ്തു മുന്നേറ്റം അങ്ങനെ വീണ്ടും ഒരു സമസ്യയായി.

വീണ്ടും പലരും കണ്ണൂരിൽ വന്ന് യോഗങ്ങൾ നടത്തിയിട്ടുണ്ട്. ഐ.പി.സി. യുടെ പ്രവർത്തനങ്ങൾ വേലമ്പറമ്പിൽ തോമാച്ചൻ വിട്ടുപോയതോടെ അവസാ

നിച്ചുവെങ്കിലും ഐ.പി.സി. നേതാക്കൾ ഇടയ്ക്കിടെ കണ്ണൂർ സന്ദർശിച്ച് യോഗങ്ങൾ നടത്തുക പതിവായിരുന്നു.

കണ്ണൂർ പട്ടണത്തിൽ പിന്നീട് കാര്യമായ പ്രവർത്തനങ്ങൾ നടക്കുന്നത് പാസ്ററർ പി.ഡി. ജേക്കബിന്റെ കാലഘട്ടത്തിലാണ്. (1967-69) ഹോട്ടൽ സാവോയ്ക്കടുത്ത് താമസിച്ചു പ്രവർത്തിച്ച പാസ്ററർ ജേക്കബിന് ആരെയും സ്നാനപ്പെടുത്തുവാൻ കഴിഞ്ഞില്ലെങ്കിലും വിജയകരമായി ഒരു സണ്ടേസ്കൂൾ നടത്തുവാൻ കഴിഞ്ഞു. ഈ കാലയളവിലാണ് (1968) എ.ജി.യുടെ എച്ച്.എം.സി. ടീം കണ്ണൂർ ടൗണ്ണിൽ പ്രവർത്തനത്തിനായി വന്നത്. അന്ന് ടൗൺ ഹാളിൽ നടന്ന മീറ്റിംഗിൽ പാസ്ററർ പി.എൻ. സഖറിയായിരുന്നു പ്രധാന പ്രസംഗകൻ 69-ൽ പാസ്റ്റർ പി.ഡി. ജേക്കബ് മീൻമുട്ടിക്കു സ്ഥലം മാറിപ്പോയി.

1976-ൽ പാസ്റ്റർ തോമസുകുട്ടി എന്നൊരാൾ കണ്ണൂരിലെ ചൊവ്വയിൽ പ്രവർത്തിച്ചിരുന്നു. എങ്കിലും ആ പ്രവർത്തനങ്ങൾ വിജയിത്തിലെത്തിയില്ല. ഐ.പി.സി.യുടെ ശുശ്രൂഷകനായെത്തിയ അദ്ദേഹം രണ്ടു വർഷത്തിനുശേഷം ദക്ഷിണേന്ത്യാ ദൈവസഭയിലേക്ക് മടങ്ങിപ്പോയി. തോമസുകുട്ടി സഭാരാധന ആരംഭിച്ചിരുന്നെങ്കിലും കണ്ണൂർകാരായ ആരും സ്നാനപ്പെട്ടു വന്നില്ല. മറ്റു സ്ഥലങ്ങളിൽ നിന്ന് ജോലിക്കെത്തിയവരായിരുന്നു ആരാധനയിൽ പങ്കെടുത്തിരുന്നത്.

1977ലായിരുന്നു പാസ്റ്റർ വി.റ്റി. ഏബ്രഹാം എ.ജി.യുടെ പ്രവർത്തകനായി കണ്ണൂരിൽ വരുന്നത്. ആദ്യകാലങ്ങളിൽ വളരെ പ്രതികൂലങ്ങൾ സഹിക്കേണ്ടി വന്നിരുന്നെങ്കിലും പിന്നീട് പ്രവർത്തനത്തിൽ വിജയം കണ്ടെത്താൻ അദ്ദേഹത്തിനു കഴിഞ്ഞു. മലബാറുകാരായ വിശ്വാസികൾ ഏറ്റവും കൂടുതലുള്ള പെന്തെക്കോസ്തുസഭ ഇന്ന് വി. ററി. ഏബ്രഹാം ശുശ്രൂഷിക്കുന്ന കണ്ണൂർ അസംബ്ലീസ് ഓഫ് ഗോഡാണ്. മലബാറിലെ ഏറ്റവും വലിയ സഭാഹോളും കണ്ണൂർ എ.ജി. യുടേതുതന്നെ.

**കണ്ണൂർ ജില്ലയിലെ കൂടിയേറ്റ ഗ്രാമങ്ങൾ**

കണ്ണൂർ പട്ടണത്തിൽ 1930-ൽ തന്നെ പെന്തെക്കോസ്തു ദൂതുമായി സുവിശേഷകരെത്തിയെങ്കിലും ഒരു സഭാ കൂടിവരവ് ഉണ്ടാകുന്നത് 70കളിലാണ്. പട്ടണത്തിൽ പെന്തെക്കോസ്തു വേരുപിടിക്കുന്നത് ദശാബ്ദങ്ങൾ വേണ്ടിവന്നെങ്കിൽ, കണ്ണൂർ ജില്ലയിലെ തന്നെ കൂടിയേറ്റ പ്രദേശങ്ങളിൽ പെന്തെക്കോസ്തു പ്രവർത്തനം പടർന്നു പന്തലിച്ചത് വളരെ വേഗത്തിലായിരുന്നു. 50കളുടെ ആരംഭത്തോടെ, കുടിയേററത്തിന്റെ ആരംഭകാലത്തു തന്നെ, ജില്ലയിലെ ഇരിട്ടി (വള്ളിത്തോട്) എന്ന സ്ഥലത്ത് ഒരു പെന്തെക്കോസ്തു കൂടിവരവ് ആരംഭിച്ചു.

പേരേപറമ്പിൽ തോമസ്, എന്ന പാമ്പാടിക്കാരൻ, നാട്ടിൽവച്ചേ സ്നാനമേറ്റ് ഇരിട്ടിയിലെത്തിയ ഒരു കുടിയേറ്റക്കാരനായിരുന്നു. എന്നാൽ ഇരിട്ടിയിൽ പെന്തെക്കോസ്തു പ്രവർത്തനങ്ങൾ ഇല്ലായിരുന്നതിനാൽ അദ്ദേഹം സി.എസ്. ഐ. സഭയിലാണ് ആരാധനയ്ക്കു പൊയ്കൊണ്ടിരുന്നത്. അങ്ങനെയിരിക്കെ 1952-ൽ പതാലിൽ പി. സി. ജോർജ് എന്ന മറ്റൊരു സി. എസ്. ഐ. ക്കാരൻ റാന്നിയിൽ ചെന്ന് മുക്കരണത്ത് പാപ്പി എന്ന പെന്തെക്കോസ്തുപദേശിയെ ഇരിട്ടിയിലേക്ക് ക്ഷണിച്ചുവരുത്തി. അദ്ദേഹം നടത്തിയ യോഗങ്ങളുടെ ഫലമായി പതാലിൽ ജോർജും വിത്തുപുര കുഞ്ഞുഞ്ഞ് എന്നൊരാളും സ്നാനപ്പെട്ടു. അങ്ങനെ 1952-ൽ ആദ്യമായി ഇരിട്ടിയിൽ ഒരു പെന്തെക്കോസ്ത് ആരാധന നടന്നു.

തിരുവത്താഴം നടത്തുന്നതിനു ഒരു മേശ ഇല്ലായ്കയാൽ ഇരുമ്പുപെട്ടിയുടെമേൽ വിരിയിട്ടാണ് ശുശ്രൂഷനടത്തിയതെന്ന് ജോർജ് ഓർക്കുന്നു.

ഇരിട്ടിയിൽ താമസിച്ചു പ്രവർത്തിക്കുന്നതിന് ഉടനെയൊന്നും പ്രവർത്തകരെത്തിയില്ല. ഇടയ്ക്കിടെ കോഴിക്കോട്ടു നിന്നും കാക്കുമാസ്ററും, കുറ്റപ്പുഴ കുര്യച്ചനും വന്ന് യോഗങ്ങൾ നടത്തിയിരുന്നു. മൂന്നു വർഷത്തോളം അങ്ങനെ പോയി. ഒരു പൂർണ്ണസമയ സുവിശേഷകനെ വിട്ടുകൊടുക്കാൻ ഐ.പി.സി. ക്ക് കഴിയാഞ്ഞതിനാൽ പതാലിൽ ജോർജും മറ്റും പാലക്കാട്ട് എ.ജി.യുടെ പ്രവർത്തകനായിരുന്ന കെ. വർഗീസിനെ പോയി കണ്ടു. അങ്ങനെ 1956-ൽ പാസ്ററർ കെ.എം. ജോസഫ് എ.ജി.യുടെ പ്രവർത്തകനായി ഇരിട്ടിയിലെത്തി.

വളരെ പെട്ടെന്നാണ് അസംബ്ലീസ് ഓഫ് ഗോഡ് പ്രവർത്തനങ്ങൾ മലബാറിൽ വ്യാപിച്ചത്. 1965-ഓടെ ഇരിട്ടി, മാനന്തവാടി, മീനങ്ങാടി, മീൻമുട്ടി, ചെങ്ങരോത്ത്, കണിച്ചാർ, പേരാമ്പ്ര (ആനപ്പാറക്കണ്ടി) എന്നിവിടങ്ങളിലൊക്കെ അസംബ്ലീസ് ഓഫ് ഗോഡ് പ്രവർത്തനങ്ങൾ വേരുപിടിച്ചിരുന്നു.

1964ൽ ബഥേൽ 7ബൈബിൾ സ്കൂളിലെ എച്ച്.എം.സി. ടീം പ്രവർത്തനത്താൽ കണിച്ചാറിൽ പാസ്റ്റർ ടി.എസ്. ജോർജിന്റെ നേതൃത്വത്തിൽ ഒരു പ്രവർത്തനമാരംഭിച്ചു. പ്രസിദ്ധ പ്രസംഗകനായിരുന്ന പാസ്റ്റർ വി.എ. തോമസ് ആയിരുന്നു കണിച്ചാറിലെ ആദ്യശുശ്രൂഷകൻ. അദ്ദേഹത്തിന്റെ കാലത്താണ് അവിടെ സഭാഹോൾ പണിയുന്നതും.

1965-ൽ ഇരിട്ടി വള്ളിത്തോട് (പെരിങ്കിരി) സഭയുടെ ബ്രാഞ്ച് എന്ന നിലയിൽ സമീപ പ്രദേശമായ അറബിയിൽ ഒരു പ്രവർത്തനമാരംഭിച്ചു. പാസ്റ്റർ ടി.എം. ജോർജുകുട്ടിയായിരുന്നു ആദ്യ സഭാ ശുശ്രൂഷകൻ. ഈ സഭയുടെ ബ്രാഞ്ചായി പിന്നീട് തുടങ്ങിയ സഭയാണ് വട്ടിയംതോട് എ.ജി. സഭ. 1967-ൽതന്നെ പാസ്റ്റർ ടി. എസ് ജോർജിന്റെ പ്രവർത്തനഫലമായി മലാങ്കടവിലും ഒരു പ്രവർത്തനം ആരംഭിച്ചു.

എച്ച്. എം.സി. ടീം 1968-ൽ മലബാറിലെത്തി വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് പല സ്ഥലങ്ങളിൽ പ്രവർത്തിച്ചു. ചിലയിടത്തെങ്കിലും സഭകൾ സ്ഥാപിതമാകുന്നതിനു ഇതു കാരണമായി. ആയിടെ പാസ്റ്റർ റ്റി.എം. ജോർജുകുട്ടി പയ്യന്നൂർ ചെറുപുഴയിൽ ആരം

***പാസ്റ്റർ പി. ഒ ചെറിയാൻ***



*1924-ൽ പത്തനാപുരത്ത് ശങ്കരപുരി തെക്കേടത്ത് പൊയ്കയിൽ ഉമ്മച്ചന്റെ മകനായി ജനിച്ചു. പുനലൂർ ബഥേൽ ബൈബിൾ സ്കൂൾ പഠനത്തിനുശേഷം 1953 മുതൽ എ.ജി.യുടെ പ്രവർത്തകനായി. വേദപഠനസമയത്തു തന്നെ ചാച്ചിപ്പുന്ന എന്ന സ്ഥലത്ത് ഒരു പ്രവർത്തനം ആരംഭിച്ചിരുന്നു. അസംബ്ലീസ് ഓഫ് ഗോഡിന്റെ കീഴിൽ കടമ്പനാട്, കൊട്ടാരക്കര, കൊല്ലം കുണ്ടറ, അടൂർ, എന്നീ സ്ഥലങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്. 1980 മുതൽ 91 വരെ ന്യൂയോർക്ക് ഗോസ്പൽ അസംബ്ലിയുടെ പാസ്റ്ററായിരുന്നു.*

*പാസ്റ്റർ സി.ജെ. ഏബ്രഹാം*



*1938-ൽ കോട്ടയം ജില്ലയിലെ പെരുവ എന്ന സ്ഥലത്ത് യോക്കോബാ ഭവനത്തിൽ ജനിച്ച സി.ജെ.ഏബ്രഹാം 17-ാം വയസ്സിൽ ഫോർട്ട് കൊച്ചിയിൽ പാസ്ററർ പി. ററി. വർഗീസ് നടത്തിയ ഒരു യോഗത്തിൽ വച്ച് രക്ഷിക്കപ്പെട്ടു. 1959-മുതൽ മദ്ധ്യതിരുവിതാം കൂറിലെ പല സ്ഥലങ്ങളിൽ പ്രവർത്തിച്ച ശേഷം മലബാർ പ്രവർത്തനം ലക്ഷ്യമാക്കി കോഴിക്കോട്ട് എത്തി. 1974-മുതൽ കോഴിക്കോട്ട് ഐ.പി.സി. സെന്റർ ശുശ്രൂഷകനാണ്. (1994)*

ഭിച്ച പ്രവർത്തനവും എച്ച്. എം.സി.യുടെ ക്യാമ്പ് മുഖാന്തരം ശക്തിപ്പെട്ടു. രണ്ടു വർഷം കഴിഞ്ഞ് പാസ്റ്റർ ജോർജുകുട്ടി ഇരിട്ടിയിലേക്കു സ്ഥലം മാറുമ്പോൾ ചെറുപുഴയിൽ നല്ല ഒരു കുടിവരവ് സ്ഥാപിതമായിരുന്നു.

1957-ൽ പാസ്റ്റർ പി.സി. വർഗീസ് (മല്ലപ്പള്ളി ചാക്കോച്ചൻ) എന്നയാൾ ഇരിട്ടി വള്ളിത്തോടിനടുത്ത് ഒരു സ്വതന്ത്ര പെന്തെക്കോസ്തു പ്രവർത്തനം ആരംഭിച്ചിരുന്നു. 1967-ൽ കുറേക്കാലം വേൾഡ് മിഷനറി ഇവാഞ്ചലിസം സഭയുമായി യോജിച്ചു പ്രവർത്തിച്ചു. പാസ്റ്റർ വർഗീസിന്റെ പരിശ്രമഫലമായി വള്ളിത്തോട് സഭ കൂടാതെ വേറെയും പതിനേഴു സഭകൾ രൂപമെടുത്തു. ഈ സഭകൾ ഇപ്പോൾ തമിഴ്നാട്ടുകാരനായ ജോൺ റോസ് നേതൃത്വം കൊടുക്കുന്ന ഫുൾ ഗോസ്പൽ പെന്തെക്കോസ്തൽ ചർച്ചിന്റെ ഭാഗമാണ്.

കോഴിക്കോട് ഐ.പി.സി. ശുശ്രൂഷകനായിരുന്ന പാസ്ററർ എം. സൈമണിന്റെ മകൻ ഏണസ്റ്റ് സൈമൺ പയ്യന്നൂരിനടുത്ത് വിളയംകോട് ആരംഭിച്ച സഭാപ്രവർത്തനം ഇന്നും തുടരുന്നുണ്ട്. അടുത്തയിടെ ന്യൂ ഇന്ത്യാ ചർച്ച് ഓഫ് ഗോഡ് പോലെയുള്ള സ്വതന്ത്രസഭകളും ജില്ലയുടെ പല ഭാഗങ്ങളിലും പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. കൂടിയേറ്റ പ്രദേശങ്ങളിലാകട്ടെ, മദ്ധ്യതിരുവിതാംകൂറിലെന്നപോലെതന്നെ എല്ലാ സഭകളുടെയും പ്രാദേശിക ഇടം കണ്ടെത്തിയിട്ടുണ്ട്.

**കോഴിക്കോട് ജില്ല**

മലബാറിലെ പെന്തെക്കോസ്തിന്റെ പ്രവർത്തനം ആദ്യമെത്തുന്നത് കോഴിക്കോട്ടാണ്. 1930-ൽ തന്നെ തമിഴ്നാട്ടിൽ നിന്നുള്ള ജെ.എൻ. ഫിലിപ്പ്, ആന്ധ്രാ സ്വദേശിയായ ജീവരത്നം, ലാഹോറിൽ പ്രൊഫസറായിരുന്ന അരുൾദാസ് തുടങ്ങിയവരുടെ പ്രവർത്തനത്താൽ ഒരു പെന്തെക്കോസ്തു സഭ ഉടലെടുത്തിരുന്നു. കോഴിക്കോട് സ്വദേശിയായ പാസ്റ്റർ എം. സൈമൺ, മദ്ധ്യതിരുവിതാംകൂറിൽ നിന്നെത്തിയ പാസ്റ്റർ കെ. സി. ചെറിയാൻ എന്നിവരുടെ പ്രവർത്തനത്താൽ കോഴിക്കോട് പട്ടണത്തിലെ വേല ശക്തിപ്രാപിക്കുകയും ചെയ്തിരുന്നു. എന്നാൽ പട്ടണത്തിലെ ആ ഒരു സഭയൊഴികെ, ജില്ലയിലെ മറ്റു പ്രദേശങ്ങളിലേക്ക് അടുത്ത കാലത്തൊന്നും പെന്തെക്കോസ്തിന്റെ പ്രവർത്തനം വ്യാപിച്ചില്ല. ഇന്നും മലബാറിലെ മറ്റെല്ലാ ജില്ലകളെയും അപേക്ഷിച്ച് കോഴിക്കോട് ജില്ലയിൽ പെന്തെക്കോസ്തു സഭകളുടെ എണ്ണം വളരെ കുറവാണ്. ഐ.പി.സി., എ.ജി.,

ശാരോൻ, ചർച്ച് ഓഫ് ഗോഡ്, ഫുൾ ഗോസ്പൽ, പെന്തെക്കോസ്തൽ ചർച്ച് എന്നീ പ്രസ്ഥാനങ്ങൾക്കെല്ലാംകൂടെ ജില്ല യിൽ മുപ്പതിൽ താഴെ സഭകളേയുള്ളു.

കേരളത്തിലെ മുന്നു കോർപ്പറേഷനു കളിൽ കോഴിക്കോട് പോലെ സുവിശേഷ രഹിതമായ നഗരം വേറെയില്ല. തിരുവന ന്തപുരം കോർപ്പറേഷൻ പരിധിക്കുള്ളിൽ വിവിധ പെന്തെക്കോസ്തു പ്രസ്ഥാനങ്ങ ളുടെ വകയായ നൂറുകണക്കിനു കുടിവര വുകളുള്ളപ്പോൾ കോഴിക്കോട് കോർപ്പറേഷനുള്ളിലെ പെന്തെക്കോസ്തു കുടിവരവുകളുടെ എണ്ണം പത്തിൽ താഴെയാണ്. 1930-ൽ ആരംഭിച്ച ഐ.പി.സി.ക്ക് നഗരത്തിലെ സഭ കഴിഞ്ഞാൽ, പിന്നൊരു സഭ ജില്ലയി ലുണ്ടാകുന്നത് ദശകങ്ങൾ കഴിഞ്ഞാണ്.

വർഷങ്ങൾക്കുശേഷം ആരംഭിച്ച അസംബ്ലീസ് ഓഫ് ഗോഡ് താരതമ്യേന കൂടുതൽ നേട്ടം കൊയ്ത പ്രസ്ഥാനമാണ്. 1948-ൽ പാസ്ററർ പി. ജെ. സാമുവലിന്റെ പരിശ്രമത്താൽ ചെങ്ക്രോത്ത് എന്ന സ്ഥല ത്ത് അസംബ്ലീസ് ഓഫ് ഗോഡിന്റെ ജില്ല യിലെ ആദ്യസഭ പിറന്നു. കുടിയേറ്റക്കാ രായിരുന്നു ആദ്യ വിശ്വാസികൾ കൂനം പൊയ്കയിൽ ശമുവേൽ, വെള്ളറ പുത്തൻപുരയ്ക്കൽ ഈപ്പച്ചൻ, ചെത്തി മറ്റം കുരുവിളയച്ചൻ, പുതുപ്പറമ്പിൽ ചാക്കോ അങ്ങനെ പലരും ചെങ്ക്രോത്ത് എ.ജി. സഭയിൽ അംഗങ്ങളായി.

1953-ൽ പാസ്ററർ പി. ജെ. സാമുവൽ ആനപ്പാറക്കണ്ടിയിലും ഒരു സഭ സ്ഥാ പിച്ചു. വിദേശിമിഷനറിമാർ കടന്നുവന്ന് ചില യോഗങ്ങൾ നടത്തിയത് സഭാവളർ ച്ചയെ ഏറെ സഹായിച്ചു. നെടുംപ്ലാക്കൽ ചാക്കോ, കക്കുഴി മത്തായിച്ചൻ തുടങ്ങിയ വരായിരുന്നു ആദ്യവിശ്വാസികൾ, ചുരു ങ്ങിയ വർഷങ്ങൾക്കുള്ളിൽ നൂറിലേറെ പ്പേർ രക്ഷിക്കപ്പെട്ട് ഈ സഭയോടു ചേർന്നു.

കോഴിക്കോടു ജില്ലയിലെ മറ്റൊരു പ്രധാന കുടിയേറ്റ പ്രദേശമായ നെല്ലി പ്പൊയിലിൽ (മീൻമുട്ടി) കുടിയേറ്റത്തിന്റെ ആദ്യകാലം മുതൽ പെന്തെക്കോസ്തു വിശ്വാസികളും എത്തിത്തുടങ്ങിയിരുന്നു. 1960-ൽ കോട്ടയം ജില്ലയിലെ കങ്ങഴയിൽ നിന്ന് സ്നാനം സ്വീകരിച്ച് നെല്ലിപ്പൊയി ലിലേക്ക് കുടിയേറിയ പേക്കുഴിയിൽ കുഞ്ഞോമ്മാച്ചൻ, ആദ്യസമയത്ത് ആരാ ധനയ്ക്ക് കൂട്ടുവിശ്വാസികളില്ലാതെ ചില മാസങ്ങൾ വിഷമിക്കേണ്ടിവന്നു. 1961-ൽ രാമറ്റത്ത് പോത്തൻ, കോഴിമല ബേബി, പാലത്തൂങ്കൽ ജോൺ എന്നീ പെന്തെ ക്കോസ്തു വിശ്വാസികൾ നെല്ലിപ്പൊയി ലിലേക്ക് കുടിയേറിയതോടെ പേക്കുഴി ഭവനത്തിൽ പെന്തെക്കോസ്ത് ആരാധന ശക്തമായി. 1962-ൽ നാരങ്ങാത്തോടിന ടുത്ത് താൽക്കാലികമായി നിർമ്മിച്ച ഷെഡ്ഡിലേക്ക് ആരാധന മാറ്റി. അതി നോടടുത്തുതന്നെ നാട്ടിൽ ശക്തമായി ഒരു ഉണർവ്വുണ്ടാകുകയും 45 പേർ സ്നാനപ്പെട്ട് സഭയോടു ചേരുകയും ചെയ്തു. സ്വതന്ത്രമായി നിന്നിരുന്ന ഈ സഭ അന്ന് എ.ജി. മലബാർ പ്രിസ്ബിറ്റ റായിരുന്ന പാസ്റ്റർ പി.ജെ. സാമുവലു മായി ബന്ധപ്പെട്ട് അസംബ്ലീസ് ഓഫ് ഗോഡിനോടുചേർന്നു. കൊട്ടാരക്കര മാത്യു ഉപദേശി ആയിരുന്നു ആദ്യ പാസ്റ്റർ. പിന്നീട് പാസ്റ്റർ എം. ററി. ഐപ്പ് നിയമിതനായി. ഇന്ന് കുടിയേറ്റ മേഖല യായ നെല്ലിപ്പൊയിലിൽ വിവിധ പെന്തെ ക്കോസ്തു സഭകളിലായി ആയിരത്തോട ടുത്ത് വിശ്വാസികളുണ്ട്. എന്നാൽ അവ രിൽ നൂറുശതമാനത്തോടടുത്തും മദ്ധ്യ തിരുവിതാംകൂറുകാരായ കുടിയേറ്റക്കാരാ ണെന്നത് മറക്കാൻ കഴിയുന്ന വസ്തുത യല്ല.

1961-ൽ നെല്ലിപ്പൊയിലിൽ ആരംഭിച്ച സ്വതന്ത്രകൂട്ടായ്മയിൽപ്പെട്ട ചിലർ പിന്നീട് ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ

*വയനാട് ജില്ലയിലെ*
*ബൈബിൾ സ്കൂൾ*

*മലബാറിൽ പല ജില്ലകളിലായി ധാരാളം ബൈബിൾ സ്കൂളുകൾ ആരംഭിച്ചു തുടങ്ങിയ ഇക്കാലത്ത് വയനാട്ടിൽ ഒരു വേദപാഠശാല മത്രമേയുള്ളു. അതാകട്ടെ വനിതകൾക്കായുള്ള ഒരു ബൈബിൾ സ്കൂളാണ്. 1986-ൽ ബത്തേരിയിലെ മലങ്കരയിൽ ആരംഭിച്ച ഈ ബൈബിൾ സ്കൂളിൽ ഇതിനകം നൂറ്റയൻപതിലധികം സഹോദരിമാർ പഠിച്ച് സുവിശേഷ വേലയ്ക്കിറങ്ങിയിട്ടുണ്ട്. ഇപ്പോൾ ഇരുപതോളം പേർ വേദപഠനം നടത്തുന്നു. ബൈബിൾ സ്കൂളി നോടു ചേർന്ന് നാലു വർഷം മുമ്പ് ആരംഭിച്ച ഞായറാഴ്ച ആരാധനയിൽ നാല്പതോളം പേർ പങ്കെടുക്കുന്നുണ്ട്.*

പ്രദേശിക ഘടകം നാരാങ്ങാത്തോട്ടിൽ ആരംഭിച്ചു. ഈ സഭകളോടനുബന്ധമായി നെല്ലിപ്പൊയിലിൽ പല ഭാഗത്തായി ഇപ്പോൾ സഭാപ്രവർത്തനങ്ങളുണ്ട്.

കോഴിക്കോട് പട്ടണത്തിലെ അസംബ്ലീസ് ഓഫ് ഗോഡ് സഭ ആരംഭിക്കുന്നത് 1968-ൽ നടന്ന എച്ച്. എം. സി. പ്രവർത്തനങ്ങളോടെയാണ്. പ്രശസ്ത സുവിശേഷപ്രസംഗകനായ പാസ്റ്റർ വി. എ. തോമസ് ആയിരുന്നു ആദ്യശുശ്രൂഷകൻ. കുതിരവട്ടത്തു വാടകവീട്ടിലുള്ള ആരാധനയിൽ പത്തോളം പേർ ആരാധനയ്ക്ക് പങ്കെടുത്തിരുന്നു. 1971-മുതൽ പാസ്ററർ റ്റി. സി. വർഗീസ് പ്രവർത്തന ചുമതല ഏറ്റെടുത്തു. 76-ൽ അറുപതിലേറെപ്പേർ സഭാംഗങ്ങളായി ഉണ്ടായിരുന്നു. ററി.സി. വർഗീസിന്റെ കാലത്ത് താമരശ്ശേരിയിലും, പരപ്പനങ്ങാടിയിലും അരീകോട്ടും സഭയുടെ ബ്രാഞ്ച് പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇപ്പോൾ 200-ഓടടുത്ത് ആളുകൾ കോഴിക്കോട് എ.ജി.യിൽ സഭാരാധനയ്ക്ക് കൂടുന്നുണ്ട്.

1977-ലാണ് പാസ്റ്റർ പി.ഡി. ജോൺ കൊയിലാണ്ടിയിൽ പെന്തെക്കോസ്തു പ്രവർത്തകനായെത്തുന്നത്. അദ്ദേഹത്തിന്റെ ബൈബിൾ ബിലിവേഴ്സ് ചർച്ചിൽ ഇപ്പോൾ 50 ലേറെപ്പേർ വിശ്വാസികളാണ്. അതിൽ പകുതിയിലേറെപ്പേർ ഹൈന്ദവ പശ്ചാത്തലത്തിൽ നിന്നും വിശ്വാസമാർഗ്ഗം സ്വീകരിച്ചവരാണ്.

അടുത്തകാലത്താണ് ചർച്ച് ഓഫ് ഗോഡും ശാരോൻ ഫെലോഷിപ്പും കോഴിക്കോട് പട്ടണത്തിലെ പ്രവർത്തനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഇരുകൂട്ടർക്കും പട്ടണത്തിൽതന്നെ സഭകൾ സ്ഥാപിക്കാനായി എങ്കിലും അംഗബലത്തിൽ പട്ടണത്തിലെ ഈ സഭകൾ വളരെ പുറകിലാണ്. (കുടിയേറ്റ പ്രദേശങ്ങളിൽ ഈ സഭകൾക്ക് അംഗബലമുള്ള പ്രാദേശിക ഘടകങ്ങളുണ്ട്.)

മലബാറിലെ കുടിയേറ്റ പ്രദേശങ്ങളിൽ ഐ.പി.സി. യുടെ പ്രവർത്തനമാരംഭിക്കുന്നത് 1950കളിലാണ്. അന്ന് ഏറിയ പങ്കു സഭകളും നിലമ്പൂർ ഭാഗത്തായതിനാൽ മലബാർ പ്രവർത്തനങ്ങളുടെ കേന്ദ്രം മലപ്പുറം ജില്ലയിലെ നിലമ്പൂരായിരുന്നു. പാസ്റ്റർ കെ.എം. ജോൺ മലബാർ സെന്റർ ശുശ്രൂഷകനായി നിലമ്പൂതിൽ തന്നെ താമസിച്ചു. 1973 നവംബർ 3 നു മലബാർ സെന്റർ വിഭജിച്ച് ഒരു ഭാഗം കോഴിക്കോട് സെന്ററിന്റെ കീഴിലാക്കി. കോഴിക്കോട്, വയനാട്, കണ്ണൂർ , കാസർഗോഡ് എന്നീ റവന്യൂജില്ലകളും മലപ്പുറം ജില്ലയുടെ തന്നെ ചില ഭാഗങ്ങളും ആയിരുന്നു. കോഴിക്കോട് സെന്ററിന്റെ കീഴിലുണ്ടായിരുന്നത്. അന്ന് കോഴിക്കോട്, മീൻമുട്ടി, കൊയ്ലേലി, ബത്തേരി, കോളിത്തട്ട് എന്നീ സ്ഥലങ്ങളിൽ ഐ.പി.സി. ക്ക് സഭകളുണ്ടായിരുന്നു. ഇന്നിപ്പോൾ കോഴിക്കോട് സെന്ററിന്റെ കീഴിൽ 18 സഭകളുണ്ട്. എന്നാലതിൽ 12 എണ്ണം മാത്രമേ കോഴിക്കോട് ജില്ലാ അതിർത്തിക്കുള്ളിലുള്ളൂ.

## വയനാട് ജില്ല

കുടിയേററ കർഷകരുടെയിടയിൽ പെന്തെക്കോസ്തർക്ക് ഏറെ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുള്ള മറ്റൊരു ജില്ല യാണ് വയനാട്. അസംബ്ലീസ് ഓഫ് ഗോഡ്, ഐ.പി.സി., ചർച്ച് ഓഫ് ഗോഡ്, ശാരോൻ ഫെലോഷിപ്പ്, ചർച്ച് ഓഫ് ഗോഡ് ഇൻ മലബാർ, ഫുൾ ഗോസ്പൽ ചർച്ച് ഓഫ് ഗോഡ്, ഫുൾ ഗോസ്പൽ പെന്തെക്കോസ്തൽ ചർച്ച് , ന്യൂ ഇന്ത്യാ ബൈബിൾ ചർച്ച്, ബെഥേൽ ഗോസ്പൽ അസംബ്ലി തുടങ്ങി പല സംഘടനകൾക്കായി വയനാട്ടിൽ ഇന്ന് അറുപതോളം സഭകളുണ്ട്. ഗോസ്പൽ ഇൻ ആക്ഷൻ ഫെലോഷിപ്പിനുമുണ്ട് രണ്ട് കുടിവരവുകൾ എല്ലാ സഭകളിലുംകൂടെ രണ്ടായിരത്തിലേറെ വിശ്വാസികൾ! ഇതിൽ ആയിരത്തിലേറെപ്പേർ സഭാംഗങ്ങളായുള്ള അസംബ്ലീസ് ഓഫ് ഗോഡാണ് ആൾബലത്തിൽ ഒന്നാമത്തേത്. നാനൂറ് വിശ്വാസികളുള്ള ഐ.പി.സി. രണ്ടാം സ്ഥാനത്തും.


വയനാട്ടിലെ ആദ്യപ്രവർത്തനം 1948- ൽ പാസ്റ്റർ കെ. വർഗീസ് ആരംഭിച്ച അസംബ്ലീസ് ഓഫ് ഗോഡ് സഭയുടെതാണ്. ആദ്യ ആരാധനയിൽ കണ്ടത്തിൽ യോഹന്നാച്ചൻ, കിഴക്കെപീടികയിൽ സൈമൺ, മിനത്തേൽ വർഗീസ്, പാടിപ്പറമ്പിൽ കുഞ്ഞോമ്മാച്ചൻ എന്നിവരുടെ കുടുംബാംഗങ്ങൾ പങ്കെടുത്തു. 1954 ആയപ്പോഴേക്കും 40ലേറെപ്പേർ അവിടെ ആരാധനയ്ക്ക് കൂടിയിരുന്നു. 1960 -ൽ കെ.ജെ. ജോസഫ് ഇവിടെ ശുശ്രൂഷകനായെത്തി. 62 മുതൽ പാസ്റ്റർ പി. ജെ സാമുവലിന്റെ (കുട്ടപ്പൻ പാസ്റ്റർ) ശുശ്രൂഷാകാലമായിരുന്നു. 64 മുതൽ ശക്തമായ ഉണർവ്വ് സഭയിൽ വ്യാപിച്ചു. സി. എസ്. ഐ. സഭാംഗമായ ഉണ്ണി എന്ന ചങ്ങലയ്ക്കിട്ടു കൊണ്ടു വന്ന മാനസിക

**_പാസ്റ്റർ എം. ഒ. ചാക്കോ_**



*ദീർഘവർഷങ്ങൾ മലബാറിലെ സുവിശേഷകനായിരുന്നു.*

**_പാസ്റ്റർ കെ.എം. തോമസ് (പാപ്പിയുപദേശി)_**



*നിലമ്പൂരിലെ ആദ്യ സുവിശേഷകൻ*

രോഗിയുടെ സൗഖ്യവും പിന്നീട് കൃഷ്ണമണി എന്ന ബ്രാഹ്മണ യുവാവിന്റെ സൗഖ്യവും ദൈവവചനം പരക്കുന്നതിനും സഭയുടെ വളർച്ചയ്ക്കും സഹായകമായി. മാനന്തവാടിയിലെ ഉണർവ്വ് സമീപപ്രദേശങ്ങളായ പാടിച്ചിറ, കാട്ടിക്കുളം, പെരിയകുളിവയൽ എന്നിവിടങ്ങളിലേക്കും വ്യാപിച്ചു.

1956-ൽ പാസ്റ്റർ കെ. വർഗീസ് ആരംഭിച്ച മീനങ്ങാടി സഭയാണ് ജില്ലയിലെ രണ്ടാമത്തെ എ.ജി. കുടിവരവ്. ആദ്യ

ആരാധനയിൽ കിനാലത്ത് മാത്തച്ചൻ, യോഹന്നാച്ചൻ, കുഞ്ഞുവർക്കി എന്നിവർ കുടുംബമായി പങ്കെടുത്തു.

കാട്ടിക്കുളത്ത് പാസ്ററർ പി.ജെ. സാമുവലിന്റെ നേതൃത്വത്തിൽ ആരംഭിച്ച പ്രവർത്തനം എ.ജി. യുടെ മൂന്നാമത്തെ സഭയായി. ഇതിനോടടുത്ത കാലയളവിൽ ഹോം മിഷനറി കൗൺസിലിന്റെ പ്രവർത്തനഫലമായി പാടിച്ചിറിയിലും പ്രവർത്തനം ആരംഭിച്ചു.

വയനാട്ടിലെ ഏറ്റവും വലിയ എ.ജി. സഭ 1977-ൽ പാസ്ററർ കുഞ്ഞുമോൻ ഡാനിയലിന്റെ പ്രവർത്തനഫലമായി ഉടലെടുത്ത ബത്തേരിയിലെ കൂടിവരവാണ്. ആദ്യാരാധനയിൽ കെ.ജെ. ഏലിയാസ്, തോട്ടാമൂല മത്തായിക്കുട്ടി, കുററിയിൽ വർഗീസ്, പൂക്കോട്ട് കുടുംബാംഗങ്ങൾ എന്നിവർ മാത്രമേ സഭാംഗങ്ങളായുണ്ടായിരുന്നുള്ളു. ഇപ്പോൾ ബത്തേരി സഭയിൽ 175 പേർ ആരാധനയ്ക്ക് കൂടിവരുന്നു.

**ഐ.പി.സി. പ്രവർത്തനങ്ങൾ**

വയനാട് ജില്ലയിലെ ആദ്യ ഐ.പി.സി. സഭ കൊയ്ലേരിയിലാണ് ഉടലെടുക്കുന്നത്. അതിനും മുമ്പ് 1968-ൽ പാസ്ററർ എം. ഒ. ചാക്കോ ഉണ്ടയങ്ങാടിയിൽ പ്രവർത്തനത്തിനു വന്നെങ്കിലും 1971-ൽ പ്രവർത്തനം ചങ്ങാടക്കടവിലേക്കുമാറ്റി. ആദ്യ ആരാധനയിൽ ചക്കിട്ടപ്പാറയിൽ കോശി സാമുവലിന്റെ കുടുംബവും മീനത്തേൽ കുടുംബവും പങ്കെടുത്തു. താന്നിക്കൽ വി. വി. വർഗീസിന്റെ വീട്ടിലായിരുന്നു ആരാധന. കുടിയേറ്റക്കാരായ പല കർഷകരും ഈ കാലയളവിൽ പെന്തെക്കോസ്തു വിശ്വാസികളായി. 1977-80 വരെയുള്ള കാലഘട്ടത്തിൽ സഭയിലുണ്ടായ ശക്തമായ ഉണർവ്വിനെത്തുടർന്ന് സമീപപ്രദേശങ്ങളായ വിളമ്പുകണ്ടം, കാപ്പച്ചാൽ, തൃശിലേറി എന്നിവിടങ്ങളിലേക്കും പ്രവർത്തനം വ്യാപിച്ചു.

1973-ൽ ഏപ്രിൽ പാസ്റ്റർ പി. ഡി ജോണിന്റെ പിതാവ് വി.എം. ഡാനിയലിന്റെ ഭവനത്തിലാരംഭിച്ച കൂട്ടായ്മായോഗങ്ങളാണ് ബത്തേരി ഐ.പി.സിയായി രൂപപ്പെട്ടത്. സഭയിലെ ഉണർവിനോടുള്ള ബന്ധത്തിൽ സമീപപ്രദേശങ്ങളായ ചുള്ളിയോട്, ബഡേരി എന്നീ സ്ഥലങ്ങളിലും സഭകൾ സ്ഥാപിതമായി.


മുള്ളങ്കൊല്ലിയാണ് ഐ.പി.സി.യുടെ മറ്റൊരു വയനാടൻ സഭ. നാലാം ക്ലാസ്സു വരെയുള്ള ഒരു സെക്കുലർ സ്കൂളും ഈ സഭ നടത്തുന്നുണ്ട്. ഇത് സഭാപ്രവർത്തനങ്ങളെ കൂടുതൽ സഹായിക്കുന്നു.

പാസ്റ്റർ എം. ജെ. ജോണിന്റെ അദ്ധ്യക്ഷതയിലുള്ള ഫുൾ ഗോസ്പൽ പെന്തെക്കോസ്തൽ ചർച്ചിനു വയനാട്ടിൽ പലയിടങ്ങളിലായി നാല് സഭകളും നൂറ്റിയമ്പതു വിശ്വാസികളുമുണ്ട്. മുളക്കുഴ ചർച്ച് ഓഫ് ഗോഡിനു മൂന്നു സഭകളും അമ്പതിലേറെ വിശ്വാസികളുമുണ്ട്. ഫുൾ ഗോസ്പൽ ചർച്ച് ഓഫ് ഗോഡ് എന്ന മറ്റൊരു സ്വതന്ത്രസഭയ്ക്ക് 8 പ്രാദേശിക കുടിവരവുകളുണ്ട്. ചർച്ച് ഓഫ് ഗോഡ് ഇൻ മലബാർ, ശാരോൻ ഫെലോഷിപ്പ്, ന്യൂ ഇന്ത്യാ ബൈബിൾ ചർച്ച് , ബെഥേൽ ഗോസ്പൽ അസംബ്ലി, ഗോസ്പൽ ഇൻ ആക്ഷൻ ഫെലോഷിപ്പ് എന്നിവർക്കും ജില്ലയിൽ സഭകളുണ്ട്.


**നിലമ്പൂർ**

1950-ലെ മാരാമൺ കൺവൻഷൻ. മാർത്തോമ്മാ സഭയിലെ പ്ലാവുങ്കൽ അച്ചൻ കൺവൻഷൻ പന്തലിൽ ഒരു പ്രഖ്യാപനം നടത്തി-മലബാറിൽ കുടിയേറുവാൻ താല്പര്യപ്പെടുന്നവർക്ക് സുവർണ്ണാവസരം. 1000 രൂപ കൊടുത്താൽ അഞ്ച് ഏക്കർ ഭൂമി നൽകാം. ആദ്യം ബുക്ക് ചെയ്യുന്ന 50 പേർക്കു

*നിലമ്പൂരിലെ ആദ്യ*
*കുടിയേറ്റക്കാരിൽ ചിലർ*



***മുളങ്കുഴിയിൽ ബേബിച്ചൻ***



***ചെള്ളേത്ത് കുട്ടപ്പൻ***

മാത്രമേ അവസരമുള്ളു! കുമ്പനാട്, കോഴഞ്ചേരി ഭാഗത്തെ മാർത്തോമ്മാക്കാരിൽ പലരും ഉള്ളതെല്ലാം വിററു പെറുക്കി 1000 രൂപയുണ്ടാക്കി പ്ലാവുങ്കൽ അച്ചനെ ഏൽപിച്ചു. ആ കൂട്ടത്തിൽ കുമ്പനാട്ടെ ഐ.പി.സി. വിശ്വാസിയായ മുളങ്കുഴിയിൽ കുട്ടിയച്ചന്റെ മൂത്തമകൻ എം.എം. വർക്കി എന്ന ബേബിച്ചനും മലബാറിലേക്കു കുടിയേറാൻ ബുക്ക് ചെയ്തു.


എല്ലാം തയ്യാറായികഴിഞ്ഞപ്പോൾ പ്ലാവുങ്കലച്ചൻ എല്ലാവരെയും വിളിച്ചുകൂട്ടി വീണ്ടുമൊരു പ്രഖ്യാപനം: "നിലമ്പൂരിൽ നാം വാങ്ങുന്ന സ്ഥലം മാർത്തോമ്മാ കോളനിയായിരിക്കും. കോളനിക്കകത്ത് പള്ളിയും സ്കൂളും സ്ഥാപിക്കും. ഏതു സഭക്കാരുനും അവിടെ വന്നാൽ മാർത്തോമ്മാക്കാരുമായി സഹകരിച്ചു മുൻപോട്ടുപോകണം. മാർത്തോമ്മാക്കാരനായി ജീവിക്കണം."

ഈ നിബന്ധന മുളങ്കുഴി ബേബിച്ചനെന്ന പെന്തെക്കോസ്തുകാരൻ ചെറുപ്പക്കാരന് അംഗീകരിക്കാൻ ബുദ്ധിമുട്ടുണ്ടായിരുന്നു. എന്നാലയാൾ പിൻമാറാൻ തയ്യാറായില്ല. അദ്ദേഹം, ആ സംഘത്തിൽ നിന്ന് മാറി മററു ചിലരുമായി ചേർന്ന്, മാർത്തോമ്മാ സംഘം നിലമ്പൂരിലേക്ക് യാത്രയായ കൂട്ടത്തിൽ മലബാറിലെത്തുകയും മാർത്തോമ്മാ കോളനിയിൽ നിന്ന് മാറി നിലമ്പൂരിൽ 'വീട്ടിക്കുത്ത്' എന്ന സ്ഥലത്ത് താമസമാക്കുകയും ചെയ്തു.

എന്നാൽ, നിലമ്പൂരിൽ നിന്ന് പടിഞ്ഞാറ് മാറി കരിംപുഴയുടെ തീരത്തെ ഫലഭൂയിഷ്ടമായ 250 ഏക്കർ സ്ഥലത്ത് സ്ഥാപിച്ച മാർത്തോമ്മാ കോളനിയിൽ നിന്ന് പെന്തെക്കോസ്തരെ പൂർണ്ണമായി ഒഴിവാക്കുവാൻ പ്ലാവുങ്കൽ അച്ചനു സാധിച്ചില്ല. ഉള്ളൂർ പുത്തൻപുരയ്ക്കൽ കെ. എം. തോമസ് എന്ന പാപ്പിയുപദേശി, തന്റെ സഹോദരൻ ഉണ്ണിച്ചൻ മുഖാന്തരം കോളനിയിൽ സ്ഥലം വാങ്ങി. അന്ന് അദ്ദേഹം ചർച്ച് ഓഫ് ഗോഡിലെ അഗീകൃത ശുശ്രൂഷകനായിരുന്നു. ഇദ്ദേഹത്തെ കൂടാതെ ചെള്ളേത്ത് കുട്ടപ്പനും, കുടുംബവും അഞ്ചനാട്ട് കൊച്ചുകുഞ്ഞ് എന്നിവരും പെന്തെക്കോസ്തുകാരായിത്തന്നെ കോളനിയിൽ എത്തി.

കോളനി സ്ഥാപിച്ചതോടെ കൃഷിയും കന്നുകാലി വളർത്തലുമായി എല്ലാവരും തിരക്കിലായി. ഇതിനിടയിൽ ഉള്ളൂർ കെ. എം. തോമസ് പെന്തെക്കോസ്തു

# അരശതാബ്ദിയിലെ മലബാർ ശുശ്രൂഷയുമായി പാസ്റ്റർ പി.ജെ. സാമുവൽ



*മലബാറിലെ പല സഭകളുടെയും വളർച്ചയ്ക്ക് ദൈവം കരങ്ങളിലെടുത്തുപയോഗിച്ച കൂട്ടപ്പൻ പാസ്ററാണ് ചെങ്ങോത്ത്, ഓഞ്ഞിൽ , കാട്ടിക്കുളം, പാടിച്ചിറ, നെല്ലിപ്പൊയിൽ എന്നീ അസംബ്ലീസ് ഓഫ് ഗോഡ് സഭകളുടെ പ്രാരംഭകൻ. 1943-ലാണ് തന്റെ 23-ാം വയസ്സിൽ അദ്ദേഹം എ.ജി. യുമായി ബന്ധപ്പെട്ട് മലബാറിൽ സുവിശേഷവേലയ്ക്കായി വരുന്നത്. ഈ 50 വർഷത്തെ ശുശ്രൂഷയ്ക്കിടയിൽ അദ്ദേഹം 1100 പേരെ സ്നാനപ്പെടുത്തിയിട്ടുണ്ട്. 700-ലേറെ വിവാഹങ്ങൾ നടത്തിയിട്ടുണ്ട്. മലബാറിലെന്നല്ല, കേരളത്തിൽത്തന്നെ ഇങ്ങനെയൊരു ശുശ്രൂഷാപദവി അവകാശപ്പെടാനാകുന്നത് വിരിലിൽ എണ്ണാവുന്നതിൽ താഴെ മാത്രം ആളുകൾക്കായിരിക്കും.*

*1962-82 വരെയുള്ള കാലഘട്ടത്തിൽ പാസ്റ്റർ സാമുവൽ മലബാർ എ.ജി. യുടെ പ്രിസ്ബിറ്ററായിരിക്കുമ്പോൾ എച്ച്. എം.സി. പ്രവർത്തനങ്ങൾ മുഖാന്തരം 29 സ്ഥലങ്ങളിൽ പെന്തെക്കോസ്തു പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 1963-82 വരെ അദ്ദേഹം എ.ജി. യുടെ സംസ്ഥാന എക്സിക്യൂട്ടിവ് കമ്മറ്റിയംഗം ആയിരുന്നു. 1982-87 വരെ അമേരിക്കയിലെ ഹൂസ്റ്റൺ താബോർ സഭയുടെ പാസ്റ്ററായി അദ്ദേഹം നിയമിതനായി. 1987 മുതൽ വയനാട്ടിൽ മടങ്ങിയെത്തി മാനന്തവാടിയിൽ തോണിച്ചാൽ എ.ജി. സഭയുടെ ശുശ്രൂഷകനായിരുന്നു.*

*കാർത്തികപ്പള്ളി പാണ്ടിയാലയ്ക്കൽ ജോണിന്റെയും റാഹേലമ്മയുടെയും മകനായി 1920 മെയ് 24നു ജനിച്ച പി.ജെ. സാമുവൽ മാർത്തോമ്മാ സഭയിലായിരിക്കുമ്പോൾ 16-ാംവയസ്സിൽ മുത്താംപാക്കൽ കൊച്ചുകുഞ്ഞുപദേശിയുടെ പ്രസംഗം കേട്ടാണ് രക്ഷിക്കപ്പെട്ടത്. അതേവർഷം തന്നെ പരിശുദ്ധാത്മസ്നാനം പ്രാപിച്ചു. 17-ാം വയസ്സിൽ, 1937-ൽ സ്നാനപ്പെട്ടു.*

പ്രവർത്തനം കോളനിക്കകത്ത് ആരംഭിക്കുകയും ചെയ്തു. എതിർപ്പുകൾ ഉണ്ടായിരുന്നെങ്കിലും അദ്ദേഹം വീടുകളിൽ മാറി മാറി ആരാധന നടത്തി. അങ്ങനെ നിലമ്പൂരിൽ ആദ്യ പെന്തെക്കോസ്ത് ആരാധന 1951-ൽ ആരംഭിച്ചു.

ഇന്നു പഴയ മാർത്തോമ്മാ കോളനി അതുപോലെ നിലനിൽക്കുന്നു. ജനങ്ങൾ ഏറെ സമ്പന്നരായി എന്നതൊഴിച്ചാൽ ഒരു കള്ളുഷാപ്പുപോലും ഇന്നും ആ കോളനിയിലില്ല. എന്നാൽ മാർത്തോമ്മാക്കാരുടെ ആ കോളനിയിൽ ഇന്ന് രണ്ട് വലിയ പെന്തെക്കോസ്തു കൂട്ടങ്ങൾ ഉണ്ട്. ഒന്ന് ഐ.പി.സി. യും മറ്റൊന്ന് ചർച്ച് ഓഫ് ഗോഡും. കോളനിയുടെ അതിരിൽ മറ്റു രണ്ട് പെന്തെക്കോസ്തു ആരാധനകളും ആരംഭിച്ചു. ആ കോളനി ഇന്നൊരു പെന്തെക്കോസ്തു കോളനിയുടെ രൂപഭാവങ്ങൾ കാട്ടിത്തുടങ്ങിയിട്ടുണ്ട്.

നിലമ്പൂർ വീട്ടുക്കുത്തിലെത്തിയ മുളങ്കുഴി ബേബിച്ചനും വെറുതെയിരുന്നില്ല. അദ്ദേഹം 1950-51 കാലത്ത് നിലമ്പൂരിൽ മറ്റു ചിലരുമായി ചേർന്ന് ഐ.പിസി. യുടെ വേല ആരംഭിച്ചു 1955-ൽ റാന്നിയിൽ നിന്ന് ജോൺ ഉപദേശി അവിടെ വരികയും 3 വർഷം ആ സഭയുടെ ശുശ്രൂഷവഹിക്കുകയും ചെയ്തു. അതോടെ സഭ വളർന്നു തുടങ്ങി.

പുല്ലഞ്ചേരിയിൽ കോളനി ആരംഭിച്ച് കുടിയേറിയവരുടെ ചരിത്രം കുമ്പനാട് ഭാഗത്ത് വലിയ വാർത്തയായി. മലബാറിലേക്ക്, പ്രത്യേകിച്ച് നിലമ്പൂർ ഭാഗത്തേക്ക് കുടിയേറ്റക്കാർ പിന്നീട് ഒഴുകിയെത്തുകയായിരുന്നു. വിശാലമായ ഏറനാടു താലൂക്കിന്റെ പശിമയുള്ള മണ്ണ് പൊന്നാക്കി മാറ്റാമെന്നറിഞ്ഞ സുറിയാനി ക്രിസ്ത്യാനികൾ അക്ഷരാർത്ഥത്തിൽ നിലമ്പൂരിനെ കീഴടക്കുകയായിരുന്നു. നിലമ്പൂർ, ചുങ്കത്തറ, പാലാങ്കര, പനമണ്ണ്, വട്ടപ്പാടം, കരുളായി, എടക്കര എന്നു വേണ്ട കുടിയേറ്റക്കാരൻ ഏറനാടിന്റെ മുക്കും മൂലയും കീഴടക്കി.

1950 കാലത്തുതന്നെ നിലമ്പൂരിലെത്തിയ മറ്റൊരു പെന്തെക്കോസ്തു കുടുംബമാണ് പി. ഇ. ഡേവിഡിന്റേത്. പാലാങ്കരയാണ് അവർ കേന്ദ്രീകരിച്ചത്. ഡേവിഡ് സാർ എന്നറിയപ്പെട്ടിരുന്ന അദ്ദേഹവും ജ്യേഷ്ഠൻ ഈശോച്ചനും ആദ്യകാല പെന്തെക്കോസ്തരിൽ പ്രമുഖരാണ്.

1960കളുടെ ആരംഭത്തിലാണ് ഐ.പി.സി. യുടെ കേന്ദ്രനേതൃത്വം നിലമ്പൂരിലേക്ക് പാസ്റ്റർ കെ. എം. ജോണിനെ അയയ്ക്കുന്നത്. അദ്ദേഹമാണ് നിലമ്പൂർ ഐ.പി.സി. പ്രവർത്തനത്തിന് അടിത്തറയിട്ടതും, വളർത്തി ഒരു ശക്തിയാക്കിയതും. അദ്ദേഹത്തെ തുടർന്ന് ഇപ്പോൾ പാസ്റ്റർ വി.ജെ. ജോർജ്ജ് നിലമ്പൂരിൽ പ്രവർത്തിക്കുന്നു.

ഇന്ന് നിലമ്പൂരിൽ 70ലധികം പെന്തെക്കോസ്തു സഭകളുണ്ട്. മലബാറിൽ പെന്തെക്കോസ്തർ ഏറ്റവും കൂടുതലുള്ള പ്രദേശം നിലമ്പൂരാണ്. ഐ.പി.സി., ചർച്ച് ഓഫ് ഗോഡ്, അസംബ്ലീസ് ഓഫ് ഗോഡ്, ശാരോൻ, ന്യൂ ഇന്ത്യാ ചർച്ച് എന്നീ സഭകൾ ഇവിടെ സജീവമായി പ്രവർത്തിക്കുന്നു. രണ്ട് ബൈബിൾ സ്കൂളുകളും നിലവിലുണ്ട്. ചുങ്കത്തറയിൽ മലബാർ മിഷനറി ട്രെയിനിംഗ് സെന്ററും, എടക്കരയിൽ ഐ.പി.സി. നിലമ്പൂർ ഡിസ്ട്രിക്ട് നടത്തുന്ന ബൈബിൾ സ്കൂളും.

മലപ്പുറം ജില്ലയിലെ പ്രവർത്തനങ്ങൾ ആദ്യകാലത്ത് നിലമ്പൂരിൽ മാത്രം ഒതുങ്ങിനിന്നെങ്കിലും, 1950കളുടെ അവസാനത്തോടെ മുസ്ലീങ്ങൾ തിങ്ങിപ്പാർക്കുന്ന പെരിന്തൽമണ്ണയ്ക്കടുത്ത് അങ്ങാടിപ്പുറത്ത് പാസ്റ്റർ എം. ഒ. ചാക്കോ ഐ.പി.സി.യുടെ പ്രവർത്തനം ആരംഭി

ച്ചു. ഇപ്പോൾ മലപ്പുറം ജില്ലയിലെ കുടിയേറ്റ പ്രദേശങ്ങളിലെല്ലാം സജീവമായി പെന്തെക്കോസ്തു സഭകളുണ്ട്.

## പാലക്കാട് ജില്ല

1935-ൽ ഈഡി മദാമ്മയുടെ പ്രവർത്തന ഫലമായി കണ്ണൂരിൽ വച്ച് രക്ഷിക്കപ്പെട്ട പാസ്ററർ പി.ഇ. യേശുദാസൻ 1940നു മുമ്പു തന്നെ പാലക്കാട്ടുവന്ന് പ്രവർത്തനം ആരംഭിച്ചിരുന്നു. ഈഡി മദാമ്മ രണ്ടാം ലോകമഹായുദ്ധത്തോടു ബന്ധപ്പെട്ട് കേരളം വിട്ടുപോയ സമയമായിരുന്നു അത്. 1940നു ശേഷം പാസ്ററർ കെ. വർഗീസ് പാലക്കാട് പട്ടണത്തിൽ താമസമാരംഭിച്ചു. ഇക്കാലത്ത് മലബാറിലെ പ്രവർത്തനങ്ങൾ ലക്ഷ്യമാക്കി അസംബ്ലീസ് ഓഫ് ഗോഡ് മിഷനറിയായിരുന്ന ഡേവിഡ് സായ്പ് സുവിശേഷ പ്രവർത്തനങ്ങൾക്കായി പാലക്കാട്ട് എത്തി. യേശുദാസൻ, കെ. വർഗീസ് എന്നിവർ സായ്പിനോടൊത്തു പ്രവർത്തിച്ചതിന്റെ ഫലമായി പാലക്കാട് പട്ടണത്തിൽ ഒരു കുടിവരവ് സ്ഥാപിതമായി. മലബാർ പ്രദേശത്ത് എ.ജി.യുടെ ഒരു സംഘടിത പ്രവർത്തനം ആദ്യമുണ്ടാകുന്നത് പാലക്കാട് പട്ടണത്തിലാണ്. അവിടെനിന്ന് പ്രവർത്തനങ്ങൾ പല സ്ഥലത്തേക്ക് വ്യാപിച്ചു എങ്കിലും, പട്ടണത്തിലെ വേല ക്രമേണ ശുഷ്കമായിപ്പോയി. പിന്നീട് 1970കളിലാണ് പാലക്കാട് എ.ജി.ക്ക് ഒരു നവോത്ഥാനമുണ്ടാകുന്നത്.

1953-ൽ മണ്ണാർക്കാട് താലൂക്കിൽ ഒരു പെന്തെക്കോസ്തു കൂട്ടായ്മ ആരംഭിക്കുകയുണ്ടായി. മദ്ധ്യതിരുവിതാംകൂറിൽ നിന്നും കുടിയേറിയ എ.സി. ജോഷായും കുടുംബവുമാണ് ഈ കൂട്ടായ്മയ്ക്ക് മുഖാന്തരമായത്. അദ്ദേഹമിപ്പോൾ മണ്ണാർക്കാട് ചിറയ്ക്കൽപ്പടി അസംബ്ലീസ് ഓഫ് ഗോഡ് സഭാംഗമാണ്. 50കളുടെ ഒടുവിലും 60കളുടെ ആരംഭത്തിലുമായി മണ്ണാർക്കാടിന്റെ പരിസരപ്രദേശങ്ങളായ കാഞ്ഞിരപ്പുഴ, തച്ചൻപ്പാറ (ചൂരിയോട്) തുടങ്ങിയ സ്ഥലങ്ങളിലേക്കും പ്രവർത്തനം വ്യാപിച്ചു. ഈ പ്രദേശങ്ങളിൽ പിന്നീട് ഐ.പി.സി. യുടെയും ചർച്ച് ഓഫ് ഗോഡിന്റെയും പ്രവർത്തനങ്ങളുണ്ടായി

1961-ലാണ് പാസ്റ്റർ എം.വി. കോശി പെന്തെക്കോസ്തു പ്രവർത്തനങ്ങൾക്കായി കാഞ്ഞിരപ്പുഴയിൽ എത്തിയത്. അദ്ദേഹത്തിന്റെ പ്രവർത്തനഫലമായി ജില്ലവിട്ടുള്ള സ്ഥലങ്ങളിൽപോലും ചർച്ച് ഓഫ് ഗോഡിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. (1975-ൽ ചർച്ച് ഓഫ് ഗോഡ് വിട്ടുപോയി. പത്തു വർഷം പെന്തെക്കോസ്തൽ അസംബ്ലി എന്ന പേരിൽ സ്വതന്ത്രമായി പ്രവർത്തിച്ചു. 1985-ൽ അദ്ദേഹം ന്യൂ ഇന്ത്യാ ദൈവസഭയിൽ ചേർന്ന് ഇപ്പോൾ ജില്ലയിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നു.)

ഐ.പി.സി.യുടെ പ്രവർത്തനം ജില്ലയിൽ ആദ്യമാരംഭിക്കുന്നത് ചാലിശ്ശേരിയിലാണ്. 1941 മുതൽ പഴഞ്ഞി ഐ.പി.സി. യുടെ ഔട്ട് സ്റ്റേഷൻ എന്ന നിലയിൽ ആരംഭിച്ച പ്രവർത്തനത്തിന് അന്ന് തൃശ്ശൂർ ജില്ലയിലെ ഐ.പി.സി. പ്രവർത്തകരെല്ലാം സഹകരണം കൊടുത്തിരുന്നു. കുററപ്പുഴ കുര്യച്ചൻ, കെ.ഇ. ഏബ്രഹാം, കെ.സി. ചെറിയാൻ എന്നിവരൊക്കെ പ്രാരംഭ അവസരങ്ങളിൽ ചാലിശ്ശേരിയിൽ വന്ന് പ്രവർത്തനം നടത്തിയിട്ടുണ്ട്. ആദ്യകാലത്ത് പാസ്ററർ വി.കെ. ഏബ്രഹാം ആയിരുന്നു സഭയുടെ ശുശ്രൂഷകൻ, പ്രവർത്തനത്തിനിടയിൽ അദ്ദേഹത്തിനു പല ഉപദ്രവങ്ങളും സഹിക്കേണ്ടി വന്നിട്ടുണ്ട്. റ്റി.വി. മാത്യു സന്യാസിയും ആദ്യകാലത്ത് ചാലിശ്ശേരിയിൽ പ്രവർത്തിച്ച വ്യക്തിയാണ്.

1949-ൽ പാസ്ററർ ഒ.പി. കുര്യാക്കോ

സ് വടക്കുംചേരിയിൽ ഐ.പി.സി. യുടെ ഒരു പ്രവർത്തനമാരംഭിച്ചു. പാസ്ററർ റ്റി.പി.പോൾ ഇപ്പോഴത്തെ തൃശ്ശൂർ സെന്റർ ശുശ്രൂഷകനായ പാസ്റ്റർ എ.ഐ. ജോസഫ്, തണ്ണിനാൽ മത്തായി പാസ്ററർ, ഒ.പി. ഏലിയാമ്മ സഹോദരി തുടങ്ങിയവരായിരുന്നു ആദ്യകാല പ്രവർത്തകർ. പിന്നീട് തേനിടുക്ക് എന്ന സ്ഥലത്തേക്ക് പ്രവർത്തനം മാറ്റി. അവിടെ നിന്നും വാൽക്കുളമ്പ്, കയറാടി, കാലം ഞ്ചിറ, മംഗലംഡാം, കണ്ണയ്ക്കൽ തുരുത്തി, ആലത്തൂർ എന്നിവിടങ്ങളിലേക്ക് പ്രവർത്തനം വ്യാപിച്ചു. തേനിടുക്കിലെ ആദ്യകാല പ്രവർത്തകർ പാസ്റ്റർ എ.എം. തോമസ് (കുഞ്ഞൂട്ടി ഉപ ദേശി), പാസ്ററർ സി.ഐ. കുര്യൻ, വർഗീസ് ഉപദേശി എന്നിവരായിരുന്നു.

1962-64 വരെ പാസ്ററർ എം. ഒ. ചാക്കോ മണ്ണാർക്കാടിനു സമീപം ചുരിയോട് (തച്ചംപാറ)താമസിച്ചുകൊണ്ട് ഐ.പി.സി. പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചു. 67 മുതൽ പാസ്റ്റർ എം.വി.മത്തായി ത്ചചം പാറിയൽ പ്രവർത്തനത്തോടുല്ള ബന്ധത്തിൽ എത്തിച്ചേർന്നു. പിറ്റെ വർഷം പാസ്റ്റർ കെ. പി. വർഗീസും പാലക്കാട്ട് എത്തി. കല്ലടിക്കോട്ട് താമസിച്ചുകൊണ്ട് പ്രവർത്തനം തുടങ്ങി. കരിമ്പ സഭ ഉടലെടുക്കുന്നത് ഇദ്ദേഹത്തിന്റെ കാലത്താണ്. എം.വി.മത്തായി, കെ.പി. വർഗീസ് എന്നിവരുടെ പ്രവർത്തനഫലമായി പാലക്കാട് ജില്ലയുടെ വിവിധ ഭാഗങ്ങളിലേക്ക് ഐ.പി.സി.യുടെ പ്രവർത്തനം വ്യാപിച്ചു.

പാസ്ററർ കെ.ജെ. തോമസ് 1965-ൽ പെരിന്തൽമണ്ണയ്ക്ക് സമീപം ആനമങ്ങാട്ട് താമസിച്ചുകൊണ്ട് പെന്തെക്കോസ്തു പ്രവർത്തനങ്ങൾ നടത്തിയിരുന്നു. 68 മുതൽ കോങ്ങാട്, കല്ലേക്കുളങ്ങര എന്നി വിടങ്ങളിലേക്ക് പ്രവർത്തനം

***പാസ്ററർ പി.ഇ. യേശുദാസൻ***



*മലബാർ-തമിഴ്നാടുകളിൽ സഞ്ചാര സുവിശേഷകനായിരുന്ന പലക്കാട് സ്വദേശി ഇമ്മാനുവൽ പോളിന്റെ മകൻ പി. ഇ. യേശുദാസൻ കണ്ണൂരിൽ ഒരു പ്രസ്സ് മാനേജരായി ജോലി നോക്കുമ്പോഴാണ് സുവിശേഷവേലയ്ക്ക് വിളിയുണ്ടാകുന്നത്. അന്ന്, അദ്ദേഹം അംഗമായിരുന്ന ആൻഡേഴ്സൺ ചർച്ച് ഓഫ് ഗോഡ് സഭയുടെ സുവിശേഷകനായി കണ്ണൂരിൽ താമസിച്ചു പ്രവർത്തിക്കുമ്പോൾ, 1930 കളിൽ മിസ്. ഈഡി പെന്തെക്കോസ്ത് മിഷനറിയായി അവിടെ എത്തിച്ചേർന്നു. അവരുമായുള്ള സഹകരണം പാസ്ററർ യേശുദാസിനെ പെന്തെക്കോസ്ത് വിശ്വാസിയാക്കി മിസ്. ഈഡി മടങ്ങിയപ്പോൾ തൽസ്ഥാനത്ത് മിഷനിയായെത്തിയത് അസംബ്ലീസ് ഓഫ് ഗോഡിലെ ഡബ്ലിയു .ഇ. ഡേവിഡ് സായ്പാണ്. അദ്ദേഹം പാസ്ററർ യേശുദാസിനെ പാലക്കാട് ജില്ലയിലെ സുവിശേഷ പ്രവർത്തനത്തിനായി നിയോഗിച്ചു. 1938 മുതൽ യേശുദാസൻ പാലക്കാട് പ്രവർത്തനംമാരംഭിച്ചു. 1946-ൽ ഓക്ടോബർ 8നു ജോൺ ബർജ്ജസ് പാസ്ററർ യേശുദാസിനെ ഓർഡെയ്ൻ ചെയ്തു. വില്യം മണ്ടോടിയുടെ പുത്രി മാർഗരറ്റായിരുന്നു പാസ്റ്റർ യേശുദാസിന്റെ ഭാര്യ. 1950 ജൂലൈ 16നു അദ്ദേഹം കർത്താവിൽ നിദ്രപ്രാപിച്ചു.*

വ്യാപിപ്പിച്ചു. 70 മുതൽ ഒലവക്കോട്ട് താമസിച്ചു പ്രവർത്തിച്ച പാസ്റ്റർ തോമസ് 1984-ൽ നിത്യതയിൽ ചേർക്കപ്പെട്ടു.

1960 മുതൽ ജില്ലയിലെ ഷൊർണ്ണൂർ ഭാഗങ്ങളിലും പെന്തെക്കോസ്തു പ്രവർത്തനങ്ങൾ നടന്നിരുന്നു. പാസ്റ്റർ പി. സെഡ്. പോൾ 1960കളിൽ വാണിയംകുളത്ത് താമസിച്ചുപ്രവർത്തിച്ചിരുന്നു. 1965 മെയ് 12നു ഷൊർണ്ണൂർ ഐ.പി.സി.യുടെ ആദ്യ ആരാധന തുടങ്ങി. ററി. വി. മാത്യു സന്യാസി, കെ.വി. ചുമ്മാരുപദേശി, പാസ്ററർ കെ. ജെ. തോമസ് എന്നിവർ ആദ്യകാലത്ത് ഈ പ്രവർത്തനങ്ങളിൽ സഹകരിച്ചവരാണ്. പാസ്ററർ പി.ഡി. മാത്തുണ്ണി മാസ്ററർ 1966മുതൽ ഷൊർണ്ണൂരിൽ മകൻ കെ.എം. ബേബിയോടൊപ്പം താമസിച്ചു തുടങ്ങിയത് ആ ഭാഗങ്ങളിലെ വേലയ്ക്ക് കൂടുതൽ ഉത്തേജകമായി.

1972 മുതൽ പാലക്കാട് ടൗണിലെ അസംബ്ലീസ് ഓഫ് ഗോഡ് പ്രവർത്തനങ്ങൾ പുനരാരംഭിച്ചു. ആദ്യം പാസ്റ്റർ എ.സി. ജോൺ ചില മാസങ്ങളും പിന്നീട് ഇപ്പോഴത്തെ സെക്ഷൻ സൂപ്രണ്ട് പാസ്ററർ ടി.ജെ. സാമുവൽ ആറുമാസത്തോളവും അവിടെ പ്രവർത്തിച്ചു.

പാസ്റ്റർ പി.ഡി. ജേക്കബ് 1973-ൽ പാലക്കാട്ടെ അസംബ്ലീസ് ഓഫ് ഗോഡിന്റെ പ്രവർത്തനം ഏറ്റെടുത്തു. 8 വർഷം അദ്ദേഹം പട്ടണത്തിലുണ്ടായിരുന്നു. ഇക്കാലത്താണ് പാലക്കാട്ട് എ.ജി.യുടെ പുതിയ സഭാ ഹോൾ സ്ഥാപിതമാകുന്നത്. ഇപ്പോൾ അദ്ദേഹം മുണ്ടൂരിൽ താമസിച്ചു പ്രവർത്തിക്കുന്നു. ദീർഘ വർഷങ്ങൾ സിലോൺ പെന്തെക്കോസ്തു പ്രവർത്തകനായിരുന്ന പാസ്റ്റർ പി. പി. മാത്യു ഒലവക്കോട്ട് താമസിച്ചു. 1976 മുതൽ അദ്ദേഹം ഒരു സഭാകുടിവരവ് നടത്തുന്നുണ്ട്.

**അട്ടപ്പാടിയിലെ പ്രവർത്തനം**

കേരളത്തിലെ ഏറ്റവും വലിയ ആദിവാസി കേന്ദ്രമായാണ് അട്ടപ്പാടി അറിയപ്പെടുന്നത്. 750 ചതുരശ്രമൈൽ ചുററളവുള്ള പാലക്കാട് ജില്ലയിലെ ഈ പ്രദേശത്ത് നൂറുകണക്കിനു കുടിലുകളിലായി പ്രധാനമായും ഇരുളർ, മുതവർ എന്നീ രണ്ട് ഗോത്രവർഗ്ഗജനതയാണ് താമസിക്കുന്നത്. എന്നാലിന്ന് ആദിവാസകൾ മാത്രമല്ല അട്ടപ്പാടിയിലെ താമസക്കാർ. കന്നിമണ്ണുതേടി കുടിയേറ്റം നടത്തിയ തിരുവിതാംകൂറുകാരും കൊച്ചിക്കാരുമായ ആയിരക്കണക്കിനാളുകൾ അട്ടപ്പാടിയുടെ വിവിധ കുടിയേറ്റ കേന്ദ്രങ്ങളിലായി അധിവസിക്കുന്നുണ്ട്. അട്ടപ്പാടിയിലെ സഭകളിൽ 90 ശതമാനവും കുടിയേറ്റക്കാരെ ഉദ്ദേശിച്ച് നടത്തുന്നവയാണ്. 1970കളുടെ ആരംഭം മുതൽ കുടിയേറ്റ പ്രദേശങ്ങളിൽ മുഖ്യധാരാ സഭകൾ പ്രവർത്തിച്ചു തുടങ്ങി. ചുരുക്കം ചില സഭകൾ ആവിർഭവിച്ചെങ്കിൽത്തന്നെ 80കൾക്കുശേഷമാണ് അട്ടപ്പാടിയിൽ സഭകൾ ശക്തമാകുന്നത്. ഇന്നിപ്പോൾ ഐ.പി.സി. ക്ക് കൽക്കണ്ടി, ചോലക്കാട്, മുണ്ടൻപാറ മേലെക്കണ്ടിയൂർ, മാമന, നെല്ലപ്പതി, ചിററൂർ, വയലൂർ, പുതൂർ, കോട്ടത്തറ, ഷോളിയൂർ, കാരര, കോഴിക്കൂടം തുടങ്ങിയ സ്ഥലങ്ങളിലും അസംബ്ലീസ് ഓഫ് ഗോഡിന് ദോണിഗുണ്ട്, പുലിയറ തുടങ്ങിയ സ്ഥലങ്ങളിലും ചർച്ച് ഓഫ് ഗോഡ് ഡിവിഷനു മുണ്ടൻ പാറ, ചിറ്റൂർ എന്നിവിടങ്ങളിലും സഭകളുണ്ട്. പാക്കുളം, കള്ളമല തുടങ്ങിയ സ്ഥലങ്ങളിലും അടുത്തകാലത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

പാസ്റ്റർ എം.വി. മത്തായി, കെ.പി. വർഗീസ് തുടങ്ങിയവരായിരുന്നു. ആദ്യകാലത്ത് അട്ടപ്പാടിയിലെ പ്രവർത്തനങ്ങൾക്ക് താൽപര്യമെടുത്തവർ 1985നുശേഷം

പാസ്റ്റർ ബഞ്ചമിൻ തോമസ് അട്ടപ്പാടിയിലെ പല സ്ഥലങ്ങളിലും പ്രവർത്തിച്ചു തുടങ്ങി. അട്ടപ്പാടിയിലേക്ക് സുവിശേഷകരെ പരിശീലിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 1991 മുതൽ പാലക്കാട്ട് 'ഗ്രേസ് സ്കൂൾ ഓഫ് ഇവാഞ്ചലിസം' എന്ന പേരിൽ അദ്ദേഹം ഒരു വേദപഠനശാലയും നടത്തുന്നുണ്ട്.

**ആദിവാസികസഭകൾ**


മുഖ്യധാരാസഭകൾ മിക്കപ്പോഴും കുടിയേറ്റക്കാരുടെയിടയിൽ മാത്രം പ്രവർത്തനം ഒതുക്കിയപ്പോൾ ആദിവാസികളുടേതു മാത്രമായ പ്രവർത്തനം എന്ന ലക്ഷ്യത്തോടെ ട്രൈബൽ മിഷൻ രംഗത്തെത്തി. ആദ്യമൊക്കെ ആദിവാസികളുടെ സാമൂഹിക ഉന്നമനത്തിനും സുവിശേഷീകരണത്തിനും മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചിരുന്ന ട്രൈബൽ മിഷൻ ഇപ്പോൾ സഭാസ്ഥാപനത്തിനും പ്രാധാന്യം നൽകുന്നുണ്ട്. സഭാ വിഭാഗവ്യത്യാസമില്ലാത്ത ഒരു സംഘമാണ് ട്രൈബൽ മിഷൻ എങ്കിൽ കൂടെ ആദിവാസികളുടെയിടയിൽ അവർ തുടങ്ങിയ സഭകൾ പെന്തെക്കോസ്തു രീതിയാണ് ആവലംബിച്ചിരിക്കുന്നത്. ആനക്കട്ടി, കാറ്റുവളവ്, മാമന്ന തുടങ്ങിയ സ്ഥലങ്ങളിൽ അവർക്ക് സഭകളുണ്ട്.

**ഇടുക്കി ജില്ല**

ഇന്നത്തെ ഇടുക്കി ജില്ലയിൽ ആറ് പതിറ്റാണ്ടുകൾക്കു മുമ്പാണ് കുടിയേറ്റം വ്യാപകമാകുന്നത്. തമിഴ്നാടിനോടു കിടക്കുന്ന ചേർന്ന കിഴക്കൻ പ്രദേശങ്ങളിൽ നല്ലൊരു ശതമാനം ആളുകൾ ഇന്നും തമിഴ്നാട്ടുകാരാണ്. ഏലം, തേയില തോട്ടങ്ങളിലെ പണിക്കാരായ ഈ തമിഴരുടെയിടയിൽ 1940കളുടെ ആരംഭത്തിൽത്തന്നെ പെന്തെക്കോസ്തുണർവ്വു വ്യാപിച്ചിരുന്നു.

കുടിയേറ്റക്കാരുടെയിടയിലെ

*പാലക്കാട് ജില്ലയിൽ ആദ്യകാല പെന്തെക്കോസ്തു പ്രവർത്തകരിൽ ചിലർ*



***പാസ്റ്റർ പി.ഡി.ജേക്കബ്***



***പാസ്റ്റർ കെ.പി.വർഗീസ്***



***പാസ്റ്റർ എം.വി.കോശി***



*അട്ടപ്പാടിയിൽ ട്രൈബൽ മിഷൻ നടത്തുന്ന ഒരു ആദിവാസി സഭ*

ആദ്യപ്രവർത്തനം 1945-ൽ ഏലപ്പാറിയിലാണ് ആരംഭിക്കുന്നത്. കുഞ്ഞച്ചൻ എന്നൊരാൾ പെന്തെക്കോസ്തുകാരനായി ഏലപ്പാറയിൽ എത്തിയാതാണ് പ്രവർത്തനത്തിനു മുഖാന്തരമായത്. കെ. ഇ. ഏബ്രഹാം, പി. എം. ഫിലിപ്പ്, പി.കെ. ചാക്കോ എന്നിവർ ആദ്യകാലത്ത് ഇവിടെ വന്ന് യോഗങ്ങൾ നടത്തിയതിന്റെ ഫലമായി പലരും സ്നാനപ്പെട്ട് സഭയോടു ചേർന്നു. എന്നാൽ ആദ്യകാലത്ത് ഏലപ്പാറയിലെ പ്രവർത്തനം വിജയകരമായിരുന്നില്ല. പിന്നീട് ചീന്തലാർ ഒന്നാം ഡിവിഷനിൽ ഐ.പി.സി. യുടെ പ്രവർത്തനം ആരംഭിച്ചു. 1950കളുടെ ആരംഭത്തിൽ കരികുളത്തും, കോട്ടമലയിലും, ചീന്തലാർ മൂന്നാം ഡിവിഷനിലും സഭകളുണ്ടായി.

1945-ൽ തന്നെ ചർച്ച് ഓഫ് ഗോഡിന്റെ ഒരു പ്രവർത്തനം പീരുമേട്ടിൽ ആരംഭിച്ചിരുന്നു. പാസ്റ്റർ കുക്കിന്റെ മകൻ ജോർജ് കുക്ക് ഇക്കാലത്ത് ഇവിടെ താമസത്തിനെത്തിയതാണ് ഈ പ്രവർത്തനത്തിന്റെ ആരംഭം.

1948 അവസാനത്തോടെ വൈക്കം താലൂക്കിലെ കാരിക്കോട്, കീഴൂർ, പെരുവ, തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് ഹൈറേഞ്ചിന്റെ വടക്കൻ മേഖലയായ അടിമാലിക്കടുത്ത് മാന്നാംകണ്ടം എന്ന സ്ഥലത്തേക്ക് ചില പെന്തെക്കോസ്തു കുടുംബാംഗങ്ങൾ കുടിയേറിയത് ഇടുക്കി ജില്ലയുടെ വടക്കൻ പ്രദേശങ്ങളിലെ പ്രവർത്തനത്തിനു കാരണമായി. കുടിയേറ്റക്കാരിൽത്തന്നെ തുരുത്തേൽ ദാവീദ് എന്ന വ്യക്തി മാന്നാംകണ്ടം കൂട്ടായ്മയുടെ ശുശ്രൂഷകനായി. 1952-ൽ ഇന്ത്യാ പൂർണ്ണസുവിശേഷ ദൈവസഭയുടെ മിഷനറിയായിരുന്ന വില്യം പോസ്പിസിൽ അടിമാലിയിലെത്തി വലിയൊരു ക്രൂസേഡു നടത്തി. പലരും സ്നാനമേറ്റ് ദൈവസഭയോടു ചേർന്നു.

1953-ലാണ് ഉപ്പുതറ ഐ.പി.സി. സഭ സ്ഥാപിതമാകുന്നത്. 1945-ൽഇതിനടുത്ത് പള്ളിക്കുന്നിൽ പാസ്റ്റർ പി.എം. ഫിലിപ്പ് സ്നാനത്തെക്കുറിച്ച് നടത്തിയ ഒരു ബൈബിൾ ക്ലാസ്സിൽ ക്ഷുഭിതരായ നാട്ടുകാർ ബൈബിൾ ക്ലാസ്സ് നടത്തിയ വീട് അഗ്നിക്കിരയാക്കുക പോലും ചെയ്തിരുന്നു. ഇന്ന് ഉപ്പുതറയിൽ ഐ.പി. സി.ക്ക് നല്ലൊരു സഭയുണ്ട്.

ഇടുക്കി ജില്ലയിലെ വലിയൊരു സഭയായ അണക്കര ഐ.പി.സി. 1959-ലാണ്

**പാസ്ററർ വി.പി. പത്രോസ്**
*(പത്രോസുപദേശി)*



*തൃശ്ശൂരിലെ ആദ്യകാല പ്രവർത്തകരിലൊരാൾ*

**പാസ്ററർ കെ.ഇ. മാത്യു**



*ഹൈറേഞ്ചിലെ ഐ.പി.സി. പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുത്തു.*

സ്ഥാപിക്കപ്പെടുന്നത്. വണ്ടാനത്ത് വയലിൽ തൊമ്മി തോമസിന്റെ വീട്ടിൽ വച്ചാണ് ആദ്യാരാധന നടന്നത്. പാലയ്ക്കാമറ്റം ഏബ്രഹാം (പാപ്പി ഉപദേശി) അണക്കര അവറാച്ചൻ, നെല്ലിക്കാക്കുഴിയിൽ മറിയാമ്മ, എന്നിവരായിരുന്നു ആദ്യവിശ്വാസികൾ, വെള്ളിലിക്കൽ വി.കെ. വർഗീസ് ആദ്യശുശ്രൂഷകനും. അടിമാലിയിലെ കമ്പിളികണ്ടത്തും ഇതേസമയം സഭാരാധനതുടങ്ങി.

ഡേവിഡ് ഉപദേശി എന്നൊരു കർത്തൃദാസനാണ് ആദ്യകാലത്ത് ഐ.പി.സി.യുടെ പീരുമേട് സെന്റർ ശുശ്രൂഷകനായിരുന്നത്. പിന്നീട് പാസ്റ്റർ കെ. ജെ. ഏബ്രഹാം (കണ്ണാടി അവറാച്ചൻ) ശുശ്രൂഷ ഏറ്റെടുത്തു. എന്നാൽ പാസ്റ്റർ കെ.ഇ മാത്യുവിന്റെ കാലത്താണ് ഐ.പി.സി.യുടെ പ്രവർത്തനം ശക്തമാകുന്നതും സഭകളുടെ എണ്ണത്തിൽ ഏറെ വർദ്ധനവ് ഉണ്ടാകുന്നതും. ഇന്നിപ്പോൾ ഐ.പി.സി. ക്ക് ജില്ലയിൽ നൂറിലേറെ സഭകളുണ്ട്.


അസംബ്ലീസ് ഓഫ് ഗോഡിന്റെ ജില്ലയിലെ ആദ്യസഭ ചെല്ലാർ കോവിൽ എ.ജി. യാണ്. ജില്ലയിലെ ഏറ്റവും വലിയ എ.ജി. സഭകളിലൊന്നാണിത്. തുടർന്ന് മന്തിപ്പാറ, പുറ്റടി എന്നിവിടങ്ങളിലും സഭകൾ സ്ഥാപിക്കപ്പെട്ടു. തമിഴ് തോട്ടം തൊഴിലാളികളുടെയിടയിൽ ഏറ്റവും കൂടുതൽ സഭകളുള്ളതും അസംബ്ലീസ് ഓഫ് ഗോഡിനു തന്നെയാണ്.

ചർച്ച് ഓഫ് ഗോഡിന്റെ ചപ്പാത്തിലുള്ള സഭയ്ക്ക് മൂന്നര പതിറ്റാണ്ടിന്റെയെങ്കിലും പഴക്കം പറയാനുണ്ട്. അടിമാലി, ചക്കുപള്ളം, മുളക്കരമേട് എന്നിവിടങ്ങളിൽ ചർച്ച് ഓഫ് ഗോഡ് ഡിവിഷന്റെ ശക്തമായ പ്രവർത്തനമുണ്ട്. കൊച്ചറ, വാളാടി, ചക്കുപളം എന്നിവിടങ്ങളിൽ ശാരോൻ പ്രവർത്തനവും ശക്തി പ്രാപിച്ചിട്ടുണ്ട്. കുമളിയിൽ പാസ്റ്റർ വി. എം. ചാക്കോ ആരംഭിച്ച സഭയും 35 വർഷം പഴക്കമുള്ളതാണ്.

ദി പെന്തെക്കോസ്ത് മിഷനും സഭയിൽ ഏറെ നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഏറെ അംഗബലമുള്ള സഭകളാണ് അവർക്കു ള്ളത്. മൂന്നാർ, കുമളി എന്നിവിടങ്ങളാണ് റ്റി. പി.എം. ന്റെ ശക്തി കേന്ദ്രങ്ങൾ

ഇടുക്കി ജില്ലയെപ്പറ്റി പറയുമ്പോൾ ഒരിക്കലും മറാക്കാൻ പറ്റാത്ത വ്യക്തിയാണ് വണ്ടൻമേട് ചാക്കോച്ചൻ. പുലർച്ചെതന്നെ വീടുവീടാന്തരം കയറിയിറങ്ങി രക്ഷയുടെ ദൂതറിയിച്ചു നടന്ന ആ നരച്ചതാടിക്കാരൻ ജില്ലയിലെ പഴയതലമുറയ്ക്കും പുതിയ തലമുറയ്ക്കും ഒന്നുപോലെ പരിചിതനാണ്. 1990 ജനുവരിയിൽ അദ്ദേഹം കർത്തൃസന്നിധിയിൽ പ്രവേശിച്ചു.

# എന്നെക്കാളധികം അപ്പനെയോ അമ്മയെയോ....



*സുവിശേഷത്തിനു മാനുഷിക ബന്ധങ്ങളെക്കാൾ വില കല്പിച്ച വ്യക്തിയായിരുന്നു പാസ്റ്റർ പി.ഡി. ജോൺസൺ. 1967 സെപ്റ്റംബർ ഒടുവിലത്തെ ആഴ്ച അദ്ദേഹത്തിനു മദ്രാസിൽ ചെറ്റ് പെട്ടിലുള്ള എ.ജി. കൺവൻഷനിൽ പ്രസംഗിക്കാനുള്ള ക്ഷണം ലഭിച്ചു. ആ ദിവസങ്ങളിൽ അദ്ദേഹത്തിന്റെ ഭാര്യ മേരിയുടെ പ്രസവം പ്രതീക്ഷിക്കപ്പെട്ടിരുന്നു. യോഗത്തിനുള്ള ക്ഷണം ക്യാൻസൽ ചെയ്യാമെന്ന് പാസ്റ്റർ ജോൺസൺ പറഞ്ഞപ്പോൾ "യോഗം മുടക്കിയിട്ട് ഇതിനു നിൽക്കേണ്ട" എന്നു പറഞ്ഞ് ഭാര്യ അദ്ദേഹത്തെ നിർബന്ധിച്ചു പറഞ്ഞയച്ചു.*

*പാസ്റ്റർ ജോൺസൺ മദ്രാസിലായിരുന്നപ്പോൾ മേരി ഒരാൺകുഞ്ഞിനെ പ്രസവിച്ചെങ്കിലും കുഞ്ഞിനു ജീവനില്ലായിരുന്നു. ഈ വിവരം കത്ത് മുഖേന അദ്ദേഹമറിഞ്ഞു. എന്തു ചെയ്യണമെന്നറിയാതെ ജോൺസൺ വിഷമിച്ചു. ആരോടും വിവരം പറയാതെ അദ്ദേഹം മുറിയിൽ കയറി വാതിലടച്ച് പ്രാർത്ഥിച്ചു. ആ സമയത്ത് ഒരാൾ പ്രാർത്ഥിക്കാനെത്തി. ജോൺസൺ അയാളോട് സുവിശേഷം പങ്കുവയ്ക്കുകയും ആ വ്യക്തി രക്ഷിക്കപ്പെടുകയും ചെയ്തു. ഇതദ്ദേഹത്തെ ധൈര്യപ്പെടുത്തി. കുഞ്ഞ് മരിച്ചവിവരം പാസ്റ്ററോടോ വിശ്വാസികളോടോ അറിയിക്കാതെ അദ്ദേഹം രണ്ടു ദിവസം അവിടെ ശുശ്രൂഷിച്ചു. ദൈവം സഭയിൽ വലിയ ഉണർവ്വ് അയച്ചു. മൂന്നാം ദിവസം മടങ്ങിപ്പോരാനായി റയിൽവേ സ്റ്റേഷനിൽ എത്തിയപ്പോഴാണ് ജോൺസൺ കുഞ്ഞിന്റെ മരണവൃത്താന്തം പാസ്റ്ററെയും സഭാവിശ്വാസികളെയും അറിയിക്കുന്നത്.*

*1969-ൽ മേരി രണ്ടാം പ്രാവശ്യം ഗർഭിണിയായിരിക്കുമ്പോൾ ആദ്യത്തെപ്പോലെതന്നെ ജീവനില്ലാത്ത ഒരു കുഞ്ഞിനെ പ്രസവിച്ചു. പാസ്റ്റർ ജോൺസണും കൂടെച്ചേർന്നാണ് അതിനെ അടക്കിയത്. അന്നു വൈകുന്നേരം കാഞ്ഞിരംകുളത്ത് അദ്ദേഹത്തിന്റെ ക്രൂസേഡ് യോഗങ്ങൾക്ക് എത്തുകയില്ല എന്നു*

തന്നെ ആളുകൾ ചിന്തിച്ചു. എന്നാൽ അദ്ദേഹം കുഞ്ഞിന്റെ അടക്കത്തിനുശേഷം കാഞ്ഞിരംകുളത്തെത്തി ക്രൂസേഡിൽ പ്രസംഗിച്ചു.

1971–ൽ പാസ്റ്റർ ജോൺസന്റെ അമ്മ മരിക്കുന്നസമയം, അദ്ദേഹം തൂത്തുക്കുടിയിൽ യോഗങ്ങൾ നടത്തുകയായിരുന്നു. വിവരമറിഞ്ഞ് അദ്ദേഹമെത്തിയപ്പോഴേക്കും ശവസംസ്ക്കാരം നടന്നു കഴിഞ്ഞിരുന്നു.

1972–ൽ പാസ്റ്റർ ജോൺസൺ യോർദ്ദാനിൽ ഒരു ഉണർവ്വു യോഗം നടത്തികൊണ്ടിരിക്കുമ്പോഴാണ് ഒക്ടോബർ 10നു അദ്ദേഹത്തിന്റെ ഭാര്യ തിരുവനന്തപുരത്തുവച്ചു മരിക്കുന്നത്. ഇവിടെനിന്നും അയച്ച ടെലഗ്രാമുകൾ ഒന്നും അദ്ദേഹത്തിന്റെ പക്കലെത്തിയില്ല. എന്നാൽ ജോർദ്ദാനിൽ നിന്നും സിറിയയിൽ എത്തിയപ്പോൾ 'തനിക്കു സുഖമില്ലെന്നു' കാണിച്ച് മേരി എഴുതിയ രണ്ടു കത്തുകൾ അദ്ദേഹത്തിനു ഒരുമിച്ചു ലഭിച്ചു. എങ്കിലും മരണവാർത്ത അദ്ദേഹമറിയുന്നത് നാട്ടിൽ തിരിച്ചെത്തിയ ശേഷമാണ്. അപ്പോൾ മേരി മരിച്ചിട്ട് എട്ടു ദിവസം കഴിഞ്ഞിരുന്നു.

അസംബ്ലീസ് ഓഫ് ഗോഡിലെ ആദ്യകാല പ്രവർത്തകനായ പാസ്റ്റർ ഇ.പി. ഡാനിയലിന്റെ ഇളയപുത്രനായി 1932 ജൂൺ 16 നു ജനിച്ച പി.ഡി ജോൺസൺ ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനുശേഷം പുനലൂർ ബഥേൽ ബൈബിൾ സ്കൂളിലും, ബാംഗ്ലൂർ സതേൺ ഏഷ്യാ ബൈബിൾ കോളേജിലും വേദപഠനം നടത്തി. 1961–ലാണ് അദ്ദേഹം മേരിയെ വിവാഹം കഴിക്കുന്നത്. 1972–ൽ അവർ മരിച്ചു. 1975–ൽ അദ്ദേഹം മുഖത്തല സ്വദേശിനി അന്നമ്മയെ വിവാഹം ചെയ്തു.

1967–1987 വരെ പാസ്റ്റർ ജോൺസൺ സൗത്ത് 'ഇന്ത്യാ അസംബ്ലീസ് ഓഫ് ഗോഡിന്റെ ജനറൽ സെക്രട്ടറിയായിരുന്നു. പിന്നീട് അദ്ദേഹം എ.ജി. അഖിലേന്ത്യാ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. 'അസംബ്ലീസ് ഓഫ് ഗോഡ് ദൂതൻ' മാസികയുടെ ചുമതല ഏറെക്കാലം അദ്ദേഹത്തിനായിരുന്നു. 12 ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

വിദേശരാജ്യങ്ങളിലും അറിയപ്പെടുന്ന ഒരു പ്രസംഗകനായിരുന്നു പാസ്റ്റർ ജോൺസൺ. 1990 ഒക്ടോബർ 16നു സാമ്പിയായിൽ ഒരു ഉണർവ്വുയോഗത്തിൽ പ്രസംഗിച്ചശേഷം രാത്രി വിശ്രമിക്കുമ്പോൾ ദൈവസന്നിധിയിലേക്കു വിളിച്ചുചേർക്കപ്പെട്ടു.

# 11

# നമ്മുടെ യുവജന സംഘടനകൾ

**ന**മ്മുടെ യുവജനസംഘടനകളെ കുറിച്ച് ആലോചിക്കുമ്പോൾ എന്തു വികാരമാണുണ്ടാവേണ്ടത്? ആവേശമോ നിർവൃതിയോ? ഭീതിയോ ? അതോ ദുഃഖമോ?

ഇന്നിപ്പോൾ ഓരോ സഭയ്ക്കും യുവജനസംഘടനകളുണ്ട്. അവയോരോന്നും വളരെ ശക്തമാണുതാനും. എന്നാൽ സംഘടനയെന്ന നിലയിൽ ഓരോന്നും സ്ഥൂലമായി വളർന്നപ്പോഴും ആത്മീയ മണ്ഡലത്തിൽ അവയ്ക്ക് എന്തൊക്കെയാകാമോ അതൊന്നും ആയിത്തീർന്നില്ല.

അതിനു യുവസംഘങ്ങളെ മാത്രം കുറ്റം പറഞ്ഞാൽ മതിയോ? “ഞങ്ങൾ ഞങ്ങളുടെ പുത്രികാസംഘടനകളെ കൈത്താങ്ങൽ കൊടുത്തു വളർത്തി”യെന്ന് എത്ര സഭാനേതാക്കൾക്ക് ചങ്കൂറ്റത്തോടെ പറയാനൊക്കും ?

ആരംഭകാല ലക്ഷ്യത്തിൽ നിലനിൽക്കുന്ന യുവസംഘങ്ങൾ എത്രയുണ്ടെന്നോ, ഉണ്ടെന്നുതന്നെയോ പറയാനാകുന്നില്ല. ഇന്ന് സ്ഥാപക ലക്ഷ്യങ്ങളൊക്കെ കടലാസ്സിൽ മാത്രമാണ്. ‘സംഘടനയെ ശക്തിപ്പെടുത്തുക’ എന്നതാണ് ഓരോ നേതാവിന്റെയും ലക്ഷ്യം. പുറംലോകത്തെ വെല്ലുംനിലയിൽ സ്ഥാനാർത്ഥികൾ പ്രകടനപത്രികകളും മറ്റും പുറത്തിറക്കുന്നതുപോട്ടെ, പത്രികയിലെ വാഗ്ദാനങ്ങൾപോലും സംഘടന ശക്തീകരിക്കുന്നതിനെപ്പറ്റിയും, കെട്ടിടങ്ങൾ പണിയുന്നതിനെപ്പറ്റിയും മറ്റുമാണ്. ഇതൊക്കെക്കണ്ട്, ‘‘കേഴുക പ്രിയസഭയെ.....’’ എന്നൊരാൾ പറഞ്ഞുപോയാൽ അവൻ കാലത്തിനു പുറത്തുമാണ്.

സ്വതന്ത്രസഭകളിലെ യുവജനസംഘങ്ങൾക്കു മാത്രമാണ് അല്പമെങ്കിലും വ്യത്യസ്തമായ നിലയിൽ പ്രവർത്തിക്കാനാകുന്നത്. അതുതന്നെ അവയിൽ മിക്കതും ശൈശവാവസ്ഥയിലായതു കൊണ്ടാവാം. മുഖ്യധാരാ യുവജനസംഘങ്ങ

ളുടെ ഉത്ഭവപരിണാമ ചരിത്രം കണ്ട വർക്ക്, സ്വതന്ത്ര സഭാസംഘങ്ങൾക്കും കാലം ചെല്ലുമ്പോൾ മറ്റുള്ളവയുടെ ഗതി യുണ്ടാവാൻ ഇടയുണ്ടോ എന്നു സംശയം തോന്നിയാൽ അതിശയിക്കേണ്ടതില്ല.

പെന്തെക്കോസ്തു പ്രസ്ഥാനം കേരള ത്തിലുടലെടുക്കുന്ന സമയം അതിന്റെ ഭൂരിഭാഗം പ്രവർത്തകരും യുവാക്കളായി രുന്നു. സഭാ പ്രവർത്തനത്തിൽ മുഴുകി യിരുന്ന അവർക്ക് യുവാക്കൾക്കുവേണ്ടി മറ്റൊരു പ്രവർത്തനമേഖല എന്ന കാര്യ ത്തെപ്പറ്റി ചിന്തിക്കാനായില്ല. 1940കളോടെ സ്ഥിതി മാറി. ആദ്യകാല പ്രവർത്തകരിൽ പലരും മദ്ധ്യവയസ്കരായി. അതോടെ പല സഭകളിലും യുവജനങ്ങളുടെ ആത്മീയ മുന്നേറ്റം കരുതി പ്രാദേശിക തലത്തിൽ യുവജനകൂട്ടായ്മകൾ ആരം ഭിച്ചു തുടങ്ങി. എന്നാൽ സംഘടിത നില യിൽ ഒരു പെന്തെക്കോസ്തു യുവജന സംഘം രൂപംകൊള്ളുന്നത് 40കളുടെ ഒടുവിൽ മാത്രമാണ്.

**പി.വൈ.പി.എ.**

ഇന്ന് പി.വൈ.പി.എ. ഇന്ത്യാ പെന്തെ ക്കോസ്ത് ദൈവസഭയുടെ യുവജന സംഘമായാണ് അറിയപ്പെടുന്നതെങ്കിലും ഉത്ഭവകാലത്ത് എല്ലാ സഭകളിലെയും യുവാക്കളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു വിശാല പെന്തെക്കോസ്തു സംഘ മായാണ് അത് പ്രവർത്തിച്ചുകൊണ്ടി രുന്നത്. വാസ്തവത്തിൽ കോളെജു വിദ്യാർത്ഥികളുടെയിടയിലെ പ്രവർത്തനം ലക്ഷ്യമാക്കിയാണ് 1947-ൽ പി.വൈ. പി.എ. തുടങ്ങുന്നത്. കോളേജ് വിദ്യാർത്ഥികളുടെയിടയിൽ അന്ന് പ്രവർത്തിച്ചുകൊണ്ടിരുന്ന 'സ്റ്റുഡന്റ്സ് ക്രിസ്ത്യൻ മൂവ്മെന്റ്'' ആത്മീയതയുടെ ബാല പാഠങ്ങൾ വിട്ട് സാമൂഹിക പ്രശ്നത്തിനു മാത്രം ഊന്നൽ കൊടുത്തു കൊണ്ടുള്ള ഒരു പ്രവർത്തന ശൈലി രൂപീകരിച്ച കാലമായിരുന്നു അത്. അന്ന് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ പഠിച്ചുകൊണ്ടിരുന്ന റ്റി. റ്റി. സാമുവൽ, റ്റി.വി. തോമസ്, കെ.സി. ജോർജ്, ആലുവ യു.സി. കോളെജിൽ പഠിച്ചിരുന്ന റ്റി.എസ്. ഏബ്രഹാം, ഉമ്മൻ ഏബ്രഹാം, പി.കെ. ജോർജ്ജ് ആയിടെ സ്നാനമേറ്റുവന്ന പി. സി. ഡാനിയൽ തുടങ്ങിയവർ പ്രവർത്തനത്തിനു നേതൃത്വം കൊടുത്തു.

എന്നാൽ വിദ്യാർത്ഥികളുടെയിടയിലെ പ്രവർത്തനം അത്രവേഗം ക്ലിക്ക് ചെയ് തില്ല. പെന്തെക്കോസ്തരായ കോളെജു വിദ്യാർത്ഥികൾ അക്കാലത്ത് തുലോം വിരളമായിരുന്നതാവാം ഇതിനു കാരണം. അതേ സമയം പെന്തെക്കോസ്തു യുവാ ക്കളുടെ സംഗമം എന്ന നിലയിൽ പി. വൈ.പി.എ. പെട്ടെന്ന് വളരുകയും ചെയ്തു. ക്രമേണ, കോളെജു വിദ്യാർ ത്ഥികളുടെയിടയിലെ പ്രവർത്തനം എന്ന ലക്ഷ്യം അപ്രത്യക്ഷമാകുകയും യുവജന ങ്ങളുടെ ആത്മീയ പ്രസ്ഥാനം എന്ന നില യിൽ പി.വൈ.പി.എ. ശക്തിപ്രാപിക്കുക യും ചെയ്തു. 1947 ആഗസ്റ്റ് 30നു കുമ്പ നാട് ഹൈബ്രോൻ ഹാളിൽ വച്ച് പി.വൈ പി.എയുടെ പ്രഥമ സമ്മേളനം കൂടി. അന്നാണ് സംഘടനയ്ക്ക് പെന്തെക്കോ സ്തു യുവജന സംഘടന (പി.വൈ. പി. എ.) എന്ന പേരു ലഭിക്കുന്നത്. അന്ന് മദ്ധ്യവയസ്സും കഴിഞ്ഞിരുന്ന പാസ്റ്റർ എ. ജെ. ജോൺ ആയുരുന്നു. പി.വൈ. പി. എ. യുട് ആദ്യപ്രസിഡന്റ്. പി.എം. ഏബ്രാഹാം വൈസ്പ്രസിഡണ്ടും, ടി.എസ്.ഏബ്രഹാം സെക്രട്ടറിയുമായി തെരഞ്ഞെടുക്കപ്പെട്ടു. അതേ വർഷം റാന്നിയിൽവച്ച് വിപുല മായ നിലയിൽ പ്രഥമ വാർഷിക സമ്മേളനവും നടത്തപ്പെട്ടു.

### വൈ.പി.ഇ

'യംഗ് പീപ്പിൾസ് എൻഡവർ' എന്ന വൈ.പി.ഇ.യുടെ രൂപീകരണത്തിന്റെ മൂലചരിത്രത്തിനും 1947 മുതലുള്ള പഴക്കമുണ്ട്. അന്ന് ചർച്ച് ഓഫ് ഗോഡിലെ യുവസുവിശേഷകനായിരുന്ന പാസ്റ്റർ സി.കെ. ജോൺ, വാര്യാപുരം, മുണ്ടുകോട്ടയ്ക്കൽ, പുത്തൻപീടിക എന്നീ സഭകളിലെ യുവജനങ്ങളെ ഒരുമിച്ചുകൂട്ടി പുത്തൻപീടിക ദൈവസഭാഹാളിൽ ഒരു യോഗം നടത്തി. അങ്ങനെ 'ദൈവസഭാ യുവജനസംഘം' എന്ന പേരിൽ ചർച്ച് ഓഫ് ഗോഡിന്റെ യുവജനപ്രസ്ഥാനം രൂപംകൊണ്ടു. ചില യുവജനസമ്മേളനങ്ങൾ സംഘടിപ്പിക്കുക എന്നതായിരുന്നു ആദ്യകാലത്ത് ഈ സംഘത്തിന്റെ പ്രവർത്തന പദ്ധതി. 1953 മുതൽ വൈ.പി.ഇ. എന്ന പേരിൽ പ്രവർത്തനം ഓരോ പ്രാദേശിക സഭയിലേക്കും വ്യാപിപ്പിച്ചു.

1954 മുതലാണ് സംഘടന സ്റ്റേറ്റ് ഓവർസിയറാൽ നിയമിക്കപ്പെടുന്ന യൂത്ത് ഡയറക്ടറുടെ നേതൃത്വത്തിലും നിയന്ത്രണത്തിലും ആയിത്തീരുന്നത്. സഭയുടെ പൂർണ്ണപിന്തുണ ലഭ്യമായതോടെ വൈ. പി.ഇ.യുടെ പ്രവർത്തനം ഏറെ വിപുലമായി.

1972-ൽ ചർച്ച് ഓഫ് ഗോഡ് ഡിവിഷൻ രൂപീകൃതമായപ്പോൾ മുതൽ അതിന്റെ യുവജന വിഭാഗമായി വൈ.പി.ഇ. സ്ഥാപിതമായി. പാസ്റ്റർ പി. ജെ. ചാക്കോ ആയിരുന്നു ഡിവിഷന്റെ പ്രഥമ യൂത്ത് ഡയറക്ടർ.

### സി.എ. (ക്രൈസ്റ്റ് അമ്പാസിഡേഴ്സ്)

കേരളത്തിലെ അസംബ്ലീസ് ഓഫ് ഗോഡ് സംഘടനയിൽ മിക്ക പ്രാദേശിക സഭകളിലും ചെറിയ തോതിലുണ്ടായിരുന്ന യുവജനപ്രവർത്തനങ്ങൾ ശക്തമാകുന്നത് 1951 നു ശേഷമാണ്. അമേരിക്കയിലെ ഒരു സജീവ സി.എ. പ്രവർത്തകനായിരുന്ന റവ. ഇ.എ. സോർബോ സൗത്ത് വെസ്റ്റ് ഡിസ്ട്രിക്ടിലെ മിഷനറിയായി വന്നതോടെയാണ് ക്രൈസ്റ്റ് അമ്പാസിഡേഴ്സ് കേരളത്തിൽ സുസംഘടിതമാകുന്നത്. 1951-ൽ പുനലൂരിൽ നടത്തപ്പെട്ട ഒരു ഡിസ്ട്രിക്ട് കോൺഫറൻസിൽ യുവജനങ്ങൾക്ക് പ്രാധാന്യം നൽകികൊണ്ടുള്ള സി. എ. പ്രവർത്തനപരിപാടി അവതരിപ്പിക്കപ്പെട്ടു. 1954-ൽ പാസ്ററർ എം. ജോൺസന്റെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരത്തു കൂടിയ പ്രതിനിധി സമ്മേളനത്തിൽ റവ. സോർബോയെ സി. എ. കൗൺസിലറായി തെരഞ്ഞെടുത്തു.

ഭരണഘടനയനുസരിച്ചുള്ള സി. എ. യുടെ പ്രഥമ തെരഞ്ഞെടുപ്പ് നടന്നത് 1959-ലായിരുന്നു. പാസ്റ്റർ എം. ജോൺസൺ (പ്രസിഡണ്ട്), പാസ്റ്റർ എം.സി. ജേക്കബ് (വൈസ് പ്രസിഡണ്ട്), എൽ. സാം (സെക്രട്ടറി), ജോൺ തോമസ് (ട്രഷറാർ) എന്നിവരായിരുന്നു ആദ്യ ഭാരവാഹികൾ.

### സി.ഇ.എം.

ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ യുവജനസംഘടനയായ ക്രിസ്ത്യൻ ഇവാഞ്ചലിക്കൽ മൂവ്മെന്റ് ആദി മുതൽതന്നെ സഭാ നേതാക്കളുടെ പരിലാളനയേറ്റു വളർന്ന ഒരു സംഘമാണ്. 1957 ഏപ്രിൽ 15നു തിരുവല്ല ശാരോനിൽവെച്ച് ഈ യുവ ജനസംഘടന ഉദയം ചെയ്തപ്പോൾ ആരം ഭകാല പ്രവർത്തകർ ക്രിസ്തീയ സുവി ശേഷ പ്രവർത്തനം (Christian Evangelical Movement) എന്ന് അതിനു പേരു നൽകുവാൻ കാരണം സഭയുടെ പുത്രി കാസംഘം എന്നതിലുപരി സുവിശേഷീ കരണത്തിനു പ്രാമുഖ്യം നൽകുന്ന ഒരു കൂട്ടായ്മയായി അതു വളരണമെന്ന ആഗ്രഹം മൂലമാണ്.

സി.ഇ.എം. ന്റെ ആദ്യപ്രസിഡണ്ട് പാസ്റ്റർ കെ.ഐ. ഏബ്രഹാമും സെക്രട്ടറി

വി. സോളമനുമായിരുന്നു. അറുപതുകളിൽ പാസ്റ്റേഴ്സ് ഇ.സി. മാത്യു, സി.എം. ടൈറ്റസ്, കെ.റ്റി. തോമസ്, കെ.വി. ജോൺ, പി.ഡി. ഡാനിയേൽ എന്നിവർ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തി. 1971-ൽ പാസ്റ്റർ റ്റി.ജി. കോശി സി.ഇ.എം. നേതൃത്വം ഏറ്റെടുത്തതോടെ പ്രസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെട്ടു.

പുതുതായി രൂപീകരിക്കപ്പെട്ട ഓരോ സ്വതന്ത്ര സഭകൾക്കും ഇന്ന് സ്വന്തമായ യുവജന സംഘടനകളുണ്ട്. ഓരോന്നും അതാതിന്റെ നിലയിൽ പ്രവർത്തനം നടത്തുന്നുമുണ്ട്.

യുവജനങ്ങൾ ഒന്നും ചെയ്യുന്നില്ലെന്നൊന്നും പറയാനാവില്ല. പ്രാദേശികതലത്തിൽ വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്ന യൂണിറ്റുകൾ എല്ലാ സംഘടനകൾക്കുമുണ്ട്. എന്നാൽ സംഘടിത തലത്തിൽ വരുമ്പോഴേക്ക് ചില സമ്മേളനങ്ങളിൽ പ്രവർത്തനങ്ങളൊതുങ്ങുന്നു. അംഗങ്ങളുടെ 'താലന്തു' പരിശോധിച്ച് സമ്മാനം നൽകുന്ന വിദഗ്ദ്ധ സംഘങ്ങളുടെ തലത്തിലേക്ക് നേതൃത്വം തരംതാഴുന്നുവെന്നു പറഞ്ഞാൽ അതിനെ കണ്ണടച്ചെതിർക്കുകയൊന്നും വേണ്ട.

യുവാക്കൾ സമൂഹത്തിന്റെ സത്തയെന്ന നിലയിലാണ് അറിയപ്പെടുന്നത്. "ഒരു തലമുറയെ വിശ്വാസത്തിൽ നിന്നു മാറ്റി നിർത്തിയാൽ ആ വിശ്വാസത്തെ ഭൂ മുഖത്തു നിന്നു തുടച്ചുമാറ്റാം.'' എന്നൊരു ചൊല്ലുണ്ട്. സഭാ നേതൃത്വം ഈ യാഥാർത്ഥ്യം മനസിലാക്കണം. ഇന്ന് യുവാക്കളെ വിശ്വാസത്തിലുറപ്പിക്കുന്നതിനു പകരം നേതൃത്വം അവരെ 'വോട്ടു ബാങ്കുകളായി' ഉപയോഗിക്കുന്നോ എന്നു സംശയം തോന്നുന്നതു ക്ഷമിക്കുക.

***ആശാനുപദേശി***



*സഞ്ചാരികളായ അനേകം സാധാരണ ഉപദേശിമാർ മുഖേനയാണ് പെന്തെക്കോസ്ത് സാധാരണക്കാരുടെയിടയിലേക്കു വ്യാപിച്ചത്. അവർ പ്രഗ ത്ഭരല്ലായിരിക്കാം. എന്നാൽ, കർത്താവിൽ പ്രശസ്തർ തന്നെ. സഞ്ചരിച്ച് സഭ കളെ വിശ്വാസത്തിലുറപ്പിച്ച നൂറുകണക്കിനു സാധാരണ പ്രവർത്തകരുടെ ഒരു പ്രതിനിധി – ആശാനുപദേശി. ഇപ്പോൾ കർത്തൃസന്നിധിയിൽ*

കുറ്റം പറയുകയല്ല, എന്നാലും ഇന്നത്തെക്കാൾ കാര്യക്ഷമമായി പ്രവർത്തിക്കാൻ യുവജന സംഘടനകൾക്കു കഴിയും, അതിനുള്ള സാധ്യതയും കർമ്മശേഷിയും എല്ലാ സംഘങ്ങൾക്കുമുണ്ട്. എന്നാലതിനു ചില അത്യന്താപേക്ഷിതകളുമുണ്ട്... സുവിശേഷത്തോടും ക്രിസ്തുവിന്റെ ക്രൂശിനോടും കുറെക്കൂടെ സമർപ്പണം; വേദപുസ്തകസത്യങ്ങളെ അറിയാനും ഉൾക്കൊള്ളാനുമുള്ള വിശാല മനസ്സ് ; അധികാരവും പദവിയും ലക്ഷ്യമാക്കാതെ വ്യക്തമായ ദർശനത്തോടെ യുവാക്കളെ വഴി നടത്തുന്ന നേതൃത്വം.......

# പണം കിട്ടിയില്ലേ, ഇനി അഡ്രസ്സെന്തിന്?

*അനേക അത്ഭുതങ്ങൾ സാധാരണം എന്നപോലെ അനുഭവിച്ച വ്യക്തിയായിരുന്നു പ്രസിദ്ധ സുവിശേഷകനായിരുന്ന കാരംവേലിൽ മത്തായിച്ചൻ (പാസ്റ്റർ റ്റി.കെ. മാത്യു).*

*ഒരിക്കൽ അദ്ദേഹം കോഴിക്കോട്ട് കാത്തിരിപ്പ് യോഗം നടത്തിക്കൊണ്ടിരിക്കുമ്പോൾ ആറുമാസം പ്രായമുള്ള തന്റെ മകൻ രോഗബാധിതനായി അത്യാസന്നനിലയിൽ കിടക്കുന്നു എന്ന വിവരം അറിയാനിടയായി. താൻ ഭവനത്തിൽ എത്തുന്നതുവരെ കുഞ്ഞിനു യാതൊന്നും സംഭവിക്കരുതേ എന്നു പ്രാർത്ഥിച്ച ശേഷം അദ്ദേഹം യാത്ര പുറപ്പെട്ടു.*

*എറണാകുളം വരെ എത്തുന്നതിനുള്ള യാത്രക്കൂലിയേ അദ്ദേഹത്തിന്റെ കൈവശമുണ്ടായിരുന്നുള്ളു. പ്ലാറ്റ് ഫോമിലിരുന്ന് നാട്ടിലേക്കുള്ള യാത്രാക്കൂലിക്കായി അദ്ദേഹം പ്രാർത്ഥിച്ചു. കുറച്ചു സമയം കഴിഞ്ഞപ്പോൾ സുമുഖനായ ഒരു വ്യക്തി തന്റെ അരികിലേക്കു വന്നു. ഒരു പണക്കിഴി അദ്ദേഹത്തെ ഏൽപ്പിച്ചു. മത്തായിച്ചൻ വളരെ സന്തോഷത്തോടെ അതു സ്വീകരിച്ചു ആ വ്യക്തിയോട് അഡ്രസ്സെന്താണെന്ന് ചോദിച്ചു.*

*"നീ പണത്തിനുവേണ്ടി പ്രാർത്ഥിച്ചു. നിനക്കാവശ്യമുള്ള പണം ലഭിക്കുകയും ചെയ്തു. ഇനി അഡ്രസ്സ് എന്തിന് ?" എന്നു പ്രതിവചിച്ചശേഷം ആ വ്യക്തി അപ്രത്യക്ഷനായത്രേ. മത്തായിച്ചൻ വീട്ടിലെത്തി മകനുവേണ്ടി പ്രാർത്ഥിക്കുകയും കുഞ്ഞിനു ഉടൻ തന്നെ പൂർണ്ണ സൗഖ്യം ലഭിക്കുകയും ചെയ്തു.*

*ഒരിക്കൽ മത്തായിച്ചൻ കീക്കൊഴൂർ ഭവനത്തിൽ യോഗം നടത്തിയശേഷം വീട്ടിലേക്കു മടങ്ങുകയായിരുന്നു. സമയം അർദ്ധരാത്രി. വഴിക്ക് ഒരു വലിയതോടു കുറുകെ കടന്നുവേണം വീട്ടിലെത്താൻ. അന്നത്തെ കനത്തമഴമൂലം വെള്ളം പൊങ്ങുകയും ഉണ്ടായിരുന്ന പാലം ഒലിച്ചുപോവുകയും ചെയ്തിരുന്നു. തോട് ഇരുകരയും കഴിഞ്ഞൊഴുകുകയാണ്. മത്തായിച്ചൻ ഒരു കരയിലിരുന്ന് മുട്ടുകുത്തി പ്രാർത്ഥിച്ചു. അല്പനിമിഷം കഴിഞ്ഞ് കണ്ണുതുറന്നപ്പോൾ അദ്ദേഹം തോടിന്റെ മറുകരയിലിരിക്കുന്നതാണു കണ്ടത്. സുവിശേഷകനായ ഫിലിപ്പോസിനെ വാഹനങ്ങൾ കൂടാതെ ഗാസായുടെ നിർജ്ജനപ്രദേശത്തു*

നിന്നും അസ്തോതിൽ എത്തിച്ച ദൈവം  കാരംവേലിൽ മത്തായി ച്ചനെയും 'ടെലിപോർട്ട് 'ചെയ്യുവാൻ ശക്തൻ !

മത്തായിച്ചന്റെ ഭാര്യ അന്നമ്മ പൂർണ്ണ ഗർഭിണിയായിരിക്കുമ്പോൾ ഒരിക്കൽ മൂർഖൻ പാമ്പിന്റെ കടിയേറ്റു. ദൈവികരോഗശാന്തിയിൽ വിശ്വസിച്ചിരുന്ന ആ സഹോദരി വിഷഹാരിയുടെ അടുത്തു പോകാൻ കൂട്ടാക്കിയില്ല. അവർ ബോധംകെട്ടു നിലത്തുവീണു.  ആ സമയം മത്തായിച്ചൻ വേറൊരു ഭവനത്തിൽ ഉപവാസ പ്രാർത്ഥന നടത്തുവാൻ പോയിരുന്നു. അവിടെവെച്ച് അദ്ദേഹത്തിനു ദർശനത്തിൽ കാര്യങ്ങൾ വ്യക്തമാവുകയും തന്റെ സഹപ്രവർത്തകരായ വിളയിൽ മത്തായിച്ചനെയും വേങ്ങംതോട്ടത്തിൽ കുട്ടിയച്ചനെയും കൂട്ടി ഭവനത്തിൽ മടങ്ങിയെത്തുകയും ചെയ്തു.

ഭവനത്തിനു ചുറ്റും ആളുകൾ കൂടിനിൽക്കുകയാണ്. ഈ സ്ത്രീ മരുന്നു കിട്ടാതെ മരിച്ചാൽ പ്രാർത്ഥനക്കാരെ, തല്ലിച്ചതയ്ക്കാൻ ചിലർ 'മുരിക്കിൻ പത്തൽ 'വെട്ടി അതുമായിട്ടാണ്  നില്പ്.

മത്തായിച്ചനും കൂട്ടുപ്രവർത്തകരും അന്നമ്മയുടെ അരികിൽ  പ്രാർത്ഥനയ്ക്കായെത്തി. ഇത് കണ്ടു നിന്ന ഒരു ഹൈന്ദവ വിഷഹാരി നിങ്ങൾ പ്രാർത്ഥിച്ച് ഈ സ്ത്രീ ജീവിക്കുകയാണെങ്കിൽ കാതിലെ കടുക്കൻ ചെത്തി നിങ്ങളുടെ പ്രസ്ഥാനത്തിൽ ചേരാമെന്നു വെല്ലുവിളിച്ചു.

നാട്ടുകാർ നോക്കിനിൽക്കെ മത്തായിച്ചനും കൂട്ടുകാരും അന്നമ്മയുടെ തലയിൽ കൈവെച്ച്  പ്രാർത്ഥിച്ചു. ഉടൻതന്നെ അവർ ചാടിയെഴുന്നേറ്റ് അന്യഭാഷയിൽ ദൈവത്തെ സ്തുതിക്കുവാൻ തുടങ്ങി. അന്നമ്മ ഉണ്ടാക്കികൊടുത്ത കാപ്പി കുടിച്ചശേഷമാണ് സുവിശേഷകർ തിരികെപോയത്. (പന്തയം വെച്ച വിഷഹാരി ഈ മാർഗ്ഗത്തിലേക്കു വന്നില്ലായെങ്കിലും അയാളുടെ പിൻതലമുറയിൽ ചിലർ ഇന്ന് പെന്തെക്കോസ്ത് വിശ്വാസികളാണ്).

സുവിശേഷപ്രസംഗകൻ, രോഗശാന്തിവരപ്രാപ്തൻ, പ്രവാചകൻ എന്നീ നിലകളിലൊക്കെ അറിയപ്പെട്ടിരുന്ന കാരംവേലിൽ മത്തായിച്ചൻ 1887 മാർച്ച്  25നു ഇലന്തൂർ കാരംവേലിൽ കുഞ്ഞുമ്മൻ, സാറാമ്മ ദമ്പതികളുടെ ഏകമകനായി ജനിച്ചു. 1912-ൽ രക്ഷിക്കപ്പെട്ടു. ചില വർഷങ്ങൾക്കുശേഷം സൈമൺ സാറിന്റെ കൈക്കീഴിൽ സ്നാനമേററു. 1924-ൽ പെന്തെക്കോസ്ത് വിശ്വാസിയായി.

നെല്ലിക്കമൺ, റാന്നി, കീക്കൊഴൂർ, പൂവൻമല, വെള്ളിയറ, കൊറ്റനാട്, ഏഴോലി, വലിയകാവ്, കനകപ്പലം, കങ്ങഴ, പ്ലാച്ചേരി തുടങ്ങിയ സ്ഥലങ്ങളിലൊക്കെ സഭാ ശുശ്രൂഷകനായിരുന്നിട്ടുള്ള മത്തായിച്ചൻ തമിഴ്നാടിന്റെ പല ഭാഗങ്ങളിലും  സിലോണിലും ഉത്തരേന്ത്യയിലും സഞ്ചരിച്ച് സുവിശേഷയോഗങ്ങൾ നടത്തിയിട്ടുണ്ട്. 1979 നവംബർ 10നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ഭാര്യ അന്നമ്മ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. ഡൽഹിയിൽ കർത്തൃശുശ്രൂഷയിലുള്ള പാസ്റ്റർ ടി.എം. സൈമൺ മകനാണ്.

12

# ഗായകർ ഗാനരചയിതാക്കൾ

മുഖ്യധാരാസഭകളിൽ ചിട്ടയനുസരിച്ചു പാടാനറിയാവുന്ന ഗായകസംഘങ്ങൾ ഗാനങ്ങളുടെ കുത്തക കയ്യടക്കിവച്ചിരിക്കുമ്പോൾ, പെന്തെക്കോസ്തു സഭകളിൽ ഗാനങ്ങൾക്ക് ഒരു ജനകീയ അടിത്തറയാണുള്ളത്. അവിടെ 'ഗാനശുശ്രൂഷ' എല്ലാവർക്കും പങ്കുള്ള ഒരു ശുശ്രൂഷയാണ്.

ഉണർവ്വും, ഗാനങ്ങളുടെ ആവിർഭാവവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. മാർ അപ്രേമിന്റെ സുറിയാനി ഭാഗത്തിലുള്ള ഗാനങ്ങൾ മാത്രം പരിചിതമായിരുന്ന മലങ്കരസഭയ്ക്ക്, 18-ാം നൂറ്റാണ്ടിൽ പാശ്ചാത്യ മിഷനറിമാരുടെ ആഗമനത്തോടെയുണ്ടായ ഉണർച്ചാകാലയളവിലാണ് ഇംഗ്ലീഷ് വിവർത്തിത ഗാനങ്ങൾ രൂപം കൊള്ളുന്നത്. 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ആഗോളതലത്തിലുണ്ടായ 'ഇവാൻജലിക്കൽ അവേയ്ക്കനിംഗ്' കേരളത്തേയും തൊട്ടുണർത്തിയപ്പോഴാണ് മോശ വത്സലത്തിന്റെയും പി. വി. തൊമ്മിയുടെയും ആത്മോപകാരിയച്ചന്റെയും വർക്കിയാശാന്റെയും മറ്റും ഗാനങ്ങൾ കേരള ക്രൈസ്തവരുടെ നാവിൻതുമ്പിൽ തത്തിക്കളിച്ചത്. 19-ാം നൂറ്റാണ്ടൊടുവിൽ, ഉണർവ്വിന്റെ നായകരായിരുന്നവർ തന്നെയാണ് പലപ്പോഴും ഗാനങ്ങൾ രചിച്ചത്. മദ്ധ്യതിരുവിതാംകൂറിലെ ഉണർവ്വിനു നായകത്വം വഹിച്ച യൂസ്തൂസ് യോസഫ്, കണ്ണൂർ മുതലായ സ്ഥലങ്ങളിലെ ബാസൽമിഷൻ കേന്ദ്രങ്ങളിൽ ഉണർവ്വു നയിച്ച ദേവസഹായം മണ്ടോടി ഉപദേശിയാർ തുടങ്ങിയവർ പ്രഗത്ഭരായ ഗാനരചയിതാക്കളുമായിരുന്നു.

ആംഗലേയമൂലം ഉപയോഗിക്കാതെ തന്നെ മലയാളത്തിൽ ഗാനങ്ങൾ രചിക്കാൻ പരിശ്രമിച്ച ജർമ്മൻ മിഷനറിയായിരുന്നു 1892-ൽ കണ്ണൂരിൽ ബാസൽ മിഷൻ പ്രവർത്തകനായെത്തിയ വി. നാഗൽ. അദ്ദേഹം പിന്നീട് വേർപാടുപദേശങ്ങൾക്കുവേണ്ടി നിലകൊണ്ടു.

സാധാരണക്കാർക്കുപോലും ആസ്വദിക്കത്തക്കനിലയിൽ ലളിതസുന്ദരമായിരുന്നു അദ്ദേഹത്തിന്റെ ഗാനങ്ങൾ. "യേശുവേ നിന്റെ രൂപമീ എന്റെ.....", "നിന്നോടു പ്രാർത്ഥിപ്പാൻ പ്രിയ പിതാവേ...", " പാപക്കടം തീർക്കുവാൻ യേശുവിൻ രക്തം മാത്രം....", " സമയമാം രഥത്തിൽ ഞാൻ...." തുടങ്ങി നൂറോളം ഗാനങ്ങൾ അദ്ദേഹം മലയാളത്തിനു നല്കി.

വേദപുസ്തകോപദേശങ്ങളെ യുക്തിബോധത്തോടെ വ്യാഖ്യാനിച്ച കെ. വി. സൈമണേപ്പോലുള്ളവർ ഇരുപതാം നൂറ്റാണ്ടാദ്യം പ്രൗഢഗംഭീരങ്ങളായ ഗാനങ്ങൾ ക്രൈസ്തവലോകത്തിനു നല്കി. പിന്നീട് മാർത്തോമ്മാ സഭയ്ക്ക് ഉണർവ്വ് സന്ദേശവുമായെത്തിയ മൂത്താംപാക്കൽ കൊച്ചുകുഞ്ഞുപദേശിയും ഏറെ ഗാനങ്ങൾ രചിച്ച ഒരു സുവിശേഷകനായിരുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടും മൂന്നും ദശകങ്ങളിലാണ് കേരളത്തിൽ പെന്തെക്കോസ്തു ശക്തമാകുന്നത്. ഒരു ഉണർവ്വു പ്രസ്ഥാനമെന്ന നിലയിൽ പെന്തെക്കോസ്തു പ്രതിഭാസത്തിനു ഗാനങ്ങൾ ഏറെ പ്രസക്തമായിരുന്നു. വലിയ വലിയ ആശയങ്ങളൊക്കെ കുത്തിനിറച്ച ബുദ്ധിയെ തൊട്ടുണർത്തുന്ന ഗാനങ്ങളെക്കാൾ ഭക്തിസംവർദ്ധകവും ആശ്വാസപ്രദായകവുമായ ഗാനങ്ങൾ പെന്തെക്കോസ്തർക്കിടയിൽ പെട്ടെന്ന് പ്രചാരത്തിലായി.


മുഖ്യധാരാസഭകളിലെ ആംഗലേയചുവയുള്ള ഗാനങ്ങളും, ഏറെ പ്രചാരം നേടിയ ചിട്ടയുള്ള ശാസ്ത്രീയഗാനങ്ങളും ഉണർവ്വുകാലത്തു പെന്തെക്കോസ്തർ തള്ളിക്കളഞ്ഞു. ആശയപരമായി അവയോടു വിയോജിപ്പില്ലായിരുന്നെങ്കിൽത്തന്നെ ഉണർവ്വുണ്ടാക്കുവാൻ പോന്ന താളം ഇല്ല എന്നതാകാം ഈ വിമുഖതയ്ക്കു കാരണം. മാത്രമല്ല, നാമധേയസഭകൾ വിട്ട് 'വേർപെട്ട' പെന്തെക്കോസ്തർ പാശ്ചാത്യവും പൗരസ്ത്യവുമായ ഈണങ്ങളുടെ ചിട്ടവട്ടങ്ങളിൽ സാവധാനം പാടേണ്ടിയിരുന്ന ഈ ഗാനങ്ങളോട്, അവ തങ്ങൾ വിട്ടുപോന്ന സമുദായത്തിന്റെ ഭാഗമെന്ന നിലയിൽ, ഒരു 'വേർപാട്' തന്നെ സൂക്ഷിച്ചു. അവയിൽ പലതും ആത്മീയ ഗാനങ്ങളായി കണക്കാക്കാൻ പല പുതുപെന്തെക്കോസ്തർക്കും ആദ്യകാലങ്ങളിൽ കഴിഞ്ഞില്ല.

ലളിതവും ആത്മസംബന്ധിയുമായ ഉണർവ്വുഗാനങ്ങളുടെ അഭാവം ആദ്യകാല പെന്തക്കോസ്തർക്കു ശരിക്കും അനുഭവപ്പെട്ടിരിക്കണം. ക്രമേണ, പെന്തക്കോസ്തുകാരായ ആളുകൾതന്നെ ഉണർവ്വുഗാനങ്ങൾ രചിക്കുവാൻ തുടങ്ങി. അവ പലപ്പോഴും ആത്മശക്തിക്കായി ദൈവത്തോട് അപേക്ഷിച്ചുകൊണ്ടുള്ളതോ, പരിശുദ്ധാത്മാവിന്റെ അന്ത്യകാല പ്രവർത്തനത്തെ പ്രകീർത്തിച്ചുകൊണ്ടുള്ളതോ ആയ ഗാനങ്ങളായിരുന്നു.

പെന്തെക്കോസ്തു ഗാനരചയിതാക്കളിൽ ഒന്നാമൻ (മറ്റു പല കാര്യങ്ങളിലുമെന്നപോലെ) പന്തളം മത്തായിച്ചൻ തന്നെ. അദ്ദേഹത്തിന്റെ "അന്ത്യനാളു വന്നുപോയി പെന്തെക്കോസ്തിൻ ആവി വന്നു..." എന്ന ഗാനം ആദ്യകാല പെന്തെക്കോസ്തു യോഗങ്ങളെയെല്ലാം സമ്പുഷ്ടമാക്കിയ ഒരു പാട്ടാണ്. മറ്റൊരു പ്രശസ്ത ഗാനരചയിതാവായിരുന്നു പേരിശ്ശേരി മത്തായിച്ചൻ. അദ്ദേഹത്തിന്റെ പ്രശസ്തമായ ഗാനമാണ് "ലോകത്തിൻ മോഹങ്ങൾകൊണ്ടു വിരഞ്ഞോടി ഞാൻ...." എന്നത്.

കാലം കഴിഞ്ഞപ്പോൾ പെന്തെക്കോസ്തുകാർക്കെന്നല്ല എല്ലാ ക്രിസ്തീയ വിഭാഗങ്ങൾക്കും ഗാനങ്ങൾ ലളിതവും ഹൃദയത്തെ തൊട്ടുണർത്തുന്നതുമായിരിക്കണം എന്ന ധാരണയുണ്ടായി. ക്രമേണ,

# മുപ്പത്തിയഞ്ചു വർഷങ്ങൾ കൺവൻഷനുകളിൽ ശ്രുതി മീട്ടിയ ഫീലിപ്പോസ് ഭാഗവതർ



*__1950__ കളിൽ കുമ്പനാട് ഐ.പി.സി. ജനറൽ കൺവൻഷൻ സ്റ്റേജ് ഇന്നത്തെ രീതിയിൽ നിന്നും വളരെ വ്യത്യസ്തമായിരുന്നു. സ്റ്റേജിന്റെ ഒരു ഭാഗത്ത് സംഗീതശുശ്രൂഷയ്ക്കായി ഒരു പ്രത്യേക ഭാഗം. അവരുടെ മുന്നിൽ ഫീലിപ്പോസ് ഭാഗവതർ എന്ന പാസ്റ്റർ പി.ജെ. ഫീലിപ്പോസിന്റെ മേശ. ആ മേശയിൽ ഭാഗവതരുടെ വലിയ ഹാർമോണിയം. പാട്ടുസമയങ്ങളിൽ ഭാഗവതർ ഹാർമോണിയത്തിന്റെ കട്ടകളിൽ തന്ത്രത്തോടെ തലോടും. ആ വലിയ പെട്ടി സുന്ദരമായ സംഗീതമുതിർക്കും. 1940 മുതൽ 75 വരെയുള്ള കുമ്പനാടു കൺവൻഷനുകളിൽ ഗാനം നിയന്ത്രിച്ചിരുന്ന വ്യക്തിയായിരുന്നു ഫീലിപ്പോസ് ഭാഗവതർ.*

*1905-ൽ അയിരൂർ പാലയ്ക്കാമണ്ണിൽ സി.എം. ജോണിന്റെ മകനായി ജനിച്ച ഫിലിപ്പ് ആയുർവേദപഠനത്തോടൊപ്പം ഇടയാറൻമുള മാനാമൂട്ടിൽ സൈമൺ ഭാഗവതരുടെ കീഴിൽ കർണ്ണാടക സംഗീതപഠനവും നടത്തി. റ്റി.കെ. പൊക്കാളി ആചാരി ആയിരുന്നു ഭാഗവതരെ സംഗീതം അഭ്യസിപ്പിച്ച മറ്റൊരു അദ്ധ്യാപകൻ. പെട്ടെന്നുതന്നെ ഫിലിപ്പോസ് ഭാഗവതർ പ്രശസ്തനായ സംഗീതജ്ഞനായി അറിയപ്പെട്ടുതുടങ്ങി.*

*1938-ൽ പാസ്റ്റർ കെ.ഇ. ഏബ്രഹാം കുമ്പളംന്താനത്തു നടത്തിയ ഒരു കൺവൻഷനിൽ വച്ച് ഫിലിപ്പ് യേശുക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ചു. അടുത്ത വർഷം പാസ്റ്റർ പി.റ്റി. മാത്യുവിന്റെ കൈക്കീഴിൽ സ്നാനമേറ്റു. പാസ്റ്റർ കെ.ഇ. എബ്രഹാം ഫിലിപ്പിനെ കുമ്പനാട് ഹെബ്രോൻ ബൈബിൾ സ്കൂളിലെ സംഗീതാദ്ധ്യാപകനായി നിയമിച്ചു. അതോടൊപ്പം ബൈബിൾ സ്കൂളിൽ വേദപഠനവും.*

*1953 മുതൽ പലപ്പോഴായി നാരകത്താനി, വെണ്ണിക്കുളം, തോന്നിയാമല, ഏഴോലി, വെച്ചൂച്ചിറ, മന്ദമരുതി, പൂവത്തൂർ, ഓതറ, വെള്ളിയറ എന്നീ സ്ഥലങ്ങളിൽ ശുശ്രൂഷിച്ചിട്ടുണ്ട്. 1987-ൽ കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.*



*ഇരവിപേരൂർ സെന്റ് ജോൺസ് ഹൈസ്കൂൾ അങ്കണത്തിൽ 1975-ൽ നടന്ന സംഗീതസദസ്. അക്കാലത്ത് ഇത്തരം സംഗീത ഗ്രൂപ്പുകൾ സാധാരണമല്ലായിരുന്നു*

371-ാം പേജിൽ നിന്നും...

സങ്കീർണ്ണമായ, പദാവലികളും ബഹുല ങ്ങളായ ദൈവശാസ്ത്ര പ്രമേയങ്ങളും ഗാനങ്ങളിൽനിന്ന് അപ്രത്യക്ഷമായി തുട ങ്ങി. ഗാനങ്ങൾക്ക് രചയിതാവിന്റെ ദൈവ ശാസ്ത്ര ധാരണയേക്കാൾ ജീവിതാനുഭ വങ്ങളുടെ ഒരു പശ്ചാത്തലം സാധാരണ മായി.

പെന്തെക്കോസ്തു ലോകത്തിനു പുറ ത്തുള്ളവർ രചിക്കുന്ന ഗാനങ്ങൾപോലും ഉണർവ്വുഗാനങ്ങളായിത്തുടങ്ങിയതോടെ പെന്തെക്കോസ്തർക്ക് പാട്ടുകളുടെ പഞ്ഞം തീർന്നു. “അനുഗ്രഹത്തിൻ അധി പതിയെ”, “ പ്രതിഫലം തന്നീടുവാൻ...”, “എൻ സങ്കടങ്ങൾ സകലവും തീർന്നുപോ യി....”, “യേശുക്രിസ്തു ഉയിർത്തു ജീവി ക്കുന്നു..” “ഗീതം ഗീതം ജയഗീതം....” തുടങ്ങി നൂറുകണക്കിനു ഉണർവ്വുഗാന ങ്ങൾ രചിച്ച എം. ഇ. ചെറിയാനെയും മറ്റും തങ്ങളുടെ ലോകത്തിനു പുറത്തുള്ള ഒരാളായി കണക്കാക്കാൻ പെന്തെക്കോ സ്തർക്ക് കഴിയുന്നില്ല.

പെന്തെക്കോസ്തിതര ഗാനരചയിതാ ക്കളിൽ ആധുനിക കാലത്ത് പെന്തെ ക്കോസ്തർക്ക് അഭിമതരായുള്ള പ്രശസ്ത ഗാനരചയിതാക്കളാണ് ചാൾസ് ജോൺ (സ്വർഗ്ഗനാട്ടിലെൻ പ്രിയൻ തീർത്തിടും...), ജോർജ് പീറ്റർ (എന്നെ കരുതുവാൻ കാക്കുവാൻ...) തോമസ് മാത്യു (മൽപ്രി യനെ എന്നേശു നായകനെ.....) എന്നിവർ.

കഴിഞ്ഞകാല പെന്തെക്കോസ്തുഗാന രചയിതാക്കളിൽ നല്ലൊരു ശതമാനവും പൂർണ്ണസമയ സുവിശേഷകരായിരുന്നു. പന്തളം മത്തായിച്ചൻ തന്നെ ആദ്യത്തെ യാൾ. പിന്നെ പ്രഗത്ഭനായ പേരിശ്ശേരി മത്തായിച്ചൻ, പാസ്റ്റർ സി. എസ്. മാത്യു, പാസ്റ്റർ എം. കെ. വറുഗീസ്, പാസ്റ്റർ ജോൺ വറുഗീസ്, പാസ്റ്റർ ഇ. വി. വറുഗീസ്, വേട്ടമല ഫിലിപ്പോസുപദേശി, പാസ്റ്റർ പി. പി. മാത്യു, പാസ്റ്റർ എം. വി. വർഗീസ് അങ്ങനെ പല ഗാനരചയിതാ ക്കളും മുഴുസമയ സുവിശേഷകരായിരു ന്നു. ഇവരിൽ പലരും ഒരു ഗാനം കൊണ്ടുതന്നെ പ്രശസ്തരായവരാണ്.


പാസ്റ്റർ എം. കെ. വറുഗീസിന്റെ "സർവ്വ ലോക സൃഷ്ടിതവേ....സർവ്വത്തിനും നാഥാ..." മിക്കവാറും എല്ലാ പെന്തെക്കോസ്തു സഭായോഗങ്ങളിലും പ്രാരംഭ ഗാനമാണ്.

പാസ്റ്റർ സി. എസ്. മാത്യുവിന്റെ പ്രശസ്തഗാനം "എൻ പ്രിയനെപ്പോൽ സുന്ദരനായ്...ആരെയും ഞാൻ ഉലകിൽ.." എന്നതാണ്. 1946 ഡിസംബർ 11 നു ഒരു ഉണർവ്വുയോഗത്തിൽ പ്രസംഗിച്ചശേഷം രാത്രി, ഒരു വിശ്വാസിയുടെ കുടിലിൽ കിടന്നുറങ്ങുമ്പോൾ പ്രഭാപൂരിതനായ ക്രിസ്തുവിനെ ദർശനത്തിൽ കണ്ടു. തന്റെ പ്രിയന്റെ മനോഹര രൂപത്തെ വർണ്ണിച്ച് അന്യഭാഷയിൽ പാടിക്കൊണ്ടാണ് അദ്ദേഹം ഞെട്ടിയുണർന്നത്. ആ സുന്ദര രൂപത്തെ വീണ്ടും സ്മരിച്ചുകൊണ്ട് രാത്രിയിൽ, മണ്ണെണ്ണ വിളക്കിന്റെ വെട്ടത്തിരുന്ന് എഴുതിയതാണ് ഈ ഗാനം.

പെന്തെക്കോസ്തരുടെ മറ്റൊരിഷ്ട ഗാനമായ "വാഴ്ത്തുന്നേ എന്നേശു രാജനെ സർവ്വകാലവും..." എന്ന ഗാനത്തിന്റെ രചയിതാവ് പാസ്റ്റർ ടി. സി. ജോഷ്വാ ആണ്. അറുപതിലേറെ ഗാനങ്ങൾ അദ്ദേഹത്തിന്റെ തൂലികയിലൂടെ പുറത്തുവന്നിട്ടുണ്ട്.

മറ്റൊരു പ്രശസ്ത ഗാനരചയിതാവായ പാസ്റ്റർ പി. പി. മാത്യു അദ്ദേഹത്തിന്റെ പ്രശസ്ത ഗാനമായ "ലോകെ ഞാനെൻ ഓട്ടം തികച്ചു..." എന്ന ഗാനം രചിക്കുന്നത് സഹോദരന്റെ മരണക്കിടക്കയിൽ വച്ചാണ്. "കട്ടിലിന്റെ അരികിലേക്ക് മാറിക്കിടക്കാനാവില്ല. അവിടെ ദൂതന്മാർ ഇരിക്കുകയാണ്" എന്ന് മരണത്തെ അഭിമുഖീകരിച്ചു കിടന്ന സഹോദരൻ സാക്ഷി പറഞ്ഞപ്പോൾ പി. പി. മാത്യു ആത്മാവിൽ നിറഞ്ഞുപാടിയതാണ് "ദൂതസംഘമാകവേ എന്നെ എതിരേല്ക്കുവാൻ..." എന്ന ഗാനം.

പല ഉണർവ്വുഗാനങ്ങളുടെയും രചയിതാവായ മറ്റൊരു കർത്തൃശുശ്രൂഷകനാണ് പാസ്റ്റർ ഇ. വി. വറുഗീസ്. "ദയ ലഭിച്ചോർ




*ഡി. ബാബു (ഗിറ്റാർ), സൈമൺ (വോക്കൽ), നിർമ്മല (ഗിറ്റാർ, വോക്കൽ), ജെ.വി. പീറ്റർ (ഓർഗൻ, വോക്കൽ) 1979-ലെ ചിത്രം*

നാം സ്തുതിച്ചീടുവോം...." എന്ന ആദ്യ ഗാനം കൊണ്ടുതന്നെ അദ്ദേഹം പെന്തെക്കോസ്തു ലോകത്തിനു പ്രിയംകരനായി.

വേട്ടമല ഫിലിപ്പോസുപദേശിയുടെ "നീതിസൂര്യൻ വരുമ്പോൾ....." എന്ന ഗാനത്തിനു വേദന കലർന്ന ഒരു പുഞ്ചിരിയുടെ പശ്ചാത്തലമുണ്ട്. പരേതനായ മാമ്മൻ ഉപദേശി ഒരു യോഗത്തിൽ സാക്ഷ്യത്തിന്റെ സമയത്ത് പ്രസംഗപീഠത്തിനു മുമ്പിലിരുന്ന ഫിലിപ്പോസിനോടു "എടാ, ഇവിടെ ഏത്യോപ്യക്കാരനെപോലെ ഒരു കറുത്ത മനുഷ്യൻ ഇരിക്കുന്നുവല്ലോ. നിനക്ക് വല്ല സാക്ഷ്യവും പറയാനുണ്ടോ?" എന്നു ചോദിച്ചു. "കൂശ്യനു തന്റെ കറുപ്പും പുള്ളിപ്പുലിക്കു തന്റെ പുള്ളിയും മാറ്റാനാവുമോ?" എന്ന വേദവാക്യവും അദ്ദേഹം ഉദ്ധരിച്ചു. ഇത് ഫിലിപ്പോസ് എന്ന കാർവർണ്ണനെ ഏറെ ദുഃഖിപ്പിച്ചു. എഴുന്നേറ്റുനിന്ന് സാക്ഷ്യമായി അദ്ദേഹം പാടിയ പാട്ടാണ് "നീതിസൂര്യൻ വരുമ്പോൾ തൻ പ്രഭയിൻ കാന്തിയാലെന്നിരുൾ നിറം മാറീടുമേ...." എന്ന പാട്ട്. മാമ്മനുപദേശി ഫിലിപ്പോസിനെ കെട്ടിപ്പിടിച്ച് ക്ഷമചോദിച്ചത്രേ.

സുവിശേഷകയായ അന്നമ്മ മാമ്മനും പല ഗാനങ്ങളുടെ രചയിതാവാണ്. അവരുടെ ഏറ്റവും പ്രശസ്ത ഗാനം "ലോകമാം ഗംഭീരവാരിധിയിൽ...." എന്നതാണ് അതിലെ "യാത്രചെയ്യും ഞാൻ ക്രൂശെനോക്കി...." എന്ന ഭാഗം ഉറച്ച പ്രതിഷ്ഠയുടെ പ്രദർശനമായി ആയിരക്കണക്കിനു സമ്മേളനങ്ങളിൽ മുഴങ്ങിക്കേട്ടിട്ടുണ്ട്

"പോർക്കളത്തിൽ നാം പൊരുതുക ധീരരായ്...." തുടങ്ങിയ ഗാനങ്ങൾ രചിച്ച അന്നമ്മ മാത്യു പ്രശസ്തയായ മറ്റൊരു ഗാനരചയിതാവാണ്. പരേതനായ ഏഴംകുളം ഡി. സി. മത്തായി ഉപദേശിയുടെ ഭാര്യയാണിവർ.

ഏഴുപതുകൾക്കുശേഷം പെന്തെക്കോസ്തർക്കിടയിൽ ഗാനങ്ങളുടെ ഒരു പ്രവാഹം തന്നെയുണ്ടായി. ഈ കാലയളവിൽ സാധാരണമായിത്തീർന്ന സംഗീത സംഘങ്ങളുടെ സാന്നിദ്ധ്യമാവാം ഈ പ്രതിഭാസത്തിനു കാരണം. ഗായകസംഘങ്ങളുടെ നേതാക്കൾ മിക്കവരും മികച്ച സംഗീതജ്ഞരായിരുന്നതിനാൽ വളരെയെളുപ്പത്തിലവർക്ക് ഗാനങ്ങൾ രചിക്കാനായി. അവരുടെ ഗ്രൂപ്പുകൾ ആ ഗാനങ്ങൾ നിരവധി സ്റ്റേജുകളിൽ പാടി അത് ജനങ്ങൾക്ക് പരിചിതമാക്കുകയും ചെയ്തു. ഈ കാലയളവിൽ പ്രശസ്തനായിത്തീർന്ന ഗാനരചയിതാവാണ് ജെ. വി. പീറ്റർ.

ഏറെ ഗാനങ്ങൾ രചിക്കാതെ തന്നെ പ്രശസ്തരായിത്തീർന്ന ചില ഗാനരചയിതാക്കളുമുണ്ട്. എം. ബി. നൈനാൻ (തലവടി) കുറച്ചു ഗാനങ്ങൾ ഏഴുതിയിട്ടുള്ളുവെങ്കിലും അദ്ദേഹത്തിന്റെ "ദൈവത്തിൻ നാമത്തിൽ നാം ചേർന്നിടും സമയങ്ങളിൽ" എന്ന ഗാനം ഏറെ പ്രശസ്തമാണ്. അതുപോലെ മോൻസി സ്റ്റീഫന്റെ (റാന്നി) "യേശുവിൻ നാമം എന്നേശുവിൻ നാമം" ഡോക്ടർ ഏഴംകുളം സാംകുട്ടിയുടെ "കൃപയിൻ അത്യന്തധനം..." പാസ്റ്റർ എം. വി. വർഗീസിന്റെ "ദാനം ദാനം വിശുദ്ധാത്മദാനം" പ്രൊഫ. മാത്യു പി. തോമസിന്റെ "ഭാരം ചുമപ്പോരെ അദ്ധ്വാനിപ്പോരെ...." മേഴ്സി ജോണിന്റെ "യേശുവേ ഞാൻ നിന്നിൽ ചാരുന്നിതാ..." തുടങ്ങിയ ഗാനങ്ങൾ ഓരോ കാലഘട്ടത്തിൽ പ്രശസ്തമായി തീർന്നുവെങ്കിലും അവരാരും ഒത്തിരി ഗാനങ്ങൾ രചിച്ചവരല്ല.

**ഗായകസംഘങ്ങളുടെ ആവിർഭാവം**

വിദഗ്ദ്ധരായ ഒരു പ്രത്യേക സംഘത്തിനു ഗാനശുശ്രൂഷയുടെ നേതൃത്വം ഏല്പിച്ചുകൊടുക്കുക എന്ന കത്തീഡ്രൽ സഭകളുടെ ആശയം ആദ്യകാല പെന്തെ

## കൃപയാൽ വിശ്വംഭരൻ

*മലയാളം തെറ്റുകൂടാതെ എഴുതാനറിയാത്തയാൾ ഈണവും താളവും ലയവും ഒപ്പിച്ച് സുന്ദരമായ ഭാഷയിൽ നൂറിലേറെ ഗാനങ്ങൾ രചിച്ചുവെന്നു പറഞ്ഞാൽ അത് കൃപയാലല്ലാതെ എങ്ങനെയാണ്! അതുകൊണ്ട് ജോൺ വിശ്വംഭരൻ കൃപയാൽ വിശ്വംഭരൻ എന്ന് അറിയപ്പെടുന്നു.*

*ചുറ്റും വേദവാക്യങ്ങളെഴുതിയ ഒരു പെട്ടിവണ്ടിയിൽ ബാറ്ററിയും മൈക്കും കാസറ്റ് പ്ലയറുമൊക്കെവെച്ച് ദിവസവും കിലോമീറ്ററുകൾ സഞ്ചരിച്ച് നാലാൾ കൂടുന്നിടത്തൊക്കെ പരസ്യയോഗങ്ങൾ നടത്തുന്ന വിശ്വംഭരൻ "എന്റെ ഗാനങ്ങളെല്ലാം കർത്താവു തരുന്നതാണ്, എല്ലാം കൃപയാൽ" എന്ന് പറയുമ്പോൾ നാമത് വിശ്വസിക്കുക.*

*"മഹാ ദൈവമേ, മഹാദൈവമേ..." "എന്റെ സ്തുതിയും പാട്ടുമേ..." തുടങ്ങിയ പ്രശസ്തഗാനങ്ങൾ അദ്ദേഹം രചിച്ചതാണ്. "സത്യാരാധനഗീതങ്ങൾ" എന്ന പേരിൽ വിശ്വംഭരന്റെ പാട്ടുകൾ നാലു വാല്യം കാസറ്റുകളിലായിട്ടുണ്ട്.*



*കൃപയാൽ വിശ്വംഭരൻ തന്റെ സുവിശേഷ വാഹനവുമായി (ഇൻസെറ്റിൽ വിശ്വംഭരൻ)*

ക്കോസ്തു സംഘങ്ങൾക്കു ഒരു രീതിയിലും അംഗീകരിക്കാൻ കഴിയുമായിരുന്നില്ല. ഗാനങ്ങൾക്ക് സംഗീതോപകരണങ്ങളുടെ അകമ്പടി ആത്മാവിന്റെ സ്വാതന്ത്ര്യത്തെ കെടുത്തുന്ന അടിമത്തമാണെന്ന് ചിന്തിച്ചവരും കുറവല്ല.

പെന്തെക്കോസ്തർക്കിടയിൽ അംഗീകരിക്കപ്പെട്ട ഏക വാദ്യോപകരണമായിരുന്നു തമ്പേർ. ആരാധനാവേളകളിൽ പാട്ടിന്റെ വേഗം കൂട്ടാനും കുറയ്ക്കാനും നിർത്താനും ഒക്കെ ഉപയോഗിക്കുന്ന ഒരു നിയന്ത്രണഘടകമായി മാറി പെട്ടെന്ന് ഈ

തമ്പേർ. മറ്റേതെങ്കിലും ഒരു 'വാദ്യ ഘോഷം' വ്യാപകമായി അംഗീകരിക്കപ്പെട്ടെങ്കിൽ അത് പത്തുകമ്പിയുള്ള വീണ എന്ന വ്യാഖ്യാനം കിട്ടിയ കൈത്താളമാണ്. (രണ്ടു കൈകളിലുമായി പത്തു വിരലുകളാണല്ലോ ഉള്ളത്).

ശാസ്ത്രീയമായി സംഗീതം ആലപിക്കുന്നതിനെ എല്ലാ പെന്തെക്കോസ്തുകാരും എക്കാലവും വെറുത്തുവെന്നല്ല ഇതിനർത്ഥം. അറിവുള്ളവരായ പ്രശസ്ത ഗായകർക്കും പ്രഗത്ഭരായ സംഗീതജ്ഞർക്കും പെന്തെക്കോസ്തു ലോകത്ത് എന്നും ആദരവ് കിട്ടിയിരുന്നു. 1930 കളിൽ ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭയുടെ കോട്ടയം ജില്ല പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത പാസ്റ്റർ കെ.എം. സഖറിയ യോഗങ്ങളിൽ തമ്പേർ മാത്രമല്ല, തന്റെ ഹാർമോണിയവും ഉപയോഗിക്കണമെന്ന് നിർബന്ധം പിടിച്ചയാളാണ്.

തീയാടിക്കൽ പാലയ്ക്കാമണ്ണിൽ പി. ജെ. ഫിലിപ്പോസ് ഭാഗവതർ ശാസ്ത്രീയമായി സംഗീതം അഭ്യസിച്ച ഒരു സുവിശേഷകനായിരുന്നു. 1940 മുതൽ 35 വർഷങ്ങൾ കുമ്പനാട് ഐ. പി. സി. കൺവൻഷന്റെ 'സംഗീതവിഭാഗം' നിയന്ത്രിച്ചത് ഫീലിപ്പോസ് ഭാഗവതരാണ്. കൂടാതെ ഹെബ്രോൻ ബൈബിൾ സ്കൂളിൽ പഠിച്ചിരുന്ന വേദവിദ്യാർത്ഥികളെ സംഗീതം അഭ്യസിപ്പിക്കുവാനും അദ്ദേഹം സമയം കണ്ടെത്തിയിട്ടുണ്ട്. അസംബ്ലീസ് ഓഫ് ഗോഡിലെ പാസ്റ്റർ എ. കെ. പാപ്പച്ചൻ (ഭാഗവതർ പാപ്പച്ചൻ) ശാസ്ത്രീയമായി സംഗീതം അഭ്യസിക്കുകയും അഭ്യസിപ്പിക്കുകയും ചെയ്ത പ്രശസ്തനായ മറ്റൊരു സുവിശേഷകനാണ്.

1970കൾ വരെ പെന്തെക്കോസ്തു ലോകത്ത് ഒരു 'പ്രൊഫഷണൽ' സംഗീതഗ്രൂപ്പ് പ്രവർത്തിച്ചിരുന്നില്ല. ഇക്കാലയളവിൽ പാസ്റ്റർ ഡി. സി. മാത്യു ഏഴംകുളവും കൂട്ടരും സംഘമായി ചില സ്ഥലങ്ങളിൽ സംഗീതത്തിന്റെ അകമ്പടിയോടുകൂടെ പരസ്യയോഗങ്ങളും മററും നടത്തിയിരുന്നു. എന്നാലവർക്കും ആധുനിക സംഗീതോപകരണങ്ങളും മറ്റും സ്വന്തമയില്ലായിരുന്നു.

കോഴിക്കോട്ടു പെന്തെക്കോസ്തു ദൈവസഭയുടെ ശുശ്രൂഷകനായിരുന്ന പാസ്റ്റർ എം. സൈമന്റെ മകൻ, മലബാർ പ്രദേശത്ത് അറിയപ്പെടുന്ന ഒരു വയലിനിസ്റ്റായിരുന്ന ഏണസ്റ്റ് സൈമൺ, അദ്ദേഹത്തിന്റെ മകൾ അസാമാന്യ സ്വരമാധുരി കൈമുതലായുണ്ടായിരുന്ന നിർമ്മല എന്നിവർ മദ്ധ്യതിരുവതാംകൂറിൽ സംഗീതവുമായെത്തിയതാണ് പെന്തെക്കോസ്തുകാർക്കിടയിൽ ഒരു സംഘടിത സംഗീത സംഘമുണ്ടാകുവാൻ കാരണമായത്. അന്ന് കുമ്പനാട് ഹെബ്രോൻ ബൈബിൾ കോളജിൽ വിദ്യാർത്ഥിയായിരുന്ന ജയിംസ് ഡേവിഡ് എന്ന പ്രൊഫഷണൽ ഗിറ്റാറിസ്റ്റും പ്രൊഫഷണൽ നാടകവേദികളിൽ ഗായകനായിരുന്ന എം. ഭക്തവത്സലനും ചേർന്ന് 'സെലസ്റ്റ്യൽ സിംഗേഴ്സ്' എന്നൊരു ഗ്രൂപ്പ് രൂപീകരിച്ചു. കോട്ടയം കാരായ എ. സി. തോമസ്, റ്റി. എം. മാത്യു, നീരേറ്റുപുറത്തു നിന്ന് രാജു ഏബനേസർ, ബാബു, പാസ്റ്റർ ഡി. സി.മാത്യുവിന്റെ മകൻ ലാസർ വി. മാത്യു (ഏഴംകുളം) തുടങ്ങിയവരും സൗമിനി, മേഴ്സി, ജോളി എന്നീ സഹോദരീമാരും പലപ്പോഴായി ഈ ഗ്രൂപ്പുകളിൽ സഹകരിച്ചിട്ടുണ്ട്. ഏറെ നാളുകൾ ഈ സംഘത്തിനു ഒരുമിച്ചു പോകാനായില്ല. എങ്കിൽ തന്നെ അന്ന് ഇതിനോടു സഹകരിച്ച മിക്കവരും പിന്നീട് പല ഗായകസംഘങ്ങൾക്ക് രൂപം നല്കി സുവിശേഷ സംഗീത ശുശ്രൂഷ തന്നെ തുടർന്നു.

1976 മുതൽ കേരളത്തിൽ പ്രവർത്തിച്ചുതുടങ്ങിയ ജെ.വി. പീറ്ററാണ് പെന്തെക്കോസ്ത് സംഗീത ലോകത്ത് പ്രഗത്ഭനാ


യിത്തീർന്ന മറ്റൊരു സുവിശേഷ സംഗീതജ്ഞൻ. പുതുതലമുറയിൽ ആകർഷകങ്ങളായ ഏറ്റവും കൂടുതൽ ഗാനങ്ങൾ രചിച്ചത് അദ്ദേഹമായിരിക്കണം. ആദ്യം പാസ്റ്റർ വി. എ. തമ്പിയോടൊപ്പം ക്രൈസ്റ്റ് ഫോർ ഇന്ത്യാ ഗോസ്പൽ ട്യൂണേഴ്സ് എന്ന പേരിൽ പ്രവർത്തിച്ചശേഷം പിന്നീട് സ്വതന്ത്രമായി ഗോസ്പൽ ട്യൂണേഴ്സ് എന്ന പേരിൽ തന്റെ പ്രവർത്തനം തുടർന്നുവരുന്നു.

തീർത്തും പെന്തെക്കോസ്തു സംഘങ്ങൾ അല്ലായിരുന്നുവെങ്കിൽ തന്നെ പെന്തെക്കോസ്തുകാരുടെ സഹകരണം ലഭിച്ചിരുന്ന കണ്ണൂരിലെ എൽ. ഇ. എഫ്. ഓർക്കസ്ട്ര, പഴഞ്ഞിയിലെ ക്രിസ്ത്യൻ ആർട്സ് സെന്റർ, ആലപ്പുഴയിലെ എം.ഡി. ജോൺ, എം.ഡി. ചാക്കോ സഹോദരങ്ങളുടെ കുടുംബാംഗങ്ങൾ ചേർന്നുള്ള സംഘം എന്നിവ.

1980 കളോടെ പെന്തെക്കോസ്തു ലോകത്ത് സംഗീതഗ്രൂപ്പുകളുടെ ഒരു വേലിയേറ്റം തന്നെയുണ്ടായി. നേരത്തെ സെലസ്റ്റ്യൽ സിംഗേവഴ്സിന്റെ അംഗമായിരുന്ന ഭക്തവത്സലൻ കാമ്പസ് ക്രൂസേഡിനോടു ചേർന്നു. 1978-ൽ ആരംഭിച്ച ക്രൂസേഡേഴ്സ്-ടാർജറ്റ് '80 എന്ന ഗ്രൂപ്പ് (പിന്നീട് അതാണ് ഹാർട്ട് ബീറ്റ്സ് എന്ന പേരിലറിയപ്പെട്ടത്) ഒരു പെന്തെക്കോസ്ത് സംഘമല്ലായിരുന്നുവെങ്കിൽത്തന്നെ ഭക്തവത്സലന്റെയും മറ്റും സ്വാധീനത്താൽ പല പെന്തെക്കോസ്തു സ്റ്റേജുകളും അവർക്കു കൈയ്യടക്കുവാൻ കഴിഞ്ഞു. 1980-ൽ രാജൻ, ജെയിംസ് എന്നീ സഹോദരന്മാർ ചേർന്നാരംഭിച്ച സയോൺ സിംഗേഴ്സ്, മാവേലിക്കര രാജുവിന്റെ നേതൃത്വത്തിലുള്ള സ്പിരിച്ചൽ വോയിസ്, തിരുവനന്തപുരത്ത് കല്ലിയൂർ കുഞ്ഞുമോനും സംഘവും, തലസ്ഥാനനഗരിയിലെ തന്നെ സുനിൽ ജെ. ദാസിന്റെ നേതൃത്വത്തിലുള്ള ഗോസ്പൽ സിംഗേഴ്സ്, ചെങ്ങന്നൂരിലെ ഇവാഞ്ചൽ വോയിസ്, ഡി. സി. മത്തായിയുടെ മകൻ ബഞ്ചമിൻ മാത്യുവും രമണി മാത്യുവും (രമണി നേരത്തെ ഹാർട്ട് ബീറ്റ്സിൽ ഗായികയായിരുന്നു) നയിക്കുന്ന ചെങ്ങന്നൂർ ഗോസ്പൽ മെലഡീസ്, കൊല്ലം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന നൊറോണ സഹോദരങ്ങളുടെ സ്റ്റാവുറോസ്, ചിങ്ങവനത്തെ ക്രൈസ്റ്റ് ഫോർ ഇന്ത്യാ ഗോസ്പൽ സിംഗേഴ്സ്, കണ്ണൂർ പാസ്റ്റർ വി. റ്റി. ഏബ്രഹാമിന്റെ നേതൃത്വത്തിലുള്ള മലബാർ ഗോസ്പൽ മെലഡി, എറണാകുളത്തെ ക്രിസ്ത്യൻ വോക് തുടങ്ങിയ സംഘങ്ങൾ ഇന്നും തിരക്കുള്ള സംഗീതസംഘങ്ങളാണ്.

വ്യക്തിഗതനിലയിൽ പെന്തക്കോസ്തരുടെ ഇഷ്ട ഗായകരായ അനേകർ വേറെയുമുണ്ട്. മാത്യു ജോൺ, ബിനോയി ചാക്കോ, കോട്ടയം ജോയി, ജയിൻ ചാക്കോ, സാം കുഴിക്കാല, സാംസൺ കോട്ടൂർ, ജഗൻ ഏബ്രഹാം, വിനീതാ വർഗീസ്, ജിജി സാം തുടങ്ങിയവർ അവരിൽ ചിലർ മാത്രം.

**പാസ്റ്റർ എം. കെ. വർഗീസ്**



1893 നവംബറിൽ ഇടയാറൻമുളയിൽ ജനിച്ച വർഗീസ് കെ. വി. സൈമന്റെ ബൈബിൾ ക്ലാസ്സുകളിലൂടെ ബ്രദറൺ സഭാവിശ്വാസിയായി. സ്വജനങ്ങൾ ക്ഷുബി

തരായപ്പോൾ സ്വദേശം വിട്ട് കുമ്പനാട്ടേക്ക് താമസം മാറ്റി.

കെ. ഇ. ഏബ്രഹാമുമായി ഉണ്ടായിരുന്ന സൗഹൃദം അദ്ദേഹത്തെ പെന്തെക്കോസ്തു സത്യങ്ങളിലേക്ക് ആകർഷിച്ചു. 1927-ൽ മുളക്കുഴ ബൈബിൾ സ്കൂളിലെ ആദ്യബാച്ചിൽ പഠനം നടത്തി. കുക്ക് സായ്പുമൊരുമിച്ച് അനേക സ്ഥലങ്ങളിൽ സഞ്ചരിച്ച് പ്രവർത്തിച്ചിരുന്നു. 1971- ഒക്ടോബർ 20-നു കർത്തൃസന്നിധിയിലേക്കു ചേർക്കപ്പെട്ടു. സുവിശേഷ പ്രവർത്തകനായ പാസ്റ്റർ എൻ. വി. സാമുവൽ മകനാണ്.

മുഖ്യമായും പാസ്റ്റർ വർഗീസിന്റെ ഗാനങ്ങൾ "സർവ്വലോക സൃഷ്ടിതാവേ..." "കുഞ്ഞാട്ടിൻ തിരുരക്തത്താൽ...." " ജയം ജയം ഹല്ലേലുയ്യാ...." "കർത്താവു താൻ ഗംഭീരനാദത്തോടും...." "സീയോനെ നീ ഉണർന്നെഴുന്നേല്ക്കുക..." എന്നിവയാണ്.


### പാസ്റ്റർ പി. പി. മാത്യു

ഹരിപ്പാടിനടുത്ത് പായിപ്പാട് പുത്തൻ പറമ്പിൽ ഫിലിപ്പോസിന്റെ മകനായി ജനിച്ച മാത്യു നൂറിലേറെ ഗാനങ്ങളുടെ രചയിതാവാണ്. സിലോൺ പെന്തെക്കോസ്തു സഭയിലെ പാസ്റ്ററായി, സ്വദേശത്തും വിദേശത്തുമായി ഏറിയ വർഷങ്ങൾ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. പിന്നീട് സി. പി. എം. കൂട്ടായ്മ വിട്ട് സ്വതന്ത്രപ്രവർത്തകനായിത്തീർന്നു. ഇപ്പോൾ ഒലവക്കോട്ട് വിശ്രമജീവിതം നയിക്കുന്നു.

"ലോകെ ഞാനെൻ ഓട്ടം തികച്ചു..." "എനിക്കായൊരുത്തമ സമ്പത്ത്...." "യേശു എൻ പക്ഷമായി തീർന്നതിനാൽ..." "യേശുവോടു ചേർന്നിരിപ്പതെത്ര മോദമേ...." തുടങ്ങിയവ അദ്ദേഹത്തിന്റെ പ്രശസ്ത ഗാനങ്ങളാണ്.

### പാസ്റ്റർ ഏണസ്റ്റ് സൈമൺ

കോഴിക്കോട്ട് പെന്തക്കോസ്തു



പ്രവർത്തനത്തിന്റെ പ്രാരംഭകനായ പാസ്റ്റർ എം. സൈമന്റെ മകൻ ഏണസ്റ്റ് പെന്തെക്കോസ്ത് ഗായകസംഘങ്ങളുടെ തലതൊട്ടപ്പനാണ്. അദ്ദേഹവും പുത്രി നിർമ്മലയും നേതൃത്വം കൊടുത്ത 'സെലസ്റ്റ്യൽ സിംഗേഴ്സ്' മദ്ധ്യതിരുവിതാംകൂറിലെ ആദ്യകാല പെന്തെക്കോസ്തു സംഗീതസംഘമായിരുന്നു.

പ്രശസ്തനായ ഒരു വയലിനിസ്റ്റായിരുന്നു സൈമൺ. എന്നാലതേസമയം പ്രഗത്ഭനായ ഒരു സുവിശേഷകനും . ആദ്യകാലത്ത് പിതാവിനോടൊത്ത് കോഴിക്കോട്ടായിരുന്നു താമസവും പ്രവർത്തനവും. കോഴിക്കോട്ട് സഭയിലുണ്ടായ ഭിന്നതാകാലയളവിൽ അദ്ദേഹം കണ്ണൂരിലെ പാപ്പിനിശ്ശേരി എന്ന സ്ഥലത്ത് ഭാര്യ മാത്തിരിയോടുകൂടെ താമസിച്ച് സുവിശേഷവേല ചെയ്തു. അവരുടെ പ്രവർത്തനഫലമായി ചിലയാളുകൾ പെന്തെക്കോസ്തു വിശ്വാസം സ്വീകരിച്ചു. പിന്നീട് ജോലിയോടുള്ള ബന്ധത്തിൽ കുറെക്കൂടെ വടക്ക് കളപ്പുറത്ത് (വിളയംകോട്) താമസിച്ചുപ്രവർത്തിച്ചു. അവിടെയും ഇപ്പോഴൊരു പെന്തൊക്കോസ്തു സഭയുണ്ട്.

1975-ൽ അദ്ദേഹം ജോലിവിട്ട് പൂർണ്ണ സമയ സുവിശേഷകനായി. മദ്ധ്യതിരുവിതാംകൂറിലെ പ്രധാന ബ്രദറൺ, പെന്തെക്കോസ്തു കൺവൻഷനുകളിൽ അക്കാ

ലത്ത് സൈമണും പുത്രി നിർമ്മലയും ഒരു ഒഴിച്ചുകൂടാഘടകമായിത്തീർന്നു. 1953 സെപ്റ്റംബറിൽ ഒരു വാഹനാപകടത്തിൽപെട്ട് പാസ്റ്റർ സൈമൺ നിത്യതയിൽ പ്രവേശിച്ചു.

അദ്ദേഹത്തിനു നാല് പെൺമക്കളാണുണ്ടായിരുന്നത്. ബയൂല, സ്റ്റെല്ല, നിർമ്മല, ലിഡിയ, നാലുപേരെയും അദ്ദേഹം സുവിശേഷകർക്ക് വിവാഹം ചെയ്തുകൊടുത്തു. (ഇവരിൽ സ്റ്റെല്ല ഒരു പെട്രോമാക്സ് പൊട്ടിത്തെറിച്ച അപകടത്തിൽ മരണമടഞ്ഞു.) നാലുമക്കൾക്കും പാടുവാനുള്ള സിദ്ധി ഉണ്ടായിരുന്നെങ്കിലും ജെ. വി.പീറ്ററിന്റെ ഭാര്യയായിത്തീർന്ന നിർമ്മല മാത്രമാണ് ഏറെ പ്രശസ്തയായത്. സൈമൺ കുളപ്പുറത്ത് ആരംഭിച്ച പെന്തെക്കോസ്തു സഭയുടെ ഇപ്പോഴത്തെ ശുശ്രൂഷകൻ മകൾ ലിഡിയയുടെ ഭർത്താവ് പാസ്റ്റർ എം. കെ. സാം ആണ്.


### പാസ്റ്റർ ഇ. വി. വറുഗീസ്

1920 ജൂലൈ 17 നു പത്തനാപുരത്ത് ജനിച്ച വർഗീസ് 1941–ൽ അദ്ധ്യാപകനായിരിക്കുമ്പോഴാണ് രക്ഷിക്കപ്പെടുന്നത്. 42 മുതൽ 54 വരെ സിലോൺ പെന്തെക്കോസ്ത് മിഷനിലെ ശുശ്രൂഷകനായിരുന്നു. 1962 മുതൽ തിരുവനന്തപുരത്ത് സ്ഥിരതാമസമാണ്.

1945 ലാണ് "ദയ ലഭിച്ചോർ നാം സ്തുതിച്ചീടുവോം" എന്ന ആദ്യഗാനം രചിക്കുന്നത്. അന്ന് അദ്ദേഹത്തിന്റെ സഹപ്രവർത്തകരായിരുന്ന പാസ്റ്റർ കെ. എം. സഖറിയായും, പാസ്റ്റർ വൈ. ദാനിയേലും ഒരുമിച്ച് സഭയുടെ ഉന്നമനത്തിനും സുവിശേഷപ്രചരണത്തിനും ഉപയുക്തമായ ഗാനങ്ങൾ രചിക്കാൻ ആവശ്യമായ ദൈവകൃപയ്ക്കായി പ്രാർത്ഥിച്ചു നേടിയ പ്രത്യേക വരമനുസരിച്ച് എഴുതിയ ഗാനമാണത്.

''കാണുന്നു ഞാൻ യാഹിൽ....'' "യാഹെ നീയെൻ ദൈവം..." തുടങ്ങി പ്രശസ്തമായ 120 ലേറെ ഗാനങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്.

### പാസ്റ്റർ ടി.സി. ജോഷ്വാ



മലപ്പുറം ജില്ലയിലെ കൊടയ്ക്കൽ സ്വദേശിയായ ജോഷ്വാ 1926 ഡിസംബർ 26 നു ജനിച്ചു. 1948–ൽ രക്ഷിക്കപ്പെട്ടു. 1951–ൽ കുമ്പനാട് ബൈബിൾ സ്കൂളിൽ ചേർന്നു വേദപഠനം നടത്തി. 55 മുതൽ 10 വർഷങ്ങൾ മലബാറിലെ പൊന്നാനി, പരപ്പനങ്ങാടി, എടപ്പാൾ, തിരൂർ മുതലായ സ്ഥലങ്ങളിൽ താമസിച്ചു പ്രവർത്തിച്ചു. 1970 മുതൽ തിരുവനന്തപുരത്തായിരുന്നു ശുശ്രൂഷ.

പാസ്റ്റർ ജോഷ്വായുടെ "കർത്താവേ നിൻ ക്രൂശിനരികിൽ..." എന്ന ആദ്യഗാനം മാനസാന്തരപ്പെട്ട ദിവസംതന്നെ സ്വയം സമർപ്പണത്തിനായെഴുന്നേല്ക്കുമ്പോൾ എഴുതിയതാണ്. 1952–ൽ അദ്ദേഹമെഴുതിയ ചില പാട്ടുകൾ ചേർത്ത് കെ. ഇ. ഏബ്രഹാമിന്റെ അവതാരികയോടെ സുവാർത്താ ഗീതങ്ങൾ എന്ന പേരിൽ പ്രസിദ്ധീകരിച്ചു. അറുപതോളം ഗാനങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. ''വാഴ്ത്തുന്നേ എന്നേശു രാജനേ സർവ്വകാലവും..." എന്ന ഗാനം വളരെ പ്രശസ്തമാണ്.

## ജെ.വി. പീറ്റർ

ഗാനരചയിതാവ്, സംഗീത സംവിധായകൻ, ഉപകരണ വിദഗ്ദ്ധൻ, ഗായകൻ എന്നീ നിലകളിലൊക്കെ ജെ. വി. പീറ്റർ പ്രശസ്തനാണ്.

മലയാളത്തിലും തമിഴിലും ഇംഗ്ലീഷിലുമായി നാനൂറോളം ഗാനങ്ങൾ രചിച്ചിട്ടുള്ള പീറ്റർ 1953 മെയ് 21 നു തമിഴ്നാട്ടിൽ ജനിച്ചു. ബോൺ കാൻസർ ബാധിച്ച് കാലു മുറിച്ചുകളയണം എന്ന് ഡോക്ടർമാർ വിധിയെഴുതിയ സ്ഥാനത്ത് ദൈവം അത്ഭുതകരമായി പീറ്ററിനെ സൗഖ്യമാക്കി. അസംബ്ലീസ് ഓഫ് ഗോഡിന്റെ മധുര ബൈബിൾ കോളജിൽ വേദശാസ്ത്രപഠനം നടത്തിയ പീറ്റർ 76 -ൽ കേരളത്തിലെത്തി. 77-ൽ ഏണസ്റ്റ് സൈമന്റെ മകൾ നിർമ്മലയെ വിവാഹം ചെയ്തു. നിർമ്മല അന്നേ കേരളത്തിൽ അറിയപ്പെടുന്ന ഗായികയായിരുന്നു. പീററററും നിർമ്മലയും നേതൃത്വം കൊടുക്കുന്ന ഗോസ്പൽ ട്യൂണേഴ്സ് അറിയപ്പെടുന്ന ഗായകസംഘമാണ്.

## ഭക്തവത്സലൻ

ഹാർട്ട് ബീറ്റ്സിന്റെ സംഘാടകനായിരുന്ന ഭക്തൻ 1974 ഏപ്രിൽ 14 നാണ് യേശുക്രിസ്തുവിനെ സ്വന്തം രക്ഷകനായി സ്വീകരിക്കുന്നത്. അതിനു മുമ്പ് നാടകങ്ങളിലും ഗാനമേളകളിലും സംഗീതം അവതരിപ്പിച്ചു നടന്നു. 75 മുതൽ മദ്ധ്യതിരുവിതാംകൂറിലെ പെന്തെക്കോസ്തു സ്റ്റേജുകളിൽ അറിയപ്പെടുന്ന ഗായകനായി. 77-ൽ കാമ്പസ് ക്രൂസേഡുമായി ബന്ധപ്പെട്ടു 1992 ൽ കാമ്പസുമായുള്ള ബന്ധം വിട്ട് സ്വതന്ത്ര പ്രവർത്തനം നടത്തുന്നു.


***പാസ്റ്റർ ഫ്രഡി പോൾ** (പാസ്റ്റർ പോളിന്റെ മകൻ)*



***പാസ്റ്റർ ജേക്കബ് രത്നസിംഗ്***



***പാസ്റ്റർ എ.സി. തോമസ്***



***പാസ്റ്റർ വി.ജി. സാമുവൽ***



*പാസ്റ്റർ പോളിനും ആൽവിനും ശേഷം സിലോൺ പെന്തെക്കോസ്തു മിഷൻ ചീഫ് പാസ്റ്റർമാരായിരുന്ന പ്രഗത്ഭർ*

# 13

# ചർച്ച് ഓഫ് ഗോഡ് വിഭജിക്കപ്പെടുന്നു

**പാസ്റ്റർ** ആർ.എഫ്. കുക്ക് കേരളത്തിൽ പ്രവർത്തനത്തിനെത്തിയ ആദ്യകാലം മുതൽ പിന്നോക്കവർഗ്ഗക്കാരായ ബഹുശതമാളുകൾ പെന്തെക്കോസ്തു മാർഗ്ഗം സ്വീകരിച്ച് ദൈവസഭയുടെ അംഗങ്ങളായി. സുറിയാനി ക്രൈസ്തവരുടെ പല മടങ്ങായിരുന്നു അവരുടെ അംഗബലം. റവ. കുക്ക് പിന്നോക്കവർഗ്ഗക്കാരോട് അനുഭാവപൂർവ്വം പെരുമാറുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്ന വ്യക്തിയായിരുന്നു. 'ദരിദ്രരോടു സുവിശേഷമറിയിക്കുക' എന്ന ദൗത്യബോധത്തോടെയാണ് അദ്ദേഹം ഇന്ത്യയിലെത്തിയതുതന്നെ.

1924നുശേഷം പാസ്റ്റർ കെ. ഇ. ഏബ്രഹാം, കെ. സി. ചെറിയാൻ തുടങ്ങിയ തദ്ദേശീയ പ്രവർത്തകരുടെ ശ്രമഫലമായി മദ്ധ്യതിരുവിതാംകൂറിലുടനീളം ചില 'സുറിയാനി പെന്തെക്കോസ്തു സഭകൾ' ഉടലെടുത്തു. അങ്ങനെ പെന്തെക്കോസ്തു സഭാ പ്രവർത്തനം പിന്നോക്കക്കാരുടെയും മുന്നോക്കക്കാരുടെയും ഇടയിൽ ഒരുപോലെ വളർന്നു. എന്നാൽ 1930ൽ കുക്ക് സായ്പും തെന്നിന്ത്യാ നേതാക്കളും വഴിപിരിഞ്ഞപ്പോൾ ഭൂരിഭാഗം സുറിയാനി സഭകളും കുക്ക് സായ്പിനെ വിട്ട് തെന്നിന്ത്യാ സഭയോടു യോജിച്ചു. തങ്ങളെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്ന കുക്ക് സായ്പിനോടൊപ്പം നില്ക്കാനായിരുന്നു ഭൂരിപക്ഷം പിന്നോക്കസഭകളും താല്പര്യപ്പെട്ടത്.

കാലം കഴിഞ്ഞപ്പോൾ ഇന്ത്യാ ദൈവസഭയിൽ സുറിയാനിക്കാരും പിന്നോക്കക്കാരുമായ ദൈവമക്കളുടെ അംഗബലം ഒന്നുപോലെ വർദ്ധിച്ചു. തിരുവല്ലയ്ക്കു വടക്കോട്ടുള്ള ചർച്ച് ഓഫ് ഗോഡു സഭകളിൽ മിക്കതിലും പിന്നോക്കക്കാർക്കു തന്നെയായിരുന്നു അംഗബലം കൂടുതൽ.

1950-ൽ കുക്ക് സായ്പ് അമേരിക്കയിൽ മടങ്ങിപ്പോയതു മുതൽ ദൈവസഭ

യിൽ പിന്നോക്കക്കാരും സുറിയാനി ക്രിസ്ത്യാനികളും തമ്മിലുള്ള സ്വരച്ചേർച്ച യിൽ ശ്രുതിഭംഗമുണ്ടായി. എങ്കിലും അതു പ്രകടമാകാതെ കുറെക്കാലം കൂടെ മുമ്പോട്ടുപോയി. 1952-ൽ മിഷനറി ഓവർസിയ റായി വന്ന വില്യം പോസ്പിസിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തിയ വലിയ കൺവൻഷനുകളുടെ ഫലമായി പിന്നോക്കക്കാരും സുറിയാനിക്കാരുമായ വലിയ ജനക്കൂട്ടം ദൈവസഭയുടെ അംഗങ്ങളായി. ഇടുക്കി, കോട്ടയം ജില്ലകളിലും വടക്കൻ തിരുവിതാംകൂറിലും പിന്നോക്ക വർഗ്ഗത്തിൽപെട്ട നല്ലൊരു കൂട്ടമാളുകൾ ഇക്കാലത്ത് ദൈവസഭാംഗങ്ങളായി. 1970കളുടെ ആരംഭത്തോടെ ദൈവസഭ യിലെ പിന്നോക്കക്കാരും സുറിയാനി ക്കാരും തമ്മിലുള്ള വിടവ് വളരെ വർദ്ധിച്ചു. വിശ്വാസികളിൽ നല്ലൊരു പങ്കും പിന്നോക്കക്കാരായിട്ടും ആനുപാതികമായ നിലയിൽ ഓർഡെയ്ൻഡ് ശുശ്രൂഷകരോ, സെന്റർ, ഡിസ്ട്രിക്ട് ശുശ്രൂഷകരോ, ബൈബിൾ സ്കൂൾ അദ്ധ്യാപകരോ, ഓഫീസ് ജോലിക്കാരോ പിന്നോക്കക്കാർക്കില്ലാത്തത് അവരെ ഏറെ വിഷമിപ്പിച്ചു. ദൈവസഭയിലെ ഉന്നതസ്ഥാനങ്ങൾ സമീപഭാവിയിലൊന്നും പിന്നോക്കക്കാരുടെ കൈകകളിൽ വന്നുചേരാനിടയില്ലെന്ന് അവർ മനസ്സിലാക്കി. ഇക്കാര്യം അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് പിന്നോക്കവർഗ്ഗത്തിൽനിന്നുള്ള നേതാക്കൾ ദൈവസഭാ നേതൃത്വത്തെ പലവട്ടം ഓർമ്മിപ്പിച്ചു.

ഏകദേശം രണ്ടുവർഷം കൂടിയാലോചനകളും ചർച്ചകളും നടന്നു. ചർച്ച ഫലവത്തല്ല എന്നു തോന്നുകയാൽ പിന്നോക്കനേതാക്കൾ പാസ്റ്റർ കെ. ജെ. മർക്കോസിന്റെ അദ്ധ്യക്ഷതയിൽ ഒരു ആക്ഷൻ കൗൺസിലിനു രൂപം കൊടുത്തു. പാസ്റ്റേഴ്സ് വി. എം. മത്തായി. റ്റി. ജെ. സ്റ്റീഫൻ, കെ.ജെ. ജോസഫ്, എം. പി. മത്തായി എന്നിവർ കൗൺസിൽ അംഗങ്ങളായിരുന്നു.

***പാസ്റ്റർ കെ.ജെ. മർക്കോസ്***



*1972-ലെ ആക്ഷൻ കൗൺസിൽ അദ്ധ്യക്ഷൻ*


***റവ. കെ.ജെ. ചാക്കോ***



*പ്രഥമ ഓവർസിയർ,*
*ചർച്ച് ഓഫ് ഗോഡ് ഡിവിഷൻ*

ആക്ഷൻ കൗൺസിലിന്റെ പ്രവർത്തനങ്ങൾ രാഷ്ട്രീയ ശൈലിയിലുള്ളതാണെന്ന് ആരോപിച്ച് ദൈവസഭാ നേതൃത്വം കൗൺസിൽ ചെയർമാനായിരുന്ന കെ. ജെ. മർക്കോസിനെ ദൈവസഭയിൽ നിന്നു മുടക്കി. സഭാ നേതൃത്വത്തിന്റെ ഈ നടപടി സ്ഥിതി കൂടുതൽ വഷളാക്കിയതേയുള്ളൂ. പ്രക്ഷോഭണം കൂടുതൽ ശക്തമായി.

***റവ. കെ.എം. ഏബ്രഹാം***



*പ്രഥമ ഇവഞ്ചലിസം ഡയറക്ടർ*
*ചർച്ച് ഓഫ് ഗോഡ് (ഡിവിഷൻ)*

***പാസ്റ്റർ സണ്ണി വർക്കി***



*ഓവർസിയർ, ചർച്ച് ഓഫ് ഗോഡ് (ഡിവിഷൻ)*

സ്ഥിതിഗതികൾ നേരിട്ടു പഠിക്കാൻ മിഷൻ സുപ്രണ്ട് റവ. ലെവൽ ആർ കാരിയും വേൾഡ് മിഷൻ ഡയറക്ടർ റവ. ഫോറസ്റ്റും 1972-ൽ കേരളത്തിലെത്തി. ദൈവസഭയെ രണ്ടായി വിഭജിച്ച് രണ്ട് ഓവർസിയർമാരുടെ കീഴിൽ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുന്നതായിരിക്കും ഉത്തമം എന്ന് വേൾഡ് മിഷൻ തീരുമാനിച്ചു. അങ്ങനെ 1972 ഫെബ്രുവരി 25 മുതൽ കേരളത്തിലെ ദൈവസഭ "ചർച്ച് ഓഫ് ഗോഡ് സ്റ്റേറ്റ്" എന്നും "ചർച്ച് ഓഫ് ഗോഡ് ഡിവിഷൻ" എന്നും രണ്ടു പേരിൽ രണ്ട് ഓവർസിയർമാരുടെ കീഴിൽ പ്രവർത്തനം ആരംഭിച്ചു. പാസ്റ്റർ കെ. ജെ. ചാക്കോ ആയിരുന്നു ആദ്യ ഓവർസിയർ. പാസ്റ്റർ വൈ. ജോസഫ് ആദ്യ ഓഫീസ് സെക്രട്ടറിയും, പാസ്റ്റർ കെ. എം. ഏബ്രഹാം ഇവാഞ്ചലിസം ഡയറക്ടറുമായി.

വിഭജനത്തെപ്പറ്റി 'ദൈവസഭ പിന്നിട്ട 50 വർഷങ്ങൾ' എന്ന പുസ്തകം പറയുന്നു.

"കേരളത്തിനു വീണ്ടും ഒരു വിഭജനം ഉണ്ടായി. ചേരമർ, സാമ്പവർ ആദിയായ പിന്നോക്ക വിഭാഗങ്ങളിൽ നിന്നും ദൈവസഭയിൽ ചേർന്നിരുന്നവർക്ക് പ്രത്യേക ഭരണ സംവിധാനം ഉണ്ടാകണമെന്നുള്ള അവരുടെ താല്പര്യപ്രകാരം 1972 ഫെബ്രുവരി 25 മുതൽ കേരളത്തിലെ വേല "ഇൻഡ്യാ ദൈവസഭ കേരളാ സ്റ്റേറ്റ്" എന്നും കേരള ഡിവിഷൻ എന്നും രണ്ടായി വിഭജിക്കപ്പെട്ടു.

ഈ വിഭജനത്തിന്റെ അടിസ്ഥാന വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

*ആമുഖം:* ചേരമർ, സാമ്പവർ ആദിയായ അവർണ്ണ ഹിന്ദുക്കളിൽ നിന്നും ഇന്ത്യാ (പൂർണ്ണ സുവിശേഷ) ദൈവസഭ (താഴെ സഭ എന്ന പേരിൽ പരാമർശിക്കപ്പെടുന്നതാണ്) യിൽ ചേർന്നിട്ടുള്ളവരെ അവരുടെ താല്പര്യപ്രകാരം ഒരു പ്രത്യേക ഘടകമായി താഴെപ്പറയുന്ന വ്യവസ്ഥകൾക്കു വിധേയമായി അംഗീകരിക്കുവാൻ ഇൻഡ്യാ (പൂർണ്ണ സുവിശേഷ) ദൈവസഭയുടെ 1971 നവംബർ 17-ാം തീയതി കൂടിയ ജനറൽബോഡി തീരുമാനിച്ചിരിക്കുന്നു. ഈ വിഭജനം ആവശ്യമായി വന്നത് ആത്മീയ ആരാധനയുടെ അടിസ്ഥാനത്തിലല്ല; ഭരണപരമായ അടിസ്ഥാനത്തിലാണ് എന്നുള്ളതും ശ്രദ്ധേയമാണ്.

*പേര്:* ചേരമർ, സാമ്പവർ തുടങ്ങിയ

അവർണ്ണ ഹിന്ദുക്കളിൽ നിന്നും സഭയിൽ ചേർന്നിട്ടുള്ള ആളുകൾ ഉൾക്കൊള്ളുന്ന ഈ വേറിട്ട ഘടകം 'ചർച്ച് ഓഫ് ഗോഡ് ഇൻ കേരളാ (ഡിവിഷൻ) [Church of God in Kerala (Division)] എന്ന പേരിനാൽ അറിയപ്പെടുന്നതാണ്. (താഴെ അതിനെ ഡിവിഷൻ എന്ന പേരുകൊണ്ട് പരാമർശിക്കുന്നതാണ്.)

*അംഗത്വം :* a) സഭയുടെ ബോധനങ്ങൾ സ്വീകരിച്ച് അതിൻപ്രകാരം ജീവിതവൃത്തി നടത്തുന്നവരെ മാത്രമേ ഡിവിഷന്റെ അംഗങ്ങളായി സ്വീകരിക്കുകയുള്ളൂ.

b) സഭയുടെ ബോധനങ്ങളെ അനുസരിച്ച് ജീവിക്കാത്തവരോ സഭയുടെ കല്പനകൾ അനുസരിച്ച് പ്രവർത്തിക്കാത്തവരോ സഭയുടെ ഏകീകരണത്തിനു വിഘാതം ഉണ്ടാക്കുന്ന പ്രവർത്തികൾ ചെയ്യുന്നവരോ ആയ ആളുകളെ സഭയ്ക്ക് ഇതരരായി കണക്കാക്കുന്നതാണ്.

*അവകാശവാദങ്ങൾ :*

ഏതെങ്കിലും കാരണവശാൽ സഭയ്ക്ക് ഇതരരായിത്തീർന്നവരോ മറ്റു കാരണങ്ങളാൽ സഭയുടെ അംഗത്വം നഷ്ടപ്പെടുന്നവരോ ആയിട്ടുള്ളവർക്ക് സഭയുടെ സ്ഥാവരജംഗമ സ്വത്തുക്കളിന്മേലോ സഭയുടെ ഇതര പ്രവർത്തനങ്ങൾ സംബന്ധിച്ചോ യാതൊരു അവകാശങ്ങളും ഉണ്ടായിരിക്കുന്നതല്ല.

*ഭരണപരമായ നിബന്ധനകൾ:*

a) അതാതു സ്ഥലങ്ങളിൽ നിലവിലുള്ള ആരാധനാസൗകര്യങ്ങൾ അതാതു ലോക്കൽ യൂണിറ്റുകളിലെ ഭൂരിപക്ഷമുള്ള വിഭാഗക്കാരുടെ (സവർണ്ണരുടെയോ അവർണ്ണരുടോയോ) അധീനതയിൽ ആയിരിക്കുന്നതാണ്.

b) ഈ വ്യവസ്ഥ അനുസരിച്ച് സ്ഥലം സഭയുടെ നിയന്ത്രണം നഷ്ടപ്പെടുന്ന ഗ്രൂപ്പിൽപ്പെടുന്നവർക്ക് (സവർണ്ണക്കോ അവർണ്ണക്കോ) സ്ഥലത്തെ ഭരണനിയന്ത്രണഗ്രൂപ്പിൽ ചേർന്നുപോകുവാൻ താല്പര്യമെങ്കിൽ അംഗത്വത്തിൽ തുടരാവുന്നതും അല്ലാത്തപക്ഷം ഗവേണിംഗ് ബോഡി നിർദ്ദേശിക്കുന്ന പരിഹാരം അംഗീകരിക്കേണ്ടതുമാണ്.

c) ആർട്ടിക്കിൾ 4 b അനുസരിച്ച് അംഗത്വത്തിൽ തുടരുന്നവർക്ക് ഔദ്യോഗിക സ്ഥാനങ്ങൾ അവകാശപ്പെടാവുന്നതല്ല.

(ദൈവസഭ പിന്നിട്ട 50 വർഷങ്ങൾ, പേജ്-43, 45)

ചർച്ച് ഓഫ് ഗോഡിൽ ഇങ്ങനെയൊരു വിഭജനം ആവശ്യമായി വന്നതിന്റെ കാരണങ്ങളെപ്പറ്റി ആഴത്തിലുള്ള ചരിത്രപഠനങ്ങളൊന്നും കാര്യമായി നടന്നിട്ടില്ല. 'സവർണ്ണരും അവർണ്ണരും' അന്യോന്യം പഴിചാരുന്നിടം കൊണ്ടു പഠനങ്ങളെല്ലാം തീരുന്നു. എന്തായാലും ഒരു കാര്യം വ്യക്തം. ദൈവസഭാ ബന്ധത്തിന്റെ അടിസ്ഥാനശിലയായ സാഹോദര്യം പിഴുതുമാറ്റിയ അനുഭവമായിപ്പോയി അത്. മറ്റു സഭകൾക്കും പുകഴാനൊന്നുമില്ല. വേർതിരിവ് ഇത്ര പ്രകടമല്ലെങ്കിൽ കൂടെ ഇതര മുഖ്യധാരാ സഭകളും സാഹോദര്യത്തെ നശിപ്പിക്കുന്ന ഇത്തരം പ്രവണതകളിൽ നിന്നും വിമുക്തമല്ല. നമുക്കു ദുഃഖിക്കുക.

# ഇന്ത്യൻ മണ്ണിൽ വിശ്രമം കണ്ടെത്തിയ മിഷനറിമാർ



***റോബർട്ട് ഷേവർ***

*ആഫ്രിക്കയിൽ സുവിശേഷമറിയിച്ച് ജീവൻ വെടിഞ്ഞ ഡേവിഡ് ലിവിംഗ്സ്റ്റ ണെപ്പറ്റിയും, ഔക്ക ജാതിക്കാരുടെ കയ്യാൽ വെട്ടിനുറുക്കപ്പെട്ട ജിം എലിയട്ടിനെ പ്പറ്റിയുമുള്ള കഥകൾ നമുക്കു സുപരിചിതങ്ങളാണ്. മിഷനറി കോൺഫറൻസുക ളിൽ സി.റ്റി.സ്റ്റഡും, ഹഡ്സൺ ടെയ്‌ലറും മറ്റും മറ്റും വീരപുരുഷന്മാരാണ്. എന്നാൽ, മലയാളനാട്ടിൽ വന്ന് ജീവിച്ച്, ജീവിതം ഹോമിച്ച വിദേശ മിഷനറിമാരെപ്പറ്റി-പെ ന്തെക്കോസ്തുകാരായ മിഷനറിമാരെപ്പറ്റി നമ്മിൽ എത്രപേർക്കറിയാം? (അറിയണം!)*

*കേരളത്തിലെ ആദ്യ പെന്തെക്കോസ്തു മിഷനറിമാരിലൊരാളായ മിസ് ബൗൺസിൽ സഹോദരി ആൽഡ് വിങ്കിളുമൊത്ത് 1912-ൽ തെക്കൻ തിരുവിതാം കൂറിലെ പ്രവർത്തനത്തിനെത്തുമ്പോൾ ഇന്ത്യയായിരിക്കും അവരുടെ ശ്മശാനഭൂ മിയെന്ന് ഒരിക്കലും ചിന്തിച്ചിരിക്കില്ല. ബ്രദറൺ മിഷനറിമാരായാണ് ബ്രിട്ടീഷുകാ രായ ഈ സഹോദരിമാർ ആദ്യം ഇന്ത്യയിലെത്തുന്നത്. എന്നാൽ 1907-ൽ തോമസ് ബാരറ്റ് മിഷനറിമാർക്കായി കുനൂരിൽ നടത്തിയ യോഗങ്ങളിൽവച്ച് അവരിരുവരും ആത്മസ്നാനം പ്രാപിച്ചതിനെതുടർന്ന് പെന്തെക്കോസ്തു മാർഗ്ഗം തെരെഞ്ഞെടു ക്കുകയുണ്ടായി.)*

*രോഗശാന്തിവരപ്രാപ്തയായിരുന്ന മിസ് ബൗൺസിൽ രചിച്ച 'അർദ്ധരാത്രി യിലെ ആർപ്പുവിളി'യാണ് മലയാള പെന്തെക്കോസ്തരുടെ ആദ്യത്തെ പ്രചരണ ലേഖ. തെക്കൻതിരുവിതാംകൂറിൽ അവരുടെ പ്രവർത്തനം മുന്നേറിക്കൊണ്ടിരുന്ന പ്പോഴാണ് ഒന്നാം ലോകമഹായുദ്ധത്തിന്റെ പടഹധ്വനി മുഴങ്ങിയത്. തുടർന്ന് അവർ തഞ്ചാവൂരിലേക്കു സ്ഥലം മാറി 1914- ലായിരുന്നു അത്.*

*രോഗബാധിതയായിത്തീർന്ന മിസ് ബൗൺസിൽ തഞ്ചാവൂരിൽ വെച്ചുതന്നെ അന്തരിച്ചു. അന്ന് അവരോടൊപ്പമുണ്ടായിരുന്ന പന്തളം മത്തായി ഉപദേശിയാണ് ശവസംസ്ക്കാരശുശ്രൂഷ നിർവ്വഹിച്ചത്. ശവമടക്കാൻ നേരം കനത്ത മഴ! കുഴി നിറയെ വെള്ളം !! ജീവിച്ചിരുന്നപ്പോൾ ബൗൺസിൽ മദാമ്മയ്ക്ക് ഏറ്റവും പേടി വെള്ളം കാണുന്നതായിരുന്നത്രേ. ജീവനറ്റ ആ ശരീരം മത്തായി ഉപദേശിക്ക് വെള്ളം നിറഞ്ഞ കുഴിയിൽത്തന്നെ വെച്ച് മണ്ണിട്ട് മൂടേണ്ടിവന്നു. തിരിച്ചെത്തിയ മത്തായി ഉപദേശി ഈ സംഭവങ്ങളൊക്കെ വിവരിച്ചത് ഇന്നും ജീവിച്ചിരിക്കുന്ന അദ്ദേഹത്തിന്റെ മക്കളോർക്കുന്നു.*

*1913–ൽ പാസ്റ്റർ കുക്കിനോടൊപ്പം അമേരിക്കയിൽ നിന്ന് ഇന്ത്യയിലെത്തിയ മിസിസ് അന്നാ കുക്കും ഇന്ത്യയിൽ വെച്ചുതന്നെ മരിച്ച മിഷനറി വനിതയാണ്. ത്യാഗപൂർണ്ണമായ ജീവിതംകൊണ്ടും ഉറച്ച തീരുമാനശക്തികൊണ്ടും പാസ്റ്റർ കുക്കിനു ബലം പകർന്ന അന്ന 1917 ആഗസ്റ്റ് 31–നു ബാംഗ്ലൂരിൽ വെച്ചാണ് മരിക്കുന്നത്. അതിനു കൃത്യം ഒരാഴ്ച മുമ്പ് കുക്ക് സായ്പ് ഫ്രെയ്സർ ടൗണിൽ ആരംഭിച്ച ഇംഗ്ലീഷ് ആരാധനയിൽ അദ്ദേഹവും അന്നയുമൊന്നിച്ച് 'ഓ സ്വീറ്റ് റസ്റ്റ്' എന്ന ഗാനമാലപിച്ചപ്പോൾ ആമുഖമായി അദ്ദേഹമിങ്ങനെ പറഞ്ഞു.*

*"ഇന്ത്യയിലെ ഹിൽസ്റ്റേഷനുകളിലൊന്നിൽ മിഷനറിയായി വന്ന സിസ്റ്റർ ഗാർ (എ.ജി. ഗാറിന്റെ ഭാര്യ– എ.ജി. ഗാർ ഇന്ത്യയിലെത്തിയ ആദ്യ പെന്തെക്കോസ്തു മിഷനറിയായിരുന്നു) അവരുടെ മരണത്തിന് ഒരാഴ്ച മുമ്പ് ലോസ് ആഞ്ചലസിൽവെച്ചു പാടിയ പാട്ടാണിത്."*

*അന്നയുടെ മരണത്തിനു ഒരാഴ്ച മുമ്പുള്ള പാട്ടാണ് അതെന്ന് അപ്പോൾ കുക്ക് അറിഞ്ഞിരുന്നില്ല.*

*മിസ് ബൗൺസിലും അന്നയും കേരളത്തിനു പുറത്തുവച്ചാണ് ജീവൻ വെടിഞ്ഞതെങ്കിൽ അസംബ്ലീസ് ഓഫ് ഗോഡിന്റെ ആദ്യ മിഷനറിയായി കേരളത്തിലെത്തിയ മിസിസ് മേരി ചാപ്മാൻ കേരളത്തിലെ മാവേലിക്കര പട്ടണത്തിൽവച്ചാണ് കർത്തൃസന്നിധി പൂകിയത്. 1927 നവംബർ 27–നാണ് അവർ മരിക്കുന്നത്. മരിക്കുമ്പോൾ അവർക്ക് എഴുപതു വയസ്സു പ്രായമുണ്ടായിരുന്നു. 1915ൽ ഇന്ത്യയിലെത്തിയ ആ മിഷനറി വനിത 1921–ൽ 64–ാം വയസ്സിൽ അവധിക്ക് നാട്ടിലെത്തിയപ്പോൾ പ്രായാധിക്യം കണക്കിലെടുത്ത് ഇനി ഇന്ത്യയിലേക്കു പോകരുതെന്ന് സുഹൃത്തുക്കളും ബന്ധുക്കളും നിർബന്ധിച്ചതാണ്. എന്നാൽ "യുവാക്കൾക്ക് പോകാൻ കഴിയുന്നില്ലെങ്കിൽ വയോധികരെങ്കിലും പോയി ഇന്ത്യയ്ക്ക് സുവിശേഷമെത്തിക്കേണ്ടിയിരിക്കുന്നു" എന്നായിരുന്നു അവരുടെ മറുപടി. മാവേലിക്കര എ.ജി. കോമ്പൗണ്ടിലാണ് അവരെ അടക്കിയത്. അന്ന് എ.ജി. മിഷനറിയായി കേരളത്തിലെത്തിയ ജോൺ എച്ച്. ബർജ്ജ്സ് ആയിരുന്നു സംസ്ക്കാരശുശ്രൂഷ നിർവ്വഹിച്ചത്.*

*കേരളത്തിന്റെ മണ്ണിൽ ആറടിസ്ഥലം കണ്ടെത്തിയ മറ്റൊരു പ്രഗത്ഭ മിഷനറിയായിരുന്നു റോബർട്ട് ഷേവർ (John Robert Shaver).*

*സതേൺ കാലിഫോർണിയായിലെ ബൈബിൾ സ്കൂളിൽ പഠിച്ചുകൊണ്ടിരുന്നപ്പോഴാണ് ജോൺ റോബർട്ട് ഷേവർ തിരുവിതാംകൂറിലെ സുവിശേഷപ്രവർത്തനത്തിനായി തീരുമാനമെടുത്തത്. അന്ന് കാലിഫോർണിയ സന്ദർശിച്ച പാസ്റ്റർ എ. സി. സാമുവൽ, പാസ്റ്റർ സി. കുഞ്ഞുമ്മൻ എന്നീ കർത്തൃദാസന്മാർ തിരുവിതാംകൂറിലെ പെന്തെക്കോസ്തു വേലയെപ്പറ്റി വിവരിച്ചപ്പോഴാണ് ഷേവറിനു ദൈവവിളി ബോദ്ധ്യപ്പെട്ടത്.*

*ഭാര്യയും രണ്ടു കുഞ്ഞുങ്ങളുമായി ഇന്ത്യയിലേക്കു പോകാനൊരുങ്ങുന്ന*

റോബർട്ട് ഷേവറിനോട്, സുഹൃത്തുക്കൾ "പോകരുത്, പോയാൽ വല്ല ലംഗ്സ് പോളിയോയും വന്ന് നീ മരിച്ചുപോവുകയേ ഉള്ളൂ" എന്നു പറഞ്ഞ് നിരുത്സാഹപ്പെടുത്തി. "ശ്വാസകോശത്തിനു പോളിയോ ബാധിച്ച് കാലിഫോർണിയായിലെ റിവർസൈഡിലും ആളുകൾ മരിക്കുന്നുണ്ട്. അതിന് ഇന്ത്യയിൽ പോകണമെന്നില്ല പിന്നെ, ഒരു വലിയ ദൈവത്തെയാണ് ഞാൻ സേവിക്കുന്നത്. അവിടുന്ന് എന്നെ സഹായിക്കും. എന്നാൽ കർത്താവിനുവേണ്ടി മരിക്കാനുള്ള ഒരുക്കത്തോടെയാണ് ഞാൻ ഇന്ത്യയിലേക്കു പോകുന്നത്." എന്ന് ഷേവർ മറുപടി പറഞ്ഞു. ഇന്ത്യയിലേക്കുള്ള യാത്രയയപ്പുയോഗത്തിൽ മറുപടി പ്രസംഗത്തിന്റെ സമയത്ത് ഷേവർ പാടിയ ഒരു പാട്ട് 'റെഡി റ്റു ഗോ' എന്നു തുടങ്ങുന്ന ഒരു മിഷനറി ഗാനമായിരുന്നു.

1950 മെയ് മാസത്തിൽ ഷേവർ കുടുംബം കേരളത്തിലെത്തി. പുനലൂരെ ബഥേൽ ബൈബിൾ സ്കൂളിന്റെ പ്രവർത്തകനായി ചേർന്നു. കൂട്ടു മിഷനറിമാരെയും ബൈബിൾ സ്കൂളിലെ ഭാരതീയരായ പ്രവർത്തകരെയും വിദ്യാർത്ഥികളെയും അദ്ദേഹം സ്നേഹംകൊണ്ടു വീർപ്പുമുട്ടിച്ചു. ദൈവരാജ്യത്തിന്റെ വ്യാപ്തിക്കായി മുന്നിട്ടിറങ്ങാൻ വിദ്യാർത്ഥിക്കളെ ഉദ്ബോധിപ്പിച്ചു.

എല്ലാം ആറുമാസങ്ങളെ നീണ്ടുനിന്നുള്ളൂ. ഡിസംബർ ഒന്നിനു ആരുടെയോ പ്രവചനമെന്നപോലെ അദ്ദേഹം രോഗബാധിതനായി. കഠിനമായ വേദന അദ്ദേഹത്തെ തളർത്തി. ശ്വാസം കിട്ടാതെ അദ്ദേഹം വളരെ ബുദ്ധിമുട്ടി. സഹമിഷനറിമാർ അദ്ദേഹത്തെ ചികിത്സക്കായി തിരുവനന്തപുരത്തേക്കു കൊണ്ടുപോയി. നാഗർകോവിലെ കാതറിൻ ബൂത്ത് ആശുപത്രിയിൽ അഡ്മിറ്റു ചെയ്യപ്പെട്ടെങ്കിലും സമയം താമസിച്ചുപോയിരുന്നു. പോളിയോ അദ്ദേഹത്തിന്റെ ശ്വാസകോശത്തെ ബാധിച്ചിരുന്നു. 'സെറിബ്രോ സ്പൈനൽ എൻസെപാലിറ്റീസ്'-ഡോക്ടർമാർ രോഗനിർണ്ണയം നടത്തി. ഡിസംബർ 6 രാവിലെ 10:30 നു റോബർട്ട് ഷേവർ കർത്തൃസന്നിധിയിലേക്കു വിളിച്ചുചേർക്കപ്പെട്ടു.

റോബർട്ട് ഷേവറിന്റെ മൃതദേഹം പുനലൂരിലേക്കു കൊണ്ടുവന്നു. ഡിസംബർ 7 നു അദ്ദേഹത്തെ ബെഥേൽ ബൈബിൾ കോളെജ് സെമിത്തേരിയിൽ അടക്കം ചെയ്തു. ഇന്ത്യയിലേക്കു പുറപ്പെടുന്നതിനുമുമ്പ് അമേരിക്കയിൽ നടന്ന മിഷനറി യോഗങ്ങളിൽ ഷേവർ പറഞ്ഞ ചില വാക്കുകൾ ആ വലിയ മനുഷ്യന്റെ സമർപ്പണത്തെ വെളിവാക്കുന്നതാണ്. "ഞങ്ങളിലാരെങ്കിലും ഇന്ത്യയിൽ വച്ചു മരിച്ചാൽ നിങ്ങൾ ദുഃഖിക്കുകയല്ല വേണ്ടത്, ഞങ്ങൾക്കു പകരം എത്രയും വേഗം ആളെ അയയ്ക്കുകയാണ്."

അസുഖബാധിതനാകുന്നതിനു തൊട്ടുമുമ്പു ഷേവർ പറഞ്ഞുവത്രേ "പുനലൂരെ ബൈബിൾ സ്കൂൾ സുസജ്ജമാക്കുക എന്നതാണ് ഇപ്പോൾ ഞാൻ പ്രാധാന്യമേറിയതായി കണക്കാക്കുന്നത്. സുവിശേഷവുമായി എല്ലാ സ്ഥലങ്ങളിലും പോകാൻ ഞങ്ങൾക്കു കഴിയുകയില്ലല്ലോ. അങ്ങനെ ഞങ്ങൾക്ക് പോകാനാവാത്തിടത്തേക്ക് മിഷനറി ദർശനത്തോടെ, ആത്മദാഹത്തോടെ ഈ വിദ്യാർത്ഥികളെ പറഞ്ഞയയ്ക്കുകയെന്നതാണ് എന്റെ പ്രഥമ കർത്തവ്യം."

ഷേവറിന്റെ ഭാര്യ കാരലിനും പോളിയോ ബാധിച്ചിരുന്നു. എന്നാൽ വിദഗ്ദ്ധ ചികിത്സ ലഭിച്ചതിനാൽ അവർ മരണമടഞ്ഞില്ല. ഭർത്താവ് മരിച്ച് ഒരാഴ്ചയ്ക്കു ശേഷം അവർ അമേരിക്കയിലെ മിഷൻ കേന്ദ്രത്തിലേക്കയച്ച കത്തിൽ ഇങ്ങനെ എഴുതിയിരുന്നു.

"ഒരാഴ്ചയ്ക്കു മുമ്പ് എന്റെ ഭർത്താവിന്റെ മരണം ഞാൻ നേരിൽ കണ്ടു... മരണം അനിവാര്യതയാണ്. എന്റെ ഭർത്താവ് മരണത്തിലൂടെ കർത്താവിന്റെ സന്നിധിയിലേക്കു പ്രവേശിച്ചിരിക്കുകയാണ് എന്നെനിക്കറിയാം. എന്നാൽ, പാപത്തെ

*പുൽകുന്നവർക്ക് മരണം ഒരു ഭീകരാവസ്ഥയാണ്. അങ്ങനെയുള്ളവരോടു പാപത്തിൽ നിന്നു പിന്തിരിയാൻ, മരണത്തിന്റെ ഭീകരാവസ്ഥയെ ഇല്ലായ്മ ചെയ്ത്, മരണം മധുരമായൊരവസ്ഥയാക്കി മാറ്റിയ രക്ഷകനെ കണ്ടുമുട്ടുവാൻ ഞാൻ ഉപദേശിക്കുന്നു."*

*ഭർത്താവ് മരിക്കുമ്പോൾ കാരൽഷേവർ ഗർഭിണിയായിരുന്നു. ഷേവർ മരിച്ച് ഏഴാം മാസത്തിൽ അവർ തങ്ങളുടെ മൂന്നാമത്തെ കുഞ്ഞിനെ പ്രസവിച്ചു. പിതാവിനെ ഒരിക്കലും കണ്ടിട്ടില്ലാത്ത ആ മകൻ ഇപ്പോൾ പിതാവ് പഠിച്ച ബൈബിൾ കോളെജിൽ പഠിച്ച് മിഷനറിയായി പ്രവർത്തിക്കുകയാണ്.*

*ഇന്ത്യയിൽ നിന്ന് മടങ്ങിപ്പോയ കാരൽ ഷേവർ പിന്നീട് കുറച്ചുകാലം ബ്രസീലിൽ മിഷനറിയായിരുന്നു. ആരിസോണയിൽ പെൺകുട്ടികൾക്കായുള്ള ഒരു അനാഥാലയം നടത്തുകയാണ് അവരിപ്പോൾ.*

*ഇന്ന് പെന്തെക്കോസ്ത് എന്തെന്തു വളർന്നിരിക്കുന്നു! പഴയ കഷ്ടപ്പാടുകളും പ്രയാസങ്ങളുമൊക്കെ വെറും ഓർമ്മകൾ മാത്രം.*

***"ഞങ്ങളിലാരെങ്കിലും***
***ഇന്ത്യയിൽവെച്ചു മരിച്ചാൽ***
***നിങ്ങൾ ദുഃഖിക്കുകയല്ല വേണ്ടത്***
***ഞങ്ങൾക്കുപകരം എത്രയും വേഗം***
***ആളെ അയയ്ക്കുകയാണ്."***
***-റോബർട്ട് ഷേവർ***



*ജെ. റോബർട്ട് ഷേവർ, കാരൾ ഷേവർ, ലിൻ, ഇഡ്സൺ (മാർച്ച് 12, 1950)*

14

# ബൈബിൾ സ്കൂൾ
# ബൈബിൾ സ്കൂൾ

അനുഭവത്തിന്റെമേൽ പടുത്തുയർത്തപ്പെട്ട ഒരു പ്രസ്ഥാനമാണ് പെന്തെക്കോസ്തു എങ്കിൽത്തന്നെ മറ്റ് സുവിശേഷവിഹിത സഭകളെപ്പോലെ പെന്തെക്കോസ്തരുടെയും അടിസ്ഥാനം വേദപുസ്തകമാണ്. അനുഭവങ്ങൾക്ക് വിലകല്പിക്കുമ്പോൾതന്നെ അത് വേദപുസ്തകത്തോട് അനുയോജ്യമായിരിക്കണമെന്ന കാര്യത്തിൽ പെന്തെക്കോസ്തർക്ക് നിർബന്ധമുണ്ട്. വേദപുസ്തകത്തെക്കാൾ അനുഭവങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്ന ചില വ്യക്തികളോ സമൂഹങ്ങളോ പെന്തെക്കോസ്തരുടെ ഇടയിൽ കണ്ടേക്കാമെങ്കിലും മുഖ്യധാരാ പെന്തെക്കോസ്തു സമൂഹങ്ങളുമായി അവർക്കുള്ള ബന്ധം വളരെ നേർത്തതുമാത്രമായിരിക്കും. ചുരുക്കത്തിൽ വേദപുസ്തകത്തിന്റെ ആധികാരികതയിൽ വിശ്വസിക്കുന്ന ഒരു യാഥാസ്ഥിതിക സമൂഹം തന്നെയാണ് പെന്തെക്കോസ്തർ.

ക്രമീകൃത വേദശാസ്ത്രപഠനത്തോട് ആദ്യമൊക്കെ പെന്തെക്കോസ്തർ വിമുഖരായിരുന്നു. അവ അക്ഷരപരമാണ് ആത്മീയമല്ല എന്നവർ ചിന്തിച്ചു. പട്ടത്വ സഭകളിലെ ശുശ്രൂഷകർ സെമിനാരികളിലും മറ്റുംപോയി ക്രമീകൃതമായ നിലയിൽ വേദശാസ്ത്രം അഭ്യസിച്ചിട്ടുപോലും സത്യത്തെ അറിയാനും അനുഭവിക്കാനും അവർക്കു കഴിയാഞ്ഞത്, വിശ്വാസത്തിനും വചനത്തിനും ഇടയ്ക്ക് ബുദ്ധിയുടെ ഉല്പന്നമായ ‘ദൈവശാസ്ത്രം’ (തിയോളജി) കയറിക്കൂടിയതുകൊണ്ടാണെന്ന് അവർ ചിന്തിച്ചു. ആധുനിക ദൈവശാസ്ത്രം മനുഷ്യരെ ദൈവവചനത്തിൽ നിന്നും അകറ്റിക്കളയുമെന്ന് അവർ പ്രചരിപ്പിച്ചു. ദൈവവചനം ആത്മനിറവുള്ളവരുടെ മുഖദാവിൽ നിന്നും നേരിട്ട് പഠിക്കണമെന്നായിരുന്നു ആദിമുതൽ പെന്തെക്കോസ്തർ അംഗീകരിച്ച വസ്തുത.

പെന്തെക്കോസ്ത് സമൂഹം വളർച്ച പ്രാപിച്ചപ്പോഴാണ് പ്രശ്നമുണ്ടായിത്തുടങ്ങിയത്. ഉണർവ്വ് പൊട്ടിപുറപ്പെട്ട സ്ഥലങ്ങളിലൊക്കെ സഭാ ശുശ്രൂഷകർ മിക്കപ്പോഴും അന്നാട്ടുകാർ തന്നെയായിരുന്നു. അവർക്ക് വേണ്ടത്ര വേദപുസ്തക പരിജ്ഞാനമോ ഉപദേശപരമായ ധാരണയോ ഇല്ലായിരുന്നു എന്നത് സഭാ പരിപാലനത്തിനും സുവിശേഷീകരണത്തിനും ദോഷമായി. സുവിശേഷീകരണതൽപ്പരരായി മുന്നോട്ടു വന്നു. യുവാക്കൾക്ക് സംഘടിതനിലയിൽ വേദപഠനവും ദൗത്യപരിശീലനവും നൽകേണ്ടതിന്റെ ആവശ്യകത സഭാനേതൃത്വത്തിനു ബോദ്ധ്യമായി. അങ്ങനെയാണ് പെന്തെക്കോസ്തർക്കിടയിൽ ബൈബിൾ സ്കൂളുകൾ ആരംഭിക്കുന്നത്. എന്നാൽ വിദ്യാർത്ഥികളെ ദൈവശാസ്ത്ര പ്രബുദ്ധരാക്കുക എന്ന ലക്ഷ്യത്തെക്കാൾ ഉപരി അവരെ സഭാപരിപാലനത്തിന് പ്രാപ്തരാക്കുക എന്ന ലക്ഷ്യമായിരുന്നു ഈ ബൈബിൾ സ്കൂളുകൾക്കുണ്ടായിരുന്നത്.

1926-ൽ ജോൺ ബർജ്ജസ് ഇന്ത്യയിലേക്ക് മിഷനറിയായി വരുന്നതു തന്നെ തിരുവിതാംകൂറിലൊരു വേദപഠനശാല ആരംഭിക്കുക എന്ന ധാരണയോടെയാണ്. കേരളത്തിലെ പെന്തെക്കോസ്തു പ്രവർത്തനങ്ങൾക്കായി പരിശീലനം സിദ്ധിച്ച തദ്ദേശീയ സുവിശേഷകരെ ഒരുക്കിയെടുക്കുക എന്നതായിരുന്നു ബർജ്ജസിന്റെ ലക്ഷ്യം. അന്ന് അസംബ്ലീസ് ഓഫ് ഗോഡിലെ ഫോറിൻ മിഷൻ സെക്രട്ടറിയായിരുന്ന വില്യം ഫോക്സ് (അദ്ദേഹം 1924ൽ തിരുവിതാംകൂറിൽ വന്ന് യോഗം നടത്തിയിട്ടുണ്ട്) ആണ് ബർജ്ജസിനെ ആ ദൗത്യം ഭരമേൽപ്പിച്ചത്. ബർജ്ജസ് മാവേലിക്കരയിലെത്തി, 1927ൽ ബഥേൽ ബൈബിൾ സ്കൂൾ സ്ഥാപിച്ചു. (കേരളത്തിലെ ആദ്യ പെന്തെക്കോസ്തു വേദപാഠശാലയാണ് ഇത്. അമേരിക്കയ്ക്ക്

***പാസ്റ്റർ ടി.ജി. കോശി***




*ഫെയ്ത്ത് ബൈബിൾ സെമിനാരി മണക്കാല (1994)*

***പാസ്റ്റർ സാമുവൽ ജയിംസ്***



*ഡയറക്ടർ, മുളക്കുഴ സീയോൻകുന്നു ബൈബിൾ കോളെജ് (1994)*

***പാസ്റ്റർ പി.എസ്. ഫിലിപ്പ്***



*പ്രിൻസിപ്പാൾ ബഥേൽ ബൈബിൾ കോളെജ് പുനലൂർ, എസ്.ഐ.എ.ജി. ജനറൽ സെക്രട്ടറി (1994)*

# പെന്തെക്കോസ്തു ദൈവശാസ്ത്രം

*ആഗോളതലത്തിലെന്നപോലെ കേരളത്തിലും പെന്തെക്കോസ്തർക്ക് അവരുടേതായ ഒരു ദൈവശാസ്ത്രം ഒരുക്കിയെടുക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. സുവ്യക്തമായ ഒരു ദൈവശാസ്ത്ര ചട്ടക്കൂട് പെന്തെക്കോസ്തർക്ക് ഇല്ലായെന്നത് കേരള പെന്തെക്കോസ്തരെ സംബന്ധിച്ചും യാഥാർത്ഥ്യമാണ്. അതുകൊണ്ടാണ് പെന്തെക്കോ സ്ത് എന്നത് അനുഭവത്തിൻ മേൽ പടുത്തുയർത്തപ്പെട്ട ഒരു പ്രസ്ഥാനമാണ് എന്നു പറയേണ്ടി വരുന്നത്. ഏതു പ്രസ്ഥാനത്തിൽ നിന്നാണോ ആളുകൾ പെന്തെക്കോസ്തു മാർഗ്ഗം സ്വീകരിച്ചെത്തിയത്, ആ പ്രസ്ഥാനത്തിന്റെ ദൈവശാസ്ത്രധാരണയോടുകൂടെ ആത്മസ്നാനാനുഭവത്തിന്റെ മേമ്പൊടിചേർക്കുക മാത്രമേ പലപ്പോഴും പെന്തെക്കോസ്തർ ചെയ്തുള്ളു. അമേരിക്കയിലെ ആദി പെന്തെക്കോസ്തു സമൂഹങ്ങൾ ഹോളിനസ് മൂവമെന്റിന്റെ പിൻതുടർച്ചയായിരുന്നതിനാൽ അവരെ സ്വാധീനിച്ചതെല്ലാം ഹോളിനസ് ദൈവശാസ്ത്ര ധാരണകളായിരുന്നു. ലാറ്റിനമേരിക്കയിൽ പ്രധാനമായും കത്തോലിക്കരെയാണ് പെന്തെക്കോസ്തു സ്വാധീനിച്ചതെന്നതിനാൽ ലാറ്റിനമേരിക്കൻ പെന്തെക്കോസ്തലിസത്തിനു കത്തോലിക്കാ ദൈവശാസ്ത്രത്തിന്റെ ചുവയുണ്ട്.*

*കേരളത്തിലെ ആദി പെന്തെക്കോസ്തരിൽ നല്ലൊരു ശതമാനമാളുകൾ സ്വതന്ത്രവിയോജിത ഗ്രൂപ്പുകളിൽപ്പെട്ടവരായിരുന്നു. പെന്തെക്കോസ്ത് തിരുവിതാംകൂറിന്റെ വടക്കൻ പ്രദേശങ്ങളിലേക്കു വ്യാപിച്ചപ്പോഴും അതിനോടു ആഭിമുഖ്യം*

പുറത്ത് അസംബ്ലീസ് ഓഫ് ഗോഡിന്റെ വകയായി സ്ഥാപിക്കപ്പെടുന്ന ആദ്യ ബൈബിൾ സ്കൂളും ഇതുതന്നെ).

1927 ജൂണിൽ ബൈബിൾ സ്കൂളിന്റെ ആദ്യബാച്ച് പഠനമാരംഭിച്ചു. എ.ജെ. ജോൺ, പി.വി. ജോൺ തുടങ്ങിയവർ അന്ന് ബഥേൽ ബൈബിൾ സ്കൂളിൽ പഠിപ്പിച്ചവരാണ്. 12 വിദ്യാർത്ഥികളാണ് ആദ്യബാച്ചിലുണ്ടായിരുന്നത്.

1927–ൽ പാസ്റ്റർ കുക്ക് മുളക്കുഴയിൽ വസ്തു വാങ്ങി അവിടെ സീയോൻ ബംഗ്ലാവ് പണികഴിപ്പിച്ചു. അതിന്റെ വരാന്തയിലാണ് മൗണ്ട് സീയോൻ ബൈബിൾ സ്കൂളിന്റെ ആദ്യബാച്ച് ഇരുന്നു പഠിച്ചത്. 1928 ജൂലൈയിലായിരുന്നു അദ്ധ്യയനത്തിന്റെ തുടക്കം. പാസ്റ്റർ കുക്കിന്റെ ഭാര്യ ബർത്താ എൻ കുക്ക് ബൈബിൾ സ്കൂളിന്റെ പ്രിൻസിപ്പലായിരുന്നു. (അദ്ധ്യാപകരിൽ അവർക്കു മാത്രമേ വേദശാസ്ത്രബിരുദം ഉണ്ടായിരുന്നുള്ളൂ.) പാസ്റ്റർ ആർ.എഫ്.കുക്ക്, കെ. ഇ. ഏബ്രഹാം, എസ്.ഡി. ജ്ഞാനപ്ര


*പുലർത്തിയവരിൽ ഭൂരിഭാഗവും വേർപാടുപദേശത്തോടു സാമ്യമുള്ള മറ്റു സംഘടനകളിൽപ്പെട്ടവർ തന്നെയായിരുന്നു. വടക്കൻ തിരുവിതാംകൂറിൽ (മണ്ണൂർ, കീഴില്ലം, വാളകം തുടങ്ങിയ സ്ഥലങ്ങളിൽ) ആദ്യം പെന്തോക്കോസ്തു വിശ്വാസത്തോടു ആഭിമുഖ്യം പുലർത്തിയവർ കൊച്ചി സംസ്ഥാനത്തെ പ്രബല വേർപാടു ഗ്രൂപ്പായിരുന്ന ക്രിസ്തുസഭ (താരപ്പൻ) ക്കാരാണ്. മലബാറിൽ ആൻഡേഴ്സൺ ചർച്ച് ഓഫ് ഗോഡ് സ്വാധീനവുമുണ്ടായിരുന്നവർ പെട്ടെന്ന് പെന്തെക്കോസ്തനുഭവസ്ഥരായി. ഈ വേർപ്പെട്ട കൂട്ടങ്ങളുടെ സ്വാധീനം കേരള പെന്തെക്കോസ്തരുടെ ദൈവശാസ്ത്ര രൂപീകരണത്തെയും സാരമായി ബാധിച്ചിട്ടുണ്ട്. കേരള പെന്തെക്കോസ്തരുടെ ദൈവശാസ്ത്രം വേർപാടുപദേശത്തോടു ആത്മസ്നാനുഭവത്തിന്റെ മേമ്പൊടി ചേർത്തതാണെന്ന് ഒറ്റവാചകത്തിൽ പറയാം. അന്യഭാഷ, കൃപാവരങ്ങൾ, രക്ഷയുടെ ഭദ്രത തുടങ്ങിയ വിഷയങ്ങളിലൊഴികെ പെന്തെക്കോസ്തു - വേർപാടു സംഘങ്ങളുടെ ദൈവശാസ്ത്രധാരണകൾ തമ്മിൽ വലിയ വ്യത്യാസം പ്രകടമല്ല.*

*സ്വതന്ത്രമായ ഒരു ദൈവശാസ്ത്രം സ്വന്തമായില്ലാത്തതിനാൽ പെന്തെക്കോസ്തർ അനുഭവിക്കുന്ന ബുദ്ധിമുട്ടും 'സ്വാതന്ത്ര്യവും' ചില്ലറയല്ല. 'ഇവാഞ്ചലിക്കൽ' അല്ലെങ്കിൽ 'സെപ്പറേഷണിസ്റ്റ്' ദൈവശാസ്ത്രത്തിൽ തൂങ്ങിപ്പിടിച്ചു കിടക്കേണ്ടവനല്ല പെന്തെക്കോസ്തുകാരൻ എന്ന് ഇന്നു ചിലർക്കെങ്കിലും തോന്നുന്നുണ്ട്. തനതായ ഒരു പെന്തെക്കോസ്തു ദൈവശാസ്ത്രം സമീപഭാവിയിലെങ്കിലും ഉരുത്തിരിഞ്ഞു വരും എന്നു നമുക്ക് പ്രതീക്ഷിക്കാം.*

കാശം എന്നിവരും ബൈബിൾ സ്കൂളിലെ അദ്ധ്യാപകരായിരുന്നു. ഐ.പി.സി. യിലേയും ചർച്ച് ഓഫ് ഗോഡിലെയും ആദ്യകാല പ്രവർത്തകരിൽ ഭൂരിപക്ഷവും ഈ ബൈബിൾ സ്കൂളിൽ പഠിച്ചിറങ്ങിയവരാണ്.

1930-ൽ കുക്ക് സായ്പിനോടു വേർപിരിഞ്ഞ് കെ.ഇ. ഏബ്രഹാമും കൂട്ടരും തെന്നിന്ത്യാ സഭ രൂപീകരിച്ചപ്പോൾ പുതുസഭയ്ക്ക് സുവിശേഷകരെ പരിശീലിപ്പിക്കുവാൻ ഒരു സ്ഥാപനം ആവശ്യമാണെന്ന് കെ.ഇ. ഏബ്രഹാമിനു തോന്നി. 1930 ജൂൺ മാസത്തിൽ അന്ന് അദ്ദേഹം താമസിച്ചിരുന്ന കുമ്പനാട് കിളിയംപ്ലാക്കൽ ഭവനത്തിൽ ഒരു ബൈബിൾ സ്കൂൾ ആരംഭിച്ചു. വിദ്യാർത്ഥികൾക്ക് താമസിച്ചു പഠിക്കുവാനുള്ള സൗകര്യം ഇല്ലാത്തതിനാൽ അയൽ പ്രദേശങ്ങളിൽ നിന്നുള്ളവർ മാത്രമേ അന്നവിടെ പഠിച്ചിരുന്നുള്ളൂ. സ്വഭവനങ്ങളിൽ താമസിച്ചുകൊണ്ട് അവർ ബൈബിൾ ക്ലാസ്സുകളിൽ പങ്കെടുത്തു. ആദ്യവർഷം പ്രധാനമായും കെ.ഇ. ഏബ്രഹാം മാത്രമായിരുന്നു

### പാസ്റ്റർ പി. എസ്. ജോൺ (വാര്യാപുരം യോഹന്നാച്ചൻ)



*പെന്തെക്കോസ്തരുടെയിടയിലെ പ്രവാചക ശുശ്രൂഷയിൽ ഏറെ ആദരിക്കപ്പെട്ടയാൾ. വാര്യാപുരം സ്വദേശിയായ ഇദ്ദേഹത്തിന്റെ സഹോദരനാണ് റായ്പൂരിലെ പാസ്റ്റർ പി.എസ്. സാമുവൽ.*

അദ്ധ്യാപകൻ. അന്ന് ബൈബിൾ സ്കൂളിനു പ്രത്യേകിച്ച് പേരൊന്നുമുണ്ടായിരുന്നില്ല. പിന്നീട് പാസ്റ്റർ കെ.സി. ഉമ്മൻ (കൊടുന്തറ ഉമ്മച്ചൻ) തന്റെ വാസസ്ഥലം (ഇപ്പോഴത്തെ ഹെബ്രോൻപുരം) സഭയ്ക്ക് ദാനമായി നൽകിയപ്പോൾ പാസ്റ്റർ കെ. ഇ. ഏബ്രഹാം അവിടേക്ക് താമസം മാറുകയും ബൈബിൾ സ്കൂൾ അവിടെ തുടരുകയും ചെയ്തു. അന്നു മുതലാണ് കുമ്പനാട് ബൈബിൾ സ്കൂളിന് 'ഹെബ്രോൻ ബൈബിൾ സ്കൂൾ' എന്ന പേരു ലഭിക്കുന്നത്.

പിന്നീട് ഏറിയ കാലത്തേക്ക് പേരെടുത്തു പറയത്തക്കനിലയിലുള്ള ഒരു വേദപഠനശാല മലയാള പെന്തെക്കോസ്തർക്കുണ്ടായില്ല. നിലവിലുള്ള ബൈബിൾ സ്കൂളുകളിൽ വ്യവസ്ഥാപിത നിലയിൽ നടക്കുന്നവയിൽ പഴക്കംകൊണ്ട് നാലാം സ്ഥാനം വേൾഡ് മിഷനറി ഇവാഞ്ചലിസം ഫെലോഷിപ്പ് 1950 ജൂണിൽ ആരംഭിച്ച കരിയംപ്ലാവിലെ ബൈബിൾ സ്കൂളിനാണ്. അന്ന് ഇന്ത്യാ പൂർണ്ണസുവിശേഷ ദൈവസഭ എന്ന സംഘത്തിന്റെ നായകനായിരുന്ന പാസ്റ്റർ സി.എസ്. മാത്യുവാണ് കരിയംപ്ലാവ് ബൈബിൾ സ്കൂൾ ആരംഭിച്ചത്.

1950ൽ പാസ്റ്റർ പി.ജെ. തോമസ് തിരുവല്ലയിൽ ആരംഭിച്ച ശാരോൻ ബൈബിൾ സ്കൂൾ ഇന്നും പ്രശസ്തമായ നിലയിൽ നടക്കുന്ന ഒരു വേദപഠനശാലയാണ്. ശാരോൻ സഭാവകയായി ആദ്യം ആരംഭിക്കുന്ന സ്ഥാപനവും അതുതന്നെയാണ്. ഈ ബൈബിൾ സ്കൂളിൽ നിന്ന് പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾ വിവിധ ഇടങ്ങളിൽ സ്ഥാപിച്ച സഭകളാണ് പ്രധാനമായും ശാരോൻ ഫെല്ലോഷിപ്പിനോടു ചേർന്നു നിൽക്കുന്നത്. ഏറെത്താമസിയാതെ പാസ്റ്റർ പി.ജെ. തോമസിന്റെ സഹോദരൻ പി.ജെ. ദാനിയേലും ഒരു ബൈബിൾ സ്കൂൾ ആരംഭിച്ചു..തഴക്കരയിലെ വേർഡ് ഓഫ് ഫെയ്ത്ത് ബൈബിൾ സ്കൂൾ. പഴക്കം ചെന്ന മറ്റൊരു സഭയായ കലയപുരം ദൈവസഭയും ഒരു ബൈബിൾ സ്കൂൾ നടത്തുന്നുണ്ട്. കൊട്ടാരക്കരയ്ക്കടുത്ത് കിഴക്കെതെരുവിലാണ് ആ സ്ഥാപനം.

1956 സെപ്റ്റംബറിൽ പാസ്റ്റർ പി.എം. ഫിലിപ്പ് കോട്ടയത്താരംഭിച്ച ശാലോം ബൈബിൾ സ്കൂൾ ഐ.പി.സി.യുടെ രണ്ടാമത്തെ ബൈബിൾ സ്കൂളായി തീർന്നു. ഈ ബൈബിൾ സ്കൂളിൽ പഠിച്ചിറങ്ങിയ പലരും സമീപകാലത്ത് സുവിശേഷ വേലയിൽ പ്രശോഭിച്ചിട്ടുണ്ട്.

1960കൾ മുതൽ മുഖ്യധാരാ പെന്തെക്കോസ്തു സഭകളിലെ പല നേതാക്കളും സ്വന്തനിലയിൽ വേദപാഠശാലകൾ ആരംഭിച്ചു തുടങ്ങി. ചിലതൊക്കെ ഇടക്കാലങ്ങളിൽ നിന്നു പോയെങ്കിലും പലതും പ്രശസ്തമായ നിലയിൽ ഇന്നും പ്രവർത്തിക്കുന്നുണ്ട്. മല്ലപ്പള്ളിയിൽ

പാസ്റ്റർ ജോർജ്ജ് വർഗീസ് സ്ഥാപിച്ച സീയോൻ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട്, പാസ്റ്റർ വി.എം. ചാക്കോ കുമളിയിൽ ആരംഭിച്ച് ഇപ്പോൾ കടുത്തുരുത്തിയിൽ പ്രവർത്തിക്കുന്ന ഏബൻ-ഏസർ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട്, പാസ്റ്റർ പി.പി. തോമസ് കരുവാറ്റയിൽ ആരംഭിച്ച ബത്‌ലഹേം ക്രിസ്ത്യൻ എഡ്യുക്കേഷണൽ സെന്റർ തുടങ്ങിയവ അവയിൽ ചിലതുമാത്രമാണ്. പിൽക്കാലത്ത് വ്യക്തികൾ സ്വതന്ത്ര നിലയിൽ ആരംഭിച്ചു പ്രശസ്തമായിത്തീർന്ന മറ്റു ചില വേദപാഠശാലകളാണ് ഫെയ്ത്ത് തിയോളജിക്കൽ സെമിനാരി (മണക്കാല), പെനിയേൽ ബൈബിൾ സെമിനാരി (കീഴില്ലം), അഗപ്പെ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് (പെരുമ്പാവൂർ) തുടങ്ങിയവ. ഇതിൽ ഫെയ്ത്ത് തിയോളജിക്കൽ സെമിനാരി (ആദ്യം ഇത് ഫെയ്ത്ത് ചാപ്പൽ ആൻഡ് ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് എന്നാണ് അറിയപ്പെട്ടിരുന്നത്) വളർച്ചയിൽ ഏറെ മുന്നേറ്റമുണ്ടാക്കി. ഇന്ന് സെറാമ്പൂർ യൂണിവേഴ്സിറ്റിയുടെ അംഗീകാരമുള്ള ഏക പെന്തെക്കോസ്തു സെമിനാരിയാണ് മണക്കാലയിലേത്.

സ്വതന്ത്ര സഭകൾ പലതും ബൈബിൾ സ്കൂളുകൾ സ്ഥാപിച്ചുകൊണ്ട് അവരുടെ പ്രവർത്തനത്തിൽ ഏറെ മുന്നേറ്റങ്ങളുണ്ടാക്കി. സംഘടനാതലത്തിൽ പ്രബലമായിത്തീർന്ന ന്യൂ ഇന്ത്യാ ചർച്ച് ഓഫ് ഗോഡ് അവരുടെ ആദ്യ ബൈബിൾ സ്കൂൾ ആരംഭിക്കുന്നത് ചങ്ങനാശ്ശേരിയിലാണ്. പിന്നീട് പ്രവർത്തനം വിപുലമാക്കുകയും കൂടുതൽ സുവിശേഷകരെ പരിശീലിപ്പിക്കുകയും വേണ്ടി വന്നപ്പോൾ അവർ പല സ്ഥലങ്ങളിലായി പുതിയ ബൈബിൾ സ്കൂളുകൾ ആരംഭിച്ചു. ഇന്ന് കേരളത്തിലും വടക്കേ ഇന്ത്യയിലുമായി നാല് ബൈബിൾ സ്കൂളുകൾ സഭയ്ക്കുണ്ട്. മറ്റൊരു സ്വതന്ത്ര സഭയായ ന്യൂ ഇന്ത്യാ ബൈബിൾ ചർച്ച് അതിന്റെ പ്രവർത്തനം ആരംഭിക്കുന്നതുതന്നെ പായിപ്പാട്ട് ന്യൂ ഇന്ത്യാ ബൈബിൾ കോളേജ് ആരംഭിച്ചു കൊണ്ടാണ്. എ.റ്റി.എ. അക്രഡിറ്റേഷൻ ഉള്ള ഈ ബൈബിൾ സ്കൂളിൽ ഇരുന്നൂറോടടുത്തു വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്.

കേരളത്തിലെ ആദ്യ പെന്തെക്കോസ്തു വേദപാഠശാലയായ ബഥേൽ ബൈബിൾ സ്കൂൾ ഇപ്പോൾ പുനലൂർ ആസ്ഥാനമായാണ് പ്രവർത്തിക്കുന്നത്. ഈ കോളജിലെ ബി.റ്റി.എച്ച്. കോഴ്സിന് എ.റ്റി.എ അംഗീകാരമുണ്ട്. സമീപകാലം വരെ എ.ജി.യുടെ കേരളത്തിലെ ഏക അംഗീകൃത വേദപാഠശാലയായിരുന്നു ബഥേൽ ബൈബിൾ സ്കൂൾ. അടുത്ത കാലത്ത് പാസ്റ്റർ ബാബു ജോർജ്ജ് റാന്നിയിൽ ആരംഭിച്ച ഫെയ്ത്ത് ബൈബിൾ കോളേജിനും, പാസ്റ്റർ ബോവർട്ട് റഗുലസ് കവടിയാറിൽ ആരംഭിച്ച ബഥനി ബൈബിൾ സ്കൂളിനും എ.ജി. അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതു രണ്ടും ഔദ്യോഗികതലത്തിൽ പുനലൂരെ ബഥേൽ ബൈബിൾ കോളെജിനോടു അഫിലിയേറ്റ് ചെയ്തിരിക്കുകയാണ്.

1972-ൽ ചർച്ച് ഓഫ് ഗോഡ് വിഭജിക്കപ്പെട്ട് കേരളാ ഡിവിഷൻ നിലവിൽ വന്നുവെങ്കിലും അവർക്ക് സ്വന്തമായി ബൈബിൾ സ്കൂൾ ഇല്ലായിരുന്നതിനാൽ വൈദികപഠനത്തിനായി മുളക്കുഴ ബൈബിൾ സ്കൂളിനെത്തന്നെ ആശ്രയിച്ചേ മതിയാകുമായിരുന്നുള്ളൂ. എന്നാൽ 1984-ൽ ചർച്ച് ഓഫ് ഗോഡ് ഡിവിഷൻ പാക്കിൽ അതിന്റെ വേദപാഠശാല ആരംഭിച്ചു. 'ഫെയ്ത്ത് ബൈബിൾ സ്കൂൾ' എന്നാണ് അതിന്റെ പേര്.

പത്തുവർഷം മുമ്പ് വാകത്താനത്ത് ആരംഭിച്ച ടാബർനാക്കിൾ ബൈബിൾ കോളേജ് അമേരിക്കൻ മിഷനറിയായ റവ. ക്ലാരൻസ് ജോൺസൺ സ്ഥാപിച്ചതാണ്.


ഇവിടെ പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് അമേരിക്കയിലെ നോർത്ത് ഗേറ്റ് യൂണിവേഴ്സിറ്റിയുടെ ബി.റ്റി.എച്ച്. ബിരുദമാണ് നൽകുന്നത്.

ദശാബ്ദങ്ങളായി അവഗണിക്കപ്പെട്ടു കിടന്ന മലബാർ പ്രദേശത്ത് വിരലിലെണ്ണിത്തീർക്കാവുന്നതിലേറെ ബൈബിൾ സ്കൂളുകളുണ്ടായി എന്നതാണ് കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ ബൈബിൾ സ്കൂൾ ചരിത്രത്തിലുണ്ടായ വിപ്ലവം. 1986-ൽ മലബാറിലെ ഏക ബൈബിൾ സ്കൂൾ എന്നു പരസ്യം ചെയ്തുകൊണ്ടാണ് നേർത്ത് കേരളാ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് (ഒറ്റപ്പാലം) രംഗപ്രവേശം ചെയ്യുന്നത്. ഇന്നിപ്പോൾ കുടിയേറ്റ കേന്ദ്രമായ നിലമ്പൂരും, മലബാറിന്റെ തലസ്ഥാനമായ കോഴിക്കോട്ടും അതിർത്തി ജില്ലയായ കാസർഗോട്ടുമെല്ലാം ബൈബിൾ സ്കൂളുകളുണ്ട്.

വനിതകളുടെ വൈദിക വിദ്യാഭ്യാസത്തെപ്പറ്റി പെന്തെക്കോസ്തർക്ക് മെച്ചപ്പെട്ട ധാരണകളുണ്ടാകുന്നത് അടുത്ത കാലത്തുമാത്രമാണ്. ആദ്യം മുതൽ വിശ്വാസം നിമിത്തം വീടുപേക്ഷിക്കേണ്ടിവന്നവർക്കും മറ്റും ബൈബിൾ സ്കൂൾ 'ഇടത്താവള'മായിരുന്നെങ്കിലും വനിതകൾക്കായി മാത്രം ഒരു ബൈബിൾ സ്കൂൾ സ്ഥാപിതമാകുന്നത് 1971-ൽ തിരുവല്ലയിലാണ്. ശാരോൻ ചർച്ച് പ്രസിഡണ്ട് പാസ്റ്റർ പി.ജെ. തോമസിന്റെ ഭാര്യ മിസിസ് ഏലിയാമ്മ തോമസാണ് ആ ബൈബിൾ സ്കൂൾ തുടങ്ങിയത്. അടൂരിൽ മിസിസ് അന്നമ്മ അതിശയം വനിതകൾക്കായി ഒരു ബൈബിൾ സ്കൂൾ നടത്തുന്നുണ്ട്. ബത്തേരിയിൽ ബഥേൽ ആശ്രമം വകയായി നടക്കുന്ന വേദപാഠശാലയാണ് വനിതകൾക്കായുള്ള മറ്റൊരു ബൈബിൾ സ്കൂൾ. ചർച്ച് ഓഫ് ഗോഡ് വകയായി ഒരു വനിതാബൈബിൾ സ്കൂൾ കുമ്പനാട്ടു നടന്നിരുന്നുവെങ്കിലും ഇപ്പോഴത് സജീവാവസ്ഥയിലല്ല. ഇതു കൂടാതെ, ചില ബൈബിൾ സ്കൂളുകളെങ്കിലും ഇപ്പോൾ സ്ത്രീകൾക്കു താമസിച്ചു പഠിക്കാനുള്ള സൗകര്യം ചെയ്തു കൊടുക്കുന്നുണ്ട്. സമർപ്പിതരായ പല യുവതികളും ബൈബിൾ സ്കൂൾ പഠനത്തിനു തയ്യാറാവുന്നുവെന്നതു അടുത്ത കാലത്തെ ശ്രദ്ധേയമായ മാറ്റമാണ്.

കേരളത്തിലെ ബൈബിൾ സ്കൂളുകൾ വർദ്ധിച്ചുവരും മുമ്പും അതിനുശേഷവും കേരളത്തിനു പുറത്തുള്ള ചില വേദപാഠശാലകൾ മലയാളികൾക്കു പ്രിയങ്കരമായിരുന്നു. ഇതിൽ ആദ്യം പേരെടുത്തു പറയേണ്ടത് ഡെറാഡൂണിലെ ഡൂൺ ബൈബിൾ സ്കൂളാണ്. പിന്നീട് ബാംഗ്ലൂരിൽ സതേൺ ഏഷ്യാ ബൈബിൾ കോളേജ് ആരംഭിച്ചപ്പോൾ മലയാളി പെന്തെക്കോസ്തർ വേദപഠനത്തിനു കൂട്ടമായി അവിടേക്കൊഴുകിത്തുടങ്ങി. ഇതിനിടെ മലയാളികൾ തന്നെ ചിലർ ഉത്തരേന്ത്യയിലും മറ്റും ബൈബിൾ സ്കൂളുകൾ ആരംഭിച്ചു. ഹിന്ദിയിലോ പ്രാദേശിക ഭാഷകളിലോ അദ്ധ്യാപനം നടത്തി സുവിശേഷകരെ ഉത്തരേന്ത്യൻ ഭൂമിക്ക് അനുയോജ്യരാക്കിത്തീർക്കുക എന്നതായിരുന്നു ഈ ബൈബിൾ സ്കൂളുകളുടെ ലക്ഷ്യം. ഇറ്റാർസിയിലെ സെൻട്രൽ ഇന്ത്യാ ബൈബിൾ കോളേജ്, ഉദയപ്പൂരിലെ ഫിലദെൽഫിയ ബൈബിൾ കോളേജ് തുടങ്ങിയവ പ്രാദേശിക ഭാഷയിൽ ദൈവവചനമഭ്യസിപ്പിക്കുന്നതിൽ പ്രസിദ്ധിനേടിയ വേദപാഠശാലകളാണ്. ഇതു കൂടാതെ ഐ.പി.സി., ചർച്ച് ഓഫ് ഗോഡ്, അസംബ്ലീസ് ഓഫ് ഗോഡ് തുടങ്ങിയ മുഖ്യധാര സഭകളുടെ നോർത്തിൻഡ്യൻ വേദപാഠശാലകളുടെയും തലപ്പത്തുള്ള പലരും മലയാളികളാണ്. ഹരിയാനായിൽ പാസ്റ്റർ പോൾ പിള്ള നടത്തുന്ന ഗ്രേസ് ബൈബിൾ കോളേജ്, അടുത്ത കാലത്ത് ഡെറാഡൂണിൽ റവ.

### *പാസ്റ്റർ പി.എൻ. സഖറിയ*



*പുനലൂർ ബെഥേൽ ബൈബിൾ സ്കൂളിൽ ഏറ്റവും കൂടുതൽ വർഷം അദ്ധ്യാപകനായിരുന്ന നാട്ടുകാരനായ ശുശ്രൂഷകൻ എന്ന പദവി പാസ്റ്റർ പി.എൻ. സഖറിയായ്ക്കുള്ളതാണ്. 1925 നവംബർ 2നു നാരായൺ-കുഞ്ഞാളി ദമ്പതികളുടെ പുത്രനായി ജനിച്ച സഖറിയ 19-ാം വയസ്സിൽ അത്ഭുത രോഗസൗഖ്യം മുഖാന്തരമാണ് രക്ഷിക്കപ്പെടുന്നത്. 1946-ൽ കടയ്ക്കാമണ്ണിൽ വച്ച് കെ.എം. പണിക്കരുടെ കൈക്കീഴിൽ സ്നാനമേറ്റു. സ്നാനത്തിനുശേഷം പതിനഞ്ച് ദിവസം കഴിഞ്ഞപ്പോൾ ആത്മസ്നാനം പ്രാപിച്ചു. 1948-ൽ വേദപഠനത്തിനായി ബഥേൽ ബൈബിൾ സ്കൂളിൽ ചേർന്നു. 1951-ൽ സഖറിയ ബഥേലിലെ അദ്ധ്യാപകനായി. തുടർന്ന് അദ്ധ്യാപനത്തോടൊപ്പം പലയിടങ്ങളിലും അദ്ദേഹം സഭാശുശ്രൂഷ ചെയ്തു. കുണ്ടറയായിരുന്നു ആദ്യപ്രവർത്തന സ്ഥലം. വിളിക്കുവെട്ടം, ഉറുകുന്ന്, അഞ്ചൽ എന്നിവിടങ്ങളിലൊക്കെ അദ്ദേഹം ആദ്യകാലത്ത് പ്രവർത്തിച്ചു. അറിയപ്പെടുന്ന ഒരു കൺവൻഷൻ പ്രസംഗകനുമായിരുന്നു പാസ്റ്റർ സഖറിയ.*


---

ജോർജ്ജ് സി. കുരുവിള ആരംഭിച്ച ന്യൂ തിയോളജിക്കൽ കോളേജ് തുടങ്ങിയവ വളരെ വ്യവസ്ഥാപിത നിലയിൽ നടക്കുന്ന വേദപാഠശാലകളാണ്.

ഇത്രയേറെ ബൈബിൾ സ്കൂളുകൾ ഉണ്ടായിട്ടും ഇന്നും അഡ്മിഷനുവേണ്ടിയുള്ള തിരക്ക് ഈ സ്ഥാപനങ്ങളിലൊന്നും കുറഞ്ഞിട്ടില്ല. നിലവാരമുള്ള സ്ഥാപനങ്ങൾ എപ്പോഴും നിറഞ്ഞു കവിയുന്നു. അതേ സമയം കൂടുതൽ ക്രമീകൃതമായ നിലയിൽ ദൈവശാസ്ത്രപഠനം നടത്താൻ ആഗ്രഹിക്കുന്നവർ ഇന്നും സെറാമ്പൂർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ചില പെന്തെക്കോസ്തിതര ബൈബിൾ കോളേജുകളെയാണ് ആശ്രയിക്കുന്നത്. അംഗീകൃത ഡിഗ്രി ഇക്കാര്യത്തിൽ മുഖ്യപ്രേരകശക്തിയാണെങ്കിലും, ചിലരെയെങ്കിലും അതു മാത്രമല്ല പെന്തെക്കോസ്തു വേദപാഠശാലകളിൽ നിന്നകറ്റുന്നത്. അദ്ധ്യയനത്തിന്റെ നിലവാരമില്ലായ്മയും ലൈബ്രറി പോലെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ ദൈന്യവും പല വിദ്യാർത്ഥികളെയും പിൻതിരിപ്പിക്കുന്ന ഘടകം തന്നെയാണ്.

അക്കാദമിക രംഗത്ത് ശക്തമായിക്കൊണ്ടിരിക്കുന്ന മത്സരം, അദ്ധ്യയനം നിലവാരമുള്ളതാക്കിത്തീർക്കാനും സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും പല ബൈബിൾ സ്കൂളുകളെയും പ്രേരിപ്പിക്കുന്നുണ്ട്. 1990-നു ശേഷം ഇക്കാര്യത്തിൽ ബൈബിൾ സ്കൂൾ അധികാരികൾ ഏറെ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. അക്കാദമിക രംഗത്തെ ഈ മുന്നേറ്റം ആശാസ്യമെങ്കിൽത്തന്നെ, ദൗത്യ നിർവ്വഹണബോധംകളയുംനിലയിൽ അതു വളരുന്നതിനെ സംശയത്തോടെ വീക്ഷിക്കുന്നവരുമുണ്ട്.

## മർദ്ദനമേറ്റ് മരണത്തോളം



പാസ്റ്റർ വി.റ്റി. ജോസഫ് വാഴമുട്ടം എന്ന സ്ഥലത്ത് കൺവൻഷനിൽ പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ അന്ന് പ്രസംഗം കേട്ടുകൊണ്ടിരുന്ന സുവിശേഷ വിരോധികളായ ചിലർ അദ്ദേഹത്തിന്റെ നേരെ ചാടിവീണ് മർദ്ദനം ആരംഭിച്ചു. പാസ്റ്റർ ജോസഫ് ബോധം കെട്ട് നിലത്തു വീണു. അദ്ദേഹം മരിച്ചുപോയി എന്നു കരുതി മർദ്ദനം നിർത്തി.

ഗുരുതരമായി പരിക്കേറ്റ പാസ്റ്റർ ജോസഫിനെ പിറ്റേദിവസം മജിസ്ട്രേറ്റിന്റെ മുമ്പിൽ ഹാജരാക്കുകയും മരണമൊഴി വാങ്ങുകയും ചെയ്തു. തുടർന്ന് പത്തുദിവസം ജോസഫ് മരിച്ചു എന്ന നിലയിൽത്തന്നെ കിടപ്പിലായിരുന്നു. പത്താമത്തെ ദിവസം വീട്ടിൽനിന്നു ഒരു കട്ടിൽകൊണ്ടു വന്ന് അതിൽ കിടത്തി അദ്ദേഹത്തെ ഭവനത്തിലേക്കു കൊണ്ടുപോയി. രണ്ടു മാസത്തിനുശേഷമാണ് പാസ്റ്റർ ജോസഫിനു അല്പമെങ്കിലും സൗഖ്യം ലഭിച്ചത്.

ഓമല്ലൂർ വിളവിനാൽ കുടുംബത്തിൽ ജനിച്ച ജോസഫ് 14-ാം വയസ്സിൽ രക്ഷിക്കപ്പെട്ടു. 1930 ആഗസ്റ്റിൽ കല്ലിശ്ശേരി ഡാനിയേൽ ഉപദേശിയോടൊപ്പം സുവിശേഷവേലയ്ക്കായി വീടുവിട്ടിറങ്ങി. 1931-ൽ മുളക്കുഴയിൽ വച്ച് സ്നാനമേറ്റു. തുടർന്ന് കുമ്പനാട് ബൈബിൾ സ്കൂളിൽ വേദാഭ്യസനം നടത്തി.

1937-മുതൽ ചില വർഷങ്ങൾ പാസ്റ്റർ ജോസഫ് കുക്ക് സായ്പിനോടൊപ്പം പ്രവർത്തിച്ചു. ആന്ധ്രായിലും തമിഴ്നാട്ടിലും പ്രവർത്തിച്ചിട്ടുണ്ട്. പിന്നീട് ഐ.പി.സി. യുടെ ശുശ്രൂഷകനായി പല സെന്ററുകളുടെയും പ്രവർത്തനത്തിനു നേതൃത്വം കൊടുത്തു. അറിയപ്പെടുന്ന വേദാദ്ധ്യാപകനും കൺവൻഷൻ പ്രസംഗകനുമായ പാസ്റ്റർ ജോസഫ് കുമ്പനാട് ഹെബ്രോൻ ബൈബിൾ കോളജ് അദ്ധ്യാപകനായും മല്ലപ്പള്ളി സീയോൻ ബൈബിൾ കോളജ് പ്രിൻസിപ്പലായും പ്രവർത്തിച്ചിരുന്നു.

15

# സ്ഥലം സഭകളുടെ നഷ്ടമാകുന്ന സ്വാതന്ത്ര്യം

**പെന്തെക്കോസ്തു** സമൂഹം കഴിഞ്ഞ കാലത്തേക്കാൾ വളരെ മാറിപ്പോയി എന്ന് നിരന്തരമായി ആളുകൾ പരാതിപ്പെടുമ്പോഴും ഘടനാപരമായി പ്രസ്ഥാനത്തിനുണ്ടായിക്കൊണ്ടിരിക്കുന്ന വലിയൊരു വ്യതിയാനത്തെപ്പറ്റി അധികമാരും ബോധവാൻമാരല്ല. എപ്പിസ്ക്കോപ്പൽ സഭകളുടെ ഭരണപരമായ ബന്ധനത്തിൽ നിന്നു സ്വാതന്ത്ര്യത്തിന്റെ വിശാല ലോകത്തിറങ്ങിയ ആദ്യ പെന്തെക്കോസ്തു കാരൻ ഇവിടെയുമിപ്പോൾ എപ്പിസ്കോപ്പസിയുടെ ബന്ധനച്ചരടുകളെ കണ്ടു തുടങ്ങുന്നു.

കേരളത്തിൽ പെന്തെക്കോസ്തു പ്രസ്ഥാനം ആരംഭിച്ചപ്പോൾ മുതൽ ഭരണപരമായി സർവ്വസ്വാതന്ത്ര്യം അനുഭവിച്ചിരുന്ന ഏക ഘടകം സ്ഥലം സഭകളായിരുന്നു. സ്ഥലം സഭകളുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന യാതൊന്നും ചെയ്യാൻ തദ്ദേശിയരായ പെന്തെക്കോസ്തു നേതാക്കൾ തയ്യാറായിരുന്നില്ല. പാസ്റ്റർ കെ.ഇ. ഏബ്രഹാമിനു അസംബ്ലീസ് ഓഫ് ഗോഡ് മിഷനറിമാരായിരുന്ന മേരി ചാപ്മാൻ, ആൻഡ് വിങ്കിൾ എന്നിവരുമായി 1924 ഒടുവിലുണ്ടായ യോജിപ്പ് ചില മാസങ്ങൾക്കുള്ളിൽ അവസാനിച്ചത് 'സ്ഥലം സഭകളുടെ സ്വാതന്ത്ര്യം' എന്ന വിഷയത്തിലായിരുന്നു. ഈ സംഭവം ആത്മകഥയിൽ പാസ്റ്റർ ഏബ്രഹാം വിവരിക്കുന്നുണ്ട്.

"ചേത്തയ്ക്കൽ സഭയ്ക്ക് ഒരു ഹോൾ പണിയുവാനുള്ള സ്ഥലം ദാനമായി ലഭിച്ചപ്പോൾ, ഹാൾ പണിക്കുവേണ്ടിയുള്ള പണം മിസിസ് ചാപ്മാൻ നൽകാമെന്നു തീരുമാനിച്ചു. എന്നാൽ വസ്തുവിന്റെ ആധാരമെഴുത്തു കാര്യം ആലോചിച്ചപ്പോൾ അമേരിക്കയിലെ അസംബ്ലീസ് ഓഫ് ഗോഡിന്റെ ജനറൽ സെക്രട്ടറിയുടെ പേർക്ക് ആധാരം എഴുതണമെന്നും, എങ്കിൽ മാത്രമേ കെട്ടിട പണിക്ക് ധനസ

ഹായം ചെയ്യുകയുള്ളൂവെന്നും മിസിസ് ചാപ്മാൻ പ്രസ്താവിച്ചു. അവർ അയയ്ക്കപ്പെട്ടിരുന്ന സമൂഹത്തോടു വിശ്വസ്തത പാലിക്കുക എന്നത് അവരുടെ ഭാഗത്ത് ശരിയായിരുന്നെങ്കിലും, മദ്ധ്യ തിരുവിതാംകൂറിലെ ഒരു സ്ഥലം സഭയ്ക്കുള്ള വസ്തുവിന്റെ ആധാരം പന്തീരായിരം മൈൽ അകലെ ഭൂഗോളത്തിന്റെ മറുവശത്തിരിക്കുന്ന ഒരാളിന്റെ പേരിൽ എഴുതുന്നതിന്റെ ആവശ്യം ഞങ്ങൾക്ക് മനസ്സിലാക്കുക പ്രയാസമായിരുന്നു. ചേത്തയ്ക്കൽ സഭയുടെ പേർക്ക് ആധാരം എഴുതണമെന്നുള്ള ഞങ്ങളുടെ അഭിപ്രായം മദാമ്മയ്ക്ക് സ്വീകാര്യമായിരുന്നില്ല. മദാമ്മ പണം തന്നില്ലെങ്കിലും വേണ്ടതില്ല, സ്ഥലം സഭയുടെ പേരിൽ മാത്രമേ ആധാരം എഴുതുകയുള്ളൂവെന്ന ഞങ്ങളുടെ അഭിപ്രായത്തിൽ ഞങ്ങൾ സ്ഥിരമായി നിലകൊണ്ടു."

(പാസ്റ്റർ കെ.ഇ. ഏബ്രഹാം, യേശുക്രിസ്തുവിന്റെ എളിയദാസൻ, പേജ് 143.)

അന്ന് സാമ്പത്തികലാഭം കണക്കാക്കാതെ സ്ഥലം സഭകളുടെ സ്വാതന്ത്ര്യം എന്ന ലക്ഷ്യത്തിനായി ധീരതയോടെ നിലകൊള്ളാൻ പാസ്റ്റർ ഏബ്രഹാമിനു കഴിഞ്ഞു. പാസ്റ്റർ ആർ.എഫ്. കുക്കും സ്ഥലം സഭകളുടെ സ്വാതന്ത്ര്യത്തെ വലിമയേറിയതായി കണക്കാക്കിയ വ്യക്തിയാണ്. 1930-ൽ തെന്നിന്ത്യാ നേതാക്കൾ പിരിഞ്ഞുപോയെങ്കിലും താൻ സ്ഥലം സഭകളുടെ സ്വാതന്ത്ര്യത്തിൽ വിശ്വസിക്കുന്നയാളാണെന്നും അതു സൂക്ഷിക്കുന്നതിനു പരിശ്രമിച്ചിട്ടുണ്ടെന്നും കുക്ക് സായ്പ് വിശദമാക്കി.

"മലങ്കരയുള്ള പൂർണ്ണസുവിശേഷ വിശ്വാസികളെയെല്ലാം ഏക വളപ്പിൽ ഉൾപ്പെടുത്തി സ്വേച്ഛാധികാരം വഹിക്കണമെന്നുള്ള സ്വാർത്ഥപരവും, നീചവും ജഡീകവുമായ ഉദ്ദേശത്തോടുകൂടിയല്ല മേൽ സൂചിപ്പിച്ച യോജിപ്പിനായി ഞങ്ങൾ ആഗ്രഹിച്ചത്. തിരുവിതാംകൂറിലെ സ്ഥലം സഭകളുടെ ഭരണകാര്യങ്ങളിൽ അതതു സഭകൾക്കു പൂർണ്ണമായ സ്വാതന്ത്ര്യം ഉണ്ടായിരിക്കേണ്ടതാണെന്നും, അവ തിരുവചന വിഹിതങ്ങളായ പൂർണ്ണസുവിശേഷ സത്യങ്ങളിൽ നിന്നു വ്യതിചലിച്ചു വിവിധോപദേശങ്ങളാകുന്ന ഓരോരോ കാറ്റിനാൽ അലഞ്ഞുതിരിയുന്നതിന് ഇടയാകാതെ വിശ്വാസവിഷയങ്ങളിൽ സുസ്ഥിരമായിരിക്കുന്നതിനു അവയെ ക്രമീകരിച്ചു വ്യവസ്ഥപ്പെടുത്തിയിട്ടുള്ള ഒരു പൊതു സഭയുടെ സംഘടനയിൽ സ്ഥലം സഭകൾ ഉൾപ്പെട്ടിരിക്കേണ്ടതാണെന്നും അത്രെ ഞങ്ങളുടെ വിശ്വാസം. ഈ ആദർശത്തിനു വിരുദ്ധമായി യാതൊരു സ്ഥലംസഭയുടെ മേലും മാനുഷീകമായ ഭരണ നുകം വയ്ക്കുന്നതിനോ അവയുടെ നേരെ ജഡീകമായ അധികാരം ചെലുത്തുന്നതിനോ ഞങ്ങൾ യത്നിച്ചിട്ടില്ലന്നുള്ളതിനു സ്ഥലം സഭകൾ സാക്ഷികളാണ്. ദൈവം ഞങ്ങൾക്കു നൽകിയിട്ടുള്ള കൃപയ്ക്ക് ഒത്തവണ്ണവും നൽവരമനുസരിച്ചും ഞങ്ങളെ തന്റെ സുവിശേഷവേലയിൽ താൻ വിളിച്ചിറക്കിആക്കിവെച്ചിട്ടുള്ള സ്ഥാനത്തും അയച്ചിട്ടുള്ള സ്ഥലത്തും വിശ്വസ്തതയോടെ നിലനിന്നു ലഭിക്കുന്ന പ്രാപ്തിക്കൊത്തവണ്ണം ദൈവമഹത്വത്തിനായി ആത്മാക്കൾക്കു ശുശ്രൂഷിച്ചു അവർക്കു കഴിയുന്ന എല്ലാവിധത്തിലും ഉപകാരമായി ഭവിച്ചും ഞങ്ങളുടെ ഈ പരദേശവാസകാലം കഴിക്കയും ഓട്ടം തികയ്ക്കുകയും ചെയ്യണമെന്നുള്ള ആഗ്രഹമല്ലാതെ മറ്റുയാതൊന്നും ഞങ്ങളെ ഭരിക്കുകയോ മിഷനറിപ്രവർത്തനം ഒരു ഐഹിക സമ്പാദ്യമായി കരുതി അതിലേക്കു സ്ഥലം സഭകളെ സ്വായത്തമാക്കണമെന്നുള്ള തൻകാര്യപരമായ ദുരുദ്ദേശം ഞങ്ങളെ സ്പർശിക്കയോ ചെയ്തിട്ടില്ല."

(ആർ.എഫ്. കുക്ക്, സുവിശേഷ പ്രഭാ

ഷകൻ, വാല്യം 3, ലക്കം 9,10 പത്രാധിപ ലേഖനം)

സ്ഥലം സഭകളുടെ സ്വാതന്ത്ര്യത്തിൽ കണക്കറ്റു വിശ്വസിച്ചിരുന്ന ഒരു സംഘമാണ് സ്വീഡനിലെ ഫിലദെൽഫിയ സഭ. ഇന്ത്യൻ മിഷനറിമാരായി പാസ്റ്റർ കെ.ഇ ഏബ്രഹാമും കെ.സി. ചെറിയാനും അവിടെ ചെന്നപ്പോൾ ഫിലദെൽഫിയ സഭ സാമ്പത്തിക സഹകരണത്തിനു മുതിർന്നത് ഐ.പി.സി. സ്ഥലം സഭകളുടെ സ്വാതന്ത്ര്യത്തിനു മുൻതൂക്കം കൊടുത്തു എന്നതിനാലാണ്. ഫിലദെൽഫിയ സഭ ഐ.പി.സി.യെ മൊത്തമായി സഹായിക്കാൻ തയ്യാറായില്ല എന്നതും ശ്രദ്ധിക്കണം. (പണം മൊത്തമായി ഐ.പി.സി.യ്ക്ക് കൊടുക്കുകയും അത് ഐ.പി.സി. ഇഷ്ടമനുസരിച്ച് വിതരണം ചെയ്യുകയുമല്ലായിരുന്നു). അവർ ഓരോ ലോക്കൽ സഭകളെയാണ് സഹായിച്ചത്. കോഴിക്കോട് സഭാഹോൾ പണിയാൻ ഒരു തുക, കോട്ടയത്ത് ഹോൾ പണിയാൻ ഒരു തുക, തിരുവനന്തപുരത്ത് ഹെബ്രോൻ സ്ഥാപനത്തിനായി ഒരു തുക എന്നിങ്ങനെയായിരുന്നു അവരുടെ സഹായം.

ആദ്യകാലത്ത് സ്ഥലം സഭകളുടെ സ്വാതന്ത്ര്യം എന്നത് ഒരു ഉപദേശവിഷയം തന്നെയായിരുന്നു. അതിനെക്കുറിച്ച് നിരന്തരമായ ചർച്ചകളും നടന്നിരുന്നു. രജിസ്ട്രേഷൻ സംബന്ധമായി ഐ.പി.സി. യിൽ ചില ധാരണാവ്യത്യാസങ്ങളുണ്ടായപ്പോൾ ഐ.പി.സി.യുടെ പ്രവർത്തകസമ്മേളനം എടുത്ത തീരുമാനം സ്ഥലം സഭകളുടെ സ്വാതന്ത്ര്യം ഒന്നുകൂടെ ഉറപ്പിക്കുന്നതായിരുന്നു.

"ഐ.പി.സി.യുടെ വേലക്കാരുടെ യോഗം 1939 ഏപ്രിൽ 13-15 വരെ തിരുവല്ല ഫെയ്ത്ത് ഹോമിൽ കൂടി നാം ദൈവവചനത്തോടു ഏറ്റവും അടുത്ത് വചനപ്രകാരം പോകേണ്ടതിനുവേണ്ടി മാനുഷിക കെട്ടുപാടുകൾ യാതൊന്നുമില്ലാതെ ഇരിക്കണമെന്നു ഏവരും ഐക്യകണ്ഠ്യേന തീരുമാനിച്ചു. ഇപ്പോൾ ഓരോ സ്ഥലം സഭകളും അതിന്റെ ഭരണകാര്യങ്ങൾ നടത്തുന്നതിനുവേണ്ടി ഓരോ ഭരണകമ്മറ്റി ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചു. പൊതുവിനടുത്ത കാര്യങ്ങളെക്കുറിച്ച് വല്ലതും ആലോചിക്കാനുണ്ടെങ്കിൽ മുന്നണിയിൽ നിൽക്കുന്ന വേലക്കാർ ചേർന്ന് ആലോചിക്കാവുന്നതാണ്. ഇതിൻപ്രകാരം ഇപ്പോൾ ഒരു കമ്മറ്റിയോ കൗൺസിലോ പൊതുഭരണത്തിനു വേണ്ടി ഇല്ല എന്നുള്ളത് രേഖപ്പെടുത്തികൊള്ളുന്നു. ഈ റിപ്പോർട്ടിൽ ഒപ്പിട്ടവർ പാസ്റ്റേഴ്സ് കെ.ഇ. ഏബ്രഹാം, കെ.സി. ഉമ്മൻ, പി.എം. സാമുവൽ, കെ.എം. സഖറിയാ, പി.വി. ജോൺ, പി.റ്റി. മാത്യു, പി.റ്റി. ചാക്കോ."

(1939ലെ ഐ.പി.സി. പ്രവർത്തകസമ്മേളനത്തിന്റെ തീരുമാനം).

ഇന്നിപ്പോൾ എല്ലാ സഭകളും കേന്ദ്രീകൃത ഭരണ സംവിധാനത്തിനു വിധേയമായിരിക്കുന്നു. ശുശ്രൂഷകൻ അധികാരിയായി മാറിയിരിക്കുന്നു. അതെപ്പറ്റി ചർച്ച നടത്തുകയോ വിധി കൽപ്പിക്കുകയോ അല്ല. ഇവിടെ പൂർവ്വചരിത്രം അങ്ങനെയല്ലായിരുന്നു എന്ന് ഓർപ്പിക്കുക മാത്രം.

സ്ഥലം സഭകളുടെ സ്വാതന്ത്ര്യത്തെപ്പറ്റി പാസ്റ്റർ കെ.സി. ചെറിയാൻ സീയോൻ കാഹളത്തിന്റെ ഒന്നാം വാല്യത്തിൽ എഴുതിയ ഒരു ലേഖനം അനുബന്ധമായി കൊടുക്കുന്നു.

**സ്ഥലം സഭകളുടെ സ്വാതന്ത്ര്യം**
***പാസ്റ്റർ കെ.സി. ചെറിയാൻ***

"അപ്പോസ്തലകാലത്തു വെളിപ്പെടുത്തപ്പെട്ടിരുന്നവയും ഇടക്കാലത്ത് മറഞ്ഞുപോയവയുമായ സത്യങ്ങളും അനുഭവങ്ങളും വീണ്ടും തന്റെ സഭയ്ക്ക് ലഭിച്ചു

ആദിമ നൂറ്റാണ്ടിൽ അപ്പൊസ്തോലൻമാർ ആദിയായ സുവിശേഷവേലക്കാർ സുവിശേഷവേല ഉപജീവനമാർഗ്ഗമായി തിരഞ്ഞെടുത്തിരുന്നില്ല. അവർ കർത്താവിന്റെ സ്നേഹത്താൽ നിറയപ്പെട്ടവരായി ആത്മാക്കളെക്കുറിച്ചുള്ള ചിന്താഭാരത്തോടുകൂടെ ഈ ശുശ്രൂഷ തെരഞ്ഞെടുക്കുകയായിരുന്നു. 'സുവിശേഷിക്കുന്നില്ല എങ്കിൽ എനിക്കു അയ്യോ കഷ്ടം', എന്ന ശബ്ദം അവരുടെ ഹൃദയങ്ങളിൽ എപ്പോഴും ധ്വനിച്ചുകൊണ്ടിരുന്നു. ഇന്നും അതേ സ്നേഹത്താൽ നിറയപ്പെട്ടവരായിട്ടാണ് വേലക്കാർ പുറപ്പെട്ടു പോകേണ്ടത്. ഇങ്ങനെ പുറപ്പെട്ടു പോകുന്ന വേലക്കാർ സുവിശേഷത്താൽ ഉപജീവിക്കണമെന്നുള്ളത് വചനത്തിലെ ഉപദേശമാണ്. (1 കൊരി. 9:14). സുവിശേഷവേലയ്ക്കായി വിളിക്കപ്പെട്ടവൻ തന്റെ വയറ് ഒരിടത്തുവച്ചിട്ടു സുവിശേഷിക്കുവാൻ പോകുക എന്നതു അസാദ്ധ്യമാണല്ലോ. ദൈവസ്നേഹത്താൽ നിർബന്ധിതനായി പുറപ്പെട്ടു പോകുന്ന ആളിനെ ദൈവം നടത്തികൊള്ളും. അങ്ങനെ സുവിശേഷകന്റെ ആവശ്യങ്ങൾ നടക്കുന്നതും ഉപജീവനാർത്ഥം സുവിശേഷവേല തിരഞ്ഞെടുക്കുന്നതും തമ്മിൽ വലിയ അന്തരമുണ്ട്.

അപ്പോസ്തലകാലത്ത് ഈ രീതിയിലുള്ള സുവിശേഷവേല ഇല്ലാതിരുന്നതു തന്നെയാണ് സ്ഥലം സഭകളുടെ സ്വാതന്ത്ര്യത്തിനു മുഖ്യകാരണമായിരുന്നത്. പുതിയനിയമത്തിൽ നാം കാണുന്നപ്രകാരം ഒന്നാമതു സ്ഥാപിക്കപ്പെട്ട സഭ യെരുശലേം സഭയാണല്ലോ. പെന്തെക്കോസ്തു നാളിലും അതിനുശേഷവും ഉണ്ടായ പരിശുദ്ധാത്മപകർച്ചയുടെയും ഉണർവ്വിന്റെയും ഫലമായി ആത്മാക്കൾ രക്ഷിക്കപ്പെട്ടു സ്നാനപ്പെട്ടു കൂടിവന്നു. ദൈവത്തിന്റെ പരിശുദ്ധാത്മാവ് മുഖേന ആക്കിവയ്ക്കപ്പെട്ട നടത്തിപ്പുകാർ സഭാ കൊണ്ടിരിക്കുന്ന ഒരു കാലയളവിലാണ് നാം ജീവിക്കുന്നത്. വിശ്വാസികളുടെ വ്യക്തിപരമായ ജീവിതം മാത്രമല്ല, അവരുടെ സഭാനിലയും ആദിമശതകത്തിലെ മാതൃകപ്രകാരം ആയിരിക്കണമെന്നു നാം അറിയുന്നു. പുതിയനിയമ സഭയുടെ പ്രതിരൂപമായിരുന്ന സമാഗമനകൂടാരം പണിയുവാൻ ദൈവം മോശയോടു കല്പിച്ചപ്പോൾ അതിന്റെ മാതൃക പർവ്വതത്തിൽ ദൈവം അവനു കാണിച്ചുകൊടുത്തു. കൂടാരത്തിലെ ഏറ്റം ചെറിയ ഉപകരണങ്ങൾ പോലും ദൈവം കൊടുത്ത മാതൃകപ്രകാരം പണിയണമെന്നുള്ളത് നിഷ്കർഷയായിരുന്നു. അങ്ങനെതന്നെ മോശ കൂടാരം പണിയുകയും ചെയ്തു. "ക്രിസ്തുയേശു തന്നെ മൂലക്കല്ലായിരിക്കെ അപ്പൊസ്തോലൻമാരും പ്രവാചകൻമാരും എന്ന അടിസ്ഥാനത്തിൻമേൽ വിശ്വാസികളായ ജീവനുള്ള കല്ലുകളെ ചേർത്തു ഇപ്പോൾ ഒരു വിശുദ്ധമന്ദിരം പണിയപ്പെടുന്നു." (എഫേ. 2:20-22). "സത്യത്തിന്റെ തൂണും അടിസ്ഥാനവുമായ ആ ആലയം ജീവനുള്ള ദൈവത്തിന്റെ സഭയത്രേ." (1 തീമൊ.3:15).

ദൈവസഭയുടെ സാക്ഷാത്തായ മാതൃക പുതിയനിയമത്തിൽ വെളിപ്പെടുത്തിയിരിക്കുന്നു. ആകയാൽ പുതിയനിയമ ശുശ്രൂഷകൻമാരെല്ലാവരും പ്രസ്തുത മാതൃകയിൽ തങ്ങളുടെ പണി നടത്തേണ്ടതാവശ്യമാണ്.

ദൈവസഭയുടെ മാതൃകയെ സംബന്ധിച്ചുള്ള വിവിധ വശങ്ങൾ ഈ ചെറിയ ലേഖനത്തിൽ വിവരിക്കുവാൻ സാധിക്കുകയില്ല. പുതിയനിയമത്തിൽ കാണുന്ന സ്ഥലം സഭകളെല്ലാം മാനുഷികമായ കെട്ടുപാടുകളാൽ ബന്ധിക്കപ്പെടാതെ, സ്വതന്ത്രസഭകളായിരുന്നു എന്നുള്ളതിനെക്കുറിച്ച് ചിലതു പ്രസ്താവിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്.

ഭരണം നടത്തി എന്നല്ലാതെ മറ്റു രീതിയിലുള്ള ഏതെങ്കിലും ഒരു കെട്ടുപാടു അവർ ഉണ്ടാക്കിയതായി നാം വായിക്കുന്നില്ല.

യെരുശലേം സഭയിൽ നിന്ന് പുറപ്പെട്ടുപോയ മിഷനറിമാർ സ്തേഫാനോസിന്റെ മരണത്തെത്തുടർന്നുണ്ടായ പീഡയാൽ ചിതറിപ്പോയവരാണ്. അവരുടെ വേല മുഖാന്തരം പല സ്ഥലങ്ങളിലും ആത്മീയ ഉണർവ്വുണ്ടാകുകയും സഭകൾ സ്ഥാപിക്കപ്പെടുകയും ചെയ്തു. അവർ യെരുശലേം സഭയിൽ നിന്നു പുറപ്പെട്ടു പോന്നവരാകയാൽ അവർ മുഖാന്തരം സ്ഥാപിതമായ സഭകൾ തങ്ങളുടെ ഭരണത്തിൻ കീഴിലിരിക്കണമെന്ന് യെറുശലേം സഭയോ, പുറപ്പെട്ടുപോയ വേലക്കാരോ വാദിച്ചതായി കാണുന്നില്ല. ദൃഷ്ടാന്തമായി ശമര്യയിലെ സഭയെ നോക്കുക. ആ സഭ ഫീലിപ്പോസ് സുവിശേഷകന്റെ വേലയിലായിരുന്നുവല്ലോ സ്ഥാപിക്കപ്പെട്ടത്. ഫീലിപ്പോസ് മേൽപറഞ്ഞപ്രകാരം യെരുശലേം സഭയിൽ നിന്നു പുറപ്പെട്ടുപോയ ഒരുവനായിരുന്നു. മാത്രമല്ല, അവർക്കു പരിശുദ്ധാത്മാവു പ്രാപിക്കേണ്ടതിനു അവർക്കായി പ്രാർത്ഥിപ്പാൻ പത്രോസിനെയും യോഹന്നാനെയും അവിടേക്കു നിയോഗിച്ചതും യെരുശലേം സഭയായിരുന്നു. ഇത്യാദി പല അവകാശവാദങ്ങൾ ശമര്യ സഭമേൽ യെരുശലേം സഭയ്ക്ക് ന്യായമായി പറവാനുണ്ട് എന്നാൽ ശമര്യാ സഭയും യെരുശലേം സഭയെപ്പോലെ സ്വതന്ത്രസഭയായിരുന്നു എന്നും, ആ സഭകൾ തമ്മിൽ ആത്മീയ ഐക്യതയിൽ വർത്തിച്ചു എന്നുമല്ലാതെ, യെരുശലേം സഭയ്ക്കു ശമര്യസഭയ്ക്കുമേൽ ഭരണകർത്തൃത്വം ഉണ്ടായിരുന്നതായി വചനത്തിൽ കാണുന്നില്ല. (പ്രവൃ.8.4–25).

ഇനിയും അന്ത്യോക്യസഭയെ നോക്കുക. ആ സഭയും മുൻപ്രസ്താവിച്ചതുപോലെ യെരുശലേം സഭയിൽ നിന്നു പുറപ്പെട്ടുപോയവരുടെ വേലയാൽ ഉണ്ടായതാണ്. മാത്രമല്ല, അവരെ സംബന്ധിച്ചു യെരുശലേം സഭ അറിഞ്ഞപ്പോൾ ബർന്നബാസിനെ അവിടേക്കു അയയ്ക്കുകയും, അവൻ ആ സഭയെ വചനത്തിൽ ഉറപ്പിക്കയും ചെയ്തു. (പ്രവൃ.11:19-24). ഈ കാരണങ്ങളാൽ അന്ത്യോക്യാ സഭയുടെ ഭരണച്ചരട് യെരുശലേം സഭയ്ക്കിരിക്കണമെന്ന് അവർ ആഗ്രഹിച്ചില്ല. യെരുശലേം, ശമര്യാ ആദിയായ സഭകളെപ്പോലെതന്നെ ഒരു സ്വതന്ത്രസഭയായിരുന്നു അന്ത്യോക്യാസഭയും.

പിന്നീട് അന്ത്യോക്യാസഭയിൽ നിന്ന് മിഷനറിമാർ പുറപ്പെട്ടു പോയി സഭകൾ സ്ഥാപിക്കയുണ്ടായി. അപ്പൊസ്തോലൻമാരായ പൗലോസും ബർന്നബാസുമാണല്ലോ അവിടെ നിന്നു പുറപ്പെട്ടുപോയത് പരിശുദ്ധാത്മാവിന്റെ അരുളപ്പാടിനാൽ അവർ അതിനായി വിളിക്കപ്പെട്ടിരിക്കുന്നു എന്ന് അവർക്കും സഭയ്ക്കും ബോദ്ധ്യമായതിനാൽ അവർ വേലയ്ക്കായി ഇറങ്ങിപ്പോയി. പല സ്ഥലങ്ങളിലും അവരുടെ ശുശ്രൂഷ മൂലം സഭകൾ എഴുന്നേറ്റു. ആ യാത്ര കഴിഞ്ഞ് അവർ മടങ്ങി വന്നശേഷം വീണ്ടും യാത്ര പോയതായി കാണുന്നു. പൗലോസും ശീലാസും ഒരുമിച്ച് ഏഷ്യയിൽ പലേടത്തും യൂറോപിലും സുവിശേഷം പ്രസംഗിച്ചു. അങ്ങനെ അവരുടെ വേലയാൽ അനേക സ്ഥലങ്ങളിൽ സഭകൾ സ്ഥാപിക്കപ്പെട്ടു എന്ന് നാം വായിക്കുന്നു. അങ്ങനെ സ്ഥാപിതമായ സ്ഥലം സഭകളെ സ്വതന്ത്രസഭകളായിട്ടാണ് അവർ നിർത്തിയത്. അവിടവിടെ ദൈവം എഴുന്നേൽപ്പിച്ച ശുശ്രൂഷകൻമാരെ അവർ കൈവെച്ച് വേർതിരിച്ച് സഭകളെ കർത്താവിൽ അവർക്ക് ഭരമേൽപ്പിച്ച് അപ്പൊസ്തോലൻമാർ മറ്റു സ്ഥലങ്ങളിലേക്കു പോയി.

ഓരോ ലോക്കൽസഭയും, സ്വതന്ത്രസ

ഭയായിരിക്കയും തദവസരം അന്യോന്യം ഐക്യതയിൽ ഇരിക്കയും ചെയ്തു എന്ന ല്ലാതെ ഏതെങ്കിലും ഒരു മാനുഷിക കെട്ടു പാടുകളിൽ സഭകളെ ബന്ധിച്ചതായി കാണുന്നില്ല. അന്ത്യോക്യാ സഭയിൽ നിന്നു പുറപ്പെട്ടുപോയ മിഷനറിമാർക്ക് ആത്മീയമായും ഭൗമികമായും ധാരാളം ഉതവികൾ പ്രസ്തുത സഭ ചെയ്തിരിക്കു മെന്നതു തർക്കമറ്റ സംഗതിയാണല്ലോ. ആകയാൽ ഈ അപ്പൊസ്തോലൻമാരുടെ വേലയാൽ സ്ഥാപിതമായ സഭകൾ തങ്ങ ളുടെ പ്രയത്നഫലമാണെന്നും തങ്ങളുടെ ഭരണത്തിൻകീഴിൽ ഇരിക്കേണ്ടതാ ണെന്നും അന്ത്യോക്യാ സഭയോ, അപ്പൊ സ്തോലൻമാരോ വാദിച്ചില്ല. ഓരോ സഭ യും യെരുശലേം സഭയെപ്പോലെയും അന്ത്യോക്യാ സഭയെപ്പോലെയും സ്വത ന്ത്രമായിരുന്നു. ആയതുകൊണ്ട് ഇക്കാ ലത്ത് ചില മിഷനറി സമൂഹങ്ങൾ, അവ രുടെ വേലയാൽ എഴുന്നേൽക്കുന്ന സഭ കൾ തങ്ങളുടെ ഭരണത്തിൻ കീഴിൽ ഇരി ക്കണമെന്നു പുറപ്പെടുവിക്കുന്ന വാദം അതു പെന്തെക്കോസ്തുകാരനായാലും വേദാനുസരണമല്ല.

വിദേശ മിഷനറി സമൂഹങ്ങൾ നാട്ടു സഭകൾക്കു പണസഹായം ചെയ്യുന്നതു കൊണ്ട് ആ സഭകൾ പ്രസ്തുത മിഷനറി സമൂഹങ്ങളുടെ ഭരണത്തിൽ ഇരിക്കേണ്ട താണെന്ന് അവർ വാദിക്കുന്നു. ആ വാദവും വേദാനുസരണം അല്ല. ആദിമ നൂറ്റാണ്ടിലെ സഭകൾ പരസ്പരം ബന്ധ ത്തിൽ ഇരുന്നതുകൊണ്ട് അന്യോന്യം സഹായിച്ചിട്ടുണ്ട്. യെരുശലേം സഭയ്ക്കു ക്ഷാമം നേരിട്ടപ്പോൾ മറ്റു സഭകൾ സഹാ യിച്ചതുതന്നെ ഇതിന്റെ തെളിവാണ്. അന്ത്യോക്യാ സഭ, മക്കദോന്യ സഭകൾ, അഖായ (കൊരിന്തു) സഭകൾ എന്നി ങ്ങനെ പല സഭകൾ യെരുശലേം സഭയെ സഹായിച്ചു. (പ്രവൃ.11:29,30:, 1കൊരി. 16:1,2 2കൊരി. 8,9). പ്രസ്തുത സഭകൾ അന്യോന്യം ഐക്യതയിലിരുന്നു എന്നു ള്ളതിനു ഇതു മതിയായ തെളിവാണല്ലോ. എന്നാൽ ധനസഹായം ചെയ്ത ഏതെ ങ്കിലും സഭ യഹൂദ്യയിലെ സഭകളോടു ഞങ്ങൾ നിങ്ങൾക്കു സഹായം ചെയ്യുന്ന തിനാൽ നിങ്ങൾ ഞങ്ങൾക്കു കീഴ്പ്പെട്ടി രിക്കണം; ഞങ്ങളാണു നിങ്ങളുടെ ഭരണ കർത്താക്കൾ എന്നിങ്ങനെ ശഠിക്കുകയു ണ്ടായില്ല. വിശുദ്ധന്മാരുടെ ആവശ്യങ്ങ ളിൽ കൂട്ടായ്മ കാണിക്കണമെന്നുള്ള പരിശുദ്ധാത്മാവിന്റെ പ്രബോധനം അനു സരിച്ചും, ക്രിസ്തുവിൽ സഹോദരൻമാ രായവരുടെ കഷ്ടതയിൽ അവരെ സഹാ യിക്കേണ്ടതു കടമയാകയാലും അത്രേ സഭകൾ അന്യോന്യം സഹായം ചെയ്യേ ണ്ടത്. അല്ലാതെ സഭകളുടെ ഭരണം കൈവശപ്പെടുത്തുന്നതിനു വേണ്ടിയല്ല.

ദൈവസഭ കുത്തഴിഞ്ഞ പുസ്തകം കണക്കെ ഇരിപ്പാൻ ദൈവം അനുവദിക്കു ന്നില്ല. സഭയിൽ ഭരണം ദൈവം വച്ചിരി ക്കുന്ന ഒന്നാണ്. പരിപാലനം എന്നതു ദൈവം ഏർപ്പെടുത്തിയിട്ടുള്ളതാണ്. (1 കൊരി. 12:28) പ്രസ്തുത വാക്യത്തിൽ പരിപാലനം എന്നു തർജ്ജമ ചെയ്തിരി ക്കുന്നതു ഇംഗ്ലീഷിൽ ഗവൺമെന്റ് (Government) എന്നാണു കാണുന്നത്. ആക യാൽ ദൈവസഭയിൽ ഒരു ഗവൺമെന്റ് ഉണ്ട്. അതെന്താണെന്ന് അതേ വാക്യ ത്തിലും എഫേ.4:11 ലും പൗലോസു പറ യുന്നു. അപ്പൊസ്തലൻമാർ, പ്രവാച കൻമാർ, സുവിശേഷകൻമാർ, ഇടയൻമാർ എന്നിങ്ങനെ പരിശുദ്ധാത്മാവിനാൽ ആക്കിവയ്ക്കപ്പെടുന്നവരാലാണ് ഭരണം നടക്കേണ്ടത്.

അതാതു സ്ഥലത്തുള്ള സഭകളുടെ ശുശ്രൂഷകൻമാർ അതാതു സ്ഥലത്തെ ആട്ടിൻകൂട്ടത്തെ നടത്തുന്നു. സഭ കൾതോറും സഞ്ചരിച്ചു പ്രവർത്തിച്ചുകൊ ണ്ടിരുന്ന അപ്പൊസ്തലൻമാർ സ്ഥലം സഭാ ശുശ്രൂഷകൻമാരുടെമേൽ ഭരണ

കർത്താക്കളായിരുന്നില്ല. പിന്നെയോ അവർ കൂട്ടുമൂപ്പൻമാർ മാത്രമായിരുന്നു. (1 പത്രോസ്.5:1.) ഒരിക്കൽ പൗലോസ് അപ്പൊസ്തലൻ എഫെസോസ് സഭയിലെ മൂപ്പൻമാരെ വിളിച്ചു അവർക്കു പ്രബോധനം നൽകുന്ന വേദഭാഗം വായിച്ചാൽ, പ്രസ്തുത സഭയുടെ മുഴുചുമതലയും അവരിൽതന്നെ സ്ഥിതിചെയ്തിരുന്നു എന്നുള്ളത് വ്യക്തമാകുന്നുണ്ട്. (പ്രവൃ.20:17-35). എഫെസോസ്, കൊരിന്ത് ആദിയായ സഭകൾ പൗലോസിന്റെ വേലയാൽ ഉളവായവയാണല്ലോ. അങ്ങനെയുള്ള കൊരിന്തുസഭയോടു ഒരിക്കൽ താൻ പറയുന്നതു: “നിങ്ങളുടെ വിശ്വാസത്തിൻമേൽ ഞങ്ങൾ കർത്തൃത്വമുള്ളവരെന്നല്ല, നിങ്ങളുടെ സന്തോഷത്തിനു ഞങ്ങൾ സഹായികളത്രേ'' എന്നാകുന്നു. (2കൊരി.1:24). ആകയാൽ അതാതു സ്ഥലംസഭ സ്വന്തകാലുകളിൽമേൽ സ്വാതന്ത്ര്യമായി നിൽക്കയും, അവിടവിടെ വചനപ്രകാരം ആക്കിവയ്ക്കപ്പെടുന്ന ശുശ്രൂഷകൻമാർ അതാതു സഭയെ നടത്തുകയും ചെയ്ക എന്നുള്ളതാണ് സഭയെ സംബന്ധിച്ചുള്ള ദൈവീക മാതൃക.

സഭകളുടെ ഉപയോഗത്തിലേക്കുള്ള സ്ഥാപനങ്ങൾ ആരുടെ അധീനതയിലായിരിക്കണമെന്നുള്ളതും ഈ അവസരം ചിന്തിക്കുന്നത് അസ്ഥാനത്താകില്ല എന്നു കരുതുന്നു. സഭാഭരണം സ്ഥലം സഭയുടെ പൂർണ്ണ സ്വാതന്ത്ര്യത്തിലായിരിക്കണമെന്ന് വചനത്തിൽ തെളിഞ്ഞു കിടക്കുന്നതിനാൽ, സഭകൾക്കുവേണ്ടി സമ്പാദിക്കുന്ന വസ്തുക്കൾ ആദിയായവയും സഭകളുടെ പരിപൂർണ്ണസ്വാതന്ത്ര്യത്തിൽ ആയിരിക്കണമെന്നുള്ളതാണു വേദാനുസരണമായിട്ടുള്ളത്. അപ്പൊസ്തലകാലത്തെ സഭകളുടെ ഉപയോഗത്തിനായി പൊതുസ്ഥലങ്ങൾ ആദിയായ സ്ഥാപനങ്ങൾ ഉണ്ടാക്കിയിരുന്നുവെങ്കിൽ അവയുടെ ഉടമസ്ഥാവകാശം അപ്പൊസ്തലൻമാർ തങ്ങളുടെ പേരിൽ ആക്കിക്കൊണ്ട് സഭകളെ അവരുടെ അധീനതയിലും ബന്ധനത്തിലും ഭരണത്തിലും നിർത്തിക്കളയാമെന്നു വിചാരിച്ചു എന്നു സംശയിപ്പാൻ യാതൊരു ന്യായവും കാണുന്നില്ല. അവരുടെ അനുഭവത്തെക്കുറിച്ചു നാം വായിക്കുന്നത് ഇപ്രകാരമാണ്. “ഈ നാഴികവരെ ഞങ്ങൾ വിശന്നും ദാഹിച്ചും ഉടുപ്പാനില്ലാതെയും സ്ഥിരവാസം കൂടാതെയും ഇരിക്കുന്നു.” (2 കൊരി 4:11). “അദ്ധ്വാനം, പ്രയാസം, പലവട്ടം ഉറക്കിളപ്പ്, പൈദാഹം, പലവട്ടം പട്ടിണി, ശീതം, നഗ്നത” (2 കൊരി.11:27). ഇത്യാദി അനുഭവങ്ങളായിരുന്നു അവരുടെ ഓഹരി. ആത്മാക്കൾ കർത്താവിന്റെ ഭാഗത്തേക്ക് വരണമെന്നും, സത്യത്തിൽ നിലനിൽക്കണമെന്നും അല്ലാതെ മാനുഷിക ബന്ധനങ്ങളിൽ ജനത്തെ തങ്ങളുടെ അധീനതയിൽ ബന്ധിച്ചു നിർത്തി കളയാമെന്നുള്ള മനോബോധം അവർക്കുണ്ടായിരുന്നില്ല.

എന്നാൽ ഇന്നാവട്ടെ, അപ്പൊസ്തലൻമാരെന്നു അഭിമാനിക്കുന്ന നേതാക്കൻമാരായ മിഷനറിമാരിൽ പലരും ഓരോ സ്ഥലം സഭയുടെയും ആരാധനാസ്ഥലങ്ങളാദിയായ പൊതു സ്ഥാപനങ്ങൾ തങ്ങളുടെ സ്വന്തം പേരിൽ ആയിരിക്കണമെന്നു ശഠിക്കുകയും, സഭകളെ അങ്ങനെ കൈവശപ്പെടുത്തുകയും ചെയ്തുവരുന്നതു ദൈവവചനപ്രകാരത്തിൽ എത്രയോ അനാശാസ്യമായ ഒരു നടപടിയാണ്. മാത്രമല്ല, പ്രായോഗികവശത്തും അതു ശരിയായ ഒരു നടപടി ആയിരിക്കുന്നില്ല. ഒരു സ്ഥലത്തെ സഭയ്ക്കുവേണ്ടിയുള്ള സ്വത്തുക്കൾ ആ സഭയുടെ പേരിൽ ആയിരിക്കാതെ, ഒരു വിദേശ മിഷനറിയുടെയോ, മറ്റാരുടെയോ പേരിൽ ആയിരുന്നാൽ പ്രസ്തുത സഭയ്ക്കു ആ വസ്തുവിൻമേൽ എന്ത് അധികാരമാണുള്ളത്? മിഷനറി വചനത്തിനും ദിവ്യാലോ

ചനയ്ക്കും വിപരീതമായി എന്തെങ്കിലും പ്രവർത്തിച്ചാൽ സഭ അതിനെ തലകുലുക്കി സമ്മതം പ്രദർശിപ്പിക്കാതെയിരുന്നാൽ അവരുടെ ആരാധന സ്ഥലത്തു നിന്നും ഇറങ്ങിപ്പോകേണ്ടിവരുന്ന ഒരു സംഗതിയാണ്. പക്ഷെ, ഒരു ഉത്തമനായ മിഷനറി അവ്വിധം പ്രവർത്തിക്കുന്നില്ലെങ്കിൽ തന്നെയും സഭക്കുള്ള സ്വത്ത് സഭയുടെ പേരിലല്ലാതിരിക്കുന്നെങ്കിൽ ആ വസ്തുവിൻമേൽ സഭയ്ക്കുള്ള സ്വാധീനതയെന്താണ്?”

സ്ഥലം സഭകളുടെ സ്വാതന്ത്ര്യം ഉപദേശപരമായി വേദപുസ്തകത്തോട് ഏറ്റവുമടുത്ത വ്യവസ്ഥിതിയായിരിക്കെ, അതിന്റെ പ്രായോഗികതയുടെ പേരിൽ വിരുദ്ധ പ്രചരണം നടത്തുന്നവരുമുണ്ട്. അപ്പാടെ തള്ളിക്കളയാൻ കഴിയുന്ന വാദമുഖമല്ല അത്. സ്ഥലം സഭകളുടെ അമിത സ്വാതന്ത്ര്യം വരുത്തിത്തീർത്ത കഷ്ടനഷ്ടങ്ങളെ ഇക്കൂട്ടർ എടുത്തുകാട്ടുന്നു. എന്നാൽ സ്ഥലംസഭകളുടെ സ്വാതന്ത്ര്യം പ്രശ്നമായിടത്തൊക്കെ, അതു കൂടുതൽ വഷളാക്കിയ മറ്റു ചില ഘടകങ്ങളുടെ സ്വാധീനമുണ്ടായിരുന്നു... പ്രത്യേകിച്ചും ഡിക്റ്റേറ്റർഷിപ്പിനു പരിശ്രമിച്ച ചില പ്രാദേശിക നേതാക്കൾ. അപ്പോഴും സ്ഥലംസഭകൾ യാഥാർത്ഥത്തിൽ സ്വാതന്ത്ര്യം അനുഭവിച്ചിട്ടില്ലല്ലോ...സ്ഥലം സഭകളുടെ സ്വാതന്ത്ര്യം സ്വേഛാധികാരികളായ പ്രാദേശിക നേതാക്കൾ കയ്യാളി എന്നുമാത്രം ചിന്തിച്ചാൽ മതി. യഥാർത്ഥത്തിൽ പ്രാദേശിക സഭയ്ക്ക്... സഭയ്ക്ക് മൊത്തമായി.. ആയിരുന്നു അധികാരമെങ്കിൽ സ്ഥലം സഭകളുടെ അമിതസ്വാതന്ത്ര്യം പ്രശ്നമുണ്ടാക്കിയിടത്തൊക്കെ അതു വഷളാകാതെ കഴിയുമായിരുന്നു.

അല്ലെങ്കിൽത്തന്നെ പ്രായോഗികമായി ചില വിഷമതകളുണ്ടായി എന്നതിന്റെ പേരിൽ മാത്രം സഭാസ്വാതന്ത്ര്യം അനാവശ്യമെന്നു പറയുന്നതിലർത്ഥമുണ്ടോ? വിഷമതകളകറ്റാൻ പ്രായോഗിക പദ്ധതി കണ്ടെത്തുക എന്നല്ലാതെ, പ്രായോഗികതയുടെ പേരു പറഞ്ഞ് പുതിയനിയമ സഭാപദ്ധതി പുതുക്കുകയാണോ വേണ്ടത്... ഒരു ചരിത്രകാരന്റെ അതിർവിട്ടുള്ള ചോദ്യം മാത്രം!

# 16

# കൺവൻഷനുകൾ

കൺവൻഷനുകൾ

**പെന്തെക്കോസ്തു** സത്യങ്ങളുടെ വ്യാപനത്തിനു കേരളത്തിൽ ഏറ്റവുമധികം പ്രയോജനപ്പെട്ട പ്രചരണമാദ്ധ്യമം കൺവൻഷൻ പ്രസംഗങ്ങൾ തന്നെയായിരുന്നു. 1910-ൽ തൃക്കണ്ണമംഗൽ ബ്രദറൺ കൺവൻഷനു പ്രസംഗിക്കാനെത്തിയ ജോർജ്ജ് ബർഗ്ഗ് പ്രസംഗമദ്ധ്യേ പെന്തെക്കോസ്തു സന്ദേശമറിയിച്ചതിൽ ക്ഷുഭിതരായ വേർപാടുകാർ അദ്ദേഹത്തെ പുറത്താക്കിയപ്പോൾ, സ്വന്തനിലയിൽ കൊട്ടാരക്കരയിലും അടൂരും പന്തളത്തും മറ്റും അദ്ദേഹം സംഘടിപ്പിച്ച യോഗങ്ങളാണ് ആദ്യ പെന്തെക്കോസ്തു കൺവൻഷനുകൾ. അന്നു മുതൽ കൺവൻഷൻ പ്രസംഗങ്ങളിലൂടെ ആളുകൾ പെന്തെക്കോസ്തു മാർഗ്ഗത്തിലേക്ക് ആകർഷിക്കപ്പെട്ടു തുടങ്ങി.

1914 മുതൽ കേരളത്തിൽ പ്രവർത്തിച്ചു തുടങ്ങിയ റവ. കമ്മിൻസ് തുടങ്ങിയ പെന്തെക്കോസ്തു മിഷനറിമാർ മികച്ച കൺവൻഷൻ പ്രസംഗകരായിരുന്നു. മദ്ധ്യതിരുവിതാംകൂറിലെ ആദ്യ പെന്തെക്കോസ്തരിൽ പലരും ഇവരുടെ യോഗങ്ങളിൽ രക്ഷിക്കപ്പെട്ടവരാണ്. എന്നാൽ നാട്ടുകാരനായ ആദ്യത്തെ പ്രഗത്ഭ പ്രസംഗകൻ പന്തളം മത്തായിച്ചനായിരുന്നു. അദ്ദേഹം പെന്തെക്കോസ്തു മാർഗ്ഗം സ്വീകരിക്കുന്നതിനു മുമ്പുതന്നെ, മാർത്തോമ്മാ സഭയുടെ സഞ്ചാരസുവിശേഷകനായി പ്രസംഗിച്ച് തന്റെ പ്രാഗത്ഭ്യം തെളിയിച്ചവനാണ്.

1923-ൽ പാസ്റ്റർ കുക്ക് കുമ്പനാട്, മല്ലപ്പള്ളി, റാന്നി തുടങ്ങിയ സ്ഥലങ്ങളിൽ നിരന്തരമായി കൺവൻഷനുകൾ നടത്തി. അതേ വർഷം തന്നെ, ഈ പ്രദേശങ്ങളിലെ വിശ്വാസികളെ ഒരുമിച്ചുകൂട്ടി അദ്ദേഹം ആറാട്ടുപുഴ മണൽപ്പുറത്ത് ഒരു വാർഷിക കൺവൻഷനും നടത്തി. വെയിത്സ് സ്വദേശിയായ സ്പെൻസർ ഇ. മെയ് സായ്പും (ഇദ്ദേഹം എ.ജി. മിഷ

നറിയായാണ് കേരളത്തിലെത്തിയത്) 1923-ലെ കൺവൻഷനിൽ പ്രസംഗകനായിരുന്നു.

1923-ൽ പെന്തെക്കോസ്തു ലോകത്തെ എക്കാലത്തെയും പ്രഗത്ഭ പ്രസംഗകനായിരുന്ന പാസ്റ്റർ കെ.ഇ. ഏബ്രഹാം ആത്മസ്നാനം പ്രാപിച്ചു. അന്നു മുതൽ മരണം വരെ ഏറ്റവും കൂടുതൽ ആളുകളെ ആകർഷിക്കാൻ കഴിവുള്ള പെന്തെക്കോസ്തു പ്രസംഗകനായിരുന്നു പാസ്റ്റർ കെ.ഇ. ഏബ്രഹാം. അതേ കാലയളവിൽ കുക്ക് സായ്പിന്റെ ശുശ്രൂഷയാൽ പെന്തെക്കോസ്തു മാർഗ്ഗം സ്വീകരിച്ചെത്തിയ പാസ്റ്റർ എം. എം. ജോൺ (പരിയാരം ജോണുപദേശി) പ്രഗത്ഭനായ പ്രസംഗകനായി മദ്ധ്യതിരുവിതാംകൂറിന്റെ പല സ്ഥലങ്ങളിലും പരിലസിച്ചു.

പാസ്റ്റർ എ.ജെ. ജോൺ ആയിരുന്നു പെന്തെക്കോസ്തു ലോകത്തെ മറ്റൊരു ശ്രേഷ്ഠ പ്രസംഗകൻ. അസംബ്ലീസ് ഓഫ് ഗോഡിലെ പ്രസംഗകരിൽ ഒന്നാം സ്ഥാനത്ത് നിന്നത് എന്നും എ.ജെ. ജോൺ ആയിരുന്നു. രണ്ടാം സ്ഥാനം പാസ്റ്റർ കെ. എം. പണിക്കർക്കും. പിന്നീട് ആളുകളെ ആകർഷിക്കാൻ കഴിഞ്ഞ മറ്റൊരു പ്രസംഗകൻ പാസ്റ്റർ പി. ഡി. ജോൺസനാണ്.

1970കൾക്കുശേഷം കൺവൻഷൻ കൂടി, കൺവൻഷൻ പ്രസംഗകരും കൂടി. പഴയ തലമുറയിലെ പ്രസംഗകർ പലരും മൺമറഞ്ഞ കാലമായിരുന്നു ഇത്. പാസ്റ്റേഴ്സ് ടി. ജി. ഉമ്മൻ, വി. റ്റി. ജോസഫ്, പി. എം. ഫിലിപ്പ്, സി. കെ. ദാനിയേൽ തുടങ്ങിയവരായിരുന്നു അവശേഷിക്കുന്നവർ.

സമുദായസംഘടനകളിൽ നിന്ന് പെന്തെക്കോസ്തു മാർഗ്ഗം സ്വീകരിച്ചെത്തിയ വി. എ. തോമസച്ചൻ, തെങ്ങേലിലച്ചൻ, കാനം അച്ചൻ (റവ. പി. ഐ. ഏബ്രഹാം) തുടങ്ങിയവർ എഴുപതുകളുടെ ആദ്യപകുതിയിൽ തന്നെ പ്രിയമേറിയ പ്രസംഗകരായി. പിന്നീട് ടി.കെ. കോശി വൈദ്യൻ, പാസ്റ്റർ കെ. സി. ജോൺ തുടങ്ങിയ യുവാക്കൾ തിരക്കേറിയ പ്രസംഗകരുടെ നിരയിലേക്കുയർന്നു. ഇക്കാലത്ത് ഏറെ ജനപ്രീതി നേടിയ പ്രസംഗകനായിരുന്നു പാസ്റ്റർ വി.എ. തോമസ്.

1980കളിൽ 'കൺവൻഷനുകൾ' വില കുറഞ്ഞ ഏർപ്പാടാണെന്നും 'ക്രൂസേഡു'കളാണാവശ്യം എന്നും ചിന്തിക്കുന്ന ചില കൂട്ടർ രംഗപ്രവേശം ചെയ്തു. ഫലത്തിൽ, വലിയ കൺവൻഷൻ എന്നേ ഇക്കൂട്ടർ 'ക്രുസേഡു' എന്നതുകൊണ്ട് അർത്ഥമാക്കിയുള്ളൂ.

കുറെയേറെ ലൈറ്റുകളും ശബ്ദമേറിയ ഉച്ചഭാഷണികളും ഉപകരണസംഗീതത്തിന്റെ അകമ്പടിയോടെയുള്ള പാട്ടുകളും മറ്റും ക്രുസേഡുകളിലേക്ക് കൂടുതൽ ആളുകളെ ആകർഷിച്ചു എന്നു പറയാതിരിക്കാൻ നിർവ്വാഹമില്ല. 1990കളിലാകട്ടെ, മുകൾപറഞ്ഞ എല്ലാ കാര്യങ്ങളും ചെറിയ കൺവൻഷനുകൾക്കുപോലും ഒഴിച്ചുകൂടാനാവാത്ത ഘടകങ്ങളായി.


മലയാളികളായ ചിലരൊക്കെ ലോക പെന്തെക്കോസ്തു സമ്മേളനങ്ങളിലും പ്രസംഗകരായിരുന്നിട്ടുണ്ട്. ഐ.പി.സി. ജനറൽ സെക്രട്ടറിയായിരുന്ന പാസ്റ്റർ കെ. ജെ. സാമുവലാണ് ഇക്കാര്യത്തിൽ ഒന്നാമൻ. പിന്നീട് ഡോ. ജോൺ താന്നിക്കൽ, പാസ്റ്റർ കെ. സി. ജോൺ, പാസ്റ്റർ ഏബ്രഹാം സാമുവൽ തുടങ്ങിയവരും ലോകപെന്തെക്കോസ്തു സമ്മേളനങ്ങളിൽ പ്രസംഗിച്ചിട്ടുണ്ട്.

## വി. എ. തോമസ്



ആധുനിക കാലത്ത് സ്വതസിദ്ധമായ ശൈലികൊണ്ട് ശ്രോതാക്കളെല്ലാവരുടെയും മനം കവർന്ന പ്രഗത്ഭ നായ പ്രസംഗകനായിരുന്നു പാസ്റ്റർ വി. എ. തോമസ്. ചെറുപ്രായത്തിൽത്തന്നെ മലബാറിലെ പല കുടിയേറ്റ കേന്ദ്രങ്ങളിലും അസംബ്ലീസ് ഓഫ് ഗോഡ് സഭകളുടെ പ്രാരംഭകനായി പ്രവർത്തിച്ച പാസ്റ്റർ തോമസ് പ്രസം ഗശുശ്രൂഷയിൽ പ്രശോഭിച്ചത് മദ്ധ്യതിരുവിതാംകൂ റിലെത്തിയശേഷമാണ്.
(അതിനുമുമ്പുതന്നെ അദ്ദേഹം നല്ലൊരു പ്രവർത്തക നായി അറിയപ്പെട്ടിരുന്നു. കണിച്ചാറിലും കോഴിക്കോട് പട്ടണത്തിലും മറ്റും എ.ജി. സഭകളുടെ പ്രാരംഭപ്രവർത്തകനായിരുന്നു അദ്ദേഹം) മനസിനുള്ളി ലേക്കു തുളച്ചുചെല്ലുന്ന ഉചിതമായ ഉപമകളും കുറിക്കുകൊള്ളുന്ന നർമ്മോക്തികളും അദ്ദേഹ ത്തിന്റെ പ്രസംഗങ്ങളെ സമ്പുഷ്ടമാക്കി. പ്രായമെത്തും മുമ്പ് നിത്യത പുൽകിയ ആ പ്രഗത്ഭ സുവിശേഷകൻ അന്ത്യകാലത്ത് മലബാറിലെ ആനപ്പന്തിയിലായിരുന്നു താമസം.

## പാസ്റ്റർ കെ.സി. ജോൺ



1982-ൽ കെനിയായിൽ നടന്ന ലോക പെന്തെക്കോസ്തു സമ്മേളനത്തിലെ പ്രസംഗകൻ

## റവ. പി.ഐ. ഏബ്രഹാം (കാനം അച്ചൻ)



തിരക്കുള്ള പ്രസംഗകൻ

# 17

# പെന്തെക്കോസ്തുകാരനും അച്ചുകൂടവും

**കേ**രള പെന്തെക്കോസ്തു ലോകത്തെ ആദ്യത്തെ പ്രതിമാസപത്രിക 1925-ൽ ആരംഭിച്ച 'പെന്തെക്കോസ്തു കാഹളം' ആണ്. 1101 തുലാം മാസത്തിൽ (1925 ഒക്ടോബർ) ആണ് അതിന്റെ ഒന്നാം ലക്കം പുറത്തിറങ്ങുന്നത്. അത് പ്രസിദ്ധീകരിച്ചത് അന്ന് അസംബ്ലീസ് ഓഫ് ഗോഡ് മിഷനറിയായി ചെങ്ങന്നൂരിലുണ്ടായിരുന്ന സ്പെൻസർ ഇ.മെയ് ആണ്. അന്നത്തെ പ്രധാന പെന്തെക്കോസ്തു പ്രവർത്തകരിലൊരാളായിരുന്ന പാസ്റ്റർ എ.ജെ. ജോൺ ആയിരുന്നു പത്രാധിപർ. അച്ചടിച്ചത് ചെങ്ങന്നൂർ യൂണിയൻ പ്രിന്റിംഗ് വർക്സിലും.

പെന്തെക്കോസ്തു കാഹളത്തിന്റെ ഒന്നാം ലക്കം പത്രാധിപപ്രസ്താവനയിൽ കാഹളം എന്ന പേരിന്റെ പ്രസക്തിയെക്കുറിച്ച് ഇങ്ങനെ പറയുന്നു, "ഇപ്പോൾ മാസികകളും വർത്തമാനപത്രങ്ങളും ധാരാളമുണ്ട്. അവ ഓരോന്നും അവയുടെ ഉദ്ദേശങ്ങൾ നിറവേറ്റാതിരിക്കുന്നുമില്ല. എന്നാൽ ഈ മാസികയോ, സ്വർഗ്ഗീയമണവാളന്റെ എത്രയും അടുത്തിരിക്കുന്ന വരവിനെ അറിയിക്കുകയും മയക്കത്തിൽ കിടക്കുന്ന കന്യകമാർ ഉണർന്നെഴുന്നേറ്റ് പാത്രങ്ങളിൽ എണ്ണയെടുക്കാൻ പ്രബോധിപ്പിക്കുകയും ചെയ്യുവാനുള്ള കാഹളം ആയിട്ടത്രേ പുറപ്പെടുന്നത്."

പെന്തെക്കോസ്തു കാഹളത്തിന്റെ ഒരു വർഷത്തെ വരിസംഖ്യ 8 അണ ആയിരുന്നു. പന്ത്രണ്ട് വർഷം അതിന്റെ പ്രസാധനം നീണ്ടുനിന്നു. ഈ മാസികയുടെ പിൻതുടർച്ചയാണ് 1954-ൽ ആരംഭിച്ച 'അസംബ്ലീസ് ഓഫ് ഗോഡ് ദൂതൻ.'

പെന്തെക്കോസ്തു ലോകം ആദ്യമായി അച്ചുക്കൂടം കയറുന്നത് മാസികയുടെ പ്രസിദ്ധീകരണത്തിനായല്ല. 1913-ൽ കേരളത്തിലെ പെന്തെക്കോസ്തു പ്രവർത്തകരായിരുന്ന ജോർജ്ജ് ബർഗ്, മിസ്

ബൗൺസിൽ, ആൽഡ്വിങ്കിൾ തുടങ്ങിയ മിഷനറിമാർ സുവിശേഷ പ്രചരണാർത്ഥം 'അർദ്ധരാത്രിയിലെ ആർപ്പുവിളി', 'അർദ്ധ രാത്രി ശബ്ദം', 'പിൻമഴ' തുടങ്ങിയ തല ക്കെട്ടുകളിൽ ചില ലഘുലേഖകൾ പ്രസി ദ്ധീകരിച്ചിരുന്നു. ഇതിൽ 'അർദ്ധരാത്രി യിലെ ആർപ്പുവിളി' എന്ന ലേഖയുടെ കർത്താവ് മിസ് ബൗൺസിൽ ആയിരു ന്നു. (R.F. Cook. Divine Leading, Page 107).

പെന്തെക്കോസ്തു ലോകത്തെ ആദ്യ മലയാള പുസ്തകം 1923-ൽ പാസ്റ്റർ കെ.ഇ. ഏബ്രഹാം രചിച്ച 'പരിശുദ്ധാത്മ സ്നാനം' ആണ്. അതേ കാലയളവിൽ തിരുവനന്തപുരത്ത് താമസിച്ചിരുന്ന മിസിസ് മേരി ചാപ്മാൻ, മിസിസ് വുഡ്വർത്ത് രചിച്ച 'ഫെയ്ത്ത് ഹീലിംഗ്' എന്ന പുസ്തകം തമിഴിൽ ഭാഷാന്തരം ചെയ്യിച്ച് പ്രസിദ്ധീകരിച്ചു. അതിന് അനു ബന്ധമായി ചാപ്മാൻ സ്വന്ത അനുഭവ ങ്ങളും രേഖപ്പെടുത്തിയിരുന്നു.

1925ഓടെ പല പുസ്തകങ്ങളും പെന്തെക്കോസ്തു സഭയുടെ വകയായി പുറത്തിറങ്ങിയിരുന്നു. അതിന്റെ ലിസ്റ്റ് പെന്തെക്കോസ്തു കാഹളം ഒന്നാം ലക്ക ത്തിന്റെ പുറം ചട്ടയിൽ കൊടുത്തിട്ടുണ്ട്,

**പെന്തെക്കോസ്തു പ്രസിദ്ധീകരണങ്ങൾ**

1. പരിശുദ്ധാത്മസ്നാനം
2. പുതിയനിയമത്തിൻ പുതുവീഞ്ഞ് (English, Malayalam)
3. അന്യഭാഷാഭാഷണത്തിനുള്ള 12 കാരണങ്ങൾ.
4. ഒരു സദ്വർത്തമാനം
5. അറിയപ്പെടാത്ത ഭാഷകൾ
6. ദൈവത്തിനുള്ളത് ദൈവത്തിനു
7. അത്ഭുതസൗഖ്യം (തമിഴ്)

പാസ്റ്റർ കുക്ക് പ്രധാന പത്രാധിപ രായും കെ.ഇ. ഏബ്രഹാം സഹപത്രാധി പരായും മുളക്കുഴയിൽ നിന്നാരംഭിച്ച 'സുവിശേഷപ്രഭാഷകൻ' (The Full Gospel Preacher) ആണ് കേരളത്തിലെ രണ്ടാ മത്തെ പെന്തെക്കോസ്തു മാസിക. 1927 ആഗസ്റ്റിലാണ് പ്രഭാഷകന്റെ ഒന്നാം ലക്കം പുറത്തിറങ്ങുന്നത്. അന്ന് കുക്ക് സായ്പ് അസംബ്ലീസ് ഓഫ് ഗോഡിന്റെ പ്രവർത്ത കനായിരുന്നതിനാൽ മാസിയുടെ പ്രസാ ധക സ്ഥാനം അസംബ്ലീസ് ഓഫ് ഗോഡിനായിരുന്നു. 1929-ൽ കുക്ക് സായ്പ് എ.ജി. ബന്ധം ഉപേക്ഷിച്ചതി നാൽ മൂന്നാം വാല്യം ഒന്നാം ലക്കം മുതൽ (1929 ആഗസ്റ്റ്, സെപ്റ്റംബർ) പ്രസാധകരുടെ സ്ഥാനം 'Church of the Full Gospel in Malabar' ഏറ്റെടുത്തു. 1933 വരെ പ്രഭാഷകൻ പുറത്തിറങ്ങി. മുട ങ്ങിപ്പോയ ആ പ്രസിദ്ധീകരണം ചർച്ച് ഓഫ് ഗോഡ് സമൂഹം പുനരാരംഭിക്കു ന്നത് 1951-ൽ 'സുവിശേഷദ്ധ്വനി' എന്ന പേരിലാണ്. 1981 മുതൽ മാസികയുടെ പേര് 'സുവിശേഷനാദം' എന്നാണ്.

1933 മെയ് മാസത്തിലാണ് പാസ്റ്റർ കെ.ഇ. ഏബ്രഹാം 'സീയോൻ കാഹളം' മാസികയുടെ സാമ്പിൾ കോപ്പി പ്രസിദ്ധീ കരിക്കുന്നത്. യഥാവസര ലേഖയായി അത് ചില നാളുകൾ തുടർന്നു. എന്നാൽ പ്രതിമാസ പത്രികയായി അത് ആദ്യം പ്രസിദ്ധീകരിച്ചു തുടങ്ങുന്നത് 1937 ജനു വരി മുതലാണ്. ഇടയ്ക്ക് രണ്ടാം ലോക മഹായുദ്ധകാലത്ത് മാസിക ചില മാസ ങ്ങളിലേക്ക് മുടങ്ങിയെങ്കിലും പിന്നീടത് പുനരാരംഭിച്ചു.

ലോക മഹായുദ്ധാനന്തരം പെന്തെ ക്കോസ്തു ലോകത്തുനിന്ന് പ്രസിദ്ധീക രണങ്ങളുടെ ഒരു വേലിയേറ്റം തന്നെയു ണ്ടായി. ഓരോ സഭകൾക്കും അവരവ രുടേതായ പ്രസിദ്ധീകരണങ്ങളുണ്ടായിരു ന്നു. 1953-ലെ ഐ.പി.സി. വിഭജനകാ ലത്ത് സീയോൻ കാഹളം കെ.ഇ. ഏബ്രഹാം വിഭാഗത്തിന്റെ കയ്യിലായിരു ന്നതിനാൽ എതിർവിഭാഗം 'പ്രബോധിനി' എന്ന പേരിൽ ഒരു പത്രിക ആരംഭിച്ചിരു

# സാമുവേൽ മേന: പ്രതിഭാധനനായ സാഹിത്യകാരൻ

*സാഹിത്യപ്രവർത്തനങ്ങളെ വിമുഖതയോടെ മാത്രം വീക്ഷിച്ചിരുന്ന ഒരു സമൂഹത്തിലേക്ക് അവിചാരിതമായി കടന്നുവന്ന പ്രതിഭാധനനായ സാഹിത്യകാരനായിരുന്നു സാമുവൽ മേന. ദക്ഷിണേന്ത്യാ ദൈവസഭയിലെ ഒരു ശുശ്രൂഷകനായിരുന്ന പാസ്റ്റർ ജോസഫ് മേനയുടെ മകനായി 1926-ൽ കോഴിക്കോട് വിശ്വാസ മന്ദിരത്തിൽ ജനിച്ച മേന ചെറുപ്പത്തിൽ സെക്കുലർ സാഹിത്യ ലോകത്ത് തന്റെ കഴിവ് വെളിപ്പെടുത്തിയ വ്യക്തിയായിരുന്നു. പിന്നീട് ദക്ഷിണേന്ത്യാ ദൈവസഭയുമായി ബന്ധപ്പെട്ട് അവരുടെ പ്രസിദ്ധീ കരണ വിഭാഗം കൈകാര്യം ചെയ്യുകയും ഏറെ നാളുകൾ 'ജീവമന്ന' മാസികയുടെ പത്രാധിപരായി സേവനമനുഷ്ഠിക്കുകയും ചെയ്തു. ദക്ഷിണേന്ത്യാ ദൈവസഭയിലായിരിക്കുമ്പോഴാണ് അദ്ദേഹത്തിന്റെ പ്രസിദ്ധ നോവലായ 'നിക്ഷേപം നിറയ്ക്കപ്പെട്ട മൺ പാത്രങ്ങൾ' പുറത്തു വരുന്നത്. 'ജലസേചനം', 'ആരും അനാഥരല്ല' തുടങ്ങിയ നോവലുകളും ഇതോടടുത്ത കാലത്ത് രചിച്ചവതന്നെയാണ്.*

*താമസിയാതെ മേന പെന്തെക്കോസ്തു മാർഗ്ഗം സ്വീകരിച്ചു. സർഗ്ഗാത്മക സാഹിത്യത്തെക്കുറിച്ച് ഏതെങ്കിലും നിലയിലുള്ള അറിവ് ഇല്ലാതിരുന്ന ഒരു സമൂഹത്തിൽ മുഖ്യമായും എഴുത്ത് മാത്രം ശീലിച്ചിരുന്ന മേനയ്ക്ക് വേണ്ടത്ര അംഗീകാരം കിട്ടാതെ പോയി. അംഗീകാരം ഇല്ലായിരുന്നു എന്നുതന്നെയല്ല ഒരുതരം അവഹേളനം തന്നെ അദ്ദേഹത്തിനു പലപ്പോഴും നേരിടേണ്ടിവന്നു. ജീവിത ഗന്ധിയായ അദ്ദേഹത്തിന്റെ രചനകൾ അറിയാനും ഉൾക്കൊള്ളാനും അദ്ദേഹം അംഗമായിത്തീർന്ന പുതുസമൂഹത്തിനു കഴിയുമായിരുന്നില്ല. ബൈബിളൊഴിച്ച് അല്ലെങ്കിൽ ബൈബിളിന്റെ പ്രത്യക്ഷ വ്യാഖ്യാനമൊഴിച്ച് മറ്റെല്ലാം നിഷിദ്ധമായി കരുതിയിരുന്ന സമൂഹത്തിൽ മേന ഒരു ഒറ്റപ്പെട്ട ശബ്ദമായി. ജീവിതത്തിന്റെ പരുക്കൻ യാഥാർത്ഥ്യങ്ങളോട് ഏറ്റുമുട്ടേണ്ടി വന്നപ്പോൾ പലപ്പോഴും അദ്ദേഹ ത്തിന്റെ തൂലിക വിശ്രമം കണ്ടു. ജീവിതാന്ത്യം അടുത്തപ്പോൾ വീണ്ടും അദ്ദേഹം ജ്വലിച്ചു പ്രകാശിച്ചു. പെന്തെക്കോസ്തു സമൂഹത്തിന്റെ കാപട്യത്തെ വലിച്ചു കീറി അതിന്റെ അപചയത്തെ പുറത്തുകാട്ടിയ 'മൂന്നാംപിറ' എന്ന നോവൽ അറുപതു വയസ്സു പ്രായമുള്ളപ്പോഴാണ് അദ്ദേഹം എഴുതുന്നത്. ദാർശനികത മുറ്റിനിൽക്കുന്ന 'മൺപാത്രങ്ങളു'ടെ രണ്ടാം ഭാഗം രചിക്കുന്നത് അറുപതു വയസ്സിനു ശേഷവും. അതായിരുന്നു അദ്ദേഹം ഒടുക്കമെഴുതിയ കൃതിയും 1989 സെപ്റ്റംബർ 25 ന് ആ മഹത് ജീവിതത്തിനു തിരശ്ശീലവീണു.*

ന്നു. യോജിപ്പിന്റെ കാലത്തോടെ പിന്നെ അതിന്റെ പ്രസക്തി ഇല്ലാകെയായി ത്തീർന്നു. 1960കൾക്കുശേഷം സ്വതന്ത്രസ ഭകളുടെ ആവിർഭാവത്തോടെ ഓരോ സഭ കളും അവരുടെ പ്രവർത്തനവിവരണം ജനങ്ങൾക്കു നൽകാൻ 'സഭാ നാവുകൾ' ആരംഭിച്ചു. അങ്ങനെ സഭയ്ക്കൊരു ബൈബിൾ സ്കൂൾ എന്ന പോലെ സഭയ്ക്ക് ഒരു മാസിക എന്ന അവസ്ഥയും സംജാതമായി.

1980കളോടെ പ്രസ്ഥാനങ്ങൾ കൂണു പോലെ ആരംഭിച്ചു തുടങ്ങിയപ്പോൾ മാസിക തുടങ്ങാൻ സഭകളുടെ പിൻബലം വേണമെന്ന ധാരണയും അസ്ഥാനത്തായി. ഇന്നിപ്പോൾ ഒരു പ്രസ്ഥാനത്തിനു ഒരു മാസിക എന്നത് സ്വീകാര്യമായ സമവാക്യമായിത്തീർന്നിട്ടു ണ്ട്. ഒരു പ്രസ്ഥാനം, ഒരു ബൈബിൾ സ്കൂൾ, ഒരു മാസിക ഇവ സ്വന്തമായു ള്ളവനാണ് നേതാവ് എന്നൊരു ധാരണ തന്നെ പലർക്കും ഉണ്ടായിട്ടുണ്ട്.

ആനുകാലിക പ്രസിദ്ധീകരണങ്ങൾ ഏറെ വർദ്ധിച്ചപ്പോഴും ഗ്രന്ഥരചന എന്ന സാഹസത്തിലേക്ക് എടുത്തുചാടുവാൻ ആദ്യകാലത്ത് പലരും മടിച്ചിരുന്നു. 1980 കൾ വരെ അറിയപ്പെടുന്ന ഗ്രന്ഥരചയി താക്കൾ വിരലിൽ എണ്ണാവുന്നവർ മാത്ര മായിരുന്നു. അവരിൽത്തന്നെ പലരും സഭാ നേതാക്കളുമായിരുന്നു. ഇറങ്ങിയതാ വട്ടെ തൊണ്ണൂറുശതമാനവും വ്യാഖ്യാന കൃതികളും. സർഗ്ഗാത്മക സാഹിത്യ സ്പർശിയായ ഗ്രന്ഥങ്ങളോ വിശ്വാസസം രക്ഷണോപകാരപ്രദങ്ങളായ പുസ്തക ങ്ങളോ പുറം ലോക സുവിശേഷീകരണ സാധ്യതയുള്ള രചനകളോ ഇക്കാലത്ത് ഏറെ പ്രത്യക്ഷപ്പെട്ടില്ല. 70 കളിൽ പ്രസി ദ്ധീകരിക്കപ്പെട്ട ഡോ. ഏഴംകുളം സാംകു ട്ടിയുടെ 'യുക്തിവാദം ശനി ദശയിൽ' ജോസഫ് പടിഞ്ഞാറേക്കരയുടെ ഒന്നോ രണ്ടോ നോവലുകൾ ഇതൊക്കെ മാത്ര മായിരുന്നു അതിനപവാദം.

80കൾക്കുശേഷം ഗ്രന്ഥരചയിതാക്ക ളുടെ ഒരു വേലിയേറ്റം തന്നെയുണ്ടായി. ആർക്കും കൈവയ്ക്കാവുന്ന ഒരു മണ്ഡ ലമായിരിക്കുന്നു ഇന്നത്. നൂറുകണക്കിനു ഗ്രന്ഥങ്ങളാണ് ഇന്ന് ഓരോ വർഷവും പുറത്തിറങ്ങുന്നത്. 90കൾക്കു ശേഷം പ്രസിദ്ധീകരിക്കപ്പെട്ട പുസ്തകങ്ങളുടെ എണ്ണം കണക്കാക്കാൻ തന്നെ പ്രയാസം.

ഓരോ പ്രസ്ഥാനക്കാർക്കും ഓരോ സഭകൾക്കും അവരവരുടെ പ്രവർത്തന റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുന്ന ന്യൂസ്‌ലെറ്ററുകളും സഭാനാവുകളും ഉണ്ടാ യിരുന്നപ്പോഴും, എല്ലാ പെന്തെക്കോസ്തു കാരുടേതുമായി ഒരു വാർത്താപത്രിക 1978 വരെയില്ലായിരുന്നു. ഈ സാഹച ര്യത്തിലാണ് ആദ്യ പെന്തെക്കോസ്തു വാർത്താവാരികയായി 'ഗുഡ്ന്യൂസ്' രംഗ പ്രവേശം ചെയ്യുന്നത്. ഏറെ വർഷങ്ങൾ ഈ രംഗത്ത് കുത്തക ഗുഡ്ന്യൂസിനുത ന്നെയായിരുന്നു. ഇപ്പോൾ പെന്തെ ക്കോസ്തു പത്രലോകത്ത് വാർത്താവാരി കകൾ പലതുണ്ട്.

പെന്തെക്കോസ്തു പ്രസിദ്ധീതരണ ങ്ങൾ കെട്ടിലും മട്ടിലും ശ്രദ്ധിച്ചുതുടങ്ങി എന്നതാണ് 1990 കളിൽ കണ്ടുവരുന്ന ഏറ്റവും വലിയ പ്രത്യേകത. അച്ചടി രംഗത്തെ വിദഗ്ദ്ധ സാങ്കേതികത പെന്തെ ക്കോസ്തുകാരും ഉപയോഗപ്പെടുത്തുന്നു. മുദ്രണകലയിലെ അത്യാധുനിക സംവി ധാനമായ ഡി.റ്റി.പി. (Desk Top Publishing) സിസ്റ്റവും മറ്റും സ്വന്തമായുള്ള പ്രസാധകർ ഇന്ന് ഏറെയുണ്ട്. പല പെന്തെക്കോസ്തു പ്രസിദ്ധീകരണങ്ങളും പ്രൊഫഷണൽ ആർട്ടിസ്റ്റുകളാണ് ഇന്ന് ഡിസൈൻ ചെയ്യുന്നത്.

പ്രസിദ്ധീകരണങ്ങളുടെ എണ്ണം വർദ്ധി ച്ചതുകൊണ്ടുള്ള ദോഷങ്ങളും ചില്ലറയല്ല.

ഗുണമേൻമയുള്ള രചനകൾ ദുർലഭമായതിനാൽ കിട്ടുന്ന മാറ്ററുകൾ കുത്തിനിറച്ച് പത്രിക പടയ്ക്കാൻ പല പ്രസാധകരും നിർബന്ധിതരായിത്തീരുന്നു.

പെന്തെക്കോസ്തു എഴുത്തുകാരുടെയും പ്രസാധകരുടെയും ഒരു സംഘടനയും ഇന്നുണ്ട്. പെന്തെക്കോസ്തൽ പ്രസ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ. ഇന്റർനാഷണൽ പെന്തെക്കോസ്തൽ പ്രസ്സ് അസോസിയേഷന്റെ ഇന്ത്യൻ ചാപ്റ്ററായി ഇത് പ്രവർത്തിക്കുന്നു. കോട്ടയം കേന്ദ്രമാക്കിയുള്ള ഈ സംഘടനയുടെ മുഖ്യപ്രവർത്തനമേഖല കേരളമാണെങ്കിലും ഇന്ത്യയൊട്ടാകെ ഇതിന്റെ പ്രവർത്തനം വ്യാപിച്ചുകൊണ്ടിരിക്കുന്നു. ഗുഡ്ന്യൂസ് ചെയർമാൻ വി. എം. മാത്യുവാണ് ഇതിന്റെ പ്രസിഡണ്ട്. എഴുത്തുകാർക്കുവേണ്ടി പരിശീലനക്കളരി നടത്തുക, മെച്ചപ്പെട്ട എഴുത്തുകാർക്ക് അവാർഡുകൾ നൽകി ബഹുമാനിക്കുക തുടങ്ങിയവയാണ് അസോസിയേഷന്റെ പ്രവർത്തനങ്ങൾ.

പെന്തെക്കോസ്തുകാരൻ മുദ്രണശുശ്രൂഷയിലേക്ക് കണ്ണുതിരിക്കേണ്ടകാലം അതിക്രമിച്ചിരിക്കുകയാണ്. മറ്റെന്നത്തേക്കാളും കൂടുതൽ സാക്ഷരരുടെ എണ്ണം ഇന്ന് ഏറിയിരിക്കുകയാണ്. മുസ്ലീംങ്ങളുടെയിടയിലെ പയനിയർ മിഷനറിയായിരുന്ന സാമുവൽ സ്വീമർ പറയുംപോലെ "അച്ചടിച്ച കലാസിനെപ്പോലെ ഇത്ര ആഴത്തിൽ തുളച്ചിറങ്ങുന്ന, ഇത്ര ധീരതയോടെ സാക്ഷിയാവുന്ന, ഇത്ര നിരന്തരതയോടെ പിൻചെല്ലുന്ന ഇത്ര അപ്രതിരോധ്യതയോടെ സ്വാധീനിക്കുന്ന മറ്റൊരു മാദ്ധ്യമവും ലോകത്തിലില്ല."

നമുക്ക് ക്രൈസ്തവീകതയിൽ വിജ്ഞരാകുവാൻ പത്രികകൾ ഏറെ വേണം. സുവിശേഷത്തിന്റെ വ്യാപ്തി യഥാർത്ഥ്യമാവാൻ പുസ്തകങ്ങളും ആനുകാലികങ്ങളും വേണം.

---

*വി.എം. മാത്യു*



*പി. പി. എ. ഐ. പ്രസിഡണ്ട്*

# 18

# മലയാളി പെന്തെക്കോസ്തർ വിദേശത്ത്

രണ്ടു രീതിയിലാണ് പെന്തെക്കോസ്തരായ വിദേശ ഇന്ത്യക്കാർ കേരള പെന്തെക്കോസ്തു ചരിത്രത്തെ സ്വാധീനിച്ചത്. ഒരു സാധാരണ ഇന്ത്യാക്കാരൻ ജീവിതകാലം മുഴുവനും കൊണ്ടുണ്ടാക്കുന്ന പണം ഒരു കൊല്ലം കൊണ്ടുണ്ടാക്കാൻ കഴിയുന്ന നിലയിലായിരുന്നു ആദ്യകാല വിദേശ ഇന്ത്യാക്കാരുടെ സ്ഥിതി. പണം വർദ്ധിച്ചപ്പോൾ അവരിൽ നല്ലൊരു ശതമാനമാളുകളും നാട്ടിലെ കഷ്ടപ്പെടുന്ന സുവിശേഷകരെയും ബുദ്ധിമുട്ടുന്ന സുവിശേഷപ്രവർത്തനങ്ങളെയും ഓർത്തു. 1960-കൾക്കുശേഷം സഭയുടെ സാമ്പത്തിക പ്രതിസന്ധിയിൽ പലപ്പോഴും സഹായകമായത് വിദേശ ഇന്ത്യാക്കാരുടെ പണമായിരുന്നു. വലിയ സാമ്പത്തിക ബാദ്ധ്യത വരുന്ന പദ്ധതികൾക്കു സായ്പിന്റെ കനിവു തേടുക മാത്രം ചെയ്യേണ്ടിയിരുന്ന സമൂഹത്തിനു സ്വന്തക്കാരന്റെ വിയർപ്പുഫലം ഏറെ ആശ്വാസമായി.

വിദേശങ്ങളിൽ ജോലി നേടിയ കേരളീയരായ പെന്തെക്കോസ്തർ ആദ്യകാലത്ത് അവരുടെ ബന്ധുക്കളും അല്ലാത്തവരുമായ സഹോദരങ്ങളെ പുതിയ മേച്ചിൽപുറങ്ങളിലേക്ക് ക്ഷണിച്ചുവരുത്തി. പെന്തെക്കോസ്തരായ ആയിരക്കണത്തിനാളുകൾ അങ്ങനെ വിദേശ ഇന്ത്യാക്കാരായി. ഇത് നാട്ടിലുള്ള അവരുടെ ബന്ധുക്കളുടെ സാമ്പത്തിക നില ഉയർത്തി. സമ്പത്താണല്ലോ നാട്ടിൽ മാന്യതയുടെ മാനദണ്ഡം. പെന്തെക്കോസ്തർ ദരിദ്രരും അവശരുമാണെന്ന ധാരണ പൊളിഞ്ഞു. ചിലയിടങ്ങളിലെങ്കിലും പെന്തെക്കോസ്തരെ ഇന്നു ധനാഢ്യരുടെ ഗണത്തിലാണ് പെടുത്തിയിരിക്കുന്നത്.

ഗൾഫ് നാടുകളിൽ കുടിയേറ്റ ശ്രമ

ങ്ങൾ ആരംഭിക്കുന്നതിനു മുമ്പുതന്നെ സിംഗപ്പൂരിലും മലയായിലും മലയാളികൾ കുടിയേറിയിരുന്നു. 1950 മുതൽ സിംഗപ്പൂരിൽ ഒരു പെന്തെക്കോസ്തു കൂടിവരവ് പ്രബലമായ നിലയിലുണ്ടായിരുന്നു. പല പെന്തെക്കോസ്തു വിഭാഗങ്ങളിൽ പെട്ട മലയാളികളായിരുന്നു അവർ. തങ്ങൾക്ക് ഒരു മുഴുവൻ സമയ സഭാശുശ്രൂഷകനെ ആവശ്യമുണ്ടെന്ന് അവിടുത്തെ പെന്തെക്കോസ്തർ കുമ്പനാട് ഐ.പി.സി. കേന്ദ്രത്തിലറിയിച്ചു. പാസ്റ്റർ എം.വി. വർഗീസ് സിംഗപ്പൂരിലെ സഭാശുശ്രൂഷകനായി നിയമിതനായി. ഇന്ത്യയ്ക്കു വെളിയിൽ ഐ.പി.സി. നിയമിക്കുന്ന ആദ്യസഭാശുശ്രൂഷകനായിരുന്നു അദ്ദേഹം.

ഏറെത്താമസിയാതെ ഗൾഫ്നാടുകളിലും പെന്തെക്കോസ്തു കൂടിവരവുകൾ ആരംഭിച്ചു. കുവൈറ്റ്, ബഹറിൻ തുടങ്ങിയ ഇടങ്ങളിലായിരുന്നു ആദ്യ സഭകൾ. ആദ്യകാലങ്ങളിൽ പല കാരണങ്ങളാൽ മുഴുവൻ സമയശുശ്രൂഷകരെ സ്വീകരിക്കുവാൻ അവർക്ക് കഴിഞ്ഞില്ല. എങ്കിലും അന്ന് അവിടെ ജോലിയിലിരുന്ന പലരും ശുശ്രൂഷയ്ക്ക് പ്രാപ്തരായിരുന്നതിനാൽ സഭകൾ അഭംഗുരം നടന്നു.

1956ലാണ് ബഹറിനിൽ പെന്തെക്കോസ്തു കൂടിവരവുകൾ ആരംഭിക്കുന്നത്. പാസ്റ്റർ റ്റി.റ്റി. ജോസഫ്, പാസ്റ്റർ എം.റ്റി. സാമുവൽ തുടങ്ങിയവർ ആദ്യകാലത്തെ പെന്തെക്കോസ്തു പ്രവർത്തകരായിരുന്നു. ഇതിൽ പാസ്റ്റർ റ്റി.റ്റി.ജോസഫ് ഇപ്പോഴും ബഹറിനിലെ ഐ.പി.സി. സഭാശുശ്രൂഷകനാണ്.

1950കളിൽത്തന്നെ പെന്തെക്കോസ്തു വിശ്വാസികളായ മലയാളികൾ ഉദ്യോഗാർത്ഥം കുവൈറ്റിൽ എത്തിത്തുടങ്ങിയെങ്കിലും പെന്തെക്കോസ്ത് ആരാധന ആരംഭിക്കുന്നത് 1965ഓടെയാണ്. പുനലൂർ സ്വദേശിയായ ബ്രദർ ജോർജ്ജ് മാത്യു ആയിരുന്നു ആദ്യകാലത്ത് കൂടിവരവുകൾ നടത്തിയിരുന്നത്. 1967 മുതൽ കുവൈറ്റിൽ നാഷണൽ ഇവാഞ്ചലിക്കൽ ചർച്ച് കെട്ടിടത്തിൽ സഭയ്ക്ക് ആരാധനയ്ക്കായി സ്ഥലം ലഭിച്ചു. പുന്തല സ്വദേശിയായ പി.വൈ. ബേബി, കടമ്പനാട് പി.സി. ദാനിയേൽ തുടങ്ങിയവരും സഭാപ്രവർത്തനത്തിൽ സഹായിച്ചവരാണ്. കുവൈറ്റ് പെന്തെക്കോസ്തു സഭ എന്ന പേരിലാണ് അന്നു സഭ അറിഞ്ഞിരുന്നത്.

1968–70 വരെയുള്ള കാലയളവുകളിലായി ദോഹ, അബുദാബി, ദുബായ്, ഷാർജ, ഒമാൻ തുടങ്ങിയ സ്ഥലങ്ങളിലും പെന്തെക്കോസ്തു പ്രവർത്തനം വ്യാപിച്ചു. ഇന്നിപ്പോൾ ഗൾഫ് നാടുകളിലെല്ലാംത്തന്നെ, മിക്കവാറുമെല്ലാ പെന്തെക്കോസ്തു വിഭാഗങ്ങൾക്കും–മുഖ്യധാരാ സഭകൾക്കു മാത്രമല്ല സ്വതന്ത്രസഭാസംഘങ്ങൾക്കും – പ്രാദേശിക ഘടകങ്ങളുണ്ട്.

അമേരിക്കൻ മലയാളി കുടിയേറ്റം വ്യാപകമാകുന്നത് 1960കളുടെ ഒടുവിലാണ് അമേരിക്കയിൽ അക്കാലത്തുണ്ടായ നേഴ്സുമാരുടെ ദൗർലഭ്യം മൂലം ധാരാളം വിദേശനേഴ്സുമാർക്ക് വിസ ലഭിച്ചതാണ് ഇതിനൊരു പ്രധാന കാരണം. നേഴ്സുമാരുടെ ഈ പ്രവാഹത്തിനു മുമ്പും അമേരിക്കയിൽ പല മലയാളി പെന്തെക്കോസ്തർ എത്തിയിരുന്നെങ്കിലും മലയാളി കൂട്ടായ്മകൾ ആരംഭിക്കുന്നത് അതിനുശേഷമാണ്. (നേരത്തെയെത്തിയവർ അവിടെയുള്ള ഇംഗ്ലീഷ് കൂട്ടായ്മകളുമായി ചേർന്നു പോവുകയായിരുന്നു.)

ഇതിനിടെ മലയാളികളുടെ ഒരു കൂടിവരവുണ്ടാക്കാൻ ന്യൂയോർക്കിലുള്ള സഹോദരൻമാരും ആഗ്രഹിച്ചു. പാസ്റ്റർ

അച്ചോയി മാത്യു (പ്രസിഡണ്ട്), ഡോ. തോമസ് പുഷ്പമംഗലം (സെക്രട്ടറി) എന്നീ നിലകളിൽ ഇൻഡ്യാ ക്രിസ്ത്യൻ അസംബ്ലി ആരംഭിച്ചു. മൻഹാട്ടനിലായി രുന്നു ആദ്യം സഭ കൂടിവന്നത്. ആദ്യ യോഗം 1968 ഫെബ്രുവരി 18ന് ആരം ഭിച്ചു.

കർത്തൃദാസൻമാരായ എം.എസ്. സാമുവൽ, എ.സി.ജോൺ, ജോൺ സി. ദാനിയേൽ, ഏബ്രഹാം സാമുവൽ, പി.ജി. മാത്യു എന്നിവരും ആദ്യകാല പ്രവർത്തകരിൽ ഉൾപ്പെടുന്നു. ഇവരിൽ പാസ്റ്റർ എം.സി. ജോണും പാസ്റ്റർ എം. എസ്. സാമുവലും ആദ്യകാല ശുശ്രൂഷ കൻമാരായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1968 ഏപ്രിലിൽ ആദ്യത്തെ കൺവൻഷൻ നട ത്തി. ഇൻഡ്യയിൽ നിന്നെത്തിയ പാസ്റ്റർ മാരായ കെ. ഇ. ഏബ്രഹാമും ജോർജ്ജ് വർഗീസും വചനശുശ്രൂഷ നിർവഹിച്ചു. ഏപ്രിൽ 11 വ്യാഴം മുതൽ 14 ഞായർ വരെ യോഗങ്ങൾ നടന്നുവെന്ന് പാസ്റ്റർ കെ.ഇ. ഏബ്രഹാമിന്റെ ആത്മകഥയിൽ അനു ബന്ധമായി ചേർത്തിട്ടുണ്ട്.

ഈ പ്രവർത്തനങ്ങൾ 1970 ആയപ്പോ ഴേക്കും പല കാരണത്താലും മുടങ്ങി. അങ്ങനെ ഇരുന്നപ്പോഴാണ് ആ ഒക്ടോ ബറിൽ പാസ്റ്റർ ഉമ്മൻ ഏബ്രഹാം വിസി റ്ററായി ന്യൂയോർക്കിൽ എത്തിയത്. പാസ്റ്റർ ഉമ്മൻ ഏബ്രഹാം 1956 മുതൽ 64 വരെ അമേരിക്കൻ ബൈബിൾ കോളെ ജുകളിൽ പഠിച്ച വ്യക്തിയാണ്. 1964-ൽ അദ്ദേഹം ഇന്ത്യയിൽ മടങ്ങിപ്പോയി ബാഗ്ലൂരിൽ പ്രവർത്തിച്ചു.

പാസ്റ്റർ ഉമ്മൻ ഏബ്രഹാമും പാസ്റ്റർ എം.എസ്. സാമുവലും ചേർന്ന് 1970 നവം ബറിൽ നിന്നുപോയ ഇൻഡ്യാ ക്രിസ്ത്യൻ അസംബ്ലിയെ പുനരുജ്ജീവി പ്പിച്ചു. ബ്രൂക്ക്‌ലിനിൽ ലോറിമർ സ്ട്രീറ്റിൽ അവർ ആരാധനതുടങ്ങി. അംഗങ്ങൾ വർദ്ധിച്ചു വന്നതിനാൽ 1971 മദ്ധ്യത്തോടെ മൻഹാട്ടനിലെ യു.എൻ ചർച്ച് സെന്ററി ലേക്ക് യോഗങ്ങൾ മാറ്റി. സ്നാനവും വിവാഹശുശ്രൂഷയുമൊക്കെ നടന്നതു കൊണ്ട് ചർച്ച് അതിന്റെപൂർണ്ണ രൂപത്തി ലേക്കുള്ള പ്രവർത്തനങ്ങളിലേക്കു കട ന്നു. 1973ജൂണിൽ ഉമ്മൻ ഏബ്രഹാം ചിക്കാഗോയിലേക്കു താമസം മാറ്റി. 1974ൽ പാസ്റ്റർ കെ.വി.കുര്യൻ ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലിയുടെ ചുമതല ഏറ്റെടുത്തു.

ന്യൂയോർക്കിലെ ആദ്യകാല പ്രവർത്തനങ്ങളിൽ ഒന്നാണ് പാസ്റ്റർ ജോയി പി. ഉമ്മൻ, പാസ്റ്റർ എ.സി. ജോർജ്ജ് എന്നിവരുടെ നേതൃത്വത്തിൽ ആരംഭിച്ച ന്യൂയോർക്ക് ഗോസ്പൽ അസംബ്ലി. ആദ്യ ആരാധന 1970ൽ മൻഹാട്ടനിലുള്ള 120 വെസ്റ്റ് 28 സ്ട്രീറ്റിൽ ആരംഭിച്ചു. 1971 ഡിസംബറിൽ ക്യൂൻസി ലേക്കു ആരാധന മാറ്റി. ഇപ്പോൾ റിച്ച്മണ്ട് ഹില്ലിൽ സഭ കൂടിവരുന്നു.

പാസ്റ്റർ കെ. വി. ജോൺസനും, പാസ്റ്റർ കെ.ജെ. ദാസനും ആദ്യകാലങ്ങ ളിൽ ഈ അസംബ്ലിയുടെ പ്രവർത്തകരാ യിരുന്നു. സഭയ്ക്ക് ന്യൂയോർക്കിൽ പല ബ്രാഞ്ച് പ്രവർത്തനങ്ങളും തുടങ്ങി. അതിൽ ഒന്നാണ് യോംങ്കേഴ്സിൽ ആരം ഭിച്ച പ്രവർത്തനം. 1975ൽ അവിടെ ആരാ ധന തുടങ്ങി. പാസ്റ്റർ കെ.വി. ജോൺസ നായിരുന്നു ശുശ്രൂഷകൻ.

പാസ്റ്റർ ജോയി പി. ഉമ്മൻ 1981-ൽ തന്റെ സഹോദരനായ പാസ്റ്റർ പി.ഒ. ചെറിയാനെ ന്യൂയോർക്ക് ഗോസ് പൽ അസംബ്ലിയുടെ ചുമതല ഏൽപ്പി ച്ചിട്ട് ഡാളസ്സിൽ പോയി. ഡോളസ്സിൽ അദ്ദേഹം സൗത്ത് ഇന്ത്യാ അസംബ്ലീസ് ഓഫ് ഗോഡ് ചർച്ച് രൂപവൽക്കരിച്ചു. 1991-ൽ അദ്ദേഹം മടങ്ങിവന്ന് ന്യൂയോർക്ക് ഗോസ്പൽ അസംബ്ലിയുടെ ചുമതലയിൽ തുടരുന്നു.

# സഭാ സമാന്തര സംഘടനകൾ

സഭ ഒരു സമ്പൂർണ്ണ സംഘടനയായിരിക്കണം എന്ന ധാരണ പുലർന്നിരുന്ന കാലമുണ്ടായിരുന്നു. സഭാജനങ്ങളുടെ ആത്മിക കാര്യങ്ങൾ നോക്കുക, ചുറ്റുപാടുമുള്ള സ്ഥലങ്ങൾ സുവിശേഷീകരിക്കുക വിധവക ളെയും അനാഥരെയും പരിരക്ഷിക്കുക, വിദ്യാഭ്യാസകാര്യങ്ങളിലും മറ്റു സാമൂഹ്യ ആവശ്യങ്ങളിലും ഇടപെടുക എന്നതെല്ലാം സഭാനേതൃത്വം നേരിട്ടു കൈകാര്യം ചെയ്യേണ്ട കാര്യമാണെന്ന് ഇന്നാരും ശാഠ്യം പിടിക്കുന്നില്ല. മുകൾ പറഞ്ഞ ഓരോ കാര്യങ്ങളും വ്യത്യസ്തനിലയിൽ ഏറ്റെടുക്കാൻ തയ്യാറുള്ള, കഴിവുള്ള സഭാസമാന്തര സംഘടനകൾ ഇന്നു സുലഭമാണ്.

ചാരിറ്റബിൾ പ്രവർത്തനത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്ന ചില പ്രസ്ഥാനങ്ങളുണ്ട്. അതേ സമയം സുവിശേഷീകരണത്തിൽ ശ്രദ്ധ കേന്ദ്രീ കരിച്ചിരിക്കുന്ന മറ്റു ചില സംഘടനകളുമുണ്ട്. അവയിൽത്തന്നെ സുവി ശേഷീകരണം ഓരോ വിഭാഗത്തിനും ഓരോ നിലയിൽ നടത്തുന്ന വ്യത്യസ്ത സുവിശേഷ സംഘടനകളുണ്ട്. വിവിധ നിലകളിൽ പ്രവർത്തനം കേന്ദ്രീകരിച്ചിരിക്കുന്ന സഭാസമാന്തര സംഘടനകൾ ഇന്ന് പെന്തെ ക്കോസ്തു സമൂഹത്തിലും സാധാരണമാണ്.

പെന്തെക്കോസ്തു ലോകത്തിലെ സഭാ സമാന്തര സംഘടനകളിൽ ഭൂരിഭാഗവും സുവിശേഷീകരണം തന്നെ ലക്ഷ്യമാക്കിയുള്ളതാണ്. അടുത്ത കാലത്താണ് ഇങ്ങനെയുള്ള സംഘടനകളുടെ പ്രവാഹം രൂക്ഷമാകുന്നത്. ഓരോന്നും അച്ചടിച്ച ലക്ഷ്യങ്ങളുള്ളവയാണ്. 'തീരദേശസുവിശേഷീകരണം' വരെ ലക്ഷ്യമാക്കിയുള്ള സംഘടനകൾ നൂറുകണക്കിനുണ്ട്. അവയുടെ ലിസ്റ്റ് എടുക്കുകതന്നെ ദുഷ്ക്കരം. വ്യത്യസ്തനിലകളിൽ പ്രവർത്തിക്കുന്ന നാല് സഭാസമാന്തര സംഘടനകളെ മാത്രം പരിചയപ്പെടുത്താം.

**ഇന്റർകോളെജിയറ്റ് പ്രെയർ ഫെലോഷിപ്പ്**

കോളേജു വിദ്യാർത്ഥികളുടെയിടയിൽ ഒരു പെന്തെക്കോസ്തു പ്രവർത്തനം എന്ന സ്വപ്നത്തിനു ദശാബ്ദങ്ങളുടെ പഴക്കമുണ്ട്. 1947-ൽ പി.വൈ.പി.എ. ആരംഭിച്ചപ്പോഴും സംഘാടകരുടെ മനസ്സിൽ (അവരിൽ മിക്ക വരും അന്നു കലാശാലാ വിദ്യാർത്ഥികളായിരുന്നു) കോളെജു വിദ്യാർത്ഥി കളുടെയിടയിലെ പ്രവർത്തനമായിരുന്നു മുറ്റിനിന്നിരുന്നത്. എന്നാൽ പല കാരണങ്ങളാൽ പിന്നീടത് സഭയുടെ യുവജനസംഘമായി മാത്രം മാറി.

1960 കളുടെ ആരംഭത്തിൽ യു.ഇ.എസ്.ഐ കേരളത്തിലെ കോളെജു കളിൽ ശക്തമായതോടെ പെന്തെക്കോസ്തരായ കലാശാലാ വിദ്യാർത്ഥി കൾ അതിൽ സജീവമായി പ്രവർത്തിച്ചുതുടങ്ങി. ആദ്യകാല യു.ഇ.എസ്. ഐ. പ്രവർത്തകരിൽ പലരും പെന്തെക്കോസ്തുകാരോ വേർപാടു ഗ്രൂപ്പു കളിൽ പെട്ടവരോ ഒക്കെ ആയിരുന്നു. എന്നാൽ 1970കളോടെ യു.ഇ.എസ്. ഐ. യുമായി യോജിച്ചു പോകുന്നതിൽ പല പെന്തെക്കോസ്തർക്കും വിമു ഖതയുണ്ടായി. പൂർണ്ണ സുവിശേഷ സത്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന

*ഒരു വിദ്യാർത്ഥി സംഘം കലാശാലകളിലുണ്ടാവേണ്ടത് ആവശ്യമാണെന്ന് അവർ മനസ്സിലാക്കി. മദ്ധ്യതിരുവിതാംകൂറിലെ പല കോളെജുകളിലും അങ്ങനെയുള്ള ചെറു സംഘങ്ങൾ രൂപീകൃതമാവുകയും ചെയ്തു.*

*1973 മുതൽ കുറിയന്നൂർ ചരൽക്കുന്നിൽ തുടർമാനമായി നടന്ന 'യൂത്ത് ക്രിസ്ത്യൻ ക്യാമ്പ്' എന്ന പൂർണ്ണസുവിശേഷ യുവജനക്യാമ്പുകളാണ് പിൽക്കാലത്ത് പൂർണ്ണസുവിശേഷ വിദ്യാർത്ഥി സംഘടനയായ ഇന്റർകോളെജിയറ്റ് പ്രെയർ ഫെലോഷിപ്പിന്റെ ഉത്ഭവത്തിനു പ്രത്യക്ഷ ഹേതുവായിത്തീർന്നത്. 1980ൽ ചരൽക്കുന്നിൽ നടന്ന ക്യാമ്പിൽ വെച്ചാണ് ഐ.സി.പി.എഫ്. സംഘടിത രൂപം പ്രാപിച്ചത്. ഐ.സി.പി. എഫിന്റെ വളർച്ച പെട്ടെന്നായിയിരുന്നു. നൂറ്റമ്പതോടടുത്തു കോളെജു ഗ്രൂപ്പുകളുള്ള ഐ.സി.പി.എഫ്. ആണ് ഇന്നു കേരളത്തിലെ ഏറ്റവും വലിയ ആദ്ധ്യാത്മിക വിദ്യാർത്ഥി സംഘടന. കലാലയങ്ങൾ തോറും സംഗീതവും സുവിശേഷവുമായി യാത്ര ചെയ്യുന്ന 'എയ്ഞ്ചലോസ്' എന്ന സഞ്ചാരസുവിശേഷസംഘം ഐ.സി.പി.എഫിന്റെ വളർച്ചയെ ഏറെ സഹായിക്കുന്നു.*

***ഗോസ്പൽ ഇൻ ആക്ഷൻ ഫെലോഷിപ്പ്***

*യാചകർ, ആദിവാസികൾ, ചേരിനിവാസികൾ എന്നിവരെ ലക്ഷ്യമാക്കി അവരുടെ ആത്മീയവും സാമൂഹ്യവും വിദ്യാഭ്യാസപരവുമായ ഔന്നത്യം കണക്കാക്കി 1982-ൽ ആരംഭിച്ച സംഘമാണ് ഗോസ്പൽ ഇൻ ആക്ഷൻ ഫെലോഷിപ്പ്. തൃശൂർ ജില്ലയിലെ മുരുങ്ങൂർ കുഷ്ഠരോഗ കോളനിയായിരുന്നു ആദ്യപ്രവർത്തനസ്ഥലം. പെട്ടെന്നു തന്നെ ഫെലോഷിപ്പിന്റെ പ്രവർത്തനങ്ങൾ വളർന്നു. ഇന്നിപ്പോൾ ഇന്ത്യയൊട്ടാകെ ഈ സംഘടനക്കു പ്രവർത്തനങ്ങളുണ്ട്. 80 മിഷൻ സ്റ്റേഷനുകളിലായി 180 മിഷനറിമാർ പ്രവർത്തിക്കുന്നു. 37 ഇടങ്ങളിൽ സഭാരാധന നടക്കുന്നുണ്ട്. പെരുമ്പാവൂർ, കുന്നംകുളം, വയനാട്, മഹാരാജഗഞ്ച് (ബീഹാർ) എന്നിവിടങ്ങളിൽ ഇവർക്ക് മിഷനറി ട്രെയിനിംഗ് സെന്ററുകളും, പെരുമ്പാവൂർ, കുന്നംകുളം, എന്നിവിടങ്ങളിൽ ചിൽഡ്രൻസ് ഹോമുകളുമുണ്ട്. 150 സണ്ടേസ്കൂളുകൾ സംഘടന നടത്തുന്നുണ്ട്. അവയിലെല്ലാം കൂടി നാലായിരത്തിലേറെ കുട്ടികൾ പഠിക്കുന്നു.*

*ഗോസ്പൽ ഇൻ ആക്ഷൻ ഫെലോഷിപ്പിന്റെ സാക്ഷരതാ പ്രവർത്തനങ്ങൾ മുഖാന്തരം പ്രതിവർഷം മുന്നൂറിലേറെപ്പേർ അക്ഷരജ്ഞാനമുള്ളവരായിത്തീരുന്നുണ്ട്. തുടർമാനമായി മെഡിക്കൽ ക്യാമ്പുകൾ നടത്തുക ഫെലോഷിപ്പിന്റെ മറ്റൊരു പ്രവർത്തനമാണ്. വോയ്സ് ഓഫ് ആക്ഷൻ എന്ന പത്രികയും സ്വന്തമായുണ്ട്.*

***ഹോസ്പിറ്റൽ മിനിസ്ട്രീസ് ഇന്ത്യ***

*ആശുപത്രികളിൽ കഴിയുന്ന രോഗികളെ ലക്ഷ്യംവെച്ചു നടത്തുന്ന സുവിശേഷപ്രവർത്തനമാണ് 1985-ൽ ആരംഭിച്ച ഹോസ്പിറ്റൽ മിനിസ്ട്രീസ്. രോഗികളുടെ മാനസിക നിലയ്ക്കനുസരിച്ചുള്ള ലഘുലേഖകൾ തയ്യാറാക്കി വിതരണം ചെയ്യുക, ആശുപത്രിയിൽ ഗോസ്പൽ ടേബിളുകൾ സ്ഥാപിക്കുക, ആശുപത്രി ജീവനക്കാർക്കും രോഗികൾക്കും വേണ്ടി പ്രാർത്ഥനാ ഗ്രൂപ്പുകൾ സംഘടിപ്പിക്കുക തുടങ്ങിയ ശുശ്രൂഷക*

ളോടൊപ്പം വിപുലമായ അനുധാവന പ്രവർത്തന പദ്ധതിയും എച്ച്.എം. ഐ.ക്കുണ്ട്. 750 സ്വമേധാ പ്രവർത്തകരും ഈ ശുശ്രൂഷയിൽ സഹകരിക്കുന്നു. റീവൈവൽ ടൈംസ് എന്നൊരു മാസിക സംഘടനയുടെ ഉത്തരവാദിത്വത്തിൽ പ്രസിദ്ധീകരിക്കുന്നുണ്ട്.

**ഗോസ്പൽ ഫോർ ദി ഡിസ്ഏബ്ൾസ്**

അംഗവൈകല്യമുള്ളവരുടെയിടയിൽ പ്രവർത്തിക്കുന്ന ഈ സംഘടന അടുത്ത കാലത്താണ് ആരംഭിച്ചത്. അംഗഹീനർക്കായി പ്രത്യേക യോഗങ്ങൾ നടത്തുക, അവരെ ക്രിസ്തീയ വിശ്വാസത്തിലേക്കു നടത്തുന്ന പുസ്തകങ്ങളും ലഘുലേഖകളും വിതരണം ചെയ്യുക അവരുടെ ശാരീരികവും ആത്മീയവുമായ പുനരുദ്ധാരണത്തിനു പരിശ്രമിക്കുക തുടങ്ങിയവയാണ് സംഘടനയുടെ പ്രവർത്തനങ്ങൾ. കഞ്ഞിക്കുഴിയിൽ സംഘടനയുടെ ഓഫീസ് പ്രവർത്തിക്കുന്നു.



ഹോസ്പിറ്റൽ മിനിസ്ട്രീസ് ഇന്ത്യയുടെ ഒരു ഗോസ്പൽ ടേബിൾ

എ.സി. ജോണും തോമസ് മത്തായിയും ചേർന്ന് 1970 ജൂലൈയിൽ ബ്രൂക്ക്‌ലിനിൽ ഫുൾ ഗോസ്‌പൽ ക്രിസ്ത്യൻ ചർച്ച് ആരംഭിച്ചു. 1972-ൽ പാസ്റ്റർ എ.സി. ജോൺ പഠനത്തിനായി ഇവിടെ നിന്നു മാറിപ്പോയി. 1981-ൽ ഈ സഭയുടെ പേർ എലീം ഫുൾ ഗോസ്പൽ അസംബ്ലി എന്നാക്കി. ഇപ്പോൾ പാസ്റ്റർ തോമസ് മത്തായിയും അദ്ദേഹത്തിന്റെ സഹോദരൻ പാസ്റ്റർ മാത്യു സാമുവലും ഇവിടെ ശുശ്രൂഷിക്കുന്നു.

ബ്രൂക്കിലിൻ ചർച്ച് ഓഫ് ഗോഡ് സഭ പാസ്റ്റർ മത്തായി പി. മത്തായിയുടെ ചുമതലയിൽ 1973 ഓഗസ്റ്റിൽ മൻഹാട്ടവിൽ ആരംഭിച്ചു. ആ ഡിസംബറിൽ ആരാധന ബ്രൂക്കിലിനിലേക്കു മാറ്റി. പാസ്റ്റർ മത്തായി പി. മത്തായിയുടെ സഹകരണത്തോടെ 1981 സെപ്റ്റംബറിൽ പാസ്റ്റർ പി. തോമസ് ക്യൂൻസ് ചർച്ച ഓഫ് ഗോഡ് ആരംഭിച്ചു.

ന്യൂയോർക്ക് ബൈബിൾ ചർച്ച് 1973-ൽ പാസ്റ്റർ കെ.പി. ടൈറ്റസ് ആരംഭിച്ചു. 1983 മുതൽ അദ്ദേഹത്തോടൊപ്പം പാസ്റ്റർ വി.എസ്. ജോർജ്ജും ശുശ്രൂഷിക്കുന്നു.

പാസ്റ്റർ എ.സി. ജോർജ്ജ് ന്യൂയോർക്ക് ഗോസ്പൽ അസംബ്ലിയുടെ പ്രവർത്തകനായിരുന്നല്ലോ. 1974 ജനുവരി 14-നു അദ്ദേഹം മൻഹാട്ടനിൽ പുതിയൊരു കൂടിവരവ് ആരംഭിച്ചു. 1975-ൽ അതു ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭ (ഐ.പി.സി.) എന്നു രജിസ്റ്റർ ചെയ്തു.

(ഈ വിവരങ്ങൾ അമേരിക്കൻ മലയാളി പെന്തെക്കോസ്തു കോൺഫറൻസിന്റെ ഒമ്പതാം വാർഷിക സ്മരണികയിൽ നിന്നും.)

ഇന്ത്യയ്ക്കു വെളിയിലുള്ള പെന്തെക്കോസ്തു കൂടിവരവുകളെല്ലാം ആദ്യകാലത്ത് എല്ലാ സഭാ വിഭാഗത്തിൽപ്പെട്ടവരുടെയും കൂടെയുള്ള ഐക്യകൂട്ടായ്മകളായാണ് ആരംഭിച്ചത്. എന്നാൽ കാലക്രമേണ എല്ലായിടത്തും വിഭാഗീയ ചിന്താഗതികൾ വളർന്നു. ഡിനോമിനേഷണലിസത്തിന്റെ അതിപ്രസരം കടൽ കടന്നുമെത്തി. മുഖ്യധാരാ സഭകളോടൊന്നും ചേരാതെ സ്വതന്ത്രമായി നിൽക്കുന്ന പ്രാദേശിക സഭകളും ഒട്ടും കുറവല്ല. സഭാംഗങ്ങളുടെ വർദ്ധനവിന്റെ അനുപാതത്തോടു സമമോ, കൂടുതലോ ആണ് ലോക്കൽ സഭകളുടെ എണ്ണത്തിലെ വളർച്ച എന്നതാണ് യാഥാർത്ഥ്യം.

19

# പെന്തെക്കോസ്ത് പ്രസ്ഥാനം ഇന്ന്

**മു**ക്കാൽ നൂറ്റാണ്ടുകൊണ്ട് കേരളത്തിലെ പെന്തെക്കോസ്തു പ്രസ്ഥാനം അംഗസംഖ്യയിൽ ഗണ്യമായ വളർച്ച പ്രാപിച്ചിട്ടുണ്ട്. പ്രത്യേകിച്ചും 1960 കളോടെ, പട്ടത്വസഭകൾക്ക് അവഗണിക്കാനാവാത്ത ഒരു ശക്തിയായിത്തീർന്നു ഈ പ്രസ്ഥാനം.

ഒരു പേരോ സംഘടനയുടെ ലേബലോ ഇല്ലാതെയാണ് കേരളത്തിൽ പെന്തെക്കോസ്തു പ്രവർത്തനം ആരംഭിക്കുന്നത്. സ്വതന്ത്ര മിഷനറിയായെത്തിയ ജോർജ്ജ് ബർഗ്ഗ് ആയിരുന്നു ആദ്യപ്രചാരകൻ എന്നതിനാൽ കേരളത്തിലെ ആദ്യത്തെ സഭകൾ വിദേശത്തോ സ്വദേശത്തോ ഉള്ള ഏതെങ്കിലും സംഘടനയുടെ കീഴിലല്ലായിരുന്നു. 1914-ൽ കുക്ക് സായ്പ് വന്നപ്പോഴും സ്ഥിതി അതുതന്നെയായിരുന്നു. 1921 മുതൽ എ.ജി. മിഷനറിമാർ എത്തിയപ്പോഴും, അന്ന് കുക്ക് സായ്പ് എ.ജി. യുമായി സഹകരണബന്ധം പുലർത്തിയിരുന്നതിനാൽ ഫലത്തിൽ കേരള പെന്തെക്കോസ്തു സഭ ഒരുമയുള്ള ഒറ്റ സഭയുടെ പല പ്രാദേശിക ഘടകങ്ങളായി നിലകൊണ്ടു. സ്വദേശീയരായ നേതാക്കളുടെ പ്രവർത്തനഫലമായി പല സഭകൾ ഉടലെടുത്തപ്പോഴും അവ കുക്ക് സായ്പിനോടു യോജിച്ചതിനാൽ കേരള സഭ അവിഭജിതമായിത്തന്നെ തുടർന്നു.

സ്ഥിതിഗതികൾക്കു മാറ്റം വരുന്നത് 1929 മുതലാണ്. കുക്ക് സായ്പ് എ.ജി. യുമായുള്ള ബന്ധം വിച്ഛേദിച്ചതിനാൽ കേരള പെന്തെക്കോസ്തു സഭ ആദ്യമായി സഹകരണബന്ധം വിട്ട രണ്ടു സ്വാതന്ത്രസംഘങ്ങളായി-എ.ജി.യും കുക്ക് സായ്പിന്റെ മലങ്കര പെന്തെക്കോസ്തു സഭയും! ഒരു വർഷം തികയും മുമ്പ് കുക്ക് സായ്പും തെന്നിന്ത്യാ നേതാക്കളും വേർപിരിഞ്ഞതിനാൽ 1930 ഓടെ കേരളാ പെന്തെക്കോസ്തു മണ്ഡലത്തിൽ

പ്രബലമായ മൂന്നു സഭാവിഭാഗങ്ങളായി. 1933-ൽ തെന്നിന്ത്യാ സഭയും സിലോൺ പെന്തെക്കോസ്ത് മിഷനും വഴിപിരിഞ്ഞതോടെ വ്യത്യസ്തത സൂക്ഷിക്കുന്ന പെന്തെക്കോസ്തു പ്രസ്ഥാനങ്ങളുടെ എണ്ണം നാലായി. അതു കൂടാതെ അഷ്ടമുടി ഉമ്മച്ചന്റെ 'ദൈവസഭ' പോലുള്ള സ്വതന്ത്രസംഘങ്ങൾ വേറെയും.

1950കൾക്കുശേഷം സ്വതന്ത്ര സഭകളുടെ ഒരു പ്രവാഹമായിരുന്നു. അവയിൽ പലതും മുഖ്യധാരാ സഭകളോടും അതിന്റെ നയങ്ങളോടുമുള്ള പ്രതിഷേധത്തിൽ നിന്നാണ് ഉദയംചെയ്തത്. ഇന്നിപ്പോൾ അവയിൽ പലതും സ്വതന്ത്രസഭകൾ എന്നു വിളിക്കാൻ കഴിയാത്തത്ര നിലയിൽ വ്യവസ്ഥാപിതരൂപം പ്രാപിച്ചിട്ടുണ്ട്.

സഭകളുടെ ഈ വഴിപിരിച്ചിൽ ആശാസ്യമാണോ? അനിവാര്യമാണോ?

പുറംലോകത്ത് പ്രസ്ഥാനത്തിന്റെ മാന്യത കെടുത്തുന്നു ഈ 'അമീബാറ്റിക്' വളർച്ച എന്ന് ഒരു കൂട്ടർ! അതല്ല, മുഖ്യധാര പ്രസ്ഥാനത്തിന്റെ വഴിപിഴച്ച പോക്കാണ് കൂടുതൽ അപമാനകരം എന്ന് മറ്റൊരു കൂട്ടർ!! എന്നാൽ പെന്തെക്കോസ്തു പ്രസ്ഥാനത്തിലെ ഈ അനേകതയെ പുറംലോകം പുച്ഛത്തോടെ തന്നെയാണു വീക്ഷിക്കുന്നത് എന്നതിനു സംശയമില്ല. അതേസമയം, ഏകതയിലേക്കുള്ള മടങ്ങിപ്പോക്ക് സ്വപ്നം മാത്രമാണെന്നു കരുതുന്നവരുമുണ്ട്. എന്തായാലും അധികാര വിഭജനത്തിന്റെയും സ്വാർത്ഥമോഹങ്ങളുടെയും പേരിൽ സഭകൾ വഴിപിരിയുന്നതിനെയും പുതുസഭകൾ നാമ്പെടുക്കുന്നതിനെയും ആരും അഭിനന്ദിക്കുന്നില്ല.

സഭകളുടെ വഴിപിരിച്ചിൽ അംഗബലത്തിൽ വളർച്ച നേടാൻ പ്രസ്ഥാനത്തെ സഹായിച്ചിട്ടുണ്ടെന്നാണ് കണക്കുകൾ. ഒറ്റത്തടി വൃക്ഷങ്ങളെക്കാൾ ശിഖിരങ്ങളുള്ള വൃക്ഷങ്ങൾ സ്ഥൂലരൂപം പ്രാപിക്കുന്നതു സാധാരണമാണല്ലോ.

***പാസ്റ്റർ എം.വി. ചാക്കോ***




*ദീർഘകാലം ചർച്ച് ഓഫ് ഗോഡിന്റെ ഓവർസീയറായിരുന്നു. ഇരവിപേരൂരിലുള്ള ക്രിസ്ത്യൻ റിസേർച്ച് സെന്ററിന്റെ ഡയറക്ടറായിരുന്നു. ഇപ്പോൾ കർത്തൃസന്നിധിയിൽ വിശ്രമിക്കുന്നു.*

കേരള പെന്തെക്കോസ്തു പ്രവർത്തനത്തിനു കഴിഞ്ഞ പത്തുവർഷത്തിനിടയിൽ നൂറുശതമാനത്തിലേറെ വളർച്ചയുണ്ടായിട്ടുണ്ട്. ഇതിന്റെ പ്രധാന കാരണക്കാർ ഇപ്പോൾ അവഗണിക്കാനാവാത്ത നിലയിൽ വളർന്നു കഴിഞ്ഞ സ്വതന്ത്രസഭകളാണ്. എൺപതുകളുടെ ആരംഭത്തിൽ മുഖ്യധാരാസഭകളിൽ പൊതുവെ ഒരു പ്രവർത്തനമാന്ദ്യം ദൃശ്യമായിരുന്നു. സ്വതന്ത്രസഭകൾ ഏറെ പ്രവർത്തന നിരതരായ സന്ദർഭവും ഇതുതന്നെയാണ്. എന്നാൽ 1990കളുടെ ആരംഭത്തോടെ സ്ഥിതിഗതികൾക്കു മാറ്റമായി. ഐ.പി.സി., ചർച്ച് ഓഫ് ഗോഡ്, അസംബ്ലീസ് ഓഫ് ഗോഡ് തുടങ്ങിയ മുഖ്യധാര സഭകളെല്ലാം സടകുടഞ്ഞെഴുന്നേറ്റു.

സുവിശേഷീകരണരംഗത്ത് സഭകാ

*പാസ്റ്റർ ടി.എസ്. ഏബ്രഹാം*



*പാസ്റ്റർ പി.എ.വി. സാം*



*പാസ്റ്റർ ജോർജ് ഉമ്മൻ*



ട്ടുന്ന ഈ ഉണർച്ച ആശാസ്യകരമാകുമ്പോൾ തന്നെ, ഇതേ ഉണർച്ച സഭാരാഷ്ട്രീയരംഗത്തും പ്രകടമാണ് എന്ന കാര്യവും പറയാതെ തരമില്ല. മുഖ്യധാരാ സഭകളിലെ അധികാരവടംവലികളും കുതികാൽവെട്ടും കാപട്യം മുറ്റി നിൽക്കുന്ന രാഷ്ട്രീയക്കളികളും പ്രകടമായ നിലയിൽത്തന്നെ മുന്നേറുന്നു. (1940 കളിൽ ഒരു കൊടുങ്കാറ്റായി ആഞ്ഞടിച്ച പെന്തെക്കോസ്തു മുന്നേറ്റത്തിന്റെ ശക്തിയെ 1950കളിലെ സഭാ രാഷ്ട്രീയം എത്ര ശോചനീയമായ നിലയിൽ ബാധിച്ചു എന്ന ചരിത്രം നമുക്ക് വിസ്മരിക്കാതിരിക്കാം.)

**മുഖ്യധാരാ സഭകൾ ഇന്ന്**

മുഖ്യധാരാ സഭകളിൽ അംഗബലം കൊണ്ടും പ്രാദേശിക സഭകളുടെ എണ്ണം കൊണ്ടും മുൻപന്തിയിൽ നിൽക്കുന്നത് ഇന്ത്യാപെന്തെക്കോസ്തു ദൈവസഭ തന്നെയാണ്. ഐ.പി.സി.ക്ക് കേരളത്തിൽ 58 സെന്ററുകളിലായി ആയിരത്തിലേറെ സഭകളുണ്ട്. കേരളാ ഐ.പി.സി. യുടെ ഇപ്പോഴത്തെ പ്രസിഡണ്ട് പാസ്റ്റർ എം. വി. ചാക്കോ ആണ്. (പേജ് 126 കാണുക). സെക്രട്ടറി ജോർജ്ജ് ഉമ്മൻ.

കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ ചർച്ച് ഓഫ് ഗോഡ് (സ്റ്റേറ്റ്)നും ഏറെ വളർച്ചയുണ്ടായിട്ടുണ്ട്. ഇപ്പോൾ സഭയ്ക്ക് 435 പ്രാദേശിക ഘടകങ്ങളും 425 ശുശ്രൂഷകരുമുണ്ട്. പാസ്റ്റർ പി.എ.വി. സാം ആണ് ഓവർസിയർ, പാസ്റ്റർ വി.സി. ഇട്ടി ഇവാഞ്ചലിസം ഡയറക്ടർ.

അസംബ്ലീസ് ഓഫ് ഗോഡിനു കേരളത്തിൽ അഞ്ഞൂറുസഭകളുണ്ട്. 1990 മുതൽ ആരംഭിച്ച 'കൊയ്ത്തിന്റെ ദശകം' പ്രവർത്തനങ്ങൾ സഭയെ വളർച്ചയിൽ ഏറെ സഹായിച്ചു. എ.ജി.യുടെ സമീപ കാലസഭകളിൽ പലതിന്റേയും ഉത്ഭവം എച്ച്.എം.സി. ടീമിന്റെ പ്രവർത്തനഫല

മാണ്. പാസ്റ്റർ ടി.ജെ. സാമുവൽ ആണ് എ.ജി.മലയാളം ഡിസ്ട്രിക്ട് സൂപ്രണ്ട്. പാസ്റ്റർ റ്റി.ജെ. രാജൻ സെക്രട്ടറിയും.

1975ൽ ചർച്ച് ഓഫ് ഗോഡ് (ഡിവിഷൻ) ആരംഭിക്കുമ്പോൾ 60 സഭകളാണുണ്ടായിരുന്നത്. ഇപ്പോൾ 200 സഭകളും 200 സുവിശേഷപ്രവർത്തകരുമുണ്ട്. പാസ്റ്റർ സണ്ണി വർക്കിയാണ് ഓവർസിയർ. പാസ്റ്റർ കെ.എം. ഏബ്രഹാം ഇവാഞ്ചലിസം ഡയറക്ടറും.

അപ്രവേശിത മേഖലകളിൽ കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ ഏറെ അക്രൈസ്തവർ പെന്തെക്കോസ്തു മാർഗ്ഗം സ്വീകരിച്ചെത്തിയിട്ടുണ്ട്. പണ്ടത്തെക്കാൾ വിശാലതയോടെ മതത്തെ കാണുവാൻ പുതുതലമുറയ്ക്കു കഴിയുന്നുവെന്നതിന്റെ തെളിവാണിത്. എന്നാലതേ സമയം മതമൗലികവാദികളുടെ എതിർപ്പുകളും ഇതേ കാലയളവിൽ വർദ്ധിച്ചിട്ടുണ്ടെന്നു കാണാം. ഇതു രണ്ടിന്റെയും കാരണം, വളർന്നു വരുന്ന മത പ്രബുദ്ധതയാണ്. മതത്തെ – അതിന്റെ ആത്മീയവശത്തെ– കണ്ടെത്തുന്നവർ മറികടക്കുന്ന വിശാലതയോടെ പുതുമാർഗ്ഗം സ്വീകരിക്കുവാൻ തയ്യാറാകുന്നു. എന്നാൽ ആചാരങ്ങളോടും പാരമ്പര്യത്തോടും ബന്ധപ്പെടുത്തി മതം പഠിക്കുന്നവർ കൂടുതൽ മതമൗലികവാദികളായിത്തീരുകയും ചെയ്യുന്നു. ആദ്യകൂട്ടർക്ക് ക്രിസ്ത്യാനിത്വം ഒരു വിശ്വാസമാണെങ്കിൽ രണ്ടാം കൂട്ടർക്ക് അത് പാരമ്പര്യമതത്തിന്റെ നിഷേധം മാത്രമാണ്. വരും കാലത്തും മതബോധം വർദ്ധിച്ചു കൊണ്ടിരിക്കുന്നമെന്നതിനാൽ കൂടുതലാളുകൾ ക്രിസ്തുമാർഗ്ഗത്തെ സ്വീകരിക്കുന്നതും മതമൗലികവാദികൾ ക്രിസ്തുമാർഗ്ഗാനുസാരികളെ കൂടുതൽ ഉപദ്രവിക്കുന്നതും തുടർന്നും പ്രതീക്ഷിക്കാം.

മദ്ധ്യതിരുവിതാംകൂറിലെ അക്രൈസ്തവർക്ക് പെന്തെക്കോസ്ത് അത്രയൊന്നും ആകർഷകമായ ഒരു പ്രസ്ഥാനമല്ല. ഇവിടെ സമുദായ സംഘടനകളിലെ ഉണർവ്വു സംഘങ്ങളിൽ നിന്നാണ് പെന്തെക്കോസ്തിലേക്കുള്ള ഒഴുക്കു കൂടുതൽ. മാർത്തോമ്മാ, സി.എസ്.ഐ. സഭകളിലെ ഈ ഉണർവ്വു സംഘങ്ങൾ വഴി ആയിരക്കണക്കിനാളുകൾ കഴിഞ്ഞ അഞ്ചു കൊല്ലത്തിനിടിയിൽ പെന്തെക്കോസ്തു സഭകളിലെത്തിച്ചേർന്നിട്ടുണ്ട്. അടുത്ത കാലത്ത് കരിസ്മാറ്റിക് പ്രസ്ഥാനത്തിലൂടെ സുവിശേഷം ഗ്രഹിച്ചവരും പെന്തെക്കോസ്തു വിശ്വാസം പുൽകിയിട്ടുണ്ട്.

*പാസ്റ്റർ ടി. ജെ. സാമുവൽ*



പെന്തെക്കോസ്തർ ഇന്നും ഈ ഉണർവ്വു സംഘങ്ങളോടോ കരിസ്മാറ്റിക് പ്രസ്ഥാനത്തോടോ വേണ്ടത്ര മമത കാട്ടിയിട്ടില്ല. ആഗോളതലത്തിൽ പെന്തെക്കോസ്തരും കത്തോലിക്കരും തമ്മിൽ പോലും ആശയപരമായ സംവാദം നിരന്തരമായി നടക്കുമ്പോഴും കേരളത്തിൽ ഇരുകൂട്ടരും അന്യോന്യം അനഭിമതരായി കരുതിത്തന്നെ കഴിയുകയാണ്.

1920കളിലും മറ്റും മാർത്തോമ്മാ സഭയിൽ പുഞ്ചമണ്ണിൽ മാമ്മനുപദേശി, കൊച്ചുകുഞ്ഞുപദേശി തുടങ്ങിയവർ നട

നമ്മുടെ ഇടയിൽ സുവിശേഷവേല ക്കാരിലും പാസ്റ്റർമാരിലും പലർ തങ്ങ ളുടെ മക്കളെ സുവിശേഷവേലയ്ക്കായി പ്രോത്സാഹിപ്പിക്കാതെ കേവലം ധനസ മ്പാദനത്തിനായി നിയോഗിച്ചിരിക്കുന്നു. പഴയനിയമകാലത്തെ പുരോഹിതൻമാ രുടെ അനന്തര പരമ്പര പുരോഹിതൻമാ രാകുന്നു എന്നവണ്ണം പുതിയനിയമത്തിൽ സുവിശേഷ ഘോഷകരാകണമെന്ന് ഒരു പ്രമാണമല്ലെന്നുള്ളത് വാസ്തം തന്നെ. എങ്കിലും, നമ്മുടെ പിൻതലമുറ ദൈവ ത്തിന്റെ വേലക്കാരായി തീരണം എന്ന് നാം ഹൃദയപൂർവ്വം അഭിവാഞ്ചിക്കുകയും പ്രാർത്ഥിക്കുകയും, നമ്മുടെ മനോ ഗതത്തെ യഥാവിധി അവരെ അറിയിക്കു കയും ആയതിനുവേണ്ടി അവരോടൊ ന്നിച്ചു മനഃപൂർവ്വമായി പ്രാർത്ഥിക്കുകയും ചെയ്താൽ നമ്മുടെ മക്കളിൽ ചിലരെ ങ്കിലും നാം വഹിക്കുന്ന ഈ സുവി ശേഷശുശ്രൂഷയെ പിന്തുടരുവാൻ പുറപ്പെ ടുക്കയില്ലെന്നോ വിചാരിക്കുന്നത്?

നമ്മിൽ പലരെയും ദ്രവ്യാഗ്രഹമെന്ന പാപത്തിന്റെ വിഷാണുക്കൾ ബാധിച്ചിരി ക്കുന്നു എന്നതിന്റെ പ്രത്യക്ഷലക്ഷ്യം സ്ത്രീധന വിഷയത്തിൽ സർവ്വത്ര കാണു ന്നുണ്ട്. ഒരു പിതാവ് തന്റെ സ്വത്തിന്റെ ഓഹരി മകൾക്കും കൊടുക്കേണ്ടതാണ്. അത് അവൾ വിവാഹത്തിൽ ഭവനത്തിൽ നിന്ന് അപ്പനേയും അമ്മയേയും വിട്ടുപി രിഞ്ഞു പോകുമ്പോൾ തന്നെ കൊടുക്കു കയാണുവേണ്ടത് എന്നതിൽ എനിക്ക് അഭിപ്രായവ്യത്യാസമില്ല. എന്നാൽ സ്ത്രീധനമെന്നത് കാളവാണിഭമാക്കി ത്തീർക്കുന്നത് കഷ്ടമാണ്. ഒരേ അപ്പ ത്തിനു അംശിയായ നിന്റെ മകനുവേണ്ടി വിവാഹത്തിനാലോചിക്കുന്നു. യുവതീയു വാക്കൻമാർ തമ്മിൽ സ്വരൂപഭംഗ്യാ ഉള്ള യോജിപ്പ്, വിദ്യാഭ്യാസം, സ്വഭാവസംസ്ക്ക രണം ആദിയായവയിൽ പെൺകുട്ടിയെക്കു റിച്ചുള്ള അഭിപ്രായഗതി ഇവയെല്ലാം

ത്തിയ ഉണർവ്വുയോഗങ്ങളിൽ ഉണർത്ത പ്പെട്ടവരാണ് പിൽക്കാലത്തെ പെന്തെ ക്കോസ്തിന്റെ വക്താക്കളായവരിൽ ഭൂരി പക്ഷവും. ചരിത്രം നൽകുന്ന ഈ പാഠം, പാരമ്പര്യസഭകളിലെ ഉണർവ്വിനെ കൂടു തൽ വിശാലതയോടെ നോക്കിക്കാണാൻ യാഥാസ്ഥിതിക പെന്തെക്കോസ്തരെ പ്രേരിപ്പിക്കേണ്ടതാണ്.

സാമൂഹ്യരംഗത്ത് പെന്തെക്കോസ്തർ എത്തിച്ചേർന്ന 'ഔന്നിത്യ'വും നമുക്ക് അവഗണിക്കാനാവുന്നതല്ല. ഇന്ന് പെന്തെ ക്കോസ്തർ കൂടുതൽ 'മാന്യരാ'ണ്. എന്നാൽ സാമൂഹിക പ്രതിബദ്ധത ഇന്നും പെന്തെക്കോസ്തർക്ക് അന്യമായ പദമാ ണ്. സാമൂഹ്യ രംഗത്തെ അഴിമതിയെപ്പ റ്റിയോ അധാർമ്മികതയെപ്പറ്റിയോ സംസാ രിക്കാൻ പോലും ഇന്നു പെന്തെക്കോ സ്തർ തയ്യാറാകുന്നില്ല. (അതിനുള്ള ധാർമ്മികാവകാശം അവർക്കു നഷ്ടപ്പെ ട്ടുവോ?)

1946 ആഗസ്റ്റിൽ മലയാള വർഷാരംഭ ദിനത്തിൽ പാസ്റ്റർ കെ.ഇ. ഏബ്രഹാം കുമ്പനാട് ഹെബ്രോൻ ഹോളിൽ നട ത്തിയ പ്രസംഗത്തിലെ പ്രധാന വിഷയം 'സ്ത്രീധനം' എന്നതായിരുന്നു.

'ദ്രവ്യാഗ്രഹം' എന്ന പാപം വിശ്വാസി കളുടെ മദ്ധ്യേ പൊതുവേ പ്രചാരത്തിൽ എത്തിയിരിക്കുന്നു. മലയാളത്തെ, ക്രൈസ്തവലോകത്തെ, പൊതുവേ വർദ്ധമാനനിലയിൽ ബാധിച്ചിരിക്കുന്ന ഒരു പാപമാണത്. അതു പെന്തെക്കോ സ്തരെയും പിടികൂടി പലരേയും ഗ്രസി ച്ചുതുടങ്ങിയിരിക്കുന്നതായി കാണുന്നു. സ്വന്തം കയ്യുടെ അദ്ധ്വാനഫലങ്ങളാൽ ന്യായമായ നിലയിൽ ധനസമ്പാദനം ചെയ്യുന്നത് തെറ്റാണെന്ന് എനിക്കഭിപ്രാ യമില്ല. എന്നാൽ അതു സകലവിധ ദോഷ ത്തിനും നിദാനമെന്നു തിരുവെഴുത്തു പ്രസ്താവിക്കുന്ന ദ്രവ്യാഗ്രഹമായി പരി ണമിക്കുന്നതു തെറ്റാകുന്നു.

ദൈവഗത്യാ തൃപ്തികരമായിത്തന്നെ പരിണമിച്ചാലും, സ്ത്രീധനം എന്ന തലക്കെട്ടിനു മുൻപിൽ ഇടം വലം ചാഞ്ഞും ചരിഞ്ഞും ബഹുവിധ ചർച്ചകൾ നടത്തി ഒടുവിൽ അഭീഷ്ടത്തിനൊത്തവണ്ണം തുക ലഭിക്കാതെ കലാശിക്കുന്നു എന്നു കണ്ടാൽ കൗശലസമ്പ്രദായങ്ങളുടെ വിവിധ അടവുകളും കപടങ്ങളും പ്രയോഗിച്ച് പണം കൂടുതൽ ലഭിക്കുന്നതിനുള്ള മാർഗ്ഗം ആരായുന്ന നടപടി കഷ്ടാൽ കഷ്ടതരമത്രേ. ഉരുവിനു വില വയ്ക്കുംവണ്ണമാണ് യുവാക്കൻമാർക്ക് ഇപ്പോൾ വിലവയ്ക്കുന്നത്, അടുത്ത സമയം ഒരാൾ എന്നോട് പറയുകയുണ്ടായി, സ്കൂൾ ഫൈനൽ പാസ്സായ ഒരു കൊച്ചനു അവൻ കിടക്കാടമില്ലാത്തവനായാലും അവനു 1500 രൂപ കിട്ടുമെന്ന്. ഹാ! എന്തു കഷ്ടം! ചിട്ടിയിൽ ചേരുന്നവരെ തിരുവത്താഴത്തിൽ സംബന്ധിപ്പിക്കരുതെന്നു വാദിക്കുന്ന ചിലരെ ഞങ്ങൾ കണ്ടിട്ടുണ്ട്. എന്നാൽ തദവസരം സ്ത്രീധനവിഷയത്തിൽ എത്രയും കൂടുതൽ തുക വാങ്ങിക്കാനുള്ള അടവുകൾ പ്രയോഗിക്കുന്നതിൽ അവർ പിന്നോക്കമില്ലതാനും. അങ്ങനെയുള്ളവരോടു എനിക്കു പറയുവാനുള്ളത് നിങ്ങളെയാണു തിരുവത്താഴത്തിൽ നിന്നും ഒഴിച്ചുനിർത്തേണ്ടത് എന്നാകുന്നു. ചിട്ടിക്കാരൻ തന്റെ സ്വന്തം പണം ശേഖരിക്കുന്നു എന്നു മാത്രമേയുള്ളൂ. എന്നാൽ നീ ആകട്ടെ, അന്യന്റേതു പിടിച്ചുപറിക്കുകയാണ്. എങ്ങിനെയും തന്റെ മക്കളെ വിവാഹം കഴിപ്പിക്കണമെന്നുള്ള ആകുലചിന്തയോടുകൂടിയിരിക്കുന്ന ആ സഹോദരനെ നീ പിടിച്ചു കീഴമർത്തി അവന്റെ തൊണ്ണ ഞെക്കി പണം ഈടാക്കുകയാണ്.

(സീയോൻ കാഹളം, വാല്യം 5, ലക്കം 1, പേജ് 3-5).

ഇന്ന് ഒരു പുതുവർഷപ്പുലരിയിൽ ഏതെങ്കിലും സഭാനേതാവ് ഇങ്ങനെയൊരു സന്ദേശം നൽകാൻ സാധ്യതയുണ്ടോ?

ക്രൈസ്തവികതയുടെ അന്തഃസത്തയായ സാഹോദര്യത്തിനും സഭയിൽ ഉടവുതട്ടിയെന്നുതന്നെ പറയാം. പിന്നോക്ക വിഭാഗത്തിനു 'മാറിക്കൂടാൻ' താൽപര്യമുണ്ടെങ്കിൽ അതിനർത്ഥം മറുഭാഗത്തിന്റെ പ്രവർത്തനങ്ങൾ അതിനവരെ പ്രേരിപ്പിച്ചിട്ടുണ്ടെന്നുമല്ലേ?

ഘടനാപരമായ നിലയിലും പെന്തെക്കോസ്തിനു ഏറെ മാറ്റങ്ങൾ വന്നിരിക്കുന്നു. കൂടുതൽ കേന്ദ്രീകൃത നിലയിലേക്ക് എല്ലാ സഭകളും നീങ്ങിക്കൊണ്ടിരിക്കുന്നു. (സ്ഥലം സഭകളുടെ നഷ്ടമാകുന്ന സ്വാതന്ത്ര്യം എന്ന കുറിപ്പു കാണുക).

കേരളത്തിൽ പെന്തെക്കോസ്തു പ്രസ്ഥാനം ഉടലെടുത്ത കാലം മുതൽ ഏറിയ വർഷങ്ങൾ സമൂഹത്തിലെ അടിസ്ഥാനവർഗ്ഗമായിരുന്നു അതിന്റെ പ്രണേതാക്കൾ. ആദ്യകാലത്തെ പ്രചാരകർക്കും അനുഭാവികൾക്കും സഹിക്കേണ്ടിവന്ന അപമാനവും ഉപദ്രവവും പീഢനവും ഏറെയായിരുന്നു. 1950കളോടെ സ്ഥിതി മാറി. ഇന്നിപ്പോൾ മറ്റേതൊരു സാമുദായിക സഭകളെയും പോലെ പെന്തെക്കോസ്തർ എണ്ണപ്പെട്ടുകഴിഞ്ഞു. അപമാനവും ഉപദ്രവുമൊക്കെ പഴങ്കഥകളായി. പെന്തെക്കോസ്തു ലോകത്തെ പ്രകടമായ മാറ്റങ്ങളിലൊന്നാണിത്. എന്നാൽ ഈ സ്ഥൂലമായ വളർച്ചയ്ക്കിടയിലും പെന്തെക്കോസ്തിന്റെ അന്തഃസത്ത എങ്ങനെയോ ചോർന്നുപൊയ്ക്കൊണ്ടിരിക്കുന്നുവെന്ന് നിഷ്പക്ഷമായി വീക്ഷിക്കുന്നവർക്ക് അറിയാനാകും.

വേർപാട് പുറം മോടികളിലാണെന്നു വിശ്വസിച്ച ഒരു പഴയ തലമുറ, പെന്തെക്കോസ്തിന്റെ ആന്തരികമൂല്യത്തെ പുതിയ തലമുറയ്ക്കു പകർന്നുകൊടു

ക്കുന്നതിൽ പരാജയപ്പെട്ടു. എന്നാൽ മൂല്യങ്ങൾ തേടുന്ന ഒരു പുതിയ തലമുറ ആവിർഭവിക്കുന്നുവെന്നത് ആശാവഹമാണ്. എണ്ണത്തിന്റെയും കണക്കിന്റെയും പൊങ്ങച്ചങ്ങൾ നിലനിൽക്കുമ്പോൾത്തന്നെ പെന്തെക്കോസ്തിന്റെ ശക്തിയെയും ധർമ്മത്തെയും ഉൾക്കൊള്ളുന്ന, പകർന്നുകൊടുക്കുന്ന ഒരു പുതു തലമുറയ്ക്കായി നമുക്കു പാത നിരപ്പാക്കികൊടുക്കാം...

# ‘കേരള പെന്തെക്കോസ്തു ചരിത്രം’ രചിക്കുന്നതിനു പ്രയോജനപ്പെട്ട പ്രധാന പുസ്തകങ്ങൾ, സ്മരണികകൾ, ആനുകാലികങ്ങൾ


1. യേശുക്രിസ്തുവിന്റെ എളിയദാസൻ
*പാസ്റ്റർ കെ. ഇ. ഏബ്രഹാം, പെന്തെക്കോസ്തു യുവജന സംഘടന (1965)*
2. പാസ്റ്റർ പോൾ
*പെന്തെക്കോസ്തൽ പ്രസ് ട്രസ്റ്റ്, തിരുവനന്തപുരം (1986)*
3. ആത്മകഥ പാസ്റ്റർ ടി. ജി. ഉമ്മൻ
*ഡസേർട്ട്പാം പബ്ലിക്കേഷൻ (1984).*
4. പാസ്റ്റർ എ. സി. സാമുവൽ
*എൽ. സാം (1983).*
5. ദൈവത്തിന്റെ മനുഷ്യൻ
*സാജു, മാർഗ്ഗം ബുക്ക്സ് (1989).*
6. പാസ്റ്റർ പി. എം. സാമുവൽ– ജീവചരിത്രം
*പാസ്റ്റർ മാത്യു സാമുവൽ (1990).*
7. ആത്മകഥ പാസ്റ്റർ ജോർജ്ജ് വർഗ്ഗീസ്
*ഗുഡ്ന്യൂസ് പബ്ലിക്കേഷൻസ് (1990)*
8. അനുഭവസാക്ഷ്യം, പാസ്റ്റർ ടി. കെ. മത്തായി
*(കല്ലട മത്തായിച്ചൻ), 1990.*
9. അത്ഭുതങ്ങളുടെ ദൈവം, ഞങ്ങളുടെ ജീവിതത്തിൽ
*പി. ഡി. ജോൺസൺ (1984)*
10. വാഗ്ദത്ത നിവർത്തി
*പി. ഡി. ജോൺസൺ 1991.*
11. അടർന്നു വീണ ഇലകൾ.
*പി. ഡി. ജോൺസൺ (1976)*
12. നിലവും അതിന്റെ വിലയും
*പി. ഡി. ജോൺസൺ 1987.*
13. ദൈവസഭ പിന്നിട്ട അമ്പതു വർഷങ്ങൾ
*പാസ്റ്റർ റ്റി.എം. വർഗീസ്, ബ്രദർ ഇ.വി. ജോർജ്ജ്*
*ദ ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യാ ലിറ്ററേച്ചർ സർവ്വീസ്, 1973.*
14. ഐ. പി. സി. പ്രാരംഭവർഷങ്ങൾ
*പാസ്റ്റർ കെ. ഇ. ഏബ്രഹാം, (1955) പുതിയപതിപ്പ്, കെ. ഇ. ഏബ്രഹാം ഫൗണ്ടേഷൻ പ്രസിദ്ധീകരണം (1986).*
15. ദൈവസഭാ ചരിത്രം
*മിസ്. ഡോറാ പി. മയേഴ്സ്, സി.ജി.ഐ. പ്രസ്സ് മുളക്കുഴ.*
16. കേരളത്തിലെ പെന്തെക്കോസ്തു സഭകൾ
*റവ. ഡാനിയേൽ ഐരൂർ, ബർശേബാ ബൈബിൾ കോളെജ് (1985).*

17. ഐ.പി.സി.യും 50 വർഷത്തെ സേവനചരിത്രവും
*പാസ്റ്റർ ടി. ജി. ഉമ്മൻ 1979.*
18. ഉണർവ്വിന്റെ ജ്വാലകൾ
*അച്ചൻകുഞ്ഞ് ഇലന്തൂർ (എഡിറ്റർ)*
*പി. പി. എ. ഐ.പബ്ലിക്കേഷൻസ് (1992).*
19. സഭാചരിത്ര സംഗ്രഹം
*റവ. ഡോ. സി.ഇ. ഏബ്രഹാം, ക്രൈസ്തവസാഹിത്യ സമിതി (1991).*
20. കേരളത്തിലെ ചില സ്വതന്ത്രസഭകൾ.
*റവ. ഇ. ജെ. ചാക്കോ, ദൈവശാസ്ത്ര സാഹിത്യ പ്രസിദ്ധീകരണ സമിതി (1986).*
21. കേരളത്തിലെ ആത്മീയ ഉണർവ്വ്.
*കെ. കെ. കുരുവിള, മലയാളം ക്രിസ്ത്യൻ ലിറ്ററേച്ചർ കമ്മറ്റി (1942).*
22. ഭാരതത്തിലെ ക്രൈസ്തവ സഭകൾ.
*കെ.കെ. കുരുവിള, സി.എൽ.എസ്. (1960)*
23. ബാസൽ മിശ്യൻ സഭയുടെ ചരിത്രസംക്ഷേപം.
*ദി മലബാർ ചർച്ച് കൗൺസിൽ (1934)*
24. ഭാരതത്തിലെ ക്രിസ്തുസഭയും മാർത്തോമ്മാസഭയുടെ സംക്ഷിപ്ത ചരിത്രവും
*ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ,*
*സി. എൽ. എസ്. (1973)*
25. ദൈവസഭയും മാനുഷികകെട്ടുപാടുകളും
*പാസ്റ്റർ എം.ജെ. തോമസ് (1984)*
26. കർത്താവിനോടുകൂടെ കാൽനൂറ്റാണ്ട് (ആത്മകഥ)
*പാസ്റ്റർ കെ.വൈ ഗീവർഗീസ്, ബിബ്ലിക്കൽ പബ്ലിക്കേഷൻസ് (1990)*
27. ഉത്തരേന്ത്യൻ ഊഷരഭൂമിയിൽ
*കെ.വൈ. ഗീവർഗീസ്, പിവൈ.പി.എ. നോർത്തേൺ റീജിയൺ (1989).*
28. ക്രിസ്തുവിനുവേണ്ടി ഹിമാലയ സാനുക്കളിൽ
*(സാക്ഷ്യങ്ങൾ) പി.ജി. വർഗീസ്, ലില്ലി വർഗീസ്,*
*ഇന്ത്യൻ ഇവാഞ്ചലിക്കൽ ടീം (1981).*
29. പാസ്റ്റർ സി.എസ്. മാത്യുവിന്റെ ജീവചരിത്രം
*(അപ്രകാശിതകൃതി)*
30. പെന്തെക്കോസ്തൽ ഇയർബുക്ക്
*പെന്തെക്കോസ്തു ഇയർബുക്ക് കമ്മറ്റി (1993)*
31. ബ്രദറൺ പ്രസ്ഥാനം ലോകമെങ്ങും
*റ്റി. ഇ. ഈശോ (1981)*
32. പെന്തെക്കോസ്തു പ്രസ്ഥാനം
*പാസ്റ്റർ ടി.എസ്. ഏബ്രഹാം (1969)*
33. കുട്ടനാട്ടിൽ നിന്നൊരു നെൽമണി
*പാസ്റ്റർ എൻ.പി. യേശുനാഥദാസ് (1986).*

34. റോബർട്ട് എഫ്. കുക്ക്
*മാമ്മൻ ഫിലിപ്പ്(1992)*
35. പെന്തെക്കോസ്തു പ്രസ്ഥാനം ഇന്നലെ, ഇന്ന്
*പാസ്റ്റർ എം.റ്റി. സാമുവൽ, ഗുഡ്ന്യൂസ് പബ്ലിക്കേഷൻസ് (1988)*
36. Half a centuery of Divine Leadings and Thirty Seven Years of Apostolic Ministry in South India.
*R.F. Cook, Church of God, Foriegn missions department-1955.*
37. The Apostle of India
*(A Short history of Pastor P. Paul). Pastor K.K.Samson 1974.*
38. In The Latter Days
*Vinson synann, Servant Books (1984)*
39. Evangelical Awakenings in India
*J.Edwin Orr, Masihi Sahitya Sanatha, Christian Literature Institute (1970).*
40. Like a Mighty Army
*Charls W. Conn, Church of God Publishing House (1955).*
41. Protesetant Christianity and People's Movements in Kerala (1850-1936).
*J.W.Gladstone, KUTS Kannamoola. (1984)*
42. Pastor P.T. Chacko a Man of God.
*Hebron Printing House, Kumbanad 1980.*
43. The History of Christianity.
*A Lion Hand Book 1977*
44. Dictionary of Pentecostal Charismatic.
*Satnley M. Burgess (Editor), Regency reference Library USA (1988)*
45. Revivals
*Effion Evans 1960*
46. Bright Wind of the Spirit
*Steve Durasoff, Hodder and Stoughton, London 1972.*
47. The Journal of John Wesly

### ആനുകാലിക പ്രസിദ്ധീകരണങ്ങൾ

1. 1925 മുതലുള്ള 'പെന്തെക്കോസ്തു കാഹളം'
2. 1927 മുതലുള്ള 'സുവിശേഷപ്രഭാഷകൻ'.
3. 1933 മുതലുള്ള 'സീയോൻ കാഹളം' യഥാവസരലേഖ.
4. 1936 മുതലുള്ള 'സീയോൻ കാഹളം' മാസിക
5. അസംബ്ലീസ് ഓഫ് ഗോഡ് ദൂതൻ.
6. സുവിശേഷനാദം
7. സുവിശേഷധ്വനി
8. പെന്തെക്കോസ്ത്

9. പ്രബോധിനി
10. ദൈവസഭാ ദൂതൻ
11. ഗുഡ്ന്യൂസ്
12. മരുപ്പച്ച
13. മലബാർ ഗോസ്പൽ മെസഞ്ചർ
14. സ്വർഗ്ഗീയധ്വനി

### *സ്മരണികകൾ*

1. Bethel Bible School, Punalur
   Golden Jubilee Souvenir 1927-77
2. ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭ
   സിൽവർ ജൂബിലി സുവനീർ (1924-74)
3. C.O.T.R. & N.T.C. 1983 - 1993
4. I.P.C. Philadelphia, Kanjikuzhy (1941-91)
5. ഐ.പി.സി. പെനിയേൽ ചർച്ച്
   ആഞ്ഞിലിത്താനം, ജൂബിലി സുവനീർ (1929 -79)
6. Church of God (full Gospel) in India, Thuvayoor
   (Platinum Jubliee Souvenir 1987)
7. സുവർണ്ണ ജൂബിലി സ്മരണിക,
   ഐ.പി.സി. ശാലോം തലപ്പാടി 1984
8. ഐ.പി.സി. സോദരീസമാജം സുവനീർ 1993.
9. ഐ.പി.സി. ആലപ്പുഴ ഈസ്റ്റ് സെന്റർ
   20-ാം വാർഷിക ന്യൂസ്‌ലെറ്റർ 1992.
10. പി.വൈ.പി.എ. സിൽവർ ജൂബിലി സുവനീർ 1972.
11. തൃക്കണ്ണമംഗൽ ഐ.പി.സി.യുടെ പ്രാരംഭ 50 വർഷങ്ങളിലെ ചരിത്രം
    എം. ഹാബേൽ 1992
12. ഐ.പി.സി. താബോർ ചർച്ച്
    ഒരു ലഘു ചരിത്രം 1986.
13. ഐ.പി.സി. കോഴിക്കോട് സെന്റർ ന്യൂസ് ബുള്ളറ്റിൻ 1992-93.
14. ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭ, ഐ.പി.സി.
    കേരളാ സ്റ്റേറ്റ് കൗൺസിൽ 1924 -84
15. The History of Indian Pentecostal Church of God, Hebron, Ernakulam, Finny Philip. 1991
16. Kashmir Evangelical fellowship Silver Jubilee 1963 - 88

17. വൈ.പി.ഇ. സുവനീർ 1993
18. ക്രിസ്ത്യൻ ഇവാഞ്ചലിക്കൽ മൂവ്മെന്റ് സിൽവർ ജൂബിലി 1982.
19. നവശക്തി പി.വൈ.പി.എ. സുവനീർ 1992.
20. Radiance, Hebron Bible College,
Diamond Jubilee Souvenir 1989.
21. Collegiate Fisherman
ICPF Sovenir 1990
22. സുവിശേഷ നാദം കൺവൻഷൻ സപ്ലിമെന്റ് 1992.
23. 9th Pentecostal Conference of North American Keralites Souvenir

## *ബോക്സ് ആർട്ടിക്കിൾസ്*

*കയ്ക്കേഴ്സ്* 16
*പന്തളം മത്തായി ഉപദേശി*
*കേരള പെന്തെക്കോസ്തിന്റെ തലതൊട്ടപ്പൻ* 46
*ദരിദ്രരോടു സുവിശേഷമറിയിക്കാൻ അഭിഷിക്തൻ*
*(പാസ്റ്റർ ആർ.എഫ്. കുക്ക്)* 52
*പാസ്റ്റർ കെ. ഇ. ഏബ്രഹാം*
*മഹാൻമാരിൽ വീരനും, വീരൻമാരിൽ മഹാനും* 56
*പ്രാണരക്ഷാർത്ഥം ഒരു പലായനം (വിളക്കുടി മത്തായിച്ചൻ)* 61
*അന്നയുടെ ഓർമ്മയ്ക്ക് (സിസ്റ്റർ അന്നാ കുക്ക്)* 64
*പിന്നോക്കജനത എന്തുകൊണ്ട് പെന്തെക്കോസ്തിനോടു വിമുഖരായി* 74
*ഇംഗ്ലീഷിൽ അന്യഭാഷ* 82
*മനാശ്ശെ പ്രസംഗിയാർ*
*തെക്കൻ തിരുവിതാംകൂറിന്റെ സുവിശേഷ പ്രതിഭ* 85
*മേരി ചാപ്മാൻ* 88
*പാസ്റ്റർ കുക്കും ജോർജ്ജ് ബർഗ്ഗും*
*ഒരുമിച്ച് കേരളത്തിലുണ്ടായിരുന്നോ?* 95
*കുഷ്ഠരോഗിയോടൊപ്പം തിരുവത്താഴം* 97
*എ.കെ.വർഗീസ് കുക്ക് സായ്പിന്റെ വിശ്വസ്ത പരിഭാഷകൻ* 102
*എം.സി.ചാക്കോ* 107
*പൊയ്കയിൽ ഉമ്മച്ചൻ* 109
*ഭാരതം മിഷനറിമാർക്കും മംഗല്യഭൂമി* 112
*പാസ്റ്റർ എ.ജെ. ജോൺ*

പെന്തെക്കോസ്തിന്റെ കരുത്തനായ സാരഥി 116
തൊമ്മനച്ചൻ പറഞ്ഞു, "അത് ദൈവം പ്രാർത്ഥന കേട്ടതാണ്." 120
(പാസ്റ്റർ ഇ.പി. ഡനിയേൽ)
സീയോൻകുന്നിന്റെ ചരിത്രം 127
മുളക്കുഴസ്നാനത്തൊട്ടിയിലെ ആദ്യസ്നാനം 142
(പാസ്റ്റർ റ്റി.എം. വർഗീസ്)
കുക്ക് സായ്പിന്റെ എ.ജി.ബന്ധം എത്രവർഷം? 154
രാമൻകുട്ടിയിൽ നിന്നു പോളിലേക്കുള്ള വളർച്ച 162
ആശ്രമവും പള്ളിയുമായി ഒരു സന്യാസി ശ്രേഷ്ഠൻ 168
(ആറാമട കൊച്ചുകുഞ്ഞു സന്യാസി)
നിന്റെ ബാഗ് ചോദിച്ചാൽ അതു കൊടുക്കുക 180
(പാസ്റ്റർ പി.എം. സാമുവൽ)
മഹാരാജാവിന്റെ കല്പനയുമായി ഒരു കവലപ്രസംഗം 184
(പാസ്റ്റർ കെ. സി. ചെറിയാൻ)
ഉള്ളതു മുഴുവൻ ദാനം ചെയ്ത കൊടുന്തറ ഉമ്മച്ചൻ 190
സഖറിയ- സ്വാതന്ത്ര്യത്തിന്റെ ഗായകൻ (പാസ്റ്റർ കെ.എം. സഖറിയ) 194
'കുട്ടനാട്ടിൽ നിന്നൊരു നെൽമണി' (പാസ്റ്റർ കെ.ജി. ചാക്കോ) 206
സഹനത്തിന്റെ കരുത്തുമായി ഒരു ബലവാൻ (പാസ്റ്റർ ടി.ജി.ഉമ്മൻ) 210
കല്ലിശ്ശേരിയിൽ കുറെ കുട്ടിയച്ചൻമാർ 224
പി.വി. ജോൺ (ജോൺ അയ്യാപിള്ള) 230
പാസ്റ്റർ പി.റ്റി. മാത്യു (പൊടിമല മത്തായിച്ചൻ) 235
പായും തലയിണയും കർത്താവിനു കൊടുത്ത ശമുവേൽ ബാലൻ 242
(പാസ്റ്റർ എ. സി. സാമുവൽ)
ഇംഗ്ലീഷ് പഠിപ്പിച്ചത് സുവിശേഷകനാകാൻ (പാസ്റ്റർ പി.എം. ഫിലിപ്പ്) 246
കുർബ്ബാനക്കുപ്പായമിട്ടൊരു സ്നാനം (പാസ്റ്റർ റ്റി.പി.വർഗീസ്) 249
ഒന്നു ശമുവേൽ പ്രസംഗിക്കും, രണ്ട് ശമുവേൽ ഏറ്റുപറയും 252
(പാസ്റ്റർ ആർ. സാമുവൽ)
അതിശയം അഥവാ അതിശയം (പാസ്റ്റർ എ.ആർ.റ്റി. അതിശയം) 256
വിശ്വാസ ജീവിതത്തിന്റെ മഹത്വമറിഞ്ഞ പാസ്റ്റർ പോൾ 286
പിളർപ്പിന്റെ കാലത്ത് നഷ്ടപ്പെട്ട പെരുമീൻ 290
സ്നാനോപദേശം ഖണ്ഡിക്കാൻ വന്നു,
സ്നാനപ്പെട്ടു മടങ്ങിപ്പോയി 293

| | |
|---|---|
| *പാസ്റ്റർ പി.ജെ.തോമസ്* | 294 |
| *സി.എസ്. (പാസ്റ്റർ സി.എസ്.മാത്യു)* | 297 |
| *മാങ്ങാനം പ്രാർത്ഥിച്ചു, ആളുകൾ ആത്മസ്നാനം പ്രാപിച്ചു* | 298 |
| *(പാസ്റ്റർ വി.ജെ.ജോസഫ്)* | |
| *ദക്ഷിണേന്ത്യാ ദൈവസഭയും പെന്തെക്കോസ്തു പ്രസ്ഥാനവും* | 302 |
| *പേര് മാറ്റാത്ത സി.പി.എം. കാർ* | 307 |
| *സ്വതന്ത്രസഭകൾ എന്തുകൊണ്ട് സ്വതന്ത്രമായിത്തന്നെ നിൽക്കുന്നു?* | 309 |
| *മരണം കണ്ടു മടങ്ങി (പാസ്റ്റർ പി.വി. വർഗീസ്)* | 314 |
| *എടുക്കാത്ത കാൽരൂപാ ആരും ഉപയോഗിക്കാതിരിക്കട്ടെ* | 318 |
| *(പാസ്റ്റർ സി.കെ. ഡാനിയൽ)* | |
| *ബെഥേൽ ആശ്രമം- അനുകരിക്കാനൊരു മാതൃക* | 324 |
| *രാജ്യാന്തര പ്രശസ്തിയോടെ അന്നമ്മ മാമ്മൻ* | 328 |
| *ഏലിയാവിന്റെ ദൈവം സദ്യകൊടുത്തുവിടുന്നു* | 334 |
| *(പാസ്റ്റർ ജോർജ്ജ് വർഗീസ്)* | |
| *വയനാടു ജില്ലയിലെ ബൈബിൾ സ്കൂൾ* | 350 |
| *അരശദാബ്ദിയിലെ മലബാർ ശുശ്രൂഷയുമായി* | |
| *പാസ്റ്റർ പി.ജെ. സാമുവൽ* | 354 |
| *എന്നെക്കാൾ അധികം അപ്പനെയോ അമ്മയെയോ* | 362 |
| *(പാസ്റ്റർ പി.ഡി. ജോൺസൺ)* | |
| *പണം കിട്ടിയില്ലെ, ഇനി അഡ്രസ്സെന്തിന്?* | |
| *(കാരംവേലിൽ മത്തായിച്ചൻ)* | 368 |
| *മുപ്പത്തിയഞ്ചു വർഷങ്ങൾ കൺവൻഷനുകളിൽ* | |
| *ശ്രുതിമീട്ടിയ ഫിലിപ്പോസ് ഭാഗവതർ* | 372 |
| *കൃപയാൽ വിശ്വംഭരൻ* | 376 |
| *ഇന്ത്യൻ മണ്ണിൽ വിശ്രമം കണ്ടെത്തിയ മിഷനറിമാർ* | 385 |
| *പെന്തെക്കോസ്തു ദൈവശാസ്ത്രം* | 392 |
| *മർദ്ദനമേറ്റ് മരണത്തോളം (പാസ്റ്റർ വി. റ്റി. ജോസഫ്)* | 398 |
| *വി. എ. തോമസ്* | 409 |
| *സാമുവൽ മേന പ്രതിഭാധനനായ സാഹിത്യകാരൻ* | 412 |
| *സഭാ സമാന്തര സംഘടനകൾ* | 418 |

റ്റോപ്പിക്കയിലെ ബൈബിൾ സ്കൂൾ 15, ജോർജ്ജ് ഫോക്സ് 16, ഇവാൻ റോബർട്ട്സ് 21, ചാൾസ് പർഹാം 22, വില്യം ജെ. സെയ്മൂർ 23, അസൂസാ തെരുവ് 25, ആഗ്നസ് ഓസ്മാൻ 25, ജോൺ വെസ്ളി 27, ജോർജ്ജ് വൈറ്റ് ഫീൽഡ് 29, ജോനാഥൻ എഡ്വേർഡ്സ് 30, പണ്ഡിത രമാഭായി 33, എ.ജി.ഗാർ 33, ക്രിസ്റ്റ്യൻ ഷൂൺ മേക്കർ 34, തോമസ് ബാരറ്റ് 34, മിന്നി എഫ്. അബ്രംസ് 35, ആലീസ് ഈവ്‌ലിൻ ലൂസ് 35, ആദ്യ പരസ്യയോഗം 50, ആദ്യസ്നാനം 51, പാസ്റ്റർ ആർ. എഫ്. കുക്ക് 52, പാസ്റ്റർ കെ.ഇ. ഏബ്രഹാം 57, വിളക്കുടി മത്തായിച്ചൻ 60, പരുത്തുപ്പാറ ഉമ്മച്ചൻ 62, അന്ന 'സമാധാനപുരി' എന്ന ഗ്രാമത്തിൽ 64, ആദ്യ സഭാഹാൾ 66, കുക്ക് സായ്പും അന്നയും 67, കുക്ക് സായ്പിന്റെ കാളവണ്ടി 68, പാസ്റ്റർ സി. കെ. ഉമ്മൻ 73, പാസ്റ്റർ റ്റി. കെ. വർഗീസ് 78, ആറാട്ടു പുഴ കൺവൻഷൻ 79, ശൂരനാട് സഭാഹാൾ 80, അഷ്ട മുടി ഉമ്മച്ചൻ 83, പാസ്റ്റർ സി. മനാശ്ശെ 85, പാസ്റ്റർ എ. കെ. വർഗീസ് 102 , പാസ്റ്റർ എം.സി. ചാക്കോ 107, പൊയ്കയിൽ ഉമ്മച്ചൻ 109, കുക്ക് സായ്പും ബർത്താഫോക്സും 112,ബർജ്ജ്സും ബർണീസും 113, മാവേലിക്കര ബൈബിൾ സ്കൂളിലെ ആദ്യാബാച്ച് 114, പാസ്റ്റർ എ. ജെ. ജോൺ 116, പാസ്റ്റർ ഇ. പി. ദാനിയേൽ 120, പാസ്റ്റർ കെ. എം. പണിക്കർ 123, സീയോൻ കുന്നിലെ കേന്ദ്ര കെട്ടിടം 126, പാസ്റ്റർ കെ. സി. ചെറിയാൻ 128, പാസ്റ്റർ കെ. ജെ. മർക്കോസ് 132, സീയോൻകുന്നിലെ സണ്ടേസ്കൂൾ 135, വിളയിൽ മത്തായിച്ചൻ 136, പരി യാരം ജോണുപദേശി 138, വേങ്ങന്തോട്ടത്തിൽ കുട്ടിയച്ചൻ 139, പാസ്റ്റർ റ്റി. എം. വർഗീസ് 142, ചേത്തയ്ക്കൽ കീവറീച്ചൻ 144, പുതുപ്പറമ്പിൽ തോമാച്ചൻ 145, പാസ്റ്റർ വി. റ്റി. പൗലോസ് 147, പാസ്റ്റർ എം. സി. മാത്യു 148, പാസ്റ്റർ പി. പി. ചാക്കോ 149, പാസ്റ്റർ ആർ.എഫ്. കുക്കും കുടുംബവും 150, പാസ്റ്റർ വി. പി. തോമസ് 156, പാസ്റ്റർ കെ.ഇ. തോമസ് 158, പാസ്റ്റർ വി.സി. മത്തായി 159, പാസ്റ്റർ എ.എം. ഡാനിയൽ 160, പാസ്റ്റർ പോൾ 162, പാസ്റ്റർ ഡി. ജോഷ്വ 164, പാസ്റ്റർ സി. ചാക്കോ 165, ആറാമട കൊച്ചുകുഞ്ഞു സന്യാസി 168, കുറ്റപ്പുഴ കുര്യച്ചൻ 172, പാസ്റ്റർ ഡി. ലാസർ 174, പാസ്റ്റർ സി. പി. തോമസ് 177, പാസ്റ്റർ എം. വി. ചാക്കോ 178, പാസ്റ്റർ വി. റ്റി. തോമസ് 179, പാസ്റ്റർ പി. എം. സാമുവൽ 180, പാസ്റ്റർ ജെ. വർഗീസ് 183, പാസ്റ്റർ കെ. സി. ചെറിയാൻ 184, പാസ്റ്റർ എം. സൈമൺ 187, റ്റി. വി. മാത്യു സന്യാസി 188, കൊടുന്തറ ഉമ്മച്ചൻ 190, പാസ്റ്റർ റ്റി.പി. പോൾ 191, ഇത്താപ്പിരി വർക്കി 192, എറണാകു ളത്തെ ആദ്യവിശ്വാസി 193, പാസ്റ്റർ കെ. എം. സഖറിയ 194, പാസ്റ്റർ കെ. കെ. വർക്കി 196, മിസ് എഡിത്ത് വർജീന ഗ്രീത്ത് 197, ഞായറയ്ക്കൽ പാപ്പുവും കുടുംബവും വിശ്വാസം നിമിത്തം വീടിനു പുറത്ത് 198, പാസ്റ്റർ ഒ. സി. കുഞ്ഞുമ്മൻ 200, പാസ്റ്റർ കെ.സി. ഫിലിപ്പ് 202, പാസ്റ്റർ കെ. ജെ. ഏബ്രഹാം

203, പാസ്റ്റർ കെ. സി. ജോൺ (പത്തിച്ചിറ യോഹന്നാച്ചൻ) 205, പാസ്റ്റർ കെ. ജി. ചാക്കോ 206, പാസ്റ്റർ പി. സി. മാത്തുണ്ണി മാസ്റ്റർ 208, പാസ്റ്റർ റ്റി. എൻ. ഏബ്രഹാം 209, പാസ്റ്റർ റ്റി. ജി. ഉമ്മൻ 210, പാസ്റ്റർ പി. സി. വർഗീസ് 215, പാസ്റ്റർ വി.ജി. ജോൺ 216, പാസ്റ്റർ റ്റി. റ്റി വർഗീസ് 218, പാസ്റ്റർ റ്റി. ഐ. സാമുവൽ 219, പാസ്റ്റർ കെ. എം. ചാക്കോ (ഭക്തൻ കുട്ടിയച്ചൻ) 221, പാസ്റ്റർ വി. കെ. ഏബ്രഹാം 223, പാസ്റ്റർ വി. എൻ. സഖറിയ 225, പാസ്റ്റർ സി. കുഞ്ഞുമ്മൻ 227, പാസ്റ്റർ പി. കെ. ചാക്കോ 228, പാസ്റ്റർ പി.ഡി. തോമസ് 229, പാസ്റ്റർ പി. വി. ജോൺ 230, പാസ്റ്റർ എ. കെ. പാപ്പച്ചൻ 233, പാസ്റ്റർ കെ. ജെ. ജോൺ 234, പാസ്റ്റർ പി. റ്റി. മാത്യു 235, മിസ്. മാർത്താ കുസേറ 236, പാസ്റ്റർ റ്റി. എസ്. മർക്കോസ് 237, മംഗലപുരം ജോസഫ് ഉപദേശി 239, സേനയ്യൻ വാദ്ധ്യാർ 241, പാസ്റ്റർ എ. സി. സാമുവൽ 242, പാസ്റ്റർ റ്റി. എ. സാമുവൽ 244, പാസ്റ്റർ പി. എം. ഫിലിപ്പ് 246, കാൾസ്വാൻ 248, പാസ്റ്റർ ടി. പി. വർഗീസ് 249, പാസ്റ്റർ സി. ജി. വർഗീസ് 250, റവ. സി. ഇ. ഫ്രഞ്ച് 251, പാസ്റ്റർ ആർ. സാമുവൽ 252, പാസ്റ്റർ എം. ജോൺസൺ വിഴവൂർ 254, ഉള്ളായം ചെറിയാച്ചൻ 255, പാസ്റ്റർ എ. ആർ. റ്റി. അതിശയം 256, പാസ്റ്റർ സി. കെ. ജോൺ 259, കേരളത്തിനു പുറത്ത് പെന്തെക്കോസ്ത് പ്രവർത്തനം നടത്തിയ കർത്തൃശുശ്രൂഷകർ 268, പാസ്റ്റർ കെ. ഐ. ജോൺ 292, പാസ്റ്റർ പി. ജെ. തോമസ് 294, പാസ്റ്റർ എം. ജെ.തോമസ് 295, പാസ്റ്റർ സി. എസ്. മാത്യു 297, പാസ്റ്റർ റ്റി. കെ. മത്തായി 301, ജോൺ എ. ഡി.ഖാനും കുടുംബവും 302, നിക്കിൾസ് റോയ് 303, ഡെന്നിസ് സ്ഫടികം 303, പാസ്റ്റർ പി. സി. ചാക്കോ 305, പാസ്റ്റർ എൻ.കെ. മാത്യു 308, പാസ്റ്റർ എ.വി. ഏബ്രഹാം 310, പാസ്റ്റർ ഒ. എം. രാജുകുട്ടി 312, പാസ്റ്റർ തോമസ് ഫിലിപ്പ് 312, പാസ്റ്റർ വി.എ. തമ്പി 312, പാസ്റ്റർ ഏബ്രഹാം ഫിലിപ്പ് 313, ആഞ്ഞലിത്താനം കീവർച്ചൻ - ശോശാമ്മ 314, പാസ്റ്റർ പി.ജെ. ജോസഫ് 317, പാസ്റ്റർ സി. കെ. ദാനിയേൽ 318, മിസിസ് കെ. ഇ. ഏബ്രഹാം 321, റവ. മിസിസ് ജോൺ ബർജ്ജ്സ് 322, ലിഡിയ ഗ്രേനർ ആൻഡ് മിൽറെഡ്ഗിൻ 323, സാറാമ്മ തോമസ് 324, സാറാ പി. മയേഴ്സ് 326, മിസ് അന്നമ്മ മാമ്മൻ 328, ഏലിയാമ്മ കുഞ്ഞുമ്മൻ 332, സിസ്റ്റർ മേരി കോവൂർ 333, റവ. മിസിസ് ഏണസ്റ്റ് സോർബോ 333, പാസ്റ്റർ ജോർജ്ജ് വർഗീസ് 334, പാസ്റ്റർ എ. ഐ. ജോസഫ് 337, എം. സി. ജോർജ്ജ്ശാസ്ത്രി 339, പാസ്റ്റർ കെ. എം. തോമസ് 340, പാസ്റ്റർ റ്റി. സി. വർഗീസ് 342, പാസ്റ്റർ മോഹൻ പി. ഡേവിഡ് 343, പാസ്റ്റർ കെ. ഐ. ജോൺ 344, പാസ്റ്റർ വി. ജെ. ജോർജ്ജ് 345, പാസ്റ്റർ പി. ഒ. ചെറിയാൻ 347, പാസ്റ്റർ സി. ജെ. ഏബ്രഹാം 348, പാസ്റ്റർ എം. ഒ. ചാക്കോ 351, പാസ്റ്റർ കെ. എം. തോമസ് (പാപ്പി ഉപദേശി) 351, നിലമ്പൂരിലെ ആദ്യ കുടിയേറ്റക്കാർ 353, പാസ്റ്റർ പി. ജെ. സാമുവൽ

354, പാസ്റ്റർ പി. ഇ. യേശുദാസൻ 357, പാസ്റ്റർ പി. ഡി.ജേക്കബ് 359, കെ. പി. വർഗീസ് 359, എം. വി. കോശി 359, അട്ടപ്പാടിയിലെ ആദിവാസി സഭ 360, പാസ്റ്റർ വി. പി. പത്രോസ് 361, പാസ്റ്റർ കെ. ഇ. മാത്യു 361, പാസ്റ്റർ പി. ഡി. ജോൺസൺ 362, ആശാനുപദേശി 367, പാസ്റ്റർ പി.ജെ. ഫിലിപ്പോസ് 372, 1975ലെ സംഗീതസദസ്സ് 373, ക്രൈസ്റ്റ് ഫോർ ഇന്ത്യാ സിംഗേഴ്സ് (ഗോസ്പൽ ട്യൂണേഴ്സ്) 374, കൃപയാൽ വിശ്വംഭരൻ 376, പാസ്റ്റർ എം. കെ. വർഗീസ് 378, പാസ്റ്റർ ഏണസ്റ്റ് സൈമൺ 379, പസ്റ്റർ റ്റി. സി. ജേഷ്വാ 380, പാസ്റ്റർ ഫ്രെഡി പോൾ 381, പാസ്റ്റർ ജേക്കബ് രത്നസിംഗ് 381, പാസ്റ്റർ എ.സി. തോമസ് 381, പാസ്റ്റർ വി.ജി. സാമുവേൽ 381, പാസ്റ്റർ കെ. ജെ. മർക്കോസ് 383, റവ. കെ. ജെ. ചാക്കോ 383, റവ. കെ. എം. ഏബ്രഹാം 384, റവ. സണ്ണി വർക്കി 384, റോബർട്ട് ഷേവർ 386, റോബർട്ട് ഷേവറും കുടുംബവും 389, പാസ്റ്റർ ടി. ജി. കോശി 391, പാസ്റ്റർ സാമുവൽ ജയിംസ് 391, പാസ്റ്റർ പി. എസ്. ഫിലിപ്പ് 391, പാസ്റ്റർ പി.എസ്. ജോൺ 394, പാസ്റ്റർ പി. എൻ. സഖറിയ 397, പാസ്റ്റർ വി. റ്റി. ജോസഫ് 388, പാസ്റ്റർ വി. എ തോമസ് 409, പാസ്റ്റർ കെ. സി. ജോൺ 409, റവ. പി. ഐ. ഏബ്രഹാം 409, വി. എം. മാത്യു 414, ഗോസ്പൽ ടേബിൾ 420, പാസ്റ്റർ എ.വി. ചാക്കോ 423, പാസ്റ്റർ ടി. എസ്. ഏബ്രഹാം 424, പാസ്റ്റർ പി. എ. വി. സാം 24, പാസ്റ്റർ ജോർജ്ജ് ഉമ്മൻ 424, പാസ്റ്റർ ടി. ജെ. സാമുവൽ 424.